കുമാരനാശാന്റെ സമ്പൂർണ്ണ കൃതികൾ

(ഭാഗം ഒന്ന്)

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 25.00

Digitized by Kerala Sahitya Akademi

കുമാരനാശാന്റെ
സമ്പൂർണ്ണ കൃതികൾ

Digitized By Kerala Sahitya Akademi

(Malayalam)

KUMARANASANTE SAMPOORNA KRITIKAL—Vol. I

(Complete works of Kumaran Asan)

First Published April 1973

PRINTED AT INDIA PRESS, KOTTAYAM

Price Rs. 25·00

Rights Reserved

Publishers:

Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State, India

Sales Department:

NATIONAL BOOK STALL

KOTTAYAM — TRIVANDRUM — ERNAKULAM — TRICHUR
PALGHAT — CANNANORE — QUILON — KOZHIKODE

Digitized By Kerala Sahitya Akademi

കുമാരനാശാന്റെ സമ്പൂർണ്ണ കൃതികൾ

(ഭാഗം ഒന്ന്)

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 25.00

Digitized By Kerala Sahitya Akademi

ആശാന്റെ കൃതികൾ

പദ്യം

സൗന്ദര്യലഹരി (തർജ്ജമ)—1901
നിജാനന്ദവിലാസം, ശാങ്കരശതകം, ശിവസ്തോത്രമാല, സുബ്രഹ്മണ്യ ശതകം—1903-ന മുൻപ് (നാല വ്യത്യസ്തപ്രസിദ്ധീകരണങ്ങൾ)
വീണപൂവ്—1907
ഒരു സിംഹപ്രസവം—1908
നളിനി—1911
ലീല—1914
ബാലരാമായണം—1916
ശ്രീബുദ്ധചരിതം (സ്വതന്ത്രപരിഭാഷ)—1917—1924 (1903-ൽ എഴുതി തുടങ്ങി)
ഗ്രാമവൃക്ഷത്തിലെ കുയിൽ—1918
പ്രരോദനം—1919
ചിന്താവിഷ്ടയായ സീത—1919
പുഷ്പവാടി (പലകാലത്തെ ലഘുകൃതികളുടെ സമാഹാരം)—1922
ദുരവസ്ഥ—1922
ചണ്ഡാല ഭിക്ഷുകി—1922
കരുണ—1923
മണിമാല (പലകാലത്തെ ലഘുകൃതികളുടെ സമാഹാരം)—1924
വനമാല (പലകാലത്തെ ലഘുകൃതികളുടെ സമാഹാരം)—1925
സ്തോത്രകൃതികൾ (2-ാമത്തെ കാണുന്ന ലഘുകൃതികളുടെ സമാഹാരം)—1938

നാടകം

പ്രബോധചന്ദ്രോദയം (തർജ്ജമ)—1929 (1895-ലും 1898-ലും ഇടയ്ക്ക് എഴുതി)
വിചിത്രവിജയം—1933 (1900-ലും 1903-ലും ഇടയ്ക്ക് എഴുതി)

ഗദ്യം

രാജയോഗം (തർജ്ജമ)—1911—1915
മൈത്രേയി (കഥ-തർജ്ജമ)—1913
ഒരു ദൈവീകമായ പ്രതികാരം (കഥ-തർജ്ജമ)—1915
മനശ്ശുദ്ധി—1916
മതപരിവർത്തനരസവാദം—1933 (1923-ൽ എഴുതിയത്)
നിരൂപണങ്ങൾ (പലകാലത്തെഴുതിയ ലേഖനങ്ങളുടെ സമാഹാരം)—1929

സമ്പൂർണ്ണകൃതികൾ

പദ്യകൃതികൾ (പദ്യകൃതികളും നാടകങ്ങളും)—1933

S2784 B1807 88/72-73 1-3000 JK 147

Digitized By Kerala Sahitya Akademi

ഉള്ളടക്കം

ആശാൻകവി തന്റെ ചാരാമുഖം

സ്തോത്രകൃതികൾ	33
സൗന്ദര്യലഹരി	109
നളിനി	139
ലീല	165
വീണപൂവ്	201
ഒരു സിംഹപ്രസവം	211
ബാലരാമായണം	219
ശ്രീബുദ്ധചരിതം	267
ഗ്രാമവൃക്ഷത്തിലെ കുയിൽ	441
പ്രരോദനം	451
ചിന്താവിഷ്ടയായ സീത	499
പുഷ്പവാടി	527
ദുരവസ്ഥ	551
ചണ്ഡാലഭിക്ഷുകി	609
കരുണ	637
മണിമാല	661
വനമാല	695
സദാചാരശതകം	799
ശരിയായ പരിഷ്കരണം	807
ഭാഷാപോഷിണിസഭയോടു്	808

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ലഘു ജീവചരിത്രം

കുമാരനാശാൻ 1873 ഏപ്രിൽ 12-ാംനു (1048 മേടമാസം 1-ാംനു) ചിത്രാപൗർണ്ണമിദിവസം തിരുവനന്തപുരത്തുനിന്നു് ഇരുപത്തഞ്ചു മൈൽ വടക്കു് കടൽതീരഗ്രാമമായ കായിക്കരയിൽ തൊമ്മൻവിളാകം എന്ന ഒരു ഇടത്തരം ഈഴവകുടുംബത്തിൽ ജനിച്ചു. അച്ഛന്റെ പേർ നാരായണൻ എന്നും അമ്മയുടെ പേർ കാളിയമ്മ (കൊച്ചുപെണ്ണു്) എന്നും ആയിരുന്നു. ഒരു കുടിപ്പള്ളിക്കൂടത്തിൽ കണക്കും എഴുത്തും പഠിച്ചശേഷം കൊച്ചുരാമൻ വൈദ്യരുടെ കീഴിൽ സംസ്കൃതത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിച്ചു. അതിനുശേഷം ഒരു മലയാംപള്ളിക്കൂടത്തിൽ നാലഞ്ചുവർഷക്കാലം പഠിച്ചു. ഏതാനും മാസം അദ്ധ്യാപകനായും രണ്ടു കൊല്ലം ഒരു വ്യാപാരിയുടെ കണക്കപ്പിള്ളയായും ജോലി നോക്കി. പിന്നീടു് മണക്കുർ ഗോവിന്ദനാശാൻ നടത്തിയിരുന്ന സംസ്കൃതവിദ്യാലയത്തിൽനിന്നു സംസ്കൃതത്തിൽ ഉപരിപഠനം നടത്തി. ആദ്യംമുതല്ക്കുതന്നെ ഈശ്വരഭക്തിയും പ്രകൃതിസ്നേഹവും കാവ്യരചനാകൗതുകവും പ്രകടമായിരുന്നു. യൗവനാരംഭത്തിനു മുമ്പുതന്നെ പല സ്തോത്രങ്ങളും കീർത്തനങ്ങളും മറ്റും രചിച്ചു സാഹിത്യരംഗത്തു് ഒരു ചെറിയ സ്ഥാനം നേടി.

1891-ൽ ശ്രീനാരായണഗുരുവുമായി കണ്ടുമുട്ടി. ആശാന്റെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവായിരുന്നു അതു്. ഭക്തിമാർഗ്ഗത്തിലുള്ള താൽപര്യം വർദ്ധിച്ചു. ക്രമേണ ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ചു. രണ്ടു വർഷം സംസ്കൃതം, തമിഴു്, വേദാന്തം, യോഗവിദ്യ എന്നിവ അഭ്യസിച്ചുകൊണ്ടു് അരുവിപ്പുറത്തും മറ്റും ഗുരുസമീപം കഴിച്ചുകൂട്ടി. 1895-ൽ ഗുരുനിർദ്ദേശമനുസരിച്ചു് ഉപരിവിദ്യാഭ്യാസത്തിനു പോയി. മൂന്നു വർഷക്കാലം ഡോക്ടർ പൽപ്പുവിന്റെ സംരക്ഷണയിൽ ബാംഗളൂരിലും ഏതാനും മാസം മദ്രാസിലും പിന്നീടു കൽക്കത്തയിലും പഠിച്ചു. പ്രധാനമായി പഠിച്ചതു സംസ്കൃതവും പൗരാണിക ഭാരതീയവിജ്ഞാനവും ആണെങ്കിലും അതോടൊപ്പം ഇക്കാലത്തു് ഇംഗ്ലീഷുഭാഷ പഠിക്കുകയും ആംഗലസാഹിത്യത്തിൽ അവഗാഹം നേടുകയും ചെയ്തു. 1900-ാമാണ്ടു തിരിച്ചുവന്നു് അരുവിപ്പുറത്തു താമസമായി. 'ചിന്നസ്വാമി' എന്ന നിലയിൽ ക്ഷേത്രകാര്യങ്ങളിലും വിദ്യാഭ്യാസകാര്യങ്ങളിലും ഗുരുവിന്റെ പ്രവർത്തനങ്ങളിൽ സഹായിച്ചു.

Digitized By Kerala Sahitya Akademi

1903–ൽ എസ്. എൻ. ഡി. പി. യോഗം സ്ഥാപിതമാ
യപ്പോഴും ആശാൻ അതിന്റെ സെക്രട്ടറിയായി. അങ്ങനെ
പൊതുരംഗത്തു് ഒരു നേതാവായി രംഗപ്രവേശം ചെയ്തു. ഇട
യ്ക്കു് ഒരു വർഷം ഒഴികെ 1920 വരെ ആ സ്ഥാനത്തു പ്രവർത്തിച്ചു്
സംഘടനയെ കെട്ടിപ്പടുത്തു. യോഗത്തിന്റെ മുഖപത്രമായ
'വിവേകോദയ'ത്തിന്റെ പത്രാധിപത്യവും ഇക്കാലത്തു വഹി
ച്ചു. 1907-ൽ 'വീണപൂവു്' പ്രസിദ്ധീകരിച്ചതോടെ സാഹി
ത്യരംഗത്തും ഗണ്യനായിത്തീർന്നു. 1911-ൽ 'നളിനി'യുടെ
പ്രസിദ്ധീകരണത്തോടെ പ്രശസ്തനായി. 1913–ൽ പ്രകാശി
പ്പിച്ച 'ലീല'യും ഇടയ്ക്കിടയ്ക്കു പത്രമാസികകളിൽ വന്ന ലഘുക
വിതകളും ആ പ്രശസ്തി നിരന്തരം വർദ്ധിപ്പിച്ചു. 1913 ജൂണിൽ
ശാരദാ ബുക്കു് ഡിപ്പോ സ്ഥാപിച്ചു. ആശാന്റെ കൃതികളും
ഇന്നും പ്രകാശിപ്പിക്കുന്നതു് ഈ സ്ഥാപനമാണു്. ആ വർഷം
തന്നെ ശ്രീമൂലം പ്രജാസഭയിലേക്കു് തിരുവിതാംകൂർ സർക്കാർ
അദ്ദേഹത്തെ നാമനിർദ്ദേശംചെയ്തു.

1918 ആഗസ്റ്റുമാസത്തിൽ അദ്ദേഹം ശ്രീമതി കെ. ഭാനു
മതിഅമ്മയെ വിവാഹംചെയ്തു. ഈ ദമ്പതികൾക്കു് സുധാക
രൻ, പ്രഭാകരൻ എന്ന രണ്ടു പുത്രന്മാർ ഉണ്ടായി. വിവാഹത്തി
നശേഷം ആശാൻ കൊല്ലംറോഡിൽ തിരുവനന്തപുരത്തുനിന്നും
പതിനഞ്ചു മൈൽ വടക്കു തോന്നയ്ക്കൽ എന്ന സ്ഥലത്തു കുറച്ചു
സ്ഥലം വാങ്ങിക്കുകയും ഒരു ചെറിയ ഭവനം നിർമ്മിച്ചു് അവി
ടെ സ്ഥിരവാസമാക്കുകയുംചെയ്തു. 1919–ൽ 'പ്രരോദനം',
'ചിന്താവിഷ്ടയായ സീത' എന്നീ കൃതികളും പ്രസിദ്ധീകരിച്ചു.
1920-ൽ തിരുവിതാംകൂർ നിയമസഭയിൽ സർക്കാർ അദ്ദേഹ
ത്തെ അംഗമാക്കി. അതേവർഷം യോഗം സെക്രട്ടറിസ്ഥാനം
ഒഴിഞ്ഞു. പിന്നീടു കൊച്ചിയിൽ ചെറായി എന്ന സ്ഥലത്തു
നിന്നു് അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ 'പ്രതിഭ' എന്ന
പേരിൽ ഒരു മാസിക പ്രസിദ്ധീകൃതമായി. 1922–ൽ 'ദുരവ
സ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യും പ്രസിദ്ധപ്പെടുത്തി. 1922
ജനുവരി 13–ാം തീയതി ഇംഗ്ലണ്ടിലെ വെയിൽസ് രാജകുമാരൻ
കേരളത്തിലെ മഹാകവി എന്ന നിലയിൽ ആശാനു് പട്ടും വള
യും സമ്മാനിച്ചു. 1923–ൽ കൊല്ലത്തുവച്ചു നടന്ന എസ്.എൻ.
ഡി. പി. യോഗം വാർഷികത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ചു.
അതേ വർഷം കരുണ പ്രസിദ്ധീകരിച്ചു. 1924 ജനുവരി
16–ാംതീയതി (1099 മകരം 3 ാംതീയതി) 51–ാംവയസ്സിൽ
ആലപ്പുഴനിന്നു് പതിനഞ്ചുമൈൽ തെക്കു് പല്ലനയാറ്റിൽവ
ച്ചുണ്ടായ റെഡീമർ ബോട്ടപകടത്തിൽപ്പെട്ടു മൃതിയടഞ്ഞു. മൃത

Digitized By Kerala Sahitya Akademi

ദേഹം അവിടെത്തന്നെ സംസ്കരിച്ചു. ആ സ്ഥലം 'കുമാര കോടി' എന്ന പേരിൽ അറിയപ്പെടുന്നു.

1933-ൽ ആശാന്റെ പദ്യകൃതികളും ഒന്നിച്ചുചേർത്തു് ശാരദാ ബുക് ഡിപ്പോയിൽനിന്നു പ്രസിദ്ധീകരിച്ചു. 1945-ൽ കുമാര കോടിയിൽ ശവകുടീരം പണിതു. 1958 ജനുവരി 26-ാംതീയതി അന്നത്തെ വിദ്യാഭ്യാസമന്ത്രി ശ്രീ ജോസഫ് മുണ്ടശ്ശേരിയുടെ ഉത്സാഹത്തിൽ തോന്നയ്ക്കൽ ആശാൻ താമസിച്ചിരുന്ന രണ്ടു കൊച്ചു വീടുകളും ഒരു ദേശീയസ്മാരകമായി സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ കുടുംബത്തിൽനിന്നും കേരള സർക്കാർ ഏറ്റുവാങ്ങി. അതേവർഷം നവംബർ 11-ാംതീയതി സർക്കാർനേതൃത്വത്തിൽ ഒരു സ്മാരകമന്ദിരത്തിനു് അവിടെ തറക്കല്ലിട്ടു. 1966 ജൂലൈ 24-ാംതീയതി സ്മാരകമന്ദിരം ഉൽഘാടനംചെയ്തു. 1965-ൽ സ്മാരകമന്ദിരത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനുള്ള ആദ്യത്തെ മാനേജിങ്ങ് കമ്മിറ്റിയെ സർക്കാർ നോമിനേറ്റ് ചെയ്തു. 1971-ൽ ആശാന്റെ ജന്മദേശമായ കായിക്കരയിൽ ഒരു പ്രാദേശികസമിതിയുടെ ആഭിമുഖ്യത്തിൽ ഒരു സ്മാരകമന്ദിരം ഉൽഘാടനംചെയ്തു. 1972 ഏപ്രിൽ 12-ാം തീയതി തോന്നയ്ക്കൽ സ്മാരകമന്ദിരത്തിൽവച്ചു സംസ്ഥാനവ്യാപകമായ ജന്മശതാബ്ദിവർഷാഘോഷങ്ങളും ഉൽഘാടനം ചെയ്യപ്പെട്ടു.

Digitized By Kerala Sahitya Akademi

ആശാനെക്കുറിച്ചുള്ള ചില മുഖ്യകൃതികൾ

പൂർണ്ണഗ്രന്ഥങ്ങൾ

1. ആശാൻ (പലരുടെ ഉപന്യാസങ്ങൾ) സമ്പാദകൻ: കെ. ജി. മാധവൻ (1939)
2. ആശാന്റെ സീതാകാവ്യം : സുകുമാർ അഴീക്കോട് (1951)
3. മഹാകവി കുമാരനാശാൻ : സി. ഒ. കേശവൻ (1958)
4. കുമാരനാശാന്റെ കവിത (പലരുടെ ഉപന്യാസങ്ങൾ) സമ്പാദകർ: കവിതാസമിതി, തിരുവനന്തപുരം (1959)
5. വീണപൂവു കണ്ണുനീർ : കെ. എം. ഡാനിയൽ (1960)
6. കുമാരനാശാൻ : കെ. സുരേന്ദ്രൻ (1963)
7. കാവ്യകല—കുമാരനാശാനിലൂടെ : പി. കെ. ബാലകൃഷ്ണൻ
8. ആശാൻകവിത—ഒരു പഠനം : ജോസഫ് മുണ്ടശ്ശേരി
9. ആശാനിലെ ദാർശനികൻ—ചെറിയാൻ കുനിയന്തോട്ടത്ത്
10. ആശാന്റെ സീത-അഗ്നിപരീക്ഷയ്ക്കുശേഷം —എൻ. കോയിത്തട്ട
11. ആശാന്റെ മാനസപുത്രിമാർ—കെ. ജയകുമാർ
12. ആശാൻ വിമർശനത്തിന്റെ ആദ്യരശ്മികൾ —മൂക്കോത്തു കുമാരൻ
13. ദിവ്യകോകിലം—കെ. ശ്രീനിവാസൻ
14. Kumaran Asan—Dr. K. M. George
15. Asan and Social Revolution in Kerala—Dr. T. K. Ravindran

പ്രസക്തഭാഗങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങൾ

1. മാറ്റൊലി : ജോസഫ് മുണ്ടശ്ശേരി (1943)
2. അന്തരീക്ഷം : ,, (1944)
3. വായനശാലയിൽ (II) ,, (1952)
4. രാജാങ്കണം : കുട്ടിക്കൃഷ്ണമാരാർ (1956)
5. ദന്തഗോപുരം : ,, (1957)
6. കല ജീവിതംതന്നെ ,, (1965)
7. ഇസങ്ങൾക്കപ്പുറം : എസ്. ഗുപ്തൻനായർ (1966)
8. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ : എൻ. കൃഷ്ണപിള്ള (1971)

ഗ്രന്ഥസൂചികൾ

1. ആശാൻ പഠനസഹായികൾ : ജി. പ്രിയദർശനൻ (1971) (ആശാൻ സുവനീർ : ആശാൻ സ്മാരകക്കമ്മിറ്റി,
2. ആശാൻ നിരൂപണചരിത്രം : പഠനവും ഗ്രന്ഥസൂചിയും ('കേരളകവിത' ത്രൈമാസികം ലക്കം 11) : എം. എം. ബഷീർ (1972)

Digitized By Kerala Sahitya Akademi

ആശാൻകവിതയ്ക്കൊരാമുഖം

പുതിയൊരു പൂക്കാലം

ക്രിസ്തുവർഷം 1907-ാമാണ്ടിന്റെ അന്ത്യപാദത്തിൽ 'വീണപൂവ്' എന്ന മനോഹരഭാവകാവ്യം രചിച്ചതോടെയാണ് കുമാരനാശാൻ തന്റെ സാഹിത്യവ്യവസായത്തിന്റെയും മലയാളകവിതയുടെയും ചരിത്രത്തിൽ നിതാന്തഭാസുരമായ ഒരു നൂതനാധ്യായം സമാരംഭിച്ചതു്. അക്കാലത്തു മുപ്പത്തിയഞ്ചു വയസ്സുപ്രായമുണ്ടായിരുന്ന ആശാനെ മഹാകവിപദത്തിനർഹനാക്കുന്ന എല്ലാക്കൃതികളും നിർമ്മിക്കപ്പെട്ടതു്, അന്നു തൊട്ടു് 1924 ജനുവരിയിൽ അദ്ദേഹം ഒരു ബോട്ടപകടത്തിൽപ്പെട്ട ചരമമടഞ്ഞതുവരെയുള്ള പതിനാറു സംവത്സരത്തിനകമാണു്. ഹ്രസ്വമെങ്കിലും അവിസ്മരണീയമായ ഈ കാലഘട്ടത്തിലത്രേ അഭിനവവും ശുഭാവഹവുമായ ഒരു കാല്പനികകവിതാപ്രസ്ഥാനം മലയാളത്തിൽ തഴച്ചുവളർന്നു പുഷ്പിച്ചതു്. ഭാരതീയസാഹിത്യങ്ങളിലാകമാനമുണ്ടായ ഒരു ഗംഭീരപരിവർത്തനത്തിന്റെ അംശമായിരുന്നു അതു്. മിക്കവാറും ഒഴുക്കുനിലച്ചുകെട്ടിക്കിടന്നഴുകിയ ഏതദ്ദേശീയ സാഹിത്യങ്ങൾക്കു് വീണ്ടും പരന്നു പാഞ്ഞൊഴുകാൻ ചാലു കീറിക്കൊടുത്ത ഈ മഹാസംഭവത്തിനു കാരണങ്ങൾ പലതുണ്ടെങ്കിലും, ആംഗ്ലേയസാഹിത്യത്തിലെ റൊമാൻറിക് കാവ്യങ്ങളിൽനിന്നു് നമ്മുടെ കവികൾക്കു ലഭിച്ച അഭ്രതപൂർവമായ അനുഭവസമ്പത്തിനാണു് അവയിൽ പ്രഥമസ്ഥാനം നല്കേണ്ടതു്. പല കൈമറിഞ്ഞുകിട്ടുന്ന കാവ്യവിഷയങ്ങളുടെയും കേവലം യാന്ത്രികമായ ആവർത്തനം നിമിത്തം കാന്തിയും മൂല്യവും നശിച്ച രചനാസങ്കേതങ്ങളുടെയും ചങ്ങലക്കെട്ടുകൾ പൊട്ടിച്ചു സ്വച്ഛന്ദവിഹാരം ചെയ്യുന്ന കവിഭാവന, ഭാവസാന്ദ്രമായ കവിഹൃദയം ചൊരിയുന്ന സുവർണ്ണ പ്രഭാരശ്മികളേറ്റു് ക്ഷുദ്രങ്ങളായ ലോകസത്യങ്ങൾ പോലും പുനർജ്ജന്മസിദ്ധിയാലെന്നപോലെ കൈവരിക്കുന്ന ആത്മാവർജ്ജകമായ അഭിരാമത, മറെന്തിലുമുപരി കവിയുടെ ആഭ്യന്തരാനുഭൂതിപ്രകാശനമാണു് പരമമായ കാവ്യധർമ്മമെന്ന അചഞ്ചലവിശ്വാസം ഇവയാണു് പ്രസ്തുതപ്രസ്ഥാനത്തിന്റെ കാതലായ സവിശേഷതകൾ. ഉൾക്കൊള്ളുന്നതെന്തും നവഭാവബന്ധുരമായി, ചൈതന്യനിർഭരമായി, അന്തരാത്മാവിലാഞ്ഞിറങ്ങുംപടി, ആവിഷ്കരിക്കുമ്പോൾ മാത്രമേ കാല്പനികപ്രതിഭ

Digitized By Kerala Sahitya Akademi

കൃതാർത്ഥമാവുകയുള്ളൂ. ക്ലാസ്സിസിസത്തിന്റെ വ്യവസ്ഥിതി പാലനനിഷ്ഠർഷവും റീയലിസത്തിന്റെ പ്രത്യനുകരണക്കെ ടവും ഒരുപോലെ ഉപേക്ഷിച്ചു്, സ്വതന്ത്രസുന്ദരങ്ങളായ സ്വ പ്നമണ്ഡലങ്ങൾ ആവിഷ്കരിക്കാനുള്ള വെമ്പുന്നവനാണു കാല്പനിക കവി. മേൽപ്പറഞ്ഞ പതിനാറുവർഷത്തിനകം ആശാൻ എഴുതി യ വീണപൂവു് (1907), സിംഹപ്രസവം (1909), നളിനി (1911), ലീല (1914), ശ്രീബുദ്ധചരിതം (1903-1924), ബാലരാമായണം (1916), ഗ്രാമവൃക്ഷത്തിലെ കുയിൽ (1918), പ്രരോദനം (1918) ചിന്താവിഷ്ടയായ സീത (1919), ദുരവ സ്ഥ (1922), ചണ്ഡാലഭിക്ഷുകി (1923), കരുണ (1923) എന്നീ പ്രമുഖകൃതികളും മറ്റു ചില ലഘുകവനങ്ങളും മലയാള ത്തിൽ ഇത്തരമൊരു കാവ്യപ്രസ്ഥാനത്തിന്റെ ഭദ്രപ്രതിഷ്ഠയ്ക്കു പ്രയോജകീഭവിച്ചു. ഇതേകാലഘട്ടത്തിൽത്തന്നെയാണു് മഹാ കവി വള്ളത്തോളിന്റെ സർഗ്ഗശക്തി പരമോച്ചാവസ്ഥയിൽ പരിലസിച്ചതു്. ഗണപതി, ബധിരവിലാപം, ബന്ധനസ്ഥ നായ അനിരുദ്ധൻ, ഒരു കത്തു്, ശിഷ്യനും മകനും, മംഗലനമറി യം എന്നീക്കൃതികളും 'സാഹിത്യമഞ്ജരി'കളിൽ സഞ്ചയി ച്ചിട്ടുള്ള എൺപതോളം കവിതകളും അദ്ദേഹം എഴുതിയതു് ഇക്കാലത്താണു്. അവ മലയാളത്തിലെ കാല്പനികകാവ്യശാ ഖയിലെ വിലപ്പെട്ട മുതൽക്കൂട്ടുകളാണെന്നതാനും. ആശ്ചര്യഹർഷാ ദരങ്ങളാൽ വിടർന്ന നയനങ്ങളോടെ, 'വീണപൂവി'നെ നോ ക്കിനിന്ന സഹൃദയലോകത്തിന്റെ മുമ്പിൽ, നാളേറെക്കഴിയും മുമ്പുതന്നെ, കൗമാരത്തിന്റെ മഹാദ്ഭുതമെന്നു കൊണ്ടാടേണ്ട വി. സി. ബാലകൃഷ്ണപ്പണിക്കരുടെ 'വിലാപം', 'വിശ്വരൂ പം' എന്നീ ഭാവസുരഭിലകാവ്യങ്ങളും ഉദയംചെയ്യുകയായി. ഈ ദശയുടെ അന്തിമവർഷങ്ങളിൽ പ്രകാശിതങ്ങളായ ചില ഉള്ളൂർക്കവിതകളിലും കാണാം പുതുവെട്ടത്തിന്റെ മിന്നാട്ട ങ്ങൾ. എല്ലാംകൊണ്ടും ചേതോമോഹനമായ ഒരു നവവസ ന്തത്തിന്റെ സൂക്ഷ്മമയും സുഗന്ധവും മലയാളകവിതയിൽ നിറ ഞ്ഞുപരന്ന കാലമായിരുന്നു അതു്. ചെറുതെങ്കിലും മന്ദസ്പർശി യായ ഒരാമുഖം മുഖേന 'നളിനി'യെ സർവാത്മനാ സ്വാഗതം ചെയ്ത ഏ. ആർ. രാജരാജവർമ്മ 1895-ൽ എഴുതിയ 'മലയ വിലാസം' എന്ന അർച്ചനാഗീതവും, അന്നത്തെ മലയാളക വിതയിൽ 'വീണപൂവി'ന്റെ അനന്യസാദൃശ്യമെടുത്തുകാട്ടിയ ഒരു മുഖവുരയോടെ ആ കൃതി 'ഭാഷാപോഷിണി'മാസിക യിൽ പ്രാധാന്യേന പ്രസിദ്ധീകരിച്ച സി. എസ്. സുബ്രഹ്മ ണ്യൻപോറ്റി 1902-ൽ എഴുതിയ 'ഒരു വിലാപം' എന്ന മനോജ്ഞവിലാപകാവ്യവും ഈ മാധവകാലാഗമം മുൻകൂട്ടി

Digitized By Kerala Sahitya Akademi

വിളിച്ചറിയിച്ചിരുന്ന എന്നുകൂടി നാമിവിടെ ഓർക്കേണ്ടതുണ്ട്. 'വീണപൂവ്'' പുറത്തുവന്ന 1907-ൽ, വില്യം കൂപ്പർ, ടെനിസൺ, തോമസ് ക്യാംബെൽ, പോപ്പ്, ജെ. ആർ. ലവൽ, ചാൾസ് മാക്കേ, മിസ്സിസ് ഹേമാൻസ്, ബെഞ്ചമിൻ ഫ്രാങ്ക്‌ലിൻ, ഷേക്സ്പീയർ എന്നീ ഇംഗ്ലീഷുകവികളുടെ ലഘുകൃതികളിൽ ചിലതിന്റെ പരിഭാഷകളടങ്ങിയ 'മാനസോല്ലാസം' എന്ന ഗ്രന്ഥം കെ. സി. കേശവപിള്ള അവതരിപ്പിച്ചതും സാഹിത്യവിദ്യാർത്ഥികൾക്കു കൗതുകമുളവാക്കുന്ന വസ്തുതയാണ്. പുരാണകഥോപജീവനം, സംഭവസങ്കലന, ദീർഘവർണ്ണനഭ്രമം, ആഖ്യാനപ്പരപ്പ്, എന്നിവ ഒഴിവാക്കിയും, ഒരേയൊരു സംഭവത്തെയോ സന്ദർഭത്തെയോ കഥാപാത്രത്തെയോമാത്രം കേന്ദ്രമാക്കി ഏറെക്കുറെ വിഷയൈകാഗ്രത ദീക്ഷിച്ചും, സരളസുന്ദരമായ ഭാഷയിൽ കുറച്ചധികം ഖണ്ഡകാവ്യങ്ങൾ കുഞ്ഞുക്കുട്ടൻ തമ്പുരാൻ, വെണ്മണിപ്രഭൃതികളായ നമ്പൂതിരിക്കവികൾ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, കുണ്ടൂർ നാരായണമേനോൻ തുടങ്ങിയവർ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒട്ടുവിലുള്ള രണ്ടു ദശകങ്ങളിൽ നിർമ്മിച്ചിരുന്നുവെങ്കിലും ഭാവതീവ്രതയും ഭാവനൈർമ്മല്യവും ആശയഗൗരവവും അനുഭൂതിമഹത്ത്വവും പൂർവകവിസങ്കേതങ്ങളിൽനിന്നുരിപ്പോരാൻ വേണ്ടദാർഢ്യതയും നന്നേക്കുറഞ്ഞ അവസ്ഥയ്ക്ക് യഥാർത്ഥ കാല്പനിക ചൈതന്യം നിറഞ്ഞ ഖണ്ഡകാവ്യങ്ങളോട് തൊലിപ്പുറത്തെ ചില സാദൃശ്യങ്ങൾ മാത്രമേ ഉള്ളൂ.*

'വീണപൂവു' കാണുംവരെ

മുപ്പത്തിയഞ്ചുവയസ്സിനു മുമ്പുള്ള ആശാന്റെ ജീവിതത്തിലെ സുപ്രധാനമായ ചില സംഭവങ്ങളും അനുഭവങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്, അനന്തരകാലത്തു് അദ്ദേഹം എഴുതിയ ഗ്രന്ഥങ്ങളിലെ അടിയൊഴുക്കുകൾ എന്തെല്ലാമെന്നു പിടികിട്ടണമെങ്കിൽ. മനുഷ്യാവകാശങ്ങൾ പലതും വിലക്കപ്പെട്ടിരുന്നതിനാൽ അസ്വാതന്ത്ര്യവും അവമതിയും, പൊതുശാപമായിരുന്ന അവർണ്ണജനസമുദായങ്ങളിൽപ്പോലും മിഥ്യാഭിജാത്യത്തിന്റെ

* കുഞ്ഞുക്കുട്ടൻതമ്പുരാന്റെ കുലുക്കമില്ലാവൂർഗൃഹം, ഒടി, എരുവയിൽ അച്യുതവാരിയർ, കൂടൽമാണിക്യം, ഒരു കരാർ, ഉദയസിംഹൻ, പാലുള്ളിചരിതം എന്നിവയും കുണ്ടൂരിന്റെ കോമപ്പനും വെണ്മണിയുടെ പൂപ്രബന്ധവും നടുവത്തിന്റെ വിലാപവും ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ വിനോദിനി, മദിരാശിക്കടൽക്കര, ഒരു വനസഞ്ചാരം, അപരാധിയായ അന്തർജ്ജനം, ഒരു പതിവ്രതയുടെ കഥ, പട്ടി, പട്ടിക്കഥ, കുടകോണയാത്ര എന്നിവയും ഉദാഹരണങ്ങളാം.

Digitized By Kerala Sahitya Akademi

പേരിൽ മേൽക്കിട കീഴ്ക്കിടഭേദങ്ങളാം പ്രബലമായി നില നിന്ന ഒരു കാലത്തു് അത്തരമൊരു സമുദായത്തിലെ താഴേക്കിട യിൽപ്പെട്ട ഒരു കുടുംബത്തിൽ പറയത്തക്ക ധനപുഷ്ടിയൊന്നുമി ല്ലാത്ത ഒരു ചെറുതരം വൈദ്യകന്റെ ഒമ്പതു മക്കളിലൊരാളായി 1873 ഏപ്രിൽമാസത്തിൽ ജനനം, സത്യസന്ധതയും ഈശ്വര ഭക്തിയും തമിഴ് മലയാളസാഹിത്യങ്ങളിൽ സാമാന്യജ്ഞാന വും സംഗീതത്തിൽ അത്യാസക്തിയും പൊതുകാര്യതാത്പര്യ വുമുള്ള പിതാവിന്റെയും സ്നേഹശീലയും ഗുണവതിയുമായ മാതാവിന്റെയും പരിലാളനം, ഏഴുവയസ്സുതൊട്ട പതിന്നാലു വയസ്സുവരെ കുടിപ്പള്ളിക്കൂടത്തിലും സക്കാർ പള്ളിക്കൂടത്തിലു മായി പഠിച്ചതിനിടയ്ക്ക് ഒരു നാട്ടുവൈദ്യന്റെ ശിഷ്യനായി സംസ്കൃതത്തിലെ കാവ്യവ്യാകരണങ്ങളിൽ പ്രാഥമികവിദ്യാ ഭ്യാസം, പതിന്നാലാംവയസ്സിൽ നാലാംക്ലാസ്സു പാസ്സായി പ ഠിച്ച സ്കൂളിൽത്തന്നെ കുറെനാൾ അദ്ധ്യാപകവൃത്തി, തുടർന്നു പഠിക്കാനുള്ള കലശലായ മോഹം അമർത്തിക്കൊണ്ടു് വീട്ടു പ്രാരബ്ധം കുറഞ്ഞുകിട്ടാനായി ചിറയിൻകീഴിൽ ഒരു വ്യാപാ രിയുടെ കൂടെ രണ്ടുവർഷം കണക്കെഴുത്തുപണി, അതും ഇട്ടെറി ഞ്ഞു മണമ്പൂർ ഗോവിന്ദനാശാൻ എന്ന സംസ്കൃതപണ്ഡിതൻ നടത്തിവന്ന വിദ്യാലയത്തിൽ ചേർന്നു് ഉപരികാവ്യങ്ങളിലും നാടകങ്ങളിലും അലങ്കാരശാസ്ത്രത്തിലും രണ്ടുകൊല്ലത്തെ പരി ശീലനം, പിന്നീടു് വക്കത്തെ വേലായുധൻനടയിൽ ശാന്തി ക്കാരനും അവിടത്തെ കുടിപ്പള്ളിക്കൂടത്തിൽ ആശാനുമായി കഴിഞ്ഞുകൂടൽ—ഇതാണു പതിനെട്ടുവയസ്സു തികയുംവരെയുള്ള ജീവിതത്തിന്റെ ഒരു നഖചിത്രം. പ്രായപൂർത്തിയാകുംമുമ്പുത ന്നെ സംസ്കൃതത്തിൽ നല്ല പാണ്ഡിത്യം നേടുകമാത്രമല്ല, പല ഈശ്വരസ്തോത്രങ്ങളും ഉഷാകല്യാണം എന്നൊരു നാടകവും വള്ളീവിവാഹം അമ്മാനപ്പാട്ടും കവിതാപരീക്ഷകളിൽ സമ്മാ നാർഹങ്ങളായി ഭവിച്ച അനേകം കൃതികളും രചിക്കുകയുംചെയ്തു. കെ. എൻ. കുമാരൻ എന്ന പേരിൽ പലപ്പോഴും 'സുജനാനന്ദി നി'യിൽ കവിതകളെഴുതിക്കൊണ്ടിരുന്ന ആ യുവാവു് സാഹി ത്യകുതുകികളുടെ ശ്രദ്ധ അന്നേ ആകർഷിച്ചിരുന്നുവത്രേ. വിവിധസ്തോത്രങ്ങളും വിരചിച്ചു് ക്ഷേത്രസന്നിധിയിൽ ധ്യാ നമഗ്നനായിരുന്നു് അവ ആലപിച്ചു് നിർവൃതിക്കൊള്ളുകയും ക്ഷേത്രത്തിലെ പൂജകവൃത്തി സ്വയം സ്വീകരിക്കുകയും ചെയ്ത ആശാൻ പൂർണ്ണയൗവനത്തിലെത്തുംമുമ്പുതന്നെ ഒരുറച്ച ഈശ്വര ഭക്തനായിരുന്നു എന്നു നിസ്സംശയം പറയാം. അസാധാരണ മായ ആരോഗ്യത്തികവും ഉത്സാഹവാസ്തും ബാല്യകൗമാരസഹ ജങ്ങളായ കുസൃതികൾക്കു പ്രേരിപ്പിച്ചിരുന്നുവെങ്കിലും, കാലം

Digitized By Kerala Sahitya Akademi

ചെല്ലുന്തോറും ആ സിദ്ധികളെ മാനസികോല്ക്കർഷം നേടാനു തകുംവിധം ഗ്രന്ഥപാരായണത്തിലേക്കും മനനധ്യാനങ്ങളിലേക്കും തിരിച്ചുവിടാനാണ് കുമാരൻ ഇഷ്ടപ്പെട്ടതു്. വീട്ടുകാരോടും സുഹൃത്തുക്കളോടും പരിചിതരായ മറ്റാളുകളോടും ഇടപെട്ടുകഴിയുമ്പോഴും, പരിസരങ്ങളിൽനിന്നകന്നു് സ്വയംസൃഷ്ടമായ ഒരേകാന്തതയിൽ അഭിരമിക്കാൻ അന്തശ്ചേതനയ്ക്കുള്ള പ്രവണതയും കഴിവും—ഒരേകാലത്തു് ബഹിർമുഖവൃത്തിയും അന്തർമുഖവൃത്തിയുമായിക്കഴിയുക സഹജസ്വഭാവമായിട്ടുള്ള കവിപ്രതിഭയുടെയും ദാർശനികപ്രകൃതിയുടെയും ലക്ഷണങ്ങൾ—അന്നുതൊട്ടേ ആശാനിൽ കണ്ടുതുടങ്ങുന്നു. പില്ക്കാലത്തു് ആഢ്യകുടുംബത്തിന്റെ നടുക്കുതന്നെ നിയതിയാൽ എടുത്തെറിയപ്പെട്ട ആശാൻ, ആ ജനമധ്യത്തിൽ ആയുസ്സിന്റെ ഏറിയകൂറും നിലയുറപ്പിച്ചു് ഇടതടവില്ലാതെ പ്രയത്നിച്ചതിനിടയ്ക്കുപോലും, വിരുദ്ധശക്തികൾക്കൊന്നും കടന്നാക്രമിച്ചെല്ലാനാവാത്ത ദൃശ്യമൗകാചലമായി സ്വജീവകേന്ദ്രത്തെ മാറ്റി ചിരകാലമനുഷ്ഠിച്ച കലാതപസ്യയുടെ കളമൊരുക്കൽ അബോധപൂർവ്വം നടത്തിയതാവാം അന്നു്.

''ഒരു വ്യക്തിയും കവിയുമെന്ന നിലയിൽ താങ്കളുടെ ജീവിതത്തെ അടിമുടി സ്വാധീനപ്പെടുത്തിയ പ്പുറവും മഹത്തായ സംഭവവും അനുഭവവും ഏതെന്നു പറയാമോ?'' മരണത്തിനു് ഏതാനും നിമിഷം മുമ്പു് ഈ ചോദ്യം ആരെങ്കിലും ആശാനോടു ചോദിച്ചിരുന്നുവെങ്കിൽ ഒരേ ഒരു മറുപടിയേ അദ്ദേഹം പറയുമായിരുന്നുള്ളൂ—''എന്റെ ശ്രീനാരായണദർശനം.'' ആശാന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ സമസ്തസമുല്ക്കർഷത്തിനും നാരായണവേദം ശ്രീനാരായണനായിരുന്നു എന്നു ഗ്രഹിക്കാൻ വളരെയൊന്നും ചിന്തിക്കേണ്ടതില്ല. അനന്യസുലഭമായിരുന്ന ആശാന്റെ പ്രതിഭാശക്തി; അചഞ്ചലമായിരുന്ന ആ ആത്മവിശ്വാസം; അസാമാന്യമായിരുന്ന അദ്ദേഹത്തിൽ അന്തർലീനമായിരുന്ന കർമ്മവൈഭവം. പക്ഷേ, ആ ജന്മസിദ്ധികളും വന്ധ്യങ്ങളായിക്കലാശിക്കാതെ, മുളയിലേ തന്നെ വാടിക്കരിയാതെ, സംഘല്ലശോഭമായി പൂർണ്ണസാഫല്യത്തിലെത്താനുതകുന്ന യാതൊരു സാഹചര്യവും ആശാനു് ഉണ്ടായിരുന്നില്ല. ബന്ധുബലമോ ധനശ്രേഷ്ഠിയോ ജാതിമഹത്ത്വമോ സ്വസമുദായത്തിന്റെ പിൻതുണയോ ഉപരിപഠനത്തിനും കവിത്വവികാസത്തിനും പ്രോത്സാഹകമായ അന്തരീക്ഷമോ ഇല്ലാതിരുന്ന ആ യുവാവു് കാലാന്തരത്തിൽ നൈസർഗികവാസനമൂലം കുറെ നല്ല കവിതകളും എഴുതുകയും കുറച്ചധികം ശിഷ്യസമ്പത്തുള്ള ഒരു ഗ്രാമീണാദ്ധ്യാപകനും ഒരുപക്ഷേ കായിക്കര-വക്കം പ്രദേ

Digitized By Kerala Sahitya Akademi

ശങ്ങളിലെ ഭേദപ്പെട്ട ഒരു പൊതുക്കാര്യപ്രവർത്തകനുമായിത്തന്റെ നാട്ടുകാരുടെ ഇടയിൽമാത്രം മാന്യതനേടുകയും ചെയ്തു് അന്തരിക്കുമായിരുന്നിരിക്കാം. എന്നാൽ സംഭവിച്ചതോ? 'പന്തുവിട്ട കരമന്നതൊട്ടു്' ഇഷ്ടദൈവത്തിന്റെ 'ചെന്തളിർപ്പദ'ങ്ങളുടെനേരെ കൂപ്പിയിരിക്കാൻ നിയോഗിച്ചിരുന്ന ആ കുമാരനിൽ 1891-ൽ ആകസ്മികമായുണ്ടായ ആദ്യത്തെ ശ്രീനാരായണസമാഗമം ദിവ്യമായ ഒരസ്വസ്ഥതയുടെ ബീജാധാനം ചെയ്തതോടെ ഒരു പുറു ബലിപുഷ്പങ്ങളും ആ ഹൃദയത്തിൽനിന്നു പൊട്ടിവിരിയുകയായി.

''അണകവിയുന്നഴലാഴിയാഴമെന്നിൽ
പ്രണയമുദിച്ചു കവിഞ്ഞു പാരവശ്യാൽ
അണികരമേകിയണഞ്ഞിടുന്ന നാരാ-
യണഗുരുനായകനെന്റെ ദൈവമല്ലോ.''

പിൽക്കാലത്തു് തന്റെ 'ജീവദ്ദേശിക'നെന്നാരാധിക്കുന്ന ആ ദിവ്യപ്രഭാവന്റെ പുണ്യനാമസ്മരണത്തോടുകൂടി ആരംഭിക്കുകയും,

''കലിവലയിൽ കലരാതെ കൈതൊഴുന്നെൻ
കലുഷമകറ്റിയെടുത്തു കാത്തുകൊൾവാൻ
കലമുടുവാണി മൊഴിഞ്ഞകയ്യുമായെൻ
കുലഗുരുവെന്നവരുന്ന കാണുമോ ഞാൻ''

എന്ന ഹൃദയനിർഭരമായ തീവ്രാഭിലാഷം ഉഴറോടെ ആവിഷ്കരിക്കുകയും ചെയ്തിട്ടുള്ള 'സുബ്രഹ്മണ്യശതകം' എന്ന ആത്മഗീതത്തിന്റെ രചന ഒരു താല്ക്കാലിക മനശ്ശാന്തി മാത്രമേ ആശാനു നല്കിയുള്ളൂ. അധികം താമസിയാതെ, കടലിനും കായലിനും നടുക്കു കിടക്കുന്ന പ്രകൃതിരമണീയമായ കായിക്കരയും പരിസരങ്ങളും പ്രിയജനങ്ങളെയും വിട്ടു് ഏതെല്ലാമോ പ്രദേശങ്ങളിൽ ഒറ്റയ്ക്കു ചുറ്റിത്തിരിഞ്ഞു്,

കോലാഹലധ്വനി കലർന്നഴകാർന്നമൂല-
കൈലാസമോ കനകനാടകശാലതാനോ
മേലാംപദം വിളയുമാകരമോ?

എന്നു തോന്നിപ്പോകുന്ന 'പാതകനാശദേശ'മായ തിരുക്കുററാലം മുതലായ പുണ്യതീർത്ഥങ്ങളും സന്ദർശിച്ചിട്ടും തൃപ്തി കൈവരാതെ, ഗഹനപാവനമായ വനസൗന്ദര്യം കുടികൊണ്ട അരുവിപ്പുറത്തു സന്നിധാനം ചെയ്തിരുന്ന യോഗിവര്യനെ ലക്ഷ്യമാക്കി, അയസ്കാന്തത്താൽ ആകൃഷ്ടമായ ഇരുമ്പുകഷണംപോലെ, സാഗരോന്മുഖിയായിപ്പായുന്ന നദീപ്രവാഹംപോലെ, ദിവാകരദർശനം കൊതിച്ചു സർവ്വവുമുപേക്ഷിച്ചിറങ്ങിത്തിരിച്ച നളിനി

Digitized By Kerala Sahitya Akademi

യെയും ആനന്ദഭിക്ഷുവിന്റെ പദമുദ്രകളും പിന്തുടർന്നു പുറപ്പെട്ട മാതംഗിയെയും പില്ലാലത്തു സൃഷ്ടിച്ച ആ പതിനെട്ടുകാരൻ നടകൊള്ളുന്നു. ആ കുമാരനിൽ ഒളിഞ്ഞുകിടന്ന മഹത്വലക്ഷണങ്ങളും ഒറ്റനോട്ടത്തിൽ അറിഞ്ഞുകഴിഞ്ഞിരുന്ന ക്രാന്തദർശിയായ ഗുരു ആ തീർത്ഥാടകനെ സസന്തോഷം സ്വീകരിക്കുന്നു. ആ മഹാത്മാവിന്റെ അന്തേവാസിയായി നിരന്തരസംസർഗ്ഗത്തിലേർപ്പെട്ടും, അദ്ദേഹത്തിന്റെ അനുഗ്രാഹകമായ നിർദ്ദേശോപദേശങ്ങളും ഉൾക്കൊണ്ടും, അവിടത്തെ ആശ്രമജീവിതശൈലി പരിചയിച്ചും, മുന്നിൽപ്പുരം കൊല്ലം കഴിഞ്ഞതിനിടയ്ക്ക് ആശാന്റെ അന്തസ്സത്വം നേടിയ സംസ്കാരപരിപാകം തെല്ലൊന്നുമായിരിക്കുകയില്ല യൗവനസഹജവും ഒരുപക്ഷേ, കവിസഹജവുമായ ഭാവചാപല്യങ്ങൾക്കും ഐന്ദ്രിയസുഖാസക്തികൾക്കും കടിഞ്ഞാണിട്ട് വികാരവിചാരങ്ങളെ സമുന്നതമണ്ഡലത്തിൽ വ്യാപരിപ്പിക്കുവാൻ സർവ്വഥാ പ്രേരകമായിരുന്ന ആ വിശ്വാദ്ധ്യാന്തരീക്ഷം. സംസ്കൃതത്തിലും തമിഴിലുമുള്ള പ്രൗഢങ്ങളായ വേദാന്തശാസ്ത്രഗ്രന്ഥങ്ങളിലും ഭക്തിസാഹിത്യത്തിലും ആശാൻ പരിനിഷ്ഠിതജ്ഞാനം നേടിയതും ആ ശാന്തിനികേതനത്തിൽ വച്ചായിരുന്നു. ശ്രീനാരായണനെ ആദ്യമായിക്കണ്ട 1891-ാമാണ്ടു് ആശാൻ എഴുതിയ സുബ്രഹ്മണ്യശതകവും പിന്നീടു് ഒരു വ്യാഴവട്ടത്തിനകം രചിച്ച ശിവസ്തോത്രമാല, ഭക്തവിലാപം, ശിവസുരഭി, കാമിനീഗർഹണം, വിഭ്രതി, പരമപഞ്ചകം, അനുഗ്രഹപരമദശകം, നിജാനന്ദാനുഭ്രതി, നിജാനന്ദവിലാസം എന്നീകൃതികളും അനാവരണംചെയ്യുന്നതു് ഈശ്വരസാക്ഷാൽക്കാരത്തിനുവേണ്ടി വെമ്പുന്ന ഒരു ഭക്തഹൃദയത്തെയാണു്. ശിവഭക്തിപഞ്ചകം, കരുണാനിധിസ്തോത്രം, സരസ്വതീപഞ്ചകം തുടങ്ങി ഈ ഇനത്തിൽപ്പെടുന്ന മറനേകം സ്തോത്രങ്ങളും ആശാൻ എഴുതിയിട്ടുണ്ടു്. സുഖഭോഗങ്ങളുടെ മായാമയത്വം, അവയിൽനിന്നു് ഇന്ദ്രിയങ്ങളെ പ്രത്യാഹരിക്കാൻ അശക്തമായ മനസ്സിന്റെ ചഞ്ചലത്വം, ഏകാഗ്രവും നിസ്തന്ദ്രവുമായ മനനധ്യാനാദികർമ്മംകൊണ്ടു് ആ കുറ്റങ്ങൾക്കും പൊട്ടിച്ചു് അനന്തശാന്തിധാമം പൂകാൻ കനിവുണ്ടാകണമേ എന്ന പ്രാർത്ഥന, സഗുണോപാസകന്റെയും നിർഗ്ഗുണോപാസകന്റെയും ഈശ്വരനെക്കുറിച്ചുള്ള സങ്കല്പങ്ങൾ, ആത്മതത്ത്വം എന്നീ വിഷയങ്ങൾ പ്രാധാന്യേന പ്രതിപാദിക്കപ്പെടുന്ന ഈ കൃതികളുടെ നിർമ്മാണത്തിനു് അനുകൂലമായ അന്തരീക്ഷവും ഉത്തേജകമായ പശ്ചാത്തലവും ഏതായിരുന്നുവെന്നും സർവോപരി പ്രചോദനമരുളിയ മഹാപുരുഷൻ ആരായിരുന്നുവെന്നും സംശയിച്ചിട്ടു കാര്യമില്ലല്ലോ. മഹാസിദ്ധനായ ശ്രീനാരായണൻ സ്വാനുഭ്രതി

Digitized By Kerala Sahitya Akademi

സമ്പന്നമായ ഭാഷയിൽ എഴുതിയിട്ടുള്ള ദാർശനികതത്ത്വപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങളുടെയും ഭക്തിനിർഭരാസ്യന്ദികളായ സ്തോത്രങ്ങളുടെയും സ്വാധീനശക്തി ഈ കൃതികളിൽ വ്യക്തമായി കാണുന്നെങ്കിൽ അദ്ഭുതപ്പെടേണ്ടതില്ല. 1904-ൽ ഗുരുദേവന്റെ ഉപനിഷത്പ്രായമായ ആത്മോപദേശശതകം ആശാന്റെ പണ്ഡിതോചിതമായ ആമുഖത്തോടെയാണ് പ്രകാശിപ്പിച്ചിട്ടുള്ളതെന്ന വസ്തുതയും ഈ സന്ദർഭത്തിൽ സ്മരണാർഹമാണ്.

കുറേക്കൂടി ആഴത്തിൽക്കടന്നു പരിശോധിക്കുന്നപക്ഷം ആശാന്റെ സ്തോത്രകൃതികൾക്ക് ശ്രീനാരായണകൃതികളോടുള്ള ബന്ധം, അവയുൾക്കൊള്ളുന്ന ആശയങ്ങളിലും ചൈതന്യത്തിലും പര്യവസാനിക്കുന്നില്ലെന്നും ഭാഷാശൈലിയിൽപ്പോലും അതു വ്യാപിച്ചുകിടപ്പുണ്ടെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. വീണപൂവ് തൊട്ടുള്ള മുഖ്യകൃതികളിൽ കാണുന്ന ഭാഷാശൈലികളിൽനിന്നും പ്രകടവും നിസ്സന്ദേഹവുമായ വ്യത്യാസമുണ്ട് പ്രസ്തുതസ്തോത്രങ്ങളുടെ ശൈലിക്ക്. ആശാൻ അരുവിപ്പുറത്തു താമസിച്ച കാലത്ത് തമിഴിലെ തത്ത്വശാസ്ത്രഗ്രന്ഥങ്ങളും ഭക്തിസാഹിത്യകൃതികളും അഭ്യസിച്ചുവെന്നു മുമ്പു പറഞ്ഞുവല്ലോ. ആ ഗ്രന്ഥങ്ങളിൽ അന്യൂനമായ അവഗാഹം സിദ്ധിച്ച ശ്രീനാരായണന്റെ സംസർഗ്ഗവും ശിക്ഷണവുമാണ് അക്കാര്യത്തിൽ ആശാനു ലഭിച്ചതെന്നു സ്പഷ്ടമാണ്. വേദാന്തശാസ്ത്രതത്ത്വങ്ങളും പ്രകാശിപ്പിക്കുന്ന ഗുരുദേവന്റെ കൃതികളിൽ തമിഴ്പദങ്ങളും സ്വഭാഷാപദങ്ങളെന്നപോലെ ലാഘവത്തോടും സ്വാതന്ത്ര്യത്തോടുംകൂടി ധാരാളം പ്രയോഗിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമികളുടെ രചനകളിലുമുണ്ട് ഈ തമിഴ്പദസൗലഭ്യം. ആംഗലവിദ്യാഭ്യാസത്തിനുമുമ്പ് കേരളത്തിൽ, വിശേഷിച്ചും ദക്ഷിണകേരളപ്രദേശത്തു നിലവിലിരുന്ന ഗുരുകുലവിദ്യാഭ്യാസപദ്ധതിയിൽ തമിഴ്ഭാഷയും തിരുക്കുറളും തുടങ്ങിയ ഏതാനും തമിഴ്ഗ്രന്ഥങ്ങളും പാഠ്യവിഷയങ്ങളായിരുന്നു എന്നു കരുതാൻ വേണ്ടതെളിവുണ്ട്. അധ്യാത്മജ്ഞാനോന്മുഖരായി അവധൂതവൃത്തിയാചരിച്ച് തമിഴ്നാട്ടിലുംമറ്റും വളരെക്കാലം കഴിഞ്ഞുകൂടിയ ചട്ടമ്പിസ്വാമികളും നാരായണഗുരുവും, സ്വദേശത്തുനിന്നും നേടിയ തമിഴ്ഭാഷാജ്ഞാനത്തെ, ശൈവസമയാചാര്യന്മാരുടെയും അതുപോലുള്ള മഹാജ്ഞാനികളുടെയും ഗ്രന്ഥങ്ങളും പരിചയിച്ചു സമ്പന്നമാക്കിയതിനാൽ ആ ഭാഷയുടെ സംസ്കാരവും സ്വാധീനവും അവരെഴുതിയ സ്തോത്രങ്ങളിലും ദാർശനികകൃതികളിലും ശരിക്കും പ്രതിഫലിക്കുകയുണ്ടായി. തമിഴിൽ ദാർശനികന്മാരും ഭക്തകവികളും വ്യവഹരിക്കുന്ന അർത്ഥത്തിലാണ് പ്രായേണ തമിഴ്പദങ്ങളും രണ്ടുപേരും പ്ര

Digitized By Kerala Sahitya Akademi

യോഗിച്ചിട്ടുള്ളതു്. തമിഴ്കൃതികൾ തന്നെ വായിച്ചു പഠിച്ചും ഗുരുനാഥന്റെ ഗ്രന്ഥങ്ങളിൽ ആജ്ഞനംചെയ്തും കഴിഞ്ഞുപോന്ന ആശാൻ ഈ കാലഘട്ടത്തിൽ എഴുതിയ കൃതികളിൽ അവയുടെ സ്വാധീനശക്തി സ്വാഭാവികമായും നാം കാണുന്നു. ആശാൻ ധാരാളമായി പ്രയോഗിച്ചിട്ടുള്ള തമിഴ്പദങ്ങളുടെയും തമിഴ്ച്ചുവയുള്ള മലയാളപദങ്ങളുടെയും ഒരു പട്ടിക തയാറാക്കുന്നപക്ഷം നാം അന്ധാളിച്ചുപോകും. മൂക്കും ചില പദങ്ങളും അവയുടെ സന്ദർഭോചിതമായ അർത്ഥങ്ങളും സ്വാധീപുലാകന്യായേന ചുവടേ കൊടുക്കുന്നു: പറ്റു്=സംഗം; അരുൾ=കാരുണ്യം; അടയാളമറ=നിർഗുണമായ; അണുകാതെ=പ്രാപിക്കാതെ; ഉരുവു്=ശരീരം നശിച്ചു്; ഉണ്ണുഴുകൽ=ഇന്ദ്രിയംകൊണ്ടു് അനുഭവിക്കുന്ന വിഷയങ്ങൾ; കേണി=നദി; എരി=അഗ്നി; ആണവം=ദുഃഖം; മറുതിപ്പെടുത്തുക=ആശ്വസിപ്പിക്കുക; വിരിവുള്ളിടം=ചിദാകാശം; കുത്തിടുന്നു=നൃത്തംചെയ്യുന്നു; നെറി=സത്യം; തരാതരം താമസിയാതെ=ഒട്ടും താമസിയാതെ; പുലമ്പുക=യാചിക്കുക; താനറിടത്തു്=അഹംബുദ്ധിയില്ലാത്ത അവസ്ഥയിൽ; പുലർമാമരം=രക്ഷാവൃക്ഷം; ആൾ=തുണയുന്നവൻ; വാറു്=സ്രുപം; പിറവാളു്=ചന്ദ്രക്കല; കുഴന്ത=കുട്ടി; കറാകിലും=അറിഞ്ഞാലും; വരയാറു്=ഷഡാധാരം; കാൺ=കാറു്; വന്തിട്ടാൽ=വന്നാൽ; കന്നത്തനിത്തെളി=പൂന്തേൻ. ഇവയ്ക്കു പുറമേ, അരുൾ കണ്ണു്, കുറഴിഞ്ഞു്, മാളുക, ഉറവു്, തുറവായു്, പിണി, ഇരങ്ങി, നുൽ, നാടി, അമ്പികുക, പിച്ചയാളൻ, ചുന്തു്, നട്ടാവി, ഒലിയുമൊഴിയും, ചേവങ്കി തുടങ്ങി ഇനിയെത്രവേണമെങ്കിലും പകർത്താം. ഉണ്മണി, ഉണ്ണുനീറി, വിണ്ണാട്ടുകാർ, വിണ്ടടിനി എന്നിങ്ങനെയുള്ള സന്ധികളും താമ്രചൂഡക്കൊടിയൻ, തിരുനീറൻ, പൂവങ്കവില്ലൻ നീലക്കഴത്തൻ, തുമ്പത്തിരുച്ചിടയൻ, പൊതുവൻ തുടങ്ങിയ വിചിത്രപ്രയോഗങ്ങളും മലയാളത്തിൽ മുമ്പു കണ്ടിട്ടുള്ളതു് പ്രാചീനകൃതികളിൽ മാത്രമാണു്. അതുപോലെതന്നെ, തമിഴിലെ ഭക്തിസാഹിത്യത്തിൽ പലപ്പോഴും കാണുന്നതുപോലെ ഉപാസകൻ ഇഷ്ടമൂർത്തിയെ പ്രിയതമവും, ഹൃദ്യതമവും, മധുരതമവുമായ ലൗകികവസ്തുക്കളായി സങ്കല്പിച്ചു് നന്നേ അരുമയായി അഭിസംബോധനംചെയ്യുന്ന രീതി ഈ യുവഭക്തനും കൈക്കൊള്ളുന്നു.

പയോദമേ, പങ്കജമേ, പരാഗമേ,
വിയോഗമേ, വേദവിശിഷ്ടയോഗമേ,
നിയോഗമേ, നിർമ്മലനീതിസാരമേ,
ദയോദധേ, വാഴ്ക ദേവദേവ, മേ.

Digitized By Kerala Sahitya Akademi

പൊന്നപ്പനേ, പൊതുവനേ, പൊരുളേ, പിരാനേ,
പൊന്നിൽപ്പൊതിഞ്ഞ പവിഴപ്പൊടിയേ, തൊഴുന്നേൻ.

എന്നെല്ലാം വസ്തുക്കളെയും കേവലാശയങ്ങളെയും ഇടകലത്തിയും,

കൽക്കണ്ടമേ, കദളിതൻ പഴമേ, പഴത്തിൽ
മുക്കും മതിത്ത മധുവേ, മമ തമ്പുരാനേ,
പൊൽക്കൊണ്ട ചാരുമറയാം കൊടിമുന്തിരിക്കൊ-
മ്പൊക്കെക്കുലച്ച കനിയേ, കനിയേണമെന്നിൽ.

എന്ന മധുരസാധനങ്ങളും മാത്രം സമാഹരിച്ചും, തന്റെ 'തങ്കുകുടമായ ദേവനെ സങ്കല്പനംചെയ്തു പ്രണമിക്കുന്ന ഭാഗങ്ങളുണ്ടു് ഈ സ്തവമഞ്ജരികളിൽ.

തനിക്കു് ശ്രീനാരായണൻ ആരായിരുന്നു, അഥവാ എന്തായിരുന്നു എന്നു് അസന്ദിഗ്ധമായി, ആത്മാവിന്റെ അടിത്തട്ടത്തിൽനിന്നുയരുന്ന നന്ദിയുടെയും ഭക്തിയുടെയും ദിവ്യാനുഭൂതിയുടെയും ഭാഷയിൽ ആശാൻതന്നെ ലോകത്തോടു പ്രഖ്യാപിച്ചിട്ടുണ്ടു്. എന്നെന്നും 'പ്രണമനീയപദാർത്ഥ'മാണു്, പാപത്തിന്റെ 'നാരായവേരുകളറുത്തു' പുനർജനി മുടിക്കാൻ കനിഞ്ഞുനില്ക്കുന്ന ആ 'ഗുരുനായക'ന്റെ പേരു്; 'ഭവാംബുധിക്കുനാവികനും' 'ഭാവ്യഭവ്യഭയനാശമൂല'വും ആയ ആ ജീവദേശികനാണു തന്റെ ദൈവം. 'പിച്ചയാള'നായ തനിക്കു് 'ഈശ്വരൻ കല്പിച്ച കല്പകമലർക്കൊടി'യാണു് ആ 'കൈപ്പുണ്യമുള്ള കരുണാകരൻ'. അദ്ദേഹം തന്നിലുപ്പിച്ച അദ്ഭുതം എങ്ങനെ മറക്കാനാണു് ഈ ജീവിതത്തിൽ! എന്തായിരുന്നു ആ മഹത്തായ അദ്ഭുതം? കവി പറയട്ടെ.

മന്ദാരപ്പൂങ്കൊടിക്കൈമലർ മധുരമെട്ടത്തെന്നെ മാനിച്ചുമാന-
ക്കന്തൊപായം ഭവിക്കുംപടിയുടൽപുണരും കൗശലത്തിൽ കലർത്തി
മന്ദാഭാവാനുകമ്പം മമ മുകളിൽ മുകർന്നൂറുമദ്വൈതസമ്പൽ
സന്താനംചെയ്ത സാരാമൃതലഹരിമൊഴിക്കേതു ഞാനാദരിപ്പൂ!

'ആ ബോധാചാര്യന്റെ ചെങ്കഴൽച്ചെങ്കമലമതിനടിക്കാണു നിർവ്വാണലോകം' എന്നു് ആ നിർഭരാദരത്തെ ശിഷ്യൻ അന്യത്ര പ്രകടിപ്പിക്കുന്നുമുണ്ടു്.

'അദ്വൈതസമ്പൽസന്താന'ത്തിനു മാത്രമാണോ ആശാൻ തന്റെ ഗുരുനാഥനോടു കടപ്പെട്ടിട്ടുള്ളതു്? ക്രിസ്തുവർഷം 1895 മുതൽ 1898 വരെ ബാംഗളൂരിലും 1898 മുതൽ 1900 വരെ കൽക്കത്തയിലും താമസിച്ചു് സംസ്കൃതത്തിൽ സമുന്നതപഠനം നടത്തുന്നതിനും, അന്നത്തെ കാലദേശാവസ്ഥകളും ആശാന്റെ സാഹചര്യങ്ങളുംവച്ചു നോക്കുമ്പോൾ അസുലഭഭാഗ്യമായിക്കരു

Digitized By Kerala Sahitya Akademi

തേണ്ട വിശാലലോകപരിചയം നേടുന്നതിനും, സാമൂഹികവും ആദ്ധ്യാത്മികവും സാഹിത്യപരവുമായ ഒരു നവോത്ഥാനത്തിന്റെ മുദ്രകൾ ഭാരതത്തിലെ മറ്റേതുപ്രദേശങ്ങളിലെക്കാളും കാലേക്കൂട്ടി പതിഞ്ഞുകഴിഞ്ഞിരുന്ന വംഗനാട്ടിന്റെ ഉൾത്തുടിപ്പുകൾ ചാരത്തു ചെന്നു ചെവിയോർത്തു കേൾക്കുന്നതിനും, ത്നികൾ അന്നുവരെ അജ്ഞാതമായിരുന്ന വിശ്വഭാഷയായ ഇംഗ്ലീഷ് നിഷ്പ്രയാസം പഠിച്ചു് ആധുനികാശയങ്ങൾ ഉൾക്കൊണ്ടു് അതിലെ അനശ്വരകാവ്യങ്ങളിൽ അഭിരമിക്കുന്നതിനും ആശാനു് എങ്ങനെ സാധിച്ചു എന്ന ചോദ്യത്തിനു് ലഘുവായ ഒരുത്തരമേയുള്ളൂ. ശ്രീനാരായണന്റെ ആജ്ഞാപുഷ്ടം പിടിയ ഡോക്ടർ പല്പു ആചാര്യാഭിമതം നിറവേറ്റുന്നതിനു വേണ്ടിയാണു് തന്റെ കൈയിൽ ഏല്പിക്കപ്പെട്ട കുമാരനു വിദേശങ്ങളിൽ ഉപരിവിദ്യാഭ്യാസസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്തതു്. അന്യദേശത്തുനിന്നു് ആയതമായ അറിവോടെ, അഭിനവമായ അനുഭവസമ്പത്തോടെ, തിരിച്ചെത്തിയ ആശാൻ മുന്നേപ്പോലെതന്നെ ഗാർഹികചക്രത്തിൽ കുടുങ്ങാതെ അവിപ്പുറത്തു് സ്വാമിയുടെ അന്തേവാസിയായി ക്ഷേത്രകാര്യങ്ങൾ അന്വേഷിച്ചും കുട്ടികളെ സംസ്കൃതം പഠിപ്പിച്ചും കഴിഞ്ഞുകൂടുമ്പോൾ സ്ഥാപിതമായ 'ശ്രീനാരായണധർമ്മപരിപാലനയോഗ'ത്തിന്റെ കാര്യദർശിപദം ആദ്യമേതന്നെ അദ്ദേഹത്തിനു ലഭിച്ചതും, സ്വസമുദായാംഗങ്ങളിൽ ചിലരുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള എതിർപ്പുകളെ അതിജീവിച്ചു് തുടരെ പതിനാറുകൊല്ലം ആ സ്ഥാനം അലങ്കരിച്ചതും, അങ്ങനെ സാമുഹികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ രാജ്യവ്യാപ്തമായ പ്രശസ്തിയാർജ്ജിച്ചതുമെല്ലാം ശ്രീനാരായണൻ ചൊരിഞ്ഞ സ്നേഹവാത്സല്യവിശ്വാസങ്ങൾകൊണ്ടാണെന്നു്, ആശാന്റെ അസാധാരണമായ ആത്മവത്തയെ തികച്ചും ബഹുമാനിച്ചുകൊണ്ടുതന്നെ, ആർക്കും സമ്മതിക്കാതെ വയ്യ.

''താഴത്തുന്നു കരേറിവന്ന തപസാ സിദ്ധിച്ചൊരിപ്പൗരുഷം
പാഴിൽക്കൈവെടിയൊല്ല, പാപമതിലേ പോകൊല്ല
യെന്നുള്ളമേ''

എന്നും

''കുട്ടിക്കുരംഗനയനാന്തമിഴച്ച കണ്ണെ–
റിട്ടൊന്നുനോക്കി ഹൃദയത്തെയിഴിച്ച ശംഭോ!
വട്ടം ചുഴറ്റി വിഷയഭ്രമണത്തിലിട്ട
നട്ടംതിരിപ്പവളെ നോക്കി നടത്തൊലാ നീ''

എന്നും 1901–ൽ കാമിനീഗർഹണം നടത്തി, ഭോഗവൈരാഗ്യ

Digitized By Kerala Sahitya Akademi

ത്തിൽ മനസ്സുറച്ചുകിട്ടാൻ പ്രാർത്ഥിക്കുന്ന ആശാൻ, സർവ്വസംഗപരിത്യാഗിയായ ഒരു മഹാപുരുഷന്റെ ഏറ്റവും അടുത്ത ശിഷ്യനായി കാരാഗൃഹത്തിൽപ്പരംകാലം ബ്രഹ്മചര്യാനിഷ്ഠനായി കഴിഞ്ഞിട്ട്, നാല്പത്തിയഞ്ചാമത്തെ വയസ്സിൽ വിവാഹിതനാകാൻ നിശ്ചയിച്ചുറച്ചു്,

രുചേശ്ചലതാദീതരെശ്ച ഹേതുഭിർ-
ഗുരോ,ചരിഷ്യാമി ശിവം ഗൃഹവ്രതം

എന്നും, മുൻകൂട്ടി അറിയിക്കാതെ ചെയ്ത നിശ്ചയത്തിനു് ശിഷ്യവാത്സല്യംകൊണ്ടു് അനുമതി നൽകണമേ എന്നും, അപ്രാർത്ഥിതമായിത്തന്നെ സർവ്വാഭീഷ്ടങ്ങളുമരുളിയനുഗ്രഹിച്ച ഗുരുവിന്റെ തൃച്ചേവടികളിൽ, ഭക്തിനമ്രമായ ശിരസ്സോടെ, ബദ്ധാഞ്ജലിയായി, ജീവിതത്തിലാദ്യമായി നടത്തിയ ആത്മനിവേദനതുല്യമായ അഭ്യർത്ഥനയ്ക്കു്, കാരുണ്യമയമായ മൗനത്തിലൂടെ പ്രതികരണം ചെയ്കയും അനന്തരജീവിതത്തിലും മുമ്പെന്നപോലെ ഗുരുശിഷ്യബന്ധം പുലർത്താൻ അനുവദിക്കുകയുംചെയ്ത ആ നിശ്ചലസ്നേഹവാത്സല്യത്തിനെക്കൂടി നാം ഇവിടെ സ്മരിക്കുക. ഈ മുഴുത്ത സത്യങ്ങളെ കാണാതിരിക്കത്തക്ക മൗഢ്യമോ അവഗണിക്കാൻ പോരുന്ന കൃതഘ്നതയോ ആശാനെപ്പോലെ ഗംഭീരസത്ത്വനും ഹൃദയസമ്പന്നനുമായ ഒരു വ്യക്തിക്കുണ്ടാകുന്നതെങ്ങനെ? മുമ്പുന്നയിച്ച സാങ്കല്പികമായ ചോദ്യത്തിനു് ആശാനിൽനിന്നു് ഉടനടി നിസ്സംശയം കിട്ടുമായിരുന്ന മറുപടി എന്തായിരിക്കുമെന്ന അഭ്യൂഹം, മേൽക്കാണിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സുതോഭദ്രമാണെന്നു പറയേണ്ടതില്ലല്ലോ.

ബാഗളൂരിലും കൽക്കത്തയിലുമുള്ള സംസ്കൃതകോളേജുകളിൽ യഥാക്രമം ന്യായവിദ്വാൻ, തർക്കതീർത്ഥ എന്നീ പരീക്ഷകൾക്കിരിക്കാൻവേണ്ടി പഠിച്ചുകൊണ്ടിരുന്ന ആശാനു് രണ്ടിടത്തും പടർന്നുപിടിച്ച പ്ലേഗുബാധനിമിത്തം പരീക്ഷയ്ക്കു മുമ്പു് സ്ഥലംവിടേണ്ടിവന്നതു് വിധിദുർവിനോദമായേ കരുതേണ്ടൂ. ശങ്കരാചാര്യകൃതമായ 'സൗന്ദര്യലഹരി'യുടെ പരിഭാഷയും കൃഷ്ണമിശ്രന്റെ 'പ്രബോധചന്ദ്രോദയം' നാടകത്തിന്റെ വിവർത്തനവും സംസ്കൃതനാടകത്തിന്റെ ചട്ടക്കൂട്ടിലാണെങ്കിലും സ്വതന്ത്രമായ പാത്രസങ്കല്പശേഷിയും ഭാവശില്പഭംഗിയും പുലർത്തി രചിച്ച വിചിത്രവിജയവുമൊഴിച്ചാൽ എടുത്തുപറയത്തക്കയാതൊരു കൃതിയും ആശാൻ ഈ അഞ്ചുവർഷത്തിനകം എഴുതിയതായി അറിവില്ല. എന്നാൽ ഇക്കാലമത്രയും ബഹുമുഖമായ വളർച്ച സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു, ആശാന്റെ വ്യക്തിത്വത്തിനു്. സംസ്കൃതത്തിലെ ന്യായവേദാന്താദി ശാസ്ത്ര

Digitized By Kerala Sahitya Akademi

ങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടുന്നതിനും ബാംഗള രിൽ ഡോക്ടർ പല്ലുവിന്റെ വിദ്യാവിലാസിതമായ ഗ്രഹാന്ത രീക്ഷത്തിൽ വച്ചാരംഭിച്ച ഇംഗ്ലീഷുപഠനത്തെ, നിരന്തരവും അക്ഷീണവുമായ പ്രയത്നംകൊണ്ടു പരിപോഷിപ്പിച്ചു് ആ ഭാഷ മേൽക്കുമേൽ സ്വാധീനമാക്കുന്നതിനും കഴിഞ്ഞ ഈ കാല ഘട്ടത്തിൽ, ദിവസംപ്രതി ഇരുപതുമണിക്കൂർവീതം അദ്ദേഹം ഗ്രന്ഥങ്ങളുടെ ലോകത്തിൽത്തന്നെ മുഴുകിയിരുന്നു. മലയാളം, സംസ്കൃതം, തമിഴു് എന്നീ ഭാഷകളിലെ കൃതികളും പരിശീലി ച്ചുപോന്ന ആ വിജ്ഞാനബുഭുക്ഷുവിന്റെ ദൃഷ്ടികൾക്കു് അന്ന വരെ അപ്രാപ്യമായിരുന്ന അഭിനവപാശ്ചാത്യചിന്താധാര കളും കാട്ടിക്കൊടുത്ത ജനാലയായിരുന്നു ഇംഗ്ലീഷു്. ആ ജനാ ലയിലൂടെക്കൂടി, കാല്പനികപ്രസ്ഥാനത്തിന്റെ നടത്തുണകളായ ഷെല്ലി, കീററ്സു്. ബ്രൗണിംഗു് തുടങ്ങിയ മഹാപ്രതിഭന്മാ രുടെ ഭാവകല്പോലിതങ്ങളും ഭാവനാഭരിതങ്ങളും ഹൃദയോന്മഥ നക്ഷമങ്ങളുമായ കാവ്യങ്ങളും കണ്ടെത്തിയപ്പോൾ സിദ്ധിച്ച അദ്ഭുതകരമായ അനുഭൂതിയിൽനിന്നു് ഒരു നൂതനകാവ്യസങ്ക ല്പം സുവിശദമായിട്ടല്ലെങ്കിലും ആശാന്റെ ബോധമണ്ഡല ത്തിൽ ഉദയംചെയ്തിരിക്കണം. ആ സങ്കല്പത്തെ ലാളിച്ചുവള ത്തിയും, ദേശീയസാഹിത്യസംസ്കാരത്തിന്റെ കാതലായ ഭാഗ ത്തോടു് അതിനെ എങ്ങനെ, എത്രമാത്രം, അനുരഞ്ജിപ്പിക്കാ മെന്നു പരിചിന്തിച്ചും, പ്രയോഗരീതികളും ആസൂത്രണംചെ യ്തും, ഒരു വ്യാഴവട്ടക്കാലം അനുഷ്ഠിച്ച ആഭ്യന്തരപ്രക്രിയയുടെ പരിണതഫലമായിട്ടാണു് മലയാളകവിതയിൽ അദൃഷ്ടപൂർവ്വ മായ ഒരദ്ഭുതഭാസ്സോടെ 'വീണപൂവു്' ആവിർഭവിച്ചതു്. സാഹിത്യത്തെ സംബന്ധിച്ചു് ഒരു നവപ്രബോധം ആശാന്റെ മനസ്സിൽ മുളപൊട്ടി വളരാൻ അനുകൂലമായ പശ്ചാത്തലം കൽക്കത്തയിലെപ്പോലെ ഇന്ത്യയിൽ മറെറങ്ങും അന്നുണ്ടായി രുന്നില്ല. ബങ്കിമചന്ദ്രൻ, ദ്വിജേന്ദ്രലാൽറോയു്, മൈക്കേൽ മധുസൂദനദത്തു് എന്നീ പ്രതിഭാശാലികളും മുഖേന കഥാനാടക കാവ്യശാഖകളിൽ കാല്പനികപ്രസ്ഥാനത്തിന്റെ പുതുചൈത ന്യം ബംഗാളിൽ പ്രസരിച്ചുകഴിഞ്ഞിരുന്നു. വംഗഭാഷ വശമി ല്ലാതിരുന്നുവെങ്കിലും തന്റെ ചുററും സംഭവിച്ചുകൊണ്ടിരുന്ന സാഹിത്യപരിവർത്തനത്തിന്റെ പരിമളം ആശാനും കുറച്ചൊ ക്കെ മണത്തറിഞ്ഞിരുന്നുവെന്നുവേണം കരുതാൻ. ബ്രഹ്മസമാ ജസ്ഥാപകനായ രാജാ റാംമോഹൻറോയിയുടെ പ്രബുദ്ധനേതൃ ത്വം കാലേതന്നെ സിദ്ധിച്ചു്, പരമഹംസനായ ശ്രീരാമകൃഷ്ണ ന്റെ പരിപാവനസന്നിധാനത്താലും പ്രവർത്തനങ്ങളാലും അ നുഗൃഹീതമായി, ആ യോഗമൂർത്തിയിൽനിന്നു് ജ്ഞാനതേജ

Digitized By Kerala Sahitya Akademi

സ്സംക്കൊണ്ട യുവാവായ വിവേകാനന്ദന്റെ പ്രബോധനങ്ങളാൽ പ്രഭാവിതമായി, ഒരു ആദ്ധ്യാത്മികനവോത്ഥാനത്തിന്റെ ക്കൂടി ബംഗാൾ കടന്നുപൊയ്ക്കൊണ്ടിരിക്കുമ്പോഴാണു് മഹായോഗിശിഷ്യനും അദ്ധ്യാത്മശ്രേയോമുഖനുമായ ആശാൻ അവിടെച്ചെന്ന രണ്ടുവർഷം കഴിച്ചുകൂട്ടുന്നതു്. ആ അന്തരീക്ഷത്തിന്റെ പ്രഭാവം തീച്ചയായും ആശാന്റെ അന്തരംഗത്തിൽ അഴിയാത്ത മുദ്രകൾ അടിച്ചിരിക്കണം. സ്വദേശത്തു തിരിച്ചെത്തിയശേഷം, 'രാജയോഗം' പരിഭാഷപ്പെടുത്തുവാൻ അദ്ദേഹം നിശ്ചയിച്ചതു് പ്രധാനമായും വിവേകാനന്ദന്റെ സത്താമഹത്ത്വത്തോടും ജീവിതദർശനത്തോടും തോന്നിയ ഉള്ളുഴിഞ്ഞ ബഹുമാനാദരങ്ങൾകൊണ്ടായിരിക്കണമല്ലോ. അതുപോലെതന്നെ, ആശാൻ ബംഗാളിലുണ്ടായിരുന്നകാലത്തു്, സമുഹപരിഷ്കരണലക്ഷ്യം മുൻനിത്തി പ്രവത്തിച്ചുപോന്ന ആദിബ്രഹ്മസമാജത്തിന്റെ കാര്യദർശിയും ആസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവന്ന പത്രത്തിന്റെ നായകനുമായി, വംഗകവിതാരംഗത്തു് ഒരു പുതിയ ശബ്ദവും വെളിച്ചവും ശോഭയും പരത്തി വിഖ്യാതി സമ്പാദിച്ചുകഴിഞ്ഞിരുന്ന രവീന്ദ്രനാഥടാഗോർ ഒരു മാതൃകയെന്നനിലയിൽ ആശാനെ പ്രചോദിപ്പിക്കുകയും ആകഷ്ിക്കുകയും ചെയ്തിരിക്കാൻ വഴിയുണ്ടു്. നാട്ടിൽ തിരിച്ചെത്തി ഏറെനാൾ കഴിയുംമുമ്പു്, അവശജനസമുദായത്തിൽപ്പെട്ട അനേകലക്ഷം 'ഇരുകാലിമാട്ട'കളുടെ യഥാർത്ഥമനുഷ്യത്വം വീണ്ടെടുക്കുന്നതിനും അവരുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി ശ്രീനാരായണന്റെ രക്ഷാധികാരത്തിൽ സമാരംഭിച്ച എസ്. എൻ. ഡി. പി. യോഗത്തിന്റെ കാര്യദർശിത്വവും അതിന്റെ മുഖപത്രമായ 'വിവേകോദയ'ത്തിന്റെ ആധിപത്യവും വഹിച്ച കുമാരകവി ഓമ്മിപ്പിക്കുന്നതു് ആ 'ദിവ്യകോകില'ത്തെത്തന്നെയല്ലേ? അതെങ്ങനെയായാലും, ആശാൻ അന്തരിക്കുന്നതിനു് ഒരു വർഷം മുമ്പു് കേരളം സന്ദർശിച്ച വംഗമഹാകവിയുടെ പാദങ്ങളിൽ അദ്ദേഹം സമർപ്പിച്ച കാവ്യോപഹാരം ആത്മാവു നിറഞ്ഞുവഴിയുന്ന ഉദാത്തമായ അഭിനന്ദനപ്രവാഹത്തിന്റെ പ്രണാളികയാണെന്നു് നിർവിശങ്കം പറയാം.

ഹൈന്ദവ തത്ത്വശാസ്ത്രങ്ങൾ ആഴത്തിൽ കടന്നു പഠിച്ചതോടൊപ്പം ബൗദ്ധദർശനരഹസ്യങ്ങളും ഗ്രഹിച്ചതും വിദേശത്തുവച്ചാകാനാണിടയുള്ളതു്. വൈദികമതം അനാചാരജടിലമായി അധഃപതിച്ച അവസരത്തിൽ അതിനെ വെല്ലുവിളിച്ചു രംഗപ്രവേശം ചെയ്ത ശ്രീബുദ്ധന്റെ സർവ്വഭൂതാശ്ലേഷിയും ഭേദചിന്താവിരുദ്ധവും സ്നേഹരസപരിപൂതവുമായ ഹൃദയത്താൽ

Digitized By Kerala Sahitya Akademi

ആകൃഷ്ടനായി ആ യുഗപുരുഷന്റെ ക്രാന്തദർശിതയെയും ജീവിത സന്ദേശത്തെയും, ഹൈന്ദവസമുദായത്തിലെ ഉച്ചനീചഭേദങ്ങൾ കണ്ടു പൊറുതിമുട്ടിയ ആശാൻ ആരാധിച്ചുതുടങ്ങിയതും ഇക്കാലത്താണെന്നു തോന്നുന്നു. ബുദ്ധമതത്തിലെ ധർമ്മമോക്ഷ വിമർശങ്ങളുടെ സാമഞ്ജസ്യം നിരാക്ഷേപമാണെന്ന വിശ്വാസവും അദ്ദേഹത്തിനുണ്ടായിരുന്നതായി കാണുന്നു. പിൽക്കാലത്തു്, 'ലൈറ്റ് ഓഫ് ഏഷ്യ' എന്ന വിശ്രുതമായ ബുദ്ധചരിതകാവ്യത്തെ മതിമോഹനവും രോമഹർഷദവുമായവിധത്തിൽ പലവർഷം നീണ്ടുനിന്ന ആത്മസമർപ്പണബുദ്ധിയോടുകൂടി 'തുഞ്ചലാളിതയായ കൈരളി'യിൽ പുനരാഖ്യാനം ചെയ്തതും, ബുദ്ധന്റെ പതിതകാരുണികത്വം വ്യക്തമാക്കുന്ന രണ്ടു് ഇതിവൃത്തങ്ങളെ അധികരിച്ചു് 'ചണ്ഡാലഭിക്ഷുകി'യും 'കരുണ'യും രചിച്ചതും, അന്നാരംഭിച്ച വീരാരാധനയുടെ തെളിവുകളും ഫലങ്ങളുമാണു്. ഹിന്ദുമതത്തിനു പകരം ബുദ്ധമതത്തെ പ്രചരിപ്പിക്കാനും പ്രതിഷ്ഠിക്കാനുമല്ല, ഹിന്ദുമതത്തിൽ ഇഴകിപ്പിടിച്ചിരുന്ന കറയും പിശിടും കഴുകിക്കളഞ്ഞു ശുദ്ധീകരിക്കാനുതകുന്ന ഒരു മഹച്ചരിതത്തെ വണ്ണിച്ചു പാടി ഹൈന്ദവസമുദായപരിഷ്കരണം നിർവഹിക്കാനാണു് ആശാൻ ഈ കൃതികൾമുഖേന ഉദ്യമിച്ചതു്. ഒരു സംഘടിതമതമെന്ന നിലയിൽ ബുദ്ധമതം ഹിന്ദുമതത്തെക്കാൾ വരണീയമാണെന്നും ഹിന്ദുമതാനുയായികളുടെ ദുരവസ്ഥ പരിഹരിക്കാൻ പറ്റിയ മാർഗ്ഗം ബുദ്ധമതസ്വീകാരമാണെന്നുമുള്ള അഭിപ്രായത്തെ ഒരു അന്ത്യകാലകൃതിയായ 'മതപരിവർത്തനരസവാദ'ത്തിൽ ആശാൻ സയുക്തികം ഖണ്ഡിച്ചു നിലംപരിശാക്കിയിട്ടുണ്ടു്. അമ്പലത്തിനു കല്ലുചുമന്ന ശീലിച്ച ആളുകളെക്കൊണ്ടു് വിഹാരങ്ങൾക്കു കല്ലു ചുമപ്പിക്കുന്നതിൽ അവിവേകവും മൗഢ്യവുമല്ലാതെ അദ്ദേഹം മറെറാന്നും കാണുന്നില്ല.

ഇരുപതാം നൂറാണ്ടു പിറന്ന വർഷത്തിലാണു് ആശാൻ സ്വദേശത്തു തിരിച്ചെത്തിയതു്. അഞ്ചുവർഷം മുമ്പു പുറപ്പെട്ട തെവിടെനിന്നോ ആ യോഗിവാടത്തിൽത്തന്നെയാണു മടങ്ങിവന്നതും. പുറപ്പെട്ടകാലത്തു് ജീവിതത്തോടുണ്ടായിരുന്ന അടിസ്ഥാനപരമായ സമീപനത്തിനു യാതൊരു മാറ്റവും പുതിയ അനുഭവങ്ങൾ ഉളവാക്കിയിരുന്നില്ല. ഭക്തിജ്ഞാനവൈരാഗ്യങ്ങൾ മുമ്പത്തേതിലും വർദ്ധിച്ചിരുന്നു എന്നുപോലും പറയാം. 1901-ൽ രചിച്ച ശിവസ്തോത്രമാലയും പ്രവാസകാലത്തോ അതുകഴിഞ്ഞധികം ചെല്ലുംമുമ്പോ എഴുതിയ 'ലോകം', 'കളകണ്ഠഗീതം' എന്നീക്കവിതകളും ശാങ്കരശതകാദിസ്തോത്രങ്ങളുമെല്ലാം ഈ വസ്തുത വിളംബരംചെയ്യുന്നു. ചപലമായ അവ

Digitized By Kerala Sahitya Akademi

സ്ഥാജ്ഞാലങ്ങളെയും അതിനെ കാക്കുന്ന ബഹുവിപത്തുകളെയും ക്രുദ്ധമായി നടമാടുന്ന മൃത്യുവിനെയുമാണ് കവി പ്രപഞ്ചമൊട്ടുക്കു ദർശിക്കുന്നതു്. 'കണ്ണീരുകൊണ്ടു കലുഷക്കടലിൽ കമഴ്ന്നു' കാമിനികളെയും അതുപോലുള്ള സാദ്ധ്യങ്ങളായ എല്ലാ വിഷയങ്ങളെയും ഗർഹണംചെയ്തു് ''പാമപദപദാഭോഗരേണു പ്രസാദ''മൊന്നേ മൃത്യുഞ്ജയമായുള്ള എന്നു പേത്തും പേത്തും തറപ്പിച്ചു പറയുകയാണു് എല്ലാക്രുതികളിലും.

''ത്വൽപ്പാദചിന്തനകൗ ദേവ,യിനിക്കുയോഗ–
ശില്പങ്ങളായ്വരിക, നിൻചരിതാമൃതങ്ങൾ
കല്പങ്ങളായ്വരിക,യെൻകരണേന്ദ്രിയങ്ങൾ
പുഷ്പങ്ങളായ്വരിക നിൻപദപൂജ ചെയ്വാൻ.

ഇദ്ദേഹമിന്ദ്രിയവുമർത്ഥവുമേകമാക്കു–
മുദ്ദാമമാമറിവെഴുന്നറിവും വെടിഞ്ഞു
അദ്വൈതമായൊഴുകുമൻപതിലാഴ്ന്നഴിഞ്ഞെൻ
ചിദ്ദേവതേ, ചിരമിരിപ്പതുമെന്നഹോ! ഞാൻ.

ഭക്തിയും ജ്ഞാനവും കൂടിക്കുഴഞ്ഞുള്ള അനുഭൂതിയുടെ ഉത്തരം ആവിഷ്കാരങ്ങളാണു് അവയിൽ. ''ബ്രഹ്മ സത്യം ജഗന്മിഥ്യ'' എന്ന വേദാന്തിയുടെ മൗലികമായ നിലപാടുതന്നെയാണു് എല്ലായിടത്തും കാണുക. എന്തിനു്?— പാശ്ചാത്യദേശത്തെ മികച്ച കാല്പനികകാവ്യങ്ങളിൽ കണ്ട ചേതോഹരമായ ഭാവരൂപപ്പൊലിമയെയും അനുഭൂതിസാന്ദ്രതയെയും ഏകാഗ്രധ്യാനംമൂലം ആവാഹിച്ചുവരുത്തി അവയുംകൊള്ളിച്ചു രചിച്ച 'വീണപൂവു്' എന്ന നൂതനകാവ്യശില്പത്തിൽപ്പോലും 'അവനിവാഴ്വു കിനാവാ'ണെന്നും അതിനെപ്പറ്റി ക്ലേശിക്കുന്നതു് 'ആത്മപരിപീഡനവും അജ്ഞതയോഗ്യ'വുമാണെന്നും ഔപനിഷദോക്തികൾ മാത്രമേ ശാന്തിയരുളുകയുള്ളു എന്നതുകൊണ്ടു് ആശാഭരം ശ്രുതിയിലർപ്പിക്കണമെന്നുമുള്ള ചിന്തകളാണു് അകപ്പൊരുളും അടിയൊഴുക്കും. എന്നാൽ സ്വദേശവാസം പുനരാരംഭിച്ചതിനും 'വീണപൂവു'രചിച്ചതിനുമിടയ്ക്കുള്ള കാലഘട്ടത്തിൽ ആംഗ്ലേയകവിതകളുമായി മുൻകൂട്ടിയുദിച്ച പ്രണയബന്ധം തുടർന്നു പുലർത്തിപ്പോന്നിരിക്കണം. ആ വേഴ്ചയുടെ പ്രകടമായ തെളിവുകളെന്നോണം 'അഹിംസ', 'നമ്മുടെ മൂടുപടം', 'ജീവിതവും മരണവും' എന്നീ പേരുകളിൽ ചില ആംഗലകവിതകളും ഇക്കാലത്തു് ആശാൻ പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുക' എന്ന ആദർശത്തിന്റെ പ്രായോഗികരൂപമായ നിഷ്കാമസാമൂഹിക

Digitized By Kerala Sahitya Akademi

സേവനത്തിനു് 1903-ൽ നിയുക്തനായ സന്ദർഭം ആശാന്റെ ജീവിതത്തിലെ സുപ്രധാനമായ ഒരു വഴിത്തിരിവു കുറിക്കുന്നു. താൻ നടന്നുവന്ന നിവൃത്തിമാർഗ്ഗത്തിൽക്കൂടിത്തന്നെ ഒരുപക്ഷേ, എന്നെന്നേക്കും സഞ്ചരിക്കാനിടയുണ്ടായിരുന്ന 'ചിന്നസ്വാമി' സാഹചര്യങ്ങളുടെ പ്രേരണയും ഗുരുനിയോഗവുമനുസരിച്ചു്, വെട്ടിത്തിരിഞ്ഞു് പരാർത്ഥമായ പ്രവൃത്തിമാർഗ്ഗത്തിൽ പ്രവേശിക്കുകയാണുണ്ടായതു്. ആ വഴിക്കു്, ഇടറാതെയും പതറാതെയും പതിനേഴോളം വർഷം സഞ്ചരിച്ചതുതന്നെ അസാമാന്യമായ ഒരു ശക്തിപരീക്ഷണമാണു് ഏതു കോണിൽനിന്നു നോക്കിയാലും. എണ്ണത്തിൽ അധികമുണ്ടെങ്കിലും തികച്ചും അസംഘടിതമായി വർത്തിക്കുന്ന ഒരവശജനസമുദായത്തെ സംഘടിപ്പിച്ചു പ്രബലമാക്കുകയും, അതിനുള്ളിലും പുറത്തും വളച്ചുറ്റും ഉന്നതിക്കും, തടസ്സമായിനിൽക്കുന്ന പ്രതികൂലശക്തികളെ ഫലപ്രദമായി നേരിടുന്നതിനു വേണ്ട ഉപായങ്ങളും തെളിഞ്ഞ വിവേകത്തോടും യാഥാർത്ഥ്യബോധത്തോടും കാലാവലോകനകുശലതയോടുംകൂടി പ്രയോഗിച്ചുഫലിപ്പിക്കുകയുമാണു് ഈ നീണ്ട കാലമത്രയും വിധിക്കപ്പെട്ട കർത്തവ്യമെങ്കിൽ, അസാധാരണ മേധാശാലികൾക്കുപോലും, അതെത്ര കഠിനമായ വെല്ലുവിളിയായിരിക്കും! ജനമധ്യത്തിലിറങ്ങിച്ചെന്നു ചെയ്യേണ്ട സംഘടനാപ്രവർത്തനങ്ങൾ, പ്രസംഗങ്ങളിലും സംഭാഷണങ്ങളിലും പത്രപ്രവർത്തികളിലുംകൂടിയുള്ള ഉദ്ബോധനങ്ങൾ, സർക്കാരിനോടുള്ള അവകാശവാദങ്ങളും നിവേദനങ്ങളും, തുടരെ എഴുത്തുകുത്തുകൾ, കൃത്യമായി കണക്കുസൂക്ഷിക്കൽ എന്നിങ്ങനെ അത്യന്തം ശ്രമകരമായ പ്രവൃത്തികൾ മിക്കവാറും ഒറയ്ക്കുതന്നെ നിർവ്വഹിച്ചുകൊണ്ടുപോകാൻ കഴിഞ്ഞ ആശാന്റെ നിശ്ചയദാർഢ്യവും കർമ്മകുശലതയും ഊർജ്ജസ്വലതയും ആരെയും അദ്ഭുതപ്പെടുത്തും. ഈ പ്രയത്നപരമ്പരയ്ക്കിടയ്ക്കാണു തന്റെ ജന്മസിദ്ധമായ സാക്ഷാൽമേൽവിലാസം ഏതെന്നു ശരിക്കും അറിഞ്ഞിരുന്ന ആ കവി സർഗ്ഗതപസ്യയ്ക്കു വേണ്ട ധ്യാനശക്തിയും ഓജസ്സും സമയവും കണ്ടെത്തിയതു്. ആ മുഹൂർത്തങ്ങളിലൊക്കെ കലാദേവത കുടികൊള്ളുന്ന ഗർഭഗൃഹത്തിൽ ധ്യാനശീലനായി സ്ഥിതിചെയ്യുന്ന ആ സാധകൻ, തന്നിലെ സാമൂഹികപ്രവർത്തകനെ പുറത്താക്കി വാതിൽ ബന്ധിക്കാൻ സശ്രദ്ധം നിഷ്കർഷിച്ചിട്ടുണ്ടു്. പുറത്തുനിർത്തപ്പെട്ടയാൾ ആ നിഷ്കർഷം ലംഘിക്കാതെ വാതിൽ തള്ളിത്തുറന്നു് അകത്തുകയറി ധ്യാനഭംഗംവരുത്തിയിട്ടുള്ള അവസരങ്ങൾ നന്നേക്കുറയും. സുദീർഘകാലം ഒരു തികഞ്ഞ സാമൂഹികപ്രവർത്തകനായിരുന്നുവെങ്കിലും ആ രംഗത്തു തനിക്കുള്ള ആശയങ്ങളും ക്രിയാപരിപാടി

Digitized By Kerala Sahitya Akademi

കളും പ്രചരിപ്പിക്കുന്ന ഒരുപകരണമായോ ദൂതനായോ ആശാൻ മനഃപൂർവ്വം രചിച്ചിട്ടുള്ള കവിതകളുടെ എണ്ണം, മൊത്തം കൃതികളുടെ തുച്ഛമായ ഒരു ശതമാനം മാത്രമാകുന്നതിനു് ഇതാണു കാരണം. ഉത്തമകലാസൃഷ്ടികളെന്നനിലയിൽ വിലയിരുത്തുമ്പോഴും അവ ഇതരകൃതികളുടെ പുറകിലേ നിൽക്കുകയുള്ളൂ എന്നു് ആശാനിലെ അഭിജ്ഞനായ കലാകാരൻ വിശ്വസിച്ചിരുന്നില്ലേയെന്നു തോന്നും, 'ഇപ്പാഴപാട്ടാമെളിയവിജ്ഞാപനം' എന്ന ദുരവസ്ഥയെക്കുറിച്ചു സ്വയം അഭിപ്രായപ്പെടുന്നതു കാണുമ്പോഴും.

ഔദ്യോഗികപദവിയും തരപ്പെടുത്തുലം ഉന്നതസ്ഥാനങ്ങളിൽ ചെലുത്താൻ കഴിഞ്ഞ വമ്പിച്ച സ്വാധീനശക്തിയും വ്യക്തിപരമായ കാര്യലാഭങ്ങൾക്കായി ഉപയോഗിക്കുവാൻ ആശാന്റെ അചഞ്ചലമായ ധർമ്മനിഷ്ഠ ഒരിക്കലും അനുവദിച്ചിരുന്നില്ല. ഗൂഢതന്ത്രങ്ങളും കപടമാർഗ്ഗങ്ങളുംകൊണ്ടു് സാഹികലക്ഷ്യങ്ങൾ നേടിയെടുക്കുന്ന രീതിയും അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ഇത്തരമൊരു പ്രകൃതക്കാരൻ അജാതശത്രുവാകുക അത്ര സ്വാഭാവികമല്ലല്ലൊ. വലിയ കുലീനത്വമോ, 'മാന്യത സ്ഥാപിക്കേണ്ട ചുറ്റുപാടുകളോ ഇല്ലാത്ത ഒരുവൻ സമുദായാചാര്യനായ സ്വാമിയുടെ സ്നേഹവാത്സല്യപ്രചുരിമ പിടിച്ചുപറ്റി അദ്ദേഹത്തിന്റെ വലംകൈ ആയിത്തീർന്നതും, യോഗകാര്യദർശിയെന്ന നിലയ്ക്കു് അയാളുടെ പ്രശസ്തിയും സ്വാധീനബലവും നാൾക്കുനാൾ വർദ്ധിച്ചതും, യോഗഭരണത്തിൽ അന്യരുടെ അനാശാസ്യമായ കൈകടത്തലുകൾക്കു വഴങ്ങാൻ അയാൾ കൂട്ടാക്കാത്തതുമെല്ലാം കണ്ടു് അസൂയാകുലരായിഭവിച്ച ഈഴവസമുദായാംഗങ്ങളിൽ ചിലർ തന്നെ ആശാനെ തേജോവധം ചെയ്യാൻ പലവിധത്തിൽ ശ്രമിക്കുകയുണ്ടായി. ചിരകാലബ്രഹ്മചര്യത്തിനുശേഷം 1917-ൽ പൊട്ടന്നനവേ ആശാൻ വിവാഹിതനാവുകയുംകൂടിച്ചെയ്തപ്പോൾ ഇക്കൂട്ടരുടെ സ്വഭാവഹത്യാകൗതുകം വിജൃംഭിതമായി. സമുദായത്തിന്റെ മുന്നിൽ നേതാവിനെ ഇടിച്ചുതാഴ്ത്തിക്കാണിക്കുവാനുള്ള മാർഗ്ഗങ്ങൾ അവർ ആരായുകയായി. സ്വാർത്ഥസിദ്ധ്യർത്ഥം അണിഞ്ഞിരിക്കുന്ന കൃപ്പായമാണു് ആശാന്റെ സ്വാമിഭക്തിയെന്നും ബ്രഹ്മചര്യാഭിനയത്തിനടിയിൽ ഒളിഞ്ഞിരിക്കുന്നതു് അസാന്മാർഗ്ഗികനടപടികളാണെന്നും യോഗസംബന്ധമായ പദവി തൻകാര്യത്തിനുവേണ്ടി ദുർവിനിയോഗം ചെയ്യുകയാണെന്നും പ്രചരിപ്പിക്കാനായിരുന്ന അവർ കാപ്പുകെട്ടിയതു്. ജിതേന്ദ്രിയനും കൃതബുദ്ധിയുമായ മുനിയെപ്പോലെ വേണം, ദുഷ്ടമൃഗങ്ങൾ നിറഞ്ഞ മഹാവനംപോലെ ദുർഗ്ഗമമായ പൊതുക്കാര്യരംഗത്തു കൃത്യനിഷ്ഠയോടെ പ്രവർത്തി

Digitized By Kerala Sahitya Akademi

കൊണാവർ സഞ്ചരിക്കേണ്ടതെന്നു് അറിഞ്ഞിരുന്ന ആശാൻ, സത്യസന്ധവും ധർമ്മനിരതവുമായ അന്തഃകരണത്തെ കൃത്യമാർഗ്ഗത്തിൽ വിഷമിപ്പിക്കുന്ന ദുഷ്ടുക്തികളെക്കൊണ്ടു പൊറുതിമുട്ടിയപ്പോൾ എഴുതിയ 'ഗ്രാമവൃക്ഷത്തിലെ കുയിലും',

''ജീവിതരണത്തിലതിമാനമൊട്ടു ഞാനെൻ
ദേവി തുണ നിൽക്കിൽ വിജയിപ്പനതിനാലേ
പൂവിൽ മണവും മണിവിളക്കിലൊളിയുംപോൽ
നീ വിലസുകെന്നെൻമനതാരിൽ മറയാതെ.''

എന്നു തന്റെ ആത്മവിശ്വാസത്തിയോടുതന്നെ മന്ത്രിക്കുന്ന 'നിഷ്കപടതയോടു്'' എന്ന ലഘുകൃതിയും, 'ഇമിറേഷൻ' രത്നംപോലെ പുറത്തുമാത്രം തിളക്കമുള്ള തിന്മയുടെമേൽ നന്മയുള്ള അന്തിമവിജയത്തെ ഉപശ്ലോകനംചെയ്യുന്ന 'ഗുണനിഷ്ഠ' എന്ന ചെറുകാവ്യവും ഈ അപവാദപ്രസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ വേണം പരിശോധിക്കേണ്ടതു്. 1919-ൽ സെക്രട്ടറിസ്ഥാനത്തുനിന്നും വിരമിച്ച ആ കർമ്മഭടൻ, ''കാലം കുറഞ്ഞുദിനമെങ്കിലും'' ആനന്ദദീപ്തമായ ഗൃഹസ്ഥാശ്രമജീവിതം നയിക്കുകയും താരതമ്യേന പ്രശാന്തവും നൂതനോന്മേഷനിറഞ്ഞുതുളുമ്പി, സുഗന്ധപരിവാഹിയായി, വികാസപൂർണ്ണിമയെത്തിയ സപ്രതിഭയുടെ സ്വച്ഛന്ദവ്യാപാരത്തിനു് അനുകൂലവുമായ ആ അന്തരീക്ഷത്തെ പരമാവധി ഫലവത്താക്കാൻ ഉത്സാഹിക്കുകയുംചെയ്യുന്നതിനിടയിൽപ്പോലും ആയുശ്രേഷ്ഠമായ അഞ്ചുവർഷം സമുദായാഭിവൃദ്ധിയിൽ ശ്രദ്ധപതിപ്പിക്കാൻ മറന്നുപോയില്ല.

അന്തസ്സംഘർഷത്തിന്റെ കവിത

ആശാന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ചില സംഭവങ്ങളുടെയും അനുഭവങ്ങളുടെയും ഒരു ദിങ്മാത്രവിവരണമാണു മുകളിൽ കുറിച്ചതു്. ശ്രീനാരായണഗുരുസ്വാമികളും ആശാനും തമ്മിൽ മുപ്പതിൽപ്പരം വർഷം പുലർത്തിയിരുന്ന പ്രഗാഢമായ ഗുരുശിഷ്യബന്ധം ആശാന്റെ ജീവിതത്തിലും കവിതയിലും ഉളവാക്കിയ പ്രതികരണങ്ങളെക്കുറിച്ചു് സാമാന്യം ദീർഘമായിത്തന്നെ പ്രതിപാദിക്കുകയും ചെയ്തു. കഠിനമായ തപശ്ചര്യയിലൂടെ ഇന്ദ്രിയനിഗ്രഹംചെയ്തു് മോഹനമായ ഭുവനസംഗം ഉപേക്ഷിച്ച ഒരു യതീന്ദ്രന്റെ നിയന്ത്രണത്തിനു വിധേയനായി ബ്രഹ്മചര്യാദി നിയമങ്ങൾ പരിപാലിച്ചും, ബുദ്ധിയെ ആത്മജ്ഞാനനിരതമാക്കി വ്യാപരിപ്പിച്ചും, ഭോഗലോലുപമായ ലോകത്തിന്റെ നശ്വരതയെക്കുറിച്ചു ബോദ്ധ്യപ്പെട്ടും, ജീവിച്ചിരുന്ന ആശാൻ കുറെ ഭക്തിഗീതങ്ങളും അദ്ധ്യാത്മതത്ത്വപ്രതിപാദകങ്ങളായ കൃതികളും എഴുതിയതു തികച്ചും സ്വാഭാവികമാണെ

Digitized By Kerala Sahitya Akademi

ന്നും സൂചിപ്പിച്ചുകഴിഞ്ഞു. എന്നാൽ 'വീണപൂവു' തൊട്ടു 'കാ
ണ'വരെയുള്ള ആറാമെറ കാവ്യങ്ങളിൽ ഭക്തിയും വിരക്തിയു
മല്ല സ്നേഹമാഹാത്മ്യമാണു് അന്തർധാരയായി അനുഭവപ്പെടുന്നു
തു്. 'വീണപൂവി'ൽ ദയനീയാവസ്ഥ കവി വർണ്ണിക്കുമ്പോഴും
പ്രേമഭംഗം ഭവിച്ച ഒരു യുവതിയുടെ ദുരന്തമാണു് അനുവാചക
ന്റെ ഹൃദയത്തിൽ ഊക്കോടെ വന്നലയ്ക്കുന്നതു്. 'ഒരു സ്നേഹം'
എന്നുകൂടി പേരുള്ള 'നളിനി'യിലെ നായിക പരിപാവനസ്നേ
ഹത്തിനുവേണ്ടി ആത്മാർപ്പണംചെയ്തു മരണത്തെപ്പോലും മധു
രീകരിച്ചവളാണു്. ലൗകികഭോഗങ്ങൾക്കു വിലകല്പിക്കാത്ത
യുവയോഗിയാണു നായകനെങ്കിലും അയാൾക്കു നളിനിയുടെ
അനർഘസ്നേഹത്തെ മാനിക്കാതിരിക്കാൻ സാദ്ധ്യമല്ല. 'കരു
ണഗ്രഹണദീപിക'യായ ആ 'സുകുമാരചേതന'യുടെ 'ധ്യാനയോ
ഗ്യചരിതം' സ്മരിച്ച യോഗിമാനസം പരിപവിത്രവും അവർ
സിദ്ധിപ്രാപിച്ച അദ്ദേഹത്തിന്റെ ശരീരം 'മഹിതതീർത്ഥഭൂ
മി'യുമായിത്തീരുന്നു. 'ലീല'യിലേക്കു കടക്കുമ്പോൾ കാമ്യ
പരിഗ്രഹേച്ഛാസ്വാതന്ത്ര്യം നിരോധിക്കപ്പെട്ടിട്ടും അനിരുദ്ധ
ഗതിയോടെ കാമുകോന്മുഖമായി പ്രവഹിക്കുന്ന നായികാപ്രേ
മമാണു കാണുന്നതു്. ഹീനജാതിയിൽപ്പെട്ട ഒരു ചണ്ഡാലയു
വതിക്കു് ഒരു യുവഭിക്ഷുവിലുണ്ടായ ഹൃദയാസക്തിയും അഭി
നിവേശത്തിന്റെ വിശിഷ്ട പരിണാമങ്ങളും ചിത്രീകരിക്കുന്ന
'ചണ്ഡാലഭിക്ഷുകി'. ദുർഗ്രഹതിവശാൽ തമ്മിൽ സന്ധിച്ച സ്നേ
ഹാനുകമ്പകളും പരസ്പരം പകർന്ന ഒരു ബ്രാഹ്മണകന്യകയും
പുലയയുവാവും സമുദായത്തിന്റെ അറിവും സമ്മതവും കൂടാതെ
ഭാര്യാഭർത്താക്കന്മാരാകുന്ന രംഗമാണു് 'ദുരവസ്ഥ'യിലുള്ളതു്.
കുലത്തൊഴിലായ വേശ്യാവൃത്തിയിൽ വ്യാപരിക്കുന്ന ഒരുവള
ടെ ഹൃദയത്തിൽ അകൃത്രിമപ്രണയത്തിന്റെ ഉറവുറുന്നതും പ്രേമ
ഭാജനമായ ബുദ്ധശിഷ്യൻ കരുണാർദ്രമനസ്സനായി ആ പാംസു
ലയെ പാപവിമുക്തയാക്കുന്നതും 'കരുണ'യിൽ പ്രതിപാദി
ക്കുന്നു. സുപരീക്ഷിതമായ രാഗത്തെ അവഗണിച്ചു്, പൂർണ്ണ
ഗർഭിണിയായിരിക്കെ, ഭർത്താവു് വനമദ്ധ്യത്തിൽ വലിച്ചെറി
ഞ്ഞിട്ടും അടിയുറച്ച പ്രണയത്തിനു തെല്ലുപോലും കുറവുവരാ
തെ സ്നേഹോദിതമായ സ്വാതന്ത്ര്യംപ്രയോഗിച്ചു് അദ്ദേഹത്തെ
വിമർശിക്കയാണു് 'ചിന്താവിഷ്ടയായ സീത'. കേരളത്തിനും
കൈരളിക്കും അഭിമാനപാത്രമായി പ്രശോഭിച്ചിരുന്ന ഡി.
ആർ. രാജരാജവർമ്മയുടെ ദേഹവിയോഗത്തിൽ സ്നേഹബഹു
മാനനിർഭരമായ കവിഹൃദയം വിലപിക്കുന്നതു 'പ്രരോദന'
ത്തിലൂടെ കേൾക്കാം. ഇങ്ങനെ സ്നേഹത്തിന്റെ രൂപഭേദങ്ങ
ളെയാണു് തന്റെ കാവ്യങ്ങളിലെങ്ങും മുനിശിഷ്യനായ കവി

Digitized By Kerala Sahitya Akademi

വാഴ്ത്തുന്നതു്. ''ലോകാന്തരാഗമിയലാത്തവരേ, നരനെറയാകാരമാന്നിവിടെ നിങ്ങടം ജനിച്ചിടായ്വിൻ'' എന്നും ''സ്നേഹത്തെക്കരുതിസ്സ്വയം കഴികിൽ നൂറാവൃത്തി ചത്തീടുവിൻ'' എന്നും വ്യക്തമായും ശക്തമായും ആശാൻ പ്രശംസിക്കുന്ന ലോകരക്തിയും ഭോഗത്യാഗാധിഷ്ഠിതമായ സന്ന്യാസസമ്പ്രദായത്തിൽ അദ്ദേഹത്തിനു ലഭിച്ച ശിക്ഷണാവ്യംതമ്മിൽ തീർച്ചയായും പൊരുത്തക്കേടുണ്ടു്. ജന്മസിദ്ധമായ കവിപ്രതിഭകൊണ്ടു് അനുഗൃഹീതനായ ആ കലാകാരന്റെ വൈകാരികമണ്ഡലം സ്വാഭാവികമായും 'തമഃപ്രകാശശബളശ്രീയൊത്ത മധ്യോവ്വിയിൽ' അനുരക്തമായിരുന്നു. സഹൃദയനെ നിമിഷംതോറും രസോന്മേഷിയാക്കുന്നതു് ആ 'ചലഭോഗഭ്ര'വാണെന്നും ഭ്രലോകജീവിതംതന്നെയാണു് കവിക്കു് എക്കാലവും രസകാമധേനുവായിട്ടുള്ളതെന്നും ഒരുത്തമകലാകാരനേയുംപോലെ ആശാൻ വിശ്വസിച്ചു. അതേ അവസരത്തിൽ ഈ വിശ്വാസത്തോടു് ഒരുണങ്ങിപ്പോവാനാവാത്തവിധം വേദാന്തജ്ഞാനസമ്പന്നമായ ചിന്താമണ്ഡലവും ലോകഭോഗാനുഭൂതികളിൽ നിസ്സംഗത്വം ദീക്ഷിക്കാൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളുമാണു് ആശാനുണ്ടായിരുന്നതു്. ഇങ്ങനെ ഒരുവശത്തു് കവിസഹജമായ മനോവാസനകളും വൈകാരികബന്ധങ്ങളും; മറുവശത്തു് ബുദ്ധിഗോചരവും ജീവിതചര്യോദ്ഭിന്നവുമായ അനുഭവങ്ങളും—തുല്യബലങ്ങളായ ഈ ആഭ്യന്തരശക്തികളുടെ പരസ്പരസംഘർഷം അറിഞ്ഞും അറിയാതേയും ആശാന്റെ അന്തരംഗത്തിൽ നെടുനാൾ നടന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ കവിതകൾക്കു് ആഴവും തുക്കവും ശക്തിയും ഗാംഭീര്യവുമരുളിയതു് ഈ അന്തഃസംഘർഷമാണെന്നു തോന്നുന്നു. 1903-ൽ എസ്. എൻ. ഡി. പി. യോഗത്തിന്റെ സ്ഥാപനത്തെത്തുടർന്നു് ആശാൻ വളരെക്കാലത്തേക്കു് അന്യാർത്ഥമെങ്കിലും ലൗകികങ്ങളായ വിഷയങ്ങളിൽ വ്യാപൃതനാകുന്നതും, ഉത്തമനായ ഒരു കവിയായിരിക്കണമെങ്കിൽ ജീവിതത്തിന്റെ എല്ലാ വശങ്ങളും അനുഭവപ്പെട്ടിരിക്കണമെന്നും തന്റെ കവിതാശക്തിയെ പൂർവ്വാധികം വികസ്വരവും ജീവിതത്തെ പരിപൂർണ്ണവുമാക്കുന്നതിനു് അന്നുവരെ താൻ അറിഞ്ഞിട്ടില്ലാത്ത ഗൃഹസ്ഥാശ്രമാനുഭൂതികൾക്കു കഴിവുണ്ടെന്നും തീരുമാനിച്ചുകൊണ്ടു് സാധാരണ ലോകരീതിയിൽനിന്നു ഭിന്നമായി 45-ാമത്തെ വയസ്സിൽ ദാമ്പത്യബന്ധത്തിൽ പ്രവേശിക്കുന്നതും, ഈ സംഘർഷത്തിന്റെ ബാഹ്യചിഹ്നങ്ങളാണു്. മേൽപ്പറഞ്ഞ രണ്ടു ശക്തികളിൽ ഒന്നാമത്തേതിന്റെ മുന്നേറ്റമാണു് ഈ സംഭവങ്ങൾ സൂചിപ്പിക്കുന്നതു്. ആശാന്റെ കാവ്യങ്ങളുടെ ഉറവിടവും സൗന്ദര്യഹേതുവും പ്രഥമ

Digitized By Kerala Sahitya Akademi

ശക്തിയാണു്; പക്ഷേ, ദ്വിതീയശക്തിയുടെ സമ്മർദ്ദം നിസ്സാര മായിരുന്നു എന്നു പറഞ്ഞുകൂടാ. ആശാൻ വർണ്ണിക്കുന്ന മാനുഷ ഭാവങ്ങളെ വിമലീകരിച്ചു് ഉദാത്തമായ ഒരു മേഖലയിലേക്കു് ഉയർത്തുന്നതു് ആ ശക്തിയാണു്. വെണ്മണിയും മറ്റു പല മല യാളകവികളും പച്ചക്കാമത്തിന്റെ പര്യായമായി തരംതാഴ്ത്തി യ സ്ത്രീപുരുഷബന്ധത്തെ പവിത്രമായ ആത്മൈക്യമായി ആശാൻ നിർവചിക്കുന്നതും, നശ്വരജീവിതത്തെ ജീവിതവ്യ മാക്കുന്നതു മനുഷ്യന്റെ സ്നേഹശക്തിയാണെന്നും അതിനെ എത്രമാത്രം വികസ്വരവും വിശുദ്ധവുമാക്കുന്നുവോ അത്രയ്ക്കു മനു ഷ്യൻ ധന്യനായിത്തീരുന്നുവെന്നും അദ്ദേഹം പ്രഖ്യാപിക്കുന്ന തും, സ്ത്രീപുരുഷന്മാരുടെ ഉഭയാഭിലാഷം എന്ന അർത്ഥംമാത്രം സ്നേഹത്തിനു കല്പിക്കാതെ അതിനെ മനുഷ്യവർഗ്ഗത്തെ ആക മാനം ഉൾക്കൊള്ളാൻ കഴിയുന്ന സർവോന്നതഭാവമാക്കി അവ തരിപ്പിക്കുന്നതും പ്രസ്തുത ശക്തിയുടെ പ്രേരണകൊണ്ടാണു്. (പാശ്ചാത്യരായ പല കാല്പനികകാവ്യരചയിതാക്കളുടെയും സ്നേഹസങ്കല്പം ആശാനു് മാർഗ്ഗദർശനം ചെയ്തിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കാൻ പാടില്ല). കേവലം ഇന്ദ്രിയാനന്ദജനകങ്ങളായ വസ്തുക്കളെ വിസ്മരിച്ചു വർണ്ണിക്കാൻ അദ്ദേഹം ഇഷ്ടപ്പെടാത്ത തും ഇക്കാരണത്താലായിരിക്കണം. വസ്തുവർണ്ണനത്തിലും ഭാവാ വിഷ്കരണത്തിലും കാവ്യശില്പസാമഗ്രികളുടെ പ്രയോഗത്തി ലും ആശാൻ പ്രകടിപ്പിക്കുന്ന മനോനിയന്ത്രണത്തിന്റെ കാര ണവും ഇതുതന്നെ ആയിക്കൂടെന്നില്ല.

മേല്പറഞ്ഞ ആഭ്യന്തരസംഘർഷം ആശാന്റെ അവസാന കാലംവരെ മിക്കവാറും അപരിഹൃതമായി അവശേഷിച്ചു എന്നു വേണം വിചാരിക്കാൻ. ആശാൻകവിതകളിൽനിന്നു് കവി യുടെ ജീവിതതത്ത്വദർശനത്തിന്റെ സ്വരൂപം ഗ്രഹിക്കാനൊരു ങ്ങുമ്പോൾ ചില നിരർപ്പകേടുകളും, വൈരുദ്ധ്യങ്ങൾതന്നെയും, നാം കണ്ടെത്തുന്നതു് ഈ പരിഹാരമില്ലാത്ത വികാരസംഘട്ട നംനിമിത്തമാണു്. വേദാന്തമതവിശ്വാസിയായിരിക്കെത്ത ന്നെ സ്നേഹഗായകനാവുക, പ്രപഞ്ചത്തിന്റെ നിസ്സാരതയി ലും നിയതിയുടെ ഉച്ഛൃംഖലഗതിയിലും പ്രത്യയമർപ്പിച്ചു കൊണ്ടു് ''സ്നേഹമാണഖിലസാരമൂഴിയിൽ'' എന്നു് ഉദ്ഘോ ഷിക്കുക എന്നിങ്ങനെ വേണ്ടത്ര പൊരുത്തപ്പെടാനാവാത്ത രണ്ടു വീക്ഷണകോടികൾ ആശാന്റെ കൃതികളിൽ പ്രത്യക്ഷ പ്പെടുന്നുണ്ടു്. ഭിന്നനാമങ്ങളും ഭിന്നരൂപങ്ങളുംകൊണ്ടു നാം വ്യ വഹരിക്കുന്ന പ്രാപഞ്ചികവസ്തുക്കളെല്ലാം മായാവിലാസജന്യ ങ്ങളാണു്; എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന അവയെച്ചൊല്ലി സുഖിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നതു് അവിദ്യമൂലമാകുന്നു.

Digitized By Kerala Sahitya Akademi

മരണംപോലും ഒരു മാറ്റമെന്നേ കരുതേണ്ടതുള്ളൂ; മരണത്തോടു
ക്കൂടി ജീവിതം അവസാനിക്കുന്നില്ല; കർമ്മഗതി അനുസരിച്ചു
ദേഹികൾ വീണ്ടും ശരീരം കൈക്കൊള്ളുന്നു; പ്രപഞ്ചത്തിലെ
വസ്തുജാതവും അവയെ ആസ്പദമാക്കിയുള്ള സുഖദുഃഖങ്ങളും ക്ഷ
ണികങ്ങളും പഞ്ചലങ്ങളുമായിരിക്കെ അവയിൽ മുഴുകയല്ല
അവയിൽനിന്നു മുക്തി നേടുകയാണു ജ്ഞാനിയായ മനുഷ്യൻ
ചെയ്യുന്നതു്; അയാൾക്കു് അനുഷ്ഠേയമായിട്ടുള്ളതു് ലോകഭോ
ഗങ്ങൾ ത്യജിച്ചു് സനാതനവും സകല ജഗദാധാരവും സർവ്വാ
ന്തര്യാമിയുമായ പരബ്രഹ്മംതന്നെയാണു താനെന്നറിഞ്ഞു് പ
രാൽപരമായ ആനന്ദമടയുകയാണു്. ഏതാണ്ടു് ഈ മട്ടിൽ
പോകുന്ന വേദാന്തചിന്തകൾ പ്രതിഫലിപ്പിച്ചിട്ടുള്ള എത്രയോ
ഭാഗങ്ങൾ ആശാന്റെ കൃതികളിലുണ്ടു്. ഇതാ നോക്കുക:

1. ശ്രീഭ്രുവിലസ്ഥിര അസംശയം.
2. ഒന്നിന്നുമില്ല നില,യുന്നതമായ കുന്നു–
   മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോത്താൽ.
3. ഉൽപന്നമായതു നശിക്കുമണക്കും നില്ല–
   മുൽപന്നനാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും;
   ഉൽപത്തി കർമ്മഗതിപോലെ വരും ജഗത്തിൽ
   കല്പിച്ചിടുന്നിവിടെയിങ്ങനെയാഗമങ്ങൾ.
4. കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശ്രു
   മണ്ണാകുമീമലരു വിസ്മൃതമാകുമിപ്പോൾ;
   എണ്ണീടുകാക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു
   കണ്ണീരിനാൽ, അവനിവാഴ്വു കിനാവു കഷ്ടം!
   (വീണപൂവു്)
5. ചിത്തമാം വലിയ വൈരികീഴമ–
   ന്നത്തൽ തീർന്ന യമിതന്നെ ഭാഗ്യവാൻ.
6. ജന്തുവിന്നു തുടരുന്ന വാസനാ–
   ബന്ധമിങ്ങുടലു വീഴുവോളവും.
7. ഹാ! ശ്രുഭേ, നിജഗതാഗതങ്ങൾ ത–
   ന്നീശനിശ്ചയമറിഞ്ഞിടാ നരൻ.
   (നളിനി)
8. അഹഹ! സങ്കടമോത്താൽ മനുഷ്യജീവിതത്തെക്കാൾ
   മഹിയിൽ ദയനീയമായ് മറെന്തോന്നുള്ള!
   പുഷ്പശോഭ വഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
   മുട്ടിയാൽ മതി, തവിടുപൊടിയാമല്ലോ.
   (കരുണ)

Digitized By Kerala Sahitya Akademi

9. നിജകഷ്ടനീതരാ–
യേതുമാശ്ലമിയലാ ശരീരികം?
(നളിനി)

10. ഗുണപരിണാമപരീക്ഷകൻ വിധി.

11. പരിണാമി മനുഷ്യജീവിതം
സ്ഥിരമാം സ്നേഹമനാഥമുഴിയിൽ.

12. സ്ഥിരമാത്മനിബന്ധനം സുഖം
പരതന്ത്രം സുഖമൊക്കെ ദുഃഖമാം.

13. കരുതുവതിഹ ചെയ്യുവയ്യ, ചെയ്യാൻ
വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം,
പരമഹിതമറിഞ്ഞുകൂടയായു–
സ്ഥിരതയുമില്ല,തിനിന്ദ്യമീ നരത്വം!

14. അവിദിതപരിണാമമൊക്കെയോക്കിൽ
ശിവശിവ! സുമനാഥമീ ജഗത്തിൽ.

15. ആരും തോഴീ,യുലകിൽ മറയുന്നില്ല
മാംസം വെടിഞ്ഞാൽ,
തീരുന്നില്ലീപ്രണയജടിലം ദേഹിതൻ ദേഹബന്ധം,
പോരും ഖേദം; പ്രിയസഖി, ചിരം വാഴുക
മാഴുകാതെ; വീണ്ടും
ചേരും നാം കോ, വിരതഗതിയായില്ല സംസാര–
ചക്രം.
(ലീല)

16. ഹാ! സുഖങ്ങം വെറും ജാലം, ആരറിവൂ നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേ താണുപോവതും.
(കരുണ)

17. ആകാശങ്ങളെയണ്ഡരാശികളൊട്ടും ഭക്ഷിക്കു–
മാകാശമാ–
യിക്കാണുന്ന സഹസ്രരശ്മിയെയിരുട്ടാക്കും
പ്രഭാസാരമായു
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും ദുഃഖീകരിക്കുന്നതാ-
മേകാന്താദ്വയശാന്തിഭ്രവിനു നമസ്കാരം നമസ്കാരമേ!
(പ്രരോദനം)

ഇനി നമുക്കു് ആശാന്റെ സ്നേഹസങ്കല്പങ്ങളിലേക്കു തിരിയുക. ഈശ്വരൻ സ്നേഹരൂപനും പ്രാപഞ്ചികവസ്തുക്കളെല്ലാം ആ ശക്തിയിൽനിന്നു പൊട്ടിപ്പുറപ്പെട്ട സഹോദരങ്ങളുമാണെന്നു് അദ്ദേഹം കരുതുന്നു. സ്നേഹശൃംഖലകൊണ്ടു പരസ്പരബദ്ധങ്ങളായ ജീവികളുടെ ആവശ്യവും കർത്തവ്യവും സ്നേഹം പുല

Digitized By Kerala Sahitya Akademi

ത്തുക എന്നതാണു്. അതുതന്നെയാണു് ജീവിതത്തിന്റെ മഹത്ത്വവും. സ്നേഹം സ്വാർത്ഥത്യാഗത്തിലും പരാർത്ഥകർമ്മങ്ങളിലും അധിഷ്ഠിതമായിരിക്കുന്നു. ഈ ത്യാഗം വ്യക്തിയുടെ സുഖത്തെ കുറയ്ക്കുകയല്ല, കൂട്ടുകയാണു ചെയ്യുന്നതു്. സ്നേഹം ആത്മസുഖത്തിന്റെ പര്യായമാണു്. മനുഷ്യർ തമ്മിലുള്ള എല്ലാ ബന്ധങ്ങളിലും—കാമുകീകാമുകപ്രണയംതൊട്ടു വിശ്വപ്രേമംവരെ—വ്യാപിച്ചിരിക്കുന്നു സ്നേഹം. സ്നേഹം നിരസിക്കുകയും നിരസിക്കപ്പെടുകയും ചെയ്യുന്നപക്ഷം ജീവിതം നിരർത്ഥമായിത്തീരുന്നു. മനുഷ്യന്റെ സ്നേഹശക്തി സമ്പൂർണ്ണമായി വികസിക്കുകയും പരിപാവനമാവുകയും ചെയ്യുമ്പോഴാണു് അവൻ ഈശ്വരപദം പ്രാപിക്കുന്നു. ഭൂലോകജീവിതത്തിന്റെ ചേതോഹാരിതയും ചൈതന്യവും സ്നേഹത്തെ ആശ്രയിച്ചിരിക്കുന്നു. അനീതിക്കും അക്രമത്തിനുമെതിരായുള്ള ദ്വേഷമായും സ്നേഹം രൂപാന്തരപ്പെട്ടെന്നു വരും. പരിശുദ്ധസ്നേഹം പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുന്നു. ആ ശ്രമത്തിൽ സംഭവിക്കുന്ന പരാജയംപോലും ധന്യവും പൂജ്യവുമാണു്. ആശാന്റെ കവിതകളിൽനിന്നു് ചില പ്രസക്തഭാഗങ്ങൾ ചൂണ്ടിക്കാണിച്ചു് ഈ ആശയങ്ങൾ സമർത്ഥിക്കാവുന്നതാണു്.

1. സ്നേഹത്തിൽനിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു.
സ്നേഹംതാൻ ശക്തി ജഗത്തിൽ സ്വയം
സ്നേഹംതാനാനന്ദമാക്കും.
സ്നേഹംതാൻ ജീവിതം ശ്രീമൻ, സ്നേഹ–
വ്യാഹതിതന്നെ മരണം.
സ്നേഹം നരകത്തിൻ ദ്വീപിൽ സ്വർഗ്ഗ–
ഗേഹം പണിയും പടുത്വം. (ചണ്ഡാലഭിക്ഷുകി)

2. വ്യതിയാനത്താൽ വരും വിപ്ലവം നീക്കി ലോക–
സ്ഥിതി പാലിക്കേണ്ടതാസ്നേഹഗാനങ്ങളല്ലോ.
(ദിവ്യകോകിലം)

3. അണുജീവിയിലും സഹോദര–
പ്രണയം തൽകൃപയാലെ തോന്നണം.

4. ആഘമൊക്കെയകന്നുദിക്കണം
സുഖമിങ്ങെന്റെ വിരോധികൾക്കുമേ.

5. സ്നേഹമാം കുളിർപൂനിലാവു പരന്ന സവ്വുമേകമായ്
മോഹമാമിരുൾ നീങ്ങി നിന്റെ മഹത്ത്വമുള്ളിൽ
വിളങ്ങണേ!
(സങ്കീർത്തനം)

Digitized By Kerala Sahitya Akademi

6. സ്നേഹം ജഗത്തിതിനു ജീവിതമാം നിനയ്ക്കിൽ
മോഹാന്ധജീവിതമതിന്നുമഹോ വിളക്കാം;
ആഹന്ത! കോശമിഹ ഞാനെഴുതീടിലേകം
സ്നേഹത്തിനാത്മസുഖമെന്നൊരു സംജ്ഞക്കൂടി.

7. ലോകാനുരാഗമിയലാത്തവരേ, നരന്റെ-
യാകാരമാർന്നിവിടെ നിങ്ങളം ജനിച്ചിടായ്വിൻ;
ഏകാന്തനിർമ്മമതരേ, വെറുതേ വനത്തി-
ന്നേകാന്തമാം ഗ്രഹ വെടിഞ്ഞു വെളിപ്പെടായ്വിൻ.

(ഒരു വനയാത്ര)

8. നമസ്കാരമുപഗ്രഹ്യാ, വരിക, ഭവാൻ നിർവാണ-
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്
പതിതകാരുണികരാം ഭവാദൃശസുതന്മാരെ
ക്ഷിതിദേവിക്കിന്നു വേണമധികംപേരെ.

(കരുണ)

9. അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ, വിവേകികം.

10. പാവനാംഗി, പരിശുദ്ധസൗഹൃദം
നീ വഹിപ്പതതിലോഭനീയമാം.

11. സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം.

(നളിനി)

12. .....ദുഢരാഗബന്ധമേ,
പരഭയമതിൽനിന്നു ജീവിതം
കരയണയിക്കുമദൃശ്യബന്ധു നീ.

13. വിലയെഴുമനുരാഗമത്തലാൽ
തുലയുവതല്ല, മറിച്ചു മേല്ക്കുമേൽ
വിലസിടുമടിയേറെ വെള്ളിപോ-
ലുലയതിലൂതിയ പൊന്നുപോലെയും.

14. വിഹിതാവിഹിതങ്ങളോത്തയേ
മഹിതം സ്നേഹമഹോ മറക്കൊലാ;
ഇഹ ധർമ്മരഹസ്യമന്തരാ
നിഹിതം നിത്യവിഭിന്നമാം നയം,

15. സ്ഥിരചേതനകാംക്ഷഹോ പര-
സ്പരമേലും സമവായവൈഭവം
പരനിങ്ങറികില്ല പണ്ഡിതേ,
കരുതായ്കായതു മോഹമെന്നു നീ.

(ലീല)

Digitized By Kerala Sahitya Akademi

16. ഹാ! മർത്യൻ സുരഭാവമാന്നിടുകിലും ഭ്രസ്നേഹി;
നിർഹേതുക-
പ്രേമംതന്നെ ജയിപ്പു; ലോകമതുതാനാനന്ദദുഃഖാത്മകം.
17. സ്നേഹാരാധകനെത്തലോടിയമൃതം നൽകുന്ന നീ,
പിന്നെ നി-
ർമ്മോഹാസംഗമഖണ്ഡവിശ്രമസുഖം നേടുന്ന
താനേയവൻ.
(പ്രരോദനം)

18. സഹജാമലരാഗമേ, മനോ-
ഗ്രഹയേല്യം സ്ഫുടരത്നമാണു നീ
മഹനീയമതാണാ മാറില്യ-
ന്തഹമാത്മാവണിയുന്ന ഭ്രഷണം.
19. പുരുഷന്നു പുരസ്ഥഹേതു നീ
തരുണിക്കുത്തരുണീഗ്രണങ്ങളും നീ
നിരൂപിക്കുകിൽ നീ ചമപ്പു ഹാ!
മനുഭ്ര മോഹനപുഷ്പവാടിയായ്.
(ചിന്താവിഷ്ടയായ സീത)

ആശാന്റെ കാല്പനികകാവ്യങ്ങളെല്ലാം സ്നേഹഭാവാസ്പദങ്ങളായ ജീവിതാഖ്യാനങ്ങളാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുള്ളതുമായി മുകളിൽ ഉദ്ധരിച്ച ഭാഗങ്ങളും കൂടി അനുവയിക്കുമ്പോൾ അദ്ദേഹം ലോകവിരക്തിഗാതാവായ കവിയല്ലെന്നു നിതരാം ബോധ്യമാകും. എന്നാൽ 'നരജീവിതമായ വേദന'യെന്നും 'അവനിവാഴ്വു കിനാ'വെന്നും 'അതിനിന്ദ്യമീ നരത്വ'മെന്നുമൊക്കെ ആശാൻ വിലപിക്കുന്നതിനു പുറമേ, 'ആരോമലാം ഗുണഗണങ്ങളിണങ്ങി ദോഷമോരാതുപദ്രവവുമൊന്നിനു ചെയ്യിടാതെ പാരം പരാർത്ഥമിഹ വാണ'പൂവു് ആയും 'ഹൃത്തടമഴിഞ്ഞുകരഞ്ഞു പോകു'മാറു വാടിവീണു കരിയുന്നതും, തന്റെ അന്തർദ്ധാനംമൂലം ലോകത്തെ ദയനീയമാക്കത്തക്കവിധത്തിൽ മനസ്വിനിയും സ്നേഹശാലിനിയുമായ നളിനിയുടെ പ്രണയപ്രാർത്ഥന നിരാകൃതമായി ആ ഉത്തമജീവിതം പൊട്ടുന്നനവേ പൊലിയുന്നതും, തീവ്രപ്രേമബദ്ധരായ ലീലാമദനന്മാർ ദാരുണാനുഭവങ്ങൾക്കു വിധേയരായി ശ്രദ്ധശൂന്യമായിക്കഴിഞ്ഞ ജീവിതത്തിൽനിന്നും രേവാനദിയുടെ കയത്തിൽ മുങ്ങി മറയുന്നതും വർണ്ണിക്കുമ്പോൾ തികഞ്ഞ വിഷാദാത്മകനും ജഗന്മിഥ്യാവാദിയുമാണു് അദ്ദേഹമെന്നു നാം വിശ്വസിച്ചുപോകും. ഈ വിപരീതവീക്ഷാകോടികളുടെ അന്യോന്യസമ്മർദ്ദം അവയെ ആവുന്നത്ര ഇണക്കിക്കോക്കാൻ നട

Digitized By Kerala Sahitya Akademi

ത്തിയ പ്രയത്നം, എന്നിവമൂലം ആശാൻ അനുഭവിച്ച 'ദിവ്യമാ
യ അസ്വാസ്ഥ്യം' ആണ് അദ്ദേഹത്തിന്റെ കൃതികളിൽ നിറ
ഞ്ഞിരിക്കുന്നത്. ആ അസ്വാസ്ഥ്യമാണ് ആശാൻകവിതകൾ
അനുവാചകനിലേക്കു പകരുന്നതും. നശിച്ചടിഞ്ഞ പുഷ്പ ഇൗ
ലോകത്തിൽനിന്നു മാഞ്ഞു സുമേരുവിലെ കല്പദ്രുമത്തിന്റെ
കൊമ്പിൽ സംഫുല്ലശോഭയോടെ വിടർന്നു സുരയുവതികൾക്കു
ഭ്രഷണമായി ദേവതരുണന്മാരെ ആനന്ദിപ്പിച്ചു സമധികസുകൃ
തം നേടുകയോ ദേവർഷിമാരുടെ ബലിപുഷ്പമായി ഭവിച്ചു
സ്വർല്ലോകത്തിനുമപ്പുറത്തുള്ള തമസഃപരമാം പദത്തിൽ പ്രവേ
ശിക്കുകയോ ചെയ്തേക്കാമെന്നു കവി സ്വപ്നംകാണുന്നു. നളി
നി ശരീരമുപേക്ഷിച്ച അവസരത്തിൽ അന്യദുർല്ലഭവും അലോ
കസംഭവവുമായ കേവലസുഖം സമാസാദിച്ച പരമഹസ്സിൽ
ലയിക്കുന്നു; അവളുടെ ജീവത്യാഗം വിഗതരാഗമായ യോഗി
ചിത്തത്തെ ഉലയ്ക്കുന്നു; ദിവാകരന്റെ നിസ്സീമമായ സ്നേഹബ
ഹുമാനാദരങ്ങൾക്കു് അവൾ പാത്രീഭവിക്കുന്നു; ആ സതീരത
ത്തിന്റെ ഹൃദയപരിപാകവും സത്യവിശ്രുദ്ധിയും ത്യാഗസന്ന
ദ്ധവും അദ്ദേഹത്തെ കൂടുതൽ വിശ്രുദ്ധനും വിജ്ഞാനിയുമാക്കി
ത്തീർക്കുന്നു; ജീവിതത്തിൽ നേടാൻ കഴിയാത്തതെല്ലാം മരണം
കൊണ്ടു നേടി നളിനി മൃത്യുവിനെ തോൽപ്പിക്കുന്നു. രേവാന
ദീഹ്രദത്തിൽ വീണുമരിഞ്ഞ ലീലാമദനന്മാർ മാംസം വെടി
ഞ്ഞിട്ടും പ്രണയജടിലമായ ദേഹിയുടെ ദേഹബന്ധം അവ
സാനിക്കാതെ ''സിക്താംഗരതീവസുന്ദരർ യുവസ്ത്രീപുംസ
ചിഹ്നം പരം ഭാസിക്കും പരിവേഷമാർന്ന വദനശ്രീപൂണ്ട രണ്ടാ
ളുകളാ''യി വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നു. ലോകജീവി
തത്തിന്റെ നശ്വരതയെയും ദുഃഖസത്യങ്ങളെയും അംഗീകരിച്ചു
കൊണ്ടുതന്നെ, അവയെ ഉല്ലംഘിച്ചു വിജയംവരിക്കുന്ന പര
പുരുഷാർത്ഥമായ സ്നേഹത്തിന്റെ പ്രഭാവത്തെ പ്രകീർത്തിച്ചിട്ടു
ള്ള ഈ ഭാഗങ്ങളിൽ വ്യഞ്ജിക്കുന്നതു് തന്റെ ആത്മാവിൽ പര
സ്പരം ഏറ്റുമുട്ടിക്കൊണ്ടിരുന്ന ശക്തികളെ സംയോജിപ്പിക്കാൻ
കവി നടത്തുന്ന ശ്രമംതന്നെയല്ലെ?

''ഹാ! മർത്യൻ സുരഭാവമാർന്നിടുകിലും ഭ്രഷ്സ്നേഹി''—

കവി വിശേഷിച്ചും

പ്രധാനപ്പെട്ട എല്ലാക്കൃതികളിലും ഈ ആദ്ധ്യാത്മിക
പ്രമേയം ഒളിഞ്ഞും തെളിഞ്ഞും കാണുന്നുണ്ടെങ്കിലും ആശാന്റെ
അന്തരാത്മാവിൽ നടന്ന സംഘട്ടനം സമഗ്രവും വിശദവുമായി
പ്രകാശിക്കുന്നതു 'നളിനി'യിലാണു്. ജ്ഞാനശിക്ഷണസാഹ
ചര്യാദികളുടെ പ്രേരണയാൽ ബ്രഹ്മചര്യം ശീലിച്ച യോഗ

Digitized By Kerala Sahitya Akademi

പ്രതിയിൽ പ്രവേശിച്ചുകഴിഞ്ഞ ആശാൻതന്നെയാണു് ആ കാവ്യത്തിലെ 'യുവയോഗി'യെന്നു വിചാരിക്കുന്നതിനു് തെറ്റില്ല. പ്രതിനവരസമായ ലോകജീവിതത്തിൽ ജന്മനാ പ്രവണനായ കവിയുടെ ഭാവസ്ഥിരങ്ങളും പ്രബലങ്ങളുമായ വാസനാബന്ധങ്ങൾക്കു പ്രതിനിധീഭവിക്കുന്ന നായികയായ നളിനി. പ്രസ്തുത വാസനകളുടെ സഹജമായ ആകർഷകത്വം പിന്തുടർന്നു ചെന്നു് സന്ന്യാസസാധുഖമായ പ്രയാണത്തിൽനിന്നു് ലൗകികത്വത്തിലേക്കു് ആശാനെ പിടിച്ചുവലിച്ചിരിക്കണം. ബലിഷ്ഠമായ ആ ആകർഷണത്തിന്റെ ഫലമായി ആശാനുണ്ടായ ആത്മാനുഭൂതികളുടെ കലാത്മകമായ ആവിഷ്കാരമാണു് 'നളിനി' എന്നു കരുതാവുന്നതാണു്. ലോകജീവിതത്തിന്റെ പ്രലോഭനങ്ങളിൽനിന്നു് കുതറിമാറി പഴയപോലെ യോഗചര്യാനിഷ്ഠനായെന്നാണു ഗ്രന്ഥത്തിൽ കാണുന്നതെങ്കിലും, പില്ക്കാലത്തെ ജീവിതത്തിലും കവിതകളിലും ആശാൻ അധികമധികം ലോകജീവിതാസക്തി പ്രദർശിപ്പിക്കുകയാണു ചെയ്യുന്നതു്. 'നളിനി'യിൽത്തന്നെയും യോഗത്തെക്കാൾ സ്നേഹത്തിനാണു് മുൻതൂക്കമുള്ളതു്. 'നളിനി' അഥവാ 'ഒരു സ്നേഹം' എന്ന ഗ്രന്ഥനാമംതൊട്ടു കാണാം ഈ പ്രാധാന്യകല്പന. അശുഭനിശ്വരങ്ങളായ ലൗകികബന്ധങ്ങളിൽ വിരക്തിതോന്നി, അന്നുവരെ പ്രിയങ്കരങ്ങളായിരുന്ന എല്ലാമുപേക്ഷിച്ചു്, ഋഷിവാസസംശുദ്ധമായ ഹൈമവതഭൂവിൽ ചിരതപസ്സു ചെയ്തു്, ശീതാതപാദികൾ മാത്രമല്ല, ചിത്തമാം വലിയ വൈരിയെപ്പോലും കീഴടക്കുകയും പരമാത്മജ്ഞാനം നേടുകയും ചെയ്ത 'ഉൽഫുല്ലബാലരവിപോലെ കാന്തിമാൻ' ആണു് കാവ്യാരംഭത്തിൽ നാം പരിചയിക്കുന്ന നായകൻ. സിദ്ധികളുടെ അധിത്യകയിൽനിന്നു് ആ യതി താഴോട്ടു നോക്കുമ്പോൾ കാണുന്ന 'ഉഷസ്സന്ധ്യപോലെ പാവനാംഗി'യായ യുവതിയാണെങ്കിൽ, 'തന്റെ ഏകധനവും, ജീവനും ഭോഗവും മോക്ഷവും ഈശ്വരനുമായ ദിവാകരന്റെ വേർപാടിനെത്തുടർന്നുണ്ടായ പിതൃകൃതമായ വിവാഹനിശ്ചയം സഹിക്കാനാവാതെ വിഫലമായ ആത്മഹത്യാശ്രമം നടത്തിയതിനുശേഷം ആ ശൈശവസഹചരനായ പ്രാണനായകനെ ഒരുനോക്കു കാണുക ജീവിതൈകവ്രതമായിക്കരുതി ചിരകാലതപസ്സനുഷ്ഠിക്കുന്ന നളിനിയാണു്. നായകന്റെ തപസ്സു് ഈശ്വരസാക്ഷാൽക്കാരത്തിനായിരുന്നുവെങ്കിൽ ഈശ്വരനായ നായകനെ സാക്ഷാല്ലഭിക്കാനായിരുന്ന നായികയുടെ തപസ്സു്. ശ്രദ്ധയും ചിത്തശ്രദ്ധിയും ഏകാഗ്രമനസ്കതയും രണ്ടുപേക്കുമൊപ്പവും. ധ്യാനവസ്തുവിനു ബാഹ്യമായ സമസ്തവിഷയങ്ങളിലും അനാസക്തരായിരുന്ന രണ്ടുപേ

Digitized By Kerala Sahitya Akademi

രും. ഇപ്രകാരമുള്ള നായികാനായകന്മാരുടെ അന്ത്യസമാഗമ രംഗത്തിലാണ കവി നമ്മെ പ്രവേശിപ്പിക്കുന്നത്. നളിനിയു ടെ ഭാവാർദ്രമായ പൂവ്വകഥാഖ്യാനങ്ങളും ചിരകാലസ്ഥിരമായ സ്നേഹവൃത്താന്തവും ഹൃദയം ദ്രവിപ്പിക്കുന്ന ആത്മനിവേദനങ്ങ ളും അപ്പപ്പോഴും കരുണാർദ്രഹൃദയാരസങ്ങളും ഉളവാക്കിയതല്ലാ തെ ദിവാകരനെ അവളുടെ ഇഷ്ടാനുവർത്തിയാക്കുന്നില്ല. നളി നിയുടെ നിയമചര്യയെ അഭിനന്ദിച്ചും, രണ്ടുപേരുമൊരുവൃത്തി യാന്തരത്തിൽ സന്തോഷിച്ചും, സ്നേഹചോദിതമായ സാഹസം അജ്ഞാനഫലമാണെന്നു ചൂണ്ടിക്കാണിച്ചും, ശാന്തി ആശംസി ച്ചും, നളിനിയുടെ അഭ്യർത്ഥനയെ നിസ്സംശയം നിരാകരിച്ചും, രംഗം വിടാനൊരുങ്ങുന്ന ദിവാകരന്റെ കാല്പുൽവീണ കണ്ണീ രൊഴുക്കി, ശിഷ്യാപദം നല്കി അനുഗ്രഹിക്കാൻ നളിനി യാചി ക്കുമ്പോഴും ആ നിർമ്മലപ്രേമത്തിനധീനനായി അവിയോഗ സുഖപ്രാപ്തികരുതെന്ന ശാശ്വതമായ മഹാതത്ത്വം അദ്ദേഹം അവസാനമുപദേശിക്കുന്ന കിടന്ന കിടപ്പിൽനിന്നു ദീപ്തദീപ ശിഖപോലെണീറ്റു, ആ ഉപദേശം സ്വീകരിച്ചിട്ടു, ക്ഷണികമാ യ ഭാവതരംഗങ്ങളും തല്പിമറിയുന്ന ഹൃദയവുമായി, നളിനി ദിവാകരശരീരത്തിലേക്കു ചായുന്നു. ധന്യമായ കരണസത്ത യുഗ്മങ്ങളും അന്യോന്യലീനമായി അറിവറ്റു നില്ക്കുന്ന ആ മുഹൂ ർത്തത്തിൽ നളിനി ലോകോത്തരമോ അലൗകികമോ ആയ പരമാനന്ദം അനുഭവിക്കുന്നു. 'ഓം' എന്ന ശ്രുതിനിഗ്രഥമായ വൈഖരി ശാന്തമായ ആ മുഖത്തുനിന്നു നിഗ്രമിച്ചതോടൊപ്പം ആ സ്നേഹസ്വരൂപിണിയിൽ കുടികൊണ്ടിരുന്ന ആത്മതേജസ്സു കൂടുവിട്ടയന്നു പരമമഹസ്സിനെ തഴുകുന്നു. ആ നിമിഷംവരെ അക്ഷോഭ്യനായി, നളിനിയുടെ കണ്ണുനീർവീണു നനഞ്ഞ നെഞ്ചിൽ പുളകമണിയാതെ, അതിലോഭനീയവും പരിശുദ്ധ വുമെങ്കിലും അപാത്രത്തിലർപ്പിക്കപ്പെട്ട അവളുടെ സ്നേഹം അവിദ്യാജന്യമായ സാഹസമെന്നു നിന്ദിച്ചുനിന്ന ദിവാകരനു അസാധാരണവും അദ്ഭുതകരവുമായ വിധത്തിൽ സംഭവിച്ച ആ ജീവത്യാഗം അഭ്രതപൂർവ്വമായ ഒരു വിശിഷ്ടാനുഭവമാണുണ്ടാക്കു ന്നതു. ആ യുവയോഗിയുടെ ക്രാന്തദർശനക്ഷമമായ അന്തശ്ചക്ഷു സ്സിനു അന്നുവരെ കാണാൻ കഴിയാതെപോയ യഥാർത്ഥനളി നിയെ അപ്പോഴാണ് ആദ്യമായി അദ്ദേഹം കാണുകയാണു. താൻ ഭജിക്കുന്ന ഈശ്വരന്റെ മുമ്പിൽ നിർഭയം, നിസ്സന്ദേഹം, ഞെട്ടറു ന്ന മലരിനും തൃണാഞ്ചലം വിടുന്ന ഹിമബിന്ദുവിനുമുള്ളത്ര ആ യാസംപോലുമില്ലാതെ, ചുണ്ടിൽ പുഞ്ചിരിയും, കണ്ണുകളിൽ ആനന്ദബാഷ്പവുമായി ജീവനെ ബലിയർപ്പിക്കാൻ ആയതമായ അറിവോ ആദ്ധ്യാത്മികസിദ്ധികളോ നേടിയിട്ടില്ലാത്ത ഒരു

Digitized By Kerala Sahitya Akademi

യുവതിക്കു കഴിയുക, സംസാരബന്ധങ്ങളെ ഉളവാക്കി വളമിട്ടു വിളയിക്കുന്ന സ്നേഹത്തിലൂടെ മനുഷ്യൻ യോഗിമാർ ആരായുന്ന മുക്തി പ്രാപിക്കുക—വിസ്മയാദരമിളിതമായ ഒരു നൂതനജീവിതാവബോധംതന്നെയാണു് അപ്പോൾ ദിവാകരനുണ്ടായതു്. അദ്ദേഹം ഞെട്ടിപ്പോകുന്നു; ആ ഹൃദയം അലിയുന്നു; മനസ്സംയമത്തിന്റെ കെട്ടഴിയുന്നു. അപ്പോൾ മുതൽ ദിവാകരന്റെ സ്വരം കരുണയുടെയും ദയയുടെയും പ്രദേശത്തിന്നെറയുമല്ല; അത്ഭുതാദരബഹുമാനനിർഭരമായ നളിനീപ്രശംസയിൽ മുഴുകുകയാണദ്ദേഹം. സ്വയം ഒരുയാന്തലത്തിൽ നിന്നുകൊണ്ടു താഴോട്ടുനോക്കിയാണു മുമ്പു ദിവാകരൻ നളിനിയോടു സംസാരിച്ചതു്; ഇപ്പോഴാകട്ടെ നളിനിയെ തുല്യനിലയിലോ ഒരുപക്ഷേ, തന്നെക്കാൾ ഉയർന്നനിലയിലോ ആണു് ആ മനുഷ്യൻ കാണുന്നതു്. ആ യുവതിയുടെ ഇളംപ്രായവും ഹൃദയപരിപാകവും തമ്മിലുള്ള അന്തരം യതിയെ അത്ഭുതാധീനനാക്കുന്നു. ജന്തുഭീകരകരനും ഖരനുമായ യമനെ നാണിപ്പിച്ച സാധ്വിയുടെ പ്രാഭവം അദ്ദേഹത്തിന്റെ ആദരം ആജ്ഞിക്കുന്നു. നളിനിയെപ്പോലെ പരിശുദ്ധമനസ്സുയും മധുരരൂപിണിയുമായി ഈ വിശാലലോകത്തിൽ മറ്റാരുണ്ടു് എന്നു് അദ്ദേഹം സ്വയം ചോദിച്ചുപോകുന്നു. തന്റെ വിരക്തചിത്തത്തെപ്പോലും ഉലച്ചുകളയാൻ കെല്പുണ്ടായ ആ ഉത്തമയെ അഭിനന്ദിക്കുന്നു. ചിരസമാഗമം നല്കിയ ഭാഗ്യത്തെ വാഴ്ത്തുന്ന അദ്ദേഹം നളിനിയുടെ സ്നേഹാർദ്രമായ മധുരവാണികൾ നിലച്ചുപോയതിൽ ദുഃഖിതനായി, അവ മേലാൽ സിദ്ധസന്തതികളുടെ ശ്രദ്ധാപൂർവ്വമായ ആസ്വാദനത്തിനു വിഷയമാകുമെന്നു് ആശ്വസിക്കുന്നു. നളിനിയുടെ അഭാവംമൂലം ദയനീയമായ ഭൂമി കേണു മുറവിളിക്കുന്നതായും കുസാക്ഷിയായ സൂര്യൻ ദുഃഖഭാരത്താൽ നിശ്ചലനായതായും കാലചക്രഗതിതന്നെ നിലച്ചുപോയതായും ദിവാകരനു തോന്നുകയാണു്. നളിനിക്കു തുല്യമായ ഒരു ഉപദേശഭാജനത്തെ 'മന്നിൽ വിദ്യ വെളിവായനാൾ മുതൽ' ഒരു ഗുരുവിനും ലഭിച്ചിട്ടില്ലെന്നു പ്രഖ്യാപിക്കുന്നതോടൊപ്പം ജ്ഞാനിനിയായ അവളുടെ നിത്യസ്മരണാർഹമായ ജീവിതത്തെക്കുറിച്ചോർത്തു തന്റെ മനസ്സു് പരിപാവനമായി ഭവിച്ചു എന്നും അവൾ മുക്തിയാകുന്ന സ്വശരീരം തീർത്ഥഭൂമിയായിക്കഴിഞ്ഞു എന്നും അദ്ദേഹം ഉദ്ഘോഷണംചെയ്യുന്നു. കുറച്ചു മുമ്പുവരെ നളിനിയുടെ 'പ്രണയപാപല'ത്തെ അപലപിച്ച വൈരാഗ്യനിഷ്ഠനായ ആ ചിരതപസ്വി പ്രേമഭാരപരതന്ത്രനായി ഒരു പുതിയ പുരുഷാർത്ഥത്തെക്കുറിച്ചു പ്രഥമതഃ പ്രബുദ്ധനായിത്തീരുന്നു. ഈ മനോഹരമായ നാടകീയപരിവർത്തനം വ്യഞ്ജിപ്പിക്കുന്നതു് ആശാന്റെ ആന്ത

Digitized By Kerala Sahitya Akademi

രികജീവിതത്തിലെ സുപ്രധാനമായ ഒരു പ്രതിസന്ധിഘട്ട ത്തെ ആയിരിക്കാനിടയുണ്ട്. കാവ്യം ഉപസംഹരിക്കുന്ന ഭാഗത്തുള്ള ചില പരാമർശങ്ങൾകൂടി നിഷ്പക്ഷമായി പരിശോധിക്കുമ്പോൾ ഈ ഊഹത്തിനു പ്രാബല്യം സിദ്ധിക്കുന്നു. ''ആകലതപമിയലില്ല യോഗിഞാൻ'' എന്നും ''ആൻ പിന്നെയും ആ മഹാൻ നിജ യമം'' എന്നുമുള്ള സൂചനകളിൽ നിന്നു ദിവാകരന്റെ ഉലഞ്ഞ ഉൾത്തടം സമനില പ്രാപിച്ചെന്നും മുന്നേപ്പോലെ യോഗനിഷ്ഠമായെന്നുമാണു നാം മനസ്സിലാക്കേണ്ടതെങ്കിലും, നളിനിയുടെ ജഡം വരയോഗിയോഗ്യമായ രീതിയിൽ ദിവാകരൻ സംസ്കരിക്കുന്നതും ആ അവസരത്തിൽ നിവാപവിധിപോലെ കണ്ണുനീർ തൂവുന്നതും നളിനീചിന്തയാൽ ആ യതിയുടെ ഹൃദയവും ജീവിതവും പൂർവ്വാധികം ശ്രദ്ധമാകുന്നതും അന്നുവരെ വിജനമായ ഹിമവൽപാർശ്വത്തിൽ യോഗൈകനിരതനായിക്കഴിഞ്ഞിരുന്ന അനാസക്തൻ പിന്നീടു ''ലോകക്ഷേമോത്സുകനായി ഭ്രമിക്ക ഭാഗ്യമരുളി''ക്കൊണ്ടു ജീവിക്കുന്നതും കവി കാണിച്ചുതരുമ്പോൾ നളിനീസ്നേഹത്തിന്റെ പ്രേരണാശക്തി ദിവാകരന്റെ ജീവിതാന്ത്യത്തോളം നീണ്ടുനിന്നു എന്നാണു നമുക്കു വിശ്വസിക്കാൻ തോന്നുന്നതു. 'ഉഗ്രവ്രതനായ മുനി'യോടൊത്തു് ആശ്രമവാസിയായി കഴിഞ്ഞുകൂടിയിരുന്ന ആശാൻ ഭ്രൂസ്നേഹബദ്ധനായിട്ടും സങ്കുചിതവും ഭോഗതൃഷ്ണാസംവർദ്ധകവുമായ കുടുംബവലയത്തിൽ സ്നേഹത്തെ തളച്ചിടാതെ, അതിനെ സ്വാർത്ഥത്യാഗപൂർവ്വമായ സാമൂഹിക സേവനരംഗത്തിലേക്കു വികസിപ്പിച്ചുകൊണ്ടു് ഒരു പുതിയ ജീവിതം നയിക്കാനൊരുങ്ങിയ കാലഘട്ടത്തെ ബോധപൂർവ്വമായോ അബോധപൂർവ്വമായോ അദ്ദേഹം സ്മരിച്ചതിന്റെ ഫലമായിരിക്കണം 'നളിനി'യുടെ ആവിർഭാവം. ആത്മകഥയുമായി ഇത്രമാത്രം ഗാഢബന്ധമുള്ള മറെറാരു കാവ്യം ആശാൻ രചിച്ചിട്ടില്ല; ഇത്രകണ്ടു നാടകീയമായ വേറൊരു ഗംഭീരമുഹൂർത്തം അദ്ദേഹം കലയിലൂടെ കൈകാര്യംചെയ്തിട്ടില്ല. കവിയുടെ ബോധമണ്ഡലത്തിലെ പ്രകൃഷ്ടാനുഭവങ്ങളും അബോധതലത്തിലെ സംസ്കാരങ്ങളും ഇത്രത്തോളം സുതാര്യമായും സുനിയന്ത്രിതമായും അദ്ദേഹത്തിന്റെ ഇതരകാവ്യങ്ങളിൽ സന്നേളിച്ചിട്ടില്ല. ഈ സവിശേഷതകൊണ്ടുതന്നെയാവാം മറു കൃതികൾക്കു പകരാൻ കഴിയാത്ത ഒരനുഭൂതിവിശേഷം 'നളിനി' നമുക്കു പ്രദാനംചെയ്യുന്നതു്.

Digitized By Kerala Sahitya Akademi

"സ്വാതന്ത്ര്യംതന്നെയുമ്മതം, സ്വാതന്ത്ര്യംതന്നെ ജീവിതം"

ആശാനെന്ന മനുഷ്യന്റെയും കവിയുടെയും ജീവിതത്തെ സൂത്രരൂപത്തിൽ സംക്ഷേപിക്കാൻ ആവശ്യപ്പെടുന്നപക്ഷം 'പാരതന്ത്ര്യത്തിൽനിന്നു സ്വാതന്ത്ര്യത്തിലേക്കുള്ള ധീരപ്രയാണം' എന്നായിരിക്കും ഞാൻ കുറിക്കുക. ചുറ്റിലുമുള്ള ചിലചട്ടക്കൂടുകളിൽ തളയ്ക്കപ്പെട്ടിരുന്നുകൊണ്ടു് വളച്ചു നിലച്ചിരുന്ന മലയാളകവിതയെ തുടങ്കലിൽനിന്നു മോചിപ്പിച്ചു നീരും ചോരയും നിറവും തുടിപ്പുമുള്ള ജീവിതത്തിനു നേരേ ഉയർത്തിപ്പിടിക്കുകയായിരുന്നു സ്വാതന്ത്ര്യോപാസകനായിരുന്ന ആ കവിയുടെ ജന്മകൃത്യം. നിലവിലിരുന്നതും പ്രബലമായ യാഥാസ്ഥിതികപക്ഷത്തിന്റെ അംഗീകാരത്തിനും ബഹുമതിക്കും പാത്രീഭവിച്ചതുമായ നിയമാവലികൾ അദ്ദേഹം കൂട്ടാക്കിയില്ല. ദൃഢപാദനായി അടിവച്ചടിവച്ചു മുന്നോട്ടു കയറിയ ആ കുതന്റെ മുഖത്തു നോക്കി അന്തസ്സാരമില്ലാത്ത ധിക്കാരിയെന്നു് അധിക്ഷേപിക്കാൻ സാഹിത്യത്തിലെ തലയാളന്മാർതന്നെയും ധൈര്യപ്പെട്ടില്ല. നവാഗതൻ കടന്നുവന്നു് ആരുടെ സമ്മതവും നോക്കാതെ ഒരു കസേര വലിച്ചിട്ടിരുന്നുകളയുമെന്നു മുൻകൂട്ടിക്കാണാൻ കണ്ണുള്ളവർ നേരത്തേതന്നെ കസേരയെടുത്തിട്ടു പിടിച്ചിരുത്താൻപോലും തയാറായി. എഴുത്തച്ഛനുശേഷം നമ്മുടെ ഭാഷാസാഹിത്യത്തിനുണ്ടായ ഏറ്റവും മഹാനായ നേതാവെന്നു നിസ്സംശയം പ്രഖ്യാപിക്കാവുന്ന ഏ. ആർ. രാജരാജവർമ്മ 'നളിനി'കർത്താവിനെ സഹർഷം സ്വാഗതം ചെയ്തതോടെ, ആശാൻ സാഹിത്യത്തിലെ പ്രമാണികരുംക്കുപോലും ശ്രദ്ധേയനായ കവിയായി. സഹൃദയലോകമാകട്ടെ, രസശ്രുതിഭംഗങ്ങളായ വിഭവങ്ങൾ വിഴുങ്ങിച്ചെടിച്ചിരിക്കെ, നാവിലിട്ടു വീണ പുതുനറുംതേൻ ആത്തിയോടെ നുണഞ്ഞിറക്കാൻ ഇഷ്ടപ്പെടുകയുംചെയ്തു. കാവ്യനിർമ്മാണത്തെക്കാൾ എത്രയോ മടങ്ങു സ്വാതന്ത്ര്യതൃഷ്ണാപ്രേരിതമായിരുന്ന ആശാന്റെ സൃഹൃദയസേവനം. ഗതാനുഗതികത്വംകൊണ്ടു മുരടിച്ച സാഹിത്യരംഗത്തു് ഒരു കവിയെന്ന നിലയിൽ അനുഭവപ്പെട്ട അസ്വാതന്ത്ര്യവുമായി തട്ടിച്ചുനോക്കുമ്പോൾ ആയിരമിരട്ടി ദുസ്സഹവും മൃതിയെക്കാൾ ഭയങ്കരവുമായ പാരതന്ത്ര്യം ആശാനെന്ന അഭിമാനിയായ മനുഷ്യനു ലൗകികജീവിതത്തിൽ അനുഭവിക്കേണ്ടിവന്നതാണു് ഈ വ്യത്യാസത്തിനു കാരണം. സ്നേഹരാഹിത്യവും ഭേദഭാവനയും സാഹോദര്യബോധത്തിന്റെ അഭാവവും ജീവിതത്തെ അനുദരവും നരകതുല്യവുമാക്കുന്നതെങ്ങനെയെന്ന മനനഭാവനാദികർമ്മംകൊണ്ടുമാത്രം ഗ്രഹിച്ചു്, പതിതന്മാരോടു സഹതപിക്കുകയും അവക്കുവേണ്ടി താൻ

Digitized By Kerala Sahitya Akademi

നില്ക്കുന്ന ഉന്നതതലത്തിൽനിന്നു താഴോട്ടിറങ്ങിവന്നു പ്രവർത്തിക്കുകയുംചെയ്ത ഒരു സമുദായസേവകനല്ലായിരുന്നു ആശാൻ. സമസ്തജീവജാലങ്ങളെ ഭ്രൂണദശയിൽവച്ചുതന്നെ കൊല്ലുന്ന ഹിംസാമൂർത്തിയായ ജാതിരാക്ഷസ്സിന്റെ ചവിട്ടടിയിൽപ്പെട്ടു തീവ്രവേദനതിന്നുന്ന ഒരു മനുഷ്യൻ, പല നൂറ്റാണ്ടുകളായി ബാഹ്യവീര്യങ്ങളും ബുദ്ധിപ്രഭകളും സ്നേഹമൊലിക്കുമുറവുകളും വിഫലങ്ങളായി മൃഗജീവിതം നയിക്കുന്ന സഹജാതന്മാരുടെ മാനവീയസ്വാതന്ത്ര്യം നേടിയെടുക്കാനായി സർവസ്വാർപ്പണം ചെയ്തു പരിശ്രമിച്ച കഥയാണ് ആശാന്റെ സമൂഹസേവനചരിത്രം. തുല്യദുഃഖിതരായ സജ്ജനങ്ങളെ സംഘടിപ്പിച്ച് അവരിൽ ഉറങ്ങിക്കിടക്കുന്ന മംഗലമഹാശക്തിയെ ഉണർത്തുകയും അപ്രകാരം പ്രായോഗികമായ ബോധം സവർണ്ണവർഗ്ഗത്തിനും അധികാരസ്ഥാനങ്ങൾക്കും ഉളവാക്കുകയുമായിരുന്ന ആശാനും അനന്യായികളും സ്വീകരിച്ച വ്യവസ്ഥാപിതസമരതന്ത്രങ്ങളും. സാമൂഹികപ്രവർത്തനങ്ങളിൽ അധികമധികം ആഴ്ന്നായതോടുകൂടി തന്റെ കൈവശമുള്ള മറേറതൊരു സമ്പത്തിനേക്കാളും പ്രിയപ്പെട്ടതും വിലപ്പെട്ടതുമായ കവികർമ്മശക്തിയെപ്പോലും സ്വാതന്ത്ര്യലബ്ധിക്കുള്ള ഉപകരണമായി ചിലപ്പോഴെങ്കിലും ആശാൻ പ്രയോഗിക്കാതിരുന്നില്ല. പ്രചോദിപ്പിക്കാൻ, ആവേശംകൊള്ളിക്കാൻ, പ്രതിഷേധിക്കാൻ, അഭ്യർത്ഥിക്കാൻ, താക്കീതു നല്കാൻ, ഉപദേശിക്കാൻ, ഉദ്ബോധിപ്പിക്കാൻ — ഇങ്ങനെ പലതിനും സന്നദ്ധമായി ആശാൻകവിത. ദീർഘകാലത്തെ സമുദായസേവനത്തിനിടയിൽ ഓരോ അവസരത്തിലുണ്ടായ വിവിധാനുഭവങ്ങളും ആശാന്റെ മനോമണ്ഡലത്തിൽ ജനിപ്പിച്ച വിഭിന്നഭാവങ്ങളും കണ്ടറിയാൻ ഈ കൃതികൾ പ്രയോജനപ്പെടുന്നു. അദ്ദേഹം അത്യന്തം നിരാശനാകുന്നു; ചിലപ്പോൾ വല്ലാതെ വിഷാദിക്കുന്നു; ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ധർമ്മരോഷം ആളിക്കത്തുന്നു; മറു ചില ഘട്ടങ്ങളിൽ വിജൃംഭിതവീര്യത്തോടെ കർമ്മക്ഷേത്രത്തിലേക്കു കുതിച്ചുപായാൻ മുന്നോട്ടായുന്നു; ചില നിമിഷങ്ങളിൽ സ്നേഹമൂർത്തിയും ലോകബാന്ധവനുമായ ഈശ്വരന്റെ ഘോരമായ കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

''എന്തിന്നു ഭാരതധരേ, കരയുന്നു പാര-
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ!
ചിന്തിക്ക ജാതിമദിരാന്ധരടിച്ചു തമ്മി-
ലന്തപ്പെടും തനയരെന്തിനയേ, സ്വരാജ്യം!''

എന്ന ഭാഗത്തു നീരസ്സനൈരാശ്യത്തിന്റെ പരിദീനശബ്ദമാണയരുന്നതെങ്കിൽ.

Digitized By Kerala Sahitya Akademi

ഉണരിനുണരിനുള്ളിലാത്മശക്തി–
പ്രണയമെഴും സഹോദരേ ത്വരിപ്പിൻ;
രണപടഹമടിച്ചു ജാതിരക്ഷ–
സ്സണവൊരിടങ്ങളിലൊക്കെയെത്തി നേപ്പിൻ.

(സിംഹനാദം)

അറസ്സകത്തെഴുന്നൊരന്ധകാരവും വിഭോ ഭവാൻ
പറത്തുകിന്നഭസ്സിൽനിന്ന മുടൻമഞ്ഞുതാനുമേ
വിറച്ചണഞ്ഞു വെയ്ലുകൊണ്ടിടട്ടെ വൃദ്ധഭ്ര തണ–
ത്തുറച്ച തൻ ഞരമ്പിലെങ്ങുമുഷ്ണരക്തമോടുവാൻ.

തിമിത്തൊരീഷ്യയാർത്തടഞ്ഞിടട്ടെ വൻഗജങ്ങളോ
തിമിംഗലങ്ങളോ ഭവൽപഥത്തെ അല്പദൃഷ്ടികം
അമത്തലേറു മസ്സകം ഞെരിഞ്ഞവറ ചോരയാൽ
സമഗ്രമന്തിവണ്ണമാക്കിടട്ടെ കന്നമാഴിയും.

(പരിവർത്തനം)

മുറിവേല്പിക്കിലും ധൂർത്തർ
പത്രം ചുട്ടുകരിക്കിലും
മുഷ്കിന്ന കീഴടങ്ങാതെ
മരിപ്പോളം തടുക്കുവിൻ.

ഉദ്ബോധനം)

തുടങ്ങിയ പംക്തികളിൽ സുദൃഢമായ ശുഭപ്രതീക്ഷയുടെയും ഓളംവെട്ടുന്ന ഓജസ്സിന്റെയും ഉദ്ദാമമായ കർമോത്സാഹത്തിന്റെയും ഗംഭീരധ്വനിയാണ മുഴങ്ങുന്നതു്. ക്രൂരമായ ഏതോ മായാവ്യവസ്ഥയാൽ അന്ധകാരത്തിന്റെ ആഴത്തിൽ ബന്ധനസ്ഥരായിക്കേഴുന്ന നിരപരാധരുടെ പ്രതിനിധിയായ കവി ജഗദീശ്വരസമക്ഷം സങ്കടമുണർത്തിച്ചുകൊണ്ടു് ഉറച്ച ആത്മവിശ്വാസത്തോടെ ഇങ്ങനെ അർഥിക്കുന്നു:

ഓരുന്നു ഞങ്ങൾ പിതാവേ, നിൻകൺമുന
ദൂരത്തും തേന്മഴ ചാറുമെന്നും
ക്രൂരത തന്നുടെ നേരേയതുതന്നെ
ഘോരമിടിത്തീയായു് മാറുമെന്നും.
ചട്ടറ നിൻ കരവാളിൻ ചലൽപ്രഭ
തട്ടുമാറാക ഞങ്ങൾക്കു കണ്ണിൽ;
വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ
പൊട്ടിച്ചെറികയീക്കൈവിലങ്ങും.

(സ്വാതന്ത്ര്യഗാഥ)

ഇങ്ങനെ ആശാന്റെ കർമപരിപാടികൾക്കു മുഴുവനും ഉറവിടമായ ഒരേ ഒരു വികാരത്തിന്റെ, അദമ്യമായ സ്വാതന്ത്ര്യ

Digitized By Kerala Sahitya Akademi

മോഹത്തിന്റെ, ഭിന്നരീതികളിലുള്ള സ്മരണങ്ങൾ ആത്മാവിഷ്കാരപ്രധാനങ്ങളായ അഞ്ചെട്ടു ചെറുകൃതികളിൽ കാണാം. ഈ ലഘുരചനകൾകൊണ്ടു സംതൃപ്തനാവാതെയാണു് സ്വാതന്ത്ര്യത്തിന്റെ സമ്പൂർണ്ണനിഷേധവും സ്നേഹത്തിന്റെ നിർദ്ദേഷനിരാസവുമെന്നു് ആശാൻ വിശ്വസിച്ചിരുന്ന 'ജാതി'വ്യവസ്ഥയെ പ്രമേയമാക്കി രണ്ടു കഥാകാവ്യങ്ങൾ—'ചണ്ഡാലഭിക്ഷുകി'യും 'ദുരവസ്ഥ'യും—രചിച്ചതു്. ബുദ്ധമതസംബന്ധമായ ഒരു കഥയെ ഉപജീവിച്ചെഴുതിയ ആദ്യത്തെ കൃതിയിൽ കവി ശാലീനനായി പുറകിൽ നില്ക്കുന്നതേയുള്ളു; സുദ്രാദരണീയനായ ബുദ്ധഭഗവാന്റെ അനുഗ്രഹപ്രാപ്തികളിൽക്കൂടിയാണു 'ജാതി' വിഡംബനവും സ്നേഹോദ്ഘോഷണവും അതിൽ നിർവഹിച്ചിരിക്കുന്നതു്. 'ദുരവസ്ഥ'യിലാകട്ടെ അദ്ദേഹം ജാത്യാചാരവിലംഘനത്തിനു മുതിരുന്ന നായികാനായകന്മാരെ സോദ്ദേശ്യം സ്വയം സൃഷ്ടിക്കുകയും യാഥാസ്ഥിതികരെ ഞെക്കുന്നവിധം കഥാസമാപ്തി സാധിക്കുകയും പലപ്പോഴും മറനീക്കി പുറത്തുവന്നു് ഉത്കടമായ അനാചാരവിമർശം നേരിട്ടു നടത്തുകയും ചെയ്യുന്നു. 'ദുരവസ്ഥ'യിലെ കഥാവിരാമഘട്ടം കഴിഞ്ഞതിനു ശേഷം കവി നേരിട്ടു കടന്നുവന്നു് ജാതിസംരക്ഷകരായ വൈദികന്മാരെ താക്കീതുചെയ്യുന്ന വാക്യങ്ങൾ എണ്ണമറ്റ തവണ ആവർത്തിച്ചു പ്രസ്താവിക്കപ്പെട്ടിട്ടുള്ളവയാണല്ലോ. ചെറുതും വലുതുമായ ഈ കൃതികളിൽ സമൂഹപരിഷ്കരണം ഉന്നമാക്കി ഉന്നയിച്ചിട്ടുള്ള എല്ലാ ആശയങ്ങളുടെയും അടിസ്ഥാനഭാവം കവിയുടെ സ്വാതന്ത്ര്യവാഞ്ഛയാണു്. പക്ഷേ, ഒന്നു പ്രത്യേകം ശ്രദ്ധിക്കണം. സ്നേഹചോദിതമായിരുന്ന ആ സ്വാതന്ത്ര്യവാഞ്ഛ. ജീവിതത്തിൽ 'സ്നേഹമാം കുളിർപൂനിലാവു' പരത്തുകയാണു് ആശാൻ നേടാൻ കൊതിച്ച സ്വാതന്ത്ര്യത്തിന്റെ പരമലക്ഷ്യം. ജനസമുദായത്തിന്റെ മുകൾപ്പരപ്പിൽ കുറെ ഓളങ്ങളിളക്കിവിടുന്നതിനു പകരം എത്ര പണിപ്പെട്ടും അടിയൊഴുക്കിന്റെ ഗതിയെത്തന്നെ ആവുന്നത്ര മാറ്റണമെന്നാഗ്രഹിച്ച അദ്ദേഹത്തിനു വഴികാട്ടിയ ധ്രുവനക്ഷത്രം 'വ്യതിയാനത്താൽ വരും വിപ്ലവം നീക്കി ലോകസ്ഥിതി പാലിക്കുന്ന' സ്നേഹമായിരുന്നു. ''അന്യക്കു ഗ്രണം ചെയ്വതിനായുസ്സു വപുസ്സും തന്നാത്മതപസ്സും'' ബലിയർപ്പിച്ച പരമസാത്ത്വികനായ ഗുരുവാണു് സ്വാതന്ത്ര്യതീർത്ഥം തേടിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ യാത്രയിൽ അമരക്കാരനായിരുന്നതു്. അത്ഭുതപ്പെടാനുണ്ടോ ആശാന്റെ സ്വാതന്ത്ര്യഗാഥകളെല്ലാം സ്നേഹഗീതങ്ങളായതിൽ!

Digitized By Kerala Sahitya Akademi

കാവ്യകല കവിയുടെ ദൃഷ്ടിയിൽ

ആശാന്റെ ആത്മവത്തയെ രൂപവൽക്കരിച്ച ജന്മവാസനകളും സ്വാജ്ജിതസംസ്കാരങ്ങളുംതമ്മിലുള്ള ബന്ധം അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ എത്രമാത്രം പ്രതിഫലിക്കുന്നു എന്നു നോക്കുകയായിരുന്നു നാം ഇതുവരെ. ആവഴിക്കുള്ള വിചിന്തനം പ്രധാനമാണെങ്കിലും ആശാന്റെ കവിത്വം പൂർണ്ണമായി നിർവ്വചിക്കണമെങ്കിൽ മറ്റു പല വസ്തുതകളും നാം അവശ്യം അറിഞ്ഞിരിക്കേണ്ടതുണ്ട്. കാവ്യത്തിന്റെ ലക്ഷ്യം, പ്രയോജനം, ധർമ്മം എന്നിവയെക്കുറിച്ച് ആശാനുണ്ടായിരുന്ന സങ്കല്പങ്ങൾ, കാവ്യസൗന്ദര്യസാധകങ്ങളായ കരുക്കൾ കണ്ടുപിടിച്ചു പ്രയോഗിക്കുന്ന കാര്യത്തിൽ അദ്ദേഹം കൈക്കൊണ്ട മനോഭാവം, ആശാൻകൃതികളിലെ രൂപരചനാസമ്പ്രദായം എന്നിങ്ങനെ ഏതാനും വിഷയങ്ങളിൽക്കൂടി ഒന്നു കടന്നുപോകാതെ തരമില്ല. കാവ്യകലയെ അധികരിച്ച് ആശാൻ എഴുതിയിട്ടുള്ള ഒരു കവിതയിലേക്കാണ് ആദ്യമായി പ്രവേശിക്കേണ്ടതു്. 'ലോകാനുഗ്രഹപര'യായ കാവ്യകലയുടെ അത്ഭുതാവഹമായ വ്യാപ്തിയും മഹത്വവും ആ ചെറുകൃതിയിൽ അതിനിപുണമായി വ്യഞ്ജിപ്പിച്ചിരിക്കുന്നു. കൊടുംവിഷത്തെ അമൃതായും 'പാഴാകാടുകളെ അലർവാടികളാ'യും മാറ്റാൻ കഴിവുള്ള കാവ്യകലയ്ക്കു വിഷയമാക്കാൻകഴിയാത്ത ഒന്നുംതന്നെ പ്രപഞ്ചത്തിൽ കവി കാണുന്നില്ല. 'തുംഗശ്രീഗിരിശിഖരങ്ങളും', 'ശുഭ്രവീചീഭംഗവ്യാകുലജലമാർന്ന സാഗരങ്ങളും', 'പുഷ്പിതവനഭൂകണ്ഡം' താരാമണ്ഡലം, സൗരയൂഥം എന്നല്ല ഓരോ മൺതരിയും കാവ്യകലാസ്പർശംകൊണ്ടു ധന്യങ്ങളായിത്തീരുന്നു. 'ഓമൽപ്പൂവിശദനിലാവി'ലും 'തമാലശ്രീ മണ്ടും കൊടിയൊരു കുരിരുട്ടിലും' കാവ്യലക്ഷ്മിയുടെ 'തുമന്ദസ്മിതരുചി' ഒരുപോലെ പതിയുന്നു. മാതൃചരമംമൂലം ഒടുങ്ങാത്ത ഹൃദയവേദന അനുഭവിക്കുന്ന കുഞ്ഞുങ്ങളുടെ 'കണ്ണുനീർക്കുള'ത്തിലും 'പോരാളിപ്പരിഷ ചൊരിഞ്ഞ ചോരയാറി'ലും' ആ ദേവി നീരാടുന്നു. 'മാനഞ്ചും മിഴിയുടെ ചാഞ്ഞ ചില്ലി'യിലും 'ധ്യാനസ്ഥൻ മുനിയുടെ ഹസ്തമുദ്ര'യിലുംനിന്നു കലാരാധകന്മാർക്കു കേൾക്കാം ദേവിയുടെ മധുരഭാഷിതങ്ങളും. നിത്യകന്യകയായ കവിതാദേവിയുടെ സൗന്ദര്യം ദർശിക്കണമെങ്കിൽ, ആ കലാഭഗവതി കുടികൊള്ളുന്ന രസമയരാജ്യത്തിൽ കടക്കണമെങ്കിൽ, ഒരു പുതിയ ഇന്ദ്രിയംകൂടിയേ തീരൂ മനുഷ്യനു്. മിക്കവാറും കവിവാക്യങ്ങളുംതന്നെ പകർത്തിയിരിക്കുന്ന ഈ ഭാഗങ്ങളിൽനിന്നു്, അസുന്ദരങ്ങളും നിസ്സാരങ്ങളുമായ ഏതിനെയും സുന്ദരവും സാരവത്തുമാക്കാൻ

Digitized By Kerala Sahitya Akademi

കവിതയ്ക്കുള്ള കഴിവു്, ജീവിതത്തിലെ ഇരുട്ടിനും വെളിച്ചത്തിനും ദുഃഖത്തിനും സുഖത്തിനും സക്തിക്കും വിരക്തിക്കുമെല്ലാം കവിദൃഷ്ട്യാ ലഭിക്കുന്ന സമപ്രാധാന്യം, മനുഷ്യന്റെ രതി, ശോകം, ഉത്സാഹം, നിർവേദം തുടങ്ങിയ വിഭിന്നഭാവങ്ങളെ ചമൽക്കാരപൂർവ്വം ആവിഷ്കരിച്ചു രസനീയങ്ങളാക്കിത്തീർക്കുന്ന കവികർമ്മവൈഭവം, സാധാരണേന്ദ്രിയങ്ങൾക്കതീതമായ കവിതാരസത്തിന്റെ മാഹാത്മ്യം എന്നിവ വ്യക്തമാകുന്നു. ഇതര കൃതികളിലും അവിടവിടെയായിക്കാണാം കാവ്യകലയെക്കുറിച്ചുള്ള ചില പരാമർശങ്ങൾ. പ്രതിജനഭിന്നവിചിത്രമാർഗ്ഗവും പ്രതിനവരസവുമായ മർത്യജീവിതം മനുഷ്യകഥാനുഗായികളെ സുകൃതികളാക്കുന്നുവെന്നു് 'ലീല'യിലും വാഗ്വേദികളായ കവികൾ കാവ്യരസം പകർന്നു സംസാരദുഃഖത്തെ സഹ്യമാക്കിത്തീർക്കുന്നു എന്നു് 'പ്രരോദന'ത്തിലും ആശാൻ പ്രസ്താവിക്കുന്നു. ഭൂമിയുടെ രസകാമധേനുത്വം മുമ്പുതന്നെ പ്രസ്തുതമായിട്ടുണ്ടല്ലോ. അന്യാപദേശരൂപേണ സ്വാനുഭവങ്ങളും വിവരിച്ചിട്ടുള്ള 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന കൃതിയിൽ 'സ്വരാജ്യസീമകളെ നിർമ്മലരാഗവീചീധാരാർദ്രമാക്കുന്ന കവിയുടെ ഗാനങ്ങളെ പരയോഗികളുടെ സമാധിസൗഖ്യവും വേദാന്തികളുടെ 'അദ്വയചിദേകരസാവഗാഹ'വുമരുളുന്നവയായി അദ്ദേഹം പ്രശംസിക്കുന്നു. മഹാകവി ടാഗോറിന്റെ കവനതല്ലജങ്ങളെ സ്മരിക്കുമ്പോൾ,

ജളകണ്ഠത്തിൽപ്പോലുമസ്സുധാലഹരികളും
കൂർമയാൻപുല്ലിസ്സിരകളും ചലിപ്പിച്ചു
പുളകമുണ്ടാക്കുന്ന ദ്രവിപ്പിക്കുന്ന ചിത്തം
ദളിതനിദ്രമാത്മതർപ്പണംചെയ്തീടുന്നു.

അതിശാന്തമെന്നാലും ശക്തമാമതിൻധ്വനി
സതതം ചുറ്റും കാറിൽ തിരകളും തല്ലിത്തല്ലി
ക്ഷിതിഗോളത്തെജ്ജഗദീശരാജ്യത്തിലേക്കു
കുതികൊള്ളിക്കും നവ്യചലനമുണ്ടാക്കുന്നു.

എന്നു് സത്സ്വഗാംഭീര്യസ്ഫോരകമായ ഭാഷയിൽ സമാഹൃതചൈതന്യത്തോടുകൂടി അഭിനന്ദിക്കുന്ന ആശാൻ തനിക്കഭിമതമായ കാവ്യാദർശത്തെ കടാക്ഷിക്കുകകൂടി ചെയ്യുന്നുണ്ടെന്നു കരുതാം. വെടിപറച്ചിലും ചതുരംഗക്കളിയുംപോലെ കേവലം വിനോദനോപായമായിട്ടല്ല ആശാൻ കവിതയെ പരിഗണിച്ചതു്. മിക്കവാറും യശോഭിലാഷത്തിനേറയും കുറെയൊക്കെ പാണ്ഡിത്യപ്രകടനാസക്തിയുടേയും പ്രേരണമൂലം സംസ്കൃതസാഹിത്യത്തിൽനിന്നു് ആശയാദികം പരാവർത്തനംചെയ്തു്

Digitized By Kerala Sahitya Akademi

കവിപദവി നേടുന്ന രീതി പിൻതുടരാൻ അദ്ദേഹം ഇഷ്ടപ്പെട്ടി ല്ല. മലയാളകവിതാരംഗത്തു് നിലവിലിരുന്ന ഈ രണ്ടുതരം പ്രവണതകൾക്കുമധീനനാവാതെ, ''വിപ്രതിഭോക്ഷ്ണമാം സാ ഹിതീലോകത്തിന്റെ ദുഷിച്ചുപോയ രുചിയെ പ്രത്യാനയിപ്പാൻ'' ആശാൻ പരിശ്രമിച്ചു. കവിയുടെ അന്തരാത്മാവിലെ ഉദാത്താനുഭൂതികളിൽനിന്നുമുയിർക്കൊണ്ടു് അനുവാചകഹൃദയത്തിന്റെ അഗാധതലത്തിൽ ഉദാത്താനുഭൂതികൾ സംക്രമിപ്പിക്കുന്ന മഹത്തമകലയാണു കവിതയെന്നു് ആശാൻ വിശ്വസിച്ചു. ഓരോ കാവ്യവിഷയത്തിന്റെയും സവിശേഷതകൾക്കനുരോധമായി രസാനുഭൂതിയുളവാക്കാനുപകരിക്കുന്ന രൂപശില്പത്തെക്കുറിച്ചു് അവധാനപൂർവ്വം ചിന്തിച്ചു് അതിന്റെ വിവിധാവയവങ്ങൾ ഔചിത്യപുരസ്സരമായി സംഘടിപ്പിക്കുന്നതിൽ ത്യാജ്യഗ്രാഹ്യവിവേചനബുദ്ധ്യാ നിഷ്കർഷിക്കുകയും ചെയ്തു. 'അംഗാരത്തിലെരിഞ്ഞു ദ്ദീപ്തിതടവും പൊന്നാത്ത സത്താഗ്നിയിൽ ശൃംഗാരക്കറപോയ്ത്തെളിഞ്ഞൊരു മഹാ സൗന്ദര്യസാരാകൃതി' എന്നു് ആശാൻ വർണ്ണിക്കുന്ന കാളിദാസന്റെ കൃതികളിലെ ഭാവവിരുദ്ധിയും അനവദ്യമായ പ്രേമസങ്കല്പവും സർവ്വോപരി ധ്വനിപ്രാധാന്യവും 'നളിനീ'കർത്താവിനെ പ്രചോദകമായിട്ടുണ്ടെന്നു തീർത്തുപറയാം. എന്നാൽ ഭാവസമുദ്ഭാവനത്തിലും ഇതിവൃത്തഘടനയിലും രൂപശില്പരചനയിലും ആശാൻകൃതികളുടെ ആകൃതിപ്രകൃതികളും ഏറെറവും കടപ്പെട്ടിട്ടുള്ളതു പാശ്ചാത്യസാഹിത്യത്തിലെ കാല്പനികകവിതാപ്രസ്ഥാനത്തോടാണു്. തനുള്ള ഭാരതീയകാവ്യസങ്കേതങ്ങളും പൂർവ്വകവികളുടെ ആശയങ്ങളും കല്പനകളും പാടേ ഉപേക്ഷിച്ചു് സർവ്വതന്ത്രസ്വതന്ത്രനായി ആശാൻ കാവ്യനിർമ്മിതി നിർവ്വഹിച്ചു എന്നു് ഇപ്പറഞ്ഞതിനർത്ഥമില്ല. ലോകസാഹിത്യങ്ങളിലെങ്ങുംതന്നെ, കാല്പനികകവിതയുടെ ഉദയവേളയിൽ ഒരു കവിയും അങ്ങനെയൊരു സ്വാതന്ത്ര്യം പ്രയോഗിച്ചിട്ടില്ല ഭൂതകാലകവിതയിൽ പററിപ്പിടിച്ചിട്ടുള്ള പൊടിയും അഴുക്കും തുടച്ചുമാറ്റി, അനുചിതവും അസമർത്ഥവും യാന്ത്രികവുമായ പ്രയോഗാവർത്തനംമൂലം മാറു കറഞ്ഞു് നിർജ്ജീവങ്ങളായ കാവ്യസങ്കേതങ്ങളെയും കല്പനകളെയും ഉചിതസ്ഥാനങ്ങളിൽ സന്നിവേശംചെയ്തു മനോഹരമാക്കിത്തീർക്കാൻ ആ കവികൾ ഉത്സുകരാണു്. അങ്ങനെ പരമ്പരാഗതങ്ങളായ രചനാസാമഗ്രികളെ സുസംസ്കൃതങ്ങളും നൂപ്രയുക്തങ്ങളുമാക്കുന്നതോടൊപ്പം, കവിഭാവനോദ്ഭിന്നങ്ങളായ നൂതനകല്പനകളെ അവർ നിശ്ശങ്കമായും അവിരളമായും പ്രയോഗിക്കുന്നു.

Digitized By Kerala Sahitya Akademi

''സ്വാമിയാം രവിയെ നോക്കിനില്ക്കുമെൻ
താമരേ, തരളവായുവേറു നീ
ആമയം തടവിടായ്ക തൽകര–
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും.
സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാന്നുളി നിൽക്കുമോമലേ,
ഹന്ത ധന്യമിഹ നിന്റെ ജീവിതം.''

എന്ന നളിനി സ്വയം വിമർശിക്കുന്ന ഭാഗത്തു് ന്യൂനകവികർമ്മം കൈകാര്യംചെയ്ത നീരും ചോരയും വറ്റിച്ചുകളഞ്ഞ ഒരു കവിസങ്കേതം ഭാവോത്തരംഗിതമായി, ഒരു ജീവിതത്തിന്റെ രത്നച്ചുരുക്കം വ്യഞ്ജിപ്പിച്ചു പ്രകാശിക്കുന്നതു നോക്കുക. 'പങ്കഹീനഘനനാദഹൃദ്യമാം പൊൻകടമ്പിനടെ കൊമ്പി'ന്റെ അവസ്ഥ നളിനിക്കുണ്ടാകുന്നതും അവൾ 'ഹൈമനസരോജ'ത്തിനു തുല്യം കണ്ണുനീർ തുവി നില്ക്കുന്നതും 'ഗജ്ജിതം കേട്ട പന്നഗകുമാരിയെ'പ്പോലെ ഞെട്ടുന്നതുമെല്ലാം പഴയ കവിസങ്കേതങ്ങൾക്കു് അഴകും മിഴിവും വരുത്തി പ്രയോഗിച്ചിട്ടുള്ളതിനു് ഉദാഹരണങ്ങളാണു്. ജരൽപ്രസൂനയായ ശിരീഷലത, ശരദഭ്രശ്രാന്തയായ തടില്ലത, സുമർത്തുവിർ പാടുന്ന കയിൽ, താമരപ്പൂവിനെ ആഞ്ഞു തടയുന്ന ഹംസി തുടങ്ങിയ ഉപമാനങ്ങളിലും കാണാം ഇത്തരം ദൃഷ്ടാന്തങ്ങൾ. പുതിയ കുപ്പിയിലടച്ച പഴയ വീഞ്ഞുകളെന്നു പറയാവുന്ന ഈ കവിസങ്കേതങ്ങൾക്കു സമുചിതസ്ഥാനാരോഹണംമൂലം ജന്മസാഫല്യം ലഭിക്കുന്നതായിട്ടാണു നമുക്കു തോന്നുക. ഇത്തരം പ്രാചീനകല്പനകളോടൊത്തുതന്നെ, 'വെന്നരിയെ ഊഴികാക്കുവാൻ കോപ്പിട്ടം നൃപതിപോലെയും കളിക്കോപ്പെടുത്ത ചെറുപൈതൽപോലെയും' 'തെല്ല തൽപരത്വമാന്ന' ജിതേന്ദ്രിയൻ, ഉഷസ്സന്ധ്യപോലെയുള്ള പാവനാംഗി, മൃദുഹേമയഷ്ടിപോലെ വീഴുന്ന നളിനി, കഷ്കൻ കിണറിനാൽ നനഞ്ഞിലും വഷ്മറവരിനെല്ലുപോലെ ഖിന്നയായ വിരഹിണി, ശാന്തവീചിയതിൽ വീചിപോലെ, കാന്തനാദമൊട്ടു നാദംപോലെ, കാന്തിയോടപരകാന്തിപോലെ, അന്യോന്യം ഉടൽചേന്നനില്ക്കുന്ന നളിനീദിവാകരന്മാർ, ശിശിരം പോകാതെയും പൂണ്ടവസന്തമാകാതെയും കന്യാപാകത്തിൽ നില്ക്കുന്ന പരിശുദ്ധവനാന്തഭംഗി, ഉടഞ്ഞ ശംഖുപോലെയുമുരിച്ചുമുറിച്ച വാഴത്തടപോലെയും തിളങ്ങുമസ്ഥിഖണ്ഡങ്ങൾ, കൃതകോപനായ ശിശു കളിയിൽ ഭഞ്ജിച്ചെറിഞ്ഞ പതംഗികാംഗങ്ങൾപോലെ ദയനീയങ്ങളായ വാസവദത്തയുടെ അംഗങ്ങൾ തുടങ്ങി നവനവോന്മേ

Digitized By Kerala Sahitya Akademi

ഷരാലിനിയായ കവിപ്രജ്ഞയിൽനിന്നും കിളർത്ത കല്പനകളുണ്ട്, എത്രവേണമെങ്കിലും. ആംഗലകവിതകളിൽനിന്നു് ആശാൻ ഔചിത്യപൂർവ്വം ആദാനംചെയ്ത ഉക്തിവൈചിത്ര്യങ്ങളും കല്പനകളുംതന്നെ കുറച്ചൊന്നുമല്ല. ആശാൻകവിതയിലെ രചനാരഹസ്യങ്ങളെക്കുറിച്ചു നിഷ്കൃഷ്ടമായി പഠിക്കുന്ന ഏതൊരാൾക്കും ഈ ത്രിവേണീസംഗമത്തെ ശ്രദ്ധിക്കാതിരിക്കാൻ വയ്യ.

കണ്ണും കരളും ഒരേ ലക്ഷ്യത്തിൽ

ആശാന്റെ ഭാവഗാംഭീര്യത്തിനു് അനുഗ്രഹമായിരുന്ന രചനാസമ്പ്രദായവും. അടക്കാനാവാത്ത അന്തഃപ്രചോദനത്തെയും പ്രകൃത്യനുഭൂതികളെയും ആധാരമാക്കി കാവ്യസൃഷ്ടി നടത്തിയ ആ കലാകാരനു്, തന്റെ കാവ്യാത്മകദർശനങ്ങളെ ആവിഷ്കരിക്കാൻ കനംതുങ്ങുന്ന ഭാഷതന്നെ വേണ്ടിവന്നു. 'വെറും പ്രണയമാമങ്കോലക്കുഴവിന്റെ എണ്ണയിലെഴുന്നാജ്ജാജ്വല കൗതൂഹലം' അദ്ദേഹം വെറുത്തു; 'ശങ്കാപേതമുദിക്കുമർത്ഥരുചി'യെ ആദരിച്ചു. കാതുകളെ മാത്രം പ്രീണിപ്പിക്കുന്ന പദസംഘടനയല്ല, കരളിലും പ്രജ്ഞയിലും തറയ്ക്കുന്ന അർത്ഥപരമ്പരയാണു് ആ കവി ഇഷ്ടപ്പെട്ടതു്: ആഴമില്ലാത്ത ഒഴുക്കും മുക്കുപണ്ടങ്ങളുടെ പകിട്ടും ബുദ്ധിപരമായ വ്യായാമത്തിനുകൊള്ളാവുന്ന ഫലമില്ലാത്ത പ്രഹേളികകളും കഴമ്പില്ലാത്ത കവിതയുടെ ലക്ഷണങ്ങളായേ കരുതാൻ കഴിഞ്ഞുള്ളൂ ആശാനു്. ഒരു നിസ്സാരമായ ആശയത്തെ പടത്തിപ്പറയുന്നതിനു പകരം ഏറ്റവും ചുരുങ്ങിയ വാക്കുകളും മുഖേന വായനക്കാരന്റെ മനസ്സിനു് ഒരാശയത്തിലേക്കെത്തന്നെ വ്യഞ്ജിപ്പിക്കാനായിരുന്ന അദ്ദേഹത്തിന്റെ ഉദ്യമം. തന്മൂലം അയവിനെക്കാൾ മുറുക്കമാണു് പ്രതിപാദനത്തിൽ നമുക്കു് അനുഭവപ്പെടുക; നിർമ്മാണധർമ്മങ്ങളിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ളതു് ആശാൻ പുലർത്തുന്ന ഏകാഗ്രതാബോധമാണു്. പ്രതിപാദ്യവിഷയത്തെക്കുറിച്ചു ഗാഢവും സമഗ്രവുമായി ധ്യാനിച്ചു് അവയുടെ വിവിധഘടകങ്ങൾക്കുള്ള പരസ്പരബന്ധം, പ്രധാനവും അപ്രധാനവും ത്യാജ്യവും ഗ്രാഹ്യവുമായ അംശങ്ങൾ എന്നിവയെപ്പറ്റി വിശദാവബോധവും വ്യക്തമായ തീരുമാനവും ഉണ്ടായിക്കഴിഞ്ഞതിനുശേഷമേ അദ്ദേഹം കടലാസിൽ പേന തൊടുക്കുകയുള്ളൂ.* ഇത്രയുമായിക്കഴിഞ്ഞാൽ

---

* "ഒരു ഉൽകൃഷ്ടകലയുടെ നിലയിൽ കവിതയുടെ നൈകോനികമായ ഗുണദോഷങ്ങളുടെ എല്ലാ അംശങ്ങളെയുംപറ്റി ഗാഢമായും നിർണ്ണയമായും ചിന്തിച്ചു്, ത്യാജ്യങ്ങളെ പാടേ ത്യജിച്ചും ഗ്രാഹ്യങ്ങളെ കഴിയുന്നത്ര ഗ്രഹിച്ചുമല്ലാതെ ഞാൻ ഒരു മുക്തകം പോലും രചിക്കാറില്ലെന്നുള്ളതു് എനിക്കു നല്ല നിശ്ചയമുള്ള സംഗതിയാണു്."—ആശാൻ.

Digitized By Kerala Sahitya Akademi

ഞ്ഞാൽ, താൻ അഭിവ്യഞ്ജിപ്പിക്കാനുദ്ദേശിക്കുന്ന മുഖ്യഭാവങ്ങൾക്കും കഥാപാത്രപ്രകൃതികൾക്കും തെളിച്ചവും മുഴുപ്പും കൈവരുത്താൻ കഴിവുള്ള വർണ്ണനകളും കല്പനകളും സംഭവങ്ങളും അലങ്കാരങ്ങളും പദങ്ങളും മാത്രം ആശാൻ തിരഞ്ഞെടുത്തു പ്രയോഗിക്കുന്നു. കാര്യലാഭമില്ലാതെ കൈമുതൽ ധൂർത്തടിക്കുകയില്ലെന്ന നിശ്ചയത്തിൽ ഉറച്ചുനില്ക്കുന്ന അദ്ദേഹം പത്തു വിതച്ചു നൂറു കൊയ്യുന്ന കഷ്കനാണു്. 'നളിനി'യുടെ പ്രാരംഭത്തിൽ 'തത്പരതത്വമവനാ'ന്നിരുന്ന തെല്ലപ്പോലും' എന്നു് ദിവാകരന്റെ ചിത്താവസ്ഥയെക്കുറിച്ചു നല്കുന്ന സൂചനയുടെ ശക്തി ഗ്രന്ഥാവസാനംവരെ നീണ്ടുനില്ക്കുന്നു. 'ആ തെല്ലുതത്പരത്വം' ദിവാകരനുണ്ടായിരുന്നില്ലെങ്കിൽ 'നളിനി'യിലെ സംഭവങ്ങൾക്കു പ്രസക്തിയേ കാണുമായിരുന്നില്ല; നളിനിയുടെ മഹത്തായ ജീവത്യാഗത്തിനുപോലും ആ യുവയോഗിയെ ഉലയ്ക്കാൻ സാധിക്കുമായിരുന്നില്ല. സത്താഗ്നിയിലെരിഞ്ഞു ശൃംഗാരക്കറ പൊയ്പ്പോയ പരിശുദ്ധസ്നേഹം വർണ്ണിച്ചിട്ടുള്ള 'നളിനി'യിൽ നായികാനായകന്മാരുടെ ബാഹ്യാകാരഭംഗികളെ ദീർഘമായി വിവരിക്കുന്നില്ല, ഔചിത്യവേദിയായ കവി. 'ഉഷസ്സന്ധ്യപോലെ പാവനാംഗി' എന്നും 'ശരദഭ്രശാതയായ തടില്ലത'യെന്നും 'ഭഗവദ്ചുംബനാർഹമായ മനോജ്ഞപുഷ്പ'മെന്നും 'വനഭൂവിൽ നില്ക്കുന്ന കുന്ദവല്ലി'യെന്നും മറ്റുമുള്ള നിപുണസൂചനകൊണ്ടു മാത്രം നായികാവർണ്ണനം സാധിക്കുന്നു. 'ഉൽഫുല്ലബാലരവിപോലെ കാന്തിമാൻ', 'ദ്യോതമാനവും ഒട്ടു നഗ്നവുമായ ഉടൽ', 'നീണ്ട ജടയും നഖങ്ങളും ഭ്രുതിയും', 'പ്രസന്നവും ധീരവുമായ മുഖകാന്തി'—തീർന്നു നായകന്റെ വർണ്ണന. കഥ നടക്കുന്ന ഹിമവൽപാശ്വത്തിലെ പ്രകൃതിസൗന്ദര്യമോ വിഭാതവേളയുടെ മനോഹാരിതയോ നീട്ടി വർണ്ണിക്കാനും കവി മിനക്കെടുന്നില്ല; നേരേമറിച്ചു ഭോഗതൃഷ്ണാപരവശമായ ജീവിതത്തിന്റെ അവശ്യംഭാവിയായ പരിണാമം ചിത്രീകരിക്കുന്ന 'കരുണ'യിൽ വാരനാരിയായ വാസവദത്തയുടെ മതിമോഹനരൂപവും വികലാംഗിയും വിരൂപിണിയുമായി അവസാനം ഒടുവിൽ കിടക്കുന്ന കിടപ്പും പ്രകരണൗചിത്യവശാൽ വിസ്തരിച്ചു വർണ്ണിക്കുന്നുണ്ടു്. 'ലീലാ'കാവ്യത്തിന്റെ തുടക്കത്തിലുള്ള മാധവിയുടെ 'പ്രണയപരവശേ', 'ഗ്രണവതി' എന്ന രണ്ടു സംബുദ്ധികളിലടങ്ങിയിരിക്കുന്നു, നായികയായ ലീലയുടെ സവിശേഷവ്യക്തിമുദ്രകളും. പ്രണയപാരവശ്യവും ഗ്രണവതീത്വവുമനുസരിച്ചായിരുന്ന ലീലയുടെ ജീവിതഗതിയെന്ന കാവ്യാവസാനത്തിൽ നമുക്കു ബോദ്ധ്യപ്പെടുമ്പോഴാണു് ഈ സംബുദ്ധികളുടെ വ്യാപ്തിയും ഔചിത്യവും ശരിക്കും

Digitized By Kerala Sahitya Akademi

വിശദമാകുന്നതു്. ഉദാഹരണങ്ങളും ഇനിയും എത്ര വേണമെങ്കിലും നിരത്തിവയ്ക്കാവുന്നതേയുള്ളൂ. എന്നാൽ ആശാന്റെ ധ്വനിപ്രയോഗനിഷ്ണയും ഏകാഗ്രതാബോധവും രൂപശില്പനിഷ്കർഷയും 'ദുരവസ്ഥ'യെ വേണ്ടുവോളം അനുഗ്രഹിച്ചിട്ടില്ല. പുഷ്ടഭാവങ്ങളായ നാടകീയസന്ദർഭങ്ങളോ ആകർഷകങ്ങളായ സംഭവപരമ്പരകളോ ചലനാത്മകതയോ ഇല്ലാതെ മിക്കവാറും പരത്തിയടിച്ച ഒരു കഥാഖ്യാനമാണു് ആയിരത്തിയെഴുന്നൂറോളം വരികളുള്ള ആ കൃതിയിൽ നിർവഹിച്ചിരിക്കുന്നതു്. കലാകാരനായ ആശാന്റെ കടിഞ്ഞാണിനു വഴങ്ങാതെ, സമൂഹപരിഷ്കർത്താവായ ആശാൻ കടന്നുകയറിച്ചെയ്യുന്ന അഭിപ്രായപ്രകടനങ്ങളും ഒട്ടുവളരെയുണ്ടു്. വിഭക്തൈകനഗാത്രശ്രീകൊണ്ടു 'നളിനി'യും, 'ലീല'യും, 'കരുണ'യും, 'സീത'യും പ്രശോഭിക്കുന്നുവെങ്കിൽ, ദുർമ്മേദസ്സുമൂലമുണ്ടായ രൂപസൗഷ്ഠവഹാനി 'ദുരവസ്ഥ'യെ ദുഷിപ്പിക്കുന്നു. ചിലർ പറയുന്നതുപോലെ, വർത്തമാനകാലത്തിൽമാത്രം പ്രാധാന്യമുള്ള സാമൂഹിക വിഷയത്തെ അധികരിച്ചു നിർമ്മിച്ച കാവ്യമായതുകൊണ്ടല്ല, 'ദുരവസ്ഥ'യുടെ ഉൽക്കർഷത്തിനു് ഉടവുതട്ടിപ്പോയതു്. രൂപശില്പപരമായ വൈകല്യങ്ങളായിരിക്കണം ആ കാവ്യത്തെ രണ്ടാംകിടയിലേക്കു പിടിച്ചിറക്കുന്നതു്. ചുരുക്കത്തിൽ, പ്രതിപാദ്യവസ്തുവിന്റെ സ്വഭാവവും പ്രതിപാദനോപായങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മയാണു് പ്രസ്തുത കൃതിയിലെ മൗലികമായ വൈകല്യം.

കടഞ്ഞെടുത്ത കഥാശില്പം; കഥഞ്ഞൊത്ത കഥനം

കഥാകാവ്യങ്ങളിലെ ഇതിവൃത്തസംവിധാനത്തിലും രൂപസമുദ്ഭാവനത്തിലും ആശാൻ അവതരിപ്പിച്ച പുതുമകൾ മലയാളകവിതയിൽ ഒരു നവ്യസരണി വെട്ടിത്തെളിച്ചു. ഒരു കഥയുടെ തുടക്കം തൊട്ടു് ഒടുക്കം വരെ മുറുക്കി പ്രതിപാദിക്കുക എന്ന പ്രഹതസമ്പ്രദായം കൈവെടിഞ്ഞു് നായികാനായകന്മാരുടെ അന്ത്യസമാഗമഘട്ടം മാത്രം 'നളിനി'യിൽ വർണ്ണിക്കുന്നു. പരിപാവനസ്നേഹത്തിന്റെ പരകോടിയിലെത്തിയ നളിനി മോക്ഷപദം പ്രാപിക്കുന്നതിനു തൊട്ടു മുമ്പുള്ള ഭാവനിർഭരവും നാടകീയവുമായ മുഹൂർത്തത്തിലാണു് കവി യവനിക ഉയർത്തുന്നതു്. അനുവാചകന്റെ ശ്രദ്ധ മുഴുവനും ഏകാഗ്രമായി ആ മുഹൂർത്തത്തിൽ ഞെരുങ്ങിനിൽക്കുകയാണു്. അനുപദം ആക്കം വർദ്ധിക്കുന്ന സുഘടിതമായ ഒരു ഏകാങ്കനാടകത്തിന്റെ പ്രതീതിയാണു് ഈ കൃതി ജനിപ്പിക്കുന്നതു്. നളിനീദിവാകരന്മാരുടെ പരസ്പര സംഭാഷണങ്ങളും 'സ്വഗത'ങ്ങളും പകർത്താനും

Digitized By Kerala Sahitya Akademi

സംഭാഷണമദ്ധ്യേ അവക്കുണ്ടാകുന്ന ചിത്തവൃത്തികളും ആംഗികചേഷ്ടകളും വർണ്ണിക്കാനുമായി ആകെയുള്ള 173 ശ്ലോകങ്ങളിൽ 120 എണ്ണം കവി ഉപയോഗിക്കുന്നു നാടകത്തിലെപ്പോലെ സംഭാഷണങ്ങൾ മുഖേനയാണു് ഭൂതകാലസംഭവങ്ങൾ വെളിയിലറിയുകയും വെളിപ്പെടുത്തുന്നതു്; കഥാപാത്രങ്ങളുടെ സ്വഭാവം വ്യഞ്ജിപ്പിക്കുന്നതിനും സംഭാഷണംതന്നെ ഉപായമായി സ്വീകരിക്കുന്നു. സ്ഥലകാലസൂചനകൾക്കും പാത്രാവതരണത്തിനും കഥയുടെ ഉപസംഹരണത്തിനുംമാത്രമേ കവി നേരിട്ടു മുതിരുന്നുള്ളു. മുഖ്യകഥാപാത്രങ്ങളുടെ നിലപാടുകൾക്കുള്ള അന്യോന്യവൈപരീത്യം, ഉറച്ച നിലപാടിനു് ഒടുവിലുണ്ടാകുന്ന യുക്തിസഹമായ പരിവർത്തനം എന്നീ നാടകീയധർമ്മങ്ങളും 'നളിനി'യിൽ പരിപാലിച്ചിട്ടുണ്ടു്. അതീതകാലങ്ങളിലെ സവിശേഷസാഹചര്യങ്ങളുടെയും സുപ്രധാന സംഭവങ്ങളുടെയും അനിവാര്യഫലമായി, മിക്കവാറും ജീവിതത്തിന്റെ അന്തിമാങ്കത്തിൽ സംജാതമാകുന്ന വിചിത്രപരിണാമഗർഭവും അതീവശ്രദ്ധേയവുമായ ഒരു സന്ദർഭത്തിന്റെ തലസ്ഥൽവച്ചു് തിരശ്ശീല ഉയർത്താറുള്ള ഇബ്സൻ തുടങ്ങിയ നാടകകർത്താക്കളുടെ രചനാപ്രക്രിയയോടു് അടുപ്പമുണ്ടു് 'നളിനി'ക്കു്. 'ലീല'യിലും പഴയ കഥാകഥനപ്രക്രമമല്ല നാം കാണുന്നതു്. 'നളിനി'യിൽ നാടകരചനാസങ്കേതമാണു പ്രയോഗിച്ചിട്ടുള്ളതെങ്കിൽ, ലീലയിലാകട്ടെ കവി നേരിട്ടു ചെയ്യുന്ന കഥാഖ്യാനത്തിനാണു പ്രാധാന്യമുള്ളതു്. കഥാവസ്തുവിന്റെ സ്വഭാവമായിരിക്കണം ഇതിനു കാരണമെന്നു തോന്നുന്നു. 'ലീല'യുടെ അസാധാരണങ്ങളും സങ്കീർണ്ണങ്ങളുമായ ജീവിതാനുഭവങ്ങളെ അർത്ഥശങ്കയ്ക്കിടവരാതെ വ്യാഖ്യാനിച്ചു് അവളുടെ ഭാവശ്രുദ്ധിയെ സമർത്ഥിക്കേണ്ടതുണ്ടു് കവിക്കു് പ്രേമദുഃഖം നിമിത്തം വികലബുദ്ധിയായിത്തീർന്ന നായകനെക്കൊണ്ടു സംസാരിപ്പിക്കാൻ സാദ്ധ്യവുമല്ല. നാടകീയരീതിയിൽ ഗ്രന്ഥാരംഭം നിർവഹിക്കുകയും വിപരീതവീക്ഷണഗതികളും അവലംബിക്കുന്ന ലീലയുടെയും മാധവിയുടെയും സംഭാഷണങ്ങളിലൂടെ നായികയുടെ പ്രണയസ്ഥൈര്യവും മനോഹരങ്ങളും പ്രകടീകരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, കവിതന്നെ ദീർഘമായി പൂർവ്വകഥ വിവരിക്കുന്നതിന്റെ ഉദ്ദേശ്യം ഇതായിരിക്കാനാണിട. 'കരുണ'യിൽ ചിത്രരചനാസങ്കേതങ്ങളാണു് അധികവും സ്വീകരിച്ചിട്ടുള്ളതു്. ലൗകികൈശ്വര്യങ്ങളിൽ മുങ്ങിക്കുളിച്ചു്, 'കഞ്ചബാണൻതന്റെ പട്ടം കെട്ടിയ റാണി'പോലെ വിലസുന്ന കുലഗണികയായ വാസവദത്തയുടെ ചിത്രം ആദ്യം അവതരിപ്പിക്കുന്നു. ആ ചിത്രത്തിൽ വാസവദത്തയുടെ ഉൽക്കടമായ അഭിനിവേശത്തിനു

Digitized By Kerala Sahitya Akademi

പാത്രമായ ബൗദ്ധസന്യാസിയെ കാണന്നില്ല. തുടന്ന നാ മറൊരു ചിത്രത്തിന്റെ മുമ്പിലേക്കു് ആനയിക്കപ്പെടുന്ന കാളിമകാളം നഭസ്സിയുമ്മവയ്ക്കുന്ന മനോജ്ഞമാളികയുടെ മലർ മുറത്തുനിന്നു് മനുഷ്യാവയവങ്ങളം കൊത്തിവലിച്ചു് ഇറയെ ടുക്കുന്ന കഴുകനും ക്രൂമനും കറുനരിയും നിറഞ്ഞ ചുടുകാട്ടിലേക്കു്; മദാലസയും വിശിഷ്ടവേഷഭ്രഷ്ടാലംകൃതയുമായ മതിമോഹിനി യുടെ സമീപത്തുനിന്നു് ഇലയും കലയുമറിഞ്ഞിട്ട വെട്ടിമുറി ച്ചിട്ട മലവാഴത്തടപോലെ മലന്നുറിഞ്ഞുകിടക്കുന്ന രക്തപ്രഷി തമായ മാംസപിണ്ഡത്തിലേക്കു്. ആ ചിത്രത്തിലുണ്ടു് 'ഭാന മാനിൽനിന്ന കടപൊട്ടിപ്പറന്നെത്തും കതിരുപോലെ' കാന്തി മാനായ ബുദ്ധശിഷ്യൻ. ചുരുക്കം ചില നേത്ത രേഖകൾകൊ ണ്ടു് മിഴിവുറന്ന രൂപങ്ങളം ആലേഖനംചെയ്യാൻ പ്രകൃത്യാ ഇഷ്ട പ്പെടുന്ന ആശാൻ പതിവിന വിപരീതമായി കട്ടംനിറവും കട്ടിവരയും കലത്തിയാണു് ഈ അവസ്ഥാന്തരങ്ങളം വരച്ചിട്ട ള്ളതു്. ആ രീതിഭേദത്തിന്റെ ഗുണദോഷങ്ങളം അതിന കാണ കയും ചെയ്യാം. ജീവിതത്തിന്റെ രണ്ടറ്റങ്ങളം തമ്മിലുള്ള വന്വിച്ച അകൽച്ച കണ്ടു വിസ്മയാധീനനാകുന്ന വായനക്കാര നെ ഒരു ചിത്രത്തിന്റെ മറുവശം മാത്രമാണ രണ്ടാമത്തേതെന്നു് ഉപഗ്രന്ഥവാക്യങ്ങളം ഉദ്ബോധിപ്പിക്കുന്ന. ധനമോഹവും സൗന്ദര്യമദവുംകൊണ്ടു തെറ്റുകളാചരിച്ചുപോയെങ്കിലും, അകൃ ത്രിമപ്രണയത്തിന്റെ ഒരുറവു് ഉൽക്കാമ്പിലൂറിനിന്നിരുന്ന ആ അമലയുടെ ദയനീയദുരന്തത്തിൽ സന്ന്യാസിചിത്തംപോ ലുമലിഞ്ഞു്, ആ അലിവിന്റെ തുള്ളി കണ്ണിലുറന്ന നിറഞ്ഞു് ചുടലച്ചാമ്പലിൽ അടന്നുവീഴുന്നിടത്തുവച്ചു തിരശ്ശീല താഴ്ത്തു ണ്ടതിന പകരം ആ കണ്ണീരിനൊരു നീണ്ട ഭാഷ്യമെഴുതി മുഷി ച്ചിലുണ്ടാക്കേണ്ടിയിരുന്നില്ല. 'ചണ്ഡാലഭിക്ഷുകി'യിലെ ക ഥാപ്രതിപാദനം ഏറെക്കുറെ യാഥാസ്ഥിതികസമ്പ്രദായത്തി ലാണു്. കഥയുടെ ഒരു തല തൊട്ടു തുടങ്ങി മറേറത്തലവരെയു ള്ള സംഭവങ്ങളെ അനുക്രമമായി വിവരിച്ചിട്ടുള്ള ആ കാവ്യ ത്തിൽ ആഖ്യാനത്തിന കൂടുതൽ അയവും ലാഘവവും ഒഴുക്കു മുണ്ടു്. കവി സാവകാശമായി ശ്രമം കൂടാതെ കഥ പറയുന്ന എന്ന തോന്നൽ നമുക്കുണ്ടാകുന്ന. ഒരു സ്വതന്ത്ര വിവർത്തനമായ 'ശ്രീബുദ്ധചരിത'ത്തിലാണു് ആശാന്റെ ആഖ്യാനവല്ലഭത്വം ഉന്നിദ്രവും സംഫുല്ലവുമായി പ്രശോഭിക്കുന്നതു്. ഇതരകൃതിക ളുടെ സ്വഭാവങ്ങളം അനുസരിച്ചു് അവശ്യം ദീക്ഷിക്കേണ്ടിയി രുന്ന നിയന്ത്രണങ്ങളെല്ലാം നാനാസംഭവസങ്കുലവും സുദീർഘ വുമായ ഈ ഇതിഹാസകാവ്യത്തിൽ നീങ്ങിക്കിട്ടുന്ന തടവറു പരുന്നുകിടക്കുന്ന പ്രവാഹത്തിന തുല്യമാണു് 'ബുദ്ധചരിത'

Digitized By Kerala Sahitya Akademi

ത്തിലെ കഥാഖ്യാനം. ആശയങ്ങളെ ആവുന്നത്ര ഒതുക്കിപ്പിടിച്ചു ചിമിഴിലടച്ചും ഭാവവ്യഞ്ജനത്തിൽ വാചംയമിത്വം പരമാവധി പരിപാലിച്ചും നിർമ്മിച്ചിട്ടുള്ള മറ്റു കാവ്യങ്ങളിൽ പിരിമുറുക്കം കുറച്ചധികമായിട്ടുണ്ട്. അതോടൊപ്പം, താങ്ങാനാവാത്തവിധം കടുത്ത അർത്ഥഭാരം ചുമന്നുനില്ക്കുന്ന ശബ്ദങ്ങളും ഇറുകിവലിഞ്ഞ വാക്യബന്ധങ്ങളും ആശയഗ്രഹണത്തിനു ക്ലേശമുണ്ടാക്കുകയും ചെയ്യുന്നു. തിരഞ്ഞെടുത്തടുക്കി നിരത്തുന്ന ശബ്ദങ്ങളിൽ നിരന്തരം കണ്ണുനട്ടു നില്ക്കേണ്ടിവരുന്ന കവികും അനുവാചകനും. ഈ അസ്വാതന്ത്ര്യങ്ങളിൽനിന്നു വിമുക്തനായ ആശാൻ, ഭാഷാശൈലീസൗഭാഗ്യങ്ങളിലും അനായാസസുന്ദരങ്ങളായ വർണ്ണനാപരമ്പരകളിലും മതിവരുവോളം നീന്തിത്തുടിച്ചു കളിക്കുന്ന കാഴ്ചയാണ് 'ശ്രീബുദ്ധചരിത'ത്തിൽ കാണുന്നതു്.

ഭാവകാവ്യകർത്താവെന്ന നിലയിൽ

ആശാന്റെ ഭാവകാവ്യങ്ങളിൽ 'വീണപൂവും' 'ഗ്രാമവൃക്ഷത്തിലെ കുയിലും' 'സിംഹപ്രസവ'വും ആംഗലസാഹിത്യത്തിലെ Ode അഥവാ അനുഗീതം എന്ന കാവ്യവിഭാഗത്തിന്റെ രീതിയിലാണു രചിക്കപ്പെട്ടിട്ടുള്ളതു്. മണ്ണടിഞ്ഞ ചെറുപൂവിനെക്കണ്ടു തുളിച്ച കണ്ണുനീർത്തുള്ളി കൺപീലിയിൽ തങ്ങിനില്ക്കുന്നതെന്നെ, ആ ക്ഷണികജീവിതത്തിന്റെ അവസ്ഥാഭേദങ്ങളെക്കുറിച്ചുള്ള സ്നിഗ്ധസ്മരണകളിൽക്കൂടി പ്രപഞ്ചത്തിന്റെ അസ്ഥിരപ്രകൃതിയെ ദർശിക്കുന്ന 'വീണപൂവി'ലാണു് ആത്മാവിചാരപ്രധാനമായ ഖണ്ഡകൃതിയിലെ ഭാവരൂപപ്പൊരുത്തം ഏറ്റവുമാകാമെന്നു് ഒരു മലയാളകവി ആദ്യമായി തെളിയിച്ചതു്. ഹൃദയംഗമത്വം, സ്വാച്ഛന്ദ്യം, ലാളിത്യം, വികാരതീവ്രത തുടങ്ങിയ ഭാവഗീതധർമ്മങ്ങളുടെ സുചിരസമ്മേളനം ഈ കാവ്യത്തെ നിതരാം അനുഗ്രഹിക്കുന്നു. ഒരു പ്രേമവൃത്താന്തത്തെക്കൂടി മനോഹരമായി ആദ്യന്തം അധ്യവസായം ചെയ്തിട്ടുള്ള ഈ കൃതി ആധുനികമലയാളകവിതയിലെ ഒന്നാമത്തെ പ്രതിരൂപാത്മകകാവ്യമാണു്. രൂപപ്രതിരൂപങ്ങൾക്കു തമ്മിലുള്ള കരടറ്റ പൊരുത്തവും പ്രതിരൂപത്തിനു വ്യംഗ്യവസ്തുവിനെ സമഗ്രമായി ധ്വനിപ്പിക്കാനുള്ള കഴിവുമാണു് പ്രതിരൂപാത്മകകവിതയുടെ വിജയത്തിനു നിദാനമെങ്കിൽ, 'വീണപൂവു്' പൂർണ്ണമായി വിജയിച്ചിരിക്കുന്നു. കവിയുടെ ആത്മകഥാംശം വ്യഞ്ജിപ്പിക്കുന്ന 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന പ്രതിരൂപാത്മകകൃതിക്കു് 'വീണപൂവി'ന്റെ ഭാവസ്ഫുർത്തിയും ഹൃദയോന്മഥനശക്തിയും ലഭിച്ചിട്ടില്ല. അതിലെ വ്യംഗ്യവിഷയം

Digitized By Kerala Sahitya Akademi

മുകൾപ്പരപ്പിൽ കടന്നുവന്ന പ്രതിരൂപത്തെ കീഴടക്കുന്നതായും ചിലപ്പോൾ തോന്നിപ്പോകും. 'പ്രരോദനം' പാശ്ചാത്യസാഹിത്യത്തിലെ 'വിലാപ'കാവ്യങ്ങളുടെ സമ്പ്രദായത്തിലാണ് രചിച്ചിട്ടുള്ളതു്. ഏറ്റവും പ്രിയപ്പെട്ട വ്യക്തിയുടെ ചരമം നിമിത്തം ശോകാവിഷ്ടമായിത്തീരുന്ന കവിഹൃദയത്തിന്റെ പരിദേവനം, പരേതനെക്കുറിച്ചുള്ള തപ്സ്മരണകൊണ്ടു് ആളിക്കത്തുന്ന വേദന, വികാരവായുവിനിന്ന വിചാരധാരയിലേക്കും നിരുദ്ധചിന്താഗതിയായി വീണ്ടും വികാരമേഖലയിലേക്കും കവി നടത്തുന്ന പര്യടനം, ശോകഭാവാനുഗുണമായ അന്തരിക്ഷസൃഷ്ടി, ചില സാങ്കല്പികരംഗങ്ങളുടെ ഉന്മീലനം, ജീവിതത്തെയും മരണത്തെയും ആസ്പദമാക്കി സാമാന്യചിന്തനം ചെയ്യുമ്പോൾ ഉണ്ടാകുന്ന ദുഃഖഗമനം, കലങ്ങിമറിഞ്ഞ മനസ്സിനു് ഒടുവിൽ കിട്ടുന്ന സ്വസ്ഥത എന്നീ വിലാപകാവ്യഘടകങ്ങൾ 'പ്രരോദന'ത്തിൽ കൂട്ടിയിണക്കിയിട്ടുണ്ടു്. സൂര്യപുരുഷനോടു കവിക്കുണ്ടായിരുന്ന ബന്ധം കൂടുതലും ബുദ്ധിപരമായിരുന്നതുകൊണ്ടാവാം, 'പ്രരോദനം' ഹൃദയദ്രവീകരണത്തെക്കാൾ പ്രജ്ഞാപ്രചോദനം സാധിക്കുന്നതു്. 'സൂതർമാമുനിയോടയോദ്ധ്യയിൽ ഗതരായോരളവന്നൊരന്തിയിൽ' ഉടജാന്തവാടിയിൽ ഏകാകിനിയായിസ്ഥലകാലങ്ങൾ വിസ്മരിച്ചുകഴിയുന്ന സീതാദേവിയുടെ ഉള്ളിൽ നിലയില്ലാതെ തിരതല്ലുന്ന ചിന്താസമുദ്രത്തെയാണു് 'ചിന്താവിഷ്ടയായ സീത'യിൽ കവി കാണിച്ചുതരുന്നതു്. കയ്പും മാധുര്യവുമാർന്ന ഭൂതകാലാനുഭവങ്ങളുടെ പ്രത്യവലോകനം, ഗാഢവും ചിരസ്ഥായിയുമായ ഹൃദയബന്ധങ്ങളുടെ സൂക്ഷ്മസ്ഥിതിനിർണ്ണയനം, രാമന്റെ രാജനീതിയെയും മനുഷ്യത്വത്തെയും അധികരിച്ചു നടത്തുന്ന നിരൂപണം, പുരജീവിതവും ആശ്രമജീവിതവുംതമ്മിലുള്ള വമ്പിച്ച അന്തരത്തെപ്പറ്റി വിചിന്തനം, ലോകഗതിയെയും സുഖദുഃഖങ്ങളെയും വിധിവൈഭവത്തെയുംകുറിച്ചു് അനുഭവനിഷ്ഠമായ അഭിപ്രായപ്രകടനം, ആത്മോപാലംഭപൂർവം വിമൃഷ്ടനായകനോടു നടത്തുന്ന ക്ഷമാപണം, ജീവിതത്തെ സമർത്ഥവും സമ്പന്നവുമാക്കുന്ന വിശ്വപ്രകൃതിയോടു വിടവാങ്ങൽ, വസുധാമാതാവിന്റെ വക്ഷസ്സിൽ വിലയം ഗമിച്ചു് വിശ്രുദ്ധസ്നേഹരസം നുകരുന്നതായുള്ള വിഭാവനം എന്നിങ്ങനെ വിവിധവിഷയമേഖലകളിൽ പരന്നുപാഞ്ഞു് ഭൂതവർത്തമാനഭാവികാലങ്ങളെ ആശ്ലേഷിച്ചു്, ചിലപ്പോൾ കലങ്ങിമറിഞ്ഞും മറു ചിലപ്പോൾ തെളിഞ്ഞുതിളങ്ങിയും, ആ ചിന്താതരംഗിണി പ്രവഹിക്കുന്നു. നിമ്നോന്നതസ്ഥലങ്ങളിലൂടെ കടന്നുപോകുന്ന ആ വനകല്ലോലിനി, സീതയുടെ അടക്കാനാവാത്ത അന്തഃക്ഷോഭം നിമിത്തം ഇടയ്ക്കിടെ

Digitized By Kerala Sahitya Akademi

കലുഷമാകുന്നതും ചിലയിടങ്ങളിൽ തടയപ്പെടുന്നതും കാലുഷ്യവും തടസ്സവും നീങ്ങുന്ന ഓരോഘട്ടത്തിലും പുതുവഴികൾ തിരിഞ്ഞൊഴുകുന്നതും ബോധമണ്ഡലത്തെ കീഴടക്കിക്കൊണ്ടിരുന്ന ഈദൃശചിന്തകളുടെ ആവർത്തനങ്ങളിൽപ്പെട്ട കറങ്ങിത്തളർന്ന സീതയുടെ അന്തഃസംജ്ഞ സ്വബുദ്ധിയായിപ്പോകുന്നതുമെല്ലാം തികഞ്ഞ മനഃശാസ്ത്രബോധത്തോടെ കവി വർണ്ണിച്ചിട്ടുണ്ട്.

ശക്തിമാത്രമല്ല; നിപുണതയും അഭ്യാസവുംകൂടി

നൈസർഗികമായ പ്രതിഭാസമ്പത്തുകൊണ്ടുമാത്രം ചില കലാകാരന്മാർ തൊടുന്നതെന്തും പൊന്നാക്കി മാറ്റാറുണ്ടെന്നത്രേ. സമ്പൂർണ്ണവും സുവ്യക്തവുമായ കാവ്യാത്മകദർശനം (Poetic vision) സിദ്ധിക്കുന്നതിനാൽ കലാശില്പത്തിന്റെ വിശദാംശങ്ങളിലൊന്നും പ്രത്യേകം ശ്രദ്ധിക്കാതെതന്നെ, അവരുടെ കൃതികളുടെ ഭാവത്രൂപൗചിത്യവും അവികലശില്പസൗന്ദര്യവും തനിയേ വന്നുകൂടുമെന്നാണ് ഈ 'മഹാത്ഭുത'ത്തിന്റെ ആരാധകന്മാർ പറഞ്ഞുകേൾക്കാറുള്ളത്. കലാശില്പത്തിൽ വൈകല്യവും വൈരൂപ്യവും കാണുന്നുണ്ടെങ്കിൽ അതിനു കാരണം താണതരം പ്രതിഭയോ കവിദർശനത്തിന്റെ അപാകമോ ആണെന്നും ശില്പഭംഗി അന്യനമാണെന്നുള്ളപക്ഷം കവി ഉജ്ജ്വലപ്രതിഭനും അയാളുടെ ദർശനം തെളിവുറ്റതുമാണെന്നും തീരുമാനിക്കാമെന്നു് അവർ വാദിച്ചു ഫലിപ്പിച്ചെന്നുവരും. ആ വാദവും അതിനാസ്പദമായ 'അത്ഭുത'വും കള്ളനാണയമാണോ അല്ലയോ എന്ന കാര്യം നമുക്കിവിടെ ചിന്തിക്കേണ്ടതില്ല. എന്നാൽ ജന്മസിദ്ധമായ പ്രതിഭാശക്തിയും കാവ്യാത്മകദർശനത്തിനു കഴിവുമുള്ളതുകൊണ്ടു തൃപ്തിപ്പെടാതെ തൊടുന്നതെല്ലാം പൊന്നാക്കിമാറ്റാൻ ഏകാഗ്രബുദ്ധികളായി അവധാനപൂർവ്വം പ്രയത്നിക്കുന്ന ചില കവികളുണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാ. സ്വയമേവ ആഗതമാകുന്ന കലാശില്പസൗഭാഗ്യത്തെ ഉപേക്ഷിക്കാതെതന്നെ, തങ്ങളുടെ കലാപരമായ ഔചിത്യബോധത്തെയും ശില്പമർമ്മജ്ഞതയെയും മനഃപൂർവ്വം പ്രയോജനപ്പെടുത്തി കാവ്യാത്മകമായ വസ്തുദർശനത്തിനു് ഏറ്റവുമിണങ്ങുന്ന രൂപശില്പങ്ങൾ അവർ തിരഞ്ഞു കണ്ടുപിടിക്കുന്നു. കണ്ടുപിടിക്കുന്ന കരുക്കൾ മതിയാവുകയില്ലെന്നുവന്നാൽ അവയെ മാറ്റാനും തിരുത്താനും പരിഷ്കരിക്കാനും ഉപേക്ഷിക്കാനും അവർ ഒരുക്കമാണു്. ആശാൻ ഇക്കൂട്ടത്തിൽപ്പെട്ട കവിയാണു്. ലൗകികവിഷയങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചും അവയെ ഭാവനയിൽ പുടപാകം ചെയ്തു ത്യാജ്യാംശങ്ങൾ തള്ളിക്കളഞ്ഞും ഗ്രാഹ്യാംശങ്ങൾ ആകഷ്കമായി പുനഃസംഘടിപ്പിച്ചും കാവ്യവസ്തുക്കളാ

Digitized By Kerala Sahitya Akademi

യി മാറുന്നിടംതൊട്ട്, കാവ്യവസ്തുക്കളെ ഏറ്റവും ശക്തമായും സുന്ദരമായും വ്യഞ്ജിപ്പിക്കാൻ പര്യാപ്തങ്ങളായ പദവാക്യാലങ്കാരാദിസമഗ്രികളും തിരഞ്ഞെടുത്തു സംയോജിപ്പിക്കുന്നിടംവരെ ആശാൻ ഉന്നിദ്രമനസ്കനായി പ്രയത്നിക്കുന്നു. തന്റെ കാവ്യങ്ങളുടെ ശാന്തവും ശക്തവുമായ ധ്വനി നിപുണശ്രോത്രങ്ങളിലും സാന്ദ്രചിത്തങ്ങളിലും ചെന്നലച്ച് ആലോചനാമൃതങ്ങളായി വായനക്കാരുടെ രസവാസനകളെ ഉന്നമിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യണമെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു. പെട്ടെന്നു കെട്ടടങ്ങുന്ന ഒരു കൊടുങ്കാറ്റഴിച്ചുവിട്ടു മലയാളസാഹിത്യത്തെ പ്രക്ഷുബ്ധമാക്കാനല്ല, വിളർച്ചയും ധാതുക്ഷയവും ദുർമ്മേദസ്സും മരവിപ്പും ബാധിച്ചു ജീവശക്തി മന്ദീഭവിച്ചിരുന്ന മലയാളകവിതയ്ക്കു പൂർണ്ണാരോഗ്യവും അന്തർവീര്യവും മരുളുന്ന 'രസായന'ങ്ങൾ നൽകാനാണു് ആശാൻ ഉദ്യമിച്ചതു്. ആ ഉദ്യമത്തിന്റെ സ്വാധീനശക്തി നമ്മുടെ കവിതയിൽ അന്നും പിൽക്കാലത്തുമുണ്ടാക്കിയ ആശ്ചര്യമായ പരിവർത്തനം നിഷ്കൃഷ്ടമായ പ്രത്യേകപഠനമർഹിക്കുന്ന വിഷയമാണു്.

എൻ. കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സ്തോത്രകൃതികൾ

1901

Digitized By Kerala Sahitya Akademi

ഉള്ളടക്കം

നിജാനന്ദവിലാസം —പേജ് 37
നിജാനന്ദാനുഭൂതി —42
ഭക്തവിലാപം —45
സുബ്രഹ്മണ്യശതകം —54
ശിവസ്തോത്രമാല —64
ശാംകരശതകം —75
ശിവസുരഭി —89
ആനന്ദലഹരി —95
ദേവ്യപരാധക്ഷമാപണസ്തോത്രം —100
അനുഗ്രഹപരമദശകം —103
കാമിനീഗ്രഹണം —105
വിഭൂതി 107
പരമപഞ്ചകം —108

Digitized By Kerala Sahitya Akademi

ശിവസ്തോത്രമാലയുടെ

മുഖവുര

ഈശ്വരന്റെ അമേയങ്ങളായ മാഹാത്മ്യങ്ങളെ ലളിതമായി ഹൃദയത്തിൽ പ്രകാശിപ്പിച്ചു നിഷ്പന്ദമായ ഒരു അന്തരാശ്വാസത്തേയും ആനന്ദത്തേയും അനുഭവിക്കുന്നതിനു് ആസ്തികന്മാക്കു് മധുരങ്ങളായ സ്തോത്രങ്ങളുംപോലെ വിഗ്രഹങ്ങളോ ദേവാലയങ്ങളോ പ്രകൃതിയിൽ കാണപ്പെടുന്ന അസംഖ്യേയങ്ങളായ അദ്ഭുതങ്ങളുംതന്നെയുമോ അത്ര സുകരങ്ങളായ സഹായങ്ങളും അല്ലെന്നു പലക്കും അനുഭവമായിരിക്കാൻ ഇടയുണ്ടു്. വിശിഷ്യ, ദേവാലയങ്ങളും, തീർത്ഥങ്ങളും മുതലായ ബാഹ്യാലംബനങ്ങളുംക്കുപോലും ഈശ്വരവിഭ്രതികളുടെ ഗാഢകളായ പരിചിന്തനകളാൽ വ്യാസാദികളായ ദിവ്യകവികളുടെ ഹൃദയത്തിൽനിന്നും സ്തോത്രരൂപമായി വെളിയിൽ പ്രവഹിച്ച ചൈതന്യലഹരികളാകുന്ന സുവ്വാരാധനീയമായ ഒരു വിശേഷത്തെ ആധാനംചെയ്യുന്നു എന്നുള്ളതും വിവേകദൃഷ്ടിയിൽ പ്രത്യക്ഷമാണല്ലൊ.

നിത്യകൃത്യങ്ങളിൽ വ്യാപരിച്ചു ഖിന്നഹൃദയനായിരിക്കുന്ന ഒരുവനു് ശാന്തങ്ങളായ പദ്യങ്ങളേയോ ഗാനങ്ങളേയോ കേൾക്കുമ്പോളും ഉദ്യാനത്തിലെ മന്ദവായു ഏൽക്കുന്നതിനേക്കാളും എത്രയോ അധികവും അപ്രതീക്ഷിതവും ആയ ഒരു ആശ്വാസവും സുഖവും അവന്റെ ഹൃദയത്തിൽ ഉടനേ ഉണ്ടാകുന്നതും ചിലപ്പോൾ ക്ലാനമായിരുന്ന അവന്റെ മുഖം ആനന്ദാശ്രുധാരകളാൽ ദർശനീയമാകുംവണ്ണം ആപ്ലാവിതമായിപ്പോകുകൂടിയും ചെയ്യുന്നതും നാം കാണാറുണ്ടല്ലോ. ദുഃഖഭ്രയിഷ്ഠമായ ഈ ജീവലോകത്തിൽ അപ്രകാരം ഉള്ള ആനന്ദബാഷ്പത്തിന്റെ ഒരു കണംതന്നെ എത്ര ദുർല്ലഭവും അത്തർ, പനിനീർ മുതലായ സുഖോപചാരദ്രവ്യങ്ങളേക്കാളും എത്ര വിലയേറിയതും ആയിരിക്കണം.

അതുകൊണ്ടു സപ്രയോജനമായ ഈ ശിവസ്തോത്രമാലയേ ഗ്രഥിക്കുന്നതിൽ ഞാൻ ഈയിടെ വ്യയംചെയ്ത രണ്ടുമൂന്നു് അപരാഹ്നങ്ങളും അവ്യവഹിതങ്ങളായി എനിക്കു കഴിഞ്ഞ ഇതരസമയങ്ങളേക്കാളും തുലോം മംഗളകരങ്ങളും മൂല്യവത്തുകളും ആയിരുന്നു എന്നു ഞാൻ വിശ്വസിക്കയും ഈ സമുചിതമായ കൃത്യത്തിൽ എന്നെ ഉദ്യമിപ്പിച്ച അരുവിപ്പുറം ക്ഷേത്രം

Digitized By Kerala Sahitya Akademi

മാനേജർ മ.രാ.രാ. പേട്ടയിൽ പി. പരമേശ്വരൻ അവർകളോട് ഞാൻ ഹൃദയപൂർവ്വം നന്ദിയുള്ളവനായിരിക്കയും ചെയ്യുന്നു.

ഈ ചെറിയ കൃതിയിൽ എനിക്കുള്ള പരമമായ ചാരിതാർത്ഥ്യം, പാഠകന്മാരുടെ ഹൃദയത്തിൽ അത്യല്പമായിട്ടെങ്കിലും സാത്ത്വികമായ സുഖത്തിന്റെ ഒരു ആവിർഭാവം ഇതിൽനിന്നും സിദ്ധിക്കുന്നപക്ഷം അതായിരിക്കും.

ഈ സ്തോത്രമാലയെ, 'നമസ്കാരപഞ്ചകം' 'ഉപക്രമപഞ്ചകം' 'ശിവധ്യാനവിംശതി' മിശ്രസ്തവങ്ങൾ' 'ദേവീസ്തോത്രം' 'ശിവഭക്തിപഞ്ചകം' 'വൈരാഗ്യപഞ്ചകം' 'ശിവജ്ഞാനപഞ്ചകം' 'ശിവയോഗിപഞ്ചകം' 'ഉപസംഹാരപഞ്ചകം' എന്ന ഏതാനും ഭാഗങ്ങളായി വിഭജിക്കയും ഓരോ വിഭാഗത്തിലും അതിന്റെ നാമത്തെ അനുസരിച്ചു വിഷയം കഴിയുന്നതും സുഗമവും സാവയവവും ആയി വർണ്ണിക്കയും ചെയ്തിരിക്കുന്നു.

ഈ പുസ്തകത്തിൽ വായനക്കാർക്കുള്ള ആഭിമുഖ്യത്തിന്റെ താരതമ്യത്തെ അനുസരിച്ച് ഈ മാതിരി വിഷയത്തിൽ ഞാൻ ഇനിയും പ്രവർത്തിക്കുന്നതായിരിക്കും.

എന്ന്,

കുമാരു ആശാൻ

1077 ചിങ്ങം 1
(1901 ആഗസ്റ്റ് 16)

സ്തോത്രകൃതികളിൽ ശിവസ്തോത്രമാലയുടെ മാത്രമേ ആശാൻ മുഖവുര എഴുതിയതായി കാണുന്നുള്ളൂ.

Digitized By Kerala Sahitya Akademi

നിജാനന്ദവിലാസം

ആധാരബ്രഹ്മമാരാഞ്ഞഖിലമതിലട-
ക്കിക്കളഞ്ഞങ്ങു നില്പ്പും
മേധാവിപ്രൗഢനും തന്നഴിവിലതിരഴി-
ഞ്ഞന്ധനായന്തരിക്കും;
വേധാവോതുന്ന വേദം മുഴുവനറികിലും
വേല ചെയ്താലുമെന്തേ?
ബോധാചാര്യക്കഴൽച്ചെങ്കമലമതിനടി-
ക്കാണ നിർവ്വാണലോകം. 1

ആനന്ദാരംഭമാകുന്നമൃതകലശവാ-
രാശിമദ്ധ്യത്തനന്ത-
സ്ഥാനത്തിൽ സാന്ദ്രമോദം സതതസരസസ-
ദ്യോഗനിദ്രൻ വിനിദ്രൻ
നാനാലോകാനുഗ്രഹപൻ നതജനനരകാ-
രാതി നാരായണാഖ്യൻ
ജ്ഞാനാചാര്യൻ ജയിക്കുന്നിതു മമ നിജ നി-
ർവ്വാണലക്ഷ്മീനിവാസൻ. 2

മന്ദാരപ്പൂംകൊടിക്കൈമലർ മധുരമെടു-
ത്തെന്നെ മാനിച്ചു മായ-
ക്കന്ദോപായം ഭവിക്കുംപടിയുടൽപുണരും
കൗശലത്തിൽ കലത്തി,
മന്ദാഭാവാനുകമ്പം മമ മുകളിൽ മുകർ-
ന്നൂറുമദ്വൈതസമ്പ-
ത്സന്ദാനംചെയ്ത സാരാമൃതലഹരിമൊഴി-
ക്കേതു ഞാനാദരിപ്പൂ! 3

Digitized By Kerala Sahitya Akademi

മന്ദൻ ഞാനെങ്കിലും മറ്റൊരു മതി കൃതാ-
തെന്നെ നീ ജ്ഞാനതെന്നെൻ-
സന്ദേഹം വിട്ട സാധിച്ചുരുളിയൊരു സമാ-
ധാനധാമത്തിലെന്നും
നിന്ദാർഹൻ ഞാനിരുന്നീടിലുമിഹ നിയതം
നിർമ്മലബ്രഹ്മനിത്യാ-
നന്ദക്കല്പാന്തവെള്ളക്കടലല കരകവി-
ഞ്ഞെന്നെ മുക്കും പരക്കും. 4

ചിദ്വിദ്യാസമ്പ്രദായം ചിരപരിചിതമാ-
ണെങ്കിലും പങ്കജപ്പൂ-
മദ്ധ്യത്തിൽപ്പള്ളികൊള്ളുന്നവനു മതിവരു-
ന്നില്ല തെല്ലും മനോജ്ഞേ,
സദ്യോനിർവ്വാണസൗഖ്യപ്രദമതു സകലം
സംഗ്രഹിച്ചെൻഗൃഹത്തി-
ന്നദ്വൈതാനന്ദവാണീ! വരിക ജനനി! വ-
ന്നാടുകന്നാടകം നീ. 5

മണ്ണപ്പം തീ മരുന്നും മുടിയുമഥ മഹാ-
ധൂളിയും ധൂളിയായി-
ക്കണ്ണിൽക്കാണാതെ ശൂന്യക്കരിയിരുൾകബളം
കൊണ്ടതും കണ്ടുനില്ക്കും
എണ്ണിക്കാണുന്നനേരത്തെരിചുടരെതിരി-
ല്ലന്ധകാരത്തരിമ്പീ-
വണ്ണം വേരറ്റു വിശ്വം നിറയുമൊരു മഹാ-
വിദ്യയെക്കൈതൊഴുന്നേൻ. 6

കാണപ്പെട്ടുള്ളതറക്കണികലരുമരും
കണ്ണുമറെണ്ണമറ,-
പ്രാണപ്പറവറുപറവിപ്പടരുമൊരു പട-
പ്പൊക്കെയറുക്കുന്നിൽ
വാണിപ്രാതീതനൈജപ്രിയ വടിവിൽ വള-
ർന്നുള്ള വിശ്വപ്രബോധ-
പ്രാണപ്പറവാമപാരപ്രകൃതിപതിയെ ഞാൻ
പിന്നെയും കൈതൊഴുന്നേൻ. 7

Digitized By Kerala Sahitya Akademi

തന്നത്താനാദരിക്കും ധരണിയിലരുമ-
ത്തമ്പുരാൻതന്റെ പാദം
തന്നിൽത്താനുല്ലസിക്കും തരളതയവിടെ-
ത്തന്നെയും മുന്നിടുമ്പോൾ
തന്നിൽ തത്ത്വം പദം പോയഴിയുമസിയുമ-
റപ്പുറത്താത്മബോധം
തന്നിൽ താങ്ങറ തത്ത്വത്രിപുടിമുടിവിനെ–
ത്താണിതാ കൈതൊഴുന്നേൻ. 8

ജ്ഞാനച്ചെന്തീമിഴിക്കോണിളകിയരിപുരം
ചുട്ട നിർദ്ധൂളിയാക്കി-
ബ്ഭാനത്തിന്നന്ധകാരം പറവതു ശരിയ-
ല്ലാതെയില്ലാതെയായി
മാനംവിട്ടുല്ലസിക്കും മഹിതതമമഹാ-
മൗനമാകും മഹസ്സിൽ–
ത്താനേ ഞാനെന്നെവച്ചത്തലവനെയധികം
താണിതാ കൈതൊഴുന്നേൻ. 9

ഭാനം ഭാനം പ്രപഞ്ചപ്രകൃതി സകലവും
ഭാനമദ്ഭാനവിങ്കൽ
കാനൽ ''കേണീ'' പ്രവാഹം കളവുകളവുതാ-
നെന്നതാനൊന്നറിഞ്ഞാൽ
സ്ഥാനം മാറില്ല താനില്ലവിടെയൊരു തട-
സ്സുങ്ങളില്ലെന്നുമല്ലാ-
താനന്ദാകാരമായ് നിന്നരുളുമതിശയം-
തന്നെയാണെന്റെ ദൈവം. 10

ഓമെന്നോതുന്നതും പോയൊലിയുമൊഴിയുമ-
ങ്ങുള്ളിനുള്ളായി നില്ക്കും
നാമം വേരറ്റു നാനാനരസുരനരക-
സ്ഥാദികൗക്കേകമായി
പ്രേമാവാസപ്രബോധപ്രഥിതവടിവൊട്ടും
നിന്നു സ്ഫുർവ്വം ഭരിക്കും
സീമാതീതാൻകമ്പാമൃതമഴ പൊഴിയും
സദ്ഘനം സാധുദൈവം! 11

Digitized By Kerala Sahitya Akademi

ഓങ്കാരത്തിന്നുമൊററ്റത്തരിയുടയ മുഴ—
ക്കത്തിനും ലക്ഷ്യമെങ്കിൽ
ഭാംകാരത്തിന്നുമേവം പലതിനുമതുപോ—
ലാകുമെന്നാകുമെന്യേ
ഞാൻ കാണുന്നില്ല ചൊല്ലുന്നതിനൊരു പദവും
നാദബിന്ദുക്കളററ—
ത്തേൻകാരുണ്യപ്രവാഹം ത്രിഭുവനവടിവായ്
നിന്നൊരൊന്നാണു ദൈവം. 12

കാണും ദ്രവ്യങ്ങളാകും ഘടപടമഖിലം
കാൽക്ഷണം കാലതത്ത്വ-
ന്തൃണിന്നാമുമ്പർകോനും തൃണവുമൊരുകണ—
ക്കാകുമെന്നാകിലപ്പോൾ
കാണാനില്ലെങ്കിലില്ലക്കലനമതു മഹാ-
കാളരാത്രിക്കരത്തിൽ
പ്രാണാപായം ഭവിക്കുന്നതിനുമതിനുമ—
ങ്ങപ്പുറത്തെന്റെ ദൈവം. 13

സ്ഥൂലം സൂക്ഷ്മത്തഴപ്പാണിതു സുദ്ധമുടൻ
സൂക്ഷ്മവും സൂക്ഷ്മമാകും
മൂലം മൂടുന്ന മോഹാവലിയുടെ മുളയാ—
ണെന്നു കാണുന്നശേഷം
നാലാമൻതന്റെ കണ്ണിൻനടുവിൽ അതുമുദി—
ച്ചസ്മിച്ചേകബോധം
മേലായ് മേലായ് വളർന്മധുരമഴ പൊഴി—
ക്കുന്നതാണെന്റെ ദൈവം. 14

എണ്ണം നാണിച്ചുനില്ക്കുന്നിരവി മതി തുട-
ർന്നുള്ള ഗോളങ്ങളെല്ലാ—
മുണ്ണിക്കൈകൊണ്ടുരുട്ടുന്നൊരുവിധമുമ—
ക്കന്ദുകക്രീഡയാടി
വിണ്ണും വിണ്ണെന്നുചൊല്ലുംപടി വിരിവിൽ വള—
ർന്നുള്ള വിശ്വപ്രപഞ്ച—
ക്കണ്ണിൽക്കാണായ കാന്തക്കതിരൊളിയതിനും
കാതലാണെന്റെ ദൈവം. 15

Digitized By Kerala Sahitya Akademi

കാണപ്പെട്ടില്ല, കാണുന്തിറമൊടതിനു ക—
ണ്ണുമില്ല, കയ്യില്ല, കാലി—
ല്ലാണല്ല,ല്ലാതെ മറ്റല്ല,ണവുമളവുമി—
ല്ലാദിയില്ലന്തമില്ല;
സ്ഥൂണപ്രായം ജഡത്വം ചെറുതു പറയുവാ—
നില്ല മറ്റൊന്നുമല്ലി—
ക്കാണും ബ്രഹ്മാണ്ഡകോടീകപടനടകലാ—
ശാലിയാണെന്റെ ദൈവം. 16

ഭൂ, തോയം, ജാതവേദസ്സുനില,നമരഭൂ—
വബ്ജനാദിത്യനേഴും
ഹോതാവും ചേന്ന ത്രുപത്തിനുമമലമഹ—
സ്സാമത്രുപസ്ഥിതിക്കും
ധ്യാതാവിൻ വൃത്തിമദ്ധ്യത്രുതയരുമുഭയത്രു—
പത്തിലോരോന്നിയറും
ധാതാവാദിക്കുമുള്ളായ് വിലസുമൊരു മഹാ—
ധാമമാണെന്റെ ദൈവം. 17

വേദം നാലിൻ മുടിക്കും വിരവിൽ വിവിധമാ—
മാഗമങ്ങൾക്കുമോരോ
ഭേദം പറഞ്ഞിപ്പിണഞ്ഞും പലപല സമയ—
ങ്ങൾക്കുമപ്പുറമാതലായി
വാദംപോകും വഴിക്കിന്നധികമകലെയായ്
വാസ്തവം കണ്ട കണ്ണിൻ—
ഖേദക്കണ്ണീർ തുടച്ചക്കനിമഴ പൊഴിയും
കൊണ്ടലാണെന്റെ ദൈവം. 18

അല്ലല്ലെന്നോതിയന്ത്യത്തമരമൊഴി മട്ടു—
ത്തന്തരിച്ചാദരിക്കും
ചൊല്ലെത്താതൊന്നു ചൂണ്ടിത്തരുമരിയ ചിദാ—
കാശദേശാന്തരത്തിൽ
ഉല്ലോലാനന്ദബാഷ്പാമൃതമധുവൊഴുകും
യോഗിചിത്താംബുജത്തി—
ന്നല്ലില്ലാതുള്ളഹസ്സിന്നനിശശരണമാ—
മംശ്രുമാനെന്റെ ദൈവം. 19

Digitized By Kerala Sahitya Akademi

സത്താസാമാന്യസാക്ഷാൽകരണസരണിയിൽ
സാന്ദ്രസൗഭാഗ്യമായി—
ച്ചിത്തായിച്ചേതനാചേതനജഡനിചയം
ചെയ്ത ചൈതന്യമായി
മുത്തായ് മാണിക്യമായ് വന്മരതകമലയായ്
മോഹികുംക്കും മുനിക്കും
സത്തായ് സാനന്ദതേജോമയമഹിതമതായ്
നിന്നൊരൊന്നാണ ദൈവം. 20

നിജാനന്ദാനുഭൂതി

ബ്രഹ്മാദിക്കുമമന്ദസുന്ദരപരാ—
നന്തൈകസന്ദായിനീ!
ബ്രഹ്മശ്രീ ബഹ്വവേദവിസ്മരധുരാ—
ലംബേ! ശിവാലംബികേ!
കർമ്മാകർമ്മവികർമ്മവിഭ്രമവിവാ—
ദാമൂലവിധ്വംസിനീ!
ബ്രഹ്മധ്യാനകലേ! സമാധികുശലേ!
ബാലേ! കടാക്ഷിക്ക നീ. 1

ജന്മാപായജയോപയോഗപദവീ—
ജിജ്ഞാസുവിജ്ഞാപികേ!
ജിഹ്മാതീതപഥാന്ധപാന്ഥപരിഷ—
ത്സാധേയപാഥേയമേ!
ബ്രഹ്മാനന്ദരസപ്രമാണകലനാ—
കുംഭായമാനേ! മഹാ—
നിർമ്മദ്ധ്യാനകലേ! നിതാന്തസുഖദേ!
നിത്യേ! കടാക്ഷിക്ക നീ. 2

കന്ദർപ്പാദിപിശാച നീചപടല—
പ്രോച്ചാടനോങ്കാരിണീ!
സന്ദിശ്ധാന്തസമസ്തസംസ്മൃതിരുജാ—
സഞ്ജാതസഞ്ജീവനീ!

Digitized By Kerala Sahitya Akademi

സന്ദർഭോദയസാരമൗനസരസാ–
ലാപേ! സദാ സച്ചിദാ–
നന്ദദ്ധ്യാനകലേ! സമാധികുശലേ!
ബാലേ! കടാക്ഷിക്ക നീ. 3

അക്ഷാദിപ്രസൃതാത്മബോധകലികാ–
സന്ദോഹചന്ദ്രാത്മികേ!
വിക്ഷേപോദ്ഭവവിശ്വവൃദ്ധികലികാ–
മന്ദാരകന്ദാത്മികേ!
''അക്ഷാതീതചിദന്തരീക്ഷവിഹര–
ന്നിഷ്പക്ഷപക്ഷീ മഹാ–
വിക്ഷേപക്ഷയസൂക്ഷ്മസാക്ഷി'' ന പരോ–
ക്ഷാക്ഷീ! കടാക്ഷിക്ക നീ. 4

സംസാരാമയഘോരസാഗരതരീ–
ഭ്രതേ! സമസ്തേശ്വരീ!
ഹിംസാപേതഹിരണ്യഗർഭദയിതേ!
ഹീരോപലോദ്യൽപ്രഭേ!
ഹംസാരാധിതഹംസവാഹനസുതേ!
ഹംസാത്മികേ! ഹംസികേ!
ഹംസധ്യാനകലേ! ഹരാംഗനിലയേ!
അംബേ! കടാക്ഷിക്ക നീ. 5

പ്രേപ്രസ്രവണപ്രസന്നവദന–
പ്രേക്ഷാപരോക്ഷപ്രദേ!
കാമക്രോധവിഘാതഗാധഹൃദയാ–
ക്രാന്താന്ധകാരോൽകരേ!
നേമിപ്രായഭവഭ്രമപ്രതിഭട–
പ്രൗഢേ! ദൃഢേ! നിത്യനി–
ഷ്കാമധ്യാനകലാകലാപകലഭേ!
കാന്തേ! കടാക്ഷിക്ക നീ. 6

വേദാഭിജ്ഞരസജ്ഞവിജ്ഞവദനാം–
ഭോജാതജാതാമൃതേ!
വാദാപേതവിധാവിതക്രജനിജ–
പ്രജ്ഞാനവിജ്ഞാപിതേ!

Digitized By Kerala Sahitya Akademi

നാദാതീതപരേ! നിരങ്കുശനിരാ–
ലംബാത്മനിർവ്വാണനി–
ർഭേദധ്യാനകലാധുരന്ധരകലേ!
കാലേ കടാക്ഷിക്ക നീ. 7

ശല്യാഘാതശതാധികക്ഷതരുജാ–
ഹൃദ്ഭേദനാനോദനാ
തുല്യാമോദതുഷാരതുന്ദിലദയാ–
പീയൂഷധാരാധരേ!
കല്യാണാലയകാലയാപനഘനാ–
സക്കേ! വിരക്കേംബ! കൈ–
വല്യധ്യാനകലാവിലാസകലിതാ–
നന്ദേ! കടാക്ഷിക്ക നീ. 8

മായാമാഗ്രനിസഗ്രനിഗ്രളദഘൗ–
ഘാസാരദുഗ്രാമുഖം
മേയാതെന്നെയെടുത്ത മൗനമണിസൗ–
ധത്തിലൂടത്തംബികേ!
നീയെന്യേ ഗതിയില്ല ഞാനൊരു നിരാ–
ലംബൻ നിരാലംബധൗ–
രേയധ്യാനകലേ ധരാധരകര–
സ്ഥൈര്യേ! കടാക്ഷിക്ക നീ. 9

കൈവല്യാദ്രിമഹാവിഹാരകമനീ–
യോന്നീതചേതഃപ്രിയേ!
ദൈവാഭോഗവിഭോഗദൈത്യദലനേ!
ദേവീ! ദയാവാരിധേ!
നൈവന്നൈവമിതിപ്രവൃത്തനടനേ
നാഥേ! നമസ്തേ നമ–
ശ്ശിവധ്യാനകലേ! ശശാങ്കവിമലേ!
ശാന്തേ! കടാക്ഷിക്ക നീ. 10

നാരായണായ ഹരയേ നരകാന്തകായ
നാദാന്തയോഗനഗരാന്തരനായകായ
നാകാവനീസുരനിരസ്തനിജാഭിലാഷ–
നാമാംകുരായ ഭവതേ! നതിരസ്തു നിത്യം.

Digitized By Kerala Sahitya Akademi

ഭക്തവിലാപം

അണകവിയുന്നഴലാഴിയാഴമെന്നിൽ
പ്രണയമുദിച്ചു കവിഞ്ഞു പാരവശ്യാൽ
അണികരമേകിയണഞ്ഞിടുന്ന നാരാ–
യണഗ്രാമനായകനെന്റെ ദൈവമല്ലോ.

വേദാഗമക്കളികളാശമുയത്തി നിന്നി–
ലാധാരമാമലയതിൽ മകടാഭിഷേകം
ബോധാന്ധകാരമിഹിരൻ മമ നാശകാലം
ബോധിച്ചെടുത്ത ഗുരുവിൻ കരുണാമൃതക്കെ.

ആലമുണ്ടഴലുപോലെ മായയിൽ
മാലുകൊണ്ടു മതിയും മയങ്ങി ഞാൻ
കാലു തന്നു കനിയുന്നതെന്നു നീ
വേലുമേന്തി വിലസുന്ന ദൈവമേ! 1

സ്ഥൂലമോ പൊരുളു സൂക്ഷ്മദേഹമോ
മൂലമോ മുടിവിലുള്ളതെന്നിയേ
കാലവൈഭവമതിൽക്കലെന്നെഴും
ജാലമോ മുരുക! മൂലദൈവമേ! 2

പ്രാണനായക! ഭവൽപദാംബുജം
കാണുമാറു കരുതാതെ കശ്മലൻ
വീണനായി വളരുന്നുവെങ്കിലും
കാണി നീ കരുണചെയ്തു ദൈവമേ! 3

ഏണനേർമിഴികളോടു മന്മഥൻ
ബാണവൈഭവമെടുത്തടിക്കിലും
പ്രാണനുള്ളളവണഞ്ഞിടാതെ കൺ–
കോണൊഴിഞ്ഞു കൃപചെയ്തു ദൈവമേ! 4

ആണവക്കടലിലാഴമേഴ ഞാ–
നേണപാണിമകനെന്റെ തമ്പുരാൻ
വേണമെങ്കിലവനെന്നെയാളുമെ–
ന്നാണരപ്പുമടിമയ്തു ദൈവമേ! 5

നീറിടുന്ന മനതാരിൽ നിൻപദം
തേറിടുന്നതിനശക്തനെങ്കിലും
ക്രൂരിടുന്ന തിരുമേനിയെന്നിയേ
വേറിനിക്കൊരുവരില്ല ദൈവമേ! 6

Digitized By Kerala Sahitya Akademi

നാറുമീയുടലു തന്റെ മേനിയിൽ
കേറിയൻപൊടു കലർന്നുകൊള്ളുമോ
ചോറിരന്നു ചുണകെട്ട ചീയുമോ
കുറഞ്ഞു വിലസുന്ന ദൈവമേ! 7

സൂനവാടിയിലെഴുന്ന തെന്നലേ!
പീനമാ മയിലിലേറുമോമലേ!
മാനമറ്റ മലമായ ചെയ്തുമീ
ദീനമെന്നു തുലയുന്ന ദൈവമേ! 8

വാനലക്ഷ്യാടി കുലച്ച കോരകം
തേനൊലിപ്പു വിരിയുന്ന വേളയിൽ
സ്വാനമിട്ടളി മുഴക്കി മൗനമായ്
ഞാനിരിപ്പതിനിയെന്നു ദൈവമേ! 9

തീനെടുത്തിനി വെറുക്കുമെങ്കിലും
വാനടുത്ത വഴി കാണുമെങ്കിലും
കോനെടുത്തു കുടിവയ്ക്കുമെങ്കിലും
ഞാനെടുത്ത ജനി നന്നു ദൈവമേ! 10

*പരമായ നിന്റെ പദപങ്കജത്തിനി–
പ്പുറമായി നിന്നു പൊതിയുന്ന സങ്കടം;
പറയാവതല്ല പലരോടുമോതിയാ–
ലറിയാവതല്ല കളവല്ല ദൈവമേ! 11

അറിയാമിതൊക്കെയവിടത്തിലെങ്കിലും
പറയാതിരിപ്പതഴകല്ല പാമരൻ;
മറനാലുമോതിയറിയാതെ നിൻപദം
പറവാനുമില്ല പരിചിന്നു ദൈവമേ! 12

ഒരു വേലചെയ്തു തിരുവുള്ളമൂറുമാ–
റൊരു സമ്പ്രദായമറിയാതെ പാപി ഞാൻ
ഗുരുപാദമെന്നു കുറിയായ് നിനച്ചതിൽ-
പ്പെരുമാറുമാറു മരുവുന്നു ദൈവമേ! 13

തിരുനീറണിഞ്ഞു തിരുനാമമോതി നി–
ന്തിരുവേലകൊണ്ടു ദിവസം കഴിച്ചു ഞാൻ
സ്ഥിരമായിരുന്ന തവ പാദപങ്കജം
മരുവുന്നതെന്നു മയിലാന്ന ദൈവമേ! 14

---

* 11 മുതൽ 55 വരെയുള്ള പദ്യങ്ങളും കൊല്ലം പെരിനാട്ടു തൃക്കരുവാ കാത്തികേയക്ഷേത്രത്തിൽവെച്ചു ഗുഹകവിതാപരീക്ഷയിൽ ഒരു മണിക്കൂറു കൊണ്ടുണ്ടാക്കിയതാണു്.

Digitized By Kerala Sahitya Akademi

മരുവിൽപ്പരന്ന മൃഗതൃഷ്ണികാജലം
പെരുകുന്നതിന്ന പണിചെയ്തിടാതെ ഞാൻ
സുരലോകഭോഗമതിലും വെറുത്ത നി–
ന്നരികത്തിലെന്ന മരുവുന്ന ദൈവമേ! 15

അറിയാതിരുന്നതറിയാതറിഞ്ഞു ഞാ–
നറിവാകുമിമ്പമഴിയാതഴിഞ്ഞതിരാ
മുറിയാതെ നിഷ്ക മുറയായുറച്ചിരു–
ന്നുറവായതെന്ന പറയുന്ന ദൈവമേ! 16

തുറയായ് നടന്ന തുണയറു നിൻപദം
തുറയായറിഞ്ഞു തുഴയുന്നതൊക്കെയും
കുറിയായ്ണൻ കനിയുന്ന നീയിറ–
പ്പുറമേ വരുന്ന വരവെന്ന ദൈവമേ! 17

ചെറുതില്ല ചിത്തമതിലമ്പു നിമ്പദം
പുറമേ നിനച്ചു പുകഴ്ന്ന പാപി ഞാൻ
അറിവില്ല ചെയ്തതഖിലം പൊറുത്ത നീ
മുതിപ്പെട്ടുത്ത കനിവുള്ള ദൈവമേ! 18

സുരസിന്ധു ചൂടി വിലസുന്ന സുന്ദര–
ത്തിരുമൗലിയാറുതിരളുന്ന നിൻപദം
ഒരുനേരമുള്ളിലൊഴിയാതിരിക്കുമാ–
റരുമകടാക്ഷമരുളീടു ദൈവമേ! 19

പരമില്ലെനിക്കു പറവാനുമാശ്രയം
പരിപാഹി പാഹി പരമാത്മരൂപമേ!
പരിതോഷമോടു പലവാറുമാളുമെൻ
''കുരുവാ''യിരുന്ന കനിയുന്ന ദൈവമേ! 20

അണുവിന്ന മൂലമറിയായ്കയായെഴു–
ന്നണുജാലജാലമഖിലാണ്ഡമണ്ഡലം
പ്പുണയോടു കാത്തു മരുവുന്ന നിൻപദം
പണിയുന്നവക്കു പിണിയേതു ദൈവമേ! 21

അണയറു പൊങ്ങുമരുളാഴിതന്നിലി–
പ്പിണമൊക്കെ നിന്ന വിലസുന്ന പോളപോൽ
ഗുണമറു കണ്ണു കുറിയാക്കിടുന്ന നിൻ-
ഗുണമാരറിഞ്ഞു ഗുരുവെന്നി ദൈവമേ! 22

ക്ഷണവൃത്തിയായ വിഷയാത്മകം സുഖം
തൃണതുല്യമെന്ന കരുതുന്ന ബുദ്ധിമാൻ

Digitized By Kerala Sahitya Akademi

പണിചെയ്യ ഭക്തിപദവീവിലാസമോ–
ടണയുന്നപാരസുഖരൂപ! ദൈവമേ! 23

തൃണയെന്നു നിന്നു പണിയും ജനത്തിന–
ങ്ങണയുന്ന താപമഖിലം കെടുത്തുടൻ
പണയപ്പെടുന്ന പരമാണുകമ്പയാ–
ന്നണിമാദിസിദ്ധിയരുളുന്ന ദൈവമേ! 24

ക്ഷണികാദിവാദിവിപരീതവൃത്തികൾ–
ക്കണുകാതെതന്നെയകലത്തിരുന്നു നീ
പ്രണയം കലർന്നു പരമാർത്ഥവിത്തുകൾ–
ക്കണികയ്യിലാന്നു വിലസുന്ന ദൈവമേ! 25

മണമാദിയായി വിലസുന്ന മണ്ണിലും
തൃണചിന്തചെയ്യ ഗുണമായ് നിറഞ്ഞുടൻ
ഗുണിയറു നിന്നു ഗുണവും നിരാശ്രയി–
ച്ചുണയുന്നതായി വിലസുന്ന ദൈവമേ! 26

രണനാദിതോറുമനിശം ഭ്രമിച്ചുടൻ
രണമാടി നിന്നു രസമൂറുമിന്ദ്രിയം
രണനാദിപെറു രണമാടി രണ്ടുമ–
റുമരേണുമെന്നിലരുളായ ദൈവമേ! 27

ഗണികാജനത്തൊടണയാതെ കേവലം
പണമോഹമോടു പതറാതെ മാനസം
ക്ഷണനേരമിങ്ങു മകലാതെ വന്നുനി–
ന്നണിപാദപദ്മമതിലാക ദൈവമേ! 28

നിണമുണ്ടിടുന്ന നരകപ്പിശാചുതൻ
ഗണമെന്നപോലെ വരുമഷ്ടവൈരികൾ
പ്രണവപ്രയോഗശരധാരയേറുടൻ
പ്രണമാന്നു വീഴുമരുളേക ദൈവമേ! 29

മണമേ മലർന്ന മലരേ! മരന്ദമേ!
അണിയിട്ട പാടുമളിയേ വസന്തമേ!
ഗുണമറു നിന്നു 'കരുവാ' വിളങ്ങുമു–
ണ്മണിയേ തൃണസ്സു ഗുഹദേവ! ദൈവമേ! 30

ആദിനായക! നിറഞ്ഞു നീയിരു–
ന്നാദരിക്കുകിലുമന്ധനായ ഞാൻ
ഖേദവാരിധിയതിൽ കിടന്നഹോ!
വേദനപ്പെടുവതെന്തു ദൈവമേ! 31

Digitized By Kerala Sahitya Akademi

വേദവീഥിയിലുമില്ല നിൻപദം
വാദവാണിയിലുമില്ല ചൊല്ലുകിൽ
മോദമുറ മുനിതൻ മനക്കുരു-
ന്നാദരിച്ചടിയിരുന്ന ദൈവമേ! 32

മൂത്തി മുന്നമുരുവറു നിന്നിടും
പൂത്തിയായ പുരവൈരിപുണ്യമേ!
കാത്തികേയ! കരുണാരസം പൊഴി-
ഞ്ഞാത്തി തീർത്തരുളുമാദിദൈവമേ! 33

പേർത്തുപേർത്തു പരിതാപമൊക്കെ ഞാ-
നോർത്തു ചൊല്ലിയുഴലുന്ന സന്തതം
പാർത്തിരുന്ന പലകാലമെന്നെ നീ-
യോർത്തിരങ്ങിയരുളിനാ ദൈവമേ! 34

ഉണ്ണിയാണൊരുവനില്ല നിൻപദം
നണ്ണിയാണ നടകൊണ്ടിടുന്ന ഞാൻ
ദണ്ഡമിന്നമിയലുന്നതോക്കിലെൻ-
കണ്ണുനീരു കവിയുന്ന ദൈവമേ! 35

കണ്ണിൽനിന്ന കളിയാടിടുന്ന നിൻ-
പുണ്യപാദമറിയാതെ പാപി ഞാൻ
മണ്ണുതൊട്ട മഷിയോളവും കിട-
ന്നെണ്ണിയെണ്ണിയുഴലുന്ന ദൈവമേ! 36

ഉണ്ണിമൂഴകളശേഷമൂഴിയിൽ-
ക്കണ്ണിൽനിന്ന കലരുന്ന കാരണം
നണ്ണിനണ്ണി നരകിച്ചു നെഞ്ചകം
പുണ്ണുപോലെ പിളരുന്ന ദൈവമേ! 37

ദണ്ഡധാരി ദയയെന്നി നിത്യമെൻ-
മണ്ഡപത്തിൽ മരുവുന്നമുലമായ്
ദണ്ഡഭീതി പെരുകുന്ന സന്തതം
ദണ്ഡുമേന്തി വിലസുന്ന ദൈവമേ! 38

പുണ്ഡരീകനയനൻ പുരാരിയും
പുണ്ഡരീകഭവനും പുലത്തിടും
പുണ്ഡരീകമൃദുപാദമെൻ മനഃ-
പുണ്ഡരീകമതിലാക്ക ദൈവമേ! 39

വിണ്ണിൽനിന്ന വിലസുന്ന കാത്തികാ-
പുണ്യമേ ഭുവനമാളുമേകമേ

Digitized By Kerala Sahitya Akademi

കണ്ണടുത്തു 'കരുവാ' വിളങ്ങുമെ–
ന്നുണ്ണിവേല! വരികാത്തു ദൈവമേ! 40

അന്തരായനിരയായ മായത–
ന്നന്തരാളമതിലായ പാപി ഞാൻ
അന്തരംഗമറിയാതനാരതം
വെന്തെരിഞ്ഞു വിരളുന്ന ദൈവമേ! 41

നൊന്തിരുന്ന നതിചെയ്ത നിത്യവും
നിന്തിരുപ്പദനിലീനമാനസൻ
സന്തരിച്ച ജനിസാഗരത്തിൽ വീ–
ണന്തരിച്ചടിയനെന്റെ ദൈവമേ! 42

എന്തുചെയ്യുമിനിയെന്നിനി പ്രിയം
സന്തതം വളരുമാറു ചെയ്യണം
പന്തു വിട്ട കരമന്തതൊട്ടു നിൻ–
ചെന്താളിപ്പദമിരന്ന ദൈവമേ! 43

ബന്ധമുക്തി വിഭജിച്ചു വിഭ്രമി–
ച്ചന്ധകൂപമതിലാണ സന്തതം
ബന്ധുവായ തവ പാദതാരതിൻ–
ബന്ധമാരറിയുമാദിദൈവമേ! 44

അന്ധകാരമതിനാദിയില്ല പി–
ന്നന്ധകാരമുമില്ല ചൊല്ലുകിൽ
അന്ധനായടിയനാഴുവാനിതിൽ
ബന്ധമെന്തുമുകെന്റെ ദൈവമേ! 45

പന്തിയായ പലതും പരന്നിരു–
ന്നന്തകാനനമതിങ്കലാകവേ
അന്തികത്തിലരശറ ഞാനിരു–
ന്നെന്തുചെയ്യുമിനിയെന്റെ ദൈവമേ! 46

ബന്ധുവായ തവ പാദപങ്കജം
ചിന്തിയാതെ മരുവുന്ന ദുർജ്ജനം
അന്തമറ്റ നരകാബ്ധിയേറുവാ–
നെന്തുപായമറിയുന്ന ദൈവമേ! 47

കാലവാഹിനി വഹിച്ചു കാഷ്ഠമായ്
കാളരാത്രിയിലുഴന്ന നിത്യവും
ബാലനാമടിമ വാടി വീഴുമ–
ന്നീലമാമയിലിൽ നിന്ന ദൈവമേ! 48

Digitized By Kerala Sahitya Akademi

മൂലമേ മുരുകദൈവമേ! മുഴു–
സ്ഥൂലമേ സുഖപയഃപയോനിധേ
കാലണഞ്ഞ കരണം കലന്നിടൻ
മൂലമാമയിലിൽ നിന്ന ദൈവമേ! 49

നൂലറിഞ്ഞു നതിചെയ്യുകൊള്ളുവാൻ
കാലമില്ല കനിവില്ല പാട്ടുവാൻ
വേലയറ്റ 'കരുവാ' വിളങ്ങുമെൻ–
വേലവാ! വരിക വിശ്വദൈവമേ! 50

അടലാടിടുന്ന വിഷയങ്ങളനവരതം
തുടരാതൊഴിഞ്ഞു തുലയായിടുന്ന ഞാൻ
അടയാളമറ്റൊരരുളംബരത്തിലായ്
നടമാടിടുന്ന നലതെന്ന ദൈവമേ! 51

മൂഢസൂനുവിന്റെ മഹിമാവുകൊണ്ടടൻ
ജഡവാതമൊക്കെ ജവമേ ജയിച്ചു ഞാൻ
ഗൂഢമേ ജയിക്ക ഗുഹനേ! നമുക്കിനി–
യിഡനിന്നിറങ്ങുമമൃതായ ദൈവമേ! 52

പടമാടിതൊട്ട പലതും പറഞ്ഞിടും
പടുവാദമൊക്കെയഴിയുന്ന പാതയിൽ
വിടകൊണ്ടുചെന്ന വിരിവുള്ളെടുത്തു ഞാ–
നടയുന്നവാറുമരുളീടു ദൈവമേ! 53

അടിയോ നിനയ്ക്കിലതിനില്ലനാദിയായ്
വടിവോടിരുന്ന വിലസുന്ന വിശ്വവും
ഇടയൂടിരിക്കുമിവനീ വഴക്കൊഴി–
ഞ്ഞിടരററിരിപ്പതിനിടയെന്ന ദൈവമേ! 54

അടി കണ്ടുകൊള്ളുവതിനെന്നുതൊട്ടു വ–
ന്നടിയൻ കിടന്ന വലയുന്നനാരതം
പൊടിപോലുമില്ല സുഖമിന്ന മാനസം
പിടികായമാനമതിലെന്റെ ദൈവമേ! 55

കാളാംഭോദക്കരിംകോമളതരകബരീ–
ഭാരമാരോഹണംചെ–
യ്തോളംതല്പുന്ന ഗംഗാനദിയുമൊളി ചൊരി–
ക്കുന്ന ചന്ദ്രക്കിടാവും

Digitized By Kerala Sahitya Akademi

മാളം മാരൻ മദിച്ചാലിനിയുമിനിയുമെ–
ന്നങ്ങു ചെന്നെറിയിൽ തീ–
കാളം കണ്ണും കലന്നെൻ കുണമുരുകനെ–
ക്കാണുവാൻ കാലമായോ! 56

കന്ദർപ്പൻതന്നെ വെന്നക്കൊടിയൊരു കുലവി–
ല്ലിങ്ങു കൈക്കൊണ്ടപോലെ–
സ്സുന്ദരം ചേർന്നിണങ്ങും സരസതരലസ–
ച്ചില്ലിതൻ തെല്ലിഴിപ്പും
മന്ദസ്മേരംപൊഴിക്കും മധുരമൊഴിവിലാ–
സങ്ങളംചേർന്ന ബാല–
സ്സുന്ദരൻതാൻ കാലകാലന്നരുളുമരുളമാ–
റ്റാണുവാൻ കാലമായോ! 57

ആലം കൈക്കൊണ്ട മർത്ത്യക്കുമൃതമഴ ചൊരി–
ഞ്ഞാരു താതാംഭ്രുത–
ക്കാലക്കംബുക്കഴുത്തിൽ കലിതരസമെഴും
ഭസ്മരുദ്രാക്ഷമാലും
ആലസ്യം വിട്ടുദിക്കുന്നഭയമമലചിൻ–
മുദ്രയുന്നിദ്രഭാവം
കോലും വേലും ധരിച്ചും കുശലമുരുകനെ–
ക്കാണുവാൻ കാലമായോ! 58

പാലൊക്കും ഭ്രുതി പൂശിപ്പരിമളമിളകും
പദ്മരാഗപ്രദേശം–
പോലൊക്കും വിസ്തൃതോരഃസ്ഥലമതിലണയ–
പ്പൂണുമപ്പൂണുമാലും
മേലിൽ പൊൻകാഞ്ചി പൂട്ടിക്കലിതരസമര–
ക്കെട്ടു കെട്ടുന്ന വേങ്ങ–
ത്തോലും തൊങ്ങുന്നൊരുണ്ണിത്തിരുവടിയെയിനി–
ക്കാണുവാൻ കാലമായോ! 59

ആടും മൈലേറിയാടുന്നമരമുരുകനെ–
പ്പാടുവാനൗഢമോദം
കൂടും കൗമാരകണ്ണാമൃതമിതു കരുതി–
ക്കേവലം ഭാവമെന്നാൽ

Digitized By Kerala Sahitya Akademi

ഗാഢം തുക്കൈ തലോടിക്കരണയൊട്ട വള–
തുത്തുന്ന കുഞ്ജാസനശ്രീ
തേടും നാരായണശ്രീപരമഗുരുവിനെ–
ച്ചൊല്ലി നീ ചൊല്ല വാണീ! 60

ആത്മാതീതപ്പരപ്പിൽ പരയുരുളുമായ്
പററിനില്ക്കും പരത്തിൽ
സ്വാത്മാനന്ദാനുഭൂതിപ്രചുരിമ വടിവാ–
യാൻ നേന്നോരു ദേവൻ
ആത്മൈശ്വര്യമുക്തിപ്രദനചലനനാ–
ദീശ്വരൻ വിശ്രുതൻ മാ–
ഹാത്മ്യാംഭോരാശിയെന്നന്നുമമുരുകനെ–
പ്പാട നീ ശ്രദ്ധവാണീ! 61

കുന്നിൻമാതോട്ടുകൂടിക്കുവലയശരവൈ–
രിക്കുടുംബിക്കുമെന്നും
മൂന്നായ് മൂളുന്ന മൂലക്കനലിനുമൊളിവിൽ
പ്രാണനും പ്രാണനാകും
പുന്നാമം നാരകം തീർത്തരുളുമരുളിനെ–
പ്പെറ്റു പോററാതിരുന്നാ–
ലെന്നാനന്ദം ലഭിക്കുന്നമലമുരുകനെ–
പ്പാട നീ ശ്രദ്ധവാണീ! 62

സാംഗംനിന്നുള്ള സാക്ഷാലുസമയസമൻ
സാമരസ്യസ്വരൂപൻ
ഗാംഗേയൻ കാർത്തികേയൻ ഗഗനപദവിയേ–
റിക്കളിക്കും കുമാരൻ
മംഗല്യംപൂണ്ട മാതാമടിയിലുറുമുഖം–
കൊണ്ടു പാലുണ്ടു ലോലാ–
പാംഗപ്രക്ഷേപണോൽകപ്പുഴുകമുരുകനെ–
ന്നോതു നീ സാധുവാണീ! 63

ആവിർമ്മോദം വളർന്നച്യുതനരികിലണ–
ഞ്ഞണ്ടർകോൻ കല്പകപ്പൂ–
ങ്കാവിൽ കൈവച്ചു കാളം കലഹമുടയ കാ–
രുണ്യതാരുണ്യരൂപൻ

Digitized By Kerala Sahitya Akademi

ദേവാനീകാധിനാഥൻ ദനസുതരിപു ദി–
വ്യാജവാഹൻ ഗ്രഹങ്ങൾ ധാ–
താവിൻ ധാർഷ്ട്യം തടുക്കുന്നതണ മുകനെ–
ന്നോർത്തു നീ സാധുവാണീ! 64

സുബ്രഹ്മണ്യശതകം

അണകവിയുന്നഴലാഴിയാഴമെന്നിൽ
പ്രണയമുദിച്ചു കവിഞ്ഞ പാരവശ്യാൽ
അണികരമേകിയണഞ്ഞിടുന്ന നാരാ–
യണഗ്രജനായകനെന്റെ ദൈവമല്ലോ. 1

നരകനലം നലമാടിയാടലേറും
നരരെ നതിക്കു കനിഞ്ഞു നാടിയാളും
സുരഹരമാലയീന്നിറങ്ങി മേയും
കരികളഭം കൗണാസമുദ്രമല്ലോ. 2

പനിമലരങ്ക പിടിച്ചു പാലു നല്കും
കനിവുരുവെന്നു കനിഞ്ഞു നില്പുമെന്നിൽ
കനകനിറം കലരുന്ന കുഞ്ജരക്കു–
ഞ്ഞിനിയുമിണങ്ങിയിരങ്ങി നില്പുമല്ലോ. 3

പരപശ്യന്തി പടർന്ന മദ്ധ്യമാദ്വൈ–
ഖരിയായും കളിയാടിടുന്ന ദേവീ!
പരിചിൽപ്പാമരനാകുമെന്നെയും നീ
പരിപാലിക്കുക പൈതലല്ലയോ ഞാൻ. 4

അടിമുടിയറഖിലാണ്ഡകോടിയും ത–
ന്നടിയിലടക്കിയകന്നിടാതെ നിത്യം
നടനമിടും നഗസൂനവായ പൊന്നിൻ–
കൊടി പടരും കുലദൈവമെന്നെയാളും. 5

അരുമറയുമറിഞ്ഞീടാതെയാനന്ദവെള്ളം
പെരുകുമമരരാറിൻ പൈതലേ! കൈതൊഴുന്നേൻ
പെരുമയൊടു പുകഴ്ത്തിപ്പാടി നിൻ പ്രീതി നേടാൻ
വരുമൊരു വഴിമേലീ വാണി നാണിച്ചിടുന്നു. 6

മുരുക! പരമബന്ധോ! പോററി! മൂവാണ്ടു മുന്നം
വിരഹവിവശനായ് വാഴിച്ചതിൽപ്പററി മുററും

Digitized By Kerala Sahitya Akademi

പരിഭവമൊട്ടുതാനോ നിന്നെ ഞാൻ പാട്ടുവാനായ്-
വരുമൊരു വഴിമേലീ വാണി നാണിച്ചിടുന്നു. 7

കരികുടലൊട്ട കല്പക്കാറുമക്കൊണ്ടലേഴും
പെരിയ മലകളെട്ടും പിന്നെ മറ്റുള്ളതേതും
അരമടിയിലടക്കിക്ഷുത്തിടുന്നെങ്കിലും നിൻ-
പെരുമ പറയുവാനീ വാണി നാണിച്ചിടുന്നു. 8

പനിമതിമകുടാലങ്കാര! നീയേ സഹായം
ജനിമൃതിഭയമയ്യോ! നൊന്തിടുന്നന്തരംഗം
ഘനചരിതരസാബ്ധേ! നിന്നെയുന്നി സ്തുതിപ്പാൻ
തുനിയുമളവു തോന്നും വാണി നാണിച്ചിടുന്നു. 9

കരുമന കരണത്തിൽക്കാഞ്ഞു കേഴും ജനത്തിൽ-
ക്കരുണമഴ പൊഴിക്കും കൊണ്ടലേ! കൈവിടൊല്ലേ
പരവശത പൊലിപ്പാൻ നിൻപദം പാടിനില്പാൻ
വരവരെയരുതെന്നീ വാണി നാണിച്ചിടുന്നു. 10

അരിയ മുരുകനേയെന്നാദിയേയാദിതേയ-
പ്പരിഷയുമറിയാ നിൻ പാദമാം ദുഗ്ദ്ധമാഴ്ക്കേ
വരുമവരെ വിഴുങ്ങും വായുമായ് വാണിടും നിൻ-
തിരുവുരുവത്ര തീണ്ടാൻ നെഞ്ചമിന്നഞ്ചിടുന്നു. 11

കുലഗിരിമകളേന്തും കോമളപ്പൈതലേ! നിൻ-
തലകളരിയതാറും തള്ളിയഞ്ചും തകർത്തോ
നിലയിലഖിലമായും നിന്നിതോ നിന്നെയും ഞാ-
നലമലമലമെന്നെൻ നെഞ്ചമിന്നഞ്ചിടുന്നു. 12

കലശഭവഗുരോ! മൽ കാർത്തികേയപ്രഭോ! നിൻ-
കുലിശധരനെയാളും കൗശലം കാണുമോ ഞാൻ
കലിയകലെയൊഴിപ്പാൻ കണ്ടതെല്ലാം കരേറി-
പ്പലപലവഴി പായും നെഞ്ചമിന്നഞ്ചിടുന്നു. 13

ഗതിയരുളുകെനിക്കും ഗായകൻതാനുമല്ലെൻ-
മതിമകുടമണേ! ഞാൻ മാതപം ചെയ്തുമില്ലേ
ശിതിഗളശിശ്രുവാം നീ ചെറു ചുമ്മാ കനിഞ്ഞാൽ
മതിമതിമതിയെന്നെൻ നെഞ്ചമിന്നഞ്ചിടുന്നു. 14

മതി മതി ഗ്രഹമാഹാത്മ്യം മതിക്കുന്ന നേരം
മതിയിൽ മഹിതമൗനം വന്നു താനേ കരേറും
പതിതനഗതി ഞാനോ പാപി നീയല്ലയോയെൻ-
പതി പരമദയാലോ! പാഹിമാം ബാഹുലേയ! 15

Digitized By Kerala Sahitya Akademi

അരുമപ്പൊൻകൊടിയെന്റെ ബാഹുലേയൻ
തിരുവുള്ളം കനിയാതിരിക്കിലും നീ
വരുമാറൊന്നു തുണയ്ക്കു വല്ലവണ്ണും
കരുണാശാലി കരേറിടുന്ന മൈലേ! 16

ചിറകും ചെറു വിരിച്ചു ചാരുപീലി–
പ്പുറവും പൊക്കി നടിച്ചിടുന്ന നേരം
മറതേടും പൊരുളോടിവന്ന കോഴും
തിറമോടപ്പൊഴതിങ്ങു പോരെ മൈലേ! 17

പരിപാകം പരിചോടു പാർത്തിരിക്കും
പരമാനന്ദനെയൊന്നു കണ്ടുകൊൾവാൻ
വരുമാശയ്ക്കുളവില്ല ബാഹുലേയ–
പ്പെരുമാളേറി വരുന്ന പൊന്നുമൈലേ! 18

തകരുന്നുള്ളമെനിക്കു താപമയ്യോ!
നികരില്ലാതെ നമുക്കു നീ തുണച്ചാൽ
പകരം പാമരനെന്തു ചെയ്തിടുന്നെൻ–
മകരന്ദക്കടലേറിടുന്ന മൈലേ! 19

പരിതാപം വളരുന്ന പൈതലീ ഞാൻ
പരമാർത്ഥത്തിലെനിക്കു ബന്ധു നീയേ
തരവും താമസിയാതെയിന്നു തന്നെൻ–
നിരയാരാതിവരുന്ന നീലമൈലേ! 20

അടിയൻ നിന്തിരുമേനിയെത്തൊഴുന്നേ–
നടിയോടെന്നെയുമപ്പണം തരുന്നേൻ
മുടിയിൽത്തിങ്കളണിഞ്ഞ താമ്രചൂഡ–
ക്കൊടിയൻ കേറിവരുന്ന കോലമൈലേ! 21

കുറമാതിന്നതികൗതുകം കൊടുക്കും
ചെറുഹാസം ചിതറുന്ന ചാരുശീലൻ
പറയാതുള്ളമറിഞ്ഞു നീ പറഞ്ഞെ–
ന്നിരുകണ്ണേ! വരികിന്ദ്രനീലമൈലേ! 22

തിരുനീറൻ തിരുമേനികൊണ്ടിറക്കി–
ച്ചിറകും ചഞ്ചുവിനാൽ ചൊറിഞ്ഞു നീയും
അരികേതന്നെ വസിച്ചു വിശ്രമിക്കെ–
ന്നരയന്നം വരുമാദി മൂലമൈലേ! 23

പിടി മറ്റില്ല പെടുന്ന പാടിതെല്ലാ–
മടിയറ്റീടണമെന്നെയാളണം നീ

Digitized By Kerala Sahitya Akademi

കൊടിയുംകുത്തിയിറങ്ങിയംബരത്തെൻ
വടിവേലൻ വിളയാടിടുന്ന മൈലേ! 24

അവലംബം മമ നീ ഗ്രഹൻ ദിദൃക്ഷാ–
വിവശൻ ഞാൻ വിനയേറിടുന്ന ബാലൻ
ഭവപാശത്തിനാസിസ്ത്രുപനാകം
ഭവസൂനപ്രിയവാഹമായ മൈലേ! 25

മുരുക വിഭോ! മുഴമൂലമേ മുകുന്ദൻ
തിരുവടിയും തൊഴുമാദിതേയമൗലേ
കരുതരുതാതൊരു നിൻറെ കേളിയെല്ലാ–
മൊരുകുറിയെങ്കിലുമൊന്നു കാണുമോ ഞാൻ. 26

കുറമകൾ പൂശിയ കുങ്കുമക്കുഴമ്പിൻ–
പരിമളകാന്തി പരന്നിടുന്ന പൂമെയ്
കരള കനിഞ്ഞു കവിഞ്ഞ കണ്ണുനീരോ–
ടൊരുകുറിയെങ്കിലുമൊന്നു കാണുമോ ഞാൻ. 27

കനിമധുരക്കടലീന്നു കാന്തിതേടും
മുനിവരർ മുങ്ങിയെടുത്തിടുന്ന മുത്തേ!
പനിമതി ചൂടിയ പൈതലെപ്പറഞ്ഞെൻ–
കനിവുരുവിൻ കഴലെന്നു കാണുമീ ഞാൻ. 28

കലിവലയിൽക്കലരാതെ കൈതൊഴുന്നെൻ–
കലുഷമകററിയെടുത്തു കാത്തുകൊൾവാൻ
കലമുദുവാണി മൊഴിഞ്ഞ കയ്യുമായെൻ–
കുലഗുരുവെന്നു വരുന്ന കാണുമോ ഞാൻ. 29

ഘടപടമേറി വരുന്ന കാലചക്ര–
ക്കടവു കടന്നു കലൻ നിന്നുകൊൾവാൻ
അടിമപെടും തുയരോർത്തു കാലകാലൻ
തടവിവിടും തിരുമേനിയെന്നു കാണാം. 30

സുരതടിനീസുത! സങ്കടം സഹിപ്പാ–
നരുതരുതെന്തു വിളംബമേവമയ്യോ!
ദുരിതമുരുത്തിനി ദൈവമേ! കനിഞ്ഞെ–
ന്നിരുമിഴിമുമ്പെഴുനെള്ളുകില്ലയോ നീ. 31

സഗണമഹോ സനകാദി സിദ്ധരോടും
നഗസുതനാഗവിഭ്രഷണാദിയോടും
ഖഗമതിലേറിവരുന്ന കാർത്തികേയൻ
ഗഗനവിലാസവുമെന്നു കാണുമീ ഞാൻ. 32

Digitized By Kerala Sahitya Akademi

ഗഗനസരസ്സിൽ വിരിഞ്ഞ പൂവിരുപ്പാ–
നഗസുത പൊറവിനോടിവന്നിടുമ്പോൾ
ഭഗവനനന്ത! ജയിക്കയെന്നുമോതീ–
ട്ടഗണിതമഞ്ജലിചെയ്തു നില്പ്പുമോ ഞാൻ. 33

കുറിയ മുനിക്കു കനിഞ്ഞ കൗശലക്കൈ–
യറിയണമെന്നകതാരിലാശയോടും
അറുമുഖദേവനിലാന്ന ഭക്തി പാരം
മുറുകി മുതിർന്നുമുതിർന്നു നില്പ്പുമോ ഞാൻ. 34

കലിമലദൂഷിതനിന്നു കഷ്ടമീ ഞാൻ
വിലപിടിയാതവനെങ്കിലും വിലാപം
അലിവുരുവിന്നവകണ്ണനക്ഷണത്തിൽ–
ത്തലവിധിയും തകിടാറുചെയ്യുമല്ലോ. 35

അനീകിനീനായകനാദിനായകൻ
മനീഷിവന്ദ്യൻ മതിമാൻ മനോഹരൻ
മുനീശ്വരൻ മൂഷികവാഹനാനുജൻ
ധുനീസുതൻ വാഴ്ക സുന്ദരൻ ഗ്രഹൻ. 36

ദുരന്തസംസാരസമുദ്രമേറുവാൻ
കരന്തരും കണ്മണി കൃത്തികാസുതൻ
പരന്തപൻ പങ്കജയോനിവന്ദിതൻ
ചിരന്തനൻ വാഴ്ക ചിന്മയൻ ഗ്രഹൻ. 37

അരിന്ദമൻ ദേവനഖണ്ഡനച്യുതൻ
പുരന്ദരപ്രാഞ്ജലിപാത്രപാദുകൻ
ഇരന്നിടുന്നോരെയെടുക്കുവാനുടൻ
വരുന്നവൻ വാഴ്ക വാഹിനീസുതൻ! 38

പയോദമേ പങ്കജമേ പരാഗമേ!
വിയോഗമേ വേദവിശിഷ്ടയോഗമേ!
നിയോഗമേ നിർമ്മലനീതിസാരമേ!
ദയോദധേ വാഴ്ക ദേവ ദൈവമേ! 39

മലർന്ന പൂവേ മലമറ മേരുവേ!
പുലമ്പിടുന്നോർക്കു നിലിമ്പദാരുവേ!
കലങ്ങിടുന്നെൻകരണം കൃപാനിധേ!
കലേശമൗലേ! ഗ്രഹ! വാഴ്ക ദൈവമേ! 40

വിയന്നദീനന്ദന! വായുസാരമേ!
സ്വയംപ്രഭോ! സുന്ദരസോമശേഖരാ!

Digitized By Kerala Sahitya Akademi

ദയാനിധേ! ദിവ്യമയൂരവാഹനാ!
ജയിക്ക നീ ജന്മവിനാശനാശനാ! 41

കലാപിയേറിക്കളിയാട്ടമോമന-
ക്കലാപമേ! യോഗകലാകലാപമേ!
കലേശകോടീരമണേ! കലഹ ചി-
ദ്വിലാസമേ! വാഴുക വേദദീപമേ! 42

പുരാരിയെന്നും പുണരുന്ന പൈതലേ!
പുരാണമുള്ളിൽപ്പുലരുന്ന കാതലേ!
വിരാമമെന്യേ വിലസുന്ന ദീപമേ!
പുരാതനപ്പൂങ്കൊടിയേ! ജയിക്ക നീ. 43

അപാരസൗഭാഗ്യനിദാനഹേതുവേ!
കൃപാംബു പായും കൃകവാകകേതുവേ!
ഉപാധിയുംവിട്ടയരുന്ന ദൈവമേ!
ജപാപ്രസൂനപ്രഭയേ! ജയിക്ക നീ. 44

ഇരക്കിലും നിന്നടിതാനിരക്കണം
മരിക്കിലും ഞാൻ മറവാതിരിക്കണം
ഭരിക്കണം നിന്തിരുമേനിയേഴമേ-
ലിരക്കമേറും ഗ്രഹമേ! ജയിക്ക നീ. 45

ആലമുണ്ടഴലുപോലെ മായയിൽ
മാലുകൊണ്ടു മതിയും മയങ്ങി ഞാൻ
കാലുതന്ന കനിയുന്നതെന്ന നീ
വേലുമേന്തി വിലസുന്ന ദൈവമേ! 46

സൂനവാടിയിലെഴുന്ന തെന്നലേ!
പീനമാമയിലിലേറുമോമലേ!
മാനമറമലമായ ചെയ്യുമീ
ദീനമെന്നു തുലയുന്ന ദൈവമേ! 47

വാനലക്കൊടി കുലച്ച കോരകം
തേനൊലിച്ചു വിരിയുന്ന വേളയിൽ
സ്വാനമിട്ടളി മുഴക്കി മൗനമായ്
ഞാനിരിപ്പതിനിയെന്ന ദൈവമേ! 48

തീനെടുത്തിനി വെറുക്കുമെങ്കിലും
വാനടുത്ത വഴി കാണുമെങ്കിലും
കോനെടുത്തു കുടിവയ്ക്കുമെങ്കിലും
ഞാനെടുത്ത ജനി നന്നു ദൈവമേ! 49

Digitized By Kerala Sahitya Akademi

സ്ഥൂലമോ പൊരുളു സൂക്ഷ്മദേഹമോ
മൂലമോ മുടിവിലുള്ളതെന്നിയേ
കാലവൈഭവമതിൽക്കലെന്നെഴും
ജാലമോ മുകുന്ദ! മൂലദൈവമേ! 50

പ്രാണനായക! ഭവൽപദാംബുജം
കാണുമാറു കരുതാതെ കശ്മലൻ
വീണനായി വളരുന്നുവെങ്കിലും
കാണി നീ കരുണചെയ്തു ദൈവമേ! 51

ഏണനേർമിഴികളോടു, മന്മഥൻ
ബാണവൈഭവമെടുത്തടിക്കിലും
പ്രാണനുള്ളളവണഞ്ഞിടാതെ കൺ–
കോണഴിഞ്ഞു കൃപചെയ്തു ദൈവമേ! 52

ആണവക്കടലിലാഴമേഴ ഞാ–
നേണപാണിമുകനെന്റെ തമ്പുരാൻ
വേണമെങ്കിലവനെന്നെയാളുമെ–
ന്നാണറപ്പുടിമയ്തു ദൈവമേ! 53

നാറുമീയുടലു നിന്റെ മേനിയിൽ
കോറിയൻപൊടു കലർന്നുകൊള്ളുമോ?
ചോരിരന്നു പുണകെട്ട ചീയുമോ?
കൂറഴിഞ്ഞു കവിയുന്ന ദൈവമേ! 54

നീറിടുന്ന മനതാരു നിൻ പദം
തേറിടുന്നതിനശക്തമെങ്കിലും
കൂറിടുന്ന തിരുമേനിയെന്നിയേ
വേറെനിക്കൊരുവരില്ല ദൈവമേ! 55

അടിയേ നമുക്കു ഗതിയെന്നു നിന്നിടു–
ന്നടിമയ്ക്കുടുക്കുമഴലാറു നീറവേ
പിടിപെട്ടണച്ചു പുണരുന്നതെന്റെ കു–
ക്കുടകേതുവിന്റെ കുളിർമേനിയല്ലയോ! 56

ഇടറിറെഴുന്നൊരിടമേകിടുന്നതും
പിടിവിട്ടവക്കു പിടിയായിടുന്നതും
പടുയോഗസിദ്ധി പലതും കടന്നതും
പടനായകന്റെ പടികാവലല്ലയോ? 57

അടലിന്നിറങ്ങുമളവംബരാന്തരം
പടഹം ധ്വനിച്ചു ഭടരങ്ങു പൂഴവേ

Digitized By Kerala Sahitya Akademi

പടവേലെടുത്തു പരിചിൽപ്പുറപ്പെട്ടം–
പടി കണ്ടുകണ്ടു പടിയേറുമെന്നു ഞാൻ? 58

തണലാകുമെന്റെ മുരുകന്റെ ചാരു ക–
ങ്കണമാന്നിടുന്ന കരപാരിജാതകം
കണികണ്ടവക്കു കനിവുള്ള കല്പക–
ത്തണലിന്നു നട്ട തരുവുന്ദമല്ലയോ? 59

ഹരദേവി വാരിയലിവോടു മുത്തിടും
ഹരിചന്ദനപ്രചുരമഞ്ജരീകമേ!
കരയുന്ന കണ്ണിനൊരുപോതു കാണുവാൻ
വരികിന്നു വേല! വടിവേല! വൈകൊലാ. 60

കരുതുന്നനേരമിഹ കണ്ടുകൊള്ളുവാൻ
പെരുകുന്നു മോഹഭരമെന്റെ ദൈവമേ!
തിരുമേനി തീയനൊരുവേള കാണുവാൻ
വരികില്ലയോ വരദ,നെന്തു താമസം? 61

വെറുതേ വിളിച്ചു വിളിയെന്നുവച്ചു നീ
കറുമാതിനോടു കഴയുന്ന വേളയോ?
പറവാനെനിക്കു പലതുണ്ടു തങ്ങളിൽ–
പ്പരിഹാസമല്ല വരികാതു ദൈവമേ! 62

അറിവറ മൂഢനിവനോടു ചെന്നടു –
ത്തുറുതിപ്രസംഗമരുതെന്നുവസ്തുവിലും
കുറവല്ലി കണ്ട കുളിർമേനി കാണുവാൻ
കുറയില്ലെനിക്കു കുറയറ ദൈവമേ! 63

കുറയറ നിന്റെ കരുണാരസക്കടൽ–
ക്കരകണ്ടതാരു കമനീയരൂപമേ!
മുരുകൻ നമുക്കു മുതലെന്നുവച്ചു ഞാൻ
വരികെന്റെ മുമ്പിലിനി ബാഹുലേയ! നീ. 64

അറിവോതിവന്ന മുനിമാരെയാളുമ-
പ്പിറവാലു ചൂടി വിലസും പിതാവിനും
മറയോതിടുന്ന മധുവാരിവാമലർ–
ത്തിറമോടുമെന്റെ മുരുകൻ വരുന്നിതോ! 65

സഞ്ചിതസാഗരമെന്നാൽ
വഞ്ചിക്കപ്പെടുവതിന്നു വടിവേലൻ
അഞ്ചിതനമലനമേയൻ
കുഞ്ചിതപാദൻ വരുന്നതെന്നയ്യോ! 66

Digitized By Kerala Sahitya Akademi

പിഞ്ഛമയിൽപ്രിയനോടും
പഞ്ചാമൃതവാരിരാശിതൻ കരയിൽ
പഞ്ചാരപ്പുതുമണലിൽ
കൊഞ്ചിക്കളിയാടിടുന്നതെന്നയ്യോ! 67

ചേലാർന്ന നീലമയിലിൽ
കോലാഹലമാർന്ന കോമളസ്കന്ദൻ
വേലായുധനെന്ന വരും
താലോലിക്കുന്നതെന്ന ഞാനയ്യോ! 68

ബാലേന്ദുകലാചൂഡൻ
ബാലസഖൻ ബാഹ്യേയനതിസുമുഖൻ
ഫാലാന്തരപടുനയനൻ
നീലസ്കന്ധൻ വരുന്നതെന്നയ്യോ! 69

സിന്ദൂരരുചിരഗാത്രൻ
വൃന്ദാരകവൃന്ദവന്ദിതൻ വരദൻ
മന്ദാരമൃദുലമാലാ–
സുന്ദരവക്ഷസ്കനെന്ന വരുമയ്യോ! 70

കുന്ദരതീകുചകലശീ–
കന്ദുകലീലാവിനോദവിവശനവൻ
മന്ദസ്മിതമുഖമുരുകൻ
മന്ദം മന്ദം വരുന്നതെന്നയ്യോ! 71

ഉൽപ്പന്നേനൊലി നകരും
ഷഡ്പദമായെന്റെ മുമ്പിലൊരു കയ്യിൽ
കല്പാന്തക്കനലേന്തും
ചിൽപൂരുഷനെന്ന വന്നിടുന്നയ്യോ! 72

കല്പവികല്പവിഹീനൻ
കല്പിതശില്പൻ ഹരിൽപതിപ്രണതൻ
കല്പകകല്പനനല്പൻ
തല്പരമുരുകൻ വരുന്നതെന്നയ്യോ! 73

ഞാനില്ലാതെ ഞെരുങ്ങി–
ത്താനേ നിന്നാടിടുന്ന തനിമുരുകൻ
ഭാനൈകമാനനമലൻ
മാനാതീതൻ വരുന്നതെന്നയ്യോ! 74

ആനന്ദവല്ലി പടരും
ജ്ഞാനമരം ഞാൻ കുറിച്ചിടും ജ്ഞേയം

Digitized By Kerala Sahitya Akademi

മൗനത്തേൻകനി ചൊരിയും
വേനത്തണലെന്നു വന്നിടുന്നതെയ്യോ! 75

സേനാമുഖത്തിലുയരുന്നൊരു വാദ്യഭേദം
നാനാവിധം മധുരമിന്നു മുഴങ്ങിടുന്നു
ആനന്ദമാമയിലിലേറിയലങ്കരിച്ചു
വാനാളുമെന്റെ വടിവേലനിതാ വരുന്നു! 76

ഓംകാരവാദമതിലാത്മഭവന്നുദിച്ചോ–
രാങ്കാരശൈലഗതകോടിയമർത്ത്യനാഥൻ
സാങ്കേതികം സകലവും നിജ താതനോതു–
മോംകാരമാകുമൊളിവേലനിതാ വരുന്നു! 77

മോദിച്ചുനിന്നു മയിലേറിയ മാമരുന്നിൻ–
പാദം നിനച്ചു പലനാൾ പണിചെയ്തിവണ്ണം
ഖേദിച്ചിടേണ്ട മനമേ! കരയേണ്ട നിന്റെ
വേദാന്തമൂലവടിവേലനിതാ വരുന്നു! 78

മാതാവെടുത്തു മടിയിലിരിയെന്നുണച്ചു
കോതിത്തുടച്ചു കുചകുംഭമിഴിച്ചിടുമ്പോൾ
മീതേ മറിഞ്ഞു മുറയിട്ടമൃതാസ്വദിക്കും
ചേതോഹരൻ ചെറിയ വേലനിതാ വരുന്നു! 79

വാമാക്ഷി വല്ലിയൊടണഞ്ഞു വിനോദമോതി
പ്രേമപ്പെടുത്തുമളവിൽപ്പുലയൻ വരുമ്പോൾ
പൂമേനി പണ്ടു പുലർമാമരമായ കള്ള–
ക്കാമാതുരൻ കനകവേലനിതാ വരുന്നു! 80

പേടിച്ചിടേണ്ട മനമേ! പരിപന്ഥിവർഗ്ഗം
ചാടിപ്പിടിക്കുമിനിയെന്നു ചലിച്ചിടേണ്ട
ഓടിപ്പിടിച്ചമരരെപ്രതി ദൈത്യയൂഥം
പാടേ മുടിച്ച പടവേലനിതാ വരുന്നു! 81

വീചീഭയങ്കരസമുദ്രമെടുത്തു മോന്തി
പ്രാചീനകീർത്തിപെറുമമ്മുനിതന്റെ മുമ്പിൽ
ശ്രീചിദ്വിലാസകരമുദ്രയുമായടുക്കു–
മാചാര്യനാദിയരുംവേലനിതാ വരുന്നു! 82

ഹിംസാദിദോഷമകലത്തു കളഞ്ഞു തന്റെ
സംസേവികയ്ക്കു സതതം സകലം കനിഞ്ഞു
സംസാരസാഗരമെടുത്തു കടത്തിടുന്ന
ഹംസാധിപപ്രബലവേലനിതാ വരുന്നു! 83

Digitized By Kerala Sahitya Akademi

എന്താവതാധികളറുപ്പതിനെന്നു നിന്നു
ചിന്താവശേന മനമേയിനി മേവിടേണ്ടാ
എന്തമ്പുരാനെളിയവക്കലിയുന്നൊരെന്റെ
സന്താനസാരസുരവേലനിതാ വരുന്നു! 84

പററുനിന്നു പണിയും പണിയാളർതന്നി–
ലിററിഴിഞ്ഞ മിഴിനീരിഴിയുന്നനേരം
പററിപ്പിടിച്ചു പുണരും പരമാത്മമായ
പററ പള്ളിവടിവേലനിതാ വരുന്നു! 85

ശിവസ്തോത്രമാല

നമസ്കാരപഞ്ചകം

കുമ്പിട്ടിടുന്നവനു കൂറു കവിഞ്ഞു കൊച്ചു–
തുമ്പിക്കരം സപദി പൊക്കിയനുഗ്രഹിച്ചു
കൊമ്പിൽ ധരിച്ചു ഗുണസിന്ധുവിനക്കരെയ്ക്കു–
ലമ്പിക്കുമാനമുഖമാന്വവനാശ്രയം മേ. 1

തേനുറ്റുച്ചുരന്ന മൊഴി നൽത്തിരമാലപോലെ
ഞാനുച്ചരിക്കുകിലുദിക്കുണമാദിവാണീ!
മാനിച്ചിരപ്പവനു നീ മനസാ കനിഞ്ഞു
കാണിച്ചിടുന്നു കൃപ കുട്ടികവല്ലിപോലെ. 2

എന്നല്ല നീ ചൊരിയുമിക്കുണാകടാക്ഷ–
മൊന്നല്ലയോ ഗതിയെനിക്കജദേവജായേ!
എന്നാവിൽനിന്നുഡുപചൂഡനെയും ഹരിക്കു–
മെന്നാകിലമ്മയൊടുനേരിനിയാരെനിക്കു? 3

കാലേ ഗുണിഷ്ണുമിനിക്കിനിയും കനിഞ്ഞു
ഫാലേക്ഷണന്റെ തനയൻ പരനാദിദേവൻ
മാലേന്തിടാതെ മനതാരിലുദിച്ചു മൈലിൽ
വേലേന്തി നിന്നു വിളയാടിയ ബാഹ്യലേയൻ. 4

ചേരായുവാൻ ജനനമിന്നിയുമെന്റെ പാപ–
നാരായവേരുകളറുത്തു കനിഞ്ഞു നിൽക്കും
നാരായണാഭിധയെഴും ഗുരുനായകന്റെ
പേരായതെൻ പ്രണമനീയപദാർത്ഥമല്ലോ. 5

Digitized By Kerala Sahitya Akademi

ഉപക്രമപഞ്ചകം

ആദ്യന്തവത്തുകൾ ജഗത്തുകളെന്ന കണ്ടി–
ട്ടാദ്യം മനസ്സിലുളവായെഴുമത്തലോട്ടം
സ്വാദ്യങ്ങളായ വിഷയങ്ങൾ വെടിഞ്ഞു വേദ–
വേദ്യന്റെ പാദകമലം വിരയുന്നിതാ ഞാൻ. 1

ഓരോന്ന പണ്ടറിവിയന്നവരോതിയുള്ള–
തോരാതെകണ്ടുറുതിയറു കയറമെന്യേ
പാരാതുഴന്ന തിരിയുന്ന പത്രുക്കളോടു
ചേരാതെ ചെല്ലുമവിടെശ്ശിവനണ്ടെനിക്കു്. 2

ഓത്തീടുമെന്നെയുമൊരുത്തനിതെന്ന ദേവൻ
തീത്തീടുമാശു തണലായ് മമ താപമെല്ലാം
പാത്തീടുമെന്നെയഥ ഭക്തിലതയ്ക്കു തണ്ണീർ
വാത്തീടുമാറു വിതറും കരുണാകടാക്ഷം. 3

തുല്യംകഥിപ്പതിന്ന ദൈവതമില്ലഹോ വാ–
ത്സല്യം നിനയ്ക്കിലിതുപോലൊരുവക്കുമില്ല
ചൊല്ലാം നിജാശ്രിതജനത്തിന ഭോഗമോക്ഷ–
മെല്ലാം കൊടുക്കുവതിനീശ്വരനേകനത്രെ. 4

ഇന്നെന്തിനിങ്ങനെ കിടന്നഴലുന്ന ഞാനി–
ങ്ങെന്നെഞ്ചിലേറുമഴലൊക്കെയുമങ്ങണഞ്ഞാൽ
കന്നിൻകുമാരിയുടെ കോമളമേനിമുല്ല
മന്ദം പടന്ന മധുമാന്നിഴൽ മാറുമല്ലോ. 5

ശിവധ്യാനവിംശതി

ശംഭോ! ഭവൽ കടമിഴിപ്രഭ പാപശൈല–
ദംഭോളിയായ് വരികെനിക്കു ദയാപയോധേ!
കുമ്പിട്ടിടുന്നതിനെഴും കുതുകം കുറച്ചു
മുമ്പിട്ടിടും വിനയെരിക്കുക മുപ്പുരാരേ! 1

തണ്ണീരിൽ മുങ്ങിയനിശം തവ പാദമോർത്തു
വെണ്ണീറണിഞ്ഞു ഹൃദി വേറൊരു ചിന്തയെന്യേ
ഉണ്ണീറിയങ്ങിനെയിരുന്നുരുകിക്കനിഞ്ഞു
കണ്ണീരു തൂവുമിനിയേതൊരു കാലമോ ഞാൻ. 2

ചൊല്ലാന്ന ചെഞ്ചിട പിരിച്ചതിനുള്ളിലോളം–
തല്പീടമാ ത്രിദശവാഹിനി ദീനബന്ധോ!

Digitized By Kerala Sahitya Akademi

വല്ലാതെ വാടി വലയും മമ ചിത്തതാപ–
മെല്ലാം കെടുത്തരുളുമാറരുളീടണം നീ. 3

ഓളത്തിലാഞ്ഞുലയുമാജ്ജടതന്നിടയ്ക്കു
മേളത്തിലാന്ന മുറിയമ്പിളിയമ്പിനോടും
ചീളെന്ന മുക്തിപരിപന്ഥികൾതന്നെയെയോങ്ങും
വാളെന്ന ഞാൻ കരുതിടുന്നിഹ വിശ്വബന്ധോ! 4

ഞാൻ പാരമാശയൊടു നിൻജടതന്നെയെന്നാം–
ക്കാമ്പിൽ കരേറിയതിനമ്പൊടു കുമ്പിടുമ്പോൾ
പാമ്പിൻ പടങ്ങളെയതന്നിഹ കൈപ്പടങ്ങൾ
താൻ പൊങ്ങിടുന്നതുമതന്നതിനെന്നപോലെ. 5

ചേലൊത്തൊരാറ്റൂറു പിറപ്പിതിരായ ചാരു–
ഫാലത്തിലാന്ന തവ പാവകപൂർണ്ണനേത്രം
നൂലെത്തിടാതെ കുഴിയാന്നൊരു മോഹസിന്ധു–
ക്കുലത്തിലേക്കു കുറിദീപമെനിക്കു ശംഭോ! 6

അല്പം ചുളിക്കിലുടനപ്പൊഴതിജ്ജഗത്തി–
നൽപ്പത്തിനാശമരുളുന്നതുളേന്തിനില്പ്പും
മൽപ്രേമരാശിയുടെയാപ്പുരികങ്ങൾ രണ്ടി–
ന്നൊപ്പം കഥിപ്പതിനിനിക്കൊരു വസ്തുവില്ല. 7

നീ സാമ്പ്രതം നിജ സമാധിയിലാന്ന നിന്റെ
നാസാഗ്രചാരികളതാം നയനങ്ങൾ ശംഭോ!
കുസൽപ്പെടുന്ന കുസുമായുധനാശ്രു താക്കും
വൈസാരിണപ്രഥിതവാർകൊടിയെന്ന തോന്നും 8

ചേലൊത്ത താടി ചുഴലും തവ വക്ത്രകാന്തി
മൂലത്തൊടും മമ ഹരിക്കണമന്ധകാരം
കാലത്തു നീലനിറമാമുദയാചലത്തിൻ
മേലെത്തിടും മിഹിരമണ്ഡലമെന്നപോലെ. 9

ചിത്തം കുളർപ്പതിനു കൈ പണിയുന്ന നിന്റെ
നിസ്തുല്യമാമധരപല്ലവസീമ്നി ശംഭോ!
കത്തും രസാലരിയ കോകനദത്തിൽ വീണ
പുത്തൻനിലാവിനെതിരാകിയ പുഞ്ചിരിക്കു. 10

ശോണാചലത്തിനടെ ശോഭ കലർന്ന പാട്ടിൽ
വീണോരു വാർമുകിലിനുള്ളൊരു വിഭ്രമത്താൽ
കാണുന്നവക്കുമതമോഹമുടൻ കൊടുക്കും
ചേണറ്റ നിന്റെ ഗളനാളമിതാ തൊഴുന്നേൻ! 11

Digitized By Kerala Sahitya Akademi

മാണിക്യമാമരരഭിത്തിയിലിന്ദ്രനീല–
മാണിക്കുവച്ചു പണിചെയ്തഴകാർന്നപോലെ
കാണുന്നു മുക്തി ഭവനത്തിനു നിന്റെ ബാഹ്യ–
സ്ഥൂണങ്ങടംതൻ നടുവിൽ മാറിടമാം കവാടം! 12

ഭോഗത്തിലാശകലം വെറുത്ത പുറത്ത സർവ–
ഭോഗത്തെ ഹാരലതയാക്കിയലങ്കരിച്ചു
യോഗസ്ഥനായുളിടുന്നൊരു നിന്റെ ഭക്തി–
യോഗത്തെയെന്നുളിടുന്നഗതിക്കു ശംഭോ! 13

അംഗാരലോചനമതിങ്കലെരിഞ്ഞുപോയ
ശൃംഗാരയോനിയുടെ ചാരു ശരീരഭ്രതി
സംഗിച്ചു സത്വസിതിമാവു പരന്ന ദേഹ–
രംഗത്തിൽ നീക്കി തവ രാജസരാഗമെല്ലാം. 14

നാനന്തദേതദിതിഭേദമൊഴിഞ്ഞ വൃത്ത–
മാനത്തിൽ മുക്തി പറയും തവ ഹസ്തമുദ്ര
ജ്ഞാനം തികഞ്ഞവരറിഞ്ഞതിനുള്ളൊരർത്ഥം
ഞാനെന്തറിഞ്ഞു പുനരെന്തുളാമെനിക്കു". 15

തെണ്ടാതെയന്യവിഷയങ്ങളിലിങ്ങു വന്നാ–
ലുണ്ടാശ്രയം വരികയെന്ന രസം കലർന്ന
മിണ്ടുന്ന നിൻ വരദമുദ്രയെനിക്കു ഹൃത്താം
വണ്ടിന്നുനേരെ വിടരുന്നൊരു വാരിജംപോൽ. 16

എന്തിന്നു നീയൊരുകരത്തിലെടുത്ത മാന–
മേന്തുന്ന മറ്റതിൽ മഹാമഴുവും? പുരാരേ!
സന്ധിക്കുമോക്കിലലയും മനമാം മൃഗം ക–
ണ്ടന്ധിക്കുവാനതിവിരാഗതയാക്കുഠാരം! 17

ശോഭിച്ചിടും ജട മുതൽച്ചലിയാതെ ഭക്തി–
ഗോപിച്ചു കണ്ടടനിറങ്ങിയിറങ്ങി മെല്ലെ
പ്രാപിച്ചിടും നയനപാഥനു നിന്റെ ചാരു–
നാഭിസ്ഥലം നടുവഴിക്കമുതാസ്വുവല്ലോ. 18

പുള്ളിപ്പുലിത്തുകലു നൽത്തുകിലായുടുത്തു
കൊള്ളിച്ചു നീയുരഗമാക്കടിഞാണുമാക്കി
കൊള്ളാത്ത കോപവിഷയേച്ഛകളുള്ളിൽനിന്നു
തള്ളാതെനിക്കറിയുവാൻ തരമില്ല തെല്ലും. 19

Digitized By Kerala Sahitya Akademi

വീരാസനത്തിലമരുംപൊഴുതീശ നിന്റെ
യുത്തുപരിസ്ഥിതമതാമൊരു പാദപദ്മം
ചേരുന്ന ഭക്തിമയചെങ്കദളീദളത്തിൽ
നേരായ് വിളമ്പിയൊരു നിർവൃതിയാം പഴത്തെപോൽ. 20

മിശ്രസ്രഗ്വൃത്തം

ആശാനുരുപമഴലാറുവതിന്നു നിന്നെ–
ക്കേശാദിപാദകമലം കരളിങ്കലോക്കിൽ
പാശാനുബന്ധവുമൊഴിഞ്ഞു സുഖം ഭവിക്കു–
മേശാ നിനയ്ക്കിലൊരു താപമെനിക്കു ശംഭോ! 1

പോകട്ടെ വല്ലവിധവും പൊഴുതങ്ങു ചത്തു–
പോകട്ടെ ഞാൻ തവപദം നിനയാതെയെന്നാൽ
ഹാ! കെട്ട ജന്മമിതിനാലടിയന്നു വന്ന–
താകട്ടെയെന്തു ഫലമെന്തിനിതന്തകാരേ! 2

നീയെന്നിയേ നിഖിലനായക! മറൊരുത്ത–
നീയേഴയിൽക്കരുണചെയ്വതിനില്ല ശംഭോ!
മെയ്യേതുമേ പറക നമ്മതിയില്ലിനിക്കു
വയ്യേ വിഷാദനദി നീന്തി വശംകെടുന്നേൻ. 3

ഖേദത്തെ നീക്കുവതിനെന്നിലുടൻ കനിഞ്ഞു
മോദത്തൊടിങ്ങിനിയെഴുന്നരുളുന്നതോക്കിൽ
നാദത്തിലോ നലമൊടറ ലയത്തിലോ നീ
വേദത്തിലോ വലിയ വെള്ളെരുതിൻപുറത്തോ? 4

പാകാരിതൊട്ടവരെയൊക്കെയകറ്റിനിത്തി–
യാകാശമാഗ്മിഹ നീയെരുതിൽക്കരേറി
വേഗേന വന്നു മമ വേദന തീർപ്പതിന്നി
യോഗേശ! കാണുവതുമേതൊരു കാലമോ ഞാൻ. 5

അല്പത്വമാന്നൊരണുവിങ്കലുമെങ്കലും നിൻ
തൃപ്പാദമബ്ജഭവകോശമതിങ്കലും ഞാൻ
ഒപ്പം വിളങ്ങുവതു കണ്ടരുകിക്കളിക്കു–
മപ്പൂർണ്ണബോധമുളവാവതുമെന്നു ശംഭോ! 6

ഒന്നെന്നു കാണുമൊരു ബോധമുദിച്ചതിങ്കൽ
നന്ദിച്ചെഴുന്ന മകരന്ദരസം നുകർന്നു
മന്ദിച്ചു മാനസമഴിഞ്ഞു കുഴഞ്ഞെഴുന്നു
നിന്നെന്നു നൃത്തമിടുമീ നിലമൊക്കെയും ഞാൻ. 7

Digitized By Kerala Sahitya Akademi

നിന്വത്തുതന്നെ നിരുപിക്കിലെനിക്ക സവ്വ–
സമ്പത്തുമെന്ന കരുതിസ്സുതതം ഭജിച്ച
വെമ്പിത്തളന്ന വരുമീയുഗതിക്ക നിൻറെ–
യമ്പെത്തിടാഞ്ഞിലിനിയാരൊരു ബന്ധുവുള്ള? 8

ഉൾക്കാമ്പിൽ നിന്റെ പദപങ്കജമൊന്നണച്ച
ചിൽക്കാതലേ! ചിരമിരുന്ന തപസ്സുചെയ്ത
പിൽക്കാലമൂറിവരുമാപ്പരമാമൃതത്തെ–
യെക്കാലമേഴ നകന്നകളീടുമോ നീ? 9

കൽക്കണ്ടമേ! കദളിതൻ പഴമേ! പഴത്തിൻ–
മുക്കും മത്തുത്ത മധുവേ! മമ തമ്പുരാനേ!
ചൊല്ലുണ്ട ചാരു മറയാം കൊടിമുന്തിരിക്കൊ–
മ്പൊക്കെക്കുലച്ച കനിയേ! കനിയേണമെന്നിൽ. 10

നോക്കീടുകൊന്ന നയനങ്ങളാം കുളക്കുമാറു
പോക്കീടുകെന്റെ പരിതാപമശേഷവും നീ
നീക്കീടൊലാ പദമതിൻ നിഴലീന്നമെന്നെ–
യാക്കീടൊലാ നരകസിന്ധുവിൽ നീന്തുവാനും. 11

എന്താപമൊക്കെയുമറിഞ്ഞരുളുന്നെനിക്ക
പിന്താങ്ങുവാനൊരുവനില്ലരുളംചെയ്യണം നീ
സന്താനമേ! സുരഭിയേ! സമവസ്സുവറ
ചിന്താമണേ! ശിവ! ചിദൈകരസാംബുരാശേ! 12

എന്നോ ശിവന്റെ കഴൽ കണ്ടുടൻ കോരുമയിക്കൊ–
ണ്ടൊന്നുണ്ടു ഗദ്ഗദമുരച്ചു നമിച്ചിടുന്നു?
എന്നാപ്പദം കനിവിനോടു തുടച്ചുടൻ ഞാൻ
നിന്നശ്രുധാരമഴപെയ്തു നനച്ചിടുന്നു? 13

വേകുന്ന ചിത്തമലരെങ്കിലുമുണ്ടെനിക്ക
നീ കൈവിടില്ല നിജഭക്തനെയെന്ന ബോധം
പോകില്ല പാമരരൊടൊത്തിനിയിന്ന ചത്തു–
പോകുന്നവെങ്കിലുമെനിക്കൊരു ഭീതിയില്ല. 14

ശംഭോ! ജയിക്ക ശശിചൂഡ! ജയിക്ക ദേവ!
കുംഭീന്ദ്രചർമ്മവസനാ! കുസുമായുധാരേ!
ജംഭാരിവന്ദ്യപദപങ്കജ! നീ ജയിക്ക
ദംഭാദിനാശന! ദയാപര! ദേവദേവ! 15

Digitized By Kerala Sahitya Akademi

ദേവീസ്തോത്രങ്ങൾ

മായാതതാരദ്വയവിളക്കിതിനിന്ന മായാ–
വായുപ്രയോഗമതിനാലിതളുണ്ട രണ്ടു്
ആയാസമറ്റവഗാലിനിയപ്പുറത്തൻ–
പീയൂഷവല്ലി പരമേശ്വരിയെത്താഴുന്നേൻ. 1

എന്നംബികേ! കരുണചെയ്കിനിക്ക നിന്റെ
പൊന്നംബുജത്താടെതിരായ പദങ്ങളെന്യേ
അന്യം നിനസ്സുകിലൊരാശ്രയമില്ല ദേവി!
ധന്യത്വമേകി മയി തൂകുക തൂകടാക്ഷം. 2

പാലൊത്ത ഭ്രുതിതടവും പരമേശ്വരന്റെ
ചേലൊത്ത മേനിയതിൽ നിന്റെ ശരീരവല്ലി
മാലെത്തിടാ വിമലമാം ഹൃദയാംബരത്തിൻ
മേലെത്തി വെൺമുകിലിൽ മിന്നിയ മിന്നൽ ദേവി! 3

വാക്കിന്നമർത്ഥമതിനും വരദേ! കലർന്ന
ചേക്കുന്ന ശോഭയുമശോഭയുമൊക്കെയും നീ
ആക്കിന്ന നിന്നെയഖിലേശ്വരി! വാഴ്ത്തിടാവൂ?
വാക്കുന്ന വിസ്മയവശാലിഹ കണ്ണുനീർ ഞാൻ. 4

നിന്നെ സ്തുതിപ്പതിനു ഞാൻ തുനിയുമ്പോഴെന്റെ
പിന്നിൽ സ്ഫുരിക്കുമൊരു മാനസശക്തിയായും
പൊന്നംബികേ! ഭവതി നില്പതു കണ്ടു നിന്നു
പിന്നെന്തിനെന്നു പരമേശ്വരി! ഞാനഴന്നു. 5

ആകാശമായുമതിലണ്ഡശതങ്ങളായും
വ്യാകോചമാന്നുമഥ സങ്കുചിതത്വമാന്നും
പോകാതെ നിന്നു വിലസും പുനരുക്തശക്തി
ലോകൈകനായികയെനിക്കു തുണയ്ക്കുണം നീ. 6

മാറാതെ നിന്ന രവിയും മതിയും നഭസ്സിൽ
വേറായിരം ഭഗണവും മഹിയും വാങ്മനോജ്ഞം
കുറാന്ന നിന്റെ കരവൈഭവമോർത്തു മൂക്കി–
ലേറാത്തതാക്കു വിരലീശ്വരി! വിശ്വനാഥേ! 7

ചിത്തത്തിലോക്കുമതു വൻപൊട്ടഖണ്ഡയായു–
മെത്തുന്ന നീ ജനനി! പിന്നെയഖണ്ഡയായും
നസ്തുല്യയാം തവ വിഭ്രുതി നിനച്ചുകാങ്കി–
ലത്യദ്ഭുതം ധ്രുവമിതംഗജവൈരിജായേ! 8

Digitized By Kerala Sahitya Akademi

ഒന്നിങ്കൽനിന്നുമൊരുപോതുമൊഴിഞ്ഞിടാതെ
നിന്നുല്ലസിക്കുമൊരു നിന്നെയറിഞ്ഞു നിത്യം
നമിച്ചു നിൻ മഹിമ കണ്ടു നമിച്ചിടാത്ത
സാധിശ്ചരത്തജനസന്തതി കെട്ട ദേവീ! 9

ഏകന്ന നീ ജനനിയെന്നെറയഭീഷ്ടമെല്ലാ–
മാകുന്നുവണ്ണമിഹ ഞാനറിയുന്നതെല്ലാം
ശോകം തഥാപി വളരുന്നഥവാ ചുഴന്നു–
പോകുന്നാരീജ്ജനനവാഹിനിയേവമല്ലോ. 10

മാതാവുതന്നെറ മകനായ കൃതജ്ഞനും ശ്രീ–
മോദാൽ കൊടുക്കുമതുപോലെ കൃതഘ്നകന്നും
ചേതസ്സുലിഞ്ഞു കരയും സുതനുണ്ടു പാലെ–
ന്നോതുന്ന പിന്നെയുമുമേയിഹ മാതൃധർമ്മം. 11

പ്രത്യേകമെന്നിലഗജേ,യലിയേണമെങ്കു–
മെത്താതെകണ്ടുമുഴലുന്നവനല്ലയോ ഞാൻ!
ചിത്താഭിലാഷമിനിയും ശുഭമായി നല്കി
മത്താപമൊക്കെയുമൊഴിക്കണമാദിനാഥേ! 12

ഐശ്വര്യദേ! ഭവതിതൻ കൃപയോത്തിടുമ്പോ–
ളാശ്വാസമാണടിയനേതഴലെത്തിയാലും
വിശ്വാസമാർന്ന ഹൃദയേ വിലസീടുമെന്നെറ
വിശ്വാലയൈകജനനീ! ജനനീ! തുണയ്ക്കു. 13

തിയ്യാറിലിങ്ങനെ കിടന്നു തപിക്കുമെന്നെറ
മെയ്യാറുമാറുമയി നീ കരുണാകടാക്ഷം
പെയ്യാറുമായ്വരിക നിൻ പദസേവചെയ്വാൻ
തയ്യാറുമായ്വരിക ദേവി! ദിനേ ദിനേ ഞാൻ. 14

അൻപോടു നിന്നെറ പദാശ്രയമെന്നണഞ്ഞു
വെമ്പീടുമീ വിധി ഹതാശയനാകുമെന്നിൽ
വൻ പ്രേമമാൻ വരമേകുവതിന്നി ദേവീ!
നിൻ ഭാരമെന്നെറ നിഖിലേശ്വരസാർവ്വഭൗമീ! 15

മിശ്രഃസ്തോത്രങ്ങൾ

ചിത്തത്തിലാധികളൊഴിച്ചു ചിദംബരത്തു
നൃത്തത്തിൽ നില്പ്പുമൊരു നിൻ പദപങ്കജങ്ങൾ
എത്തിപ്പിടിക്കുവതുമെന്നു വിഭോ! പിടിച്ചു
മുത്തുന്നതും പൊടികൾ മൂർധ്നി ധരിപ്പതും ഞാൻ? 1

Digitized By Kerala Sahitya Akademi

വിശ്വൈകമോഹിനി നിജപ്രിയതന്നെയും വൈ-
ശ്വര്യമൊക്കെയുമേശ വെടിഞ്ഞിരിപ്പാൻ
നിശ്ശങ്കമോടു കരതാരിലെടുത്ത നിന്നെ
നിഃശ്രേയസാത്മികേ തൊഴും നിയതം പുരാരേ! 2

കാമാദിദുഃഖപടലം കരളിന്നൊഴിഞ്ഞു
സാമോദമിന്നടിയനാത്മസുഖം ലഭിപ്പാൻ
കാമാരിദേവനുടെ കാന്തകളേബരത്തിൻ-
വാമാംഗമേ! വരിക മേ വരമേകുമമ്മേ! 3

അംഭോജബാന്ധവനിലാതപരാജിപോലെ
ജൃംഭൽസുധാകരനു ചന്ദ്രികയെന്നപോലെ
ശംഭുപ്രിയേ! ജനനി! നീ ശിവനിൽക്കലർന്നു
ജൃംഭിച്ചിടുന്ന ജഗദൈകവിഭാവനീയേ! 4

അംഭോജനേത്രനഖിലേശ്വരാഹമായി
നിൻപാദമൂലമറിവാൻ നിരവേ തിരഞ്ഞു
ദംഭം വെടിഞ്ഞു മരുവുന്നതു ദൈവമേ! കൈ-
ണ്ടമ്പേറി നില്പതിനിയെന്നഖിലാകൃതേ ഞാൻ. 4

ശിവഭക്തിപഞ്ചകം

ത്വല്പാദ ചിന്തനകൗ ദേവ,യിനിക്കുയോഗ-
ശില്പങ്ങളായ്വരിക നിൻ ചരിതാമൃതങ്ങൗ
കല്പങ്ങളായ്വരികയെൻ കരണേന്ദ്രിയങ്ങൗ
പുഷ്പങ്ങളായ്വരിക നിൻപദപൂജചെയ്വാൻ. 1

അത്യന്തമദ്ഭുതമതായറിവുള്ള ലോകം
നിത്യം പുകഴ്ത്തുമൊരു നിന്റെ കഥാമൃതങ്ങൗ
ബദ്ധാദരം ബഹു നുകർന്നിനിയെന്നു ശംഭോ!
ചിത്തം കുളുർത്തു ചൊരിയുന്നിഹ കണ്ണുനീർ ഞാൻ. 2

രുദ്രാക്ഷവും രജതകാന്തികലർന്ന നീറും
ഭദ്രം ധരിച്ചു ഭവദാലയപാശ്വമാന്നു
ചിദ്രൂപ! നിൻ ചരണസേവയിലെന്നു നിന്നു
നിദ്രാദിയും നിശി മറന്നു നയിക്കുമീ ഞാൻ. 3

ചിന്തിച്ചു നിന്റെ പദമേറെയലിഞ്ഞു ചിത്തം
വെന്തേറിടുന്ന വിരഹാർത്തി പൊറുത്തിടാതെ
അന്തസ്സുടിഞ്ഞു കരയുംപൊഴുതശ്രുധാര
ചിന്തി സ്വയം ശിശിരമാവതുമെന്നിനിക്കു? 4

Digitized By Kerala Sahitya Akademi

ഇദ്ദേഹമിന്ദ്രിയവൃത്ഥവുമേകമാക്ക-
മദ്ദാമമായറിവെഴുന്നറിവും വെടിഞ്ഞു
അദ്വൈതമായൊഴുകുമമ്പതിലാഴ്ന്നഴിഞ്ഞെൻ
ചിദ്ദേവതേ! ചിരമിരിപ്പതുമെന്നഹോ! ഞാൻ. 5

വൈരാഗ്യപഞ്ചകം

കൂലത്തിൽനിന്നു വളരുന്ന കൊഴുത്ത വൃക്ഷ-
മൂലത്തെ മുട്ടിയൊഴുകും നദിപോലെയയ്യോ!
കാലത്തിനുള്ള കടുവേഗമനുക്രമിച്ചു-
സ്ഥൂലത്തിൽനിന്നടി തുരന്നു വരുന്നു ശംഭോ! 1

കെട്ടിബ്ഭരിച്ച കചവും കുചവും ധരിച്ചു
പൊട്ടാൻ്റ പൂപ്പുടവയൊക്കെയിരിക്കുമപ്പോൾ
പെട്ടെന്നു പെൺകൊടി ചിതസ്ഥിരയായ്വരുന്നു
പട്ടിക്കുമാശയിവളിൽ പതിയാ പുരാരേ! 2

കട്ടിക്കുരംഗനയനാന്തമിഴച്ചു കണ്ണെ-
റിട്ടൊന്നു നോക്കി ഹൃദയത്തെയിടിച്ചു ശംഭോ!
വട്ടംചുഴറ്റി വിഷയഭ്രമണത്തിലിട്ടു
നട്ടംതിരിപ്പവളെ നോക്കിനടത്തൊലാ നീ. 3

ധന്യത്വമാൻ്റ ധനദൻ തരസാ നമിക്കും
സംന്യസ്തസർവ്വവിഭവൻ സകലേശ്വരൻ നീ
അന്യപ്രഭുക്കളരികിൽ ദ്രവിണാശയാൻ്റ
ദൈന്യപ്രകാശനമതിന്നു മയക്കൊലാ മാം. 4

ഈ വാടിപോലെയെതിരറ്റ പുരന്ദരൻ്റെ
പൂവാടിപൂണ്ട പുരവും സ്ഥിരമല്ലയെന്നാൽ
ദേവാധിദേവ! തവ പാദസരോരുഹത്തി-
ലാവാതെയാശ്വസനമേതടിയന്നു ശംഭോ! 5

ശിവജ്ഞാനപഞ്ചകം

ചൊല്ലേറുമെൻ്റെ ഗുരു ചിത്തമലിഞ്ഞു ചൊന്ന
ചൊല്ലേറെയാശയൊടു ചിന്ത തുടൻ്റ ശംഭോ!
അല്ലാതെയുള്ള മറയോടനുഭ്രതിയും ചേ-
ന്നില്ലാസമാൻ്റുകി നില്പതുമെന്നഹോ! ഞാൻ. 1

ഉത്തുംഗമാമുപനിഷത്തുകളോതിടുന്ന
തത്ത്വങ്ങളെത്തടവകന്നനുചിന്തചെയ്തു

Digitized By Kerala Sahitya Akademi

ചിത്തം വെടിഞ്ഞു ശിവ! ബോധമുദിപ്പതെന്നെ–
ന്നുൾത്താപമെന്നൊഴിയു? മോതുക ദേവദേവ! 2

കാണപ്പെടുന്ന വിഷയങ്ങൾ കലർന്നനിന്ന
കാണുന്ന കാഴ്ചയതിലായ് കണവും വെടിഞ്ഞു
ചേണാറ ചിദ്ധൃതിയൊടും ശിവ! ചന്ദ്രബിംബം
കാണുന്ന കൗമുദി പരന്നിനിയെന്നഹോ! ഞാൻ. 3

കാലം കടന്നഥ കരുംകടലിന്നെഴുന്ന
ക്ഷീരം കടന്ന ഗുണവാരിധിയും കടന്ന
പാലംബുരാശിയതിൽ മുങ്ങിയെഴുന്ന നിന്റെ
കാലെന്നു വന്നഗതി കാണുമഹോ മഹേശാ! 4

ഖേദത്തെ നീക്കുമൊരു കൗമുദിപോലെഴുന്ന
പാദത്തെയും പരയെയും പരിചിൽക്കടന്നു
ബോധത്തെയും പണയമിട്ടു ബുഭുക്ഷയാറു
മോദത്തൊടെന്നമൃതവാരിധി മുങ്ങുമോ ഞാൻ. 5

ശിവയോഗിപഞ്ചകം

വ്യോമാദിയും വിവിധ വിശ്വവുമൊക്കെ നിന്റെ
ഭ്രമാവിലെന്ന പുനരുക്തമിരുന്ന കണ്ടു്
കാമാദിയും കരളിലാറു കരം കടഞ്ഞു
സാമോദമങ്ങനെ നടപ്പതുമെന്നഹോ! ഞാൻ. 1

ഞാനം ജഗദ്ഗുരുവതാം ഭഗവാനുമന്തർ–
ജ്ഞാനത്തിലേകരസമാമൊരു ശുദ്ധബോധം
മാനംവെടിഞ്ഞ മനതാരിലുദിച്ചുപൊങ്ങു–
മാനന്ദവാരിധിയിലാഴ്ചവതെന്നഹോ! ഞാൻ. 2

നിന്നെബ്ഭജിച്ചു ശിവ! നിൻവടിവാമെനിക്കു
പിന്നെ പ്രവൃത്തികളും നിരങ്കുശഭാവമാൻ
ഭിന്നിക്കയാലജനുമന്തകനും പ്രമാണ–
മെന്നെപ്പിരിച്ചെഴുതിവയ്പതുമെന്നു ശംഭോ! 3

തുല്യതാദർശനസുഖത്തെ മറന്നിടാതെ
കല്യതമാൻ മരുവും ശിവകോവിദന്മാർ
ഇല്ലത്തിൽ വാഴുമഥവാ വിപിനത്തിൽ വാഴു–
മില്ലത്തലും ഭയവുമൊന്നുമവക്കു ശംഭോ! 4

Digitized By Kerala Sahitya Akademi

വായുക്കൾപോലെ വളരുന്ന ശിശുക്കൾപോലെ
പേയെന്നപോലെ പടുപാമരനെന്നപോലെ
മായങ്ങളറു മതിയറഭിമാനമറൊ–
രായാസമററിഹ നടന്നിടുമാത്മയോഗി. 5

ഉപസംഹാര

ദൈവം ഭവൽപദമതെന്നമരുന്ന ദിവ്യ–
ശൈവോത്തമന്ന ശിവചിന്മയ ചാരുമൂർത്തേ!
കൈവന്നിടുന്നഖിലകാമിതവും വിദേഹ–
കൈവല്യവും കരതലാമലകം പുരാരേ! 1

ഭൂതേശ! നിൻെറ പദകാമളമൊന്നൊഴിഞ്ഞാ–
രാധാരമില്ലടിയനാശ്രയമാരുമില്ല
ചെയ്യീടുകെൻെറ പരിതാപമറും കടാക്ഷം
കൈതാങ്ങിനിന്ന കരുണാലയ! കാത്തുകൊൾക. 2

കന്നെത്തിടാതുഴലുകിൽക്കനിവാൻ ഗോവു-
ചെന്നെത്തിയും മുല ചുരന്നു ളന്നപോലെ
എന്നിത്തരം പരിതപിക്കുമെനിക്കലിഞ്ഞു
വന്നെത്തുമെൻെറ വരദായിനി വിശ്വമാതാ! 3

ചേതോവിഷാദമകലാൻ മമ ചെറു നിൻെറ
കാതോളമുള്ള നയനം ഗിരിജേ! കനിക്ക
ഏതാകിലും പിഴകൾ ചെയ്കിലതും പൊറുക്കെൻ
മാതാവിലും കരുണയുള്ള മദംബികേ! നീ. 4

ശിവാസഹായായ നമഃ ശിവായ തേ
ഭവായ ഭവ്യായ നമഃ പരാത്മനേ
ഭവാധിദൂനശ്രിതചാതകാവലീ–
നവാംബുവാഹായ നമോ നമോ നമഃ. 5

ശാംകരശതകം

ഭാവനീയഭഗവാൻ ഭവാംബുധ്രു
നാവികൻ നിപുണ'നാണ' നാമകൻ
ഭാവിഭവ്യഭയനാശമൂലമെൻ–
ജീവദേശികനെനിക്കു ദൈവമേ!

Digitized By Kerala Sahitya Akademi

ആനന്ദമാനതജനത്തിനരം കൊടുക്കും
കോനെന്നു കോടിമറ കൊട്ടി മുഴക്കി നിൽക്കും
മാനിക്കുവോരു മടിയിൽക്കളിയാടി മിന്നു–
മാനക്കിടോരമടിമണ്ഡലപ്രദേശം. 1

നാദത്തിൽനിന്നു നലമോടുകുങ്ങാം ജാതം
വേദത്തിലും മതമതോ തവ രൂപമല്ലോ
മാതാവിതൊക്കവെ നിനയ്ക്കിലിനിക്ക നീയേ
വാ തിങ്ങുമാറു കൃണാമൃതമേകുകംബാ! 2

ശീലം കലർന്ന ശിവശക്തിയിൽനിന്നൊഴുന്നു
മാലാറുമാറു മിഴിതുനയേകി മെല്ലേ
ആളായിനിന്നടിമകൾംക്കഭയം കൊടുക്കും
വേലായുധൻ വരദനെന്നെ വളർത്തിടേണം. 3

കൂടും മുദാ ജനിമൃതിച്ചൂടുകാടുതന്നി–
ലാടിത്തിരിഞ്ഞു തിരുനീറുമണിഞ്ഞു നിത്യം
വേടന്നുമാരണനുമാക്കുമലിഞ്ഞു നിൽക്കു–
മീടാന്ന ദൈവതമിനിക്കരുമപ്പദാർത്ഥം. 4

നിൻകാലുതന്നെ ശരണം ശിവനേ! മലപ്പെൺ–
പങ്കാന്ന ദേവ! മമ മറൊരു പറുമില്ലേ
പങ്കം കെടുത്തു പരബോധമതും കെടുത്തെൻ–
തങ്കക്കുടം തടവിയേഴയെയാണ്ടുകൊള്ളേ. 5

കണ്ണാട്ടമിട്ടുലകിടം കലയന്തിയാകും
പെണ്ണാട്ടമുററ പകൃതിത്തിരുമേനി കാണ്മാൻ
വിണ്ണാട്ടകാക്കുമെളതോ വെറുതേ കിടന്നു
മണ്ണാട്ടെയെന്നുവ ിമോ തരുമോ പദം മേ. 6

പാരം പുകഴ്ന്നൊരരിമത്തിരുനീറണിഞ്ഞു
ധാരാധരാന്തരിതസൂര്യനതെന്നപോലെ
ചാരം മറച്ച കനൽപോലെയുമുല്ലസിക്കു–
മാരോമൽമേനിയഴകെന്നടിമയ്ക്കു കാണാം. 7

ചോരപ്പുതുക്കമെലോരാഭ കലർന്ന പാദ–
മോരോന്നുയർത്തിയരിമക്കളിയാടിയെന്നും
പാരേഴരണ്ടുമിഹ പെറുടനാണ്ടഴിക്കും
നാരീശരീരമുരസുന്നുവെന്നു കാണാം. 8

പങ്കേരുഹപ്രഭ പതിഞ്ഞ പദത്തിലന്തി–
ച്ചെങ്കൊണ്ടലിൽച്ചിതറിടും ശലഭങ്ങൾപോലെ

Digitized By Kerala Sahitya Akademi

വെൺകാന്തിയാർന്ന വിമലത്തിരുനീറണിഞ്ഞ
നിൻകാലിണത്തിരുനഖങ്ങളുമെന്നു കാണാം. 9

അഞ്ചമ്പനാത്തകുളകം പനിനീർ തളിച്ച
പൂഞ്ചോലതന്നടുവിൽ നട്ടു കലച്ചു തുങ്ങും
തേഞ്ചോരുമച്ചെറിയ കേതകിതന്റെ പൂവിൻ–
നെഞ്ചുമഞ്ചിതുഴംകഴലെന്നു കാണാം. 10

ഉന്മാദമോടുലകിടന്തയഹന്തയാകും
വന്മായതൻ വഴിയിൽ വീണുഴലും ജനാനാം
ഉന്മാതപത്തിനകലുന്നഭയപ്രദേശം
പൊന്മണ്ഡപപ്പുതിയ തുൺതുടയെന്നു കാണാം. 11

ആ മോഹനം തവ ചരിത്രമറിഞ്ഞതെല്ലാം
പോരാവതോ പെരിയ പേയനുമിന്നു ശംഭോ!
ആശീവിഷച്ചുരടു കെട്ടിയണഞ്ഞു മിന്നു–
മാശാപടം തടവിടുന്നരയെന്നു കാണാം. 12

പണ്ടുണ്ട നഞ്ചുതു കവിട്ടിയൊലിച്ചു കച്ചി–
ക്കുണ്ടോത്ത പൊക്കിളിൽ നിറഞ്ഞുകവിഞ്ഞപോലെ
കണ്ടാലുടൻ കരളിൽ വന്നു മുളച്ചു മോദം–
തെണ്ടുന്ന ലോകവലിയെന്നടിമയ്ക്കു കാണാം. 13

ഏണക്കിടാവു വരദാഭയമാദിപൂണ്ട
ചേണാർന്ന ചെങ്കരപടപ്രഭയും മനസ്സിൽ
പൂണ്ടന്ന മോദമൊടു പൊൻനിറമാണ്ട സപ്ത–
പുണ്യാലണിഞ്ഞ ഭുജമൂലവുമെന്നു കാണാം. 14

കണ്ണൻ പരൻ കമലജൻ മുതലായി മറു
വിണ്ണോരുമോടിയുഴലുംപടി കണ്ടലിഞ്ഞു
തിണ്ണുന്ന മോന്തിയ വിഷം വിലസുന്ന കണ്ഠം
കണ്ണീരു മെ മിഴി മറയ്ക്കിലുമെന്നു കാണാം. 15

വെഞ്ചാമരം വിരവിൽ വന്നു വണങ്ങി മേവും
നിഞ്ചാരുതാടിയുഴകും പവിഴം മടങ്ങും
ചെഞ്ചുണ്ടുമച്ചതുമറപ്പൊരുളായ പുത്തൻ
തേഞ്ചോരുമാ വദനപദ്മവുമെന്നു കാണാം. 16

കാരുണ്യവാരിധി കടഞ്ഞമൃതം വഹിച്ചു
ചോരുന്ന പാത്രമതിൽ വച്ചതുപോലെ തോന്നും
ആരും നകന്നു സുഖമാന്നിടുമാ കടക്കൺ–
ചേരുന്നൊരച്ചടുലചില്ലികളെന്നു കാണാം. 17

Digitized By Kerala Sahitya Akademi

ചെന്താർശരച്ചൂടലയാസ്സിറതൻ കിടാവിൻ
ചന്തം കലർന്ന നിടിലം നടുവിൽ ജ്വലിക്കും
ചെന്തീമിഴിപ്രഭവമെൻ പരിതാപജാലം
വെന്തറിടുംപടിയെനിക്കിനിയെന്ന കാണാം. 18

വെൺതിങ്കളിൻകുളിർനിലാവു പരന്ന പൊങ്ങി–
ച്ചിന്തുന്ന വിണ്ടടിനിന്നു തിരമാലയോടും
ചന്തംകലർന്ന വിലാസുന്നൊരു ചെഞ്ചുടിടക്കെ–
ട്ടെന്താപമറ്റമലനാവതിനെന്ന കാണാം. 19

കൈലാസശൈലമതിലുള്ള കളിസ്ഥലത്തോ
ചേലാന്നൊരാൽത്തറയിലല്ല ചിദംബരത്തോ
മാലാറുമാറു മുനിമാരുടെ നെഞ്ചകത്തോ
നീ ലാസ്യമിട്ടു നിതരാം നിവസിച്ചിടുന്നു. 20

അയ്യോ! ഭവക്കടലുതൻ നടുവിൽക്കിടന്നു
മെയ്യോ തളർന്നു കരവും കഴലും കുഴഞ്ഞേ
വയ്യെങ്കിലാരഗതിയെക്കരയേറ്റിടുന്നു
കയ്യേകണേ കനിയണേ കരുണാംബുരാശേ! 21

പോകുന്ന കാലമരമാരറിയുന്ന ലോകം
ചാകുന്നുഴന്നു മരുവുന്നു പിറന്നിടുന്നു
ശോകം കലർന്നു ചുഴലുന്നനിശം നിനച്ചാൽ
വേകുന്നു നെഞ്ചു പിടിയെന്തടിമസ്സു ശംഭോ! 22

ഉണ്ടോ ജഗത്തുകളിതിന്നൊരു നാഥനുണ്ടോ
കൊണ്ടാടിയാരണമുരപ്പവനേകനുണ്ടോ
ഉണ്ടെന്നുരപ്പതിഹ നിന്നെയിവന്നു പിന്നെ
രണ്ടാമനില്ല ശരണം കരുണാംബുരാശേ! 23

വാഴാത ലോകവിഷയാതപമേറുഴന്നു
കേഴുമ്പൊഴശ്രുതി ഘനധ്വനിയും ശ്രവിച്ചു
പാഴല്ല കാമമിനി നീ വരുമാളുമെന്ന
വേഴാമ്പലിന്നറിക മറ്റൊരു പറ്റുമില്ലേ. 24

കൈകൊട്ടി ലോകരു പഴിച്ചു ചിരിച്ചിടുന്നു
മെയ്കണ്ടിടാതിടയിൽ നിന്നുഴലുന്ന ഞാനും
പൈകൊണ്ടലച്ചു കരയും ശിശുവിന്നു മാതാ
കൈകണ്ടവിദ്യ കരുണാകര! കാത്തുകൊള്ളേ. 25

നിന്മേനിതന്നിൽ നിയതം മനതാരിലുത്തി–
സ്സുമ്മോദമോടു സുതരാം ഗതി പെറുകൊൾവാൻ

Digitized By Kerala Sahitya Akademi

വന്തായയോടടിമ മല്പിടിപ്പതോർത്തു
ചുമ്മായിരിപ്പതഴകോ ശിവ! സാംബമൂർത്തേ! 26

തായേ തണുത്ത കരുണാമൃതമേകുകമ്മാ!
കായേ പിടിച്ച പിണിയും കഠിനം മനോജ്ഞ
നീയേ നമുക്കു ശരണം നിടിലാക്ഷജായേ!
മായേ! മയക്കി മറുതാരുമറിച്ചിടല്ലേ. 27

ചിന്തിക്കിലീയുലകു തന്തു ചിലന്തിപോലെ
ബന്ധിച്ചു നീ സകലസാക്ഷിയതായിരുന്നും
അന്ധത്വമേകിയതിലിട്ടിവരേ വലപ്പു–
തെന്തിന്നുജാലമിതു സാംബ! കൃപാംബുരാശേ! 28

നിന്നെത്തിരഞ്ഞുമറുവാതെ മനക്കരങ്ങിൻ–
പിന്നാലെ പോവതിനുമെന്നെയയച്ചിടല്ലേ
കന്നത്തനിറ്റളിയിലാശവെടിഞ്ഞു നഞ്ചി–
ലിന്നും കൊതിപ്പതിനുമെന്നെയയച്ചിടല്ലേ. 29

ഇന്നോ വരുന്നു ശിവനല്ലിഹ നാളെയോ വ–
ന്നെന്നോ തരുന്നഭയമെന്നു നിനച്ചു നിത്യം
നന്നായുഴന്നിവിടെ നിന്നു വശംകെടുന്നേൻ
വന്നാളുമോ വരദനെന്നു മറുന്നുപോമോ. 30

സച്ചജ്ഞനെന്നുമൊരു വിസ്മൃതിയില്ല തെല്ലും
നിഷ്പാദമിന്നതു നിനച്ചുഴലേണ്ട നെഞ്ചേ!
ഗർഹ്വാദിദോഷമകലത്തു കളഞ്ഞുവെന്നാൽ
രക്ഷിപ്പൻ ശിവൻ! ശരണമാമൊരു കില്ലുമിടല്ലേ. 31

കാരുടറക്കനിവിൽ വന്നൊരു കണ്ണുനീരിൽ
നീരാടിനിന്നടിമവേലയതിന്നടുത്താൽ
പോരാടി നേടുഴി തരാത്ത പറക്കുലത്തെ–
യാരോടുരപ്പുഗതിയിങ്കലമാന്തമെന്തേ. 32

മാലുംമയങ്ങെ മനതാരിനു മാലുകോലും
കോലും ധരിച്ചു കടുകാലനണഞ്ഞിടുമ്പോൾ
കാലാരിയായി വിലസുന്ന നിലാവെളിച്ച–
ത്തോലുന്ന മോദമൊടു നിന്നു കളിപ്പതെന്നോ. 33

നഞ്ചുണ്ടനായകനിൽ നാവതി നോമ്പു നോറു
തഞ്ചുന്ന തന്നരുൾ നകൻ തഴച്ച ലോകം
കൊഞ്ചുന്ന കോമളവിളക്കൊളിയിൽ പതിഞ്ഞൻ
പിഞ്ചുള്ളമെന്നു പൊരുളായി വിളങ്ങിടുന്നോ. 34

Digitized By Kerala Sahitya Akademi

ശീലക്കുറിപ്പു ചപലം ശിവ! നിന്റെ പാദ–
മൂലക്കുറിപ്പുമതുപോലലയാതെയിന്നും
ബാലക്കുരങ്ങടിപെടാതുള്ളൊന്റെ പൊന്നു
മാലറ്റ മൗനപദമേ മധുരക്കരിമ്പേ! 35

കാർകൊണ്ടു നിന്നടി മറന്നു കുഴന്ന വെന്തു
നീർകൊണ്ടിടുന്നതിനു മുമ്പു നിറഞ്ഞ മോദാൽ
ക്കൂർകൊണ്ടവക്കുമതധാര ചൊരിഞ്ഞുടുക്കും
കാർകൊണ്ടലേ! കരുണചെയ്തു മടിച്ചിടല്ലേ. 36

കണ്ടേൻ ഭവൽക്കപടനാടകപാടവം പേ–
കൊണ്ടേൻ കൊടുംപിണിപിണഞ്ഞു പിണഞ്ഞണ–
കൊണ്ടാടി വേദമുടിചൂടിയ നാടകം ഞാൻ [ഞ്ഞേൻ
കണ്ടീലടുക്കലൊരുനാളുമതുമാടുമോ നീ. 37

കാരുണ്യമേ കരകവിഞ്ഞുരുവായ്ത്തഴച്ച
താരുണ്യമേനി തടവും തിരുമേനി കാണ്മാൻ
പാരം കൊതിച്ചു പതറുന്നൊരു പൈതലിന്മേൽ
ചേരാത്ത ചെയ്തു ചിതമോ ശിവ! ജീവബന്ധോ! 38

എന്നമ്മയേഴകളിലേറിയ കുറ്റെഴുന്ന
കന്നിൻകുമാരിയൊടുമെൻ ഗ്രഹദേവരോടും
മന്നിദ്രയിൽ കളികളിച്ചു മറഞ്ഞ ദന്തി–
ക്കന്നോടുമെന്നടിമ നിന്നടി കണ്ടിടുന്നു. 39

കണ്ണപ്പണം തവ കഴിച്ചു വരിച്ച കണ്ണൻ
കണ്ണപ്പനും കരുണചെയ്തതിലെന്തു ചിത്രം
വണ്ണിക്കുവാനുമതിലൻപണയാതെ വാട്ടു–
മുണ്ണിക്കലിഞ്ഞരുളുകിൽ കരുണാകരൻ നീ. 40

പൊന്നപ്പനേ പൊരുവനേ പൊരുളേ പിരാനേ
പൊന്നിൽപ്പൊതിഞ്ഞ പവിഴപ്പൊടിയേ തൊഴുന്നേൻ
എന്നെപ്പിരിഞ്ഞവിടെയങ്ങെഴുനെള്ളിയാലും
നിന്നെപ്പിരിഞ്ഞരവിനാഴിക വാഴുമോ ഞാൻ. 41

പുററിച്ചുഴന്നു ചരണങ്ങളും കുഴഞ്ഞു മറ്റു
പററില്ലയെന്നടിമ നിന്നടി കണ്ടുകൊണ്ടേൻ
കുററം പൊറുത്തു കുളിർമേനിയിലൊന്നണച്ചു
'കുററാല'നായക! 'കുമാരനെ'യാണ്ടുകൊള്ളേ. 42

കോലാഹലധ്വനി കലർന്നുഴകാന്ന മൂല–
കൈലാസമോ കനകനാടകശാലതാനോ

Digitized By Kerala Sahitya Akademi

മേലാം പദം വിളയുമാകരമോ തിരുക്ക-
റാലം കുമാരനുടെ പാതകനാശദോഷം. 43

പ്രാരബ്ധവിഘ്നമണയാതെ തുണയ്ക്കുമോ നി-
ഞ്ചാരുതമാന്ന തിരുമേനി ലഭിക്കുമോ മേ
പ്രാരബ്ധപിണ്ഡമുടയുന്നതിനുള്ളിലെന്റെ
ചാരത്തു വന്നൊരുദിനം കളിയാടുമോ നീ. 44

കായം കൊഴുപ്പതിനു കണ്ടതു കൊന്നതിനു
നായെന്നപോലെ നെറികെട്ട നടക്കിലും ഞാൻ
വായാടിയായ് വഷളനാകിലുമെന്റെ പൂവ്വ-
നായാടിനായകനിനിക്കു തുണയ്ക്കുമല്ലോ. 45

സൃഷ്ടിക്കുമോ സരസിജാത്മജനെന്നെയിന്നും
ദൃഷ്ടിക്കുമുമ്പു ദിവസംപ്രതി നില്ക്കുമോ ഞാൻ
ദൃഷ്ടക്കൊടുംപിണി പിടിച്ചു ചടച്ചു വീണു
കഷ്ടിക്കുമോ കരുണചെയ്യുടനാളുമോ നീ. 46

അഷ്ടിക്കു മുട്ടിയഴകാന്മമിരന്നുമയ്യോ!
കഷ്ടിക്കുമാറടിമ വീഥിയിൽ വീണുപോമോ
ദുഷ്ടക്കുതക്കികളിടയ്ക്കു പതിച്ചു ഗാത്ര-
പുഷ്ടിക്കു ജന്മമിദമെന്നുമുറച്ചുപോമോ. 47

ത്വൽപാദമേ ശരണമെന്നനിശം നിനച്ചു
പിൽപ്പാടു തള്ളുമൊരു പേയിലമന്നുഴന്നു
ഇപ്പാടുപെട്ടിരവിലും പകലും ഭ്രമിക്കു-
മിപ്പാമരപ്പിറവിയെബ്ഭഗവാൻ വിടല്ലേ. 48

ബാലൻ മുനീന്ദ്രനു വരങ്ങളം വിളമ്പിനിന്നൊ-
രാലംബകന്ന കരുണാകരനേ! പിരാനേ!
മാല്യംപിടിച്ചടിമ നിന്നടിയും മറന്നു
കാലൻ തുറന്ന കടിവായിലകപ്പെടല്ലേ. 49

പൂവിന്മകന്റെ തലയോട്ടിലിരന്നു തിന്നു
ഭ്രുവെങ്ങുമോടിയൊരു യാചകദേശികൻ നീ
ഈവണ്ണമേഴയുമിരന്നിടിയുന്ന ചേതോ-
ഭാവങ്ങളൊക്കെയവിടേക്കറിയാവതല്ലോ. 50

നീയല്ലയോ നിഖിലനായകനിപ്രപഞ്ചം
പേയല്ലയോ പൊരുള നിൻപദമല്ലയോവാൻ
തീയല്ലയോ കഠിനമീ ദുരിതം കൃപാംബു
പായില്ലയോ പരവശപ്പെടുമേഴയിന്മേൽ. 51

Digitized By Kerala Sahitya Akademi

എന്നെ ഭവാനെളിയവനെന്നു തുണച്ചുനിന്നു
മിന്നുന്ന മൗനവടിവായിദമാരറിഞ്ഞു
നിന്നെപ്പിരിഞ്ഞണുവുമെങ്ങുമൊരിക്കലും വാ–
ഴ്കെന്നുള്ളതില്ലരിയ 'തില്വ'യിലാടുമീശാ! 52

തെണ്ടിത്തിരിഞ്ഞുഴലുവാനരുതെന്നു നിന്നു
കുണ്ഠതമാൻ കുഴയേണ്ട മനക്കുരങ്ങേ,
തണ്ടാർമകന്റെ തലയോട്ടിലിരന്നു തിന്നു
പണ്ടേ നടന്ന പരദേശി തുണയ്ക്കുമല്ലോ. 53

ഏവം കിടന്ന ചുഴലുന്നൊരു പമ്പരംപോൽ
ഭാവം കലുക്കി മരുവല്ലിനി നെഞ്ചമേ നീ
പൂവങ്കവില്ലനെയെരിച്ച ചിദംബരേശ–
ച്ചേവങ്കി മേനിയിലമന്നു കലന്നു നില്ലേ. 54

തുമ്പത്തിരുച്ചിടയനേ ശിവനേ! ഭവാനെൻ
തുമ്പന്തുരത്തുവതിനെന്തു വിളംബമീശാ!
ചെമ്പൊൻ പദാംബുജരസം തരികിന്നു നിന്നി–
ലൻപുള്ളവക്കടിമ ഞാനരിമക്കൊഴുന്നേ! 55

ശൈലത്തിലാന്നൊരു ശിവക്കൊടിതൻ ഭുജാഗ്ര–
മാലംബിയാകുമഭയക്കനിയേ! തൊഴുന്നേൻ
കാലം പൊറുക്കുതിനിക്കൃപചെയ്വുവാനെൻ–
മാലേകിടുന്ന മലബന്ധമറും മരുന്നേ! 56

ലീലാവിലോലഹൃദയം ലലനാലലാമ–
മാലോലലോചനനിപാതശതങ്ങളാലേ
മാലേകിടൊല്ല മമ കാമകലാവിലാസ–
മാലോചനസ്സു വിഷയത്തിലുമെത്തിടൊല്ലാ. 57

കുമ്പിട്ടവക്കു കുഴയാതെ മനക്കുരുന്നി–
ലിമ്പം തരുന്നവനിരന്നവനിന്ദുചൂഡൻ
അമ്പാൻ തത്ത്വമഖിലത്തിനുമാശ്രു കത്തും
കുമ്പസ്സു നാഥനടിമസ്സു തുണസ്സുമെന്നും. 58

കുമ്പംപിടിച്ചു കുഴയേണ്ട കരം കുവിക്ക
ചെമ്പൊൻപദം തരുമരം ദുരിതം കെടുക്കും
അൻപുറവൻ പെരിയവൻ ശിവനോക്ക ചിത്ത–
ക്കാമ്പേ കരഞ്ഞു പറകിൽക്കരളും കൊടുക്കും. 59

ഭവ്യം പെറുന്ന തിരുനീറുമണിഞ്ഞു ചിന്തി–
തവ്യം പെരും പിണിയറും പരമൻചരിത്രം

Digitized By Kerala Sahitya Akademi

ദൈവാഗമപ്പൊരുൾവഴിത്തണലായിടുന്ന
രൈവാഗമം ശരണമോക്ക നിനക്കു നെഞ്ചേ. 60

സാമോദമങ്ങു സമയംപ്രതി മിന്നിടുന്ന
പൂമേനിമേനി മുറുകെപ്പുണരാനൊരുന്നാൾ
ഈ മാനുഷപ്പുഴുവിനെന്നിടയായിടുന്ന
കാമാരിദാസവരരേ! പറവിൻ ക്ഷണം മേ. 61

താനറിടുത്തു തനിയേ സുഖമായിരിക്കും
മൗനം മഹോന്നതെ മംഗലമാന്ന കോലം
നാനാജനത്തിനുമുള്ളൊരു നാലുപേക്കു–
മാനന്ദമേകിയതുമിത്തിരുവേഷമല്ലീ? 62

കൈവല്യമാം ദായിലും കനവറുറങ്ങും
തവ്വിങ്കലങ്ങതിലുമിയ്യുണർവുള്ളിടത്തും
ഇവണ്ണുമെവ്വുയിരിനുള്ളുമിരുന്ന കാക്കു–
മിവ്വാറു നിന്നെറ കളിയോ പൊളിയോ ജഗത്തും. 63

ആരായുവോളമമൃതക്കടലായിടുന്ന
പേരായിരം പറയുമെൻ പെരുമാളെയെന്നും
നേരായി നിന്നു നിനവിങ്കലിരുത്തിടുന്ന
പേരാരു പേനരകവീഥിയിൽ വീണിടുന്നു 64

അന്തികനന്തശയനന്റെ മൃദംഗഘോഷം
സ്വാന്തത്തിലോർത്തു സരസം നിജ കാന്തയോടും
ചിന്തുന്ന മോദമൊടു നിന്നു കളിച്ചിടുന്നോ–
രെന്തമ്പുരാന്റെ വടിവെന്നിഹ കണ്ടിടുന്നു 65

ആലുംചുവട്ടിലമരും ഗുരുനാഥനോ പ–
ണ്ടാലം നകന്ന പതിയോ പുരവൈരിതാനോ
കാലാരിയോ കമലജാദികളും കണ്ടിടാതെ
മേലായി നിന്ന നെറിയോ നടനാഥനോ നീ. 66

നീലക്കഴുത്തനമലൻ നിജ ദേവിയോടു–
മാലംബമെന്നു കരുതുന്നവനെന്നുമോർത്താൽ
കൂലംകവിഞ്ഞ ദുരിതാംബുധിയും കടന്നു
മേലായ മംഗലപദം കരതാരിലല്ലോ. 67

ഈ ലോകമീശമയമെന്നറിയുന്നതിന്നീ
ബാലൻ മനം ബലമഴിഞ്ഞു വലഞ്ഞിടുന്നു
മൂലം മുടിഞ്ഞ മുഴമൗനമതെന്നറിഞ്ഞ
മാലോകരുള്ളിലൊളികൊണ്ടുയരും വിളക്കേ! 68

Digitized By Kerala Sahitya Akademi

കമ്പക്കരുംകടൽകടന്ന കലക്കമറു
മമ്മം ഗ്രഹിപ്പതിനുമാക്കുമറിഞ്ഞുകൊടുവാൻ
ചമ്പാംബരനു ചരണസേവയൊഴിഞ്ഞു മറു
ധർമ്മങ്ങളെന്തു മറയും മുറയിട്ടിടുന്നു. 69

അംബാ തുണയ്ക്കുകരിമക്കൊടിയേ! പുരാരി–
തന്മേനി പാതി വശമാക്കിയ തമ്പുരാട്ടീ!
ഇമ്മൗനമോഴയൊടു കാട്ടിയിരുന്നിടുന്നു
നിന്മംഗലാംഗനൊടു തെല്ലറിവിക്ക നാഥേ! 70

നിരയാംബുധി നീന്തി നിറഞ്ഞഴലെ–
ന്നിരുപാധിക നിന്നെ നിനച്ചടിയൻ
ഉരുമോദമിനിക്കരുണാംബുരസം
കരവിട്ട കവിഞ്ഞൊഴുകും കടലേ! 71

കടലിൽ തിരയും നരയും കുമിഴി–
ക്കുടയും കുതികൊണ്ടഴിയുന്നതുപോൽ
ഇടയറ്റൊരു നിന്നിലിതൊക്കെയുദി–
ച്ചടയുന്നതുമാരറിയുന്നു വിഭോ! 72

കരുണാകര! വാനൊടു കാന്നമിരു–
ന്നെരിയും കനലും പുനലും മണലും
കരണേന യജിപ്പവനിന്നു വിഭാ–
കരനും തിരുവംഗമതിങ്ങിവയോ. 73

ഇവയൊക്കെയസജ്ജടദുഃഖമതെ–
ന്നവനിമ്പമുടൻ പെരുകും പരമം
ഭവയോഗഭരങ്ങളൊഴിഞ്ഞുവരും
ഭവയോഗമിരക്കുക നീ മനമേ! 74

മനമെന്നുമിരന്നുകരഞ്ഞുകര–
ഞ്ഞനഘംപ്രതി നിന്നു മുതിർന്ന ജനം
വിനയറ്റു വിഴുങ്ങി വിടർന്ന സുഖം
കനലുണ്ട കണക്കയി ചന്ദ്രഭരം. 75

ഭ്രമമോ പശുപാശമുറുത്തുള്ളം
പരമേശ! നിനക്കുമെനിക്കുമവാൻ
പരമാരൊരു ബന്ധു നിനസ്സുകിലെൻ–
പരമാമൃതമേ! ശിവമേ! സുഖമേ! 76

സുഖമറ സുവിസ്മൃരസംസ്മൃതിയി–
ന്നഘമോചന! മാമവ മാമവ നീ

Digitized By Kerala Sahitya Akademi

നിഖിലം നിജരൂപമെന്ന നിന-
ച്ചകലുന്നിടമെന്ന തന്ന വിഭോ! 77

വിഭവെൻ വിമലൻ വികസൽ കമല-
പ്രഭചേർന്ന പദങ്ങൾ ചിദംബരകേ
സഭയിൽ സരസം സതതം തുടരു-
ന്നഭയക്കളി കാട്ടുവതെന്ന ശിവൻ. 78

ശിവനേ! ശിഖിവാഹനസേവിതനേ!
ഭവനേ! ഭവബന്ധമൊഴിപ്പവനേ!
ഇവനേഴ കൊതിച്ചു ചമച്ചിടുമി-
ക്കവനേ കളി നീ കരുണാ നടനേ! 79

നടയറു നിറഞ്ഞ നഭോമയമേ
കുടിയയ്യുമിയന്നൊരു കണ്ഠണിയേ!
അടിയത്തിനു നീ ഗതിയേ ബത വ-
ന്നടി തന്നരുളെന്നരിമക്കൊടിയേ! 80

അരുളിലൂന്നിയമർന്നിടുമിജ്ജഗ-
ത്തിരുളകൊണ്ടു മയങ്ങി മയങ്ങി ഞാൻ
കുരളയല്ല കുഴഞ്ഞതു കോമള-
പ്പൊരുളു സ്വമറിഞ്ഞതുമില്ലയോ. 81

വരളുമാറുരുതാപമതിൻപ്പുരം
വിരളുമെൻ വികൃതിത്തരമൊക്കെയും
കരളിലോർത്തു കനിഞ്ഞു കൃപാംബുധേ!
തരളഭാവമൊഴിച്ചുതരേണമേ. 82

കരണവൃത്തി കുറച്ചു കരം കുവി-
ച്ചുരുണമേനിയിലൻപു കലർത്തി ഞാൻ
മരണമാവതിനുള്ള ഭവാംബുധി-
ത്തരണമെന്നു കഴിപ്പതു ദൈവമേ! 83

സകലകേവലഭാവമകന്ന ഞാ-
നഖിലനായക! നിമ്പദപങ്കജം
മുകളിൽവച്ചു മുകന്നു കലന്നു ചി-
ന്മുഖമഴിഞ്ഞു സുഖിപ്പതുമെന്നഹോ! 84

ജനിമൃതിക്കടലിൽക്കരയെന്നിയേ
ദിനവുമിങ്ങനെ ദണ്ഡമിയന്ന ഞാൻ
ഇനിയുമുള്ളുരുകുന്നതു സങ്കടം
ഘനകൃപാംബുനിധേ! കൃപചെയ്ക നീ. 85

Digitized By Kerala Sahitya Akademi

കടിലകന്തളവും കുചകുംഭവും
ചടുലവാണികതൻചഞ്ചലമേനിയും
കടിതടം കളിമാൻമിഴിയാട്ടവും
ചുടുകനൽക്കടലിൻചുഴലിക്കൊലാ. 86

നിടിലലോചന! നിന്തിരുമേനിത–
ന്നടിയെഴിഞ്ഞവലംബനമില്ല മേ
പിടി പുറപ്പു മരിപ്പുമറുത്തു നീ
നടനമാടുക നമ്മിലനാരതം. 87

വിധിയനംഗനമന്തകനും പരം
ചതിവുചെയ്തു വരുന്ന ജഗത്തിതിൽ
മതിയണിഞ്ഞരുളുന്ന മനസ്സു നീ
പതിയെഴുത്തനനർത്ഥമൊഴിക്കുവാൻ. 88

കരുമനക്കടലിൽക്കുടികൊണ്ട ഞാൻ
കർവതും പറയുന്നതുമൊക്കെയും
കരളിലോർത്തു കനിഞ്ഞിനിയെങ്കിലും
പുരമെരിച്ച പുരാതന! പാഹിമാം. 89

ഗരളമുണ്ടമരും ഗഗനാകൃതേ!
ഗിരിവരാലയ! ഗോവതിലേറി നീ
അരികിലെന്നു വരുന്നടിമയ്ക്കു നിൻ–
തിരുനടം കണികാണ്മതിനാഗ്രഹം. 90

കണ്ട പണ്ടമഖിലം കലർന്നഴിയുമിങ്ങു
കണ്ണിലതിൽനിന്നുതാ–
നണ്ഡപിണ്ഡമഖിലം വിരിഞ്ഞുവരുമെന്നു–
മൊന്നുമറിയാതഹോ!
പണ്ടുപണ്ടുപരിചെയ്ത പാപനിര പററി–
നിന്നു പതറിക്കുമി–
ക്കണ്ടകശ്രുനിയെഴിച്ചു നീ സപദി കാത്തു–
കൊൾക പരദൈവമേ! 91

അണ്ഡകോടികളകത്തടക്കിയമരുന്ന–
ഭിന്നനിജശക്തിയാം
പുണ്ഡരീകമിഴിതന്നെ വച്ചുപുലരുന്ന
പൊന്മണിമഹോനിധേ!

Digitized By Kerala Sahitya Akademi

പണ്ഡിതപ്രവരരോതിയോതിയറിയാത–
നിന്റെ പരമാത്മമി–
ത്തണ്ഡുലത്തരി കുറപ്പതിന്നമരുമേഴ–
യേത്തുമറിയുന്നതോ. 92

കാരണത്തിലമരുന്ന കാര്യമിത്ര കാര–
ണം കരകടന്നതെ–
ന്നാരണപ്പറയറഞ്ഞു നിന്നരുളുമാദി–
ദേവ! കരുണാനിധേ!
വാരണക്കലി വലിച്ചുവെച്ചു വെറുതേ വ–
ലച്ചു വിരളിക്കുമീ–
മാരണപ്പിണിയറുന്നതിന്നു മണിമന്ത്ര–
മായ മമ ദൈവമേ! 93

സുരിവൃന്ദമരുളുന്ന സുക്തിസുധ ദൂരെ–
നിന്നരുകുമാറുടൻ
സുരകോടിയൊരുമിച്ചുയന്ന സുഷമാഭി–
രാമ സുഖവാരിധേ!
ഘോരദുസ്സഹതമസ്സുഴിച്ചു വിലസുന്ന
വിശ്രുതവിലാസക–
ച്ചാരുപാദമലരെന്നു മൗലിയിലലങ്ക–
രിപ്പതടിമയ്യു നീ. 94

കണ്ണിമയ്ക്കിലഴിയും പ്രപഞ്ചമിത്ര കണ്ടു–
കണ്ടു മുഷിയുന്നൊര–
ക്കണ്ണിൽനിന്നു കരകേറിവന്ന കഴലേറി
നിന്നു കളിയാടുവാൻ
കണ്ണുവച്ചു കരയുന്നു വന്നു കലിവേട–
നാടലിടചേരുമ–
ക്കണ്ണിവച്ചു പിടിപെട്ട തിന്നുകളയാതെ
കാത്തരുൾക ദൈവമേ! 95

നിന്നയേ ശരണമെന്നുറച്ചു നിബിഡാന്ധ–
കാരനിരയാടവി–
ക്കെന്നുമിങ്ങനെ കിടന്നു ഘോരഭയബാധ–
വന്നു കൂടികൊണ്ട ഞാൻ

Digitized By Kerala Sahitya Akademi

ഇന്നിയെങ്കിലുമിളയ്ക്കുന്ന മാവീട്ടു–
മാറു വനവേടനായ്
മുന്നമാന്ന മൃഗയാവിലാസരസികാകൃ–
തേ! കരുണചെയ്ക മേ. 96

നീലകണ്ഠ! നിഖിലേശ! നിശ്ചല നിരാമ–
യ! ത്രിദശനായക!
കാലകാല! കരുണാനിധേ! കമലസായ–
കാന്തക! കലാധരാ!
മൂലകാരണ! മുകുന്ദവന്ദ്യ! മുനിമാന–
സാംബുജദിവാകര!
മാലകറ്റി മതിമേലിരുന്ന നടമാട്ടു–
കെന്റെ പരദൈവമേ! 97

അമ്പിളിക്കലയുമംബരക്കുളിരുമമ്പ–
രന്ന മണിനാഗവും
ചെമ്പിരിച്ചിടയിടയ്ക്കുണിഞ്ഞു ചെറുമാൻകി–
ടാവു വരദാഭയും
അമ്പിനോടു കരതാരിലേന്തിയരുളുംബ–
രത്തനിശമാടിടും
നിൻപദം കരുതിനിന്ന കേഴുവതു കാൺക
നീ നിഖിലനായക! 98

ആദിമൂലപരിപൂർണ്ണമേനിയിലിരുത്തി
യെന്നെയതിരറ്ററിട–
ത്താദിശേഷനുമുരച്ചിടാതനുഭവൈകമാ–
നസുഖസിന്ധുവിൽ
ആദിയന്തനിലവിട്ടു നീന്തുമവിടത്തി–
ലെത്തിയരുളീടുമെ–
ന്നാദിതേയകുലദൈവമേ! കരുണചെയ്ക
മേ സകലഭവ്യമേ. 99

വല്ലതും പിഴയിരിക്കിലും വലിയ പാത–
കം പലതു ചെയ്കിലും
മല്ലിബാണനടിവേലചെയ്ക മതി മാലി–
യന്നിനി മയങ്ങിലും

Digitized By Kerala Sahitya Akademi

അല്പിലും പകലിലും കിടന്ന ബത കേഴ–
മേഴയിലിരങ്ങി നീ
വല്പവാറുമിവിടത്തു വന്ന പരിപാഹി
പാഹി പരദൈവമേ! 100

ശിവസുരഭി

ഭ്രതോപാദകമലപ്പൊടി കൈവിടാതെ
ചേതോവിചാരമതു ചെറു പിഴച്ചിടാതെ
കാതിന്ന ചേർന്ന കവനം 'കരുണാ'പ്രവാഹ–
മോതുന്ന ഭാരതിയെയൻപൊടു കുമ്പിടുന്നേൻ. 1

വേദം പറഞ്ഞു വിരമിച്ചു വിരിഞ്ഞു ബിന്ദു–
നാദം കടന്ന നിലവിട്ടു നിറഞ്ഞു നിത്യം
ഏതും വിളക്കിയെതിരറെരിയുന്ന ദിവ്യ–
ജ്യോതിർമ്മയം ശിവപദം പറയാവതല്ലേ. 2

ആധാരവേദികളിലാടിയലഞ്ഞവക്ക–
മാധാരമായഖിലമായവശിഷ്ടമായി
ബാധാന്തമായി ബഹിരന്തരമായ് നിറഞ്ഞ
ബോധാന്തമൗനമവിടം പറയാവതല്ലേ. 3

ക്രൂരായിരുന്ന കുറ്റലം കുതുകം പെറും തേ–
നാറായതായതഹമെന്നമനന്യമായി
മാറാതെഴുന്ന മഹിമാവിനെ മാറിനിന്നു
വേറായെടുത്തു വെളിയിൽ പറയാവതല്ലേ. 4

ഉണ്മൗനമോടിയുണരുന്നരുകുന്ന ചിത്തം
വിമ്മുന്ന വാണി ബഹുവേപഥുവായിടുന്ന
കൺമൂലവാരി കവിയുന്നതുമൂലമെന്റെ
ജന്മാപഹപ്പൊരുളിനെപ്പറയാവതല്ലേ. 5

ചെറില്ലതിന്ന ഗുണമില്ലൊരു ചിഹ്നമില്ല
മറ്റൊന്നുമില്ല മധുരാമൃതനാമമില്ല
ഉറുള്ളിരുന്നവനണഞ്ഞവരുന്ന ബോധ–
പ്പുറാണതാണിതതിനാൽ പറയാവതല്ലേ. 6

ക്ഷുദ്രാനുഭോഗസുലഭക്ഷുധയറു മുറും
ഭദ്രാനുഭൂതിപരനാം പരഹംസനെന്നും

Digitized By Kerala Sahitya Akademi

ഹൃദ്ദ്രാവകം ഹിമസുധായിതസാരസച്ചി-
ന്മുദ്രാർത്ഥമൗനമധുരം പറയാവതല്ലേ. 7

മാറിത്തിരിഞ്ഞു മതിമോഹമിയന്നിടാതി-
ക്കുറൊത്ത കോമളസുധാകരസാഗരത്തിൽ
നീറിത്തളർന്ന നിലവിട്ടിനിയെന്റെ നെഞ്ചം
മാറിത്തെളിഞ്ഞഴലകന്ന കലർന്നുകൊള്ളും. 8

എന്തേ തിരക്കുമിടമേതുമറിഞ്ഞിടാതെ-
യെന്തേ നിനക്കിവിടെ ഇന്നിയുമിപ്രമാദം
പന്തേ, പറന്ന പടുപമ്പരമാകുമെന്റെ
ചിന്തേ, നിനക്കു ചെറുത്തും സുഖമില്ലയല്ലോ. 9

സന്താപമാണിത്ര സമസ്തമതിന്നു സാക്ഷാ-
ലെന്താണു ചെയ്യുമഖിലേശനനാമരൂപൻ
എൻതാപമെങ്ങനെ കെടുക്കുമടുക്കുമെന്ന
ചിന്താവശേന ചെറുത്തും ചിതറൊല്ല നെഞ്ചേ. 10

സന്താപശാന്തിയതിനുണ്ടു നിവൃത്തി സർവ്വ-
സന്താനസാധുഗതി സാദരമോതുവാനായ്
അന്താഗമത്തിലുപചാരമുരയ്ക്കിലെന്റെ
ചിന്താമണിക്കു ശിവനെന്നൊരു നാമമുണ്ടു്. 11

വാടാതിരുന്നു വളരുന്നിവ വാരിരക്ഷ
കൂടാതെയില്ല കരുവിന്നുളപോലെയെങ്കിൽ
പാടേ ഭരിപ്പവനു തൽപര ഗംഗ പൊങ്ങും
കോടീരമുണ്ടു കുളിർതിങ്കളുമുണ്ടു നെഞ്ചേ! 12

കാമാദിഭ്രതകടുകഷ്ടത കൈയകറ്റും
പ്രേമാവബോധപദപങ്കജമെന്നു കണ്ടാൽ
പൂമാസബന്ധുപൊരിയും പുകയറ്റ പുണ്യ-
ഭ്രൂമദ്ധ്യലോചനവിഭ്രതിയുമുണ്ടു നെഞ്ചേ! 13

പുല്പാദിയായ ഭുവനത്തിനു പുഷ്പപന്മാ-
രല്പാതെയില്ല ഗതിയക്ഷികൾപോലെയെങ്കിൽ
എല്ലാമുദിച്ചു വിലസിച്ചഴിയാതെവന്നു
ചൊല്പാന്നിടം മിഴികൾ ചൊന്നവരാണു നെഞ്ചേ! 14

താനേകബന്ധു സകലത്തിനുമെന്നമൂലം
ദീനാവനൈകദയനീയ കടാക്ഷമുണ്ടു്
ജ്ഞാനോദയത്തിനു ജനത്തിനെഴുന്ന വേദ-
ത്തേനൂറിടുന്ന തിരുവായ്മലരുണ്ടു നെഞ്ചേ! 15

Digitized By Kerala Sahitya Akademi

പ്രാണപ്രമാണപരശക്തി രജോവിലാസം
കാണിച്ചു കണ്ടതിനു കാരണമാകയാലെ
മാണിക്യമദ്ധ്യമധുരാധരമുണ്ടതിന്റെ
കോണിൽ കുറച്ചു കുതുകസ്ഥിതമുണ്ടു നെഞ്ചേ! 16

ഈ ഭൗതികധ്വനിയിലിന്ദ്രിയസാക്ഷിയായും
മേ ഭാരതിക്കിഹ മനോഗതിമാഗ്മമായും
ആ ഭാസുരാംഗനഖിലേശനവന്നു താനേ
ശോഭിച്ചൊരശ്രുതിപുടങ്ങളുമുണ്ടു നെഞ്ചേ! 17

ആളുന്നതിന്നുമപരാധമറിപ്പതിന്നു–
മാളല്ല മറ്റപരനെന്നറിയുന്നവന്നാൽ
കാളം കടുംഗരളകാളകളായ കാന്തി
കാളും കൃപാകലിതകണ്ഠകളംബമുണ്ടു്. 18

ചിന്താവ്യതിച്ചികരനീലിമകോലുമാദി–
സന്താനവല്ലിയുടെ സന്തതസന്ധിസ്ഥലം
എൻതാതനെങ്ങുമെതിരറ്റരിയുന്ന പാതി–
ച്ചെന്താമരച്ഛവികലർന്ന ശരീരമുണ്ടു്. 19

തുള്ളും മനോമൃഗമണഞ്ഞു തമോവനത്തി–
നുള്ളിൽ കളിക്കുകിലപായഭയം ഭവിക്കിൽ
ഉള്ളംകനിഞ്ഞു ശമബോധകനെദ്വരത്തി–
നുള്ളംകരത്തിലൊരു കഞ്ഞുകുരംഗമുണ്ടു്. 20

ദണ്ഡപ്പെടുത്തുമൊരു സംസൃതിദാവദഹ–
ദണ്ഡം തഴച്ചെഴുമഹംകൃതിയായമൂലം
ഖണ്ഡിച്ചെറിഞ്ഞുകളവാൻ കനിവുള്ള കൈയിൽ
ചണ്ഡപ്രഭാവഭരമാർന്ന കഠാരമുണ്ടു്. 21

ആധാനവും നിധനവും നിറയും പ്രപഞ്ച–
ബാധാബലം ബഹുലദുഷ്കരമൊന്നകന്നാൽ
ആധാരമൊന്നു നില കണ്ടുവരും ജനത്തി–
നാധാരമാമഭയപാണിസരോജമുണ്ടു്. 22

വന്നോഹമൂർച്ഛവിഷയാമിഷവീര്യമേകും
ജന്മാമയൈകജയഭേഷജമെന്നപോലെ
തന്മട്ടെനിക്കു തരുമെന്നരുമക്കൊടിക്കു
ചിന്മുദ്രിതച്ചെറുവിരൽത്തളിരുണ്ടു നെഞ്ചേ! 23

ഭ്രതങ്ങളാണു ഭുവനം പരമാണുമൂല–
ജ്യോതിസ്സിരിഞ്ഞു കവിയും ജഡഭ്രതിജാലം

Digitized By Kerala Sahitya Akademi

ജാതം ജഗത്തഖിലമിന്നതുതന്നെ ബാഹ്യ–
ഭ്രതിപ്രലിപ്തശിവമേനിയിതാണ നെഞ്ചേ! 24

ഹുങ്കാരഖണ്ഡമയവൃത്തിയിലിപ്രപഞ്ച–
വിസ്താരമൊക്കെ വിരവോടു ദഹിച്ചശേഷം
കത്താതതും കനലുമറുകഴിഞ്ഞ ശുദ്ധ–
ചിത്താമയീശിവവിഭ്രതിയതാണ നെഞ്ചേ! 25

മാലററിടുന്നതിനു മാഗ്രമുണത്തി മുറും
പാലിച്ചുകൊള്ളുവതിനായ് പശുവിൻമലത്തെ
മൂലപ്രബോധശിഖി മൂട്ടിയെരിച്ചുണിഞ്ഞ
പാലൊത്ത പാത്രപതഭസ്മമിതാണ നെഞ്ചേ! 26

മന്ദപ്രബോധമതിമൂടിവരുന്ന കാമ–
സന്ദർഭമാണ സകലാമയമൂലമെന്നാൽ
കന്ദർപ്പവിഗ്രഹമെരിച്ചു ധരിച്ചുകൊള്ളു–
മിന്ദുപ്രകാശശിവഭ്രതിയിതാണ നെഞ്ചേ! 27

ഏതാണു ജ്ഞാനമളമിന്നിയുമെൻറെ വേദ–
മാതാവുരച്ചു മതിയെന്നരുളുന്ന മാർഗ്ഗം
നീതാനറിഞ്ഞിടുക നിർമ്മലനയനം തെളിഞ്ഞാ–
ലോതാവതല്ല പുനരുള്ളതെനിക്കു നെഞ്ചേ! 28

കാലത്തിൽനിന്നു കളിയാടിവരുന്ന കഷ്ട–
കാലം കടത്തിവിടുമെൻ 'കരുണ'യ്ക്കു പാക്കിൽ
കാലന്തരസ്ഥമകവാടതടം തകർത്ത
കാലുണ്ടശേഷകരണങ്ങളുമുണ്ടു നെഞ്ചേ! 29

എന്താകിലെന്തിനിയെനിക്കെതിരററലിഞ്ഞു
ചിന്താവകാശനടനം ചിതറുന്ന ദൈവം
എൻ താതനാണിതിനുശേഷവുമേകനാഥ–
നെന്താണു ചേതമിതിലുള്ളതെനിക്കു നെഞ്ചേ! 30

മിട്ടാൽ കവിഞ്ഞു മറിയും തിരമാല പൊങ്ങി
നട്ടാവി പൊട്ടി നരകാബ്ധിനടുക്കയത്തിൽ
പെട്ടാലുമെൻപ്രിയവിലാസരസം പെറുന്ന
മട്ടാർമലർപ്പദമതിന്നി മറക്കുമോ ഞാൻ? 31

വിട്ടാകിലും വികൃതിയാകിലുമൊക്കെ വെന്തു
കെട്ടാകിലും കെടുതിയാകിലുമേകഭാവം
തൊട്ടാലുടൻ തുലനവിട്ടുചിയുന്ന പാദ–
മൊട്ടാതെകണ്ടൊരുനൊടിക്കുമിരിക്കുമോ ഞാൻ. 32

Digitized By Kerala Sahitya Akademi

മുട്ടായി മോഹവല മൂടി മുഖം മറച്ചു
കെട്ടാറുവാനിഹ കരഞ്ഞു തിരിഞ്ഞുമെങ്ങും
കിട്ടാതിരുന്ന കൃപകൊണ്ടു ലഭിച്ച മഞ്ജു–
മുട്ടാർമലർപ്പദമതിന്നി മറക്കുമോ ഞാൻ? 33

കെട്ടറ മാലയഴിയുംപടി കാമബന്ധം
ഞെട്ടറഹംകൃതി നാശിച്ചു ജഡാന്ധകാരം
തട്ടിത്തകർത്തു തെളിവച്ചു തഴച്ചു ബോധ–
മുട്ടറ മോഹനവിളക്കു മറക്കുമോ ഞാൻ? 34

ഇപ്പിച്ചയാളനു കനിഞ്ഞിവിടത്തിലീശൻ
കല്പിച്ച കല്പകമലർക്കൊടിയെന്നപോലെ
കൈപ്പുണ്യമുള്ള കരുണാകരനെന്റെ മേലി–
ലുപ്പിച്ചൊരദ്ഭുതമതിന്നി മറക്കുമോ ഞാൻ? 35

കുറുകിലും കല കടന്ന കടന്ന സിദ്ധി
പെറുകിലും പ്രകൃതിയിൽ പതിയുന്ന ലോകം
തെറുതെനിക്കരുളടിത്തളിർതന്ന ചെന്ന
പറുതിനിപ്പലവഴിക്കു നടക്കുമോ ഞാൻ? 36

ഏതോ വരട്ടെതിരിലെന്റെ ശിവന്റെ നാമ–
മോതീടുകേതുമലയാതെയുണർന്ന നെഞ്ചേ!
ജാതാദരം ശിവശിവേതി ജപിക്കിലേഴ–
പാതാളമെന്തു പരമേഷ്ഠിനിവാസമെന്തേ. 37

വാണന്നുതൊട്ടു വിഷയാമയമായ മായാ–
ബാണങ്ങളാണിവിടെയെങ്ങനെ നാം പൊറുക്കും
പ്രാണേശനോടിതു പറഞ്ഞു കരഞ്ഞു കണ്ണീർ
കാണാതകണ്ടിതിനിനിക്കഴിവില്ല നെഞ്ചേ! 38

ആടാതെ പോയി വിഷയങ്ങളിലങ്ങുമിങ്ങും
വാടാതെ വേണ്ടപരമായ വരം വരിക്കാം
പാടാകവേ പരിതപിച്ചു പറഞ്ഞലിഞ്ഞു
പാടാമിനിപ്പരമപാദമതിന്നു നെഞ്ചേ! 39

ആരംഭമറ്റതിരഴിഞ്ഞനുമാനമറ്റു
പാരം കടന്ന പരബോധനിധാനമായി
ആരും ഭരിക്കുമണുവായഖിലാണ്ഡകോടി–
ഭാരം ഭരിച്ച പദപങ്കജമേ! തൊഴുന്നേൻ. 40

ആകാശമില്ലതിനകത്തണുവൊന്നുമില്ലൊ–
രാകാരമില്ലതിനു മാതൃകതന്നെയില്ല

Digitized By Kerala Sahitya Akademi

ആകാലമദ്ഭുതനിമിത്തമനല്പശില്പ–
മീകാര്യകോടി നടമാടിയ ഗ്രന്ഥകർത്തേ! 41

കർത്താവുമായഖിലകാരയിതാവുമായി
കൂത്തൈകകാരണവുമായ് ക്കരണങ്ങളായി
കർത്തവ്യകോടികളശേഷവുമായി നിന്ന
നൃത്തം തുടർന്നരുളുമെൻ നടരാജകർത്തേ! 42

മൂലത്തെ വിട്ട മുടിയാതൊരു സത്ത കാര്യ–
ജാലത്തിനില്ലതു ജനിച്ചഴിയുന്നുമില്ല
കാലത്തിലെങ്കിലുമിരുന്ന വരുന്നൊരിന്ദ്ര–
ജാലത്തിനേകപതിയാം ജഗദേകമൂർത്തേ! 43

ആരോപജാലമടിയിന്നപരാധമാർഗ്ഗ–
മാത്രുഢയാമമലവൃത്തിയിലാറശേഷം
സൂരപ്രഭാനയനസംഗതി തുല്യബോധ–
വാരാശിയായ് വര കടന്ന വളർന്ന മൂർത്തേ! 44

മാനാദിയായ് മതികലർന്ന വരുന്ന ദുഃഖം
ജ്ഞാനൈകശേഷനില കേവലമായ സൗഖ്യം
സ്ഥാനത്തിരുന്ന സകലാമയമറ്റ സച്ചി–
ദാനന്ദകന്ദളിതതുന്ദിലമൂലമൂർത്തേ! 45

പാരാദിയായ പലതും പലഭേദമായി
നേരേ നടത്തിയരുളും നിഖിലൈകബന്ധോ!
നേരാകുമാറു നിജഭക്തനൊഴിഞ്ഞു നിന്നെ–
യാരാലുമോർത്തറിയുവാനെളുതല്ല ശംഭോ! 46

വേദങ്ങളോ ബഹുവിധം പറയുന്ന നാനാ–
വാദങ്ങളോ വെളിയിലിട്ടു വിരട്ടിടുന്ന
ഖേദങ്ങളോ കര കടന്നുവരുന്ന നിന്റെ
പാദങ്ങളെന്നിയിനി മറ്റവലംബമില്ലേ. 47

ദുർവ്വാസനാവശനിവൻ ദുരചെയ്ത ശ്രുദ്ധ–
ഗർവ്വായ് നടക്കുകിലുമെൻകൃപ കൈവിടല്ലേ
നിർവ്വാണമെന്നു നിഗമങ്ങളരുൾചെയ്യുമെന്റെ–
സർവ്വസമേ! സകലദീനദയാപയോധേ! 48

പുണ്ണായിരുന്ന ഹൃദയം പൊളിയുന്ന തുമ്പ–
മുണ്ണാവതല്ലൊരുവിധത്തിലുമുഗ്രമയ്യോ!
എണ്ണാവതല്ലെളിയ നിന്നടിമയ്ക്കിതെന്റെ
കണ്ണേ! കരുത്തിനു രുചിച്ച കരുംകരുമ്പേ! 49

Digitized By Kerala Sahitya Akademi

ഭദ്രം പഴുത്ത പരിപാകരസം പകർന്ന-
മുദ്വീകതന്മധുരമേ മമ തമ്പുരാനേ!
ഖദ്യോതകാന്തിവടിവേ കതിരേ കലർന്ന
ഹൃട്ടീപമേ! ഹൃദയമേ! ഹിതമേ തൊഴുന്നേൻ! 50

ആനന്ദലഹരി

(സംസ്കൃതത്തിലുള്ളതിന്റെ സ്വതന്ത്രവിവർത്തനം)

നാലാസ്യംപൂണ്ടുമമ്മേ! നളിനനിലയനും
പോര നിന്നെ സ്തുതിപ്പാൻ
കാലാരാതിക്കുമഞ്ചാനനകമലമിയ-
ന്നെങ്കിലും ശക്തിയില്ല
ആളല്ലാറാനനംപൂണ്ടിരുമുഖനഹിരാ-
ട്ടായിരം പൂണ്ടുമെന്നാ-
ലീലോകത്തന്യനാരോർത്തുകയതിനു സമ-
ർത്ഥൻ സമസ്തശകാന്തേ! 1

മാധുര്യം, നെയ്, നറുമ്പാൽ, മധുപരിണതമാം
മുന്തിരിങ്ങാസ്സുമേലു-
ന്നേതെല്ലാം വാക്കിൽ വർണ്ണിക്കിലുമതു രസന-
യ്ക്കുന്നി തോന്നുന്നതല്ല
മാതാവേ! നിന്റെ സൗഭാഗ്യവുമറികിൽ മഹേ-
ശന്റെ നേത്രങ്ങളെന്യേ
ബോധിക്കാ പിന്നെനിക്കെങ്ങനെയതു പറയാ-
മാഗമാഗണ്യരൂപേ! 2

സിന്ദൂരംതൊട്ട നെറ്റിത്തടമതുമഴകേ-
റുന്ന മയ്യാർന്ന കണ്ണും
മിന്നും താംബൂലമേലും വദനവുമുമ-
ക്കാളി ചാർത്തും കഴുത്തും
പൊന്നിൻപൂഞ്ചേല കാഞ്ചീലലിതകടിതടാ-
ഭോഗവുംപൂണ്ട മേവും
നിന്നെഗ്ഗൗരീ, സദാ ഞാൻ നഗപതിതനയേ!
ദേവി! സേവിച്ചിടുന്നേൻ. 3

Digitized By Kerala Sahitya Akademi

മിന്നും മന്ദാരദാരുപ്രഥിതമലർസരം
മാറിൽ മുത്താരമാക്കി–
ത്തന്നത്താൻ വീണ പാടുംപൊഴുത ചലിതമാം
കാതിൽ നൻകുമ്മലിട്ട
സന്നാമംപൂണ്ട പൂമെയ്യൊടുമൊരു പിടിയാ–
നയ്യെഴും യാനഭംഗ്യാ
ധന്യശ്രീയാം ജയിക്കുന്നലസകമലലോ–
ലാക്ഷിയാം ത്र്യക്ഷപത്നീ. 4

പുത്തൻ വെയ്‌ലൊത്ത പൊന്നും നകയുമണികളായ്
പൂണ്ട നൻകാന്തികാളം
ഗാത്രശ്രീയാന്ന പെണ്മാൻചലമിഴി ശിവനെ–
ക്കണ്ട കൈക്കൊണ്ട ദേവീ!
വിദ്യുദ്ഗൗരാംഗി വാർമെത്തിയ കനക–
ദുകൂലാഭിരാമോരുനാളീ
വത്തിക്കട്ടെന്റെ മുമ്പിൽ പ്രിയവദനയപ–
ണ്ണാ സദാനന്ദപൂർണ്ണാ! 5

പ്രാലേയോച്ചീധരത്തിൽപ്പരിചിലുദിതയാ–
സ്ഥാണിയാം പല്ലവം ചേ–
ന്നാലോലം ചേർത്തു മുത്താം മലർ കുറുനിരയാം
വണ്ടതുംപൂണ്ട മോദാൽ
മേലല്പംകുന്ന കൊങ്കക്കനി തടവി ദൃഢം
സ്ഥാണുവിൽച്ചേന്ന ചെമ്മേ
മാലാക്കും തീക്കുമാറുണ്ടൊരു ഗതിമതിയാം
സച്ചിദാനന്ദവല്ലീ. 6

ഏതാനും സദ്ഗ്രണംപൂണ്ടെഴുമരിയ സപ–
ണ്ണൈകയാം വല്ലിയത്ഥി–
ച്ചേതാനുംപേർ ഭജിക്കുന്നതു മനസി രുചി–
ക്കില്ലെനിക്കിന്ന പാത്താൽ
ഏതും നൽകുന്നപണ്ണാലതികയിതിനെയി–
ന്നേവരും സേവചെയ്‌വിൻ!
ബാധാഹീനം ഫലിപ്പിച്ചിടുമിതു പരനി–
ർവ്വാണമാ 'സ്ഥാണു'വിന്നും. 7

Digitized By Kerala Sahitya Akademi

നീയല്ലോ ധർമ്മപുത്രം ജനനി! നിഗമജാ-
ലങ്ങടെ നീ ചൊന്നതല്ലോ
നീയർത്ഥം നൽകുവതല്ലോ നിരവധി ധനദന്റെ
ദേവി! നിൻ ഭൃത്യനല്ലോ
നീയാക്കും ദേവി നീലോൽപലശരജയിനീ
കാമമേകീടുമല്ലോ
നീയല്ലോ മുക്തി നൽകേണ്ടതുമിഹ പരമാ-
ത്മാവുതൻ ജീവനാഥേ! 8

അത്യന്തം ഭക്തി നിന്നിൽച്ചപലമതിയെനി-
ക്കില്ലയെന്നാലുമമ്മേ!
പ്രത്യേകിച്ചൊന്ന സൗഭാഗ്യവതി ഭവതി മാം
നോക്കുകിന്നംക്കനിഞ്ഞു
വക്ത്രത്തിൽക്കേണ വേഴാമ്പലിന ജലകണം
വാരിദം വീഴ്ത്തുമല്ലോ
ചിത്തം മേ നിന്നിൽ നില്പാൻ കരുണ ചെറുതു നീ
ചെയ്തു വൈകാതെ ദേവീ! 9

നീ വേഗം നൽകുകിൻപേറിയ നെടിയ കടാ-
ക്ഷത്തെ നൽ സാധുചര്യ്യ,
കൈവിട്ടാൽ യുക്തമോ നിൻ കഴലിണ ശരണം
വന്നു പുകുന്നൊരെന്നെ
സേവിച്ചാൽ കല്പകപ്പൂങ്കൊടി സപദിയഭീ-
ഷ്ടം തരുന്നില്ലയെന്നാ-
ലാവല്ലിക്കെന്തു ഭേദം ജഗതിയിതരമാ-
യില്ലയോ വല്ലിവൃന്ദം? 10

എന്നും വിശ്വാസമെല്ലാം തവ പദമലരിൽ
ത്തന്നെയല്ലോ സമർപ്പി-
ച്ചെന്നല്ലിങ്ങന്യദൈവങ്ങളെയടിയനുമേ-
യാശ്രയിച്ചില്ലയല്ലോ
എന്നാലും ദേവിയെന്നിൽക്കരുണ ഹൃദിയുദി-
ച്ചീടുവിൽ ഞാനെന്തു ചെയ്യു-
ന്നിന്നാരെച്ചെന്നിരക്കുന്നിഭമുഖജനനീ-
യോക്ക പോക്കറ്റുപോം ഞാൻ. 11

Digitized By Kerala Sahitya Akademi

പററി 'സ്പൃശ്' ത്തിലെന്നാൽപ്പെരിയ കുമിഴു–
മ്പന്ന പൊന്നായിടുന്ന
തെറെന്നെത്തുന്ന വീഥീജലവുമമലമാ–
ക്കുന്ന ഗംഗാജലങ്ങൾ
മുറും മാലിന്യമേല്പം മമ മനമതുമി–
ന്നമ്പിൽ നിൻപാദപത്മം
പററിപ്പുൽകുന്നമൂലം പരിചിൽ വിമലമാ–
കാതെ പോകില്ലയമ്മേ! 12

അന്യന്മാർ ദേവരത്ഥിപ്പവയരുളുവതും
തിട്ടമല്ലൊട്ടുമെന്നാ–
ലെന്നമ്മേ! ''നീ കൊതിക്കുന്നതിലുമധികമേകു–
ന്നിരക്കുന്നവക്കായ്''
എന്നല്ലോ ചൊല്ലിടുന്നാ പ്രതനകമലജ–
പ്രഖ്യരെന്നോർത്തു ചിത്തം
നിന്നിൽത്തങ്ങുന്ന രാവും പകലുമരുളുകി–
ന്നംബ! നീ സമ്മതംപോൽ. 13

മെല്ലെച്ചന്ദ്രൻ ചലിക്കുന്നൊരു മണിമയമാം
കോടിയും മോടികാളും
കല്പം കണ്ണാടിയും ചേന്നിഴകിയ ചുമരും
തന്നിൽ നിന്നംഗമെല്ലാം
കല്യേ! ബിംബിച്ച ബിംബങ്ങളുമജമുഖരാം
ഭൃത്യവർഗ്ഗങ്ങളും ചേ–
ന്നല്ലോ കാണുന്ന നിന്മാളിക ഭുവനമഹാ–
രാജ്യരാജ്ഞികരാജ്ഞി. 14

വെള്ളിക്കുന്നല്പി വാസം തവ വിധിമുതൽപേ–
രല്പി വൈതാളികന്മാ–
രുള്ളംകയ്യല്പി സിദ്ധിപ്രകരമുലകമീ
മൂന്നുമല്പീ കടുംബം
ഉള്ളാളും കാന്തനല്പീ ഗിരിവരതനയേ–
യീശ്വരൻ പിന്നെയേതാ–
ണെള്ളോളംപോലുമെങ്ങാനൊരുസമതയഹോ
നിന്റെ ഭാഗ്യത്തിനോർത്താൽ. 15

Digitized By Kerala Sahitya Akademi

ദിക്കാണത്രേ നിനച്ചാലുടനുണരി, മുനുകാ–
ളുപ്പുറത്താണു യാനം,
പൊൻക്കാപ്പോ സർപ്പ,മൂണോ വിഷ,മുപവനമോ
ഹാ പിണക്കാടതത്രേ
ഒക്കെത്തേവീ! സ്വാരാരിക്കുലകിലറിയുമാ–
റുള്ളതിക്കണ്ടതല്ലേ
ചൊൽക്കൊള്ളുന്നീശ്വരത്വം തദപി വരികിൽ നിൻ
ഭാഗ്യമല്ലേയതെല്ലാം. 16

ബ്രഹ്മാണ്ഡം ചുട്ടുപൊട്ടിപ്പതിനു സഹജയാം
ബുദ്ധി കൈക്കൊണ്ടു ഭസ്മം
തന്മെയ്യിൽത്തുകി നിത്യം ചുടലയിൽ മഹവും
ത്र്യക്ഷനാം ശ്രുക്ഷമൂർത്തി
അമ്മേ! കന്യത്തിലാളുന്നഖിലഭുവനര–
ക്ഷാർത്ഥമാക്കാളക്കൂടം
ചെമ്മേ നിന്നോടു ചേർന്നുള്ളതിനടെ ഫലമ–
ത്രേ പവിത്രേയിതെല്ലാം. 17

സർവ്വശ്രീയും ജയിക്കുംപടി തവ തനുവിൽ–
ക്കണ്ടു സൗന്ദര്യഭാരം
നിർവ്വേദം പൂണ്ടു നീരായൊഴുകി നിയതമാ–
ശ്രംഗ ഹേ! മംഗളാംഗീ,
ഗർവ്വം കൈവിട്ടു കേഴുന്നവളുടെ വദനാം–
ഭോരുഹം പാർത്തു പേർത്തും
ശർവ്വൻ കാരുണ്യമാർന്നാ ശിരസി കുടിയുറ–
പ്പിച്ചു പാർപ്പിച്ചതല്ലേ? 18

മാലേയച്ചാറുമേറും മൃഗമദവുമിടും
മഞ്ജുസിന്ദൂരവും ചേ–
ർന്നോലുന്നോരമ്മ നീരാടിയ സലിലമെടു–
ത്തല്ലയോ മല്ലയോനി
ചാലേ മന്ദം ചലിക്കും ചരണകമലരേ–
ണുക്കളും ചേർത്തു വിണ്ണിൽ–
ക്കാലംതോറും കരിന്താമരമിഴികളെ നി–
ർമ്മിപ്പതമ്മേ, നിനച്ചാൽ. 19

Digitized By Kerala Sahitya Akademi

പൂമാസത്തിൽ സ്ഫുരിക്കും പുതുമയൊടുവേ
പൂത്ത പൂവല്ലി ചുഴ–
ന്നോമൽപ്പൊൻതാമരപ്പൂനിരകളിലുരയ–
ന്നങ്ങാം കുവും കുളത്തിൽ
തുമക്കാറേറവും തുള്ളും ജലമതിൽ മുഴുകി–
ത്തോഴിമാരോടുമാടും
ശ്രീമെത്തും നിന്നെയോക്കിൽ ജവരുജയഗജേ!
പോയിടുന്നായവന്ന. 20

ദേവ്യപരാധക്ഷമാപണസ്തോത്രം

(സംസ്കൃതത്തിൽനിന്ന്)

അമ്മേ! നിന്മന്ത്രമോ, നിന്മഹിമ തടവിടും
യന്ത്രമോ, സ്തോത്രമോ, നിൻ–
സമ്മോദാഹ്വാനമോ, നിൻ സ്തുതികഥകളതോ,
ധ്യാനമോ ഞാനറിഞ്ഞോ?
നിന്മുദ്രാബന്ധമോ നിൻ കഥനസരണിയോ
ഞാനറിഞ്ഞോ മഹേശീ!
നിന്മാർഗ്ഗത്തിങ്കൽ നിന്നാൻ ദുരിതമവന പോ–
മെന്ന ഞാനൊന്നറിഞ്ഞു. 1

ഓരാഞ്ഞിട്ടോ, ധനത്തിൻ കുറവു,മടിയിവ–
റാലയോ ശക്തി ചെയ്വാൻ
പോരാഞ്ഞിട്ടോ ഭവത്സേവയിലടിയന കു–
റങ്ങുംപറാം ഭവാനീ!
സ്വൈരം നീതന്നെയേതാകിലുമതുകും പൊറു–
ക്കേണ്ടയോ ലോകധാത്രീ!
പാരിൽ ദുഷ്പുത്രരുണ്ടാം പറക തനയരിൽ
ദുഷ്ടയാമമ്മയുണ്ടോ? 2

യോഗ്യന്മാരുണ്ടു വേണ്ടോളവുമിഹ തനയ–
ന്മാർ നിനക്കുഴിതന്നിൽ
ഭാഗ്യംകെട്ടോരു ഞാനും ജനനിയവരിലൊ–
ന്നാണ സന്ദേഹമില്ല

Digitized By Kerala Sahitya Akademi

നീക്കീ നീയെന്നെയേവം നിയതമിതു നിന-
ക്കിന്നു നന്നല്ല ദേവീ!
പാക്കിൽ ദുഷ്പുത്രരുണ്ടാം പറക തനയരിൽ
ദുഷ്ടയാമമ്മയുണ്ടോ? 3

നിൻപാദം സേവചെയ്തില്ലയി ജനനി ജഗ-
ദ്ധാത്രി ഞാൻ നല്ലപോലി-
ങ്ങൻപിൽ കാണിക്കയിട്ടില്ലണുവളവഥവാ
പോന്നു ഞാൻ നിന്നടിക്കായ്
എൻപേരിൽ പ്രേമമെന്നാകില്യമനവധി കാ-
ട്ടുന്നുവല്ലോ ശിവേ! നീ-
യമ്പോ! ദുഷ്പുത്രരുണ്ടാം ജഗതി തനയരിൽ
ദുഷ്ടയാമമ്മയുണ്ടോ? 4

എൺപത്തഞ്ചിന്നു മേലായ് ജനനി മമ വയ-
സ്സന്യദൈവങ്ങളെപ്പോയ്
കുമ്പിട്ടിട്ടില്ലയെന്നാൽ ബഹുവിധപരിച-
ര്യാദിയിൽ ഖേദിയായ് ഞാൻ
എൻപേരിൽ പ്രീതിയിന്നും തവ മനസി വരി-
ല്ലെങ്കിൽ ഞാനെന്തു ചെയ്യു-
ന്നൻപോടാരോടിരക്കുന്നിഭമുഖജനനീ-
യോക്ക പോക്കറുപോം ഞാൻ. 5

ചണ്ഡാളൻ ചാരുപൂന്തേൻ ചടുലമൊഴി പൊഴി-
ക്കുന്ന വാചാലനാകു-
ന്നണ്ണാനില്ലാത്തിരപ്പാളിയുമുടനെ ഭരി-
ക്കുന്ന ലക്ഷപ്രഭുത്വം
കണ്ണുത്തിൽ ദേവി! മന്ത്രാക്ഷരമതു തവ പൂ-
ക്കാലതിൻ കാര്യമേവം
വണ്ണം വണ്ണ്യ ജപിക്കേണ്ടതു ജനനി ജഗ-
ത്താരണീയാരറിഞ്ഞു? 6

സാപ്പിട്ടം കാളക്കൂടം ചുടലയിൽ മരുവി-
ച്ചാമ്പലുംപൂണ്ട സപ്പ്-
ക്കോപ്പിട്ടം ക്രൂരക്കൂടാതുഴറി ജടപിരി-
ച്ചും ചിരിച്ചും മഹേശീ,

Digitized By Kerala Sahitya Akademi

ആപ്പിൽ ഭ്രതങ്ങൾ മേയ്ക്കും പശുപതി തലയോ-
ടേന്തി സർവ്വേശനായി—
പ്പാപ്പാൻ ഹാ നിന്റെ പാണിഗ്രഹണമഹിമയ-
ത്രേ പവിത്രയിതെല്ലാം. 7

വേണ്ടാ മോക്ഷം മഹേശീ! മമ വിഭവമതും
വേണ്ട വേണ്ടാ വിവേകം
വേണ്ടാ വെൺചന്ദ്രബിംബദ്യുതിമുഖി! സുഖഭോ-
ഗങ്ങൾ യാതൊന്നുമെന്നാൽ
''ചണ്ഡീ! രുദ്രാണീ! ദാക്ഷായണീ! ഭഗവതീ! ശ-
ർവ്വാണീ! ഗൗരീ''തിയോതി-
ട്ടുണ്ണും കൈവിട്ട കാലം കുറികിൽ മതിയിതെ-
ന്നത്രതാൻ പ്രാർത്ഥിതം മേ. 8

ആരാധിച്ചില്ല നിന്നെജ്ജനനി! വിവിധമാ-
യാഗമം ചൊന്നപോൽ ഞാൻ
പാരുഷ്യം പൂണ്ടോരെൻ വാക്കുകൾ തവ ചരിതം
പാവനം പാടിയില്ല
കാരുണ്യം ദേവിയെന്നിൽ സദയി ഭവതി കാ-
ട്ടുന്നുവെന്നാലുമെന്നാൽ
പാരം ദോഭാവഹംതന്നതു തവ നിലയിൽ
ഗോത്രജേയത്രുതന്നെ. 9

കഷ്ടം വരുമ്പൊഴിഹ ഞാൻ കരുതുന്ന നിന്നെ
തുഷ്ട്യാ പൊറുക്കയത്രേ ദേവി! കൃപാംബുരാശേ,
ഒട്ടെന്റെ കുറവുമിതല്ല്യയുമേ! വിശപ്പു
തട്ടുമ്പൊഴേ കരുതുവമ്മയെയർഭകന്മാർ. 10

എന്തിന്നു ചിത്രമതിലീശ്വരിയെന്നിലൻപു-
ചിന്തുന്നു ചേതസി നിനക്കു കനക്കയെങ്കിൽ
എന്തൊക്കെയോ വലിയ കുറവമിരിക്കുമെന്നാൽ
തൻതോകകത്തെയൊരു തള്ള വിടില്ലയല്ലോ. 11

എന്നോടുതുല്യമൊരു പാതകിയെങ്ങുമില്ല
നിന്നോടു തുല്യമൊരു പാവനിതാനുമില്ല
എന്നുള്ളതെൻ ജനനിയുള്ളിൽ നിനയ്ക്കയെന്നി-
ലിന്നേതു യോഗ്യമതു ചെയ്കുക ദേവദേവീ! 12

Digitized By Kerala Sahitya Akademi

അനുഗ്രഹപരമദശകം

''അ''ടിപ്പൂവേ പാത്താലരിയ തു–
ണയെന്നോത്തു നിയതം
നടപ്പോരെന്മേലിക്കഠിനരുജ
ചെയ്യുന്നതഖിലം
വെടിപ്പോ വേദത്തിൻമുടിയില–
മരും ദേവ! ശിവ യി–
ക്കടുപ്പം കാട്ടൊല്ലാ കരുണയ–
രുളീടേണമധുനാ. 1

''ന''തിക്കീ നീയോത്താൽ നിഖിലജഗ–
ദീശാ, വിഷയമോ?
മതിക്കും മാനിപ്പാനരുതു തവ
രൂപം ശിവ! വിഭോ!
യതിക്കോ നീയല്ലാതൊരുവനൊരു–
പറില്ല, പരയാം
ഗതിക്കോ നിൻകാലാണറികിലൊര–
ധിഷ്ഠാനമമലം. 2

''ഗ്ര''ഹിക്കേണം നീയിട്ടുരിതനി–
. രയാം ഗ്രാഹമതിനാൽ
ഗ്രഹിക്കപ്പെട്ടീടുന്നടിയനെ
യമധ്വംസന! വിഭോ!
ഗ്രഹിക്കും മൂവക്കും ഗതികള–
രുളും കല്പകതരോ
ഗ്രഹിക്കേണം വേഗാലഗതി പ–
റയും സങ്കടമഹോ. 3

''ഹ''സിക്കുന്നെന്നാലും ഹരഹര
ഭവദ്ഭക്തനനിശം
കൊതിക്കുന്നെന്തെല്ലാമതുകള–
ടനേ നൽകുമയി നീ
അസുക്കൾക്കാനന്ദം വിളയുമൊ–
രു കേദാരപദമേ
വദിക്കുന്നില്ലേ നീ പുരുപ!
ഉമതന്നാത്മസുഖമേ! 4

Digitized By Kerala Sahitya Akademi

''പ''റഞ്ഞാലാകാ നിൻ പെരുമ പെ–
രിയോരൊക്കെയഖിലം
നിറഞ്ഞെങ്ങും തിങ്ങും ഗഗനവ–
ടിവായോതി മുടിയിൽ
അറിഞ്ഞീടാതേഴുലുതുകള–
ധികംദൂരമതിനാൽ
കരഞ്ഞോതീടുന്നേൻ ''കരുണ''പെ–
രുമാറേണമിവനിൽ. 5

''ര''മിക്കേണം നിന്നേൽ മതിയുമയി
രോഗങ്ങളുടനേ
ശമിക്കേണം ശംഭോ! ശശികകല–
ച്യുഡാമണിയയുലം
സുരക്കേണിക്കല്ലോലകളുമെഴു–
മിത്താപമഖിലം
ഹരിക്കാറാകേണം ശിവശിവ!
മഹാദേവ! ശരണം 6

''മ''റുത്തുമ്പേ!യുമ്പേ! മനസി കുത–
കം നല്കി മതിയിൽ–
പ്പൊറുത്തെൻപേയെല്ലാം പരമസുഖ–
മേകീടുക സദാ
പുറുത്തുമ്പുക്കുമ്പുക്കഠിന പരി–
താപം കളകരീ–
പ്പുറത്തുമ്പും നാഥാ പരമശിവ!
മാണിക്യമലയേ! 7

''ദ''ശാദോഷംപോലും ദയയു തവ
വന്നാകിലുടനേ
ദശാവസ്ഥാം പ്രാപിച്ചിടുമതിനു–
കില്ലില്ല ശിവനേ
വിശാലം കാലൻതന്നുടലുപൊടി–
യാക്കിപ്പദമതും
ശ്മശാനം മാരന്നും നയനപുട–
മെന്നോ തവ വിഭോ! 8

Digitized By Kerala Sahitya Akademi

''ശ''കാരിക്കാമല്ലോ ശരണപദ–
യുന്നേഴയെ മനോ–
വികാരം ചേത്തീടും പിണികളടലിൽ–
ച്ചെയ്ക മുറയോ?
മകാരത്തിൽത്തങ്ങും മതിധര! ജയി–
ക്കെന്നനിശമി–
പ്രകാരം ചൊല്ലീടാനരുളുക പരാ–
നന്ദപദമേ! 9

''ക''മാനാഥന്മാരും മുടിയുമടിയും
തേടി വെറുതേ
സമാനം മാനംവിട്ടടിയനടി–
കാണാവതെളുതോ
സുമനംപുണ്ടോക്കോ സുലഭമതിനാ–
ലിന്നതരുളി
പ്രമാണം ദീനം തീർത്തടിയനെയണ–
ച്ചാളുക വിഭോ! 10

കാമിനീഗർഹണം

മണ്ണപ്പുമാരുതമിവറിൽ മുളച്ചെഴുന്ന–
പിണ്ഡത്തിലും പെരുമയെന്തു നമുക്കു പാർത്താൽ
കണ്ണീറുകൊണ്ടു കലുഷക്കടലിൽക്കമിഴ്ത്തും
പെണ്ണുങ്ങളും പുഴുവുതിന്നു പൊലിഞ്ഞുപോകും. 1

പൂഞ്ചേലകൊണ്ടു പുതുമേനി പുതച്ചു പാരം
കൊഞ്ചിക്കുഴഞ്ഞു കുഴൽകെട്ടി വരുന്ന പെണ്ണും
പഞ്ചത്വമായ് പെരിയ പേക്കഴുവിൻ മുഴുത്ത
മഞ്ചപുടത്തിനിരയായ്ച്ചമയുന്ന കണ്ടോ? 2

പൊന്താളച്ചെറുകളിർകൊങ്ക ചേലചുറ്റി–
ച്ചെൻതാളിൻപ്രതിയധരങ്ങൾ പൊത്തി മെല്ലേ
പന്തോളം പൊലിമപെറുന്ന കുണ്ഡലത്തിൻ–
മുന്തോളം മുട്ടമിഴി മൂണ്ടിനിന്ന കൊല്ലും. 3

Digitized By Kerala Sahitya Akademi

സംസാരാദികരാളഭാവഗഹിയിൽ–
ച്ചാടിച്ചുടന്നേരമ–
ക്കംസാരാതി കൃപാകടാക്ഷമഴയൊ–
ന്നേവക്കുമാലംബനം
അംസേ രാഗഭരണേ ബാഹുലതയാ
കെട്ടിപ്പുണർന്നുക്രമം
സംസാരിപ്പവരോടു ചേച്ച് സുകൃത–
ച്ചോച്ചുള്ള നല്ലാരണം.

ഏഴപ്പെണ്ണിലിരങ്ങുമിമ്പമതിലി–
ന്നെന്തിത്ര കാര്യം വൃഥാ
കീഴിൽക്കേവലശീല മിക്കുമികളും
ക്രീഡിച്ചു കണ്ടീലയോ
താഴത്തുന്ന കരേറിവന്ന തപസാ
സിദ്ധിച്ചൊരിപ്പൗരുഷം
പാഴിൽ കൈവെടിയൊല്ല പാപമതിലേ
പോകൊല്ല പൊന്നുള്ളമേ!

ഘോരാകാരാട്ടഹാസപ്രകടിതകലഹം
മൃത്യു വന്നെത്തിനോക്കു–
ന്നേരം നാരീജനാനാം കളികളുമിളിയും
നോക്കുമൂക്കുള്ള വാക്കും
പോരാ പോരിൽത്തടുപ്പാൻ പരമശിവപദാം–
ഭോജരേണുപ്രസാദം
പോരും പോരും കൃതാന്തപ്രതിഭയമകല–
ത്താക്കുവാനാക്കുപോലും.

പൂന്തേൻവാണികളോടിടഞ്ഞനുദിനം
താന്തോന്നിവാസം പറ–
ഞ്ഞെന്തയ്യോ! മദനാന്തകാരിമനനം–
പോലും മറന്നീവിധം
സന്തോഷിച്ചു തകർത്തിടുന്നു, മുസലം
കൈക്കൊണ്ടു കാലാന്തകൻ
വന്തിട്ടാൽ തകരാറുതന്നെ തകരും
നിന്മോനി നന്മോഹനം.

(അപൂർണ്ണം)

Digitized By Kerala Sahitya Akademi

വിഭൂതി

കാരുണ്യംകൊണ്ടു കാണുന്നുലകിടമഖിലം
തീർത്തു കാത്തും കടാക്ഷ–
പ്രാരംഭംപൂണ്ടു ലോകേശ്വരിയൊരുമപെട്ടും
വാമനാം വാമദേവൻ
പാരിൽ ഭ്രതേശനെന്നാകിലുമണിയുമുടൻ
ഭ്രതിമാനേത്രകൊണ്ടും
ഭ്രരിക്ഷേമം വളർക്കും പ്രഥിതഭസിതമേ!
നിൻപദം കുമ്പിടുന്നേൻ. 1

നിന്നെക്കൊണ്ടാണു ലോകം നിരവധിവിധമായ്
നീരജാസൻ ചമയ്ക്കു–
ന്നിന്നും നീയാണു നിന്നാലുടനഖിലജഗത്
പാലകൻ നീലവർണ്ണൻ
നിന്നെ പ്രാപിച്ചു നീയായഴിയുമഖിലവും
നിർമ്മലജ്യോതിരീശൻ
തന്നെച്ചുഴന്ന മൂലപ്രഥിതഭസിതമേ!
നിൻപദം കുമ്പിടുന്നേൻ. 2

അൻപിൽക്കൈക്കൊപ്പിയാർത്തായവുമറിവുപെരു–
ന്നാഗമാഭോഗവുന്നി–
ന്നിമ്പപ്രാചുര്യധുര്യപ്രബലഫണിതികൊ–
ണ്ടെത്രയോ ചിത്രഗാനം
തുമ്പില്ലാതോതിയോതി സ്തുതിമുഖരമുഖം
നിന്നു വാഴ്ത്തുന്ന വന്ദ്യ–
ത്തുമ്പപ്പൂവൊത്ത ശ്രുദ്ധത്രിപുരഭസിതമേ!
നിന്നെ ഞാനുന്നിടുന്നേൻ. 3

പാപാരണ്യത്തിലെത്തിപ്പരിചിനൊടു പിടി–
ക്കുന്ന ഖണ്ഡാവബോധ–
ത്തീ പായുന്നിന്നെയുന്നി ത്രിഭുവനപടലം
വിട്ടു മേല്പോട്ടു പോവാൻ
സോപാനംപോലെ നെറിത്തടമതിലണിയു–
ന്നിൻറെ പുണ്യത്രിപുണ്ഡ്ര–
ശ്രീപാദത്തിന്നു നിത്യം ശിരസി കരമെടു–
ത്തമ്പൊടും കുമ്പിടുന്നേൻ. 4

Digitized By Kerala Sahitya Akademi

ഭീമാടോപപ്രപഞ്ചഭ്രമണമതിൽ വല-
ഞ്ഞുന്ന കന്ദപ്പഗാത്രം
ധീമാക്ഷജ്യോതിരാവിശ്ശിഖമുനയിലെരി-
ഞ്ഞന്തമായ് വെന്തുനീറി
ഭീമജ്യോത്സ്നാസമാനം സുഷമയൊടവശേ-
ഷിച്ചു ഭ്രഷിച്ചു നിത്യം
സോമസ്വാമിപ്രസാദപ്പൊരുമ തടവിടും
ഭസ്മമന്തഃസ്മരാമി. 5

പരമപഞ്ചകം

നിരയാ നിരയായ് നിരയായ്
നിരയാംഭോധിക്കു നിയതമകലത്തായ്
വരയാ വരയാ വരയായ്
വരയാറും വിട്ട വരയെ വന്ദിക്കാം. 1

മറവാമറവായ് മറവായ്
മറവാവല്ലാത മണിവിളക്കായി
നിറവാനിറവായ് നിറവായ്
നിറവായമൃതായ നിലയെ വന്ദിക്കാം. 2

തിരയാതിരയാ തിരയായ്
തിരയാറീട്ടുന്ന തിരുവരുംക്കടലായ്
പരയാ പരയാപരയാ
പരയാ പരയായ പദവി വന്ദിക്കാം. 3

തിരിയാതിരിയാതിരിയായ്
തിരിയാദരിയാതയെരിയുമെരിയായി
പിരിയാപിരിയാ പിരിയായ്
പിരിയാതരുളുന്ന പിടിയെ വന്ദിക്കാം. 4

മറയാ മറയാ മറയായ്
മറയാലറിയാത മതിയിലും മതിയായ്
പറയാ പറയാ പറയായ്
പറയാവല്ലാത പദയുഗം പണിയാം. 5

Digitized By Kerala Sahitya Akademi

സൗന്ദര്യലഹരി

1901

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

അവതരണിക

സൗന്ദര്യലഹരി ലോകഗുരുവായ ശങ്കരാചാര്യസ്വാമികളുടെ കൃതികളിൽവെച്ച് അശേഷം അപ്രധാനം അല്ലാത്ത ഒരു ഗ്രന്ഥവും കൗളസിദ്ധാന്തികർക്കു വിശേഷിച്ചും ആരാധനീയമായ ഒരു പ്രമാണവും ആകുന്നു. മാന്ത്രികതാന്ത്രികങ്ങളായ വിഷയങ്ങളെ പ്രായേണ അന്തർവ്വഹിച്ചിട്ടാണെങ്കിലും കണ്ണാനന്ദകരങ്ങളായ സ്തോത്രങ്ങളായി ഗ്രഥിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ പ്രബന്ധത്തോളം പ്രചാരത്തിൽ വ്യാപകത്വം ആചാര്യസ്വാമികളുടെ വേദാന്താദിവിഷയങ്ങളായ ഇതരഗ്രന്ഥങ്ങൾക്കുപോലും ഇല്ലെന്നുള്ള വാസ്തവവും ഇതിനെ വിശേഷിപ്പിക്കുന്നുണ്ട്.

ആസേതുഹിമാചലം സംസ്കൃതഭാഷയിൽ ഈഷദ്ജ്ഞാനം ഉള്ള ഒരുവനും സൗന്ദര്യലഹരിയിൽ പരിശേഷാൽ ഒരു പദ്യമെങ്കിലും വശമായിരിക്കും. ഭാഷാജ്ഞാനം ലേശം ഇല്ലാത്തവർപോലും ചിലപ്പോൾ അതിന്റെ പദാനുപൂർവ്വിയുടെ അതിമോഹനയായ പരിപാടിയാൽ ആകൃഷ്ടന്മാരോ എന്നു തോന്നുമാറു് അപഭ്രംശമായിട്ടെങ്കിലും അതിലെ പദ്യങ്ങളെ ഗാനംചെയ്വാൻ ആനന്ദമഗ്നന്മാരായിരിക്കുന്നതും നാം കാണുന്നു. സംസ്കൃതത്തിൽ ബഹുക്കളായ സ്തോത്രപ്രബന്ധങ്ങളിൽനിന്നും ഇതിനുള്ള ഗുണവിശേഷത്തിനു് ഇവ സ്ഥൂലനിദർശനങ്ങളാകുന്നു.

ആത്മികമായും ശാബ്ദികമായും ഉള്ള മാധുര്യങ്ങൾ അല്ലെങ്കിൽ സൗന്ദര്യങ്ങൾ സർവ്വത്ര അഭിന്നമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ പ്രബന്ധത്തിനു സ്വതസ്സിദ്ധമായ മനോഹരത്വംകൊണ്ടുതന്നെയാണു് പൂജ്യപാദനായ ഗ്രന്ഥകർത്താവിനാൽ 'സൗന്ദര്യലഹരി' എന്നു നാമകരണംചെയ്യപ്പെട്ടു എങ്കിൽ അതു് എത്ര സമുചിതമായിരിക്കുന്നു.

സ്വഭാഷയിൽ ഗ്രന്ഥനിർമ്മാണത്തിനു സാമാന്യം വാസനയും ശക്തിയും ഉള്ള ഒരുവനു് ഇതരഭാഷകളിൽ അത്യന്തം സുഖപ്രദങ്ങളായ ഗ്രന്ഥങ്ങളെ കാണുമ്പോൾ അവയെ സ്വഭാഷയിൽ പരിണമിപ്പിക്കണം എന്നു പ്രായേണ ഒരു മോഹം ഉണ്ടാകുന്നതു സ്വാഭാവികമാണെങ്കിൽ എനിക്കും ഇതിന്റെ ഭാഷാന്തരാനയനത്തിൽ പ്രവർത്തിക്കുന്നതിനു കാരണാന്തരം ഉണ്ടായിരുന്നില്ല.

സൗന്ദര്യലഹരി സമ്പൂർണ്ണം ഭാഷാന്തരംചെയ്തു് അവസാനിച്ചിട്ടു് ഇപ്പോൾ സംവത്സരം നാലിൽ അധികമായിരിക്കും.

Digitized By Kerala Sahitya Akademi

എന്നാൽ 73–ാമാണ്ടിടയ്ക്കു് ഇതു് വിദ്യാവിലാസിനിയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തിവന്നിരുന്നു. എങ്കിലും ആ മാസിക തൽക്കാലം നിന്നുപോകയാലും എന്റെ ദേശാന്തരനിവാസംനിമിത്തവും മുഴുവൻ അച്ചടിച്ചു പ്രസിദ്ധപ്പെടുത്താൻ ഇപ്പോഴാണു സാധിച്ചതു്.

മൂലത്തിലെ ഗഹനങ്ങളും വിശാലങ്ങളും ആയ അർത്ഥങ്ങളെ സമുചിതമായ സന്ദർഭഭംഗിയോടുകൂടെ ഭാഷയിൽ പ്രതിഫലിപ്പിപ്പാൻ ഞാൻ കഴിയുന്നതും ശ്രമിച്ചിട്ടുണ്ടു്. എന്നാൽ ചില പദ്യങ്ങൾക്കു ശ്രവണമാത്രത്തിൽ അർത്ഥബോധം ഉണ്ടാകുന്നില്ല എങ്കിൽ വിഷയവിശേഷോപാധികമായ ആ വിളംബം മൂലത്തിലും അപ്രകാരം ഉള്ളതാണു്. അപൂർവ്വം ചില സാങ്കേതികപദങ്ങളെ യഥോക്തമായിത്തന്നെ പ്രയോഗിക്കേണ്ടിവന്നിട്ടുള്ളതു് അന്യഥാകരിപ്പാൻ പാടില്ലാത്തവയും ആകുന്നു. ഇതു പണ്ഡിതന്മാരോടു പൂർവ്വനിവേദനംചെയ്യുന്നതു സാഹസമാണെങ്കിലും മദ്ധ്യമന്മാരെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രസ്താവിച്ചതു് അസന്ദർഭോചിതമായിരിക്കുമെന്നു തോന്നുന്നില്ല.

'ദക്ഷിണം' അല്ലെങ്കിൽ സമയിമതത്തെ അവലംബിക്കുന്ന കേരളകൗളന്മാക്കും സാധാരണക്കാക്കും സനാതനിയായ ചിച്ഛക്തിയെ സ്തോത്രംചെയ്യുന്നതിൽ ഈ 'ഭാഷാസൗന്ദര്യലഹരി' അത്യല്പമായിട്ടെങ്കിലും ഉപയുക്തയാകുന്നപക്ഷം ഏതദ്വിഷയകമായ എന്റെ ശ്രമം സഫലമായെന്നു വിചാരിക്കുകയും വക്തവ്യശേഷത്തിനു് ഇതിന്റെ തർജ്ജമ സമാപിച്ച കാലത്തുതന്നെ ഞാൻ എഴുതീട്ടുണ്ടായിരുന്ന ഒരു സംസ്കൃതപദ്യത്തെ താഴെ ചേർത്തുംകൊണ്ടു് ഈ അവതരണികയെ ഇവിടെ അസാനിപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

വിശുദ്ധാ വാഗ്വേണീ വിഹിതസുകൃതാ
ശങ്കരഗുരോ–
ർഗ്ഭീരാ ഗ്രഥാതൈർഭവി ഗഗനഗം–
ഗേവ ജയതി
തദീയേയം ഭാഷാ മമ ഭവതു സൗ–
ന്ദര്യലഹരീ
യഥാ ദൈവീ മൂർത്തിഃ പരിണമതി മു–
സ്നാപ്രതികൃതിഃ

അരുവിപ്പുറം
12-6-1901

എൻ. കെ. ആശാൻ

Digitized By Kerala Sahitya Akademi

ചൊല്ലേറും ശക്തിയോടൊത്തിഹശിവനഖിലം
ചെയ്വാൻ ശക്തനാകു–
ന്നല്ലെന്നാൽ ചെറ്റനങ്ങുന്നതിനമറികിലാ–
ദ്ദേവനാളല്ലയല്ലോ;
മല്ലാക്ഷൻ ശംഭുമമ്പാം മഹിതവിബുധരാൽ
മാന്യയാം നിന്നെ വാഴ്ത്തി–
ച്ചൊല്ലാനും കമ്പിടാനും ജനനി പുനരിതാ–
ക്കാവു പുണ്യം പെറാഞ്ഞാൽ?

നിമ്പാദാംഭോരുഹത്തീന്നിളകിയ നിതരാം
സൂക്ഷ്മമാം ധൂളിജാലം
സമ്പാദിച്ചിട്ടു ധാതാവഖിലഭുവനവും
ദേവി! സൃഷ്ടിച്ചിടുന്നു;
അംഭോജാക്ഷൻ പണിപ്പെട്ടതിനെയഥ ശിര–
സ്സായിരംകൊണ്ടുമാളു–
ന്നമ്പിൽ ധൂളീകരിച്ചിട്ടമലഭസിതമാ–
യീശനും പൂശിടുന്നു.

ആദിത്യദ്വീപമല്ലോ ഭവതിയിരുളക–
റ്റാനവിദ്യാവശന്നം
ചൈതന്യപ്പൂംകലശ്ശള്ളൊഴുകിയ ചെറുതേൻ–
കേണിയല്ലോ ജഡന്നും
ഏതാനും സ്വത്തുമില്ലാത്തവനുമരിയ ചി–
ന്താമണിശ്രേണിയല്ലോ
മാതാ ജന്മാബ്ധിയാഴുന്നവനുമിഹ മഹാ–
ദംഷ്ടിതൻ ദംഷ്ടയല്ലോ.

ആമോദംപൂണ്ടു കൈകൊണ്ടമരരഭയമോ–
ടൊത്തഭീഷ്ടം കൊടുക്കും;
നീമാത്രം ദേവി! യെന്നാൽ നലമൊടവയെ ന–
ല്ലുന്നതമ്മട്ടിലല്ലാ;

Digitized By Kerala Sahitya Akademi

ഭീ മാററിപ്പാലനംചെയ്വതിനുമുടനഭീ-
ഷ്ടാധികം നല്കുവാനും
സാമർത്ഥ്യംപൂണ്ടതോക്കിൽ തവ കഴലിണയാ-
കുന്ന ലോകൈകനാഥേ!

പണ്ടംഭോജാക്ഷനാദ്യ! പ്രണതനു ബഹുസൗ-
ഭാഗ്യമേകുന്ന നിന്നെ-
ത്തെണ്ടിസ്ത്രീവേഷമാണ്ടാ ത്രിപുരഹരനുമു-
ണ്ടാക്കി പാരം വികാരം;
തണ്ടാരമ്പൻ ഭജിച്ചും രതിയുടെ നയനം
നക്കുവാൻതക്കമേനി-
ത്തണ്ടാനുംകൊണ്ടു തത്തൻമുനികളുമനമിള-
ക്കാനുമൂക്കാന്നിടുന്നു.

ഒക്കെപ്പൂവാണു വില്ലും, ശരമതു വെറുമ-
ഞ്ഞാണു, വണ്ടാണു ഞാണം
തെക്കൻകാററാണു തേരും, സുരഭിസമയമൊ-
ന്നാണു കാണും സുഹൃത്തും;
നിൽപ്പൂട്ടേകാകിയാണെങ്കിലുമയി ഗിരിജേ
നിൻകടാക്ഷത്തിലേതോ
കണ്ണോണ്ടുംകൊണ്ടനംഗൻ ഭുവനമഖിലവും
നിന്നു വെല്ലുന്നുവല്ലോ.

കാഞ്ചീനാദം പൊഴിഞ്ഞും കഠിനകുചഭരം
കൊണ്ടു മെല്ലെക്കുനിഞ്ഞും
ചഞ്ചന്മദ്ധ്യം മെലിഞ്ഞും ചതുരതരശര-
ച്ചക്രതുണ്ഡം കനിഞ്ഞും
പൂഞ്ചാപം പുഷ്പബാണം ഭുജമതിലഥ പാ-
ശാംകുശം പൂണ്ടുമമ്പാ-
ന്നെഞ്ചാരത്തായ് വരട്ടേ പുരരിപുഭഗവാൻ-
തന്റെ തന്റേടദംഭം.

ആ പീയൂഷാണ്ഡവത്തിൻ നടുവിലമരദാ-
രുക്കൾ ചൂഴുന്ന രത്ന-
ദ്വീപത്തിൽ പൂംകടമ്പിന്നിടയിലരിയ ചി-
ന്താഗുവേഗോദരത്തിൽ

Digitized By Kerala Sahitya Akademi

ശോഭിക്കും ശൈവമഞ്ചോപരി പരമശിവൻ
തന്റെ പര്യങ്കമേലും
ദീപാനന്ദോമ്മിയാകും ഭവതിയെ നിയതം
കുമ്പിടും പുണ്യവാന്മാർ.

ഒന്നാമാധാരചക്രം നടുവിലവനിര-
ണ്ടാമതുള്ളഗ്നിതത്ത്വം
മൂന്നാമത്തേതിലംഭസ്സതിനുപരി മരു-
ത്തപ്പുറത്തഭ്രമേവം
പിന്നെ ഭ്രൂമദ്ധ്യമേലും മനമൊടു കളമാ-
ങ്ങളെല്ലാം കടന്നാ-
പ്പൊന്നംഭോജാകരത്തിൽ ഭവതി പതിയൊടും
ഗൂഢമായ് ക്രീഡയല്ലീ?

തുപ്പാദത്തീന്നൊലിക്കുന്നമൃതലഹരികൊ-
ണ്ടൊക്കെ മുക്കി പ്രപഞ്ചം
പില്പാടും ചന്ദ്രബിംബം പരിചിനൊടു വെടി-
ഞ്ഞിട്ട കീഴോട്ടിറങ്ങി
അപ്പൂർവ്വസ്ഥാനമെത്തീട്ടവിടെയഹികണ-
ക്കൊട്ട ചുറ്റീട്ട രന്ധ്രം
മേല്പൊങ്ങും മൂലകണ്ഡോപരി ഭവതിയുറ-
ങ്ങുന്ന തങ്ങുന്ന മോദാൽ.

ശ്രീകണ്ഠീയങ്ങൾ നാലും ശിവയുടെ പരി-
ഭിന്നങ്ങൾ ചക്രങ്ങളഞ്ചും
സാകം ബ്രഹ്മാണ്ഡമൂലപ്രകൃതിപദമിയ-
ന്നമ്പിടുന്നൊമ്പതോടും
ആകെച്ചേന്നെട്ടൊടീരെട്ടിതളിവയൊടെഴും
വൃത്തരേഖാത്രയം ചേ-
ന്നാകും നാല്പത്തിനാലാണരിയ വസതിയോ-
ടൊത്ത നിൻ ചിത്രകോണം.

ത്വത്സൗന്ദര്യാതിരേകം തുഹിനഗിരിസുതേ!
തുല്യമായൊന്നിനോതി-
ന്നുത്സാഹിത്യം ചമപ്പാൻ വിധിമുതൽ വിബുധ-
ന്മാരുമിന്നാരുമാകാ;

Digitized By Kerala Sahitya Akademi

ഔൽസുക്യത്താലതല്പേയമരികളത്ര കാ–
ണ്മാനലഭ്യത്വമോക്കാ–
ത്രസാഹിക്കുന്ന കേറുന്നതിനിഹ ശിവസാ–
യുജ്യമാം പൂജ്യമാഗ്ഗ്രേ.

ചന്തം കാഴ്ച്ചയ്ക്ക വേണ്ടാ, ചതുരത ചടുവാ–
ക്കോത്തുവാൻ വേണ്ട ചെറും,
ചിന്തിച്ചാൽ നിൻ കടാക്ഷം തടവിയ ജഠരൻ–
തന്നെയും തന്വി കണ്ടാൽ
ക്ലന്തൽക്കെട്ടൊട്ടഴിഞ്ഞും കചകലഗദ്ഗ്ല–
ലാഞ്ചലം വീണിഴഞ്ഞും
ബന്ധം കാഞ്ചിക്കിഴിഞ്ഞും വിഗതവസനയാ–
യോടിയെത്തീടുമാര്യേ!

അമ്പത്താറാകുമർച്ചിസ്സുവനിയിലുദകം–
തന്നിലമ്പത്തിരണ്ടാ–
മംഭസ്സിൻ ശത്രുമിത്രങ്ങളിലൊരുപത്തും
രണ്ടുമമ്പത്തിനാലും
.തൻഭ്രൂമദ്ധ്യാംബരത്തിൽ തരമൊടെഴുപത്തും
രണ്ടുമുണ്ടെന്നിനില്ക്കു–
ന്നമ്പുന്നെട്ടെട്ട ചേതസ്സിതിലുമതിനുമ–
ങ്ങപ്പുറം ത്വൽപദാബ്ജം.

തേനേലും വെണ്ണിലാവിൽ ധവളതനുവൊടും
തിങ്കളും ചൂടും കിരീടം
ധ്യാനിച്ചും തൃക്കരങ്ങാംക്കഭയവരദവി–
ദ്യാക്ഷസൂത്രങ്ങളോത്തും
നൂനം നിന്നെത്തൊഴാതെങ്ങനെ കവിനിപുണ–
ന്നാക്കുദിക്കുന്ന വാക്യം
തേനും പാലും നറുംമുന്തിരിയുടെ കനിയും
തോറെ ചട്ടറമട്ടിൽ.

കത്തും കാന്ത്യാ വിളങ്ങും കവിവരഹൃദയാം–
ഭോജബാലാതപംപോൽ
ചിത്തത്തിൽ ചേത്തിടുന്നു ചിലരുമരുണയാം
നിന്നെയദ്ധന്യരെല്ലാം

Digitized By Kerala Sahitya Akademi

മെത്തും വാഗ്വൈഭവത്തെപ്പുകഴ്ത്തുവതിനു ഞാ-
നാരുഗംഭീരവാണീ-
നൃത്തത്തിൻ വൈഭവത്താൽ സഹൃദയഹൃദയാ-
ഹ്ലാദനം ചെയ്തിടുന്നു.

ചേതസ്സിൽ ചന്ദ്രകാന്തോപലദലവിശദ-
ശ്രീനിറഞ്ഞുള്ള ശബ്ദ-
വ്രാതത്തിൻ മാതൃഭാവം കലരുമൊരു വശി-
ന്യാദിയോടൊത്തു നിന്നെ
ബോധിച്ചീടുന്ന മത്സ്യൻ ബഹുവിധരചനാ-
സാദ്യമാം പദ്യജാലം
ചെയ്തീടും ചാരുവാണീവദനകമലസൗ-
രഭ്യസൗലഭ്യമോടും.

ദേവി! ത്വദ്ദേഹകാന്തിപ്രചുരിമ ദിനനാ-
ഥന്റെ ബാലാതപംപോൽ
ദ്യോവും ഭൂവും നിറഞ്ഞുള്ളരുണനിറമൊടും
ഭാവനം ചെയ്വവന്നു
ആവിർഭീത്യാ വലഞ്ഞോടിയ വനവരിമാ
പോലെ വല്ലാത്ത നാണം
താവും കമ്രാക്ഷിമാരുർവശിമുതലെവരും
വശ്യരാം വേശ്യമാരും.

ബിന്ദുസ്ഥാനത്തിലാസ്യത്തെയുമഥ കുചയു-
ഗ്മത്തെയും നിതംബത്തെയും നിൻ
കന്ദർപ്പൻതന്റെ ധാമത്തെയുമടിയിൽ മഹാ-
ദേവി! ഭാവിക്കുമെന്നാൽ
അന്നേരത്തുദ്ഭ്രമിക്കുന്നബലകളതു നി-
സ്സാരമാദിത്യചന്ദ്ര-
ദ്വന്ദ്വം വക്ഷോജമാകും ജഗതി മുഴുവനും
സാംപ്രതം സംഭ്രമിക്കും.

കായത്തിൻ കാന്തിസന്താനകരസമൊഴുകി-
ച്ചായുമച്ചന്ദ്രകാന്ത-
സ്ഥായിശ്രീ ചേർന്നമട്ടിൽ ഭവതിയുടെ വപു-
സ്സന്തരാ ചിന്തചെയ്താൽ

Digitized By Kerala Sahitya Akademi

പായിക്കാം സുദ്ദച്ചം പെരിയ ഖഗപതി–
ക്കൊത്തുടൻ നേത്രനാഡീ–
പീയൂഷസ്രാവശക്ത്യാ ജ്വരിതപരിഭവം
നോക്കിയും സൗഖ്യമാക്കാം.

വിദ്യുത്തോടൊത്ത സൂക്ഷ്മാകൃതിയിൽ മിഹിരച–
ന്ദ്രാഗ്നിരൂപത്തിലെന്നും
വിദ്യോതിക്കും ഷഡാധാരവുമധിഗതമായ്
നിന്റെ തേജോവിശേഷം
ഉദ്യൽപദ്മാകരത്തിന്നിടയിലതിനെയു–
ദ്ധൃതമായാമലന്മാർ
വിദ്വാന്മാർ കണ്ടുകൊക്കാണ്ടിടുമൊരു പരമാ–
നന്ദനിഷ്യന്ദപൂരം.

ദാസൻ ഞാൻ ഗൗരി! നീ മാം പ്രതി കരുണകല–
ന്നൊന്നു നോക്കെന്നരുൾ്ക്കാ–
നാസംഗപ്പെട്ടൊരുമ്പെട്ടരമൊഴി മമ ഗൗ–
രീതിവാഴ്ത്തും ക്ഷണത്തിൽ
നീ സായുജ്യം കൊടുക്കുന്നവനു ഹരിവിരി–
ഞ്ചാദി ചൂഡാമലത്തിൽ
ഭാസിക്കും രത്നദീപാവലി പദകമലാ–
രാധനം ചെയ്തിടുന്നു.

ചെന്താർബാണാരിമെയ്യിൽ പകുതിയപഹരി–
ച്ചാദ്യമേയദ്യപോരാ–
ഞ്ഞന്തമ്മോദേന മറേറപ്പകുതിയുമഗജേ!
നീ ഹരിച്ചെന്നു തോന്നും
എന്തെന്നാൽ നിൻശരീരം മുഴുവനരുണമായ്
കണ്ണു മൂന്നായി കൊങ്കു–
പ്പന്തിൻ ഭാരേണ കുന്നും പനിമതിയൊടു ചൂ–
ടുന്ന കോടീരമാന്നും.

സൃഷ്ടാ സൃഷ്ടിച്ചിടുന്നു ഹരിയതു പരിപാ–
ലിച്ചിടുന്നിന്ദുചൂഡൻ
നഷ്ടംചെയ്യുന്നു തന്നോടഖിലമഥമറ–
ഞ്ഞുന്നു ലോകം മഹേശൻ

Digitized By Kerala Sahitya Akademi

സൃഷ്ടിപ്പാനായ് സദാ പൂവ്വുകനുപരി ശിവൻ
സ്വീകരിക്കുന്നതും നിൻ–
കഷ്ടാതീതം ഭ്രമിക്കും ഭ്രൂകുടിഘടനതൻ
സംജ്ഞയാമാജ്ഞയാലേ.

ചിന്തിച്ചാൽ മൂത്തി മൂന്നായ് ത്രിഗുണമതിലെഴും–
മൂന്നിനും നിന്റെ പാദ–
ച്ചെന്താരിൽ ചെയ്യുകൊള്ളും ചതുരതകലരും
പൂജയേ പൂജയാക്കു
എന്തെന്നാൽ നിന്റെ പാദാവഹനവിഹിതര–
ത്രാസനാസന്നദേശ–
ത്തന്തംകൂടാതെ ഹസ്താഞ്ജലി മുടിയിലണി–
ഞ്ഞനുമീയുന്നവർകോന്മാർ.

ബ്രഹ്മാവും വേർപെടുന്ന വിധുവുമുപരമി–
ക്കുന്ന വൈവസ്വതന്നും
തൻമൂർത്തിത്വം കെടുന്ന ധനദനുമുടനേ–
തന്നെ നാശം വരുന്ന
മേന്മേൽ നില്പും മഹേന്ദ്രാവലിയുമഥ മിഴി–
ക്കുന്ന സംഹാരകാല–
ത്തമ്മട്ടം ക്രീഡയല്പോ ഭഗവതി സതിയാം
നിന്റെ ഭർത്താവിനോത്താൽ.

സംസാരിക്കുന്നതെല്പാം ജപമഖിലകര–
ന്യാസവും മുദ്രയേവം
സഞ്ചാരം ദക്ഷിണാവർത്തനവുമശനപാ–
നങ്ങടം ഹോമങ്ങളും മേ
സംവേശം തന്നെ സാഷ്ടാംഗവുമഖിലസുഖം
താനുമാത്മാർപ്പണത്തിൻ
സംവിത്താൽ നിൻസപര്യാവിധിയിൽ വരിക
കാട്ടിടും ചേഷ്ടയെല്പാം. [ഞാൻ

വാർദ്ധക്യം മൃത്യുവെന്നീ വലിയ ഭയമക–
റുന്ന പീയൂഷപാനം
മെത്തും മോദേന ചെയ്യും മുതരിഹ വിധിമു–
ന്പായിടും വിണ്ണവന്മാർ;

Digitized By Kerala Sahitya Akademi

അത്യുഗ്രക്ഷോഭമുള്ളക്കാം തവ പതിയറിയു-
ന്നില്ലഹോ കാലഭേദം
കത്തും നിൻ കാതിലോലയ്ക്കുടയ മഹിമയാ-
കുന്നതിൻമൂലമമ്മേ!

മാറു മല്ലാസനൻതൻ മുടി മധുമഥനൻ-
തന്റെ കോടീരകോടി-
ക്കേറു ഹേ! താൻ തടഞ്ഞു സുരപതിമുകുട-
ത്തെപ്പുറത്തോട്ടു തള്ളി
മുറും കമ്പിട്ടിടുമ്പോളിവർ ഭവതിയെഴു-
ന്നുമ്പോളീശൻ വരുമ്പോഴും
തെറ്റെന്നേവം തുടങ്ങുന്നരികിൽ നിജഭട-
ലാപകോലാഹലങ്ങൾ.

മെത്തും മെയ്വീന്ന പൊങ്ങുന്നണിമ മഹിമയി-
ത്യാദിയൊത്താഭ ചൂഴും
നിത്യേ! നിന്നേ നിരൂപിച്ചഹമിതി നിതരാ-
മേവർ ഭാവിച്ചിടുന്ന
തത്താദൃക്കാം ത്രിണേത്രനുടയ പടിമയും
ധിക്കരിക്കുന്നവക്കായ്
കത്തും കാലാഗ്നി നീരാജനമരുളുവതോ
പാക്കിലാശ്ചര്യമാര്യേ!

ഓരോരോ സിദ്ധിനല്കുംപടിയൊരുപത്തും
നാലുമുണ്ടാക്കി തന്ത്രം
പാരെല്ലാവും ചതിച്ചപ്പുരുപതി പരമാ-
നന്ദമുൾക്കൊണ്ടിരിക്കെ
പാരം നിബ്ബന്ധമോതിപ്പുനരിഹ പുരുഷാ-
ർത്ഥങ്ങൾ നാലും കൊടുപ്പാൻ
പോരുന്നിത്തന്ത്രമേവം ക്ഷിതിയിലവതരി-
പ്പിച്ചു നീ സച്ചുമാര്യേ!

പാരിൽ ക്ലുപ്തം ശിവൻ ശക്തിയുമലർശരനും.
ഭ്രമിയും പിന്നെയക്കൻ
താരാധീശൻ സ്മരൻ ഹംസവുമഥ ഹരിയും
പിൻപരാ കാമനിന്ദ്രൻ

Digitized By Kerala Sahitya Akademi

ഓരോ ശ്രീകാരമീ മൂന്നിനുമൊടുവിലുദി–
ക്കുന്നൊഴീ വണ്ണജാലം
നേരേ നിൻ നാമധേയത്തിനു ജനനി! പെട്ട–
ന്നംഗമായ് ഭംഗമെന്യേ.

നിത്യേ! നിൻ മന്ത്രരത്നം മുടിയിലലർശരൻ
തന്നെയും നിന്നെയും ശ്രീ–
തത്ത്വത്തെയ്യും നിനച്ചും സപദി ചില മഹാ–
ഭോഗലോഗോദ്യസുകന്മാർ
ചിത്തം ചേക്കുന്ന ചിന്താമണിജപപടമേ–
ന്തിശ്രീവാവഹിതന്നെ–
ക്കുത്തിച്ചക്കാമധുക്കിൻ ഘൃതലഹരി ഹവി–
സ്സാക്കി ഹോമിച്ചിടുന്നു.

സോമാക്കദ്വന്ദ്വമാകും സ്തനയുഗളമെഴും
നീ ശിവന്തൻ ശരീരം
ശ്രീമാനാകും നവാത്മാവതുമിഹ ഭവദാ–
ത്മാവതാം ദേവിയോത്താൽ
ഈമട്ടിൽ ശേഷശേഷിത്വവുമുരുപരമാ–
നന്ദസംസ്പൃസമ്പദ്–
ധാമത്വം പൂണ്ട നിങ്ങട്ക്കിവിടെയുഭയസാ–
മാന്യസംബന്ധമത്രേ.

നീയേ ചേതസ്സു നീയേ പവനപദവി നീ–
യേ മരുത്തും മഹസ്സും
നീയാണംഭസ്സു നീയാണവനി വിവൃതയാം
നിന്നെ വിട്ടന്യമില്ലാ
നീയേ നിന്നെജ്ജഗത്തായ് ജനനി പരിണമി–
പ്പിക്കുവാനീ ചിൽസുഖാത്മാ–
വായും തീരുന്ന പാക്കിൽ പരമശിവനൊടും
പേരെഴും ദാരഭാവാൽ.

ഭ്രൂമദ്ധ്യത്തികലബ്ധഭാസ്വരഹിമകരകോ–
ടിപ്രഭാധാടിയോടും
ശ്രീമച്ചിച്ശക്തി ചേരും തനുവുടയശിവൻ–
തൻപദം കുമ്പിടുന്നേൻ

Digitized By Kerala Sahitya Akademi

സാമോദം ഹന്ത തത്സേവകനു സകല തേ–
ജസ്സിനും ഭാസ്സിനും മേൽ
സോമസ്സോമപ്രകാശം തവ ജനനി ലഭി–
ക്കുന്നു നിർല്ലോകലോകം.

നണ്ണീടുന്നേൻ നഭസ്സിന്നുദയനിലയമായ്
ശുദ്ധിയിൽ ശുദ്ധവെള്ള–
ക്കണ്ണാടിക്കാന്തികാളം ശിവനെയുമതുപോൽ
കേവലം ദേവിയേയും
എണ്ണുമ്പോഴിന്ദുരമ്യദ്യുതിയൊടെതിർപൊരും–
പോലവക്കുള്ള കാന്ത്യാ
ചണ്ഡാന്തദ്ധ്വാന്തവും പോയ് ജഗതിസുഖമൊട–
നുന്നു ചെമ്പോത്തുപോലെ.

ചാലേ പൊങ്ങും ചിദംഭോരുഹമധു നുകരാൻ
ചാരു ചാതുര്യഭാരം
കോലും സന്മാനസത്തിൽ കുടിയെഴുമരയ–
ന്നദ്വയം കുമ്പിടുന്നേൻ
ആലാപംകൊണ്ടതഷ്ടാദശകലകളെ പെറു–
ന്നാവഹിക്കുന്നശേഷം
പാലും പാനീയവുംപോൽ പ്രകലിതഗുണഭാ–
വത്തെ ദോഷത്തിൽനിന്നും.

സ്വാധിഷ്ഠാനാഗ്നിതന്നിൽ സതതമഭിരമി–
ക്കുന്ന സംവർത്തസംജ്ഞൻ
ഭൂതേശൻതന്നെയും തത്സമയയവളെയും
മാതുകേ! കൈതൊഴുന്നേൻ
ക്രോധത്തീ കത്തിയെത്തുന്നവനുടെ മിഴി ലോ–
കം ദഹിപ്പിച്ചിടുമ്പോഴും
ജാതപ്രേമാർദ്രദൃഷ്ട്യാ ജഗതിയവളെ ചെ–
യ്യുന്നു ശീതോപചാരം.

ധാമം തേടുന്ന ശക്ത്യാ തിമിരഭരമക–
റ്റും തടില്ലേഖയോടും
ശ്രീമന്നാനാമണിശ്രേണികളണിതിരള–
ന്നിന്ദ്രചാപാങ്കമോടും

Digitized By Kerala Sahitya Akademi

ശ്യാമശ്യാമാഭയോടും ശിവരവിഹിതമാം
വിഷ്ടപംതന്നിൽ വൃഷ്ടി–
സ്തോമം പെയ്യുന്ന ധാരാധരമതു മണിപൂ–
രത്തിൽ ഞാൻ വാഴ്ത്തിടുന്നേൻ.

മൂലാധാരത്തിൽ മേവും ഭഗവതി സമയേ
കിം നവാത്മാവതല്ലേ
നീ ലാസ്യം ചെയ്തിടുമ്പോൾ നവരസനടമാ–
ടുന്ന ദേവൻ നടേശൻ
കാലേ കാരുണ്യമോടൊത്തവിടെയുളിടും
നിങ്ങൾ സൃഷ്ടിക്കയാലി–
ന്നീ ലോകങ്ങൾക്കശേഷം ജനകജനനിമാ–
രുണ്ടഹോ രണ്ടുപേരും.

കുന്നിൻമാതേ! ഭവൽകുന്തളമതിൽ മിഹിര–
ശ്രേണിമാണിക്യമായ് സ്വ–
സ്പന്ദം ചേർത്തുള്ള ചാമീകരമകുടമെടു–
ത്തെണ്ണി വണ്ണിച്ചിടുമ്പോൾ
ചന്ദ്രച്ഛേദത്തെയമ്മണ്ഡലകിരണമടി–
ച്ചാശു ചിത്രീഭവിച്ചി–
ട്ടിന്ദ്രൻതൻ ചാപമാണെന്നവനെഴുതുമഭി–
പ്രായമന്യായമാമോ.

മുറും തിങ്ങിത്തഴച്ചമ്മിനമിനസമതാം
നിൻറെ നീലോല്പലപ്പൂ–
ങ്കുറക്കാർകുന്തലന്തസ്തിമിരഭരമക–
റ്റട്ടെ ഞങ്ങൾക്കു ഭദ്രേ!
പുറും ചേരുന്നതിൽ പുനിരകയും സഹജമാം
തൽസുഗന്ധത്തെ നിത്യം
പറിപ്പോവാൻ വലദ്വേഷിയുടെ മലർവന–
ത്തീന്നു വന്നെന്നപോലെ.

ക്ഷേമം നല്ലട്ടെ ഞങ്ങൾക്കയി തവ മുഖസൗ–
ന്ദര്യനിര്യന്തവേണി–
സ്തോമൽസ്രോതഃപ്രണാളിക്കുരുസമതപെറും
നിൻറെ സീമന്തമാർഗ്ഗം

Digitized By Kerala Sahitya Akademi

കാമം തത്രത്യമാം കുങ്കുമനിരയരിയാം
കുന്തളക്ഷുരിതുട്ടി–
ന്നാമത്തിന് പൊട്ടിരിക്കുന്നതണകരകിശോ–
രങ്ങളാണെന്ന തോന്നും.

കുട്ടിക്കാർവണ്ടിനാക്കും കടിലകുനിര–
ക്കുട്ടമാളും തവാസ്യം
ചുട്ടറീടുന്ന ചെന്താമരയെയുപഹസി–
ക്കുന്ന സുസ്മേരമാരേ്യ
മുഷ്ടും സൗരഭ്യമുണ്ടാ മുടുഹസിതശുചി–
ത്തൊങ്ങലുണ്ടുന്മദത്താൽ
മട്ടുറുന്നുണ്ടു മാരാരിയുടെ മിഴികളാ–
കും മിളിന്ദങ്ങളും മുന്നം.

കത്തും തേജോവിലാസത്തൊടു തവ നിറുക–
ക്കാന്തി കണ്ടാൽ കിരീടം
പ്രത്യാരോപിച്ച മറ്റേപ്പകുതി വിധുവതാ–
ണെന്ന തോന്നുന്ന ഗൗരീ
വ്യത്യസ്തത്വേന വസ്ത്രപ്പെടുമിതു സമമായ്
രണ്ടുമൊന്നിക്കുമെന്നാൽ
പുത്തൻ പൂവെണ്ണിലാവിൻ പുടിക പരിണമി–
ക്കുന്ന പൂർണ്ണേന്ദുവായും.

തെറ്റെന്നാത്രാസമെല്ലാം ത്രിഭുവനമതിലും
നീക്കുവാൻ വ്യഗ്രയാം നിൻ
ചെറുതുക്കുനാൻ ചില്ലികൊടികളും ചടുലവ–
ണ്ടൊത്ത കണ്ണാം ഗുണത്താൽ
കുറഞ്ഞുടാതിടത്തേക്കുരമതിൽ മണിബ–
ന്ധത്തിനാൽ മുഷ്ടിയാലും
മുറും മദ്ധ്യം മറച്ചാ മലർവിശിഖനെടു–
ക്കുന്ന വില്ലെന്ന തോന്നും.

അല്ലിത്താർബന്ധുവല്ലോ തവ ജനനി! വലം–
കണ്ണതിനാണഹസ്സും
ചൊല്ലേറും ചന്ദ്രനല്ലോ ചടുലമിഴി! യിടം–
കണ്ണതിനാണു രാവും

Digitized By Kerala Sahitya Akademi

ഫുല്ലത്വം പൂണ്ണമാകാതൊരു ചെറുതുപുടം
വിട്ട പൊന്താമരപ്പൂ
വെല്ലും ശ്രീയാൻ മുന്നാം തിരുമിഴിയതിലാ–
ണന്തരാ സന്ധ്യതാനം.

ചൊല്പ്പേറീടും വിശാലാ, ചപലകുവലയ–
ത്താലയോദ്ധ്യാ, നിനച്ചാൽ
കല്യാണീ കാൺകിലാ ഭോഗവതി, മധുര കൈ–
ടഭ്പോലകാത്ണ്യധാരാ
കിഞ്ചില്ലന്യേ മാമവന്തീ, ബഹുപുരവിജയാ
കേവലം വൈഭവത്താ–
ലെല്ലാ നീവ്യുത്തുകാംക്ഷാള്ളഭിധയൊടുമിണ–
ങ്ങുന്ന നിൻ ദൃഷ്ടിയാരേ്യ!

കൊണ്ടാടിക്കാവ്യമോതും കവികളുടെ വചോ–
വല്ലരീസാരഭാരം
തെണ്ടീടും കാതിലെത്തിക്കടമിഴിയിണയാം
രണ്ടു വണ്ടിൻകിടാങ്ങൾ
ഉണ്ടീടുന്നാമുഖപ്പെട്ടുനവരസമെ–
ന്നുള്ളിലീഷ്യാസുബന്ധം–
കൊണ്ടാണല്ലീ! പുവന്യ ജനനി! കൊതിയൊടും
ചെറു നിൻനെറിനേത്രം.

ഉത്തരഭാഗം

*കാന്തോളവും മിഴി കുങ്കുമലത്തിനുള്ള
ചേതോഹരപ്രഭ കലർന്നൊരു ചാരുമേനി
ശീതാംശുപൂണ്ട ചികുരാവലിയെന്നിതുള്ള
ഭൂതേശപത്നിയുടെ പാദയുഗം തൊഴുന്നേൻ.

ശൃംഗാരശ്രീവിലേപം ശിവനിതരജന–
ങ്ങൾക്കു ബീഭത്സകുത്സം
ഗംഗാദേവിക്കു രൗദ്രം ഗിരിശനടുമിഴി–
ക്കുദ്ഭൂതൈകാന്തകാന്തം

*ഈ ശ്ലോകം ഭാഷാന്തരകർത്താവിന്റെ സ്വന്തമാണെന്നു തോന്നുന്നു. മൂലത്തിൽ കാണുന്നില്ല.

Digitized By Kerala Sahitya Akademi

അംഗാരാക്ഷാഹികൾക്കാബദ്ധയുതമരവി–
ന്ദത്തിനാവീരമാളീ–
സംഘത്തിന്നംബ! ഹാസം രസമടിയന്തു നിൻ
കണ്ണു കാരുണ്യപൂർണ്ണം.

കണ്ണാന്തത്തോളമെത്തുന്നഴകിയ കഴുകൻ–
തുവലൊത്തക്ഷിരോമം
തിണ്ണംചേരുന്ന സാക്ഷാൽ ത്രിപുരരിപുമന–
ക്കാമ്പിളക്കുന്നിതഗ്രാൽ
കണ്ണേവം നിന്റെതോക്കിൻ കുലഗിരികുല ച്യു–
ഡാമണേ! കാമദേവൻ
കണ്ണത്തോളം വലിച്ചേറിയ കണകളതിൻ
കൗതുകം ചെയ്തിടുന്നു.

ലീലാനീലാഞ്ജനത്താൽ നലമൊട്ടു നിറഭേ–
ദങ്ങൾ മൂന്നും തെളിഞ്ഞി–
ട്ടാലോലം നിന്റെ നേത്രത്രിതയമതഖിലലോ–
കൈകനാഥൈകനാഥേ!
കാലാഗ്നിപ്ലുഷ്ടരാകുന്നജഹരിഹരരേ–
പ്പിന്നെയും സൃഷ്ടിചെയ്വാൻ
നീ ലാളിക്കുന്ന സത്ത്വപ്രഭൃതി നിജഗുണം
മൂന്നുമായ് തോന്നുമാര്യേ!

ഇക്കണ്ടോക്കാത്മബുദ്ധിക്കിടയിലിഹ ചുവ–
പ്പും വെളുപ്പും കറുപ്പും
കയ്ക്കൊണ്ടാക്കണ്ണുമൂന്നും കനിവൊടുമിയലും
നീ ശിവായത്തചിത്തേ!
ചൊല്ലോളം ശോണമാകും നദമരിയമഹാ–
ഗംഗ കാളിന്ദിയെന്നാ–
യിക്കാണും മൂന്നു തീർത്ഥത്തിനുമുളകയോ
സംഗമം മംഗളാഢ്യം.

ഉന്മീലിപ്പും നിമീലിപ്പുമുദയലയ–
ങ്ങൾക്കു ഹേതുക്കളെന്നായ്
ചെമ്മേ ശൈലേന്ദ്രകന്യേ ജഗതി സപദി സ–
ത്തുക്കൾ ചൊല്ലുന്നുവല്ലോ

Digitized By Kerala Sahitya Akademi

ഉന്മേഷത്തീന്നുദിക്കും ഭുവനമഖിലവും
ഘോരസംഹാരതാപം
തന്മേൽനിന്നുദ്ധരിപ്പാൻ തവ മിഴിയിമവ–
ട്ടാത്തതാണോത്തിടുന്നോ.

കണ്ണത്തിൽ പുക്കു നിന്നോടിഹ കരളകഥി–
ക്കുന്ന കണ്ണെന്ന നീരിൽ
കണ്ണും പൂട്ടാതൊളിക്കുന്നിതു ശരി കരിമീൻ–
പേടമാർ പേടിമൂലം
ചണ്ഡീ! നീലാബ്ജഗർഭ്ഭദമരരമട–
ച്ചാട്ടു കാലത്തിറങ്ങി–
ത്തിണ്ണെന്നെത്തുന്ന രാവിൽ തിരിയെയ്തു തുറ–
ന്നുള്ളിലാക്കുള്ളലക്ഷ്മി.

ഫുല്ലിച്ചീടുന്ന നീലാംബുജമുകുളനിറം
പൂണ്ടു നീണ്ടുള്ള കണ്ണാൻ
തെല്ലീ ദൂരസ്ഥനാം ദീനനിലുമലിവു നീ
ട്ടുവണം ദേവദേവി
ഇല്ലല്ലോ ചേതമെന്മട്ടിതിലടിയനുടൻ
ധന്യനായ്ത്തീരുമല്ലോ
തുല്യം തുറന്ന ചന്ദ്രൻ കരമടവിയിലും
മോടിയാം മേടമേലും.

ആവക്രം നിന്നെറ പാളീയിണകളിവകളെ–
ന്നദ്രിരാജന്യകന്യേ!
പൂവമ്പൻപൂണ്ട വില്ലിൻ പുതുമയഭിനയി–
ക്കാത്തതാക്കാണരുതിൽ
ഏവം തൽകണ്ണുമാർഗ്ഗം വിരവിനൊട്ട കട–
ന്നീ വിലങ്ങത്തിലേറി–
പ്പോവും പീലിക്കടക്കൺമുനകളം കണതോട്ട–
ക്കുന്നപോൽ തോന്നിടുന്നു.

രണ്ടും ബിംബിച്ചു തങ്കക്കവിളിണ വിരവിൽ
തക്കചക്രങ്ങൾ നാലായ്–
തണ്ടാരമ്പന്റെ തേരായ് തവ മുഖകമലം
തന്നെ ഞാനുന്നിടുന്നു

Digitized By Kerala Sahitya Akademi

ചണ്ഡത്വത്തോടിതേറിജ്ഝടിതി വിരുതിൽ വെ–
ല്ലുന്ന ചന്ദ്രാക്ഷചക്രം
പൂണ്ടീടും ഭ്രുരഥം പൂട്ടിയ പുരഹരനെ–
പ്പോരിൽ നേരിട്ട മാരൻ.

പുത്തൻ പീയൂഷധാരയ്ക്കുടയ പടിമ ക–
ണ്ടൊണ്ട വാഗ്ദേവിയോത്തും
ചിത്രശ്ലോകങ്ങൾ കാതാം കരപുടമതുകൊ–
ണ്ടേറു മുറ്റും നുകർന്ന
ചിത്താഹ്ലാദപ്രയോഗത്തിന ഭവതി ശിരഃ–
കമ്പനംചെയ്തിടുമ്പോൾ
പ്രത്യാമോദിക്കയല്ലീ ഝണഝണഝണിതം
ചണ്ഡി! നിൻ കുണ്ഡലങ്ങൾ.

ചൊല്പൊങ്ങുന്നെന്റെ ശൈലാധിപഭവനപതാ–
കേ! നമുക്കൊക്കെയും നി–
ന്മുക്കായീടും മുളക്കാമ്പിതു മുഹുരിഹ ന–
ല്ലുട്ടെ വേണ്ടും വരങ്ങൾ
ഉൾക്കൊണ്ടീടുന്ന മുക്താമണികളധികമായ്
ശീതനിശ്വാസമേറു–
ന്മുക്തീഭ്രുതങ്ങളത്രേ വെളിയിലതു വഹി
ക്കുന്ന മുക്താഫലങ്ങൾ.

ചോരച്ചെഞ്ചുണ്ടതിൽ തേ സുമുഖി സഹജമാ–
യുള്ള ശോഭയ്ക്കു തുല്യം
പോരും സാദൃശ്യമോതാം പവിഴലതികമേൽ
നല്ല പകുപം ജനിക്കിൽ
പോരാ ബിംബം സമാനം പറവതിനതു ബിം–
ബിച്ചു സിദ്ധിച്ച കാന്ത്യാ
നേരിട്ടാൽ തെല്ലിനോടും ത്രുപവുമധികം
ത്രാസമാം ത്രാസിലേറാൻ.

മന്ദസ്മേരാഖ്യമാം നിൻമുഖവിധുവിനെഴും
വെണ്ണിലാവുണ്ടു ചുണ്ടും
മന്ദിച്ചേററം ചെടിച്ചു മധുരമധികമാ–
യിച്ചകോരത്തിനെല്ലാം

Digitized By Kerala Sahitya Akademi

പിന്നെപ്പാരം പുളിപ്പിൽ പ്രിയമൊടിവ ഗാഗാ–
ങ്കന്നെറ പീയൂഷവഷ്ം
തന്നെസ്സേവിച്ചിടുന്ന നിശി നിശി നിയതം
മോടിയായ് കാടിപോലെ.

പ്രാണപ്രേയാനെ നിത്യം പലവുരുവു പുക–
ഴ്ന്ന ജിഹ്വാഞ്ചലം തേ
ചേണൊക്കും ചെമ്പവത്തിക്കുസുമമൊട്ടു സമ്പ–
ദേവി! ശോഭിച്ചിടുന്ന
വാണിക്കുള്ളൊരു ഗ്രുദ്ധസ്സടികസദൃശമാ–
യുള്ള വെള്ളശ്ശരീരം
മാണിക്യംപോലെയാകുന്നവിടെ മരുവിടും
ഫലമക്കാലമെല്ലാം.

തോല്പിച്ചാ ദൈത്യയൂഥം സപദി പടകഴി–
ഞ്ഞാത്തലപ്പാവു പൊക്കി–
ക്കുപ്പായത്തോടുമാരാൽ വരുമളവു കയാ–
രേന്ദ്രനാരായണന്മാർ
തദ്ഭർത്രുച്ഛിഷ്ടമോക്കിൽ പ്രമഥനിതി വെറു–
ത്തും മുറുക്കുന്ന വാങ്ങി–
കർപ്പൂരക്ലേദമോടും തവ കവിളിനക–
ത്തമ്പിടും തമ്പലങ്ങൾ.

ചെന്താർബാണാരിചിത്രസ്മിതകരം പലതുമാ–
വാണി വായിച്ചിടുമ്പോൾ
ചിന്തും മോദേന നീയും ചെറുതു തല കുലു–
ക്കീട്ട ചൊല്ലാൻ തുടന്നാൽ
പൈന്തേനിൻവാണി! നിൻവാങ്മധുരിമയതിനാൽ
ഗദ്ഗദമേറാഞ്ഞുമൂലം
സ്വന്തം കൈവീണതന്നെക്കവിയണയിലെടു–
ത്തിട്ട കെട്ടുന്ന വേഗം.

ഉണ്ണിക്കാലത്തു കൈകൊണ്ടഗപതിയനുമോ–
ദിച്ചതായും സദാ മു–
കണ്ണൻ മോഹാന്ധനായ് വന്നധരമതു കുടി–
പ്പാനയത്തുന്നതായും

Digitized By Kerala Sahitya Akademi

വർണ്ണിപ്പാൻ വസ്തു കിട്ടാത്തൊരു കരഗതമാം
വാമദേവന്റെ വക്ത്ര–
ക്കണ്ണാടിത്തണ്ടതാം നിൻ ചിബുകമടിയനി–
ന്നോക്കിലെന്തൊന്നരസ്സും.

കണ്ടീടാം ദേവി! നിത്യം ഹരകരപരിരംഭത്തി–
ലുദ്ധൂതമാം നിൻ
കണ്ണെത്തിപ്പൂ കണ്ടകംപൂണ്ടൊരു മുഖകമല–
ത്തിന്റെ തണ്ടിന്റെ ലക്ഷ്മി
ഉണ്ടേവം കാരകിൽച്ചേറുരുവിയഥ കറു–
ത്തും സ്വഗത്യാ വെളുത്തും
തണ്ടിൻതാഴത്തു തണ്ടാർവലയവടിവഴകു
ചാരുവാം ഹാരവല്ലി.

പണ്ടാ വേളിക്കു ബന്ധിച്ചൊരു ചരടുകൾതൻ
ലഗ്നകംപോൽ കഴുത്തിൽ–
ക്കണ്ടീടും രേഖ മൂന്നും ഗതിഗമകമഹാ
ഗീത ചാതുര്യവാസേ!
കൊണ്ടാട്ടം ശോഭതേടുന്നമിതമധുരമാം
രാഗരത്നാകരത്വം
തെണ്ടും ഗ്രാമത്രയത്തിൻ സ്ഥിതിയെ നിലനിറു–
ത്തുന്ന കാഷ്ഠാത്രയംപോൽ.

ലോലത്വംപൂണ്ട തണ്ടാർവലയമൃദുലമാം
നിന്റെ കൈ നാലുമേലും
ലാലിത്യം വാഴ്ത്തിടുന്ന നളിനനിലയനൻ
നാലു വക്ത്രങ്ങൾകൊണ്ടും
കാലപ്രദ്ധ്വംസിതൻ കൈനഖനിരയിലലം–
പേടിയായ് ശിഷ്ടശീർഷം
നാലിന്നും ദേവിയൊന്നായഭയകരമുയ–
ർത്തീടുമെന്നൂഢബുദ്ധ്യാ.

പുത്തൻചെന്താമരപ്പൂനിറമരിയ നഖം–
കൊണ്ടു നിന്ദിച്ചിടും നിൻ–
കൈത്താരിൻ കാന്തി ഞാനെങ്ങനെ പറയുമമ്മേ
ഹന്ത നീതന്നെ ചൊല്ലു

Digitized By Kerala Sahitya Akademi

നൃത്തംചെയ്യും മഹാലക്ഷ്മിയുടെ കഴലിണ–
ത്തേലുമാലക്തകം പൂ–
ണ്ടത്യത്ഥം നില്പിലപ്പങ്കജമൊരു ലവലേ–
ശത്തിനോടൊത്തിടട്ടേ.

അപ്പൊഴത്തോന്നിച്ചു ലംബോദരനമനജ്ഞനം
വന്നു പാലുണ്ടിടും നിൻ
തുപ്പെപ്പോഴും നനഞ്ഞുള്ളൊരു കുചയുഗളം
തീക്കുമെൻ ദുഃഖമെല്ലാം
മുമ്പിൽ കണ്ടായതിന്നും ദ്വിപവദനനുമേ!
ഹാസ്യമാമ്മാറു മോഹാൽ
തുമ്പിക്കൈകൊണ്ടു തുള്ളും പിരസി തടവി നോ–
ക്കുന്ന തത്കുംഭയുഗ്മം.

മാണിക്യത്തോൽക്കുടംതാനമൃതഭരിതമാ–
കുന്നതാകുന്ന രണ്ടി–
ക്കാണും നിൻകൊങ്ക കുന്നിൻകൊടി!യടിയനിതി–
ന്നില്ല തെല്ലും വിവാദം
ചേണൊക്കുന്നായതുണ്ടിട്ടിഹ ഗണപതിയും
സ്കന്ദനും നാരിമാരെ
ശ്രോണിച്ചീടാതെയിന്നും തവ മുലകുടിമാ–
റാത്ത കൈത്തോകകങ്ങൾ.

ചണ്ഡത്വംപൂണ്ട നാഗാസുരനുടെ തലകീ–
റീട്ടെടുത്തുള്ള മുത്തിൻ–
ഷണ്ഡത്തെക്കോത്തു കൊങ്കത്തടമതിലണിയും
മുഗ്ധമുക്താരസം തേ
ചണ്ഡീ! ചെന്തൊണ്ടിതോല്പ്പുന്നധരരുചികളാൽ
ചിത്രമായാ പ്രതാപോ–
ദ്ദണ്ഡശ്രീയിൽ കലന്നീടിന പുരരിപുവിൻ
മൂത്തയാം കീർത്തിപോലെ.

പാലെന്നുള്ളോരു കള്ളത്തൊടുമയി ജനനീ!
വൈഖരീശബ്ദജാല–
പ്പാലംഭോരാശിയല്പ്പോ തവ ഹൃദയമതീ–
ന്നൂന്നു പായുന്നതോർത്താൽ

Digitized By Kerala Sahitya Akademi

കോലും വാത്സല്യമോടും ദ്രവിഡശിശുവിനായ്
നീ കൊടുത്താസ്വദിച്ചാ
ബാലൻ സംവൃത്തനായാൻ പ്രഥിതകവികളിൽ
ദിവ്യനാം കാവ്യകർത്താ.

ദേവൻതൻ ക്രോധമാകും ദഹനശിഖകളിൽ–
ദ്ദേഹമാഹന്ത വെന്താ–
പ്പോവമ്പോൾ വന്നു വീണാൽ തടിതി ഭവതിതൻ
നാഭിയാം വാപിതന്നിൽ
ആവിശ്ശ്യാമാഭമപ്പോഴും ചെറിയ പൃക പുറ–
പ്പെട്ട മേല്പോട്ടതിന്നും
ഭാവിച്ചീടുന്ന ലോകം ജനനി ഭവതിതൻ
രോമദാമാഭയെന്നും.

കണ്ടാൽ കാളിന്ദിനീരിൽ ചെറിയ ചെറിയ കു–
ല്പോലകംപോലെയേതാ–
ണ്ടുണ്ടല്ലോ നിന്റെ നാഭീരമതിലഗജേ
ബുദ്ധിമാന്മാക്കതോക്കിൽ
കുണിച്ചേററം ഞെരുങ്ങും കുചഗിരികളിട–
യ്ക്കുള്ള സൂക്ഷ്മാന്തരീക്ഷം
തെണ്ടും ദിക്കറ്റു നാഭീഗ്രഹയിൽ വരികയാ–
ണെന്ന തോന്നീടുമാര്യേ.

മാറിപ്പോകാത്ത മന്ദാകിനിയുടെ ചുഴിയോ
മൊട്ട രണ്ടിട്ട രോമ–
ത്താരൊക്കും തൈലതപ്തുള്ളരിയൊരു തടമോ
താശ്രകശ്മനത്തീ
നീറീടും കുണ്ഡമോ നാഭികയിതു രതിതൻ
നിത്യമാം ക്ഷത്തരങ്ങോ
ദ്വാരോ സിദ്ധിക്കു ഗൗരീ ഗിരിശമിഴികൾതൻ
വീക്ഷ്യമാം ലക്ഷ്യമെന്നോ.

പണ്ടേ പാരം ക്ഷയിച്ചും പെരിയ കുചഭരം
കൊണ്ടു പിന്നെ ശ്രമിച്ചും
കണ്ടാലാനമ്രയാം നിൻ കടിലതികയൊടി–
ഞ്ഞീടുമിന്നെന്ന തോന്നും

Digitized By Kerala Sahitya Akademi

കണ്ടിക്കാർവേണിമൗലേ! നദിയുടെ കറുനി–
ക്കും മരത്തിന്റെ വേരിനു്
തണ്ടോളം സ്ഥൈര്യമേയുള്ളതിനു ധരസുതേ!
നന്ന മേന്തേറ്റു വരട്ടെ.

അപ്പോഴപ്പോഴം വിയർത്തും വിരവിനൊടു വിങ്ങും–
ഭിച്ച കക്ഷം കവിഞ്ഞും
കപ്പായത്തിനു് കഴഞ്ഞുള്ളൊരു കവിളുറി–
ക്കുന്ന കൊങ്കക്കുടങ്ങളും
കല്പിച്ചിട്ടാശു കാമൻ ജനനി! യൊടിയുമെ–
ന്നോർത്തു നിർമ്മദ്ധ്യദേശം
കൊല്പോടും മുന്നവട്ടം ലവലിലതകളാർ
കെട്ടിനാറു തിട്ടമാര്യേ.

ഭാരം വിസ്താരമെന്നീവകയെ നിജ നിതം–
ബത്തിനിന്നദ്രിരാജൻ
വാരിത്തന്നായിരിക്കാം തവ ജനനി വധു–
ട്രുല്ലമായുള്ളതെല്ലാം
നേരോക്കുമ്പോഴതല്ലേയതിവിപുലഭരം
നിന്റെ നൈതംബബിംബം
പാരാകത്താൻ മറുന്നതിനെ ലഘുവതായ്
ചെയ്തുയും ചെയ്തിടുന്നു.

തത്തൽകുംഭീന്ദ്രർതേടും കരനിരകളുമം
തങ്കവാഴത്തരത്തിനു്
പുത്തൻ കാണ്ഡങ്ങളും പോർതുടകളിവകളാൽ
നിന്നു നീയെന്ന രണ്ടും
ഭത്താവിൻ മുമ്പു കുമ്പിട്ടധികപരുഷമാം
വൃത്തജാനുദ്വയത്താൽ
കത്തവ്യജ്ഞേ! ജയിക്കുന്നമരകരിവരൻ–
കുംഭവും ശംഭുജായേ.

യുദ്ധേ തോല്പിച്ചിടേണം ശിവനെ നിയതമെ–
ന്നാശ്ശുരശ്രേണിയിപ്പോഴം
പത്താക്കിപ്പഞ്ചബാണൻ ഭവതിയുടെ കണ–
ക്കാലു തൂണീരമാക്കി

Digitized By Kerala Sahitya Akademi

പ്രത്യക്ഷീകരിക്കുന്നിതിൻ കീഴ്നഖരകപടമായ്
പത്തുമസ്രാഗ്രമാരേ്യ!
നിത്യം വാനോർകിരീടോപലനികഷമതിൽ
തേച്ചെഴും മൃച്ചയോടും.

വേദങ്ങൾക്കുള്ള മൃഡ്കാക്കളിരു മുടികൾസമം
ചേർമച്ചാരു വാം നിൻ
പാദദ്വന്ദ്വം കനിഞ്ഞു ജനനി! മമ ശിരോ-
ദിക്കിലും വസ്തുണം നീ
യാതൊന്നിൻ പാദതീർത്ഥം ഹരനുടെ ജടയിൽ
തങ്ങിടും ഗംഗയല്ലോ
യാതൊന്നിൻ ലാക്ഷ സാക്ഷാൽ നൃഹരിമകുടമാ-
ണിക്യവിഖ്യാതയല്ലോ.

നാമിന്നോതാം നമസ്സിൻനിരകളം നയനര-
മ്യാഭമായ് നല്പുരക്കിൻ
താവും കത്രാഭിരാമദ്യുതിയധികമെഴും
നിന്നടിത്താരിനാരേ്യ!
ഭാവിച്ചീടുന്നതിൻ താഡനരസമിവനെ-
ന്നെന്നുമന്തഃപ്പുരപ്പും-
കാവിൽ കാണുന്ന കങ്കേളിയൊടു പശുപതി-
ക്കെപ്പൊഴില്ലഭ്യസൂയ?

പേരല്പം മാറിയോതിപ്പുനരടിപണിവാൻ
വന്നുടൻ കള്ളലജ്ജാ-
ഭാരം കാണിച്ചു വീഴും പതിയുടെ നിടിലം-
തന്നിൽ നിൻ ധന്യപാദം
പാരം തല്പുന്നനേരം ദഹനപരിഭവം
വീണ്ടതെങ്ങും ജയത്താൽ
ചേരും പാദാംഗദത്തിന്നൊലി കിലികിലിതം
ചെയ്തതാം ചൂതബാണൻ.

മഞ്ഞിൽ പെട്ടെങ്കിൽ മങ്ങും മുഴുവനിരവിലും
നിന്നുറങ്ങും വിശേഷാൽ
കഞ്ജത്താരേകലക്ഷ്മീനിലയമിതു കഴൽ-
ത്താമരത്താരു രണ്ടും

Digitized By Kerala Sahitya Akademi

മഞ്ഞേലും കന്നിലാട്ടം പകലുമിരവിലും
ഗോഭ തേട്ടം ഭജിച്ചാൽ
മഞ്ജുശ്രീ വേണ്ടതേകും പുനരിതിനു ജയം
ചിത്രമോ? ഗോത്രകന്യേ!

ചൊല്ലിനാലസ്ഥാനമാം നിൻ ചരണമഴലിന–
സ്ഥാനമാമായതിന്നും
തുല്യം വല്ലാത്തൊരാമപ്പിടയുടെ മുതുകെ–
ന്നോതിയാൽ സാധുവാമോ?
മെല്ലെന്നാ വേളിനാളിൽ പദമലരു കരം
രണ്ടുകൊണ്ടും പിടിച്ചാ–
ക്കല്ലിന്മേൽ വച്ച കാലാരിയുടെ കടുമന–
സ്സിന്നു കാരുണ്യമുണ്ടോ?

വാനിൽ തങ്ങുന്ന വാർകേശികയും കരകമലം
കുമ്പമാറുവിളിക്കൊ–
ത്തുനം വിട്ടീ നഖംപൂണ്ടടികളുപഹസി–
ക്കുന്നതാം നന്ദനത്തെ
വാനോർമാത്രം വരിച്ചാൽ കരതളിരതിനാൽ
കല്പകം ഭിക്ഷയേകും
ദീനന്മാക്കേകിടും നിൻ പദതളിരനിശം
ഭവ്യമാം ദ്രവ്യമാര്യേ!

ഭാവം കണ്ടിട്ട വേണ്ടും പദവി പരവശ–
ന്മാക്കു ചേക്കുന്നതായും
താവും സൗന്ദര്യസാരദ്യുതിയെ മധുവൊഴ–
ക്കായൊഴുക്കുന്നതായും
ദേവി! ത്വത്പാദമെന്നുള്ളമരലതികതൻ
പൂംകലസ്സുള്ളിലിന്നെൻ–
ജീവൻ ജീവിക്കുമാറിന്ദ്രിയമൊടുമറുകാൽ
പൂണ്ട വണ്ടായ്വരട്ടെ.

തെറ്റിപ്പോയിട്ടുപോലും തവ നടയെ മുതി–
ന്നഭ്യസിക്കുന്നപോൽ നിൻ–
മുറത്തുള്ളോരു ഹംസപ്പിടകയും വെടിയുമാ–
റില്ലഹോ തുല്യയാനം

Digitized By Kerala Sahitya Akademi

മറ്റെന്തോരുന്നതോർത്താൽ തവ കഴൽമണി-
ഞ്ജീരമണ്ഡിതസ്വരത്തിൽ
കുറ്റം കൂടാതവയ്ക്കും ഗതിമുറയുപദേ-
ശിക്കയാം ശ്ലാഘ്യയാനേ!

സേവാസന്നദ്ധരാകും ദ്രുഹിണഹരിഹര-
ന്മാർ ഭവന്മഞ്ചമായാർ
മേൽവസ്ത്രം മൂടുകെന്നായതിനു ഗിരിവനമാ-
സച്ഛകാന്തിച്ഛലത്താൽ
ദേവി! തവദ്ദേഹദിവ്യപ്രഭകളടനതിൽ-
പ്പെട്ട രക്ഷാഭനായാ-
ട്ടേവൻ ശൃംഗാരമൂർത്തിദ്യുതിസദൃശമഹോ
കണ്ണിനാനന്ദമായാൻ.

മല്ലികാർകുന്തൽതന്നിൽ കുടിലഗ മൃദുഹാ-
സത്തിലത്യാജ്ജവം വരൂ-
കല്പിൻദാർഢ്യം കുചത്തിൽ കുസുമസഹജ-
സൗഭാഗ്യമന്തഗ്രുതത്തിൽ
സ്ഥൗല്യം ശ്രോണീഭരത്തിൽ സ്ഥുടതരമരയിൽ
സൗക്ഷ്മ്യമേവം ജഗത്തി-
ന്നെല്ലാമാലംബമാകും ശിവകരുണ ജയി-
ക്കുന്ന ശോണാഭിരാമാ.

അങ്കം കസ്തൂരിയാണങ്ങതിധവളകലാ-
രാശി കർപ്പൂരമാണാ-
ത്തിങ്കാംബിംബം ജലാഢ്യം മരതകമരവി-
ത്തട്ടമാണിട്ടുവയ്പാൻ
ശങ്കിപ്പാനില്ലതിങ്കൽ ഭവതിയതുപയോ-
ഗിച്ചു പാത്രം വെടിഞ്ഞാൽ
സങ്കേതിക്കുന്ന വീണ്ടും വിധിയതിലഖിലം
ദേവി! നിൻ സേവനാർത്ഥം.

അമ്പോടോക്കുമ്പൊഴാര്യേ! ഭഗവതി പുരഭി-
ത്തിന്നേറയന്തഃപുരം നീ
നിൻപൂജാവൃത്തി പിന്നീയനിയതകരണ-
ന്മാക്കു സിദ്ധിക്കുമോവാൻ

Digitized By Kerala Sahitya Akademi

ജംഭാരിപ്രഖ്യരാകം വലിയ വിബുധരും
ത്തുല്യമില്ലാത്ത സിദ്ധ്യാ
സനന്ദനന്ദാരതായിട്ടണിമമുതലൊട്ടും
ചോരചാരത്തിലേല്പ്പേ?

ധാതാവിന്റെ പത്നിതന്നെക്കവികളനുഭവി–
ക്കാത്തതാരാണരസ്സിൽ
ശ്രീദേവിക്കും നിനച്ചാലിഹ പതിയെവനാ–
കില്ലരക്കാശിരിക്കിൽ
ഭ്രതേന്ദ്രനെ വിട്ടെൻഭഗവതി സതികാം–
ക്ഷതമോത്തംസമേ നീ
ചാതേലും കൊങ്കചേരാൻ കരവകതരുവും
ഗോത്രജേ പാത്രമല്ലാ.

പാലോലും വാണി പദ്മാസനനു രമണിയാ–
പ്പുഷ്മനാഭനു പദ്മാ
ഫാലാക്ഷൻ പത്നിയാം പാർവ്വതിയിതി പറയു–
ന്നുണ്ടഹോ പണ്ഡിതന്മാർ
നാലാമത്തേതിതേതാണ്ടവിദിതമഹിമാ
വേലാവിശ്വം ഭ്രമിപ്പിപ്പവനം ഭവതി പര–
ബ്രഹ്മപട്ടാഭിഷിക്ത.

എപ്പോഴാണംബ ലാക്ഷാരസകലിതമതാം
നിന്റെ പൊന്താമരപ്പൂം–
തുപ്പാദക്ഷാളതീർത്ഥോദകമരുകം കുടി–
ക്കുന്ന വിദ്യാർത്ഥിയായ് ഞാൻ
ഉൽപത്യാ മൂകനും നിന്നുടകവിത പൊഴി–
പ്പിക്കുമത്തീർത്ഥമേന്തു–
ന്നെപ്പോഴാണംബ വാണീവദനകമലതാം–
മുല്ലലീലാരസത്വം.

ബ്രഹ്മാണിക്കും രമയ്ക്കും വിധിഹരിസമനായ്
തന്ന വാണല്ലസിക്കും
രമ്യം സൗഭാഗ്യമാന്നാ രതിയുടയ സതീ–
നിഷ്ടയും ഭ്രഷ്ടയാക്കും

Digitized By Kerala Sahitya Akademi

ചെമ്മേ ജീവിച്ചിരിക്കും ചിരമിഹ പക്ഷ്മപാ–
ശങ്ങളെല്ലാമുരുക്കും
ബ്രഹ്മാനന്ദാഭിധാനം രസവുമനുഭവി–
ക്കും ഭവദ്ഭക്തനാര്യേ!

ദീപത്തിൻ ജ്വാലതന്നാൽ ദിനകരനു സമാ–
രാധനം ദേവി,യിന്ദു–
ശ്രാവത്തിൻ ശീകരത്താൽ ഹിമകരനു വിധി–
ക്കുന്ന പൂജാവിധാനം
ആപം തന്നേറെതെടുത്തംബുധിയതിനതുള്ളം
തർപ്പണംതന്നെ നിന്നെ–
ബ്ഭാവിച്ചീ നിന്റെ വാക്കാൽ ജനനി! ലിപിമയീ!
തീർത്തോരിസ്സ്തോത്രജാലം.

ശ്രീ സൗന്ദര്യലഹരി ഭാഷ സമാപ്തം

Digitized By Kerala Sahitya Akademi

നളിനി

1911

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

ഞാൻ 'നളിനി' എഴുതാൻ ആരംഭിച്ചിട്ടു മുന്നു കൊല്ലത്തിനു മേലായി. 'മിസ്റ്റിക്' യിൽനിന്നു് എന്റെ 'വീണപൂവു്' പകർത്തി എഴുതി സി. എസ്. സുബ്രഹ്മണ്യൻപോറ്റി ബി. എ. അവർകൾ 'ഭാഷാപോഷിണി'യിൽ പ്രസിദ്ധപ്പെടുത്തിയ കാലത്താണു് ഞാൻ ഇതു തുടങ്ങിയതു്. പിന്നെ പല അസൗകര്യങ്ങളാലും പൂർത്തിയാകാതെകിടക്കുന്ന ഏതാനും ഖണ്ഡകൃതികൾ അടങ്ങിയ എന്റെ നോട്ടുപുസ്തകവനത്തിൽ വളരെക്കാലം തപസ്സുചെയ്തശേഷം ഈ കൃതിയിൽ പ്രത്യേകമുള്ള എന്റെ 'ഒരു സ്നേഹം'കൊണ്ടും ബി. വി. ബുക്കുഡിപ്പോക്കാരുടെ ഉത്സാഹംകൊണ്ടുമാണു് കഴിഞ്ഞ ഇംഗ്ലീഷുവർഷാവസാനത്തോടുകൂടിയെങ്കിലും 'നളിനി'ക്കു് 'ദിവാകര'സ്പർശമുണ്ടാവാൻ ഇടയായതു്.

അവതാരികയിൽ പറയുന്നതുപോലെ ഇതു് ഒരു പുതിയ പ്രസ്ഥാനമാണെന്നും, അതുകൊണ്ടു് ഇപ്പോഴത്തെ കവിതാഗതി അനുസരിച്ചു് ഇതിൽ സാധാരണവായനക്കാർക്കു് അഭിരുചി തോന്നുമോ എന്നും എനിക്കു സംശയം തോന്നി. ആ സ്ഥിതിക്കു് ഇതിൽ അടങ്ങിയ ആശയങ്ങളെ ഏതാണ്ടു വെളിപ്പെടുത്തി വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കത്തക്ക ഒരു അവതാരിക എഴുതിച്ചേർത്താൽ വളരെ പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ആ ഉദ്ദേശം മഹാപണ്ഡിതനും മഹാകവിയുമായ മഹാമഹിമശ്രീ എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെക്കൊണ്ടു നിവൃഹിപ്പിക്കേണമെന്ന എന്റെ ആഗ്രഹത്തെ അവിടെ അറിയിക്കയും സൗജന്യനിധിയായ അവിടുന്നു് അതു സന്തോഷപുരസ്സരം സമ്മതിക്കയും ചെയ്തു. അവതാരിക സംക്ഷിപ്തമാണെങ്കിലും ഇതിൽ കവിമര്യാദ അനുസരിച്ചു തടിവച്ചിരുന്ന മുഖ്യസ്ഥാനങ്ങളിൽ എല്ലാം വിജ്ഞനായ അവിടുത്തെ വിരലുകൾ നൈപുണ്യത്തോടെ പ്രവേശിച്ചിരിക്കുന്നതായി കാണുന്നതിൽ എനിക്കു് വലിയ ചാരിതാർത്ഥ്യം തോന്നുന്നു.

ശബ്ദസംബന്ധമായ നിബ്ബന്ധങ്ങളിൽ ചിലതു് ഒഴിവാക്കിയിരുന്നെങ്കിൽ മാറ്റു കൂടുമായിരുന്നില്ലേ എന്നു് അവതാരികയിൽ ശങ്കിക്കുന്നു. അതുകൊണ്ടു് ഈ കവിതയിൽ സർവ്വത്ര കാണുന്ന ദ്വിതീയാക്ഷരപ്രാസനിബ്ബന്ധത്തിന്റെയോ മറ്റോ സന്താനമായി വല്ല അസ്വാരസ്യമോ അർത്ഥഗ്രഹവിളംബമോ

Digitized By Kerala Sahitya Akademi

ഒക്കെ വല്ല ദിക്കിലും വന്നിട്ടുള്ളതായി തിരുമനസ്സിലേക്കു തോന്നിയിരിക്കണം. ആ ന്യൂനതയെ ഞാൻ സമ്മതിക്കുന്നു.

എന്റെ അപേക്ഷയെ സ്വീകരിച്ചു പുസ്തകം മുഴുവൻ സശ്രദ്ധം വായിച്ചുനോക്കി ഈ സരസമായ അവതാരിക എഴുതുവാൻ ദയയുണ്ടായ തിരുമനസ്സിലെന്നേക്കും ഞാൻ എന്നും കൃതജ്ഞനാണു്. ബി. വി. ബുക്കുഡിപ്പോക്കാരുടെ നേക്കും ഇതിന്റെ പ്രസിദ്ധീകരണവിഷയത്തിലും എനിക്കുള്ള കൃതജ്ഞതയൊട്ടും കുറഞ്ഞതല്ല. ഈ മുഖവുരയോടുകൂടി 'നളിനി'യെ സഹൃദയരായ വായനക്കാരുടെ മുമ്പാകെ അയച്ചുകൊള്ളുന്നു.

തിരുവനന്തപുരം
29-10-1911

എൻ. കുമാരൻ ആശാൻ

Digitized By Kerala Sahitya Akademi

നല്ല ഹൈമവതഭ്രുവിൽ,—ഏറെയാ യ്
കൊല്ലം—അങ്ങാദ്യ വിഭാതവേളയിൽ,
ഉല്ലസിച്ചു യുവയോഗിയേകനാ:—
ഫുല്ലബാലരവിപോലെ കാന്തിമാൻ. 1

ഓതി, നീണ്ട ജടയും നഖങ്ങളും
ഭ്രുതിയും ചിരതപ:സ്വിയെന്നതും
ദ്യോതമാനമുടൻ നഗ്നമൊട്ട ശീ—
താതപാദികളവൻ ജയിച്ചതും. 2

പാരിലില്ല ഭയമെന്ന,മേറെയു—
ണ്ടാരിലും കരുണയെന്ന,മേതിനും
പോരുമെന്നമരുളീ പ്രസന്നമായ്
ധീരമായ മുഖകാന്തിയാലവൻ. 3

തൽപരത്വമവനാന്നിരുന്ന തെ—
ല്ലപ്പൊഴും,—വെന്നരികെയയുഴി കാക്കുവാൻ
കോപ്പിടും നൃപതിപോലെയും കളി—
ക്കോപ്പെടുത്ത ചെറുപൈതൽപോലെയും. 4

ഇത്ര ധന്യത തികഞ്ഞു കാണ്മതി—
ല്പുത്ര ന്യനമൊരു സാർവഭൗമനിൻ
ചിത്തമാം വലിയ വൈരി കീഴട—
ന്നുത്തൽ തീർന്ന യമിതെന്ന ഭാഗ്യവാൻ. 5

ധ്യാനശീലനവനങ്ങധിത്യകാ—
സ്ഥാനമാൻ തടശോഭ നോക്കിനാൻ;
വാനിൽനിന്ന നിജനീഡമാണ്ഴും
കാനനം ഖഗയുവാവുപോലവെ. 6

ഭൂരി ജന്തുഗമനങ്ങൾ, പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാട്ടുകൾ,
ദൂരദർശനകുഗുങ്ങൾ, കണ്ടുതേ
ചാരുചിത്രപടഭംഗിപോലവൻ. 7

പണ്ടു തന്റെ പുരപുഷ്പവാടിയും—
ക്കൊണ്ട വാപികളെ വെന്ന പൊയ്കയിൽ
കണ്ടവൻ കുതുകമാൻ തെന്നലിൽ
തണ്ടലഞ്ഞു വിടരുന്ന താരുകൾ. 8

Digitized By Kerala Sahitya Akademi

സാവധാനമെതിരേറുചെല്ലുവാ–
നാവികസ്വരസരസ്സുയച്ചപോൽ
പാവനൻ സുരഭിവായു വന്ന കു–
ണ്ഡാവഴിക്കു പദമൂന്നിനാനവർ. 9

ആഗതക്കു വിഹഗസ്വരങ്ങളാൽ
സ്വാഗതം പറയുമാ സരോജിനി
യോഗിയേ വിഗതനാക്കി—രമ്യഭ്രു–
ഭാഗഭംഗികളാ ഹരിക്കുമാരെയും. 10

എന്നുമല്ല, രുഭരമ്യഭ്രുവിവ–
ക്കെന്നുമുള്ളൊരനവദ്യഭോഗമാം
വന്യഭോജകളിലത്രയല്ലയീ–
ധന്യനാന്നൊരു നിസൃജം രസം. 11

ആകയാൽ സ്വയമകുണ്ഠമാനസൻ
പോകയാമതുവഴിക്കുതന്നിവൻ,
ഏകകാര്യമഥവാ ബഹുത്ഥമാം
ഏകഹേതു ബഹുകാര്യകാരിയാം. 12

കുന്നുതന്നടിയിലെത്തവേ സ്വയം
നിന്നുപോയ് ഝടിതി ചിന്തപൂണ്ടപോൽ,
എന്നുമല്ല ചെറുതാത്തിയാന്ദവാ–
റൊന്നു വീർത്തു നെടുതായടൻ യതി. 13

എന്തുവാൻ യമിയിവണ്ണമന്തരാ–
ചിന്തയാന്തഥവാ—നിനസ്സുകിൾ
ജന്തുവിന്നു തുടരുന്ന വാസനാ–
ബന്ധമിങ്ങുടലുവീഴുവോളവും. 14

അപ്പമാർന്നിറയുകമോളമാന്ന വീ–
പ്പൊഴാഞ്ഞനതിദൂരഭ്രമിയിൽ
അത്ഭുതം! തരുവിലീനമേനിയായ്
നില്പൊരാടുകൾ തിരഞ്ഞു ഹൃത്തടം. 15

സ്വന്തനിശ്ചയതിനായ് കുളിച്ചു നീർ–
ച്ചിന്തുമീറനൊടു പൊയ്തുതീരമേ
ബന്ധുരാംഗരുചി തുവിനിന്നുഷ–
സ്സന്ധ്യപോലെയൊരു പാവനാംഗിയാൾ. 16
കണ്ടതില്ലവർ പരസ്പരം, മരം–
കൊണ്ടു നേർവഴി മറഞ്ഞിരിക്കയാൽ

Digitized By Kerala Sahitya Akademi

രണ്ടുപേരുകതാരിലൊന്നിനും--
കാണ്മു—കാൺക ഹഹ! ബന്ധമെവ്വം! 17.

ആ തപോദിതയാകുക തൽക്ഷണം
ശീതബാധ വിരമിച്ചുവെങ്കിലും,
ശ്വേതമായ് ത്തടിതി, കുംകുമാഭമാ-
മാതപം തടവിലും, മുഖാംബുജം. 18

ആശപോകിലുമതിപ്രിയത്തിനാ-
പേശലാഗിയഴലേകുമോർത്തിടാ
ആശു വായുവിൻ ജരൽപ്രസൂനയാ-
മാ ശിരീഷലതപോൽ തളർന്നിനാൾ. 19

സീമയാറഴലിലൊട്ടു സൂചിതാ-
ക്ഷേമമൊന്നഥ ചലിച്ചു. മീനിനാൾ.
രാമനച്ചെറുമുണാളമെന്നപോൽ,
വാമനേത്രയുടെ വാമമാം കരം. 20

ഹന്ത! കാനനതപസ്വിനീ ക്ഷണം
ചിന്ത ബാലയിവളാൻ വാടിനാൾ,
എന്തിനോ?—കുലവധൂടികൾക്കെഴു-
ന്നന്തരാഗഗതിയാരറിഞ്ഞു താൻ! 21

ഒന്നു നിർണ്ണയമുദീർണ്ണഗാഢയാ-
ളിന്നു താപസകുമാരിയല്ലിവൾ,
കുന്ദവല്ലി വനഭൂവിൽ നിൽക്കിലും
കുന്ദമാണതിനു കാന്തി വേറെയാം. 22.

എന്നുമല്ല സുലഭാഗഭാഗിയാ-
ണിന്നുമിത്തരുണി പൗരിമാരിലും,
മിന്നുകില്ലി ശരദഭ്രശാതയായ്,
ഖിന്നയാകിലുമഹോ! തടില്ലത? 23.

കുച്ചർമായിവൾ വെടിഞ്ഞുപോന്നൊരാ
സച്ചുസൗഹൃദരിവൾക്കു തുല്യരാം,
അച്ഛനും ജനനിതാനുമാത്തിയാ-
ലിച്ചയാൻ മുതിതാൻ വരിച്ചുപോൽ. 24.

ഹാ! ഹസിക്കരുതു ചെയ്ത കേവലം
സാഹസിക്യമിവളെന്നു—സാധ്വിയാം,
ഗേഹവും സുഖവുമൊക്കെ വിട്ടു, തൻ-
സ്നേഹമോതി,യതു ചെയ്തതാണിവൾ. 25.

Digitized By Kerala Sahitya Akademi

സ്നിഗ്ധമാരിവളെയോത്തിരുന്ന സ–
ന്ദിഗ്ധമശ്രുനിര പൊഴിതാൻ ചിരം
മുഗ്ധതൻമുഖകരം കൊതിച്ചുമേ
ദഗ്ധരായ് പല യുവാക്കൾ വാണുതാൻ. 26

ഈവിധം സകലലോഭനീയമീ
ജീവിതം വ്രതവിശീർണ്ണമാക്കിനാൾ
ഭാവുകാംഗി, അഥവാ മനോജ്ഞമാം
പൂവുതാൻ ഭഗവദർച്ചനാർഹമാം. 27

ജീവിതാഭികാം നശിച്ചു വാടിയും–
പ്പൂവു ജീവഗതിയോർത്തു ചെയ്തയാം
ദേവദേവപദസേവയേവമീ
ഭൂവിലാവിലത പോവതിന്നിവൾ. 28

ശാന്തയായ് സുചിരയോഗസംയത–
സ്വാന്തയായിവിടെ മേവിയേറെനാൾ
കാന്ത,യിന്നടിതകർന്ന സേതുപോൽ
ദാന്തിയാറു ദയനീയയായിതേ. 29

ഈ മഹാവ്രത കൊതിച്ച സിദ്ധിയെ–
ങ്ങായയും പരമിതെങ്ങിതെന്തുവാൻ,
ഹാ! മനുഷ്യനഥവാ ഹിതാർത്ഥമായ്
വാമലീല തുടരുന്നതാം വിധി. 30

മാനസം ഭഗവദംഘ്രിപങ്കജ–
ധ്യാനധാരയിലുറച്ചിടായ്കയാൽ
ദീനയായ് ഗതി തടഞ്ഞു, വേനലിൽ
ശ്യാനയാം തടിനിപോലെ തന്വിയാൾ. 31

നൊന്ത ചിത്തമൊടു നിന്ന കണ്ണുനീർ
ചിന്തി ഹൈമനസരോജമൊത്തവൾ
സന്തപിച്ചു—വധുവിന്നധീരമാ–
ണന്തരംഗമതിവിജ്ഞയാകിലും. 32

ഖിന്നഭാവമിതകറ്റി, മാനസം
പിന്നെയും പ്രതിനിവൃത്തമാക്കുവാൻ
സന്നഹിച്ചുഥ സരസ്സിൽ നോക്കിയാ–
സ്സന്നധൈര്യ തനിയേ പുലമ്പിനാൾ: 33

''സ്വാമിയാം രവിയെ നോക്കി നില്ക്കുമെൻ–
താമരേ, തരളവായുവേറു നീ

Digitized By Kerala Sahitya Akademi

ആമയം തടവിടാഞ്ഞു, തല്പര–
സ്നേഹമുണ്ടു തിരിയുന്ന ദിക്കിലും. 34

സന്തതം മിഹിരനാത്മശോഭയും,
സ്വന്തമാം മധു കൊതിച്ച വണ്ടിനും,
ചന്തമാർന്നുളിനില്ലുമോമലേ,
ഹന്ത! ധന്യമിഹ നിന്റെ ജീവിതം!'' 35

കോട്ടമറവിടെയെത്തി,യിന്ദ്രിയം
പാട്ടിലാക്കിയപഭീതിയാം യതി,
കാട്ടിലിങ്ങനെ മനുഷ്യഗേയമാം
പാട്ടു കേട്ടു പരമാനന്ദ കൗതുകം. 36

വാക്കിലും പൊരുളിലും രസസ്രവം
വാട്ടുമാ മധുരശബ്ദമെത്തിടും
ലാക്കിലും ചെവികൊടുത്തു കാട്ടിലും
നോക്കിനിന്ന ലയലീനനായവൻ. 37

'ഹാ! വിശിഷ്ടമുദ്ഗാന,മിന്നി നീ
കൂവിടാഞ്ഞു കയിലേയനക്ഷരം!'
ഏവമോതിയലയും മരങ്ങളതിൻ–
പൂവെഴുംതല തളിർത്ത ശാഖയും. 38

കാണിനിന്നവിടെയിത്ഥമാസ്ഥയാൽ
കാണുവാനഴറി, കണ്ണുരീതിയാൽ
പ്രാണസൗഖ്യമുഴുകും സജീവയാം
വീണതന്നെ ലയവേദിയാം യതി. 39

'വന്യഭ്രമിയിൽ വഹിച്ചു പൂമണം
ധന്യനായഹഹ! വന്നണഞ്ഞു നീ
തെന്നലേ, തഴുകിന്ന ശങ്കവേ–
ണ്ടെന്നെ; ഞാൻ മലിനമേനിയല്ലെടോ!' 40

കുഞ്ജലീനഖഗരാഗമെന്നപോൽ
മഞ്ജുഗാനമതു വീണ്ടുമീവിധം
വ്യഞ്ജിതാശയമടുത്തു കേട്ടവൻ
കഞ്ജിനീതടമണഞ്ഞു നോക്കിനാൻ. 41

ചാഞ്ഞലഞ്ഞ ചെറുദേവദാരുവി–
ന്നാഞ്ഞ ശാഖകളടിക്കു, ചിന്തയാൽ
കാഞ്ഞു, കാണ്മതു മനോരഥങ്ങളാൽ
മാഞ്ഞു, തൻനില മറന്നു നിന്നവൻ. 42

Digitized By Kerala Sahitya Akademi

'ഹാ കൃശാതേ തലത്തിലിടുവി-
ന്നേകരശ്മിയുമെപോലെയാരിവാ?
മാഴ്കിടുന്നു, ദയതോന്നും—' എന്നാലി-
ങ്ങേകയാമവളെ നോക്കിനാൻ യമി. 43

അപ്പൊഴാത്ര തനിയേ വിടർന്നവാ-
ക്കുല്പലങ്ങളൊടിടഞ്ഞ കണ്ണുകാ
ളാ പ്രമോദമഥ വേലിയേറ്റമാ-
ണ്ടാർത്തുതാംഗിയുടെ ചന്ദ്രനോ യതി! 44

ദൂരെ നിന്ന യമിതന്നെയാത്ര കാ-
ണ്മാറതെന്നുമുടനേയറിഞ്ഞവൻ
പാരമിഷ്ടജനശുപമോദുവാൻ
നാരിമാക്കു നയനം സൂക്ഷ്മമാം. 45

ഞെട്ടിയൊന്നഥ കുഴങ്ങിനിന്ന പി-
ന്നൊട്ടു സംഭ്രമമിയന്ന പാഞ്ഞവൻ
തിട്ടമായ് യതിയെ നോക്കി, യാഴിയേ
മുട്ടിനിന്നണമുറിഞ്ഞ വാരിപോൽ. 46

'അൻപിനിന്ന, ഭഗവൻ, ഭവൽപദം
കുമ്പിടുന്നഗതിയായ ദാസി ഞാൻ'
വെമ്പിയേവമവളോതി, യോഗിതൻ-
മുൻപിൽ വീണു മുദുഹേമയഷ്ടിപോൽ. 47

ഒറ്റയായിടകലർന്നു വാച്ച തൻ-
കറ്റവാർകുഴലു തൽപദങ്ങളിൽ
ഉറ്റരാഗമൊടടിഞ്ഞു കാൺകയാൽ
മുറ്റുമോർത്തു കൃതകൃത്യയെന്നവൾ 48

ഉന്നിനിന്ന ചെറുതുക്കുന്നിനാൽ
ധന്യയെപ്പുനരനുഗ്രഹിച്ചുടൻ,
പിന്നിലാഞ്ഞവളെ ഹസ്സസംജ്ഞയാ-
ലുന്നമിപ്പതിനുമോതിനാൻ യമി. 49

സ്പഷ്ടമാജ്ഞയതിനാലെ പൊങ്ങിയും
നഷ്ടചേഷ്ടത കലർന്നു തങ്ങിയും
കഷ്ടമായവിടെനിന്നെണീറ്റുതേ
ദൃഷ്ടയത്ന ദയനീയയായവൾ. 50

മാറിൽനിന്നുടനിഴിഞ്ഞ വല്ക്കലം
പേറിയാശ്രമപദത്തിനുതൊട്ടവൾ

Digitized By Kerala Sahitya Akademi

ക്രൂരൊട്ടും തലയിൽവെച്ചു, സാദരം
മാറിനിന്ന യമിതന്നെ നോക്കിനാൾ. 51

'എന്തുവാനഭിമതൻ കഥിക്കുമോ?
എന്തുവാൻ കരുതുമോ മഹാനിവൻ?'
ചിന്തയേവമവളാന്ദ; തൂഷ്ണീയാൽ
ഹന്ത ! ചെയ്ത യമി മൗനഭേദനം: 52

''മംഗലം ഭഗിനി, നിന്റെ ഭക്തിയാൽ
തുംഗമോദമിയലുന്ന ഞാൻ ശ്രുഭേ,
എങ്ങുചൊല്ലിവിടെയാരൊടാരു നീ–
യെങ്ങുനിന്ന മുനിപുത്രദർശനേ?'' 53

എന്നുരച്ചു പുനരുത്തരോത്കനായ്
നിന്നുതേ സ്വയമസംഗനാകിലും,
സ്യന്ദമാനവനദാരു വാരിമേൽ
മന്ദമാച്ചുഴിയിലാഞ്ഞപോലവൻ. 54

'മുന്നിലെൻ നിയതിയാലണഞ്ഞുമി–
ന്നെന്നെയെൻപ്രിയനറിഞ്ഞതില്ലിവൻ!
സന്നവാസനനഹോ! മറന്നുതാൻ
മുന്നമുള്ളതഖിലം മഹാശയൻ.' 55

ഏവമോർത്തുടൻ വീർത്തുമാന്നിടും
ഭാവചാപലമടക്കിയും ജവം
പാവനാംഗി പരിശങ്കമാനയായ്
സാവധാനമവനോടു ചൊല്ലിനാൾ: 56

''കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്ന വന്നപോൽ
ദുഷ്ടനായിഹ ഭവാൻ! ഭവാനു പ–
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ! 57

പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ;യേകമർത്ഥിയാം
പ്രാണിതൻപ്രിയമൊരിക്കലീശ്വരൻ. 58

സന്ന്യസിച്ചളവുമാസ്ഥയാൽ ഭവാൻ–
തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കാൺകമൂലമ–
ങ്ങെന്നെയോർക്കുകിലുമോർത്തിടാസ്ഥിലും.'' 59

Digitized By Kerala Sahitya Akademi

ഏവമോതിയിടരാൽ കണ്ണുനീർ
തുവിനാൾ മൊഴികുഴങ്ങിനിന്നവൾ,
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം. 60

ധീരനായ യതി നോക്കി തന്വിതൻ-
ഭ്രരിബാഷ്പപരിപാടലം മുഖം,
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ-
ധാരയാൽ പനിനീർസ്സുമോപമം. 61

ആരതെന്നുടനറിഞ്ഞു കൗതുകം
പാരമാൽ കരുതിപ്പുരാഗതം,
ചാരുശൈശവകഥസ്സുതന്ന ചേ-
ന്നോരുവാക്കരുളിനാൻ കനിഞ്ഞവൻ. 62

''പാരവും പരിചയം കലന്നെഴും
പേരുമീ മധുരമായ കണ്ണുവും
സാരമായ് സ്മൃതിയിൽ നീയുമിപ്പൊഴം നിൻ-
ദൂരമാം ഭവനവും വരുന്നയേ! 63

കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോ-
ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളംകരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ. 64

എന്നിലിന്നിന്നണവുമേൽക്കിലപ്രിയം
നിന്നു കേഴുമയി! കണ്ടിടുന്നതേ
നിന്നിലിപ്രണയചാപലത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ! 65

പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറി കാര്യവും,
ആയതത്വമറിവിന്നുമാൻ,—പോ-
ട്ടായതെന്തിവിടെ വാണിടുന്ന നീ? 66

ഓർക്കുകിന്നതഥവാ വൃഥാ ശ്രുഭേ!
ഹേതു കേൾക്കുവതൊരർത്ഥമേതിനോ
നീ തുനിഞ്ഞു—നിജകർമ്മനീതരാ-
യേതുമാർഗ്ഗമിയലാ ശരീരികൾ! 67

പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നെയോർത്തു സഖി, ഏതതോർക്ക;

Digitized By Kerala Sahitya Akademi

അന്യജീവനതുകി സ്വജീവിതം
ധന്യമാക്കുമമലേ! വിവേകികൾ.'' 68

മാലുചെറുടനകന്നുമുള്ളിലെ–
ന്നാലുമാശ തടവാതെ വാടിയും,
ആലപിച്ച യതിതന്നെ നോക്കിനാൾ
ലോലകണ്മതിലോലലോചന. 69

നവ്യമാം പരിധിയാന്നനക്ഷണം
ദിവ്യദീപ്തി ചിതറീടുമാമുഖം,
ഭവ്യശീലയവൾ കണ്ട, കുണ്ഠയാ–
യവ്യവസ്ഥിതരസം കുഴങ്ങിനാൾ. 70

പാരമാശ്ലേ വിളറിക്കറുത്തുടൻ
ഭ്രൂരിചോന്നുമഥ മഞ്ഞളിച്ചുമേ,
നാരിതൻകവിൾ നിറംകലർന്നു, ഹാ!
സൂരരശ്മി തടവും പളുങ്കുപോൽ. 71

തെല്ലുനിന്നരുണകാന്തിയിൽ കല–
ർന്നുല്ലസിച്ച ഹിമശ്രീകരോപമം,
മെല്ലെയാൻ മൃദുഹാസമശ്രുവും
ചൊല്ലിനാൾ മൊഴികൾ ചാരുവാണിയാൾ: 72

''ആര്യ, മുൻപരിചയങ്ങൾ നഷ്ടമിട്ടം
ധൈര്യമാൻ പറയുന്ന മദ്ഗതം,
കാര്യമിന്നതയി! കേൾക്കുമോ കനി–
ഞ്ഞാര്യമാകിലുമനാര്യമാകിലും? 73

പാരമുള്ളിലഴലായി, ജീവിതം
ഭാരമായി, പറയാതൊഴിക്കുകിൽ
തീരുകില്ല, ധരയിൽ ഭവാനൊഴി–
ഞ്ഞാരുമില്ലതുമിവൾക്കു കേൾക്കുവാൻ. 74

ആഴമാത്തിയഥവാ കഥിക്കിലീ–
യുഴമോത്തിടുമതന്യഥാ ഭവാൻ,
പാഴിലോതിടുകയോ വിധിക്കു ഞാൻ
കീഴടങ്ങി വിരമിക്കയോ വരം? 75

തന്നതില്ല പരനുള്ളുകാട്ടുവാ–
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ!
വന്നുപോം പിഴയുമത്ഥശങ്കയാൽ! 76

Digitized By Kerala Sahitya Akademi

മുറുമെന്നഴലറിഞ്ഞിടാതില്ലം.
തെറിയെൻ ഹൃദയമാര്യനോടകിൽ,
ചെറു മേ പൊറുതിയില്ല, പിന്നെ ഞാൻ
പറുകില്ലുറിക മണ്ണിൽ വിണ്ണിലും.'' 77

ഏവമോതി, അതിദൃനയായിനി–
ന്നാവരാംഗി, യതിതൻ മുഖാംബുജം
പാവനം പരിചിൽ നോക്കിനാൾ, അവൻ
കേവലം കരുണയാൻ ചൊല്ലിനാൻ: 78

''അന്യഥാ മതിവരില്ലെനിക്കു നിൻ–
മന്യുവിങ്കൽ നിയതം മഹാവ്രതേ!''
കന്യയെന്ന വടുവെന്നുമേലുകി–
ല്ലന്യഭാവമറികാത്മവേദികൾ. 79

ആടലൊട്ടവും വെടിഞ്ഞു സത്വരം
തേടി ധൈര്യമഥ, പൂവനത്തിലും
കാടുതൻ നടുവിലും സുമത്തുവിൽ
പാടിടും കുയിലുപോലെ, ചൊല്ലിനാൾ: 80

''വന്നു വത്സല, ഭവാൻ സമക്ഷമാ–
യിന്നു, ഞാൻ വ്യഥ മറന്നതോക്കയാൽ,
എന്നുമല്ല, കുരുന്നു വീട്ടിൽ നാ–
മന്നു വാണതു തുടന്നപോൽ മനം. 81

ലോലനാര്യനരുവിട്ട കേട്ടൊരാ–
ബാലപാഠമഖിലം മനോഹരം!
കാലമായധികമിന്നൊരക്ഷരം–
പോലുമായതിൽ മറപ്പതില്ല ഞാൻ. 82

ഭ്രരിപൂക്കളം വിടരുന്ന പൊയ്കയും
തീരവും വഴികളും തരുക്കളും
ചാരുപുൽത്തറയുമോത്തിടുന്നതിൻ–
ചാരെ നാമെഴുമെഴുത്തുപള്ളിയും. 83

ഓത്തിടുന്നുപവനത്തിലെങ്ങുമ–
ങ്ങാസ്ത ചിത്രശലഭം പറന്നതും
പാത്തുനിന്നതുമണഞ്ഞു നാം കര–
കോത്തു കാവിനരികേ നടന്നതും. 84

പാടുമാൺകുയിലെ വാഴ്ത്തിയാരവം
കൂടവേയനുകരിച്ചുപോയതും

Digitized By Kerala Sahitya Akademi

ചാടുകാരനടനെന്നൊടാര്യനാ–
പ്പേടയെപ്പരിഹസിച്ചു ചൊന്നതും. 85

ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ചു മല്ലികയറുത്തിരുന്നതും
മെച്ചമാന്ന ചെറുമാലകെട്ടിയെൻ–
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും. 86

എണ്ണിടുന്നൊളിവിൽ വന്ന പീഡയാം–
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞു കേഴുമെൻ–
കണ്ണുനീരു കനിവിൽ തുടച്ചതും. 87

എന്തിനോരുവതിതോക്കിലാ രസം
ചിന്തുമെൻ സുദിനമസ്തമിച്ചിതേ,
ഗന്തുകാമനടനാര്യൻ, ഏകിലാ–
മന്തരായമെതിർവാത്യപോലിവടം. 88

പോട്ടെ—എൻ സഹചരൻ വിയുക്തനായ്
നാട്ടിൽനിന്നഥ മറഞ്ഞതജ്ഞസാ
കേട്ട ഞെട്ടിയയി വീണ ഗജ്ജിതം–
കേട്ട പന്നഗകുമാരിപോലെ ഞാൻ. 89

പിന്നെയെൻ പ്രിയപിതാക്കൾ കാത്തുഴ–
ന്നെന്നെയങ്ങവരഴൽപ്പെടാതെയും
ഉന്നി വാണൊരിടമാര്യനേലുമീ–
മന്നിലെന്നടലു ഞാൻ വിടാതെയും. 90

ഹർഷമേകുവതിനച്ഛനേറെ നി–
ഷ്ഠൂഷ്മാന്നഥ വളർന്ന ഖിന്നയായ്,
കഷ്കൻ കിണറിനാൽ നനസ്സിലും
വഷ്മററ വരിനെല്ലുപോലെ ഞാൻ. 91

ഓർത്തിടാസ്സിലുമഹോ! യുവത്വമെൻ–
മൂർത്തിയാന്നഥ വലഞ്ഞിതേറെ ഞാൻ,
പൂത്തിടും തരുവിലും തടത്തിലും,
കാത്തിടാ ലതകളും, കാലമെത്തിയാൽ. 92

ഓതുവാനരുതെനിക്കു പിന്നെ,യെൻ–
താതനോത്തൊരു വിവാഹനിശ്ചയം
കാതിലെത്തി, വിഷവേഗമേററപോൽ
കാതരാശയ കുഴങ്ങിവീണ ഞാൻ. 93

Digitized By Kerala Sahitya Akademi

ആഴമമ്പൊടതിസാന്ദ്രമോരുമെൻ–
തോഴിമാരെയുമൊഴിച്ചു ഞാൻ പരം
വാഴുമൗഷധമകറ്റി,യാ ശ്രമം
പാഴിലായെഴുമസാദ്ധ്യരോഗികം. 94

ശാന്തമാക ദുരിതം! വിനിശ്ചിത–
സ്വാന്തയായ് കദനശല്യമുരുവാൻ
ധ്വാന്തവും ഭയവുമോത്തിടാതുടൻ
ഞാൻ തടാകതടമെത്തി രാത്രിയിൽ.'' 95

വേഗമാബ്ഭയദനിശ്ചയം ശ്രവി–
ച്ചാകുലാദ്ഭുതദയാരസോദയൻ
ഏകിനാൻ ചെവിയവൻ, സഗദ്ഗദം
ശോകമാൻ കഥ പിൻതുടർന്നവൾ. 96

''ലോകമൊക്കെയുമുറങ്ങി, ക്രൂരിതു–
ട്ടാകെ മൂടി യമമൂർത്തിഭീകരം
ഏകയായവിടെ നിന്നു, സൂചിയേ–
റ്റാകിലെന്നടലറിഞ്ഞിടാതെ ഞാൻ. 97

തിണ്ണമായിരുളിൽനിന്നു വിശ്വസി–
ച്ചെണ്ണിനേൻ ഝടിതി ഭ്രൂഭാവികം,
വിണ്ണിൽ ഞാനൊടുവിൽ നോക്കി, സത്രപം
കണ്ണടഞ്ഞുഡുഗണങ്ങൾ കാൺകയാൽ. 98

'നിത്യഭാസുരനഭശ്ചരങ്ങളേ,
ക്ഷിത്യവസ്ഥ ബത! നിങ്ങളോർത്തിടാ
അത്യനർത്ഥവശ ഞാൻ ക്ഷമിപ്പിനീ–
കൃത്യ'മെന്നുമവയോടിരന്നു ഞാൻ. 99

ഓർത്തു പിന്നുടനഗാധതോയമാം
തീർത്ഥസീമയിലിറങ്ങിയങ്ങു ഞാൻ
ആർത്തിയാൽ മൊഴിയിലോ മനസ്സിലോ
പ്രാർത്ഥിതം ചരമമേവമോതിനേൻ: 100

'ജീവിതേശനെയനുഗ്രഹിക്കുവൻ
ഭൂവിലുണ്ടു ഗിരിജേ! വലഞ്ഞുടൻ
ഈവിധം തുനിവതാമശക്ത ഞാൻ
ദേവി, നിൻപദമണയ്ക്കുയംബികേ! 101

കാണുകിൽ പുളകമാം കയത്തില–
ങ്ങാണുകൊഞ്ചുവതിനുടൻ കുതിച്ചു ഞാൻ,

Digitized By Kerala Sahitya Akademi

ക്ഷോണിയിൽ പ്രണയപാശമറെഴും
പ്രാണികഃക്കു ഭയഹേതുവേതുവാൻ? 102

ചണ്ഡിതൻപടലി നീങ്ങിയാഴ്ചമെൻ–
കണ്ണമൊട്ടുപരിതങ്ങി, ആകയാൽ
ഇണ്ടലാൻഴറിയോത്തു, താമര–
ത്തണ്ടിൽ വാർമുടി കുരുങ്ങിയെന്ന ഞാൻ. 103

സത്വരം മുകളിൽ നോക്കി ഞാനിയ–
ന്നത്തൻ വിസ്മയവുമേറെ നാണവും,
എത്തിയെൻ കചഭരം പിടിച്ചുനി–
ന്നത്രകാന്തിമതിയേകയോഗിനി. 104

അമ്പിയന്നു ഭയമൊക്കെ നീക്കിയൊ–
ന്നിമ്പമേകിയവൾ നോക്കി സസ്മിതം,
മുമ്പിലപ്പൊഴുതുദിച്ചുപൊങ്ങിടു–
ന്നമ്പിളിക്കെതിരഹോ നതാംഗിയാൾ! 105

നിഷ്പുണ്ഡരികിൽ വാണിരുട്ടിലെൻ–
ധൃഷ്ടമാം തൊഴിലു കണ്ടു യോഗിനി,
ഇഷ്ടമായ മുതിയെത്തടഞ്ഞു ഹാ,
ദിഷ്ടമെങ്ങനെയൊരാൾക്കതേ വശ്യ. 106

കെട്ടിയാഞ്ഞു കരയേറിയാശ്രു കൈ–
വിട്ടുനിന്ന കഥ ചോദിയാതവൾ
ഒട്ടതെൻ പ്രലപനത്തിൽനിന്നറി–
ഞ്ഞൊട്ടറിഞ്ഞു നിജവൈഭവങ്ങളാൽ. 107

ഈറനമ്പൊട്ട പകൻ വല്ക്കലം
മാറിയാ മഹതിയെത്തുടൻ ഞാൻ
വേറുമെയ് നിയതി നല്കിടുന്നതും
പേറിയങ്ങനെ പരേതദേഹിപോൽ. 108

അധ്വഖേദമറിയാതെവാ ചൊ–
ന്നത്തപോധന കനിഞ്ഞു വാത്കൾ
എത്തി ഞങ്ങളൊരു കാട്ടിലും ദൃതം
ചിത്രഭാനുവുദയാചലത്തിലും. 109

അന്തരംഗഹിതനാം ഭവാനൊഴി–
ഞ്ഞന്തികത്തിൽ വനശോഭ കാണവേ
സന്തപിച്ചിവൾ പരം, രമിക്കയി–
ല്ലെന്തിലും പ്രണയഹീനമാനസം. 110

Digitized By Kerala Sahitya Akademi

കീർത്തനീയഗുണയെന്നെ നിർഭയം
ചേർത്തു പിന്നെയവളിത്തപോവനം,
ആർത്തയെങ്കിലുമതീവധന്യയെ–
ന്നോർത്തിതാര്യനെയനുപ്രയാത ഞാൻ. 111

ഒത്തു ഞങ്ങളുടജത്തിലൊന്നിൽ വാ–
ണതൃദാരമഥ വിദ്യയും സ്വയം
വിത്തിനായ് മുകിലു വൃഷ്ടിപോലെയാ
സിദ്ധയോഗിനിയെനിക്കു നൽകിനാൾ. 112

പഞ്ചവൃത്തികളടക്കിയന്വഹം
നെഞ്ചുവച്ചുരുതപോമയം ധനം
സഞ്ചയിപ്പതിനു ഞാൻ തുടങ്ങി, പി–
ന്നഞ്ചുവട്ടമിഹ പൂർത്തു കാനനം. 113

കാമിതം വരുമെനിക്കു വേഗമെ–
ന്നാ മഹാമഹതി ചെയ്തനുഗ്രഹം;
പ്രേമമാർന്ന ഗുരുവിൻപ്രസാദമാം
ക്ഷേമമൂലമിഹ ശിഷ്യലോകരിൽ. 114

മംഗലാശയ! കഴിഞ്ഞു രണ്ടു നാ–
ളിങ്ങുപിന്നെയനിമിത്തമെന്തിനോ
പൊങ്ങിടുന്നു സുഖമാർന്നുമന്തരാ
മങ്ങിടുന്നു ഭയമാർന്നുമെന്മനം. 115

സൈരമായ് മുഹുരുദിച്ചിടുന്നു, ദു–
ർവ്വാരമെന്റെ മതിയിൽ, തപസ്യയിൽ
ഗൗരിയോടരിയ പുഷ്പഹേതിതൻ–
വൈരിയായ വടുവിൻ സമാഗമം. 116

ഇന്നലെബ്ഭഗണമദ്ധ്യഭ്രുവിൽ ഞാൻ
നിന്നു കുപ്പിയ വസിഷ്ഠഭാമിനി
വന്നു നിദ്രയതിൽ 'ഏൽക്ക നിൻപ്രിയൻ
വന്നു' എന്നരുളിനാൾ ദയാവതി.'' 117

എന്നു ചൊല്ലി വിരമിച്ചു, തൻമുഖം
നിന്നുനോക്കി, നെടുമാർഗ്ഗഖിന്നയായ്
എന്നപോൽ, ഭരമകന്നപോലിള–
ച്ചൊന്നു തന്വി നെടുവീർപ്പിയന്നവൾ. 118

ഭാവമൊട്ടുടനറിഞ്ഞു, ശ്രദ്ധയാ–
മാവയസ്യയഴലാന്നിടാതെയും,

Digitized By Kerala Sahitya Akademi

ഇ്വവിധം യതി പറഞ്ഞു, തന്മന–
സ്സാവിലേതരമലഞ്ഞിടാതെയും. 119

''കേട്ട നിൻ ചരിതമദ്ഭുതം! ശ്രുഭേ,
കാട്ടിൽ വാഴ്വതിനെഴുന്ന മൂലവും,
കാട്ടി സാഹസമനല്പ,മേതുതാ–
നാട്ടെ, നിർനിയമചര്യ നന്നയേ! 120

ഉണ്ടു കൗതുകമുരസ്സിൽ, നാടതിൽ
പണ്ടിരുന്നതുമകന്ന കാടിതിൽ
കണ്ടുമുട്ടിയതു,മെന്നുമല്ല നാം
രണ്ടുപേരുമൊരുവൃത്തിയാന്നതും. 121

ഹാ! ശ്രുഭേ! നിജഗതാഗതങ്ങളന്ത–
ന്നീശനിശ്ചയമറിഞ്ഞിടാ നരൻ,
ആശ നിഷ്ഫലവുമായ് വരുന്നവ–
ന്നാശിയാതിഹ വരുന്നഭീഷ്ടവും. 122

സ്വന്തകർമ്മവശരായ് തിരിഞ്ഞിടു–
ന്നന്തമറ്റ ബഹുജീവകോടികൾ,
അന്തരാളഗതിതന്നിലൊന്നൊടൊ–
ന്നന്തരാപെടുമണുക്കളാണ നാം. 123

സ്നേഹമെങ്കിലുമിയന്ന ഖിന്നനായ്
സാഹസങ്ങൾ തുടരുന്ന സന്തതം
ദേഹി, ഈശകൃപയാലെ തന്മഹാ–
മോഹനിദ്രയുണരുന്നനാൾവരെ. 124

കാട്ടിലിങ്ങൊരു മഹാനുഭാവതൻ–
കൂട്ടിലായ് ഭവതി, ഭാഗ്യമായി, ഞാൻ
പോട്ടെ,—ശാന്തി!—വിധിയോഗമിന്നിയും
കൂട്ടിയാകിലഥ കാൺകയാം ശ്രുഭേ!'' 125

ഏവമോതി നടകൊൾവതിന്നവൻ
ഭാവമാൻ, പരിതപ്തയായുടൻ
ഹാ! വെളുത്തവപു മിഴിച്ചുനിന്ന മൺ–
പാവപോലെ ഹതകാന്തിയായ് ക്ഷണം. 126

ചിന്തനൊന്തുഴറി യാത്രചൊല്ലുമോ
ഹന്ത! ഭീരു യതിയെത്തടുക്കുമോ
സ്വന്തസൗഹൃദനയങ്ങളോർത്തുഴ–
ന്നെന്തുചെയ്യുമവൾ?—ഹാ! നടന്നവൻ. 127

Digitized By Kerala Sahitya Akademi

കണ്ടടൻ കരളുറുന്നപോലെഴു–
ന്നിണ്ടലേറിയഭിമാനമറവൻ
കുണ്ഠയാം കുരരിപോലെ ദീനമാം
കണ്ഠമോടഴുതുറക്കെയോതിനാൻ: 128

''പ്രാണനായക! ഭവാനെറ്റുടവേ
കേണുപോം ഹൃദയനീതനായഹോ!
പ്രാണനെന്നെ വെടിയുന്നിതേ ജലം
താണുപോം ചിറയെ മത്സ്യമെന്നപോൽ.'' 129

കുവി വായുവിലകന്ന താമര–
പ്പൂവെയാഞ്ഞു തടയുന്നഹംസിപോൽ
ഏവമുന്മുഖി പുലമ്പിയെത്തിയാ–
ബ്ഭ്രുവിൽ വീണവൻ പിടിച്ചു തൽപദം. 130

''എന്റെയേകധനമങ്ങു ജീവന–
ങ്ങെന്റെ ഭോഗമതുമെന്റെ മോക്ഷവും
എന്റെയീശ! ദൃഢമീ പദാംബുജ–
ത്തിന്റെ സീമ, ഇതു പോകിലില്ല ഞാൻ. 131

അന്യഥാ കരുതിയാർദ്രനാര്യനീ–
സന്നധൈര്യയെയഹോ! ത്യജിക്കൊലാ
ധന്യയാമെളിയ ശിഷ്യ,യീ പദം
തന്നിൽ നിത്യപരിചര്യയൊന്നിനാൽ.'' 132

ഹാ! മൊഴിഞ്ഞിതു,നഖംപചാശ്രുവാൽ
കോമളം സതി നനച്ചു തൽപ്പദം
ആ മഹാൻ തിരിയെനിന്നു; നിർമ്മല–
പ്രേമമാം വലയിലാരു വീണിടാ! 133

''തോഴി, കാരുണികനാണു നിന്നിൽ ഞാൻ,
കേഴൊലാ കൃപണഭാവമേലൊലാ,
പാഴിലേവമഴലാകുമാഴിയാ–
ഞ്ഞാഴൊലാ നളിനി, അജ്ഞപോലെ നീ. 134

പാവനാംഗി, പരിശുദ്ധസൗഹൃദം
നീ വഹിപ്പതതിലോഭനീയമാം,
ഭാവിയാസ്സുതു, ചിതാശവങ്ങളിൽ
പൂവുപോൽ, അശ്രുഭനശ്വരങ്ങളിൽ. 135

സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം,

Digitized By Kerala Sahitya Akademi

മോഹനം ഭുവനസംഗമിങ്ങതിൽ
സ്നേഹമൂലമമലേ വെടിഞ്ഞു ഞാൻ. 136

ആപ്തസത്യനവിയോഗമാം സുഖം
പ്രാപ്തമാം സഖി രഹസ്യമോതുവൻ,''
ആപ്തനിങ്ങനെ കനിഞ്ഞുരയ്ക്കുവേ
ദീപ്തദീപശിഖപോലെണീറവയം. 137

നോക്കിനിന്ന ഹൃതയായവന്റെ ദി-
വ്യൈക്യനിർവൃതികരോജ്ജ്വലാനനം,
വാക്കിനാലപരിമേയമാം മഹാ-
വാക്യതത്ത്വമവനോതി ശാശ്വതം. 138

ശങ്കപോയ്, ശിശിരവായുവേററപോ-
ലങ്കരിച്ചു പുളകം, വിറച്ചുതേ
പങ്കഹീന, ഘനനാദഹൃഷ്ടമാം
പൊങ്കടമ്പിനടെ കൊമ്പുപോലവയം. 139

അന്തരുത്തടരസോമ്പിദുഃസ്ഥയായ്
ഹന്ത! ചാഞ്ഞു തടവല്ലിപോൽ സതി,
സ്വന്തമെയ് വികലമായപോലണ-
ഞ്ഞന്തരാ നിയമി താങ്ങി കൈകളാൽ. 140

ശാന്തവീചിയതിൽ വീചിപോലെ സം-
ക്രാന്തഹസ്തമുടൽചേർന്നു തങ്ങളിൽ,
കാന്തനാദമൊട്ടു നാദമെന്നപോൽ,
കാന്തിയോടപരകാന്തിപോലെയും 141

ധന്യമാം കരണസത്വയുഗ്മമ-
ന്യോന്യലീനമറിവററുനില്പുവേ
കന്യ കേവലസുഖം സമാസാദി-
ച്ചന്യദുർല്ലഭമലോകസംഭവം. 142

ഭേദമില്ലവളിയന്നൊരാ സുഖം
താദൃശം സകല ഭോഗ്യമല്ലതാൻ,
ഖേദലേശവുമിയന്നതില്ല, വി-
ച്ഛേദഭീതിയുളവായുമില്ലതിൽ. 143

ചാരുഹാസ,യറിവെന്നി പെയ്ത കൺ-
ണീരുടൻ, ചരമമേഘവൃഷ്ടിപോൽ,
ധാരയാലഥ നനഞ്ഞ നെഞ്ചില-
ദ്ധീരധീ പുളകമാന്നമില്ലവൻ. 144

Digitized By Kerala Sahitya Akademi

ഓമലാൾ മുഖമതീന്നു നിർഗ്ഗമി–
ച്ചോമിതിശ്രുതിനിഗ്രഥവൈഖരി,
ധാമമൊന്നുടനയന്നു മിന്നൽപോൽ
വ്യോമമണ്ഡലമണഞ്ഞു മാഞ്ഞുതേ. 145

ക്ഷീണയായ് മിഴിയടച്ചു, നിശ്ചല–
പ്രാണയായുടനവന്റെ തോളതിൽ
വീണു വായു വിരമിച്ച കേതുവിൽ
താണുപറ്റിയ പതാകപോലവൾ. 146

ഞെട്ടിയൊന്നകമലിഞ്ഞു സംയമം
വിട്ട വീർത്തു നെടുതായ് മഹായമി
പട്ടിടഞ്ഞ തനുതന്റെ മേനി വേർ–
പെട്ടിടാഞ്ഞു ബത! ശങ്കതേടിനാൻ. 147

സ്തബ്ധമായ് ഹൃദയമേറി ഭാരമാ–
പുഷ്പഹാരമുടനെയ് തണുത്തുപോയ്.
സുപ്തിയല്ല ലയമല്ല ഭയാഗമ–
ല്ലപ്പൊഴാന്തവളെന്നറിഞ്ഞവൻ. 148

''എന്തു സംഭവമിതെന്തു ബന്ധമി–
ങ്ങെന്തു ഹേതുവിതിനെന്തൊരർത്ഥമോ!
ഹന്ത! കർമ്മഗതി! ബാലയെന്റെ ബാ–
ഹാന്തരം ചരമശയ്യയാക്കിനാൾ! 149

സ്നേഹഭാജനതയാൻ ഹൃത്തിതിൽ
ദേഹമിങ്ങനെ വെടിഞ്ഞു പാററപോൽ
മോഹമാൻ പരമാം മഹസ്സഹോ!
മോഹനാംഗി തഴുകിക്കഴിഞ്ഞിവൾ! 150

ആരറിഞ്ഞു തനുഭൃത്തുകൾക്കു നി–
സ്സാരമേവമസുബന്ധമെന്നഹോ!
നാരി, നിന്നിളവയസ്സിതേതു ഹൃ–
ത്താരിയന്ന പരിപാകമേതയേ! 151

ഞെട്ടറുന്ന മലരും തൃണാഞ്ചലം
വിട്ടിടുന്ന ഹിമബിന്ദുതാനുമേ
ഒട്ടു ദുഃഖമിയലാം, വപുസ്സു വേ–
റിട്ട നിൻ സുഖമഹോ കൊതിക്കിലാം. 152

ഹന്ത! സാധ്വി, മധുരീകരിച്ചു നീ
സ്വന്തമുത്യു സുകുമാരചേതനേ,

Digitized By Kerala Sahitya Akademi

എന്തു നാണമിയലാം ഭവജ്ജിതൻ
ജന്തുഭീകരകരൻ, ഖരൻ, യമൻ? 153

ജാതസൗഹൃദമുറങ്ങുവാൻ സ്വയം
ജാത, തള്ളയുടെ മാറണഞ്ഞപോൽ
നീ തുനിഞ്ഞു, നിരസിച്ചിരിക്കിൽ ഞാ–
നേതു സാഹസികനാമഹോ പ്രിയേ! 154

ത്യാഗമേവനുവരും സമഗ്രമീ–
ഭോഗലോഭനജഗത്തിലെന്നുമേ
വേഗമിന്നതു വെടിഞ്ഞു ഹാ മഹാ–
ഭാഗയാം നളിനി ധന്യതന്നെ നീ! 155

ഉത്തമേ! വിഗതരാഗമാകുമെ–
ന്നാന്തടത്തെയുമുലച്ചു ശാന്ത നീ
ഇത്തരം ധരയിലെങ്ങു ശ്രദ്ധമാം
ചിത്തവും മധുരമായ രൂപവും? 156

നേരു—ശൈശവമതിങ്കലന്നു നിൻ–
ഭ്രൂരിയാം ഗുണമറിഞ്ഞതില്ല ഞാൻ,
കോരകത്തിൽ മധുവെന്നപോലെയു–
ത്താരിൽ നീ പ്രണയമാന്നിരുന്നതും. 157

ഇന്നഹോ! ചിരസമാഗമം സ്വയം
തന്ന ദൈവഗതിയെത്തൊഴുന്നു ഞാൻ,
എന്നുമല്ലുനുതപിച്ചിടുന്നു, തേൻ–
വെന്ന നിന്മൊഴികളും നിന്നുപോകയാൽ. 158

ബദ്ധരാഗമിഹ നീ മൊഴിഞ്ഞൊരാ–
ശ്രദ്ധവാണി വനവായുലീനമായ്.
ശ്രദ്ധയാന്നതിനെയാസ്വദിച്ചു ഹാ!
സിദ്ധസന്തതി സുഖിക്കുമോമലേ! 159

ആകുലത്വമിയലില്ല യോഗി ഞാൻ
ശോകമില്ലിനി നിനക്കുമേതുമേ,
നീ കുലീനഗുണദീപികേ, വിടും
ലോകമാണു ദയനീയമെൻപ്രിയേ! 160

വേണിയാകിയ വെള്ളത്ത നിർത്സര–
ശ്രേണി ചിന്നി വിരഹാർത്തിയാന്നുതാൻ
ക്ഷോണികന്ദരനിരുദ്ധകണ്ഠയായ്
കേണിതാ മുറയിടുന്നു കേൾക്ക നീ! 161

Digitized By Kerala Sahitya Akademi

നീലവിൺനടുവുറച്ചു ഭാനു, കാ–
ഞ്ചീല കാട്ടിലുമനക്കമൊന്നിനും,
ബാല നീ ത്വടിതി പൊങ്ങുമൂക്കിനാൽ
കാലചക്രഗതി നിന്നുപോയിതോ! 162

ധന്യനായി സഖി ഞാനസംശയം,
നിന്നൊടൊക്കുമുപദേശഭാജനം
അന്യനാം ഗുരു ലഭിച്ചതില്ലയീ–
മന്നിൽ വിദ്യ വെളിവായനാൾമുതൽ. 163

മാനസം പരിപവിത്രമായി നിൻ–
ധ്യാനയോഗ്യചരിതം സ്മരിച്ചയേ!
ജ്ഞാനിനീ ഭവതി സിദ്ധിയാന്നൊരെ–
മേനിയും മഹിതതീർത്ഥഭൂമിയായ്! 164

ധർമ്മലോപമണയാതെ നമ്മളിൽ
ശർമ്മവും വ്യഥയുമേകിയേനൊരാ
നിർമ്മലേ! ഒരുവഴിക്കു നീണ്ടൊരീ–
കർമ്മപാശഗതി നീ കടന്നുതേ!'' 165

പ്രേമഗൗരവമിയന്നിവണ്ണമും–
സ്മേരമയറരുളി,യാൻ പിന്നെയും
ആ മഹാൻ നിജയമം, ചലിക്കുമേ
ഭൂമിയും ഹൃദയലീനഹേതുവാൽ. 166

ദ്രുതമവിടെയണഞ്ഞാ ശിഷ്യയെത്തേടിയപ്പോൾ
കൃതനിയമ കനിഞ്ഞാചാര്യ കാഷായവേഷാ
മുതതനുവതുകണ്ടങ്ങൊട്ടു വാവിട്ട കേണാൾ,
ഹതശിശുവിനെ നോക്കിട്ടുനയാം ധേനുപോലെ. 167

'നളിനി' 'നളിനി'യെന്നാമന്ത്രണംചെയ്തു ചെന്നാ–
മിളിതയമി വപുസ്സായോരു പൂമെയ്യെടുത്താൾ
ദളിതഹൃദയ—കൈയാൽ ശാന്തിബിംബത്തിൽനിന്നും
ഗളിതസുഷമമാം നിർമ്മാല്യമാല്യംകണക്കേ. 168

അന്യോന്യസാഹ്യമൊടു നീലകുശാസ്തരത്തിൽ
വിന്യസ്തമാക്കി മൃദുമെയ്യവർ നോക്കിനിന്നാർ,
വന്യേഭഹസ്തഗളിതം ബിസപുഷ്പമൊത്താ–
ന്നന്യൂനദീനതയതെങ്കിലുമാഭതാനും. 169

അല്പം വലഞ്ഞഥ പരസ്പരമോതി വൃത്ത–
മുൽപന്നബോധരവരോത്തു വിധിപ്രകാരം

Digitized By Kerala Sahitya Akademi

ചൊല്പൊങ്ങുമാ ഗിരിജ ചേവടി ചേർത്ത ദിക്കിൽ
കല്പിച്ചവർക്കു ഖനനം വരയോഗിയോഗ്യം. 170

നിവാപവിധിപോലെ ബാഷ്പനിര തൂവി നിക്ഷിപ്തമാം
ശവാസ്ഥിരമകന്നു—ഹാ! കൃപണർപോലെ രണ്ടാളുമേ
പ്രവാസമതിനായ് സ്വയം പുനരുറച്ചൊരാ യോഗിയാം
'ദിവാകര'നെ വിട്ടു യോഗിനി മറഞ്ഞു, സന്ധ്യാസമം. 171

ലോകക്ഷേമോത്സുകനഥ വിദേശത്തിൽ വാണാ യതീന്ദ്രൻ,
ശോകം ചേർന്നീലവന നളിനീചിന്തയാൽ വൃദ്ധിയേറി,
ഏകാന്താഭ്യം വിഷയമഘമിങ്ങേതുമേ ചിത്തവൃത്തി–
ക്കേകാ—കണ്ണാടിയിലിനമയൂഖങ്ങളം മങ്ങാ പതിഞ്ഞാൽ.

അവന പുനരമോഘം പോയി നൂറാണ്ടു, പിന്നോ–
ത്തവസിതിവിധി,യൂഴിക്കെത്തുമോ നിത്യഭാഗ്യം
അവിദിതതനുപാതം വിസ്മയം യോഗമാജ്ഞാ–
ലുവിരതസുഖമാസ്താനാ മഹാൻ ബ്രഹ്മഭൂയം! 173

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi



1914

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

'നളിനി' എഴുതി അവസാനിക്കുന്നതിനു മുമ്പുതന്നെ ആമാതിരി ഒരു ചെറിയ കാവ്യംകൂടി എഴുതേണ്ട ആവശ്യകത തോന്നിയിരുന്നു. കാരണം നളിനിയിലെ നായികാനായക ന്മാർ രാജസം മിക്കവാറും വിട്ടു, സാത്വികാവസ്ഥയിൽ എത്തിനില്ക്കുന്ന പുണ്യാത്മാക്കളാണു്. അതിനു മുമ്പുള്ള അവ സ്ഥകളിലാണല്ലോ ജീവിതത്തിന്റെ കഷ്ടതകളും മാനസരഹ സ്യങ്ങളും അധികം അടങ്ങിയിരിക്കുന്നതു്. അതുകൊണ്ടു നളി നിയിലെ പാത്രങ്ങളുടെ അടുത്ത താണപടിയിൽ എത്തീട്ടുള്ള ജീവിതങ്ങളെപ്പറ്റിയാണു പിന്നെ എഴുതേണ്ടതായി തോന്നി യതു്. അതുമുതൽ അതിനെപ്പറ്റി ഗാഢമായി ചിന്തിക്കയും പല സംഗതികളും സ്വരൂപിച്ചു് മനസ്സിൽ ക്രമപ്പെടുത്തിവയ്ക്കു കയും ചെയ്തുകൊണ്ടിരുന്നു. ഇതിനിടയിൽ ഒരിക്കൽ 'സെൻ ട്രൽ ഹിന്ദുകോളേജു' മാഗസി'നിൽ ആണെന്നു തോന്നുന്നു, പ്രസിദ്ധനായ ഡാക്ടർ കുമാരസ്വാമി ഒരു ഉപന്യാസത്തോടു കൂടി ഒരു പേർസ്യൻകഥാനായികയുടെ ചിത്രം പ്രസിദ്ധപ്പെടു ത്തിയിരുന്നതായി കണ്ടു. ആ ചിത്രം മേല്പറഞ്ഞ സങ്കല്പത്തെ ഉദ്ദീപിപ്പിച്ചു. എന്നാൽ കഥയെപ്പറ്റി വിസ്തരിച്ചു യാതൊന്നും ഉപന്യാസത്തിൽ ഉണ്ടായിരുന്നതായി ഓർക്കുന്നില്ല. 1911 ജൂലൈ 27-ാംതീയതിയാണു് 'ലീല' എഴുതിത്തുടങ്ങിയതു്. മുൻപറഞ്ഞ ചിത്രം ഒരിക്കൽക്കൂടി കാണുകയോ ഉപന്യാസം ഒന്നുകൂടി വായിച്ചുനോക്കുകയോ ചെയ്താൽ കഥാസൃഷ്ടിയിൽ വല്ല സഹായവും ഉണ്ടാവാൻമതിയെന്നു തോന്നുകയാൽ അ പ്പോൾ വീണ്ടും അതിനെപ്പറ്റി അന്വേഷിച്ചു എങ്കിലും കിട്ടി യില്ല. ചുരുക്കിപ്പറഞ്ഞാൽ, ഈ കാവ്യംപോലെതന്നെ ഇതി ന്റെ കഥയും സ്വന്തം ചെറിയ കല്പനാശക്തിക്കൊത്തവണ്ണം സ്വതേതന്നെ നിർമ്മിക്കയാണു ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് 'ലീല' തന്റെ പൂർവ്വജയായ 'നളിനി'യെപ്പോലെതന്നെ ഒരു കല്പിതകഥയാണു്.

ഈയിടെ പല ആളുകളും അന്യഭാഷകളിൽനിന്നു് പല പുസ്തകങ്ങളും രൂപാന്തരപ്പെടുത്തി വിവരം പ്രസ്താവിക്കാതെ സ്വന്തകൃതികളായി പ്രസിദ്ധപ്പെടുത്തിവരുന്നുണ്ടു്. ഈ ഭംഗി യില്ലാത്ത നടപടി വായനക്കാരുടെ ഇടയിൽ ഒരുവക അവി ശ്വാസത്തിനു് ഹേതുവായിത്തീർന്നിട്ടുമുണ്ടു്. അതുകൊണ്ടു സാമാന്യം നന്നായിട്ടേതെങ്കിലും ഒരു കൃതി കണ്ടാൽ അതു

Digitized By Kerala Sahitya Akademi

കേവലം ഭാഷാന്തരമോ അനുകരണമോ ആയിരിക്കുമെന്നു തീച്ചയാക്കിക്കഴിയും. എന്നാൽ അങ്ങനെയുള്ള നല്ല കൃതികൾക്കും തൽക്കർത്താക്കന്മാർക്കും വാസ്തവത്തിൽ അതുകൊണ്ടു ഹാനിയൊന്നും വരാനില്ലെങ്കിലും ആവക ധാരണ ജനങ്ങൾക്കു്, യഥാർത്ഥകൃതികളുടെ ശരിയായ ഗുണദോഷനിരൂപണത്തിൽ അനാസ്ഥയുണ്ടാക്കി അവയെ വായിക്കുന്നതിലും അവയുടെ കർത്താക്കന്മാരുടെ പ്രയത്നത്തെ അനുമോദിക്കുന്നതിലും അടങ്ങിയിരിക്കുന്ന നിർദ്ദോഷമായ സുഖത്തിനു ഭംഗം വരുത്തും. ഇതു് ഒരു ദയനീയമായ സംഗതിയാകുന്നു. ഒരു കൃതിയിൽ ഉള്ള ദോഷങ്ങൾക്കു തൽകർത്താവു് ഉത്തരവാദിയായിരിക്കുന്നതുപോലെ അതിൽ വല്ല ഗുണോല്ക്കർഷവുമുണ്ടെങ്കിൽ അതിന്നുള്ള ബഹുമതിക്കും അയാൾതന്നെയാണു് അവകാശി. ഈ ബഹുമതിയെ സമ്മതിച്ചുകൊടുക്കുന്നതിൽ പ്രായേണ ജനങ്ങൾക്കു കാണുന്ന വൈമനസ്യം, പുതിയ കല്പനാസാമർത്ഥ്യങ്ങൾ ഒന്നും നമുക്കുണ്ടാവാൻപാടില്ലെന്നു നമ്മുടെ നാട്ടുകാർ മുൻകൂട്ടി ധരിച്ചുവെച്ചിട്ടുള്ള ദുർദ്ധാരണയുടെ ഫലമാണു്. താഴെ കാണുന്ന കാളിദാസവചനം ഈ സന്ദർഭത്തിൽ സ്മരണീയമായിരിക്കുന്നു:

''സന്തഃ സമീക്ഷ്യാന്യതരദ്ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ''

ഇനി, ഒരു കവി മുന്പെഴുതുന്ന കൃതിയോടു പിന്പെഴുതുന്നതിനെ താരതമ്യപ്പെടുത്തി അഭിപ്രായം പറവാൻ കാത്തിരിക്കുന്ന വായനക്കാരുണ്ടു്; അവർ ഓരോ കൃതിയിലും കവി പിടിച്ചിരിക്കുന്ന പ്രമേയം എന്താണെന്നും ഓരോന്നിനെപ്പറ്റിയും അയാളുടെ പ്രത്യേക ചുമതല എന്താണെന്നും വേണ്ടവണ്ണം ആലോചിക്കാതെയാണു് ചിലപ്പോഴൊക്കെ അഭിപ്രായങ്ങൾ പുറപ്പെടുവിക്കാറുള്ളതു്. അതുകൊണ്ടു പ്രിയവായനക്കാർ നളിനിയോടു ലീലയെ താരതമ്യപ്പെടുത്തുമ്പോൾ ഈ വസ്തുത ഓർമ്മിക്കേണമെന്നു പ്രത്യേകം അപേക്ഷിക്കുന്നു. ദൃഷ്ടാന്തത്തിനു 'നളിനി' ഒരു താമരപ്പൂവാണെന്നും ലീല ഒരു ചമ്പകപ്പൂവാണെന്നും വിചാരിക്കുക; രണ്ടും പുഷ്പങ്ങളാണു്; രണ്ടിനെയും സൃഷ്ടിക്കുന്നതിൽ സ്രഷ്ടാവു തന്റെ കല്പനാശക്തിയേയും ശില്പസാമർത്ഥ്യത്തേയും ഒന്നുപോലെ ഉപയോഗിച്ചിട്ടും ഉണ്ടു്. എങ്കിലും ഒന്നു് ശാന്തമായ സുഗന്ധവും ഉദാരമായ ശോഭയുമുള്ള താമരപ്പൂവു്; മറേറതു് പ്രകടമായ സൗരഭ്യവും ഉജ്ജ്വലമായ കാന്തിയുമുള്ള ചമ്പകപ്പൂവു്. വ്യത്യാസത്തിനു കാരണം, സ്രഷ്ടാവിന്റെ സങ്കല്പഭേദം മാത്രമായിരിക്കും. അതു് ഒഴിച്ചുകൂടാത്തതുമാണു്.

Digitized By Kerala Sahitya Akademi

ഭാഷാരീതിയെ സംബന്ധിച്ച്, നളിനിയുടെ അവതാരികയിൽ മഹാമഹിമശ്രീ എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് കുറയ്ക്കേണ്ടതായി സൂചിപ്പിച്ചിരുന്ന നിബ്ബന്ധങ്ങളും പാടുള്ളത്ര കുറപ്പാൻ ശ്രമിച്ചിട്ടുണ്ട്. ആ ശ്രമം തൃപ്തികരമാംവണ്ണം സാധിച്ചിട്ടില്ലെന്നു കാണുന്നതിൽ വ്യസനിക്കുന്നു. ചിരപരിചയംകൊണ്ട് ഉറച്ചുപോയ ശൈലി മാറുന്നത് ക്ഷിപ്രസാധ്യമല്ലെങ്കിലും ഇനിയും ശ്രമിച്ചു തിരുമനസ്സിലെ പൂർണ്ണപ്രസാദത്തിനു പാത്രമാവാൻ നോക്കുന്നതാണു്.

1913 ഡിസംബർ 11-ാംതീയതി 'ലീല' എഴുതിത്തീർന്നു. ക്ലേശകരമായ കൃത്യാന്തരങ്ങളുടെ ഇടയിൽ പ്രായേണ രാത്രിസമയം മാത്രമേ ഇതിനു വിനിയോഗിപ്പാൻ കിട്ടീട്ടുള്ളു. അച്ചടിക്കുന്നതിനു മുമ്പുതന്നെ പണ്ഡിതസ്നേഹിതന്മാരിൽ പലരും ഇതിനെ വായിച്ചുകേൾക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ട്. ഇവരിൽ നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻപിള്ള (എം. എ. എം. ആർ. എ. എസ്.) അവർകളുടെ പേർ പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ കർശ്ശമെങ്കിലും, വ്യുല്പാദകമായ ഗുണദോഷചിന്തനത്തിനു സ്നേഹബഹുമാനപൂർവ്വം നന്ദിപറകയുംചെയ്യുന്നു.

നളിനിയെ സ്വീകരിക്കുന്നതിൽ പൊതുജനങ്ങളും വർത്തമാനപ്പത്രങ്ങളും ടെക്സ്റ്റ്ബുക്ക്കമ്മിറ്റിക്കാരും ഒന്നുപോലെ പ്രദർശിപ്പിച്ച സ്നേഹപൂർവ്വമായ താല്പര്യത്തിനും പ്രോത്സാഹനങ്ങൾക്കുമായി എല്ലാവർക്കും വന്ദനം പറവാൻ ഈ സന്ദർഭത്തെ ഉപയോഗിച്ചുകൊള്ളുന്നു. നളിനിക്കു സരസമായ ഒരു നിരൂപണം പ്രസിദ്ധപ്പെടുത്തി അതിന്റെ പ്രചാരത്തെ വർദ്ധിപ്പിപ്പാൻ ഉത്സാഹിച്ച മാന്യസ്നേഹിതനായ സ്കൂൾ ഇൻസ്പെക്ടർ ജി. രാമൻമേനോൻ (എം. എ.) അവർകളോടുള്ള ഹാർദ്ദമായ കൃതജ്ഞതയേയും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

'ലീല' അച്ചടിച്ചു തീർന്നിട്ടതന്നെ ആറുമാസത്തിൽ അധികമാകുമെങ്കിലും ഇടയിലുണ്ടായ അസൗകര്യങ്ങളാൽ പ്രസിദ്ധപ്പെടുത്താൻ ഇത്ര താമസം നേരിട്ടതാകുന്നു. ഇതിന്റെ പ്രസിദ്ധീകരണത്തിനു വേണ്ടതെല്ലാം ചെയ്തതന്ന ബി. വി. ബുക്ക് ഡിപ്പോ ഉടമസ്ഥന്മാക്കും പുസ്തകം മുഴുവൻ വായിച്ചുനോക്കി സന്ദർഭോചിതമായ ചിത്രങ്ങൾ ദയചെയ്തു് എഴുതിത്തന്ന മ. രാ. രാ. കെ. ആർ. രവിവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിലേക്കും ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു.

തിരുവനന്തപുരം.
6–8–1914

എൻ. കുമാരൻ ആശാൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാംസർഗ്ഗം

''പ്രണയപരവശേ, ശുഭം നിന-
ക്കുണരുക, ഉണ്ടൊരുദിക്കിൽ നിൻപ്രിയൻ
ഗുണവതി, നെടുമോഹനിദ്രവി-
ട്ടുണരുക, ഞാൻ സഖി, നിന്റെ 'മാധവി'.'' 1

സരളമധുരമീവിധം വച-
സ്സൊരു വിധി വാട്ടിയ കണ്ണുവീഥിയിൽ,
വിരവിനൊടു പതിച്ചു, പിച്ചിമേൽ
വിരളനവാംബുദബിന്ദുവെന്നപോൽ. 2

ഉദയപുരമതിന്നുപാന്തമായ്
വിദിതമഹീധരസാനുഭ്രമിയിൽ
സദനസുമവനത്തിലൊന്നിലു-
ന്മദമരുളും മധുമാസരാത്രിയിൽ. 3

വിലസി നറുനിലാവെഴും ലതാ-
വലയമിയന്ന നിലത്തൊരോമലാൾ
വിലയവിവശമേനി, വീണ പൂ-
ങ്കുലയതുപോലെ കിടന്നിതേകയായ്. 4

(യുഗ്മകം)

ക്ഷിതിയിലഹഹ! മർത്ത്യജീവിതം
പ്രതിജനഭിന്നവിചിത്രമാഗ്മമാം
പ്രതിനവരസമാമതോക്കുകിൽ
കൃതികരം മനുഷ്യകഥാനുഗായികരം. 5

മരുവിയവിടെ മുമ്പു, ദൂരമാം-
മരുവിലകന്ന മഹാ/പണങ്ങളിൽ,
പെരുവഴി തുണചേർന്നു പോകുവോ-
രൊരുവകയാളകരം വൈശ്യവൃത്തികരം. 6

അവരുടെ കുലനാഥനുണ്ടൊരാ-
ളവനിയിൽ വിശ്രുത 'നർത്ഥപാലകൻ'
അവനു തനയയായ് ജനിച്ചുപോ-
ലവികലമാനുഷശ്രുപമാധുരി. 7

ഭവനമണിവിളക്കു, സദ്ഗുണ-
പ്രവണതയാൽ വളർന്ന നന്ദിനി,

Digitized By Kerala Sahitya Akademi

അവനു മമതകൊണ്ടു തുല്യമാ-
യവളുമസൂക്കളും വസൂക്കളും താനുമേ. 8

കല, നിശിതകുശാഗ്രബുദ്ധിയാൾ
പലതു പഠിച്ചിതു ശക്തിപോലെയും,
വലിയ ധനികനാം പിതാവുതൻ-
നിലയിൽ വിചക്ഷണലബ്ധിപോലെയും. 9

സകുതുകമഥ മത്സരിച്ചതാൻ
മികവൊടണിഞ്ഞിതു ശൈശവംമുതൽ
പ്രകൃതിയവളെയംഗകാന്തിയാൽ,
സുകൃതി പിതാവു വിഭ്രഷണങ്ങളാൽ. 10

ലലിത ലലിതമാം യൗവനം
കുലസുത 'ലീല'—അതാണവൾക്കു പേർ;
ലലനകളുടെ ഭാഗ്യയന്ത്രമാ-
നിലയിൽ മനസ്സു തിരിഞ്ഞപോലെ പോം. 11

മകളൊടുമൊരുമിച്ചു യാത്രയാ-
യകലെയൊരിക്കൽ വണിഗ്വരൻ, തദാ
സകുതുകമവൾ കണ്ടു വത്സക-
പ്രകരമടുപ്പിതു താവളങ്ങളിൽ. 12

കൊടിയ വെയിലുമുഗ്രവായുവും
പൊടിയുമിടഞ്ഞു മഹാമരുക്കളിൽ,
കടലിൽ ബഹുചരക്കുമാളുമായ്
പടവുകൾപോൽ വരുമൊട്ടകങ്ങളും, 13

പടകുടികൾ വെടിഞ്ഞു കുന്നുതൻ-
കൊടുമുടിവിട്ട വലാഹകങ്ങൾപോൽ,
നെടുവഴികളിൽ നീണ്ട വാഹന-
പ്പടയൊടു പോമുരു സാർത്ഥവാഹരും, 14

പല ജനത, പലേ നിബന്ധനം
പല നഗരം പല വേഷഭാഷകൾ
പലതുമിതു കണക്കുണർത്തു കു-
ണ്ഡലമവൾ മോദവുമാർന്നു ബോധവും. 15

(വിശേഷകം)

വിഭവമതുകണക്കെ വിദ്യ,യീ-
സുഭഗത, ശോഭനയൗവനാഗമം

Digitized By Kerala Sahitya Akademi

പ്രഭ്രൂണയിവയിൽ ചരിക്കയാ–
യഭിമതവാപിയിൽ മുദ്ധഹംസിപോൽ. 16

കരുതരുതുഭ്രതി കാൺകിലും
സ്ഥിരപ്രഭയാണിഹ ലീലയെന്ന നാം,
പരമരുചിരമാമഹർമ്മുഖം
ചരമധരോപരി കാറു നില്പ്പുവേ. 17

രി, ഹതവിധിയായ മേഘമാ–
ന്നി ഗളപരന്നിത, ലോകയാത്രയിൽ,
മുറുകി വലിയ കോള, കന്യയാം
ചെറുകളിവഞ്ചി കടുങ്ങിയാടലിൽ. 18

വിജയപുരനിവാസി, വത്സക–
പ്രജപതി,യാവഴി പോന്നവന്നൊരാത്മ
സജനമൊട്ടു വരിച്ചു ലീലയേ
നിജസുതനായി വധൂകരിക്കുവാൻ. 19

കമനനഥ മകാംക്ഷവൻ യുവാ
സമധനവംശനിണങ്ങുമെന്നതാൻ
മമതയൊട്ടുമുറച്ചു ചെയ്തുപോയ്
സമയവുമങ്ങനെയത്ഥപാലകൻ. 20

അവിഹിതമിഹ രക്ഷ്യരോടൊരാത്മ–
ക്കവികലമാം പ്രഭുഭാവം, അല്പ്പതും
യുവജനഹൃദയം സ്വതന്ത്രമാ–
ണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ. 21

'മദന'നിതി പുകഴ്ന്ന, മാധുരീ–
സദനമതായ സഖാ, ഗുണോത്തരൻ
സദനനികടവർത്തിയുണ്ടൊരാത്മ
ഹൃദയമവന്നവശം നൽകി മുന്നമേ. 22

ദുഹിതുപരിണയോത്സവം യഥാ–
വിഹിതമൊരുക്കി വഴിക്കു വത്സകൻ
അഹഹ! പിതൃനിയോഗഖിന്ന, ദു–
സ്സഹമഴലപ്പൊഴറിഞ്ഞു ബാലിക. 23

പഴകിയ തത്ത്വല്പ്പി മാറിടാം
പുഴയൊഴുകും വഴി വേറെയാക്കിടാം
കഴിയുമവ—മനസ്വിമാർമന–
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ. 24

Digitized By Kerala Sahitya Akademi

ഗുരുജനവചനം, കുലക്രമം,
തരുണികൾതന്നുടെയസ്വതന്ത്രത,
കരുതിയിവ മറച്ചു കാമിതം,
കരുമന പൂണ്ടിവൾ കാട്ടി ലൗകികം. 25

വിനയവതിയഴിഞ്ഞുവിട്ടിടാം
ജനകഹിതത്തിനതന്നെ തൻഹിതം,
അനഘനവനനന്യരാഗനാ-
യനുകനെയെങ്ങനെയാസ്ത്രമാത്തിയിൽ? 26

കദനമതൊഴിയാതെ കഷ്ടമീ-
മദനഗതാശയ മാഴുകി,—നിശ്ചലം
വിദയനിയതി, ദുസ്തരൗഘല,—യാ
നദിയെയെതിരെത്താ ജന്തു നീന്തുമോ? 27

സ്ഫുടമഥ വകതെറിയേറുമ-
ക്കൊടിയിയലും ധ്വജകോടിയെന്നപോൽ
ഒടുവിലവൾ വിവാഹമംഗളം
തടവി ഗളത്തിലനിഷ്ടദർശനം. 28

സുതയിലകലിഞ്ഞു തൽപതി-
ക്കതിഗ്രണിതം ധനമേകിപോൽ ധനി,
നദിവഴിയുദധിക്കുമേകമി-
ങ്ങുദകസമൃദ്ധി ഘനാഢ്യനാം ഗിരി. 29

പ്രണയിനിയാടു പിരിഞ്ഞു നാഥനോ-
ടണവതിനാകുമവൾക്കെഴുന്നാഴൻ,
ഇണയെയകലെവിട്ട ദൂരെ നിർ-
ഘൃണമിഹ വിറ കപോതി ചൊൻകിലാം. 30

ഘനതരുജയാടു യാത്രക്കുട്ടുമ-
ജ്ജനകവിയോഗമറിഞ്ഞതില്ലവൾ
മനമഭിഹതമസ്മരാഗമാം,
സ്വനമിയലില്ല തകർന്ന വീണയിൽ. 31

സുതയുടെ മുഖമാധികശ്രിതം
ഗതനഥ ഖേദമൊടോത്തു വൽകൾ
അതു നിജവിരഹാത്തിമൂലമെ-
ന്നഥ കരുതീട്ടവനാശ്വസിക്കയായ്. 32

വരസുഖവിഭവങ്ങളം മേല്പ്പുമേൽ
വരനരുളുന്നതവൾക്കു ദുഃഖമായ്

Digitized By Kerala Sahitya Akademi

നരഹൃദയമതിന്ന ഭാവനാ–
പരികരമെങ്ങനെ, ഭോഗമങ്ങനെ. 33

പതി പിതൃകൃതനോക്കിൽ യോഗ്യനാം,
കൃതമതിയാമവ—എന്തഹോ ഫലം!
ക്ഷിതിയിലൊരു പുമാന്റെയെന്നിയേ
സതികൾ പരന്റെ ഗുണങ്ങൾ കാണുമോ? 34

ഘടന, പതി വിലാസി ചെയ്തിലും
പിടമൃഗന്തന്ത്രു കൃപാർദ്രയാകിലും
സ്ഫുടമകമലിയാതെ മേവിനാൾ
തടശിലപോലെ തരംഗലീലയിൽ. 35

ദിനാമിദ്ധകണക്കെ മാസവും
പുനരഥ പോയതിദീർഘമബ്ദവും
ഗുണവതിയവൾ നിന്ന നിഷ്പ്രയിൽ
പ്രണയജമാമഴകെത്തി കാഷ്ഠയിൽ. 36

'പിണയുമിനി വിപത്ത'കതയീ
'പ്രണയിനി'യെന്നഥ ഹന്ത! കാട്ടിനാൻ
ക്ഷണമകാരണമന്യഭൈവഭവം
ഗുണപരിണാമപരീക്ഷകൻ വിധി. 37

അവളുടെ ശയനീയമായിരാ–
മവനൊരുഷസ്സിലുണർന്നിടാതെയായ്;
യുവതിയെവിടെ?—ജന്തുവിന്ന ഹാ!
വിവൃതകവാടയനാരതം മൃതി. 38

അയി സുഭഗ! വെടിഞ്ഞു ഭ്രമി നീ
പ്രിയയുടെ രാഗമറിഞ്ഞതില്ലെടോ,
നിയതിഹതനിതോക്കുകിൽ ഭവാൻ
സ്വയമഭിമാനകൃതാത്ഥനെങ്കിലും. 39

ഒടുവിലഹഹ! ബന്ധുരോദനം
നടുവിലശങ്കമവന്റെയായുടൻ
ചടുലശിഖയിൽ നിദ്ദ്യയോദ്യമൻ
ഝടിതി ദഹിച്ചു ചിതാഹുതാശനൻ. 40

വിവിധഹൃദയവൃത്തിവിദ്ധയായ്
വിവശതയാൻ വിരന്തുവാമവം
മൃഗയുവതി കിരാതമുക്തയായ്
വൃകനിരതൻവഴി ചെന്നുവീണപോൽ. 41.

Digitized By Kerala Sahitya Akademi

''പതിയെയനുമരിച്ചു പുണ്യവും,
സതികൾ പെറുന്ന സമജ്ഞസൗഖ്യവും
വിധവ വിദയ വക്രശീലയീ–
വിധമിഹ വാഴ്കയായി പാപ ഞാൻ! 42

പലരിനിയഭ്രഭങ്ങളോത്തിടാം
പലരപവാദഗൗരങ്ങൾ തുകിടാം
ഹതയിവളിൽ—അഹോ! ഗ്രണത്തിനാം
പതി വനിതയ്ക്കനഭീഷ്ടനെങ്കിലും. 43

പരമരിയ കിനാവിലെപ്പഫലം
പറക, മനഃഖഗ, നീ ഭുജിക്കുമോ?
ഉരുരസമതുനോക്കിയേതിൽ നീ
മരുവിയതാക്കനി വീണുപോയിതേ!'' 44

ഇതി പലവിധമോർത്തുഴന്ന തൻ-
മതി,യവളന്നുരുപീഡ തേടിനാൾ,
എതിരിടുമഴൽ താങ്ങുമാരു,മാ–
ക്കതിരുജ ഭാവിഭയങ്ങൾ നൽകിടാ? 45

ഇളകിലുമിതുപോലവയ്ക്കുടൻ
ഗളിതഭയം മദനോന്മുഖം മനം,
കള ഝടിതി പറിച്ചു ഖിന്നമാം
മുളയതുപോലെ മുതിർന്നുപൊങ്ങുവാൻ. 46

വിനയവിഹിതദുഃഖ വൈശ്യയീ–
യനുകമ്പ മാനസപതി മുന്നമേ,
പുനരവരിലനിന്ദ്യമംഗനാ–
ജനമതിനന്നു പുനർവിവാഹവും. 47

വിശസനമതിൽ വാടി വാണിടും
ശശ്രൂരരെ വിട്ടവൾ വല്ലവാറുമേ,
മദനനരികിൽ വാണ രമ്യമാ–
'മുദയപുരി'ക്കു മടങ്ങി യാത്രയായ്. 48

പരിജനമൊട്ടു തണ്ടിലേറി വൻ–
പെരുവഴി തള്ളിയഖേദമൂർന്നു ക,
ഒരുവഴിയെയൊഴുക്കുകാറുമായ്
ത്വരയൊട്ടു പോം ചെറുതോണിപോലിവൾ. 49

പരിസരമതിലെത്തി ലക്ഷ്യമായ്
ചിരവിധുരം പിതൃസൗധമെങ്കിലും

Digitized By Kerala Sahitya Akademi

ഉഴറിയുടനവ൪ക്കു തൃഷ്ണയാൽ
മിഴി മദനാകൃതി മുമ്പു കാണുവാൻ. 50

പുനരുരുദമമാന്ദ്യമുക്കമ–
ശ്രവണവതി ശൈശവഭാവനീതയായ്
ജനകജനനിമാരെയോത്തു കാൺ–
ക്ഷണമിടരാന്നിതു കുട്ടിപോലവ൯. 51

''ചിരവിരഹിതരെന്നെയിൻ ഹാ!
വിരവൊടു കണ്ടിടുമച്ഛനമ്മമാർ,
ചൊരിയുമുടനെയശ്രുഹൃഷ്ടരായ്
ചരിതമറിഞ്ഞഥ ഖിന്നരായുമേ! 52

ബത! ബഹുതരഭാഗ്യമഗ്നയാം
സുത ഹതദൈവ,യിവണ്ണമായിതേ!
ഹിതജനക, ഭവാനെ ഹേതുവായ്
സ്ഥിതിയിതിനോടു്തു,മോത്തുമില്ലിവ൯. 53

തരുണിയുടെ ബലം വിശ്രുതി,വേ–
റൊരു പൊരുളില്ലബലയ്ക്കതേ ബലം,
പരമതിനിഹ ഭംഗമേകുവാൻ
കുരുതിയൊരെൻ വിധിയെത്ര ഘോരനാം! 54

പ്രഭുതയിതഥവാ നിനക്കുതാ–
നഭിജനസങ്കടദേശചര്യമേ,
അഭയമണവു നിന്നെ ഹാ! ജനം,
പ്രഭവമനർത്ഥപരമ്പരയ്ക്കു നീ. 55

അകതളിരെയുറുപ്പു ഹന്ത! ധീ–
വികലതയേകി വലപ്പുവെത്രതാൻ,
അകരുണമനവദ്യലോകരെ–
പ്പുകയൊടു കൊൽവു പിശാചവൃത്തി നീ!'' 56

പലതിതി ഭയശോകരാഗസം–
കലമുഴറിക്കമനിക്കു തൽക്ഷണം
ചലഹൃദയമിയന്ന ചിത്രമാം
ജലധരകാലദിനാന്തലക്ഷണം. 57

അഥ ശിബികയിറക്കി വാതിലിൽ,
ധൃതമവ൯ നോക്കി ഗൃഹം ഗതോത്സവം
വ്യഥതടവി—യകത്തുനിന്നുടൻ
ഭൃതകരണഞ്ഞു—പിതാക്കളില്ലഹോ! 58

Digitized By Kerala Sahitya Akademi

പരിജനമുരചെയ്തു, തൽപിതാ
ധരണി വെടിഞ്ഞൊരുമാസമായതും
പെരുകുമഴൽ കെടാൻ ചിതാഗ്നിയാം
സരസിയിൽ മുങ്ങി ജനിത്രി പോയതും. 59

പരമിവളഴലാന്നതോർത്തുവാ
നരുതഥവാ—ദ്ധരാഗബന്ധമേ,
പരഭയമതിൽനിന്ന ജീവിതം
കരയണയിക്കുമദൃശ്യബന്ധു നീ! 60

അവികലമഥതന്നധീനമാ–
യവധി വെടിഞ്ഞ പിതൃസ്വമെങ്കിലും,
അവിടെ വിലമതിച്ചതൊന്നുതാ–
നവളതു തന്റെ സഖീസമാഗമം. 61

ചിരവിരഹമകന്ന തോഴിയാം
പരമഥ മോദമിയന്നുവെങ്കിലും,
വിരവൊട്ടു പറയേണ്ടിവന്ന ഹാ!
വിരസതരം മദനന്റെ വാർത്തതാൻ. 62

പ്രതിഹതികളകന്നഭീഷ്ടനാം
പതിയുടെ വേഴ്ചയിലാശ തേടവേ
ചതുരയിവളൊഴിഞ്ഞു ചൊല്ലുവാൻ
മുതിരുവതാരതു 'ലീല'യോടഹോ! 63

അപഥമതിലവൻ നടന്നതി–
ല്ലപരനെയോത്തതുമില്ല നാരിയായ്
അപകൃതനവളോടു വൈരമി–
ല്ലുപചയമാർത്തുമില്ല സൗഹൃദം. 64

അരിയ മകളെ വിട്ടു വർത്തകൻ
തിരിയെ നിജാലയമെത്തിയോരുനാൾ
ചരിതമവനറിഞ്ഞു, പിന്നെയാ–
പ്പുരിയവനെബ്രത കണ്ടതില്ലപോൽ! 65

ചെറുതു വികലബുദ്ധിപോലവൻ
തിരിയുവതന്നു സഖാക്കൾ കണ്ടുപോൽ
ഒരു കഥയുമതിന്നുശേഷമി–
ങ്ങറിവതുമില്ലൊരു തുമ്പുമില്ലുപോൽ. 66

വിധുരതയൊടു നീ തിരഞ്ഞൊരാ
നിധിയിത ഹാ! സതി, ശൂന്യഭാണ്ഡമായ്

Digitized By Kerala Sahitya Akademi

ധൃതിതടവുക,യാന്നിടാം ഗൃഹേ,
ച്യുതിയിഹ ചുണ്ടിലണഞ്ഞ പേയവും. 67

ഇടരിനവധിയെത്തുവാനഹോ
തുടരുകയായ് സ്ഥിരശീല പിന്നെയും
ഇടയിലിഹ മഹാനിപാതയാം
തടിനികണക്കെ തകർന്ന ജീവിതം. 68

പ്രിയതമനിലഥ പ്രവൃദ്ധമായ്
പ്രിയതയവർക്കുകതാരിലജ്ജസാ
സ്വയമവനിവർത്തുലമല്ലി ഹാ!
നിയതമകന്ന ജനാവലോകനം. 69

പ്രണയി, നിയതരാഗപാത്രമാം
പ്രണയിനിയാൾക്കപരാധിയെങ്കിലും;
ഗുണനിധിയിവനോടവർക്കെഴും
ഗണനയതോക്കുകിലെത്രയേറണം? 70

അവിരളമഥ പെയ്ത കണ്ണുനീ–
രവരം, കൃപനായിക, പോക്കി നാളകം,
അവിഹിതത മറച്ചുനിന്ന ഹാ!
യവനികപോൽ പിതൃശോകസംഗതി. 71

പ്രഥിതരഥ യുവാക്കളെത്തിപോൾ
സ്ഥിതിയറിയാതെ മനം ഹരിക്കുവാൻ
വ്യഥിത,യുടുഗണങ്ങരം ചുഴിലും
ഗതവിധുവാം നിശപോലെ വാണിവർ. 72

കൊതിയസുലഭവസ്തുവിങ്കലായ്
മതികെടുമാറിനി മാഴ്കുമെത്രനാരം
വിദുഷിയിവർ—അഹോ! നിനസ്തുകിൻ
ഹൃദയികളിങ്ങനെതന്നെ ധന്യരാം. 73

വിലയെഴുമനുരാഗമത്തലാൽ
തുലയുവതല്ല, മറിച്ചു, മേല്ലുമേൻ
വിലസിടു,മടിയേറെ വെള്ളിപോ–
ലുലയതിലൂതിയ പൊന്നുപോലെയും. 74

വാടിപ്പെൺകൊടിയന്നവാസരം വലഞ്ഞാ–
ളേവം, തൽപ്രിയനെ വിദശ്ധയിഷ്ടതോഴി
തേടിപ്പോയ്, ശ്രുതിയുടെ ദൂരലീനമാകും
ഭാവത്തെ പ്രണിഹിതയായ ബുദ്ധിപോലെ. 75

Digitized By Kerala Sahitya Akademi

ഒരാണ്ടവൾ തിരഞ്ഞു കണ്ടൊട്ടവി–
ലേകയായ് രാത്രിയിൽ
സ്ഥിരാശ്രുതയൊരാബ്ദികീർത്തിഥി–
പോലെ പോന്നെത്തിനാൾ;
ചിരാർദ്ദിത ശയിച്ച ചന്ദ്രികയി–
ലോക്കുവിൻ 'ലീല'—യാ–
വരാംഗിയൊടണഞ്ഞു വാങ്മധു
പൊഴിഞ്ഞതിത്തൊഴിതാൻ. 76

രണ്ടാം സർഗ്ഗം

മൊഴികേട്ടിമവെട്ടി വീർത്തുടൻ
മിഴി ചാച്ചുപൊട്ടു നോക്കി തോഴിയേ,
അഴൽ നീക്കുമുഷസ്സിയാർത്തിയാ–
ലുഴലും പദ്മിനിപോലെ, സുന്ദരി. 1

സമഭിജ്ഞ കലർന്ന വിസ്മൃതി–
ക്രമ, കൈത്താരകം പൊക്കിയോമലാൾ
സമസൗഹൃദ താങ്ങിയംഗമു–
ന്നമനോർക്കം തഴകീടിനാൾ സഖി. 2

നിമിഷം സ്ഥിതിനോക്കി നിന്നു, സം–
ക്രമിതസ്നേഹ,മൊഴക്കുലസ്സിയാൾ
കമലങ്ങൾകണക്കെ തങ്ങളിൽ
കമനീയാസ്യകളാഞ്ഞു പുല്ലിനാർ.. 3

''പ്രിയനെങ്ങു സഖീയനാമയ–
ക്ഷയമില്ലല്ലിയവന്നു? ചൊല്ല നീ;
പ്രിയവാദിനി, നിന്നൊടാ ചിര–
പ്രയതൻ പോന്നവരാഞ്ഞതെന്തവൻ?'' 4

പ്രണയാതുരയേവമന്തരാ
തുണയാം തോഴിയെ നോക്കിയോതിനാൾ;
ക്ഷണമാ സുകുമാരിമേലെഴും
മണലിൻപാടു തലോടിനിന്നവൾ. 5

''പറകെൻ പ്രിയതോഴി''യെന്നഹോ!
മുറയായാളുടനല്പഭാഷിണി,

Digitized By Kerala Sahitya Akademi

''പറയാം സഖി''യെന്നരച്ചു രാജ്ഞി–
ത്തറയിൽ താങ്ങിയിരുത്തി മാധവി. 6

ഉരചെയ്തു: ''പൊറുക്ക, സംഭവം
വരുമെപ്പോഴതാരുതന്റെവഴി,
പരിണാമി മനുഷ്യജീവിതം
സ്ഥിരമാം സ്നേഹമനാഥമുഴിയിൽ. 7

അറികില്ലനുരാഗമേറെയാ–
ളുറിവോർ തെറ്റിടുമൊക്കെയൊക്കുകിൽ
നിറവേറുകയില്ല കാമിതം,
കുറയും ഹാ! സഖി, ഭാഗ്യശാലികളും. 8

പ്രിയതോഴി! യിതോർത്തുമിന്നു നിൻ–
പ്രിയനസ്ഥാനതോർത്തുമൊക്കെ നാം
ഭയമെന്നു നിനയ്ക്കു ഭാവി, നി–
യമെന്നാലതു ഭാഗ്യമെന്നുമേ.'' 9

സഖി ചൊല്ലുവതിനുള്ളിലാ പ്രിയോ–
ന്മുഖി ചോദിച്ചിതു പാരമാത്തിയാൽ:
''അയി തോഴിയസൗഖ്യമെന്തഹോ!
ദയിതനെന്തു തടസ്ഥയായി നീ? 10

നരനേതു വിപത്തുതാൻ വരി–
ല്ലുരചെയ്തീടുകയജ്ഞയല്ല ഞാൻ,
പരമാമുഖമൊന്നു കാണുവാൻ
ത്വരയുള്ളിൽ—തരമാകുമോ സഖി?'' 11

ഇതു കേട്ടനുകമ്പയേറി നി–
ഷ്കുതുകം വാത്തു തുടർന്നു തോഴിയാം,
സ്ഥിതിയോർത്തു വിഡംബനാത്മമായ്
കൃതി കൈക്കൊണ്ടു ചിലപ്പോഴേവരും. 12

''മരുഭ്രക്കളിനൊക്കെയപ്പുറ–
ത്തുരുത്തരത്തുപക്ഷിണാപഥം
ഉരസ്സുന്നതഭസ്സെ 'വിന്ധ്യ'നാം
പുരുമേഘാംബരഡംബരൻ ഗിരി. 13

പരിണാഹമെഴും മഹാവനം
ഹരിതാപം തടവുന്ന സാനുമാൻ
പരപാർശ്വമതിൽ ചരിപ്പു സ–
സ്വര 'രേവാ'നദി സാഗരോന്മുഖി. 14

Digitized By Kerala Sahitya Akademi

അവിളംബമണഞ്ഞു കണ്ട ഞാ–
നവിടെസ്സോദരി, നിന്റെ കാന്തനെ;
അവനെന്നറിയില്ല, ദുഃസ്ഥനാ–
ണവനത്തിന്നു വനത്തിലില്ലൊരാധി. 15

തനിയേയഴൽപൂണ്ടു—തോന്നിടും
കനിവാക്കും—കൃശഗാത്രനായവൻ
വനവഹ്നി തകർത്ത ശൈലമൊ–
ത്തനവദ്യാകൃതിയസ്ഥിശേഷനായ്. 16

മൃഗപക്ഷികളോടു ചേർന്നടി
ഭൂവിൽ പ്രേതസമം നടന്നിടും
അകലത്തിലുമാളു കാൺകിലാ
വികലാത്മാ വിടുമപ്പൊഴസ്ഥലം. 17

അതുകൊണ്ടഫലപ്രയാസയാ–
യതുലസ്നേഹനിധേ, മടങ്ങിനോൻ,
കൃതകൃത്യതയെങ്ങസാദ്ധ്യമാം
കൃതിയിൽ—കേട്ടിതു പിന്നെ വാർത്ത ഞാൻ. 18

പല ജന്തുപരീതനാമവൻ–
നിലകണ്ഠാർദ്രതയാൽ സനാഥകം,
മലവേട്ട വെടിഞ്ഞു ദൂരവേ
വിലപിപ്പു സഖി, വേടനാരിമാർ. 19

അവരോതിയശേഷമോമലേ,
വിവരം കാനനപക്ഷണസ്ഥകം
പുരവാസികളാതന്നനാജ്ഞവം
തിരിയാത്തോരതിശ്രദ്ധശീലകം. 20

ഇവർ കണ്ടൊരു രണ്ടു കൊല്ലമാം,
സവിധത്തിൽ സഖി,യന്നു സുന്ദരൻ,
അവനാൽ ബത! 'ലീല' 'ലീല'യെ–
ന്നവിടെപ്പാടി നടന്നുപോലവൻ.'' 21

ഇതുകേട്ടകതാർ ഞെട്ടുങ്ങിയുൽ–
സ്മൃതമായശ്രു കവിൾത്തടങ്ങളിൽ
വിതതേക്ഷണയായ്കരു; വിസ്ഫുരി–
ച്ചതു, കണ്ടാൾ സഖി വെണ്ണിലാവതിൽ. 22

ഇടറുന്നിതു കണ്ണുമസ്സുഖി–
ക്കുടനാശിക്ഷിത ചിത്തമാരഹോ!

Digitized By Kerala Sahitya Akademi

തുടരുന്നിതു ചൊൽക, കേൾക്കയും
സ്ഫുടമന്യോന്യമറിഞ്ഞുമാത്തികം. 23

''പ്രിയവല്ലഭയെപ്പിരിഞ്ഞു, ഹാ!
ദയനീയൻ തിരിയുന്നു''വെന്നതാൻ
നിയതം കരുതീ കിരാതിമാർ;
സ്വയമോരും സഖി, സത്യമാരുമേ. 24

പലരീ കഥ മൂളുവോർ, കൃതി,–
ച്ചലിവോട്ടം സ്ഥിരരാഗലോകവും
മലയത്തിക;ളേതുജാതിയും
കലരും പ്രാകൃതചിന്തയൊന്നതാൻ. 25

പരമദ്ഭുതമെന്തു നിൻപ്രിയൻ
ചരലോകത്തെ വശീകരിക്കുകിൽ
ഒരുയോഗിയിവണ്ണമൻപെഴാ,
നരരോടും സഖി, ദേവരോടുമേ. 26

അനുരാഗമതാണവങ്കലാ–
ന്വശം വിട്ട നിസർഗ്ഗചേഷ്ടകം,
വനസത്ത്വകുലങ്ങൾ ചൂഴ്വതി–
ന്നിവനെപ്പുവിനെ മക്ഷികാളിപോൽ. 27

അഥവാ—മൃതകല്പനിപ്പൊഴാ–
പ്രഥമാനപ്രണയാത്ത;നോക്കുകിൽ
കഥയും, സുകുമാരി, പിന്നെ, നിൻ–
വ്യഥയും നീട്ടുവതെന്തിനിന്നു ഞാൻ? 28

സ്ഥിരമാത്മനിബന്ധനം സുഖം,
പരതന്ത്രം സുഖമൊക്കെ ദുഃഖമാം
പരമാത്മരഹസ്യ തോഴി ഞാൻ,
കരുതീടൊല്ല കഠോരയെന്നു നീ. 29

നിലനില്പുവതെത്ര കാലമു–
ജ്ജ്വലമാമിപ്രണയോഷ്ണരശ്മിയിൽ
വിലയോന്മുഖമായ തിങ്കളിൻ–
കലപോൽ ഹാ! സഖി തേഞ്ഞുതേഞ്ഞവൻ. 30

കൃശമാക്കൊല കേണു ജീവിതം,
കുശലേ, നിൻ കുശലം നിനയ്ക്കു നീ;
ശിശിരാർദ്രിതമാ ദലം സഖീ,
ഭൂശമിത്തെന്നലിൽ വീണടിഞ്ഞുപോം. 31

Digitized By Kerala Sahitya Akademi

കഥയിങ്ങനെ, പിന്നെയുത്തമം
വിധുരേ, നീയിതു വിസ്മരിക്കയാം;
അഥവാ—ചിലകാലമാസ്ഥയാൽ
മധുരസ്വപ്നസമം സ്മരിക്കയാം. 32

അനപത്യമതാം കുലത്തിനും
മനമെത്താത്ത മഹാധനത്തിനും
കനിയും സ്വജനത്തിനും സഖീ—
യിനിയിങ്ങോക്കണ, മേകരായ്പെട നീ. 33

അതു നില്ക്കുക, ഭാഗ്യവാനവ—
നിതുതാനെന്തൊരു ചാരിതാർത്ഥ്യമാം;
അതിലോകമനോഹരാംഗി, നിൻ—
മതി തൽപ്രേമവിധേയമായിതേ! 34

നിരൂപിക്കുക, നീ വരിപ്പോരാ—
പ്പുരുഷൻ വൈകൃതമേലിതെന്തിനീ?
അരുളും ഭ്രമമൊന്നു കാൺകിലീ നിൻ—
തിരുമൈ സുന്ദരി, നാരിമാക്കുമേ. 35

അതിനാൽ സഖി'' എന്നു ചൊല്ലുവേ
ശ്രുതി രണ്ടും ബത! പൊത്തിയാത്തുര,
''മതി, കാന്തഗുണാവമാനിനീ,
മതി''യെന്നാശു തടുത്തിതോതിനാൾ. 36

''അയി, ചാരുതരാന്തരംഗ,നെൻ
ദയിതൻ ദേവസമൻ, മഹാമതി
സ്വയമോർപ്പവനല്ല തോഴി, മൂഢ—
മയമീഭംഗുരഭംഗിയാമുടൽ. 37

രതിനിത്യമൊരാൾക്കൊരാളിലായ്
സ്ഥിതിചെയ്യിൽ സഖി, പെണ്ണിനാണിനും
അതിലും—വലുതില്ലഹോ! വ്രതം,
ധൃതിമാ,നെന്തൊരു ധന്യനെൻ പ്രിയൻ! 38

അവനെ പ്രണയൈകവൃത്തിയാൽ
കവളിപ്പിച്ചു നൃശംസ ഞാൻ സഖീ;
നവരാഗി ഗണിച്ചതില്ലിവൻ
ഭവനാവസ്ഥയു,മെന്റെ ശോഭയും 39

അഥവാ പറയേണ്ട;യോർപ്പു തൽ—
കഥ ഞാൻ, തോഴി,യനാദരോക്തികം

Digitized By Kerala Sahitya Akademi

വ്യർഥമാറുകയില്ല; വേണ്ട;യു–
ന്മഥനം ചെയ്യുമതേറെയെന്മനം. 40

അയി, പിന്നെ വിപന്നനായ മൽ–
പ്രിയനിൽ സ്നേഹമെഴാത്ത നിൻപ്രിയം,
നയമോക്കെ—യെനിക്കു നല്ലണം
സ്വയമേറ്റം ഋജു പക്ഷപാതിനീ! 41

ഉരചെയ്വ,നവന്ധ്യമെൻ–
സ്ഥിരമാം ചേതന;—യുക്തിയാൽ സഖീ,
കരുതാസ്സു കരസ്ഥമാക്കുവാ–
നെരിയും ജ്വാലയെ,യിന്ധനംവിനാ. 42

ഒരു കില്ലിനി വേണ്ട, ദൂരവും
നിരുപിക്കേണ്ട, നയിക്കയെന്നെ നീ
വിരവിൽ സഖി, ജീവിതേശ്വരൻ
മരുവുന്നേതൊരു ദിക്കിലെങ്കിലും.'' 43

ഇവ കേട്ടു കൃങ്ങി, തോഴിതൻ–
വ്യവസായം ദൃഢമോർത്തു കണ്ടുമേ
സഖിയാകം, നിജകൃത്യബോധമാം
ശിഖി ധൂമാകുലമാകയാലവൾ. 44

'ഇത വെള്ളിയുദിച്ചു; വാടിയിൽ
ബത! കൂവാൻ തുനിയുന്ന പക്ഷികൾ;
സ്ഥിതി രാവിനെ മാറിടുന്നമു–
ന്പതിദൂരം സഖി, പോക പോക നാം.' 45

ഇതി പിന്നെയുമിദ്ധരാഗയാ–
ളധികോൽകണ്ടുമഹോ! ത്വരിക്കവെ,
മതിശാലിനി വാച്യഭീതിയാൽ
ക്രുധയാന്നി,ങ്ങനെയോതിനാൾ സഖി: 46

''മുറ മുഗ്ധമതേ, മറന്ന നീ
പുറമേ സൈരിണിപോൽ ചരിക്കയോ?
പറ,കെങ്ങനെ സമ്മതിപ്പു ഞാൻ
വെറുമുന്മാദികളന്തനേറയിത്തൊഴിൽ? 47

അതുപോട്ടെ, സുദീർഘയാത്രയാ–
ണതുമല്പോക്ക, സുഖാസനോചിതേ,
അതിഭീകരമെങ്ങു വിന്ധ്യപ–
ർവതി? നാമെങ്ങസഹായനാരിമാർ? 48

Digitized By Kerala Sahitya Akademi

ഇവയൊക്കെയുമാട്ടെ,—തോഴിയ–
ങ്ങെവിടെക്കാണുവതപ്പുമാനെ നീ?
അവനെത്തിരവോർ തിരഞ്ഞുപോം,
പവനൻതന്നെ വനാന്തരങ്ങളിൽ. 49

പരമിന്നതു,മല്ലിതോക്ക നീ
വരനില്ലാത്ത വിവാഹഘോഷമാം;
സ്ഥിരമല്ലുബന്ധമാക്കു,മാ,
നരകങ്കാള,മതേലുമെത്രനാൾ? 50

അതിവത്സല ഞാൻ;—പരം സദാ
മധുരിക്കാ സഖി, സത്യഭാഷിതം;
ബുധരപ്രിയസത്യമോതുകി,–
ല്ലിതു കേവം നീതി;—യിതോക്ക സൗഹൃദം. 51

വിധി വിശ്വസുഖം സ്വദിക്കുവാൻ
മതിയും, മർത്യനു നല്ലി രാഗവും
രതിയാലസമീക്ഷ്യകാരിയാം
സുധി, ധാതാവെയനാദരിക്കയാം. 52

സ്ഥിതിയോർത്തു കഥിപ്പു നന്മ ഞാ–
നതിമോഹാകുലമിന്നു നിന്മനം,
അതിനാൽ വിരമിക്ക; പേക്കിൽ
ക്ഷതിയുണ്ടാം, സഖി, മാനഹാനിയും.'' 53

പര,മിമ്മൊഴി പീഡ നല്ലി,യ–
ക്കരുണാർഹസ്സു, കുലായമെത്തുവാൻ
ചിറകാശു വിതിർത്തുയന്നിടും
ചെറുപക്ഷിക്കു, ചുഴന്നകാറുപോൽ. 54

പുനരെങ്കിലുമൂഢശക്തിയാം
മനതാർ വിങ്ങിയുടൻ വിടന്നപോൽ
അനവദ്യഗുണാഢ്യ തുവിയീ
ഘനസൗരഭ്യമിയന്ന വാണികം: 55

''വിഹിതാവിഹിതങ്ങ,ളോത്തയേ
മഹിതം സ്നേഹമഹോ! മറക്കൊലാ;
ഇഹ ധർമ്മരഹസ്യമന്തരാ
നിഹിതം, നിത്യവിഭിന്നമാം നയം. 56

അറിയും ജനനീതിസീമയെ–
ത്തിറമായ് കാക്കുമപൂർണ്ണരാഗികം;

Digitized By Kerala Sahitya Akademi

നിറയും രതി, ലോകസംഗ്രഹം
കുറിയാക്കാ, സഖി, കുസലാന്നിടാ. 57

സുപരീക്ഷിതമിപ്പൊഴെന്നനു–
സ്സുപശങ്കം സഖി, മുമ്പിതേലുകിൽ,
തുപവിട്ടിവം ചെയ്യുമായിതു–
ന്നപരോക്ഷം പ്രിയഹന്യുപീഡനം 58

ഉടലോക്കുക ബാഹ്യമായതിൽ
തടവും ലോകമതീവ ബാഹ്യമാം;
സ്ഥിടസൗഹൃദമാന്തരാത്മികം
വെടിയുന്നെങ്ങനെ തോഴി! ദേഹികൾ? 59

അലമിന്നതിഭീതി,യെന്നനു–
സ്സുലയാ; ഞാനിവയൊന്നുമോത്തിടാ
കുലനീതിയെ മാംസകഞ്ചുകം
വിലവയ്ക്കാത്തവർ പേടിയാ സഖീ. 60

മരണം ഭയസീമ,യെന്നയേ,
കരുതും ജീവികളിങ്ങനാരതം;
വിരഹാർത്തയിവ കുഹോ! ഭയ–
ങ്കരമായ്തീന്ന ധരിക്ക ജീവിതം. 61

പുനരെന്തുരചെയ്വു? പോക നാം
നിനയായ്ക്കുത്തു; നടക്ക നാം ദ്രുതം
മനതാരുള്ളന്ന—കാന്തനാ–
വനഭാഗം സഖി, വിട്ടുപോയിടാ. 62

പരമെൻമിഴി കാൺമു,വെന്നെയോ–
ത്തെരിയും നെഞ്ചോടു കൺവിടുന്ന കോ
മരുഭ്രുവെയിലിൽ ജലാർത്ഥിയായ്
തിരിയും മാനൊടു തുല്യമെൻ പ്രിയൻ. 63

വരുവേൻ പ്രിയ, കേണിടായ്ക,യെൻ–
കരം നിൻകൈയിൽ, വപുസ്സുമെത്തുവാൻ
പുറകേ ത്വരയാൻ പക്ഷിപോൽ
ചിറകില്ലഞ്ഞതിലീർഷ്യവയ്ക്ക ഞാൻ. 64

സ്ഥിടമെൻ സഖി, ചൊവ്വനെൻപ്രിയൻ
വെടികില്ലെന്ന വെടിഞ്ഞു ജീവിതം;
തടസീമയിൻ വിട്ട രശ്മിയെ–
ക്കടലിൽ പോയ് രവി മുങ്ങിടാ സഖീ! 65

Digitized By Kerala Sahitya Akademi

സ്ഥിരചേതനകൾക്കഹോ! പര–
സ്പരമേലും സമവായവൈഭവം
പരനിങ്ങറികില്ല; പണ്ഡിതേ,
കുതസ്ത്യായത്ത മോഹമെന്നു നീ. 66

ഇരവാട്ടു കഴിഞ്ഞിടുന്നിതാ!
വിരഹോൽക്കയും പൊറാഞ്ഞു വാപിയിൽ
തിരിയെ പ്രിയയെത്തപോടുവാൻ
കരയുന്നു സഖി, കോകനായകൻ.'' 67

സകരുണമിതു ചൊല്ലിസ്സഹ്യമല്ലാഞ്ഞു താപം
പികമൊഴിയഴുതപ്പോൾ തോഴി കണ്ണീർ പൊഴിഞ്ഞാൾ;
അകടെയുമനുകമ്പാശാലികൾക്കന്യദുഃഖം
പകരുമിഹ സമക്ഷം പിന്നെയോതേണ്ടതുണ്ടോ? 68

രാവപ്പോൾ വിരമിക്കിലും, സഖി പരീ–
ക്ഷിച്ചെന്നാവണ്ണം സ്വയം
ഭാവം മാറി,യുടൻ പ്രസന്നകുലജൈ–
വമ്പോടെയമ്പാർവ്വം,
പോവാൻ ഭൃത്യരുമായ് തുനിഞ്ഞു വെളിവായ്,
ലീലസ്സ വിന്ധ്യേശ്വരീ–
സേവാബദ്ധകുതൂഹലം ഹൃദയമെ–
ന്നങ്ങാരുമോരുംവിധം. 69

പിന്നിട്ടേറെയും വഴി, പലദിനം
കൊണ്ടണഞ്ഞാ വനാന്തം
മുന്നിൽ കണ്ടിട്ടവരിൽ വരും
പോയിതക്കാട്ടു നോക്കി
പിന്നിൽത്തള്ളിപ്പരിജനമതും
സ്വപ്നമാകും പ്രപഞ്ചം–
തന്നിൽ ബാഹ്യേന്ദ്രിയമകലെയായ്യ്
ചിത്തസത്വങ്ങൾപോലെ. 70

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം

അഥ വനതടമാത്തിയാണ്ണഞ്ഞീ–
യധരിതകിന്നരനാരിമാരലഞ്ഞാർ
പൃഥുകിലിലകന്ന കൂട്ട തേടും
വിധുരവലാകകളംപോലെയങ്ങുമിങ്ങും. 1

കുസുമിതവനകാന്തിയാത്മകാന്ത–
വ്യസനിനി ലീല വിചാരിയാതെ പോയാൾ;
അസുലഭമണി തേടുവോർ ഗണിക്കി–
ല്ലസദൃശമാകരമാണ്ട ധാതുഭംഗി. 2

ഒരു വഴി തിരിയുമ്പൊഴോമലാൾക്ക–
ങ്ങുടനുതര ചമ്പകഗന്ധമോടുമുള്ളം
പരിചിലഥ ഹരിച്ചു, 'നമ്മുടോ'മ്മീ–
പരിചയശൈത്യമിയന്ന മന്ദവായു. 3

''സുഖദമയി! വസന്തിതെങ്ങുനിന്നോ
സഖി,യിത ചമ്പകഗന്ധമെന്തു ചിത്രം!
മുഖരസമിതുമാറി മിന്നുകില്ലീ?
നിഖിലവനാവലി നിദ്രവിട്ടപോലെ. 4

നലമൊട്ട തരുനായകാന്തികത്തിൽ
പലതിത! പക്ഷികൾ പാടിടുന്ന ഗീതം;
തളിരുമലരുമാൺ തെന്നലേറ്റീ–
ലളിതലതാവലി ലാസ്യമാടിടുന്നു. 5

ഭിദുര,മഹഹ! പൂർവ്വവിസ്മൃതിക്കീ–
മുദുതരവായുതരംഗരംഗലോലം,
പ്രതഹൃദയ,മഹോ വസന്ത തോഴീ,
ഹിതകരമീവഴി ഹേമപുഷ്പഗന്ധം. 6

ഇവിടെയിളയതെന്നാൽതന്നിലുൾ മുങ്ങീ–
ട്ടവികലനിശ്ചലരാക പോകവാൻ നാം,
എവിടെ മണമിതുദ്ഭവിപ്പുവങ്ങെ–
ന്നവിതഥജീവിതദൈവതം വസിപ്പൂ. 7

വസന്തവിനിവിടെയെന്നറിഞ്ഞു നമ്മെ–
ത്തെരുതെരെയീയടവികളെ തെക്കുമാറി,
ഉരുകിസലയചാരുശാഖയാട്ടി–
ത്തരുനിര മാടിവിളിപ്പു കാൺക തോഴീ.'' 8

Digitized By Kerala Sahitya Akademi

അരുളിയവളിവണ്ണമാ വഴിക്കായ്
ത്വരയൊട്ടു മുമ്പു നടന്ന തെറ്റിടാതെ
കരുതിയ മുഖം നോക്കുവാൻ വനത്തിൽ
പരിചിതയാമുടമസ്ഥ പോണപോലെ. 9

ഗിരികടകമണഞ്ഞു മഞ്ജുരേവാ–
പരിസരമാന്നിവ കണ്ടു വിസ്മയിച്ചാൾ
ഉരുകുസുമമുദാരശോഭമാരാ–
ലൊരുവനഭാഗമുഷ്ണുപോൽ മനോജ്ഞം. 10

ഉടനെയുടൽ ഞെടുങ്ങിയങ്ങു പൊൻപൂ–
വിടപികളം കണ്ടതിമോഹലോഹിതാംഗി
തടവി പുളകപാളിയംഗമെങ്ങും
സ്ഫുടമവളം, പുക്കുമശോകശാഖിപോലെ. 11

തൊഴുതു കരമുയർത്തിയാ വനത്തെ–
പ്പൊഴിയുമനഗ്ഗളബാഷ്പവൃഷ്ടിയോടും,
തഴകി നിഴൽകണക്കെ മൃകയായ് തൻ–
വഴിതുടരും സഖിതന്നെ വിഹ്വലാംഗി. 12

തനുഭരമവൾ താങ്ങവേ വിളങ്ങു–
ന്നനുശിഖോജ്ജ്വലമാകുമേകഹസ്തം
വനമതിലഥ ചണ്ഡി നിന്ന വീണാ–
നിനദസമുദ്ഗരദ്ഗദ്ഗദം കഥിച്ചാൾ: 13

''കുസുമശബളകാന്തിയാം നഭസ്സിൽ
പ്രസ്ഫുരമരമാം സ്ഫുടചന്ദ്രികാതപത്താൽ
അസമയരമണീയമത്ര കണ്ടോ?
സുസഖി! യുഷ്മൽസ്പൃഷ്ടമസ്ത്യു നിത്യഭാവം. 14

വിലസി വെയിലിലിങ്ങു ചിത്രവർണ്ണം
ചലദനിലംപ്രതി ചാരുചിത്രഗന്ധം
പല വിസ്മരചിത്രനാദ,മൊന്നാ–
മുലകു തരുന്ന കുതൂഹലം വിഭിന്നം. 15

ഗഗനതടമിടിഞ്ഞു താണതൊക്കും
നഗപതി നീലനിതംബഭ്രുവിലോലം
ഭഗിനി! പറകയെന്തിതാന്നതിങ്ങീ–
യഗണിതദിവ്യവിഭ്രതി മർത്ത്യലോകം. 16

അനഘനമരകല്പനെന്റെ നാഥൻ
വനമിതിൽ വാഴണമില്ല കില്ല തോഴി;

Digitized By Kerala Sahitya Akademi

തനതുഗതി തടഞ്ഞു നിന്നതേ,യെൻ–
മനമിഹ മന്ദര കണ്ട വാജിപോലെ. 17

അയി സഖി! നവചനകോൻസുകൻ മ–
ട്ടയിതനഹേതുകമായി, ഹേതുവോർത്താൽ:
സ്വയമവനമെനിക്കു,മാളിയേതും
പ്രിയകരമഞ്ജരി മഞ്ജുഭാഷിയായി. 18

അനഘനവന ഹേമമഞ്ജരി, ഹാ!
മനതളിരിൽ പ്രിയരിങ്ങു രണ്ടുപേർതാൻ;
അനിതരസമഭ്രതി പൂവിൽ നീയും,
വനിതകളിൽ ബത! ഭാഗ്യഹീന ഞാനും 19

വിധുത,യിളമരുത്തിനാൽ; മഹസ്സാ–
ലധരിതതാരകതാരിലോമലേ നീ;
മധുപമഭിനർ തീണ്ടുകില്ല നിശ്ചയം
വിധുരവനാവലിവല്ലിതന്നടന്മാർ. 20

അഹഹ! രമണ, സാർത്ഥമിസ്സുമത്തിൽ
സഹജരസം ഭവദീയരാഗയോഗം;
മഹദഭിമതമിങ്ങു ശീലമോരാൻ
സഹചരരേകനിദർശനം മഹത്താൻ.'' 21

ദ്രുതമതിലഥ നോക്കി നിശ്വസിച്ച–
സ്സുമരുചിയാന്ന മനോജ്ഞഹസ്തതാരാൽ
സ്സമമലിവൊടിറുത്തു മുത്തി, മാറിൽ
കമനിയണച്ചഥ ചൂടി ചൂഡരത്നത്തിൽ. 22

ക്ഷണമുടനെ നിനച്ചു നിന്ന സാദ്ധ്വീ–
മണിയഥ നിശ്ചയമാന്നപോൽ നിവന്നാൾ;
''പ്രണയിയിവിടെയുണ്ടു തോഴി, പോന്നി–
ങ്ങണയുമലംകൃതയാക്കുകെന്നെ''യെന്നാൾ. 23

''അവഹിതമിത കേൾ! പ്രതിധ്വനിക്കു–
ന്നവിരതമാത്മനിബന്ധനസ്വനങ്ങൾ;
ഇവിടെ വഴികൾ ഹന്ത! വേർതിരിക്കാ–
മവനടെ സംഗമഗന്ധബന്ധുരങ്ങൾ. 24

വെടിയുക വിചികിത്സ വത്സലേ, നീ,
പടിമമദിന്ദ്രിയമാന്നിടുന്ന പാരം
പൊടി ഝടിതി തുടച്ചു ദുഃഖമെല്ലാ–
മടിതെളിവാന്നൊരു വാപിതൻഹൃദംപോൽ. 25

Digitized By Kerala Sahitya Akademi

സ്വവശസ്ഖലദ്ഭ്രഷ്യയാലണഞ്ഞെ–
ന്നവയവപങ്ക്തിയലങ്കരിക്ക തോഴീ,
സവിധമതിലണഞ്ഞുകാണണം കേ–
ളവികലഗോഭയൊടെന്നെയാത്മനാഥൻ.'' 26

ത്വരിതമിതഭംചെയ്ത തോഴിയോടായ്
സ്മരിതതനുപ്രഭമോടി ബദ്ധവേഗം,
തരുണി തമനികുഞ്ജമൊന്ന പുക്കാൾ
തരളതടില്പത കന്ദരംകണക്കെ. 27

ഉടനെ മതമറിഞ്ഞൊ ഴുക്കി നൽപൂ–
മ്പൊടി, പുതുപൂന്നിര, നല്ല പല്ലവങ്ങൾ
ഝടിതിയിവയൊടൊത്ത തോഴി വള്ളി–
ക്കുടിലതിലെത്തി വസന്തകാന്തിപോലെ. 28

അനുപദമണിയിച്ചു ജന്മരമ്യം
തനുതെളിവാൻ വെളികൾ നിഗ്രമിച്ചാൾ,
ഘനമനലപുടം വെടിഞ്ഞു കാളം
കനകശലാകകണക്കെ കോമളാംഗി. 29

വിരളമണിസുമങ്ങൾ പൂണ്ടമംഗം
പരിഹിതനീലനവാംബരാഭകൊണ്ടും
പരിഗതനൂമകാഞ്ചലുല്യമാന്നാൾ
സ്മരിതപരാഗമനോഹരം വരാംഗി. 30

അരികിലഥ വിചിത്രവസ്ത്രമേലും
വിരി തടവീടുമൊരാനതാന പുറംപോൽ
തരുമലർനിര വീണ ഭംഗിതേടു–
ന്നൊരു ശിലമേൽ തനുഗാത്രി ചെന്നിരുന്നാൾ. 31

അവിടമറികയാലുമാളി, ലീലാ–
വ്യവസിതസിദ്ധിയിലാശവസ്ഥയാലും
സവിധമതിൽ മറഞ്ഞു വിശ്രമിച്ചാ–
ളവയവസാദമസഹ്യമാകയാലും. 32

മടുമലർശിലതന്നിലന്തിമേഘ–
ക്കൊടുമുടിപററിയ താരപോൽ വിളങ്ങി
തടമതിലഥ തന്വി നോക്കി, നോട്ടം
സ്ഫുടകിരണങ്ങളംകണക്കെ നീട്ടി നീട്ടി. 33

പ്രിയമൊഴി വനദേവരോതിടുംപോൽ
സ്വയമഥ പൊങ്ങി കപോതഹൃതഘോഷം;

Digitized By Kerala Sahitya Akademi

പ്രിയനുടെ കഥപോൽ പ്രവൃദ്ധരാഗം
കയിലുകളം പാടി കൂട്ടുകൂടുനിനാദം. 34

അളിപടലികളം മുളി; രന്ധ്രമേലും
മുളകളം മന്ത്രത്തിലുണ്ണു മെല്ലെയൂതി;
തളിർനിര മൃദുതാളമേകി;യേവം
കളകളമായതിമോഹനം വനത്തിൽ. 35

''വരിക ഹൃദയനാഥ, വൈകി കാണ്മാൻ,
തിരുവടി മൗലിയിൽ വസ്തുവിൻ മഹാത്മൻ;
തരിക ചിരവിയുക്തദർശനം, നീ
കരുണ വഹിക്കുക, ദാസി ഞാൻ ദയാലോ! 36

അനുജ ചെറുതുമെന്നിലപ്രിയം; ഞാ–
നൊരുപിഴ ചെയ്വതിനോക്കുകയാകാ;
സ്ഥിരചരിത,മദീയജീവിതത്തിൻ
പരഭിവാഞ്ഛയെനിക്കു നിന്നിലല്ലോ. 37

തരുമനമതി താത,നിങ്ങു കാലം–
വ്യർത്ഥമതിനെന്നിവരം നാഥ, കാത്തിരുന്നേൻ,
ഗുരുജനഭയപഞ്ജരസ്ഥ കഷ്ടം!
പരനഥ പൈങ്കിളിപോലെ ദത്തയായേൻ. 38

അതുവരെയഭിമാനമാൻ ഹാ! ഞാ–
നതുല, ഭവാനൊടു തുല്യശീലയെന്നായ്;
അഥ കരുതിയമൂല്യരത്നമേ!യീ–
ശ്ലഥമതി നിൻ ദയനീയഭൃത്യയെന്നായ്. 39

കരുതുവതിഹ ചെയ്യുവയ്യ, ചെയ്യാൻ
വരുതിലഭിച്ചതിൽ നിന്നിടാ വിചാരം;
പരമഹിതമറിഞ്ഞുകൂടയായ്യ–
സ്ഥിരതയുമി,—ല്ലതിനിന്ദ്യമീ നരത്വം! 40

പരവശയിവളപ്രഗല്ഭയാംനാരാ
വിരസതചേർത്തതിൽ വഞ്ചനാലാ വിരോധം;
വരിക,യനുഭവിക്ക, കസ്തുപോയി–
പ്പരിണതമാം ഫലമിപ്പൊഴോമനേ, നീ. 41

ചിരതരമയി നാഥ, നിന്നിൽ വാണെൻ–
കരളുമിയന്ന ഗുണോല്ലുരം സ്ഥിരാത്മൻ;
കരുതുക,യതുമൂലമെന്നെയോർത്തീ–
ലൊരുനിമിഷാർദ്ധവുമന്യനുള്ളതായ് ഞാൻ. 42

Digitized By Kerala Sahitya Akademi

മതി ഭയമഥവാ—മടുൽസുകൻ നീ,—
യതിവിമലാശയ,നന്യഥാ ധരിക്കാ;
ദൃതിയിലിതുള്ളെഴില്ല, രാഗഭ്രവാം—
മതിയിൽ മലീമസാങ്കയങ്കരിക്കാ. 43

കയിലിണയിലലിഞ്ഞു പാടിടുന്ന;
മയിലിത തമ്പിടയോടുമാടിടുന്ന;
പ്രിയയെയനുനയിച്ചിടുന്ന സിംഹം;
പ്രിയതമ നീയണയാഞ്ഞു ഞാൻ വലഞ്ഞു. 44

ശരി, നയനപഥത്തിൽ നിന്നിടുന്ന—
ണ്ടൊരുനിമിഷം പിരിയാതെയെൻപ്രിയൻ! നീ
പര,മതു നിഴൽപോലെയിന്ദ്രിയങ്ങൾ—
ക്കരുതിടുമ്പോനുമായി,—ഞാൻ വലഞ്ഞു. 45

അവഭയമഴലേറിയോമനേ! പോ—
ന്നിവിടമണഞ്ഞിവനും നിന്റെ മേനി കാണ്മാൻ;
അവശത പെരുകുന്നു, നിന്നെ നീയി—
ന്നെവിടെ മറയ്ക്കും? നാഥ, ഞാൻ വലഞ്ഞു. 46

പ്രണയശിഖിയിൽ വെന്തിടുന്നിതാത്മാ—
വണയുക, തെന്നലണഞ്ഞു ചമ്പകത്തിൽ;
ഘൃണതടുക,യെന്റെയോമനേ, പോ—
ന്നണയുക, നിൻപ്രിയ, 'ലീല' ഞാൻ വലഞ്ഞു.'' 47

കരുണകരുണമീവിധം പുലമ്പി—
ക്കുമനയാലവനും മൂർച്ഛയാന്നിരുന്നാനും;
വിരതപവനവാപിപോലെ, വണ്ടിൻ—
വിരുതമടങ്ങിയ ഗുല്മമെന്നപോലെ. 48

പ്രണയനിഭൃതചിത്തമങ്ങനങ്ങാ—
തിണകളെ നോക്കി മൃഗങ്ങളൊക്കെ നിന്നു;
ഗണമൊട്ടു പതഗങ്ങളും പാതിപാടി—
ക്ഷണമറിയാതെയിരുന്ന ശാഖിതോറും. 49

ചടുലലതകളാടിടാതെ ചാഞ്ഞാ
വിടപികളുമേലനമൂർച്ഛയാൻ നിന്നു
അടവിയധികമൗനമാന്നു മേളം
ഝടിതി നിറുത്തിയ രംഗഭ്രമിപോലെ. 50

നിയതചരമയാന,നപ്പൊഴോജഃ—
ക്ഷയദയനീയനഹസ്കരൻ തലോടി,

Digitized By Kerala Sahitya Akademi

സ്വയമുപചിതരാഗമാം കരത്താൽ
പ്രിയമൊട്ടു ഭ്രമിയെ മന്ദമങ്ങുമിങ്ങും. 51

ഹൃദയഹരണമാ വിചാപഗീതം
സദയം തചേത്തിയ്ക ചേതനത്തിനെല്ലാം;
മദനനിവിടെയെത്തുകില്ലയോ? തൻ–
ഗദവുമവസ്ഥയുമോത്തിടാതെതന്നെ. 52

ഉരഗനിരകടം ധുത്വംശരാഗം
തിരയു;മലിഞ്ഞു വിഡംബഗാഥ കേട്ടും
സ്മരണയു;—മഹം, ഫലാഹ്മാണീ
സരളമനോഹരമായ സത്യഗാനം. 53

''അഹോ മതി, വനമദ്ധ്യദീപികേ! നിൻ
നിഴലയി, നോക്കുക, പിന്നിലോമലേ! നീ!''
വഴിയെയിതി വിദഗ്ധതോഴിയോത്തം
മൊഴിയവളംബരവാണിപോലെ കേട്ടു. 54

ത്വരിതമുദിതബോധയായ്, തിരിഞ്ഞ–
ങ്ങരികിലഹോ! സതിരൂപമൊന്ന കണ്ടാൻ;
പരവാത പിണഞ്ഞാരംഗമോട്ടം
വിരവിലതിന്നടിക്കുപ്പിനാളെണീറ്റാൻ. 55

പറകിൽ വികൃതരൂപമായതിൽതാൻ
നിറയുമൊരമ്പൊട്ടു ലീല കൈകൊ നീട്ടി,
വിറയൊടുമിണ മുമ്പു വിസ്മൃടാം
ചിറകു വിതിത്ത കപോതിപോലണഞ്ഞാൻ. 56

അവനമവശനെങ്കിലും, സ്വബോധം
വ്യവഹിതമെങ്കിലുമാഞ്ഞുനോക്കിനിന്നാൻ
അവളെയതിവിരൂപനസ്ഥിശേഷൻ;
ധ്രുവമിഹ മാംസനിബദ്ധമല്ല രാഗം. 57

അവയവമിതരേതരം തലോടാ–
നവനവളൊത്തു തുനിഞ്ഞു ലാക്കുതെറ്റി,
സ്വവദനമെതിരിട്ട ദുഃണത്തിൻ–
സവിധമണഞ്ഞൊരു കുട്ടിപോൽ കുഴങ്ങി. 58

ദയയൊടവൻ തലോടിയുമ്മവച്ചാൻ
ദയിതനെ രാഗമിരുന്ന ഹൃത്തടത്തിൽ
നിയതമഴൽ ചുടുന്ന നെറ്റിമേലും
പ്രിയതമ പൈതലെയമ്മയെന്നപോലെ. 59

Digitized By Kerala Sahitya Akademi

ഉടലവനിലണച്ചു ദൃഷ്ടമാകും
വിടപിയിൽ മോഹനവല്ലിപോലെ നിന്നാൾ;
തടവി വിവശമംഗമോമനേ,യെ–
ന്നിടറിവിളിച്ചവൾ കണ്ണുനീർ ചൊരിഞ്ഞാൾ. 60

മദജനകമഭീഷ്ടരൂപവും തൽ–
കദനവിമർദ്ദനമംഗസംഗവും ഹാ!
സദയമധുരവാക്കുമുള്ളിലാഴം
മദനനു മോഹമകന്നപോലെ തോന്നി. 61

പ്രിയത കരകവിഞ്ഞു പാർത്ത വീണ്ടും
പ്രിയയുടെ മോഹനമോഹനം മുഖാബ്ജം;
സ്വയമലിവൊടുമൊന്നവൻ മുകർന്നാൻ
ഭയമുളവായതുപോലെ ഹാ! വെടിഞ്ഞാൻ. 62

(യുഗ്മകം)

ക്ഷണമവൾ സുഖമീലിതാക്ഷിയായ–
പ്രണയി മറഞ്ഞതറിഞ്ഞിടാതെ നിന്നാൾ
അനുപദമഥ നോക്കിനാൾ, ശപിച്ചാ–
ളനുകനെ വിട്ടൊരധന്യബാഹുബന്ധം. 63

''പ്രിയഖഗ, കരമായ കൂട്ട ഭാഗ്യ–
ക്ഷയമതിൽ വിട്ട പറന്നുപോകിലാം നീ;
സ്വയമഹഹ! ദുരന്തരാഗപാശം
പ്രിയ വിടുകില്ലിവളെ''ന്ന പിന്തുടർന്നാൾ. 64

ഉടൽ വിളറി മുഷിഞ്ഞ വസ്ത്രലേശം
തടവുമവൻ ബഹുദൂരലക്ഷ്യനായി;
ഉടനെ വലിയ കാട്ടിൽ വഴുക്കാ–
റിടയിലിളം പിറപോലെ ദീനനായി. 65

തരളഹൃദയ കഷ്ട!മെത്ര ബാഢം
പരവശയാമതുകണ്ടാരാ വരാംഗി?
തിരിയെ മദനനെന്തിനോടി?യെന്താം
പരിണതി ഹാ! വിധി വാമ്യമെന്തുചെയ്വൂ. 66

ദുർജ്ജവമവനെത്തുടർന്ന വീണ്ടും
ശശിയെയനുദ്ധൃതതാരപോലെ സാധ്വി;
അശരണയവളെത്തുടർന്ന താരാ–
വശഗതയാമുപതാരപോലെ തോഴി. 67

Digitized By Kerala Sahitya Akademi

അതിജവമൊടണഞ്ഞു കണ്ട ദൂരെ–
സ്സുതി തടിനീതടഗണ്ഡശൈലകൂടം;
ഗതിയിൽ മദനനേറിടുന്നതും ചെ–
ന്നതിലൊരു ധൂസരമേഘരേഖപോലെ. 68

ഉടനെയപരിഹാര്യമാമപായം–
പെടുമവനെന്നവൾ കണ്ട കണ്ണുനീയായി,
അടികളൊരു തരിമ്പു മുമ്പു നീങ്ങാ–
തുടൽ മരവിച്ചഥ കണ്ണുമന്ധമായി. 69

സമയമതിലുയർന്ന ഘോരവാരി–
ഭ്രമമൊടകാലികവൃദ്ധി രേവയാൻ,
ഘുമഘുമരയഘോഷമേറിയാരാൽ
യമപുരിതന്നിലടിച്ച ഭേരിപോലെ. 70

രവി ജലധിയിലാത്തു മുങ്ങി, രേവാ–
സവിധവനങ്ങളിൽനിന്ന രശ്മി നീങ്ങി;
പവനനമഥ വിട്ട ചമ്പകത്തെ,
ഭവനവുമപ്പൊഴുതപ്രസന്നമായി. 71

അഥ മദനനകന്ന ശൂന്യമായ് തൽ–
പഥമത്തു പക്ഷി വെടിഞ്ഞ ശാഖിപോലെ;
കഥയവസിതമെന്ന ബുദ്ധിയാലും
വ്യഥയെഴുമാസ്സുതി കണ്ട ശുദ്ധിയാലും. 72

ഉടനെയഴൽ പൊറാഞ്ഞു വീണുരുണ്ടാഗം;
ഝടിതിയെണീറു കൃതാർത്ഥപോൽ ഹസിച്ചാഗം;
ഒടുവിൽ മദനനെത്തിനിന്ന ദിക്കി–
ന്നടനവഗം നിദ്രയിലെന്നപോൽ നടന്നാഗം. 73

ജവമവിടെയണഞ്ഞു, 'രേവ' നീട്ടും–
ധവളതരംഗകരങ്ങളിൽ സതോഷം
അവളുടനെ കുതിച്ചു കൊള്ളിമീൻപോ–
ലവനതയാവത്തു ഹന്ത! തോഴി കണ്ടാഗം. 74

മനമുഴറി ഞടുങ്ങിയാശ്രു വീണാഗം,
പുനരിവളേറു വിഷണ്ണയായി നിന്നാഗം,
അപഹൃതധനനായ ലുബ്ധനെപ്പോ–
ലപഗതദീപനരണ്യപാന്ഥനെപ്പോൽ. 75

''അയിസഖി,യയിസോദരീ,യഹോ, നിൻ–
ക്രിയയതിനിഷ്ഠുര—മെന്നെ നീ വെടിഞ്ഞു,

Digitized By Kerala Sahitya Akademi

പ്രിയനെയനുഗമിച്ചു ധന്യയായ് നീ
സ്വയമഥവാ—വിധിയിന്നു തൃപ്തനായി! 76

എവിടമിവിട? മെങ്ങു വാസഭൂ? വേ–
തിവഴുടെ കാങ്ക്ഷിത? മെന്തു സംഭവിച്ചു?
അവിദിതപരിണാമമൊക്കെയോർക്കിൽ,
ശിവ! ശിവ സർവ്വമനാഥമീ ജഗത്തിൽ! 77

അനിശമവനിഗർഭമാന്ദ്യപ്പു,
പുനരനിശം വ്യഥയാന്പോയ് ലയിപ്പു,
അനുഗതരയമാന്നു നില്പു രേവേ,
മനുജനുമോർക്കുകിൽ നീയുമൊന്നുപോലെ. 78

വിദിതമിതഥവാ ചലാചലത്വം,
കദനമിയന്നയി, കേഴൊലായിവണ്ണം
നദി,—സപദി വഹിച്ചിടുന്നു നീയാ–
ഹൃദയയുഗം സ്ഥിരസൗഹൃദം ഹൃത്തിൽ. 79

ശരി, നിജചരിതത്താലീ ജഗൽസ്വപ്നഭീതൻ
നരനു മിഥുനമേ, ഹാ നല്ലിയാശംസ നിങ്ങൾ;
തിരിയെയെവിടെ നാം കാണുന്നു? തെൻധീയെയും ഹാ
ധരയെയുമിത! തുല്യം മൂടി ഗാഢാന്ധകാരം.'' 80

ആസക്തശയ കേണു മാധവി കിട–
ന്നേവം നിരാലംബയായ്;
ഭ്രസംശ്ലേഷമിയന്നുറങ്ങി ശിശ്രുപോൽ;
ജൃംഭിച്ചു മുമ്പിൽ തദാ
ഹാ! സിക്താംഗ,രതീവസുന്ദരർ, യുവ–
സ്ത്രീപുംസചിഹ്നം പരം
ഭാസിക്കും, പരിവേഷമാന്ന വദന–
ശ്രീപൂണ്ട, രണ്ടാളുകൾ. 81

''ആരും തോഴീ! യുലകിൽ മറയു–
ന്നില്ല; മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം
ദേഹിതൻദേഹബന്ധം;
പോരും ഖേദം; പ്രിയസഖി, ചിരം
വാഴ്ക മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ;—വിരതഗതിയാ–
യില്ല സംസാരചക്രം.'' 82

Digitized By Kerala Sahitya Akademi

ആ രാജമാനരിത്ര ചൊല്ലി;യുണർന്നു തൃഷ്ണ
തീരാതെ തോഴി;യവരങ്ങുടനേ മറഞ്ഞു;
പാരാകെ വീണ്ടുമവൾ കണ്ടു; വിളങ്ങിയേത്ര–
മോരാത്തപോലെയുദയോപരി കർമ്മസാക്ഷി. 83

അഥ സകലം നിനസ്സുകിലു–
മാടൽവഹി,ച്ചടവീ–
പഥമവൾ വിട്ടുപോയി; ജവ–
മാ രുജ നീങ്ങുവതോ?
കഥയന്നയാതരോടിവൾ പ–
റഞ്ഞു കരഞ്ഞു പരം
വ്യഥയൊടഹോ! മടങ്ങിയവർ,
തങ്ങിയൊരേടമവൾ. 84

ശേഷം നാം സ്വയമാ സഖീരമണനെ–
ത്തേടുന്നൊരന്നാന്ന തൻ–
വേഷം സാർത്ഥകമാകുമാറുടനെതാൻ
കൈക്കൊണ്ടു ചീരാംബരം
ദോഷസ്പൃശ്മെഴാത്തതാം വ്രതമെട്ട-
ത്തന്യാർത്ഥമായ്, ജീവിതം
തോഷംപൂണ്ടു നയിച്ചു, ലൗകികസുഖം
തൃച്ചം കൊതിച്ചീലവൾ. 85

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വീണപൂവ്

1915

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

ഈ പുസ്തകത്തിൽ അടങ്ങിയ രണ്ടു ചെറിയ കൃതികളിൽ 'വീണപൂവ്' 1083 വൃശ്ചികത്തിൽ സംഗതിവശാൽ ഏതാനും ദിവസം ഞാൻ പാലക്കാട്ടു താമസിച്ചിരുന്നപ്പോൾ എഴുതിയതാണു്. അടുത്ത ധനുമാസത്തിൽത്തന്നെ മൂക്കോത്തു കുമാരൻ അവർകൾ തന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന 'മിതവാദി'യിൽ എന്റെ സമ്മത പ്രകാരം അതിനെ പ്രസിദ്ധീകരിച്ചിരുന്നു. ഉദ്ദേശം ഒരു സംവത്സരംകഴിഞ്ഞു്, ശ്രീമാൻ സി. എസ്. സുബ്രഹ്മണ്യൻപോറ്റി അവർകൾ എം. എ. അതിനെ പകർത്തി ഒരു സ്വന്തമുഖവുരയോടുകൂടി 'ഭാഷാപോഷിണി'യിൽ പ്രസിദ്ധപ്പെടുത്തി. അതിനു ശേഷം കവിസാർവ്വഭൗമനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് അതിനെ അവിടുന്നു പ്രസിദ്ധപ്പെടുത്തിയ 'പദ്യപാഠാവലി'യിലേക്കു തെരഞ്ഞെടുത്തിരുന്നു. ആ പതിപ്പുകളിൽ ആദ്യമേ കടന്നുകൂടിയ അച്ചടിപ്പിഴകളെ തുടർന്നും മറ്റുപ്രകാരത്തിലും ചില സ്ഖലിതങ്ങളും ന്യൂനതകളും ഉണ്ടായിരുന്നതെല്ലാം ഈ സ്വന്തപ്രസിദ്ധീകരണത്തിൽ ഞാൻ ദൃഷ്ടിവച്ചു തിരുത്തുകയും നന്നാക്കുകയും ചെയ്തിരിക്കുന്നു.

'സിംഹപ്രസവം' എന്ന രണ്ടാമത്തെ കൃതി 1084 കർക്കടകത്തിൽ തിരുവനന്തപുരം കാഴ്ചബംഗ്ലാവുതോട്ടത്തിലെ മൃഗശാലയിൽ പ്രസവിച്ച സിംഹത്തെപ്പറ്റി കുറെ തിട്ടുകത്തിൽ എഴുതി ഭാഷാപോഷിണീപ്രവർത്തകരുടെ അപേക്ഷപ്രകാരം അയച്ചുകൊടുക്കുകയും ആ മാസികയിൽ 1085 ചിങ്ങം, കന്നി ഈ മാസങ്ങളിലെ രണ്ടായുള്ള പ്രതിയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണു്. ഇതിനേയും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് 'പദ്യപാഠാവലി'യിൽ 'സിംഹിയും കുട്ടികളും' എന്ന തലവാചകം നല്കി ഉദ്ധരിച്ചിട്ടുണ്ടു്. ഈ സ്വന്തപ്രസിദ്ധീകരണത്തിൽ ഞാൻ അതിനെ ആകപ്പാടെ പരിഷ്കരിക്കയും അത്യന്താപേക്ഷിതമല്ലെന്നു തോന്നിയ അവസാനത്തെ ഒന്നരണ്ടു പദ്യങ്ങളെ എടുത്തുകളയുകയും ചെയ്തിരിക്കുന്നു.

ഭാഷാസാഹിത്യലോകത്തിൽ ഇപ്പോൾത്തന്നെ ഒരുവിധം പ്രവേശം സിദ്ധിച്ചിട്ടുള്ള ഈ ചെറിയ കൃതികളെ ഇപ്രകാരം പ്രസിദ്ധീകരിക്കുന്നതിൽ മുഖ്യമായി എന്നെ പ്രേരിപ്പിച്ചതു്

Digitized By Kerala Sahitya Akademi

ഇവയുടെ സമ്പൂർണ്ണവും നിർദ്ദോഷവുമായ ഒരു പ്രത്യേകപതിപ്പിന്റെ ആവശ്യകതയാണു്. താഴ്ന്തരം വായനക്കാരുടെ ഉപയോഗത്തിനായി സംസ്കൃതപദങ്ങളുടേയുംമറ്റും അർത്ഥം കാണിക്കുന്ന ഒരു ചെറിയ ടിപ്പണംകൂടി ഇതോടു ചേർത്തിട്ടുണ്ടു്.* ഭാഷാഭിമാനികളുടെ ഉദാരപൂർവ്വമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഇതിനെ പുറത്തയച്ചുകൊള്ളുന്നു.

തിരുവനന്തപുരം
1090 കർക്കിടകം 20
(1915 ആഗസ്റ്റ് 5)

ഗ്രന്ഥകർത്താ

---

* ടിപ്പണം ഈ പതിപ്പിൽ വിട്ടുകളഞ്ഞിരിക്കുകയാണു്.

Digitized By Kerala Sahitya Akademi

ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര—അസംശയം—ഇന്ന നിന്നെറ—
യാഭ്രതിയെങ്ങു, പുനരെങ്ങു കിടപ്പിതോത്താൽ. 1

ലാളിച്ചു പെറ്റ ലതയൻപൊട്ട ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽവച്ചു നിന്നെ
ആലോലവായു ചെറുതെട്ടിലുമാട്ടി, താരാ—
ട്ടാലാപമാന്ന മലരേ, ദലമമ്മരങ്ങൾ. 2

പാലൊത്തെഴും പുതുനിലാവിലലം കളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയമൊട്ടുകളോടു ചേന്ന
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ. 3

ശീലിച്ചു ഗാനമിടചേന്ന ശിരസ്സുമാട്ടി—
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്ത്വവുമയേ, തെളിവാന്ന താര—
ജാലത്തൊടുന്മുഖതയാന്ന പഠിച്ചു രാവിൽ. 4

ഈവണ്ണമൻപൊടു വളന്നഥ നിൻെറയംഗ—
മാവിഷ്കരിച്ചു ചില ഭംഗികളം മോഹനങ്ങൾ,
ഭാവം പകന്ന വദനം, കവിൾ കാന്തിയാന്ന,
പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു. 5

ആരോമലാമഴകു, ശ്രദ്ധി, മൃദുത്വ,മാഭ
സാരള്യമെന്ന സുകുമാരഗ്രണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻനില കാണണംതാൻ. 6

വൈരാഗ്യമേറിയൊരു വൈദികനാട്ടെ,യേറെ
വൈരിക്കുമമ്പുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടന്ന വിലസീടിന നിന്നെ നോക്കി—
യാരാകിലെന്തു?—മിഴിയുള്ളവർ നിന്നിരിക്കാം! 7

മെല്ലെന്ന സൗരഭവുമൊട്ടു പരന്ന ലോക—
മെല്ലാം മയക്കി മറുവുന്നളവന്ന നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികളം? ചിത്രമല്ല—
തില്ലാക്കുമിഗ്ഗുണവുമേവമകത്തു തേന്നം. 8

Digitized By Kerala Sahitya Akademi

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ–
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ–
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം. 9

''കാലം കുറഞ്ഞ ദിനമെങ്കിലുമത്ഥദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന''മെന്നു നിന്റെ–
യീ ലോലമേനി പറയുന്നുകമ്പനീയം. 10

അന്നൊപ്പമാണഴകു കണ്ടു വരിച്ചിടും നീ–
യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം
എന്നല്ല, ദൂരമതിൽനിന്നനുരാഗമോതി–
വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ. 11

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ചു
തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ടു
വല്ലാതിവൻ നിലവിളിക്കുകയില്ലിടാനീം. 12

''എന്നംഗമേകനിഹ തീറുകൊടുത്തുപോയ് ഞാ–
നെന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?
ഇന്നോമലേ! വിരവിലെന്നെ വെടിഞ്ഞിടല്ലേ''
എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു? 13

ഹാ! കഷ്ടമാ വിബുധകാമിതമാം ഗ്രണത്താ–
ലാകൃഷ്ടനായ്, അനുഭവിച്ചൊരു ധന്യനീയാം
പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു; നിത്യ–
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ! 14

ചത്തീടുമിപ്പൊഴിവനല്പവികല്പമില്ല
തത്താദൃശം വ്യസനകൂനിതമുണ്ടു കണ്ടാൽ
അത്യുഗ്രമാം തരുവിലും ബത! കല്ലിലും പോയ്
പ്രത്യക്ഷമാഞ്ഞു തലതല്ലുകയല്ലി ഖിന്നൻ? 15

ഒന്നോക്കിലിങ്ങിവ വളർന്ന ദുരാനുരാഗ–
മന്യോന്യമാർന്നുപയമത്തിനു കാത്തിരുന്ന
വന്നീയപായമഥ കണ്ടളി ഭാഗ്യഹീനൻ
ക്രന്ദിക്കയാം; കഠിനതാൻ ഭവിതവ്യതോ! നീ. 16

ഇന്നല്ലയെങ്കിലയി, നീ ഹൃദയം തുറന്നു
നന്ദിച്ചു വണ്ടു കുസുമാന്തരലോലനായി

Digitized By Kerala Sahitya Akademi

'എന്നെച്ചതിച്ചു ശഠൻ' എന്നതു കണ്ടു നീണ്ടു
വന്നേറുമാധിയതു നിന്നെ ഹനിച്ചു പൂവേ! 17

ഹാ! പാക്കിലീ നിഗമനം പരമാത്മമെങ്കിൽ
പാപം നിനക്കു ഫലമായഴൽപൂണ്ട വണ്ടേ!
ആപത്തെഴും തൊഴിലിലോക്കുക മുമ്പു; പശ്ചാ-
ത്താപങ്ങൾ സാഹസികനിങ്ങനെയെങ്ങുമുണ്ടാം. 18

പോകട്ടതൊക്കെ,യഥവാ യുവലോകമേലു-
മേകാന്തമാം ചരിതമാരറിയുന്നു പാരിൽ?
ഏകുന്നു വാൾപടുവിനാത്തി വൃഥാപവാദം,
മൂകങ്ങൾ പിന്നിവ—പഴിക്കുകിൽ ദോഷമല്ലേ? 19

പോകുന്നിതാ വിരവിൽ വണ്ടിവിടം വെടിഞ്ഞു
സാകൂതമാംപടി പറന്നു നഭഃസ്ഥലത്തിൽ
ശോകാന്ധനായ് കുസുമചേതന പോയ മാർഗ്ഗ-
മേകാന്തഗന്ധമിതു പിന്തുടരുന്നതല്ലീ? 20

ഹാ! പാപമോമൽമലരേ, ബത! നിന്നെറ മേലും
ക്ഷേപിച്ചിതേ കരുണയറ്റ കരം കൃതാന്തൻ!
വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു, കപോതമെന്നും? 21

തെറ്റെന്നു ദേഹസുഷമാപ്രസരം മറഞ്ഞു
ചെറ്റല്ലിരുണ്ടു മുഖകാന്തിയതും കുറഞ്ഞു
മറ്റെന്തുരപ്പു? ജവമീ നവദീപമെണ്ണ
വറ്റിപ്പുകഞ്ഞഹഹ; വാടിയണഞ്ഞുപോയി. 22

ഞെട്ടറ്റു നീ മുകളിൽനിന്നു നിശാന്തവായു
തട്ടിപ്പതിപ്പളവുണർന്നവർ താരമെന്നോ
തിട്ടം നിനച്ചു മലരേ ബത! ദിവ്യഭോഗം
വിട്ടാശു ഭൂവിലടിയുന്നൊരു ജീവനെന്നോ. 23

അത്യന്തകോമളതയാന്നൊരു നിന്റെ മേനി-
യെത്തുന്നകണ്ടവനിതന്നെയധീരയായി
സദ്യഃസ്ഫുടം പുളകിതാംഗമിയന്നു പൂങ്കോ-
രുദ്വേഗമോതുമുപകണ്ഠതുണാംകുരങ്ങും. 24

അന്യൂനമാം മഹിമതങ്ങിയൊരാത്മസത്വ-
മന്യേ നിലത്തു ഗതമൗക്തികമുക്തിപോൽ നീ
സന്നാഭമിങ്ങനെ കിടക്കുകിലും ചുഴന്നു
മിന്നുന്നു നിൻപരിധിയിപ്പൊഴുമെന്നു തോന്നും. 25

Digitized By Kerala Sahitya Akademi

ആഹാ! രചിച്ചു ചെറുപൂതകളാശ്രു നിന്റെ
ദേഹത്തിനേകി ചരമാവരണം ശുഭ്രലം
സ്നേഹാർദ്രയായടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം. 26

താരങ്ങം നിൻപതനമോർത്തു തപിച്ചഹോ! ക-
ണ്ണീരായിതാ ഹിമകണങ്ങം പൊഴിഞ്ഞിടുന്നു
നേരായി നീഡതരുവിട്ട നിലത്തു നിന്റെ
ചാരത്തു വീണ ചടകങ്ങം പുലമ്പിടുന്നു. 27

ആരോമലാം ഗുണഗണങ്ങളിണങ്ങി, ദോഷ-
മോരാതുപദ്രവവുമൊന്നിനു ചെയ്തിടാതെ,
പാരം പരാർത്ഥമിഹ വാണൊരു നിൻ ചരിത്ര-
മാരോർത്തു ഹൃത്തടമഴിഞ്ഞു കരഞ്ഞുപോകാ? 28

കണ്ടീ വിപത്തഹഹ! കല്പലിയുന്നിതാടൽ-
കൊണ്ടാശ്രു ദിങ്മുഖവുമിങ്ങനെ മങ്ങിടുന്നു
തണ്ടാർസഖൻ ഗിരിതടത്തിൽ വിവർണ്ണനായ് നി-
ന്നിണ്ടൽപ്പെടുന്നു, പവനൻ നെടുവീർപ്പിടുന്നു. 29

എന്തിന്നലിഞ്ഞു ഗുണധോരണി വച്ചു നിന്നെ-
ലെന്തിന്നതാശ്രു വിധിയേവമപാകരിച്ചു?
ചിന്തിപ്പതാരറിയുസൃഷ്ടിരഹസ്യ? മാവ-
തെന്തുള്ളു?—ഹാ! ഗുണികളഴിയിൽ നീണ്ടുവാഴാ 30

സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം
സാധിഷ്ഠർ പോട്ടു-ഇഹ സദാ നിശി പാന്ഥപാദം
ബാധിച്ചു തൃക്ഷശില വാഴ്വതിൽനിന്നു മേഘ-
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം? 31

എന്നാലുമുണ്ടഴലെനിക്കു വിയോഗമോർത്തും
ഇന്നത്ര നിൻ കരുണമായ കിടപ്പു കണ്ടും
ഒന്നല്ലി നാമയി സഹോദരരല്ലി? പൂവേ!
ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം? 32

ഇന്നീവിധം ഗതി നിനക്കയി പോക! പിന്നൊ-
ന്നൊന്നായ്ത്തുടർന്നു വരുമാ വഴി ഞങ്ങളെല്ലാം
ഒന്നിന്നുമില്ല നില—ഉന്നതമായ കുന്നു-
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ. 33

അംഭോജബന്ധുവിത! നിന്നവശിഷ്ടകാന്തി-
സമ്പൂർത്തടപ്പതിനണഞ്ഞു കരങ്ങം നീട്ടി;

Digitized By Kerala Sahitya Akademi

ജൃംഭിച്ച സൗരഭമിതാ കവരുന്ന വായു
സമ്പൂർണ്ണമായഹഹ! നിന്നുടെ ദായഭാഗം. 34

''ഉല്പന്നമായതു നശിക്കും; അണുക്കൾ നില്ക്കും;
ഉല്പന്നനാമുടൽവെടിഞ്ഞാശു ദേഹി വീണ്ടും;
ഉല്പത്തി കർമ്മഗതിപോലെ വരും ജഗത്തിൽ''
കല്പിച്ചിടുന്നിവിടെയിങ്ങനെയാഗമങ്ങൾ. 35

ഖേദിക്കകൊണ്ടു ഫലമില്ല; നമുക്കതല്ല
മോദത്തിനും ഭവി വിപത്തുവരാം ചിലപ്പോൾ;
ചൈതന്യവും ജഡവുമായ് കലരാം ജഗത്തി–
ലേതെങ്കിലും വടിവിലീശ്വരവൈഭവത്താൽ. 36

ഇപ്പശ്ചിമാബ്ധിയിലണഞ്ഞാശു താരമാരാ-
ലുല്പന്നശോഭമുദയാദ്രിയിലെത്തിടുമ്പോൾ
സൽപുഷ്പമേ,യിവിടെ മാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ. 37

സംഫുല്ലശോഭമതുകണ്ടു കുതൂഹലംപൂ–
ണ്ടമ്പോടടുക്കുമളിവേണികൾ ഭ്രഷ്ടയായ് നീ
ഇമ്പത്തെയും സുരയുവാക്കളിലേകി രാഗ–
സമ്പത്തെയും സമധികം സുകൃതം ലഭിക്കാം. 38

അല്ലെങ്കിലാ ദ്യുതിയെഴുന്നമൃഷ്ടിമാക്കു
ഫുല്ലപ്രകാശമിയലും ബലിപുഷ്പമായി
സ്വർല്ലോകവും സകലസംഗമവും കടന്നു
ചെല്ലാം നിനക്കു 'തമസഃപരമാം' പദത്തിൽ. 39

ഹാ! ശാന്തിയൗപനിഷദോക്തികൾതന്നെ നല്ലം
ക്ലേശിപ്പതാത്മപരിപീഡനമജ്ഞയോഗ്യം;
ആശാഭരം ശ്രുതിയിൽ വസ്സുക നമ്മൾ, പിന്നെ–
യീശാജ്ഞപോലെ വരുമൊക്കെയുമോക്കു പൂവേ! 40

കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശ്രു
മണ്ണാകുമീ മലരു, വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനി വാഴ്വു കിനാവു, കഷ്ടം! 41

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒരു സിംഹപ്രസവം

1915

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

കരളിൽ കനിവാന്നിടുന്നതേ
ഖരകണ്ഠീരവിതാനമീവിധം!
ഒരു ജന്തുവിനും സ്വപുത്രരിൽ
പുരുഷത്വം വിധി നൽകിയില്ലതാൻ. 1

അലിവാന്ന കിടന്നൊരാട്ടുപോൽ
മുലനൽകുന്നിതു കുട്ടികൾക്കിവൾ
തല ചെന്ന പിടിച്ചിഴയ്ക്കിലും
കലരാ ക്രുദ്ധതയെന്ന തോന്നിടും. 2

പരതന്ത്രതയോർത്തു കണ്ണുനീ–
രരിയോരുണ്ണികൾതന്നെ നോക്കി നീ
ചൊരിയായ്ക, മൃഗേന്ദ്രവല്ലഭേ!
വരുമാപത്തുകളാക്കുമൂഴിയിൽ. 3

പ്രണയത്തൊടു പാത്തിവക്കൊരാ
ണതാനെന്ന കുടുംബചിന്തയാൽ
ഇണയാം ഹരി മന്ദവേഗനാ–
യണയത്താഞ്ഞു നടന്നിടുന്നതേ. 4

കുതുകത്തൊടു, 'പെറ്റു സിംഹി'യെ–
ന്നതു കേട്ടേറെ വരുന്നിതാളുകൾ
ഇതുകൊണ്ടൊരിളക്കുമില്ലിവ–
ന്നഥവാ—സിംഹമറിഞ്ഞിടാ ഭയം. 5

പലതും ബത! ബന്ധനസ്ഥനായ്
തലകാഞ്ഞൊരുത്തു നിരാശനായുടൻ
നിലവിട്ടെഴുമൊററമേഘമൊ–
ത്തലറുന്നങ്ങനെതന്നെ നിന്നിവൻ. 6

സഹസാ, സമയം കുറിക്കുവാ–
നിഹ പീരങ്കിയൊഴിച്ചപോൽ ഹരേ,
മഹിതം, തുടരായ്ക ഗർജ്ജിതം
ഗഹനത്തിൽ ഗജഗർഭഭേദനം. 7

അഥവാ, നരനാഥനോടിവൻ
കഥ കോപോദ്ഗുരവം കഥിക്കയാം
കൃതമാമഹിതം സഹിക്കുമോ
ധൃതവീര്യൻ പരതന്ത്രനെങ്കിലും? 8

Digitized By Kerala Sahitya Akademi

ഒരു ഹേതുവുമെന്നി, കേവലം
നരലോകത്തിനു കൗതുകത്തിനായ്
വരുവിച്ച തടഞ്ഞുതേ നൃപൻ
ഹരിയേ—ഹാ മൃഗചക്രവർത്തിയെ! 9

കൃതാസ്ഥിതവജ്രണയായ് ഹരേ!
നരപാലൻ നൃപധർമ്മകോവിദൻ;
പരമിങ്ങനെ വെട്ടുപോററുമ-
ത്തിരുമേനിക്കു കൃതജ്ഞനാക നീ. 10

ഒരുവർഗ്ഗനിസർഗ്ഗനായകൻ
ധരണീപാലന മാന്യനാം ഭവാൻ
പരതന്ത്രരെ ഹിംസചെയ്വതോ
നരരാം ഞങ്ങടെ നീതിയല്ല കേൾ. 11

നരഭോജികളുണ്ട നീചരാം-
നര'രാഫ്രിക്ക'യിലോർത്തിടാം ഭവാൻ
നരകാഗ്നൊരുത്തനില്ലയ-
ത്തരമീ ഞങ്ങടെ പുണ്യഭൂമിയിൽ. 12

അതുമല്ലിതു 'ധർമ്മരാജ്യ'മെ-
ന്നധികം വിശ്രുതവാഗ്മണ്ഡലം
അതിലും ബത! മൃഗഭൂമിപൻ
പ്രഥിതൻ പാരിലുദാരചര്യയാൽ. 13

രുചിരം ഗൃഹമുണ്ട, ഭോജ്യമു-
ണ്ടുചിതംപോൽ—കുറവില്ലയൊന്നിനും
സുചിരം മരുവുന്ന കൂടവേ
സചിവന്മാർ നരിമുഖ്യരും സ്വയം. 14

സ്ഫുടസൗഖ്യമതല്ലടുക്കലൻ-
പുടയോളുണ്ടിവനും നിൻപുരസ്ത്രിയാനും
ദൃഢമിന്നിവ രാജ്യകാര്യമായ്
തടവിൽ പാർപ്പ്വനന്യരേകിടാ. 15

ശരി,യെന്തൊഴി സംവദിച്ചുതാൻ
ഹരിയെന്നല്ല നിവാസശയ്യയിൽ
വിരമിച്ചൊരു യുദ്ധനൗവുപോൽ
തിരിയെച്ചെന്നു കിടപ്പുമായിവൻ. 16

ഒരു രോമമനങ്ങിടാതെ സു-
സ്ഥിരമാം കൃത്രിമസത്വരൂപമോ?

Digitized By Kerala Sahitya Akademi

തിരയറെറാരു സിന്ധുവോ? മഹീ–
ധരമോ? യെന്തൊരു ജന്തുവോയിവൻ? 17

പടരാഗമിവന്റെയുള്ളമൻ–
പൊട്ട ശൃംഗാരരസാർദ്രമാക്കുകിൽ,
സ്ഫുടചന്ദ്രികയെന്തലിച്ചിടാ
കടുവജ്രം, ശശികാന്തമെന്നപോൽ? 18

അതുമല്ലിഹ ബന്ധനത്തിലും
ബത! കാന്താപരനായിതേയിവൻ
അഥവാ കുലസൃഷ്ടിചെയ്യുമാ
വിധിഹസ്തം തടയുന്നതാരുവാൻ! 19

കൊടുതാം ഹരിധൈര്യവൃത്തിയെ–
ത്തടവാനാശു മൃഗസാർവ്വഭൗമി! നീ
സ്ഫുടമായസപോതശക്തിയെ–
ക്കടലിൽ തങ്ങിയ കാന്തഭ്രമിപോൽ. 20

ഒഴുകും പ്രിയമാന്നിവന്റെമേൽ
വഴിയും നിന്റെ കടാക്ഷഭംഗിയെ
മൊഴിവാനി കവികരാക്കിവന്നെഴും
മിഴിവേണം—കവിയാകണം ഹരി. 21

വിലസുന്നിതു നിന്റെ മുമ്പിലി–
ക്കുലദീപദ്വയവും മൃഗേശ്വരീ!
മുലയുണ്ട കളിച്ചുമോടിയും
മലമുൻപിൽ ചെറുനിർഝരങ്ങാംപോൽ. 22

കരകേസരഭാരശോഭിയായ്
വരുമക്കന്നെതിരേ കുതിച്ചു ഹാ,
വിരയുന്ന കിടാങ്ങളച്ഛനാം
ഹരിയെന്നോർത്തുടനങ്കമേറുവാൻ! 23

ഒരു ചിന്തയുമെന്നിയുല്ലസി–
ച്ചുരുളീടും ചെറുശാബകങ്ങളേ!
ഉരുചാപലഹേതുവെങ്കിലും
വരമീ ശൈശവകാലമൊന്നുതാൻ. 24

സ്ഫുടമോദമൊടുമ്മവെച്ചിടും
നടുവേതാനഴലച്ഛനമ്മമാർ
തടവാമറികില്ലവക്കെഴും
നെടുവീപ്പിൻപൊരുൾ നിങ്ങളേതുമേ. 25

Digitized By Kerala Sahitya Akademi

അഥവാ—സ്ഥിരമല്ലിതൊന്നുമീ-
ക്ഷിതിയിൽ തെയഥ ശാഖിയാകണം
അതുപിൻ മുതുവൃക്ഷമാകണം
മുതുവൃക്ഷം ബത! ദാരുവാകണം. 26

ദൃതജീവിതയാത്രയിങ്ങതെ-
ന്നതുകൊണ്ടോത്തയി, സജ്ജരാകുവിൻ!
കൃതബുദ്ധികളം കാത്തുകൊണ്ടിടും
സ്ഥിതിമാറീടിലുമാത്മഗൗരവം. 27

പൃഥുവീര്യമെഴും ഭവൽക്കുലം
പ്രഥിതം പാരിൽ മൃഗേന്ദ്രപുത്രരേ!
അഥ ചൊല്ലിടുമാത്മഭാഷയിൽ
കഥയീ,നിങ്ങടെ,യമ്മറാണിതാൻ. 28

ജനവാതിലിലൂടെ കാട്ടിയീ-
യനഘോദ്യാനമസാരമെങ്കിലും
ജനയിത്രിയുദാഹരിച്ചിടാം
ഘനഗംഭീരമഹാടവീതടം. 29

കരിവാർമുകിൽ മൂളി വാനിൽ വൻ-
വരിയായ് പൊങ്ങിവരുന്ന കണ്ടിവാ
ഹരിഗജ്ജിതകന്ദരങ്ങളാം
ഗിരിവൃന്ദങ്ങടെ മോടി കാട്ടിടാം. 30

കുലയാനകരംതന്നെ ബാല്യമാം
നിലയിൽതാൻ ചിലർ തച്ചുകൊന്നതും,
വിലഭിത്തി രണോഗ്രനാദമാ-
റൊലിയേറാശു തകർന്നുവീണതും, 31

മലയും ഗ്രഹയും മൃഗങ്ങരംതൻ-
കുലവും കാടുമടക്കിവാണതും,
പലതമ്മ പറഞ്ഞുകേട്ടിടാം
കുലക്ലൂടസ്ഥപരാക്രമക്രമം. 32

(യുഗ്മകം)

അഥ ലോഭനമായിടുന്നൊര-
ക്കഥകേട്ടക്ഷമഭാവമേന്തൊലാ
വ്യഥയേ ഗതഭ്രതിതൻ മനോ-
രഥമേകീടു വിപന്നലോകരിൽ. 33

കഴിയാത്തതു കാമിയാതെതാൻ
കഴിവിൻ, നിങ്ങളം വളർന്ന യോഗ്യരായ്

Digitized By Kerala Sahitya Akademi

ഴിയുന്നൊരു പൈതൃകാസനം
വഴിയേ പിന്നെയലങ്കരിക്കുവിൻ! 34

നിനയാതഴൽ നിൻകുടുംബമൊ-
ത്തനപായം മൃഗരാജ, വാഴ്ക നീ
ജനമൊക്കെയുമസ്വതന്ത്രരാം;
ദിനകൃത്യം തടയുന്നു—പോട്ടെ ഞാൻ. 35

അതുമല്ലയി നൽകിടുന്ന നിൻ-
സ്ഥിതിയുൽക്കണ്ണയെനിക്കു സിംഹമേ!
ഇതു കണ്ടു ശരീരപഞ്ജര-
സ്ഥിതനാം ജീവനെയോത്തിടുന്നു ഞാൻ. 36

തിരിയുന്ന 'കരുക്ക'ളായ് ചരാ-
ചരമിങ്ങാരുടെ നിത്യലീലയിൽ
അരുളട്ടെ നമുക്കവൻ ശുഭം
പരമേശൻ ഭവമുക്തിദായകൻ 37

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ബാലരാമായണം

1916

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

ഈ കൃതിയെഴുതുന്നതിൽ രണ്ടു സംഗതികളാണു് പ്രധാന പ്രേരകങ്ങളായിട്ടുള്ളതു്. ഒന്നു്, ഉൽകൃഷ്ടമായ രാമായണത്തിലെ കഥാസാരം പാട്ടുള്ളതു പ്രകൃത്യനുരൂപമായ വിധത്തിൽ ബാലഹൃദയങ്ങളിൽ പ്രതിഫലിപ്പിക്കുക; മറേറതു്, വലിയ പദ്യകൃതികളും വായിച്ചു രസിപ്പാൻ കുട്ടികളുടെ മനസ്സിൽ കൗതുകം ജനിപ്പിക്കുക. ഈ ഉദ്ദേശങ്ങളെ മുൻനിറുത്തി കഥാപാത്രങ്ങളുടെ സ്വഭാവാദികളെ ഒരുവിധം സൂക്ഷിച്ചു് ഈ കൃതിയിൽ വെളിപ്പെടുത്തിയിട്ടുണ്ടു്. ബാഹ്യപ്രകൃതിയേയും മാനസികഭാവങ്ങളേയും സംബന്ധിച്ചു് അവിടവിടെ പ്രകൃതത്തിനനുസരിച്ചു് അല്പാല്പമായ ചില വർണ്ണനകളും ചെയ്തിട്ടുണ്ടു്. ഈ രീതിയിൽ രാമായണം മുഴുവൻ എഴുതി പ്രസിദ്ധപ്പെടുത്താനാണു് വിചാരിക്കുന്നതു്. വാല്മീകിരാമായണത്തിന്റെ ഛായയും രസവും പാട്ടുള്ളതു ഈ ചെറിയ കൃതിയിൽ വരുത്താൻ നോക്കുന്നതുമാണു്. മഹാജനങ്ങളുടെ ദയാപൂർവ്വമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടു് ബാലകാണ്ഡം തത്കാലം പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
1916 ആഗസ്റ്റു് 16

കുമാരനാശാൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ബാലകാണ്ഡം

ശ്രീരാമചന്ദ്രചരിതം ശോഭനം ബാലരൊക്കവേ
ശ്രദ്ധിച്ചുകേൾപ്പിൻ സരസം ചൊൽവൻ ലളിതഭാഷയിൽ.

പണ്ടു കോസലരാജ്യത്തിൽ പേരെഴുന്നൊരയോദ്ധ്യയിൽ
മന്നവന്മാർ വാണിരുന്ന മന്നവിൻ തറവാട്ടുകാർ.

ശിഷ്ടരെത്താങ്ങി രക്ഷിച്ചും ദുഷ്ടരെക്കീഴടക്കിയും
ക്ഷത്രിയന്മാരവർ ചിരം ക്ഷോണിയിൽ കീർത്തിനേടിനാർ.

ശക്തിയും ഗുണവുംകൊണ്ടു ചൊല്ലാർന്ന ചക്രവർത്തിമാർ
പ്രജാക്ഷേമത്തെ മുൻനിർത്തി പാരടക്കിബ്ഭരിച്ചിതേ.

കകുൽസ്ഥർ രഘുവെന്നോരോ കാരണോന്മാരിൽ നിന്നിവർ
കാകുൽസ്ഥന്മാർ രാഘവന്മാരെന്നൊക്കെപ്പേരുമാർന്നിതു.

ആ വംശത്തിൽ ദശരഥനെന്ന ചൊല്ലാർന്ന മന്നവൻ
മൂന്നു വേളി കഴിച്ചിട്ടും മക്കളില്ലാതെ മാഴ്കിനാൻ.

വാർദ്ധക്യം വരുമാറായി വലഞ്ഞു നൃപനേറവും;
ഗർഭംധരിച്ച ദൈവാനുകൂല്യത്താലന്നു രാജ്ഞിമാർ.

ഫലിച്ച ഭാഗ്യവൃക്ഷത്തിൻ മൂന്നു ശാഖകണ്പോലവേ
ഗർഭമേലും പത്നിമാരെക്കണ്ടു മോദിച്ചിതേ നൃപൻ.

കൗസല്യ ആദ്യയിവരിൽ പിന്നെക്കൈകേയീദേവിയാം
സുമിത്ര മൂന്നാമത്തേവരും മൂവരും മോഹനാംഗിമാർ.

കാലം തികഞ്ഞു കൗസല്യ പെറ്റിതോമൽകുമാരനെ
പിന്നെക്കൈകേയിയും പെറ്റു, പെറ്റു മറ്റൊളിരട്ടയും.

മോദിച്ചു രാമനെന്നേകി മൂത്തപുത്രനു പേർ നൃപൻ
ഓമനപ്പേരായി രാമചന്ദ്രനെന്നവനെന്നുമേ.

കൈകേയിതൻ കിടാവിന്നു നല്കീ ഭരതനെന്നു പേർ
നല്കീ ലക്ഷ്മണശത്രുഘ്നനാമങ്ങളിതരക്കുമേ.

വളർന്നു മെല്ലെബ്ബാലന്മാർ വിളങ്ങീ രാജമന്ദിരം
ചന്ദ്രനക്ഷത്രങ്ങൾ പൊങ്ങിത്തെളിയും ദ്യോവുപോലവേ.

വേണ്ട കർമ്മങ്ങൾ വഴിപോൽ ചെയ്യിപ്പിച്ചു, ശിശുക്കളെ
വസിഷ്ഠനാം വംശഗുരുവന്നെഴുത്തിന്നിരുത്തിനാൻ. .

Digitized By Kerala Sahitya Akademi

രാമനിൽ തമ്പിമാക്കും തൻതമ്പിമാരോടു രാമനും
ക്രൂരനെന്നപോലെയെന്നാലും കൂട്ടായീ രാമലക്ഷ്മണർ.

ഭരതൻ ശത്രുഘ്നനോടും പൊരുത്തംപുണ്ടിണങ്ങിനാൻ
കളിപാടെങ്ങും സല്ലാപം കുളിയുണിതിലൊക്കെയും.

കണ്ടു നാട്ടാർ കുതിനാർ കൂട്ടരേന്ന കുമാരരെ
കുലമാം മാമരത്തിന്റെ കുരുന്നിണകളെന്നതാൻ.

കളിക്കും കളിയെന്നാകിൽ പഠിക്കും പാഠവേളയിൽ
മനസ്സുവച്ചക്കിടാങ്ങൾ മെച്ചം നേടീടുമേതിലും.

കളിയായ് കാട്ടിടും വല്ല കുണ്ടാമണ്ടികളെങ്കിലും
വിലക്കീട്ടുള്ള കുറ്റങ്ങൾ വീണ്ടും ചെയ്യീല കുട്ടികൾ.

വേദശാസ്ത്രങ്ങൾ വിധിപോൽ പഠിച്ചു മുനിയോടവർ
അസ്ത്രശസ്ത്രങ്ങളുമുപോലച്ഛനോടും പഠിച്ചിതേ.

ശീലംകൊണ്ടും ബുദ്ധികൊണ്ടും ക്രൂരകൊണ്ടും കുമാരരിൽ
ലയിച്ചു നാട്ടുകാക്കുള്ളം പിതാക്കൾക്കെന്തു ചൊൽവൂതാൻ.

താമസിച്ചെന്നാകിലുമിത്തനയന്മാർ ജനിച്ചവർ
തന്നെക്കാൾ യോഗ്യരാമെന്നു താതനാശംസ തേടിനാൻ.

അമാനുഷമഹാവീര്യനിധിയായ് നാലുമക്കളിൽ
ശ്രീരാമചന്ദ്രനധികം ശ്രേഷ്ഠനായ്താൻ വിളങ്ങിനാൻ.
ആശ്ചര്യമാമ്മഹാത്മാവിൻ ചരിതം വിസ്തരിച്ചുതാൻ
വിശ്വമോഹനമാം കാവ്യം വാല്മീകിമുനി പാടിനാൻ.

ശൈശവം കഴിയുംമുമ്പിൽ ശ്രുതിപ്പെട്ട കുമാരകൻ
അമ്മയച്ഛന്മാക്കു നിത്യമാനന്ദം നല്കി മേവിനാൻ.

വന്നിതക്കാലമവിടെ വിശ്വാമിത്രമഹാമുനി
രാക്ഷസന്മാർ കൃത്യവിഘ്നം ചെയ്കയാൽ കാട്ടിൽനിന്നുമേ.

വനത്തിൽ വാണ വേദങ്ങളഭ്യസിച്ച വിധിപ്പടി
യാഗാദികർമ്മം ചെയ്യുന്ന യോഗിമാർ മുനിമാരിവർ.

ഇവർ ചെയ്വൂ പുണ്യകർമ്മമീശ്വരപ്രീതിയോർത്തുതാൻ
മുടങ്ങാതതു രക്ഷിക്ക മുഖ്യമാം രാജധർമ്മമാം.
രാക്ഷസോപദ്രവം നീക്കി യാഗം രക്ഷിച്ചുകൊള്ളുവാൻ
രാമചന്ദ്രനെ യാചിച്ചു രാജാവോടു മഹാമുനി.

ഘോരരാക്ഷസരെങ്ങനെറ കുട്ടിയെങ്ങനമോക്കയാൽ
വിഷാദിച്ചൂ ദശരഥൻ പേടിച്ചൂ മുനിതന്നെയും.

Digitized By Kerala Sahitya Akademi

തപസ്സിനാൽ മനഃശുദ്ധിതേടും സത്തുക്കൾതം തമ്മുടെ
അസംതൃപ്തികളാകുന്നവക്കു ഹണമേ വരാ.

''വേണ്ടാ ഭയം നന്ദനനെ വിശ്വാമിത്രരൊടൊത്തു നീ
അയയ്ക്കുക വിഭോ! നന്മയുണ്ടാ''മെന്നാൻ പുരോഹിതൻ.

വല്ലവാറും സമ്മതിച്ചു വിട്ടു രാമനെ മന്നവൻ
ഛായപോൽ പിരിയാത്തോരു തമ്പി ലക്ഷ്മണനോടുമേ.

വില്ലുമമ്പും കയ്യിലേന്തി വന്ദിച്ചിതവരച്ഛനെ
അദ്ദേഹം നെടുവീർപ്പിട്ടു ചുംബിച്ചാശ്ലിഷ്ടമേകിനാൻ.

മാതാക്കൾ പിന്നെ മിഴിനീർ തുടച്ചു വിടനല്കിനാർ
മുന്നോർകളെ മനക്കാമ്പിലോർത്തും മുനിയെയോർത്തുമേ.

കാട്ടു രാക്ഷസരെന്നല്ല യുദ്ധമെന്നാകെയോക്കയാൽ
കൗതുഹലം തേടി സിംഹശൂരന്മാരക്കുമാരകർ.

പോയീ വിശ്വാമിത്രരുടെ പിമ്പേയുത്സാഹമാന്നിവർ
വായുവിൻപിമ്പു വില്ലാന്ന രണ്ടു മേഘങ്ങൾ പോലവേ..

കടന്നു ഗോപുരമിവർ കടന്നു തെരുവീഥികൾ
സരയൂനദി കല്ലോലംതല്ലും നഗരസീമയും.

അക്കരെയ്ക്കിവരെത്തുമ്പോളസ്സമിച്ചിതു ഭാനുമാൻ
അന്നത്തെ യാത്രയവിടെ നിർത്താനോതിയമാതിരി.

സന്ധ്യാനുഷ്ഠാനാദികൾചെയ്തു ഭക്ഷിച്ചങ്ങവർ മൂവരും
സാധാരണജനംപോലൊരമ്പലംപുക്കുറങ്ങിനാർ.

രാവിലേ കാറിലാഞ്ഞാടും കതിർതുന്ന നിലങ്ങളും
പക്ഷിക്കൂവും പൊയ്കകളും പാർത്തു യാത്ര തുടങ്ങിനാർ.

പാടത്തിൽ വെള്ളം പായിക്കും പല കൈത്തോടുമപ്പുറം
കണ്ടാർ കാലികളും തിങ്ങിപ്പോമൂടുപാതകളുതാനുമേ.

പാർത്താർ വയ്ക്കോൽപ്പന്തലാന്ന കരവാരം പറമ്പുകളും
തൊഴുത്തും കളവും ചേന്ന പുല്ലുമേഞ്ഞ ഗൃഹങ്ങളും.

ഭാണ്ഡവും പേറി യാത്രക്കാർ പോവതങ്ങങ്ങു കണ്ടിതു;
നീണ്ട നീണ്ട നടയ്ക്കാവും കണ്ടു നിഴൽമരങ്ങളും.

ഗോപാലരുതും മുരളി മാറൊലിക്കൊണ്ടു കേട്ടിടും
മേച്ചിൽസ്ഥലങ്ങളും വണ്ടുമൂളും കുറിവനങ്ങളും,

മറേറാരോന്നും കണ്ടു രസംപൂണ്ടുമൻപാന്നിടയ്ക്കിടെ.
മുനിയോതുന്ന കഥകളും കേട്ടും പോയിതു ബാലകർ

(യുഗ്മകം).

Digitized By Kerala Sahitya Akademi

ദൂരെക്കാണുമ്പോഴം കുന്നിൻകൂട്ടം കണ്ടവർ ചോദ്യമായ്:
''ഇങ്ങാണോ യാഗമിവരോ രാക്ഷസന്മാർ മഹാമുനേ?''

അപ്പുറത്തിടവപ്പാതിമേഘം മാനത്തിലെന്നപോൽ
ഭൂമിമേൽ വാച്ചുനീലിച്ച കൊടുങ്കാടവർ കണ്ടിതു.

പ്രാന്തങ്ങളിൽ പക്ഷിവൃന്ദം പാടുന്ന തരുവല്ലിമേൽ
ശോഭിക്കുന്ന പൂക്കളാം പുഷ്പഗന്ധം വീശുന്ന കാറുകളും.

എന്നാലുള്ളിൽ സമുദ്രത്തിൻകയംപോലെ ഭയാനകം
ഇരുട്ടും നിശ്ശബ്ദതയുമാണ്ട ഗംഭീരമാ വനം.

തലയോടെല്ലുതോലൊക്കെ തുരുമ്പിരുന്നിതതാതിടം
നരതിര്യഗ്ജാതികളെക്കൊന്നും കൂട്ടിയിരുന്നിതേ.

വല്ലാത്ത ദുർഗ്ഗന്ധിവായു തിങ്ങും വനമതിന്നമേൽ
കഴുകന്മാരംബരത്തിൻ വട്ടം ചുറ്റിപ്പറന്നിതേ.

കയത്തിൻ മുതലയ്ക്കുത്തിക്കാട്ടിൽ താടക രാക്ഷസി
ഭയത്തെ വിട്ടു മേവുന്ന പാന്ഥർക്കന്നോതിനാൻ മുനി.

കണ്ടും ഭയങ്കരക്കാഴ്ച കേട്ടും രാക്ഷസിതൻകഥ
രണത്തിൽ കൗതുകംപൂണ്ടും രാമൻ ഞാണൊലിക്കൂട്ടിനാൻ.

അതു കേട്ടധികം ക്ഷോഭിച്ചലറിപ്പാഞ്ഞടുത്തിതു
കൊടുങ്കാറ്റേറ്റു കോപിച്ച കടുങ്കടലുപോലവൾ.

പിടിച്ചുനിന്മാനണയും രാക്ഷസത്തിയെ നീതിയാൽ
പെണ്ണെന്നോർക്കേണ്ടെന്ന മുനിയോതി;—യമ്പെയ്തു രാഘവൻ.

രാമാസ്ത്രം മാറിലേറ്റോരുറ രക്തം ചിന്തി നിശാചരി
ബാലാർക്കകിരണംതട്ടി രാത്രിപോൽ ഭൂവെടിഞ്ഞിതേ.

ഊർജ്ജസ്വലൻ രാഘവന്റെയൊന്നാമത്തെപ്പരാക്രമം
കണ്ടുമുതപ്പെട്ട തമ്പി ലക്ഷ്മണൻ മുനിവര്യനും.

അഭിനന്ദിച്ചു വിജയമാശ്ലേഷിച്ചു സഹോദരർ
അവർക്കു മുനിയാശിസ്സുമേകീ ദിവ്യാസ്ത്രവിദ്യയും.

വീണ്ടും നടന്നുചെന്നെത്തീ വിഖ്യാതം വാമനാശ്രമം
അക്കാട്ടിലാരാ,പോക്കീയക്കുചന്ദ്രാഗ്നിസന്നിഭർ.
അടുത്തനാൾ കുമാരന്മാർ മുനിയെപ്പിന്തുടർന്നിതു
അടുത്തു സിദ്ധാശ്രമമെന്നതികൗതുകത്തൊടും.

അങ്ങാണു വിശ്വാമിത്രന്റെയതിരമ്യതപോവനം
അങ്ങാണു യാഗ,മവിടെയാണു രാക്ഷസബാധയും.

Digitized By Kerala Sahitya Akademi

അരികിൽ കണ്ട ബാലന്മാരങ്ങായുടപാതകം
വരിനെല്ലിൻവിളവുകം വൃക്ഷവാടികംതാനുമേ.

കണ്ട മുറിച്ച കൊമ്പാൻ കുറിച്ചമത പൂപ്പുതും
അരിഞ്ഞെഴും മൂട്ടിൽനിന്ന പുഞ്ഞൻദർ മുളപ്പുതും.

വില്വമമ്പും കാണുകിലും വകവയ്ക്കാതെ മാൻനിര
പുല്വമേയുവതെന്നല്ല പോവോരെപ്പാത്തുനില്പുതും.

വല്ലിയും ശാഖയും പൂത്ത വന്മരങ്ങളതാതിടം
വാച്ചുനിന്നിതു വാനത്തോടന്തിപ്പുകിൽപോലവെ.

പൊയ്ക്കരകളിൽ താണ തുംഗശാഖകംതോറുമേ
തോരാൻ കൊട്ടും വല്ലുലങ്ങളും പൂങ്കാറനിൽ പാറിനിന്നിതു.

ഇലക്കുടിഞ്ഞിലോരോന്ന കാണുമാറായിടയ്ക്കിടെ
അടിച്ചുമെഴുകിപ്പൂവിട്ടുള്ള മുറ്റങ്ങളോടുമേ.

അപ്പോഴും ദൂരത്തിലിവരെക്കണ്ടിതാശ്രമവാസികം.
അംഗമാന്ന നടന്നെത്തും മുന്നഗ്നികംകണക്കെതാൻ.

വില്ലാന്ന രഘുപുത്രന്മാരൊത്തെത്തും മുനിനാഥനെ
വഴിയിൽച്ചെന്ന വന്ദിച്ചു ശിഷ്യന്മാരെതിരേറ്റിതു.

ഇവരാശ്രമവാടത്തിലെത്തുംമുമ്പേയൊരുക്കിനാർ
ജല,മാസന,മർഘ്യങ്ങളെല്ലാമങ്ങു തപസ്വികം.

വന്ദിച്ച രാജപുത്രന്മാർ വന്ദ്യന്മാരാം മുനീന്ദ്രരെ
അബ്ബാലന്മാരെയാമോദിച്ചാശ്ലേഷിച്ച തപോധനർ.

തലോടി രാമനെപ്പാരം താടകാനിഗ്രഹത്തിനായ്
അമ്പെടുത്ത വലങ്കയ്യിലാദ്യം ചുംബിച്ചുകൊണ്ടവർ.

കുശലപ്രശ്നങ്ങളും കേട്ടും കണ്ടും സൽകാരസംഭ്രമം
മുനിവേഷങ്ങളും വീക്ഷിച്ചും മോദംപൂണ്ട കുമാരകർ.

ജടകൂട്ടിക്കെട്ടിവയ്പ്പോർ, താടി നീട്ടിവളർത്തുവോർ
തോലോ മരപ്പട്ടയോകൊണ്ടരമാത്രം മറയ്ക്കുവോർ.

ഗോപി ചാർത്തുന്നവർ ചിലർ, ഭസ്മം പൂശീടുവോർ ചിലർ,
കൂടീ തപസ്വിമാർ വന്നങ്ങെല്ലാരും വേദവേദികം.

വിശ്രമിച്ചന്ന സുഖമായേവരും യജ്ഞവാടിയിൽ
വിശ്വാസമാന്ന പിറേറന്നാം യാഗകർമ്മം തുടങ്ങിനാർ.

ഒരുക്കീ വേദി, മുറപോലാരംഭിച്ചു ജപങ്ങളും
ഹോമങ്ങളും താപസന്മാർ തർപ്പണങ്ങളുമങ്ങുടൻ.

Digitized By Kerala Sahitya Akademi

രാമനും ലക്ഷ്മണൻതാനും രക്ഷയ്ക്കായ് യജ്ഞവാടിയിൽ
രണ്ടുദിക്കുകളിൽ കൈയിൽ കൂടവില്ലേന്തി നിന്നിതു.

'വരുവിൻ രാക്ഷസന്മാരെ! യിനി'യെന്നഗ്നി നിർഭയം
കത്തിക്കാളും ജ്വാലകളാം കൈയയത്തി വിളിച്ചിതു.

ഹോമധൂമങ്ങളാകാശം മൂടിയുടനവയ്ക്കുമേൽ,
കാണ്മാറായ് രാക്ഷസരെക്കാർമ്മുകിൽച്ചാർത്തുപോലവേ.

കഠോരമാം പല്ലിളിച്ചു കാണിച്ചു മിന്നലെന്നപോൽ
ഇടിവെട്ടുംമട്ടു ദുഷ്ടർ ചെയ്തു ഘോരാട്ടഹാസവും

വഷ്ടിക്കയും ചെയ്തു മാംസകബളം തുപ്പിയെങ്ങുമേ
ചന്തപ്പഴംപോൽ വലുതാം രക്തബിന്ദുക്കളെങ്ങുവർ.

എപ്പോഴിതെല്ലാം കാണായിതെപ്പോഴും പേടിച്ചു താപസർ
അപ്പോഴും നിറച്ചു കാകുൽസ്ഥരമ്പാലാകാശമണ്ഡലം.

ഇരച്ചുപൊങ്ങിയസ്രുങ്ങും ചണ്ഡമാരുതശക്തിപോൽ
എങ്ങും നില്ക്കാതെയോടിച്ചു രാക്ഷസപ്പടയെ ദ്രുതം.

ചീറിത്തുടർന്ന ബാണങ്ങളേറ്റു ചത്ത നിശാചരർ
കരുംപാറകൾപോൽ ദൂരെ കാട്ടിലങ്ങങ്ങു വീണിതേ.

സുബാഹുവാം തലവനെക്കൊന്നുവീഴ്ത്തി രഘൂത്തമൻ
മാരീചനെന്നവൻ പേടിച്ചോടിപ്പോയ് രക്ഷതേടിനാൻ.

ലോകത്തിൻഹൃദയംപോലെ തെളിഞ്ഞു വ്യോമമണ്ഡലം
മുനിമാർ മോദമുൾക്കൊണ്ടു മുടിച്ചു യാഗകർമ്മവും.

പിന്നെ പ്രസന്നനായ് ധന്യൻ വിശ്വാമിത്രൻ കുമാരരെ
ദീക്ഷാസ്നാനത്താൽ നനഞ്ഞ മാറിൽച്ചേർത്തു തലോടിനാൻ.

വനാശ്രമവിശേഷങ്ങളാ രാക്ഷസവധങ്ങളും
അമ്മമാരോടു ചെന്നോതാനൗത്സുക്യം തേടി ബാലകർ.

പുറപ്പെട്ടാനവരുമായ്പിന്നെ വേഗം മഹാമുനി
വൃഥാ കാലംകഴിപ്പീല വിജ്ഞന്മാരൊരുനാളുമേ.

കാടേറി മുനിയോടൊത്തുപോകും രാജകുമാരരെ
വിരഹാശ്രു തടഞ്ഞിട്ടു; നോക്കിനിന്ന തപസ്വികൾ.

ഓരോ കഥകളും ചൊല്ലിബ്ബാലരൊത്തു നടന്നുടൻ
മിഥിലയ്ക്കുള്ള വഴിയിൽ മുനിചെന്നു തിരിഞ്ഞിതു.

കണ്ടു കയത്തിൽ ഗഗനം ബിംബിക്കും ഗംഗയങ്ങിവർ
കരസ്പൃഹല്യാവനവും കണ്ടിതാരാമഭംഗിയിൽ.

Digitized By Kerala Sahitya Akademi

വിശ്വാമിത്രവാക്യം ശതാനന്ദന്റെയമ്മയാലും
അഹല്യപൂജിച്ചിവരെയയച്ച മിഥിലയ്ക്കുതാൻ.

വിദ്വാൻ വിശ്വാമിത്രനെക്കാണാമെന്നു മോദിച്ച രാഘവൻ
വീരരാരും കുലയ്ക്കാത്ത വില്ലുണ്ടെന്നറിഞ്ഞുമേ.

അമ്മാഗ്രമായയോദ്ധ്യയ്ക്കു പോകുവാൻ ദൂരമെങ്കിലും
നടന്നു ദാശരഥിമാർ ഉള്ളിലുത്സാഹമാർന്നുതാൻ.

വർദ്ധിച്ചു കണ്ടു ജനസഞ്ചാരം പുരമടുക്കവേ
കായലെത്തുന്ന ചെറിയ കാട്ടാറിൽ ജലമെന്നപോൽ.

ഭാരവണ്ടികളാളൊക്കെത്തിക്കുമങ്ങാടികണ്ടിതു
പ്രഭുക്കൾ തൻ രഥവുമേറിപ്പോം രഥ്യ കണ്ടിതു.

ദിക്ചക്രവാളം ചുഴ്ന്ന നഭോഭിത്തികളെന്നപോൽ
നഗരാന്തങ്ങളിൽപ്പൊങ്ങി നെടുംകോട്ടകൾ കണ്ടിതു.

അംബരം മുട്ടിനില്ക്കുന്ന ഗോപുരാഗ്രങ്ങൾ തന്നിലും
കണ്ടു കിടങ്ങിൽ ബിംബിച്ച താഴെയും മേഘമാലകൾ.

ഹിമാലയത്തിൻശിഖരനിരപോൽ തിങ്ങിയെങ്ങുമേ
കാണുമാറായ് വീഥിതോറും സൗധങ്ങൾ പലമാതിരി.

ചലിച്ചു തെരുവിൽ ചിത്രവസ്ത്രമാർന്ന ജനാവലി
നീളെക്കാണായി പുഴയിൽ പൂന്തോട്ടം നിഴലിച്ചപോൽ.

രസമായ് ഗീതവാദ്യങ്ങൾ നീട്ടിക്കൊടിപറത്തിയും
ലാത്തീ കാറനുകുളഭസൗരഭ്യങ്ങൾ പരത്തിയും.

കാടും മലകളും പണ്ണ്യശാലയും മുനിവൃത്തിയും
കണ്ടുപോന്ന കുമാരർക്കു കൗതുകംനല്കിയിപ്പുരി.

എന്നല്ലയോദ്ധ്യയിൽ ചെന്നുചേർന്നപോൽ ബാലകർക്കഹോ
എന്തെന്നില്ലാത്തൊരാനന്ദം തോന്നീ മിഥിലകാണവേ.

വിശ്വാമിത്രന്റെ വരവു ദൂതർ ചെന്നറിയിക്കയാൽ
വിരവോടെത്തിയവരെ മന്ത്രിമാരെതിരേറ്റിതു.

ശതാനന്ദനൊടൊന്നിച്ചാ ശ്രീമാൻ ജനകഭൂപനെ
അഗ്നിശാലയതിൽ കണ്ടു വേറേ രണ്ടഗ്നിപോലിവർ.

ചെയ്താചാരോപചാരങ്ങൾ ചോദിച്ചു മിഥിലാധിപൻ
എഴുന്നെള്ളാൻ പ്രസാദിച്ചതെന്തെന്നു മുനിയോടുടൻ.

വത്സരദ്വാശരഥിമാരെന്നു കേട്ടാദരിക്കയാൽ
ജനകന്മേലവർക്കുള്ളിൽ ജനിച്ചു ജനകാദരം.

Digitized By Kerala Sahitya Akademi

ഇവക്കിങ്ങുള്ള വലിയ വില്ലുകാണ്മാൻ കുതൂഹലം
എന്നോതി, മുനി രാമന്റെയെല്ലാക്കഥയുമോതിനാൻ.

തേജസ്സുകാൺകിലും ചെയ്ത വീരവൃത്തികൾ കേൾക്കിലും
തോന്നീല ജനകനൊട്ടും രാമൻ വില്ലേറുമെന്നുടൻ.

എന്നാലുമാജ്ഞയാളീ നൃപൻ; വൻനത്തി ചാപവും
ഇങ്ങുവണ്ടിമേലേറിയേറെയാളന്തി മെല്ലവേ.

വില്ലും വഹിപ്പാനെക്കണ്ട കൈക്കരുത്തായ കീരിയെ
വിനയത്താലടക്കിടാൻ വിഷമിച്ച കുമാരകർ.

അതു കണ്ട മുനിശ്രേഷ്ഠൻ കൺകോണാലാജ്ഞനല്കിനാൻ
അടുത്തുചെന്നാൻ ശ്രീരാമനങ്ങുനിന്നവർ മാറിനാർ.

കാർകൊണ്ടൽവർണ്ണനടനെ കീഴ്മേലൊന്നു നോക്കിനാൻ
മഴവില്ലെന്നപോലേറെ മഹത്താമദ്ധനുസ്സിനെ.

താടകാരി കുലസ്ത്രീം വില്ലെന്നുകേട്ട ജനങ്ങളും
തിക്കിത്തിരക്കിവന്നെത്തി ചുറ്റുംനിന്നാഞ്ഞു നോക്കിനാർ.

നിരന്ന വന്മാളികമേൽനിന്ന പെണ്ണുങ്ങളും നോക്കിനാർ
നിലാവിനാൽ വെണ്മതേടും നഭസ്സിൽ താരപംക്തിപോൽ.

ഇങ്ങുമുണ്ടായിരുന്ന യന്ത്രക്കുപ്പികണക്കഹോ!
കുനിഞ്ഞു രാമൻ തെല്ലൊന്നു നിവർന്നു കൈയിൽ വില്ലൊട്ടും.
തേജസ്വി ജനകൻമുമ്പിലദ്ധനുസ്സെന്തിയങ്ങനെ
മഴമേഘംപോലെ രാമൻ മോഹനൻ നിന്ന കാൽക്ഷണം.

എന്നിട്ടിടംകൈയിൽമാറിയൊഴിയിൽകുത്തി വില്ലഹോ
കുനിച്ചാൻ കഷ്കയുവാ കരിമ്പിൻകോലുപോലവൻ.

ഞാൺ വലിച്ചു രാമചന്ദ്രൻ ഞെരിഞ്ഞൂ ചാപമൊന്നുടൻ
ഞൊടിയിൽ രണ്ടായ് മുറിഞ്ഞു! ഞെട്ടിപ്പോയ് കണ്ടുനിന്നവർ.

വിൽമുറിഞ്ഞ രവം ദ്യോവിൽ ചേർത്തു മാറൊലി വിണ്ണുതാൻ
ലോകൈകവീരൻ ശ്രീരാമനെന്നുചൊല്ലിയമാതിരി.

കൈച്ചുറുക്കും രാഘവന്റെ കുതുകും കണ്ടു കാണികൾ
അതിരില്ലാതെയാശ്ചര്യംതേടിയാർത്തുവിളിച്ചിതു.
അത്ഭുതപ്പെട്ട ജനകനാനന്ദാശ്രുപൊഴിഞ്ഞിതു
വിസ്മയം ലക്ഷ്മണൻതാനും വിശ്വാമിത്രനുമാന്നിതു.

''ഈ വില്ലു കുലയേറുന്ന വീരനെസ്സീതയെന്നകം
വരിച്ചീടണമെന്നുണ്ടു പന്തയം വച്ചിരിപ്പു ഞാൻ.

Digitized By Kerala Sahitya Akademi

കേട്ടിരിക്കാം ലോകരെല്ലാമതു ഞാനിന്നു ധന്യനായ്
വത്സൻ ദാശരഥിക്കെന്റെ വീരശുല്ക്കം ലഭിക്കയാൽ.''

എന്നോതി ജനകൻ പിന്നെയാജ്ഞാപിച്ച സ്വയംവരം
പൊന്മേനിസീതയെക്കൊണ്ടുവന്ന രാജപുരസ്ത്രീമാർ.

കോമളൻ രാമനെക്കണ്ടു കോൾമയിർക്കൊണ്ട പൂവുടൽ
കൊച്ചോമനമുഖം സീത കനിച്ചരികിൽ നിന്നിതു.

രാമഭദ്രന്റെ കണ്ഠത്തിൽ പിന്നെയച്ചെറുപെൺകൊടി
അമ്മമാരുള്ളിച്ചെയ്തപോലെ മാലയുമിട്ടിതു.

സീതയാം രോഹിണിയൊടും രാമചന്ദ്രൻ മനോഹരൻ
പരിവേഷമഹാമാലപൂണ്ടു പാരം വിളങ്ങിനാൻ.

അന്തഃപുരത്തെത്തുടനേ വീണ്ടുമായമ്മമാരൊടും
രാമന്റെ ഹൃദയംകൊണ്ടാ രാജപുത്രി ഗമിച്ചിതു.

വിവാഹമംഗളത്തിന്നായൊരുക്കീ മിഥിലാധിപൻ
അയോദ്ധ്യസ്ഥായന്നതന്നെയയച്ചു ഗുരുവര്യനെ.

വൃത്താന്തം കേട്ടു മോദിച്ചു കുടുംബത്തോടെ മോടിയിൽ
പുറപ്പെട്ട ദശരഥൻ വസിഷ്ഠനിവരൊക്കെയും.

നാലുനാൾകൊണ്ടെത്തിയവർ മിഥിലാപുരസീമയിൽ
നിൽപ്പീ സേന്യയെ,യങ്ങെത്തിയെതിരേറ്റു മഹീപതി.

നഗരത്തിലെഴുന്നെള്ളിയിവരെന്നതു കേട്ടുടൻ
ശ്രീരാമലക്ഷ്മണന്മാരും ചെന്നു താണുവണങ്ങിനാർ.

അച്ഛനും മുന്നമ്മമാരും ഭ്രാതാക്കളവർ നാൽവരും
അങ്ങു സന്ധിച്ചപോലുണ്ടാമാനന്ദമതുളാവതോ?

കെട്ടിപ്പുണർന്നിതവരന്യോന്യം, ഹൃദയങ്ങളിൽ
കുടുംബസ്നേഹജലധി കരകവിഞ്ഞിയിടിച്ചിതു.

വസിഷ്ഠാദികളൊത്തുള്ള കോസലാധിപനെ സ്വയം
ശതാനന്ദൻ ജനകനും ശ്രദ്ധവച്ചാദരിച്ചിതു.

എന്നല്ല പിന്നെ സ്നേഹത്താലവരൊന്നായ്ച്ചമഞ്ഞിതു
സൽക്കാരം സ്വീകരിപ്പാനും സൽക്കരിപ്പാനുമുള്ളവർ.

പോരാ ദശരഥൻതന്നെയങ്ങു സർവ്വാധികാരിയായ്,
കൗസല്യതാനമ്മയായി ജാനകിക്കങ്ങകായിലിൽ.

മഹാകുടുംബങ്ങളിതുരണ്ടും ചേർന്നു ലയിച്ചിതു
മേളിച്ചൊഴുകിടും രണ്ടു മഹാനദികൾപോലവേ.

Digitized By Kerala Sahitya Akademi

വിവാഹലഗ്നം മുനിമാർ വിചാരിച്ചറിവിച്ചിതു.
ചൊന്നാനപ്പോൾ ദശരഥൻതന്നോടു മിഥിലാധിപൻ.

സീത,യുമ്മിളയിച്ചൊന്നോരല്പാന്തരണ്ടു മഹീപതേ!
എനിക്കു രണ്ടു പെൺമക്കൾ കുശദ്ധ്വജകുമാരിമാർ.

അവക്കു വത്സൻ ഭരതൻ ശത്രുഘ്നനിവർ ചേരുമേ
രാമലക്ഷ്മണവത്സന്മാർ മറവക്കെന്നപോലവേ.

എല്ലാമങ്ങേടെയിഷ്ടംപോലെന്നോതീ കോസലേശ്വരൻ
എല്ലാവക്കും സമ്മതമായ് തീർന്നിതന്നിശ്ചയങ്ങളും

പരിഷ്കരിച്ചു നഗരം പാറീ കൊടികളെങ്ങുമേ
ഭേരീമൃദംഗനാദങ്ങൾ പൊങ്ങീ മംഗളമാംവിധം.

സാമന്തരും മന്ത്രിമാരും പൗരമുഖ്യരുമൊക്കെയും
സഭയിൽത്തിങ്ങി—ഹോമാഗ്നി സംഭരിച്ചു പുരോഹിതൻ.

മന്ത്രകോടിയുടുപ്പിച്ചു മങ്കമാർ ചമയിച്ചുടൻ
മനോജ്ഞമാം മണ്ഡപത്തിൽ സീതയെക്കൊണ്ടുവന്നിതു.

രാമനും മംഗളസ്നാനം ചെയ്തൊരുങ്ങി വിധിപ്പടി
രാജീവനേത്രയാം തന്റെ വലത്തായ് വന്നുനിന്നിതു.

വിവാഹവേഷം പൂമെയ്യിൽ പൂണ്ടിബ്ബാലവധൂവരർ
വിസ്മയിപ്പിച്ചു സഭയെ സ്വതേയതിമനോഹരർ.

പിന്നെച്ചടങ്ങു പലതും നടന്നു, മിഥിലാധിപൻ
സീതതൻകൈത്തളിർപിടിച്ചർപ്പിച്ചു രാമപാണിയിൽ

പൊന്മേനിയാൾ പിടിച്ചോരക്കാർവണ്ണനു കൈലസിച്ചിതു
പുത്തനായ് പൂത്ത ചെറിയ കൊന്നതൻകൊമ്പുപോലവേ.

പാത്താരാനന്ദാശ്രു ചിന്നിപ്പൊഴിഞ്ഞു പുഷ്പവൃഷ്ടികൾ
പൊങ്ങിയാശീർവ്വാദകോലാഹലം—മൂർച്ഛിച്ചു വാദ്യവും.

മുഹൂർത്തങ്ങളിവണ്ണംതാനോടുത്തു മുൻചൊന്നപോലവേ
മൂന്നു സോദരരും മൂന്നു മുഗ്ദ്ധാംഗികളെ വേട്ടിതു

പിന്നെസ്സദ്യകളും മറ്റും നടന്നു പൊടിപൂരമായ്
പിരിവാൻകാലമായ്—ക്രൂരാൽ സംബന്ധികൾ കഴങ്ങിനാർ.

എൻപുത്രിമാർ പോയിരുളാം വീട്ടിന്നു വിഭവാവലി
എന്തിനെന്നായ് സ്ത്രീധനങ്ങൾ വിദേഹൻ വാരിനല്കിനാൻ.

പുത്രിമാരെദ്ദശരഥൻകൈയിലേല്പിച്ചു പാർത്ഥിവൻ
പ്രയാസപ്പെട്ടൊരുവിധം പിന്നെ യാത്രവഴങ്ങിനാൻ.

Digitized By Kerala Sahitya Akademi

തലോടിയും കൈപിടിച്ചും തേങ്ങിയും തമ്മിലന്നവർ
തൊഴുതും കണ്ണീർപൊഴിച്ചുമാശ്ലേഷിച്ചും പിരിഞ്ഞിതു.

ശൂന്യമായ്തോന്നി മിഥില ശൂന്യമായ് രാജമന്ദിരം
അതിലും ശൂന്യമായ് ഭൂപന്നാത്മാ ജാനകി പോകയാൽ.

ആഘോഷമോടയോദ്ധ്യയ്ക്കു പോമദ്ദശരഥാദിയെ
വഴിക്കു കണ്ടു കോപിച്ചു വഴക്കായ് ഭാർഗ്ഗവൻ മുനി.

മഴുവേന്തും രാമനവൻ മലയാളം നികൃഷ്ടിയോൻ
ക്ഷത്രിയന്മാരെന്നുകേട്ടാൽ ക്ഷമയില്ലാത്തൊരന്തണൻ.

രാമൻതാനേകനേയാവൂ രാഘവൻ പേരുമാറണം
രക്ഷയല്ലെങ്കിലില്ലെന്നാൻ രണഭീമൻ തപോധനൻ.

എന്നല്ലിവൻ വിദേഹന്റെ വില്ലൊടിച്ച മഹാപുമാൻ
എന്റെ വില്ലും കുലയ്ക്കേണമെന്നമ്മുനി ശഠിച്ചുപോൽ.

പേടിച്ചു കാൽപിടിക്കുന്ന പിതാവിൽ കൃപയെന്നിയേ
പരുഷംചൊല്ലുമവനെപ്പിന്നെക്കുസീല രാഘവൻ.

വില്ലിങ്ങു തരികെന്നഞ്ഞു വാങ്ങിനാൻ കുലയേറിനാൻ
വലിച്ചമ്പുതൊടുത്താനാ വീര്യവാൻ രഘുനന്ദനൻ.

അയ്യോ! നമ്മെ വധിച്ചേക്കുമമാനുഷയുവാവിവൻ
എന്നു പേടിച്ച ഭയവുമന്നറിഞ്ഞിതു ഭാർഗ്ഗവൻ.

താണുകുപ്പീടുമവനെ ക്ഷത്രധർമ്മം നിനച്ചുടൻ
തേജോവധംചെയ്ത രാമൻ വിട്ട വിപ്രത്വമോർത്തുമേ.

ദയതോന്നും ഭൃഗുസുതൻ തലതാഴ്ത്തിയതോക്കുകിൽ
ജാതിവൈരം പുലർത്തുന്ന ജളന്മാക്കിതു പാഠമാം.

തൻമുമ്പിൽ കണ്ട പുത്രന്റെയീയലൗകികവിക്രമം
താതൻ ദശരഥൻപൂണ്ട ധന്യത്വമതിരുള്ളതോ?

വീണിതേ കുമ്പിടും രാമശിരസ്സിൽ ഹഷ്ഹേതുവാൽ
താതാശ്രുവും വസിഷ്ഠന്റെയാശീർവചനധാരയും.

മൂക്കിൽ ചേർത്തുള്ള വിരലും നീക്കീട്ടരികിലെത്തവേ
അമ്മമാരും ജാനകിയുമുമ്മവച്ചിതു രാമനെ.

കുടുംബപരിവാരങ്ങളൊത്തുപോയ് പിന്നെ മന്നവൻ
കൊമ്പൻകാട്ടാന കൂട്ടത്തോടെന്നപോൽ ഭയമെന്നിയേ.

Digitized By Kerala Sahitya Akademi

വേളികഴിഞ്ഞു വേണ്ടവിധത്തൊക്കെയുമാനന്ദാധികം
ലാളിതരാം കുമാരരൊടയോദ്ധ്യയിലെത്തി നൃപൻ;

മാളികമേലുമത്തെരുവിലും മിഴിമുട്ടിപ്പരും
ധൂളിതടുക്കിലും ജനത നിന്നതു നോക്കി സുഖം.

അയോദ്ധ്യാകാണ്ഡം

വേട്ട രാജകുമാരന്മാർ നാൽവരും വന്നനാൾമുതൽ
വിശേഷിച്ചു മഹാലക്ഷ്മി നൃത്തമാടിയയോദ്ധ്യയിൽ.

തെളിഞ്ഞു പാരം ശോഭിച്ചു ഭാര്യാപുത്രവ്യൂഹത്തൻ
താരാകുടുംബത്തോടൊത്ത ശരൽപൂർണ്ണേന്ദുപോൽ നൃപൻ.

അന്യോന്യമവരൻപാൻ രാജിച്ചു രാജധാനിയിൽ
ഏകസ്നേഹത്തിലെരിയും ഭിന്നദീപങ്ങൾപോലവേ.

അനുമോദിച്ചു ഭാഗ്യംകണ്ടാചാര്യരുമമാത്യരും
അതുലാനന്ദമുൾക്കൊണ്ടു വാണ പൗരജനങ്ങളും.

രാജധാനിയിലേ ക്ഷേമം രാജ്യമെങ്ങും പരന്നിതു
തലച്ചിറയിലെത്തണ്ണീർ താണോടും വയൽതോറുമേ.

കാലത്തിൽപ്പെയ്യു മഴകൾ കൃഷിയേലും നിലങ്ങളിൽ
കാലത്തിൽ വാച്ചു സസ്യങ്ങൾ കാലത്തിൽപ്പൂത്തു കാടുകൾ.

വ്യാപിച്ചു നാട്ടിലൊരുപോൽ വിദ്യയും വ്യവസായവും
വർദ്ധിച്ചു ധർമ്മവും ലോകർക്കായുരാരോഗ്യസൗഖ്യവും.

പാടീ നൃപന്റെ ഭാഗ്യങ്ങൾ നാട്ടിൽ ഗായകപുത്രിമാർ
പികശിഷ്യകൾ പാവങ്ങൾ വേടത്തികൾ വനത്തിലും.

ക്രമേണ നൃപപുത്രർക്കു കൗമാരംപോയ് മറഞ്ഞുടൻ
താരുണ്യശ്രീ കളിക്കുന്ന പന്തലായ് തീർന്നു പൂവുടൽ.

ചുണ്ടും കടക്കണ്ണുകളും ചുവന്ന രാമനേറെവും
സ്കന്ധം തടിച്ചു വക്ഷസ്സു വിരിഞ്ഞു നീണ്ടു കൈകളും.

രാജിച്ചു രാമചന്ദ്രന്റെ ഗണ്ഡം രോമാങ്കുരാഭയാൽ
പുത്തൻകാർകൊണ്ടലാൽ നീലനഭസ്സിൻപാർശ്വമെന്നപോൽ.

നിസ്തുല്യശോഭയാന്നാരക്കൊച്ചുനീലോൽപലാക്ഷിമാർ
നിറംകാച്ചിത്തിളങ്ങുന്ന തങ്കപ്പാവകൾപോലവേ.

Digitized By Kerala Sahitya Akademi

രാഗമേലും യൗവനാക്കരശ്ശി തട്ടിത്തിളങ്ങിനാൾ
താമരപ്പൂപോലെ സീത സർവ്വാവയവമോഹിനി.

നാലുകെട്ടിലെഴും തനുവിനിരയാം രത്നമാടയിൽ
നായകക്കല്പ്പു താനായി സീത സൗന്ദര്യദേവത.

അവൾ നില്ക്കുന്നപോൽ നില്ക്കു മവളെപ്പോൽ നടന്നിടും
അവൾപോൽ ദൃഷയണിയുമയോദ്ധ്യയിൽ നൽതാംഗിമാർ.

മത്സരിച്ചെന്നതോന്നീടുമോക്കിൽ മൈഥിലിയിൽസ്വയം
രൂപമാധുര്യമൊട്ടതാൻ ശീലമാധുര്യമെന്നാമേ.

പ്രേയാനിൽ പ്രീതിവർദ്ധിച്ചു ഭക്തിയേറീ ഗുരുക്കളിൽ
വാത്സ്യ ബന്ധുക്കളിൽ സ്നേഹം ഭൃത്യരിൽ കൃപതാനുമേ.

ബുദ്ധി പാരം പ്രകാശിച്ചു ധർമ്മത്തിൽ ശ്രദ്ധ കേമമായ്
കാലുന്നീ നിഷ്ഠ കൃത്യത്തിൽ ജാനകിക്കു ദിനംപ്രതി.

രൂപവും ഗുണവും കണ്ടു രാമൻ സീതൈതകചിത്തനായ്
സീതയ്ക്കു രാഘവൻ നിത്യം സാക്ഷാൽ പ്രാണനുമായിതേ.

പരിഹാസങ്ങളിൽപോലും പൊളിയോതില്ല രാഘവൻ
കളിയായും കാലുവയ്പ്പീലപഥത്തിൽ മഹാനവൻ.

വിജ്ഞാനനിധിയാം രാമൻ വിനയംകൊണ്ടു മൂകനായ്
വിശ്വൈകവീരനെന്നാലും വന്വൊതാതതിശാന്തനായ്.

സമൃദ്ധിയൊന്നും രാമന്നു തെല്ലും ഗർവ്വേകിയില്ലതാൻ
പൂർണ്ണകുംഭം തുളുമ്പില്ല ഭള്ളെലാ ഭാഗ്യശാലിയും.

ശോഭിച്ചു തുല്യഗുണരായനുജന്മാരുമങ്ങനെ
ശ്രീയുക്തരായ് സുഖംവാണു നാലുസൗധത്തിൽ നാൽവരും

സ്നേഹവൃത്തികളാൽ മേന്മേൽ സക്തൻ രാമനു ലക്ഷ്മണൻ
പാശ്ചാത്തമത്തിൽ പിണയും പേരാൽപോലെയഭേദ്യനായ്.

ഉത്സാഹയുക്തരായ് തമ്മിൽ സ്നിഗ്ധരാമന്നുപാത്മജർ
ഓരോരോ രാജ്യകൃത്യത്തിൽ സഹായിച്ചു പിതാവിനെ.

നന്മകൾക്കുള്ള തികവും കൃത്യനൈപുണ്യധാടിയും
നയവൈദഗ്ധ്യിയും കണ്ടു മന്ത്രിമാർ വാഴ്ത്തി രാമനെ.

ദണ്ഡിക്കിലും ദണ്ഡ്യരോടും ദ്വേഷമാന്നീല ധാർമ്മികൻ;
ദണ്ഡിതന്മാക്കുമവ്വണ്ണം രാമൻ സമ്മതനായിതാൻ.

വാത്സല്യമാശ്രിതന്മാരിൽ, ധൈര്യം സ്വീകൃതരക്ഷയിൽ,
സമാദരം സജ്ജനത്തിൽ, ദുർജ്ജനത്തിലനാദരം,

Digitized By Kerala Sahitya Akademi

മുതിർന്ന മിന്നീ രാമന്നീ മൂന്നുനാലു മഹാഗുണം
മഹാഘ്നമാം ഖനിക്കുള്ളിൽ മുഖ്യരത്നങ്ങൾപോലവേ.

എന്നോടാണധികം പ്രീതിയെന്നോടാണെന്ന രാമനിൽ
എപ്പോഴും തോന്നിടും സ്നേഹമിടപെട്ടോരിലാക്കുമേ.

കണ്ടീയനന്യസുലഭഗുണശ്രേണി കുമാരനിൽ
കണക്കെന്യേ ദശരഥൻ മോദിച്ചു പുത്രവത്സലൻ.

പന്തീരാണ്ടിങ്ങനെയഹോ കാലം ഭാഗ്യമനോഹരം
പരമാനന്ദമായ് പോയിതേതാനും ദിവസങ്ങൾപോൽ.

അക്കാലം ശ്രീഭരതനെക്കൂറാൽ കേകയമന്നവൻ
ക്ഷണിച്ചു നിജരാജ്യത്തിൽ സൽക്കരിപ്പാൻ സപരിവാരനായ്

താതാനുജ്ഞയുടൻ വാങ്ങി സ്വൈരം സപരിവാരനായ്
ശത്രുഘ്നനൊത്തുപോയങ്ങു വാണാൻ കൗതുകമോടവൻ.

മഹാരാജാ ദശരഥനോത്താനന്ന വയോധികൻ
മകന്ന മകുടം ചൂടിക്കേവലം വിശ്രമിക്കുവാൻ.

പ്രായമായ കുമാരങ്കൽ ഭാരംവച്ചു കുടുംബികം
വിശ്രമിപ്പു വയസ്സായാൽ വിശേഷിച്ചും നൃപോത്തമർ.

അമ്മാമൂലും രാമനിൽ തൻപ്രീതിവാഴ്ച്ചും നിനച്ചുടൻ
ശ്ലാഘിച്ചിതന്നുപമതം ഗുരുവും മന്ത്രിമുഖ്യരും.

പിന്നെപ്രജകളക്കാര്യംബോധിപ്പാൻ സ്പഷ്ടയോതിനാൻ
പൗരജാനപദന്മാർതം മഹാസഭയിൽ മന്നവൻ.

''പ്രിയപ്രജകളേ! രാജ്യം നിങ്ങൾക്കായിബ്ഭരിച്ചു ഞാൻ
ചിരകാലം ശ്രദ്ധയോടു,മിപ്പോഴം വാർദ്ധക്യമായിതേ.

ആയുശ്ശേഷം നയിക്കേണമിനിയധ്യാത്മചിന്തയാൽ
കൂടാതെ കഴിയാ,മൃത്യു മാറിനിപ്പാ നൃപാജ്ഞയാൽ.

മജ്യേഷ്ഠതനയൻ രാമചന്ദ്രൻ ലോകമനോഹരൻ
പ്രിയൻ നിങ്ങൾക്കു വിനയി വിദ്വാൻ വിദിതവിക്രമൻ

മനതൊട്ട മഹാന്മാരെത്തുടർന്നൻ മസ്തകത്തിലായ്
മിന്നും ഭാരമണിഞ്ഞെന്നെ മോചിപ്പിക്കട്ടെയിന്നവൻ.

ഇതെന്റെ കാങ്ക്ഷിതം നിങ്ങളെന്തുചൊല്ലുന്ന ചൊല്ലുവിൻ.
പ്രജാഹിതച്ചരടിലെപ്പോവയല്ലോ നരാധിപൻ.

പൗരമുഖ്യന്മാരിലൊരാളെഴുന്നേറ്റുടനോതിനാൻ
പിന്നെയുള്ളോർ സംജ്ഞകളാൽ സാമോദം സംവദിക്കവേ.

Digitized By Kerala Sahitya Akademi

''കല്പിച്ച നിശ്ചയത്തിന്റെ ഗുണദോഷങ്ങളോക്കുകിൽ
അടിയങ്ങൾ കുഴങ്ങുന്ന മോദഖേദങ്ങളാൽ വിഭോ!

സ്വയം ജനത രാജാവായ് വരിക്കേണ്ടും ഗുണാകരൻ
രാമചന്ദ്രൻ സ്വരാജ്യാവായ് വന്നാലാക്കിഷ്ടമായ്വരാ.

എന്നാൽ സങ്കടമിത്യാക്കൈ ചെങ്കോൽ കൈവിട്ട കാണ്മതും
പിന്നെത്തിരുവുള്ളംപോലെയെല്ലാം സ്വസ്തി മഹാപ്രഭോ!''

പുരോഹിതൻ പാർത്ഥിവന്റെ ഭാവം കണ്ടുടനോതിനാൻ:
''പ്രിയം നാളെ മഹാകേമം മുഹൂർത്തം മുടിച്ചൂടുവാൻ.''

''എന്നാൽ നന്നുടനേതന്നെ ക്ഷിപ്രം വട്ടമുപേക്ഷിയാ
ശുഭാർത്ഥി പുണ്യകാലത്തെപ്പൂജ്യാതിഥിയെയെന്നപോൽ.''

എന്ന കല്പിച്ചു നൃപതി മന്ത്രിയാകും സുമന്ത്രരെ
ത്വരിപ്പിച്ചാൻ, രാമനോടു വാർത്തചൊല്ലാനുമോതിനാൻ.

പിന്നെയാചാരോപചാരവിധിയെല്ലാം കഴിഞ്ഞവർ
പിരിഞ്ഞാരുടനത്സാഹസംഫുല്ലവദനാംബുജർ.

അറിഞ്ഞു രാഘവൻ കാര്യം കേട്ട സീതയനന്തരം
കൗസല്യ കേട്ട കൈകേയി കേട്ട, കേട്ട സുമിത്രയും.

വിളംബരമുടൻതന്നെ പരന്ന നാട്ടിലെങ്ങുമേ
വിസ്മയിച്ച ഹർഷാർന്ന തുള്ളിയാർത്ത ജനാവലി.

പരിഷ്കരിച്ചു നഗരം പുതുക്കീ രാജപാതകം
അലങ്കരിച്ചു പുങ്കാവുമന്നതാനധികാരികം.

വിളങ്ങീ വെൺകളികളാൽ വീഥിയിൽ സൗധരാജികം
പാലാഴിയിൽ കൊടുങ്കാറിൽപ്പൊങ്ങുമുമ്മികംപോലവേ.

പാറീയവസ്ത്രമേൽ സന്ധ്യാമേഘംപോലെ പതാകകം
മഴവില്ലിൻ നിരകംപോൽ തുങ്ങീ തോരണമാലകം.

പൊങ്ങീ കൂടാരനിരകം സരയൂപുളിനങ്ങളിൽ
അടുത്ത വെൺമുകിലുപോൽ ദൂരെയന്നങ്ങൾപോലെയും.

ചിത്രാംബരംപൂണ്ട മിന്നീ പട്ടാളം പാളയങ്ങളിൽ
ചെന്താമരപ്പൊയ്കകളിൽ ഫുല്ലപുഷ്പങ്ങൾപോലവെ.

കേൾക്കുമാറായങ്ങുനിന്ന കാഹളങ്ങളിടയ്ക്കിടെ
കുണ്ഠകൗതൂഹലംകൂട്ടും ഹംസധ്വനികളെന്നപോൽ.

പരന്നകാണായങ്ങു കുതിരപ്പടയാളികം
പ്രഭാതവായുവിൽ ചിന്നിപ്പാറും പൂമുകിൽമാലപോൽ.

Digitized By Kerala Sahitya Akademi

പൊൻതൂൽ വിരിപ്പിട്ടുനിന്നിതണിയായ് കുലയാനകം
ചാരു ബാലാതപംപൂണ്ട ശൈലശൃംഗങ്ങൾമാതിരി.

മുഴങ്ങീ മാറൊലിയൊടും ഗോപുരങ്ങളിൽനിന്നുടൻ
ഭേരീപടഹനാദങ്ങളകാലസ്തനിതങ്ങൾപോൽ.

ചിത്രവസ്ത്രമണിഞ്ഞുള്ള നാവികന്മാർ വലിച്ചുടൻ
വന്ന വിവിധവർണ്ണത്തിൽ പ്രഭുക്കളുടെ തോണികൾ.

കൊടികുത്തിപ്പാടിയെത്തും നൗകയ്ക്കുല്ലാമണിഞ്ഞിത്ര
സംഭിന്നവീചീഹസ്തത്താൽ പൂമാല സരയൂനദി.

പൃതുവെഞ്ചാമരംപൂണ്ടു കോപ്പണിഞ്ഞുള്ള വാജികൾ
വലിച്ചു പൊടിപാറിച്ചു വന്ന പുഷ്യരഥങ്ങളും.

നാനാശില്പങ്ങളാൽ നേത്രരമ്യമാം പൂമുഖത്തൊടും
നെടുംപുരകൾ ശോഭിച്ചു സഭാസത്മാങ്കണങ്ങളിൽ.

പട്ടുമെത്തകളും ചിത്രവിരിപ്പുംപൂണ്ടു ഭംഗിയിൽ
പീഠം നിരന്നുകാണായി പലക്കായ് പലമാതിരി.

ഉള്ളിലായുന്നതം സ്വർണ്ണസിംഹാസനമവയ്ക്കുമേൽ
നായകംപോലെ വിലസി നടുവേ രത്നഭാസുരം.

കുശപ്പുല്ലും ചമതയും നെയ് പാൽ തേൻതൊട്ട ഹവ്യവും
കൂടീ വിശേഷവിധിയായടുത്തോരഗ്നിശാലയിൽ.

അഭിഷേകാർത്ഥമാം തീർത്ഥജലം പൊൻകലശങ്ങളിൽ
നിരന്നുമിന്നീ ചെന്തെങ്ങിന്നിളനീർനിരപോലവേ.

നൃപാജ്ഞ മന്ത്രിതൻബുദ്ധി വസിഷ്ഠന്റെ വിധിജ്ഞത
ഇവയ്ക്കൊത്തായി സംഭാരമെല്ലാമെന്നോതിയാൽ മതി.

രാമാഭിഷേകം പിറേന്നാൾ രാവിലേ കണ്ടുകൊള്ളുവാൻ
നാട്ടുപുറത്തുകാർ വന്നു തിക്കീ നഗരമാകവേ.

ഉൾനാട്ടിലെബ്ബന്ധുമിത്രജനത്തെസ്സൽക്കരിക്കുവാൻ
ഉത്സാഹിക്കും ഗൃഹിണിമാരങ്ങീലന്നു രാത്രിയിൽ.

പാകഗന്ധങ്ങളും തീയും പുകയും ജനശബ്ദവും
പകലേക്കാളേറി രാവിലടുക്കളകൾതോറുമേ.

ആൾത്തിരക്കും വിഭ്രമനയുമുത്സവങ്ങളുമാകയാൽ
അങ്ങാടിയിലടച്ചീലാ രാവിൽ പീടികയാരുമേ.

രസജ്ഞപാന്ഥരെശ്ശീതരാഗംകൊണ്ടു വിളിച്ചഹോ
വിനോദിപ്പിച്ചു തെരുവിൽ നിശാനാടകശാലകൾ.

Digitized By Kerala Sahitya Akademi

മോടിയാന്നംബരപ്പന്തൽ നടുവേ രത്നദീപമായ്
മുത്തമാമുത്സവംപോലെ വിലസീ ചന്ദ്രബിംബവും

കിരീടംപൂണ്ടവേഷത്തിൽ സീതയോടൊത്തു രാമനെ
കാണ്മാൻ വൈകിശ്രുപിച്ചാരക്കാമ്യരാത്രിയെയും ജനം.

താരാവലിയെ മങ്ങിക്കും ദീപ്തി ചന്ദ്രൻ ചൊരിക്കിലും
തെളിഞ്ഞുകാണെമാറായി നെഞ്ചിൽത്തന്നെ കളങ്കവും

അത്തിരക്കിൽ കേകയത്തിൽനിന്നയോദ്ധ്യയിലെത്തിനാൾ
കൈകേയിതൻവളർത്തമ്മ ക്രൂനി മന്ഥരയെന്നവൾ.

കൊമ്പിലുംക്രൂത്ത കൗടില്യംകൊണ്ടൊയെന്മ ചെന്നടൻ
കലക്കിനാൾ തെളിഞ്ഞൊരു കൈകേയീമനമാം കുളം

ഭരതൻ നാട്ടിലില്ലാത്തകാലത്തീയഭിഷേചനം
കൗസല്യതൻ കുസൃതിയെന്നസ്ഥാപിച്ചു സപത്നിയാൾ.

പെണ്ണുങ്ങൾക്കീവിധം തമ്മിൽ പതിവാണീഷ്യയെന്നമേ
പിന്നെയേഷണിയും ചേർന്നാൽ പറയേണ്ടാ വിപത്തുതാൻ..

പൂന്നിലാവൊത്ത ചിരിയും പൊൻമെയ്യും കായകാന്തിയും
കരിയാം സുഗ്രീവനുള്ളിൽകത്തുമസൂയയാൽ.

രാജ്ഞിമാർമൂവരിൽ സുന്ദര്യ കൈകേയിയാണപോൽ
മന്ഥരാഭ്രമവളെബ്ബീഭത്സമയാക്കിതാൻ.

ആപ്പരിപ്പോയ തേർവണ്ടി തടുത്തു തൃണചെയ്തനാൾ
ഏറേറാരിഷ്ടവരം രണ്ടുമിപ്പോൾ ചോദിച്ചുകൊള്ളണം.

രാജ്യം ഭരതനാക്കേണം രാമനെക്കാട്ടുകേറണം
രാജാവിനെപ്പാട്ടിലാക്കിയഭിഷേകം മുടക്കണം.

എന്നോതിയും ശഠിച്ചും പിന്നുപഹാപോഹങ്ങൾ നീട്ടിയും
കൈകേയിയാം കോമരത്തെക്കീഴടക്കി പിശാചവൾ.

ഉത്സവോത്സുക കൈകേയിയെന്നോത്തന്നതിരുഷ്ടനായ്
തദ്ഗേഹമെത്തിനാൻ രാവിൽ രാജാ പള്ളിക്കുറുപ്പിനായ്..

''എന്നുണ്ണി രാമചന്ദ്രന്നു ഞാൻ കൗസല്യയിലും പ്രിയ''
എന്നോതി വാണോരവളെയന്യഥാ നൃപനോക്കുമോ.

കണ്ടില്ല പള്ളിയറയിൽ കൈകേയിയെയകത്തഹോ!
പള്ളിമെത്തവിരിച്ചില്ല കത്തിച്ചിട്ടില്ല ദീപവും.

അങ്ങു കണ്ടൊരന്ധകാരമകക്കാമ്പിരുൾ പകർന്നപോൽ
അന്ധനായ് വിസ്മയിച്ചേറെ ദുഃഖിച്ചവശനായ് നൃപൻ..

Digitized By Kerala Sahitya Akademi

പ്രിയയെങ്ങെന്നുചോദിച്ചാനടുത്തുള്ളൊരുകോണിലായ്
കിടന്നുകരയുന്നെന്നു ചൊന്നാളങ്ങൊരു തോഴിയാൾ

പാഞ്ഞങ്ങൻപിൽച്ചെന്നെടുത്താൻ കേശപക്ഷം വിതിർത്തുടൻ
നിലത്തടിഞ്ഞുകേഴുന്ന കാന്തയാം കിളിയേ നൃപൻ.

''കാന്തേ! കഷ്ടം! കഷ്ടമെന്തീ ദുഃഖം കേഴാസ്സു ചൊല്ലു നീ
നിന്നിഷ്ടമേതുംചെയ്വൻ ഞാനെന്തിപ്പോഴം ചെയ്യണം
പ്രിയേ?''

എന്നോതും നൃപനോടയ്യോ ചോദിച്ചാളാ വരദ്വയം
പാലൂട്ടുന്ന കരാഗ്രത്തിൽ കടിക്കും പാമ്പുപോലവൾ.

ചീറിശ്ശ്വാസിച്ചേറുനില്പ്പുമവൾമുമ്പിലഹോ നൃപൻ!
ശരണംവിട്ട മോഹിച്ചുവീണാൻ സത്യപരായണൻ.

പറഞ്ഞപടി ചെയ്യുന്ന ശീലംതാൻ സത്യസന്ധത
പ്രാണനെപ്പുല്ലുപോൽ തള്ളും പാലിക്കും വാക്കു ധാർമ്മികൻ.

പടത്തലയിലത്യന്തധീരൻ ശത്രുഭയാനകൻ
പേടിക്കുന്നു ദശരഥൻ സത്യത്തേ!—സത്യമീശ്വരൻ.

തളത്തിൽവീണ ഭർത്താവിൻ കൈകേയിയലിയാതഹോ!
തച്ചാപലത്തെബ്ഭർത്സിച്ചാൾ, കഷ്ടം! സ്ത്രീതന്നയോ-
യിവൾ!

പിടിച്ചപിടി വിട്ടീടാ മുമ്പോ പിമ്പോ നിനച്ചിടാ
ചെവികേളാ ശാജനം പിണമോ പേക്കുരങ്ങതോ!

മന്നനെത്താങ്ങി മഞ്ചത്തിൽ കിടത്തീ പരിചാരകർ:
കൈകേയി കലിപോൽ നിന്നു ശയിച്ചു ശവമായ് നൃപൻ.

ഒവെളുപ്പാറായിസമയ,മെന്തോതേണ്ടതയോദ്ധ്യയിൻ
ഉത്സവശ്രീയ്ക്കിതാ താലിയറ്റു! കെട്ടിയ പന്തലിൽ!

മുഖംകാണ്മാൻ മുമ്പുവന്ന സുമന്ത്രർ കഥകേട്ടപോയ്
രാമനോടോതിയുഴറി രാഘവൻ വന്ന രാവിലെ.

ഉണ്ണീ,യച്ഛനണഞ്ഞീല ശയിക്കുന്നു വിസംജ്ഞനായ്
കഴിച്ചു രാത്രിമുഴുവൻ നിന്നെച്ചൊല്ലിക്കരഞ്ഞുതാൻ.''

എന്നോതി നിന്ന കൈകേയിതന്നെക്കുമ്പിട്ട രാഘവൻ
കടന്നുപോയ് താതപാദം തൊട്ടു വീണുവണങ്ങിനാൻ.

പുത്രസ്പർശരസാഭിജ്ഞമുണർന്നു പാർത്ഥിവേന്ദ്രിയം
പ്രോക്ഷിച്ച ജലമേറ്റൊരു പിച്ചിമൊട്ടെന്നപോലുടൻ.

Digitized By Kerala Sahitya Akademi

കൺതുറന്ന നൃപനഹോ കാട്ടിനില്പ്പം കുമാരനെ
കണ്ടു വലഞ്ഞു വാവിട്ടു കരഞ്ഞു കഷ്ടമാത്മനായ്!

''ആയാസമാറ്റിടാറ്റയ്യോ! കേഴാറ്റു കണാനിഥേ!
സമാശ്വസിക്ക! യടിയനറിഞ്ഞു സത്യമാകുവേ!

ഇളയമ്മ ശഠിക്കുന്നതോർത്തു ഖേദിച്ചിടാതെ നാം
ഏറ്റകൃത്യം നടത്തേണമേതുവന്നാലുമിന്നിനി

ആയുധ്രാജ്ജിതമാം രാജ്യമനിത്യം പാക്കിലെന്നമേ
യശോധനന്മാരാണല്ലോ താത! നമ്മുടെ പൂർവികർ.

രാജ്യത്തെ പുത്രനെ ഭാര്യതന്നെയെന്നല്ല തന്നെയും
കൈവിട്ടമവർ കാത്തോരദ്ദായം നമ്മൾക്കു ശാശ്വതം.

ആയതോർത്താൽ പതിന്നാലു കൊല്പ്പം പോയ്യാട്ടിൽവാഴുവാൻ
ആയാസമിവനില്ലച്ഛാ! ഭരതൻ രാജ്യമേല്ക്കുകിൽ.

എന്നല്ലഹോ പിതൃസ്നേഹം കാട്ടി വിഖ്യാതിനേടുവാൻ
ഈവന്ന ദൈവയോഗത്തെയുപേക്ഷിക്കയുമില്ലിവൻ.''

നന്ദനൻ ചൊല്ലുമീ വാക്യം നൃപനാശ്വാസമേകിതാൻ
സുഖമൃത്യുവിനായ് നല്ലം സിദ്ധഭേഷജമെന്നപോൽ.

പിന്നെബ്ഭശാത്തനായ് കെട്ടിക്കേഴും നൃപനെ വിട്ടഹോ
പോയാനൊരുവിധം രാമൻ വനയാത്രയ്യോരുങ്ങുവാൻ.

വീണ്ടുമത്ഥിക്കിലും വീതദയയാം കേകയാത്മജ
നൃപന്നസഹ്യയായ് തോന്നി ചിതാഗ്നിജ്ജ്വാലപോലവേ.

തൽക്ഷണംതന്നെ കൗസല്യാസദനം പൂകുവാൻ സ്വയം
ത്വരിക്കും നൃപനെത്തണ്ടിലേറ്റിയ്ങ്ങാക്കി മന്ത്രിമാർ.

കാട്ടിൽ പോകുന്ന തനയൻ പരലോകോന്മുഖൻ പ്രിയൻ;
കഷ്ടം കുഴങ്ങി കൗസല്യ സപത്നീപരിഭ്രതിയാൽ.

സശ്രദ്ധം രാമമാതാവാലങ്ങു രക്ഷിതനാം നൃപൻ
സഹിച്ചു തൽപ്രലപിതം സ്നേഹദ്വേഷകഷായിതം.

മടങ്ങിസ്സദനം പുക്ക രാമന്റെ മുഖപങ്കജം
മംഗല്യവേഷോത്സുകയാം സീതയെക്കണ്ടു മങ്ങിതാൻ.

''മനുഷ്യനൊന്നോത്തിരിക്കും മറ്റൊന്നവന വന്നിടും,
മതി സീതേയലങ്കാര,മഭിഷേകം നടന്നിടാ.''

മെല്ലെന്നിതോതും പൊളിചൊല്ലാത്ത കാന്തന്റെ മുമ്പിലായ്
മിഴിച്ചുനിന്നുപോയ് സീത പണിതീരാത്ത പാവപോൽ.

Digitized By Kerala Sahitya Akademi

തലോടിയെല്ലാം കേൾപ്പിച്ച രാഘവൻ, പിന്നെ ജാനകി
സ്ത്രീസ്വഭാവത്തിനാൽ വാടി വീണ്ടും ധീരതതേടിനാൾ.

താതമാതാക്കളൊത്തങ്ങു തങ്ങാൻ തർകാന്തനോതവേ
തക്കിച്ചാളനയാത്രയ്ക്കു മുമ്പേയവളിറങ്ങിനാൾ.

''വില്ലൊടിച്ചെന്ന വേട്ടോരുകൈയിൽ തലയണച്ചു
വിശ്വസിച്ച ഭയം വിട്ട വൻകാട്ടിലുറങ്ങുവൻ. [ഞാൻ

എന്നെക്കൂടാതെ പോകൊല്ല പോകൊല്ല കരുണാനിധേ!''
എന്നാളെന്നല്ലശ്രുവിച്ചെന്നാൾ സീത പതിവ്രത.

അതുകണ്ടലിവാൽ കണ്ണീരറിയാതാന്ന രാഘവൻ
''എന്നാൽ പ്രിയേ! പോരികെ''ന്നും ചൊന്നാൻ ഗദ്ഗദ–
മാന്നടൻ.

നൊടിയിൽ പാഞ്ഞുവന്നെത്തി ധൃഷ്ടനായങ്ങു ലക്ഷ്മണൻ
മഴയുറ്റുമിന്നലൊത്ത മേഘത്തിൻമുന്പു കാറുപോൽ.

''കഷ്ടം! മാന്യനപാത്രത്തിൽ മാർദ്ദവം കാട്ടിടുന്നതാൻ
കൊടുക്കുകില്ല ഞാൻ രാജ്യം ദുർജ്ജനത്തിന്റെ ക്രുത്തിനായ്.

കൈകേയീവിജിതൻ താതൻ വൃദ്ധൻ വികലമാനസൻ;
കരഞ്ഞാലും ചിരിച്ചാലും കാര്യമേ കാര്യമായ്വരൂ.

പുരം നിലവിളിക്കുന്ന ഭർത്സിക്കുന്ന വിവേകികൾ
ക്ഷത്രിയോചിതമല്ലാര്യൻ ചെയ്വതെന്നായി വീരനും.

പാടില്ല പോകുവാൻ ജ്യേഷ്ഠാ പരിപന്ഥിഭയാനകൻ
സൗമിത്രി ശ്രുമേന്തുന്ന ഭ്രലോകപതിയങ്ങുതാൻ.

കത്തുന്ന കോപമഹിതവഹ്നിത്തെബ്ഭസ്മമാക്കുവൻ
സരയൂജലപൂരത്തിൽ കലക്കുവനയോദ്ധ്യയെ.''

ചൊടിച്ചിതോതുമനുജൻതന്നെയൻപാന്ന നോക്കിയും
അസമ്മതസ്മിതംകൊണ്ടു തജ്ജിച്ചും രാമനോതിനാൻ:

''പൗരുഷം ദുർബ്ബലന്മാരിൽ കാട്ടും വമ്പല്ല ലക്ഷ്മണ!
കൊതിയാൽ മൂടയോരാത്ത ബുദ്ധിയല്ല വിവേകവും.

സത്യവാൻ സ്വന്തകൃത്യത്തിൽ ന്യായാന്യായങ്ങൾ ചിന്തിയാ;
തന്നിഷ്ടം നേടുവാൻ ശ്രുമേന്താ ക്ഷത്രിയധാർമ്മികൻ.

സ്വന്തചിത്തം കീഴടക്കാൻ സാമർത്ഥ്യമിയലാത്തവൻ
സാർവ്വരാജ്യം ജയിച്ചാലും സൗമിത്രേ! മെച്ചമില്ലതിൽ.

Digitized By Kerala Sahitya Akademi

പോകുന്ന ഞാൻ വനത്തിന്നു സീത പോരുന്ന കൂടവേ
നീയേയയിങ്ങുള്ള താതന്നു ഭരതൻ വരുവോളവും.''

എന്നോതി നടകൊള്ളുന്ന പൂർവ്വജന്റെ പദങ്ങളിൽ
ഇടിഞ്ഞ ഗോപുരംപോലെയുദ്ധതൻ വീണു ലക്ഷ്മണൻ.

''ജ്യേഷ്ഠൻ വെടിഞ്ഞ പുരിയിൽ ജീവിപ്പാൻ ശക്തനല്ലിവൻ
ഭൃത്യനായ് പോരുവൻ കൂടി,യല്ലെന്നാകിൽ മരിക്കുവൻ.''

എന്നു നിബ്ബന്ധമോതുന്ന തമ്പിയെത്താങ്ങി രാഘവൻ
എഴുനേല്പിച്ചാശ്വസിപ്പിച്ചനുജ്ഞയരുളീടിനാൻ.

പിന്നെ മുറുങ്ങുമൊന്നിച്ചു പോയ്ടൻ വിടവാങ്ങുവാൻ
കൗസല്യാസദനം പുക്കു പിതൃപാദം വണങ്ങിനാർ.

ഗുരുക്കളും മന്ത്രിമാരുമുറ്റബന്ധുക്കളും സ്വയം
കൂടിനാരങ്ങു വിരവിൽ വന്നാശു കൈകേയിതാനുമേ.

നിശ്ചേഷ്ടാമസ്സഭയിൽ ചേഷ്ടിച്ചിതവളേകതാൻ
ഇന്ദ്രിയങ്ങളുറങ്ങുന്ന തലയിൽ പേക്കിനാവുപോൽ!

വനവാസത്തിനുതകും വേഷോപകരണാദികം
വരുത്തിയേകി രാജന്യ വിട മുമ്പിവളേകിനാശു.

എന്നല്ല പട്ട പറ്റില്ല കാട്ടിലെന്നായുടുക്കുവാൻ
സീതയ്ക്കും രാമനും രണ്ടു മരത്തോലവശം നീട്ടിനാശു.

''അനാര്യേ! കേകയകുലത്തിന്റെ പാപാവതാരമേ!
മതി ധാർഷ്ട്യം; ജാനകി നിന്നാജ്ഞ കേൾക്കേണ്ട നിർണ്ണയേ!''

എന്നു കോപോഗ്രനായോതി വസിഷ്ഠൻ സഭ ഞെട്ടവേ
സർവാഭരണയായ്തന്നെ പോവാൻ കല്പിച്ചു സീതയെ.

വേഷം പകർന്നുടൻതന്നെ വനയാത്രയ്ക്കു രാഘവർ
ധനിത്രവും കുട്ടകളും വില്ലും തൂണിയുമേന്തിനാർ.

കഷ്ടം രാജകുമാരന്മാരവരങ്ങനെ നില്ക്കുവെ
കണ്ടോർ കണ്ണീർപൊഴിക്കാതില്ലാരും കൈകേയിയെന്നിയേ.

വാവിട്ട കേണ തനയന്മാരെയും വധുതന്നെയും
വീക്ഷിച്ചു ശയ്യമേൽ വീണ്ടും വീണ മൂർച്ഛിതനായ് നൃപൻ.

കെട്ടിപ്പുണർന്നാശു കൗസല്യ വധുവോടും കുമാരരെ
കരഞ്ഞാശു വിട നല്കീട്ടു വീണ്ടും കേണവളോതിനാശു:

''വനം വിപത്തിൻനിലയം കാലമീരേഴുവത്സരം
സ്ത്രീയുക്തർ നിങ്ങശു പോകുന്നു ഹാ! ദൈവം തുണ മക്കളേ!''

Digitized By Kerala Sahitya Akademi

കാൽകുമ്പിട്ടീടുമവരെക്കണ്ണീർവാർത്തു സുമിത്രയും
അനുഗ്രഹിച്ചാശു സൗമിത്രിയോടായ് പ്രത്യേകമോതിനാൾ:

''അണ്ണൻതാനണ്ണിയച്ഛൻ താനാര്യന്മാക്കവരൊന്നു കേൾ,
അധർമ്മമോർത്തു നീ പോക, ധർമ്മം നിർമ്മലകാക്കുമേ!''

നടന്നു രാഘവൻ തമ്പിയോടും വൈദേഹിയോടുമായ്
നടയിൽ തേരുമായ് വന്നു കേണുനിന്നു സുമന്ത്രരും.

രഥത്തിലെഴുനള്ളേണം തിരുമേനികഴുവിധം
രാജാജ്ഞയെന്നായാ മന്ത്രി,യവർ തേരിൽക്കരേറിനാർ.

കൂടീ കൊട്ടാരവാതുക്കൽ കണ്ണീർവാർത്തു ജനാവലി;
തിരിച്ചു തേർ; ധൈര്യമാർന്നനിന്നോർകൂടിക്കരഞ്ഞുപോയ്.

കേഴുക്കുമാറായ് മാളികകൊടുമേൽനിന്നമ്മതുപോലവേ
കീഴിലും ചുറ്റിലും നിന്നു കൂട്ടമായ് പരിദേവനം.

അണഞ്ഞു തേർ ധൂമശൂന്യമാം മഹാനസമാർന്നതായ്
നിശ്ശബ്ദമാം ചന്ദ്രശാലയാർന്ന രാമഗൃഹാന്തികം.

ഉയർന്നഴം മേടകളും മച്ചും കേളീഗൃഹങ്ങളും
ഉത്സവങ്ങൾ കഴിഞ്ഞുള്ള പന്തൽപോൽ മങ്ങിടുന്നതും,

അടിച്ചുകോലമണിയാതുള്ള ചത്വരസീമയിൽ
വൃക്ഷങ്ങളും ചെടികളും വാടിപ്പുതും പൊഴിപ്പതും,

വാത്സല്യമാർന്ന ജന്തുക്കൾ വീപ്പിട്ടു കരയുന്നതും,
വന്നുകൂടിപ്പരിജനം വാതുക്കൽ കേണു നില്പതും

കണ്ടുകണ്ടു രാമമഹിഷിക്കുടൻ മിഴിനിറഞ്ഞഹോ!
ഞെരുങ്ങി നീണ്ടോരിമകൾ കവിഞ്ഞൊഴുകി കണ്ണുനീർ.

നടത്തി ശീഘ്രമുടനേ രഥമാ മന്ത്രിപുംഗവൻ
നെടുവീർപ്പുകളാൽ യാത്രയോതി വീട്ടിന്നു ജാനകി.

തെരുവിൽ സ്ത്രീജനം തിങ്ങിനിന്നു കണ്ണീർ പൊഴിച്ചിതു
ദീർഘികയ്ക്കുള്ളിൽ മഞ്ഞോലും ഹേമന്തകമലങ്ങൾപോൽ.

തേരും കുതിരയും പോവാനിടനല്കാതിടയ്ക്കിടെ
തിക്കീ രക്ഷികളെക്കൂടിത്തള്ളിക്കൊണ്ടു ജനാവലി.

ശോകകുണ്ഠിതരായ്ക്കേണും ശഠിച്ചും ധാർഷ്ട്യമോതിയും
ചൊടിച്ചങ്ങു തരുണർ കൂടീ ലഹളകൂട്ടുവാൻ.

കടക്കണ്ണുകളാലും തൂക്കൈകളാലുമതാതിടം
കണ്ണോക്കിയാലുമവരെയാശ്വസിപ്പിച്ചു രാഘവൻ.

Digitized By Kerala Sahitya Akademi

എന്നിട്ടും പുരുഷാരങ്ങൾ പിന്തുടർന്നിതു തേരിനെ
എങ്ങു രാമൻ പുരം ഞങ്ങൾക്കങ്ങെന്നായലിവോടുമേ.

മടങ്ങാ പ്രിയപൗരന്മാരെന്നു കണ്ടു കൃപാകുലൻ
മന്ദമായ് തേർനടത്തിച്ചു പോയി ദൂരം രഘുത്തമൻ.

നഗരോപാന്തങ്ങൾ വിട്ട രഥം നാട്ടുപുറംവഴി
തോടും പുഴകളും താണ്ടിച്ചെന്നെത്തീ തമസാതടം.

തിരിഞ്ഞുനോക്കിനാൻ വീണ്ടും സൂര്യനെച്ചായയെന്നപോൽ
തന്നെത്തുടർന്നങ്ങെത്തുന്ന പൗരരെദ്ദൂരെ രാഘവൻ.

ദിനം ദശരഥൻപോലേ വീണൊ ചരമശയ്യയിൽ
രാമനൊത്താതപം നീങ്ങി പൊങ്ങീ കൈകേയിപോൽ നിശ.

ഇറങ്ങിയങ്ങാചമിച്ചു വന്ദിച്ചിതവർ സന്ധ്യയെ
അഴിച്ചാശ്വ നനച്ചിട്ടു തീറ്റി സൂതൻ ഹയങ്ങളെ.

തളിർകൊയ്തു നിലത്തിട്ട ലക്ഷ്മണൻ തീർത്ത ശയ്യയിൽ
കിടന്ന കാന്താസഹിതനുറങ്ങി രഘുപുംഗവൻ.

തരുമൂലങ്ങളിൽത്തന്നെ താവളങ്ങൾ ചമച്ചുടൻ
തളർന്നവന്ന പൗരന്മാർ തങ്ങീ ദൃഷ്ടിപഥങ്ങളിൽ.

സഖേദം രാമചരിതം വാഴ്ത്തീ ദൂരെയിരുന്നഹോ!
സുമന്ത്രരൊത്തു സൗമിത്രി പോകുമീ രാവറിയാതെതാൻ.

ക്ഷീണിച്ചുറങ്ങീ പൗരന്മാർ ക്ഷിതീന്ദ്രാത്മജനേറുടൻ
തെറിക്കനെപ്പോയ് മറഞ്ഞാൻ തേരേറീയതിരാവിലെ.

കൺതുറന്നു രഥംകാട്ടിൽ കാണാഞ്ഞതിവിഷണ്ണരായ്
വിരഞ്ഞും പൗരർ കോപിച്ചും വിലപിച്ചും മടങ്ങിനാർ.

തങ്ങളേ ധർമ്മനിരതൻ തള്ളി രാമനതോർത്തവർ
തപിച്ചീല, പുരംപുക്കു ഭർത്സിച്ചു തൽപിതാവിനെ.

പലകാടും മലകളും ശീഘ്രമോടിക്കടന്നുപോയ്
പിന്നെ രാമനെറ തേരെത്തി രമ്യഗംഗാവനങ്ങളിൽ.

അങ്ങെത്തിനാൻ സൽക്കരിപ്പാൻ ശൃംഗിവേരാധിപൻ ഗുഹൻ
രാമപ്രിയൻ;—സജ്ജനങ്ങൾ ചെല്ലും ദിക്കൊക്കെ വീടുതാൻ.

അരയൻ ഗുഹനൻപാൻ നീട്ടും കൈയേന്തി രാഘവൻ
മാറോടണച്ചാനവനെ;—മഹാൻ ജാതി നിനച്ചിടാ.

അന്നെല്ലാവരുമായങ്ങു വാണ പിറേന്നു രാഘവൻ
ആശ്വസിപ്പിച്ചൊരുവിധം സുമന്ത്രരെ മടക്കിനാൻ.

Digitized By Kerala Sahitya Akademi

തിരിയെത്തോണിമായ്ക്കേണ്ട പോമസ്സചിവനന്നഹോ
കാട്ടുതാൻ പുരമായ്ത്തോന്നി കാടായ്ത്തോന്നി പുരാന്തികം.

ഓടലെണ്ണുതലോടിത്തന്നോമൽക്കാർകചമാകവേ
പിണച്ചു ജടയായ്ക്കെട്ടി പിന്നെ ശ്രീരാമലക്ഷ്മണർ.

മുനിവേഷത്തിലും രമ്യൻ രാമനെക്കണ്ടു ജാനകി
മെല്ലെച്ചിരിച്ചു നെടുവീർപ്പിട്ടാൾ ബാഷ്പാവിലാക്ഷിയായ്.

സ്വയം ഗ്രഹൻതാനമരം പിടിച്ചോടുന്ന തോണിയിൽ
സൈവരം ഭാഗീരഥികടന്നെത്തീ തെക്കേക്കരയ്ക്കുവർ.

മടക്കിഗ്ഗഹനെപ്പിന്നെ മഹാടവി കടന്നവർ
ഭരദ്വാജാശ്രമം കണ്ടാർ പ്രയാഗവനസീമയിൽ.

സന്തുഷ്ടനായ് മുനിശ്രേഷ്ഠൻ ചെയ്ത സൽക്കാരമേറ്റവർ
സായ്ഖേദങ്ങളും തീർന്നമട്ടിലന്നങ്ങു മേവിനാർ.

മുനിയെത്തൊഴുതാശിസ്സുവാങ്ങിപ്പിറേന്നു രാവിലെ
മുതിർന്ന സൂര്യൻ പൊൻപൂരം കാടേറിപ്പോയി മുവ്വരും.

ക്രമേണ വനസഞ്ചാരം പഴകീ ഖേദമറ്റവർ
കൗതൂഹലംപൂണ്ടു പാർത്താരടവീതടശോഭകൾ.

കണ്ടാരവർ ശരൽക്കാലശബളാംബരഭംഗിയിൽ
ഗംഗായമുനകൾക്കുള്ള ഹൃദ്യസംഗമസംഗമം.

കണ്ടാർ തെക്കോട്ടു വീണ്ടും പോംവഴിക്കതിമനോഹരം
കവിപ്രശസ്തിനേടാത്ത വാല്മീകിയുടെയാശ്രമം

വാത്സല്യമേറും മുനിതൻ വിരുന്നേറ്റങ്ങു തുടർന്നുരായ്
വീട്ടിലെന്നവിധം സൈരം വസിച്ചാർ ചിലനാളവർ.

ചിന്തിച്ചു പിന്നമ്മുനീന്ദ്രൻ ചൊന്ന പാതവഴിക്കവർ
ചിത്രകൂടാചലത്തിന്റെ ചരിവിൽ ചെന്നുചേർന്നിതു.

പൂവും കായും പൊഴിക്കുന്ന ബഹുവൃക്ഷലതാദിയും
പ്രമദംപൂണ്ടു ശബ്ദിക്കും നാനാപക്ഷിമൃഗങ്ങളും.

പരന്ന പുൽത്തകിടിയും നദിയും പുളിനങ്ങളും
പാറപ്പുറങ്ങളും കണ്ടു തുള്ളി ജാനകിതന്മനം.

ആ രമ്യവനഭാഗത്തൊരാശ്രമം തീർത്തു വാഴുവാൻ
ആഗ്രഹിച്ചു ജനകജാ, സമ്മതിച്ചു രഘൂത്തമൻ.

വൃക്ഷങ്ങൾ വെട്ടി മേൽക്കൂരകെട്ടിപ്പുൽമേഞ്ഞു ഭംഗിയിൽ
മൺഭിത്തിയും വച്ചുടജംതീർത്തു വൈകാതെ ലക്ഷ്മണൻ.

Digitized By Kerala Sahitya Akademi

മുനിചര്യയിൽ പ്രിയയൊടൊത്തു സാനുജൻ
ഗൃഹമേധിയായവിടെ വാണ രാഘവൻ;
അനിവാര്യശോകഹതനെത്തിയായിട-
ച്ചുസഹായനായ് ദശരഥൻ സുരാലയം.

പിന്നുസ്സാകേതമെത്തിബ്ഭരതനപരക-
ർമ്മങ്ങളെല്ലാം നടത്തി-
ത്തന്നത്താനേ ശപിച്ചും ജനനിയെ മൊഴിയാൽ
തച്ചുകൊല്ലാതെ കൊന്നും
ഖിന്നാത്മാവായ് കരഞ്ഞും നിജവനഗതനാം
ജ്യേഷ്ഠനായ് രാജ്യമേകാൻ
സന്നാഹംപൂണ്ടുദാരൻസ്വജനസഹിതനാ-
യെത്തിനാൻ ചിത്രകൂടം.

സന്ധിച്ചിതിങ്ങനെ സഹോദരരും വനത്തിൽ
ബന്ധുക്കളും ഗുരുജനങ്ങളുമമ്മമാരും
ബന്ധിച്ചു ഹാർദ്ദമൊടുമച്ഛനെയോർത്തു ശോക-
സിന്ധുത്തിരക്കുഴിയിൽ വീണു കരഞ്ഞു രാമൻ.

കേണാരായ്തു കണ്ടു സർവ്വരുമുടൻ
രാമൻ കൃതസ്നാനനായ്
ചേണാർന്നീടിന ഗംഗതന്നെറ കരയിൽ
ചെയ്യാൻ സ്വയം തർപ്പണം
വീണാർദ്രാശയനായ് കരഞ്ഞു ഭരതൻ
രാജ്യം സമർപ്പിക്കവേ
ശോണാബ്ജാഭകരങ്ങളം നീട്ടിയവനെ-
ക്കെട്ടിപ്പുണർന്നോതിനാൻ:

''സുരലോകമാർന്ന ജനകന്നെറ ശാസനം
വരവണ്ണുമെന്നനുജ! ഞാൻ കടന്നിടാ;
വരമായ് ലഭിച്ചിതു നിനക്കു രാജ്യമ-
പ്പുരമാവധിക്കുകമതിന്നു ഞാൻ തൊടാ.''

എന്തോതിടേണ്ടു ഭരതൻ ഹതാശനാ-
യിരന്ന രാമന്നെറ ചെരുപ്പു വാങ്ങിനാൻ;
രാജ്യം ഭരിച്ചീടുമിതെന്നുറച്ചവൻ
മടങ്ങിനാൻ നോക്കുക! സോദരാദരം.

Digitized By Kerala Sahitya Akademi

എന്നല്ല, രാമനവധിക്കു വരാസ്ഥിലന്നു
ഹോമിക്കുവാൻ നിജശരീരമൊരുക്കി നിത്യം
നോമ്പാൻപോയവനിരുന്നിതടുത്തൊരുരിൽ,
കൈകേയി തോററി,രതിമോഹിയെ ലക്ഷ്യമിണ്ടാ.

ആരണ്യകാണ്ഡം

അതിന്നുശേഷം ശ്രീരാമനരണ്യാശ്രമനിഷ്ഠിതൻ
ഒരുനാളം രാവിലേ സീതാസൗമിത്രികളൊടോതിനാൻ:

''ചിത്രകൂടമയോദ്ധ്യയ്ക്കു ദൂരമല്ലെന്നു വന്നിതു
ചിതമല്ല വ്രതംനോൽക്കുമെനിക്കു ഗൃഹചിന്തയും.
വനാന്തരംപോയണവാൻ വാഞ്ഛരിപ്പു ചിത്തവൃത്തികൾ
ജനബാധ ഭയപ്പെട്ട തിര്യഗ്ജന്തുക്കൾപോലവേ.
അതുമല്ല മഹാത്മാക്കളഗസ്ത്യാദിമഹർഷിമാർ
ആവസിക്കുന്നുപോൽ ദിവ്യരാദക്ഷിണവനങ്ങളിൽ.
അവരെക്കണ്ടു വന്ദിക്കാമറിയാം പല കാര്യവും
ആശ്രമക്ഷേമമന്വേഷിച്ചാജ്ഞിക്കാം പുണ്യമെന്നുമേ.
പോകാം നമുക്കു സൗമിത്രേ! പരന്നോരാ വനങ്ങളിൽ
പൊട്ടക്കുളത്തിൽ ഭേകംപോൽ വാഴില്ലുൾക്കഷ്കാങ്ക്ഷികൾ.
നീണ്ട കാടും മലകളും നിർത്ഝരങ്ങളും നദങ്ങളും
നമുക്കു നവമായ് കാണാം പോകാം സീതേ, വനപ്രിയേ!''

അന്നതന്നെ പുറപ്പെട്ടാർ ചിത്രകൂടം വെടിഞ്ഞവർ
കുലായവൃക്ഷം കൈവിട്ട കുട്ടപക്ഷികൾപോലവേ.
കൈയിലായുധവും തോളിൽ തോലും മാറാപ്പുമായവർ
കടന്നുപോയാർ സീതയ്ക്കു കഷ്ടമില്ലാതെയും വഴി.
അടുത്തടുത്തു വൃക്ഷങ്ങൾ നല്ലും നിഴലിലൂടെയും
അങ്ങിങ്ങിളംപുൽ വളർന്ന മറയും വഴിയിലൂടെയും.
കാന്തന്റെ പിന്നിലും വീരൻ ദേവരൻതന്റെ മുന്നിലും
കളിച്ചു നടന്നുകൊണ്ടാളക്കാട്ടിലഞ്ചാതെ ജാനകി.
കാനനത്തിൽ ശരൽക്കാലചാരുഭംഗികൾ നോക്കിയും
കായും കനികളും പൂവും തളിരും തേടിയോടിയും;
ഓമൽചിത്രാംബരം കാററിൽ പാറിച്ചും ഹന്ത സുന്ദരി
ഉല്ലസിച്ചാളങ്ങു മണ്ടുമൊരു പൂമ്പാററപോലവൾ. (യുഗ്മകം)

Digitized By Kerala Sahitya Akademi

''കണ്ടോ മുകളം വെളുത്തുള്ള മുകിൽ തിങ്ങുന്ന വിണ്ണിതിൽ
കാട്ടിൽ കൊമ്പുകളം പൂത്തോരു പാലവൃക്ഷങ്ങളുംമാതിരി.

കനം കുറഞ്ഞംബരത്തിലതിദൂരത്തിൽ വെൺമുകിൽ
കാറിൽ പറന്നുപോകുന്ന വെള്ളക്കൊറ്റികളുംപോലവേ.

നോക്കുകെത്ര മനോരമ്യം കാന്ത! നിന്നുടൻപോലഹോ!
നീലോൽപലവനത്തിന്റെ ഭംഗിയാർന്ന നഭഃസ്ഥലം.''

തുടന്നിവണ്ണം മാഴ്ത്തിൽ മൗനം തേടുന്ന കാന്തനെ
തോളിൽ പിടിച്ചു നിത്തിക്കൊണ്ടോരുമോരോന്ന ജാനകി.

പൂത്തു കാണുക! വെള്ളാമ്പൽനിര വിണ്ടുവീന്ന രാവിലെ
പൊഴിഞ്ഞുവീണ താരങ്ങളുംപോലെ മിന്നുന്ന പൊയ്കയിൽ

അറുത്തുകൊണ്ടുവരിക പോയവറ്റയെ മെയ്യിൽ ഞാൻ
അണിവേനെന്നനുജനെയുത്സാഹിപ്പിക്കുമോമലാൾ.

മെല്ലെന്നിവണ്ണും ദൂരംപോയ് മദ്ധ്യാഹ്നസമയത്തവർ
മരത്തണലിൽ വത്തിച്ചു ഫലമൂലമശിച്ചിതു.

മാഴ്ങ്ങളിൽ മണൽത്തിട്ട പൊങ്ങി നിർമ്മലതോയമായ്
മുട്ടോളം താഴ്ന്ന പുഴകളും നടന്നവർ കടന്നിതു.

മലയേറിത്താഴ്വരയിലിറങ്ങി വിപിനങ്ങളിൽ
മറഞ്ഞു വീണ്ടും മധ്യവിൽ വെളിവായവർ പോയിതു.

താണ സൂര്യൻ പടിഞ്ഞാറെപ്പർവ്വതത്തിൻതടങ്ങളിൽ
തണുത്ത മഞ്ഞനിറമായ്ത്തങ്ങി വൃക്ഷങ്ങളുംമേൽ വെയിൽ,

പഴുത്തനെൽക്കതിരുകളാ കൊത്തിക്കൊണ്ട വനങ്ങളിൽ
പച്ചിലത്തോരണംപോലെ പറന്നെത്തീ തുകാവലി.

പൊങ്ങിക്കാണായി പുകകളം പുരോഭാഗത്തു ദൂരെയായ്
പരന്നെത്തുമിരുട്ടാറിൻ നീർച്ചാട്ടത്തിന്റെ ധാടിപോൽ.

ഹവ്യഗന്ധമൊട്ടും വേദധ്വനിവാചാലമാരുതൻ
അണഞ്ഞിതത്രിമുനിതന്നാശ്രമത്തിനു ദൂതനായ്.

അങ്ങെത്തിട്ടശ്രിച്ചു വൃദ്ധമുനിയെ പത്നിയാളെയും
അഭിവന്ദിച്ചു സൽക്കാരമേറു വാണിതു മൂവരും.

പുലർകാലത്തെഴുന്നേറു പുറപ്പെട്ടാർ കനിഞ്ഞുടൻ
വിളിച്ചാശിസ്സുചൊൽവോരാ വൃദ്ധദമ്പതിയെ വിട്ടവർ.

വെളുത്തു കേശം മെയ് കുന്ന വിറച്ചങ്ങൊട്ട നിന്നിതു
പൂത്ത കാശദ്വയം കാറ്റിലാടുംപോലാ വയോധികർ.

Digitized By Kerala Sahitya Akademi

പോന്നാർ പുഴകടത്തീട്ട ശിഷ്യർ; പിന്നെ രഘുത്തമർ
സീതാസഹിതരായ് ചെന്നു ദണ്ഡകാടവിയേറിനാർ.

കുരങ്ങന്മാർ കുലുക്കുന്ന കൊമ്പാൽനിലകം പുഴ്ന്നടൻ
തടിച്ച കവരം പൂണ്ടു തിങ്ങിക്കാണായി വമ്പരം.

ഉരഗംപോൽ നീണ്ടു പുളഞ്ഞുഗ്രകണ്ടകവൃക്ഷമായ്
വാർപച്ചിലച്ചാത്തുചുറ്റി വാഴ്വു ചുരൽപ്പടർപ്പുകൾ.

വമ്പിച്ച തരുവൃന്ദത്തിൽ തന്നിഷ്ടംപോൽ വളർന്നുപോയ്
വ്യോമോദരത്തെ സ്പൃശിപ്പാൻ കൈനീട്ടീ കാട്ടുവള്ളികൾ.

വെയിലേല്ക്കാതിരുണ്ടാർദ്രമാമത്തറതലങ്ങളിൽ
വീർപ്പു നിത്താതെ ചീവീടു കരഞ്ഞു കണ്ടുരുക്ഷമായ്.

മെന്മേൽ ദൂരെഗ്രഹകളിൽ പൊങ്ങീടും സിംഹഗർജ്ജിതം
മൂർച്ഛിച്ചു, മാറൊലിയോടൊത്താ ഘോരവനമെങ്ങുമേ.

വെറും തറയിലും നീളെ വീണ ശുഷ്കപത്രങ്ങൾമേലുമേ
രക്തരേഖകൾ കാണാറായാർദ്രമായുമുണങ്ങിയും.

മസ്തകം വിണ്ടു രുധിരം ചിന്തിച്ചത്ത ചരിഞ്ഞഹോ
കൊമ്പൻ കിടന്നിതുറുമ്പുകൾക്കാട്ടിൽ തിങ്കൾക്കളെപ്പഴുമന്തിപോൽ.

വക്ത്രംപൊളിച്ചു വാൽപൊക്കി വൻവ്യാഘ്രങ്ങൾ നടന്നിതു
വിലങ്ങനെസ്സുഞ്ചരിക്കും ചിത്രകുഞ്ജങ്ങൾമാതിരി.

പെരുമ്പാമ്പുകളങ്ങങ്ങു ചുറ്റിപ്പൊന്തികൾകിടന്നിതു
പട്ടുകുണ കുരുക്കുന്ന തരുമൂലങ്ങൾപോലവേ.

വില്ലിലമ്പുതൊടുത്തും പോംവഴി സൂക്ഷിച്ചുനോക്കിയും
വൈദേഹിയെ നടുക്കാക്കി നടന്നു രാമലക്ഷ്മണർ.

സൂര്യപ്രകാശമറ്റോരട്ടീർഘഘോരമഹാവനം
തോന്നീ നടന്നിടുംതോറും നീളുംപോലെയവക്കഹോ!

പേടിച്ചു സീതയക്കാട്ടിൽ ഭർത്തൃരക്ഷിതയെങ്കിലും
ഭയങ്കരക്കിനാവിങ്കൽ പതറും ബുദ്ധിപോലവേ!

ഒട്ടൂരം കടന്നപ്പോളഹോ പരമഭീകരൻ
ഒരു രാക്ഷസനെത്തുന്നു നായാടിക്കൊണ്ടതേവഴി.

വട്ടക്കണ്ണും വികടമാമസ്സുത്തവത്തിന്റെ വക്ത്രവും
വമ്പിച്ചിരുണ്ട തടിയും കണ്ടാലാരും ഞടുങ്ങുമേ

കടമാൻ പന്നി കരടിതൊട്ട കാട്ടുമൃഗങ്ങളെ
കൊന്ന കോത്ത നെടുംശൂലം ഘോരനേന്തിയിരുന്നിതു.

Digitized By Kerala Sahitya Akademi

മുന്നിൽക്കണ്ടിവരെട്ടീപ്പ്രദംഷ്ടനട്ടഹസിച്ചിതു
മുകിൽമിന്നൽപ്പിണർപെടും മലപോലെ ഭയങ്കരൻ.

ഒരു പെൺകൊടിയാളോടൊത്തിക്കൊടുങ്കാട്ടിൽ രണ്ടുപേർ
ഒളിച്ചുമണ്ടുന്ന നിങ്ങളാരെടോ, നരകീടരേ!

തിരില്ലിവളെയെന്നോതി വന്കാറിൽ തരുപോലവൻ
താണാഞ്ഞു സീതയെക്കയ്യിലേന്തിശ്ശീഘ്രം നടന്നിതു.

വിട്ട വിട്ട ദേവിയെയെന്നോതി ക്രോധിച്ചരക്കനെ
വിൽവലിച്ചു വലിച്ചെയ്തു തുടർന്ന രഘുനന്ദനർ.

ക്രൂരമ്പോറ മഹാദുഷ്ടൻ ക്രുദ്ധനായ് വിട്ട സീതയെ
കുതിച്ചങ്ങെത്തിയവരെയെടുത്താൻ തോളിലുന്നതൻ.

വാളരീ വെട്ടി ദുഷ്ടന്റെ രണ്ടു ബാഹുക്കളും ദൃതം
വൃക്ഷശാഖകൾപോൽ വീഴ്ത്തിച്ചാടിനിന്ന നിലത്തവർ.

വായുംപിളന്ന പാഞ്ഞെത്തി വീണ്ടും രാക്ഷസനക്ഷണം
വേർപെടുത്താനെയ്തു രാമൻ കാലം ക്രൂരന്റെ കണ്ഠവും.

വീണ്ട നിലത്തു സാരാവം സ്ഥൂലമാം രാക്ഷസന്റെ മെയ്
ഈച്ചക്കാർ വെട്ടിയിട്ടള്ളോരിരുണ്ട തടിപോലവേ.

കൊന്ന വിരാധനാം ദുഷ്ടൻതന്നെയിങ്ങനെ രാഘവൻ
കുഴിതോണ്ടി നിലത്തിട്ട മൂടീ പ്രേതം കനിഷ്ടനും.

കനിഞ്ഞു സീതയെപ്പിന്നെയാശ്വസിപ്പിച്ചു തൽപ്രിയൻ
കൈകേയീനിശ്ചയത്തിന്റെ കസ്തൂം തെല്ലുള്ളിലോത്തിതു.

പുറപ്പെട്ടക്കാടുകടന്നപരാഹ്നത്തിലന്നവർ
പുക്കാർ സ്വർഗ്ഗാരോഹണാത്ഥി ശരഭംഗന്റെയാശ്രമം.

ആതിഥ്യവും ചെയ്തു രാമനാശിസ്സും നല്കിയന്നതാൻ
അഹോ! മഹർഷിതന്നെത്താൻ ഹോമിച്ചുടൽ വെടിഞ്ഞുപോൽ.

അങ്ങസ്സുമാധി കാണ്മാനായ് ദൂരെനിന്ന മഹർഷിമാർ
അസംഖ്യംപേർ വന്നിരുന്ന ദണ്ഡകാരണ്യവാസികൾ.

സീതാസൗമിത്രിസഹിതൻ രാമനെക്കണ്ട താപസർ
സന്തുഷ്ടരായാർ സശ്രദ്ധം തച്ചരിത്രങ്ങൾ കേട്ടുമേ.

എന്നല്ല മുഖ്യമുനിമാർ ചിലർ പിന്നങ്ങു രാമനെ
എതിരേറും ദണ്ഡകസ്ഥ്രായ് ക്ഷണിച്ചു വഴിപോലവേ.

സ്വാഗതം രാജശാർദ്ദൂല രാമ, ദാശരഥേ, വിഭോ,
സീതാസൗമിത്രിസഹിത, സത്യസന്ധശിഖാമണേ,

Digitized By Kerala Sahitya Akademi

ലോകൈകവീരനാമങ്ങു കിരീടം രത്നഭാസുരം
ലോഷ്ടംപോലെ വെടിഞ്ഞാന്ന ജടാജൂടം ജയിക്കുക.

ഭവാന്റെ ബാഹുബലവും ധർമ്മരക്ഷണതൃഷ്ണയും
ബാല്യംമുതൽ പ്രസിദ്ധങ്ങൾ ഞങ്ങൾ കേട്ടറിയുന്നിതു.

സത്യം മനുഷ്യസൃഷ്ടിക്കു മെച്ചമില്ലിതിലെങ്കിലും
സ്തുതിച്ചു ഞങ്ങൾ മുനിമാർ കൃതജ്ഞന്മാർ മഹാപ്രഭോ!

എന്നല്ലനന്യസാമാന്യവീര്യനങ്ങുന്നതോക്കയാൽ
ഈയുള്ളവക്കെക്കാനവിലൊതുങ്ങാതായ് കൃതാർത്ഥത.

വേദധർമ്മരതന്മാരിദ്ദക്ഷിണാപഥഭൂമിയിൽ
വന്നു പാർക്കുന്നിതീ ഞങ്ങൾ ബഹുക്കൾ ബഹുകാലമായ്.

വിന്ധ്യാചലത്തെ ലംഘിച്ചു വിശ്രുതൻ കുംഭസംഭവൻ
വസിച്ചീടുന്നു പോയ് തെക്കേദ്ദിക്കിലദ്ഭുതശക്തിമാൻ.

വഴിയേ ഞങ്ങളും പോന്നു മേവുന്നിതിവിടങ്ങളിൽ
വാസയോഗ്യം ദേശമിതു ഫലമൂലസുമോത്തരം.

സജലം സമശീതോഷ്ണം സകുശേന്ധനമീ വനം,
സശ്രദ്ധം ഞങ്ങളിവിടെച്ചെയ്വൂ യജ്ഞതപസ്സുകൾ.

ഉപദ്രവിക്കാറില്ലത്ര വന്യജന്തുക്കൾ ഞങ്ങളെ
ഒന്നാണാധി വശംകെട്ട ഞങ്ങൾ കാട്ടാളർമൂലമായ്.

അരക്കന്മാരിവിടെയുണ്ടെങ്ങും പൂർവ്വനിവാസികൾ
അപരിഷ്കൃതരത്യന്തഘോരന്മാർ നരഭോജികൾ;

ദുർഭ്രതോപാസകർ വെറും ദുരാചാരപരായണർ
ദേവയജ്ഞം മുടക്കീടാൻ നിത്യം കൗതുകമാന്നവർ.

കടന്നുമാശ്രമത്തിങ്കൽ കാട്ടിലങ്ങങ്ങുനിന്നുമേ
കനിവറക്കുരുങ്കളർ കൊള്ളചെയ്യുന്നു ഞങ്ങളെ.

വിളവും യജ്ഞവും ദുഷ്ടർ മുടിക്കുന്നെന്നുമല്ലഹോ
പിടിച്ചുകൊണ്ടുപോകുന്നു സ്ത്രീജനങ്ങളെയും വിഭോ!

പ്രഭുക്കന്മാർ തെക്കു തെക്കീ വഗ്ഗത്തിൽ പലരുണ്ടുപോൽ
ഭുജവിക്രമവും സൈന്യശക്തിയും പാരമുള്ളവർ.
മുഷ്കേറുമവരെപ്പേടിച്ചിജ്ജനങ്ങൾക്കു ഭൂപതേ!
മിണ്ടാൻപാടില്ലയവരിൽ മോശക്കാരോടുപോലുമേ.

ചൊല്ലാം ഞങ്ങൾക്കു വിശ്വാസ്യമല്ലെന്നായ് ക്ഷണനേരവും
ധനവും പ്രാണനും സ്വന്തമാനവും പരലോകവും.

Digitized By Kerala Sahitya Akademi

ദണ്ഡകസ്ഥങ്ങെഴുന്നള്ളാൻ പ്രസാദിച്ചതു കേവലം
ദേവപ്രേരണയാലെന്നിങ്ങാശ്വസിക്കുന്ന താപസർ.

സ്വാഗതം ഞങ്ങൾ ചൊല്ലുന്നെന്നല്ലുങ്ങയെ ദയാനിധേ!
ധർമ്മാരണ്യം ക്ഷണിക്കുന്നു വായുകമ്പിതപാദപം.

മുനിമാരുടെ മുൻനിന്ന വാഗ്മിയാമൊരു താപസൻ
സമക്ഷമിച്ചൊന്നതെല്ലാം സശ്രദ്ധം കേട്ട രാഘവൻ.

ചുവന്ന നീണ്ട മിഴികൾ രണ്ടിലും നീർ തുളുമ്പിയും
തുടുത്ത ചുണ്ടിളകിയും നെടുവീർപ്പിട്ട വീര്യവാൻ
അനുകമ്പയിൽനിന്നുണ്ടാമമഷ്ത്തൊട്ട സരപ്രം
ധർമ്മധീരത മേളിക്കും മുഖശ്രീയാൽ പ്രദീപ്തനായ്.

വില്ലാകും യോഗദണ്ഡെന്നി നിലത്തു നിഭൃതം വശീ
വീരാസനസ്ഥിതൻ ധൃഷ്ടഭാവനോതി രഘൂത്തമൻ.

നമസ്കാരം ഭവാന്മാക്കു യോഗ്യരാമൃഷിവര്യരേ!
നിങ്ങളെക്കാൺകയാലിന്നെൻ ദിനം സുദിനമായിതേ.

സജ്ജനങ്ങളുമായുള്ള സഹവാസം കൊതിച്ചുതാൻ
പുറപ്പെട്ട ഞങ്ങൾ തെക്കൻവനങ്ങളിൽ വസിക്കുവാൻ

സങ്കടം രാക്ഷസന്മാരാൽ നിങ്ങൾക്കുള്ളതു കേട്ട ഞാൻ
മുഖത്തുതാൻ മുദ്രിതമാസ്സാണന്നുണ്ടതു നിങ്ങളിൽ.

ദുസ്സഹം സുജനത്തിന്റെ ദുഃഖം കാണ്മതു കേവലം
ദുർജ്ജനക്രൗര്യമാ ദുഃഖഹേതുവായാൽ സുദുസ്സഹം.

വെടിഞ്ഞു രാജ്യം, ഭവനം വെടിഞ്ഞു വിഭവത്തൊടും
ഞാൻ വെടിഞ്ഞീലയിച്ചാപം സാധുരക്ഷാധുരന്ധരം.

വേണ്ടാ വിഷാദമഭയം തന്നു ഞാൻ ബ്രഹ്മനിഷ്ഠരേ!
വർത്തിപ്പിൻ ധർമ്മമാർഗ്ഗത്തിൽ വാഴ്ത്തുൻ ഞാനാശ്രമങ്ങളിൽ.

ഭരതങ്കൽ മഹാരാജ്യമർപ്പിച്ച കുശലൻ വിധി
ഭാരമേറിയ കൃത്യം മറെറാന്നെൻ ചുമലിൽ വച്ചിടാം

അരക്കരുടെ ശല്യത്തിനതിരില്ലാതെയായിതാൻ
അവരെസ്സകുലം കൊന്നും സ്ഥാപിപ്പൻ ധർമ്മമിങ്ങു ഞാൻ.

മുനിമാരിതു കേട്ടാർത്തു ജയശബ്ദം തുടർന്നിതു
മൂട്ടിൽ ശ്രീരാമനരുളും വൃക്ഷം പുഷ്പംചൊരിഞ്ഞിതു.

തെളിഞ്ഞു ദിങ്മുഖം ധീരനന്നമോദിച്ചു ലക്ഷ്മണൻ
തെല്ലൊന്നു ചിന്തയാൽ വാടി സീതയ്ക്കു മുഖപങ്കജം.

Digitized By Kerala Sahitya Akademi

പിന്നെയമ്മുനിമാർ കാട്ടുമോരോവഴി നടന്നവർ
പോയിക്കണ്ടു മുവരുമായ് പല പുണ്യാശ്രമങ്ങളും.

ദിനങ്ങടം പോയിടുന്തോറുമശ്ശീലഗുണശാലികൾ
രാമാദികടം വനസ്ഥക്കുള്ളത്യന്തം പ്രിയരായിതു.

അടുത്തും ദൂരെയും പാർക്കുമൃഷിമാർ വന്നുചേർന്നിതു
സന്ദർശിപ്പാനുമിവരെ ക്ഷണിപ്പാനും ദിനംപ്രതി.

വനങ്ങളും ഗിരികളും പുഴയും പോയതാതിടം
വെള്ളച്ചാട്ടങ്ങളും കണ്ടാരവർ പത്മാകരങ്ങളും.

സ്നേഹമേറും താപസസ്ത്രീജനങ്ങളുടെ വേഴ്ചയാൽ
സുസ്നിഗ്ധയായ സീതയ്ക്കു രസിച്ചു വന്യവൃത്തികടം.

ദിനം പക്ഷം മാസമല്ല വർഷാർദ്ധം വർഷമിങ്ങനെ
താമസിച്ചാർ യഥാകാമമവരോരോ സ്ഥലങ്ങളിൽ.

പോകുമ്പോടം സ്ത്രീജനാകീർണ്ണമായോരൃഷികുലങ്ങളിൽ
പിരിഞ്ഞില്ലാരുമിവരെക്കണ്ണീർവാർക്കാതൊരേടവും.

അന്നൊരിക്കൽ സൈരമായങ്ങൊരു ദിക്കിലിരിക്കവേ
കനിഞ്ഞു കാന്തനെപ്പാർത്തു സോൽകണ്ഠം സീതയോതിനാടം:

ആര്യപുത്രാ ഭവാനോളം യോഗ്യരില്ലാരുമൂഴിയിൽ
ഒരു ദോഷവുമങ്ങയ്ക്കില്ലെന്നാലൊന്നുണ്ടു ചൊൽവു ഞാൻ.

തപസ്വിയാമാര്യപുത്രനെന്തിനേന്തുന്നിതായുധം
സൗഖ്യമില്ലിതു കാണ്മാനെന്നല്ല ദോഷവുമുണ്ടതിൽ.

ശസ്ത്രവും ജടയും, തീയും നീരുംപോലെ വിരോധികടം;
വിരുദ്ധവേഷം കൈക്കൊള്ളാറില്ലല്ലോ യോഗ്യരാരുമേ.

ശസ്ത്രശാലികൾ ശത്രുക്കടം തനിയേ വന്നുകൂടിടും,
ഹിംസാരസം വൃഥാ തോന്നും വിപത്തും പാപവും വരും.

എന്നായുധമുപേക്ഷിപ്പാൻ പ്രാർത്ഥിച്ചീടുന്ന സീതയെ
പറഞ്ഞടക്കിനാൻ ധീമാൻ ശ്രീരാമൻ ധർമ്മകോവിദൻ.

വിരാധനെപ്പോലെയുള്ള ദുഷ്ടർതന്നക്രമങ്ങളും
മുനിമാരോടു താൻചെയ്ത സത്യവും ചൂണ്ടിയോതിനാൻ.
ധരിപ്പൻ ധർമ്മരക്ഷയ്ക്കായ് ശസ്ത്രം, ദുർജ്ജനശാത്രവം
ഭയപ്പെടില്ല ഞാനെന്നാൻ മഹാവീരൻ രഘൂത്തമൻ.

പിന്നെത്തപോധനശ്രേഷ്ഠൻ സുതീക്ഷ്ണൻ തന്റെയാശ്രമം
പോയിക്കണ്ടവർ വന്ദിച്ചാർ പൂജ്യനാമമ്മുനീന്ദ്രനെ.

Digitized By Kerala Sahitya Akademi

സൽക്കരിച്ചവരെപ്പാരമാശിസ്സും നല്കിയമ്മുനി
ആചാര്യനാമഗസ്ത്യന്റെയാശ്രമത്തേക്കയച്ചിതു.

പിപ്പലീഗന്ധമേലുന്ന കാട്ടിലൂടെ നടന്നവർ
പ്രാപിച്ചാർ ശാന്തഗംഭീരമഗസ്ത്യന്റെ തപോവനം.

കാർകൊണ്ടനിരപോലുള്ള ശൈലശൃംഗങ്ങൾ ചുഴ്ന്നുടൻ
കോട്ടയായ്നിന്നിതാ രമ്യവനഭാഗത്തിനെന്നുമേ.

തളിരും മലരും കായും കനിയും പൂണ്ട ഭംഗിയിൽ
തിങ്ങിക്കാണായി വൃക്ഷങ്ങൾ പക്ഷികോലാഹലത്തൊട്ടം.

നല്ല നീർത്ത്വാട്ടവും തോടും തണ്ടാരേലും തടാകവും
കാണായീ സ്നാനഘട്ടത്തിൽ നീരാട്ടമുഷിമാരൊട്ടം.

പുല്ലരിഞ്ഞു നിരപ്പാക്കിച്ചെത്തിവച്ചുള്ള പാതയും
പൂചൊരിഞ്ഞിരുപാശ്വത്തും നില്പ്പും നിഴൽമരങ്ങളും.

മാൻ മേയും പുൽത്തകിടിയും ബലിപുഷ്പവനങ്ങളും
മന്ദിരാവലിയും കാണായുള്ളിലുള്ളിൽ പലേടവും.

പടിക്കലെത്തിസ്സമയം കാത്തിരുന്നിതു രാഘവൻ;
ലക്ഷ്മണൻ വിവരം ചെന്നു ശിഷ്യരോടറിവിച്ചിതു.

അറിഞ്ഞഗസ്ത്യഭഗവാൻ സ്വയം ശിഷ്യാഗ്രഗണ്യനെ
അയച്ചു രാമനെസ്സാനുയായിയായെതിരേല്പ്പവാൻ.

ദീർഘിയേറും മിഴികളും നീണ്ടയന്നോരു നാസയും
തുമ്പുചെമ്പിച്ച ജടയും താടിയും തങ്കവർണ്ണവും

സമാവയവവും ചേർന്ന സൗമ്യൻ ചീരാംബരാവൃതൻ
കൃശനെന്നാകിലും ദീപ്തതേജസ്സാലുന്നതോപമൻ,

ആദ്യം വിന്ധ്യൻ മറച്ചോരു തെക്കേട്ടിക്കിൽ കടന്നവൻ
ആദിദ്രാവിഡഭാഷയ്ക്കു ശബ്ദശാസ്ത്രം ചമച്ചവൻ,

സിദ്ധാഗ്രഗണ്യൻ സകലശാസ്ത്രജ്ഞൻ ശസ്ത്രകോവിദൻ,
സൈവരം പുലിത്തോലണിഞ്ഞ പീഠത്തിൽ സ്വയമമ്മഹാൻ

പ്രതീക്ഷിച്ചമ്മനുകുലാധീശനെ പ്രീതിപൂർവ്വകം
പൂവിട്ട ചതുരം പൂണ്ട പൂമുഖത്തിലിരുന്നിതു.

വന്ന ദണ്ഡനമസ്കാരം ചെയ്ത ദശരഥാത്മജൻ,
നന്ദിച്ചു മാറിയരികേ നിന്നു വൈദേഹിതാനുമേ.

കനിഞ്ഞു നോക്കിയവരെക്കൈരണ്ടും പൊക്കി മാമുനി
പ്രസാദിച്ചാശീർവദിച്ചു പ്രത്യേകം രണ്ടുപേരെയും.

Digitized By Kerala Sahitya Akademi

എന്നല്പൈഴന്നേറ്റു മുനിയാശ്ലേഷിച്ചിതു രാമനെ
ഉദ്ദീപ്തമാകുമനലൻ ധൂമസ്തംഭത്തെയെന്നപോൽ.

''അനാമയം ദാശരഥേ! ഭവാൻ വന്നതു ഭാഗ്യമായ്
അന്യോന്യദർശനം നമ്മൾക്കുണ്ടാകേണ്ടതു സിദ്ധമായ്.

ഇന്നോളമുള്ളോരു ഭവച്ചരിതം കേട്ടിരിപ്പു ഞാൻ
ശപഥം ചെയ്തതും കേട്ടു ധർമ്മവീരശിഖാമണേ!''

എന്നലിഞ്ഞോതിയവരെയിരുത്തീ ഭഗവാൻ ക്ഷണം;
ചെയ്യിപ്പിച്ചു യഥാകാലം പിന്നെ സ്നാനാശനാദികം.

വിശ്രമാനന്തരം വൈകുന്നേരം ചുറ്റിനടന്നവർ
വഹ്നിശാലകളും കണ്ടാർ കാവും ദേവാലയങ്ങളും

വിദ്യാലയങ്ങളും ധാന്യഗോശാലകളുമങ്ങവർ
വീക്ഷിച്ചാർ ഗ്രഹയും ഗ്രന്ഥമായോരായുധശാലയും.

രാത്രിയേകാന്തത്തിൽ മുനി പല ഗ്രഹ്യോപദേശവും
രാത്രിഞ്ചരബലത്തിന്റെ ശക്തിയും വിപുലത്വവും,

രണവൈദഗ്ധ്യവും തന്റെ രക്ഷാമാർഗ്ഗങ്ങളും സ്വയം
ശപഥംകൊണ്ടു സോൽകണ്ഠനായ രാമനൊടോതിനാൻ.

(യുഗ്മകം)

അതുമല്ലങ്ങവക്കായി രാമചിത്തം ഗ്രഹിച്ചുടൻ
അടുത്ത വാസസ്ഥലവും നിർദ്ദേശിച്ചാൻ മഹാമുനി.

പിറേന്നാൾ രാവിലേ യാത്രയൊരുങ്ങും രാമചന്ദ്രനെ
പിതൃതുല്യൻ മുനി കനിഞ്ഞരികത്തിൽ വിളിച്ചിതു.

സമന്ത്രമാകും ബ്രഹ്മാസ്ത്രം സർവപ്രാണിഭയങ്കരം
സമർപ്പിച്ചിതു രോമാഞ്ചമേലും രാമന്റെ കൈകളിൽ.

പിന്നെത്തിളങ്ങുമസ്ത്രങ്ങൾ നിറയും രണ്ടു തൂണിയും
തീക്ഷ്ണമാം രണ്ടസികളും കവചദ്വയവും മുനി

ഭ്രാതാക്കൾ രണ്ടുപേർക്കായുമേകി,സ്സീതയ്ക്കു നല്ലിനാൻ
പട്ടുചേലകളും രത്നഭ്രഷണങ്ങളുമൻപിനാൽ.

തുഷ്ടരായ് ഭഗവാനോടും വന്ദ്യരാമനുരോടുമേ
തൊഴുതാശിസ്സുവാങ്ങിക്കൊണ്ടവർ മന്ദം നടന്നിതു.

''കൂടിത്തെക്കോട്ടു പോയ് നിങ്ങൾ ഗോദാവരിമഹാനദി
വളഞ്ഞൊഴുകുമദ്ദേശം കാട്ടിപ്പോരിൻ, വടുക്കളേ!''

എന്നു ശിഷ്യരൊടോതിപ്പോയാശ്രമംപൂകിനാൻ മുനി;
സഭാര്യാനുജനായ് രാമൻ പുക്കാൻ പഞ്ചവടീവനം.

Digitized By Kerala Sahitya Akademi

അകലെ പ്രസ്രവണമാം പർവതം നീലമേദുരം
വെള്ളിത്താളൊക്കുമരുവി വാൻകൊണ്ടലസിച്ചിതു.

വിസ്തീർണ്ണമാം മണൽത്തിട്ടയാൻ ഗോദാവരീജലം
പാവനം സ്ഫടികസച്ഛം പ്രവഹിച്ചു സമീപമായ്.

വിശാലമാം സമതലം തത്തീരമതിമോഹനം
വിളങ്ങിയങ്ങങ്ങു പൂത്ത തരുഗുല്മലതാദിയാൽ.

നാനാപക്ഷികൾ പാടുന്ന നികുഞ്ജങ്ങളിടയ്ക്കിടെ
കാണായി മയിലാടുന്ന ശിലാതലമിടയ്ക്കിടെ.

പുള്ളിമാനും കലകളും കാണായ് പുല്ലുള്ളിടങ്ങളിൽ
പാഞ്ഞും മേട്ടിച്ചയവിറക്കിക്കൊണ്ടങ്ങങ്ങു നിന്നുമേ.

ബോധിച്ചു ദേശം സീതയ്ക്കും രാഘവന്മാക്കുമൊന്നുപോൽ
പണിചെയ്തു പർണ്ണശാലയങ്ങു സൗമിത്രി ഭംഗിയിൽ.

പരന്ന മുറ്റം നടയിൽ നിഴലേറും വനസ്പതി
പൂവള്ളിവേലിയിവയാൽ ശോഭിച്ചു രാഘവാശ്രമം.

അതിൽ സുഫലമൂലാഢ്യമായോരാ വനസീമയിൽ
രമിച്ചാൻ സീതയോടൊത്തു രാമൻ ലക്ഷ്മണസേവിതൻ.

നീരാട്ടം പുഴയിൽ പോയി രാവിലേ; പിന്നെ വന്നവർ
നിത്യകർമ്മങ്ങളും ചെയ്തിട്ടു കഴിക്കും വന്യഭോജനം.

വിശ്രമിക്കും പിന്നെയുച്ചയ്ക്കടജ്ഞാങ്കലങ്ങവർ
വിഹരിക്കും പോയ് നടന്നു വൈകുന്നേരം വനങ്ങളിൽ.

കഴിഞ്ഞിവണ്ണം നെടുനാളും കൗതുകമൊടന്നുടൻ
അവർക്കു പഞ്ചവടിയിലാദ്യമാം മഞ്ഞുകാലമായ്.

വെളുത്തിട്ടമിരുട്ടായി വ്യാപിക്കും മഞ്ഞിൽ മൂഢയായയ്
വിളിക്കൂട്ടീ ചക്രവാകി, വിപത്തായ് പദ്മിനിക്കുമേ.

ഹേമന്തക്രൂരപവനൻ പത്രമെല്ലാം പൊഴിക്കയാൽ
വനശ്രീയാന്നു വൈരൂപ്യം തുവൽപോയ മയൂരിപോൽ.

കുളിന്നു രോമം ചീർപ്പിക്കും ഗോദാവരിയിലന്നവർ
കുളിച്ചൊരു ദിനം നിഷ്ക തീർത്തു വാണിതു രാവിലേ.

മൂടൽമഞ്ഞാം തിരശ്ശീല മെല്ലെസ്സൂര്യൻ വലിക്കവേ
മുമ്പിൽ കാണായവക്കൊട്ടിട്ടരെ സ്ത്രീവേഷമൊന്നുടൻ

പാറിച്ചിന്നും കുന്തൽ, പൂവിൻപൊടി പൂണും കവിൾത്തടം
പൊൻതക്കയിണ, നല്ലൊറ മുത്തുഞാത്തിവ പൂണ്ടവം.

Digitized By Kerala Sahitya Akademi

മാറും നിതംബവും മൂടി മഞ്ഞപ്പൂഞ്ചേല ചാർത്തിയോൾ,
മാനുഷാധികമായ് നീണ്ടു തടിച്ച മുകിൽമേനിയാൾ,

മനസ്സിൽ ഗൗരവം പോയിക്കൃശഭാവമിയന്നവൾ,
മന്ദം നടന്നാശ്രമത്തിൽ വന്നാളക്കണ്ട മങ്കയാൾ.

മുന്നിട്ടു രാമനെക്കുന്തൽചികിപ്പുഴുഭിരിപൂണ്ടവൾ
മുഖത്തുനോക്കി മുറത്തു മരത്തിൽ ചാരിനിഷ്പ്രഭമായ്.

ഇതു കണ്ടങ്ങു കോലായിലാത്മപത്നീസമേതനായ്
ഇരുന്നരുളിടും രാമൻ ചോദിച്ചാൻ വിസ്മയാകുലൻ:

''ആരെടോ തന്വി, നീയെങ്ങുനിന്നാണിങ്ങു വരുന്നതും?
ആരും കൂടാതെയിക്കാട്ടിലെന്തു നീ സഞ്ചരിപ്പതും?''

ചൊന്നാളവൾ, ''മുനിശ്രേഷ്ഠൻ വിശ്രുവസ്സിന്റെ പുത്രി ഞാൻ
രാക്ഷസൈകാധിപതിയാം രാവണന്റെ സഹോദരി.

ജനസ്ഥാനാധിപന്മാരെൻ ക്രൂരകാരിക്ഖരാദികൾ
അവരൊത്തിങ്ങു വാഴ്വൂ ഞാനക്കരത്തന്നെ തൽപ്രഭൻ.

കോസലേശ! ഭവാനെക്കേട്ടിരുന്ന ബഹുകാലമായ്
ഗോദാവരിയിലിന്നങ്ങേക്കണ്ടു ഞാനതിരാവിലേ;.

പിന്നെയും കാണ്മതിന്നാശയേറിപ്പിന്നാലെ പോന്നുഞാൻ
പിരിഞ്ഞുപോകുമാറില്ല പൂ കണ്ടാൽ വണ്ടു ഭൂപതേ!''

അറപ്പും നാണവും തോന്നും വാക്കിങ്ങനെ തുടർന്നവൾ
അവളെക്കൂടി വേഗംക്കേണമെന്നുമായാൻ നിശാചരി.

എങ്ങാര്യചരിതൻ രാമ,നെങ്ങു ദുർവൃത്തയാമിവൾ;
ദുർമ്മോഹികൾക്കില്ലൗചിത്യ,മിവളോ പിന്നെ രാക്ഷസി.

വെറുത്തു രാഘവൻ മാടിവിളിച്ചാൻ തമ്പിയെ ദ്രുതം.
വന്നെത്തുമവനെപ്പാർത്തുമവൾ നാണംകുണുങ്ങിനാൾ.

ചിരിച്ചുപോയാൾ വൈദേഹി, കണ്ടു രാക്ഷസി തൃഷ്ണയായ്
ചീറിട്ടേവിയെ ഹിംസിപ്പാൻ കുതിച്ചാൾ വ്യാഘ്രിപോലവൾ.

ഉടൻ കടന്നിടംകയ്യാൽ പിടിച്ചവളെ നിർത്തിനാൻ
ഊരിനാൻ വാളുറയിൽനിന്നഗ്രൻ ഝടിതി ലക്ഷ്മണൻ.

സ്മൂരിക്കും വാളതിൻമുമ്പിൽ പിടഞ്ഞാൾ ക്ഷണമാശരി
പന്തത്തിനെതിരായാടും നിഴൽപോലുഗ്രരൂപിണി.

മൂക്കും കാതുകളും താഴെവീണ ധൂർത്ത വിരൂപയായ്;
മൂന്നു ധാരകളായ് ചോര ചെഞ്ചായംപൂശി ചേലയിൽ.

Digitized By Kerala Sahitya Akademi

ഘോരമായലറിട്ടുഷ്ടയിടഞ്ഞു പിടിവിട്ടടൻ
കണ്ടുകൊൾകെന്ന കയ്യോങ്ങിക്കാട്ടിത്തെക്കോട്ട മണ്ടിനാൾ.

മറഞ്ഞു ശൂർപ്പണഖയെന്നാഖ്യയാമന്നിശാചരി;
മനസ്സിൽ രാമാദികൾക്കു വിപച്ചുകയുമേറെയായ്.

അന്യോന്യമവർ സംസാരിച്ചിരുന്നു, നേരമുച്ചയായ്;
അപ്പോഴം കാണായിതകലെസ്സൈന്യസന്നാഹലക്ഷണം.

ഒളിച്ചാൻ ഗ്രഹയിൽ കൊണ്ടുപോയി സീതയെ ലക്ഷ്മണൻ
ഒറയ്ക്കു വില്ലുമായ് ധീരൻ പോയാൻ പോരിന്നു രാഘവൻ.

ഗോദാവരിക്കെതിർകരത്തെത്തി നന്മരുഭ്രമിയിൽ
കൊടികുത്തി ഖരൻതന്റെ ഘോരമാം പട നിന്നിതു.

ഞടുങ്ങീ രാഘവൻക്കൂട്ടം ഞാണിൻഘോഷങ്ങളം കേട്ടവർ
കണ്ണീരവരവം കേട്ട കാട്ടാനക്കൂട്ടമെന്നപോൽ.

എത്തീ രാമൻ പോക്കളത്തിലുടനാത്തു വിളിച്ചഹോ!
എതിത്തു ചെന്നരക്കന്മാർ മുഷ്ടിദണ്ഡഗദായുധർ.

വില്ലാളിരാമനമ്പെയ്തു വീണു ചത്തു നിശാചരർ
വാർകൊണ്ടമ്മാരിയിൽപ്പെട്ട ശലഭങ്ങളംകണക്കവർ.

വന്നാനെതിത്തുടൻ വീരൻ ദൂഷണൻ ഖരസോദരൻ
വേലോങ്ങിക്കൊ;ണ്ടവനെയും വീഴ്ത്തിനാനെയ്തു രാഘവൻ.

ഇരുമ്പുലക്കയും വീശിയാർപ്പോടത്തോടുടൻ ഖരൻ
എത്തീടിനാൻ നഷ്ടയുധനാനത്തലവനെന്നപോൽ.

''ഗ്രഹയിൽപുക്കു സിംഹത്തിൻജടയെത്തുണബുദ്ധിയാൽ
കടിക്കും മാൻകിടാവിന്റെയേട്ടർ നീ, ക്ഷത്രിയാധമ!

കണ്ടുകൊൾ''കെന്നോങ്ങിയവനടിച്ചാൻ ക്രോധമൂർച്ഛിതൻ;
കുതിച്ചു പിന്നോട്ടമാറിയമ്പെയ്താൻ രഘുനന്ദനൻ.

ഇരുമ്പുഗദയോടറക്കൈയും തലയുമായുടൻ
ഇടഞ്ഞുവീണ ധരയിൽ ദണ്ഡശൈലംകണക്കവൻ.

ഖരനും കൂട്ടരും മൂന്നേമുക്കാൽ നാഴികകൊണ്ടഹോ!
കുറുക്കനും കഴുകനും സദ്യയായ്ത്തീർന്നിതീവിധം.

മടങ്ങി രാമൻ, സോൽകണ്ഠയായ തൻ പത്നിയാളൊട്ടും
സോദരൻതന്നൊടും ചൊന്നാൻ കഥ പുഞ്ചിരികൊണ്ടതാൻ.

മുനിമാരജ്ജയംകേട്ടങ്ങയച്ചാരുപഹാരമായ്
മുഖ്യായുധങ്ങളും വീണ്ടും മൂവക്കും ഭ്രഷ്ണങ്ങളും.

Digitized By Kerala Sahitya Akademi

രമ്യമാം പഞ്ചവടിയിൽ പിന്നെയും സുഖമായവർ
രമിച്ചാർ പലനാള,പ്പോഴും വനത്തിൽ പുഷ്പകാലമായ്;

പൂത്തു ചമത പൂത്തു നീർമരുതീ, പൂത്ത കൊന്നകൾ,
പൂത്തു വള്ളികളോരോന്നും, പൂത്ത പുല്ലുകൾപോലുമേ.

സന്തുഷ്ടരായ് പുത്ത കാട്ടിൽ നടന്നാർ ഭംഗി കണ്ടവർ
സന്ധ്യാമേഘത്തിനിടയിൽ സഞ്ചരിക്കും ഖഗങ്ങൾപോൽ..

വനപുഷ്പങ്ങളാൽ നിത്യമലംകൃതശരീരയായ്
വിലസീ സീതയക്കാട്ടിൽ മെയ്യെന്തുമുതുലക്ഷ്മിപോൽ.

പാടീ കുയിലിനം കൂവീ പ്രാക്കളുത്സാഹമാൺടൻ
മുരണ്ടു വണ്ടിൻനിരകൾ മുഖരീഭൂതമായ് വനം.

മലരിൻമിശ്രസൗരഭ്യമൊത്തു നന്മധുഗന്ധവും
മേളിച്ച കാട്ടുപവനൻ തെക്കുനിന്നെത്തി മെല്ലവേ.

പുഴതൻ പുളിനത്തിൽപ്പോയ് വള്ളിക്കുടിലിൽ മേവുവാൻ
പ്രിയമേറീ ജാനകിക്കു മുറ്റും മദ്ധ്യാഹ്നവേളയിൽ.

നൈർമ്മല്യത്താലടിത്തട്ടു കാണും ഗോദാജലങ്ങളിൽ
നീരാടിത്തന്നെ സമയം നയിച്ചു ചിലപോതവൾ.

നീന്തുന്ന ദേവിതൻ നീണ്ടുചുരുണ്ട വിരിവാർകുഴൽ
നിർമ്മിച്ചു ഗോദാവരിയിൽ കാളിന്ദീഭംഗിയൊട്ടിടം.

തങ്കപ്പുമേനിയാൾ തന്നെ മുങ്ങും ദിക്കിലെഴും ജലം
തമിഴ്തുകയും നീരാട്ടം ഭാഗംപോൽ തോന്നി മഞ്ഞയായ്.

ഒന്നായ് പറക്കും കുരുവിനിരതൻ നിഴൽപോലവേ
ഒഴുക്കിലോടും മീൻകൂട്ടമേകും ദേവിക്കു കൗതുകം.

കളിച്ചു ദേവി കൈതാഴ്ത്തും പിടിപ്പാൻ മീൻകിടാങ്ങളെ
കമലം താഴ്ന്നതെന്നോർത്തു ചെന്നേറുമവ നിർഭയം.

കാട്ടിലീവണ്ണമേകാന്തവിഹാരസുഖമൂർച്ഛയിൽ
''കൈകേയിക്കു നമസ്കാര''മെന്നോതും കാന്തനോടവൾ.

അക്കാലമാശ്രമത്തിങ്കലൊരു പൂർവ്വാഹ്നവേളയിൽ
അങ്ങുകാണായൊട്ടുമൊരു പൊൻനിറംപൂണ്ട പുള്ളിമാൻ.

''അഹോ! ഇതെന്തൊരാശ്ചര്യമിമ്മൃഗത്തിന്നു നോക്കുവിൻ;
അക്കുരശ്മിയിൽ മിന്നുന്ന വെള്ളിപ്പൊട്ടാണ പൊന്നുടൽ.

അതോ! നില്ക്കുന്നതോ! മണ്ടുന്നതോ! ദൂരത്തുപോയ് മൃഗം
അഴകേറും ഗളം പൊക്കി നോക്കുന്നു നിന്നു നമ്മളെ.

Digitized By Kerala Sahitya Akademi

പിടിച്ചുകൊണ്ടുവരികമ്മാനെയെൻപ്രിയ പോകുക;
പറവീടാസ്സിൽ കൊന്നതിന്റെ തോലെന്നാലും ഹരിക്കുക.''

സീത ചൊന്നാളിതുൽപാന്ത പോയാൻ വില്ലേന്തി
രാഘവൻ;
സുകുമാരാത്മനകളെ സ്ത്രീ ചെയ്താൽ തള്ളിടാ പുമാൻ.

അടുത്ത രാമ,നകലെപ്പാഞ്ഞുപോയ് നിന്ന പുള്ളിമാൻ,
അങ്ങെത്തീ രാമനക്കാഴ്ച, സോൽക്കണ്ഠം കണ്ട ജാനകി.
അവിടന്നും തെറ്റിമണ്ടിക്കണ്ണെത്താതതിദൂരമായ്
ഹാ! മുമ്പും പിമ്പുമായ്മാനും രാമനും പോയ്മറഞ്ഞിതു.

പ്രിയനെക്കാണാഞ്ഞുമുള്ളിൽപ്പൊന്മാനിൽ കൊതിയാന്മേ
പാരം സംഭ്രാന്തയായ് നിന്ന സീത—നേരുമേറെയായ്.

''അയ്യോ! ലക്ഷ്മണ,രക്ഷിക്ക! എന്നെക്കൊല്ലുന്ന രാക്ഷസർ;
അയ്യോ സീതേ! വേർപെടാറായ് നിന്നെ ഞാൻ,
പ്രാണവല്ലഭേ!''

എന്നങ്ങു മാൻ പോയദിക്കിൽനിന്നുടൻ ദീഘ്രരോദനം
എത്തീ കണ്ണുത്തിലഹഹ! സീത മോഹിച്ചുവീണപോയ്.

''ആര്യേ, സമാശ്വസിക്കെല്ലാം വ്യാജമാണോക്കയീ സ്വരം.
ആര്യനേറതല്ല, വീരന്മാർ ചെയ്തിടാ ദീനരോദനം.
പകയേറും രാക്ഷസന്മാർ നമ്മേ വഞ്ചിക്കയാം ശ്രുഭേ,
ഭയപ്പെടാസ്സാര്യനിപ്പോം വരും വീരൻ ധനുദ്ധരൻ.''

സംജ്ഞതേടും ദേവിയോടു പലതിങ്ങനെ ലക്ഷ്മണൻ
സാന്ത്വനം ചൊല്ലിനാൻ ധീമാ,നാശ്വസിച്ചില്ലയസ്സതി.

എന്നുല്ല പോകെൻപ്രിയനെ രക്ഷിക്കെന്നവം തമ്പിയേ
ത്വരിപ്പിച്ചാം, ദേവിയേകയാകയാൽ പോയതില്ലവൻ.

കോപിച്ചാം സീത ഭർത്സിച്ചാളവനെബ്ഭർത്തൃചിന്തയാൽ
കരഞ്ഞാം സാദ്ധ്വിയാം പ്രാണത്യാഗംചെയ്വാ—
നൊരുങ്ങിനാം.

ഭ്രാതൃനാശാത്ഥിയാം ധൂത്തനെന്നാം ദേവരനേ സ്വയം
ഭ്രാതൃപത്നീകാമിയെന്നുമാക്രോശിച്ചാം പതിവ്രത.
കഷ്ടം! സദ്വൃത്തരെന്നാലും വാച്യാവാച്യവിവേചനം
കലരാ ക്ഷുഭിതാത്മാക്കം വിശേഷിച്ചും 'വരാംഗിമാർ.

കണ്ണുങ്ങം പൊത്തിക്കൊഖേദിച്ചു പിന്നെട്ടേവിക്ക ലക്ഷ്മണൻ
കുശലം പ്രാത്ഥിച്ചുകൊണ്ടു പോയാനെന്നോതിയാൽ മതി.

Digitized By Kerala Sahitya Akademi

ഉള്ളൊന്നു പുറത്തോട്ടു നോക്കിയമ്മതിനേർമുഖി
ഒരുകൈയാൽ മുഖംതാങ്ങിയുമ്മരത്തങ്ങിരുന്നിതു

ചെറുദ്ദരത്തുടൻ കാവിനിലയങ്കിയണിഞ്ഞഹോ!
ചരുത്രമാന്നൊരു സന്ന്യാസി കാണായ് നേരേ വരുന്നതായ്.

കറുത്ത താടിയും പട്ടതലപ്പാവും വിഭൂതിയും
പുണ്ടോരു പിന്നാമ്പുറം തൂങ്ങും മൊന്നയും ദണ്ഡുമേലുവോൻ.

സഗദ്ഗദം നന്തിയടിയേറിയാഞ്ഞു നടന്നടൻ
സാമമന്ത്രം പാടിയവനെത്തിനാനടജാങ്കണം.

ഉഷസ്സിൽ ശൂന്യമാം ദ്യോവിലൊറ്റത്താരകപോലവേ
ഉമ്മരത്തിൽ കേണിരിക്കും ദേവിയെക്കണ്ടിതങ്ങവൻ.

ഒട്ടു മുമ്പോട്ടുപോയ് മാറിപ്പിന്നോക്കം നിന്ന തെല്ലുവൻ
ഉള്ളുറപ്പിച്ചു വീണ്ടും പോയ് ചെന്ന കോലായിലേറിനാൻ.

എഴുന്നേറ്റാസനം നല്കിയിരുത്തി യതിയെസ്സതി
ഏതവസ്ഥയിലും യോഗ്യോപചാരം മറന്നിടാ.

മഞ്ഞപ്പട്ടാടയാൽ സ്വർണ്ണമോഹനാംഗം മറച്ചുടൻ
മാറിനില്പൂ ദേവിയുടെ ചാരുത്വം നോക്കിനാനവൻ.

കുശലം ചോദിച്ചുകൊണ്ടു കുയിൽനേർവാണിയോടവൻ
കൗതൂഹലമൊതുങ്ങാതെ സംസാരിച്ചാനസംഗതം:

''രമ്യരമ്യാംഗി, ഞാൻ നിന്നെയറിയും ജനകാത്മജേ,
രാമനാം മുംമുക്കിന്മേൽ പറ്റും മധുരമല്ലികേ,

ശാപത്താൽ ഭ്രമിയിൽത്തങ്ങിനില്പൂ ദേവതപോലെ നീ
ശശിരമ്യാനനേ, കാട്ടിൽ ക്ലേശിക്കുന്നെന്തിനോമലേ?

പെങ്ങളാകും ശൂർപ്പണഖ പറഞ്ഞാൾ നിൻ ഗുണോൽക്കരം,
പതിന്മടങ്ങായ് കാണുന്നുണ്ടതു നിന്നിൽ മനോഹരേ!

നിൻസമാഗമമിച്ഛിച്ചിട്ടീനവേഷമിയന്ന ഞാൻ,
നീലോൽപലേക്ഷണേ! സ്നേഹം ചൊന്നാലാരെന്തു ചെയ്യിടാ.

ധരിക്ക ലോകവിജയി രാവണൻ സാമവേദി ഞാൻ;
ത്വദ്ദാസനായ് ധന്യനാവാൻ സജ്ജൻ ലോകൈകസുന്ദരീ!

മണിസാനുക്കളാൽ ദീപ്തമാകും മലകൂം കോട്ടയായ്
മുത്തും പവിഴവും മിന്നും തെക്കേക്കെടൽ കിടങ്ങുമായ്

മനുഷ്യദൃഷ്ട്യാപമായി മഹൈശ്വര്യനികേതമായ്
മനോജ്ഞമായ ഭൂലോകസ്വർഗ്ഗമാം ലങ്കയെൻപുരം;

Digitized By Kerala Sahitya Akademi

ആകാശമാർഗ്ഗമായ് പോകാനുണ്ടെനിക്കു വിമാനവും,
ആക്കുമില്ലിങ്ങതെന്റേറതു കൊണ്ടുവന്നിട്ടുമുണ്ടു ഞാൻ.

വരികാരോമലേ, പോകാമതിലേറുക, ദേവിപോൽ
വാനിലൂടേ സഞ്ചരിക്കാ, വന്നു ലങ്കയിൽ വാഴുക.

ലങ്കയ്ക്കാഭരണം നീയാ,മല്ലായ്കിലതു തേടുമേ
ലാഘവം താഴികക്കുംഭമററ ഗോപുരമെന്നപോൽ.

രാമനെച്ചൊല്ലി ദുഃഖിച്ചു നശിപ്പിക്കായ്ക നിന്നെ നീ:
രാജ്യം കളഞ്ഞ ജളനെ ലക്ഷ്മിയും കളയും പ്രിയേ!''

കേട്ടീ വാക്യങ്ങളം കോപിച്ചും ഭയന്നും സീത കുണുയായ്
കുഴങ്ങിയും ധൈര്യമാന്നും കമ്പിച്ചുംനിന്നു ചൊല്ലിനാൾ:

''അഹോ! വഞ്ചിച്ചു നീയെന്നെ കഷ്ടം! ധൂർത്ത, നിശാചര,
അഹോ! നിൻ ദുർഭാഷണത്താൽ ദുഷിച്ചു രാഘവാശ്രമം.

മിണ്ടാതെഴുന്നേല്പു പോകയിരിക്കായ്കെന്റെ മുമ്പിൽ നീ,
മടങ്ങിയിങ്ങിപ്പോഴെത്തുമെൻപ്രിയൻ നിൻ കുലാന്തകൻ.''

''കാററിലാട്ടം നെടുംകൊന്നപ്പൂങ്കൊത്തേ, ഭീഷണോക്തിയാൽ
കുലുങ്ങാ രാവണൻ—നിന്റെ കോപവും മോഹനംപ്രിയേ!''

എന്നോതിയെഴുന്നോറാളുടെ ഭിക്ഷുവേഷം വെടിഞ്ഞുടൻ
എതിരേ മാഹാസംപൂണ്ടൊന്നുനിന്നാനരക്കർകോൻ.

കറുത്തുപൊങ്ങിക്കവചകിരീടോജ്ജ്വലനാമവൻ
കടുംചുവപ്പാടപൂണ്ട കാണാറായന്തിവിണ്ണുപോൽ.

എത്തീ വിമാനമുടനേയഹോ! സീതയെ രാവണൻ
എടുത്തുകൊണ്ടുപോയേററിയതിൽ താനും കരേറിനാൻ.

പിടഞ്ഞാനം, മാഞ്ഞിനാനം വേടൻ പിടിക്കും പ്രാവുപോലവൾ,
പാരും നിരാശയായ് കേണാളറക്കെപ്പിഴവാണിയാനം.

''ഭയപ്പെടായ്ക നീ സീതേ; രാമനെന്നകണക്കു ഞാൻ
പെണ്ണുങ്ങളിൽ ക്രൂരനല്ലെ''ന്നോതിത്തേരോട്ടിനാനവൻ.

പൊങ്ങീ വനംവിട്ട സീതപെടും രാവണവാഹനം
പർവതം വിട്ട പൊൻമിന്നലേലും പുമുകിൽമാതിരി.

കരഞ്ഞു ദേവി പലതും ചൊല്ലി,യദ്ദീനരോദനം
കഷ്ടം! വായുവിലങ്ങു ലയിച്ചു ജലരേഖയായ്.

ദിഗന്തത്തിൽ സീതയെക്കൊണ്ടീവിധം പോയ്മറഞ്ഞിതു
ദിനശ്രീയെ ഹരിച്ചീടും പ്രദോഷംപോലെ രാവണൻ.

Digitized By Kerala Sahitya Akademi

അനന്തരം കണ്ടുമുട്ടീ കാട്ടിൽ തമ്പിയെ രാഘവൻ
അവർ സംഭ്രാന്തരായോതി കഥയന്യോന്യമൊക്കവേ.

മാരീചരാക്ഷസൻ പണ്ടു മുറിവേറ്റു മറഞ്ഞവൻ
മാനായ് വഞ്ചിച്ചതാണത്രേ രാമനെ,ത്താടകാസുതൻ.

മൃഗത്തിനപ്പെയ്യവനെക്കൊന്ന രാഘവനെങ്കിലും
മായമുണ്ടെന്നോർത്ത കള്ളൻ മറിച്ചു വിലപിക്കയാൽ

പറഞീ വിപത്തെന്നന്യോന്യമോർത്ഥം ഭ്രാതാക്കളാർത്തരായ്
പാഞ്ഞെത്തിനാരാശ്രമത്തിൽ കഷ്ടം! സീതയെ നോക്കുവാൻ.

അലച്ചു ചുറ്റുന്ന കൂട്ടിൽ സീതപോറ്റിയ പൈങ്കിളി
അങ്ങങ്ങുഴന്നു നില്ക്കുന്ന ദേവി പാലിച്ച മാൻപിരി.

അകായിൽപുക്കുടൻ രാമൻ നോക്കീ മുറിയിലൊക്കെയും
അടുത്തും ദൂരെയും ചുറ്റും പാഞ്ഞന്വേഷിച്ചു ലക്ഷ്മണൻ.

സീതേ,സീതേ,യെന്നു രാമൻ വിളിച്ചങ്ങു തേടിനാൻ
ആര്യേ, ആര്യേ,യെന്നുഴന്നു ലക്ഷ്മണൻ വിളിക്കൂട്ടിനാൻ.

പുഴക്കടവിലും വള്ളിക്കെട്ടിലും പുളിനത്തിലും
പോയി നോക്കീടിനാർ രണ്ടുപേരുമപ്പുഴതന്നിലും.

നോക്കീ ശിലാതലത്തിങ്കൽ ചമത്കൃതായതന്നിലും
നോക്കി രാഘവർ ദേവിക്കങ്ങിഷ്ടമാം ദിക്കിലൊക്കെയും.

''അയ്യോ! സീതേ! ജനകജേ!യെന്നെയെൻ പ്രാണനായികേ!
ഈ വനത്തിലുപേക്ഷിച്ചിട്ടെങ്ങു നീ പോയതോമലേ!

അയ്യോ! കത്തുന്ന ഹൃദയം മങ്ങുന്ന കാഴ്ച ലക്ഷ്മണ,
ചുഴറ്റുന്ന പമ്പരംപോലെല്ലാമെൻമുമ്പു ദുർവിധി!''

എന്നോതി രാഘവൻ കാട്ടിൽ വീണുപോയീ
വിസംജ്ഞനായ്;
എട്ടത്താശ്വാസമരുളീ സാന്ത്വതാപൻ സഹോദരൻ.

എഴുനേറ്റു പിന്നെയൊരുമട്ടിലങ്ങുപോ–
യുടനായുധങ്ങളുമെടുത്തു ഖിന്നരായ്
ഒഴുകുന്ന ബാഷ്പമൊട്ടു ശൂന്യമാശ്രമം
ചുട്ടകാടുപോലവർ വെടിഞ്ഞുപോയിതു.

എങ്ങാരു സീതയെ നയിച്ചതു കൃത്യമേതാ–
ണെങ്ങാണു പോവതിനിയെന്നിവ തോന്നിടാതെ

Digitized By Kerala Sahitya Akademi

ലാക്കറ്റു കാട്ടിലവർ കേണുനടന്ന നീളെ
ചേക്കറ പക്ഷികൾകണക്കെ നൃപാത്മജന്മാർ.

രസയൊഴിവഴി പോയീ രാമനിപ്പോളിതാ തൻ–
രമണി ഹൃതയുമായീ—ഹന്ത! സത്യം ജഗത്തിൽ
രസവുമറിവുമേകം രേഖ ദൈവം കുറിച്ചൂ
രഘുപതിയുടെ രക്തപ്രായമാം കണ്ണുനീരാൽ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

പ്രസിദ്ധ ആംഗലകവിയായ സർ എഡ്വിൻ അർനാൾഡിന്റെ കൃതികളിൽ 'ഏഷ്യയിലെ ദീപം' (Light of Asia) ഏറ്റവും ശ്രേഷ്ഠമായ ഒരു ഗ്രന്ഥമാണു്. ഇതിനെ ഇപ്പോൾ ലോകത്തുള്ള മിക്ക പ്രധാന ഭാഷകളിലും തർജ്ജമ ചെയ്തിട്ടുണ്ടു്. വിഷയഗൗരവവും കവിതാഗുണവും ഓർത്താൽ ഈ കൃതിക്കു സിദ്ധിച്ചിട്ടുള്ള അസാമാന്യമായ പ്രസിദ്ധിയേയോ പ്രചാരത്തേയോ പറ്റി ആക്ഷേപം അത്ഭുതം തോന്നുന്നതല്ല. ഈ 'ശ്രീബുദ്ധചരിതം' കിളിപ്പാട്ടു് ആ വിശിഷ്ടകൃതിയുടെ ഭാഷാന്തരമാകുന്നു. ബുദ്ധഭഗവാന്റെ ചരിത്രവും ബുദ്ധമതത്തിന്റെ പ്രധാന മൂലതത്വങ്ങളുമാണു് ഇതിലെ പ്രതിപാദ്യവിഷയം. പൗരാണികന്മാർ മഹാവിഷ്ണുവിന്റെ അവതാരങ്ങളിൽ ഒന്നായി പരിഗണിച്ചുവരുന്ന ഭഗവാൻ ഗൗതമബുദ്ധൻ 2500 കൊല്ലങ്ങൾക്കു മുമ്പു് ആര്യാവർത്തത്തിൽ ഉപദേശിച്ച വിലയേറിയ അദ്ധ്യാത്മതത്വങ്ങളും ധർമ്മരഹസ്യങ്ങളും, സ്ഥാപിച്ച സംഘങ്ങളും ഭൂലോകം മുഴുവൻ ഇന്നു മിക്കവാറും എല്ലാ പരിഷ്കൃതമതങ്ങളുടേയും മതസ്ഥാപനങ്ങളുടേയും ഉല്പത്തിസ്ഥിതികളെ ഏതെങ്കിലും പ്രകാരത്തിൽ പ്രേരിപ്പിക്കയോ അല്ലെങ്കിൽ അവയെ പോഷിപ്പിക്കയോ പുലർത്തുകയോ പരിഷ്കരിക്കയോ എന്തെങ്കിലും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാൻ പാടില്ലാത്തതാകുന്നു. ബുദ്ധമതം ഇന്നും ലോകത്തുള്ള അനേകശതകോടി മനുഷ്യരിൽ മൂന്നിലൊന്നു ഭാഗം ആളുകളുടെ വിശ്വാസാനുഷ്ഠാനങ്ങൾക്കു് ആധാരമായി പ്രചരിച്ചുകൊണ്ടിരിക്കയുമാകുന്നു. സിലോൺ, ബർമ്മാ, നേപ്പാൾ, തിബത്തു്, ചൈന, മദ്ധ്യേഷ്യ, സൈബീരിയാ മുതലായ രാജ്യങ്ങളിലെ ജനങ്ങളും ഇപ്പോഴും ബുദ്ധമതക്കാരാണു്. ഇന്ത്യയുടെ പല ഭാഗങ്ങളിലുംതന്നെ ബുദ്ധഭക്തന്മാർ ഇപ്പോഴുമുണ്ടു്. ആ മതത്തിലെ അത്യുൽകൃഷ്ടമായ അദ്ധ്യാത്മതത്വങ്ങളും സദാചാരപദ്ധതികളും മനുഷ്യവർഗ്ഗമുള്ളകാലംവരെ പണ്ഡിതന്മാർക്കു് ആശ്ചര്യാനന്ദങ്ങളും ജനിപ്പിച്ചുകൊണ്ടും, അനവധി ആത്മാക്കൾക്കു് സുഖസമാധാനങ്ങളും നല്കിക്കൊണ്ടും എന്നേക്കും പ്രകാശിക്കുമെന്നുള്ളതുമാകുന്നു.

ഈ പരിഭാഷ ആരംഭിച്ചതു് 1083-ാമാണ്ടിടയ്ക്കായിരുന്നു. എട്ടു പുസ്തകങ്ങളും അല്ലെങ്കിൽ എട്ടു കാണ്ഡങ്ങളും അടങ്ങിയ ഈ

Digitized By Kerala Sahitya Akademi

ഗ്രന്ഥത്തിന്റെ ഒന്നാം കാണ്ഡം മിക്കവാറും പരിഭാഷപ്പെട്ടത്തിത്തീർന്നശേഷം, ചില അസൗകര്യങ്ങളാലും മറ്റു കാരണങ്ങളാലും പരിഭാഷ തുടരാൻ സാധിക്കാതെവന്നു. എന്നിട്ടു പത്തു കൊല്ലങ്ങൾ കഴിഞ്ഞു. 1913-ൽ വീണ്ടും തർജ്ജമ തുടരുകയും, അപ്പോൾമുതൽ 'വിവേകോദയം' മാസികയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങുകയും ചെയ്തു. ഇപ്പോൾ പുറത്തയയ്ക്കുന്ന ഈ രണ്ടു കാണ്ഡങ്ങൾ അങ്ങനെ പ്രസിദ്ധപ്പെടുത്തിയ ഭാഗങ്ങളെത്തന്നെ സംസ്കരിച്ചു് പുസ്തകരൂപത്തിൽ ആക്കീട്ടുള്ളതാകുന്നു. ഇപ്രകാരം ഈരണ്ടു കാണ്ഡങ്ങളായിത്തുടർന്നുകൊണ്ടു പ്രസിദ്ധപ്പെടുത്തി കാലതാമസമെന്നിയെ ഗ്രന്ഥം പൂർത്തിയാക്കാനാണു് വിചാരിക്കുന്നതു്.

ഇതിനിടയിൽ, 'ബുദ്ധചരിതം' എന്ന പേരിൽ ഈ കൃതിയുടെ ഒരു ഗദ്യതർജ്ജമ കാണ്മാനും, 'ഏഷ്യയിലെ വെളിച്ചം' അല്ലെങ്കിൽ 'പൗരസ്ത്യദീപം' എന്ന പേരിൽ മറ്റൊരു പദ്യതർജ്ജമയെപ്പറ്റി കേൾപ്പാനും, സംഗതിയായിട്ടുണ്ടു്. എന്നാൽ ഈ കിളിപ്പാട്ടുതർജ്ജമ മൂലത്തിലെ വൃത്തത്തിനും പ്രമേയത്തിനും ഏറ്റവും യോജിച്ചതാണെന്നു തോന്നുകയാലും, ഈ മാതിരി ഒരു തർജ്ജമ ഇതുവരെ പുറത്തു വന്നിട്ടില്ലാത്തതിനാലും ഞാൻ ഇതിനെ പിന്തുടർന്നതാണു്. തർജ്ജമയിൽ കിളിപ്പാട്ടിന്റെ സ്വാഭാവികമായ മാധുര്യത്തിനു് ഹാനിവരാതിരിപ്പാൻ വേണ്ടത്ര സ്വാതന്ത്ര്യം സ്വീകരിച്ചിട്ടുണ്ടു്. എന്നാൽ അതുകൊണ്ടു് അർത്ഥത്തിൽ സാരമായ ഏതെങ്കിലും ഭേദഗതി വരികയോ. മൂലത്തിലെ കവിതാഭംഗിക്കോ രസത്തിനോ വൈകല്യം സംഭവിക്കയോ ചെയ്യാതിരിപ്പാൻ പ്രത്യേകം ദൃഷ്ടിവച്ചിട്ടുമുണ്ടു്. തൽക്കാലം ഇതിലധികമൊന്നും പറവാനില്ല. കവിതാവിഷയമായ ഉദ്യമങ്ങളിൽ എന്നെ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിക്കുന്ന ഗുണകാംക്ഷികളായ പണ്ഡിതന്മാരോടും പൊതുജനങ്ങളോടും എനിക്കുള്ള ഹാർദ്ദമായ കൃതജ്ഞതയെ പ്രസ്താവിച്ചുകൊണ്ടും, അവരുടെ ദയാപൂർവ്വമായ സ്വീകാരത്തെ ഈ അവസരത്തിലും സവിനയം പ്രതീക്ഷിച്ചുകൊണ്ടും ഈ കൃതിയെ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം
1915 സെപ്തംബർ 5

എൻ. കുമാരൻ ആശാൻ

Digitized By Kerala Sahitya Akademi

II

ശ്രീബുദ്ധചരിതം കിളിപ്പാട്ടിന്റെ ആദ്യത്തെ രണ്ടു കാണ്ഡങ്ങളും അടങ്ങിയ ഒന്നാം പുസ്തകം പുറത്തായിട്ട് ഇപ്പോൾ രണ്ടു കൊല്ലം കഴിഞ്ഞിരിക്കുന്നു. ആ പുസ്തകത്തിന്റെ മുഖവുരയിൽ സൂചിപ്പിച്ചിരുന്നപ്രകാരം മൂന്നും നാലും കാണ്ഡങ്ങളടങ്ങിയ രണ്ടാംപുസ്തകം പ്രസിദ്ധപ്പെടുത്താൻ ഇത്ര താമസം നേരിട്ടതിൽ വ്യസനമുണ്ട്. എന്നാൽ ഇപ്പോഴെങ്കിലും പ്രതിജ്ഞയെ നിറവേറ്റാൻ സാധിച്ചതിലുള്ള ചെറിയ ചാരിതാർത്ഥ്യത്തോടുകൂടി ഈ രണ്ടാം പുസ്തകവും സഹൃദയരായ വായനക്കാരുടെ മുമ്പാകെ സാദരം സമർപ്പിച്ചുകൊള്ളുന്നു.

ഒരു സംഗതിയാണ് ഇതിൽ പ്രത്യേകം പ്രസ്താവയോഗ്യമായുള്ളത്. ഈ കിളിപ്പാട്ട് 'Light of Asia' എന്ന ഇംഗ്ലീഷ് കൃതിയുടെ ഒരു സ്വതന്ത്ര തർജ്ജമയായിട്ടാണല്ലോ ആരംഭിച്ചിരുന്നത്. എങ്കിലും ഇതിനെ ഒരു സ്വതന്ത്രകൃതിയായി അവസാനിപ്പിക്കുന്നത് പലതുകൊണ്ടും അധികം നല്ലതായിരിക്കുമെന്ന് ഒടുവിൽ തോന്നുകയാൽ ഈ രണ്ടാംപുസ്തകംമുതൽ ആ അഭിപ്രായത്തിനനുരൂപമായ രീതിയിലാണ് ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളത്. അതുകൊണ്ട് മൂന്നാം കാണ്ഡത്തിൽ പൂർവ്വാധികം സ്വാതന്ത്ര്യം അംഗീകരിക്കയും നാലാം കാണ്ഡത്തെ മിക്കവാറും ഒരു സ്വന്തകൃതിയായിത്തന്നെ പരിണമിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ വ്യതിയാനംകൊണ്ട് ഗ്രന്ഥത്തിന്റെ ആനുപൂർവ്വിക്കും ആകർഷകമായ ഭംഗിക്കും പ്രൗഢിക്കും ഹാനിതട്ടാതിരിപ്പാൻ ശ്രദ്ധവച്ചിട്ടുമുണ്ട്.

ഇതിവൃത്തത്തിൽ ബുദ്ധഭഗവാന്റെ സന്ന്യാസംവരെയുള്ള പൂർവ്വാശ്രമകഥകൊണ്ടു മുഴുവൻ ഈ നാലാംകാണ്ഡത്തോടെ അവസാനിച്ചിരിക്കുന്നതിനാലും ഇത്രയുംകൊണ്ട് ഗ്രന്ഥം പകുതിതീർന്നിരിക്കുന്നതിനാലും ഈ രണ്ടു പുസ്തകങ്ങളേയും പൂർവ്വഭാഗമായി പരിച്ഛേദിക്കയും ചെയ്തിരിക്കുന്നു.

കൈതമുക്ക്, തിരുവനന്തപുരം
1917 നവംബർ 23

എൻ. കുമാരൻ ആശാൻ

III

ശ്രീബുദ്ധചരിതത്തിന്റെ നാലു കാണ്ഡങ്ങളും ആശാൻ തന്നെ പ്രസിദ്ധംചെയ്തിട്ടുള്ളതാണല്ലോ. അഞ്ചാം കാണ്ഡം എഴു

Digitized By Kerala Sahitya Akademi

തിത്തീർത്തശേഷം പ്രസ്സിൽ കൊടുക്കാനായി അദ്ദേഹംതന്നെ പകൃതിയേയാളം പകർത്തിയെഴുതിയിട്ടുണ്ടായിരുന്നു. 'കരുണ' എഴുതിയിരുന്ന ആ നോട്ടുബുക്കിൽപ്പെട്ട ഈ കവിതയും നിഷ്ഠുരമായ പല്ലനയാറ്റിലെ പാഴ്ച്ചെളിയിൽനിന്നും വീണ്ടെടുത്തിട്ടുള്ളതാണു്. കൈയെഴുത്തിൽ കണ്ടമാതിരി അങ്ങനെതന്നെ പകർത്തി പ്രസ്സിൽ കൊടുക്കുക മാത്രമാണു് ഞാൻ ചെയ്തിട്ടുള്ളതു്.

തോന്നയ്ക്കൽ
28-1-1929

മിസ്സിസ് കുമാരനാശാൻ

Digitized By Kerala Sahitya Akademi

ഒന്നാം കാണ്ഡം

ഭഗവാൻ, ഭവമുക്തിദായകൻ, ബുദ്ധൻ തന്റെ
നിഗമരത്നം ജയിച്ചീടുന്ന സപ്പോത്തമം

ജഗതീപതിസുതൻ വിശ്രുതൻ സിദ്ധാർത്ഥ
ജഗത്തിൽ മൂന്നിങ്കലുമാരുള്ള സമാനന്മാർ.

സപ്പുജിതൻ സാക്ഷാൽ സർവ്വജ്ഞൻ സർവോത്തമൻ
സർവ്വത്രൈകദയാവാരിധി തപോനിധി.

നിർവ്വാണത്തെയുമിഹ നിത്യമാം ധർമ്മത്തെയും
നിർവ്വാദമകമലിഞ്ഞറിഞ്ഞരുളും ദിവ്യാചാര്യൻ,

ഭൂമിയിൽ മർത്യരുടെ ഭാഗ്യത്താൽ വീണ്ടും പണ്ട
സാമോദമവതരിച്ചീടേണ്ടകാലം വന്നു.

ദിവ്യമാമഗ്രഭൂമിതന്നുടെ താഴത്തതി-
ഭവ്യന്മാർ വാണീടുന്ന നാലുപേർ ലോകേശന്മാർ.

ഭരിച്ചീടുന്നിതവർ മർത്ത്യലോകത്തെയവ-
രിരിക്കുന്നതിനു താഴ്ത്തു മേഖലകളിൽ

മരുവീടുന്ന പരേതന്മാരായ് ഭൂവെടിഞ്ഞ
പെരിയ തപോധനസത്തമരടുക്കൽതാൻ

മുപ്പതിനായിരത്താണ്ടമ്മഹാത്മാക്കളങ്ങു
കെല്പൊടുമിരുന്നവതരിച്ചീടുന്ന വീണ്ടും.

ആ ദിവ്യഭൂമിതന്നിലത്രകാലവുമസ്ഥ-
ഖേദം വാണരുളിയ ഭഗവാൻ ബുദ്ധന്നപ്പോഴ

കാണായിർവതാരചിഹ്നങ്ങളഞ്ചും സ്വയം
ക്ഷോണിതൻ ക്ഷേമത്തിനായെന്നതേ പറയേണ്ടു.

വാനവരിതു കണ്ടു വീതസന്ദേഹമന-
ഞ്ഞാനന്ദാകുലമരുളീടിനാരിപ്രകാരം:

''ഭഗവൻ, ഭവാനിന്നു ലോകരക്ഷണത്തിനാ-
യുലനാശന! പോകുമാറായിതറിഞ്ഞാലും.''

അതുകേട്ടരുൾചെയ്തു സർവ്വജ്ഞൻ—''പോകുന്ന ഞാ-
നിതുതാനെന്റെയന്ത്യമായീടുമവതാരം;

Digitized By Kerala Sahitya Akademi

ഇതിനാൽത്തന്നെ സംസാരാംബുധി കടന്നീടും
ഗതകല്മഷം ഞാനും മദ്ധ്യരതന്മാരും;

ശ്ലാഘ്യമാം ഹിമാലയദക്ഷിണസാനുഭുവിൽ
ശാക്യന്മാരുടെ കുലത്തിങ്കൽ ഞാൻ ജനിച്ചീടും;

യോഗ്യരാം ജനങ്ങളുമവിടെ വാഴുന്നിതു
ഭാഗ്യവാനായിന്നൊരു ധർമ്മിഷ്ഠൻ നരേന്ദ്രനും.''

ഇങ്ങനെയസ്സംവാദംനടന്ന രാവിൽത്തന്നെ
മംഗലാത്മാവാം ശ്രീശുദ്ധോദനനരേന്ദ്രന്റെ

മഹിഷി മായാദേവി കാന്തനൊത്തുറങ്ങുമ്പോൾ
മഹനീയമായൊരത്യദ്ഭുതസ്വപ്നം കണ്ടാൾ.

കാമധേനുവിൻ നറുംപാലുപോൽ വെളുത്തതി-
കോമളങ്ങളാമാറു കൊമ്പുകൾ പൂണ്ട മിന്നും

വാരണവീരൻ തന്റെ വടിവിൽ ദ്യോവിൽനിന്നു
പാരമുജ്ജ്വലിച്ചൊരു നക്ഷത്രമതിശീഘ്രം

ചാരുവാം മാണിക്കത്തിൻചരായ നൻമുത്തിൽചേർന്ന-
ള്ളാരോമൽകാന്തികാട്ടുമാറു രശ്മികൾ ചിന്നി

അന്തരിക്ഷത്തിലൂടെയെരിഞ്ഞുവന്നതു-
മന്തികമണവതും, ദക്ഷിണപാശ്വത്തൂടെ

സ്വന്തമാം ഉദരത്തിലായതു പൂകുന്നതും,
ബന്ധുരഗാത്രി കണ്ടാ;ളുണർന്നാളുടൻതന്നെ.

മർത്യമാതാക്കളാരുമോരാത്തോരത്യാനന്ദ-
മത്തരണിയാലംകൃതിയിൽ കവിഞ്ഞുവഴിഞ്ഞിതു.

സത്വരം പരന്നിതു പുലർകാലത്തിന്നു മു-
മ്പെത്രയും മനോജ്ഞമാം പ്രഭയൊന്നെല്ലാടവും

പെരിയ പുഷ്പതല്പം വിരിച്ചിതപ്പോൾ പാരിൽ
തിരകളടങ്ങിയംബുധി നിശ്ചലമായി

സരസം കാലത്തിതംവിരിയുംപൂക്കളെല്ലാം
തരസാ വിടർന്നുച്ചയായാലത്തെപ്പോൽ നിന്നു.

ഇരുളാന്നൊരു കാട്ടിനിടയിൽ ഭാനുമാന്റെ
കിരണം ചാരുകാന്തി കലർന്നു പരക്കുമ്പോൽ

നരനായകപത്നിയാകുക്കുതാരിൽ തിങ്ങും
പരമാനന്ദപൂരമൊഴുകി പാതാളാന്തം.

Digitized By Kerala Sahitya Akademi

അതുമല്ലഹോ രസാതലവാസികളപ്പോ-
ളുടവായ് തമ്മിൽതമ്മിൽ മന്ത്രിച്ചു വിഭാളെയേവം:

''ഇതുകേൾക്കുവിൻ ജനിച്ചീടേണ്ടും പ്രേതങ്ങളേ,
മൃതരാവാൻപോകുന്ന ജീവിസഞ്ചയങ്ങളേ,

വ്യഥവിട്ടാശ നിങ്ങൾ കൈക്കൊൾവി;നെഴനേല്പിൻ;
പൃഥിവിയിങ്കലവതരിച്ചിതിന്ന ബുദ്ധൻ.''

ഇതുകേട്ടമേയമാമാശ്വാസമോടും പൊങ്ങി-
യതുലാമോദം ചരാചരങ്ങൾക്കകക്കാമ്പിൽ.

വിദിതമല്ലാത്തൊരത്യാനന്ദം നല്കുമാറു
മുദ്ഭവാം കാറുവീശിയുഴിയി,ലാഴിയിലും.

അഥ വന്നിതു പുലർകാലമപ്പോൾ സ്വപ്നാർത്ഥ-
കഥകന്യാരാം വൃദ്ധരീവിധം വ്യാഖ്യാനിച്ചാർ:

''അതിശോഭനം സ്വപ്നം—കർക്കടകത്തിൽ ദിന-
പതി നില്ക്കുന്നു; ദേവി പെറ്റീടും കുമാരനെ;

അതിദിവ്യനാം പുത്രനവനത്ഭുതജ്ഞാന-
നിധിയാം നിഖിലലോകത്തിനും താങ്ങാമോത്താൽ;

അതുമല്ലജ്ഞാനാന്ധകാരത്തിൽനിന്നുയർത്തി-
ശ്രുതിനല്പീടും മർത്യക്കിങ്ങവ;നല്ലെന്നാകിൽ,
ക്ഷിതിമണ്ഡലമൊറ്റ വെൺകൊറ്റക്കുടയ്ക്കു കീഴ്
ഗതകല്മഷം കാക്കുമതുതാനിഷ്ടമെങ്കിൽ.''

അതിപാവനൻ ബുദ്ധൻ ശ്രീമായാജഠരത്തിൽ
പടുന്നിയ പുണ്യവൃത്താന്തമേവമല്ലോ.

കറവാർവേണി മായാദേവിയാം പിന്നെഗ്ഭർ-
ഭമറിവാണീടുംകാലം തന്നുടെ സൗധത്തിന്റെ

മുറ്റത്തു ചമതവൃക്ഷത്തിന്റെ കുളിർനിഴൽ
പറ്റിനിന്നതേയൊരുദിവസം മദ്ധ്യാഹ്നത്തിൽ.

തുംഗമായ് ദേവാലയത്തിൻകൊടിമരംപോലെ
ഭംഗിയിൽ വളർന്നുമുദ്ധശാഖയുള്ളതാം

മംഗളസ്നിഗ്ധമൃദുപല്ലവങ്ങളും ഹൃത-
ഭൃംഗങ്ങളായി ഗണംപൂണ്ടെഴും പുഷ്പങ്ങളും

തിങ്ങിമിന്നുന്ന മണിമകുടശ്രീയേലുമ-
ശൃംഗത്തെ മെല്ലെമെല്ലെയാനമിപ്പിച്ചു വൃക്ഷം

Digitized By Kerala Sahitya Akademi

ശൃംഗാരകുഞ്ജംപോലെ ദേവിക്കു തണലേകാ–
നിംഗിതമറിഞ്ഞുടൻ താണിതു;—ചിത്രമല്ല;

ജംഗമസ്ഥാവരങ്ങളൊക്കെയും ജഗത്തിങ്കൽ
സംഗതിയറിഞ്ഞുതാൻ വാണിതമ്മുഹൂർത്തത്തിൽ.

ഭ്രമിയുമുടൻ ബഹു പൂക്കളൽഗമിപ്പിച്ചു
പൂമെത്ത തീർത്തിതപ്പോൾ ദേവിക്കു ശയിക്കുവാൻ;

പ്രേമത്താൽ കുരിങ്കല്ലുമൊഴുക്കി സച്ഛോദക–
സ്തോമത്തെയരുവിയായ് രാജ്ഞിക്കു നീരാടുവാൻ;

കോമളാംഗിയാം ദേവിയീവിധമങ്ങനെല്ല–
മാമനസ്യംകൂടാതെ പെറ്റിതു കുമാരനെ

പൂർത്തിയായ്ത്തിരുമെയ്യിൽ പൂണ്ടിതന്നതേ പുത്രൻ
ദ്വാത്രിംശന്മഹാഭാഗപുരുഷചിഹ്നങ്ങളും,

വാർത്തയീവിധമെല്ലാം വിരവിൽ കേട്ടറിഞ്ഞു
ചീർത്തകൗതുകം പൂണ്ടു മന്നവനടൻതന്നെ

പുത്രനെച്ചെന്നു കൊണ്ടുപോരുവാൻ രമണീയ–
ചിത്രശോഭിതയായ ശിബികയയച്ചിതു.

ചിത്രമെത്രയുമെന്നാൽ തിരികെയത്ര ചെ–
ന്നെത്തിയതന്നു ദിഗീശന്മാർ നാൽവരുമത്രേ.

പാരിലെക്കണ്ഡങ്ങളം ചെമ്പോലയിൽ കുറിക്കുവോർ
മേരുവിന്നധിത്യകമേൽനിന്നു പോന്നാരിവർ;

പൗരസ്ത്യദിക്പാലകനിന്ദ്രൻ 'രജത'വസ്ത്ര–
ധാരികളായിക്കരതാരിൽ മുത്തണിഞ്ഞുള്ള

ചാരുവാം പരിചകം കൈക്കൊണ്ടുമിന്നും പരി–
ചാരകന്മാരുമൊത്തു ശോഭിച്ചു മഹാഭാഗൻ.

ജംഭാരിമണിമയമാം പരിചയും പൂണ്ടു
ഡംഭാന്ന നീലാശ്വത്തിലേറിസ്സഞ്ചരിച്ചീടും,

കുംഭിനീസ്വഗ്ഗപാതാളങ്ങളിൽ പേർകൊള്ളുന്ന
കുംഭാണ്ഡരൊത്തു ദക്ഷിണാശേശൻ വിളങ്ങിനാൻ.

പിന്നെയപ്പശ്ചിമാശാപതിയുമേവം കയ്യിൽ
മിന്നുന്ന പവിഴത്തിൻപരിചയേന്തിയെന്നും

ഉന്നതശോണഹയമേറിപ്പിന്തുടരുന്ന
പന്നഗവീരപരിവാരത്താൽ വിലസിനാൻ.

Digitized By Kerala Sahitya Akademi

ഉത്തരദിഗീശ്വരൻ വിത്തേശ്വരാനമേവം
സത്വരം പൊൻചട്ടയും പൊൻപരിചയും പൂണ്ടു,

ബദ്ധാഡംബരം പൊന്നിൻകുതിരയേറിപ്പിമ്പേ–
യെത്തീടും യക്ഷഭടന്മാരോടും വിരാജിച്ചാൻ.

കണ്ടീടാവല്ലാതുള്ള മോടിപൂണ്ടവർ, വേഷം–
കൊണ്ടല്ല രൂപംകൊണ്ടും വാഹകസമാനന്മാർ,

അണ്ടർകോന്മാരാമിവർതന്നെയപ്പുല്ലുക്കിന്റെ
തണ്ടുകൾ ചുമന്നുപോന്നാർ മഹാതേജസ്വികൾ

കുണ്ഠതയെന്യേയന്ന മർത്യരോടൊത്തങ്ങവർ
കണ്ടറിഞ്ഞിട്ടും ചേന്ന നടന്ന വാനവന്മാർ,

വീണ്ടും ഭ്രമിക്കുണ്ടായ ബുദ്ധാവതാരഭാഗ്യം
കണ്ടുടൻ സ്വർഗ്ഗം ഹർഷാംബുധിയിൽ മുങ്ങുകയാൽ.

എന്നാലതൊന്നും ഗ്രഹിച്ചീടാതെ ശുദ്ധോദന–
മന്നവൻ ദുർന്നിമിത്തശങ്കയാൽ മാഴ്കീടിനാൻ.

അന്നേരം ദൈവജ്ഞന്മാർ ചിന്തിച്ചോതിനാർ നൃപ–
നന്ദനൻ ഭുവിലേറ്റം പ്രഥിതനാകുമെന്നും;

എന്നല്ലായിരത്താണ്ടു ചെല്ലുമ്പോളൊരിക്കലീ–
മന്നിടം പാലിക്കുവാൻ വന്നവതരിച്ചീടും
ചക്രവർത്തികളന്തന്നിലേകനാണെന്നും; സാക്ഷാൽ
ഉൽക്കടൈശ്വര്യം സപ്തസിദ്ധികളും കാണുന്നെന്നും.

ചൊല്ലുള്ളം സിദ്ധികളിൽ ചക്രരത്നമാണാദ്യ,–
മർഘാതീതമാം മഹാരത്നം രണ്ടാമത്തേതാം:

ഉൽക്കടാഹംകാരമാന്ഭ്രത്തിലൃടെയോടും
ശീഘ്രഗാമിയാമശ്വരത്നമാം മൂന്നാമത്തു;

മഞ്ഞുപോൽ ധവളമായ് മന്നവനേറിപ്പോവാൻ
സഞ്ജാതമാകും ഹസ്തിരത്നമാം നാലാമത്തു;

കൃത്യകൗശലശാലിമന്ത്രീന്ദ്രനഞ്ചാമതാം;
പ്രത്യർത്ഥിഭയങ്കരൻ സേനാനിയാറാമതാം;

പ്രത്യൂഷസ്സിനേക്കാളുമതിമോഹനയായി
പ്രത്യംഗസൗന്ദര്യത്താലസമാനയായൊന്നും

'ശുദ്ധശീലയായ്' തന്റെ ധർമ്മദാരത്വംപൂണ്ട
സുസ്ത്രീരത്നമാമേഴാമത്തേതുമറിഞ്ഞാലും.

Digitized By Kerala Sahitya Akademi

അത്തരം ചിഹ്നങ്ങൾതന്നുത്ഭൂതാകാരനായ
പുത്രനിൽ കണ്ട പാരം തെളിഞ്ഞു ശുദ്ധോദനൻ.

അത്യന്തം ജനാനന്ദകരമാം മഹോത്സവം
സത്വരം നഗരിയിൽ കൂട്ടുകെന്നാജ്ഞാപിച്ചാൻ.

ത്വടിതി വഴിയൊക്കെയടിച്ചും പനിനീരാ–
ലുടനെ തെരുവുകൾ നനച്ചും പൗരരെല്ലാം

കൊടികൾ വിളക്കുകളെന്നിവ വൃക്ഷങ്ങടെ
നെടിയകൊമ്പുകളിൽ തൂക്കിയും തുടങ്ങിനാർ.

അറിഞ്ഞു കൗതുഹലംപൂണ്ട കാണികൾ വന്ന
നിറഞ്ഞു കാഴ്ചകണ്ട മിഴിച്ചുനിന്നാർ നീളേ.

വാൾപയിറ്റുകാർ കായാഭ്യാസികൾ കൺകെട്ടുകാർ,
നല്പാമ്പാട്ടിക,ളുഞ്ഞാൽകളിക്കാർ, ഞാണേറുവോർ,

ആലോലഹാസത്തിനു താളംപോലിളകുന്ന
കാലിണകളിൽ കിലുങ്ങീടും കിങ്കിണിപൂണ്ടും,

ചേലെഴും കച്ചപ്പുറം കെട്ടിയുമാടീടുന്ന
ലോലാംഗിമാരാം വാരനാരിമാ,രെന്നുവേണ്ട,

കാലോളമംഗമെല്ലാം കരടിമാനിവരിൻ–
തോല്പെട്ടുത്തുടൻ വേഷം പകർന്നു തുള്ളീടുവോർ,

വ്യാഘ്രത്തെ മരുക്കുവോർ, മല്ലന്മാരോരോപക്ഷി–
വർഗ്ഗത്തെക്കൊത്തിക്കുവോർ, കുഴല്കുതുവോർ, പിന്നെ

ചട്ടറ്റ മൃദംഗവാദകർ, വൈണികന്മാരു–
മൊട്ടല്ല ഹർഷം ജനങ്ങൾക്കേകി നൃപാജ്ഞയാൽ

കേട്ടറിഞ്ഞത്ര കുമാരോത്ഭവം ദൂരസ്ഥരാം,
ശ്രേഷ്ഠികൾ വാണിജ്യസമ്പന്നന്മാർ വന്നു മോദാൽ

ശ്രേഷ്ഠമാം കാണിക്കകളോരോന്നു നല്ല തങ്ക–
ത്തട്ടങ്ങൾതന്മേൽ വാരിനിറച്ചു കാഴ്ചവച്ചാർ.

കംബളം, സുഗന്ധദ്രവ്യങ്ങൾ, നൽപളുങ്കു, സ–
ന്ധ്യാംബരകാന്തി കാളും രത്നഭേദങ്ങൾതാനും,

പന്തുണ്ടുചേന്നാൽപോലും മൈമറയ്ക്കാത്ത മൃദു–
തന്തുക്കൾ പൂണ്ട ലോലമാം മൂടുപടങ്ങളും

നൻമുത്തു നിരത്തിവച്ചഴകിൽ തുന്നീട്ടുള്ള
രമ്യകഞ്ചുകങ്ങളും, ചന്ദനഖണ്ഡങ്ങളും,

Digitized By Kerala Sahitya Akademi

അത്രയുമല്ല പാരിതോഷികം സാമന്തന്മാർ–
പത്തനങ്ങളിൽനിന്നും വന്നുതേ ബഹുതരം

ബുദ്ധികണ്ടേവം ജനം ബാലനു പേർ ''സർവ്വാർത്ഥ-
സിദ്ധ'' നെന്നേകി; സംക്ഷേപിച്ചു 'സിദ്ധാർത്ഥ'നെന്നും.

വന്നുപോൽ വൈദേശികന്മാരിലൊരാഢ്യ വൃദ്ധൻ
ധന്യനാം തപോധന'നസിത'നെന്ന പേരായ്

മന്നിലേ വൃത്താന്തങ്ങൾ മറന്നും ദ്യോവിലേക്കു
തന്നുടെ കണ്ണുകളെത്തുറന്നും മേവും യോഗി.

താനെന്നുമിരിക്കുന്നോരരയാൽ വൃക്ഷത്തിൻ കീഴ്
ധ്യാനനിഷ്ഠനായ് വാഴുമളവിൽ വെളിവായി,

വാനവർ ബുദ്ധാവതാരോത്സവത്തിങ്കൽ പാടും
ഗാനങ്ങൾ കേട്ടാനവനാകാശമാർഗ്ഗത്തിങ്കൽ

കെല്പാർന്ന തപസ്സാലുമേറിയ വയസ്സാലു–
മത്ഭുതവിജ്ഞാനം പൂണ്ടെത്രയും വന്ദ്യനാകം

അപ്പുമാനന്തികത്തിലണയുന്നതു കണ്ടു
ക്ഷിപ്രമങ്ങേറ്റു വാങ്ങിച്ചിരുത്തി ക്ഷിതീശ്വരൻ.

അപ്പൊഴേ ദേവിതാനും കുട്ടിയെയപ്പോടെടു–
ത്തപ്പവിത്രാത്മാവിന്റെ പാദാന്തത്തിങ്കൽ വച്ചാൾ.

തരസാ കുമാരനെക്കണ്ടു വൃദ്ധനാം മുനി
''അരുതേ, ദേവി, ഹന്ത! ചെയ്യരുതേവ''മെന്നാൻ.

പരമാ വത്സപാദകമലം തൊട്ടു യോഗി
ധരയിൽ വീണുനമസ്കരിച്ചു സാഷ്ടാംഗമായ്,

അന്യവസ്തുവിൽ പതിക്കാത്ത തൻദൃഷ്ടി ബാല–
ധന്യപാദത്തിൽ ചേർത്തു പിന്നെയും ചൊന്നാനേവം:

''നിന്നെക്കുമ്പിടുന്നു ഞാനോമനേ, നീയേ ബുദ്ധൻ;
നിന്നിൽ കാണുന്നു പാടലാഭമാം ജ്യോതിസ്സു ഞാൻ;

പദപങ്കജത്തിലീരേഖകളെല്ലാവു,മീ
മൃദുവല്ലികപോലെ പിണയും സ്വസ്തികവും,

അതിപാവനം മുഖ്യചിഹ്നം മുപ്പതും രണ്ടു–
മതുമല്ലുപചിഹ്നം കാണുന്നിതെൺപതുമേ

നീതന്നെ ബുദ്ധൻ; ധർമ്മരഹസ്യം ലോകത്തിന്നു
നീതന്നെയുപദേശിച്ചീടുവാൻപോകുന്നതും;

Digitized By Kerala Sahitya Akademi

ആ ധർമ്മമറിഞ്ഞനുഷ്ഠിപ്പവക്കെല്ലാം ഗതി
നീതന്നെ നൽകുന്നതു;മീയുള്ളോനതു കാണ്മാൻ

യോഗമുണ്ടാകാഞ്ഞനു;മണയുമന്തമത്രേ
വേഗ;മീ ദേഹത്യാഗം കാങ്ക്ഷിച്ച മുന്നമേ ഞാൻ.

ആകട്ടേയേതാകിലുമായതു; നിന്നെക്കാണ്മാൻ
ഹാ! കഴിഞ്ഞതുമതി''യെന്നോതി വീണ്ടും ചൊന്നാൻ:

''അറിക രാജൻ, വർഷ്മസംഖ്യംപോയാലൊരു
കുറിയീമർത്യലോകമാം മരംതന്നേലുണ്ടാം

അരിയപൂമൊട്ടാണീയർഭകൻ; മേലിലിതു
തരസാ പരിണതകാന്തിയായ് വിടരുമ്പോഴും

കുറയറേലും ജ്ഞാനസൗരഭ്യംകൊണ്ടു ലോകം
നിറയും ദയാമകരന്ദബിന്ദുക്കൾകൊണ്ടും

സ്ഫുടമീ ബാലൻ രാജകുലമാം തടാകത്തിൻ
വിടരും ദിവ്യമായ താമരയെന്നും ചൊല്ലാം.

ധന്യമായിന്നീകുല,—മെന്നാൽ ധന്യത പാരി-
ലന്യൂനമായ്വരില്ല;''ഒയന്നോതി, ദേവിയോടായ്

ഭവികാത്മാവാം യോഗി പുനരോർത്തുതും ചെയ്താൻ:
''അവിതർക്കം ഹാ! രാജ്ഞി, ഭിന്നമായ് തീർന്നിതിപ്പോൾ

ഭവതിയുടെ കുക്ഷി, കേവലം കുമാരന്റെ-
യവതാരത്താൽ ഖഡ്ഗപാതത്താലെന്നപോലെ

പ്രിയയായ് തീർന്ന ഭദ്രേ! ദേവർക്കും മനുഷ്യർക്കും
സ്വയമീ മഹാവതാരംകൊണ്ടു നീ,യെന്നാലും

അഥ മേൽ ദുഃഖമനുഭവിയാതാകംവണ്ണ-
മതിപാവനയായും തീർന്നിതിന്നാകയാലേ

വ്യഥകൂടാതെയേഴുനാൾകളുള്ളിൽ നിനക്കെത്തും
വ്യഥതന്നന്തം;—ഹന്ത! സംസാരദുഃഖം ദേവി!''

അതുപോൽ സംഭവിച്ചിതേഴാന്നാളപരാഹ-
മതിൽ മന്ദസ്മിതംപൂണ്ടുറങ്ങി മായാദേവി;

അഥ പിന്നുണർന്നീല; തൃഷ്ണയായ് ദേഹംവിട്ടു
പ്രഥിതം മുപ്പത്തിമൂന്നാം സ്വർഗ്ഗപദം ചേർന്നാൾ.

അവിടെ ദിവ്യമാതൃസ്ഥാനത്തിൽ ദേവഗണ-
മവളെയാരാധിച്ചു സേവിച്ചുനിൽപ്പതിന്നും.

Digitized By Kerala Sahitya Akademi

പുനരർഭകനിതന്നെപ്പോററുവാൻ ധാത്രിയായാ–
ളനവദ്യാംഗി രാജ്ഞിയാം മഹാപ്രജാവതി;

ഘനകാരുണ്യാമൃതമൊഴുകും മൊഴികളാ–
ലനിശം വിശ്വം കുളിപ്പിക്കുന്ന സുഗതന്റെ

അനഘാധരങ്ങളുടെ മഹിതപയസ്സേലും
സ്തനമേകിനാളവൾ സദയമെന്നേ വേണ്ടൂ.

വത്സരം കഴിഞ്ഞു പിന്നെട്ട; കൃത്യജ്ഞൻ നൃപൻ
വത്സനെ രാജകുമാരോചിതമാകുംവണ്ണം

അദ്ധ്യയനം ചെയ്യിപ്പാൻ ചിന്തിച്ചാൻ മുമ്പറിഞ്ഞോ–
രത്യന്തവിലക്ഷണമാം ഭാവികഥയിലേ

ബുദ്ധന്റെ ദിവ്യമാഹാത്മ്യങ്ങളും ദുഃഖങ്ങളും
ബുദ്ധിയിൽ നിനച്ചതിൽ വൈമുഖ്യമാകയാലേ.

അഥ തന്നമാത്യന്മാർ നിറഞ്ഞ സദസ്സിങ്കൽ
പൃഥിവീപതി ചിന്തിച്ചീവിധം ചോദ്യംചെയ്താൻ:

''അതിമാന്യരേ, രാജപുത്രന്മാരറിയേണ്ടും
വിതതകലാജാലമെല്ലാമെൻ കുമാരനു

വിധിപോലുപദേശിച്ചീടുവാൻ വിദഗ്ധനാം
പ്രഥിതപണ്ഡിതേന്ദ്രനാരെന്നു പറഞ്ഞാലും.''

അതിനുത്തരമവരേവമൊന്നായ് ചൊന്നാർ:
''ക്ഷിതിപമണേ! വിശ്വാമിത്രൻതാൻ ബുധശ്രേഷ്ഠൻ,

ശ്രുതിപാരീണൻ, ശാസ്ത്രനിഷ്ണാതൻ, കലകളി–
ലതുല;നെന്നല്ലതി വിദഗ്ധനെല്ലാററിലും.''

പിന്നെ വിശ്വാമിത്രനെ വരുത്തി നിയോഗിച്ചു
മന്നവൻ; കുമാരനും ശുഭമാം മുഹൂർത്തത്തിൽ,

സുന്ദരരത്നരാജി ചുററും മിന്നുന്ന രക്ത–
ചന്ദനപ്പലകയും ചെറുകൈത്താരിലേന്തി,

സ്ഫാടികമൃദുപാംസു വിരിച്ചങ്ങതിൽ, മറേറ–
യേടലർകരംതന്നിലെഴുത്തുകോലുമായി

അമ്പോട്ട മുനീന്ദ്രന്റെ മുമ്പാകെ വന്നു മുഖം
കുമ്പിട്ടുനിന്നീടിനാ;നപ്പൊഴോതിനാൻ മുനി:

''എഴുതിയാലുമുണ്ണീ, 'ഗായത്രി'—ദ്വിജാതികൾ–
ക്കൊഴികെ കേൾക്കാവല്ലാത്തുള്ളോരാ വേദമന്ത്രം.''

Digitized By Kerala Sahitya Akademi

വഴിയെ പിന്നെ ''ഓം തത്സവിതുർവ്വരേണ്യാ''ദി
മൊഴികളുപദേശിച്ചീടിനാൻ ക്രമത്താലേ.

''സാദരമെഴുതുന്നേൻ സൽഗുരോ''യെന്നു ചൊല്ലി–
യേതുംവൈകാതെ ബാലൻ പൊടിമേലെഴുതിനാൻ.

ഒരു ഭാഷയിലല്ല, രണ്ടിലല്ലഹോ! മന്ത്രം
തരസാ ബഹുലിപിഭേദത്തിൽ പകർത്തിനാൻ

'മംഗല,' 'പുരുഷ,' 'യാവാ'ദിവർണ്ണങ്ങൾതന്നിൽ
മംഗലശീലനെഴുതീടിനാ;നതുപോലെ

ചിത്രഭാഷയിൽ, ചിഹ്നഭാഷയിൽ, താനും ഗ്രഹാ–
വർത്തികൾ സമുദ്രവാസികൾ പാതാളത്തുള്ള

സർപ്പോപാസക,രഗ്നിസൂര്യഭക്തന്മാർ, ഗിരി–
വപ്രവാസികളിവർക്കുള്ള മുദ്രകളിലും,

എന്നല്ലയോരോ രാജ്യവാസികൾക്കുള്ള ഭാഷാ–
വൃന്ദത്തിലോരോന്നിലുമെഴുതി കുമാരകൻ;

വായിച്ചാൻ പിന്നെ മന്ത്രം ഭാഷകളെല്ലാറ്റിലു–
മായതു കണ്ടു മുനി ''പോരുമിതുണ്ണീ''യെന്നാൻ.

''ഇനി നീ കണക്കുകൾ പഠിക്ക; ചൊൽവ,നെന്നെ–
യനുവർത്തിച്ചു ലക്ഷംവരെയോതുക''യെന്നായ്

സംഖ്യകളൊന്ന,രണ്ട,മൂന്ന,നാലിത്യാദിയു-
മങ്കങ്ങൾ പത്തുനൂറൊടായിരമിത്യാദിയും

ചൊല്ലിനാൻ വിശ്വാമിത്രൻ; ബാലനതുപോലെ
നില്ലാതെ ലക്ഷംവരെത്തുടർന്നുചൊല്ലീടിനാൻ.

പിന്നെയും ചൊന്നാൻ മന്ദസ്വരമായ് മേല്പോട്ടുള്ളോ–
രന്യസംഖ്യാസ്ഥാനങ്ങൾ കുമുദത്തോളം ബാലൻ.

'ഗന്ധിക''മുല്ല'വും 'പുണ്ഡരീക'വുമവൻ
ഹന്ത! പിന്നതിന്മേലാം 'പദ്മ'വുമെണ്ണീടിനാൻ.

അതിസൂക്ഷ്മമായ് 'ഹസ്തഗിരി'യെപ്പൊടിച്ചീടി–
ലതിന്റെ പാംസുവെത്ര,യത്രയാണത്രേ പദ്മം.

അതിന്നപ്പുറം കാഷ്ഠയാകുന്നു—രാവിൽ ദ്യോവിൽ
വിതതമായ താരജാലത്തിൻ സംഖ്യയതാം.

കോടികാഷ്ഠയാകുന്നിതപ്പുറമാഴികളിൽ
പാടേ തങ്ങീടുന്ന നീർത്തുള്ളികളത്രയാംപോൽ.

Digitized By Kerala Sahitya Akademi

വത്തുലവസ്തുക്കൾതൻ സംഖ്യയിൽ പ്രസിദ്ധമായ്
വർത്തിക്കും സഞ്ചനിക്ഷേപാഖ്യയു—ണ്ടതു പാക്കിൽ

വിസ്തൃയായ ഗംഗയ്ടിയിൽ തരിമണ–
ലെത്രയുണ്ടെണ്ണീടുകി,ലത്രയാകുന്നുപോലും.

ഇതിനപ്പുറത്തുള്ള സംഖ്യാണന്തഃകല്പ–
മിതുതാൻ പത്തുകോടി കൂടിയാ ണ്ടാമത്രം

അതിന്നുമേലുമങ്കമെണ്ണുന്ന നിപുണന്മാർ,
പ്രഥിതമസംഖ്യമെന്ന;—ത്രയാകുന്നുപോട്ടെ,

പതിനായിരത്താണ്ടു ഭ്രമിയിൽ മുടങ്ങാതെ–
യതിഘോരമായ് പെയ്യും മാരിയിൽ നീർത്തുള്ളികൾ.

അപ്പുറം മഹാകല്പ—മതിനാൽ ദേവഗണം
തൽഭ്രതഭാവികാലഘട്ടങ്ങളെണ്ണീടുന്നു

എന്നതു കേട്ടു മുനി ''ഹാ! മഹാത്മാവേ, നൃപ–
നന്ദന,യിവയൊക്കെ നീയറിഞ്ഞിരുന്നിതേ!

നന്നായിതിനി; ദൈർഘ്യമാനാദി ഗണിതങ്ങ–
ളിന്നു ഞാൻ പറഞ്ഞറിയേണ്ടതില്ലല്ലോ''യെന്നാൻ.

വിനയംപൂണ്ടു വീണ്ടും ചൊന്നാൻ ബാലകൻ ഗുരോ,
കനിവാന്നിങ്ങു കേട്ടുകൊണ്ടാലും; കഥിക്കുന്നേൻ;

പരമാണുക്കൾ പത്തു കൂടിയാൽ പരസൂക്ഷ്മം:
പരസൂക്ഷ്മങ്ങൾ പത്തുകൂടുമ്പോൾ ത്രസരേണു;

പരമേഴതു ചേർന്നാലുണ്ടാകും സ്ഫുടം സൂര്യ–
കിരണങ്ങളിൽ പരിവർത്തിക്കുമൊരു രേണു.

അരിയോരാരേണുക്കളേഴു പിന്നെയും ചേർന്നാൽ
ഗിരികമുഖരോമാഗ്രത്തിന്റെ പരിമാണം.

അതു പത്തു ചേരുമ്പോൾ ലിഖ്യമാം; പത്തു ലിഖ്യ–
മഥ ചേരുമ്പോൾ യൂകമാം; യൂകം പത്തുചേർന്നാൽ

യവബീജത്തിൻ കാമ്പാ;മേഴതു ചേർന്നാൽ വണ്ടി–
ന്നവലഗ്നമാ;മഥ പിന്നെയും ചൊന്നാനേവം.

മൃദുസഷ്പമുൽഗയവങ്ങൾ; യവം പത്താ–
മഥ പിന്നൊരംഗുലം; പന്ത്രണ്ടംഗുലങ്ങളാം

വിതസ്തി;ഹസ്തഗജചാപങ്ങൾ പിന്നെ മേൽമേ–
ലതിനൊക്കെയും മേലാം പ്രാസമാം ദീർഘമാനം.

Digitized By Kerala Sahitya Akademi

പ്രാസങ്ങളിരുപത്തു കൂട്ടുന്ന ദൂരമേക-
ശ്വാസമാനമാ;മൊരു ശ്വാസത്താൽ ഗമ്യമത്രം.

അത്ര നാല്പത്തുചേർന്നാൽ ഗവ്യൂതി; ഗവ്യൂതി നാ-
ലഥചേരുന്നതാണു യോജന:യിനിശ്ശേരോ!

ഒരു യോജനയുള്ളിൽ സൂര്യരശ്മിയിൽ കാണും
ചെറുധൂളികളെത്രയെന്നും ചൊല്ലുവനെന്നായ്.

വിരുതാൻതടൻ യോജനാന്തരാളത്തിലെത്ര
പരമാണുക്കളെന്നും പറഞ്ഞാൻ സ്പഷ്ടം ബാലൻ.

അതുകേട്ടടൻ വീണ വണങ്ങിക്കുമാരനെ
വിധുരഭാവമോടും ചൊല്ലിനാൻ വിശ്വാമിത്രൻ;

ഗുരുക്കന്മാക്കും ഗുരുവല്ലോ നിന്തിരുവടി,
ഗുരുവല്ലവിടേയ്ക്കു ഞാ;നെന്റെ ഗുരുവങ്ങാം.

പണിവൻ നിന്നെ മോഹനാകൃതേ, കുമാരാ, നീ-
യണഞ്ഞു ഞാനമ്മന്റെ മുമ്പാകെ വിദ്യയെല്ലാം

ഒന്നോതിയാതെ ഗ്രന്ഥമൊന്നും താൻ പഠിയാതെ
തന്നെഞ്ഞാൻ സുഭഗിയുന്നതറിയിപ്പാൻ.

എന്നല്ലീ വിദ്യകളെയൊക്കെവേപോലെയുള്ളിൽ
നന്നായ് നീ വിനയാഖ്യഗുണവുമറിയുന്നു.

അത്യന്തമീ വിനയം ഭഗവാൻ ബുദ്ധദേവൻ
നിത്യവും കാട്ടി ഗുരുക്കന്മാരിലെല്ലാരിലും.

വിദ്വാന്മാരവരൊക്കെയറിയുന്നതിൽ കവി-
ഞ്ഞെത്രയും തനിക്കു വിജ്ഞാനമുണ്ടെന്നാലും താൻ.

മൃദുഭാഷിയാണവൻ പണ്ഡിതനെന്നാകിലും
മൃദുശീലനാം രാജഗാംഭീര്യമേറുകിലും.

വിനയം ബഹുമാനം കൃപയുമാർന്നാൻ ബാലൻ
ജനങ്ങളോടു ശൂരക്ഷത്രിയൻതാനെന്നാലും,

യുവരാജാക്കൾ ചേർന്നു മോടിയിൽ നായാടുമ്പോ-
ളവനെക്കാൾ ധൈര്യമാരോടിച്ചീലശ്വമാരും.

കളിച്ചു പോരാടുമ്പോഴും മുറവിളിയുയുവാക്കൾ തേർ
തെളിച്ചീടുന്നതിപ്പുമവനെ വെന്നീലാരും.

എന്നാലും ബാലൻ വേട്ടയാടുമ്പോളടിക്കടി
നിന്നുപോമോടിപ്പോകും മൃഗത്തെയെയ്തീടാതെ;

Digitized By Kerala Sahitya Akademi

എന്നല്ല പതിവെന്ന പന്തയം വിട്ടനില്ലും
തന്നുടെയശ്വമോടിത്തളർന്നു തേങ്ങിയെന്നാൽ;

എന്നുമല്ലിഷ്ടകുമാരന്മാരിലാക്കെങ്കിലും
ഖിന്നത തോൽവികൊണ്ടു കണ്ടാലും മത്സരത്തിൽ;

അല്ലെങ്കിൽ ചിന്താശീലനവനുള്ളത്തിൽ സ്വയം
വല്ലൊരൗത്സുക്യം തോന്നിയാലുമങ്ങനെ നില്ലും.

കാലങ്ങൾ പോകുന്തോറും പിന്നെയീയനുകമ്പാ-
ശീലവും കുമാരനു വർദ്ധിച്ചിതുഗ്രത്തടത്തിൽ.

മാലകറുന്ന തണലേകുവാനാദ്യം രണ്ടു
ലോലപല്ലവംപൂണ്ട വളരും വൃക്ഷംപോലെ.

ഉണ്ണിയാമവനെന്നാൽ ദുഃഖവും വേദനയും
കണ്ണീരുമെന്താണെന്നതറിഞ്ഞീലൊരിക്കലും

മന്നവരൊരുനാളുമറിയപ്പോകാത്തതായ്
ചെന്നിലുള്ളതിനെയോ നാമങ്ങളെന്നല്ലാതെ.

അക്കാലമൊരുദിനം നൃപൻ ഉദ്യാനത്തിൽ
പുഷ്പലമായ പുഷ്പകാലത്തിൽ പുക്കെന്നത്തി

ചൊൽക്കൊള്ളും ഹിമാലയനടുവിൽ തങ്ങുംകുള്ള
നൽകുലായങ്ങൾ നോക്കിപ്പോകുമൊരന്നക്കൂട്ടം.

മഞ്ഞുമൂടിടുമത്യുച്ചതടത്തുടേ-
യഞ്ജസാ പ്രണയരാഗങ്ങളും പാടിപ്പാടി

രഞ്ജിച്ചു തമ്മിൽ പ്രേമനീതരായ് വെളുത്തേറെ
രാജിമകാളുന്നൊരപ്പക്ഷികുലം പറക്കുമ്പോൾ

സത്വരം നോക്കി വില്ലു കുലച്ചു ശരമെയ്യാൻ
സിദ്ധാർത്ഥപിതൃവ്യനന്ദനനാം ദേവദത്തൻ.

അംബുധിപോലെ നീലവർണ്ണമായ് തടവറോ-
രംബരവീഥിതന്റെ നടുവേ ഭയമെന്യേ

അമ്പോടു ദ്രുവലെല്ലാം പരത്തിപ്പറന്നാഞ്ഞു
മുമ്പേപോമന്നത്തിന്റെ ചിറകിനേറ്റു ബാണം

ചെമ്പട്ടുപോലെ ചാടും ചോരയാൽ വെള്ളത്തുവൽ
സമ്പ്രതി വിവർണ്ണമായ് തറച്ച ക്രൂരമ്പോടും

പാരിലപ്പക്ഷി വീണു; തൽക്ഷണം കണ്ട മന-
താരലിഞ്ഞുടൻ ബുദ്ധനതിനെച്ചെന്നെടുത്തു

Digitized By Kerala Sahitya Akademi

കാലിന്മേൽ കാൽവെച്ചിരുന്നങ്കുത്തിലണച്ചുടൻ
ചാലവേ മന്ദം തലോടീടിനാൻ ഭയംതീരാൻ;

ചിന്നിയ തുവലുകൾ തടകിയൊതുക്കിനാ–
നന്യൂനമിളകുന്ന നെഞ്ചിടിയടക്കിനാൻ;

പിന്നെ നല്ലിളം വാഴത്താളഴപോൽ തണുത്തുള്ള
തന്നുടെ സസ്നേഹമാം കോമളകരാഗ്രത്താൽ

അതിനെ ലാളിച്ചൊട്ടൊട്ടാശ്വാസം നല്കീട്ടുടൻ
സദയമിടംകയ്യാൽ പക്ഷിയെത്താങ്ങി സ്വയം

അതിതീക്ഷ്ണമാം ശരം മുറിവിൽനിന്ന മെല്ലെ
വ്യഥതോന്നാതെയൂരിയെടുത്ത വലംകയ്യാൽ,

അതിരോപണമായ മധുവും തണുത്തുള്ള
മൃദുപല്ലവങ്ങളും വെച്ചു കെട്ടിനാൻ ക്ഷതം.

എങ്കിലും വ്യഥയെന്തെന്നേതുമേയറിയാതെ
ശങ്കതേടീട്ടു ശരാഗ്രംകൊണ്ടു കൈത്തണ്ടിന്മേൽ

കുതുകമാൻ കുട്ടി കുത്തിനോക്കിനാ;നട–
നതു നല്കീടും സുഖമറിഞ്ഞു പിന്നെയവൻ

പൊരിഞ്ഞ കണ്ണീരോടും ഹന്ത! പക്ഷിയെ വീണ്ടും
തിരിഞ്ഞു നോക്കിയാശ്വസിപ്പിച്ചാൻ പലവിധം;

അക്ഷണമൊരാളോടിവന്ന ചൊല്ലിനാ‘‘നൊരു
പക്ഷിയെയെയ്തു വീഴ്ത്തീ മത്സ്വാമി നൃപാത്മജൻ,

ഇപ്പനിനീർപ്പൂവാടിക്കുള്ളിലായിങ്ങുതന്നെ–
യിപ്പോഴായത്തു വീണു; തിരുമേനിയോടുടൻ

കല്പനവാങ്ങിയെടുത്തതിനെക്കൊണ്ടുചെല്ലാൻ
മൽപ്രഭു കല്പിച്ചിതു; പക്ഷിയെ നല്കുകില്ലീ?’’

‘‘ഇല്ല ഞാൻ തരികയില്ലിതിനെ, പക്ഷിയിതു
ചെല്ലേണ്ടതാകാം, കൊന്നൊരാക്കുടൻ മരിച്ചെങ്കിൽ
ജീവിച്ചുവാണീടുന്നിതിപ്പൊഴുമിമ്മരാളം
ധാവല്യമേറീടുന്നോരിതിന്റെ പക്ഷങ്ങളിൽ

ദേവകൾക്കുള്ളപോലെ താങ്ങുമാകാശഗതി
കേവലം ധ്വംസിച്ചുവെന്നേയുള്ള മത്സോദരൻ.’’
ഈവിധമകമലിഞ്ഞോതി സിദ്ധാർത്ഥ;നുടൻ
ദേവദത്തനും സ്വയമെത്തിയുത്തരം ചൊന്നാൻ:

Digitized By Kerala Sahitya Akademi

''കാട്ടിലെ ജന്തു ജീവിച്ചീടിലും മരിക്കിലും
വേട്ടയിലാകവീഴ്ത്തിയപ്പോഴതവനേറതാം;

ഒട്ടൊരാകാംക്ഷയുള്ളതല്ലായിരുന്നിതാകാശത്തിൽ;
തിട്ടമെന്നമ്പേറിങ്ങു വീഴ്ത്തിയാലെനേറതിപ്പോകം;

പരിചിലെനിക്കിന്നു സിദ്ധിച്ചതെനിക്കുതാൻ
തരിക;—നീതിനിഷ്ഠനല്ലോ സോദര! ഭവാൻ.''

ഭഗവാനുടനരയന്നത്തിൻകഴുത്തു തൻ–
സുകുമാരമാം കവിൾത്തടത്തിൽ ചേർത്തുകൊണ്ടു

പറഞ്ഞാൻ സഗൗരവം: ''ചൊല്ലുതീവണ്ണമി–
പ്പുറവയെനിക്കുള്ളതാകുന്നു ധരിച്ചാലും.

പരമാം കൃപകൊണ്ടും സ്നേഹപ്രാഭവംകൊണ്ടും
ധരയിലെനേറതാകുമസംഖ്യസത്വങ്ങളിൽ

ഇതുതാനൊന്നാമത്തേതായതു;—മെനിക്കിന്നു—
മതിയിൽ ബോധമുളവാകുന്ന മർത്യക്കു ഞാൻ

കരുണാശീലമുപദേശിക്കുമെന്നും, പാരിൽ
പരമഭയങ്കരഹിംസയെത്തടുത്തുടൻ

നരലോകത്തിനല്ല, കേവലം നാവില്ലാത്ത
ചരജാതിക്കുംവേണ്ടി സ്ഥാപിക്കും ധർമ്മമെന്നും.

നൃപനന്ദനാ! ഭവാനിനിയും തർക്കമെങ്കിൽ,
സപദി ധരിപ്പിക്ക പണ്ഡിതന്മാരെക്കാര്യം.

അവർ കല്പിക്കുംപോലെ കേൾക്കുക നാ''മെന്നാനന്ദൻ
നൃവരസഭതന്നിൽ നടന്ന വാദമത്രം.

ചിലരൊന്നോതി, മറ്റു ചിലപേർ മറെറാന്നോതി;
പലരും പലതേവമുരയ്ക്കുംമദ്ധ്യത്തിങ്കൽ

അവരിലാരുമറിഞ്ഞിടാത്ത ഭിക്ഷുവേക–
നവിടെയെഴുന്നേറ്റു ചൊല്ലിനാനിപ്രകാരം:

''ജീവിതമൊരു ഗണ്യവസ്തുവെന്നിരിക്കിലോ
ജീവിയുമതിനെ രക്ഷിച്ചവനുള്ളതത്രേ;

കൊല്ലുവാൻതുടങ്ങുവനുള്ളതല്ല;വൻ ജീവ–
നല്ലലും നാശവുമുണ്ടാക്കുന്നു; ലാളിപ്പോനോ,

നല്ലപോലതിനെ രക്ഷിക്കയാണ;തുമൂലം
കില്ലുകന്നീയന്നത്തെയവനു നൽകീടണം.''

Digitized By Kerala Sahitya Akademi

വിധിയിതെല്ലാവർക്കും സമ്മതമായി; നൃപ–
നതിമോദത്തോടുമ്മുനിയെ സമ്മാനിപ്പാൻ

തേടുമ്പോൾ കണ്ടീലെ;—ന്നാലാ വഴി പടം വിതു–
ത്തോടിപ്പോയൊരു നല്ല പാമ്പിനെയൊരാൾ കണ്ടു.

ദേവന്മാർ വേഷം പകർന്നീടുമാറുണ്ടുപോലു–
മീവിധം;—ബുദ്ധൻ പിന്നെത്തനിക്കു സിദ്ധിച്ചതാ–
മന്നത്തെയതിൻ വൃത്തത്തോടു ചേരുവാൻ വിട്ട
ധന്യനായ് ദയാകൃത്യമിങ്ങനെയാരംഭിച്ചാൻ.

എന്നാലാവ്രണം പൊറുത്താനന്ദമോടും പോയ
വന്യഹംസത്തിനുള്ള വേദനയൊന്നല്ലാതെ

അന്യദുഃഖങ്ങളറിഞ്ഞീടാത്ത മകനോടു
മന്നവൻ പിന്നൊരുനാളീവണ്ണമരുൾചെയ്താൻ:

''വരികയുണ്ണീ, ചാരുവസന്തകാലത്തിന്റെ
പരമാനന്ദഭ്രതി കാൺകെടോ കുമാരാ നീ.

വിളഭ്രമികളെല്ലാം കൃഷിക്കാക്കൊരുപോലെ–
യളവില്ലാതവണ്ണം സമ്പത്തു നൽകുന്നതും;

ഒരു നാളെന്മേലഗ്നികാളമ്പോൾ നിന്നേറതാമി–
ദ്ധരണി സമൃദ്ധിയാൽ പ്രജയെപ്പോറ്റുന്നതും;

നരനാഥനാമെന്റെ ഭണ്ഡാരം നിറപ്പതും
വരിക കാൺക, യെത്രരമ്യമീയുദ്യോഗത്താൽ,

പുതിയ പല്ലവങ്ങൾകൊണ്ടും, തോട്ടങ്ങൾതോറു–
മതിഭാസുരങ്ങളാം പുഷ്പങ്ങൾകൊണ്ടും, ഭൂവിൽ

വിതതമായ പച്ചപ്പുല്ലുകൾകൊണ്ടും നിലം
സതതമുഴുന്ന കോലാഹലംകൊണ്ടുമിപ്പോൾ.''

ഇങ്ങനെയരുൾചെയ്ത നൃപനും കുമാരനു–
മങ്ങങ്ങു കുളങ്ങൾ തോട്ടങ്ങളും നിറഞ്ഞെഴും

ഔദിക്കിലേക്കശ്വാരൂഢരായെഴുന്നള്ളി
നിരപ്പേ കൊഴുത്ത ചെമ്മണ്ണെഴുമബ്ഭൂമിയിൽ

തോളിന്മേലൂക്കാൽ ഞെരിഞ്ഞീടുന്ന നകമേന്തി–
ക്കാളകൾ വലിച്ചിതു കരിയെ മേലും കീഴും;

മേളിച്ചു കലപ്പതൻ പിന്നാലെ നീണ്ടുനിര–
ന്നോളംപോൽ കൊഴുത്തമണ്ണിളകിമറിഞ്ഞിതു.

Digitized By Kerala Sahitya Akademi

പൊന്തുന്ന കോൽമരത്തിന്മീതെ പാദങ്ങളൂരണ്ടും
സന്ധിപ്പിച്ചിതു ചാലുതാഴുവാനഴവുകാർ.

പനകളും കവുങ്ങുകളിവതൻ നടുവുടെ
മുനങ്ങി മെല്ലെമെല്ലെയൊഴുകീ കൊതോടുകളും

ഭംഗിയിൽ തോട്ടിന്നിരുകരയ്ക്കും വാച്ചുനിന്ന
ഞെങ്ങണംപുല്ലു ചേലവക്കിലെക്കരകളുപോൽ

എത്രയുമുത്സാഹംപൂണ്ടൊരുക്കും നിലംതോറും
വിത്തെറിഞ്ഞൊട്ടജനം നിന്ന വേറൊരു ദിക്കിൽ.

കാടുകളെല്ലാം കൂട്ടുകെട്ടീടും പറവകളും
പാടുകമൂലം പൊട്ടിച്ചിരിക്കുംപോലെ തോന്നി;

അഴകാർന്നൊഴും വസന്താരംഭം കണ്ടു മോദം
വഴിയും പല്ലി, തേനീച്ചകളും, വണ്ടുകളും, പിന്നെ

ഇഴജന്തുക്കളെന്നിച്ചെറുജീവികളും തുന്ന
മുഴവൻ കറിക്കാടും മുഖരമായിതെങ്ങും.

മാവിൻതോട്ടത്തിലൊന്നിൽനിന്ന മറെറാന്നിൽ മോദം
താവുന്ന മഞ്ഞക്കിളി പറന്ന മിന്നൽപോലെ;

ചെമ്പുകൊട്ടിപോൽ പച്ചപ്പടർപ്പാമുലപററി
ചെമ്പോത്തു വാണ ശബ്ദം മുഴക്കി മടിയെന്യേ;

പറന്നിതീച്ചതിനും പക്ഷികളും നീലച്ചോപ്പു–
നിറം പൂണ്ടെഴും പൂമ്പാറകളെയോടിച്ചെങ്ങും;

തറയിൽ വിരണ്ടോടിയണ്ണാക്കണ്ണന്മാർ; തീററി
ചിറകുവിതിത്താഞ്ഞു പെരുക്കീ മൈനാക്കിളി;

കുരുവിക്കൂട്ടം ചിലച്ചിരുന്ന മുൾച്ചെടിമേൽ;
കുരുതിക്കുളത്തിന്മേൽ പറന്ന മീൻകൊത്തികളും;

നടന്ന പൊത്തുകളോടാഞ്ഞാഞ്ഞു കുളക്കോഴി;
നടുവിണ്ണിന്മേൽ ചുററിത്തിരിഞ്ഞു പരുന്തുകളും;

ചിത്രശില്പങ്ങളാം കോവിലിൽ ചുററും ശോഭ–
മെത്തും പീലികളും നീട്ടിപ്പറന്ന മയിലുകളും;

നീലവണ്ണം തേടിയ മാടപ്രാവുകളും തണ്ണീർ–
ച്ചോലകളംതോറും തങ്ങിയിരുന്ന മൂളി മന്ദം;

ഊരിലുള്ളോരു വിവാഹോത്സവങ്ങളിലതി–
ദൂരത്തു കേൾക്കുമാറായ് വാദ്യഘോഷങ്ങളുതാനും;

Digitized By Kerala Sahitya Akademi

ഇങ്ങനെ കാണുന്നതും കേൾപ്പതും വിളിച്ചോതി–
യെങ്ങുമേ സമൃദ്ധിയും ക്ഷേമവുമെന്നതന്നെ.

കണ്ടിതൊക്കെയും നൃപനന്ദനനകതാരിൽ
പൂണ്ടിതേ പാരം മോദമുടനേ,യെന്നാകിലും

വീണ്ടും ഗാഢമായോർത്തു വിശ്വമാം പനിനീർപ്പൂ–
ന്തണ്ടിന്റെ താഴത്തുള്ള മുള്ളുകൾ പാർത്താനവൻ;

കൂലിക്കുവേണ്ടി വിയർപ്പണിഞ്ഞു കൃഷിക്കാരൻ
വേലചെയ്തീടുന്നതും വയറുപോറാൻ നിത്യം;

എരിയും വെയിലിടെ വലിച്ചു കലപ്പയെ
വിരവിൽ പോകാസ്സയാൽ, വിരിഞ്ഞകണ്ണേലുന്ന

മാട്ടിന്റെ മിനുത്ത പട്ടൊക്കും വ്രണപ്പുറങ്ങളിൽ
ചാട്ടകൊണ്ടവൻ കനിവെന്നിയേ തല്ലുന്നതും;

പല്ലി ചെന്നുമ്പിനബ്ഭക്ഷിക്കുന്നതും; പാമ്പു
പല്ലിയെപ്പിടിച്ചു തിന്നുന്നതു;മവ രണ്ടും

പരുന്തിന്നിരയായിത്തീർന്നിടുന്നതും; പിന്നെ–
ക്കരുത്തിൽ മീൻകൊത്തി കൊത്തീടിന മത്സ്യത്തെ പ്രാ–

പ്പിടിയൻ പാഞ്ഞുചെന്നിട്ടവന്റെ കൊക്കിൽനിന്നു
ഝടിതി റാഞ്ചിക്കൊണ്ടു പറന്നുപോകുന്നതും;

അരിയ ചിത്രശലഭങ്ങളെയെല്ലാം ചെറു
കരുവിക്കുട്ടങ്ങൾ കൊല്ലുന്നതു;മവറയെ–

ക്കരുണകൂടാതതുപോലെ താൻ കടന്നെത്തി–
ത്തരസാ പെരുംപുള്ള വേട്ടയാടീടുന്നതും;

ഒന്നിനെയൊന്നു കൊന്നീടുന്നതു,മുടനെ മ–
റ്റൊന്നിനങ്ങതുമിരയാവതുമിതുപോലെ

മരണം ജീവിതത്തെപ്പോറ്റീടുംപ്രകാരങ്ങ–
ളൊരുപോലവൻ കണ്ടാനവിടെയെല്ലാടവും.

പുഴുക്കൾതൊട്ടു മനുഷ്യാന്തം ജന്തുക്കൾതമ്മി–
ലൊഴിയാതേവം യുദ്ധനാടകമതിഘോരം,

ഗൂഢമായ് താൻ കാണുമാ വസന്തകാലത്തിന്റെ
മോടിയാം തിരശ്ശീലയ്ക്കകത്തു നടിപ്പതും,

പാരാതെ പിന്നെയിവയ്ക്കൊക്കെ വൈരിയാം നരൻ
പോരാടിത്തന്റെ സമസൃഷ്ടിയെക്കൊല്ലുന്നതും,

Digitized By Kerala Sahitya Akademi

കൊറ്റിനായുഴവതും കർഷകൻ, ക്രൂരൻ നൊന്തു
മുറ്റും തോളടിപൊട്ടിക്കലപ്പവലിപ്പതും

ജീവിതമാകും പോരിൽ ജന്തുക്കൾ ഞെരുങ്ങുവ–
തീവിധം കണ്ടു നെടുവീർപ്പിട്ട നൃപാത്മജൻ

ചൊല്ലിനാ:—''നിത്യതാനോയിങ്ങു ഞാൻ കണ്ടീടേണ്ട
ചൊല്ലെഴും സുഖാവഹമായൊരു ലോകം കഷ്ടം!

എത്രയേലുന്ന ഖേദമെളിയ കൃഷിക്കാരൻ;
എത്ര കഷ്ടപ്പെടുന്നു പാവങ്ങളെരുതുകൾ;

നേരുള്ള ശക്തരും ശക്തിഹീനരും തമ്മിൽ ജീവ–
യാത്രയിൽ ചെയ്തീടുമിപ്പോരെത്ര ഭയങ്കരം!

ആകാശത്തിലുമെന്തൊരക്രമം നടക്കുന്നു!
പൂകുവാനുണ്ടോ വല്ല ശരണം വെള്ളത്തിലും?

പോക നാമിനിത്താതാ,ചെന്നൊരു ദിക്കിലിരു–
ന്നാകെ ഞാൻ ചിന്തിക്കട്ടെ,യിക്കണ്ട വിശേഷങ്ങൾ.''

ഇങ്ങനെയരുൾചെയ്ത ഭഗവാൻ ശാക്യസിംഹ–
നങ്ങൊരു ഞാവലിന്റെ തണലിലണഞ്ഞുടൻ,

ഭംഗിയിലിരുന്ന വീരാസനം ബന്ധിച്ചുകൊ–
ണ്ടിങ്ങു നാം കാണാറുള്ള ബുദ്ധവിഗ്രഹംപോലെ.

ചിന്തിച്ചാനവൻ ഗാഢം പിന്നെയീ സംസാരമാം
സന്തതമഹാവ്യാധിയെങ്ങനെയുള്ളതെന്നും

എന്തൊരു നിദാനത്താലുളവായെന്നു,മിതി–
നന്തമുണ്ടാക്കീടുവാനെന്തുള്ള മരുന്നെന്നും.

മനതാർ വിള്ളുമാറു കവിഞ്ഞിതവനപ്പോൾ
തനിയെ ജന്തുക്കളിൽ സ്നേഹവും കാരുണ്യവും

പുനരിങ്ങവയ്ക്കുള്ള ദുഃഖങ്ങൾ നീക്കീടാനൊ–
രനഘോപായം കാണാഞ്ഞെറിയിതുൾക്കണ്ണയും.

ഇത്തരം ശുഭവിചാരങ്ങളാൽ ഞെരുങ്ങുന്ന
ഹൃത്തടം വിട്ടവന്റെ ചേതന പൊങ്ങി വേഗം

മർത്യന്റെ മലിനമാമിന്ദ്രിയമാനസങ്ങൾ–
ക്കെത്തോത്തൊരാനന്ദാനുഭൂതിയിൽ ചെന്നനിന്നു.

Digitized By Kerala Sahitya Akademi

സർവ്വവന്ദ്യനാം ബുദ്ധനിങ്ങനെ ധ്യാനമാം
നിർവ്വാണമാർഗ്ഗത്തിന്നേറയൊന്നാം കല്പടവായി

ഉടനങ്ങതുവഴി പോകുമ്പോൾ വിണ്ണിൽ മാർഗ്ഗം
തടഞ്ഞു തങ്ങിനിന്നൊരഞ്ചുപേർ ദേവർഷിമാർ.

സ്ഫുടമായേതു ദിവ്യതരശക്തിയാൽ തങ്ങ-
ളിടയിൽ തടഞ്ഞുനില്പൂന്നിതെന്നാശ്ചര്യത്താൽ,

ദേവന്മാരോടുമല്പോ ദിവ്യവൈഭവമേറ്റും
പാവനാത്മാക്കൾ വാഴും പുണ്യദേശവും സ്വയം.

അതിനാൽ താഴോട്ടവർ നോക്കുമ്പോൾ വൃക്ഷത്തിൻകീ-
ഴതിപാടലപരിവേഷത്താൽ ശോഭതേടി,

ഗതി,ലോകങ്ങൾക്കേകാൻ ദീക്ഷിച്ചു നൽധ്യാനത്തിൽ
സ്ഥിതിചെയ്യുന്ന ബുദ്ധഭഗവാൻതന്നെക്കണ്ടാർ.

''അറിവിനിതുതന്നെ നിർവ്വാണം നല്ലും നാഥ,-
നിറങ്ങിവന്നു വന്ദിച്ചീടുവിനൃഷിമാരേ!''

സ്ഫുടമിങ്ങനെയൊരു വാക്യവും ഞാവൽകാവി-
ന്നിടയിൽനിന്നു പുറപ്പെട്ട തൽക്ഷണം സ്വയം.

ഉടനേയദ്ദിവ്യതേജസ്വികൾ ചെന്നുകണ്ടു
വടിവിൽ കൈകൾകൂപ്പി വന്ദിച്ചു ഭഗവാനെ,

പടുതയോടും ദിവ്യസ്തോത്രവും പാടിപ്പോയാർ
ഝടിതി ദേവന്മാക്കീ വൃത്താന്തമണയ്ക്കുവാൻ.

പിന്നെ മദ്ധ്യാഹ്നകാലം കഴിഞ്ഞു പടിഞ്ഞാറെ-
ക്കുന്നിന്മേൽ ചെന്നു സൂര്യനെത്തിയസ്തമിക്കുവാൻ;

എന്നിട്ടും കുമാരനെക്കാണാഞ്ഞു ബദ്ധപ്പെട്ട
മന്നവനയച്ചൊരു പുരുഷനണഞ്ഞുടൻ,

അപ്പോഴും ധ്യാനത്തിൽനിന്നിളകാതങ്ങുതന്നെ-
യപ്പൈതലിരിപ്പതുകണ്ടാ;നെന്നല്ല കാവിൽ

മറ്റു വൃക്ഷങ്ങൾക്കെഴും ഛായകൾ മൂടുവിട്ട
മുറ്റും ദൂരത്തിൽ നീണ്ടുപോകിലും സായാഹ്നത്തിൽ

ചാഞ്ഞെഴും സൂര്യരശ്മിതാന്മദ്ധ്യന്നേരമേ-
ലാഞ്ഞുടൻ തിരുമെയ്യെ ബാധിച്ചീടാതവണ്ണം,

Digitized By Kerala Sahitya Akademi

നിഷ്പ്രയിൽ ബാലനിരുന്നരുളംദിക്കിൽനിന്ന–
ങ്ങൊട്ടും ഞാവലിൻനിഴൽ നീങ്ങീടാത്തതും കണ്ടാൻ.

അതുമല്ലമ്മരത്തിന്നഗ്രത്തിൽ നിറഞ്ഞെഴും
പൂതുപ്പൂന്നിരകൊംതന്നിടയിൽനിന്നമപ്പോൾ,

''സ്ഥിതിചെയ്യട്ടേ നൃപനന്ദനനരുളുത്തിങ്കൽ
പതിഞ്ഞ ദുഃഖച്ഛായ പോവോളമിങ്ങുതന്നെ;

അതുപര്യന്തം ഞാനെൻ ഛായയുമവന്റെമേൽ
പതിപ്പിച്ചീടു''മെന്നീവാക്യവും കേട്ട ചിത്രം!

Digitized By Kerala Sahitya Akademi

രണ്ടാം കാണ്ഡം

കാലങ്ങൾ പോയീ, വയസ്സു പതിനെട്ടു
ചാലേ തികഞ്ഞു ഭഗവാനനന്തരം

ചേലാൻ്റ പാരം സുഖാവഹമായ മൃ–
ന്നാലയം നിർമ്മിപ്പതിന്ന മഹീപതി
കല്പിച്ചത;ങ്ങതിലൊന്ന ഹേമന്തത്തി–
ലുല്പന്നമാം ശീതബാധയേൽക്കാത്തതായ്,

ശില്പത്തൊടും ശിലാദേവദാരുക്കളാൽ
കല്പിതമായുള്ള നല്ല കൊട്ടാരമാം.

മറെറാന്ന—നേരേമറിച്ചതിശീതമായ്
മുറുമേ വേനലിൽ ചുട്ടുബാധിക്കാതെ,

ഉള്ളിൽ ചുവന്ന സിരകാം വിളങ്ങുന്ന
വെള്ളക്കുളിർശിലയാൽ തീർത്ത ഹർമ്മ്യമാം.

ചട്ടറചെമ്പകം പൂക്കാർതുടങ്ങുമാ–
വൃഷ്ടികാലത്തിൽ വിത തുടങ്ങീടുമ്പോഴ,
ഇഷ്ടമായ് വാഴുവാൻ നീലമാമോട്ടമേ–
ഞ്ഞിഷ്ടികയാൽ തീർത്ത സൗധമാം മറെറാ.

തൃഷ്ടിയോടും നൃപൻ പേരുമിമ്മന്നിന–
മിട്ടാൻ, ശുഭം, സുരമ്യം, രമ്യമെന്നുമേ.

ചന്തം കലർന്ന മലരാന്വയ്ഞ്ഞെഴ–
മന്തികം ചുറും വിളങ്ങി പൂവാടികയും;

നല്ലനീരോടും സഹജമാം തോട്ടകയും
മെല്ലെയൊഴുകിയവിടെയെല്ലാടവും.

ചിത്രമാകും കളിത്തട്ടകളും നല്ല
പുൽത്തറയും പൂണ്ടിടഞ്ഞിടെയെങ്ങുമേ
കസ്തൂരിതന്മണമാന്ന മാൻക്കൂട്ടങ്ങളും
മെത്തും വനങ്ങളും ശോഭിച്ചു ദൂരംവരെ.

സിദ്ധാർത്ഥനോമൽകുമാരകനാ വന–
മദ്ധ്യത്തിലെന്നുമേ വാണു വിലാസിയായ്.

Digitized By Kerala Sahitya Akademi

ഊഴങ്ങളങ്ങനെ പോക്കിനാനിമ്പപോൽ
നാഴികതോറും നവവിനോദങ്ങളാൽ.

സൗഖ്യമായ്ത്തന്നെ കഴിഞ്ഞൂ ദിവസമ–
ശ്ശാക്യകുമാരനു നൂനം, തിരുമെയ്യിൽ

ശ്ലാഘ്യമാമോജസ്സുകൂടിയ യൗവന–
മുഖ്യദശ മുതിർന്നിവരികയാൽ.

എങ്കിലും മുമ്പാൻ്റ ചിന്ത ചിലനേര–
മങ്കുരിച്ചിട്ടുടൻ മങ്ങുമേ തന്മനം;

ഓട്ടംമുകിലിൻനിഴൽ വീണടിക്കടി
പാടേയിരുളും തടാകജലംപോലെ.

മന്നവനായതു സൂക്ഷിച്ചു കണ്ടുടൻ
തന്നുടെ മന്ത്രിമാരോടുരുളിച്ചെയ്താൻ:

''മാന്യമതികളേ, പണ്ടസിതാഖ്യനാം
ധന്യതപോധനനെന്നോടു ചൊന്നതും,

എന്നുടെ സപ്താത്ഥവേദികയും ചൊന്നതും
സന്നസന്ദേഹമറിഞ്ഞതല്ലോ നിങ്ങളും.

എൻപ്രാണനേക്കാളും പ്രിയമെനിക്കേറുമീ–
യെൻപൈതലെങ്കിലും ബഹുമാന്യനാകണം;

പറവലർതൻ തലയൊക്കെ മിതിച്ചവ–
നൊറവെൺകൊറക്കുട ധരിച്ചീടണം;

മന്നവർമന്നനാകേണമെൻനന്ദന;–
നെന്നകക്കാമ്പിലുണ്ടിച്ചൊന്നതൊക്കെയും.

അല്ലെങ്കിൽ, നിസ്സാരനായ് നിജസൗഖ്യവു–
മില്ലവും വിട്ടവൻ ഭിക്ഷുവായ് പോകണം;

വല്ലാത്ത കഷ്ടതപം ചെയ്യണ;—മതിൽ
വല്ല ഫലം വരുമെന്നാരറിയുന്നു?

നല്ല കാമ്യാർത്ഥങ്ങളും കൈയിലിരിപ്പവ–
യെല്ലാംകളഞ്ഞു പിന്നെന്തു ലഭിപ്പതും?

കേവലപ്പിനെന്നാലും കുമാരനതിൽതന്നെ
താല്പര്യമേറിവരുന്നെന്നു തോന്നുന്നു;

സൗഖ്യമേറുന്നെൻറെ സൗധങ്ങളുള്ളിൽ വൈ–
മുഖ്യമാൻനാണവൻ വാഴുവതിന്നുമേ.

Digitized By Kerala Sahitya Akademi

എങ്ങനെയായാലവന്റെ മനം തിരി-
ഞ്ഞിങ്ങു നൃപയോഗ്യമായ വഴിക്കുതാൻ

തുംഗാഭിമാനം പ്രവേശിച്ചു രാജ്യവു-
മിംഗിതംപോലെ ഭരിച്ചു ഭ്രമിക്കെല്ലാം

രാജാധിരാജനായ് വാണവൻ നിത്യമ-
വ്യാജമാക്കീടുമദ്ദൈവജ്ഞഭാഷിതം:

എന്നോടതിന്നൊരുപായമോർത്തൊരുവിൻ
ധന്യരേ, പണ്ഡിതവൃദ്ധരല്ലോ നിങ്ങൾ.''

എന്നതുകേട്ടങ്ങവരിൽ വയോധികൻ
ചൊന്നാൻ:—''മഹീപതേ! പുത്രനു ചിന്തയിൽ

തോന്നും ചെറിയൊരീ വൈരാഗ്യവൃത്തികൾ
തീർന്നുപോം സ്ത്രീകളിൽ പ്രേമമുദിക്കുകിൽ;

എണ്ണമൊന്നില്ലാത്ത വത്സന്റെ ചിത്തമാ-
മുണ്ണിമത്സ്യത്തെയൊരായാസമെന്നിയേ,

പെണ്ണുങ്ങൾതൻ മിരട്ടേലും കടമിഴി-
ക്കണ്ണികൾ വീശിപ്പിടിക്കാമറികനീ.

ചന്തമേറും സ്ത്രീജനങ്ങൾതൻവൈഭവ-
മെന്തറിയുന്നിതിപ്പോഴും കിടാവിവൻ,

സ്വർഗ്ഗവുംകൂടി മറക്കുമാറാക്കിടു-
മക്കടാക്ഷത്തിൻ മഹിമയും ബാലകൻ.

ആകയാൽ വേഗമതിസുകുമാരിക-
ളാകും കുമാരികമാരെ ദാരങ്ങളായ്,

സുന്ദരിമാരാം പ്രിയതോഴിമാരൊടും
നന്ദനനേകുക നന്നു മഹീപതേ!

പിച്ചളച്ചങ്ങല കൊണ്ടൊരാൾ പൂട്ടാത്ത
മെച്ചമേറും മനമാം മദയാനയെ

പിച്ചയായ് പൂങ്കുഴൽനാരുകൊണ്ടിങ്ങൊരു
കൊച്ചുകരിമുകിൽവേണിയാൾ കെട്ടുമേ.''

എല്ലാവരുമിതു നല്ലതെന്നോതിനാർ
ചൊല്ലിനാനിങ്ങനെ പിന്നെയും മന്നവൻ:

''വല്ലഭമാരെക്കുമാരനുവേണ്ടി നാം
വല്ലവരും തിരഞ്ഞാൽ പന്തിയാവുമോ?

Digitized By Kerala Sahitya Akademi

നല്ലനരാഗികയം തങ്ങടെ കണ്ണുകൊ–
ണ്ടല്ലോ തിരവൂ പ്രണയിജനങ്ങളെ.

ഇന്നിളമാൻമിഴിമാരായ പൂക്കളെ–
യൊന്നായ് നിരത്തി മലർവാടിയാക്കി നാം

'ചെന്നിഷ്ടമാം പുഷ്പമുണ്ണീയെട്ട'ക്കെന്നു
ചൊന്നാലുമേതും രസമറിയായ്കയാൽ

മന്ദം ചിരിച്ചവൻ കന്യാസുമങ്ങളി–
ലൊന്നിനേയും തൊടാതങ്ങൊഴിഞ്ഞെന്നുമാം.''

ശങ്കിച്ചു മന്നവൻ ചൊന്നതുകേട്ടു നി–
ശ്ശങ്കമായ് മറൊരു മന്ത്രി ചൊല്ലീടിനാൻ:

''വൻകണയേല്പോളമേ മഹാസിംഹവും,
തൻകൂട്ടിലോടിനടക്കു നരപതേ!

മറു നല്ലോർതൻ മനംപോലവേതന്നെ
പറും കുമാരന്റെയുള്ളമൊരുത്തിയിൽ,

ഉറോരവയ്ക്കുള്ളൊരോമനയാം മുഖം
മുറുമവന്നുടൻ സ്വർഗ്ഗമായ് തോന്നുമേ,

ചാലേയതുമല്ല കാണുമവൻ നിജ–
ലോലയാം പൂമേനിയാളുടെ മേനിയിൽ

ചേലിയലും കിഴക്കേടിക്കതിൽ പുലർ–
കാലത്തെഴും ഭംഗിയെക്കാളഴകുമേ.

ആകയാലിങ്ങനെ ചെയ്യുക ഭൂപതേ!
വൈകാതെയങ്ങിങ്ങൊരുത്സവം ഘോഷിക്ക;

നാട്ടിലെക്കന്യകമാരെയെല്ലാമതിൽ
കൂട്ടുക; പന്തയംവച്ചു നൃപാത്മജൻ

ശ്ലാഘ്യമാം പ്രായ,മഴക, ഗുണം നല്ല
ശാക്യവർഗ്ഗത്തിൽ വിനോദങ്ങളെന്നിതിൽ

ആക്കു മെച്ചം കാണ്മതെന്നു പരീക്ഷിച്ചു
തൃക്കൈകളാൽ കൊടുക്കട്ടെ സമ്മാനവും

പന്തയരംഗത്തിൽ മത്സരിച്ചീടുമ–
ച്ചന്തമേറും ചെറുപെൺകൊടിമാരവർ

തന്തിരുമേനിയെഴുന്നള്ളി വാഴ്വതി–
ന്നന്തികത്തുടെക്കടന്നുപോയീടുമ്പോൾ

Digitized By Kerala Sahitya Akademi

സ്വന്തമനോജ്ഞഭാവംകൊണ്ടവന്നെഴും
സ്വാന്തമിളക്കിയവരിലാരെങ്കിലും

ചിന്തയാൽ വാടുമച്ചാരുമുഖാബ്ജത്തി-
ലെന്തെങ്കിലും ഭാവഭേദമുണ്ടാക്കുകിൽ,

പന്തിയായിങ്ങതു സൂക്ഷിച്ചുകണ്ടുപോ-
ന്നന്തരം കൂടാതുണത്തിടട്ടേ ചിലർ.

അങ്ങനെയായാൽ പ്രണയമവക്വർ
തങ്ങളിൽ കണ്ടുളവായെന്നതും വാസ്തം;

ഇങ്ങനെ വഞ്ചിച്ചു തൻതിരുമേനിയെ-
സ്സംഗമിപ്പിക്കാം വിഷയസുഖത്തിലും.''

അങ്ങതു ബോധിച്ചിതെല്ലാക്കുമാകയാ-
ലങ്ങനെതന്നൊരു തീയതി കല്പിച്ചു;

കേളിയേറും കന്യകാജനമൊക്കെയ-
ന്നാളിൽ നരേന്ദ്രന്റെ നാലുകെട്ടിന്നുള്ളിൽ,

മേളിക്കുവാൻ കല്പനയെന്ന ഘോഷകർ
നീളേ നടന്നു വിളിച്ചറിയിച്ചിതു:

''ലീലാത്മാവായൊരു മേളനമുണ്ടതിൽ
ബാലികമാക്കു കയ്യാൽ കൊച്ചുതമ്പുരാൻ

നല്ല സമ്മാനങ്ങളും നല്കു;മതിലേറെ
നല്ലവരുംക്കെത്രയും നല്ലതു നല്കുിടും.''

എന്നുമറിവിച്ചു, കൊട്ടാരവാതുക്കൽ
വന്നുനിറഞ്ഞിതിളമാൻമിഴിമാരും.

കാർമുകിൽക്കുന്തൽ ചീകിക്കെട്ടിയും, നല്ല
വാർമിഴിയിൽ പുത്തനായ് മയ്യെഴുതിയും,

ബന്ധുരഗാത്രിമാർ വന്നു നീരാടിയും
ഗന്ധമണിഞ്ഞു പൂമാലകളും ചൂടിയും

ചിത്രതരങ്ങളാം പൂഞ്ചേലകളും നല്ലൊ-
രുത്തരീയങ്ങളും ചാർത്തിയും കന്യമാർ,

മൈലാഞ്ചിയാൽ ചുവപ്പിച്ചും കരമലർ
കോലരക്കിൻ ചാറണിഞ്ഞുമടികളിൽ

ബാലേന്ദുവൊക്കുന്ന ഫാലദേശത്തതി-
ലോലമാം പൊട്ടുകളും പൂണ്ടും വിളങ്ങിനാർ.

Digitized By Kerala Sahitya Akademi

ശ്ലാഘ്യമാമ്മാറുടനിങ്ങനെ ക്കുടിയ-
ശ്ശാക്യനഗരിയിലെക്കൊച്ചുപെണ്ണുങ്ങൾ,

ചേണാർന്നൊരാസ്യം കനിച്ചും, മിഴികളാൽ
ക്ഷോണിയെ നോക്കിയുമക്കുമാരാന്തികം

നാണംകുണുങ്ങി നടന്നടുക്കുന്നതു
കാണേണ്ടകാഴ്ചതാനില്ലൊരു സംശയം.

അഞ്ചിത്തിരുമ്പണഞ്ഞനേരത്തേറെ
നെഞ്ചിടിയാൻ തേങ്ങീടിനാർ കന്യമാർ,

രാജപ്രഭാവത്തിലും വലുതായൊര-
വ്യാജമാഹാത്മ്യം കുമാരനിൽ കാൺകയാൽ.

എന്നാലകതാരിലങ്ങു വികാരങ്ങ-
ളൊന്നുമില്ലാതെയും, ശാന്തനായും സ്വയം

മന്നവനന്ദനൻ വാണാൻ കുമാരിമാർ
മുന്നിലണവതു താൻ ഗണിയാതെയും.

പിന്നെയവരിലോരോരോ കൃശാംഗിയും
തന്നുടെ തന്നുടെ സമ്മാനമേകവേ,

വെമ്പിക്കുമാരനെ നോക്കാതെയാനനം
കുമ്പിട്ടനിന്നു കൈനീട്ടി വാങ്ങീടിനാൻ.

മന്നവന്മാർ കൊതിക്കത്തക്ക സൗന്ദര്യ-
മന്യാദൃശം കണ്ടഭാവത്തിയിൽ കാണികയാൽ,

നന്നായവളെയഭിനന്ദനം ചെയ്തിതു,
വന്നത്തരുണിയും രാജകുമാരന്റെ

അമ്പാന്നു തൃക്കൈതൊടാൻ പേടിയായ് ഭയ-
കമ്പമിയന്നൊരു മാൻപേടപോലവെ,

മുമ്പിൽ ഭ്രമിച്ചൊന്നുനില്പ്പുമെന്നിട്ടു പോയ്,
മുമ്പേ ഗമിച്ചവരോടുതാൻ കൂടുമേ;

അത്ര ദിവ്യത്വവു,മത്ര ഗാംഭീര്യവു,-
മത്ര തന്നെത്താഴ്ത്തുമാത്മമാഹാത്മ്യവും

അത്തയ്യലാംക്കു തന്നിൽ തോന്നീടുംപടി,
ശുദ്ധോദനസുതൻ ശാന്തൻ വിളങ്ങിനാൻ.

ആരോമൽമേനിമാ,രപ്പുരമാകെന്നാ-
രാരാമഭ്രുവിൽ വിലസുന്ന പുഷ്പങ്ങൾ,

Digitized By Kerala Sahitya Akademi

ഓരോരുപെൺകൊടിമാരടുത്തിങ്ങനെ
ചേരുമാറായ് ചെന്നു കൂട്ടമായ് കൂട്ടമായ്

മേന്മേലുതുപോലെ വന്നണഞ്ഞീടിനോ-
രമ്മോഹനാംഗിമാർതൻകൂട്ടമൊക്കവേ.

ഇമ്മാതിരിയവസാനിച്ചു; തീർന്നിതു
സമ്മാനമായ വിലപെറും ദ്രവ്യവും

അപ്പൊഴതാരാൽ നടന്നണഞ്ഞീടിനാ-
ളുല്പലലോചന, ബാല, യശോധര;

അപ്പുവൽമേനിയെക്കണ്ടു ഭഗവാനു
കെപ്പുവിട്ടൊന്നു നടുങ്ങി തിരുവുടൽ.

അന്തികവാസികളാം കണ്ഡാരതുമഹോ!
എന്തൊരു ദിവ്യവനിതാകൃതിയിവൾ!

ചാപ്പുംഗിതൻ നടപ്പിൻപ്രൗഢിയാൽ സ്വയം
പാപ്പുതിതാനവളെന്നു തോന്നീടുമേ;

ക്രീഡയിൽ കാമിച്ചിണയെ നോക്കുന്ന മാൻ-
പേടിപ്പുവംകളും മിഴിയഴകൊന്നുതാൻ.

ഓമലാളുതൻ മുഖത്തിൻ മോഹനാഭയെ
ഹാ! മൊഴിക്കൊണ്ടു വാഴ്ത്താവല്ലൊരുവനും.

നെഞ്ചത്തഴകിൽ പിണച്ചുകൈകെട്ടിയും,
ചഞ്ചലാത്ത കണ്ണുറാളും കനിക്കാതെയും

മഞ്ചമണഞ്ഞവനുമാത്രം കുമാരന്റെ-
യഞ്ചിതമാം മുഖമഞ്ചാതെ നോക്കിനാളും.

കൊഞ്ചി''യെനിക്കു സമ്മാനമില്ലേ?''യെന്നു
തഞ്ചമായ് ചോദിച്ചു പുഞ്ചിരി തൂകിനാളും.

''എല്ലാമൊടുങ്ങി സമ്മാനമെന്നാകിലും
വല്ലായ്മവേണ്ട നിനക്കതിലോമലേ!

നല്ലൊരു നമ്മുടെയിന്നഗരത്തിലെ
നല്ലാര്യശസ്സിന്റെ നാമ്പേ, ഭവതിക്കു

ഞാൻ തരാം വേറൊരുപായന''മെന്നുടൻ
സ്വാന്തമോദത്തോടുളി ന്നുപാത്തജൻ,

സ്വന്തകണ്ണുത്തിൽ കറുകനാമ്പിൻകാന്തി-
ചിന്തിവിളങ്ങും മരതകമാലയെ

Digitized By Kerala Sahitya Akademi

താന്തന്നെയുരിയെടുത്തു, തൂക്കൈകളാൽ
കാന്തികാളം മണിയൊക്കെ യോജിപ്പിച്ചു

കെട്ടിക്കൊടുത്താൻ കുമാരൻ കനിവൊട-
പ്പൊത്തൊത്ത മേനിയാഠം തന്നരക്കച്ചമേൽ;

നോട്ടങ്ങഠം തമ്മിലിടഞ്ഞിതവക്കുടൻ
പെട്ടെന്നതിൽനിന്നാദിച്ചു പ്രണയവും.

പിന്നെ വഷ്ങ്ങഠം കഴിഞ്ഞു പിന്നെ ജ്ഞാന-
ഭേരിബ്ഭഗവാനഖിലജ്ഞനായ നാഠം,

ചുറിയലും ചിലർ ചോദിച്ചിതച്ചെറു-
കാറണിവേണി കടക്കണ്ണയയ്ക്കുവേ,

തന്തിരുവുള്ളത്തിലെന്തന്നരാഗമാം
വന്തീ ഝടിതി പിടിച്ചതെന്നിങ്ങനെ.

ചിന്തിച്ചു ചൊന്നാൻ ഭഗവാനുത്തരം:
ചിന്തയിലന്ന സദസ്യരും ങങ്ങളും

മോഹമാന്നോത്തപോലന്യോന്യമോരാത്ത
ദേഹികളല്ലായി ാന്ന സ്വയം ങങ്ങഠം.''

എങ്ങനെയെന്നതും കേപ്പിനെന്നായുടൻ
മംഗലാത്മാവരുഠംചെയ്ത പുരാവൃത്തം:

''പണ്ടുപണ്ടേറെ യുഗങ്ങഠംക്കു മുമ്പു പേർ-
കൊണ്ട കാളിന്ദിതന്നുത്തവഭ്രമിയിൽ,

ഉന്നതമായുള്ള നന്ദദേവാഖ്യമാം
കുന്നിന്റെ താഴ്വരതന്നിലടവിയിൽ,

പ്രായമൊക്കും പെൺകിടാങ്ങളുമൊത്തൊരു
നായാടിതന്നകൻ കേളിയാടീടിനാൻ.

ആന്തികുവട്ടം പുഴന്ന മുയലുകഠം
ചന്തത്തിൽ മണ്ടിക്കളിക്കുന്നതുപോലെ.

ഉത്സാഹമുഠംകൊണ്ടു ദേവദാരുക്കഠംതൻ
നത്സാന്ദ്രമാം നിഴലാന്ന നിലങ്ങളിൽ,

തത്സമീപത്തിൽ മെച്ചം നേടുവാൻ തമ്മിൽ
മത്സരിച്ചോടിനാർ കൊച്ചുവേടത്തികഠം

ഓട്ടത്തിനന്ന സമ്മാനമായേകയെ-
ക്കാട്ടുമലർ കൊയ്തലങ്കരിച്ചാനവൻ;

Digitized By Kerala Sahitya Akademi

പൊട്ടിച്ചെടുത്ത മയിൽപ്പീലിയും നല്ല–
ചട്ടറ കാട്ടുപൂങ്കോഴിതൻ തൂവലും

ചേത്ഴകോട്ടം ചെറുപുരിക്കുന്തലിൽ
ചാത്തിയവൻ രസിപ്പിച്ചിതൊ.ത്തിയെ;

വേറൊരു കൊച്ചുചെറുമിക്കു വൃക്ഷത്തി–
ലേറിപ്പഴങ്ങൾ പറിച്ചേകി വത്സലൻ;

എല്ലാറ്റിനുമൊടുവിൽപ്പോന്നൊരു ചെറു–
മല്ലമിഴിക്കവൻ മുഖ്യത കല്പിച്ചു
ചെല്ലമായ് താൻ വളർത്തും മാൻകിടാവെയെ–
ന്നല്ലവൾക്കായ് തൻഹൃദയവുമേകിനാൻ;

ഇങ്ങനെ വേട്ട പിന്നേറിയകാലമ–
ബ്ഭംഗിയെഴും കാട്ടിലൊന്നിച്ചു വാണവർ.

മംഗലമായ് നാൾകഴിച്ചവിടെത്തന്നെ
തങ്ങളിൽ വേർപിരിയാതെ മരിച്ചിതു

കേൾക്കുവിൻ, മണ്ണിൽമറഞ്ഞേറെനാൾ, മഴ–
യേൽക്കാതെ കാഞ്ഞുകിടക്കിലും വിത്തുകൾ,

ആക്കമോടും പിന്നൊരിക്കൽ മുളച്ചുടൻ
വാസ്സും ചെടിയായ്; സ്വഭാവത്തിനൊത്തതിൽ
പൂക്കളും ശുഭാശുഭഗന്ധമെഴും പൂക്കൾ;
കായ്കളും മധുരവും കയ്പുമേലും ഫലം;

ആയതുപോലെ,യവനവൻ നല്ലതും
തീയതുമായ് പലനാളുമോരോവിധം

പോയോരു ജന്മങ്ങളിൽ ചെയ്ത കർമ്മങ്ങൾ,
മായാതെ രാഗവും ദ്വേഷവുമായ്ത്തീർന്ന

തക്കകാലത്തു താന്താങ്ങൾക്കുളവന്ന
സൗഖ്യവും ദുഃഖവും ജന്മാന്തരങ്ങളിൽ.

നില്ക്കാതിവണ്ണം തിരിയും ജനിമൃതി–
ചക്രത്തിൽ വീണു ചുഴലുന്ന ദേഹികൾ;

ആർക്കുമേ തങ്ങടെ കർമ്മഫലങ്ങളെ
നേർക്കാതൊഴിച്ചുവിടാവതല്ലായ്കയാൽ
ജ്ഞാനായിരുന്ന ചെറുമനന്നച്ചെറു–
മീനമിഴിയായിരുന്ന യശോധര;

Digitized By Kerala Sahitya Akademi

ന്യനമതുകൊണ്ടു ഞങ്ങൾക്കു തങ്ങളിൽ
മാനസബന്ധമുണ്ടായതുമങ്ങനെ.''

പിന്നെ നൃപാത്മജൻ സമ്മാനമേകിയ–
തുന്നിനോക്കിക്കൊണ്ടിരുന്ന ജനം ചെന്നു
ധന്യഭാവത്തൊടും ചിന്താകുലനായ
മന്നവനോടുണത്തിച്ചിതവസ്ഥകൾ;

തൽപുത്രസന്നിധിതന്നിൽ മഹാനായ
സുപ്രബുദ്ധന്റെ മകളാം യശോധര
കെല്പോടണയും വരെക്കുമാരൻതന്റെ–
യുൾപ്പൂവലയാതെതാൻ വാണിരുന്നതും,

പെട്ടെന്നു കണ്ടവളെത്തൻമുഖത്തിന്റെ
മട്ടിന്നു തെല്ലൊരു മാറ്റമുണ്ടായതും,

കുട്ടിമാൻകണ്ണി കടക്കണ്ണയച്ചതും,
സ്പഷ്ടമവളെയവൻ കടാക്ഷിച്ചതും,

നല്ല മരതകമാല കൊടുത്തതും,
മെല്ലവേ പുഞ്ചിരിക്കൊഞ്ചൽ കലർന്നതും,

എല്ലാം ശ്രവിച്ചു നൃപൻ പുത്രവത്സലൻ
തെല്ലു ചെറുചിരി തുവിയരുൾചെയ്താൻ:
''കിട്ടിയല്ലോ! നമുക്കിന്നൊരിര, വിണ്ണിൽ
മുട്ടിപ്പറക്കുമപ്പക്ഷിയെ വീഴ്ത്തുവാൻ;

വിട്ടിടാതായതിനിയോക്ക യോഗ്യമാം–
മട്ടിൽ ഘടനസ്സുപായം ചതുരരേ!

ദൂതജനത്തെയയച്ചെൻ കുമാരനാ–
യേതുമേ വൈകാതെയക്കന്യയാളുടെ

താതനാം സുപ്രബുദ്ധൻതന്നൊടായ് ചെറു–
ശാതോദരിയെ വേളിക്കു ചോദിക്ക നാം.''

എന്നാലൊരു കന്യയേറ്റം കുലീനയും
സുന്ദരിയും സർവ്വകാമ്യയുമാകിലോ
വന്നാ വധുവെ വരിക്കും യുവാവു, മൻ
വെന്നീടണം യുദ്ധവിദ്യയിലന്യരെ

അക്കാരണത്താൽ തരുണക്കു തങ്ങളിൽ
വക്കാണമുണ്ടാം സ്വയംവരവേളയിൽ

Digitized By Kerala Sahitya Akademi

ശാക്യജാതിക്കിതു ചട്ട;മിതിന്നൊരു
നീക്കുപോക്കില്ല നൃപതികൾക്കാകിലും.

ആകയാലെത്തിയ ദൂതരോടിങ്ങനെ–
യാകുലനായ് സുപ്രബുദ്ധനരുൾചെയ്തു:

''കന്യകതൻ കൈത്താർ പലദിക്കിലുമുള്ള
ധന്യരാം രാജപുത്രന്മാർ കൊതിക്കുന്നു;

ഇന്നവരെക്കാൾ തിറമൊട്ടു തന്തിരു–
നന്ദനൻ ശാന്തശീലൻ വിൽ കുലയ്ക്കുയും,

നന്നായി വാൾ വീശുകയും മരുങ്ങാതെ
നിന്നീടുമശ്വത്തെയേറിയോടിക്കയും—

എന്നുവേണ്ടായെതിർപ്പോരെയേതും ചെയ്തു
വെന്നുവരികിൽ നമുക്കവൻ ശ്ലാഘ്യനാം.

എന്നാൽ മുനിപോലെ ശാന്തനാമീ നൃപ–
നന്ദനനാലതു സാദ്ധ്യമാകുന്നതോ?

എന്നതു ചിന്തിക്കണമിതു പോയ് നിങ്ങൾ
മന്നവനോടുണർത്തീടുവിൻ മാന്യരേ!''

ദൂതരുമിങ്ങനെ ചെന്നറിയിച്ചിതു;
ചേതസ്സിലാധികലൻ നൃപേന്ദ്രനും:

''കഷ്ടമെന്നുണ്ണി യശോധരയെ സ്വയം
തുഷ്ടനായ് കാമിച്ചതൊക്കെ വിഫലമായ്!

വില്ലാളികളിൽ മുമ്പൻ ദേവദത്തനും
കല്യൻ കുതിരയോടിപ്പാൻ വിരുതാന്ന

ചൊല്ലേറുമർജ്ജുനനും വാൾപ്പയററിക–
ലെല്ലാക്കുമാദ്യനാം നന്ദനുമുള്ളനാൾ

എന്മകനെങ്ങനെയീ വീരവിദ്യയിൽ
മേന്മനേടിപ്പെൺകൊടിയെ ലഭിപ്പതും?''

ഇങ്ങനെ ഖേദിച്ച താതനോടായ് പുത്ര–
നിംഗിതജ്ഞൻ പുഞ്ചിരിപൂണ്ട ചൊല്ലിനാൻ:

''അച്ഛൻ വിഷാദിച്ചിടേണ്ട;യീ വിദ്യയും
മെച്ചമോടും ഞാൻ പഠിച്ചതാണൊക്കെയും;

ഇച്ഛപോലിന്നിതിലേതിലുമേവനും
കച്ചകെട്ടീടട്ടെ,യെന്നോടെതിർക്കുവാൻ;

Digitized By Kerala Sahitya Akademi

നിശ്ചയം ഞാനതിൽ പിൻവാങ്ങിയാശിച്ചൊ-
രച്ചപലാക്ഷിയെ കൈവിടുകില്ലതാൻ

ഇച്ചൊന്നപോൽതന്നെ താതൻ വിളംബരം
സച്ചന്ദമായിന്നു ചെയ്യുകയേ വേണ്ടൂ.''

ഇത്തരം പുത്രന്റെ വാക്കുകേട്ടുടൻ
ശുദ്ധോദനനൃപൻ ഘോഷണംചെയ്തിതു:

''ഇത്തീയതിതൊട്ടൊരേഴാംദിനമുണ്ണി
സിദ്ധാർത്ഥനെന്റെ കുമാരൻ കളരിയിൽ,

ഉദ്ധതന്മാരാമെതിരാളികളൊടായ്
പ്രത്യേകമാ വീരവിദ്യയിലേതിലും

ബദ്ധസംരംഭമെതിക്കും; വിജയിക്കു
സിദ്ധയാം കൈയിൽ യശോധര''യെന്നുമേ.

പിന്നതുപോലെയേഴാംദിവസം ശാക്യ-
മന്നവന്മാർ പൗരജാനപദന്മാരും

ഒന്നൊഴിയാതെയപ്പന്തയം കാണുവാൻ
ചെന്നു നിറഞ്ഞിതു മൈതാനഭ്രമിയിൽ.

പൊന്നുകെട്ടീടിന കൊമ്പും പലവിധം
മിന്നുന്ന പൂവിരിപ്പും പൂണ്ട കാളകൾ,

അന്യനവാദ്യഘോഷങ്ങൾ തുടങ്ങിയ-
സ്സന്നാഹമെല്ലാമിയന്നക്കളരിയിൽ,

സ്വന്തമകമ്പടിക്കാർ നടുവേ നല്ല
ചന്തവും വണ്ണവുമാന്ന പല്ലക്കേറി,

ബന്ധുരഗാത്രി യശോധരയും തന്റെ
ബന്ധുജനങ്ങളുമായണഞ്ഞീടിനാൾ.

കണ്ടു മുമ്പിൽക്കമനീയാംഗിയെ മന-
ത്തണ്ടാരലഞ്ഞ തരുണരിൽ മുഖ്യരാം

പൃഥ്വീശവംശജൻ ദേവദത്തൻ പ്രഭ-
പുത്രരാം നന്ദനമജ്ജുനൻതാനുമേ

''ഇത്തയ്യലാളെനിക്കുള്ളതെനിക്കുള്ള''-
തിത്തരം തങ്ങളിൽ വാതുക്കുറീടിനാർ.

അപ്പൊഴതാരാൽ നിജ'കാന്തക'മെന്നു
ചൊല്പൊങ്ങിടുന്നൊരു വെള്ളക്കുതിരയിൽ,

Digitized By Kerala Sahitya Akademi

അബ്ഭ്രമിതനിലഖിലമനോഹരൻ,
കെല്പോടെഴുന്നള്ളിനാൻ കൊച്ചുതമ്പുരാൻ.

മുൻപു കണ്ടീടാത്തവണ്ണം വെളിയിലാ–
വൻപുരുഷാരങ്ങൾ പാത്തുത്തുതത്തിനാൽ

ഉമ്പർകോൻവാജിക്കെതിരായ കാന്തക–
മമ്പോടുമാന്യ ഹേഷാഘോഷമൊന്നുടൻ.

മന്നവന്മാക്കു കീഴ്പെട്ട,മവരിൽനി–
ന്നന്യമാംമാറുണ്ടുറപ്പുകൾ ഭേദിച്ചും

എന്നാൽ സ്വയം സുഖദുഃഖാനുഭ്രതിക–
ളൊന്നുപോലാന്നും കഴിയും ജനവാവല്.

വന്നുതിങ്ങുന്നതു വിസ്മയംപൂണ്ടുതാ–
നൊന്നു തുക്കൺപാർത്തു രാജകുമാരനും

സന്നിധിതന്നിലുടൻ മോഹനകാന്തി
ചിന്നി സ്വയംവരമോർത്തു നിന്നീടുന്ന

സുന്ദരിയാകും യശോധരയെക്കണ്ടു
മന്ദം മഹാത്മാവു പുഞ്ചിരിതൂകിനാൻ.

എന്നല്ലൊരുകരത്തിൽ പട്ടുനൂൽകൊണ്ടു
നന്നായ് ചമച്ച കടിഞാൺ പിടിച്ചുടൻ
ചാടിനാൻ കാന്തകത്തിന്റെ വിശാലത
തേടും മുതുകിൽനിന്നക്ഷണമൂഴിയിൽ.

''പേടമാൻകണ്ണിമാരൊക്കെ മുടിയതിൽ
ചൂടുന്ന രത്നമാമിപ്പേശലാംഗിയെ

പാടില്ല തീണ്ടുവാനേറെവും യോഗ്യത
ക്കുടും പുമാന്റെ കരതാരിനെന്നിയേ,''

എന്നു വിളിച്ചു പറ,ഞ്ഞെതിരാളികൾ
നിന്നടിക്കുന്ന നോക്കിത്തന്തിരുവടി,

''ഇന്നു ഞാനിക്കന്യയാളെ മോഹിക്കുവ–
തെന്നുമേ സാഹസമെന്നു കരുതുവോർ
വന്നു പരീക്ഷിച്ചു നോക്കാം, വിരോധമി''–
ല്ലെന്നുടൻ വാതുമുരചെയ്തരുളിനാൻ.

വീറൊടും വില്ലാളിനന്ദനുടൻ മുമ്പു
കേറിവാദിച്ചിതു കോപം മുറിച്ചീടുവാൻ

Digitized By Kerala Sahitya Akademi

മാറാതൊരു വെങ്കലപ്പുറ ലക്ഷ്യമാ–
യാറു ഗവ്യൂതിയകലെ വച്ചാനവൻ,

ഒട്ടും കുറച്ചീലയജ്ജുനനും, ദൂര–
മെട്ട ഗവ്യൂതിയാക്കീ ദേവദത്തനും;

സത്വരമായതു കണ്ടകതാരിങ്കൻ
മെത്തുമുത്സാഹം കലർന്ന കുമാരകൻ

സിദ്ധാർത്ഥനാജ്ഞാപനംചെയ്ത തൻപുറ
പത്തു ഗവ്യൂതിയകലെ വച്ചീടുവാൻ.

അത്രദൂരത്തപ്പൈങ്കമ്പറ കാണായി–
തെത്രയും സൂക്ഷ്മമായോരു കവടിപോൽ.

മുൻപിട്ട പിന്നെതിരാളികാം കോം കുറി–
ച്ചമ്പുകളെയ്തുതുടങ്ങിനാർ മൂവരും.

തമ്പുരയെയ്തു മുറിച്ചിതു നന്ദനം;
തമ്പുരയജ്ജുനൻ താനും മുറിച്ചിതു;

തെറ്റെന്നാടൻ ദേവദത്തനും തൻകുറി–
തെറ്റാതെ നോക്കിയയച്ചിതു സായകം;

മുറ്റുമതു കോംമുറിച്ചു ലക്ഷ്യത്തിന്റെ
മറ്റേപ്പുറവും കടന്നകലെപ്പോയി.

കണ്ട മഹാജനമത്ഭുതം കൈക്കൊണ്ടു
കൊണ്ടാടിയാർത്തു വിളിച്ചിതു തൽക്ഷണം.

''ഉണ്ടാം പ്രിയനിനിത്തോൽവി;യിനിക്കതു
കണ്ടുകൂടാ''യെന്ന കാതരയായുടൻ

ഇണ്ടൽകൈക്കൊണ്ട യശോധരയും മുഖ–
ത്തണ്ടാർ മറച്ചു പൊൻമൂടുപടത്തിനാൽ.

കല്യൻ കുമാരനപ്പോാം മിനുത്തുള്ളതാം
നല്ല ചായംപൂണ്ട തണ്ടിൽ ഞരമ്പുകാം

എല്ലാടവും വരിഞ്ഞുള്ളതായ്, ശ്രുഭ്രമാ–
യുല്ലസിക്കും വെള്ളിനാണിയലുന്നതായ്,

വല്ലാത്ത കെല്പെഴും കൈയ്ക്കുന്നി പൂട്ടിടാ
വല്ലാത്തതായി, വിരുതേറിടുന്നൊരാ

വില്ലാളികളുപയോഗിച്ച കാർമുകം
മെല്ലവേ ചെന്ന കരതാരിലേന്തിനാൻ;

Digitized By Kerala Sahitya Akademi

തെല്ലുടൻ പുഞ്ചിരിതൂവിനാ;നംഗുലി–
പല്ലവത്താൽ ചെറുതാണൊലി കൂട്ടിനാൻ;

പൂട്ടിനാൻ വില്ലുകുലച്ചു രണ്ടഗ്രവും
കൂട്ടിമുട്ടീടുമാറക്ഷണം കോമളൻ;

ഒട്ടേറെ വണ്ണമിയന്നൊരു വിൽക്കോലു
പൊട്ടിമുറിഞ്ഞുടൻ വീണു ധരണിയിൽ.

ആളുകളാശ്ചര്യമഗ്നരായാ;രുടൻ
നാളീകമോഹനവക്ത്രനഭിനന്ദിച്ചാൻ:

''കേളിയായുള്ളാട്ടിനേനിത്തൊഴിൽ കേവലം
വേളിക്കുവേണ്ടി വിരുതിനല്ലോക്കുവിൻ;

കേളിയേറും ശാകുന്തവന്മാക്കിതെ–
ക്കാളേറെ യോഗ്യമാം കാർമുകമില്ലയോ?

കൊണ്ടുവന്നീടുവിൻ നല്ല വില്ലെങ്ങാനു–
മുണ്ടെങ്കി''ലെന്നതു കേട്ടൊരാൾ ചൊല്ലിനാൻ:

''പണ്ടുപണ്ടേ നൃപൻ സിംഹനവിന്റെ
കൊണ്ടാടിടേണ്ടൊരു വില്ലുണ്ടു കോവിലിൽ

പൂജിച്ചുവച്ചിരിക്കുന്നു; ഞാണായതിൽ
യോജിക്കുമാറു പൂട്ടാവല്ലൊരാൾക്കുമേ;

പൂട്ടിയാലും ഞാൺ വലിച്ചു ബാണം ചേർത്തു
കോട്ടംവെടിഞ്ഞു കുലയ്ക്കാവതുമല്ല.''

എന്നതു കേട്ടു കുമാരനരുൾചെയ്തു:
''നന്നതു പുരുഷയോഗ്യമാമായുധം

ഇന്നെനിക്കായതുതന്നെ വേണം; കൊണ്ടു–
വന്നീടുവിൻ നിങ്ങളേതും മടിയാതെ.''

ചാരത്തുടനെയാനീതമായീ, സ്വർണ്ണ–
ചാരുലതാശില്പശോഭിശൃംഗാഞ്ചിതം,

ഭാരം കലർന്നൊരു കാരിരുമ്പാൽ തീർത്ത
പാരം പുരാതനമാമശ്വരാസനം.

സിദ്ധാർത്ഥനാവില്ലു കണ്ടു കൈത്താരിനാൽ
ബദ്ധാദരം ചെന്നെടുത്തു തിരുമുട്ടിൽ

ചേർത്തു രണ്ടാവൃത്തി ശക്തി പരീക്ഷിച്ചു
പേർത്തുമീവണ്ണമരുൾചെയ്തു വീര്യവാൻ:

Digitized By Kerala Sahitya Akademi

''ഈ വില്ലിലമ്പു തൊടുത്തെയ്യുവിൻ വീര-
ഭാവം കലർന്ന സഹോദരരേ! നിങ്ങൾ.''

ഈ വാക്കു കേട്ടണഞ്ഞുനസ്സേന്തുവാ-
നാവതില്ലാഞ്ഞു മടങ്ങി വില്ലാളിമാർ.

അപ്പോൾ കുമാരകൻ മുമ്പിൽ ചുവടുവ-
ച്ചുച്ചം കുനിഞ്ഞു തൃക്കയ്യാൽ ശരാസനം

ക്ഷിപ്രമെടുത്തു കുലച്ചുടൻ ഞാൺതല
കെല്പിൽ വലിച്ചതിൻകോടിയിൽ പൂട്ടിനാൻ;

ഉച്ചത്തിൽ ഞാണൊലി കൂട്ടിനാൻ; പക്ഷീന്ദ്ര-
നുച്ചലിപ്പിക്കും ചിറകിൻസ്വനംപോലെ

മെച്ചമോടദ്ധ്വനി കാറ്റിൽ മുളി ദ്രുത-
മൊച്ച മുഴക്കിട്ടിഗന്തങ്ങളെങ്ങുമേ,

എന്തൊരു ശബ്ദമിതെന്നുടൻ പേടിച്ചു
ചിന്തയാൽ നാട്ടിൽ ജനങ്ങൾ കുഴങ്ങിനാർ.

ചൊല്ലിനാരായവൻ സിംഹഹനുവിന്റെ
വില്ലിന്റെ ഞാണൊച്ചയെന്നുമറിഞ്ഞവർ;

കല്യാണരൂപൻ നൃപസുതൻ മൗർവ്വിയെ
മെല്ലെ വലിച്ചതിൽ പൂട്ടിനാനെന്നതും,

അല്പൻക്കൂടാതതിലമ്പു തൊടുത്തവൻ
കില്ലുകന്നെയ്തീടുമെന്നതുമോതിനാർ.

പിന്നെശ്ശരമതിൽ ചേർത്തു ചെമ്മേ യുവ-
മന്നവൻ ലാക്കു നോക്കി പ്രയോഗിച്ചിതു.

മൂച്ചയേറുന്നമ്പു വിണ്ണിനെ'ട്ടാരുവെ-
യീർച്ചവാഹംപോലെ' കീറിപ്പാഞ്ഞു ചെന്നുടൻ

ഏറെറവും ദൂരത്തിരുന്നൊരു ലക്ഷ്യത്തെ
മാറെറമില്ലാതെ മുറിച്ചുദ്ധരണിയിൽ,

ചെറുനില്ലാതെ ചീളെന്നു മുകളുടെ
മുറുമകലത്തു പോയി മറഞ്ഞിതു

മാറാതെ പിന്നെയും ദേവദത്തൻ വാതു
കൂറി, വാഹംവിദ്യുത്സ്ഫുരിത്തണഞ്ഞജസാ

ആരംഭലം വണ്ണമുള്ള കരുമ്പന
വീരോടു വെട്ടി രണ്ടായ് മുറിച്ചീടിനാൻ.

Digitized By Kerala Sahitya Akademi

ഏഴംഗ്രലം ഘനമുള്ള താലം ചെറു–
വാഴപോലജ്ജുനനും വെട്ടിവീഴ്ത്തിനാൻ.

ഒമ്പതു വണ്ണമേലും പന നന്ദനൻ–
മമ്പൊട്ടു വെട്ടി രണ്ടായ് മുറിച്ചാ;നടൻ

ആയതുപോലെ താൻ വണ്ണമുള്ളോരു ര–
ണ്ടായതമായി വളർന്ന പനകളെ

ആയാസമെന്നിയണഞ്ഞൊരു വെട്ടിനാൽ
മായാസുതൻ മഹാത്മാ മുറിച്ചീടിനാൻ.

എന്നാൽ മുറികളും വേർപെട്ടുവീഴാതഹോ!
നിന്നു നെടുമ്പന രണ്ടും ക്ഷണനേരം

മിന്നിയമ്മൃച്ഛയേറും വാളകത്തുടെ
മിന്നൽപ്പിണർപോലെ പാഞ്ഞുപോയീടിലും.

''തെറ്റീ കുമാരന്റെ വെട്ടെ''ന്ന നന്ദനം
തെറ്റെന്ന ഹന്ത! വിളിച്ചുഘോഷിച്ചിതു

ഉറ്റഭയത്താൽ യശോധരതാനുമേ
മുറ്റും നടുങ്ങീ മരങ്ങളും വീഴാസ്ത്രയാൽ

അപ്പോഴണഞ്ഞു ദേവാജ്ഞയാൽ തെക്കുനി–
ന്നപ്പുന്നമോദമിളങ്കാറ്റു മെല്ലവേ

ശില്പമായ് മേൽമകുടങ്ങളുംപോൽ ചുഴ്ന്നെഴും
നല്പത്രുകങ്ങളിൽ മൂളിയടിച്ചുടൻ

ഒപ്പം മുറിഞ്ഞുള്ള സന്ധികളും വേർപെട്ടു–
ത്തപ്പന രണ്ടും മറിച്ചിട്ട ഭ്രമിയിൽ.

പിന്നെച്ചൊടിപ്പാൻ നല്ല ഹയങ്ങളെ–
സ്സന്നാഹമോടും വരുത്തി ദ്രുതമവർ

ചേന്നുടൻ വാദിച്ചുകൊണ്ടുക്കളരിയിൽ
മൂന്നുനാലാവൃത്തിയോടിച്ചു ചുഴവും.

ചീറ്റമിയന്ന പാഞ്ഞീടുമവറ്റയി–
ലേറ്റവും വേഗമേറും വാജിതന്നെയും

മാറ്റി മുമ്പേ പാഞ്ഞു മഞ്ഞിൻനിറമാർന്ന
കാറ്റുപോലോടും കുമാരന്റെ 'കാന്തകം'

അദ്ഭുതമോർക്കുകിൽ സ്വന്തമുഖത്തുനി–
ന്നർഭ്രതഫേനം നിലത്തു വീഴുംമുമ്പേ

Digitized By Kerala Sahitya Akademi

കെല്പോടിരുപതു വേൽക്കോലകലമ–
ച്ചൊല്പൊങ്ങിടുന്ന കുതിര പാഞ്ഞെത്തുമേ.

നന്ദനടനോതി, ''ഞങ്ങളും പന്തയം–
വെന്നീടുമീയശ്വവീരനെക്കിട്ടിയാൽ;

ചെന്നാശ്രു കൊണ്ടുവരുവിൻ മടുങ്ങാതെ
നിന്നിടും വാജിമല്ലന്മാരിലൊന്നിനെ;

കേറിയതിനെയോടിക്കുവാൻ സാമർത്ഥ്യ–
മേറുന്നതാക്കെന്നെ കണ്ടിടട്ടേ ജനം.''

ഗീരിതുകേട്ടശ്വപാലകർ ചെന്നൊരു
ക്രൂരിരുഃപോലെ കറുത്ത കുതിരയെ

നാലഞ്ച ചങ്ങലകൊണ്ടു ബന്ധിച്ചതി–
വേലം പണിപ്പെട്ട കൊണ്ടുവന്നീടിനാർ.

ആരും ഭയപ്പെടും ദൃഷ്ടികളും മഹാ–
ഘോരമാം വിസ്തൃതനാസാപുടങ്ങളും

പാരം തിരപോലിളകും കരിംചിട
പൂരിച്ച പീവരമാം കണ്ണനാളവും

തേടുമാ വാജിവീരൻ വന്ന നിന്നിതേ
ലാടമില്ലാതെയും ജീനിക്കുടാതെയും.

അന്നാഗ്വരസ്സുമക്രൂരനൻ കുതിരയെ–
ച്ചെന്നു തൊട്ടിട്ടില്ലൊരാളുമോടിക്കുവാൻ

എന്നാലുമശ്വാകൃരാജകുമാരകർ
വന്നു തള്ളീടുന്ന വാശിയാലന്ധരായ്

മാറിമാറിച്ചെന്നവന്റെ മുതുകത്തു
കേറിനാർ മുമ്മൂന്നുരുവവരേവരും.

ഏറുന്നവരെയുടനുടൻ താഴത്തു
താറുമാറായവൻ തള്ളിയിട്ടീടിനാൻ;

വീണ്ടും കയറിയും വീണുമവർ പരം
പൂണ്ടാർ മുതുകിൽ പൊടി, നെഞ്ചിൽ നാണവും.

മണ്ടിയണഞ്ഞുടനജ്ജനൻ മേലേറി–
യിണ്ടൽക്കുടാതൊന്നിരിപ്പുമുറപ്പിച്ചു,

തിണ്ടാടിനില്ക്കും കുതിരതൻ ചങ്ങല
കുണുതവിട്ടഴിപ്പിച്ചു, ചവുക്കിനാൽ

Digitized By Kerala Sahitya Akademi

വീശിയടിച്ചാൻ വിരുതനജ്ജന്തുവിൻ–
പ്പാശിലപോലെ കറുത്തുള്ള പള്ളയിൽ.

പിന്നെ 'ലഗാൻ' വലിച്ചിട്ടവൻ തന്നുടെ–
യുന്നതവൈഭവമാൻ ചെറുത്തണ്ടിനാൽ

ഡാടിയേറുന്ന കുതിരത്തടിയന്റെ
താടിയെ മേല്പോട്ടു തള്ളിനിവർത്തിനാൻ.

ചാടിക്കുതിരയരിശവും ചീറ്റവും
പേടിയുമാൻ പാഞ്ഞു കൊട്ടകാറുപോൽ;

തേടുമുഭയളേളാട്ടമൊട്ടമറുങ്ങിയൊ–
ന്നോടി വട്ടം തിരിഞ്ഞു രംഗഭ്രമിയിൽ;

പെട്ടെന്നു പിന്നെയിടറിക്കഴത്തൊന്നു
വെട്ടിത്തിരിച്ചു വികടമാക്കിക്കൊണ്ടു,

വീറൊട്ടു പല്ലുമിളിച്ചു മേല്പോട്ടവൻ
മോറുകാട്ടി ദൃതം മുറും ഭയങ്കരൻ,

കാലാലെറിഞ്ഞജ്ജുനനെ മറിച്ചിട്ട
മാലവന്നേകി കുളമ്പാൽ തൊഴിച്ചുടൻ

കാലാലയത്തിനയപ്പാനൊരുങ്ങുന്ന
കോലാഹലത്തിലഭ്രാന്തൻ കുതിരയെ

സ്ഥൂലതകോലും തുടലുകളാലശ്വ–
പാലകർ വീണ്ടുമണഞ്ഞു കെട്ടീടിനാർ.

അത്തൊഴിൽ കണ്ടുനിന്നോരു മഹാജന–
മൊത്തൊരുമിച്ചു വിളിച്ചോതി സത്വരം:

''സിദ്ധാർത്ഥനണ്ണിയിടയരുത്തെത്തിയി–
ന്നിത്തടിമാടനപിശാചിനോടേതുമേ.

ചീറ്റമേറുന്നോരിവന്റെ കരം കൊടു–
ങ്കാറ്റാണു നൂനം; കരുംഭ്രമാണിവൻ

മാറ്റമില്ലീയുഗ്രമൂർത്തിക്കു പാക്കുകി–
ട്ടുറപ്പാം തീർച്ചാലയാണയിരായതും.''

മെല്ലെയതു കേട്ടടൻ കുമാരൻ ''തുട–
ലെല്ലാമഴിക്കുവി''ന്നെന്നും, ''സവാരിക്കു

നല്ല മൃഗമാണിവൻ; നെറ്റിവാർമുടി–
യല്പാതിനിക്കൊന്നു വേണ്ട''ന്നുമോതിനാൻ;

Digitized By Kerala Sahitya Akademi

ആയതുപോലിടംകൈയാൽ കുതിരത–
ന്നായതകേസരം മെല്ലെപ്പിടിച്ചുടൻ

എന്തോ ചിലതു ചെവിയിലതിനോടു
മന്ത്രിച്ചുകൊണ്ടു മറേറക്കരതാരിനാൽ

അമ്പോടതിൻ മിഴി രണ്ടും തടകിനാൻ;
വമ്പേലുമുഗ്രമുഖവുമതുപോലെ,

മന്ദം കഴുത്തും തലോടിനാൻ വീപ്പിനാൽ
സ്പന്ദിച്ചെഴും രണ്ടു പാർശ്വഭാഗങ്ങളും

കെല്പേറിടുന്ന കരിംകുതിരക്കുറവ–
നപ്പോളൊതുങ്ങിത്തലയും കുനിച്ചുടൻ

തല്പാദമമ്പോടു കുമ്പിടുമ്മാതിരി
നില്പതുകണ്ടേറെ വിസ്മയിച്ചു ജനം.

ഉല്ലാസമോടുമപ്പോൾ നൃപനന്ദന–
നെല്ലാവരും കണ്ടുനില്പവേ സത്വരം

വല്ലാത്ത വാജിവീരന്റെ മുതുകത്തു
സല്ലീലമാഞ്ഞു കരേറിയിരുന്നുടൻ

മെല്ലെ പ്രയോഗിച്ചു കാൽമുട്ടുകൾ, കര–
വല്ലിയിലേന്തിയിളക്കി കടിഞ്ഞാണം.

ആയതു കണ്ടു ജനങ്ങൾ ചൊന്നാ''രിനി–
യായാസമെന്തിനു രാജന്യപുത്രരേ?

പോയടങ്ങിക്കൊൾക; മത്സരിച്ചീടേണ്ട;
മായാസുതൻ സർവ്വമുഖ്യനാണോക്കുവിൻ.''

എന്നതു കേട്ടെതിരാളികളേവരു–
മൊന്നായ് സ്വയമതു സമ്മതിച്ചോതിനാർ.

ചൊന്നാനുടൻ സുപ്രബുദ്ധൻ കുമാരനോ–
ടുന്നതാനന്ദമടുത്തുചെന്നീവിധം:

''മന്നവനന്ദനാ, വാഴുക നീ ചിരം;
നിന്നെ വിജയിയായ് കാണ്മാൻ കൊതിച്ചു ഞാൻ;
നിന്നിലല്ലോ കുറുമേറെ ഞങ്ങൾക്കൊക്കെ–
യെന്നാലുമത്ഭുതമാകുന്ന നിൻജയം.

ബാലൻ, സദാ പനിനീർമലർച്ചോലയിൽ
കാലം നെടുംചിന്തക്കളാൽ കഴിച്ച നീ

Digitized By Kerala Sahitya Akademi

പോരും പയിറ്റും മുറയുമറിയുമീ
വീരരെ മായാമഹിമയാലോ വെന്നു?

ഏതാകിലും വാതിൽ നേടിയ രത്നത്തെ
ജാതസന്തോഷമണിഞ്ഞാലുമിന്നി നീ,''

ചേതസ്സലിഞ്ഞീവിധം ധന്യനാമവ–
നോതി, മകൾക്കുമനുജ്ഞ നല്കീടിനാൻ.

അപ്പൊഴമ്മോഹനമേനിയാളോമന–
പ്പുഷ്പഹാരം കരതാരിലെടുത്തുടൻ

തല്പത്തിൽനിന്നെഴുനേറ്റു, മുഖത്തുനി–
ന്നപ്പരികക്കൊടിയോളമകറ്റിനാൾ

നല്പൊൻവരികുഴൽ കലൻ നിറംതേട്ടു–
മുല്പലശ്യാമമാം മൂടുപടം സ്വയം.

എന്നിട്ടു സാഭിമാനം പദമൂന്നിയ–
സുന്ദരി മെല്ലേ നടന്നാൾ; യുവാക്കളെ–

യൊന്നൊഴിയാതെയെല്ലാരെയും പിന്നിട്ടു
ചെന്നാളടുത്തു സിദ്ധാർത്ഥന്റെ മുമ്പിലായ്

അന്നേരമക്കരിംകുറൻകുതിരയിൽ–
നിന്നിറങ്ങീട്ടതു താഴ്മ്മം കഴുത്തിങ്കൽ

മന്ദമൊരുകരം ചേർത്തുകൊണ്ടങ്ങനെ
നിന്നു വിളങ്ങിയട്ടിവ്യതേജോനിധി.

മുമ്പിലണഞ്ഞുടൻ താണുവണങ്ങിനാൾ
കുമ്പംവെടിഞ്ഞകുലാംഗനമാർമണി

ധന്യതകൊലുമനുരാഗമുജ്ജ്വലി–
ച്ചന്യനദിവ്യപ്രഭപൂണ്ടെഴും മുഖം

തന്വിയുയർത്തിസ്സുരഭിയാം പൂമാല
പിന്നെ പ്രിയന്റെ കഴുത്തിങ്കലുറ്റിച്ചാൾ;

എന്നല്ല തൻതിരുമാറിൽ തലചേർത്തു
നിന്നാൾ ചെറുതവളങ്ങനെ,യെന്നിട്ടു

ലോലമനോഹരദൃഷ്ടി തിരിച്ചു തു–
ക്കാലിണ തൊട്ടുതൊഴുതുടൻ സാദരം

''മൽപ്രിയ രാജകുമാര, തൃക്കൺമുന–
യപ്പിക്കയെന്നിൽ നീ, നിൻറവുകയിവൾ.''

Digitized By Kerala Sahitya Akademi

എന്നകക്കാമ്പലിഞ്ഞച്ചെറുതേൻവാണി
ചൊന്നാൾ സദസ്സിലനന്തരം തങ്ങളിൽ

മെല്ലേ കരതാർ കരതാരിലേന്തിയും
തുല്യമകക്കാമ്പകക്കാമ്പിൽ മുട്ടിയും

ചൊല്ലെഴുമീ നവദമ്പതിമാർ നില്പ,–
തെല്ലാവരും കണ്ടു ഹഷ്ടാബ്ജിനീന്തിനാർ.

മൂടിനാളാനനം പിന്നെയും മുൻചൊന്ന
മോടികലർന്ന മുഖപടത്താൽ തനുവി

കോടക്കരിമുകിൽക്കാന്തിയിൽ പൊൻവരി
ക്കൂടിക്കലെന്നൊരഴകാർന്ന പട്ടവാ

മൂടിയിരുന്നതും, മുറുമഭിമാന–
ധാടികലർന്നടിവെച്ചു നടന്നതും

ഓരോവിശേഷവുമന്നകണ്ടുള്ളതു
പാരം കുതൂഹലം നൽകുകയാൽ ചിലർ

സാരമറിവാൻ തൊഴുതു ചോദിച്ചതു
നേരേ തിരുവടി ബുദ്ധനായ് തീർന്നാവോ.

ഏകാന്തഭക്തരാമജ്ജനത്തോടന്നു
ലോകൈകവന്ദ്യൻ ഭഗവാനരുളിനാൻ:

''ഞാനറിഞ്ഞീലവറിൻഹേതുവെങ്കിലും
മാനസത്തിൽ ചിലതന്നു തോന്നീ സ്വയം

ജീവൻ ജനിമൃതിചക്രത്തിൽ വീണഴ–
ന്നീവിധമെന്നും തിരിയുന്നതോർക്കുകിൽ

പോയപൊരുളും വിചാരവും ജന്മവും
മായാതെ വീണ്ടും മടങ്ങിവന്നെത്തുമേ.

ഇപ്പൊഴോർപ്പൂ പണ്ടസംഖ്യം തലമുറ–
യപ്പുറമുള്ളൊരു ഭ്രൂതകാലത്തിങ്കൽ.

ചൊൽപ്പൊങ്ങിടുന്ന ഹിമവാന്റെ സാനുവിൽ
നൽഭ്രുഹങ്ങളം തിങ്ങുന്ന കൊടുങ്കാട്ടിൽ,

ക്രൂരനൻപുലിയായ് നടന്ന ഞാൻ മേൽവരി–
യേറുമിയന്നിരതേടുമിനത്തൊടും.

ബുദ്ധനാം ഞാനന്നു കാട്ടിൽ കുശപ്പുല്ല–
മെത്തമേൽ തങ്ങിക്കിടന്ന പകൽകാലം

Digitized By Kerala Sahitya Akademi

നോക്കും മിഴിച്ചെന്റെയും മൃത്യുവിന്റെയും
ലാക്കിനടുത്തുവന്നെത്തും പുലികളെ;

അല്ലെങ്കിൽ, നക്ഷത്രവൃന്ദം വിളങ്ങുന്നൊ-
രില്ലിലിരതേടിയെന്നുമദയനായ്,

കൊല്ലുംതൊഴിലിലേർപ്പെട്ടിട്ടതിലൊരു
തെല്ലും മതിവരാതങ്ങുമിങ്ങും കാട്ടിൽ,

മാനും മനുഷ്യനും പോകും വഴികളെ-
ത്താനോത്തു ഗന്ധംപിടിച്ചു നടന്നിടും

വൻകാടതിലന്നു വേമ്പുൽത്തടങ്ങളി-
ലെൻകൂട്ടരേറെ നടപ്പതിൻമദ്ധ്യത്തിൽ

തങ്കവരികളും കാർമെയ്യിലേല്പും പുലി-
പ്പെൺകൊടിയാളെയൊരുത്തിയെക്കാണായി.

ഏറെവും സുന്ദരിയാമവൾമൂലമായ്
ചീറെമിയന്നാൺപുലിനിര പോരാടി;

പല്ലും നഖങ്ങളുംകൊണ്ടു കടിപിടി
വല്ലാതെ വദ്ധിച്ചടർക്കളമായ് വനം

മാനംകലന്നെത്തീയശ്ശൂരരോടൊക്കെ
ഞാനും ഭയങ്കരമായ് പൊരുതീടിനേൻ.

അങ്ങൊരുദിക്കിൽ മരത്തിൻതണൽപറ്റി-
യിംഗിതമാക്കുമറിയിച്ചിടാരഹോ!

ഞങ്ങൾ മുറിവേറ്റു ചോരചിന്തുന്നതു-
മങ്ങനെ നോക്കിക്കിടന്നിരുവ്യാഘ്രിയാളും

ആഹവമദ്ധ്യത്തിലന്നു പരസ്പരം
സ്നേഹമവൾക്കുമെനിക്കുമുളവായി.

ഓക്കുന്നതുണ്ടു ഞാനിന്നു;മൊടുവിലു-
പ്പോക്കളത്തിങ്കലെൻ കൈയാൽ മുറിവേറ്റു

ചാകുമടുത്തു കിടക്കുന്ന വീരരാം
വ്യാഘ്രവര്യന്മാരെ നോക്കിനോക്കി സ്വയം

വാഴ്ത്തുമഭിമാനമോടു പദംവച്ചു
ശീഘ്രം നടന്ന മനോഹരഗാത്രിയാളും

ആക്കമെഴുമനുരാഗം കലന്നെന്റെ
നേർക്കവൾ മന്ദം മുരണ്ടണയുന്നതും,

Digitized By Kerala Sahitya Akademi

പോരിൽ തളർന്നുകിടന്ന കിതയ്ക്കുമെൻ–
വാരിയെല്ലിൻനിരമേലിരുപാശ്വവും

പാരവും താടിയിളകുമാറായ് സ്നേഹ–
പാരവശ്യത്തിൽ നക്കുന്നതു,മെന്നല്ല

കോട്ടംവെടിഞ്ഞു രമിപ്പതിനായൊരു
കാട്ടിലവടം പിന്നെയെന്നെ നയിപ്പതും

ചേണാർന്നൊരപ്പെൺപുലിയുടെ തോലുപോ–
ലാണ യശോധരപൂണ്ട മുഖപടം

കാണുവിനദ്ധതമായ നടത്തവു–
മേണമിഴിയാർന്നതായതുപോലെതാൻ.

പ്രാണികടംക്കിങ്ങനെ പാരിൽ പുറപ്പുകടം
താണമുയന്നും വരുന്നിതറിയുവിൻ.''

ഇങ്ങനെതന്നിലനുരാഗമേറുമോ–
രംഗനാരത്നത്തെ വീണ്ടുകൊണ്ടീടിനാൻ,

മംഗലാത്മാവായ സിദ്ധാർത്ഥ;നന്നടൻ
മംഗല്യസന്നാഹവും തുടങ്ങീ നൃപൻ.

മേടമാസത്തിൽ ശുഭമുഹൂർത്തത്തിങ്കൽ
മോടികലർന്ന വിവാഹമഹോത്സവം

ഘോഷിച്ചു; മൃഷ്ടാന്നദാനാദിസൽക്രിയ
തോഷമോടുംചെയ്തു ശാക്യകുലോചിതം.

സ്വർണ്ണസിംഹാസനം വയ്ക്കുക, നൽചിത്ര–
വർണ്ണമേല്പം കംബളങ്ങൾ വിരിക്കുക,

പുണ്യവിവാഹമാല്യം ചാർത്തുക, മണി–
മണ്ഡിതഹസ്തങ്ങളിൽ കാപ്പുകെട്ടുക,

ഖണ്ഡിക്കയപ്പത്തെ, നല്ല സുഗന്ധാഢ്യ–
തണ്ഡുലം വാരിയെറിയുക,യെന്നല്ല

കുങ്കുമത്താൽ പാൽ ചുവപ്പിച്ച ശുഷ്കതൃ–
ണാങ്കുരദ്വന്ദ്വമതിലൊഴുക്കീട്ടവ–
സംഗമിക്കുന്നതു നോക്കി സ്ഥിരരാഗ–
സംഗതി സങ്കേതമായ് പരീക്ഷിക്കുക,

മന്നിലേഴേഴടിവച്ചു വധൂവരർ
വഹ്നിക്കു മുന്നം വലത്തുവച്ചീടുക,

Digitized By Kerala Sahitya Akademi

ധന്യദ്വിജന്മാക്കു സമ്മാനമേകുക,—
യന്യസാധുക്കൾക്കു ഭിക്ഷകൊടുക്കുക,

അമ്പലത്തിൽ പോയ് തൊഴുത കാണിക്കയി—
ട്ടമ്പിൽ സമന്ത്രമായ് പ്രാർത്ഥനചെയ്യുക,

ദമ്പതിമാരുടുത്തുള്ള വസ്ത്രങ്ങടെ
തുമ്പുകൾ തമ്മിൽ പിടിച്ചുകെട്ടീടുക,

ഇത്യാദിയായ കർമ്മങ്ങളെല്ലാം പുന—
രത്യാദരത്തൊടും ചെയ്തശേഷം സ്വയം

വൃദ്ധൻ വധുവിൻപിതാവെഴുന്നേറുടൻ
ബദ്ധവാത്സല്യം വരനോടരുളിനാൻ:

''വന്ദ്യനാകും നൃപനന്ദന, മൽകുല—
നന്ദിനിയാളിനി നിൻറെവകയിവൾ

നിന്നിൽ സമർപ്പിതജീവിതയാകുമി—
ക്കന്യകയാളിൽ കനിവോടു വാഴ്ക നീ.''

അങ്ങനെ ബാല യശോധരയെക്കൂടി—
യങ്ങണഞ്ഞുള്ളോരവളുടെ ബന്ധുക്കൾ

മംഗലഗീതവാദ്യാദിഘോഷത്തൊട—
ത്തുംഗാനുഭാവന്റെ കൈയിൽ സമർപ്പിച്ചു.

പിന്നെയദ്ദമ്പതിമാർക്കു വളർന്നേറു—
മന്യോന്യമാം പ്രേമമാരു വാഴ്ത്തീടുന്നു.

എന്നാലുമന്നേഹമൊന്നിൽ മാത്രം നൃപൻ
നന്നായി വിശ്വസിച്ചീ;ലതുമൂലമായ്

സാരജ്ഞനോത്തു കണ്ടിച്ചിതു; മോടിയാൽ
പാരിന്നധീശർക്കധിവാസയോഗ്യമായ്,

പാരം മനംകവരും ഭംഗിയാൽ കാമ—
കാരാഗൃഹമായ സൗധമുണ്ടാക്കുവാൻ.

അങ്ങനെ നിർമ്മിച്ചിതു 'വിശ്രമവനം'
മംഗലനാമമെഴുന്ന മഹാരാമം

ഭംഗിയും പ്രൗഢിയുംകൊണ്ടത്തുടസ്ഥല—
മെങ്ങുമേ ഭൂമിയിലില്ലതുപോലവേ.

ഉച്ചാവചശോഭതേടിപ്പരപ്പേറു—
മച്ചാരുവൃക്ഷവാടികൾ നടുവിലായ്,

Digitized By Kerala Sahitya Akademi

പച്ചച്ചെടികളും പുല്ലുകളും പൂണ്ട
മെച്ചമേറുന്നൊരു കുന്നു വിളങ്ങുന്നു

വിസ്തീർണ്ണമാം ഹിമവാന്റെ തടത്തിൽനി–
ന്നെത്തിയതുവഴി ഗംഗയെക്കാണുവാൻ

തഞ്ചിക്കളിച്ചു പോകും രോഹിണീനദി
നിത്യമകുന്നിൻചുവട്ടു കഴുകുന്നു.

സാലദ്രുമങ്ങളും തിന്ത്രിണിജാലവും
ചേലൊത്തു വാച്ചുവളർന്നിട്ടതുകളിൽ

നീലനഭസ്സിൻനിറമാർന്ന പൂക്കളംപൂ–
ണ്ടാലോലഭംഗികലർന്നെഴും വള്ളികളും

മേലേ പടർന്നവയാലതിൻതെക്കുള്ള
ഭൂലോകമെല്ലാം മറഞ്ഞുകിടക്കുന്നു.

അന്തികത്തുള്ള മഹാനഗരത്തിലെ–
സ്സന്തതാരാവങ്ങളങ്ങു ദൂരെക്കാട്ടിൽ

മന്ദമായ് വണ്ടുകളം മൂളുമൊലിയെന്നു
സന്ദേഹമേകിയിളങ്കാറ്റിലെത്തുന്നു.

പാരമുയർന്ന വളർന്ന വിണ്ണോളമ–
ക്ഷീരധവളഹിമാദ്രിശിഖരങ്ങൾ

പാരിടം പിന്നിൽ മറച്ചു വിലസുന്ന
നേരേ വടക്കു നെടുങ്കോട്ടപോലവേ.

അച്ഛുമായ്, മത്ത്യന്റെ പാദം തൊടാത്തതാ–
യുച്ചമായ,ന്തമില്ലാതെ വിപുലമായ്,

സച്ഛന്ദമായി നിരനിരയായ് പൊങ്ങി
മെച്ചമാർന്നുള്ളതാകാരമായ് നിന്നിടും,

അമ്മാമലതന്റെയംബരം വ്യാപിച്ചു
രമ്യമായുള്ള മുകുളപ്പരപ്പികലും,

തുംഗശിഖരങ്ങളും ശിലാകൂടവും
തിങ്ങിയുള്ളോരുപരിപ്രപഞ്ചത്തിലും

പൊങ്ങും കടകതടങ്ങളിലും, വന–
ഭംഗിയാൽ ശ്യാമളമായ ചരിവിലും,

മഞ്ഞുമൂടും ശൃംഗഭ്രുവിലും, ഭിന്നമായ്
മഞ്ജുളമായ മലയിടുക്കിങ്കലും

Digitized By Kerala Sahitya Akademi

തുമ്പുകൾ ചിന്നിപ്പിളർന്ന തുക്കായുള്ള
വമ്പാറകളുടെയഗ്രഭാഗത്തിലും

നോക്കുന്നവരുടെയുൾക്കാമ്പുയർന്നതി–
സോൽക്കണ്ണുമായ് സ്വയമേവ പൊങ്ങിപ്പൊങ്ങി,

ദേവതമാരൊട്ട സംഭാഷണത്തിനു
പോവതുപോലെ തോന്നീടും നിരൂപിച്ചാൽ.

ധാവള്യമേറും ഹിമപടലങ്ങളാ–
ലാവൃതമാം മേഖലകൾക്കു താഴെയായ്

ചാടുമരുവികളാം കസവേലുന്ന
ശാടികപോൽ ശ്യാമമായ മഹാടവി,

ആടോപിയാം ഗിരീന്ദ്രന്റെ നിതംബഭ്ര
പാടേ മറച്ചു മൂടുന്ന മനോഹരം.

ഓടാതെ തുങ്ങിനില്പൂന്നിതു മേലെത്തി
മൂടുപടംപോലെ മേഘനിരകളും.

താഴത്തു ദേവതാരംതൊട്ട വൃക്ഷങ്ങൾ
ചൂഴവും പൊങ്ങിവളർന്ന വനങ്ങളിൽ,

അത്യുച്ചമായ് കാട്ടുകോഴികളും മറ്റു
സത്വങ്ങളും കൂവിയും വിളിക്കൂട്ടിയും,
വട്ടം ചുഴന്നു പറന്നു വിണ്ണിൽ ചെവി
പൊട്ടുംപടിയായ് രടിച്ചും കഴുകുകളും;

കോട്ടം വെടിഞ്ഞു വൻപാറമേലോടുന്ന
കാട്ടാടുകളങ്ങുമിങ്ങും കരഞ്ഞുമേ

ഏറെറവുമാകുലമായെങ്ങുമെപ്പൊഴും
മാറെറാലിക്കൊണ്ടു മുഴങ്ങുന്ന ശബ്ദങ്ങൾ

എല്ലാറനിനും കീഴ്സമഭ്രതലം, ചെറു–
പുല്ലുകളാൽ വിളങ്ങുന്നു; കംബളം

അമ്പിൽ ഹിമാലയമായ ദേവാലയം
മുമ്പിൽ ജപവിധിക്കായി വിരിച്ചപോൽ.

ചഞ്ചലുമസ്ഥലത്തിന്നെതിരായ്, ഭംഗി
ചാഞ്ചാടുമച്ചെറുകുന്നിൽ, മിഴികളെ

വഞ്ചിക്കുമാറു വടക്കു മുഖമായി
മുഞ്ചാന്ന സൗധം നടുവിൽ വിലസുന്നു.

Digitized By Kerala Sahitya Akademi

വമ്പിച്ച ഗോപുരം രണ്ടിരുപാശ്വവും
തുമ്പുകളംബരത്തെത്തുളയ്ക്കുംപടി

ജൃംഭിച്ചു നില്ക്കുന്നു, ചുറ്റുമത്യുന്നത–
സ്തംഭമേലും മണ്ഡപമണ്ഡലത്തൊട്ടും.

സ്ഥൗല്യമേലുന്നൊരതിന്റെ തുലാങ്ങളിൽ
തുല്യമില്ലാതുള്ള കൊത്തുപണികളാൽ

ചൊല്ലേറിടുമിതിഹാസകഥകളെ–
യെല്ലാം സ്ഫുടമായ് പകർത്തിയിരിക്കുന്നു.

രാധയും ശ്രീകൃഷ്ണനും രസമേലുന്ന
ഗാഥകളിൽപ്പെട്ടും യക്ഷാംഗനകളും

സീതയും പാഞ്ചാലിയുമാഞ്ജനേയനും
ചേതോഹരരായ് വിളങ്ങുന്ന ചിത്രത്തിൽ!

മദ്ധ്യത്തെഴുന്ന പടിവാതിലിൽ സവ്വ–
സിദ്ധിപ്രദായകനാം ഗണനാഥനും

ഹസ്തങ്ങളിൽ ചക്രവും സൃണിയും പൂണ്ടു
ബുദ്ധിയും വിത്തവും നല്കാൻ പ്രസന്നനായ്,

തുമ്പിക്കരംതുമ്പുചാച്ചുയർത്തിപ്പിടി–
ച്ചമ്പൊടും കൊത്തുപണിയിൽ വിളങ്ങുന്നു.

അപ്പടിവാതിൽക്കൽനിന്നു വളഞ്ഞുപോ–
മുഷ്പാതയ്ടെ ചെല്ലുമ്പോളിടയ്ക്കിടെ,

നൽപ്പൂവനങ്ങളും മുറ്റങ്ങളും കാണ–
മത്ഭുതമാമ്മാറകത്തെപ്പടിവരെ,

നീലച്ചുവപ്പുനിറമാം നരമ്പാന്റ
മേലിയലും കുളിർവെണ്ണശ്ശിലകളാൽ

സ്ഥൂലമാമാ വാതിലിൻകട്ടിള ചിത്ര–
വേലകളെന്യേ മിനുസമായ് മിന്നുന്നു.

നീലസ്ഫടികപ്പലകയാലാണതിൻ–
മേലേപ്പടിതീർത്തിരിപ്പു,തതിന്നു കീഴ്,

ആലംബമാമുമ്മരപ്പടി കാന്തിയാൽ
പാലൊത്ത വെൺപാറയിൽ പണിചെയ്തതാം

ആയതിലൂടെ കടന്നാലവിടെയു–
ണ്ടായതഭംഗികലർന്ന സോപാനങ്ങൾ.

Digitized By Kerala Sahitya Akademi

നീളേ നിറമിട്ട മേല്പുരയും; ബഹു-
നാളമാം തൂൺനിരയുംപൂണ്ട രമ്യമായ്

ചിത്രമായീടുമഴികളുറഞ്ഞുള്ള
നൽത്തട്ടകംവഴിയേറാമവറയിൽ.

പാദത്തിനു പരം മോദമേകീടുമാ-
മേദുരസോപാനമാഗ്രം കടന്നുടൻ

എത്തുന്നതുതന്നെയേറ്റം മനോജ്ഞമാ-
യുത്തുംഗമായെഴുമുള്ളിലെശ്ശാലകം,

വിസ്താരമേറുമവയെച്ചുഴന്നുള്ള
ചതുരഭ്രമിയിൽ ഛായാശിശിരമായ്

പന്തിയായ് ഭംഗികലർന്ന കാണാകുന്നി-
തന്തഃപുരയോഗ്യമാം പുഷ്പവാടികകം.

മുറ്റത്തു മിന്നുന്ന മഞ്ജുളമാം ജലം-
വറ്റാത്ത നീച്ചാട്ടമേലുമുറവുകകം.

ചന്തം കലർന്നതിൻ ചുറ്റും വിലസുന്ന
ചെന്താമരകളുമിന്ദീവരങ്ങളും.

നല്ലൊരു ചെമ്പരത്തിപ്പൂനിറത്തിലെ-
ന്നല്ല പൊൻകാന്തിയിൽ നീലവർണ്ണത്തിലും
കണ്ണാടിപോലെ വിമലമായ് കാണുമ-
ത്തണ്ണീരിൽ മിന്നിക്കളിക്കുന്ന മത്സ്യങ്ങളും.

ശാന്തമായ് സൂര്യപ്രഭയെഴും പൂവന-
പ്രാന്തങ്ങളിൽ ഭംഗിയിൽ തങ്ങിനിന്നുടൻ.

പേടി വെടിഞ്ഞു തിന്നുന്ന വിടർന്നുള്ള
പാടലമാം പനിനീർകുസുമങ്ങളെ

കേടറ്റ സൗന്ദര്യമൊത്തു വിശാലത
കൂടും മിഴികളേലുന്ന മാൻക്കൂട്ടങ്ങളും.

വർണ്ണമെഴും പക്ഷികകം മഴവില്ലിന്റെ
ഖണ്ഡങ്ങളംപോൽ പറക്കുന്ന പനകകംമേൽ.
വെണ്മയും നീലവും തേടും കപോതങ്ങളം
ചെമ്മേയിണയിണയായ് ചേർന്നുകൊണ്ടുടൻ.

നൽപൂച്ചെഴും ഭിത്തിശൃംഗശില്പങ്ങളിൽ
നിർഭയമായ് കൂടുകെട്ടി മേവീടുന്നു.

Digitized By Kerala Sahitya Akademi

മിന്നുംതളത്തിൽനിന്നോമനപ്പീലികം
പിന്നിൽ പരത്തി മയിലുകളാടുന്നു,

ദൂരത്തു കണ്ണുമയത്തിവാഴും വെള്ള–
നാരകളായത്ര സൂക്ഷിച്ചുനോക്കുന്നു.

സ്വച്ഛന്ദമായങ്ങുമിങ്ങും പറന്നെത്തി
മെച്ചമെഴും തേൻകനിവാർകുലകളിൽ

തെച്ചിപ്പഴംപോൽ ചുവന്ന കഴുത്താൽ
പച്ചക്കിളിനിര ഞാന്നുകിടക്കുന്നു.

മഞ്ജുപൂമഞ്ജരിതോറും ചിറകടി–
ച്ചുഞ്ജസാ മഞ്ഞക്കിളികം പറക്കുന്നു.

പേടിയേറും പല്ലികം കൈയഴികംമേ–
ലാടലകന്നു വെയിൽകാഞ്ഞിരിക്കുന്നു.

ഓടിനടക്കുമണ്ണാൻനിര തീററികം
തേടിയെത്തുന്നു മനുഷ്യഹസ്തങ്ങളിൽ.

സ്വാന്തഭയമറിഞ്ഞീല ജന്തുക്കളി-
ശ്ശാന്തമാം ഭൂമിയിൽ ഹിംസയില്ലാസ്ഥയാൽ.

ഇത്രയുമല്പങ്ങടുത്തു പൂഞ്ചോലയിൽ
കസ്തൂരിമാൻനിര കേളിയാടീടുന്നു.

ഭംഗിയിൽ കാക്കകളോടു ചിലസ്സുന്ന
പിംഗനേത്രങ്ങളെഴും മരങ്കൊടികം.

ഈവണ്ണമസ്നേഹലീലാഗൃഹമായ
പൂവനത്തിന്നുള്ളിലേ മന്ദിരങ്ങളിൽ

ഇംഗിതംപോലെയുപചരിപ്പാൻ ഭാവ–
ഭംഗികലർന്ന മുഖാബ്ജങ്ങളാൽനടൻ

സുന്ദരമേനിമാരായ പരിജന–
വൃന്ദങ്ങം വാണിതതാത്രഭാഗങ്ങളിൽ;

മാധുര്യമേറും മൃദുവാക്കുകളെന്നി–
യോതാതെയു,മുപചാരവിധികളിൽ

ചേതസ്സിലുത്സാഹമാന്നും, സുഖങ്ങളിൽ
മോദിച്ചു,മന്യക്കു മോദമുണ്ടാക്കിയും,

ഏതാജ്ഞകംക്കുമെപ്പോഴും വഴിപ്പെടാ–
നാദരവേലുമഹംപൂർവ്വികപൂണ്ടും,

Digitized By Kerala Sahitya Akademi

അങ്ങാ മനോമോഹനമാമരമന–
യെങ്ങും വിളങ്ങുമവരുടെ മദ്ധ്യത്തിൽ.

തുംഗമഹിമകലർന്ന യുവരാജ്ഞി–
യംഗനാമൗലിമണിയാം യശോധര

മംഗലമേറുമായ് നയിച്ചു സുഖ–
ഭംഗമറിയാതെ ജീവിതമെന്നുമേ

മങ്ങാമലർകളാൽ തീർത്ത തടങ്ങളിൽ
തങ്ങിയൊഴുകിടും തേൻപുഴയെന്നപോൽ.

നല്ലാഭതേടുമമ്മന്ദിരവൃന്ദങ്ങ–
ളെല്ലാററിലുംവച്ചു മെച്ചമായൊക്കെയും–

മുള്ളിലായ്, ഗ്രഥമാ,യുജ്ജ്വലമായൊരു
പള്ളിയറയും പരിസ്ഫുരിച്ചീടുന്നു.

ശില്പകലതന്നെ തന്നുടെ ചാരുവാം
കല്പനാവൈഭവം കോരിച്ചൊരിഞ്ഞുടൻ,

കെല്പൊടുംകാമ്പു മയക്കുവാൻ തീർത്തതാ–
മപ്പൊന്മണിയറയെന്നു തോന്നും കണ്ടാൽ.

നാലുപാടും നൽചതുരശ്രമണ്ഡപ–
ജാലമാന്നും, മേൽപ്പുരയെന്നി മദ്ധ്യത്തു്

നീലമാമംബരം തട്ടായ്,മങ്ങതിൻ
ചേലിയലും ദ്വാരദേശം വിളങ്ങുന്നു.

ശുദ്ധധവളവെണ്ണക്കുളിക്കല്ലുകൊ–
ണ്ടെത്രയും രമ്യമായ് കെട്ടിയതിനുടെ

നേത്തു മിനുസമാം പാളികൾകൊണ്ടുതാൻ
തീർത്തോരടിത്തളത്തോടും, വിമലമായ്,

നൽത്തോയമാന്ന നീരാട്ടുകുളമതിൻ–
മദ്ധ്യത്തു ഭംഗികലർന്നു വിലസുന്നു.

നാലുകരകളിലും കല്പടയിലും
മേലായതിൻകടവിൻ കുട്ടിമത്തിലും,

ലോലമാം വെള്ളസ്ഫടികങ്ങളാൽ ചിത്ര–
വേലകൾ ചെയ്തിരിക്കുന്നു വിശിഷ്ടമായ്

മഞ്ഞനീക്കുകണക്കെ കുളിർത്തതി–
മഞ്ജുളമാമസ്ഥലത്തു നടക്കുവാൻ

Digitized By Kerala Sahitya Akademi

നെഞ്ചിന്റെ കുതൂഹലമാക്കുമുണ്ടാം ജന-
മഞ്ചുന്ന ചുടാന്ന വേനൽദിനങ്ങളിന്റെ.

അമ്മുഖമണ്ഡപത്തുടെയു,മപ്പുറ-
ത്തുമ്മരത്തിൻ ചിത്രപീഠത്തിലൂടെയും,

അന്തർഗൃഹത്തിൽ കടക്കവേ, ശാന്തമായ്
സ്വന്തം നിറംവിട്ട സൂര്യകിരണങ്ങളാം,
പാരം വെളുത്തും വിളറിയും മങ്ങിയും
തീരെയന്യൂനമാം ഛായയായ്ത്തീരുന്നു.

അപ്പുറത്തത്യന്തശോഭനോജ്ഞമാ,-
യത്ഭുതത്തെക്കാളുമത്ഭുതരൂപമായ്

അപ്പുവനമണിമന്ദിരം കാണ്മത-
ത്തപ്പടിതന്നിലണഞ്ഞു നോക്കീടവേ

അന്തഃകരണമലിഞ്ഞു പകച്ചൊരു
ചിന്തയും വാക്കുമെഴാതെ വിവശമായ്

ഹന്ത! ദിനംതന്നെ നിന്നുങ്ങുവൈകിയൊ-
ട്ടന്തിയായ്പ്പോയെന്ന തോന്നും നിരൂപിച്ചാൽ,

പ്രാന്തങ്ങളിൽ ഗന്ധയുക്തതൈലങ്ങളാൽ
കാന്തികലർന്ന കത്തുന്ന ദീപപ്രഭ,

ശാന്തമനോഹരദീപ്തി കലർന്നതിൽ
സ്വാന്തം മയക്കുന്ന സൗരഭ്യമാൻന്നടൻ,

നല്പഴകേറും കിളിവാതിലുകളി-
ലുല്ലസിക്കും പ്രകൃതിവേലകളുടെയും,

ചാരുനക്ഷത്രശില്പം പൂണ്ട സൂക്ഷ്മമായ്
പാരം സ്ഫുരിക്കും മൃദുവിരിയുടെയും,

ഉള്ളിൽ കടന്നൊരു ശില്പവിചിത്രമാം
പള്ളിമഞ്ചത്തിങ്കൽ വീണതു ചുഴവും

മൂടുന്ന പൊൻനൂൽവലകളിലും, ശോഭ
തേടുന്ന പട്ടുകിടക്കകൾമേലിലും
തട്ടി ദൃതിപകർന്നേറെറം സുഖദമാം-
മട്ടിൽ മണിയറയ്ക്കുള്ളിൽ പ്രകാശിപ്പൂ.

ഭംഗിയെഴുമതിൻ വാതിലിൽ ചിത്രമാം
തൊങ്ങലിയന്നു തുങ്ങും തിരശ്ശീലയെ

Digitized By Kerala Sahitya Akademi

മാറിയകത്തുകടക്കാ, വിധേയരി–
ലേറ്റവും സൗഭാഗ്യമാർന്നവരെന്നിയേ.

ഓമൽപ്രഭാതത്തിലുമേറെ ദീപ്തമായ്
കോമളമായ് സന്ധ്യപോലുങ്ങു സുദ്ദാ

ചാരുവാമപ്രഭാപൂരം സ്മരിക്കയാ–
ലാരുമറിവീല രാവും പകലുമേ.

നൽ പുലർകാലത്തിലേക്കാൾ സുഖദമാ–
യപ്പാതിരാവിലെപ്പോലെ ശിശിരമായ്,
ഉൾപ്പൂ കുളിക്കുന്നാമട്ടിൽ മധുരമാ–
യെപ്പൊഴമങ്ങിളംകാറ്റു വീശീടുന്നു.

ക്ഷീണതവിട്ടു രാവും പകലും ചാരു–
വീണാമൃദുസ്വനമുള്ളിൽ മുഴങ്ങുന്നു.

സ്വാദുതരങ്ങളാം ഭോജ്യങ്ങളുമങ്ങു
സാദരം വച്ചിരിക്കുന്നു ദിവാനിശം.

മഞ്ഞുനീർ വാർന്നു മെത്തും സ്വാദിയലുന്ന
മഞ്ജുളമായ മധുരപകൽങ്ങളും

ആരാൽ ഹിമാദ്രിയിലുള്ള നീക്കട്ടയാൽ
പാരം തണുപ്പിച്ച പാനകവർഗ്ഗവും
മേദുരസ്നിഗ്ധമധുരങ്ങളാം പല
മോദകാദ്യങ്ങളും കാണുന്നി;തെന്നല്ല,

ചാരുദന്തംപോൽ വെളുത്തോരിളം നാളി–
കേരപാത്രത്തിലതിന്റെ രസങ്ങളും.

പാനപാത്രങ്ങളും വഹിച്ചും, പലവിധ
ഗാനവാദ്യാദി വിനോദങ്ങളാർന്നുമേ

രാവും പകലും തിരുമുമ്പിലപ്പൊട്ടു
സേവചെയ്വാൻ ചില ദാസിമാർ നില്ക്കുന്നു.

സൻമൃദുഗാത്രിമാർ, സാരംഗനേത്രമാർ,
മന്മഥരാജ്യമനോഹരഭൂതിമാർ,

അഞ്ജുകിൽവേണിമാർ നിന്നുതിരുവടി
ചെമ്മേയുറങ്ങവേ മന്ദമായ് വീശുന്നു.

പള്ളിയുണർന്നാൽ പ്രഭുവിനേറ്റം പ്രിയ–
മുള്ളതറിഞ്ഞുപചാരവിധികളാൽ,

Digitized By Kerala Sahitya Akademi

ഉള്ളതെത്ത വീണ്ടും വിഷയരസാബ്ധിയിൽ
തള്ളിയിടുന്ന വിലാസിനിമാരവർ.

ചേണാന്ന വെള്ളിച്ചെറുകമ്പികളാ മീട്ടി
വീണവായിക്കുന്ന വിദ്യുല്ലതാംഗിമാർ,

ഭംഗിയെഴും കാഞ്ചിലമ്പിന്റെ കിങ്കിണി
സംഗീതമേളത്തിനൊത്തു കിലുങ്ങവേ

അംഗങ്ങളാ വീശി മയങ്ങിനിന്നാടുന്ന;
ശൃംഗാരമോഹനഗീതങ്ങളാ പാടുന്ന.

അപ്പോളാ പരന്ന മൃഗമദം ചമ്പക-
പുഷ്പമിവയുടെ സാരസൗരഭ്യങ്ങളാ

ചാലേ സുഗന്ധവസ്തുക്കളെരിച്ചെഴും
നീലനീരാവിപോലാ നേത്ത ധൂപങ്ങളും

ലീലാവിലോലമാമുപ്പവിനെയതി-
വേലം സുഖത്തിൽ സ്വയം ലയിപ്പിക്കയാൽ

ധന്യൻ സുമുഖി യശോധരയോടൊത്തു
പിന്നെയും പള്ളികുറിപ്പുകൊണ്ടീടുന്ന.

ഇങ്ങനെ സിദ്ധാർത്ഥനെല്ലാം മറന്നഹോ!
സംഗസുഖത്തിൽ മയങ്ങി മരുവിനാൻ.

അത്രയല്ലാ വിശ്രമവനത്തിന്നുള്ളിൽ
മൃത്യു, വാർദ്ധക്യം, വ്യസനം, വ്യഥ, രോഗം

ഇത്യാദിയെപ്പററി മിണ്ടരുതെന്നമ-
ക്കൃത്യജ്ഞനായ നൃപതിയാജ്ഞാപിച്ചു.

ലീലാഗൃഹത്തിൽ നൃത്തംവച്ചു നില്ക്കുന്ന
ലോലാംഗിമാരിലൊരുത്തിക്കു തൽക്ഷണം

ആലസ്യമാന്ന മിഴിമങ്ങിയാടുന്ന
കാലിണ തെല്ലു കുഴങ്ങിയെന്നാലുടൻ,

തന്തിരുമേനിക്കതുകണ്ടു മാനസ-
ചിന്ത ചെറുതുമുണ്ടാകാതിരിക്കുവാൻ,

പ്രാന്തത്തിലെങ്ങുമേ നില്ക്കാതരമന-
പ്പന്തോപ്പു വിട്ടു പുറത്തു പൊയ്ക്കാളണം;

സുന്ദരിയാമവരാ ശാപം പിണകയാൽ
നന്ദനോദ്യാനത്തിൽ നിന്നപ്പുരസ്സുപോൽ

Digitized By Kerala Sahitya Akademi

വേദനയും, വ്യാധിയും, ജനങ്ങൾക്കെഴും
ഖേദങ്ങളുമവർ കണ്ണീർ പൊഴിപ്പതും,
പേടിപ്പതും, പ്രിയബന്ധുക്കളെപ്പിരി-
ഞ്ഞാടൽപൊറാതെ നിലവിളിക്കുന്നതും,

കട്ടമേൽവെച്ചു ചുടലകളിൽ ഗവം
ചുട്ട തീയും പുകയും പൊങ്ങിടുന്നതും,
എന്നുവേണ്ടാ നാട്ടിലുള്ള ദുഃഖങ്ങളി-
ലൊന്നിനെപ്പറ്റിയെന്നാകിലുമങ്ങാരാനും

അക്ഷരം മിണ്ടിയാലായതു സൂക്ഷിച്ചു
ശിക്ഷനടത്തുവാൻ നിന്നു നിയോജ്യരും.

ആടിയും പാടിയുമങ്ങു വാണീടുന്ന
ചേടിമാക്കാക്കെങ്കിലും ചികുരങ്ങളിൽ

ഒറ്റത്തലനാർ വെളുത്തുകണ്ടാൽ കടും-
കുറമാണായതും; ചട്ടമീവണ്ണമായ്.

തേടിപ്പറിച്ചകറും രാവിലേ പുഷ്പ-
വാടിയിൽ വാടിയ പൂക്കളെട്ടാസിമാർ;

പാടേ പഴുത്തുപൊഴിയുമിലകളെ-
ക്കൂടെപ്പെറുക്കി ദൂരത്തു മറച്ചിടും

എന്നല്ല കണ്ണിനു കഷ്ടമായ് തോന്നുന്ന-
തൊന്നുമവിടെയില്ലാതെ സൂക്ഷിച്ചിതു.

മന്നവൻ ചിന്തിച്ചു;-''തീവണ്ണമാകുകി-
ലെന്നുടെ നന്ദനൻ ലോകദുഃഖങ്ങളെ

ചിന്തിയാതേയും, വെറും വിചാരങ്ങളാൽ
വന്ധ്യമാക്കാതെയും പോക്കിടും യൗവനം,

പിന്നെയവനൊരു ഭിക്ഷുവായ് പോകുമെ-
ന്നെന്നുടെ മാനസത്തിൽ പെട്ടും പേടിയും

ഛിന്നസന്ദേഹമൊഴിയും;—വിരക്തിയീ-
മന്നിൽ മനുഷ്യക്കു സാദ്ധ്യമാകുന്നതോ?
എന്നല്ല, പിന്നെ വരേണ്ട വിഭവങ്ങ-
ളൊന്നൊഴിയാതെൻ കുമാരനു ലൈകവും;

കുറമില്ലാതവൻ കാക്കും വിചാരിക്കി-
ലൊറ്റ വെൺകൊറ്റക്കുട ധരിച്ചൂഴിയെ;

Digitized By Kerala Sahitya Akademi

മാറലരറ്റു മഹാ സാവ്ഭൗമനാ–
യേറവും മാഹാത്മ്യമാന്നീട്ട''മെന്നമേ.

ഇങ്ങനെ മന്നവനമ്മനോമോഹന–
ശൃംഗാരരംഗമാകും ജയിലിൽ സ്വയം

രാഗമാം കാരാധികാരിക്ക കീഴ്, സുഖ–
ഭോഗങ്ങളാകുമിരുമ്പഴികൾക്കുള്ളിൽ

ഇട്ട മകനെയടച്ചൊരു വന്മതിൽ
കെട്ടുവാൻ കല്പിച്ച ദൂരത്തു ചൂഴവും.

അഗ്രഭാഗത്തിങ്കൽ വെങ്കലത്താലങ്ങൊ–
രുഗ്രമാം വാതിൽ നിശ്ചിപ്പിച്ചു മദ്ധ്യത്തിൽ;

ഊറമാമക്കവാടം തുറന്നാൽ തള്ളി
മാറ്റുവാൻ വേണ്ടുക്കുള്ള നൂറാളുകൾ;

വാസ്തുമതിന്റെയുൽഘാടനശബ്ദവും
കേൾക്കായ്വതൊരു യോജന ദൂരത്തിൽ.

ഇമ്മതിലിന്നുള്ളിൽ വേറൊരു സാലമു–
ണ്ടമ്മതിൽക്കെട്ടിനകത്തുണ്ടു മറ്റൊന്നും,

ഇമ്മൂന്നു സാലങ്ങളിലും പടിവാതിൽ
ചെമ്മേയടച്ചഴിയിട്ടിരിക്കും സദാ.

ആ വഴിയല്ലാതരമന വിട്ടിട്ടു
പോവതിന്നില്ലൊരു മാഗ്ഗവുമാക്കുമേ;

ആ വാതിലുകളിരുമ്പിലോരോന്നിലും
കാവലുമുണ്ടു വിശ്വസ്തഭടജനം

എന്നല്ലതുവഴി പോവാനൊരുവനും
ചെന്നാലയസ്ത്രരുതെന്നും, സ്വയം തന്റെ

നന്ദനൻ പോരുകിലും നിജ കല്പന–
യെന്നി വിട്ടീടരുതെന്നും, വിടുകിലോ

അന്നങ്ങനെ ചെയ്വക്ക വധശിക്ഷ–
യെന്നുമാജ്ഞാപിച്ചു വാണു നൃപൻ സുഖം.

Digitized By Kerala Sahitya Akademi

മൂന്നാം കാണ്ഡം

ശ്രീമയമായീടുന്ന വിശ്രമവനത്തിങ്കൽ
പ്രേമസിന്ധുവാം പ്രിയയോടൊത്തു യഥാസുഖം

ആ മനോഹരസൗധങ്ങളിലങ്ങനെ വാണാൻ
കാമകോമളരൂപൻ, സിദ്ധാർത്ഥൻ തിരുവടി.

ഭീതിയും ദാരിദ്ര്യവും മറേറാരോ ദുഃഖങ്ങളും
വ്യാധിയും വാർദ്ധക്യവുമെന്നല്ല മരണവും

ഏതുമേ സ്വയം ശാക്യസിംഹനാം തിരുമേനി
ചേതസ്സിലെന്താണെന്നതറിഞ്ഞീലതുവരെ.

രാത്രിയിലെന്നാൽ, നിദ്രാസിന്ധുവിൽ സ്വപ്നക്കപ്പലിൽ
യാത്രയിൽ തളർഷസ്സാം കരയെത്തീടുവോർ,

ചിത്രമായിടയ്ക്കിടെ കണ്ടുള്ള വിശേഷങ്ങ–
ളത്രയും തന്നോടോതിയിരുന്നിതപ്പോളപ്പോഴും

ഈവിധം വാഴുന്നാളിലത്തിരുവടിയോമൽ
പൂവൽമേനിയാം യശോധരതൻ തിരുമാറിൽ

പാവനമാകും ശിരസ്സുണച്ചു മയങ്ങിയും,
സാവധാനമായ് ദേവി മൃദുവാം വ്യജനത്തെ

ഓമനക്കരതാരിലേന്തി വീശവേ മിഴി–
ത്താമരയിതളകം പൂട്ടിയുമുറങ്ങുമ്പോഴും;

ശോകാവേഗത്താലെന്നപോലിടനെഞ്ചു പൊട്ടി–
യാകുലാത്മാവായ് ഞെട്ടിയുണരും പലപ്പോഴും

''ലോകമേ, ഹാ! ഞാനെന്റെ ലോകമേ! കേഴുക്കുന്നുണ്ടു
നീ കേഴുന്നതു, നിനയ്ക്കുന്നുണ്ടു, വരുന്നു ഞാൻ.''

ഇങ്ങനെ പുലമ്പീടു,മുടനേ ദേവിയുള്ളിൽ
തിങ്ങിയ ഭയത്തോടും തന്മുഖാംബുജം നോക്കും

''എന്തയ്യോ! കേഴുന്നതെൻ പ്രാണവല്ലഭ, ഭവാ–
നെന്തൊരുമൂലമഴൽ നിന്തിരുമേനി''ക്കെന്നു

ഖേദിച്ചു പരിഭ്രാന്തചിത്തയായലിവോടു
ചോദിക്കും ചപലനീലോല്പലവിലോചന.

Digitized By Kerala Sahitya Akademi

ആകുലത്വം തോന്നുമാറന്നേരം മുഖത്തതി–
ശോകവും ദേവതുല്യതേജസ്സും സ്മരിക്കയാൽ,

കേണീടുമവനം; നാഥനണഞ്ഞ തൃക്കൺപാർത്തു
ചേണാഞ്ഞ ചെറുചിരിതൂവിയാശ്വസിപ്പിക്കും;

പ്രാണനാഥയെച്ചിത്തകാമ്പിഷ്യം നീങ്ങുമാറു
വീണവായിച്ചീടുവാൻ കല്പിക്കും പിന്നെ ദേവൻ.

അങ്ങനെയിരിക്കെ നൽക്കന്യകാ സ്തുതിപ്പെട്ടി–
യങ്ങുതൻ കിളിവാതിൽപടിമേലൊരു രാവിൽ

വച്ചിരുന്നതു വെള്ളിവീണയൊന്നിളങ്കാറു
സച്ചന്ദനമടിച്ചതിൽ സ്വനങ്ങളം പൊങ്ങുംമട്ടിൽ,

കമ്പിയിൽ കാറടിച്ചിട്ടോരോരോവിധം ചെവി–
ക്കിമ്പമാമ്മാറു പല നാദങ്ങൾ പൊങ്ങീ മന്ദം.

പുറുമാളകം ശയിച്ചിരുന്നോർ കേട്ടിട്ടതിൽ
ചെറുമേ വിശേഷം തോന്നീലവക്കാക്കുമെന്നാൽ,

താനേ തന്ത്രികളും തുവും കാകളി കുമാരനാ
വാനവർ വിണ്ണിൽ വീണവായിപ്പതെന്നു തോന്നി

മാനസത്തിങ്കലതുമല്ല ദേവകൾ പാടും
ഗാനവുമതിൽ കലർന്നിങ്ങനെ കേട്ട നാഥൻ:

''ഇണ്ടലൊന്നോടി വിശ്രമം കൊതിച്ചെല്ലുമാടവും
തിണ്ടാടും വായുവിന്റെ ശബ്ദങ്ങളല്ലോ ഞങ്ങൾ.

കണ്ടീടുന്നില്ലയെങ്ങുമാശ്വാസമൂലം
കുണ്ഠതയാന്നിവണ്ണം കേഴുന്നിതറിഞ്ഞാലും

ഊഴിയിലോക്കുമ്പോഴിക്കാററിയും മനുഷ്യന്റെ
പാഴാം ജീവിതത്തിനും ഗതിയൊന്നതായതു—

കേഴുക, നെടുവീർപ്പിട്ടീടുക, തേങ്ങീടുക,
പുഴുവും ചീറിക്കുതിച്ചോടുക, പിടയുക

എന്തിനായുണ്ടായ് ഞങ്ങളെങ്ങനിന്നുണ്ടായെന്നും
ചിന്തിച്ചാലാക്കുമറിയാവതല്ല;ഇപ്പോലെ

എങ്ങുനിന്നിജ്ജീവിതമുണ്ടായെന്നതും, പിന്നെ–
യെങ്ങോട്ടേയ്ക്കുതു പോകുന്നെന്നുമാക്കറിയാവൂ!

അന്തരമില്ല വിഭോ! നിങ്ങൾക്കും ഞങ്ങൾക്കും; നാ–
മന്തരാളത്തിൽ വ്യഥാ തോന്നിയ ഭ്രമങ്ങൾതാൻ.

Digitized By Kerala Sahitya Akademi

സന്തതം രൂപംമാറി വരുമിക്ലേശങ്ങളി–
ലെന്തൊരു സൗഖ്യമുള്ളു ഞങ്ങൾക്കു നിരൂപിച്ചാൽ?

ഇങ്ങെഴുമവിശ്രാന്തവിഷയഭോഗങ്ങളി–
ലങ്ങസ്സുമെന്തു സുഖമോ ഞങ്ങളറിവീല.

പിന്നെയിപ്രേമംതന്നെ ശാശ്വതമായിരുന്നാൽ
സന്ദേഹമില്ല പരമാനന്ദമൊന്നുണ്ടതിൽ;

ആയുസ്സുതന്നെ വിശ്വാസാസ്പദമല്ലാത്തോരീ–
വായുപോൽ ചപലമല്ലോ, പിന്നെ സ്ഥിരമാമോ

കമ്പമാന്തിൽനില്ക്കുമിപ്രേമം കാറ്റാൽ വീണ–
കമ്പിമേളുണ്ടാം ക്ഷണസ്ഥായിയാം നാദംപോലെ

ഭൂമിയെ പുറ്റി ഞങ്ങളെന്നും സഞ്ചരിക്കയാൽ
ഹേ! മായാസുത, വീണമേൽ വന്നു വിലപിപ്പു.

ഉല്ലാസംപൂണ്ടു ഞങ്ങൾ പാടുകയല്ല, പാക്കി–
ലില്ലല്ലോ ഹർഷത്തിനു കാരണമൊരേടത്തും.

ചെല്ലുന്ന ദിക്കിലെല്ലാം ദേഹികൾക്കനാരത–
മല്ലലല്ലാതെയില്ല;യെന്നുമേ കാൺമൂ ഞങ്ങൾ

ആറായിച്ചുടുകണ്ണീരോലും നേത്രങ്ങൾ, താപം
മാറാതെ തിരുമ്മീടുമെത്രയോ കരങ്ങളും

അഴതീടിലും പരിഹാസം തോന്നുന്നു ഞങ്ങൾ–
ക്കൊഴിയാത്തോരീ ജനത്തിന്റെയന്ധത കണ്ടാൽ

ഉത്സാഹിച്ചവർ മുറുകെപ്പിടിക്കുമീലോകം
നിസ്സാരമിത്ഥാത്മരൂപമെന്നറിയുന്നീലല്ലോ

വിണ്ണിലോടും മേഘത്തെ വിലക്കും നില്പാനിവർ;
ഉണ്ടിക്കും കൈയാൽ പുഴയൊഴുക്കു തടുക്കാനും.

എന്നാൽ നിന്തിരുവടി ലോകരക്ഷാർത്ഥമല്ലോ
വന്നവതരിച്ചിതു; കാലമുമായിതല്ലോ,

എന്നെഴുന്നള്ളീടുമെന്നെന്ന കാത്തിരിക്കുന്ന
ഖിന്നമാം ജീവലോകം കഷ്ടത നീങ്ങീടുവാൻ,

അന്തമില്ലാതെ നീണ്ട സംസാരയാത്രതന്നി–
ലന്ധമാം ലോകം പുറത്തിരിഞ്ഞു വലഞ്ഞേറ്റം

ആയാസത്തോടുമടിയിടറി വീഴുന്നതേ
മായാനാടനായേല്ക്കൂ,യങ്ങിനിയുറങ്ങൊലാ.

Digitized By Kerala Sahitya Akademi

തെണ്ടിമണ്ടും വായുവിൻ ശബ്ദങ്ങളാണ ഞങ്ങൾ
തെണ്ടുകയങ്ങും പോയി നിർവ്വാണം നൃപാത്മജ!

സ്വന്തരാഗത്തെ രാഗബദ്ധമാം ലോകത്തിന്റെ
സന്താപം കെടുപ്പതിന്നായ് സ്വയം വെടിക നീ.

ബന്ധുരരാജ്യഭോഗം വിട്ടു ദുഃഖിച്ചു ദുഃഖ–
ബന്ധത്തിൽനിന്നു മോചിപ്പിക്കുക ഭുവനത്തെ.

ഇങ്ങനെ വെള്ളിവീണക്കമ്പിമേൽ തട്ടിത്തേങ്ങി
ഞങ്ങൾ നിന്തിരുവടി കേൾക്കുവാൻ കേഴുന്നതാം

അങ്ങുറ്റോ ലോകദുഃഖമേതുമേയറിവീല;–
യിങ്ങതോത്തിന്നു ചിരിച്ചുംകൊണ്ടു പോവൂ ഞങ്ങൾ,

അഴകേറുന്ന കാന്തരത്നാട്ടെഴും ഭോഗമാകും
നിഴലിൻനിരയുമായ് ക്രീഡിക്കുന്നല്ലോ ഭവാൻ!''

ഇത്ര സംഭവിച്ചതിൻ പിന്നെയങ്ങൊരുനാളി–
ലതിമോഹനമാകുമായരമനസ്സുള്ളിൽ,

മധുരാംഗിയാം യശോധരതൻ കൈയും പിടി–
ച്ചുദിതകൗതൂഹലം നല്ലൊരു സായാഹ്നത്തിൽ,

സഖിമാരുടെ നടുവിൽ, സ്വയം വിനോദിച്ചു
സുഖമാർന്നിരുന്നരുളീടിനാൻ മഹാഭാഗൻ.

അപ്പൊഴതാളിമാരിലൊരു സുന്ദരിയൊരു
ചൊല്പൊങ്ങുമിതിഹാസം ഭംഗിയിൽ ചൊല്ലീടിനാൾ.

മേടുരകണ്ണും ക്ഷീണിച്ചീടുമ്പോളിടയ്ക്കിടെ
സാദരം മധുരമായ് വീണവായിച്ചിട്ടവൾ

അന്തിനേരം നയിപ്പാൻ ചൊല്പുമപ്രേമരസ–
ബന്ധുരകഥതന്നിലോരോരോ പ്രസ്താവത്തിൽ

ആശ്ചര്യകരമൊരു മായാശ്വം ദൂരത്തുള്ള
പാശ്ചാത്യദേശങ്ങളെന്നല്പുകളിൽ വാഴും

വെണ്മഞ്ഞനിറമേലും ജനങ്ങളുങ്ങന്തിയിൽ
ചെന്നേ പോയ് സൂര്യദേവൻ മുങ്ങുമക്കടലുകൾ,

എന്നോരോന്നിനെപ്പററിപ്പറഞ്ഞു കേട്ടീടവേ
വന്നൊരുൽക്കണ്ഠയോടും ഭഗവാനരുൾചെയ്തു:

'ചിത്ര'യിച്ചൊന്ന കഥ വീണയിൽ സ്വയംകേട്ട
ചിത്രമാം വൃത്താന്തത്തെയോർമ്മിപ്പിച്ചീടുന്നിതേ!

Digitized By Kerala Sahitya Akademi

സത്വരമിവൾക്കു സമ്മാനമായ് നീ ചാർത്തുന്ന
മുത്തണിമാലതന്നെ നല്കുക യശോധരേ!

എൻകരൾക്കാമ്പാടുന്നിതറിവാൻ, ചൊല്ല നീയെൻ–
തങ്കമേ, ഭ്രലോകമിതിത്ര വിസ്തീർണ്ണമാണോ?

ഇദ്ധരിത്രിയി,ലലയാഴിയിൽ പോയി സൂര്യ–
നസ്തമിപ്പതു കാണാവുന്ന രാജ്യവുമുണ്ടോ?

ഉണ്ടെങ്കിലന്നാട്ടിലെജ്ജനങ്ങൾ ശീലംകൊണ്ടും
കണ്ടാലും നമ്മെപ്പോലെതന്നെയോ ചൊല്ല കാന്തേ!

ഉള്ളതാമങ്ങോക്കിൻ നാമറിയാതസംഖ്യം പേ–
രുള്ളത്തിലവക്കാക്കും സൗഖ്യമില്ലെന്നും വരാം;

കണ്ടറിഞ്ഞെന്നാൽ നമ്മളവരെക്കനിഞ്ഞുട–
നിണ്ടൽ തീർത്താശ്വസിപ്പിച്ചെന്നുമാമല്ലീ പ്രിയേ!

ദിനനായകൻ നിത്യം കിഴക്കേദ്ദിഗന്തത്തിൽ
ജനതയ്ക്കാനന്ദമേകുന്ന ചെങ്കതിരുകൾ

അഴകിൻ പരത്തിക്കൊണ്ടുയർന്ന ദീപ്തമാകും
വഴിയേ വിണ്ണിലേറിപ്പശ്ചിമദിക്കുനോക്കി

എഴുന്നള്ളുന്നോരാഡംബരം കണ്ടെനിക്കുള്ളി–
ലൊഴിയാതത്യാശ്ചര്യം തോന്നുമാറുണ്ട നാൾതോ!

അതുമല്ലർക്കൻ പിന്നെത്താഴുമ്പോൾ പടിഞ്ഞാറു–
ള്ളതിപാടലമായൊരന്തി ശോഭിക്കും ദിക്കിൽ

കൂടിച്ചെന്നെത്തുവാനുമങ്ങുള്ള ജനങ്ങളെ–
ക്കൂടിക്കാണ്മാനും നിത്യമേറുമുല്ലണ്ടാഗ്നിയാൽ

വെന്തീടുമാറുമുണ്ടെന്നോർക്കാമ്പു; നീയെന്നെയീ
ചെന്തളിർവല്ലി തോല്പ്പും ചാരുകൈകളാൽ കെട്ടി

കൂറൊത്ത തഴുവുമ്പോൾപോലും, ഞാൻ നിന്റെ കുളിർ–
മാറത്തു തങ്ങി വിശ്രമിക്കുമ്പോൾപോലും; പ്രിയേ!

ഇല്ല സന്ദേഹം, സ്നേഹിക്കേണ്ടവർ നമുക്കുണ്ടു
വല്ലഭേ! പലരുമുണ്ടായിരിക്കുണം വേറെ.

അല്ലെങ്കിലിങ്ങനെ നാം സുഖിച്ചു മരുവുമ്പോൾ
വല്ലാത്തൊരീയുല്ലണ്യം തോന്നുവാനുണ്ടോ ബന്ധം?

പല്ലവസമാധരേ! നിന്റെ ചുംബനങ്ങൾക്കും
തെല്ലുമീയഴൽ നീക്കാൻ പാടവം പോരാ നാൾതോ!

Digitized By Kerala Sahitya Akademi

ചൊല്ലുക ചിത്രേ! നീ ചൊന്നോരുപാഖ്യാനത്തിലെ–
ച്ചൊല്ലുള്ള ദിവ്യാശ്രമത്തെങ്ങിപ്പോഴും നിൽപ്പു ബാലേ!

നല്ല ഗന്ധർവ്വലോകവൃത്താന്തമറിവവ–
ളല്ലോ നീ,—എനിക്കൊരു ദിവസത്തേയ്ക്കായഗ്രം

കിട്ടുമോ കേറിയോടിച്ചീടുവാ?നതിന്നായെൻ–
കൊട്ടാരമിതു വേണമെങ്കിലും നല്കാമെടോ.

കിട്ടിയാലതിലേറിയേറെ വേഗത്തിലൂഴി–
ത്തട്ടാകെയോടിത്തിരിഞ്ഞനിക്കു നോക്കാമല്ലോ!

എന്നല്ലെന്നെക്കാൾ ജഡഭോഗങ്ങളും ഭുജിക്കുവാ–
നെന്നുമേ സ്വതന്ത്രനാമിച്ചെറു കഴുകനേറ

ചിറകിന്നെനിക്കുണ്ടായിരുന്നുവെങ്കിൽ പൊങ്ങി–
പ്പറക്കാമായിരുന്ന പശ്ചിമദിക്കുനോക്കി

ആയതമായ, ചെമ്പരത്തിപ്പൂനിരയൊത്ത
സായാഹ്നസൂര്യകിരണാവലി തട്ടി മിന്നും

മഞ്ഞാന്ന ഹിമവാന്റെ വൻകൊടുമുടികളേ–
ലഞ്ജസാ ചെന്നിരുന്ന ചൂഴവും കാണ്മതെല്ലാം

ആക്കമൊന്നടൻ മിഴി തിരിച്ചു തിരിച്ചഹോ!
നോക്കാമായിരുന്ന കണ്ണെത്തുന്ന ദൂരംവരെ.

എന്തുകൊണ്ടിന്നാളംവരെ ദേശങ്ങളം കണ്ടീല ഞാ–
നെന്തുകൊണ്ടെനിക്കതിലാകാംക്ഷ തോന്നാഞ്ഞതും!

കേട്ടീടാൻ മോഹമിപ്പോളേതെല്ലാം സ്ഥലങ്ങളി–
ക്കോട്ടവാതിലിൻവെളിക്കുള്ളതു സഖിമാരേ!

ഇതുകേട്ടൊരുത്തി ചൊല്ലീടിനാ''ളെന്നാൽ കനി–
ഞ്ഞതിമോഹനാകൃതേ, കേട്ടുകൊണ്ടാലും ഭവാൻ;

ഏറെയുമടുത്തു ദേവാലയങ്ങളാ,മിളം–
കാറ്റിൽ പൂമണംവീശുമുദ്യാനങ്ങളാം പിന്നെ

വൃക്ഷവാടികളവയ്ക്കപ്പുറ,മങ്ങേപ്പുറം
ശിക്ഷയിൽ കൃഷിയേറി വിളങ്ങും വയലുകളം,

പിന്നെയപ്പരപ്പാന്ന തരിശ്രുനിലങ്ങളാം,
പിന്നെ മൈതാനങ്ങളാം, പിന്നെയെത്രയോ കാതം

അംബുധിപോൽ പരന്ന കാടുകളല്ലോ പിന്നെ
ബിംബിസാരനാം നൃപന്റെ രാജ്യമല്ലോ;

Digitized By Kerala Sahitya Akademi

അതിനപ്പുറം സമദേശങ്ങൾ വിലസുന്ന
വിതതമായിക്കോടികോടിയാളുകളോട്ടം.''

എന്നതു കേട്ടു ഭഗവാനുടനരുൾചെയ്തു:
''നന്നിതു നാളെ മദ്ധ്യാഹ്നത്തിനുത്താനെനിക്കിനി

ഒന്നൊഴിയാതെ പുറത്തുള്ളൊരു വിശേഷങ്ങൾ
സന്ദർശിക്കണം പോയിസ്സംശയമില്ലേതുമേ;

ചന്ദനൻ തേർ തെളിച്ചീടണമിന്നതിനായി–
ച്ചെന്നുടൻ നൃപാനുജ്ഞ വാങ്ങുവിൻ മടിയാതെ.''

അതുപോൽ പരിജനമണഞ്ഞു തിരുമുമ്പി–
ലതുലാദരമുടൻ വൃത്താന്തമുണർത്തിനാർ:

''നിന്തിരുമകൻ വിഭോ! നാളെ മദ്ധ്യാഹ്നത്തിങ്കൽ
സ്വന്തമാം തേരിലേറി വെളിയിലെഴുന്നള്ളി

അന്തികദേശത്തുള്ള ജനങ്ങളെത്തമ്മെക്കാണ്മാ–
നന്തരംഗത്തിലാശ തേടുന്നു ദയാനിധേ!''

എന്നതു കേട്ടു ചിന്തിച്ചോതിനാൻ മഹീപതി:
''നന്നിതു കാലമായി വത്സനായതിന്നിപ്പോൾ

എന്നാൽ ഘോഷകജനം നടന്നു നഗരത്തെ
നന്നായിന്നലങ്കരിച്ചീടുവാൻ ചൊല്ലീടട്ടെ!

കഷ്ടമായുള്ളതൊന്നും കാണരുതൊരേടത്തും
ദുഷ്ടിഹീനരു,മംഗഭംഗങ്ങളുള്ളവരും

കുഷ്ഠരോഗികളുമന്യാമയങ്ങളാൽ പാരം
ക്ലിഷ്ടതയനുഭവിപ്പവരുമെന്നുവേണ്ട,

ജരയാലുടൽ ജീർണ്ണിച്ചോരു വൃദ്ധരു,മംഗം
പരിശോഷിച്ചോർ ബലഹീനരായുള്ളോർപോലും

തെരുവിൽ കാണുമാറായെങ്ങുമെത്തരുതിതു
വിരവിലവർ വിളംബരവും ചെയ്തീടട്ടേ.''

വാസ്തും കൗതുകത്തോടു പുരവാസികളതു
കേൾക്കവേ കൽത്തളങ്ങളടിച്ചു വെടിപ്പാക്കി

തോല്പ്പഴൽവഴി ജലധാരകൾ വിട്ടു വീഥി
മേല്പ്പുമേലുത്സാഹമാന്നൊക്കവേ കഴുകിനാർ;

മംഗലമായ് കോലങ്ങളെഴുതി മുറത്തെല്ലാം
ഭംഗിയായ് നൽകുങ്കുമം തൂറിനാർ ഗൃഹിണിമാർ;

Digitized By Kerala Sahitya Akademi

വാതിലിൽ പുതിയ പൂമാലകം കെട്ടീടിനാർ;
കോതി മുമ്പൊതുക്കി നിൽത്തീടിനാർ തുളസിയെ;

കെല്പൊട്ട ചുവരിലെച്ചിത്രങ്ങം ചായമിട്ട
ശില്പവേലക്കാർ പുതുക്കീടിനാർ വഴിപോലെ.

വൃക്ഷങ്ങം ചുഴെജ്ജനം കൊടികകം തുക്കീടിനാർ
ശിക്ഷയായ് പൂശി മിനുക്കീടിനാർ പ്രതിമകം.

മെച്ചമായെന്നല്ല നാൽവഴികകുക്കുംദിക്കിൽ
പച്ചിലപ്പന്തലുകം നിശ്ചിച്ചങ്ങവസ്സുള്ളിൽ

മിന്നും സൂര്യാദിദേവബിംബങ്ങം വെച്ചു ബാ-
സന്നാഹമോടാരാധിച്ചീടിനാരങ്ങങ്ങെല്ലാം

എന്തിനു വിസ്തരിപ്പു കപിലവസ്തുവൊരു
ഗന്ധർവ്വനഗരിപോൽ വിളങ്ങിയെന്നേ വേണ്ടൂ.

പിന്നെഗ്ഘോഷകർ തമുക്കടിച്ചു നടനെങ്ങും
മന്നവനുടെയാജ്ഞയിങ്ങനെ വിളിച്ചോതി:

''അല്ലയോ! പൗരന്മാരേ,യെല്ലാരുമോരാൻ ഭൂമി-
വല്ലഭൻ കല്പിക്കുന്നതാവിതു കേട്ടീടുവിൻ

കഷ്ടമാം കാഴ്ചയൊന്നും നാളെയിങ്ങോരേടത്തും
ദൃഷ്ടിയിൽ പെട്ടീടുമാറാകരുതാകയാലെ

കൂരുടർ, മൂടവന്മാർ, കുഷ്ഠരോഗികകം, പാരം
ജരാഠ,രാരോഗ്യമില്ലാത്തവ,രശക്തരും

ഒരുദിക്കിലും വെളിക്കിറങ്ങീടരുതെന്ന-
ല്ലൊരുഭ്രതരും ശവദാഹം ചെയ്യരുതെങ്ങും,

വെളിയിൽപ്പോലുമെടുത്തീടരുതാരും നാളെ
വെളുത്താലന്തിയാകുംവരെയ്യും പ്രേതമൊന്നും;

ഇങ്ങനെ കല്പിക്കുന്ന മന്നവൻ ശുദ്ധോദനൻ
നിങ്ങളെല്ലാരുമറിഞ്ഞീടുവിനിച്ചെയ്തികകം.''

അങ്ങനെയന്ന ശാക്യരാജധാനിയെ പൗരർ
മംഗലമാക്കി വെടിപ്പാക്കി മന്ദിരങ്ങളും.

ഹിമരാശികകംപോലെ വെളുത്തു പരസ്പരം
സമതതേടും രണ്ടു കാളകകം സോത്സാഹമായ്

ഭംഗിയിൽ പാരം ഞാന്ന താടകകം തുള്ളിച്ചേററം
പൊങ്ങി മാംസളങ്ങളാം പോഞ്ഞുകകം ചുളുങ്ങവേ

Digitized By Kerala Sahitya Akademi

തോളിന്മേൽ ചിത്രമായിപ്പണിതുമെഴുകിട്ടു
കാളുന്ന പുത്തൻ നകം വഹിച്ചു വലിച്ചീടും

ശില്പവേലകൾ ചെയ്ത ചായമിട്ടൊരു തേരി–
ലത്ഭുതാകാരൻ യുവനൃപനുമെഴുന്നള്ളി.

വഴിയിൽ വരും കൊച്ചുതമ്പുരാൻതന്നെപ്പൗരർ
തൊഴുതു വാഴ്ത്തീടുന്നൊരാനന്ദമെന്തു ചൊൽവൂ!

ചിത്രമാമുടുപ്പുകൾ ധരിച്ചും, ചിരിച്ചുകൊ–
ണ്ടെത്രയും തെളിവാൻ വിളങ്ങും മുഖങ്ങളാൽ
ലോകമിതേറെരം സുഖാവഹമെന്നകതാരി–
ലാകവേ കാണികൾക്കു തോന്നുമാറായും, നില്ക്കും

വാത്തരായിഷ്ടരായ പൗരവൃന്ദത്തെത്തുകൺ–
പാർത്തു സന്തോഷിച്ചുടൻ ചീർത്തു ചൊല്ലിനാൻ ദേവൻ:

''നന്നു നന്നീലോകമെന്നല്ലഹോ നിരൂപിച്ചാ–
ലെന്നിലെത്രയും സ്നേഹം കാണുന്നിതിവക്കെല്ലാം

മന്നവരല്ലാത്തൊരിജ്ജനങ്ങൾ സന്തുഷ്ടരായ്
ഖിന്നത വെടിഞ്ഞെത്ര ക്രൂരാന്മ മേവീടുന്നു.

ദേവലകൾ ചെയ്യും വീട്ടു സൂക്ഷിച്ചുമുല്ലാസമായ്
ലോലാംഗിമാരിങ്ങുള്ള ഭഗിനിമാരും വാഴ്വൂ!

സന്തോഷമിവക്കൊക്കെയീവണ്ണമുണ്ടാകുവാ–
നെന്തുപകാരം ചെയ്തിട്ടുള്ള ഞാൻ നിരൂപിച്ചാൽ?

സ്നേഹിച്ചീടുന്നുണ്ടു ഞാൻ തങ്ങളെയെന്നു താനേ–
യൂഹിച്ചങ്ങനെയറിഞ്ഞിന്നിതിക്കിടാങ്ങളും!

നമ്മുടെ മെയ്മേൽ നല്ല പൂ വാരിയെറിഞ്ഞൊരു
രമ്യരൂപനാം ശാക്യബാലകനിതാ നിൽപ്പൂ;

ചെന്നു നീയപ്പൈതലെയെടുത്തു കൊണ്ടുവരൂ
ചന്ദാ, നമ്മോടൊത്തവൻ യാത്രചെയ്യട്ടെ തേരിൽ.

ഇത്ര നല്ലൊരു രാജ്യം ഭരിക്കെന്നതുതന്നെ–
യെത്ര ധന്യതയാർന്ന കൃത്യമാകുന്നു പാർത്താൽ;

ഇവണ്ണം ഞാൻ വെളിക്കു വന്നതുകൊണ്ടു മാത്രം
താവുന്നു പൗരന്മാരിന്നിത്രയാമോദമെന്നാൽ

എന്തൊരു സുലഭമാം ഭാവമാണോർത്തുകണ്ടാൽ
സന്തോഷംതന്നെ;യെന്നല്ലിച്ചെറുക്രൂരകളിൽ

Digitized By Kerala Sahitya Akademi

തഞ്ചിയുല്ലാസമേലും ജനങ്ങൾ തുവീടുന്ന
പുഞ്ചിരിപ്പൂനിലാവിൽ നഗരം മുങ്ങിടവേ

മിഞ്ചുമാറോരോ സുഖസാധനസാമഗ്രി ഞാൻ
സഞ്ചയിക്കുന്നതെല്ലാം വ്യർത്ഥമാണെന്നും തോന്നും.

തെളിക്ക രഥം ഛന്ദാ, സച്ചന്ദം വാതിലൂടെ
വെളിക്കു പോകയിങ്ങു ഞാനറിഞ്ഞീടാത്തതായ്

അനർഘരസമാന്നോരീ ലോകം കുറേക്കൂടി–
യെനിക്കു കണ്ടീടണമേറുന്നു കൗതൂഹലം.''

കടന്നു കോട്ടവാതിലങ്ങനെയവർ പോകു–
മുടനേ ഹർഷാകുലമായ് വന്നു ജനക്കൂട്ടം

കൂടീ തേങ്ങുളിന്നു ചൂഴവും; ചിലർ മുമ്പേ–
യോടിക്കാളകളുടെ കഴുത്തിൽ മാല ചാർത്തി,

ചിലർ ചെന്നവയുടെ മിനുത്ത പട്ടുപോലെ
വിലസും പാർശ്വങ്ങളിലടിച്ചു തലോടിനാർ.

അലിവോടവയ്ക്കു ഭക്ഷിക്കുവാൻ കൊണ്ടുവന്ന
ചിലപേർ ചോറും ചിലരപ്പവും നല്കീടിനാർ.

ജയിക്ക മഹാരാജനന്ദന, ജയിക്കുക
ജയിക്കെന്നെങ്ങുമാർത്തുവിളിച്ചാരെല്ലാവരും.

ഇങ്ങനെ വീഥിതോറും സന്തുഷ്ടജനങ്ങളും
തിങ്ങിയുല്ലസിച്ചിതു രമ്യമാം കാഴ്ചകളും;

എങ്ങെങ്ങു നോക്കിയാലുമൊന്നുപോൽതന്നെ, നൃപ–
നങ്ങനെയെല്ലാം സൂക്ഷിച്ചീടുവാൻ കല്പിക്കയാൽ.

അപ്പോഴന്നാടുവഴിതന്നിലങ്ങൊരു ചെറു–
കൂപ്പുമാടത്തിൽ മറഞ്ഞിരുന്ന വെളിക്കൂടൻ

മുല്പാടായൊരു പടുകിഴവൻ പിച്ചക്കാരൻ
തപ്പിയുംതടഞ്ഞും വീണിഴഞ്ഞുമെത്തീടിനാൻ;

നാറിയ കീറത്തുണികൊണ്ടവനരമറ–
ച്ചേറെശ്ശോഷിച്ചു വൃത്തികെട്ടതിവിരൂപനായ്,
ഏറെവും ചുക്കിച്ചുളിഞ്ഞുള്ളൊരു തൊലി, വെയി–
ലേറേറ്റു പാരം കരുവാളിച്ചു ശരീരത്തിൽ

മെലിഞ്ഞു മാംസമെല്ലാം പോയൊരെല്ലിന്മേൽ പറ്റി
വലിഞ്ഞു മുതുമൃഗത്തിന്റെ തോലുപോൽ തൂങ്ങി;

Digitized By Kerala Sahitya Akademi

ഒട്ടേറെ വയസ്സിന്റെ വൻഭാരം ചുമക്കയാൽ
നട്ടെല്ലു വില്ലുപോലെ വളഞ്ഞു കുനിക്കുനി;

പങ്കിലമായിപ്പാരം നെടുനാളം കണ്ണീർവാർത്ത
കൺകുഴി രണ്ടും ചുവന്നോറ്റവും കലങ്ങിയും,

നലഞ്ഞു മുറ്റും പീളയടിഞ്ഞു കാഴ്ച മങ്ങി
വലഞ്ഞു വല്ലാതുള്ള കണ്ണുകളും മിഴിച്ചുമേ;

പല്ലുകളെല്ലാം കൊഴിഞ്ഞൊഴിഞ്ഞ മോണ്ടയും താടി–
യെല്ലുകളും താനേയാടി വിറച്ചു, വാതത്താലും

തെരുവിലെല്ലാടവുമാവിധമാഘോഷവും
പുരുഷാരവും കണ്ടു സംഭ്രാന്തനാകയാലും

കിഴവനവൻ തൊലിതുങ്ങീടുമൊരുകൈകയിൽ
പഴകിത്തേഞ്ഞ വടിയേന്തിത്തൻ വിറയ്ക്കും മെയ്യ്

മറിയാതുന്നിപ്പിടിച്ചിരുന്നു, വാപൊളിച്ചു
നിറയും നോവാൻ്റെ, വിട്ടീടുന്ന നെടുമൂച്ചാൽ

തേങ്ങിവീർത്തീടുമൊരുവശത്തെ വാരിയെല്ലു–
താങ്ങിയുമിരുന്നതേ മറേറക്കൈകൊണ്ടു പാവം.

''പിച്ച നൽകുവിനയ്യോ! പുണ്യവാന്മാരേയെന്റെ–
യിച്ചപലമാം പ്രാണനിന്നോ നാളെയോ പോമേ''

എന്നൊന്നു മുറവിളിച്ചാനടനേങ്ങി വിങ്ങി
വന്നൊരു കൂരകൊണ്ടു വലഞ്ഞാൻ സാധു വൃദ്ധൻ.

എന്നിട്ടു ഞരമ്പുകൾ വലിഞ്ഞു വിറയാൻ
നിന്നു കൈനീട്ടിക്കൊണ്ടു കണ്ണുകൾ തുറിച്ചേറ്റം

ഖിന്നനായഴകുരത്പൂണ്ടഹോ പലവട്ടം
പിന്നെയുമവൻ ''പിച്ചതരണേ, പിച്ച''യെന്നാൻ.

ഉടനേ കണ്ടുനിന്ന ജനങ്ങളോടിച്ചെന്നു
പിടിപെട്ടപ്പാവത്തെയകലെത്തള്ളിയിട്ടു

''കണ്ടുപോമിപ്പോൾ കൊച്ചുതമ്പുരാൻ ക്ഷണമോടി
മണ്ടി നിൻ മടയിൽപോയ്മറഞ്ഞുകൊൾകെ''ന്നോതി

കെല്പറ്റ കാലിൽ തൂക്കിയക്കിഴവനെയ്വർ
ക്ഷിപ്രമാ വഴിവിട്ടു വലിച്ചുമാറ്റീടിനാർ.

''വിടുവിൻ വിടുവി''ന്നെന്നുറക്കെ ദൂരെനിന്നു
ഝടിതി വിളിച്ചോതിയപ്പോൾ തന്തിരുവടി;

Digitized By Kerala Sahitya Akademi

എന്നല്ല തിരിഞ്ഞുടൻ ചോദിച്ചു സൂതനോടായ്:
''ഛന്ദാ,യിക്കാണ്മതൊരു മനുഷ്യവ്യക്തിതാനോ

കണ്ടാലങ്ങനെ തോന്നുന്നല്ലോ മെയ് ക്ലന്ന പാര-
മിണ്ടൽപ്പെട്ടീടുമതിവികൃതമാമീ രൂപം.

ജനിച്ചീടുമാറുണ്ടോ ചിലപ്പോളിമ്മാതിരി
മനുഷ്യർ, ചൊല്ലീട നീയെന്നല്ല കേൾക്കിസ്സാധു

പ്രാണൻപോയീടുമെനിക്കിന്നോ നാളെയോയെന്ന
കേണോതുന്നല്ലോ ചൊല്ല,യെന്തിതിന്നർത്ഥമെന്നും.

കിട്ടുമാറില്ലേയിവന്നാഹാരമൊന്നും? ഒവറും-
പട്ടിണികൊണ്ടോ മെയ്യിലെല്ലുകൾ പൊങ്ങിക്കാൺമൂ?''

ഛന്ദനുമതു കേട്ടു ചൊല്ലിനാൻ: ''പ്രിയനൃപ-
നന്ദനാ,യിവനൊരു വൃദ്ധനാം നരൻതന്നെ

എൺപതുകൊല്ലങ്ങൾ മുമ്പിവന്റെ മുതുകെല്ലി-
ക്കമ്പമാന്നീലെന്നല്ല നിവൻമിത്രന്നതേ.

മിഴികൾ മിന്നിത്തെളിഞ്ഞിരുന്നിതിവനേറെ-
മഴകൊണ്ടായിരുന്നന്ന കാഴ്ചയിലുടലിന്നും

ചോരയിമ്മെയ്യിൽനിന്ന മെല്ലെമെല്ലവേ ജീവ-
ചോരനാം കാലമിപ്പോൾ കടിച്ചുവറ്റിക്കയാൽ

നീരറ്റു വറണ്ടേറെ വേനലിൽ നിറം കെട്ട
പാരിൽ വീണുണങ്ങുന്ന പൂഞ്ചെടിപോലായിവൻ;

കവന്നുപോയി കാലം കായത്തിൻ കെല്പ്,മെന്ന-
ല്ലിവന്റെ മനോബലം ബുദ്ധിശക്തിയുമെല്ലാം.

എരിഞ്ഞുനിന്നോരു ജീവിതമാം വിളക്കിന്റെ
തിരിയിതെണ്ണവറ്റിപ്പുകഞ്ഞു മങ്ങിപ്പോയി.

പരിശേഷിച്ചിട്ടുണ്ടിട്ടീപത്തിലിനി വെറു-
മൊരു തീപ്പൊരിയതും കെടുന്ന മങ്ങിമങ്ങി.

അന്ത്യമാം വയസ്സിന്റെ ഗതിയിങ്ങനെയല്ലോ
നിന്തിരുവടിക്കിതിലെന്തു ചിന്തിപ്പാനുള്ള?''

എന്നതു കേട്ടു ചോദിച്ചീടിനാൻ തിരുമേനി:
''വന്നുകൂടുമോ ചൊല്ലീയവസ്ഥ മറ്റുള്ളോർക്കും?
എല്ലാർക്കുമിതു വന്നുചേരുമോ?യിവനെപ്പോൽ
വല്ല പാവങ്ങൾക്കുമേ വരുവെന്നുണ്ടോ സൂതാ?''

Digitized By Kerala Sahitya Akademi

ചൊല്ലിനാനടൻ ചാന്ദൻ: ''ഭാവുകാത്മാവേ! ഭ്രമി–
വല്ലഭകുമാരക, വാർദ്ധക്യംനിമിത്തമായ്

അല്ലലീവണ്ണമിവനെപ്പോലെയിത്രയേറെ–
ക്കൊല്ലുങ്ങൾ ജീവിച്ചിരുന്നീടുകിലുണ്ടാമാക്കും.''

സത്വരം തിരുമേനി ചോദിച്ച വീണ്ടും: ''ഞാനി–
ങ്ങത്രനാൾ വാണീടിലുമീവിധമാമോ, ചന്ദാ?

എൻപ്രിയ യശോധരതാനുമിങ്ങനെയാമോ–
ണ്ടെൺപതുകൊല്ലമിനിക്കഴിഞ്ഞാലയ്യോ കഷ്ടം!

ജാലിനിതാനും കൊച്ചു ഹസ്തിയും ഗൗതമിയും
കാലത്താൽ ഗംഗതാനും മറ്റരിഷ്ടജനങ്ങളും

എല്ലാമിങ്ങനെ വയസ്സേറി വാർദ്ധക്യംവന്നു
വല്ലാത്ത ബീഭത്സരൂപങ്ങളായ്ത്തീർന്നീടുമോ?

ചൊല്ലുകെ''ന്നതു കേട്ടു സൂതനും ''മഹാമതേ!
കില്ലില്ലയീ വാർദ്ധക്യം വന്നീടുമാക്കു''മെന്നാൻ.

എന്നാൽ തേർ തിരിച്ചടിച്ചീടുക, മടങ്ങി ഞാ–
നെന്നുടെയരമനയ്ക്കായ്ത്തന്നെ പോകാമിനി,

എന്നുമേ കാണ്മാൻ കാങ്ക്ഷിയാതുള്ള കാഴ്ച കണ്ടേ–
നിന്നു ഹാ! മതി മതി!''—എന്നുമോതിനാൻ നാഥൻ.

താനേ പിന്നെയുമതു ചിന്തിച്ചു ചിന്തിച്ചു ത–
ന്നാനനപങ്കജവുമകക്കാമ്പതും വാടി

ഭംഗിതേടുന്ന കൊട്ടാരത്തിങ്കലെത്തീടിനാൻ
മംഗലമൂർത്തി കൊച്ചുതമ്പുരാൻ വൈകുന്നേരം.

തെരിക്കെന്നങ്ങു പരിജനങ്ങളുത്സാഹമാ–
ന്നാങ്കിയുള്ളോരമൃതേത്തിന്റെ വട്ടങ്ങളിൽ

രുചി തോന്നീലൊന്നിലും സ്വാമിക്കു ശരച്ചന്ദ്ര–
രുചിരാപൂപങ്ങളും തേൻകനികളിവയിലും.

എന്നല്ല മനംമയക്കീടുവാൻ മിടുക്കേറും
സുന്ദരിമാരാം തന്റെ ദാസിമാർ നൃത്തങ്ങളിൽ

പാടവം പണിപ്പെട്ട കാട്ടിയെന്നാലും തൃക്ക–
ണ്ണൊടിച്ചുമില്ലവരിലൊരിക്കൽപ്പോലും ദേവൻ.

തിരുവാ മൊഴിഞ്ഞൊന്നുമുരിയാടിയുമില്ല
കരുണാനിധിയുള്ളിൽ കാളുന്ന ചിന്തയാലേ.

Digitized By Kerala Sahitya Akademi

അതു കണ്ടുള്ളുരിഞ്ഞു കരഞ്ഞു കാല്ക്കൽ വീണ
മുദുവായ് തൊണ്ടവിങ്ങിച്ചോരിച്ചു യശോധര:

''പ്രാണവല്ലഭ! ഭവാനിവളിൽപ്പോലുമിപ്പോഴം
കാണിയും രസം തോന്നാതായിതോ കൃപാനിധേ!''

സ്വാമിയുമിതുകേട്ടു കനിഞ്ഞു ചൊല്ലീടിനാ–
''നോമലേ,യിമ്മാതിരിയിഷ്ടഭോഗങ്ങളെല്ലാം

അന്തരാത്മാവിൽ ദുഃഖമേകുന്നിതെനിക്കൊക്കെ
അന്തരിച്ചുപോമൊരുകാലത്തെന്നോക്കിയാലേ.

അന്തമുണ്ടല്ലോയിവയ്ക്കെന്നല്ല നീയും ഞാനു–
മന്തരമില്ല വൃദ്ധരാമല്ലോ യശോധരേ,

സ്നേഹം സൗന്ദര്യം ശക്തിയെല്ലാം പോയീടുമല്ലോ
ദേഹം വാർദ്ധക്യമേറിക്കുന്നുപോമല്ലോ നാമേ!

എന്നുവേണ്ടെന്നും രാവും പകലും പിരിയാതെ–
യൊന്നായ് നാം വസിച്ചൊന്നായ് ശ്വസിച്ചു പരസ്പരം

ചേണാന്ന ചുണ്ടുചേർത്തു ചുംബിച്ചു സുദ്ധമായ്
പ്രാണപ്രേമങ്ങളുള്ളിലടച്ചു ശയിച്ചാലും

കള്ളനാം കാലമങ്ങു കടന്നു വല്ലവാറും
കൊള്ളയിട്ടുപോമല്ലോ രാഗവും താരുണ്യവും.

അക്കാണും ഗിരീന്ദ്രശൃംഗത്തിന്മേൽ ചെന്താരിന്റെ
സൽക്കാന്തി ചിന്തും സന്ധ്യാരാഗത്തെക്കടന്നുടൻ

നൽക്കരിനിറംപൂണ്ട യാമിനി കവരുമ്പോ–
ളൊക്കവേ വിളറി മങ്ങിപ്പിന്നെയിരുട്ടാമേ.

കണ്ടു ഞാൻ പ്രിയേയിന്നീ വസ്തുത,യതോർത്തെന്നാ–
ത്തണ്ടു മാഴ്കുന്നു പാരം പേടിയും തോന്നുന്നിതേ.

മർത്ത്യരെ വൃദ്ധരാക്കും കാലമാം ഘാതകന്റെ
ഹസ്തത്തിൽനിന്നീ സ്നേഹരസത്തെ രക്ഷിക്കുവാൻ

ഉത്തമോപായമൊന്നും കാണാതെയുഴന്നെന്റെ
ചിത്തമിന്നേകാഗ്രമായ് ചിന്തചെയ്യുന്നു കാന്തേ.''

ഇത്തരമരുൾചെയ്തു നിദ്രയുംവിട്ട പട്ട–
മെത്തമേൽ സുഖമില്ലാതിരുന്ന രാവിൽ ദേവൻ.

ആ രാത്രി ശുദ്ധോദനമന്നവനുറങ്ങുമ്പോ–
ളോരോരോ ഭയാനകസ്വപ്നങ്ങൾ കണ്ടീടിനാൻ.

Digitized By Kerala Sahitya Akademi

ഒന്നാമതതിശോഭ ചേർന്നേറെറം വിശാലമായ്
പൊന്നുകൊണ്ടുള്ള സൂര്യപ്രതിമ നടുക്കാണ്ട

മിന്നുന്ന മഹേന്ദ്രക്ഷേത്രത്തിലെക്കൊടിക്കൂറ
മന്നവൻ കണ്ടാൻ പൊങ്ങിപ്പറന്നു നില്ക്കുന്നതും;

കൊടുംകാറെറാന്നങ്ങുടനുണ്ടാകുന്നതും, കൊടി
ഞ്ഞടിതി ചരടറു താഴത്തു വീഴുന്നതും,

പൊടിയിലടിഞ്ഞതു മുഷിയുന്നതു,മെന്ന–
ല്ലുടനേയൊരുക്കൂട്ടം ഛായാത്രുപികളെത്തി

അഴകു പററീടിനോരപ്പതാകയും പേറി–
ക്കിഴക്കേക്കോട്ടവാതിൽ കടന്നു പോകുന്നതും.

പിന്നെ രണ്ടാമതായിക്കണ്ടിതു നൃപൻ തടി–
ച്ചുന്നതങ്ങളാം പത്തു കൊലയാനകൾ ചേർന്നു,

മിന്നുന്ന വെള്ളിക്കൊമ്പു കുലുക്കിക്കൊണ്ടും പാരം
മന്നിടം കുലുങ്ങവേ കാലുകളുന്നിക്കൊണ്ടും,

തെക്കോട്ടേക്കുള്ള വഴിയൂടെ പോവതുമവ–
യ്ക്കൊക്കെയ്ക്കും മുമ്പിലുള്ള വാരണവീരനേറമേൽ

തന്നുടെ കുമാരകൻ താനെഴുന്നള്ളുന്നതും,
പിന്നെയുള്ളവയിന്മേൽ മറുള്ളോരിരിപ്പതും.

മൂന്നാമതായിക്കണ്ട രഥമൊന്നേറെറം പ്രഭ
ചേർന്നു മിന്നീടുമതു കണ്ടാൽ കണ്ണുകൾ മങ്ങും.

വെളുത്ത ധൂമങ്ങളുഗ്വമിച്ചുമഗ്നിജ്വാല–
യിളകുംമട്ടു നര തള്ളിയും നാലശ്വങ്ങൾ

വലിച്ചു പോകുന്നോരപ്പള്ളിത്തേരുള്ളിൽ സൈ്വരം,
ജ്വലിക്കും കാന്തിയാൻ സിദ്ധാർത്ഥൻ സ്ഥിതിചെയ്തു.

കണ്ടിതു നാലാമതു മന്നവൻ ചിത്രമൊരു
വണ്ടിതൻ ചക്രമുരുണ്ടുരുണ്ടുപോകുന്നതും,

കുത്തുന്ന കാഞ്ചനംകൊണ്ടുള്ളതാണതിൻ കുംഭ–
മുത്തമരത്നങ്ങൾപൂണ്ടുള്ളതാം ദളങ്ങളും

ചട്ടമായ് പല വിചിത്രാർത്ഥവാക്യങ്ങളതിൻ–
പട്ടയിൽ ചുറുമെഴുതീട്ടുണ്ടു വിശദമായ്,

ആയതു തിരിയവേ കൊള്ളിച്ചുറ്റുംപോൽ തോന്നു–
മായതമതിൻധ്വനി സംഗീതംപോലെ കേൾക്കും.

Digitized By Kerala Sahitya Akademi

ആഞ്ഞാമതൊരു പൊന്പറ പട്ടണത്തിന്നു–
വഞ്ചിതങ്ങളാമട്ടുള്ളോരു കന്നകാക്കും

മദ്ധ്യത്തിൽ സ്ഥാപിച്ചിരിക്കുന്നതും കണ്ടു നൃപൻ;
സിദ്ധാർത്ഥനിമ്പുകോൽകൊണ്ടതു കൊട്ടുന്നതും,

ഇടിവെട്ടീടുംവണ്ണമതിന്റെ മന്ദ്രനാദ–
മുടനംബരം തിങ്ങുന്നതു കേൾക്കയുംചെയ്തു.

ആറാമതൊരു മഹാഗോപുരം നഗരത്തി–
ലേറും പ്രൗഢിയിൽ പൊങ്ങി മേഘത്തിൽ മുട്ടീടുന്ന

ശൃംഗാഗ്രംപൂണ്ടു മിന്നീടുന്നതും, കുമാരകൻ
മംഗലരൂപനതിലേറിനില്പതും കണ്ടാൻ.

എന്നല്ല കണ്ടിതങ്ങുനിന്നുടൻ തൃക്കൈകളാൽ
മിന്നീടും പലവിധരത്നങ്ങൾ വാരിയവൻ

വർഷിക്കുന്നതുമവ താഴത്തു വീഴുന്നേരം
ഹർഷം പൂണ്ടോടിത്തിക്കി ജനങ്ങളെത്തിത്തമ്മിൽ

മത്സരിച്ചദ്ധനങ്ങൾ പെറുക്കിക്കൊണ്ടു പാര–
മുത്സാഹമോടേ നാലുദിക്കിലും പോകുന്നതും.

ഏഴാമതായിക്കിനാവതിങ്കൽ പിന്നെയൊരു
കേഴുന്ന ശബ്ദം കേട്ടിതെന്നല്ല കണ്ടു നൃപൻ

കരഞ്ഞും പൽ കടിച്ചും വായിൽ കൈവിരൽചേർത്തു–
മെരിഞ്ഞ ഹൃദയംപൂണ്ടാറുപേർ പോകുന്നതും.

ഇക്കിനാവുകളേഴും കണ്ടകതാരിൽ പേടി
കൈക്കൊണ്ടു പണ്ഡിതന്മാരോടറിവിച്ചു നൃപൻ.

ആർക്കുമേ പൊരുളറിയാവതല്ലെന്നു കണ്ടു
ചീർക്കും കോപവുമുള്ളിൽ താപവുംപൂണ്ടു ചൊന്നാൻ:

''വല്ലാത്ത വിപത്തുകൾ വല്ലതും വരുന്നുണ്ടാ–
മല്ലെങ്കിലിദ്ദുസ്സ്വപ്നം കാണുവാനുണ്ടോ ബന്ധം?

ദേവസങ്കല്പമെന്തെന്നറിഞ്ഞീലോരുന്നില്ല
കേവലമൊന്നും നിങ്ങൾ പണ്ഡിതമ്മന്യന്മാരേ.''

ഇങ്ങനെ സ്വപ്നാർത്ഥങ്ങളറിവാൻ പഴുതില്ലാ–
തങ്ങുള്ള ജനമെല്ലാം ഖിന്നത തേടീടുമ്പോൾ,

മംഗലമായ മാന്തോലുടുത്തു മുനിപോലെ–
യെങ്ങോനിന്നൊരു വൃദ്ധനാരുമേയറിയാത്തോൻ

Digitized By Kerala Sahitya Akademi

കോട്ടമെന്നിയേ നൃപമന്ദിരം നോക്കിയങ്ങാ–
ക്കോട്ടവാതിലും കടന്നുഴറി വന്നെത്തിനാൻ.

മന്നവൻ കണ്ട കിനാവിൻപൊരുൾ പറയണം
സന്നിധാനത്തിലെനിക്കുത്തണമെന്നു ചൊല്ലി.

അനുവാദവുംവാങ്ങിയകത്തു പൂകീടിനാൻ;
മനുജേശ്വരൻതന്നെക്കണ്ടാനമ്മഹാഭാഗൻ.

അർദ്ധരാത്രിയിൽ നൃപൻ ദർശിച്ച കിനാവിന്റെ
വൃത്താന്തം കേട്ടു ഭക്തിബഹുമാനങ്ങളോടും

വന്ദിച്ചു സ്വയം വന്ദ്യനാമവനരുൾചെയ്താൻ:
''മന്ദിരമിതു മഹാഭാഗ്യപൂരിതം വിഭോ!

ഉദയാദ്രിയിൽനിന്നു പൊങ്ങുന്ന ഭാനുമാന്റെ
കതിരിൻദീപ്തിയില്ലം കേമമാം പ്രഭയിപ്പോൾ.

ഇതിൽനിന്നുദിച്ചുടൻ പരന്നു ലോകത്തിന്റെ
ഹൃദയാന്ധകാരങ്ങൾ നീക്കീടുമറിഞ്ഞാലും.

അനർത്ഥങ്ങളായങ്ങു കരുതും സ്വപ്നമേഴ–
മനഘമതേ! ലോകാനന്ദഹേതുക്കളല്ലോ.

ഒന്നാമതായിബ്ഭവാൻ കണ്ടതുജ്ജ്വലമായോ–
രിന്ദ്രാങ്കമാന്യ കൊടിക്കൂറയല്ലിപ്പീ പാക്കിൽ?

മന്നിടത്തിങ്കലതു വീണടിഞ്ഞതുമൊക്കും
മന്നവ! പിന്നെ ബഹിഷ്കൃതമായെന്നുള്ളതും.

യജ്ഞനിഷ്ഠമായീടും പ്രാചീനമതമിനി
വിജ്ഞരതുമേ, വീണുപോമെന്നാണതിനർത്ഥം.

പുതിയ ധർമ്മം പ്രസരിച്ചീടുമെങ്ങും മേലി–
ലതിനാലിന്ദ്രാദിദേവതകൾ മങ്ങിപ്പോകും.

മനുജക്കെന്നപോലുണ്ടന്തമദ്ദേവകൾക്കും;
ദിനങ്ങൾ പോകുംപടി കല്പങ്ങൾതാനും പോമേ.

പിന്നെയപ്പുത്തു ദേവീരന്മാർ മഹീപതേ!
മന്നിടം കുലുങ്ങീടും ധാടിയിൽ നടന്നില്ലേ?

ആയതു പത്തുമങ്ങേ നന്ദനനുളവാകു–
മായതവിജ്ഞാനശക്തികളാണറിഞ്ഞാലും.

അവയാലവൻ രാജ്യം വെടിഞ്ഞുപോകും പിന്നെ–
ബ്ഭവനമിളക്കീടും; സ്ഥാപിക്കും സത്യമതം.

Digitized By Kerala Sahitya Akademi

അഗ്നിയെ വമിക്കും നാലശ്വങ്ങാം കണ്ടുള്ളവ
വിഘ്നമറെഴും നാലു സത്യങ്ങാം മഹീപതേ!

അവയാൽ സന്ദേഹാന്ധകാരങ്ങാം നീങ്ങി സ്വയ–
മവികല്പജ്ഞാനനിർവ്വാണവുമവന്നുണ്ടാം;

കനകകുംഭം പൂണ്ട തിരിയും ചക്രം കേതുക–
യനഘധർമ്മചക്രം തവ സുതൻ സ്ഥാപിപ്പതാം

അവനായതു ലോകസമക്ഷമിനിയെങ്ങും
പ്രവർത്തിപ്പിക്കുമെന്നുമോർക്ക മഹാമതേ!

പിന്നെ നിൻ പുത്രൻ പൊയ്പോയ കൊട്ടീടുന്നതു
തന്നുടെ ധർമ്മമുപദേശിപ്പതറിക നീ.

ഉന്നതമായ മഹാഗോപുരം തവ സുതന്റെ–
യുന്നിദ്രഗ്രഞ്ഞോൻകൃഷ്ടമാകുമാഗമമല്ലോ.

അരിയരത്നങ്ങളങ്ങതിൽനിന്നവൻ കോരി–
ച്ചൊരിവതതിലുള്ള തത്വരത്നങ്ങളല്ലോ.

ആറുപേർ മുറവിളികൂട്ടിപ്പോയില്ലേ?–യവ–
രാറു ദർശനപ്രവർത്തകന്മാർ നരപതേ!

സൂക്ഷ്മമാം തത്വോപദേശംകൊണ്ടുമസന്ദേഹ–
കൃഷ്ടമാം വാദംകൊണ്ടുമവരെ നിൻ കുമാരൻ
ബുദ്ധനായ്, പരാജിതരാക്കീടും തങ്ങളുടെ
സിദ്ധാന്തങ്ങളിലുള്ള മൗഢ്യവും കാണുമവർ.

ഇങ്ങനെ ഭവാൻ രാവിൻ ദർശിച്ചോരസ്വപ്നങ്ങാം
സംഗതാർത്ഥങ്ങളെല്ലാം, ധരിക്ക മഹാപ്രഭോ!

മംഗലേതരചിന്ത വെടിഞ്ഞു മനതാരിൻ
തുംഗമാമാനന്ദമാണുണ്ടാകേണ്ടതുമിപ്പോാ.

ഇമ്മഹാ ഭാഗ്യങ്ങളെൻ ഭഗവാനുണ്ടാമെല്ലാം
സന്മതേ, മറെറാരാാംക്ക സിദ്ധിക്കാ ധരിക്ക നീ.

മുണ്ഡിതം ഭിക്ഷുവിൻെറ മൂർദ്ധാവു വിഭോ! മണി–
മണ്ഡിതമഹാരാജമൗലിയെക്കാളും മാന്യം
നിർണ്ണയം യമിയുടെ കാഷായം നൃപേന്ദ്രൻെറ
സ്വർണ്ണകഞ്ചുകങ്ങളെക്കാാം വിലപോരുന്നതാം.''

എന്നരുാംചെയ്തമ്മഹാനേറിയ ഭക്തിയോടും
മന്നിൽ വീണുടൻ ചെയ്തു മുന്നരു നമസ്കാരം.

Digitized By Kerala Sahitya Akademi

പിന്നവനെഴുനേറ്റു മാറിപ്പോവതു കണ്ടു
മന്നവൻ സമ്മാനമേകീടുവാൻ കല്പിച്ചിതു.

കണ്ടീലമ്മഹാത്മാവെയെങ്ങുമേയപ്പോളെന്ന–
ല്ലിണ്ടലാൻ്നാരാഞ്ഞവരിന്നുക്ഷേത്രത്തിനുള്ളിൽ,

അദ്ദേഹം ചെന്നു കയറുന്നതും, മൂലസ്ഥാന–
മദ്ധ്യത്തിലൊരു ക്ഷമനിരുന്ന പക്ഷം രണ്ടും

കടഞ്ഞു തുവലുകളിളക്കുന്നതും, കണ്ടാ–
രെടുക്കാം, ദേവതകളിങ്ങനെയോരോ രൂപം.

വൃത്താന്തം വിഷണ്ണനാം മന്നവൻ കേട്ടു തന്റെ
ചിത്തമാശ്ചര്യപരാധീനമായെന്നാകിലും,

സത്വരം സിദ്ധാർത്ഥനു മുമ്പിലത്തെക്കാൾ സുഖ–
മെത്തീടും വിഷയഭോഗങ്ങൾ നല്കുവാൻതന്നെ

കല്പിച്ചാൻ നാലുകെട്ടിൽ നൽകീജനങ്ങടെ
ചൊല്പടി കുരങ്ങാട്ടമവനെന്നോക്കിയാലേ.

എന്നല്ല നരപതി പിന്നെയക്കോട്ടവാതിൽ
നന്നായിക്കാത്തുകൊൾവാനിരട്ടിയാളാക്കിപോൽ!

എന്നാലും ഫലമെന്തു? ഭവിതവ്യതതന്നെ–
യിന്നാരു തടുക്കുന്നു? വന്നീടും വരേണ്ടവ.

ജ്ഞാനമങ്ങനെതന്നെ ഭവിച്ചു! സിദ്ധാർത്ഥനു
മാനസതാരിൽ മറ്റു ജനത്തിൻ സുഖസ്ഥിതി,

ഉള്ളപോലറിവാനും ജീവിതപ്പുഴയുപ്പു–
വെള്ളമോ മധുവൊഴുക്കോയെന്നു തിരിപ്പാനും

പിന്നെയുമ്മോഹമേറിവരികമൂലം വീണ്ടും
തന്നുടെ പിതാവോടു ഭഗവാനർത്ഥിച്ചിതു:

‘‘ഇപ്പുരവാസികളെയുള്ളപോലൊന്നു കാണ്മാൻ
മൽപ്രിയതാത! മനക്കാമ്പിലുണ്ടനിക്കാശ

അന്നു നിന്തിരുവടിയുൾഭൃത്യങ്ങളി–
ലൊന്നുമെൻ ദൃഷ്ടിപഥമെത്തായ്വാൻ സൂക്ഷിച്ചതാം
എന്നു തോന്നീടും നീളേ ജനങ്ങളെന്നെ നോക്കി
നിന്ന ഭംഗിയുമാഡംബരവും നിനയ്ക്കുമ്പോഴും.

എന്നാലുമറിയാതെയിന്നീലമ്മോടികൾ–
ക്കെന്നുമുള്ളവസ്ഥകളില്ലെന്നു നൃപതേ! ഞാൻ

Digitized By Kerala Sahitya Akademi

സന്ദേഹമേതും വേണ്ട നിന്തിരുവടിയുടെ
നന്ദനൻ രാജ്യാഹ്നായുള്ളതുമിവനല്ലോ;

മന്നവന്മാരല്ലാത്ത ഭരണീയന്മാരുടെ
ഭിന്നമാം സ്ഥിതികളുമാചാരഭേദങ്ങളും

വീടുകടം വെവ്വേറായ വൃത്തികളിത്യാദിയും
നാടുവാഴുവോനുള്ളപോലറിയേണ്ടതല്ലോ.

ആകയാലനുജ്ഞ നല്കുക ഞാൻ പുരം കണ്ടു
വൈകാതെ വന്നീടുവനാരുമേയറിയാതെ.

കില്ലില്ല ജനതതൻ സുഖജീവിതം കണ്ടു
നല്ല സംതൃപ്തിയുണ്ടാമെനിക്കു മനക്കാമ്പിൽ;

അല്ലെങ്കിൽ ദുഃഖങ്ങൾ കണ്ടേറെ ഞാൻ ഖേദിക്കിലു-
മെല്ലാമെൻ വിജ്ഞാനത്തെ വർദ്ധിപ്പിച്ചീടുമല്ലോ.

അനുയായികളോടും നാളെ മദ്ധ്യാഹ്നത്തിങ്ക-
ലനുഘാത്മാവേ! പോയി നഗരം കാണട്ടെ ഞാൻ.''

മന്നവനതു കേട്ടു മന്ത്രിമാരോടു ചൊന്നാ-
''നന്നതാശയന്മാരേയെന്തുരചെയ്‌വൂ നിങ്ങൾ

പിന്നെയും കൊതിക്കുന്ന നന്ദനൻ പുരം കാണ്മാൻ;
മുന്നമുണ്ടായോരനർത്ഥങ്ങളോർത്തെനിക്കുള്ളിൽ

സമ്മതിക്കുവാൻ ദണ്ഡം തോന്നുന്നിതൊരുവേള
നന്മതാൻ കുമാരകനിക്കുറി വന്നെന്നുമാം.

കാട്ടുപുള്ളിനെപ്പൊട്ടന്നനവേ പിടിച്ചൊരു
കൂട്ടിലാക്കിയാലതു കിടന്നു പിടയ്ക്കുന്നു;

കോട്ടമെന്നിയേ പുറത്തിറക്കിപ്പഴക്കിയാൽ
കാട്ടുമാറില്ല പരിഭ്രമങ്ങളൊന്നും പിന്നെ.

അതുകൊണ്ടനുമതി നല്കുകയല്ലീ നല്ല
സുതനെയയയ്ക്കുവാൻ നിങ്ങളും കഥിക്കുകിൽ.''

''കാണട്ടെ കുമാരകൻ കാണേണ്ടതെല്ലാമെന്നാൽ
വേണം കൂടവേ ചില ദൂതരും യാത്രയതിൽ.

അതിസാമർത്ഥ്യമുള്ളോരായിരിക്കണമവർ
മതിയിൽ കുമാരനു വല്ല മാറവും കണ്ടാൽ

അതു തൽക്ഷണം സൂക്ഷിച്ചറിഞ്ഞു വന്നു നമ്മോ-
ടതുപോലുരയ്ക്കുണമൊക്കെയുമപ്പോളപ്പോഴും.''

Digitized By Kerala Sahitya Akademi

എന്നോതി മന്ത്രിമാരും സമ്മതിക്കയാൽ നൃപൻ
നന്ദനനത്ഥിച്ചപോലനുജ്ഞ നല്കീടിനാൻ:

പിറേന്നാൾ മദ്ധ്യാഹ്നത്തിൽ ഛന്ദനോടൊത്തു പുരി–
ച്ചുറ്റിക്കാണുവാൻ പുറപ്പെട്ടിതു ഭഗവാനും.

ചെട്ടിവേഷംപൂണ്ടിതപ്പൂജ്യനാം തിരുവടി
കെട്ടിനാൻ ലേഖകന്റെ വേഷവുമുടൻ ഛന്ദനും
വട്ടമീവണ്ണമായിത്തങ്ങളെയാരും കണ്ടു–
മുട്ടിയാൽപ്പോലുമറിഞ്ഞീടാതെ നടന്നവർ

കല്പന ലഭിക്കയാൽ കാവൽനിന്നീടും ഭട–
രപ്പൊഴേ തുറന്നുള്ള കോട്ടവാതിലിലൂടെ

വാഹനാദികളൊന്നും കൂടാതെ പരിഷ്കാര–
സാഹസമേലാത്തൊരാ വഴിയേ പോയീടിനാർ;

കൂടിനാരവർ പല ജനങ്ങളോടും വഴി–
ക്കാടലും സുഖങ്ങളുമോരോന്നു കണ്ടുകണ്ടു

പരക്കെ നാനാവണ്ണവസ്തുക്കളും പൂണ്ടു തിക്കി–
ത്തിരക്കി ജനമാന്ന തെരുവിലെത്തീടിനാർ.

നിരവേ ചന്ത്രംപടിഞ്ഞങ്ങിങ്ങു കച്ചോടക്കാ–
രിരുന്ന ധാന്യവ്യഞ്ജനാദികളും വില്ക്കുന്നതും,

കൊള്ളുവാൻ വരുന്നവർ വിലപേശീടുന്നതും,
കള്ളവുമസഭ്യവുമന്യോന്യമുരപ്പതും,

മടിശ്ശീലകളഴിക്കുന്നതും പണമെണ്ണി–
ക്കൊടുത്തു ചരക്കുകളേറുവാങ്ങീടുന്നതും

മാറിപ്പോകെന്നു വിളിക്കൂട്ടിക്കൊണ്ടുടൻ ഭാരം
പേറിക്കല്ലുരുളാന്ന വണ്ടികളെത്തുന്നതും,

വല്ലവണ്ണവും ഞെക്കിഞെരുക്കിയതുകളെ
മെല്ലെമെല്ലെക്കാളകം വലിച്ചു പോകുന്നതും,

പല്ലക്കിൽ പ്രഭുക്കളെയെടുത്തു വാഹകന്മാർ
നല്ല പാട്ടുകൾ പാടി വന്നണഞ്ഞീടുന്നതും,

വല്ലാത്ത വെയിലേറ്റു വിയർത്തു ഭാരമേന്തി–
ക്കല്യരാം ചുമട്ടുകാർ കുഴ്ഞ്ഞിച്ചു തിരിവതും,

അടുത്ത കിണറ്റിൽനിന്നൊരു കുംഭത്തിൽ ജല–
മെടുത്തു തലയിൽവച്ചൊരു കൈകൊണ്ടു താങ്ങി

Digitized By Kerala Sahitya Akademi

ഝടിതി മറേറക്കയ്യാൽ കട്ടിയെപ്പാശ്വത്തേററി–
പ്പിടിച്ചും നടന്നേറെയമ്മമാർ പോകുന്നതും,

പലഹാരങ്ങാം വില്പാൻവച്ചിട്ടങ്ങവയ്ക്കുമേൽ
സ്ഥലമില്ലാതെ പറന്നീച്ചകാം ചൂഴുന്നതും,

ചാലിയർ തുണികാം നെയ്യുന്നതും, ചിലർ വില്ലിൽ
ചാലവേയിട്ട പഞ്ഞിയടിച്ചു തെളിപ്പതും,

പട്ടികളെച്ചിൽ കിട്ടാൻ കടിപ്പുട്ടീടുന്നതും,
ചട്ട കാരിരുമ്പുകാം കൊല്ലന്മാരടിപ്പതും,

ചുററിയൽ കൊറടിവ കൈക്കൊണ്ടങ്ങിരുമ്പുന്തൂൽ–
ചട്ടകാം പോരാളികരുക്കായ് ചിലർ ചമപ്പതും,

കുട്ടികളെഴുത്തുപള്ളികളിൽ ഗുരുമുമ്പിൽ
വട്ടമിട്ടിരുന്നടനുറക്കെ വായിപ്പതും,

ചട്ടറ വസ്ത്രം പലനിറത്തിൽ ചായം മുക്കി
കെട്ടീടുന്നതും ചിലർ വെയിലത്തങ്ങിങ്ങായി,

ചട്ടയിട്ടൊലിപൂണ്ട വാത്രം പരിശ്രകളേന്തി–
പ്പട്ടാളം ദ്രുതം വഴിപകൻപോകുന്നതും,

ഒട്ടകനിര നടക്കുന്നതും, തന്നായക–
രൊട്ടാടിയിരിപ്പതും മുതുകിൻമുഴകാംമേൽ,

ബുദ്ധിയിലഭിമാനമേറീടും ബ്രാഹ്മണരും
യുദ്ധത്തിൽ നിപുണരാം ക്ഷത്രിയവീരന്മാരും

എത്രയും താണ വിടുപണികാംകൊണ്ടുതന്നെ
വൃത്തികാം കഴിക്കുന്ന ശൂദ്രരും ജീവിപ്പതും,

ഓരോന്നുമിതുപോലെ പാത്തു പോകുമ്പോളൊട്ടു–
ദൂരത്തിലവർ കണ്ടാരങ്ങൊരു ജനക്കൂട്ടം.

അതിന്റെ മദ്ധ്യത്തൊരു പാമ്പാട്ടിയിരിക്കുന്നി–
തതികൗതുകംകണ്ടുണ്ടെല്ലാരും നോക്കീടുന്നു.

പല മോടിവാക്കുകാം പുലമ്പീടുന്നിതവൻ
വിലസും മണിവളപോലെ നാഗത്തെക്കയ്യിൽ

ചിലനേരത്തു ചുററിക്കെട്ടുവാനയയ്ക്കുന്നു
ചിലപ്പോഴാം പടംവിതുത്താടുവാൻ വിട്ടീടുന്നു

ഹാ! ശിവ! ശിവ! കോപിപ്പിച്ചു പിന്നവൻ കാല–
പാശംപോൽ ഭയങ്കരമൂർത്തിയാമപ്പാമ്പിനെ

Digitized By Kerala Sahitya Akademi

ആത്ര ചീറിച്ചു കൊത്തിക്കുന്നിതു പലവട്ടം
പാശ്രിമാലകൾ കെട്ടിയുള്ള തൻ ചുരയോട്ടിൽ.

അതിനപ്പുറം ജനാവലിയൊന്നവർ തകിൽ
മൃദംഗം കുഴൽ കൊമ്പുതൊട്ട വാദ്യങ്ങളോടും
അതിമോടിയിൽ ചില ചിത്രമാം വിരിപ്പാന്ന
കുതിരക്കുട്ടത്തോടും പട്ടുമേല്പുട്ടിയോടും
ഉദിതകോലാഹലം വീട്ടിലേക്കുടൻ വേട്ട
വധുവെക്കൊണ്ടുവരാൻ പോകുന്ന യാത്ര കണ്ടാർ.

വേറൊരു ദിക്കിലൊരു സതിയാം പുഷ്പങ്ങളും
കുറോട്ട നിവേദ്യത്തിനപ്പവും കയ്യിലേന്തി
കോവിലിൽപ്പോകുന്നതും കണ്ടിതേ—അത്ഥിച്ചീടാം
ദേവനോടവൾ കച്ചോടത്തിനു വിദേശത്തിൽ
പോയ വല്ലഭൻ ശീഘ്രം മടങ്ങിവരുവാനോ
ദായാദനായി മേലൊരാൺകുട്ടി ജനിപ്പാനോ.

ചന്തക്കുടീടും ചെറുകുടിലിൻനിരകൾത-
ന്നന്തികത്തിങ്കൽ പിന്നെയപ്പുറത്തൊരുദിക്കിൽ
പന്തിയിലിരുന്നുടൻ കന്നാന്മാർ പലവിധം
ചന്തമേറും പാത്രങ്ങൾ വിളക്കു കിണ്ടികളും
ഒച്ചക്കുടമാറടിച്ചോട്ടകൾകൊണ്ടും നല്ല
പിച്ചളകൊണ്ടുമുണ്ടാക്കുന്നതും കണ്ടീടിനാർ.

അവിടെനിന്നു ദേവാലയഗോപുരത്തിന്റെ
സവിധത്തുടെ നടന്നപ്പുറം പോയാരവർ:
നഗരസീമയിലെക്കോട്ടയും നദിതാനും
ഭഗവാൻ ചരന്ദനോടൊത്തങ്ങു പാലവും കണ്ടാൻ.

ഇക്കണ്ടതെല്ലാംകടന്നാവഴി പോകുമ്പോഴ—
ങ്ങുംകാമ്പു കലക്കുമൊരാർത്തനാദം കേൾക്കായി
അന്നടക്കാവിന്നരികത്തുനി''ന്നയ്യോയെന്നെ—
യൊന്നുതാങ്ങണേ! താങ്ങിക്കൊള്ളണേ! മാലോകരേ!
വീഴുമേയല്ലെങ്കിൽ ഞാനയ്യോ! വീടെത്തുംമുമ്പേ
പാഴിലിങ്ങുതാൻ വീണെൻ പ്രാണങ്ങൾ പോയീടുമേ.''

ഇത്തരമപ്പുലമ്പൽ കേൾക്കുന്ന ദിക്കിൽത്തന്നെ
സിദ്ധാർത്ഥനുടെ കനിവാൻ കണ്ണുടനെത്തി.

Digitized By Kerala Sahitya Akademi

അവിടെയൊരു മഹാമാരിയാക്രമിച്ചോരാ-
വിവശനായ്പ്പാരം വിറച്ചു വീണടിഞ്ഞു

പൊടിയിലുരുളുന്ന പഴുത്ത കരുവാളി-
ച്ചുടലിൽ നിറഞ്ഞുള്ള കരുക്കളോടും കഷ്ടം!

ഇടരുന്നേരത്തണഞ്ഞവന്റെ നെറുകയിൽ
പൊടിയുന്നിതു പാരം വിയർപ്പുനീർത്തുള്ളികളും

വല്ലാതെ കോട്ടിവലിച്ചേറവും വിരൂപമായ്
പല്ലിളിച്ചിരിക്കുന്ന വദനം വേദനയാൽ.

പുണ്ണുകൊണ്ടുള്ളിലേറും വ്യഥയാം വൻപുഴയിൽ,
കണ്ണുകൾ കരകാണാതുഴന്നു നീന്തീടുന്നു

അല്ലലാൽ വാപൊളിച്ചു നെടുവീർപ്പിട്ടങ്ങുള്ള
പുല്ലുകൾ തപ്പിപ്പിടിക്കുന്നിതൊന്നെഴുനേല്പാൻ

തെല്ലുവൻ പൊങ്ങി വീണ്ടും താഴ്ത്തു വീഴുന്ന കെ-
ല്പില്ലാതെ കിടുകിടെയംഗങ്ങൾ വിറയ്ക്കുയാൽ

''അയ്യയ്യോ! തുണയ്ക്കുവിനൻപേലും ജനങ്ങളേ!
വയ്യേ! നോവിതു പൊറുപ്പാനെ''ന്നു പുലമ്പുന്നു

ആയഴകുരൽ ചെവികൊണ്ടു മിന്നൽപോൽ പാഞ്ഞു:
പോയതും, മഹാഭാഗനവനെക്കണായാം

പീയൂഷമോലും കരമലരാൽ താങ്ങിയതു-
മായാസമകലുമാറങ്കത്തിലണച്ചതും

നൊടിയിൽക്കഴിഞ്ഞു; പിന്നവനാശ്വസിക്കവേ
കടവാർമിഴികളാൽ കനിഞ്ഞു നോക്കി ദേവൻ

''സോദരാ! പറക നിൻ പീഡയെന്തിവണ്ണം നീ
ഖേദിപ്പതെന്തു കഴിയാത്തതെന്തെഴുന്നേല്പാൻ?''

കാതരനായിങ്ങനെ ചോദിച്ചു പിന്നെ കൃപാ-
മേദുരാപാംഗൻ, ഛന്ദൻതന്നോടു തിരിഞ്ഞോതി:

''എന്തു സാരഥേയിവനിങ്ങനെ തേങ്ങീടുന്ന-
തെന്തു കേഴുന്നതാസ്യം പൊളിച്ചു മൊഴി വിങ്ങി.

സന്താപം തോന്നീടുമാറെന്തിവനേങ്ങുന്നതു-
മെന്തെടോ സഖേ! നെടുവീർപ്പുകളിടുന്നതും?''

ഛന്ദനുമതു കേട്ടു ചൊല്ലിനാൻ: ''മഹാരാജ-
നന്ദനാ! ഘോർമഹാവ്യാധിപീഡിതനിവൻ;

Digitized By Kerala Sahitya Akademi

ദേഹധാതുക്കൾ വികൃതങ്ങളായ് തീർന്ന രക്ത–
വാഹിനികളാം നാഡികൾക്കുള്ളിലിവനിപ്പോൾ,

തിളച്ച ചാടിച്ചോരയൊഴുക്കു വികടമായ്
കളിപ്പൂ പുഴ കരതകർത്തു പായുംപോലെ,

അതുമല്ലിവനുടെ ഹൃദയംതാനും, താള–
സ്ഥിതികൾ തെറ്റിയടിക്കുന്ന മദ്ദളംപോലെ

സ്ഥൂടമാം ക്രമംതെറ്റി സ്പന്ദിപ്പു സ്വയമിപ്പോൾ
ഝടിതി ശീഘ്രമായുമുടനേ മന്ദമായും,

അഴിഞ്ഞ വില്ലിൻഞാണുപോലെയായ് ഞരമ്പെല്ലാം
കുഴങ്ങിയയഞ്ഞുംപോയിവന്റെ ശരീരത്തിൽ

മുഴുകാൽ തുട കഴുത്തെന്നിവയൊന്നും തീരെ
വഴങ്ങാതായുംതീർന്ന ശക്തികൾ പൊയ്പ്പോകയാൽ;

പറയുന്നെന്തിനേറെയിശ്ശരീരത്തിൽനിന്നു
പറന്നുകളഞ്ഞുതാൻ ഭംഗിയും ചൈതന്യവും

രോഗിയാമിവനഴലാറിക്കൊള്ളുവാൻ മഹാ–
ഭാഗ, തുക്കൺപാർക്കുക പെടുന്നപാടിതെല്ലാം;

തുടുത്തു കലങ്ങിയ കണ്ണുകൾ ചുഴറ്റുന്നു;
പിടിച്ചു കറകറ ദന്തങ്ങൾ കടിക്കുന്നു;

കടുത്ത പുക കുടിക്കുന്നപോൽ വീർപ്പുമുട്ടി–
യിടറിക്ഷണിച്ചു നിശ്വസിക്കുന്ന ശ്വാസം.

മരിക്കുമിപ്പോളിവനതിനു മുമ്പുതന്നെ
വിരഞ്ഞു ചലിക്കുമിന്നാഡികൾ നിന്നുപോകും.

ഞെരിഞ്ഞു ഞരമ്പുകൾ നുറുങ്ങും കദനത്താ–
ലറിയാതാകുമെല്ലിൻ കഴപ്പും വേദനയും

ഇമ്മട്ടു ബോധംകെട്ട ചാകുമിദ്ദേഹം വെടി–
ഞ്ഞിമ്മഹാമാരി പൂകും മറൊരു ശരീരത്തിൽ

ആകയാലങ്ങു നൃപനന്ദന, തൊട്ടീടരു–
തീ കടുംവ്യാധിയാർന്ന മർത്യനെ മഹാത്മാവേ!

വിടുക വിടുകയീ രോഗിയെ മെയ്യിൽച്ചേർത്തു
പിടിച്ചീടൊല്ലായിതു പകരും വ്യാധിയല്ലോ.

പിടിപെട്ടീടാമിതു നിന്തിരുമേനിക്കുമേ–
യ്തടലിനുണ്ടോ ഭേദം; രോഗങ്ങളാക്കുമുണ്ടാം.''

Digitized By Kerala Sahitya Akademi

അതു കേട്ടടൻ കൊച്ചുതമ്പുരാനാ രോഗിയെ–
സ്സദയം വീണ്ടും തഴുകിക്കൊണ്ടു ചോദിച്ചിതു:

''ഇതുപോലുള്ള രോഗാതുരന്മാരുണ്ടോ വേറെ
അധികംപേക്ഷീ വ്യാധി വരുമാറുണ്ടോ സൂതാ!

എനിക്കും രോഗബാധ വരുമോ വന്നീടിലെൻ–
തനുവിലീ കൈവല്യമൊക്കെയുമുണ്ടാകുമോ?''

പറഞ്ഞാനടൻ ചന്ദൻ: ''വ്യാധികളും ജീവികൾക്കു
വരുന്ന പലമട്ടായെല്ലാക്കും മഹാമതേ!

ഇല്ലാരുമുടലെടുത്തവരിലെന്നെങ്കിലും
വല്ല രോഗവും വരാതുള്ളവരറിഞ്ഞാലും

ചിലക്കുണ്ടാകും ചിത്താധിജമാം വ്യാധി, മറു
ചിലക്കു ശരീരത്തിൽ മുറിവേറ്റിട്ടുണ്ടാം രോഗം

ചുട്ടിതൊട്ടുള്ളോരസ്വാസ്ഥ്യങ്ങളും ചക്രരോഗങ്ങ–
ളുട്ടിതാദികളായ വാതങ്ങളും പലതരം

കഷ്ടതയേലും ജ്വരഭേദങ്ങളും പിടകകളും
കൃഷ്ണങ്ങളും മസൂരിക ഘോരമാം വിഷൂചിക

ഇത്തരം പല മഹാരോഗങ്ങളുണ്ടൊക്കെ
മർത്യദേഹങ്ങളും വിളഭ്രമിയാണിവയ്ക്കെല്ലാം
കാരണമുണ്ടാകുമ്പോളുണ്ടാകുമവയ്ക്കുപി–
ന്നാരുടെ ദേഹമെന്നില്ലേതു ദിക്കിലെന്നില്ല.''

''മുന്നറിവേതുമെന്യേയുടലിൽപ്പൊട്ടുന്നനേ
വന്ന രോഗങ്ങളാക്രമിക്കയോ ന്യായം സൂതാ!''

എന്ന കാരുണ്യമൂർത്തി ഭഗവാൻ കാതരനായ്
പിന്നെയും ചോദിച്ചിതു; ചൊല്ലിനാൻ ചന്ദൻ വീണ്ടും:

''ചിലപ്പോളം ജനങ്ങളെ ബാധിച്ചീടുന്ന വിഭോ!
വിലംവിട്ടടുത്തുള്ള വഴിവക്കത്തു വന്ന

താന്തമായ് ചുറ്റിക്കിടന്നോരാതെ ചവിട്ടുന്ന
പാന്ഥരെക്കടിക്കും വൻപാമ്പുപോലീ രോഗങ്ങളും;

ചിലപ്പോളിവ കാട്ടുവഴിയിൽ വള്ളിക്കെട്ടിൽ
ചലനമില്ലാതെ നിശ്ശബ്ദമായ് ചതിവായി

പതുങ്ങിക്കിടന്നിട്ടു വഴിപോക്കന്റെ മുമ്പിൽ
കുതിച്ചുവീഴും ക്രൂരൻപുലിപോൽ വന്നെത്തുന്നു;

Digitized By Kerala Sahitya Akademi

ചിലപ്പോളിടിവാളുകണക്കെച്ചീളെന്നെത്തി
ചിലരെക്കൊന്നീടുന്നു ചിലരെ വിട്ടീടുന്നു;

യദൃച്ഛയായും സ്വയം ഹേതുമത്തായുമോരോ
ഗദങ്ങളീവണ്ണമുണ്ടാകുന്നു മഹാപ്രഭോ!''

അപ്പോഴം മാനവക്കൊരു നിമിഷം പേടി വെടി-
ഞ്ഞിപ്പാരിലിരിക്കുക സാദ്ധ്യമല്ലല്ലോ സൂതാ!

രാത്രിയിൽ സുഖമായിന്നുറങ്ങി വീണ്ടും നാളെ
മാത്താണ്ഡോദയത്തിൽ ഞാനുണരുമെന്നൊരാൾക്കും

അഹഹ! പറവാൻ പാടില്ലല്ലോയെന്നാൻ ദേവൻ;
വഹിയാ താനതൊന്നുമെന്നുടൻ ചൊന്നാൻ സൂതൻ.

എന്നാലീ യദൃച്ഛയായ് വന്നെത്തും വിപത്തുക-
ളൊന്നൊഴിയാതെ സഹിച്ചെഴുമിജ്ജീവിതത്തിൻ

അന്ത്യമാം ഫലം രോഗപീഡയും വാർദ്ധക്യവു-
മന്തമില്ലാത്ത മഹാനൈരാശ്യമിത്രംതാനോ?

എന്നു പിന്നെയും ദേവൻ ചോദിച്ചാനത്ര ചിരം
മന്നിൽ ജീവിക്കിരിൽ ഫലമിവതാനെന്നാൻ ചരന്ദൻ.

അല്ലലും വേദനയുമേറിയാൽ പൊറുപ്പാൻ കെ-
ല്പില്ലാതോരുണ്ടാമവ സഹിപ്പാൻ മനമെന്യേ
വല്ല മറുപായവും ചിന്തിപ്പോരുണ്ടാം സഖേ!
അല്ലെങ്കിലെല്ലാം സഹിച്ചിമ്മനുഷ്യനെപ്പോലെ

വല്ലാത്ത രോഗാവിഷ്ടനായ് വെറും ജരാനാ-
യെല്ലും തോലുമായുടൻ ശോഷിച്ചു വിദ്രൂപനായ്

പിന്നെയും മൂത്തിരിക്കും മുത്തുവൃദ്ധന്മാരുണ്ടാം
ചൊന്നാലും ശരണമെന്തൊടുവിലിവക്കെല്ലാം.

വിരവിലിപ്രകാരം ചോദിക്കും സ്വാമിയോടു
മരണംതാനവക്കു ശരണമെന്നാൻ ചരന്ദൻ.

ഹന്ത ഹാ! മരണമോ ഗതിയെന്നുടൻ നാഥൻ
സന്താപവിവശനായാനുടൻ ചൊന്നാൻ സൂതൻ
എന്തുമാഗ്രഹത്തിലൂടെയാകിലുമെന്നാകിലും
ജന്തുക്കൾ മരണത്തിൽ ചെന്നടിഞ്ഞഴിയുന്നു
വൃദ്ധരായ് ചിരം ജീവിക്കുന്നതും ചിലരത്രേ-
യിദ്ധരിത്രിയിൽ ദാരിദ്ര്യാദി നാനാദുഃഖത്താൽ

Digitized By Kerala Sahitya Akademi

പീഡിതരാ,യകാലരോഗഗ്രസ്തരായ്, പാര–
മാടൽതേടുന്ന മിക്കവാറുംപേർ മഹാമതേ!

അവശരായിങ്ങനെ ജീവിച്ചു യഥാകാല–
മവശ്യം മരിച്ചുപോമൊടുവിലെല്ലാവരും.

ധ്രുവമാണിച്ചൊന്നതു! സത്യമാണെങ്ങോനിന്നു
ശവമൊന്നിതാ വരുന്നുണ്ടു തുക്കൺപാത്താലും.

ഇതു കേട്ടാ രോഗിയെ വിട്ടുടൻ മുഖാംബുജം
ദ്രുതമുന്നമിപ്പിച്ചു ഭഗവാൻ നോക്കീടുമ്പോൾ
പുഴവക്കിനെ ലാക്കാക്കീട്ടങ്ങു വേഗം നട–
ന്നഴതുകൊണ്ടു ജനക്കൂട്ടമൊന്നെത്തീടുന്നു

ചട്ടറ കനൽ കത്തിജ്ജ്വലിക്കുന്നൊരു പുത്തൻ–
ചട്ടി തുക്കിക്കൊണ്ടൊരാൾ നടക്കുന്നിതു മുമ്പേ

ചട്ടങ്ങാം കൂട്ടി മുള ചീന്തിവച്ചുചിതമായ്
കെട്ടിയുണ്ടാക്കീട്ടുള്ള ശവമഞ്ചം ചുമന്നു

പോവുന്ന ചിലരവക്ടെത്തുനിന്നുകൊണ്ടു
''ഗോവിന്ദ ഗോവിന്ദ ഗോവിന്ദേ''തി വിളിക്കൂട്ടി

ദുഃഖചിഹ്നങ്ങാം കൈക്കൊണ്ടൊറമുണ്ടുടുത്തേറെ
മുഖ്യരാം ബന്ധുക്കളും വഴിയേ ചെന്നീടുന്നു

മഞ്ചത്തിലയ്യോ! ചത്തു മരവിച്ചാരും കണ്ടാ–
ലഞ്ചുന്ന വികൃതമാം മുഖഭാവങ്ങളോടും

കാഴ്ചപോയടഞ്ഞുള്ള കണ്ണുകളോടും പാരം
താഴ്ചയാന്നെഴുന്നുള്ള താടിയെല്ലുകളോടും

മെലിഞ്ഞു നെഞ്ചു താണ വയറു കുഴിഞ്ഞു തോൽ–
വലിഞ്ഞു വാരിയെല്ലു നികഴ്ന്ന വിരൂപമായ്

ഗോഷ്ടിയിൽ കുറികളും പൂക്കളും ചാത്തിയൊരു
വേഷ്ടിയാൽ മൂടി വെളിക്കൊട്ട കാലുകാം നീട്ടി

പ്രേതമങ്ങനെ കിടക്കുന്നിതേ, ചുമക്കുവോർ
പാതകാം നാലുകൂട്ടും ദിക്കിൽ വന്നെത്തി വീണ്ടും
'ഗോവിന്ദ ഗോവിന്ദ'യെന്നുറക്കെ ഘോഷിച്ചുടൻ
സാവധാനമായ്ത്തലതിരിച്ചു തൽപ്രേതത്തെ

ചട്ടറ നദീപുളിനത്തിങ്കൽ കൊണ്ടുചെന്നു
പട്ടടക്കൂട്ടിയതിൽ കിടത്തീടിനാർ പിന്നെ

Digitized By Kerala Sahitya Akademi

ഒട്ടേറെ വിറകുകളനമെന്നിയേ ശവം
ചുട്ടുകൊള്ളുവാൻ ചിതമേലവരടുക്കിനാർ

ഹന്ത! പട്ടടയായ മെത്തമേൽ കിടന്നീയാ-
ളെന്തുസൗഖ്യമായുറങ്ങീടുന്ന നിദ്രപിച്ചാൽ

ആടൽതേടുവതില്ല ശീതവായുവിൽ മേനി
മൂടാതെ കിടക്കിലും ചെറുമേയിവനിപ്പോൾ

എന്തുകില്ലിന്നിദ്രയ്ക്കു ഭംഗവുമതേ!യിതാ-
കത്തിച്ചു ചിതയ്ക്കഗ്നി നാലുകോണിലുമിവർ.

ചെന്തളിർക്കുലപൂണ്ട ലതകൾപോലെ ചുറ്റി-
ച്ചന്തത്തിലഗ്നിജ്വാല പടർന്നുപിടിക്കുന്നു

ചുവന്ന നാവുപോലെ നീട്ടി ജ്വാലയെ വഹ്നി
ശവത്തെ നക്കി രുചിച്ചേറെമുല്ലസിക്കുന്നു.

ധൃതിയിൽ തോൽപൊളിച്ചു സന്ധികൾ പൊട്ടിച്ചാത്തു
ചതകൾ തിന്നു ചീറിദ്ധൂമമുദ്വമിക്കുന്നു.

താന്തനായ് ഭ്രമംതുള്ളിയമർന്ന കോലരംപോൽ
ശാന്തിതേടുന്ന തനിയേയഗ്നി മന്ദം മന്ദം

ജ്വാലകൾ താണു കനൽക്കട്ടകൾ നീറിത്തീർന്നു
ലോലമാം പുകയും നിന്നൊന്നല്ലതെല്ലാം പോയി
കൊള്ളിയും കെട്ട കുഞ്ഞാമ്പലുമങ്ങങ്ങോരോ
വെള്ളെല്ലുമുമായൊക്കെശ്ശ്രേഷ്ഠിച്ചു ശിവ! ശിവ!

ശിഷ്ടനായേറ്റം ശ്രീമാനാകിലും നരനിങ്ങു
ശിഷ്ടമായ് കാണ്മതിത്രമാത്രമാകുന്നുവല്ലോ!

ഭഗവാനിതൊക്കെയും സൂക്ഷിച്ചു കണ്ടു വീണ്ടു-
മകതാരടങ്ങാതെയപ്പൊട്ടം ചോദിച്ചിതു:

''ക്ഷിതിയിലിപ്പോൾ ജീവിച്ചിരിപ്പോക്കെല്ലാവർക്കു-
മിതുതാൻ പരിണാമമായ് വരുമെന്നോ ചന്ദാ!''

അതുകേട്ടുടൻ സൂതൻ പിന്നെയും ചൊന്നാൻ: ''അതേ-
യിതുതാൻ പരിണാമമേവർക്കും നൃപാത്മജ!
വെന്തൊരിപ്രേതത്തിൽനിന്നൊന്നുമേ തിന്മാൻ കിട്ടാ-
തന്തികമെത്തിക്കാക്ക പറന്നുപോവു കാൺക.

ഏതുയോ തടിച്ചു വാച്ചിരുന്നോരുടലാണി-
തെന്നുയാസപ്പെടിച്ചിതു ഭോജ്യപാനീയങ്ങളെ

Digitized By Kerala Sahitya Akademi

എത്രയുല്ലാസമാൻ ചിരിച്ചു രസിച്ചതി–
ങ്ങെത്രനാഥം രമണിയെ സ്നേഹിച്ചു ലാളിച്ചിതു

എത്ര ദീർഘമായിതു ജീവിച്ചു സുഖമായ് മേ–
ലെത്രനാഥം ജീവിക്കുവാനാഗ്രഹിച്ചിരുന്നിതു

നോക്കുക! ആക്കാറിയാവതല്ലായുസ്സിന്റെ
പോക്കുകഥം, ജീവിതത്തെ വിശ്വസിക്കാവതല്ല

കാട്ടുകാട്ടോറു മരം പൊട്ടി മേൽ വീണീടിലാം
നോട്ടമില്ലാതെ കല്ലിൽ കാൽതട്ടി മറികിലാം

നഞ്ചുപെട്ടോരു കളത്തിൽ ചെന്നു മുഴുകിലാ–
മഞ്ചുമാറൊരു പാമ്പു തെല്ലൊന്നു ദംശിക്കിലാം

അത്തരമൊന്നുമല്ലെന്നാലരച്ചാണില്ലാത്ത
കത്തിതൻ മുനയേല്പിച്ചെങ്കിലാം കോപിച്ചൊരാൾ

ഉള്ളിലാശ്വാസമോടു രമിക്കും തീനിൽപ്പെട്ട
മുള്ളതൻ കണുത്തിങ്കലെങ്ങാനും തച്ചീടിലാം

അല്ലെങ്കിൽ വിശ്വാസമായ് വീടുപൂകുമ്പോളോട്ടിൻ–
ചില്ലുത്തരമേൽനിന്നു തലയിൽ വീണീടിലാം

അപ്പൊഴേ കൂടുവിട്ടു പറന്നകളയുന്നു
ക്ഷിപ്രപ്രാണൻ; ഛിദ്രം വല്ലതായാലും മതി.

പിന്നെയിദ്ദേഹി വെറും പ്രേതമായ്ത്തീരുമൊന്നും
തിന്നില്ല പിന്നെപ്പൈയും ദാഹവുമവനില്ല.

സുഖവുമില്ല ദുഃഖജാലങ്ങളൊന്നുമില്ല
വിഗതപ്രാണനാകുമവനു നൃപാത്മജ!

അഞ്ചിതമാമവന്റെ മുഖചന്ദ്രൻ തുവിയ
പുഞ്ചിരിപ്പുതുനിലാവസ്തമിച്ചെങ്ങോ പോയി

പഞ്ചാര തോല്പ്പുംമൊഴി കാന്തയാളുരത്തിൽ
കൊഞ്ചിയപ്പിച്ച ചുംബനങ്ങളും വൃഥാവായി

എന്തിനു പറയുന്നു കത്തികൊളുന്ന കടും–
ചെന്തീയിൽ ശയിക്കിലും ചുടറിയുന്നീലവൻ

തന്നുടെ മാംസംതന്നെ കരിഞ്ഞ ദുർഗ്ഗന്ധമി–
ന്നുന്നചേതനനുടെ മൂക്കറിവീല തെല്പും

ബന്ധുക്കളെന്നാൽ നല്ല ചന്ദനമകിൽതൊട്ട
ഗന്ധദ്രവ്യങ്ങളാൽതാൻ ചുടുന്ന തൽപ്രേതത്തെ

Digitized By Kerala Sahitya Akademi

ഇവന്റെ നാവിൽനിന്നു പോയിതു രസജ്ഞാനം
ചെവിയുമടഞ്ഞുപോയ് കേൾക്കയില്ലിനിയൊന്നും

മുഖത്തു വിളക്കുപോൽ ശോഭിച്ച കണ്ണിരണ്ടും
വികലമായിക്കാഴ്ചപോയ് വെറുമന്ധമായി.

സ്നേഹമുള്ളവർ ചുറ്റും വന്നിവനടൻ ചത്ത–
ദേഹത്തെ നോക്കി നിലവിളിച്ചു കേണീടുന്നു

ദാഹമോ ഖനനമോ ചെയ്തു ബന്ധുക്കളിപ്പോ–
ളാഹന്ത! നശിപ്പിക്കുമതിനെയല്ലെന്നാകിൽ

പാരിതിൽ കിടന്നു ചീഞ്ഞഴിഞ്ഞു പുഴുക്കൾക്കു
ഘോരസദ്യയായ്ത്തീരുമുടലെന്നോർക്കയാലെ

ഇതുതാനല്ലോ ഗതി ജീവികൾക്കെല്ലാവർക്കു–
മിതിലില്ലോർക്കിൽ വ്യത്യസ്തതയിങ്ങൊരാൾക്കുമേ

കേമനും നിസ്സാരനുമെന്ന ഭേദവുമില്ല
പാമരനെന്നുമില്ല പണ്ഡിതനെന്നുമില്ല

ഉൽകൃഷ്ടനെന്നില്ലേറെ നികൃഷ്ടനെന്നുമില്ല
ചൊൽക്കൊണ്ട ധർമ്മിഷ്ഠനെന്നില്ല ദുഷ്ടനെന്നില്ല

ഏവനും ജീവിച്ചു ചത്തിങ്ങനെയഴിയുന്നു
കേവലം സാധാരണമാണിതെന്നല്ല പിന്നെ

ചത്തവർ ജനിക്കുമെന്നോതുന്നു നിഗമങ്ങൾ
സത്യമാക്കിയാവൂ വാസ്തവമാണതെങ്കിൽ

പിന്നെയുമിവനേതു ദിക്കിലെങ്കിലും സ്വയം
ചെന്നൊരു ജനനീഗർഭത്തിങ്കൽ ശയിക്കണം

പിന്നെയും ജനിക്കണം വളർന്നു ദുഃഖങ്ങളെ–
പ്പിന്നെയും സഹിക്കണമെന്നല്ല രോഗാദിയാൽ

പിന്നെയും മരിച്ചിതുപോലെതാൻ കാളും ചിതാ–
വഹ്നിയിൽ വെന്തു വെണ്ണീറാകണം വീണ്ടും വീണ്ടും.

ഇങ്ങനെ തിരിയുന്ന സംസാരചക്രത്തിങ്കൽ
മംഗലമതേ! ചുഴലുന്ന ദേഹികളെന്നും.''

ഭവ്യനാം കുമാരകനിതുകേട്ടഴന്നു തൻ–
ദിവ്യാശ്രുധാരയാൽ തുടുത്ത തൃക്കണ്ണുകൾ

അന്തരീക്ഷത്തിലേക്കു പൊക്കിക്കൊണ്ടൊട്ടുനേര–
മന്തരാ കൃപാകുലനായിരുന്നതിനാൽ

Digitized By Kerala Sahitya Akademi

പിന്നെയുമവനിയെ നോക്കിനാൻ തിരുവടി
പിന്നെയുമാകാശത്തെത്തുക്കൺപാത്തരുളിനാൻ

ദേവമാനുഷലോകങ്ങൾക്കു തങ്ങളിലുള്ള
ഭാവബന്ധത്തെപ്പററിയറിഞ്ഞു മറന്നതായ്

വല്ലതുമോമ്മിക്കയായിരിക്കാം മഹാഭാഗൻ
നല്ലതു ലോകങ്ങൾക്കു വരുവാൻ നിദാനമായ്

വല്ലതും കണ്ടിട്ടുണ്ടാം ബുദ്ധിയിലതു തെളി–
ഞ്ഞില്ലെന്നാകിലുമറിയുന്നുണ്ടാമകക്കാമ്പിൽ.

ഉടനുന്നമിതമായുള്ളൊരമ്മുഖാബ്ജത്തിൽ
സ്ഫുടിതപ്രേമോജ്ജ്വലശോഭയൊന്നേറിക്കണ്ടു

ഏകാന്തമായോരാശാബന്ധസൂചകമായി
ലോകാതിശായിയായ ദീപ്തിയിൽ ചുഴ്ന്ന മുഖം.

അദ്ഭുതചരിത്രനഗ്രൗതമൻ തിരുവടി
സുസ്ഫുടാക്ഷരമുടനിങ്ങനെ വിളിച്ചോതി:

''അല്ലയോ ദുഃഖാബ്ധിയിലാഴും ലോകമേ! സ്വയം
വല്ലാത്ത ജനിമൃതിവലയിൽ പെട്ട നിത്യം

അല്ലലാന്നെന്നെപ്പോലെയുഴന്ന രക്ഷാമാർഗ്ഗ–
മില്ലാതെ കേഴും ജ്ഞാതാജ്ഞാതരാമാത്മാക്കളേ!

ഹന്ത! ഞാൻ കണ്ടിതിപ്പോഴം മർത്യജീവിതമാക–
മന്തമില്ലാത്ത തീവ്രവേദനയുടെ ദൈർഘ്യം

ചിന്തയിലെന്നല്ലിങ്ങുള്ളോരോരോ സുഖം വെറു–
മന്തശ്ശൂന്യമാം നിഴലാണെന്നുമറിഞ്ഞു ഞാൻ

അത്യന്തകാമ്യമായ ഭോഗവും ജീവിതത്തിൽ
നിത്യമല്ലാത്ത പരിഹാസ്യനാടകമല്ലോ

എന്തു യാതനയാണു പിന്നെ ദുസ്സഹമായ
സന്താപസന്തതികളഴിയിൽ നിരൂപിച്ചാൽ!

നല്ലൊരു സുഖങ്ങളന്തരിപ്പൂ ദുഃഖങ്ങളായ്
കല്യയൗവനമവസാനിപ്പൂ വാർദ്ധക്യമായ്

ചൊല്ലെഴും പ്രേമമിഷ്ടഭംഗത്തിൽ വിരമിപ്പൂ
എല്ലാക്കും മരണമായ് ജീവിതം കലാശിപ്പൂ

മരണംതാനും ഭാവിജന്മഹേതുക്കളാവൂ
പരമജ്ജന്മങ്ങളം സംസാരചക്രത്തിൽ വീണ്ടും

Digitized By Kerala Sahitya Akademi

മായാരൂപമാം സുഖം കാണിച്ചു നിത്യദുഃഖ–
ദായാദനാക്കി പ്രവർത്തിപ്പു ശരീരിയേ.

എന്നെയും മോഹിപ്പിച്ചു നൂനമിന്നായാലോക–
മന്യൂനസുഖമിതിലുണ്ടെന്നു നിനച്ചു ഞാൻ

ജീവിതം ശരത്പ്രഭാതത്തിങ്കൽ മധുരമായ്
സാവധാനമായ് പ്രവഹിക്കും തേൻപുഴയെന്നും

നിത്യമാണെന്നും കുതീടിനേൻ—എന്നാലതിൽ
തത്തിപ്പൊങ്ങീടുമോളമൊക്കെയും തുള്ളിച്ചാടി–

പ്പുത്തൻപൂന്നിരയാന്ന താഴ്വരകളിലൂടെ–
യെത്തുന്നു താഴെത്താഴെയേതുമൊന്നറിയാതെ

അത്യന്തഘോരലവണാബ്ധിതൻ കയത്തിൽ പോയ്
സിദ്ധിക്കുവാൻ ശീഘ്രതരമായോടീടുന്നു

എന്നുടെ മിഴി മൂടിനിന്നൊരത്തിരശ്ശീല
ഭിന്നമായ്പോയിതിപ്പോഴം ഞാനിതാ ദേവന്മാരേ!

അന്യമർത്യരെപ്പോലെയാത്മരക്ഷയെ കാംക്ഷി–
ച്ചുന്നതഭക്തിയോടും വിളിച്ചു യാചിക്കുന്നു.

കരുണ ദേവതകൾക്കില്ലയോ നരനെന്നും
കരഞ്ഞർത്ഥിക്കും രക്ഷ നല്കുന്നില്ലല്ലോനിവർ

പക്ഷേ, നാം പ്രാർത്ഥിപ്പതു ദേവകളോക്കില്ലെന്നാം
രക്ഷയില്ലെന്നു വരാ ജീവികൾക്കൊരുനാളും

ഇക്കണ്ട ജനങ്ങൾക്കുമെന്നിക്കുമെല്ലാമോർക്കിൽ
ദുഃഖത്തിൽനിന്നു പരിനിർവ്വാണം വേണ്ടതല്ലോ.

അഥവാ ദേവന്മാർക്കുമതു വേണ്ടതായ്വരാം
വ്യർഥയാന്വേഷം തേടുന്നുണ്ടാമതിന്നായി

അവരെ വിളിച്ചു കേഴുന്ന മർത്യരെയവ–
ർക്കവനംചെയ്വാൻ കഴിയാത്തതു നിരൂപിച്ചാൽ

ദേവകൾ പരതന്ത്രരായ്വരാം നമ്മെപ്പോലെ
കേവലം നമ്മെ രക്ഷിപ്പാനവരശക്തരാം

എന്നെയാശ്രയിപ്പോരെക്കേഴുവാൻവിടില്ല ഞാൻ
ഖിന്നതതീർക്കാനെനിക്കാവുന്നകാലംവരെ

പിന്നെദ്ദേവകൾ രക്ഷനല്കുവാൻ ശക്തരെങ്കിൽ
മന്നിലിങ്ങനെ നിജ ഭക്തരെ വെടിയുമോ?

Digitized By Kerala Sahitya Akademi

ബ്രഹ്മദേവനീ ദുഃഖരൂപമാം പ്രപഞ്ചത്തെ-
യിമ്മട്ടു സൃഷ്ടിച്ചെന്നും വച്ചുകൊണ്ടിരിപ്പതു

സംഭാവ്യമാണോ സർവ്വജ്ഞനിക്ഷുതകം
ജൃംഭിക്കും ഭവനത്തെയിങ്ങനെ വിട്ടീടുമോ?

ശക്തനാണപേക്ഷയിതെങ്കിൽ നിർദ്ദയനവൻ
ശക്തിയില്ലെങ്കിലവനീശ്വരനല്ലതാനും.

ഛന്ദ! തേർ തെളിക്ക നാം മടങ്ങിപ്പോക വീണ്ടു-
മിന്നു കണ്ടതു മതി, കാണേണ്ടതെല്ലാമായി.''

ഇങ്ങനെ പുത്രൻ വീണ്ടും ഖിന്നനായ് മടങ്ങിയ-
തങ്ങു മന്നവൻ കേട്ടു മാഴ്ചിനാനടൻ പിന്നെ

മുമ്പിലത്തേതിൽ മൂന്നമടങ്ങു ഭടന്മാരെ-
യൻപൊടു വാതിൽ കാക്കാനന്നതാൻ നിയോഗിച്ചാൻ

അകത്തും പുറത്തുംനിന്നാരെയുമതുവഴി
പകലും രാത്രിയിലും വിട്ടീലയാജ്ഞയെന്യേ

കല്പിച്ചങ്ങനെ നൃപൻ സൂക്ഷിച്ചു കുമാരനെ
സ്വപ്നത്തിൽ മുമ്പു കണ്ട ദിവസാവധിവരെ.

മോഹംതാൻ കവാടത്താൽ വിധിയെത്തടുക്കുന്ന
സാഹസമെന്നോക്കാതെ പിന്നെയും യഥാസുഖം

വാണിതേയോത്തീടിലും മമതാതിമിരത്താൽ
കാണുമോ പരമാത്മമുള്ളപോൽ സംസാരികം?

Digitized By Kerala Sahitya Akademi

നാലാം കാണ്ഡം

ഭൂരിസുകൃതനാം ശാക്യനരേന്ദ്രന്റെ–
യാരോമലുണ്ണി,യഖിലലോകപ്രിയൻ,

കാരുണ്യകല്ലോലലോലാശയൻ, പൂണ്ട–
താരുണ്യഭംഗിതരംഗിതാംഗദ്യുതി,

മാരവിജയി മഹാത്മാ മുനിവരൻ
വീരശിഖാമണി വിദ്വജ്ജനാഗ്രണി,

പണ്ഡിതവിപ്രജനത്തിലുമജ്ഞരാം
ചണ്ഡാലരിലുമൊപ്പം സ്നേഹമേലുവോൻ,

മണ്ണിൽ ജനിമൃതിദുഃഖങ്ങൾ കണ്ടിട്ട
കണ്ണുനീർവാക്കും കുമാരൻ ഗുണാകരൻ,

വിണ്ണവക്കും മനുഷ്യക്കുമെന്നല്ലതിൻ–
വണ്ണം സകല ചരാചരങ്ങൾക്കുമേ

ദണ്ഡമകറ്റി നിർവ്വാണമേകീടുവാ–
നെണ്ണിക്കരളം കാഞ്ഞു മാഗ്ഗമാരായുവോൻ;

ശ്രീമൽ ഭഗവാൻ വസിച്ചിതു വിശ്രമാ–
രാമസൗധങ്ങളിൽ പിന്നെയുമൊട്ടനാൾ.

ഭൂമിപാലേന്ദ്രകുമാരനവൻ സാർവ്വ–
ഭൗമനായ്തീരുമല്ലെങ്കിലോ ഭിക്ഷുവായ്

പോമെന്നു ദൈവജ്ഞരോതിയ കാലവും
താമസിച്ചീല വിരവിലടുത്തിതു.

സത്വരം ലോകമനോഹരമായുള്ള
ചിത്തിരമാസമണഞ്ഞിതു ഭംഗിയിൽ

ആഞ്ഞു തേന്മാവിന്റെ കൊമ്പു കുലകളാൽ
ചാഞ്ഞു പഴങ്ങൾ ചുവന്നുചമഞ്ഞിതു

മഞ്ഞുവായ് ഞാവൽമരങ്ങളിൽ കായ്നിര–
യഞ്ജനകാന്തി കവന്നുതുടന്നിതു

നല്പോരിലഞ്ഞികൾ പൂത്തു മണം പേറി
മെല്പെന്നു കാറു ചരിച്ചിതു നീളവേ

Digitized By Kerala Sahitya Akademi

ചട്ടറ ചാരു പവിഴപ്രഭയാൻ
മൊട്ടശോകങ്ങളിലെങ്ങും നിരന്നിതു

നല്ല തങ്കത്താലിമാലപോൽ തൂങ്ങീതു
ഫുല്ലമാം പൂംകുല കൊന്നമരങ്ങളിൽ

മെത്തും മണമാൻ പുന്നയിൽ പൂന്നിര
മുത്തുതൻ ഹ്രച്ഛങ്ങൾപോലെ ശോഭിച്ചിതു

ദേവാലയങ്ങളിലുത്സവാഘോഷമായ്
ഭ്രവുണങ്ങിപ്പൊടിപാറിസ്സുരഭിയായ്

തോയാശയപ്രദേശങ്ങളെല്ലാം ജന-
ഭ്രയിഷ്ഠമായ്, പുരവാസികൾ നിത്യവും

സായാഹ്നമുദ്യാനഭാഗങ്ങളിൽ സ്വയ-
മായാസമാറുവാൻ ചെന്നു മേളിക്കയായ്.

ഇമ്മട്ടെഴുമസ്സുമയത്തിൽ വന്നെത്തി
രമ്യമായപ്പുണ്യപൂർണ്ണിമാം പൗർണ്ണമി.

അക്കുന്നും പോയ് പടിഞ്ഞാറേഗിരിതടം
പുക്കു പഴുപ്പിച്ച പൊൻകുടംപോൽ നിന്നു

അംബരദർപ്പണത്തിൽ കിഴക്കായതു
ബിംബിച്ചപോൽ നിന്നു പൂർണ്ണേന്ദുബിംബവും

എന്നല്ല സന്ധ്യയാം ത്രാസിന്റെ പൊൻതട്ട-
മെന്നപോലക്കേന്ദുമണ്ഡലം രണ്ടുമേ

നിന്നു നൊടിയളവൊപ്പം ദിനഭര-
ഖിന്നതയാലുടൻ താണിതു ഭാനുമാൻ;

മന്ദമന്ദം പിന്നെയന്തരീക്ഷത്തിലേ-
ക്കിന്ദുബിംബം സ്വയം പൊങ്ങി ലഘുതയാൽ

ദ്യോവായ ഗോവിൻ മഹാസ്ഥനമണ്ഡല-
ഭാവത്തിൽനിന്നു പീയൂഷകിരണങ്ങൾ

ഭംഗിയിൽ പാൽകണക്കേ പ്രസരിപ്പിച്ചു
മംഗളമാക്കീ ദിഗന്തങ്ങൾ വെണ്മതി.

എങ്ങും പരന്നൊഴുകും പൂന്നിലാവിങ്കൽ
മുങ്ങിക്കൊഴുത്തു മിനുത്തു ധരാതലം

ഗംഗാതരംഗം പരന്ന ധവളമാം
വംഗാംബുധിപോൽ വെളുത്തു നഭഃസ്ഥലം

Digitized By Kerala Sahitya Akademi

തിങ്ങും നിലാവിൻ തെളിയാതെ താരങ്ങൾ
തങ്ങി വെൺപൊയ്കയിൻ തുംകുമുങ്ങാംപോൽ.

പാരം വെളുത്തു പാലാഴിയിൽ പൊങ്ങിയ
ചാരു തിരനിരപോലെയകലെയാണ്ടു

കാണും ഹിമാലയതുംഗശൃംഗങ്ങടെ
ചേണാർന്ന കാന്തിപൂരങ്ങളിൽ ചെന്നടൻ

ചന്ദ്രിക വീണു ചകചകാവല്യ–
മിന്ദ്രിയമോഹനമുള്ളം ഹരിക്കയായ്

കേമമാം വെള്ളിക്കുടമിതിൽ ദേവകൾ
കാമസുരഭിതൻ പാൽ കറന്നിങ്ങനെ

സാമോദമീ ഹിമവാനെഴ്ശിരിസാവ്–
ഭൗമനാക്കാനഭിഷേകം കഴിക്കയോ

സോമബിംബത്തിനുനിന്നിഴ്ശിരീന്ദ്രന്റെമേൽ
തൂമഞ്ഞുചന്ദ്രികാധോരണി വീഴ്കയോ

മന്ദമായപ്പർവ്വതാഗ്രത്തിൽനിന്നടൻ
സ്പന്ദിച്ചെഴും സുഖസ്പർശമാം വായുവിൽ

ആടി മെല്ലെന്നഴകായ് വിശ്രമവന–
വാടിയിൽ വിസ്മൃരിച്ചു വൃക്ഷരാജികൾ

കൗമുദിയിൻ കുളിരെക്കുളിച്ചുഴിയാം
കോമളഗാത്രിയാകും കോമയിക്കൊണ്ടപോൽ

മോഹനപ്രാന്തപ്രദേശത്തിലൂടെയ–
വ്യാഹതമായ് തെളിഞ്ഞെന്നുമൊഴുകുന്ന

രോഹിണിയിൽ തരംഗംപ്രതി സംസ്മരി–
ച്ചാഹന്ത! കാണായസംഖ്യം ഹിമാംശുക്കൾ

തുംഗതരുക്കൊമ്പുതന്മേലവയോടൊട്ടു
സംഗതനായ് വിണ്ണിൽനിന്നു സുധാകരൻ

ഭംഗികോലും സ്ഫടികപ്രദീപംപോലെ
ശൃംഗാരരശ്മി ചൊരിഞ്ഞു; വിചിത്രമാം

അത്തുവിളക്കിൻ നിഴൽമണ്ഡലംപോലെ
തത്തിനിന്നു, പുവട്ടിൽ തരുച്ഛായകളും.

ഉച്ചമാം ഗോപുരങ്ങൾക്കുള്ളിലേ മണി–
മച്ചുകൾമേൽ വെണ്ണിലാവു പരക്കവേ

Digitized By Kerala Sahitya Akademi

ഉജ്ജ്വലിക്കും വിവിധപ്രഭാപൂരത്തിൽ
മജ്ജനംചെയ്തനിന്ന ഹർമ്മ്യരാജികളം.

പാതിരാവായ് പ്രാണിവർഗ്ഗമെങ്ങും സുഖ–
മേദുരനിദ്രയിൽ വീണു; മായാവിനി

മോദിച്ചു ചന്ദ്രമുഖിയാം നിശ നിജ–
ചാതുര്യമോർത്തു ചിരിക്കുന്നപോലെയായ്

സ്വാതന്ത്ര്യമേറും ഗതിക്രമം കൈവെടി–
ഞ്ഞൂതാതെ നിന്ന ജഡമായ് സദാഗതി.

മേദിനി നിശ്വാസമേല്പാതെ ദീർഘമാ–
മേതോ വിചാരത്തിൽ മുങ്ങിനില്ക്കുംപോലെ

നിശ്ചലമായ് തരുവല്ലാദി കേവലം
സച്ചന്ദമായ് കളിയാടി നിശ്ശബ്ദത.

എന്നാൽ പുറത്തതിദൂരത്തു കേൾക്കായി
കുന്നിൻ കുറുനരിക്കൂട്ടമഴകരൽ

സന്നപ്രതിഷ്ഠയാം ശാക്യനൃപലക്ഷ്മി
ഖിന്നയായ് ദൂരമണഞ്ഞു കേഴുന്നപോൽ.

അന്തഃപുരത്തിൽ മുത്തുശ്ശിപ്പികൾകൊണ്ടു
ചന്തമായ് ശില്പങ്ങൾചെയ്തു വിളങ്ങുന്ന

ഭിത്തികളും വെൺപളുങ്കറകളും
ശുദ്ധനിലാവിൽ തിളങ്ങി ലസിപ്പതും

നൃത്തഗീതാദി സുകുമാരകൃത്യങ്ങൾ
നിർത്തിത്തനിയേ മതി മങ്ങി നിദ്രയിൽ

ഉത്തമസ്ത്രീരത്നവൃന്ദമനങ്ങാതെ
തത്തൽസ്ഥലങ്ങളിൽ തങ്ങിശ്ശയിപ്പതും

കാണുകിൽ ദേവാംഗനാജനത്തിന്നുള്ള
ചേണാർന്ന വിശ്രമഭ്രവിതെന്നോർത്തുപോം.

സിദ്ധാർത്ഥരാജകുമാരൻതിരുവടി–
യ്ക്കുത്താരിലുറ്റ വാത്സല്യനിധികളായ്

നിസ്തുല്യരൂപലാവണ്യഗുണംപൂണ്ട
നൽത്തേന്മൊഴികളെല്ലാമങ്ങു കാണായി

ശാന്തമധുരമാം നിദ്രയിൽ നിശ്ചല–
കാന്തി, നിലാവിലാമ്പൽപൂകണക്കാൻ

Digitized By Kerala Sahitya Akademi

ശോഭിക്കുമോരോരു തനുവിയേയും കാൺകി–
ലാഭയാൽ സ്ത്രീമൗക്തികമെന്നു തോന്നുമേ.

എന്നാലതിനപ്പുറത്തു ശയിക്കുന്ന
സുന്ദരിയാകുന്നു സർവ്വമനോഹരി

അങ്ങേപ്പുറത്തു കിടപ്പവൾക്കൊപ്പമാ–
യെങ്ങുമില്ലാരുമവളത്രസുന്ദരി.

ഇങ്ങനെ മെച്ചമേറും നാരിമാരുടെ–
യംഗലാവണ്യപൂരങ്ങളിൽ സാന്ദ്രമായ്

മുങ്ങിയോരോന്നിലും നീന്തിയടുത്തതിൽ
തങ്ങിയതുവിട്ടടുത്തതിലാഞ്ഞെത്തി

ഇപ്രകാരം ചതുരൻ ശില്പി നിർമ്മിച്ചു
സുപ്രകാശംപൂണ്ട രത്നങ്ങൾ മിന്നുന്ന

മാലയിൽപോലെ മേന്മേൽ കാന്തി കണ്ടുക–
ണ്ടാലസ്യമായ് കണ്ണു മങ്ങി മയങ്ങുമേ.

കുട്ടിമാൻകണ്ണിമാർ നാണവും ക്ലേശവും
വിട്ടു കിടന്നുറങ്ങുന്നിതു ഭംഗിയിൽ

കെട്ടൊട്ടയഞ്ഞുമഴിഞ്ഞുമിഴിഞ്ഞുമ–
പ്പട്ടുപൂഞ്ചേല ചിന്നിക്കൊണ്ടു കാണുന്നു
ചുറ്റു തങ്കംപോലൊളിപെടും പൂമൈക–
ളൊട്ടുഭാഗം മറഞ്ഞും മറയാതെയും

വണ്ടാർകുഴലിമാർ വാർകുന്തൽ വാന്നിട്ടു
കൊണ്ടകെട്ടിപ്പിന്നിലിട്ടു ചിലരതിൽ

പൂണ്ടിരിക്കുന്നു മുടിപ്പൊന്നകം മണം
പൂണ്ട പൂമാല ചിലരാന്നിരിക്കുന്നു.

നീളമേറും കാർകുഴൽ ചിലക്ഷ്ലേള–
നാളത്തിനുകീഴ് കിടന്നടിയുന്നിതു

കാളിന്ദിതൻ കയത്തിങ്കലിളകീടു–
മോളംകണക്കെയിരുണ്ടുനീണ്ടങ്ങനെ
പാടിയും വിണ്ണിൽ പറന്നുമിണകളായ്
കൂടിമേളിച്ചും പകൽപോക്കിയന്തിയിൽ

വാടിച്ചിറകുകൾകൂട്ടി മുഖം താഴ്ത്തി–
യാടൽകൂടാതുള്ള ചേക്കമരങ്ങളിൽ

Digitized By Kerala Sahitya Akademi

പക്ഷികാംപോലെ വിലാസങ്ങളാൽ തള-
ന്നക്ഷികാംപൂട്ടിയുറങ്ങുന്നിതിങ്ങിവർ.

ഉള്ളിലുണ്ടങ്ങു തുങ്ങുന്ന മിനുങ്ങുന്ന
വെള്ളിത്തുടലാന്ന വെള്ളിവിളക്കുകാം

ചട്ടറ ഗന്ധതൈലം വാത്തുകളിൽ-
പ്പട്ടതിരിയിലെരിയുന്ന ദീപങ്ങാം.

തന്മോഹനപ്രഭ പൂന്നിലാവിൽ ചേന്ന
സൗമ്യതരമായ് പ്രകാശവും ഛായയും

അമ്മണിക്കുളാംഗിമാർമേൽ വീണവയവ-
രമ്യതയെല്ലാം തെളിച്ചു കാട്ടീടുന്ന.

കാന്തമാക്കുന്നതമാറുകാം വീപ്പിനാൽ
ശാന്തമായ് പൊങ്ങിയും താണും വിലസുന്ന.

ലോലങ്ങളായ വിരലുകളിൽ ചാരു
മൈലാഞ്ചിയാന്ന മനോജ്ഞകരാബ്ജങ്ങാം

മാറോടണച്ചിരിക്കുന്ന ചിലരൊട്ട
മാറിച്ചിലക്കു പാശ്വങ്ങളിൽ തങ്ങുന്ന.

സ്വർണ്ണാഭയാന്നും വെളുത്തും തുടുത്തുമ-
പ്പെണ്ണുങ്ങാംതന്നഴകേറും മുഖാബ്ജങ്ങാം

വർണ്ണപ്പുളകുതളങ്ങളിൽ ബിംബിച്ച
പൂർണ്ണേന്ദുബിംബങ്ങാംപോലെ വിളങ്ങുന്ന.

സീമന്തരേഖയ്ക്കു കീഴിരുപാശ്വവു-
മോമല്ലുറുനിര ചിന്നിയ നെറിയും

കോമളമായ് കൊച്ചുവില്ലുപോൽ വക്രമായ്
ശ്യാമളമായ പുരികക്കൊടികളും

ചാഞ്ഞു ഞെരുങ്ങിയിരുണ്ട കൺവിളിലേ-
ക്കാഞ്ഞുപതിഞ്ഞ നെടുംകണ്ണിമകളും

ചാരു പനിനീർമലർപോൽ ചുവന്ന ന-
ല്ലാരോമലാഭയെഴും കപോലങ്ങളും

നീണ്ടു പൊങ്ങി ക്രമത്താലഗ്രമൊട്ടഴ-
കാണ്ടു കനിഞ്ഞു കുത്തുള്ളൊരു നാസയും

ചെന്തളിർപോലെ തുടുത്തു മിനുത്തതി-
ചന്തത്തിൽ വേർപെട്ട ചുണ്ടിൻപുടങ്ങളും

Digitized By Kerala Sahitya Akademi

കോർത്തു കഴകിവച്ചുള്ളൊരു മുത്തുകൾ–
ക്കാർത്തിനൽകും ചെറുദന്തനിരകളും

അംഗമോരോന്നുമീവണ്ണമകൃത്രിമ–
ഭംഗി കലർന്നു ശോഭിക്കുന്ന നിദ്രയിൽ.

തങ്കവളകൾ കിലുങ്ങുന്നതിച്ചെറു–
മങ്കമാക്കോമനക്കൈത്തണ്ടു രണ്ടിലും

കിങ്കിണി തുങ്ങുന്ന കാഞ്ചനനൂപുരം
പൊങ്കഴൽക്കാമ്പിണ പൂണ്ണുന്ന ഭംഗിയിൽ

വല്ല മനോജ്ഞമാം സ്വപ്നവും കണ്ടുള്ളി–
ലുല്ലാസവിഭ്രമമേലുമൊരുത്തിക്കു

തെല്ലുറക്കത്തിലുടലനങ്ങീടില–
ച്ചെല്ലുവളയും തളയും കിലുങ്ങുന്നു

ചേക്കുന്ന പാരമാനന്ദം ചെവിക്കുട–
നാക്കുമച്ചാരുകളമധുരധ്വനി.

ചുണ്ടിൽ ചെറുചിരിച്ചായ പരക്കുന്ന–
തുണ്ടിവരിൽ ചില പെൺകൊടിമാക്കഹോ!

കുന്നുതവിട്ടവർ കൗതുഹലംപൂണ്ടു
കണ്ടിട്ടുനണ്ടാം കിനാവുകൾ നിണ്ണയം

ആട്ടത്തിലേകയമാനുഷവൈഭവം
കാട്ടി മെച്ചം നേടിയെന്നാം കിനാവിതിൽ

പാട്ടിലൊരുത്തി ജയിച്ചു ജയക്കൊടി
നാട്ടിയെന്നായ''വരാം നാകലോകത്തിലും

വാണീഭഗവതിക്കൊപ്പം വിരുതാൻ
വീണവായിച്ചിങ്ങൊരു വനിതാമണി

വൈണികവഗ്ഗത്തിനൊക്കെയകക്കാമ്പിൽ
നാണമാമ്മാറു ജയംനേടിയെന്നുമാം.

പിന്നെയിന്നിദ്രയിൽ വേറൊരു പൂവേണി
മന്നിൽനിന്നാകാശമേറി നടന്നുപോയ്

ധന്യമാം ചൈത്രരഥാരാമഭ്രമിയിൽ
കിന്നരരോടൊത്തു കേളിയാണെന്നുമാം

ചന്ദ്രാനുകൂലമപര വിണ്ണേറിയ–
മ്മന്ദാരപുഷ്പമണം പാർത്തു വായുവിൻ

Digitized By Kerala Sahitya Akademi

നന്ദനോദ്യാനത്തിലെത്തിയങ്ങപ്പുരോ-
വൃന്ദത്തിനേറെം പ്രിയയാമതിഥിയായ്

വൃന്ദാരകേന്ദ്രസഭയിലണഞ്ഞഭി-
നന്ദനം നേടിയെന്നാവാം കലകളിൽ.

ദിവ്യഗുണനിധിയാം കാന്തനോടൊത്തു
ഭവ്യപ്രണയസല്ലാപസുധാരസം

അവ്യാഹതം നുകർന്നേകാന്തമാന്നൊരു
നവ്യപയോധരവേണി നിന്നെന്നുമാം.

കാമുകനുള്ളലിഞ്ഞേകിയോരോമന-
പ്രേമനിബന്ധനമാം പാരിതോഷികം

രോമാഞ്ചമേകുമമ്പാൻ വീക്ഷിച്ചൊരു
പൂമണ്ഡമേനി രസിച്ചിരുന്നെന്നുമാം.

ആയതു പോട്ടെ ശയിക്കുന്നതുണ്ടിങ്ങൊ-
രായതനേത്രയാം നീണ്ടുനിവർന്നിതാ

ചേണാർന്നടുത്തു സഖിപോൽ കിടക്കുമീ
വീണയെച്ചുംബിക്കുമാസ്യപത്മത്തൊടും

തന്ത്രികളിൽത്തന്നെ തങ്ങും മൃദുവിരൽ-
ച്ചെന്തളിർമഞ്ജരിയോടും തളമിതിൽ

ചന്തമേറും ഭഗവാന്റെ തിരുമിഴി-
ച്ചെന്താമര നിദ്രപൂണ്ടവാറ് വീണയിൽ

പന്തിയായ് പെൺകൊടിയാളിവം വായിച്ചൊ-
രന്തഃകരണമലിക്കുന്ന പാട്ടിന്റെ

അന്തിമരാഗഗതിയിൽ സ്വയമിവം
സ്വന്തമിഴികളടഞ്ഞുറങ്ങുന്നതാം.

ഒട്ടൊട്ട കൊമ്പു മുളച്ചൊരിളയ് മാൻ-
കുട്ടിയെ മറൊരു കുട്ടിമാൻകണ്ണിയാം

ഇഷ്ടമാമ്മാറു മാരോടണച്ചങ്ങനെ
കെട്ടിപ്പിടിച്ചു കിടന്നുറങ്ങുന്നിതു.

അമ്പാന്നിവരിരുപേരുമുറങ്ങിടു-
മ്മുമ്പു തൻ മാൻകിടാവിന്നീ മനോഹരി

ചെമ്പരുത്തിപ്പൂവിറുത്തു തിന്മാനനു-
കമ്പകലന്നു കൊടുത്തിരുന്നു ദുഃഖം

Digitized By Kerala Sahitya Akademi

പുള്ളിമാൻ പാതി കടിച്ച പൂവൊന്നിവൾ
നുള്ളിപ്പിടിച്ചിരിക്കുന്ന കൈത്താരിനാൽ

ഉള്ളിലിതളുമടങ്ങിയപ്പൂതന്നെ
തള്ളിയിരിക്കുന്ന ചുണ്ടിൽ മാൻകുട്ടിക്കും

പ്രാണപ്രിയതോഴിമാരിരുപേരിതാ
വീണുകിടന്നുറങ്ങുന്ന മനോജ്ഞമാർ

ക്ഷോണീതലത്തിൽ പിണഞ്ഞു തങ്ങും രണ്ടു
ചേണാൻ ചമ്പകമാലകൾപോലവേ.

പൊന്നിലഞ്ഞിപ്പൂമുകുളമിറുത്തിവർ
മുന്നിലേറെശ്ശേഖരിച്ചിരിക്കുന്നിതു

എന്നല്ല പപ്പാതി കെട്ടിയ മാലയു-
മൊന്നുണ്ടു കൈത്താരിലൊപ്പമിരുവക്കും

ഈവിധം മാലകെട്ടുമ്പോതു നിദ്രയാൽ
വൈവശ്യമാന്നറിയാതെ കിടന്നഹോ!

പൂവിൽ തല വെച്ചുറങ്ങിയ തോഴിതൻ
പൂവൽമെയ്മേൽ വീണുറങ്ങുന്ന മറവനും.

നാനാമനോജ്ഞരത്നങ്ങളാൽ മറെറാരു
മീനായതാക്ഷി ഹാരം ചമച്ചീടുവാൻ

ഊനമകന്ന മണികളും കോക്കുമ്പോതു
താനേ മയങ്ങിക്കിടന്നുറങ്ങുന്നിതാ.

വൈരം മരതകം മാണിക്യമെന്നല്ല
ചാരു നീലം പുഷ്യരാഗമിത്യാദിയായ്

ഓരോ വിലയാന്ന കല്ലുകളും കൈത്താരിൽ
വാരിപ്പിടിച്ചിരിക്കുന്ന വാർകേശിയാളും

അച്ചാരുരത്നപ്രകരം ചേന്നൊരു
കൊച്ചോമനമുഴവില്ലായതുതന്നെ

കണ്ടാൽ കുതൂഹലമാത്മാവിലുംകൂ കൈ-
ത്തണ്ടോളമെത്തി വളയായ് വിലസുന്നു.

അപ്പൂവനത്തിന്നടുത്തു ഹിമമലി-
ഞ്ഞെപ്പൊഴും ശുദ്ധജലം തിങ്ങിയോടുന്ന

രോഹിണിതാൻ തന്നൊഴുക്കിന്നൊലിയായ
മോഹനത്താരാട്ടിനാൽ വളർത്തമ്മപോൽ

Digitized By Kerala Sahitya Akademi

സ്നേഹംകലന്നിശ്ശിശുപരിപാലന
ഗേഹത്തിലിമ്മട്ടിവരെയുറക്കുന്നു.

ചിത്രങ്ങളാം രത്നകുംബളങ്ങാംക്കുമേ–
ലെത്ര മനോജ്ഞം ഗയിക്കുന്ന കാന്തമാർ

പൂത്തെഴും പുൽത്തറയിൽ പനിനീർച്ചെടി–
ച്ചാർത്തിലിതളുകൾ പൂട്ടിയക്കോദയം

പാർത്തഹസ്സിൽ ഭ്രഷണമായ് വിടുവാൻ
രാത്രി നയിക്കുന്ന മൊട്ടുകളോയിവർ.

മംഗലമുത്തി സിദ്ധാർത്ഥദേവന്റെയി–
ശ്ശൃംഗാരമന്ദിരത്തിൽ ശ്രീമയമായ

പള്ളിയറയ്ക്കുമുമ്പിൽ പരിശോഭിക്കു–
മുള്ളിലെശ്ശാലയാണിമ്മനോജ്ഞസ്ഥലം

ചന്തമായക്കക്ഷ്യരണ്ടുമായ് സന്ധിക്കു–
മന്തരാളത്തിൽ യവനിക തൂങ്ങുന്നു.

അങ്ങൊട്ടുടുത്ത മനോജ്ഞമഞ്ചങ്ങളിൽ
തങ്ങിയത്തോഴീജനമുഖ്യമാരായ

ഗംഗയും ഗൗതമിയും ശയിച്ചീടുന്നി–
തംഗലാവണ്യത്തിലാരെയും താഴ്ത്തുവോർ.

പാടലനീലനിറത്തിൽ ബഹുചിത്ര–
മോടികലർന്നെഴും ശീല ഞൊറിഞ്ഞിട്ട

ധാടിയിൽ തൂങ്ങും യവനികയിൽ തങ്ക–
നാടകളും നല്ല പട്ടുനൂൽതൊങ്ങലും

തുന്നിപ്പിടിപ്പിച്ചിരിക്കുന്ന വക്കിൽ ന–
ല്ലൊന്നിൻ കസവുനൂൽകൊണ്ടു വിചിത്രമായ്

അത്തിരശ്ശീല നീക്കിക്കളെഞ്ഞാലാക്കു–
മുത്താരിലാശ്ചര്യമാമ്മാറകത്തുള്ള

മന്ദിരത്തിൽ മണിമാന്യ മനോജ്ഞമാം
ചന്ദനത്തുമ്പടിയാന്ന കവാടമായ്;

അക്കവാടത്തുടെയുള്ളോട്ടു മൂന്നടി
വച്ചുപൊഴങ്ങു വിവിധരത്നപ്രഭാ–

പുഞ്ജം പരന്നിട്ടു പൂത്തുനില്ക്കും ലതാ–
കുഞ്ജംകണക്കെ കാണുന്നു മണിയാ

Digitized By Kerala Sahitya Akademi

ശുദ്ധധവളശിലയാൽ പണിചെയ്തൊ–
രദ്ധ്രഗോളാകാരമാമതിൻ മേല്പുര

മുറ്റും വിശാലമായ് കാല്കൂടാത്ത വെൺ–
കൊറ്റക്കുടപോലെ വൃത്തമായ് മിന്നുന്നു.

ചുറ്റും പലനിറത്തിൽ സ്ഫടികച്ചില്ല
പറ്റിച്ചതിൽത്തന്നെ കൊത്തിയിരിക്കുന്ന
താമരപ്പൂവും കിളികളുമങ്ങനെ
കോമളപ്പൂങ്കുലയാന്ന ലതകളും

ഭിത്തികൾ ശുദ്ധലങ്കാസമുദ്രത്തിലെ
മുത്തണിശ്ശിപ്പി പതിച്ചു തിളങ്ങുന്ന

ചുറ്റും മനോജ്ഞമാം പൊന്നഴിപൂണ്ടഴ–
കുറ്റ വാതായനപംക്തികളൊട്ടുമേ

സ്വച്ഛമായ് താഴെത്തളത്തിൽ കസവാന്ന
മെച്ചമാം പട്ടവിരിപ്പിട്ടിരിക്കുന്ന

പിച്ചകപ്പൂമെത്തയിൽപോൽ സുഖമായു–
മൊച്ചകൂടാതെയും വസ്സാം പദമതിൽ

വെള്ളവെണ്ണക്കല്ലുകൊണ്ടതിൻ മദ്ധ്യത്തി–
ലുള്ളൊരുയന്ന തളത്തിൽ വിലസുന്ന

ഉള്ളമൊന്നായ് ദമ്പതിമാർ ശയിക്കുന്ന
പള്ളിമഞ്ചം രത്നകാഞ്ചനഭാസുരം

പൂന്നിലാവും കളിർകാറ്റും മലർമണം
ചേന്മ്മണിയറയ്ക്കുള്ളിൽ മധുരമായ്

സഞ്ചരിച്ചു തുറന്നുള്ള വാതായന–
സഞ്ചയത്തുടെയേതും തടവെന്നിയേ.

അംഗസൗരഭ്യസുഷമകളാൽ ഗർവ്വ–
ഭംഗമപ്പൂങ്കാറ്റിനും പൂന്നിലാവിനും

സംഗമിപ്പിച്ചു സിദ്ധാർത്ഥകുമാരന–
മംഗനാമൗലി യശോധരാദേവിയും

ഭംഗിയിൽ പള്ളിയുറങ്ങിയിരുന്നിത–
ശ്ശൃംഗാരശയ്യാഗൃഹമണിമഞ്ചത്തിൽ.

പെട്ടെന്നുടനെയപ്പെൺകൊടിയാം മുദ്ദ
പട്ടുകിടക്കയിൽനിന്ന സസംഭ്രമം

Digitized By Kerala Sahitya Akademi

ഒട്ടു പൂർവ്വാംഗമിളക്കിയരവരെ–
പ്പൊട്ടുത്തരച്ചുദം വീണടിഞ്ഞും സ്വയം
തുമലർവാർമുടി ചിന്നിയും തെല്ല തൻ–
സോമാനനം പൊക്കിനാ,ളൊരു പെൺപക്ഷി

കോമളമായ കുലായഗർഭത്തിൽനി–
ന്നോമനത്തുവൽ കുടഞ്ഞുണരുന്നപോൽ.

അന്തികത്തിൽ ശയിക്കും പ്രാണവല്ലഭൻ
തന്തിരുമൈ തഴകിക്കൊണ്ടെണീറവൾ

സ്വന്തകരങ്ങൾ നിറുകയിൽ ചേർത്തുര–
സന്താപമാൻ കുനിഞ്ഞിരുന്നീടിനാൾ.

കാരണിവേണി വിങ്ങിക്കരഞ്ഞാൾ മനം
നീറിയിളകും ചുടുനെടുവീർപ്പിനാൽ

മാറുകൾ തേങ്ങിയും മേന്തൽ കുവിൾവഴി–
യാറുപോൽ കണ്ണീരൊഴിയാതൊഴുകിയും

പിന്നെയപ്പള്ളിയുറങ്ങും പ്രിയനുടെ–
യുന്നിദ്രപത്മാഭത്തുവുമൊരുകരം

താന്നു തൻ രണ്ടുകൈകൊണ്ടുമെടുത്തമ്പിൽ
മൂന്നുവട്ടം മുത്തിനാളിളമാൻമിഴി

എന്നിട്ടുലാറിടാതെ പുലമ്പിനാൾ
മന്ദം ഭഗവാന്റെ മാറിൽവീണിങ്ങനെ:

''നോവുന്നിതയ്യോ മനക്കാമ്പെനിക്കെന്റെ
ജീവാധികപ്രിയനങ്ങുറങ്ങുന്നുവോ

നോക്കുകയെന്നെക്കനിഞ്ഞു സുധാമൃദു–
വാക്കുകളാൽ തണുപ്പിക്കെന്നഴൽ വിഭോ!''

ഈവിധം കാന്തതൻ ദീനസ്വരംകേട്ട
ദേവനലിഞ്ഞു ചോദിച്ചിതു സത്വരം:

''എന്തെൻ പ്രിയതമേ! കേഴുന്നു നീയഴ–
ലെന്തുകൊണ്ടേലുന്നു ചൊല്ലുക വല്ലഭേ!''

അമ്പൊടിതോതുമിടയ്ക്കു വീണ്ടും ദേവി–
തമ്പുരിദേവനം താനേ തുടർന്നിതു:

''എൻപ്രാണസാരമേ! യെൻസുഖമേയെന്റെ
തമ്പുരാനേ! കഷ്ടമെന്തുരചെയ്വു ഞാൻ

Digitized By Kerala Sahitya Akademi

നിന്തിരുമേനിതൻ ഗർഭൈകുക്ഷിയി–
ലന്തിനേരത്തിന്നിളകീ ടയോനിധേ!

സ്വന്തമാം ജീവനും സൗഖ്യവും സ്നേഹവും
ഹന്ത! രണ്ടായെന്ന തോന്നിയെനിക്കുടൻ

ഗർഭസ്ഥനായ ഭവൽപ്രതിരൂപനാ–
മർഭകനെക്കണ്ടുകൊൾവാൻ കൊതിയൊട്ടും

നിർഭരാനന്ദരസംപൂണ്ടുറങ്ങവേ
ദുർഗമായ് കണ്ടു മൂന്നു കിനാവു ഞാൻ.

അബദ്ധഹേതുവാം സ്വപ്നങ്ങളോർക്കുകി–
ലിപ്പൊഴുമുള്ളം ഞടുങ്ങുന്നിതു വിഭോ!

ഏറ്റവും വെളുത്തു കൊഴുത്തു തടിച്ചൊരു
കൂറ്റനെയാദ്യമായ് കണ്ടു ഞാൻ നിദ്രയിൽ

അഗ്രങ്ങൾ കൂർത്തു വളഞ്ഞു വിശാലമാ–
യുഗ്രമാം കൊമ്പുകളാൽ ഭീകരനവൻ

നെറ്റിത്തടത്തിൽ ധരിച്ചിരിക്കുന്നിതു
മുറ്റും വിലപെറുന്നോരു മഹാരത്നം

ശിക്ഷയിൽ വിൺവിട്ടു വീണങ്ങു തങ്ങുന്ന
നക്ഷത്രമോയെന്ന തോന്നുമാറുജ്ജ്വലം

തുന്ദിലനാമവൻ ധാടിയിൽ കാൽവച്ചു
മന്ദം തെരുവുകളൂടേ നടന്നുപോയ്

ചെന്നു പുരദ്വാരമെത്തീ ഭയംകൊണ്ടു
സന്നദ്ധരായില്ലയാരും തടുക്കുവാൻ

വൃന്ദാരകേശ്വരക്ഷേത്രത്തിൽനിന്നടൻ
മന്ദേതരമൊരശരീരി കേട്ടിതു

ചെന്നിവനെത്തടുത്തീടുവിനില്ലാഞ്ഞി–
ലിന്നഗരത്തിന്റെ മാഹാത്മ്യമിന്നു പോം

ചെന്നു തടുത്തുകൊൾവിൻ ഹാ! ജനങ്ങളേ!–
യെന്നശ്ശബ്ദം കേട്ടടുത്ത ഭടന്മാരിൽ

ആർക്കും തടുത്തുനിൽക്കാൻ കഴിഞ്ഞില്ല ചെ–
ന്നേല്പാൻ ഭയമായ് മടങ്ങിയെല്ലാവരും

എന്നതു കണ്ടുടൻ പാരം വിവശയായ്
വന്ന താപത്തോടെ വാവിട്ട കേണു ഞാൻ.

Digitized By Kerala Sahitya Akademi

എന്നല്ലയക്കുറെനേരംകൊലതകളാൽ
ചെന്ന കടന്നുപിടിക്കയുംചെയ്തു ഞാൻ

മല്ലരപാശം കഴുത്തിൽ പിണഞ്ഞതി–
മുഷ്ടരനാമവൻ കൊമ്പുകുലുക്കിനാൻ

വാതിലടയ്ക്കുവാൻ കല്പിച്ചുകൊണ്ടു ഞാ–
നേത്രം കലുങ്ങാതമത്തിയെൻകൈകളാൽ

തമ്മിലീവണ്ണമിടഞ്ഞു പിടയുമാ–
വന്യഹോക്ഷപ്രഭുതൽക്ഷണം തൻ തല

പൊക്കിക്കുലുക്കി ഞാൻ വീഴുമാറുഗ്രമായ്
മുക്കറയിട്ടു മുമ്പോട്ടു നടന്നുപോയ്

സത്വരം ചെന്നഴിവാതിൽ തള്ളിത്തക–
ത്തെത്തും ഭടരെച്ചവിട്ടിമെതിച്ചുടൻ

പാഞ്ഞു പെരുവഴിയ്ക്കു ദൂരത്തുപോയ്
മാഞ്ഞെൻമിഴികളിരുനിന്നു മറഞ്ഞിതേ

പിന്നെബ്ഭവനപതികളാം നാലുപേർ
മിന്നുന്ന ദിവ്യനേത്രപ്രഭപൂണ്ടവർ

ഉന്നത മേരുശിഖരതടം വിട്ടു
മന്നിൽ പരിവാരമോടുമെഴുന്നള്ളി–

യിന്നമ്മുടെ നഗരത്തിലെത്തുന്നതു–
മന്നേരമിന്ദ്രധ്വജത്തിൻ കൊടിക്കുറ–

യൊന്നിളകിബ്ഭ്രുവിലറുവീഴുന്നതും
എന്നല്ലുടനേ പകരമസ്ഥാനത്തിൽ

മറൊരു ദിവ്യപതാകയുയർന്നുടൻ
തെറെന്നു വിണ്ണിൽ പറന്നുനില്പുന്നതും

കണ്ടിതു ഞാനക്കൊടിക്കുറയിൽ പല–
തുണ്ടു ഞൊറിയവയിൽ പൊൻകസവിനാൽ

ചേണുറ്റ ചെങ്കനലിൽ കാന്തി ചിന്തുന്ന
മാണിക്യഖണ്ഡങ്ങൾ ചേർത്തക്ഷരം തുന്നി

തത്കിരണാവലിയിൽ തിളങ്ങിച്ചില
മുഖ്യപ്രമാണവാക്യങ്ങൾ മിന്നീടുന്നു.

നല്ല പുലർകാലവായു വീശിച്ചു–
ക്കൊല്ലാം നിവന്നു പാറും കൊടിക്കുറയിൽ

Digitized By Kerala Sahitya Akademi

ക്ഷിപ്രം സ്ഫുടതയാൻ ക്ഷരവൃന്ദങ്ങ–
ളംപ്രമോദം തരും വായിപ്പവക്കഹോ!

എന്നല്ലുടനെയവിടെയാകാശത്തിൽ–
നിന്നൊരു പൂമഴപെയ്തു വിചിത്രമായ്

അപ്പൂക്കളൊന്നു നിറങ്ങളും നാം കണ്ടതി–
ല്ലിപ്പാരിലുള്ള പുഷ്പങ്ങളിലൊന്നിലും.''

''ശോഭനമല്ലോ പ്രിയേയിതെല്ലാം പിന്നെ
നീ ഭയമേലുന്നതെന്തിനാരോമലേ!''

എന്ന ഭഗവാനിടയിൽ ജിജ്ഞാസിച്ചി–
തന്നാരിമാർമണി ചൊല്ലിനാൾ പിന്നെയും:

''അപ്രിയമല്ലിവിടംവരെ സ്വപ്നമി–
തപ്പുറമല്ലോ ഭയങ്കരം കേൾക്കുക

കോലാഹലത്തോടുടനങ്ങു കേൾക്കായി
'കാലമായ്' 'കാലമായെ'ന്നുള്ള വാക്കുകൾ

പിന്നെ മൂന്നാമതായ് നിന്തിരുമേനിയെ–
യുന്നിത്തിരിഞ്ഞു ഞാൻ ശയ്യയിൽ നോക്കവേ

കാണായി കേവലം പട്ടുകിടക്കയും
ചേണാർന്ന വസ്ത്രവുംമാത്രമീ മെത്തമേൽ

കണ്ടീല നിന്തിരുമേനിയെയപ്പൊഴു–
ത്തണ്ടിലുണ്ടായ രുജയെന്തുചൊൽവു ഞാൻ

പ്രാണപ്രഭോ! നിന്മുഖാംബുജം കാണാതെ
കാണിനേരം പൊറുപ്പാൻ ശക്തയായിവൾ?

നിന്തിരുമേനിയല്ലോ എന്റെ ജീവിതം
നിന്തിരുമേനിതാനെന്റെ ഹൃദയവും

സ്വന്തമാം സർവ്വമങ്ങല്ലോയെനിക്കെന്റെ
ബന്ധുക്കളുമെന്റെ രാജാവുമങ്ങല്ലോ.

നിന്തിരുമേനിയെക്കാണാതുഴന്നെന്റെ–
യന്തരംഗം പിന്നെയുമാണ്ട നിദ്രയിൽ

പിന്നെയും ഞെട്ടിയുണർന്നിതവൾ ഞാൻ
പിന്നെയുമക്കിനാവയ്യോ! തുടർന്നിതു

സത്വരം കാണായിതങ്ങണിഞ്ഞീടുന്ന
മുത്തണിക്കച്ചപ്പുറമെന്റെ മാറുകം–

Digitized By Kerala Sahitya Akademi

ക്കിത്തിരിതാഴെയായെങ്ങനെയോ മേനി-
മദ്ധ്യത്തു ചുറ്റിപ്പിണവത്തും പിന്നഹോ!

പത്തിവിതിത്തൊരു പാമ്പായത്തു തന്നെ
കൊത്തുവാൻ ചീറിനില്ക്കുന്നതും കണ്ടു ഞാൻ

പിന്നെയെൻ പാദസരങ്ങടെ താനേയുരി
മന്നിലടിവത്തും കൈവള രണ്ടുമേ

ഛിന്നമായ് താഴെ വീഴുന്നതും പൂമാല-
യെന്നണികുന്തൽമേൽ വാടിക്കരിവത്തും

കാണായി പിന്നത്തുമല്ല കഷ്ടം! പ്രിയ-
പ്രാണേശ്വര! കണ്ടു നമ്മാൽ ശയിക്കുമീ

ചേണാന്നൊരു മണിക്കട്ടിലിതാൻ ഭ്രമിയിൽ
താണു മറഞ്ഞുപോകുന്നതുമാശു ഞാൻ

അപ്പൊഴിപ്പട്ടതിരുശ്ശീലയും സ്വയം
ക്ഷിപ്രം ചരടറു താഴത്തു വീണിതു

മുല്പാടു ചൊന്ന വൻക്രൂരനുമൊന്നുടൻ
കെല്പോടു ദൂരത്തുനിന്നു ശബ്ദിച്ചിതു

ഏറ്റമകലെ മുൻചൊന്ന കൊടിക്കൂറ
കാറ്റിൽ പതിക്കയുംചെയ്തിതു തൽക്ഷണം

പിന്നെയും കേൾക്കുമാറായിതങ്ങാലയ-
സന്നിധിയിൽ 'കാലമായെ'ന്ന ശബ്ദവും

സ്പഷ്ടമതുകേട്ടണഞ്ഞ ഞാനമ്മൊഴി
കഷ്ടം! ചെവിയിൽ മുഴങ്ങുന്നിതിപ്പൊഴും

എന്തായിരിക്കുമിതിൻ പൊരുളെന്നറ-
ചിന്തയാലെൻ കരൾക്കാമ്പു കായുന്നിതു

എന്തിനല്ലെങ്കിലിസ്സംശയമിന്നായു-
രന്തമടുത്തിനിക്കെന്നാമിതിൻ പൊരുൾ

അല്ലെങ്കിലായതിപ്പ്യം കഷ്ടമായെന്നെറ
വല്ലഭനെന്നെ വെടിഞ്ഞുപോമെന്നതാം
ആഹായിതല്ലെങ്കിലെൻപ്രഭോ! താവക-
ദേഹവിയോഗമാസന്നമായെന്നതാം.''

എന്നഴലാൽ കരഞ്ഞോരുതും പ്രിയയുടെ
ഖിന്നമാമാനനം പാർത്തു കൃപാനിധി

Digitized By Kerala Sahitya Akademi

സന്താപമുള്ളിലൊതുക്കി സ്വയമൊന്നു
ചന്തമായ് മന്ദസ്മിതംചെയ്തരുളിനാൾ;

ചെന്താമരയിൽ കതിരവനന്തിയി-
ലന്തിമരശ്മി പൊഴിക്കുന്നമാതിരി,

എന്നിട്ടു ചൊല്ലിനാനോമലേ! കേഴരു-
തൊന്നുകൊണ്ടും നീയിതോർത്തൻ പ്രിയതമേ!

സ്വപ്നം മനുഷ്യക്കൊരുവക മാനസ-
വിഭ്രമമല്ലി സാധാരണമായ് ഭദ്രേ!

സത്യമെന്നോർത്തതിൽ ഭീതി തേടുന്നതു
കൃത്യമല്ലോക്കിലഭിജ്ഞേ! ധരിക്ക നീ

അല്ലെങ്കിൽ മർത്യനറിവതിത്തുച്ഛമാം
വല്ലതുമത്ഥമുണ്ടാവാം കിനാവിലും

എന്നാലുമെന്തിനു കാന്തേ! കരയുന്നു
വന്നെത്തുമാപത്തു കേണാൽ മടങ്ങുമോ?

മംഗലമാനസേ! നിൻ കിനാവിൽ ഭാവി-
സംഗതി വല്ലതുംതാൻ നിഴലിക്കയാം

ദേവാധിപന്മാർ സ്വയമപായം ഭയ-
ന്നാവിലമാനസരായി നടക്കയാം

ഭൂവിൽ ജനിമൃതിദുഃഖമകറ്റുവാൻ
പാവനമായൊരു മാർഗ്ഗം തെളികയാം

വല്ല വിശേഷവുമുണ്ടാകയാമതു
നല്ലതെന്നാകിലും തീയതെന്നാകിലും

വല്ലഭേ! ധൈര്യമിയന്നു വസിക്ക നാ-
മല്ലൽതേടീടരുതിങ്ങനെയേറ്റമേ,

ചിത്തതാരിൽ സ്നേഹഭംഗം ഭയന്നു നീ-
യിത്താപമേല്പന്നതായ്വരാമിന്നഹോ!

നിത്യമാം പ്രേമത്തിലെന്റെ യശോധരേ!
പ്രത്യയമുണ്ടു നിനക്കെങ്കിലോതുവൻ
സത്യമായ് സ്നേഹിച്ചു നിന്നെ ഞാനുണ്ടിനി-
ക്കത്യന്തമാം സ്നേഹമിന്നും ഭവതിയിൽ

ലോകദുഃഖത്തെയോർത്തൊട്ടനാളായതി-
വ്യാകുലമാനസനായി ഞാൻ വാഴ്വതും

Digitized By Kerala Sahitya Akademi

ഏകാന്തദുഃഖനിവൃത്തിമാഗ്ഗ്രം തേടി
മാഴ്കുന്നതും പ്രിയേ! നീയറിയുന്നതാം

അന്യരായജ്ഞാതരാമസംഖ്യംകോടി
ഭിന്നജന്തുക്കളെച്ചൊല്ലി ഞാൻ ദുഃഖിപ്പൂ

പിന്നെ പ്രിയതമേ! മൽപ്രാണനോടൊത്ത
നിന്നെയോ നിസ്നേഹനായി മറപ്പൂ ഞാൻ!

ഇപ്പോഴതുമല്ല വല്ലഭേയോക്ക നിൻ–
ഗർഭസ്ഥനാമെൻ ശിശ്രുവിന്റെയമ്മ നീ

ഒപ്പം ഹൃദയമലിഞ്ഞതുണ്ടായിനി–
യൊപ്പം പരസ്പരാശ്ലേഷ ഹേതുവാം

മുട്ടയിരിക്കുന്ന കൂടിനേയംബരം–
മുട്ടിപ്പറക്കിലും പക്ഷി മറക്കുമോ?

അന്യോന്യമങ്ങനെയുള്ള ബന്ധം പ്രിയേ!
ഭിന്നമായ് പോകുമെന്നോക്കൊലാ ഭീരു നീ

നിർവ്വിണ്ണനായൊരുവേള ഞാൻ നിന്നെയും
സർവ്വസുഖങ്ങളേയും സന്ത്യജിച്ചു പോയ്

ദുർവ്വഹമാം ക്ലേശമാന്നൊടുവിൽ സ്വയം
നിർവ്വാണമാർഗ്ഗമറിഞ്ഞെന്നവശ്യക

ലോകത്തിനൊക്കെയതുമൂലമുണ്ടാകു–
മേകാന്തഭാഗ്യമെന്താ,മിരുപേർ നമ്മാം

ശോകവും ക്ലേശവുമെത്രയാന്നാലുമ–
താ കൃതകൃത്യതയോക്കിൽ നിസ്സാരമാം

പിന്നെയന്നിർവ്വാണവുമന്യജീവികാം–
ക്കെന്നെപോൽ കാന്തേ! നിനക്കുമുണ്ടാമല്ലോ

എന്നുടെ യത്നഫലമാകയാലതു
ധന്യേ! നിനക്കുള്ളതല്ലോ വിശേഷിച്ചും

എന്നല്ല മിക്കവാറും നിനക്കായ്ത്തന്നെ–
യിന്നു ഞാൻ സദ്ഗതി തേടി മാഴ്കുന്നതും

സുന്ദരീ! നീയും സുഖവുമെല്ലാം നശ്യ–
മെന്നതോത്താണെനിക്കാധിയേറുന്നതും

അല്ലെങ്കിലും ലോകമസ്ഥിരമാണിതിൽ
വല്ലതും നിശ്ചയമുള്ളതോ വല്ലഭേ!

Digitized By Kerala Sahitya Akademi

നല്ല ഭാഗ്യങ്ങളൊരിക്കൽ വരും, വരും
വല്ലാത്തയാപത്തുകൾ പിന്നൊരിക്കലും

കാറിൻ ഗതിയെന്നപോലെയും കേവല-
മാറിൻ പ്രവാഹം കണക്കെയും ജീവിതം

ഏറവും ശീഘ്രമോടുന്നിതതിൽ തങ്ങി
മാറം വരുന്ന ദുർഭാഗ്യങ്ങൾക്കുമേ

നേരേയൊരുവൻ സംഭവിക്കും പോലെ
പാരടക്കം വരാം നന്മയും തിന്മയും

ഓരോരുകാലത്തിലേതേതു ഭാവിയെ-
ന്നോരാ നരന്മാർ വരുന്ന വരേണ്ടവ

വാനവരും പാക്കിലിങ്ങനെതന്നെയാം
ജ്ഞാനമവക്കു തെല്ലേറിയെന്നായ് വരാം.

മാനസഭാവവും സൗഖ്യവും ദുഃഖവും
മാനവന്മാക്കുമവക്കും സമാനമാം

ആറുക താപം പ്രിയേയിതോർത്താപത്തി-
ലേറുനിന്നീടുക—നിന്റെ ഭാഗ്യത്തിന്റെ

മാറവും മംഗളമായ് വരാം നീ കണ്ട
ക്രൂരനേയും കൊടിയേയും നിനയ്ക്കുക

ചൊല്ലുവൻ വീണ്ടും പ്രിയേ! ഗാഢമാം പ്രേമ-
മെല്ലാപ്പൊഴുമുണ്ടെനിക്കു ഭവതിയിൽ

സർവ്വജന്തുസ്നേഹി ഞാനാകയാലും ശ്രുതേ!
സർവ്വഗ്രണോൽക്കൃഷ്ട നീയാകയാലുമേ

ഇപ്രണയത്തിൻ രഹസ്യമറിവീല
സുപ്രബുദ്ധാത്മജേ,യോക്ക മറന്നതുമേ

നിർമ്മലേ! തൽപ്രേമനിഷ്കൃതികാമനായ്
ശർമ്മാർത്ഥിയായഥവാ പാവനമായ

നിൻ മുഖാബ്ജത്തെയകതാരലിഞ്ഞു ഞാൻ
ചുംബനംചെയ്യുന്നിതാശ്വസിച്ചീടു നീ

സ്വാന്തവിശ്വാസമേകാൻ സ്നേഹികൾക്കഹോ!
സാന്ത്വനമില്ലിതിന്മേലതു നില്ക്കു നിൻ-

ചെന്തളിർമേനി വാടുന്ന ഗർഭാലസേ!
ചിന്ത വെടിഞ്ഞിനി നീയുറങ്ങീടുക

Digitized By Kerala Sahitya Akademi

അന്തികത്തിങ്കലിരുന്ന ഞാൻ നിന്നെയെ-
ന്നന്തരംഗേശ്വരീ! സൂക്ഷിച്ചുകൊള്ളുവൻ

എന്നരുൾചെയ്തശ്രുധാരയാലാർദ്രമാ-
മന്നായികതൻ മുഖവാം കവിത്തടം

ഒന്നുള്ളുലിഞ്ഞു മുകന്നാൻ തിരുവടി-
യെന്നല്ലഹോ! നിജകാന്തയെയാത്തിയാ-

ലാകുലമാം വിരിമാറിലണച്ചൊന്ന
ലോകൈകകാരുണ്യസിന്ധു തഴുകിനാൻ.

ശാന്തമായ് ദേവിയും കണ്ണുനീരെഴും മിഴി-
പ്രാന്തങ്ങൾ പൂട്ടിയുറങ്ങിനാൾ ചിന്തയാൽ

ക്ലാന്തമാം ചിത്തതളിർ തളർന്നും ചെവി
കാന്തവചനാമൃതത്താൽ കുളിർന്നുമേ.

പിന്നെയും നിദ്രയിൽ പെൺകൊടിയാളതി-
ഖിന്നതയോടിയന്നാൾ നെടുവീർപ്പുവൾ

സന്നതമായി സമയമെന്നമ്മൊഴി-
തന്നെ വീണ്ടും കേട്ടു കേഴുന്നമാതിരി.

അന്നേരമാസ്യംതിരിച്ചു തിരുമേനി-
യൊന്നന്തരീക്ഷത്തിൽ നോക്കുവേ കാണായി

ചന്ദ്രനക്കെട്ടരാശിയിൽ നില്പതു-
മന്യമാം ജ്യോതിസ്സുകളുതൻ നിലകളും

അന്യാദൃശമായ് നിരന്ന താരാവലി
തന്നോടീവണ്ണമുരപ്പതായും തോന്നി:

പണ്ടേ മഹാത്മാക്കളാം ദീർഘദർശികൾ
കണ്ടുള്ള കാലമിതല്ലോ നൃപാത്മജ!

ഇമ്മുഹൂർത്തത്തിൽ വരിച്ചുകൊണ്ടീടുക
നന്മയോ മേന്മയോ രണ്ടിലൊന്നാശു നീ

അന്നേരമോർത്തു സുഗതനാ വീണയിൽ
വന്ന മുറുത്തുകൾ പണ്ടുരചെയ്തതും

എന്നല്ല നോക്കി ഗൃഹസ്ഥിതി പണ്ഡിതൻ
നന്നായറിഞ്ഞു ഖണ്ഡിച്ചു തൻ ഭാവിയെ,

നിർണ്ണയമപ്പോൾ ഭഗവാന്റെ ചൂഴവും
വിണ്ണവർ നിന്നിരിക്കാം പ്രേരണസ്സുമേ.

Digitized By Kerala Sahitya Akademi

ആകയാൽ നോക്കി മുകളിലും താഴെയും
ലോകൈകബന്ധുവുമാംചെയ്തിതിങ്ങനെ:–

വന്ന സമയം! പുറപ്പെടുന്നുണ്ട ഞാ–
നിന്നതാൻ കില്ലിനി വേണ്ട തിരിച്ചു ഞാൻ

വല്ലഭേ! നീയുറങ്ങീടിലുമെന്നെ നിൻ–
ഫുല്ലമുഖാംബുജശ്രീ തടുക്കുന്നിതേ!

ഞാനിതുകണ്ടിന്നടങ്ങി മേലും ഭോഗ–
പാനീയരാശിയിലാണ്ടുകിടക്കുകിൽ

താനേയൊരിക്കലുടലു വെടിഞ്ഞതി–
ദൂനരായ് നാം പിരിയേണ്ടിവരും പ്രിയേ!

ഇക്ഷണമെന്നല്ല മത്ഭാവിവൃത്താന്ത–
മക്ഷികം മുമ്പിലീയാകാശപത്രത്തിൽ

നക്ഷത്രവൃന്ദമാകും തിളങ്ങുന്ന പൊ
ന്നക്ഷരത്തിൽത്താനെഴുതിയിരിക്കുന്നു

ഭൂവിൽ ഞാൻ വന്നു പിറന്നു കാര്യാർത്ഥമായ്
രാവും പകലും വൃഥാ കഴിച്ചു ചിരം

കൈവന്നിടേണ്ടാ നൃപന്റെ കിരീടവു–
മാവശ്യമില്ലിങ്ങെനിക്കു സാമ്രാജ്യവും

ഊരിയ വാളിനുണാക്കി രിപുക്കളെ–
പ്പാരിടമയ്യോ! പിടിച്ചടക്കില്ല ഞാൻ

ചോരയൊഴുക്കിലുരുണ്ടും മുങ്ങുമാറെന്റെ
തേരോടിയൂഴി വലംവയ്ക്കുവേണ്ടതാൻ

ശോണിതശോണാക്ഷരങ്ങളിലാരുമി–
ക്ഷോണിയിൽ വണ്ണിച്ചെഴുതേണ്ടയെൻകഥ

കാണികളുണക്കൂടാതസംഖ്യം സമ–
പ്രാണികളെക്കഷ്ടണിപ്പിച്ചു കൈയ്യുകൾ–

കാണിച്ചു വാച്ച വിഭവഗർവ്വംപൂണ്ടു
വാണു സുഖിക്കയും വേണ്ടായെനിക്കിനി

തേരുകൂടാതെ തെരുതെരെ ഞാൻ പാദ–
ചാരിയായെങ്ങുമിപ്പാരിൽ നടക്കുവൻ

പാരാതെ പൂഴിയെപ്പൂമെത്തയാക്കി ഞാൻ
സൈ്വരം നിലത്തു കിടന്നുറങ്ങീടുവൻ

Digitized By Kerala Sahitya Akademi

ആരുമില്ലാത്ത വെളിസ്ഥലമൊക്കെയെൻ–
ചാരുനികേതമെന്നോത്തവയിൽത്തന്നെ

വാഴുവനെന്നല്ല മർത്യരിലെത്രയു–
മേഴകളെത്താനിണങ്ങരാക്കീടുവൻ

പാവങ്ങളായ പറയരുടുക്കുന്ന
ചീവരം ചുറ്റിനടപ്പനരയിൽ ഞാൻ

കാളും വിശപ്പടക്കാൻ വെറും വേവിച്ച
താളോ തകരയോ വല്ലതുമാകിലും

നീളവേയുരിൽ നടന്നു കൈനീട്ടി ന–
ല്ലാളകാം പിച്ചയിടുന്നതേറുണ്ണുവൻ

വല്ലാത്ത വന്മഴയോ വെയിലോ പാര–
മല്ലൽചേക്കിൽ തങ്ങുവൻ മലങ്കാട്ടിന്റെ–

യുള്ളിൽ വെളിച്ചമേലാത്ത ഗ്രഹകളോ
വള്ളിക്കുടിലുകളോ ചെന്നു പുക്കു ഞാൻ.

എന്നുവേണ്ടായേതഴലും സഹിക്കുവാൻ
സന്നദ്ധനാകുന്നു ഞാനെന്റെയീശ്രമം

എന്നും ജനനമരണദുഃഖങ്ങളാൽ
ഖിന്നമാം ലോകത്തിനാശ്വാസമേകുകിൽ

അല്പലിലിങ്ങനെയാണ്ടൊരു നീക്കുപോ–
ക്കില്ലാതുഴന്നു തിരിയുമാത്മാക്കളെ

എല്ലാം നിനച്ചലിവും താപവുമാൻ
വല്ലാതെയെന്നകക്കാമ്പു കായുന്നിതേ

വല്ലവിധവുമിത്യാഗമവക്കൊരു
നല്ല മാർഗ്ഗം തെളിപ്പാനുതകീടുകിൽ

ഇല്ലവും ഭാര്യയുമെന്റെ സുഖങ്ങളും
പുല്ലിലും തുച്ഛമെന്നായ് ഞാൻ ത്യജിക്കുവൻ,

മൃത്യുവാദ്ധ്യരോഗാദി ദുഃഖങ്ങളീ–
മർത്ത്യരിലാക്കമൊഴിഞ്ഞു കാണായ്കയാൽ

അത്യുത്തമനായ ദേവനും തൗഭക്ത–
സത്തമനെക്കൂടി രക്ഷിപ്പതില്ലതാൻ

അല്പദേവാരാധനംകൊണ്ടു പിന്നവർ
നിഷ്ഫലമാകുന്ന കാലമെന്നേ വേണ്ടൂ.

Digitized By Kerala Sahitya Akademi

മർത്ത്യനെ മർത്ത്യനല്ലാതീഭയത്തിൽനി–
ന്നുദ്ധരിപ്പാൻ മറൊരുത്തനുണ്ടായ്‌വരാ

ക്രൂരമറിവും കഴിവും കുറഞ്ഞുമൊ–
ട്ടേറിയുമേറെയുണ്ടാകിലാം വിണ്ണവർ

ആരും കരകണ്ടിടാത്തൊരിസ്സംസാര–
വാരിധിയിൽ പൊങ്ങി മുങ്ങി നീന്തീടുവോർ

മുമ്പു കഴിഞ്ഞതും പിമ്പു വരുന്നതു–
മുമ്പൊരൊട്ടേടമറിഞ്ഞെന്നുവന്നിടാം

വമ്പിച്ച ജന്മമരണചക്രത്തിന്റെ
തുമ്പും തലയുമവരുമോരാ ദ്ധം.

എല്ലാറ്റിനും മുമ്പണുവായതിൽനിന്നു
മെല്ലെപ്പുഴുവായ് പറവയായ് പാമ്പായി

മീനായ് മൃഗമായ് ക്രമേണ മനുഷ്യനായ്
ദാനവനായ് ദേവനായ് സ്വയമങ്ങനെ

പൊങ്ങിയൊടുവിൽ മഹേശനായ് പിന്നെയു–
മിങ്ങോട്ട താഴുന്ന ജീവിയണുവരെ

ഭംഗമില്ലാതെ തുടർന്നീയുടലായ
ചങ്ങല ചുറ്റുന്ന സംസാരചക്രത്തിൽ.

ഇങ്ങനെയാഗമമോതുന്നതുണ്മതു
സംഗതമെന്നുമെനിക്കു തോന്നീടുന്നു.

ആകയാൽ ജന്തുക്കളൊക്കെയുമോർക്കുകി–
ലേകാന്വയരാം സഹോദരരാകുന്നു.

ലോകത്തിലിബ്ഭവദുഃഖവും മർത്ത്യരി–
ലേകനൊഴിക്കിലെല്ലാർക്കുമൊഴിഞ്ഞുപോം

ജന്മജന്മാന്തരബന്ധമെല്ലാം മറ–
ന്നിമ്മഹാമൂഢതയാം ക്രൂരിരുട്ടിലായ്

തമ്മിലോരാതെ താനാരെന്നുമോരാതെ
ജന്മികൾ തപ്പിത്തടഞ്ഞു തിരിയുന്നു

പാരിലീയജ്ഞാനമാം കാളരാത്രിതൻ–
ഘോരതയാൻ നിഴലായ്‌വരാം മൃതി

ആരിലും ദാക്ഷിണ്യമേലാത്തൊരീ വെറും
ക്രൂരതകൊണ്ടു വിനോദിക്കയാമവൻ

Digitized By Kerala Sahitya Akademi

കില്ലില്ല മത്സ്യരിലേകൻ ശ്രമിക്കിലീ–
യല്ലലിനുണ്ടാം നിവൃത്തി ജന്തുക്കൾക്കു

നല്ലഭയസ്ഥാനമേകമുണ്ടാമതിൽ
വല്ല മാശ്ചര്യത്തുടെയുമേകനെത്തിടാം

എത്രയോകാലമിരുട്ടുള്ള രാത്രിയിൽ
ചിത്തഭയംപൂണ്ടിരുന്നിരിക്കാം ജനം

എത്രയോ കോടി ജനം കളിർകാറേറവു
ചത്തുമിരിക്കാം തണുപ്പുകൊണ്ടാദിയിൽ

ശ്രദ്ധിച്ചു കല്ലോ മരമോ കടഞ്ഞു തീ
കത്തിച്ചതു പിന്നെയാമൊരു ബുദ്ധിമാൻ

വല്ലാത്ത ചെന്നായ്ക്കളാംപോലെ വിശക്കുമ്പോ–
ഴെല്ലാപ്പൊഴും ഭേദമെന്നി ജന്തുക്കളെ

തെല്ലും കരുണകൂടാതെ കടിച്ചുതി–
ന്നെല്ലാടവും നരർ വാണിരിക്കാം ചിരം.

പുല്ലായ് വളർന്നുകിടന്നുള്ള ചാമയും
നെല്ലും വരകുമുഴുതു വിതച്ചുടൻ

നല്ല ധാന്യം കൊയ്തെടുത്തതിൻ ചോറൊരു
കല്യാണബുദ്ധി ചമച്ചതൊട്ടുവിലാം.

ഭൂമിയിലെത്രയോകാലമിമ്മാനവ–
ശ്രമകരംപോലെയുഴറിനടന്നിട്ടു

നാമോതിടും ഭാഷ ചൊന്നതാം പിന്നെയും
താമസിച്ചിട്ടതെഴുതിയതാമൊരാൾ.

എന്തിനു ചൊല്ലുന്നു മത്സ്യനിന്നുഴിയിൽ
സ്വന്തമായ്ത്തീർന്നോരനുഗ്രഹമേതുള്ളു?

സന്തതം വേലചെയ്തെങ്കിലുമൊരു
ചിന്തകൻ കണ്ടുപിടിച്ചുള്ളതല്ലാതെ.

നിശ്ചയമാകയാൽ സംസാരബന്ധവും
വിച്ഛിന്നമാകുമൊരുത്തന്റെ യത്നത്താൽ

ദുഃഖങ്ങളെല്ലാമകന്നു ലോകത്തിനു
മുഖ്യമാം നിർവൃതിയുംവരും നിർണ്ണയം.

ഇത്ര മഹത്തായ കൃത്യത്തിനോർക്കുകിൽ
അത്യുത്തമനൊരാൾതന്നെ തുനിയണം

Digitized By Kerala Sahitya Akademi

ഭാഗ്യവും മാഹാത്മ്യവും പാരമാന്തി–
യോഗ്യനായാരോഗ്യവാനായ് സമൃദ്ധനായ്

ധന്യരായ് മർത്ത്യരെപ്പാലനംചെയ്യുവാൻ–
തന്നെ ജനിച്ചവൻ വേണ,മെന്നല്ലുവൻ

രാജാധിരാജനാവാൻ ശക്തിയാന്നോര–
വ്യാജതേജോനിധിയായുമിരിക്കണം.

നീണ്ടകാലം ഭ്രുവിൽ വാണിനിബ്ഭോഗങ്ങൾ
വേണ്ടെന്നിരിപ്പവൻ പോരാ ചിരമതി

സ്വാദുവിഷയശതം നുകർന്നിന്ദ്രിയ–
സാദം ഭവിച്ചവനാകിലും പോരതാൻ.

ഭോഗക്ഷമമായ യൗവനത്തിന്റെയാ–
ഭോഗത്തിലുത്സാഹമേറി നടക്കുവോൻ

സ്മയറേറാരു വിഷയവാരാശിയിൽ
കാമദാഹം ശമിക്കാതെ നീന്തീടുവോൻ

വേണമൊരുവനല്ലാതെ വെറും തപം
കേണുചെയ്യുന്ന മുത്തുമുനി പോരതാൻ

നല്ലതും തീയതുമാസ്സലന്നിങ്ങുള്ളൊ–
രെല്ലാ മഹത്വങ്ങളിലും മനസ്സുഴി–

ഞ്ഞുല്ലാസമാന്നവനായ്, കൊതിച്ചീടുകിൽ
ദുർല്ലഭവസ്തുക്കളാകിലും കൈവരാൻ

തെല്ലുമിടരററ സർവ്വഭാഗ്യാഢ്യനായ്
കല്യനായ് ദീനാനുകമ്പകൊണ്ടല്ലാതെ–

യല്ലലോരാത്തവനായ് സ്വയമെന്നോടു
തുല്യനായോരു തരുണനല്ലോ വേണ്ടു.

ഞാനുമൊരു മർത്ത്യനെന്നുള്ളതല്ലാതെ–
യൂനമെനിക്കൊന്നുമില്ലിങ്ങു കേവലം

ന്യൂനമിതുപോലെ ഭാഗ്യസൗഭാഗ്യാദി
നാനാവിഭവസമ്പൂർണ്ണനൊരു പുമാൻ

കാരുണ്യമൊന്നുതാൻ തള്ളിവിടുകയാൽ
താരുണ്യഭോഗവും സർവ്വസുഖങ്ങളും
വിട്ടുപോയ് ദുഃഖനിർവ്വാണമാരായുകിൽ
കിട്ടണമില്ലൊരു സന്ദേഹമേതുമേ.

Digitized By Kerala Sahitya Akademi

കാലമിനിക്കളയാതിന്നതാൻ പോയി
വേലതുടങ്ങിയസ്സിദ്ധിയെ സമ്പ്രത്തി–
ലാലീനമെന്നാകിലും നരകത്തിന്റെ
മൂലയിലെങ്ങാൻ മറഞ്ഞു മിന്നീടിലും

എല്ലാവക്കുമാസന്നമായ് രണ്ടു ടിക്കിലു–
മില്ലാതിടസ്സ്ഥ തങ്ങീടിലും യതമാ–
ന്നെങ്ങനെയെങ്കിലുമെങ്ങെങ്കിലും ബുദ്ധി
മങ്ങാതെ ചെന്നേത്തുകാലത്തിലെങ്കിലും

കണ്ടു കരസ്ഥമാക്കിപ്പോരുവനിനി–
ക്കുണ്ടുതയെന്തിനു ഞാൻതന്നെ പോകുവൻ

ഏതു വ്രതവുമെടുക്കുവനേതേതു
യാതനവന്നെത്തിയാലും സഹിക്കുവൻ

ഉർവ്വിയിലും ദ്യോവിലും നരകത്തിലും
ദുർവ്വഹസംസാരദുഃഖം വഹിക്കുന്ന

സർവ്വജനങ്ങൾക്കുമെന്റെ യത്നംകൊണ്ടു
നിർവ്വാണലാഭം വരേണമത്ര മതി

ക്ലേശിച്ചു ലോകഭോഗം വെടിഞ്ഞിങ്ങനെ–
യാശിച്ചു നിർവ്വാണരാജ്യമെന്നെങ്കിലും

കിട്ടുമെനിക്കു ഞാൻ ഘോരനാം മൃത്യുവെ–
യൊട്ടുമേ ക്ലേശാതെ നേത്തു ജയിച്ചിടും

വന്നിടുന്നുണ്ടിവൻ താരങ്ങളായ് ദ്യോവിൽ
നിന്നു വിളിക്കുന്ന വാനവവര്യരേ!

ഖിന്നയാം വിശ്വംഭരേ! ദുഃഖമേലുന്ന
നിന്നിലും നിന്റെ ജനത്തിലും ക്രൂരനാൽ

ഇന്നു ഞാൻ കൈവെടിഞ്ഞീടുന്ന യൗവന–
സന്നദ്ധഭോഗവുമെന്റെയീ രാജ്യവും

സ്വർണ്ണസിംഹാസനവും വിഭവങ്ങളും
വർണ്ണനീയങ്ങളാമോരോ സുഖങ്ങളും

രമ്യമായ് വിണ്ണൊത്ത വിശ്രമാരാമവു–
മിമ്മനോമോഹനമന്ദിരംകൂടിയും

എല്ലാറിനേയും വെടികിലും, കൈവിട്ട
തെല്ലും പൊറുപ്പാനുതാത്തതോർക്കുകിൽ

Digitized By Kerala Sahitya Akademi

വല്ലഭേ! ദേവി യശോധരേ! നിൻ കര-
വല്ലികളാണവയും ഞാൻ വിടുന്നിതേ.

എന്നല്ല കാന്തേ! വെടിഞ്ഞുപോകുന്ന ഞാ-
നിന്നു നിൻ ഗർഭസ്ഥമായി നമ്മാംക്കെഴും

പ്രേമമാം പുണ്യലതയിലാദ്യം പൂത്തൊ-
രോമനമൊട്ടാം കിടാവിനെത്തന്നെയും.

മുറ്റുമുണ്ടാശയതിന്റെ മുഖാംബുജം
ചെറുകുണ്ടാനന്ദമേലുവാനെങ്കിലും

പാർത്താൽ പിരിയുക പിന്നെയശക്യമെ-
ന്നോർത്തു ഞാൻ കാത്തിരിക്കുന്നില്ലതുവരെ.

ആയാസമാർന്ന ഞാൻ നേടും ഗതിയതെൻ-
പ്രേയസി! മറ്റുള്ള ലോകത്തൊടൊപ്പമായ്

നീയുമിപ്പൈതലുംകൂടിയഹിപ്പതാ-
മായതോർത്താശ്വാസമാർന്നു പോകട്ടെ ഞാൻ

എൻപ്രിയേ! ഹാ! ഗർഭശായിയാം പൈതലേ!-
യെൻപ്രിയമാർന്ന താതാ! ഹാ! പ്രജകളേ!

ഇപ്പോഴും പിരിയുന്ന ഞാൻ വിയോഗവ്യഥ-
യല്പകാലം പൊറുത്തീടുവിനെല്ലാരും.

ലോകത്തിൽനിന്നീയവിദ്യയാം ക്രൂരിരു-
ട്ടാകെ നീക്കിബ്ബോധസൂര്യനുദിച്ചിടും

ഏകാന്തധ്യാനമാർഗ്ഗം തെളിഞ്ഞാക്കുമേ
ശോകമകന്നു സുഖംവരുമോർക്കുവിൻ

എല്ലാം നിരൂപിച്ചുറച്ചുകഴിഞ്ഞു ഞാ-
നില്ലിനി മാറരമിതാ നടകൊള്ളുന്നു.

കല്യനാം മത്സ്യന്റെ തീവ്രയത്നത്തിനു
വല്ല ഫലവുമുണ്ടാകുമെന്നാകിലോ

ചൊല്ലെഴും ബന്ധവിമുക്തി സാധിച്ചുകൊ-
ണ്ടല്ലാതെയിങ്ങു മടങ്ങിവരില്ല ഞാൻ.

എന്നു ശപഥവുംചെയ്തു തൻശയ്യയിൽ-
നിന്നു മന്ദം സ്വാമി താഴത്തിറങ്ങിനാൻ

ഒന്നു നോക്കീടിനാൻ പിന്നെയും ദേവിയെ-
യെന്നിട്ടു തല്പാദപദ്മങ്ങൾ കൈകളാൽ

Digitized By Kerala Sahitya Akademi

ഉറോരു ഭക്തികലൻ പിടിച്ചു തൻ–
നെറിയിൽ ചേർത്തു നമസ്കരിച്ചീടിനാൻ.

ഇറിറു കണ്ണീർ പതിക്കയാലപ്പൊഴും
മുറും നനഞ്ഞോരിമപൂണ്ട പോളകൾ

പൂട്ടി മഴയേറ നീലോല്പലത്തിൻെറ
മൊട്ടകൾപോൽ മീലിതമാം പ്രിയയുടെ

മോഹനനേത്രങ്ങളാൻ മുഖാംബുജം
സ്നേഹശീലൻ പാർത്തു വീണ്ടും കഴങ്ങിനാൻ.

ധൈര്യം വഹിച്ചുടൻ പിന്നെയും തമ്പുരാൻ
നിർയ്യാണസന്ദാഹമാൻ തൃക്കൈകളെ

ആർത്തിയാൽ തേങ്ങുന്ന നെഞ്ചിൽ വിലങ്ങനെ–
ച്ചേർത്തുകെട്ടിക്കൊണ്ട മെല്ലെന്നടിവച്ചു

ദേവിയുറങ്ങുമാ ഖടവയെ മൂന്നുരു
ദേവാലയംപോൽ വലത്തുവച്ചീടിനാൻ

ആനന്ദമേകിയോരിപ്രിയാശയ്യയെ
ഞാനിനി സ്പൃശിക്കയില്ലൊരുനാളുമേ.

എന്നരുൾചെയ്തുടനേ പിറകോട്ടുപോയ്
ചെന്നാൻ മണിയറതൻ വാതിലോളവും

ഒന്നുകൂടിദ്ദേവിയെയുറുനോക്കിനാൻ
നിന്നാൻ മടങ്ങീയടുത്തുപോന്നീടിനാൻ

മങ്ങിയുമുള്ളമലിഞ്ഞും കൃപാകര–
നിങ്ങനെ പോയ് മൂന്നുവട്ടം മടങ്ങിനാൻ.

അത്രയാകഷ്കം ദേവിതൻ സൗഭാഗ്യ–
മത്ര ദൃഢമാണവക്കെഴും പ്രേമവും.

എന്നിട്ടൊടുവിൽ തിരിച്ചു മിഴിയിണ
തന്നുത്തരീയം തലയിൽ വലിച്ചിട്ടു

മൂടി മുഖം വല്ലുവാറുമഹോ! ധൈര്യ–
ധാടികലൻ വെളിക്കിറങ്ങീ വിഭു.

വാതിലിനുമ്പു ള്ളും തിരശ്ശീലയെ–
ക്കാതരനായ് സ്വാമി കൈകളാൽ നീക്കവേ

കാണായി മുമ്പിൽ സഖിമാർ ശയിക്കുന്ന
ചേണാർന്ന ശാല തത്താദൃശഭംഗിയിൽ

Digitized By Kerala Sahitya Akademi

ധാവള്യമേറുന്ന ദീപപ്രഭയായ
തുവെണ്ണിലാവു പരന്നൊടനെങ്ങുമേ

ഓമനപ്പൂന്നിര മങ്ങിയുറങ്ങുന്ന
താമരപ്പൊയ്കകണക്കതിരമ്യമായ്.

ഗംഗയും ഗൗതമിയും ചിത്രതൊട്ടുള്ള
മംഗലാംഗീജനമൊക്കെയും നിദ്രയിൽ

അംഗങ്ങളങ്ങു തള്ളി സ്വചേതനാ-
സംഗംവെടിഞ്ഞ ശരീരങ്ങൾപോലവേ

വീണ മങ്ങിക്കിടക്കുന്നതു കണ്ടുടൻ
പ്രാണിദയാപരമൂർത്തി ചിന്തിച്ചിതു:—

ലോകമനോജ്ഞകടാക്ഷങ്ങളും ബാഹ-
ലീലാഞ്ചിതങ്ങളാമംഗഹാരങ്ങളും

പാലഞ്ചിട്ടും പുഞ്ചിരിപ്പൂവിതാനമീ-
ബാലികമാരിലിപ്പോൾ കാണ്മതില്ലഹോ!

ഉത്തമശീലമാധുര്യവുമുൽക്കൃഷ്ട-
ബുദ്ധിചാതുര്യവുമെങ്ങോ! കുമാരിമാർ

നിർത്താതെ കൗതുകമാൻ കാണിക്കുന്ന
നൃത്തഗീതാദിസാരസ്യവുമെങ്ങുവാൻ!

ചിത്തവികാരവുമിന്ദ്രിയശക്തിയും
പ്രത്യൂഷസ്സിങ്കൽ മടങ്ങിവരാതഹോ!

ഇത്തരംതന്നെ മനോഹരഗാത്രിമാർ
ചത്തുകിടക്കാമൊരിക്കലിനിയിവർ

ഞെട്ടറ്റടിയുന്ന പൂവിന്റെ ശോഭയും
ചട്ടറ്റ ചാരുവാം ഗന്ധവുംപോലെയും

കെട്ട വിളക്കിൻ പ്രഭയെന്നപോലെയും
കഷ്ടം! ഗ്രഹണാന്ധം മരിച്ചാൽ കഴിഞ്ഞിതേ..

നിദ്രേ,യിവരെ നീ ഗാഢമാവേശിച്ചു
ഭദ്രമായ് ബന്ധിച്ചുകൊണ്ക കൺപോളകൾ

വിദ്രുതം പോമെന്നെ വാങ്മധുവഷ്മോ
മുദ്രാധികാശ്രുനദിയോ തടുക്കാതെ.

ഈവിധം വാഴ്മെനിക്കിദ്ധരയിലെ-
ജ്ജീവിതാനന്ദമരുളുമിത്തോഴിമാർ

Digitized By Kerala Sahitya Akademi

ആവലാതിപ്പെട്ട കേണ തുടങ്ങിയാൻ
പോവാൻ പണി ഞാനധികകൃപാകുലൻ.

സുന്ദരിമാരേ! ഭവതിമാരോടൊത്ത
മന്ദിരസൗഖ്യത്തിൻ മുങ്ങി വാണീടിലും

നിങ്ങളും ഞാനുമെന്നല്ല മറ്റുള്ളോരു–
മിങ്ങൊട്ടുനാളല്ലി വാഴ്വു മരങ്ങുംപോൽ.

സന്തുഷ്ടിചേർക്കും വസന്തവും വർഷവും
സന്താപമേകും കഠോരമാം ഗ്രീഷ്മവും

ചന്തമിയന്ന ശരത്തുമതിശീത–
ദന്തുരമായ ഹേമന്തം ശിശിരവും

ഇങ്ങനെ മാറിമാറിപ്പോമുതുക്കളിൽ
ഭംഗിയിൽ പൂത്തും തളിർത്തും ഫലഭരം

തിങ്ങിയും വൃക്ഷങ്ങളും നില്ക്കുന്ന വാടിയും
മങ്ങിയിലകളും പൊഴിഞ്ഞു ശോഷിച്ചുമേ

ഒട്ടനാളും നിന്നിവ പിന്നൊരു കാറേററു
പൊട്ടി ഞെരിഞ്ഞുടൻ വീണടിഞ്ഞീടിലാം

കാട്ടുതീ കത്തിട്ടഹിക്കിലാം കോടാലി
മുട്ടിലേറാശ്രു മുറിഞ്ഞുവീണീടിലാം

എന്തുള്ള ഭേദമിവയ്ക്കും ജരാവ്യാധി–
ബന്ധമെഴും നശ്വരനാം മനുഷ്യനും?

ഹന്ത! ദേവോപമനാകുമെനിക്കോക്കി–
ലെന്തിനിമ്മാതിരി ജീവിതം ഭൂമിയിൽ

വേണ്ട,യീവണ്ണമെനിക്കു ജീവിക്കേണ്ട
വേണ്ട വിഭവങ്ങളൊക്കെയുണ്ടെങ്കിലും.

ഇണ്ടലാന്യമനുഷ്യർ വാഴുന്നതു
കണ്ടുകൊണ്ടെങ്ങനെ ഞാൻ സുഖിക്കുന്നതും

അണ്ടർകോനുള്ള ഭോഗങ്ങളെല്ലാമെനി–
ക്കുണ്ടെങ്കിലും രതിയില്ലതിലൊന്നിലും

ഇങ്ങതിനാൽ തോഴിമാരേ! സുഖമായി
നിങ്ങളും വാണീടുവിനിന്നു പോകുന്നു ഞാൻ

ഭോഗസമൃദ്ധി തികഞ്ഞകാലത്തുതാൻ
രാഗമൊഴിഞ്ഞു സമസ്തം വെടിഞ്ഞുടൻ

Digitized By Kerala Sahitya Akademi

ഏകാന്തദുഃഖനിർവ്വാണമന്വേഷിച്ചു
പോകുന്നിതായീ ഭുവനമെല്ലാം മൂടി–

യാകവേ വ്യാപിച്ചൊരന്ധകാരം നീക്കി–
യേകബോധാക്നെദിക്കുന്ന ദിക്കിൽ ഞാൻ.

ഇങ്ങനെയുഷക്കാമ്പലിഞ്ഞു താനേയോതി–
യെങ്ങും സഖിമാരുറങ്ങിക്കിടക്കുന്ന

രംഗമദ്ധ്യത്തുടെ മെല്ലെന്നടിവച്ചു
മംഗലമൂർത്തി കടന്നുപോയീടിനാൻ.

കൊട്ടാരവാതിൽ കഴിയും ഭഗവാനെ
നിട്ടങ്ങുനിന്നാർദ്രതാരനേത്രങ്ങളാൽ

സ്പഷ്ടമാമമ്പാൻ നോക്കി നെടുവീർപ്പു–
മിട്ടു വിഭാതാഗമമന്ദവായുവാൽ

നാനാനിറമാർന്ന പുഷ്പപാത്രങ്ങളിൽ
താനേ നിറഞ്ഞ സുഗന്ധങ്ങൾ നീളവേ

തമ്പുരാൻ കാൽനടയായെഴുന്നള്ളവേ–
യമ്പോടു തുവിനിന്ന മലർവാടിയും.

ജാതമായ്ത്തെല്ലൊരിളക്കം ധരണിയിൽ
സേതുതുടങ്ങി ഹിമാചലത്തോളവും

ചേതസ്സിലാനന്ദമുൾക്കൊണ്ട ഭാരത–
മാതാവിനു മെയ്യ് ഞടുങ്ങിയപോലവേ

എന്നല്ല ദേവകുലം വന്നു വിണ്ണിൽ തങ്ങി–
നിന്നുടൻ നൃത്തഗീതാദി തുടങ്ങിതു

മിന്നുമവരുടെയംഗപ്രഭകളാൽ–
ത്തന്നെയാവാം രാവിരുട്ടിയലാഞ്ഞതും.

ആകുലാത്മാവായ് കൃപാനിധി കണ്ണുനീർ–
തുകി മിഴികളടച്ചുധരം പൂട്ടി

ആകാശവീഥിയിൽ താരങ്ങളെ നോക്കി–
യേകാന്തചിന്തയിൽ മുങ്ങിനിന്ന ക്ഷണം.

ലോകപാലന്മാരുമങ്ങെത്തിയൊക്കെയാ–
ലോകനംചെയ്തു സന്തുഷ്ടരായ് നിന്നുപോൽ

പിന്നെജ്ഝടിതി നടന്ന ദുർദ്ദാര–
സന്നിധിയോളം തരുച്ഛായയുടെ പോയ്

Digitized By Kerala Sahitya Akademi

ചെന്ന രഥപ്പുര പുക്കുടൻ മന്ദമായ്
ചരന്ദനെ മൂന്നുവട്ടം വിളിച്ചാൻ വിഭു.

മെല്ലേ മിഴികൾ തിരുമ്മി വിളികേട്ട
വല്ലാതെ വൈവശ്യമാർന്നണഞ്ഞീടുന്ന

കല്യനാമസ്സാരഥിയോടുടൻ സ്വാമി
ചൊല്ലിനാൻ കാന്തകത്തെസ്സുജ്ജമാക്കുവാൻ.

''എന്തിന്നൊരുമ്പെട്ടതോ നൃപനന്ദന!
നിന്തിരുമേനിയിപ്പോളറിഞ്ഞീല ഞാൻ

ബന്ധമെന്തിപ്പോളെഴുന്നള്ളുവാൻ പത്മ–
ബന്ധുവുദിച്ചതില്ലല്ലോ മഹാമതേ!

സന്ധിച്ച നീണ്ട തൃച്ഛായകൊണ്ടങ്ങു–
മന്ധകാരാവൃതമല്ലോ വഴികളും''

എന്ന സൂതൻ ചൊല്ലുവേ തൻതിരുവടി
ചൊന്നാനറക്കെയോതീടാസ്സു സാരഥേ!

ഇന്നു ഞാൻ സുമുപേക്ഷിച്ചു പോകുന്ന
വന്നിതു ദൈവജ്ഞർ ചൊന്ന കാലം സഖേ!

ഇന്നിയീ രമ്യഭവനത്തിൽ വാഴില്ല
പൊന്നണിക്കുട്ടിയെപ്പെങ്കിളിപോലെ ഞാൻ

എന്നുടെമൂലമായ് ജീവലോകത്തിനു
ഖിന്നത നീങ്ങി നിർവ്വാണമുണ്ടാകുവാൻ

ധന്യമാം മാർഗ്ഗമന്വേഷിച്ചു പോകുന്നു
മന്നിലെസ്സൗഖ്യങ്ങളെല്ലാം വെടിഞ്ഞു ഞാൻ

കണ്ണുത വേണ്ട പോയ് സജ്ജമാക്കി ദ്രുതം
കൊണ്ടുവന്നീടുക കാന്തകത്തബ്ഭവാൻ

കണ്ടുകൂടായെന്നെയാരും ജനമുണ–
ർന്നിണ്ടൽതേടുംമുമ്പു പോയ് മറഞ്ഞീടണം.

കഷ്ടമെന്തിന്നരുംചെയ്യുന്നിതു ഭാഗ്യ–
ദുഷ്ടമാം ശാക്യകുലദീപമേ! ഭവാൻ

ശിഷ്ടരാകും ദീർഘദർശികൾ കണ്ടുള്ള
ദിഷ്ടമെല്ലാമങ്ങു പാഴിലാക്കുന്നുവോ?

പ്രാജ്യപരാക്രമംകൊണ്ടു ഭവാൻ സമ്പൂ–
രാജ്യങ്ങളും കീഴടക്കിബ്ഭരിച്ചിടും

Digitized By Kerala Sahitya Akademi

പൂജ്യമാമൈകാധിപത്യം ധരയിലാർ
ന്നാർജ്ജസലമായ സതീർത്തി നാട്ടിടും

എന്നൊക്കെയല്ലോ പ്രതീക്ഷ ഞങ്ങൾക്കൊക്കെ-
യിന്നതെല്ലാം ഛിന്നമായിതോ ദൈവമേ!

കയ്യിലിരിക്കുമിബ്ഭോഗമെല്ലാം കള-
ഞ്ഞയ്യോ! ഭവാനിരപ്പോട്ടമെടുത്തിനി

പയ്യെഴുന്നോം പിച്ചതെണ്ടുവാൻ പോകയോ!
വയ്യേ! വിചാരിപ്പതിന്നമതേതുമേ

ഇഷ്ടജനംനിറഞ്ഞിരുഗേഹംപോലെ
പുഷ്ടസുഖമാമീ വിശ്രമവനം

തുഷ്ടിയോടുംവിട്ടൊരുതുണ കൂടാതെ
കഷ്ടമേയങ്ങുന്ന കാനനം പൂകയോ?

എന്നൊക്കെയാർത്തികലൻ ചോദിക്കുന്ന
തന്നിഷ്ടസാരഥിയോടു ചൊന്നാൻ വിട്ടൽ:

''ഛന്ദ! പരമാർത്ഥമോതുവൻ ഞാനിങ്ങു
മന്നവവംശത്തിൽ വന്ന ജനിക്കിലും

എന്നുടെ ജീവിതോദ്ദേശ്യമീ നശ്യമാം
മന്നിടം പാലിപ്പതല്ലെന്നറിക നീ

ഉച്ചിതനൈകാധിപത്യത്തിനെന്നല്ല
സർവ്വലോകാധിപത്യത്തിനും മേലായി

നിർവ്വേദമാൻ മഹാന്മാർ കൊതിക്കുന്ന
നിർവ്വാണസാമ്രാജ്യമല്ലോ തിരവു ഞാൻ

ഭൂവിലെബ്ഭോഗങ്ങളൊക്കെയും കാമ്യമാം
യൗവനംകൂടിയും നിത്യമല്ലെന്നതും

ജീവിതത്തെത്താൻ വെടിഞ്ഞിങ്ങു ജന്തുക്കൾ
ചാവുന്നതുമറിയുന്നതല്ലോ ഭവാൻ

എന്തിനേറെപ്പറയുന്ന സഖേ! പോക
കാന്തകത്തെ ദ്രുതം കൊണ്ടുവന്നീടുക.''

ഇങ്ങനെ ചൊന്നതു കേട്ട മനതളിർ
മങ്ങിയസ്സാരഥി വീണ്ടുമോതീടിനാൻ:

''ഹന്ത! കൃപാനിധേ! വൃദ്ധനാം മന്നവൻ
തന്തിരുവുള്ളമെന്തെന്നറിയേണ്ടയോ!

Digitized By Kerala Sahitya Akademi

നിന്തിരുമേനിതാൻ സർവ്വസ്വമെന്നോക്കു–
മന്തഃപുരജനത്തെഗ്ഗണിക്കേണ്ടയോ!

സന്താപസാഗരത്തിങ്കലകാണ്ഡത്തി–
ലുന്തിയിട്ടിന്നിയീയ്യറവരെബ്ഭവാൻ

എന്തുപായത്താൻ കരയേറുമായതു–
ചിന്തിയാതുള്ള സംരംഭമുചിതമോ?''

''കേൾക്ക സഖേ! സ്വാർത്ഥമാം സുഖം കാമിച്ചു
വാഞ്ഛം പ്രിയതയൊന്നും സ്നേഹമല്ലതാൻ
ഉൽകൊമ്പിലമ്മാതിരിസ്നേഹമുൽകൊണ്ടു
ദുഃഖിപ്പവക്കാത്തി തങ്ങളെച്ചൊല്ലിയാം

ഞാനോ മറിച്ചെൻ സ്വജനത്തിനെന്നല്ല
മാനവക്കും വാനവക്കുമെല്ലാക്കുമേ
ദീനത നീക്കാനുപായമോത്തിങ്ങനെ
ദുനഹൃദയനായ് ലോകം വെടികയാം

മത്സുഖത്തെക്കാളവരുടെ സൗഖ്യത്തെ
വത്സലമാമെൻ ഹൃദയം കൊതിക്കയാൽ
ഉത്സുകനായ് നിഷ്ക്രമിക്കയാം ഞാൻ ദൃതം
മത്സാരഥേ! കാന്തകത്തെ വരുത്തുക.

അത്യരം രാജ്യം കടന്നു പോയീടണം
പ്രത്യൂഷസ്സിന്നു മുമ്പില്ല ഭേദം സഖേ!

അതുരയേറീടുമെൻ ഹയത്തെച്ചെന്നു
സതുരം കൊണ്ടുവന്നീടുക പോക നീ.''

ഇത്തരം നിബ്ബന്ധപൂർവ്വമാം വാക്കു കേ-
ട്ടത്തരം തോന്നാതെ കുമ്പിട്ട സൂതനും

ഉത്തരാശയനായ് പോയി ലായത്തി–
ലുത്തുരംഗത്തെയുടനാനയിക്കുവാൻ.

പിന്നെയവൻ തിരുമ്മിസ്നിഗ്ദ്ധമശ്വത്തെ
മിന്നുന്നൊരോമൽവെള്ളിക്കുടിഞ്ഞാണിട്ടു
പൊന്നണിക്കോപ്പും വിരിപ്പുമണിയിച്ചു
സന്നദ്ധമാക്കിയഴിച്ചു തെളിച്ചിതു.

ഭള്ളാൻ കാന്തകം ഗംഗയിൽ പൊങ്ങുന്ന
വെള്ളത്തിരപോലെ കേസരപുച്ഛങ്ങം

Digitized By Kerala Sahitya Akademi

തുള്ളിച്ചുണഞ്ഞിതതുകണ്ടു ദേവനു–
മുള്ളിലൗത്സുക്യമൊതുങ്ങാതെയായിതു

വന്നു തൻ സ്വാമിയരമനവാതുക്കൽ
നിന്നരുളുന്നതു ദൂരത്തു കണ്ടഹോ!

തോഷാകുലമായുടൻ കാന്തകം നിജ–
ഹേഷാരവത്താൽ ജയാശംസ ചെയ്തിതു.

താമരപ്പൂപോൽ പുവന്ന നാസാപുട–
സീമകാട്ടിത്തലവക്രിച്ചു പൊക്കിയും.

ഭീമമായ് ലാടമിയന്ന കുളമ്പുകൾ
ഭ്രമിയിൽ കുത്തി മെതിച്ചൊലിക്കുട്ടിയും

ആമോദഗർവ്വഭരിതനായ് കാന്തകം
സ്വാമിതൻ സന്നിധി പൂകിനാൻ തൽക്ഷണം

കോമളമാം കരാബ്ജം പൊക്കി മന്ദമ–
ശ്രീമാനതിൻ നെറിയിൽ തട്ടി നിത്തിനാൻ.

ആരവം വാജി കൂട്ടുന്നതു കേട്ടമ–
ങ്ങാരുമുണർന്നീലതാശ്ചര്യമല്ലതാൻ

വിണ്ണവർ പൊത്തിയിരുന്നിതവരുടെ
കണ്ണും ചെവിയും കരപല്ലവങ്ങളാൽ.

തമ്പുരാൻ കൂറാൽ പിടിച്ചുകുതിരതൻ–
വമ്പിയലും തല മെല്ലെക്കുനിച്ചുടൻ

വെൺപ്രഭയാർന്ന രോമസ്നിഗ്ധമാം കഴ–
ത്തമ്പിൽ തലോടിയലിഞ്ഞരുൾചെയ്തിതു:

''നില്ലുനില്ലൂൻ പ്രിയകാന്തക, ശാന്തമായ്
നില്ലു ചെറുതു ഞാൻ ചൊൽവതു കേൾക്ക നീ.

ഇക്കുറിയെന്റെ യാത്രയ്ക്കുള്ള ദൈഘ്യവും
മുഖ്യതയും നീയറിയുന്നതായ്വരാ.

ലോകത്തിനു ദുഃഖനിർവ്വാണമാരാഞ്ഞു
പോകുന്നു ഞാനതെങ്ങെന്നറിയായ്കിലും

ചാകുമിജ്ജീവികളെക്കണ്ടു സന്തതം
മാഴ്കുമെൻ ചിത്തം നയിക്കുംവഴികളേ കേൾ

നേരോരുവനതു കണ്ടുകിട്ടാതിനി–
പ്പോരാ മടങ്ങി ഞാനിങ്ങെന്നറിക നീ

Digitized By Kerala Sahitya Akademi

ആരുമേ പാരിതിൽ ചെയ്തിരിക്കില്ലിത്ര
ദൂരസഞ്ചാരം കുതിരമേലെങ്കിലും

ധീരനായെന്നെ വഹിക്കണം നീ, വ്യ-
ചാരിതാത്ഥ്യം നിനക്കും ഹയരത്നമേ!

മാനവന്മാക്കും സുരന്മാക്കുമെന്നല്ല
മാനസ,കായിക,ദുഃഖജാലങ്ങളാൽ

ദൂനരാം പ്രാണികൾക്കെല്ലാറ്റിനും ബുദ്ധി-
ഹീനമാം ജീവിജാലത്തിനുക്കൂടിയും

ദീനത നീക്കി നിർവ്വാണമേകീടുവാൻ
ഞാനിത്തുടങ്ങുന്ന യത്നത്തെയോർത്തു നീ

ഊനമറേറാരനുതാപമാർന്നീ മഹാ-
യാനഖേദങ്ങളും സഹിക്കണം കാന്തക.

ചൊല്ലുവനിപ്പൊഴീ രാത്രിയിൽത്തന്നെ നാം
വല്ലവിധവും പുറപ്പെട്ട പോകണം;

അല്ലെങ്കിലിഷ്ടജനങ്ങളുണർന്നുപോം
കില്ലിവർ പിന്നെയയ്യോ ഹയപതേ!

മേലേറി മെല്ലേ മുതുകിൽ ഞാൻ തട്ടുമ്പോ-
ളാലോലവേഗമാർന്നുഞ്ഞുല്പതിക്ക നീ

സ്ഥൂലങ്ങളാമഗ്ഗളങ്ങളുമുന്നത-
സാലങ്ങളും സമുല്ലംഘിച്ചു പക്ഷിപോലെ.

ആയാസമാർന്നിയാത്ര നിൻ വേഗത്തെ-
യായിരം ഖഡ്ഗധരന്മാർ തടുക്കിലും

പായുക നില്പാതെ ശീഘ്രതരം ചണ്ഡ-
വായുപോൽ ലോലവിദ്യുല്ലതപോലെയും.''

എന്നതുചെയ്തു ലഘുതരമായ് സ്വാമി-
യൊന്നു കുതിച്ചു കുതിരമേലേറിനാൻ

വന്ദിച്ചരികിലാകാശത്തുനിന്നുള്ള
വൃന്ദാരകന്മാർ പിടിച്ചേറിയപോലെ

എന്നിട്ടു തുക്കെകളിൽ കടിഞ്ഞാണേന്തി
നന്നായിരിപ്പുറപ്പിച്ചു തിരുവടി

ഒന്നു കരതളിരാൽ കാന്തകത്തിന്റെ-
യുന്നതശീർഷത്തിലാഞ്ഞു തട്ടീടിനാൻ.

Digitized By Kerala Sahitya Akademi

വന്നു തള്ളും വേഗധാടി സഹിയാതെ
നിന്നു വിരണ്ടു ശിരസ്സു കുടഞ്ഞേറെ–

മുന്നമിപ്പിച്ചു ചെവികൾ കൂർപ്പിച്ചുകൊ–
ണ്ടന്യനവേഗം പുറപ്പെട്ട കാന്തകം

പിന്നെ ദ്രുതതരമോടീ കുളമ്പുക–
ളൊന്നായ് നിലത്തു പതിച്ചും കുതിച്ചുമേ.

ഇങ്ങനെ നാഥൻ നിജ ഹയാരൂഢനാ–
യെങ്ങും പിറകിൽ തിരിഞ്ഞുനോക്കാതെയും

സ്വർല്ലോകമൊക്കും ഗൃഹവും സുഖങ്ങളും
പുല്ലോളവും ഗണിയാതെയും പോയിതു.

കൽതളമാർന്ന നിലത്തിൽ പതിച്ചു തീ–
കത്തി ജ്വലിക്കും കുളമ്പിന്റെ ഘോഷവും

പാരം കിലുങ്ങും കടിഞ്ഞാൺതുടലുതൻ–
സ്സാരാരവവുമാരും കേട്ടണരാതെ

ദൂരെദ്ദൂരെപ്പാഞ്ഞുചെന്നഹോ! ദുർഗ്ഗങ്ങ–
ളോരോന്നുമാശു കടന്നിതു കാന്തകം.

പാരിൽ കുളമ്പൊച്ച കേൾക്കാതെ പുഷ്പങ്ങൾ
വാരി വിരിച്ചുപോൽ വാനവർ നീളവേ.

ആരവമാന്ന കടിഞ്ഞാൺതുടൽ ദിവ്യ–
ചാരുപടംകൊണ്ടവർതാൻ പൊതിഞ്ഞുപോൽ

എന്നല്ലയേറെ നിയോജ്യജനങ്ങളേ–
ന്നൊന്നായ് പണിപ്പെട്ട തള്ളിയാലേറവും

ഉച്ചമായ് യോജനദൂരത്തു കേൾക്കുന്നൊ–
രൊച്ചകലൻ്റെ നീങ്ങീടും കവാടങ്ങൾ

ദേവനശ്വാരൂഢനായങ്ങണയവേ
കേവലം നിശ്ശബ്ദമായനായാസമായ്

അമ്മഹന്ന കോട്ടവാതുക്കലുമൊന്നുപോൽ
ചെമ്മേ തുറന്നു താനേ വഴിനൽകിപോൽ

നാകികളീയാനുകൂല്യങ്ങൾ ചെയ്വതാ–
മാകാത്തതല്ലവക്കായതെന്നല്ലഹോ!

ലോകൈകകാരുണികനു ചരാചര–
ലോകങ്ങളെല്ലാം സ്വയം സഹായിക്കയാം.

Digitized By Kerala Sahitya Akademi

ദ്വാരദേശങ്ങളിൽ കാവലിനിന്നീടിന
വീരാഗ്രണികളായുള്ള ഭടന്മാരേ

ഉരിപ്പിടിച്ച വാളും താഴ്ത്തു വീഴ്വതു–
മോരാതെയങ്ങങ്ങു നിന്നുറങ്ങീടിനാർ

നേരേ മലയാദ്രിയിൽനിന്നവിടെയ–
ന്നേരത്തണഞ്ഞു ദേവാജ്ഞയാലെന്നപോൽ

ആരിലും നിദ്രയണയ്ക്കുമിളംകുളിർ–
മാരുതൻ മെല്ലെമെല്ലേ വീശിനില്ലുയാൽ

ഏതാകിലും തൻ മഹോദ്യമത്തിന്നാശു
യാതനാകും തൻതിരുവടിക്കിങ്ങനെ

യാത്രയിലുണ്ടാമനന്തരായം സിദ്ധി–
പാത്രതയോതും പ്രഥമശകുനമാം.

എന്തിനു വിസ്മരിപ്പൂ സ്വാമിയീവിധം
പന്ഥാവിലേതും പ്രതിബന്ധമെന്നിയേ

കാന്തകാരൂഢനായേകനായ്ത്തൻപുര–
പ്രാന്തവും നാടും വനങ്ങളുമൊക്കെയും

ഓടിക്കടന്നുപോയാനഗ്രമാരുത–
ധാടിയെ വെന്ന വേഗത്തിലാ രാത്രിയിൽ

പാരം പ്രഭാതമടുത്തു കിഴക്കതി–
ഗ്രാരൂഢ രുവിഗ്ഗിരിശിഖരോപരി

ദൂരത്തു ശുക്രനുദിച്ചുപൊങ്ങീ സ്വാമി
ചാരത്തുടനനോമാനദി കണ്ടിതു

ക്ഷീണതയാന്ന തുരംഗമത്തെക്കടി–
ഞാണം പിടിച്ചങ്ങു നിത്തിട്ടയാനിധി

ക്ഷോണിയിൽ ചാടിയിറങ്ങി പുഴയുടെ
വേണിയാൽ വേർപെടുമാ രാജ്യസീമയിൽ

തൻ പ്രിയകാന്തകത്തെ സ്വാമി നെറുകിമേ–
ലൻപോടു ചുംബിച്ചു മാറിനിത്തിപ്പിന്നെ

ഉന്നവയോഗ്യമാം തന്റെ മകുടവും
മിന്നുന്ന മെയ്യാഭരണങ്ങളും സ്വവും

പൊന്നണിക്കഞ്ചുകവും പാടുകകളും
മന്നിൽ മഹാത്മാവഴിച്ചുവെച്ചീടിനാൻ.

Digitized By Kerala Sahitya Akademi

സന്നിധിതന്നിലണഞ്ഞുടൻ ചന്ദനം
ഖിന്നതയോടെ തൊഴുതു നില്പ്പൂന്നതു

കണ്ടു കനിഞ്ഞുചെയ്തു കൃപാനിധി-
യിണ്ടൽതേടായ്തു നീയെൻ പ്രിയസാരഥേ!

ഇന്നെനിക്കായ് ഭവാൻ ചെയ്തോരുപകാര-
മെന്നുമങ്ങേക്കു ശുഭഹേതുവായ്വരും.

എന്നല്പതുകൊണ്ടു സച്ചലോകത്തിനും
വന്നുകൂടും നിത്യമംഗളവും സഖേ!

തമ്പുരാൻ പിന്നെയരയിൽനിന്നക്ഷണം
പൊൻപിടിയാന്ന വാളരി സ്വയം തന്റെ

കോമളധൂമലതപോൽ കടിലമായ്
ശ്യാമളമാം ശിഖാബന്ധമരിഞ്ഞുടൻ

വാളുറയും സാരസനവും കാന്തിയാൽ
കാളമുഷ്ടീഷവും കഞ്ചുകാദ്യങ്ങളും

ചന്ദന്റെ കയ്യിലേല്പിച്ചഹോ! പിന്നെയും
ചൊന്നാൻ ജഗൽപൂജ്യനാം സ്വാമിയിങ്ങനെ:

''ഇക്കണ്ടതൊന്നുമിണങ്ങില്ലെനിക്കിനി
പൊയ്ക്കോകിതെല്ലാമെടുത്തു സഖേ! ഭവാൻ

വസ്തു നൃപസന്നിധിയിൽ ബന്ധുക്കൾക്കു
മൽക്കഥയോർപ്പാനുപകരിക്കാമിഹ

സോൽക്കണ്ഠനാം താതനോടിങ്ങനെയെന്റെ
വാക്കാൽ പറകയുംചെയ്തു വണങ്ങി നീ.

'ഞാനിതാ സർവ്വമുപേക്ഷിച്ചു ഭിക്ഷുവായ്
ജ്ഞാനാർത്ഥിയായ് സ്വരാജ്യംവിട്ടു പോകുന്നു

മാനവാധീശനെൻ താതൻ കനിഞ്ഞതു
ദീനതതേടാതെയിന്നു പൊറുക്കണം

ഏതു കഠിനവ്രതം നോറ്റുമേകനായ്
ഭീതിയെഴും കാട്ടിൽ വാണുമാരാഞ്ഞുമേ

ബാധകളെല്ലാമകന്നു മനോരഥം
സാധിച്ചു വിശ്വം ജയിക്കുമറിക ഞാൻ

Digitized By Kerala Sahitya Akademi

ധന്യനായ് ജ്ഞാനസാമ്രാജ്യാധിപനായി
മന്നവന്മാക്കഖിലക്കുമാരാദ്ധ്യനായ്

മന്നിടമെന്നല്ല മറ്റു ലോകങ്ങളെ–
മെന്നുടെയേതാദൃശസ്നേഹവൃത്തിയാൽ

ഖിന്നത തീർത്തു ഞാൻ കീഴടക്കി പ്രഭോ!
പിന്നെബ്ഭവൽപദം വന്നു കണ്ടീടുവൻ

മൃത്യുസംസാരവിവശനാം മർത്ത്യനെ
മർത്ത്യനൊഴിഞ്ഞു പാലിപ്പതിനില്ലൊരാൾ

സത്യമതാകയാൽ സർവോത്തമമായ
കൃത്യമെന്നോർപ്പു ഞാനിജ്ജഗൽപാലനം

എന്നോടു തുല്യമീ മുക്തിമാർഗ്ഗം തേടി
മന്നിലൊരാളുഴന്നിട്ടില്ലിതുവരെ

എന്നതോർത്താൽ കണ്ടുകിട്ടുമെനിക്കതു
സന്ദേഹമില്ല ഞാൻ സാധിക്കുമീപ്സിതം.

ഏകാന്തമായ് തന്റെ ലോകം വെടിയാതെ
ലോകരക്ഷയ്ക്കൊരാളുമാകില്ലതാൻ

ആകയാലാശ്വാസമാർന്നു താതൻ വാഴ്ക
പോകുന്നു ഞാൻ,' പോയിതോതുക നീ സഖേ!''

ഇങ്ങനെയോതി വിഷണ്ണനാം ഛന്ദനെ–
യെങ്ങനെയെങ്കിലുമേറെ നിർബ്ബന്ധിച്ചു

മംഗലമൂർത്തി മടക്കിയയച്ചിതാ–
യിംഗിതവേദിയാമശ്വരത്നത്തെത്തോട്ടം

പിന്നെയക്കോദയത്തിൽ സ്വയം മുണ്ഡിയായ്
സംന്യസ്തസർവ്വാഭരണനായ് സത്വരം

തന്നുജ്ജ്വലമാം തിരുവുടൽ താമ്രാഭ–
ചിന്നുമൊറ്റശ്ശാടികൊണ്ടു മറച്ചഹോ!

ധന്യതതേടുമത്തൃക്കൈയിലോട്ടമായ്
വന്ദ്യപാദൻ പോയ് പുഴയും കടന്നുടൻ

ചെന്നക്കരപ്പുക്കു നീണ്ട പെരുവഴി–
യൊന്നിലേറിത്തനിയേ നടകൊണ്ടിതു

Digitized By Kerala Sahitya Akademi

മന്നിൽ പ്രകാശംപരത്താനുദിച്ചുഴ-
മന്യതരുണാക്കുനെന്നു തോന്നുംവിധം

അഞ്ചിതചര്യൻ ഭഗവാൻ തഥാഗതൻ-
തഞ്ചരിതം സർവ്വലോകമനോഹരം

തുഞ്ചഗ്രഹവരോപജ്ഞമാം രീതിയിൽ
നെഞ്ചലിയിക്കുന്ന നിഷ്ക്രമണംവരെ

ഇങ്ങനെ ഞാൻ പാടിനേൻ;—സൽകഥയുമാ-
യങ്ങനെ വേഴ്ചയാണ്നാലുമുണ്ടാം ഫലം.

Digitized By Kerala Sahitya Akademi

അഞ്ചാം കാണ്ഡം

അഖിലജന്തുക്കൾക്കും നിർവ്വാണമേകാൻ തന്റെ
നിഖിലസുഖങ്ങളും പെടിഞ്ഞു നിഷ്ക്രമിച്ചു

സുഗതദേവൻ കൈയിലോട്ടമായ്ത്തെണ്ടിച്ചെന്ന
മഗധരാജ്യസീമയെത്തിനാൻ മഹാഭാഗൻ

അവനംചെയ്തിരുന്നിതക്കാലമാരാജ്യത്തെ–
യവനീപതി മഹാസുകൃതി ബിംബിസാരൻ

സുവനാവലിരമ്യമായ് രാജഗൃഹമെന്ന
ഭുവനവിദിതമാം തല്പുരം പുരാതനം.

വിലസീടുന്ന വിധിരക്ഷിതമായങ്ങഞ്ചു–
മലകളുടെ മദ്ധ്യത്തായതിമനോഹരം

'വൈഭര'മെന്ന ശൈലം വാച്ചെഴും വമ്പുല്ലിന്റെ
ശോഭയാൽ മരതകക്കുന്നുപോൽ വിളങ്ങുന്ന

മറൊരദ്രിതന്നടിയുടെ മെല്ലവേ ജലം
വറിയന്തർവാഹിനിയോടുന്ന 'സരസ്വതി'

'വിപുല'മെന്നതിൻപേര,പ്പുറം തരുച്ഛായാ–
സുഭഗം 'തപോവന'പർവ്വതം രാജിക്കുന്നു;

അതിലെ നിർമ്മലമാം നീർച്ചോലതോറുമഹോ!
മദപിച്ഛിലഗണ്ഡമാം ഗജയൂഥംപോലെ

നന്മയിൽ നിഴലിച്ചുകാണുന്ന പുറത്തുടെ
കന്മദമൊലിക്കുന്ന കറുത്ത പാറക്കൂട്ടം.

തുംഗമായ് സ്ഫുരിക്കുന്ന കഴുകൻതങ്ങുമുച്ച–
ശൃംഗങ്ങളാന്ന 'ശൈലഗിരി'തെൻകിഴക്കായും

മംഗളശ്രീമെത്തുന്ന മണികൂം വിളഞ്ഞതി–
ഭംഗിതേടീടും 'രത്നഗിരി' നേർകിഴക്കായും

കാണുന്ന ചെറുതായിച്ചൊന്ന പർവ്വതത്തിന്റെ
ചേണാന്ന പടിഞ്ഞാറേച്ചരിവിലൂടേ ചുറ്റി

മേലോട്ട ദ്ധുരമായ് പുണ്യയാത്രക്കാരുടെ
കാലടിയേറ്റു തേഞ്ഞ കല്പടവാന്ന മാഗ്ഗം.

Digitized By Kerala Sahitya Akademi

അടിവാരത്തിൽ പൂത്ത കുങ്കുമത്തോപ്പുകളും
തുടർന്നു മേലൊട്ടേടം തേന്മാവുമശോകവും
ഇടയിലങ്ങങ്ങില്ലിപ്പട്ടിലുമിരുപാടും
തടവിശ്ശോഭിക്കുന്ന ശാന്തശ്ശിരിപഥം
മുകളിൽ ചില താണ ശൃംഗത്തിൽ സൂര്യകാന്ത–
നികരങ്ങളും സച്ഛവെള്ളാരമ്പാറകളും
മുകരദ്ധൃതിപൂണ്ടു മിന്നുന്നു; വനഗുല്മ–
പ്രകരം പൂത്തു ചില ഭാഗങ്ങൾ വിലസുന്നു.
അതിലേ മേല്പോട്ടുപോയപ്പാത തെല്ലു ദൂരെ
സ്ഥിതമായൊരു ശിലാതടത്തിലൊതുങ്ങുന്നു.
അതിമേദുരസ്നിഗ്ധദലങ്ങളം തിങ്ങിശ്ശാഖാ–
തതി ചൂഴ്ന്നു നില്പൂത്തിവൃക്ഷത്തിൻ ചോട്ടിൽ.

അനപായമായതിൻ താഴത്തു മർത്യരാരും
ഖനനം ചെയ്യാത്തതായ് കാണുന്നവിവൃതമായ്
വനവാർക്കുന്തൽ ചിന്നും ഭാരതാവനിക്കുള്ളോ–
രനഘകണ്ണുപുടംപോലൊരു ഗുഹാമുഖം.
ബോധിസത്വൻതന്നുള്ളിൽ നിർവ്വാണഗീതസ്വരം
സാധനംചെയ്വതാദ്യം കേട്ടതിസ്ഥലമല്ലോ.
അതിനെ നമസ്കരിക്കേണം നാമതിനേക്കാൾ
ക്ഷിതിയിൽ പാവനമായ് മറൊരു ദിക്കില്ലല്ലോ!

വേനലിൽ വനം വെന്തു പായും മാൻനിരകൾക്കു
കാനൽനീർഭ്രമംചേർത്തു കാളും വൻവെയിലിലും,
കൊടിയ വഷ്ത്തുവിൽ കാറിൽ വന്മരങ്ങളാ–
ഞ്ഞടിയുമാറു ചീറിപ്പെയ്യും പേമഴയിലും,
പടുമല്ലനും ചോരയുറഞ്ഞു രോമം ചീർത്തു
തടിയിൽ വിറതേടും ഹേമന്തശൈത്യത്തിലും
സുന്ദരകളേബരൻ ലോകരക്ഷാർത്ഥം മണി–
മന്ദിരാദികൾ വെടിഞ്ഞുഴറി വനംപുക്ക
വന്ദനീയൻ ശ്രീഭഗവാനുദാരമാകുമീ–
കന്ദരമല്ലോ തൃണനല്പിയതൊട്ടകാലം.

അതിനുള്ളിലെ നിരപ്പില്ലാത്ത ശിലാതല–
മതിനുമേൽ ശ്യാമദൂർവ്വാങ്കുരങ്ങൾ വിരിച്ചതിൽ

Digitized By Kerala Sahitya Akademi

ദൃതിയാലന്ധകാരം നീക്കിയാ ധ്യാനശീലൻ
സ്ഥിതിചെയ്തീടും മേഘോദരത്തിലിറുപോലെ.

വച്ച്സ്സേറുന്ന വദനാബ്ജത്തിലൊട്ടടഞ്ഞ
നിശ്ചലതാരങ്ങളാം നെടുനേത്രങ്ങളോടും

ആസനം ബന്ധിച്ചുജ്ജുകായനായ് പര്യസ്തമാം
ടാസുരകരാബ്ജങ്ങൾ പാദപങ്കജങ്ങൾമേൽ

വിന്യസിച്ചന്തഃകരണങ്ങളെയടക്കിയ–
ദ്ധന്യാത്മാവിഃന്നീടുമിരിക്കു നമസ്കാരം!

അന്തികംപുക്കന്നേരമണ്ണാക്കണ്ണന്മാരൊരു
ചിന്തകൂടാതെ ചാടിക്കയറും കാൽമുട്ടിന്മേൽ,

അഞ്ചാതെ കാട്ടുപിടക്കോഴികൾ കുഞ്ഞുങ്ങളെ–
സ്സഞ്ചരിപ്പിക്കും പാദപങ്കജപുടങ്ങളിൽ,

ഓട്ടിലപ്പിച്ചുച്ചോറിൻമണികൾതാനുമങ്ങു
കാട്ടിളംപിറാവുകൾ വന്നഹോ! കൊത്തിത്തിന്നും

അറിയാറില്ലതൊന്നുമത്തിരുവടി; ചിത്തം
കുറിയിൽ നില്പ്പും യോഗിയോരില്ല ബഹിർല്ലോകം.

മദ്ധ്യാഹ്നകാലംമുതലിങ്ങനെ ദിനംപ്രതി
സദ്ധ്യാനനിഷ്ഠനായഗ്ഗ്രഹയിൽ ശ്രീഗൗതമൻ

അദ്ധ്യാത്മാകാശങ്ങളെയന്തരാ ത്തുരന്നുപോം
ബുദ്ധിതൻ സൂക്ഷ്മകിരണംവഴിയുള്ളിലുള്ള

ഗ്രന്ഥതത്ത്വങ്ങൾ കണ്ടുകണ്ടെഴുമാനന്ദത്തിൽ
ഗാഢമഗ്നനായിരുന്നരുളുമതിനുള്ളിൽ.

യാമങ്ങൾ നിമിഷങ്ങൾപോലെ പോവതോ, സൂര്യൻ
കോമളാംശ്രുവായ് പശ്ചിമാശാങ്കമണവതോ,

ഭ്രമുഖം മങ്ങുന്നതോ, നക്ഷത്രകലാപമയായ്
യാമിനി വരുവതോ ഭഗവാനോരുന്നീല.

അകലെത്തേവാലയങ്ങളിലന്തിക്കു കേൾക്കും
തകിലോ കുഴലൂത്തോ ശ്രവിക്കുന്നില്ലെന്നല്ല,

നികടത്തിങ്കൽ കുനരികൾ കൂട്ടീടുന്ന
വികടാരവംപോലും ഗൗതമൻ കേൾക്കുന്നില്ല.

പാതിരാവോളമിതുപോലെ പോം പിന്നെ സ്വയം–
ചേതസ്സിലജ്ഞാനാന്ധകാരത്താൽ കാമക്രോധ–

Digitized By Kerala Sahitya Akademi

ലോഭാദി വികാരങ്ങൾപോലവേയിരതെണ്ടി
ക്ഷോഭിച്ചു മണ്ടും ശ്വാപദങ്ങളെയൊഴിച്ചന്യ–
പ്രാണിവർഗ്ഗങ്ങളെല്ലാമുറങ്ങിയൊട്ടു മൗനം
ക്ഷോണിതാൻ പരിശ്രാന്തയായപോലാന്നീടവേ

ശാന്തിമാൻ ശാക്യമുനി നിഷ്ക്രിയയിൽനിന്നു മെല്ലെ
താന്തവൃത്തിയാം ചിത്തം വിവർത്തിപ്പിച്ചീടുന്നു.
പിന്നെപ്പര്യങ്കബന്ധക്ലിഷ്ടമാമംഗങ്ങൾ കു
ധന്യൻ സൈരത നൽകിയെഴുന്നേറിരുന്നുടൻ
ദർഭയാൽ താനേ തീർത്ത ശയ്യയിൽ ശയിച്ചീടു–
മദ്ഭുതരൂപൻ സമ്പൂർണ്ണസുഭാഭനനങ്ങാതേ.

ബദ്ധവിശ്രമം ദേവനിങ്ങനെയൊട്ടുറങ്ങി–
യർദ്ധയാമത്തിന്നുമുമ്പെഴുന്നേല്ക്കുന്നു വീണ്ടും.
മദ്ധ്യത്തിൽ മറച്ചൊരു കാർമുകിൽമാല വിട്ട
ശുദ്ധവെണ്മതിപോലെ തെളിഞ്ഞ ബുദ്ധിയോടും.

മന്ദമായടിവച്ചു നടന്നു പിന്നെ നിജ
കന്ദരതലം വിട്ടു വെളിയിലെഴുന്നള്ളി
ഉന്നുടൻ ബാഹ്യലോകം തൃക്കൺപാർത്തുജ്ജ്വലൻ
ചെന്നിരുന്നീടുമൊരു ശിലമേൽ ശാക്യസിംഹൻ
പൂഴവും കാണും വനഭൂവിലുമശ്ശൈലത്തിൻ–
താഴെയും മെല്ലെജ്ജീവജാലങ്ങൾ ചേഷ്ട വിട്ടു

ശേഷിച്ച രാത്രിയുടെയാശ്ലേഷമേറ്റു മങ്ങി–
ജ്ജോഷമായ് കിടപ്പതു നോക്കീടും മഹാഭാഗൻ.
മുകളിൽ നിർവാതമായെങ്കിലും ശിശിരമായ്
മുകിലില്ലാതിരുണ്ടു പരന്നു നിസ്സീമമായ്,
അംബരമഹാടവി വിവിധവർണ്ണപുഷ്പാ–
ഡംബരഭാസുരമായ് നില്പതു നോക്കും ദേവൻ;
എന്നല്ല കാട്ടുപൂക്കളുറുത്തു സവിശേഷം
ധന്യയാം ഭൂവെസ്സുരരച്നംചെയ്യുമ്പോലെ,
ഛിന്നമായ് ജ്യോതിസ്സുകൾ ചിതറിവീഴുന്നതു–
മുന്നിദ്രാശയൻ തൃക്കൺപാത്തൊട്ടു നിലകൊള്ളും
സാദരം താനിക്കാണും കാഴ്ചകൾതന്നെ ചിന്താ–
മേദുരമാക്കിത്തീർക്കും ഭഗവച്ചിത്തം വീണ്ടും.

Digitized By Kerala Sahitya Akademi

അന്തമറെഴും ലോകഭോഗത്തിൻ മഹത്വവും,
ചിന്തിക്കും ദേവൻ നരജീവിതലഘുത്വവും.

ചേതസ്സിലൊതുങ്ങാത്ത തത്ത്വചർച്ചയാൽ സ്വയം
ജ്ഞാതാജ്ഞാതമാം ലോകമാഹാത്മ്യമോർത്തു പേർത്തും

ഹന്ത! നിശ്ചേഷ്ടനായൊട്ടങ്ങനെയിരുന്നപോ-
മന്തരാശ്ചര്യപരതന്ത്രനായ് ബോധിസത്വൻ.

അന്നേരമഹോ! തമസ്സകലും പ്രഭാതശ്രീ-
വന്നെത്തും വിളംബമില്ലിനിയെന്നുദാരമായ്
ചൊന്നീടുമശരീരിവാക്കുപോൽ കേൾക്കാകുന്ന
ഭിന്നമൗനമായ് കാട്ടുപൂങ്കോഴി കൂവും നാദം

കാണാറാകുന്നിതുടൻ പൂർവ്വപർവ്വതത്തിന്മേൽ
ചാണയരത്തിലൈന്ദ്രി കൊളുത്തും ദീപംപോലെ

തേജസ്സാൽ വഴി വെളുപ്പിക്കും തുംകതിർനീട്ടി-
യോജസ്സുതേടും വെള്ളിയുദിച്ചുപൊങ്ങുന്നതും,

സ്തംഭിച്ച സമാധിയിൽനിന്നൊരജ്ജഗത്തിന്റെ
ജൃംഭിക്കും പ്രാണൻപോലെയിളകുമിളംകാറും

ഇമ്പത്തിൽ ചരാചരജീവികൗംകുണർവ്വേകി-
യമ്പോടുമെത്തി വീശിത്തുടങ്ങി മെല്ലെമെല്ലെ

ഉൽക്കടമായ തമസ്സൊതുങ്ങി മെല്ലെപ്പൂർവ്വ-
ദിക്കുതന്നുപാന്തങ്ങൗം മിനുത്ത മേഘം ചിന്നി

ഉംക്കൊള്ളുമൊളിയോടും ചാരു ചമ്പകമൊട്ടിൻ-
വക്കുകൗംപോലൊട്ടൊട്ട വിളറി വെളുപ്പായി.

കിളികൗം മരക്കൊമ്പുതോറും കൂടുകൗംവിട്ട
വെളിയിൽ വന്നു പാടി,യിളകീ വനം കാററിൽ,

അളികളുത്സാഹമായ് മുരണ്ടു, മുമ്പിൽ പൂത്ത
നളിനീനിരപോലെ ചുവന്ന നഭഃശ്രീയും.

പ്രത്യക്ഷമായൊട്ടൊട്ട ഗിരിയും വനങ്ങളും
പ്രത്യേകം വ്യക്തശ്യാമരൂപമായെന്നുവേണ്ടാ.

ഇരുട്ടാം വെള്ളപ്പൊക്കം വാൻവാന്നൊക്കെപ്പോയി-
ശ്ശരിയായ് ഭൂഭാഗങ്ങൗം കാണാറായ് മുന്നെപ്പോലെ

കടുംചോപ്പായി കിഴക്കംബരമതിനുള്ളിൽ
ഝടിതി പിന്നെത്തങ്കപ്പാളിപോൽ പീതമായി,

Digitized By Kerala Sahitya Akademi

അടിയിലുടനഹോ! പൊൻകതിർച്ചുട വീശും
കൊടിയ തേജസ്സിന്റെ കന്ദവും കാണാറായി.

അരുതു വർണ്ണിക്കുവാനന്തരീക്ഷത്തിൽ തേജഃ—
പരിധിച്ചിത്രം പൊക്കിക്കനകോജ്ജ്വലകാന്തി—

പരിധാനാഡംബരൻ ഭഗവാൻ പകലിന്റെ
പെരുമാളെഴുന്നള്ളി വെളിയിലെന്നേവേണ്ടൂ.

കാലജ്ഞൻ ശ്രീഗൗതമനതിനെ പ്രത്യുദ്ഗമി—
ച്ചാലസ്യമകന്നെഴുനേറ്റുപോയ് വനാന്തത്തിൽ

ആലോലപത്മമാർന്ന നിർമ്മലാംബുവാമൊരു
ചോലയിൽ സ്നാനംചെയ്തു സന്ധ്യയെ വന്ദിക്കുന്നു.

കായുവാനിട്ടതന്റെ വേഷ്ടിയെക്കരങ്ങളാൽ
ഭ്രയിഷ്ഠപീതമാക്കാൻ ബാലാർക്കൻ ധന്യമന്യ—

നായാസപ്പെടുമളവതിനെയെടുത്തണി—
ഞ്ഞായതബാഹു കൈയിൽ മരച്ചട്ടിയുമേന്തി

ആ വനത്തിലെയുടുവഴിയെപ്പരാവധി
പാവനമാക്കിയിറങ്ങീടുന്ന പൂജ്യപാദൻ.

ജംഗമമാകും വഹ്നിജ്വാലപോലങ്ങു കാട്ടിൽ
സംഗതനെന്നാകിലും സ്നേഹശീതളാത്മാവാം
മംഗലാത്മാവെപ്പക്ഷിമൃഗങ്ങളെല്ലാം നോക്കി—
ത്തുംഗാനന്ദംപൂണ്ടാത്തു കേവലം ദീപം കണ്ട

ഭൃംഗവും പതംഗവുമായ്ത്തീർന്ന—ഭഗവാന്റെ—
യംഗലാവണ്യംതന്നെ ലോകമോഹനമല്ലോ.

അങ്ങനെ നഗരാന്തമണഞ്ഞു ജനാവലി
തിങ്ങി വാണീടും തെരുവീഥിയിൽ തൃക്കൈകളിൽ

ഭിക്ഷാപാത്രവും നീട്ടിയെത്തുന്ന തേജോമൂർത്തി
ചക്ഷുസ്സാന്നവർ ചരിതാർത്ഥരായക്കാഴ്ചയാൽ.

പൊന്നൊളിതേടും ഫാലവീഥിയിൽ കുറുനിര
ചിന്നി വാച്ചെഴും നിറംമങ്ങിയ കചഭാരം
പിരിച്ചു കെട്ടിവച്ച വാർജടാമകുടവും,
ശരച്ചന്ദ്രാഭതേടും മുഖമണ്ഡലോപരി

കാറണിക്കൊണ്ടലിന്റെ രേഖയാക്രമിക്കുന്ന—
വാറതിമനോജ്ഞമായ് വളരും ശ്മശ്രുക്കളും,

Digitized By Kerala Sahitya Akademi

നെടുതായിരുപാടും ഞാന്ന കുണ്ഡലഭ്രഷ
വെടിഞ്ഞ തുളയാന്ന വിപുലകർണ്ണങ്ങളും,

നീണ്ടുയന്നൊരു തിരുനാസയും, ചിന്താനിഷ്ഠ
പൂണ്ട നിശ്ചലോദാരമാം കുനുചില്ലികളും,

ഇത്രകാംക്ഷെല്ലാം ശോഭയേറുമുജ്ജ്വലകാന്തി
വിതറിസ്സദ്യോജാതഗോവത്സാപക്ഷ്മംപോലെ

നിരന്ന നിബിഡമായ് സ്നിഗ്ധശ്യാമളകാന്തി
ചൊരിയുമിമകളാലത്യന്തമനോജ്ഞമായ്,

അത്യഗാധ ജ്ഞാനസൗഹാർദ്ദസാഗരമായി,
പ്രത്യന്തശോണമായ ദീർഘലോചനങ്ങളും,

പുഞ്ചിരിനിലാവൊളി ചിന്താച്ഛായയിൽ മങ്ങി-
യഞ്ചിതകാന്തികോലുമോഷ്ഠപല്ലവങ്ങളും,

കരുണാർദ്രമാം മുഖഭാവവും ഭിക്ഷതെണ്ടാൻ
തിരുവോടേന്തും താമ്രകരപങ്കജങ്ങളും,

ആകണ്ഠപാദം ചുററിയണിഞ്ഞു കാററിൽ പാറു-
മേകമാമിളമഞ്ഞയാടയുമെന്നല്ലഹോ!

ജോടുകൂടാതെ പെരുവഴിയിൽ നടന്നേററം
പാടലമായിത്തീന്ന പാദപത്മാഗ്രങ്ങളും,

കരുതീടുന്നേനകമലിഞ്ഞന്നരദേവൻ
തെരുവിൽ ചെന്ന തെണ്ടാൻ നില്ക്കുന്ന നിലയും ഞാൻ.

മാലേകും സംസാരാബ്ധിതന്നിൽനിന്നീ ലോകത്തെ-
പ്പാലനംചെയ്വാൻ നോററ പാവനപാദൻ പിന്നെ,

കോലമാന്നൊരു സാക്ഷാൽ നിർവാണംപോലങ്ങനെ
ആലയംതോറും തെണ്ടിച്ചെല്ലുന്ന ഭിക്ഷുശ്ശായി,

''വ്രീക മഹാഭാഗ! യിവിടെ മഹാത്മാവേ!
വരികീ മുററം പരിപാവനമാക്കീടുക

ചരണാംബുജരേണുലേശത്താൽ, സ്വാമിയെന്നെ
പുരവാതുക്കലെഴുന്നള്ളുവാൻ പ്രസാദിക്ക.''

എന്നഹോ ഗൃഹംതോറും വൃദ്ധരും യുവാക്കളു-
മൊന്നുപോൽ സ്നേഹഭക്തിബഹുമാനാകുലരായ്

വിളിച്ചത്ഥിക്കും ഭഗവാനെ,യങ്ങങ്ങു ഭിക്ഷ-
വിളമ്പിക്കൊണ്ടുചെന്ന നല്ലീടം ഗൃഹിണിമാർ.

Digitized By Kerala Sahitya Akademi

ത്വരിതമകായിൽനിന്നിറങ്ങിവന്ന ചില
സരസീരുഹാക്ഷിമാർ തൊഴുത നോക്കിനില്ക്കും,

വഴിയിൽ ചെല്ലുമുണ്ണിമാരോടു മഹാത്മാവിൻ–
കഴലിൽ വീണു നമസ്കരിപ്പാനാജ്ഞാപിക്കും.

എന്നല്ല, ചില സുകുമാരിമാർ മറഞ്ഞൊട്ടു
നിന്നങ്ങു ഭിക്ഷുവിന്റെ രൂപധോരണി കണ്ടു,

സങ്കല്പസ്ഥിതമായ പുരുഷസൗന്ദര്യത്തിൽ
പങ്കലേശം കൂടാത്ത പൂത്തിയീ വടിവേന്തി,

ആയാതമായോയെന്നു പകച്ചുനോക്കിനിന്നു–
പോയെന്നുവരും, സ്നേഹവൃത്തികൾ പലതല്ലോ.

അതിനുള്ളിൽ തൻതിരുവോട്ടിലല്പാല്പം ഭിക്ഷ
മതി സന്തുഷ്ടിയോടുമേറുകൊണ്ടയൽവീട്ടിൽ

ദൃതമെത്തുന്നു ദാതാക്കൾക്കൊക്കെ മനോഹര–
സ്മിതത്താൽ മാത്രം സ്വാമിയാശിസ്സു ചൊല്ലിച്ചൊല്ലി

തെരുവാം പൂവാടിയിലിങ്ങനെ സാക്ഷാൽ മധു–
കരമായ്ത്തീർന്ന ദേവൻ, വണ്ടുകളെന്നാൽ പൂവിൻ–

നിരതോറും പോയ് മധു തെണ്ടുന്നി,തവിടേക്കോ
കരവല്ലികൾ ഭോജ്യം കൊണ്ടുചെന്നപ്പിക്കുന്നു.

അല്പനേരംകൊണ്ടതാൻ നിറയുമപ്പാത്രത്തി–
ലപ്പവും നെയ്യും പാലുമന്നവ്യഞ്ജനങ്ങളും,

ചിൽപ്പുമാനുടൻതന്നെ മടങ്ങി മലയേറി
ക്ഷിപ്രം തൻഗ്രഹയെത്തും മദ്ധ്യാഹ്നത്തിനു മുമ്പിൽ

ഭക്ഷണംകഴിഞ്ഞുടനങ്ങുള്ള പൂജ്യരായ
ഭിക്ഷുക്കളൊത്തു ശാസ്ത്രചർച്ചകൾ ചെയ്യും ദേവൻ,

അന്യസംഗങ്ങൾ വീണ്ടും വെടിഞ്ഞു യഥാപൂർവ്വം
ധന്യാത്മാ ഗ്രഹയിൽ പോയ് ധ്യാനനിഷ്ഠനായ്മേവും.

ഇങ്ങനെ പലകാലമവിടെ നയിച്ചുള്ളിൽ
പൊങ്ങിയ ജിജ്ഞാസയാലാവിലധീയായ് ബുദ്ധൻ

അങ്ങങ്ങാ രത്നഗിരികടകസ്ഥലികളിൽ
തങ്ങിയ തപോവനഭാഗങ്ങൾ കാണ്മാൻ പോയി

അരുവിച്ചാട്ടങ്ങളും പാറക്കൂട്ടവും വാച്ച
തരുവ്യന്ദവും വള്ളിക്കുടിലും ചില ദിക്കിൽ,

Digitized By Kerala Sahitya Akademi

വിലസീ തത്ര വെളിസ്ഥലവും കുറിക്കാടും
വലിയ തകിടിയും കാണായി വേറേ ദിക്കിൽ.

അവിടെയെല്ലാം കൃച്ഛ്രതപസ്സു ചെയ്തിരുന്ന
വിവിധമേറെ ബ്രഹ്മചാരികളും യോഗികളും.

അവരിൽ ചിലരുടെ ഘോരമാം തപഃക്രമം
വിവരിക്കുകതന്നെ വിഷമമഹോ കഷ്ടം!

സ്വന്തദേഹത്തെത്തന്നെ ശത്രുവെന്നോർത്ത വന്യ–
ജന്തുവെന്നതുപോലെ നിയമപഞ്ജരത്തിൽ

ബന്ധിച്ചുനിത്തിച്ചിലരതിനെട്ടണ്ഡിക്കുന്ന
നൊന്തുനൊന്തഹോ! രുജയറിയാതാവോളവും.

പാണികളം രണ്ടും പൊക്കിപ്പിടിച്ചു ദിവാനിശം
ശോണിതഞരമ്പുകളം കഴച്ചു ചോര വററി

പേശികളം ക്ഷയിച്ചെല്ലു നികഴ്ന്ന മുട്ടും തോളും
ശോഷിച്ചും തൊലിചുക്കുമംഗ്രലിയാന്നും, കാട്ടിൽ

പട്ടനിന്നീടും മരക്കൊമ്പിവയെന്ന തോന്നും–
മട്ടിരുന്നയ്യോ! ചിലർ വൻതപം ചെയ്തീടുന്ന.

ചിലപേർ മുഷ്ടി രണ്ടും ചുരുട്ടിപ്പിടിച്ചതിൽ
പുലിതൻ കരത്തിൽപ്പോൽ വളർന്ന നഖം തച്ചു

പ്രുണിച്ചു കൈത്തലങ്ങളം വിണ്ടിട്ടും വ്യഥ ചെറും
ഗണിച്ചീടാതെ കഷ്ടം! നിശ്ചയിലിരിക്കുന്നു.

കൂത്തെഴുമാണി ചിന്നും മരപ്പാദുകയേറി–
പ്പോത്തുമേ ചില യോഗിവരന്മാർ നടക്കുന്നു.

കലുമനകൊണ്ടു നെഞ്ചും നെററിയും തുടകളു–
മുന്മഥിച്ചുഗ്രപ്രുണമുണ്ടാക്കിയവയെല്ലാം

കൊള്ളികളംകൊണ്ടു ചുട്ട കലകളാന്നും കാട്ടു–
മുള്ളുകളയശ്ശുലാകകളെന്നിവററയെ

ഉടൽമേൽ കുത്തിയേററിക്കൊണ്ടുമാപാദകേശം
ചുടലച്ചാരങ്ങളോ ചെളിയോ പൂശിക്കൊണ്ടും

പ്രേതത്തിൽനിന്നെടുത്ത പീറച്ചീവരങ്ങളംതൻ–
ഛേദങ്ങളിട്ടുത്തൊട്ടു നഗ്നത മറച്ചിട്ടും

ചിലരങ്ങു ശപ്പും പൊടിയുമാന്ന വെറും–
നിലത്തു ചപ്പിയിരുന്നീടുന്ന തപസ്വികളം.

Digitized By Kerala Sahitya Akademi

വേറെയേതാനും ചില ഭിക്ഷുക്കൾ പിണം കത്തി-
നീറിക്കൊണ്ടിരിക്കുന്ന ചിതകളാന്ന ദിക്കിൽ

നിരന്നംബരത്തിങ്കൽ വട്ടമിട്ടാത്തു പെരും-
പരുന്തും കഴുകനും മാംസശേഷങ്ങൾ ചുറ്റും

പറന്നു റാഞ്ചുന്നതിനിടയിൽ വൃത്തികെട്ട
തറയിലാണ്ടു കിടന്നങ്ങനെ തപിക്കുന്നു.

മറെറാരുവക ദൈവഭക്തന്മാർ ശിവനാമം
മുറുമുദ്ഘോഷിച്ചുകൊണ്ടുണങ്ങി നിറംകെട്ട

കഴുത്തുമൊട്ടിത്താണ കുക്ഷിയും ചുറ്റിച്ചീറും
മുഴത്ത പാമ്പുകളാം ഹാരയജ്ഞസൂത്രങ്ങൾ

അണിഞ്ഞു ശ്ലഷ്ടിച്ചൊരു കാൽത്തണ്ടു മറെറതിന്മേൽ
പിണച്ചു കെട്ടിയിരുന്നീടുന്നു ചില ദിക്കിൽ.

ഇങ്ങനെ കണ്ടാൽ കഷ്ടംതോന്നുമാറാതപത്തിൽ
പൊങ്ങിയ ചൂടാൽ ഫാലഫലകം കാഞ്ഞു പൊള്ളി

കണ്ണുകൾ വെന്തു പീളയടിഞ്ഞു മെയ്യിൽ സിര
വണ്ണിച്ചു പൊന്തിത്തോലു ചുളുങ്ങി നിറം മങ്ങി

ചടച്ചു പാരം കരുവാളിച്ചു ചത്തേറെനാൾ-
കിടക്കും പ്രേതംപോലെ വികൃതമുഖമാണ്ടും

വളരെത്തപസ്വികളവിടെച്ചിരമുള്ളിൽ
വളരും വിരക്തിയാൽ നിഷ്ഠയിൽ വാണീടുന്നു.

ഒരുവൻ വെയിലേറു പൊടിയിൽ പടിഞ്ഞിരു-
ന്നൊരുനാളോരായിരം ചാമത്തുമണിയരി-

യോരോന്നായെടുത്തുച്ചതോറും തിന്നുദരാഗ്നി-
ക്രൂരതയാററി ക്രമത്താലുപവസിക്കുന്നു.

മറെറാരാൾ കല്ലേറീടും വേപ്പില ഭക്ഷിക്കുന്നി-
തുറ്റതാം സ്വാദുഭോജ്യം നാവിന്നു രുചിക്കായ്വാൻ

പിന്നൊരു ഭിക്ഷുവയ്യോ! സ്വന്തമാം കാലും കൈയും
തന്നെത്താൻ തന്റെ കണ്ണും കണ്ണാവും ഭഗ്നമാക്കി

നാക്കും ഗ്രഹ്യവും ഛേദിച്ചെറിഞ്ഞു നിർവീര്യനായ്
വാഴ്ക്കും നിഷ്ഠയിൽ വികലാംഗനായ് വർത്തിക്കുന്നു.

ഇങ്ങനെ കായക്ലേശംചെയ്യുന്ന തപസ്സിനാൽ
പൊങ്ങും കീർത്തിയും പരലോകവും കൊതിച്ചിവർ.

Digitized By Kerala Sahitya Akademi

ക്ലേശദായിയാം വിധിതന്നെ ദുഷ്കരതപഃ–
ക്ലേശത്താൽ നാണിപ്പിക്കും ദേഹികം ചിരകാലം

കേവലം യാതനകം യാതൊന്നുമോരാത്തുള്ള
ദേവഭ്രയം നേടുമെന്നോർത്തുന്ന നിഗമങ്ങം.

കഷ്ടമാമിക്കാഴ്ചകം കണ്ടഹോ! കൃപയാലും–
ത്തട്ടഴിഞ്ഞങ്ങു ദേവനത്തപോധനന്മാരിൽ

മുഖ്യനാംഗമാ യോഗീശ്വരന്റെ മുമ്പിൽ പുക്കു
ദുഃഖനാശനനാം ചൊല്ലിതു തഥാഗതൻ:

''ദുഷ്കരതപോനിഷ്ഠനാം മഹാത്മാവേ! ഭവാ–
നിക്ലേശം സഹിക്കുവതെന്തിനെന്നോതീടാമോ?

ഇത്തപോവനത്തിലെഗ്ഗിരിയിൽ വസിക്കുന്ന
തത്ത്വാന്വേഷിയായ് ലോകഭോഗങ്ങം വെടിഞ്ഞ ഞാൻ

ഏറെയായ് ദിനങ്ങളു,മെന്നാലിപ്രദേശത്തു
ഘോരദുഃഖങ്ങളെന്നി മറൊന്നും കാണ്മാനില്ല

ഇത്തപസ്സുചികംതാനുമങ്ങുന്നുമാത്മഹിംസ–
യിത്രമാത്രം ചെയ്യുവതെന്തിനെന്നറിഞ്ഞീല

കേവലം ദുഃഖാത്മകം മർത്ത്യജീവിതം, പിന്നെ–
യീവിധമതിൽ ദുഃഖമേറിയാൽ ഫലമെന്താം,

ചൊല്ലുക മഹാമതേ''യെന്നു ചോദിച്ചാൻ സ്വാമി
മെല്ലവേയതു കേട്ടു ഭിക്ഷുവര്യനും ചൊന്നാൻ:

''തപസ്സാൽ ശരീരത്തെത്തപിപ്പിച്ചിജ്ജീവിത–
മപസൗഖ്യമാം മഹാദുഃഖമാത്രമായ്ത്തീന്നാൽ

പരമസുഖാവഹമാം മുതി,യെന്നുമല്ല
.....

പരിചിൽ തപോവഹനിതന്നിലങ്ങനെയാത്മാ–
വുരുകിപ്പാപത്തിന്റെ കറകളെല്ലാം പോയി–

ത്തെളിഞ്ഞു ശുദ്ധിതേടും, പിന്നതു കൂടുവിട്ടു
വെളിയിലഖണ്ഡാകാശങ്ങളിൽ പറന്നുപോയ്

അളവില്ലാത്ത പരമാനന്ദഭ്രുതി നേടും,
പൊളിയല്ലിതു ശാസ്ത്രം ചൊൽവതാം മഹാഭാഗ!''

ചൊല്ലിനാനടൻ ദേവൻ, ''ആചാര്യ! ഭവാൻ വിണ്ണിൽ
മെല്ലെസ്സഞ്ചരിക്കുമീ മേഘത്തെ നോക്കിയാലും

Digitized By Kerala Sahitya Akademi

സുന്ദരമായ തങ്കരേഖകൾ വക്കിലാന്നോ–
രിന്ദ്രന്റെ രത്നസിംഹാസനത്തിൻ വിരിപ്പൊക്കു–

മമ്മുകിൽഖണ്ഡം കൊടുങ്കാറ്റിനാൽ തിരതല്ലും
അംബുരാശിയിൽനിന്നു പൊങ്ങിവന്നതാണല്ലോ

വിണ്ണിൽനിന്നിനിയതു വേഗത്തിൽ രൂപംമാറി–
ക്കണ്ണുനീർകണങ്ങൾപോൽ താഴത്തു പതിച്ചീടും.

പൊങ്ങിയും താണും മലംതുക്കിലും ചരിവിലു–
മങ്ങങ്ങു വീണൊലിച്ചു സങ്കടമാർഗ്ഗങ്ങളിൽ

പുററിയും ചുഴന്നും വൻപാറമേലടിപെട്ടു
മുറും പീഡകളാൻമൊഴുകിച്ചാലിലൂടെ

ഗംഗയിൽച്ചെന്നാ ജലം ചേർന്നീടുമതുവഴി
ഭംഗമെന്നിയേ വീണ്ടുമെത്തീടും പയോധിയിൽ.

കഷ്ടമാം തപസ്സിനാലുന്നതലോകം നേടും
ശിഷ്ടനാം തപസ്വിയും ക്ഷീണപുണ്യനായ് വീണ്ടും

പതിച്ചീടണമതുപോലോത്താലിങ്ങുതന്നെ
വ്രതത്താൽ നേടും സുഖം നിലനിൽക്കുകില്ലല്ലോ.

പൊങ്ങുന്ന പദാർത്ഥങ്ങൾ താഴണമതുപോലേ–
യിങ്ങുപാജ്ജിപ്പതെല്ലാമൊടുവിൽ നശിക്കണം,

നിയമമതാകുന്നു ലോകത്തിൽ നിറുപിച്ചാൽ
നിയമികൾക്കുമതു ലംഘ്യമല്ലാത്തതല്ലോ.

നരകയാതനസ്സു തന്നെത്താൻ ബലിനല്കി–
സ്സുരലോകത്തിലെത്തിസ്സുഖിക്കും യോഗീന്ദ്രനും

പരമമായീടുന്നോരന്നിയമത്താൽ വന്നു
തിരിയെ ക്ലേശമനുഭവിക്കേണ്ടയോ ധീമൻ?''

''വേണ്ടിവന്നീടാമൃഷിസത്തമ! ഞങ്ങൾക്കതു
വേണ്ടപോൽ വിവരമില്ലെന്നല്ല കഷ്ടം! ഞങ്ങൾ

മറെറാന്നുംതന്നെയറിയുന്നീല ദൃഢമായും
തെറുകൂടാത്തതായും ശ്രേയസ്സാധനങ്ങളിൽ.

എങ്കിലും രാത്രിപോയാലുണ്ടാകും പകലെന്നും
സങ്കടാവസ്ഥ തീർന്നാൽ ശാന്തി വന്നീടുമെന്നും

വിശ്വസിക്കുന്നു ഞങ്ങളതിനാലാത്മാവിന്നു
ശാശ്വദ്ബന്ധനക്ലേശം നല്കുന്ന ശരീരത്തെ

Digitized By Kerala Sahitya Akademi

വെറുത്തീടുന്നിതത്ര ഭഗ്നമായാൽ ചേതന
പുറത്തു പറന്നുപോയ് നിർവൃതിതേടുമല്ലോ

അതിനാൽ തപഃക്ലേശം സഹിച്ചീടുന്ന ഞങ്ങൾ
സതതം തപസ്സിനാൽ തൃഷ്ണരാം തൃഷിതന്മാർ.

മാനുഷഭോഗത്തെക്കാൾ സ്ഥിരവും മഹത്തുമാം
വാനിലെ സുഖം നല്ലുമെന്തത്ര കാമ്യമല്ലേ?

ചെറിയൊരിരകാട്ടിക്കാട്ടാളർ കെണിവച്ചു
പെരിയ ജന്തുക്കളെ ബന്ധിച്ചുകൊള്ളുന്നില്ലേ?''

ദീനമാം സ്വരത്തിലാ യോഗിയിങ്ങനെ ചൊന്നാൻ
മാനസമലിഞ്ഞുടൻ ചോദിച്ചാൻ വീണ്ടും ദേവൻ:

''പരലോകത്തിൽ പരസ്സഹസ്രം ദിവ്യാബ്ദങ്ങൾ
സുരഭോഗങ്ങൾ നിങ്ങൾ ഭുജിച്ചു വാണീടിലും

ഒരുനാളവ നശിച്ചീടുകില്ലയോ മുനേ!
പരിണാമംകൂടാത്ത ജീവിതാവസ്ഥയുണ്ടോ?

ചൊല്ലുക നിങ്ങൾ കാമിച്ചീടുന്ന വിശാലമാം
സ്വർല്ലോകഭോഗമലിഞ്ഞേകം ദേവകൾതന്നെ

നിത്യജീവികളാണോ നിത്യത്വമവക്കുണ്ടോ
സത്യമോത്തുരയ്ക്കുക സഹജ! ഭവാൻ വീണ്ടും.''

''ഉണ്മയിലവക്കില്ല നിത്യത്വം മഹാഭാഗ!
ബ്രഹ്മമല്ലാതെ നിത്യവസ്തു മറൊന്നുമില്ല.

ഈശ്വരരിവർതാനും ജീവിപ്പൂ ബഹുചിരം
ശാശ്വതമല്ലവക്കാ സ്ഥാനങ്ങളെന്നാകിലും.''

ഈവിധമാ യോഗികളെല്ലാം ചൊല്ലിനാർ ബുദ്ധ–
ദേവൻ പിന്നെയുമരുളീടിനാൻ കൃപാകുലൻ:

''പാവനശീലന്മാരേ! കഷ്ടനിഷ്ടയിൽ സ്ഥിര–
ഭാവമാർന്നെഴുമതിധീരരാം ഭ്രാതാക്കളേ!

ചൊല്ലുവിൻ വിവേകികൾ നിങ്ങൾ കേവലം പ്രിയ–
മില്ലാത്തതെന്നാകിലും കായപഞ്ജരങ്ങളെ

ആശാമോദകമാകാവുന്നതുമല്ലെങ്കിലും,
നാശമുള്ളതുമായ ഭോഗങ്ങൾ മോഹിച്ചുടൻ

ലേശവും മടിയെന്യേ ഭഞ്ജിപ്പാൻ ശ്രമിപ്പതു
മോശമല്ലയോ ചിന്തിച്ചീടുവിനതുമല്ല,

Digitized By Kerala Sahitya Akademi

കേവലമാത്മാവിനെ സ്നേഹിച്ചു നിങ്ങളതി–
ന്നാവാസമാം ദേഹത്തെയീവിധം വെറുപ്പതു
ശരിയോ? പാത്താലിന്നാ വാഹനമേറിയല്ലേ
തിരയേണ്ടതു ദേഹി നമ്മുടെ ഗമ്യസ്ഥാനം.

ഇണക്കമേറീടുന്നൊരക്കുതിരയെ വൃഥാ
പിണക്കിട്ടുണ്ടിച്ചംഗഭംഗങ്ങൾ ചെയ്തു കഷ്ടം!
അഴലിങ്ങനെ നൽകിയന്തിയാംമുമ്പിൽത്തന്നെ
വഴിയിൽ നിലംപതിപ്പിപ്പതെന്തിനു നിങ്ങൾ?

എന്നല്ല ജന്മാന്തരപുണ്യത്താൽ ലഭിച്ചൊരു
മന്ദിരമല്ലോ മർത്യദേഹമാത്മാവിനോത്താൽ
അതിന്റെ ഗവാക്ഷങ്ങൾവഴിയായ് മാത്രമല്ലോ
മതിയിൽ നമുക്കല്പവെളിച്ചം ലഭിപ്പതും

ചൊല്ലാൻ പുലർകാലമെപ്പൊഴാമെന്നും പിന്നെ
നല്ലമാഗ്ഗ്രംതാനേതു ദിക്കുടെയെന്നും നമ്മൾ
അതുകൾ വഴിയല്ലോ നോക്കേണ്ടതഗ്രേഹത്തെ
മതിമാന്മാരേ,യെന്തിനിടിച്ചുപൊളിക്കുന്നു?''

ചൊല്ലിനാരുടനവർ ''രാജനന്ദനാ! പരം
നല്ലതെന്നോർത്തീ വഴിയൂടെ പോകുന്നു ഞങ്ങൾ,
കല്ലും കണ്ടകങ്ങളും നിറഞ്ഞതാകാമിതെ–
ന്നല്ല ചെങ്കനൽക്കട്ട നിരന്നുള്ളതുമാകാം,

വല്ലതാകിലും ഞങ്ങളിതിലേ പദംവച്ചു
ചെല്ലുന്ന മരണമിങ്ങാക്കുമുണ്ടാകുമല്ലോ.
അല്പിനിയിതിനേക്കാൾ ശ്ലാഘ്യമാമന്യമാഗ്ഗ്രം
നല്ലപോലങ്ങോരുകിൽ ചൊന്നാലും കേൾക്കാം ഞങ്ങൾ.

ഇല്ലെങ്കിൽ വൃഥാ കാലം പോക്കേണ്ട മഹാഭാഗ!
നല്ലതുവരും പോകാമങ്ങയ്ക്കു നമസ്കാരം!''

നടന്നാൻ തിരുവടിയപ്രദേശംവിട്ടുള്ളിൽ
തുടർന്ന തപഃക്ലേശമോർത്തീഴം ഖേദത്തോടും
മരണം ഭയപ്പെട്ട മർത്യർ കേവലം മറ്റു
ശരണംകാണാഞ്ഞിഹ ഭോഗങ്ങൾ വെറുപ്പതും,

ജീവിതത്തെത്താനവർ സ്നേഹിയാതതുമൂല–
മീവിധം ക്ഷീണിപ്പിച്ചീടുന്നതു,മെന്നല്ലഹോ!

Digitized By Kerala Sahitya Akademi

മാനവരുടെ സുഖം മർഷിക്കില്ലെന്ന തോന്നും
വാനവരലിയുവാൻ വൻതപം ചെയ്യുന്നതും,

നരകക്ലേശങ്ങളെജ്ജയിപ്പാനെന്നവണ്ണ്ണം
പരമിങ്ങംഗങ്ങടംക്ക യാതന നല്കുന്നതും,

ദേഹത്തെ മട്ടിച്ചീടിൽ വർദ്ധിക്കും തുലോം ഗ്രണം
ദേഹിക്കെന്നിത്താപസർ വെറുതേ മോഹിപ്പതും,

കണ്ട സന്താപംപൂണ്ട കരുണയാൽനം സ്വയം
കുണ്ഡനായരുംചെയ്ത ഭഗവാൻ പുറും നോക്കി:

''ഭ്രമിതന്നങ്കത്തിനു ഭ്രഷണങ്ങളായ് മിന്നു–
മോമനച്ചെറുകുസുമങ്ങളേയുഷസ്സിങ്കൽ,

സാനന്ദം നോക്കുന്നതേ പൊൻകതിർ തുവീടുന്ന
ഭാനുമാൻതന്നെ കൊച്ചുമുഖങ്ങം പൊക്കി നിങ്ങം

ധവളപീതകൃഷ്ണലോഹിതവണ്ണ്ണങ്ങളാം
വിവിധവസ്ത്രങ്ങളാൽ മെയ് മൂടി നിത്യം നിങ്ങം

അഴകാൻക്കനോട്ട മൗനഭാഷയിൽ നന്ദി–
മൊഴിയുംപോലുംത്തിങ്ങും സൗരഭം തുവുന്നതേ.

ആരും, നിങ്ങളിലായുസ്സുല്പമെന്നാലും, സ്വന്ത–
ചാരുജീവിതകാലം ഛിന്നമാക്കുന്നതില്ല.

താരിനങ്ങളേ, നിങ്ങളാരുമേ നിസ്ത്രമാ–
മാരോമൽതനുഭംഗി വികൃതമാക്കുന്നില്ല.

എന്നല്ല വാച്ചൂപൊങ്ങിയംബരം തുരന്നു പോ–
മുന്നതങ്ങളാം താലതരുതല്പജങ്ങളേ,

ചന്ദനാചലംവഴിയുതുന്ന കരുങ്കടൽ–
ത്തെന്നലുണ്ടെന്നും തലകുലുക്കി നില്പും നിങ്ങം

എങ്ങനെ മുളയായ നാമുതൽ ചുമലിന്മേൽ
തിങ്ങി നൽഫലമേലുംവരെയെന്നല്ല നിത്യം

പത്രമമ്മരങ്ങളാം മധുരഗാനങ്ങളാൽ
മിത്രനെയുപശ്ലോകിക്കുന്നിതു സന്തുഷ്ടരായ്!

വല്ലതും ഗ്രഡമായിട്ടറിയുന്നുണ്ടോ നിങ്ങം
ചൊല്ലുവിനസംതൃപ്തി നിങ്ങാക്കും കണ്ടീലല്ലോ.

അതുമല്ലികാണുന്ന വൃക്ഷങ്ങം നീളെ നിത്യ–
മതിസന്തുഷ്ടിയാൻ പറന്നു മണ്ടീടുന്ന

Digitized By Kerala Sahitya Akademi

പൈങ്കിളി, പാരാവതമാദിയാം ഖഗങ്ങളേ!
സങ്കടം ജീവിതത്തിൽ നിങ്ങൾക്കുമില്ലതന്നെ;

തടിയെത്തപസ്സിനാൽ ഹിംസിപ്പീലല്ലോ നിങ്ങൾ
വെടിയുന്നില്ലയല്ലോ ഭോഗവും മുമുക്ഷയാൽ,

എന്നാൽ നിങ്ങൾക്കൊക്കെയുമധിപനായ് നിങ്ങളെ—
യെന്നും നായാട്ടും നരനഭിജ്ഞനത്രേ തുലോം.

കഷ്ടം! നിങ്ങൾതൻ പ്രാണരക്തത്തെ പാനംചെയ്തു
പുഷ്ടമാം വിജ്ഞാനത്തിൻ ഫലമായ്ത്തന്നെയല്ലീ

നിഷ്ഠുരതപഃക്ലേശം സഹിച്ചിങ്ങനെയവൻ
ക്ലിഷ്ടമാക്കുമാറായി ജീവിതം തന്നെത്താനേ.''

ഉടനേ കണ്ടു ദേവനകലത്തക്കുന്നിന്റെ—
യടിവാരത്തിലൂടേയുള്ള പാതയിൽനിന്നു

പൊടി പൊങ്ങീടുന്നതുമെന്നല്ലയാട്ടിൻക്കൂട്ടം
ഝടിതി നടന്നുപോം ചെറുശബ്ദവും കേട്ടു.

ഓടിയും നടന്നുമൊട്ടിടയിൽ നിന്നും തമ്മിൽ—
ക്കൂടിയും രണ്ടും നാലുമായ് പിരിഞ്ഞങ്ങെത്തി

കണ്ട പച്ചിലകളെയൊക്കവേ കടിച്ചൂടൻ
മണ്ടിയും മധുരമായ് ശബ്ദിച്ചും പാഞ്ഞുംപോകും

വെളുത്തും കറുത്തുമുള്ളൊട്ടേറെയാടുകളെ—
ത്തെളിച്ചുകൊണ്ടു ചിലർ പോകയാണതുവഴി.

പുറുക്കെ നടക്കുമായാട്ടിൻക്കൂട്ടത്തിലൊരു
ചെറുകുട്ടികളുള്ള പെണ്ണാടുണ്ടവൾക്കഹോ!

വേഗത കിടാങ്ങൾക്കു പോരാഞ്ഞു പരുങ്ങലും
ശോകവുമായിപ്പ്രാരമെന്നല്ല പൈതങ്ങളിൽ

ഒന്നൊരു കാലിലൊരു മുറിവേൽക്കയാലതു
തെന്നിയും തെറിച്ചുമോടീടുന്നു പിറകിലായ്.

അതിനെപ്പററിനിന്നാൽ മറവ തെറ്റി മണ്ടു—
മതുകളോടണഞ്ഞാലിപ്പാവം കുഴങ്ങിപ്പോം
ഇടയിൽ നിന്നാൽ കൂട്ടവിട്ടുപോമെന്നല്ല ചെ—
ന്നിടയർ തല്ലും കവിണെറിയും ദൂരെയായാൽ.

ഇങ്ങനെയവൾ പരിഭ്രമിക്കുന്നതു കണ്ടും—
ത്തിങ്ങിയ കാരുണ്യമാന്കൃപാജലനിധി,

Digitized By Kerala Sahitya Akademi

സിദ്ധാർത്ഥൻ സകലലോകാരാദ്ധ്യൻ ഗിരി വിട്ട
സത്വരമിറങ്ങിച്ചെന്നവിടെപ്പുക്കാൻ പിന്നെ

ദേവദത്തൻ പണ്ടെയ്തുവീഴ്ത്തിയോരന്നംപോലെ
ധാവള്യമാർന്ന മെയ്യിൽ ചെഞ്ചോരക്കറ പൂണ്ടും

പൂവ്വടൻ മുറിഞ്ഞൊരാ വെള്ളാട്ടിൻകിടാവിനെ–
സ്സാവധാനമായ് കരസാരസങ്ങളിലേന്തി

അമ്പോടു തൃത്തോളിന്മേലേറിനാനഴിപ്പായ്
മുമ്പേ പോമജങ്ങളെ തൻ യൂഥത്തിനാൻ ദേവൻ

ഉള്ളലിഞ്ഞുടൻ പിന്നെപ്പിറകേയോടിച്ചെല്ലും
തള്ളയാട്ടിനെ തൃക്കൺപാർത്തു ചൊല്ലിനാൻ സ്വാമി:

''തുമഞ്ഞിൻനിറമാർന്ന കംബളം ചൂടീടുന്നോ–
രോമനത്തായേ, കരയേണ്ടടോ വിരഞ്ഞു നീ

പോരുവനല്ലോ കൂടി നിൻറെയുറ്റതാകുമീ–
ഭാരവും ചുമന്നു ഞാനെവിടെയെന്നാകിലും.

പെരിയ പണ്ഡിതന്മാരൊത്തുടൻ മുകളില–
ഗ്ഗിരികന്ദരങ്ങളിലണഞ്ഞു സംസാരത്തിൻ–

ദുരിതഭാരങ്ങളെച്ചിന്തിച്ചും വ്യാഖ്യാനിച്ചും
മരുവിക്കാലംനയിക്കുന്നതേക്കാളും പാരിൽ

വരമായ്വരാമതിഖേദമാർന്നഴന്നീടു–
മൊരു ജന്തുവിനൊരു തൃണചെയ്വതു പാർത്താൽ.''

തിരിഞ്ഞു പിന്നെ സ്വാമി ചോദിച്ചാനതു തത്താൽ
വിരിഞ്ഞ കണ്ണാൽ നോക്കുമിടയന്മാരോടായി:

''എങ്ങോട്ടേയ്ക്കുടോ നിങ്ങളിവയെത്തെളിക്കുന്ന
ചങ്ങാതിമാരേ, ചൊൽവിനിപ്പൊഴീ മദ്ധ്യാഹ്നത്തിൽ,

ആടുകാം തന്നെയടിച്ചാനായർ പതിവായി–
ക്കൂടുപൂകിച്ചീടുന്നതന്തിനേരത്തിലല്ലോ.''

ചൊല്ലിനാരവർ: ''വിഭോ! രാജമന്ദിരത്തിങ്കൽ
ചൊല്പ്പെഴുമൊരു യജ്ഞമാരംഭിച്ചിരിക്കുന്നു.

നല്ലതായതിനൊരു നൂറു കോലാടുമിന്ന–
ങ്ങല്ലിലെത്തണമൊരു നൂറു ചെമ്മരിയാടും.

ചൊല്ലിവിട്ടിരിക്കുന്ന ഞങ്ങളെയതിന്നായി
കില്ലുണ്ടു വൈകിപ്പോയാൽ, രാജകല്പനയല്ലേ?''

Digitized By Kerala Sahitya Akademi

കൊല്ലുവാൻ നയിക്കയാണിവയെയെന്നറിഞ്ഞു
വല്ലാതെ വിഷണ്ണനായൊട്ട നിന്നുടൻ ദേവൻ

ചൊല്ലിനാ ''നിവരെയാത്ത ഞാൻകൂടിയുണ്ടെൻപ്രിയ–
വല്ലവന്മാരേ പോകാം യജ്ഞവാടത്തിൽത്തന്നെ.''

അങ്ങനെ നടകൊണ്ടാൻ സുഗതൻ ചുമലിന്മേൽ
തങ്ങിയ കിടാവുമായിടയരോടുംകൂടി,

പിന്നാലെ ചിലച്ചുകൊണ്ടെത്തിയ തള്ളയാടും
ചെന്നവരെല്ലാമങ്ങു സമ്പ്രമിയിലായി.

കൊടിയ വെയിലേറ്റു ഭഗവാൻതൻ പൂമെയ്യിൽ
പൊടിയും സ്വേദനിര കണ്ടുടനകം കാഞ്ഞു

ഝടിതി സൂക്ഷ്മരൂപം ധരിച്ചു കാറിൽ പാറും
പൊടികളായ് ചെന്നതു തുടച്ചു ഭ്രമിതന്നെ.

നടന്നു പിന്നെയവർ നഗരോപാന്തദേശ–
മടുത്തു നിഴലാന്ന 'ശോണ'തൻ തീരമെത്തി

ഉടനേ കേണങ്ങണഞ്ഞീടുന്നിതൊരു ചെറു
നെടുനേത്രയാം ബാഷ്പപങ്കിലകപോലയായ്,

ഇടയ്ക്കിടയിൽ പോയ് ഭഗവാനെക്കണ്ടവ–
ളുടികൾ കുപ്പീടുന്ന ചൊല്ലുന്ന സഗദ്ഗദം:

''ഇന്നലെ മഹാത്മാവേയങ്ങല്ലിയിതുവഴി
വന്നെന്നിൽ കനിവാന്ന സാന്ത്വനമരുൾചെയ്തു,

അടിയൻ തങ്ങീടുന്ന ഭവനമക്കാണുന്ന
വടവൃക്ഷങ്ങളാന്ന വാടിയിലത്രേ വിഭോ!

ഒറയായിവളതിൽ ഭാഗ്യത്താൽ ലഭിച്ചതാ–
മുറൈരാൺകിടാവേയും വളത്തി വാണീടുന്നു.

അക്കറക്കിടാവങ്ങു പൂത്ത ഗ്രല്ലങ്ങൾക്കുള്ളിൽ
പുക്കടൻ പതിവുപോലിന്നലെക്കളിക്കുമ്പോൾ

ഓമനപ്പഫണംപൊക്കിയങ്ങണഞ്ഞാടി നില്ക്കും
ശ്രീമെത്തുമൊരു ചെറുസർപ്പത്തെ മുമ്പിൽ കണ്ടാൻ.

കോമളനണ്ണി കൊച്ചുകൈത്താരാൽ തണ്ടനീണ്ട
താമരത്തൊട്ടുപോലെയതിനെച്ചെന്നെടുത്തു

കളിച്ചുതുടങ്ങിനാൻ, കൈത്തണ്ടിലതു കുളിർ–
വളകളായ് വളഞ്ഞു ചുറ്റുന്ന ഭംഗി പാത്താൻ.

Digitized By Kerala Sahitya Akademi

പരമപ്പാമ്പു നീട്ടം നേത്ത ലോലമാം നാക്കു
വിരലാലവൻ ചെറുകുകനാമ്പുപോലെ

നള്ളുവാൻ തുടങ്ങിനാനെന്നല്ലെന്നറിവറ
പിള്ളയസ്സുപ്പുത്തിന്റെ വായ്തന്നെ പിളത്തിനാൻ

എന്തിനു ചൊൽവതങ്ങു, ഞാനോടിയെത്തുംമുമ്പേ
ഹന്ത! യെന്നോമലുണ്ണി വീണുപോയ് നിലത്തവൻ.

എടുത്തു പൊടിതുടച്ചമ്പോടു മാറിലേറ്റി–
ക്കൊടുത്തു ഞാനമ്മിഞ്ഞ കുടിക്കുന്നില്ലെന്നുണ്ണി

വിളറി മുഖാംബുജം പൂമിഴി രണ്ടും മൂടി–
ത്തളിരുപോലെ വാടിത്തളർന്നു മേനി മങ്ങി

കുളിച്ചു മണ്ടുമെന്റെയോമനക്കുട്ടൻ തങ്ങി
വിളിച്ചിട്ടുമേ വിളികേളാതെൻമാറിൽത്തന്നെ.

വിഷംതീണ്ടിയതെന്നൊരാളോതി വേറൊരാൾ,
വിഷമമയ്യോ! പൈതൽ ചത്തുപോമെന്നും ചൊല്ലി

പകച്ചു നടന്ന ഞാൻ പിന്നെത്തെണ്ടിനേനെന്റെ
മികച്ച സമ്പ്സമാമുണ്ണിക്കു മരുന്നു ഞാൻ.

വന്മുറിവില്ലവന്നു വിരൽമേൽ കനിഞ്ഞു പാ–
മ്പമ്മവച്ചപോലൊരു പോറൽ മാത്രമേയുള്ള

ഓമനിച്ചപ്പോളതു പറഞ്ഞതാവാമത്ര
കോമളരൂപത്തോടു പാമ്പിനും കോപം തോന്നാ.

ഇണ്ടൽകണ്ടെന്നോടോതി പിന്നൊരാൾ ഗുഹയിലി–
ങ്ങുണ്ടൊരു മഹായോഗി തപസ്സുചെയ്തീടുന്നു,

കണ്ടാലുമിതാ വരുന്നമ്മഹാനങ്ങുചെന്നാ–
ലുണ്ടാകുമുപായം പോയ് തൊഴുതു ചൊല്ലെന്നുമേ

അങ്ങനെ യതിവര്യ! നിന്തിരുവടിതന്നെ–
ത്തിങ്ങുമുഭയം പൂണ്ടു കണ്ടു കുപ്പിനേനിവൾ

വിഖ്യധോപമനങ്ങോ തെറ്റിമാറിപ്പോയീല–
യബലയാകുമെന്നെയാട്ടിയുമകറ്റീല

കരഞ്ഞു കാലിൽ വീണ സങ്കടംചൊല്ലി ഞാനെൻ–
കരത്തിലാന്നിരുന്നൊരക്കിടാവിനെത്തന്നെ

മുട്ടുമുണ്ടകറ്റിക്കാണിച്ചിതു തിരുമേനി–
യോടിച്ച തുക്കണ്ണുതിന്മുഖത്തു ചെറു നേരം

Digitized By Kerala Sahitya Akademi

അമ്പോടും പിന്നെക്കരതളിരാലങ്ങതന്നെ
മുമ്പോലെ തുണി വലിച്ചിട്ടതിൻ മുഖം മൂടി

കേഴുന്നൊരെന്നെക്കനിഞ്ഞൊന്നടൻ നോക്കി സ്വാമി
ആഴക്കരിങ്കടുകാനായിക്കെന്നു ചൊല്ലി

ഉറ്റവർ ചത്തിട്ടുള്ള വീട്ടുകാരാരും തന്നാൽ
പറ്റില്ല കടുകെന്നുമരുളി വിശേഷിച്ചും

അങ്ങനെയല്ലാതതു കിട്ടുവാൻ പണിയെന്നാ–
ലിങ്ങുവന്നുണർത്തിക്ക വിവരമെന്നുമോതി.''

എന്നൊക്കെയവൾ പറയുന്നതു കേട്ടു ദേവ–
നൊന്നകതാരലിഞ്ഞാരോമൽപ്പുഞ്ചിരി തൂകി

കൗതുകമാർന്നു നിന്നു ചോദിച്ചു ''ഹാ 'കിശോര
ഗൗതമി'യെന്നല്ലേ നിൻ പേരു പെങ്ങളേ! ചൊൽക

കിട്ടിയോ കടുകതും നിനക്കോമലേ, നിന്റെ
കുട്ടിയിപ്പോളെങ്ങതിൻ സ്ഥിതിയുമെന്തു ഭദ്രേ!''

''ഭഗവൻ, കിടാവേയും മാറത്തു താങ്ങിച്ചെന്നീ–
യഗതിയിക്കാട്ടിലും നഗരത്തിലുമുള്ള

ഭവനങ്ങളിലൊക്കെത്തെണ്ടിനേൻ കടുകിനാ–
യവിടെയെങ്ങുമതു കിട്ടീല കൃപാനിധേ!

തരണേയൊരുപിടികടുകെന്നഴതോറോ
പുരവാതുക്കലെത്തുമെന്നെക്കണ്ടലിഞ്ഞുടൻ

തരുവനെന്നരുളിച്ചു സാധുക്കൾ കൊണ്ടുവന്ന
വിരവിലേകി,—കുറുണ്ടെളിയോക്കെളിയോരിൽ.

'മരിച്ചിട്ടുണ്ടോയിങ്ങു വല്ലോരുമുറോ'രെന്നു
വിരഞ്ഞു പിന്നെച്ചോദിച്ചീടിനേ,നവരെല്ലാം

ചിരിച്ചുകൊണ്ടു ചൊന്നാ,'രെന്തു സോദരീ ചൊൽവു
മരിച്ചോരല്ലേയേറെ,യിരിപ്പോർ കുറവല്ലേ!'

തിരിച്ചു കടുകവക്കേകി ഞാൻ നമസ്കാര–
മുരച്ചു കണ്ണീർ വാർത്തു വേറൊരു ദിക്കിൽ പോയേൻ

പലരുമങ്ങുണ്ടതു നല്ലീടാമെന്നും ചൊന്നാർ
ഫലമെന്തുള്ളു മൃത്യു കേറാത്ത പുരയില്ല.

ഒരു ഗേഹത്തിലൊരു മുത്തശ്ശി മരിച്ചുപോ–
യൊരു മന്ദിരത്തിലെയച്ഛനമ്മമാർ പോയീ

Digitized By Kerala Sahitya Akademi

പിന്നൊരു വീട്ടിലൊരു ചെറിയ പുത്രൻ പോയീ
കന്യകയെയാന്ന പോയീ കഷ്ടം! വേറൊരു വീട്ടിൽ;

ഒരു ഗേഹിനി പിന്നെബ്ഭഗിനി! കടുകണ്ടു
വരിക തരാമെന്നു ചൊന്നുടനദ്ധാന്യത്തെ–

യ്യഴുത വിതച്ചയാം വിളയും മുമ്പുണ്ടായ
മഴക്കാലത്തുതന്നെ പോയതു കേണു ചൊന്നാൾ.

ങ്ങനെ ഞാൻ കഴങ്ങി കല്പിച്ചമട്ടിൽ കടു–
കെങ്ങുമേ കിട്ടാതെകണ്ടായ്ക കേണു മടങ്ങിനേൻ.

പിന്നെയും തടിയേറെത്തണുത്തു വെറുങ്ങലി–
ച്ചെന്നോമൽകിടാവഹോ! കിടക്കുന്നിന്നും വിഭോ!

വഴിയിലിന്നും തിരുവടിയെക്കണ്ടു ഞാനി–
പ്പുഴവക്കിൽ കാണുന്ന പൂവള്ളികുടിലുള്ളിൽ

ഉഴറിയെന്നുണ്ണിയെ വച്ചുകൊണ്ടോടിപ്പോന്നേൻ
തൊഴുത വീണ്ടും തൃക്കാൽ ശരണം പൂകിക്കൊൾവാൻ

എപ്രകാരമമ്മരുന്നെനിക്കു കിട്ടീടുന്നി–
ന്നപ്പൊഴെൻ കിടാവിനിയുണർന്നു കളിപ്പതും.

കല്പിക്കേണമേ! കരം കത്തുന്ന കൃപാനിധേ!
ത്സൽപ്രാണത്തിടമ്പുണ്ണി മരിച്ചുപോയില്ലല്ലീ?

ചിലരങ്ങനെയുമോതുന്നുണ്ടു കനിവറേറാർ
ചലിക്കുന്നിതെൻ ചിത്തം ചൊല്ലുക സത്യം വിഭോ!''

എന്നു കേണരുളീടുമവളെ നോക്കിച്ചെറു
മന്ദമന്ദസ്മിതാർദ്രവദനൻ ചൊന്നാൻ ദേവൻ:

''ആക്കുമേ ലഭിയാത്തൊരൗഷധം നിനക്കഴൽ
പോക്കുവാനുപായമായുരച്ചു ഭഗിനീ, ഞാൻ,

ചെന്നതു കൊണ്ടുവരാൻ കേണങ്ങുമലഞ്ഞു നീ–
യിന്നതിൻ പൊരുൾ താനേയറിയുമാറായില്ലേ?

ഇന്നലെ നിന്റെ മാറിൽ ചത്തുതാൻ കിടന്നിതു
നിന്നയിരിലും പ്രിയമാണ്ന നിന്നിളംപൈതൽ.

മരണജന്യദുഃഖം നിന്നെയല്ലെല്ലാരെയും
കരയിക്കുന്നുണ്ടെന്നതിന്നു നീയറിഞ്ഞില്ലേ?

അന്യതാപങ്ങളേറെക്കാണുകിൽ കണ്ണീർ തപ്പ–
ധന്യാവിൽ നദിപോലെ തടഞ്ഞുപോകും ബാലേ!

Digitized By Kerala Sahitya Akademi

അല്പലിനൊട്ടാശ്വാസമേകുവാൻ മാത്രമതു
ചൊല്പിനേൻ കഷ്ടം! നിന്നെറയുണ്ണിതൻ പ്രാണത്രാണം
കേവലമെന്നാൽ ശക്യമായിരുന്നെങ്കിലെ:ന്നെറ
ജീവനെ വെടിഞ്ഞും ഞാൻ ചെയ്യുമായിരുന്നെടോ!

അങ്ങനെ ഭദ്രേ! സ്നേഹമാധിയായ് കലാശിപ്പി–
ച്ചെങ്ങും ജീവികൾക്കേകവൈരിയാം, യജ്ഞത്തിനു
പൂവനത്തിലും പുതുശാഡ്വല:ത്തിലുംകൂടി
പാവങ്ങളീയാടുകൾതമ്മെപ്പോല'കരുണം
മർത്യരെ നയിച്ചുടൻ കൊന്നൊടുക്കുന്ന ദുഷ്ട–
മൃത്യുവെയിന്നുതന്നെ വെല്ലുമായിരുന്ന ഞാൻ.
പോക പെങ്ങളേ! ദഹിപ്പിക്കയുണ്ണിയെ,മൃത്യു–
ശോകത്തെജ്ജയിക്കുവാൻ മാർഗ്ഗമാരായട്ടെ ഞാനി.''

ഇടയന്മാരോടൊത്തു പിന്നെയും യഥാപൂർവ്വം
നടകൊണ്ടാശ്രു ദേവൻ നഗരമെത്തീടിനാൻ
വടിവിലുടൻ ദൂരെശ്രോണതൻ പ്രവാഹത്തിൽ
തടവിത്തുടങ്ങിനാൻ ഭാനുമാൻ തങ്കച്ഛായം.
തെരുവിലെങ്ങും നീണ്ട നിഴലിൻ ശ്യാമച്ഛായ
പരത്തിക്കൊണ്ടും നിന്നാൻ ചാഞ്ഞ ചെങ്കരങ്ങളാൽ
കോട്ടവാതുക്കലുടൻ ചെന്നണയുന്നിതാട്ടിൻ–
കൂട്ടവുമിടയരും തേജസ്വി ഭഗവാനും
ഹന്ത! തൃത്തോളിലാട്ടിൻകുട്ടിയെയേന്തിപ്പോകും
ബന്ധുരോദാരമായ ഭിക്ഷുവിൻ രൂപം കണ്ടു
സംഭ്രമാശ്ചര്യഭക്തിബഹുമാനാകുലമാ–
യമ്പരന്നെങ്ങും നോക്കിനില്ക്കുന്ന ജനാവലി
മാറിയങ്ങൊതുങ്ങുന്ന ഗോപുരദ്വാരത്തിങ്കൽ
പാറാവുനില്ക്കും ഭടജനങ്ങളെന്നല്ലുള്ളിൽ
അങ്ങാടിത്തെരുവിലുള്ളാളുകൾതാനങ്ങു
തങ്ങിയ ഭാരവണ്ടി മാറുന്ന വഴി നല്കാൻ.
കൊള്ളലും കൊടുക്കലും ചെയ്വവർ വിലചൊല്ലി–
ത്തൊള്ളകൾ തുറപ്പതു നിത്തി മൗനമായ് ക്ഷണം
സ്വാന്തത്തിൽ കൗതുഹലമാന്തുടൻ ഭഗവാന്റെ
ശാന്തമോഹനമുഖപങ്കജം വീക്ഷിക്കുന്നു.

Digitized By Kerala Sahitya Akademi

ക്കുടമുച്ചത്തിലോങ്ങി ഞരമ്പു ചീർത്ത കൈക-
ളോടെ നില്ക്കുന്ന തല്ലാൻ മറന്ന പെരുംകൊല്ലൻ.

ഓടവും നൂലുമാൻ തറയിൽത്തന്നെ കൈക-
ളോടാതെ മേൽമെയ് ചാച്ചു ചാലിയനിരിക്കുന്ന

കണക്കേട്ടിൻമേൽ നോട്ടം തെറിപ്പോയ് കായസ്ഥനു
പിണങ്ങി കവടികളം നാണയവ്യാപാരിക്കും.

എന്തിനു വിസ്മരിപ്പതരി വില്ക്കുന്ന ചെട്ടി-
യന്തികമെത്തും ഭവ്യഭിക്ഷുവിൻ രൂപം നോക്കി

അമ്പരന്നിരിക്കവേ പീടികത്തന്നിൽ കേറി-
യമ്പലത്തിലെക്കാളയരികം മുറ്റും തിന്നു.

ഹന്ത! പൈക്കറപ്പോരുമങ്ങനെയിരുന്ന പാൽ
മൊന്തകം നിറഞ്ഞൊഴുകീടുന്നതറിയാതെ

കൂടി വാതിലുതോറുമങ്ങു തിങ്ങിപ്പല
പേടമാൻമിഴിമാരും തങ്ങളിൽ തക്കമായി

ആരുവാനഹോ! ശാന്തഗംഭീരമനോഹരൻ
പോരുന്ന യജ്ഞത്തിനിങ്ങാട്ടകം തെളിച്ചുവൻ

ഗോത്രമേതിവനുടെ വണ്ണമേതാവോ ഹന്ത!
ഗാത്രമാന്നെഴും കാമനൊക്കുമിശ്രമണനു

തണ്ണീർതാരിതളൊത്തു നീണ്ടഗ്രം ചുവന്നൊരി-
ക്കണ്ണുകം മോഹനങ്ങളെങ്ങനെ കിട്ടിയാവോ

ഇന്ദ്രൻതാൻ യജ്ഞമുണ്ടാൻ പ്രത്യക്ഷീഭവിക്കയോ
ചന്ദ്രൻതാൻ മൃഗമേന്തി ഭൂമിയിൽ ചരിക്കയോ!

ചൊല്ലിനാരുടനിതു കേട്ടു സത്വരം ചില
മല്ലനേത്രമാർ മതി സന്ദേഹം സഖിമാരേ!

മഹർഷിമാരോടൊത്തു മലയിൽ തപംചെയ്യും
മഹനീയനാ യോഗിയത്രെയിമ്മഹാഭാഗൻ.

തെരുവിലീയുണ്ടായ സംഭ്രമം തെല്ലുമുള്ളി-
ലറിയാതെതാനജയൂഥവുമൊത്തു മെല്ലെ

നിയതേന്ദ്രിയൻ സ്വാമി നടന്നു പോയീടിനാനു
'സ്വയമന്തരാ ജന്തുമരണചിന്താതുരൻ

കഷ്ടമെൻപ്രിയമേലും ജീവജാലമേ! നിങ്ങടം
വിഷ്ടപത്തിങ്കലൊരു നേതാവുമില്ലാതെതാനു

Digitized By Kerala Sahitya Akademi

അന്ധകാരത്തിൽ കിടന്നലഞ്ഞുതിരിയുന്ന
സ്വന്തരക്ഷയും രക്ഷാമാർഗ്ഗവുമറിയാതെ

കേവലമെന്നല്ലഹോ! യജ്ഞത്തിൽ ബലിക്കിന്ന
നാവില്ലാത്തൊരിസ്സഹോദരങ്ങൾപോലെതന്നെ

അന്തകനോങ്ങും കരവാളിന്റെ വായിലേക്കല്ലോ
ഹന്ത! പോവതും നിങ്ങൾ ചിലച്ചും പുലമ്പിയും!'

എന്നെല്ലാം ദയാകുലൻ ചിന്തിച്ചു ചിന്തിച്ചഹോ!
ചെന്നടൻ യജ്ഞവാടനികടത്തീ ദേവൻ.

യാഗശാലയിൽ ദീക്ഷിച്ചുള്ളം നൃപനോടു
വേഗമങ്ങെത്തിയൊരു കിങ്കരനണത്തിച്ചു

യോഗീന്ദ്രനൊരാളാട്ടിൻകുട്ടിയെച്ചുമലിൽവ-
ച്ചാഗതനായെന്നുള്ള വാർത്തയും സകൗതുകം.

പിന്നെയാടുകളോടുകൂത്തുപുക്ക ദേവൻ
മന്നവൻ ഹോമശാലതന്നിൽ നില്പതു കണ്ടാൻ,

വരിയായ് ശ്രുഭ്രവസ്ത്രം ധരിച്ച മന്ത്രം ജപി-
ച്ചിരുപാർശ്വവും നില്പുമന്തണർതന്മദ്ധ്യത്തിൽ.

സുഗന്ധാഢ്യമായിന്ധനോച്ചയത്തിന്മേൽ കത്തി
പ്രകടജ്വാല നീട്ടി ഭ്രുഭ്രുമ്പുമോടാത്തും

ചൊരിയും നെയ്യും സോമരസവുമുണ്ടു ജൃംഭി-
ച്ചെരിഞ്ഞു വാച്ചു പൊങ്ങി വായുവിൽ തത്തികേറി

സ്ഥലിംഗങ്ങളാൽ പൊട്ടിച്ചിരിച്ചു ഘോരമായി
ജ്വലിച്ചിതങ്ങു മദ്ധ്യഹോമകുണ്ഡത്തിലഗ്നി

തീമലയതിന്നടിവാരത്തെ വലംവച്ചു
ധൂസംവൃതമായ് ചേന്നൊലിച്ചു മണലൂടെ

ആ മഹത്തിങ്കൽ ബലികുറിച്ചൊരജങ്ങൾതൻ-
ഭീമമാം രക്തനദി പാഞ്ഞുകൊണ്ടിരുന്നിതു

അങ്ങടുത്തുതാൻ മെയ്യിൽ പുള്ളികൾ പൂണ്ടു നീണ്ട
ശൃംഗങ്ങളാന്നള്ളോരു കോലാടും കിടന്നിതു,

ഉദ്ഗളനാളം പിന്നോക്കം തിരിച്ചഹോ! മുഞ്ഞ-
പ്പുൽകയറാൽ കെട്ടിയ ഖിന്നമാം ശിരസ്സോടും.

അതിന്റെ കഴുത്തിറുത്താൻ മൂർച്ചയേറിയ കത്തി-
യുദയം ചേർത്തു താഴ്ത്തിനിന്ന വൈദികനേകൻ.

Digitized By Kerala Sahitya Akademi

ദൈവതങ്ങളേ! തൃഷ്ടി നേടുവിൻ ചുടുചോര
തുവുമീ മേഷരത്നംതന്നെ നോക്കുവിൻ നിങ്ങളും.

ഭൂപതി ബിംബിസാരനിതിനെയപ്പിക്കുന്ന
ഹാ! ബലിയായ് നിങ്ങൾക്കീ നെടിയയജ്ഞാന്തത്തിൽ.

എരിഞ്ഞിടുമീ മണമാന്നൊരഗ്നിയിൽ വെന്തു
പൊരിഞ്ഞ മാംസത്തിന്റെ മേദുരസൗരഭത്തെ

സരസം സ്വദിച്ചു ചിത്താനന്ദമാന്നീടുക
പരമീയാട്ടിന്റെ ദേഹവാഹിച്ചിരിപ്പോളു

നരനായകൻതന്റെ പാപപങ്കങ്ങളെല്ലാ–
മെരിതീയിതിൽത്തന്നെ വെന്തു വെണ്ണീറായ് പോക.

വെട്ടുന്ന മേഷത്തെ ഞാനെന്ന ചൊല്ലിനാൻ മന്ത്രം,
പെട്ടെന്ന കടന്നെത്തി ഭഗവാൻ കൃപാകുലൻ:

''അരുതു മഹാരാജ, വെട്ടുവാനയയ്ക്കരു–
തുസാഹസമങ്ങിസ്സാധുജന്തുവെ''യെന്ന

കരുംനൊന്തോതീടിനാൻ ക്രൂസാതെ കോലാടിനെ
വിരവിൽച്ചെന്ന കയറഴിച്ചു വിട്ടീടിനാൻ.

ആരുമേ തടുത്തതുമില്ലഹോ! ധീരനാമ–
ക്കാരുണികനെ സ്വയം തന്നുടെ തേജസ്സിനാൽ.

ന്നവൻതന്നെ നോക്കി മുമ്പിൽനിന്നുദാരമായ്
പിന്നെയപ്രാണികൃപാവാരിധിയരുൾചെയ്താൻ:

''ജീവിതമാക്കും പ്രിയതമമാകുന്ന വിഭോ,
ജീവലോകത്തിൽ സുഖസംശ്രയമതാകുന്ന.

കേവലം പുഴുവിനും കേമനാം മനുഷ്യനും
ദേവനുതാനുമതിൽ മമത തുല്യമല്ലോ.

അതിനോടഭിമാനബന്ധംകൊണ്ടല്ലോ കാൺമൂ
മൃതിയിൽ ജന്തുക്കൾക്കു പേടിയും ഞടുക്കവും

അന്തമേകവാനാക്കുമെളുതാമിജ്ജീവിതം
ഹന്ത! ഭൂപനുപോലും നിഷ്പ്രയാസമുതല്ലോ.

വിസ്മയാവഹമൊരു തത്ത്വമാണതെന്നതു
വിസ്മരിച്ചഹോ! മർത്യനതിനെ ഹിംസിക്കാമോ?

വിടുത്തീടും പ്രാണനെ പ്രത്യുപ്പിക്കുവാൻതന്നെ
മിടുക്കു നമുക്കില്ല—കൊലചെയ്യരുതാരും.

Digitized By Kerala Sahitya Akademi

അതുമല്ലോത്താൽ ദയയേലുവോക്കിജ്ജീവിത–
മതുലമായ ദൈവാനുഗ്രഹമല്ലോ പാരിൽ.

ദയ ശക്തിഹീനരെയാശ്വസിപ്പിച്ചീടുന്ന
സ്വയമേകുന്ന ചരിതാർത്ഥത, ശക്തന്മാക്കും.

ഘാതകൻ നിജ ദയാഗ്രണത്തെ ഹനിക്കുന്ന
രോധിച്ചീടുന്ന കൊന്ന ജന്തുവിൻ ഗതിയേയും.

കർമ്മപാശത്തിൻ കീഴും മേലുമായ് പല വിധ
ജന്മമാന്നിയലുന്ന ജീവജാലങ്ങൾ തന്നെ

ഉണ്മയോർക്കുകിലും സഹോദരരല്ലോ തമ്മി–
ലമ്മുറ നിനച്ചാലുമൊന്നിനെക്കൊന്നീടാമോ?

എന്നല്ല നുമ്പാൽ നല്കുമനപ്പുരോമങ്ങ–
ളെന്നിതുകളാം നിജ സർവ്വസ്വം നമുക്കേകി

നമ്മളെ വിശ്വസിച്ചു നാളുകൾ നയിക്കുന്ന
കലുഷമോരാതുള്ള ക്ഷുദ്രങ്ങളീയാടുകൾ.

വിളിച്ച വഴി പോകുമിത്തുണാശികൾ നീട്ടും
ഗളനാളത്തെപ്പിടിച്ചറുക്കുന്നതു കഷ്ടം!

എന്തൊരു കുടിലത,യെന്തു നിഷ്ഠുരത–
യെന്തൊരക്രമമെത്ര നിഷ്ഠുരമഹാപാപം

പുണ്യസോപാനമേറാൻ മോഹിച്ചു യജ്ഞംചെയ്യു
നിർണ്ണയം നിങ്ങൾ നരകാബ്ധിയിൽ പതിക്കുന്നു.

ദേവന്മാരോടു ദയയിരപ്പാൻ നാണമില്ലി–
പ്പാവങ്ങൾതൻപ്രാണനിൽ നിർദ്ദയർ നിങ്ങൾക്കഹോ!

ഹന്ത! നൽസുധാശനർ ചോരയാം ബലികൊണ്ടോ
സന്തുഷ്ടരായീടുന്ന രാക്ഷസരാണോ വിണ്ണോർ?

പാഴാണ പാപക്ഷാളനായുമീ യജ്ഞത്താൽ
കോഴയാൽ പ്രസാദിക്കും കൃപണരല്ലീശന്മാർ

പരമിങ്ങൊരാൾ ചെയ്ത പാപത്തെ നിരാഗസ്സാം
പരജന്തുവിൽ പരിസംക്രമിപ്പിക്കെന്നതും

കുതീടുകിൽ വൃഥാ ദുർമ്മോഹമത്രേ പാരി–
ലുരുതാക്കുമേ കൃതമന്യഥാകരിക്കുവാൻ

അറിഞ്ഞെങ്കിലുമറിയാതെയെങ്കിലും സ്വയ–
മൊരുവൻ ചെയ്തീടുന്ന നന്മതിന്മകളെല്ലാം

Digitized By Kerala Sahitya Akademi

ശരിയായവനനുഭവിച്ചീടണം കർമ്മ–
പരിപാകത്തിൻ ശക്തി തടവാൻ കൈകളില്ല;

അകക്കാമ്പിൽ നിനയ്ക്കുന്നതും പിന്നെ വാക്കാൽ
പ്രകടിപ്പിക്കുന്നതും കൈകളാൽ ചെയ്യുന്നതും
സകലം നോക്കിനിന്ന സർവ്വജ്ഞാ കർമ്മനീതി
ശകലം തെറ്റാതെകണ്ടൊക്കവേ കുറിക്കുന്നു.

അകലമതിനില്ലൊട്ടന്തികംതാനുമില്ല
മികവേറുവോരെന്നുമെളിയോരെന്നുമില്ല.
ആർക്കും തുല്യമായാർക്കുമധ്വിതീയമായ് വാഴ്വോരു
നീക്കുപോക്കില്ലാത്തോരന്നിയമം സനാതനം

ചേർക്കുന്ന ക്രിയാഫലം കർത്താവിൽ യഥാകാലം
തുക്കവും തോതും മാറുമളവും മറക്കാതെ.

നിങ്ങൾ കൊല്ലും ജന്തുക്കൾ നിങ്ങളായ് ജനിച്ചീടാം,.
നിങ്ങളെക്കൊന്നവാനവ ഖഡ്ഗങ്ങൾ ധരിച്ചീടാം.

എങ്ങനെയൊഴിക്കാവൂ ദുഷ്കൃതം ബ്രഹ്മാണ്ഡത്തി–
ലെങ്ങുപോയൊളിക്കാവൂ നിയതി വിളിക്കുമ്പോൾ?

ഓർക്കുവിനയ്യോ! ചെന്നു ചാടായ്വിൻ മറു മണ്ണാൽ
തുർക്കുവാനുതാത്ത നരകഗർത്തങ്ങളിൽ.''

ഭഗവാൻ കൃപാപരതന്ത്രനായ് നിന്നിങ്ങനേ
നിഗദിക്കുന്ന തത്ത്വം കേട്ടടൻ വിലക്ഷരായ്

സത്വരമുത്വിക്കുകൾ രക്തത്താൽ ചുവന്ന കൈ–
യുത്തരീയത്തിൻ തുമ്പാൽ മറച്ചുകൊണ്ടോടിനാർ.

മന്നവൻതാനുമുടൻ തൊഴുതമ്മഹാത്മാവിൻ–
സന്നിധി പുക്കു ഭക്തിനമ്രനായ് നിന്നുകൊണ്ടാൻ

പിന്നെയും ഭഗവാൻ ദേവൻ ''പ്രാണിസഞ്ചയമെല്ലാ–
മന്യോന്യമുടപ്പിറപ്പാകയാൽ സ്നേഹാർദ്രരായ്

സന്തതമിണങ്ങി വാണീടുമെന്നാകിൽ പാപ്പാ–
നെന്തൊരു മനോജ്ഞമാം കുടുംബമിബ്ഭൂലോകം

ജന്തുവിൻ ജീവരക്തം മലിനമാക്കാതെതാ–
നെന്തു ഭോജ്യങ്ങളുണ്ടിവിടെസ്സുഭിക്ഷമായ്,

അന്നപാകത്തിന്നതി സ്വാദേലും മണിനെല്ലിൻ–
പൊന്നോമൽകതിരുകൾ പ്രീഹിയിൽ വിളയുന്നു;

Digitized By Kerala Sahitya Akademi

വിമലകാന്തിതേടും തേൻകനിക്കുലകളെ–
ച്ചുമന്നു നിന്നീടുന്ന വൃക്ഷങ്ങൾ മനോജ്ഞങ്ങൾ

മധുരകന്ദങ്ങളെ നിലത്തു മറച്ചുഹോ!
നിധിപോൽ നമുക്കായി വള്ളികൾ സൂക്ഷിക്കുന്നു;

സദയം ഭ്രമിതന്നെ തുടുന്നു സച്ഛുമാം തൻ–
ഹൃദയമലിഞ്ഞൂറും സ്ഫടികവാരിപൂരം;

മറിച്ചു, നിട്ടയമായ് കേഴും പ്രാണിതൻ കഴ–
ത്തറുത്തു ലഭിക്കുന്ന നിസർഗ്ഗബീഭത്സമാം

രക്തമാംസങ്ങൾ നരഭോജ്യങ്ങളല്ലോക്കുവിൻ,
യുക്തമല്ലതുകളാൽ ദേവരെ യജിപ്പതും.''

ഇത്തരമുപന്യസിച്ചരികിൽ നില്പും സാക്ഷാൽ
ബുദ്ധന്റെ കൃപോഷ്മിയാൽ ഹൃതഹൃത്തുകളായി

എറിഞ്ഞുകളഞ്ഞിതു കത്തിയശ്രോത്രിയന്മാ–
രെരിഞ്ഞ ഹോമാഗ്നിയെക്കെടുത്തിക്കളഞ്ഞിതു.

മന്നവൻ ബിംബിസാരനിങ്ങനെയനന്തരം
തന്നുടെ രാജ്യമെങ്ങും ഘോഷിച്ച വിളംബരം:

''ദേവയജ്ഞങ്ങൾക്കായെന്നല്ലീ നമ്മുടെ നാട്ടിൽ
കേവലം ഭക്ഷണാർത്ഥമായുംതാനനവധി

ജീവജാലത്തെ വധിച്ചീടുമാറുണ്ടതെല്ലാം
ഭാവുകമല്ലാസ്ഥയാലിന്നു നാം തടയുന്നു.

അനഘപ്രാണികളെ ഹിംസിച്ചീടുന്നതാരു–
മിനിമേൽ മാംസംതന്നെ ഭക്ഷിച്ചീടുന്നതാരും.

ജീവിതമൊന്നുതന്നെ ജന്തുക്കൾക്കെല്ലാവർക്കും
ഭാവിജന്മങ്ങൾതോറും വിജ്ഞാനം വിടരുന്നു.

കാരുണ്യം ലഭിക്കില്ല കാരുണ്യമില്ലെങ്കിലാ–
കാരണങ്ങളാൽ ഹിംസ ഹേയമായ് നാം കാണുന്നു.''

ഇത്തിരുവാജ്ഞ വിളിച്ചറിയിപ്പിച്ചെന്നല്ല
കൊത്തിച്ചു നൃപൻ ശിലാകൂടങ്ങൾതോറും പിന്നെ
പ്രത്യേകമഭിജ്ഞാനസ്തംഭങ്ങൾതന്നെ തീർത്തു
വ്യക്തമായെഴുതിയും വയ്പ്പിച്ചിതതുകൾമേൽ.

കൊന്നീല ജനമൊരുജന്തുവെയന്നാൾ മുതൽ
തിന്നീലാമിഷം രക്തബലിയും തുവീലാതും

Digitized By Kerala Sahitya Akademi

എന്നല്ല പക്ഷിമൃഗാദികളാം പ്രാണികളോ–
ടന്യോന്യസ്നേഹപാശബദ്ധരായ് ശാന്തരായി

മംഗളമായ്കഴിഞ്ഞൂ മനുഷ്യർ മനോജ്ഞമാം
ഗംഗതൻ തീരത്തുള്ള മാഗധദേശങ്ങളിൽ.

ജലത്തിൻ കുമിളപോൽ ജനിച്ചും മൃതിയാന്നും
നിലനില്ക്കാത്ത സുഖദുഃഖങ്ങൾ നകന്നുമേ

വലയും മനുഷ്യനു മറ്റു ജന്തുവ്രാതത്തോ–
ടലിവിൻ ബന്ധം സമക്ലേശസംബന്ധംകൊണ്ടും,

വിശദമാക്കീ ജന്തുകാരുണ്യനിധി ബുദ്ധൻ
വശവത്തിയായ് തീർത്തു ലോകത്തെയെന്നേ വേണ്ടൂ.

ഇന്നുള്ളതല്ലിമ്മഹാത്മാവിലുജ്ജ്വലിക്കുന്നോ–
രുന്നതമാകും സ്നേഹമാഹാത്മ്യം ഭഗവാന്റെ

കരുണാശിശിരമാം ചാരുപ്രാക്തനജന്മ–
ചരിതലേശം കേൾക്കിൽ കോൾമയിക്കൊള്ളും വിശ്വം

പണ്ടൊരു കാലത്തൊരു ഭ്രസുരനായ് ജനിച്ചു
'മുണ്ഡക'ശൈലം പുക്കു മുനിയായ് വാണു ബുദ്ധൻ

'ദാളിദാ'ഖ്യമായ കഗ്രാമത്തിലടവിയാൽ
കേളിയേറീടും വിന്ധ്യാപർവ്വതപ്രാന്തത്തിങ്കൽ,

അവിടെയന്നൊരിക്കൽ ക്ഷാമത്താൽ ജനങ്ങളെ
വിവശരാക്കിച്ചെയ്തിരുഗ്രമാമനാവൃഷ്ടി

എരിയും വെയ്ലാൽ നട്ട ഞാറുകൾ വെന്തകാല–
നര ബാധിച്ചുമട്ടിൽ വെളുത്തു വയലുകൾ

കുളവും കൂപങ്ങളുമൊക്കവേ വറ്റിയാറ്റി–
ന്നളവോരാത്ത കയംകൂടിയും വരണ്ടുപോയ്.

പട്ടിണികൊണ്ടു പാരം വലഞ്ഞ പ്രദേശത്തെ
വിട്ടന്യരാജ്യങ്ങളിലാളുകളോടിപ്പോയി.

അടവിതാനും കാട്ടുതീയാലും വെയിലാലു–
മടവേ കരിഞ്ഞതിൽ തങ്ങിയ ജീവജാല–

മൊട്ടങ്ങു ചത്തൊടുങ്ങി, യുഴറിയോടിപ്പോയി–
തൊട്ടന്യവനങ്ങളിൽ പൈദാഹശാന്തിക്കായി.

അന്നൊരു സായാഹ്നത്തിലമ്മുനിവരൻ സ്വന്തം
കുന്നിന്റെ ചരിവുടെയേകനായ് പോയീടുമ്പോൾ

Digitized By Kerala Sahitya Akademi

അരികത്തങ്ങു ജലം വറ്റി ശുഷ്കമായ്തുള്ളോ–
രുരുവിച്ചാലിന്നടിക്കെഴുന്ന പാറക്കെട്ടിൽ

സങ്കടം, വിശപ്പുകൊണ്ടാൻതടൻ തളർന്നൊരു
പെൺകടുവായുമതിൻ പിഞ്ചിളംകിടാങ്ങളും,

ശുക്കായ കരരണ്ടും കാഞ്ഞെഴും കടുംചൂടിൽ
വാടുന്ന വിവശത കലർന്ന കിടന്നിതു.

ചെറ്റിടയാ വ്യാഘ്രിയെ നോക്കിക്കൊണ്ടങ്ങുതന്നെ–
യുറ്റ കാരുണ്യമാർന്ന നിന്നിതത്തപോധനൻ.

ഇണ്ടലാർന്നവർക്കഹോ! താണ മിന്നുന്ന കണ്ണു–
രണ്ടിലുമിളം പച്ചത്തീപ്പൊരി പറക്കുന്ന

ചുളി ശുങ്കുന്ന താടിയെല്ലുമച്ചുണ്ടും വിട്ടു
വെളിക്കു ചാടി ശ്ലക്ഷ്ണരസന നീണ്ടു മേന്മേൽ

ഇളകുന്നണ്ടവർക്കു വീർപ്പുകൾതോറും കത്തി–
വളർന്ന പാളം ജഠരാഗ്നിതൻ ജ്വാലപോലെ.

പൊന്നൊളിവർണ്ണത്തിങ്കൽ കാർവരി കലർന്നേറ്റം
മിന്നുന്ന മിനസമാമോമൽതോൽ മാംസമെന്യേ

വാരിയെല്ലിന്മേൽ തുങ്ങിയക്കടുവാഴ്ച്ച പഴം–
ക്കൂരമേൽ മേഞ്ഞ ജീർണ്ണതൃണംപോലടിയുന്നു.

ഒട്ടിണഞ്ഞേറ്റം നേർത്ത വയറിൻ മീതേ തന്റെ
കുട്ടികൾ, കഷ്ടം! വാടി വലഞ്ഞു കയറുന്നു.

തപ്പിയമ്മിഞ്ഞക്കാമ്പിൻ ചണ്ഡിയെച്ചെന്നാററിയും
തുപ്പിയുമുഴലുന്നു—തുള്ളി നീരതിലില്ല.

അത്ഭുതാർന്നതു കണ്ടൊട്ടാശ്വസിപ്പിപ്പാൻ തള്ള–
യെത്രയുമലിവോടെ നക്കുന്ന ശിശുക്കളെ.

പാർശ്വസ്ഥമായ മണൽത്തടത്തിലാഞ്ഞുചെന്നു
പാർശ്വഭാഗം തിരിഞ്ഞു കിടന്നുകൊടുക്കുന്നു

ആനതമായ് പൂഴിയിൽ പൂന്തിയ മുഖത്തോടെ
ദീനകണ്ണിയായ് മുറും മുരണ്ടു മുരണ്ടുമേ

മുമ്പിൽ മന്ദമായ് പിന്നെത്താരമായൊച്ച നീട്ടി
വെമ്പലാർന്നവൻ ശരന്മേഘംപോലലറുന്നു.

ഇക്കഷ്ടസ്ഥിതി കണ്ടു കൃപയല്ലാതെ മറ്റൊ–
ന്നുൾക്കാമ്പിൽ തോന്നാതഹോ! നിനച്ചു ബോധിസത്വൻ

Digitized By Kerala Sahitya Akademi

അലിവന്യക്കു തോന്നില്ലിവളിൽ കൊടുങ്കാട്ടിൽ
കൊലപാതകംചെയ്യ കമ്പ പോറുവോളിവൾ,

അസ്സമിക്കുമ്പോഴേക്കിക്കുട്ടികളോടും പാവം
ചത്തുപോമിവറയെ രക്ഷിപ്പാനാരുമില്ല.

കൊറിനു ലഭിച്ചെന്നാൽ ജീവിക്കും കുടുംബമി–
തുറവരായിട്ടാരുമില്ലിവസ്സുടുത്തുമേ.

കേണിവ ചാകുന്നതും കണ്ടിരിക്കാവല്ലോത്താൽ
പ്രാണരക്ഷണത്തേക്കാൾ സുകൃതമില്ലതാനും

പിന്നെ മച്ചുരീരത്തിലാമിഷമുണ്ടതേകി–
യെന്തുകൊണ്ടിവസ്സെനിക്കുപകത്താവായ് ക്കൂടാ?

എന്തുകൊണ്ടിവളുടെ തഷ്ടദശ്ധമാം നാക്കെൻ–
സ്വന്തരക്തത്താൽത്തന്നെ ശിശിരമാക്കിക്കൂടാ?

മറാക്കുമിതിലൊരു ദോഷവും വരാനില്ല
പറുവാനില്ലെനിക്കുമനമൊന്നിതിനാലേ

സ്നേഹാത്മമായ് ഞാനാത്മസ്നേഹത്തെ ഹോമിപ്പതും
സാഹസമല്ല സ്നേഹം സ്നേഹവൃത്തിയാൽ വായ്പൂ

എന്നുരചെയ്തു മെല്ലെക്കൈവടി താഴത്തിട്ടു
മന്നിൽ തൻ തിരുമെതിയടികൾ വിട്ടിറങ്ങി

ആടയും തലക്കെട്ടും പൂണ്ടുലുമഴിച്ചുവ–
ച്ചാടൽക്കൂടാതെ കൃപാശ്രുരനമ്മഹാപുമാൻ
നടന്നു പിന്നിലൂടാ വ്യാഘ്രത്തിൻ മുമ്പിലഹോ!
കടന്നുചെന്നു ചെറു ദൂരെനിന്നുരചെയ്താൻ:

''അമ്മേയിന്നാഹാരമായിശ്ശരീരത്തെത്തന്നെ
ചെമ്മേ നീ തിന്നുകൊൾക ജീവിക്ക സകുടുംബം.''

ഇമ്മൊഴിയവസാനിച്ചില്ലതിനുമുൻപുതന്നെ–
യമ്മഹാത്മാവിൻെറ മേലലറിക്കുതിച്ചഹോ!

ഇടിവാൾപോലെ വീണാപ്പെൺനരി,യദ്ദേഹത്തെ
പൊടിയിൽ മറിച്ചിട്ടു പിടപ്പിച്ചാത്തിയോടേ
ത്ഡടിതി മീതേയാഞ്ഞു വൻ കഠാരികളൊത്ത
കടിലനഖങ്ങളാൽ കോമളമാം തദംഗം

മാന്തി മാംസം പൊളിച്ചു കടിച്ചു കുടുംചോര
മോന്തുവാൻ തുടങ്ങിതക്കടുവായുടെ വായിൽ

Digitized By Kerala Sahitya Akademi

ചമ്പകമൊട്ടോടൊത്ത മഞ്ഞവീരപ്പൂക്കൾ
ചെമ്പരുത്തിതൻ മുകുളങ്ങൾപോൽ ചുകന്നിതു

വിസ്മരിക്കുന്നെന്തിനു നിർഭയമാം സ്നേഹത്താൽ
ശ്രദ്ധശീതളമാമദ്ധന്യന്റെയന്ത്യശ്വാസം

ബദ്ധസംഭ്രമമഹോ! ബുഭുക്ഷുവാമാ വ്യാഘ്രി
ക്രുദ്ധിച്ചു വിടും ചുടുവീർപ്പിൽത്താൻ ലയിച്ചിതു.

ഇങ്ങനെ ബഹുജന്മാർജ്ജിതമൈത്രീസംസ്കാര-
തുംഗതയാൽ സാക്ഷാൽ സിദ്ധാർത്ഥൻ തിരുവടി

കരുണാമസൃണമാമുപദേശത്താൽ ക്രൂര-
സുരയജ്ഞവും ജന്തുഹിംസയും നിരോധിച്ചു.

മഹനീയനാകുമാ ഭിക്ഷുവര്യനെപ്പിന്നെ-
ബഹുമാനിച്ചമ്പോടും പൂജിച്ചു ബിംബിസാരൻ

തനതുനഗരത്തിൽത്തന്നെ വിശ്രമിപ്പാനാ-
യനഘനോടു പാരമർത്ഥിച്ചിതെന്നുമല്ല

അലിവാൻക്കോമളമൂർത്തിയെ നോക്കി നൃപൻ
പലവട്ടവുമരുൾചെയ്തു: ''ഹാ മഹാഭാഗ,

ഉറ്റൊരു രാജഭോഗോചിതമാമിപ്പൂമെയ്യിൽ
പറ്റുകില്ലല്ലോ വെറും പഞ്ഞിയും ഘൃതങ്ങളും
സങ്കടമങ്ങീ പിച്ചച്ചട്ടിയേന്തുന്നവല്ലോ
ചെങ്കോലു ധരിക്കുവാൻ ജനിച്ച കൈയിൽ ശ്രീമൻ

വിജ്ഞാനനിധേ! ഭവാനിങ്ങുതാൻ പ്രസാദത്താ-
ലജ്ഞരാം പ്രജകൾക്കുമെന്നിക്കുമിരുൾ നീക്കാൻ

പതിവായ് പാർത്തീടുകിൽ ഭാഗ്യത്താൽ ലഭിച്ചൊരു
പുതിയ ചന്ദ്രനെന്നു കൊണ്ടാടുമല്ലോ ഞങ്ങൾ.

എന്നോടൊന്നിച്ചങ്ങെഴുന്നള്ളുന്നീ രമ്യമാമരമന-
ത്തന്നിലാണിഷ്ടമെങ്കിൽ സൈരമായതിൽ മേവാം

എനിക്കു ശേഷം വിഭോ! മഗധരാജ്യമാളാൻ
നിനയ്ക്കു കുമാരന്മാർതാനുമില്ലിങ്ങാകയാൽ,
വിഭവമെല്ലാമാന്ന സുഖമായങ്ങെഴുന്നൊരു
സുഭഗയായ രാജപുത്രിയെ വേട്ടു വാഴാം.''

ഭഗവാനരുൾചെയ്തു സസ്മിതം: ''മഹാനായ
മഗധമഹീപതേ, മോഹമില്ലിനിക്കതിൽ

Digitized By Kerala Sahitya Akademi

വിപുലസമ്പത്തോടുമൊരു രാജ്യത്തിലൊരു
നൃപനന്ദനനായ്ത്താൻ ജനിച്ചു വളർന്നു ഞാൻ.

യൗവനമാർന്നു സുഭോഗവും ഭുജിച്ചൊരു
നിർവൃതി കാണാതൊക്കെ വെറുത്തു വെടിഞ്ഞുടൻ

സത്യമാം ബോധം തേടിയിപ്പോഴും ഞാനുഴലുന്നു
സിദ്ധിക്കുമെനിക്കതു നിശ്ചയം വൈകാതെതാൻ.

ആകയാലതു വെടിഞ്ഞകൃതാത്മനായ് മിഥ്യാ-
ഭോഗമാഗ്രഹത്തിലിനിപ്പോകില്ല മടങ്ങി ഞാൻ

അമരാവതിയിലെ വൈജയന്തിമേൽ വാഴുവാ-
നമർത്ത്യസുന്ദരിമാർ കനിഞ്ഞു വിളിച്ചാലും

സർവ്വജന്തുക്കൾക്കുമായ് സംസാരക്ലേശമറ
നിർവ്വാണമഹാരാജ്യം നിർമ്മിപ്പാൻ യതിപ്പു ഞാൻ.

അതു നിർവ്വഹിക്കാതെ ശാന്തിയില്ലെനിക്കുള്ളി-
ലതിനാലിന്നതന്നെയിട്ടിക്കു വിട്ടു വിഭോ,

അനഘനിരഞ്ജനാതീരദേശത്തിൽ നീല-
വനരാജികളാർന്ന ഗയയിൽ പോകുന്നു ഞാൻ.

അവിടെവെച്ചുണ്ടാകുമെനിക്കു ബോധോദയ-
മവിശങ്കിതമെന്നു തോന്നുന്നു മഹാമതേ!

ഇവിടങ്ങളിൽ മേവുമൃഷിമാർതമ്മിൽനിന്നു-
മവരഭ്യസിക്കുന്ന നിഗമങ്ങളിൽനിന്നും

വിവിധനിഷ്ഠകളിൽ കഷ്ടിച്ചിന്ദ്രിയങ്ങളെ
വിവശമാക്കും തപക്ലേശങ്ങളൊന്നിൽനിന്നും

എന്മനക്കാമ്പിന്നഭിമതമായ്ത്തോന്നീടുമ-
സ്സമ്യക്സംബുദ്ധഭാവം സംഭാവ്യമല്ല ധീമൻ.

ഇമ്മഹാമനോരഥം സാധിക്കിൽ ധന്യനായ് ഞാൻ
നിർമ്മലമതേ! നൂനം മടങ്ങി വരാമല്ലോ

മുഖ്യമായ് ഭവാനേറയീ സ്നേഹനിർഭരമായ
സഖ്യത്തെ യഥോചിതം പ്രത്യഭിനന്ദിക്കുവാൻ.''

എന്നോതി വിടവഴങ്ങീടുമീയസാമാന്യ-
വന്ദ്യനാം ഭിക്ഷുവിനേറ പാദപങ്കജങ്ങളിൽ

മുന്നരു വലംവച്ചു വീണു വന്ദിച്ചു നൃപൻ
താണുനിന്നമ്പിൽ യാത്രാമംഗളമാശംസിച്ചു.

Digitized By Kerala Sahitya Akademi

അവിടെനിന്നു ദേവൻ നടന്നു 'വൈശാലി'യിൽ
സുവിഖ്യാതനായീടു'മാരാദ'മഹർഷിയെ

ചെന്നു കണ്ടങ്ങു ചില ദിനങ്ങൾ നയിച്ചുപോയ്
പിന്നെയുദ്രകരാമപുത്രാചാര്യനെക്കണ്ടാൻ.

ഉരുശിഷ്യാളിയാന്നോരമ്മുനീന്ദ്രനെത്തൊഴ–
'തുരുവിലാഖ്യ' വനംപുക്കു ദർശിച്ചു ദേവൻ.

പാണ്ഡിത്യമേറെയുള്ളോ'രുദ്രക'ശിഷ്യന്മാരാം
കൗണ്ഡിന്യാദികളായ പഞ്ചയോഗീന്ദ്രന്മാരെ

അവരോതിനാർ ഭഗവാനോടു ''വൃഥാ സൗമ്യ!
വിവശനായങ്ങിങ്ങു തെണ്ടുന്നതെല്ലാം ഭവാൻ

അരിയ വേദങ്ങളും ശാസ്ത്രസഞ്ചയങ്ങള–
മറിയാതുള്ള തത്ത്വമൊന്നില്ല നിരൂപിക്കിൽ

കർമ്മജ്ഞാനകാണ്ഡങ്ങൾ രണ്ടിലും കണ്ടീടാത്ത
ധർമ്മമോക്ഷോപായങ്ങളെന്തുള്ള ജഗത്തിങ്കൽ

കാമനയെന്നി തത്തത് കർമ്മങ്ങൾചെയ്യ ഫല–
സ്തോമത്താലലിപ്തമായനഭിമാനമായി,

അഹന്താഗ്രന്ഥിയഴിഞ്ഞപരിച്ഛിന്നമായ
മഹനീയമാമാത്മചൈതന്യം നിരാകാരം

എത്തുന്നു തമസ്സുവിട്ടജ്ജിതമാം ജ്യോതിസ്സിൽ
മൃത്യുവെ വിട്ട നിത്യമോക്ഷത്തെ പ്രാപിക്കുന്നു.

ജ്ഞാനത്താലവിദ്യയാമാവരണം പോയ് വെറും
കാനൽത്തുനീരാഴിയാം വിശ്വഭാനങ്ങൾ മാഞ്ഞു

നീരൂപമായ്, നിഷ്ക്രിയമായി, നിശ്ചലമായി
നീരാഗമായി നിർവ്വികാരമായ് ശാന്തമായി

നിർഗ്ഗുണമായി നിത്യസത്താമാത്രമായ് സ്വയം
ചിൽക്കതിരൊളിയായി ശാശ്വതാനന്ദമായി

ശോഭിക്കും ശുദ്ധപരബ്രഹ്മത്തോടഭേദമായ്
പ്രാപിച്ചീടുന്ന ദിവ്യകൈവല്യം ജ്ഞാനാത്മികൾ.

ബന്ധങ്ങൾ പോയ് ഗംഭീരമൗനാകാരമായ നി–
സ്പന്ദസുന്ദരമാമീയേകാന്തശാന്തിയേക്കാൾ

ഹന്ത! സംസാരാമയം നീക്കുമൗഷധം വേറെ
ചിന്തിപ്പാൻ കഴികില്ല മുനിമാക്കാക്കും ധീമൻ!''

Digitized By Kerala Sahitya Akademi

ഇതുകളെല്ലാം സ്വാമി സാദരം കേൾക്കിലും തൻ–
ഹൃദയാകാശം മഞ്ഞുവെടിഞ്ഞു തെളിഞ്ഞില്ല

എങ്കിലുമിന്ദ്രിയസംയമശിക്ഷയാലാത്മ–
പങ്കമാജ്ജനംചെയ്‌വാൻ പുനരുദ്യുക്തനായി

പഞ്ചയോഗികളവർ മേറ്റുമപ്രദേശത്തി–
ലഞ്ചാതെ തപംചെയ്യ ഭഗവാൻ ശൗദ്ധോദനി,

ഉത്തരദ്യോവിൽ സപ്തഷ്ടികാന്തന്നുപാന്തത്തി–
ലുത്താനപാദജന്യജ്യോതിസ്സുപോലെ വാണു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഗ്രാമവൃക്ഷത്തിലെ
കുയിൽ

1918

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

സത്യസന്ധവും ധർമ്മനിരതവുമായ അന്തഃകരണത്തെ കൃത്യ മാഗ്രങ്ങളിൽ വിഷമിപ്പിക്കുന്ന ദുഷ്ക്രിയകളുടെ വർണ്ണനകളാൽ എല്ലാവർഗ്ഗക്കാരുടേയും സാഹിത്യം ഏറെക്കുറെ നിബിഡമാണു്. അനവധി യോഗ്യന്മാരെ ഇന്നും ആ ദുഷ്ക്രിയകൾ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും സമ്മതിച്ചേ തീരൂ. കാല ദേശാവസ്ഥകളനുസരിച്ചു് ആ അനുഭവങ്ങൾക്കു നാനാത്വമുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ സാധുവായ 'ഗ്രാമവൃക്ഷത്തിലെ കുയിലി'ന്റെ അനുഭവവും ആ കോടിയിൽപ്പെട്ടതാണു്. അതുകൊണ്ടു് ഇതിലെ ദേവദത്തന്റെ സാന്ത്വനങ്ങൾ അങ്ങനെയുള്ള ഏതെങ്കിലും അന്തഃകരണങ്ങൾക്കു് അല്പമെങ്കിലും ആശ്വാസം നല്കുമെങ്കിൽ ഈ ചെറിയ കൃതി എഴുതുന്നതിൽ ഞാൻ ചെലവു ചെയ്ത സമയം നിഷ്ഫലമായില്ലെന്നു കരുതാവുന്നതാണു്.

93 മകരം ആദ്യമാണു് ഞാൻ ഈ കൃതി എഴുതാൻ ആരംഭിച്ചതു്. അടുത്ത ഇടവം 30-ാംതീയതി സഞ്ചാരത്തിൽ വൈക്കത്തു താമസിക്കുമ്പോളാണു് അവസാനിച്ചതു്. വലിയ ആശംസയോടുകൂടി അല്ലെങ്കിലും ഇതിനേയും എന്റെ മറ്റു ചില ഖണ്ഡകൃതികളുടെ കൂട്ടത്തിൽ ഗണിച്ചു പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. മഹാജനങ്ങൾ യഥാർഹം ഇതിനേയും സ്വീകരിച്ചു് പ്രോത്സാഹിപ്പിക്കുമാറാകണമെന്നു് വിനയപൂർവ്വം അപേക്ഷിക്കുന്നു.

കൈതമുക്കു്, തിരുവനന്തപുരം
1094 കന്നി 23 (1918 ഒക്ടോ: 9)

എൻ. കുമാരൻ ആശാൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഉഗ്രവ്രതൻ മുനി വസിക്കുമൊരുരിൽ മാവി–
ന്നഗ്രത്തിലമ്പിനൊടു പാടിയിരുന്ന നീണാഗം,
കുഗ്രാമജന്തുപരിപീഡ സഹിച്ചു ചിന്താ–
വ്യഗ്രത്വമാന്ന കുയിലോടൊരു ദേവനോതി: 1

''ഖേദിച്ചിടൊല്ല കളകണ്ഠ! വിയത്തിൽ നോക്കി
രോദിച്ചിടൊല്ല രുജയേകുമതിജ്ജനത്തിൽ
വേദിപ്പതില്ലിവിടെയുണ്മ തമോവൃതന്മാ–
രാദിത്യലോകമറിയുന്നിതു നിൻഗ്രണങ്ങഗം. 2

അമ്മാമുനിക്കുടയൊരാശ്രമവൃക്ഷമെന്നാ–
യിമ്മാവിൽ നീ മമതയുന്നിയനാഗം തുടങ്ങി
സമ്മാന്യമായിതതു കേഗംക്ക സഖേ! പ്രസിദ്ധം;
ചുമ്മാ പഴിപ്പു ഗ്രണിയെകഘലരീഷ്യയാലെ. 3

വാവായനാഗം ജനമിട്ടം ബലിപിണ്ഡമുണ്ടു
പോവാൻ മടിച്ചു ചില കാക്കകഗം ചെന്നുപറ്റി
ദാവാഗ്നിയേറ്റിട കരിഞ്ഞൊരു കുറിപോലി–
ന്മാവാദ്യമാന്ന നിലയിന്നു മറന്നു ലോകം. 4

അമ്പാലലിഞ്ഞൊഴകിട്ടം സുധയോടിടഞ്ഞ
നിൻ പാട്ടു നിത്യമിതു കേട്ടു തളിത്തു താനെ
കൊമ്പാഞ്ഞുവീശിയൊരു കാളിമപൂണ്ടു വാച്ചു
വമ്പാന്നു പൊങ്ങി വിയദാഭ കലന്നുവല്ലോ. 5

ബദ്ധാനുരാഗമിതിൽ നീ കടിവാണമൂലം
ശ്രദ്ധാർഹമായതിനെയോത്തു ഖഗാന്തരങ്ങഗം
നൽധാമമാക്കി നവശാഖകളെ,ച്ചുവട്ടി–
ലിദ്ധാത്രിയിൽ തണലിൽ വാണു സുഖിച്ചു പാന്ഥർ. 6

ബാലാരുണൻ കരദലാഗ്രമണച്ചിതിങ്കൽ
നീലാരുണാഭ തളിർമേലെഴുന്നപോതും
ചേലായ്കഠോരരവി പച്ചയിടുന്നപോതും
നീ ലാക്കിലക്രിയ തുലോം ലഘുവാക്കി പാട്ടാൽ. 7

ആപാദചൂഡമണിവാനിളമഞ്ഞരത്ന–
വ്യാപാരിയാകുമുതുമഞ്ജരി കോത്തിടുമ്പോഗം
ഈ പാദപത്തിൽ മമതാതിശയം വരുത്താൻ
നീ പാട്ടിനാലതിനെയും ഖഗ! പാട്ടിലാക്കി 8

Digitized By Kerala Sahitya Akademi

മന്ദാനിലൻ ജലധിശീകരമോഹനൻ നിൻ–
ചന്ദാനുവൃത്തി തുടരാനുടനേയണഞ്ഞു,
ചന്നാദമസ്സുമസുഗന്ധമൊട്ടും പരത്തി–
യന്നാൾ നടന്നു മലയാചലസാനുതോറും. 9

സാരസ്യമാർന്ന ഖഗമേയുടനന്നിനാദം
ദൂരത്തിരുന്ന പികസന്തതിയേറുപാടി;
തീരാത്ത മാറൊലി ഗുഹാന്തരമാർന്നു; സിന്ധു–
തീരാന്തരങ്ങൾവരെയധ്വനിയെത്തിനിന്നു. 10

തേമ്പൂണ്ണമായിതളം വിടർന്നളവേ ചുവന്ന
മാമ്പൂക്കളന്തൻ മൃദുലപാണ്ഡുരമാം പരാഗ•
താമ്പൂണ്ട വെണ്മതിരളം കരിവണ്ടുമില്ലി–
ക്കാമ്പൂതി നൽശ്രുതിപിടിച്ചു നിനക്കു പാട്ടിൽ. 11

ശേഷിച്ച മോടി പലതും തികവാൻ, ശോഭ
പോഷിച്ചു മാവിതിൽ, മറഞ്ഞുരുശാഖതോറു•
തോഷിച്ചണഞ്ഞു, ഭുവനദ്വയഭ്രതിയോത്തു
ഘോഷിച്ചു നീ ബഹുവസന്തമഹോത്സവങ്ങൾ. 12

സ്കന്ദൻ മയൂരഹയമേറിയടുത്തു, ദേവ–
വൃന്ദത്തൊടൊത്തു വൃഷവാഹനനിങ്ങണഞ്ഞു,
മന്ദം വിപഞ്ചികയെടുത്തു മരാളമേറി–
സ്സുന്ദർമോത്തു വിധിവല്ലഭപോലുമെത്തി. 13

പൂ വീണ കീഴ് പരവതാനി വിരിച്ചു, ശാഖ
മേൽ വീശി വാച്ചൊരതിസൗരഭമണ്ഡപത്തിൽ
മേവിസ്സുഖത്തൊടവർ നിൻ ശ്രുതിയജ്ഞമെന്നും
സേവിച്ചു—ദേവതകളുത്സവസക്തരല്ലോ. 14

കണ്ണാറ കൗതുകമൊടൊത്തു തുറന്ന നല്ല
വിണ്ണിനമുഖമിയന്ന മനുഷ്യർ നോക്കി
എണ്ണുന്നതിന്നു കഴിയാത്തവിധത്തിലാണം
പെണ്ണും നിരന്നു സുരരൊത്തു മഹോത്സവത്തിൽ. 15

വേഷത്തിലന്നിവരിയന്ന വെടിപ്പു,മോതും
ഭാഷയ്ക്കൊഴുന്ന പരിശുദ്ധിയുമൊക്കെയോത്തും
ദോഷം പെടാതിവരിലുള്ള നടത്ത കണ്ടും
തോഷംകലർന്നമരരേകിയനുഗ്രഹങ്ങൾ. 16

സമ്പക്കമിങ്ങനെ ലഭിച്ചനുകമ്പയേറു–
മുമ്പക്കു മർത്ത്യരൊടു മൈത്രി ദൃഢീഭവിച്ചു,

Digitized By Kerala Sahitya Akademi

സമ്പൽസമൃദ്ധിയവരേകിയതും വിപത്തിൻ–
വമ്പസ്സമിച്ചതുമിവക്കു മറന്നുകൂടാ. 17

എന്നല്ല, മത്സ്യരുടെ ദുഃസ്ഥിതിയെക്കുറിച്ചു
ചെന്നസ്സുധർമ്മയിലമത്സ്യർ നടത്തി വാദം;
അന്നന്നതപ്പൊട്ട ദിവസ്സ്വതി കേട്ടലിഞ്ഞി;–
തെന്നല്ല ഭാവിഗ്രണഹേതുവുമായതെല്ലാം. 18

ആതങ്കമറിവർ വിളങ്ങുവതന്യജന്തു–
വ്രാതങ്ങൾ കണ്ടതുകൾ കൂട്ടി മഹങ്ങൾ വേറെ;
സ്വാതന്ത്ര്യസൗഖ്യവുമവറ കൊതിച്ചു സൗമ്യ!
നീതന്നെ പാക്കിൽ വഴികാട്ടിയതിങ്ങവക്കും. 19

പിന്നെപ്പ്ഫലപ്രസവകാലമിയന്ന മാവിൽ
നിന്നെ ത്യജിച്ചുടനെ വാകയിൽ വണ്ടു പോയി;
തന്നെക്കുറിച്ചുമൊരു ചിന്തയെഴാതഹോ! നീ
മുന്നെക്കണക്കതിലിരുന്നിതു മൂളിമൂളി. 20

സ്പഷ്ടം ദുരാഗ്രഹികളന്നുമതല്ലു മാവി–
ലിഷ്ടം ഭവാനു ഫലകാമനിമിത്തമെന്നായ്
കഷ്ടം! നിനച്ചിതുലകിൽ പുതുതല്ല ഭദ്ര!
ശിഷ്ടന്റെ ശിഷ്ടതയിൽ ദുഷ്ടനു ദോഷബുദ്ധി. 21

ശ്രുഷ്ടാന്തിയിൽ പരഹിതവ്രതനാം ഭവാന്റെ
നിഷ്ടാസനത്തിനിവരിൽ ചിലർ ചെയ്ത യത്നം
നിഷ്ടാമകമ്മപടുവിൻ നിലയെക്കുറിച്ചു–
ശ്ശ്രുഷ്ടാന്തരംഗരറിയാത്തതു ശോച്യമല്ല. 22

കണ്ണപ്രമോദകര! പിന്നെയുലഞ്ഞു പച്ച–
പ്പുണ്ണങ്ങളാം ചിറകിയന്ന പഴങ്ങൾ മാവിൽ
സുവർണ്ണപ്രഭാശബളരക്തിമയാൽ കഴുത്തിൽ
വർണ്ണം തെളിഞ്ഞ ശുകപംക്തികൾപോലെ തൂങ്ങി. 23

കണ്ടായവസ്ഥ കൃപണക്കുടനിന്ദ്രിയങ്ങൾ
തിണ്ടാടി പൂനിഴലിലെശ്ശുലഭങ്ങൾപോലെ
വേണ്ടാസനങ്ങൾ ഫലിയാതെയവക്കു വൈര•
നീണ്ടാത്തു പിന്നെ നിധിനാഗമൊടൊത്തു നിന്നിൽ. 24

കാകൻ മുതിന്നു പകലാക്രമണം നടത്താൻ
രാ കണ്ടു വന്നു കടവാതിൽ കവർച്ചചെയ്വാൻ
മാകന്ദശാഖയിലടിക്കടിയൊച്ചകൂട്ടി
നീ കല്യ, രാപ്പകൽ വസിച്ചിതവറ തോറും. 25

Digitized By Kerala Sahitya Akademi

അത്യന്തമീഷ്യയൊടുമിജ്ജളരോർപ്പിതാ നിൻ–
സ്തുത്യഹ്ഭ്രതികരമിസ്സഹകാരമെന്നായ്
സത്യം സദ്ധർമ്മമിവ രണ്ടിലുമുള്ള നിന്റെ
നിത്യപ്രതിഷ്ഠയരുളുന്നു നിനക്കു ശക്തി. 26

ഗോത്രപ്രവൃദ്ധമുനിതൻ പുകൾ നാട്ടിൽ നാട്ടും
ഛാത്രവ്രജത്തിനു സുഖസ്ഥിതി ചേർക്കുവാനും
പാത്രത്വമോർത്തു പരമേശപദാർച്ചനയ്ക്കും
മാത്രം കൊടുത്തു ഫലഭാരമതാ രസാലം. 27

സൈരം പ്രസൂതികൃശയായൊരു സാദ്ധ്വിയോടും
പാരം കറന്നകിടു വറ്റിയ ധേനുവോടും
സാരസ്യമൊത്തുപമ തേടിയ മാവു പക്വ–
ഭാരം ക്ഷയിച്ചുടൽ ചടയ്ക്കുകിലും വിളങ്ങി. 28

ഭ്രവാസമാക്കുമതിദുസ്സഹമാക്കി വായ്ക്കും
ദേവാസുരാഹവവിപത്തിലുഴന്നുമിപ്പോൾ
ദാവാഗ്നിയേറ്റു വരളും ചുടുകാറടിച്ചും
മാവാത്തിപൂണ്ടില പൊഴിഞ്ഞു വലഞ്ഞു നില്പൂ. 29

ചൂതത്തെയിന്നെടിയ വേഴ്ച നിനച്ചു ക്രൂരാ–
ന്നാതങ്കകാലമിതിലും വെടിയാത്ത നിന്നെ
ചേതസ്സിൽവച്ചവിരതം സ്ഥിരശീലർ വാഴ്ത്തു–
മാ തത്ത്വമിശ്ശിംജനം നിനയാ തരിമ്പും. 30

നീരാവി പൊങ്ങുവതു കണ്ടു നഭസ്സുരസ്സിൽ
ധാരാധരാഖ്യജലനീലി പരക്കുമെന്നും,
ധാരാളമായിടി മുഴങ്ങി നിലത്തു ഭേകൻ–
മാരാവമിട്ട മഴ പെയ്യുതുടങ്ങുമെന്നും, 31

പാഴായിടാതെ വരുണസ്തുതി പാടിയെത്തും
വേഴാമ്പലിൻ ശ്രുതി മുഴങ്ങിയ ശീതവായു
നന്മാവിൽ മാരിയൊടടിച്ചതു ശാഖയാട്ടി–
യുന്മാദതാണ്ഡവമൊടാർത്തു കളിക്കുമെന്നും, 32

എന്നല്ലിവണ്ണമുതുചക്രുദളങ്ങളോരോ–
ന്നെന്നും തിരിഞ്ഞു വരുമേറെ, വസന്തമെത്തും,
അന്നന്നു പൂക്കുമിനിയും ഫലമേന്തുമാമ്ര–
മെന്നും സ്വയം സ്ഥിരചരിത്ര! ഭവാൻ നിനയ്ക്കൂ. 33

'നീ മൂളി വാഴ്വതിനാൽ മുടിയുന്ന ഭ്രമി–
യാമൂലമിത്തരു പടുന്നിതു കേടു തട്ടി'

Digitized By Kerala Sahitya Akademi

ഹാ! മൂർഖരിങ്ങനെ പഴിപ്പിതു; ദുർജ്ജനത്തിൻ–
വാ മൂടുവാൻ പണി—അതോർത്തു വലഞ്ഞുതാൻ നീ. 34

വേഷം മറച്ചു പലെടത്തുമഹോ! നടന്നി–
പ്പാഷണ്ഡരീശഭയവും നയവും പെടാത്തോർ,
രോഷം മുഴുത്തു വെറുതേ രുചിപോലെ നിന്നിൽ
ദോഷം ചുമത്തിയപവാദശതങ്ങൾ ചൊരിവൂ. 35

അന്യന്റെ താളഗതിയെഗ്ഗണിയാതെ പാട്ടം.
വന്യൻ, വനപ്രിയനിവൻ, സ്വരഹീനകണ്ഠൻ,
മാന്യത്വമേറിയ മഹർഷിയെ മാനിയാത്ത
ശൂന്യശ്രമാത്തനിവനിങ്ങനെയെന്ന വേണ്ട 36

ശൃംഗാരഗായകനിവൻ ജഡനെന്നൊരുത്തൻ;
തുംഗാഭിമാനി ശിഖരസ്ഥിതനെന്നൊരുത്തൻ;
ഭൃംഗാഭപല്ലവപടച്ചര,നന്യഗേഹ–
സംഗാത്തദോഷ,നതിപാംസുലനെന്നൊരുത്തൻ. 37

ഈവണ്ണമന്യപരിഹാസവിമർദ്ദമേറു
ധാവല്യമേറിയ ഭവദ്ഗ്രണമുജ്ജ്വലിക്കും;
ദൈവം പരന്റെ നണ കേൾക്കുകയില്ല; സൗമ്യ!
കൈവന്നിടും ശ്രുഭവിഭ്രതി നിനക്കു മേന്മേൽ. 38

ലേശാംശമിപ്പരിഷ ചൊൽവൊരു ദോഷമുള്ളി–
ലേശാതെ ശുദ്ധഹൃദയാബ്ജമലിഞ്ഞു പാടി,
ആശാന്തരിക്ഷജലദഗ്രഹതാരചക്ര–
മീശാംഘ്രിരാഗമൊടു പാർത്തു രമിപ്പവൻ നീ! 39

സ്വാരാജ്യസീമകളെ നിർമ്മലരാഗവീചീ
ധാരാർദ്രമാക്കുമൊരു നിൻ കളലോലഗീതം
ദാരാഢ്യരായവിഹിതേന്ദ്രിയരാം സുരന്മാ–
രാരാൽ ശ്രുവിച്ചു പുളകോദ്ഗമമാവഹിപ്പൂ. 40

വാദാന്തരത്തിൽ വിധിഗേഹമിയന്ന നിൻ ഹൃദ്–
ഭേദോപഹാരി ഗളകാകളിയാൽ ലഭിപ്പൂ
നാദാനുസന്ധി പരയോഗി സമാധിസൗഖ്യം,
വേദാന്തിയദ്വയചിദേകരസാവഗാഹം. 41

കണ്ടുത്തിനുള്ളൊരു വിശ്രുദ്ധിയെ വെന്നെഴും നിൻ–
കണ്ഠത്വമറ്റ പരിഭാസുരഹൃത്സരോജം
കണ്ടമ്പിലായതു സഖേ! പദപീഠമാക്കാ–
നണ്ഡന്തരംഗമതിലാശ മഹേശനിപ്പോൾ. 42

Digitized By Kerala Sahitya Akademi

എന്താണിതിൽപരമൊരാൾക്കു വരേണ്ട ഭാഗ്യ–
മെന്താണു ധന്യതയിതിൽപരമിജ്ജഗത്തിൽ,
സന്തപ്തനാകൊല വൃഥാ ഖഗ, ഹന്ത! ഭ്രുവിൽ
സ്വന്തപ്രഭാവമറിയാതുഴലുന്ന ദേഹി. 43

പോകാം ഭവാനിവിടെനിന്നിനി;യിമ്മഹാത്മ്യം
ശോകാഹ്മല്ല, മുനിയിസ്സദനം വെടിഞ്ഞു,
പാകാഢ്യമായിതു തപസ്സുതുമല്ലയേലി–
ല്ലേകാന്തസക്തിയൊരു വസ്തുവിലും മഹാന്മാർ. 44

മാനവ്യതീതദയയും സ്വയമാൻ നിന്നി–
ലാനന്ദധാമപതി ധർമ്മരഹസ്യഗോപ്താ,
ദീനത്വമേതുമിനി വേണ്ട സഖേ! ധരിക്ക,
ജ്ഞാനസ്വരാട്ടിനുടെ ദൂതനനിന്ദ്യനെന്നും.'' 45

മതികലുഷത മാറീട്ടാത്മസമ്മർദ്ദനത്താൽ
സ്മൃതിപുടികയിൽനിന്നും പൂർവ്വബോധംകണക്കേ
ദൃതി ചിതറി വെളിപ്പെട്ടൊട്ടു നിന്നൃദ്ധലോക–
ത്തതിമഹിതനവൻ പിന്നുല്ലുപോൽ പോയ്മറഞ്ഞാൻ. 46

ചിത്താനന്ദം കലർന്നുകയിലുടനെ ഖല–
ന്മാരിൽനിന്നേതുമാപ–
ത്തെത്തായ്വാനും ശാന്മാരവരപകൃതിയാൽ
പാപമേലായ്വാനും
സത്യാകും മാർഗ്ഗമെന്നായ് പഴയ വസതി കൈ–
വിട്ടു പൊങ്ങിപ്പറന്നി–
ട്ടത്യാലോദ്യാനമൊന്നാന്നിതു പുരജനതാ–
കണ്ണുപുണ്യാല്ലുരത്താൽ. 47

Digitized By Kerala Sahitya Akademi

പ്രരോദനം

1919

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സ്മരാമി രാജരാജസ്യ
തൈർഗ്രണൈർമഹതഃ ക്വേഃ
ചേതസാ ഭൃശദുഃഖേന
സച്ഗ്രപ്രതിനവാതിഥേഃ.

ഇദം സുധായേത വചോദ്യ യസ്യ മേ
സ്മൃതാശ്രുതിക്ഷതാക്ഷരമാത്മസംശ്രയാത്
ഇതി സ്വയം തൽപദ ഏവ ചാപ്പിതാം
കൃതാർത്ഥയിഷ്യാമി കൃതിം നവാമിമാം.

സൗഹാർദ്ദാദിതരേതരവ്യതികര-
സ്സമ്പദ്യതേ ദേഹിനാം
യൽ കേനാപി ച സന്നികർഷ്യതി യം.
സാ തസ്യ സംബന്ധിതാ,
മിത്രം വാ കൃപണം ജനോയമഥവാ
ശിഷ്യോ ഭവദ്ഗൗരവാ-
ദ്ഭത്തേ ത്വദ്വിരഹപ്രവർത്തിനമിമം
തേ ദേവ, ബാഷ്പാഞ്ജലിം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

ഏഴുകൊല്ലംമുമ്പു് 'നളിനി' എഴുതിത്തീർന്നു, കാലത്തു മാത്രമാണു്, പ്രഫസർ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സുമായി ആദ്യമായി മുഖപരിചയമാവാൻ എനിക്കു യോഗമുണ്ടായതു്. ഏതാണ്ടു് 20 കൊല്ലങ്ങൾക്കുമുമ്പു് ഞാൻ വിദ്യാർത്ഥികളിൽ വിദ്യാഭ്യാസംചെയ്തു താമസിച്ചിരുന്ന കാലത്തുതന്നെ ഇദ്ദേഹത്തിന്റെ കേരളപാണിനീയത്തേയും മേഘദൂതു തർജ്ജമയേയും മറ്റും പററി കണ്ടും കേട്ടും അറിഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ അന്നവയിൽ ഒക്കെ നേരുപറഞ്ഞാൽ ഒരനാസ്ഥയായിരുന്നു എനിക്കു തോന്നിയിരുന്നതു്. കാരണം പ്രധാനമായും അദ്ദേഹത്തിന്റെ യോഗ്യതയിൽ അപ്പോൾ എനിക്കുണ്ടായിരുന്ന വിപ്രതിപത്തിതന്നെ ആയിരിക്കണം. സർവ്വകലാശാലാമുഖേന സംസ്കൃതബിരുദങ്ങൾ സമ്പാദിച്ചവരുടെ പാണ്ഡിത്യത്തിന്റെ അപൂർണ്ണതയേയും ഉപരിപ്ലവതയേയും അടിസ്ഥാനമാക്കിയുള്ള ഒരു പുച്ഛരസം 'ഗുരുകുലക്ലിഷ്ടു'മാരായ സംസ്കൃതവിദ്വാന്മാരുടെ ഇടയിൽ ഇന്നും സാധാരണമാണെന്നുള്ളതു രഹസ്യമല്ല. സംസർഗ്ഗംകൊണ്ടു് ആ സാംക്രമികരോഗം ശിഷ്യപരമ്പരയിലും പടർന്നുപിടിക്കുന്നു. എന്നാൽ ഈ വിധി കേവലം 'ഔത്സർഗ്ഗിക'മാണെന്നും ഇതിനു് 'അപവാദ'ങ്ങളും ധാരാളമുണ്ടാകുമെന്നുമുള്ള വസ്തുതകൂടി അവർ വിസ്മരിച്ചുകളയുന്നതാണു കഷ്ടം. എന്റെ മേൽ സൂചിപ്പിച്ച അനാസ്ഥയും ഈ ദുർധാരണയുടെ ഛായാസംക്രമമല്ലയോ എന്നുകൂടി സംശയിപ്പാൻ കാരണമുണ്ടു്.

ചുരുക്കത്തിൽ 'ആംഗലസാമ്രാജ്യം' ഒരാവൃത്തി യദൃച്ഛയാ വായിച്ചുനോക്കാൻ ഇടയായപ്പോഴാണു് ഒരു കവിയുടെ നിലയിൽ പ്രഫസർ കോയിത്തമ്പുരാൻതിരുമേനിയുടെ യോഗ്യത എനിക്കു ബോദ്ധ്യമായതു്. പ്രതിപാദ്യമായ ആ നവീനരാജ്യചരിത്രാസ്ഥിശകലങ്ങളെവിടെ! സരളവും രസമസൃണവുമായ ആ കാവ്യതല്ലജമെവിടെ! അപൂർണ്ണ്യവും ഉപരിപ്ലവ്വവുമായ പാണ്ഡിത്യമെവിടെ! അർത്ഥശബ്ദങ്ങളുടെ സച്ഛവും അതലസ്പർശവുമായ ആ മഹാപ്രവാഹമെവിടെ! എന്തിനേറെപ്പറയുന്നു, കാളിദാസശൈലിയിൽ ഒരു സംസ്കൃതമഹാകാവ്യം കാണുന്നതിനു് ആ കവിസാർവ്വഭൗമന്റെ കാലശേഷം ഇത്രയും ശതാബ്ദങ്ങൾ ലോകം കാത്തിരിക്കേണ്ടിവന്നു എന്നുള്ള വസ്തുത നിർമ്മത്സരന്മാരായ സഹൃദയന്മാർ മുക്തകണ്ഠം സമ്മതിക്കുമെന്നാണു് എന്റെ

Digitized By Kerala Sahitya Akademi

വിശ്വാസം. വിശേഷിച്ച് രഘുവംശാദികളിലെ പുരാണകഥ കൾ പ്രകൃത്യാ കാവ്യചമൽക്കാരമുള്ളവ. സാമ്രാജ്യത്തിലെ ഇതിവൃത്തം നേരെമറിച്ചുള്ളതു്; അതുമല്ല അന്നു് സംസ്കൃതത്തിന്റെ ജീവദ്ദശ; ഇപ്പോൾ അതു് ഒരു മൃതഭാഷ; പിന്നെ ആ മഹാകവി ഔത്തരാഹൻ; നമ്മുടെ കവി ദാക്ഷിണാത്യൻ. ദേശഭേദകൃതമായ ആകാരഭേദം സംസ്കൃതഭാഷയ്ക്കുമുണ്ടു്. ദക്ഷിണോത്തരദേശീയരുടെ കൃതികൾ മിക്കവാറും സാധാരണ ശ്രവണമാത്രത്തിൽ തിരിച്ചറിയാവുന്നവയാണു്. അതുകൊണ്ടു് ഈ പ്രാതികൂല്യങ്ങളുടെ വിജയത്തിലുള്ള മെച്ചം ആ 'കവികുലഗുരു'തന്നെ അവരജനായ രാജരാജകവിക്കു സമ്മതിച്ചുകൊടുത്തേ തീരു. പ്രാചീനമായ അക്ലിഷ്ടശ്രുതിരീതിയിൽ 'ആംഗല സാമ്രാജ്യം'പോലെയുള്ള ഒരു കൃതിയെഴുതാൻ പരിപക്വമായ പാണ്ഡിത്യവും കാലദേശങ്ങളെ അതിശയിച്ച വാസനാവിശേഷവുംകൊണ്ടേ സാദ്ധ്യമാവൂ എന്നുള്ളതു് നിരാക്ഷേപമാണു്.

'നളിനി'ക്കു തിരുമേനിയെക്കൊണ്ടുതന്നെ ഒരു അവതാരികയെഴുതിക്കാൻ ഞാനാഗ്രഹിച്ചതു് അവിടുത്തേക്കു് ഇങ്ങനെ നിർവ്യാജമായ ബഹുമാനം തോന്നിയതിനപേക്ഷമാണു്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ സാഹിത്യസംബന്ധമായ അഭിപ്രായങ്ങളും അഭിനന്ദനങ്ങളും അതിദാക്ഷിണ്യം നിമിത്തം അവ്യാവർത്തകങ്ങളായി കലാശിച്ചതും അവിടുത്തെ പ്രിയഭാഗിനേയനെ അന്വേഷിപ്പാൻ എനിക്കു പ്രേരകാന്തരമായിത്തീർന്നു എന്ന വസ്തുതകൂടി തുറന്നുപറയുന്നതിനും വിരോധമില്ല. ഒടുവിൽ ഞാൻ പ്രഥമർ തിരുമേനിയുടെ സംസ്കൃതത്തിലും മലയാളത്തിലുമുള്ള പല കൃതികളും ശ്രദ്ധയോടെ വായിക്കുകയും അവിടുത്തെ പാണ്ഡിത്യം, പ്രതിഭാവിശേഷം, കവിത്വം ഇവയിൽ എനിക്കു നാൾക്കുനാൾ ബഹുമാനം വർദ്ധിച്ചുവരികയുംചെയ്തു. ചില സന്ദർഭങ്ങളിൽ തിരുമേനിയെ ഞാൻ വസതിയിൽ ചെന്നു കാണുകയും സംഭാഷണമദ്ധ്യേ ശാസ്ത്രീയമായ പല അഭിപ്രായശകലങ്ങളും ആ പണ്ഡിതവര്യന്റെ മുഖത്തുനിന്നു പുറപ്പെടുന്നതു ശ്രദ്ധിക്കുകയുംചെയ്തിട്ടുണ്ടു്. അതെല്ലാം അദ്ദേഹത്തിന്റെ സർവ്വതോമുഖമായ വൈദുഷ്യത്തെപ്പറ്റി എനിക്കു് അധികമധികം കൗതുകാർത്തഭാവം ജനിപ്പിച്ചു. അദ്ദേഹത്തിന്റെ സഹജമായ ദാക്ഷിണ്യാദിഗുണങ്ങളും അതിനിടയിൽ എന്റെ ഹൃദയത്തെ അധികമധികം വശീകരിക്കയുംചെയ്തിരുന്നു.

വ്യാകരണം, ഛന്ദസ്സു്, അലങ്കാരം (സാഹിത്യശാസ്ത്രം) ഈ വിഷയങ്ങളിൽ കുലങ്കഷമായ പരിചിന്തനംചെയ്തു പ്രൗഢങ്ങളും പര്യാപ്തങ്ങളുമായ ഗ്രന്ഥങ്ങളും നിർമ്മിച്ചു് നമ്മുടെ ഭാഷ

Digitized By Kerala Sahitya Akademi

യുടെ സ്ഥിതിയെ ഇത്ര ശോഭനവും സുപ്രതിഷ്ഠവുമാക്കിത്തീർത്ത മറെറാരു മഹാൻ കേരളഭ്രമിയിൽ ഇതുവരെ ജനിച്ചിട്ടില്ലെന്നുള്ളതു നിർവിവാദമാണു്. കവിതാവിഷയത്തിൽ തിരുമേനിയുടെ ഒടുവിലത്തെ നാടകത്രജ്ജമകടം, വിശേഷിച്ചു് 'മാളവികാഗ്നിമിത്രം' 'ചാരുദത്തൻ' ഇവ അത്യുത്തമരീതിയിൽ ചെയ്ത ഭാഷാകൃതികൾതന്നെയാണു്. എന്നതന്നെയല്ല, 'ചാരുദത്ത' നാടകം ഭാസശ്രുദ്രകകവികളുടെ കൃതികളെ കൂട്ടിച്ചേർത്തിട്ടുള്ള ഒരു സ്വതന്ത്രരചനയാണെങ്കിലും അതിൽ തിരുമേനി അവസരോചിതമായ ത്യാഗയോഗങ്ങൾചെയ്തു വരുത്തീട്ടുള്ള പരിഷ്കാരങ്ങളെപ്പററി ചിന്തിച്ചാൽ മിക്കവാറും അതു് ഒരു ഉത്തമസ്വതന്ത്രകൃതിയുടെ യശസ്സിനതന്നെ അവിടുത്തെ അഹ്നാക്കിയിട്ടുണ്ടെന്നു സമ്മതിക്കേണ്ടിവരും. ചുരുക്കിപ്പറഞ്ഞാൽ താമസിയാതെ അടുത്തുണ്ടു വാങ്ങി സക്കാർജോലിയിൽനിന്നു പിരിഞ്ഞു് ജീവിതശേഷം മുഴുവൻ മാതൃഭാഷയുടെ ഉല്ലിഷ്ടാതിശയത്തിനായി ഗ്രന്ഥനിർമ്മാണമാഗ്രഹിച്ചു ഇനിയും ശ്രമിച്ചുകൊണ്ടിരിപ്പാൻ ദീക്ഷിച്ചിരുന്ന ആ മഹാനുഭാവന്റെ പൊടുന്നനേ ഉണ്ടായ ഈ ദേഹവിയോഗം കൈരളിയുടെ ഭാഗ്യത്തിനു് അശനിപാതമാണെന്നുതന്നെ പറയണം. തിരുമേനിയുടെ കീഴിൽ ഭാഷയ്ക്കു് ഒരു പുതിയ ജീവനും പുഷ്ടിയും ഉണ്ടായി, അവിടത്തെ അധികാരവും അഭിപ്രായവും അല്പകാലത്തിനുള്ളിൽ ഭാഷാസാമ്രാജ്യം മുഴുവൻ പ്രബലമായിത്തീർന്നു; ഈ സ്ഥിതിയിൽ കുറേക്കാലംകൂടി കഴിഞ്ഞു പരിപൂർണ്ണൈശ്വര്യം അനുഭവിപ്പാൻ കൈരളിക്കു ഭാഗ്യമുണ്ടായില്ലല്ലോ!

കഴിഞ്ഞ മിഥുനം ആദ്യം ഞാൻ ഉത്തരതിരുവിതാംകൂറിൽ സഞ്ചരിക്കുന്ന അവസരത്തിലാണു് ഹൃദയാകുന്ദമായ ആ ചരമവൃത്താന്തം അറിവാൻ ഇടയായതു്. എത്ര അപ്രതീക്ഷിതവും അസഹ്യവുമായ ഒരു പ്രഹരണമായിരുന്ന അതു്! ഹൃദയം മരവിച്ചുപോയി എന്നതന്നെ പറയാം. പല പ്രധാന വർത്തമാനക്കടലാസ്സുകാരും മാസികക്കാരും എല്ലാം മാമൂലനുസരിച്ചു് ചരമപദ്യങ്ങടം ആവശ്യപ്പെട്ടുതുടങ്ങി. അതു് അധികം മനോഭേദകമായിട്ടാണു തോന്നിയതു്. ഒരക്ഷരം എഴുതാൻ എനിക്കു കഴിഞ്ഞില്ല. കുറേക്കഴിഞ്ഞു് പലരും മുഖദാവിലും എഴുത്തുമൂലവും തിരുമേനിയെപ്പററി ചരമപദ്യമെഴുതാഞ്ഞതിനെക്കുറിച്ചു ചോദിച്ചുതുടങ്ങി. ഹൃദയത്തിന്റെ താൽക്കാലികമായ അമർത്തലിനു് സ്വാഭാവികമായി ക്രമേണ ശൈഥില്യമാരംഭിക്കയുംചെയ്തു. തിരുമേനിയെക്കുറിച്ചുള്ള സ്മരണകളും ചിന്തകളും ബഹുമുഖമായി വർദ്ധിച്ചു. അവ തിങ്ങിഞെരുങ്ങി മനസ്സു

Digitized By Kerala Sahitya Akademi

കേവലം അസ്വസ്ഥമായിത്തീർന്നു. ഒടുവിൽ ഒരു ചരമകാവ്യം രചിച്ചു ഈ ഹൃദയഭാരം ലഘൂകരിക്കാൻ ഞാൻ തീച്ചയാക്കി.

ഏതാണ്ടു് ഒരു മാസം കഴിഞ്ഞു. കർക്കടകം 8-ാംനു- തന്നെ യ്യാറുങ്കരവച്ചാണു് പ്രരോദനത്തിലെ ആദ്യത്തെ രണ്ടുമൂന്നു പദ്യങ്ങളും എഴുതിയതു്. പല അസൗകര്യങ്ങളാൽ ഉടനെ തുടർന്നെഴുതാൻ കഴിഞ്ഞില്ല. ഈയാണ്ടു് കന്നി അവസാനത്തിലാണെന്നു തോന്നുന്നു, ആദ്യത്തെ എട്ടോ പത്തോ പദ്യങ്ങളും ഞാൻ എന്റെ മാന്യസ്നേഹിതൻ ഏ. ഗോപാലമേനവൻ, എം. എ. അവർകളെ വായിച്ചു കേൾപ്പിച്ചതു്. ഗുരുവിന്റെയും സഹാദ്ധ്യാപകന്റെയും ഇരട്ടമിത്രത്തിന്റെയും നിലയിൽ, തനിക്കു് എത്രയും സ്നേഹബഹുമാനങ്ങളുള്ള തിരുമേനിയുടെ സ്മാരകമായി ആരംഭിച്ച ഈ കൃതി പൂർത്തിയാക്കുന്ന വിഷയത്തിൽ എന്നെ അദ്ദേഹം അത്യന്തം ഉത്സാഹിപ്പിക്കുകയും ധനുമാസം 6-ാംനു- ഈ കാവ്യം എഴുതിത്തീരുന്നതുവരെ ആ നിബ്ബന്ധം തുടർന്നുകൊണ്ടിരിക്കയും ചെയ്തു. അദ്ദേഹം ഇങ്ങനെ ത്വരിപ്പിച്ചിരുന്നില്ലെങ്കിൽ ഈ പരിമിതകാലത്തിനുള്ളിൽ ഇതു് എഴുതിത്തീർപ്പാൻ കഴിയുമായിരുന്നോ എന്നു് എനിക്കു സംശയമാണു്.

നിർവ്യാജമായ സ്നേഹബഹുമാനാതിശയമുള്ള ഒരു പരിചിതന്റെ സ്ഥാനം മാത്രമാണു് എനിക്കു തിരുമേനിയെ സംബന്ധിച്ചുണ്ടായിരുന്നതു്. ആ സ്ഥാനത്തിൽ നിന്നുകൊണ്ടാണു് അവിടുത്തെ യോഗ്യതകളേയും ഗുണഗണങ്ങളേയും ഞാൻ നോക്കുന്നതും. അതുകൊണ്ടു് ജീവചരിത്രീയമായ വിവരണങ്ങളിൽ പലതിനും ഈ കാവ്യത്തിൽ പ്രസക്തിതന്നെ ഇല്ല. കാവ്യം രസപ്രധാനമാണു്. സംഭവപ്രധാനമല്ല. അതുകൊണ്ടു് ആവക വിവരണങ്ങളെപ്പറ്റി ഞാൻ നിഷ്കർഷിച്ചന്വേഷിച്ചിട്ടുമില്ല. എങ്കിലും ചരമഗതിയോടു് അധികം സംബന്ധമുള്ള ഗൃഹ്യസംഭവങ്ങളിൽ ചിലതിനെ യഥാസ്ഥാനം സൂചിപ്പിച്ചിട്ടുണ്ടു്. ആ സൂചനകളും കൂടാതെ കഴിയുന്നവയുമല്ലല്ലോ.

വിലാപപ്രമേയത്തിൽ സംസ്കൃതത്തിലും മലയാളത്തിലും കവികൾ 'വിയോഗിനീ'വൃത്തമാണു് പ്രായേണ തിരഞ്ഞെടുക്കാറു്. സംസ്കൃതവൃത്തങ്ങളിൽ ചെറിയ വൃത്തങ്ങളാണു് ഞാൻ എന്റെ മറ്റു കൃതികളിൽ പലതിനും ഉപയോഗിച്ചിട്ടുള്ളതും. എന്നാൽ പ്രരോദനത്തിനു് 'ശാർദ്ദൂലവിക്രീഡിതം' അനുഗ്രഹണമായിരിക്കുമെന്നു തോന്നാൻ ചില കാരണങ്ങളുണ്ടു്. വണ്ണനാപ്രധാനമായ കാവ്യങ്ങളിൽ അതാതുല്ലേഖങ്ങളോടുകൂടി അനുശ്രോതാക്കൾക്കു് അധികം സുഖകരമായി തോന്നുന്നതാണു്.

Digitized By Kerala Sahitya Akademi

അതുകൊണ്ടു് വിവക്ഷിതാനുസാരമായി ഈ ദീർഘവൃത്തം സ്വീകരിക്കേണ്ടിവന്നതാകുന്നു. 'ഒരു അനുതാപം' എന്ന പേരിൽ എന്റെ പ്രിയമാതാവിന്റെ ദേഹവിയോഗം സംബന്ധിച്ചു് ഏതാനും കൊല്ലങ്ങൾക്കു മുമ്പു് ഞാൻ ഈ വൃത്തത്തിൽത്തന്നെ കുറെ പദ്യങ്ങൾ എഴുതിയിരുന്നു. അതിനെ ഇന്നത്തെ ഭാഷാഭിമാനികളിൽ അഗ്രഗണ്യനും പണ്ഡിതകവിവര്യനുമായ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ (എം. എ., ഐ. എൽ. എസ്.) 'പദ്യമഞ്ജരി' ഏഴാംഭാഗത്തിൽ തിരഞ്ഞെടുത്തു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അതിന്റെ രചനയിലുണ്ടായ അനുഭവവും ഈ വൃത്തത്തിൽ എനിക്കു് പക്ഷപാതവിദ്വേഷം ജനിപ്പിക്കാതിരുന്നിട്ടില്ല. 'പ്രരോദന'ത്തിന്റെ ഉദ്ഭവത്തെ സംബന്ധിച്ചു് എനിക്കു പറവാനുള്ളതു് ചുരുക്കത്തിൽ ഇങ്ങനെ കഴിഞ്ഞു.

ഇതിന്റെ ഒന്നാംപതിപ്പു് ഏതാനും പ്രതികൾ മാത്രമായിരുന്നു. ഇതു രണ്ടാംപതിപ്പാണു്. പ്രമേയങ്ങളിലും വ്യാഖ്യാനങ്ങളിലുമുള്ള ചില സൂചനകൾക്കു വിവരണം അത്യാവശ്യമാണെന്നു കാണുകയാൽ ആ ആവശ്യത്തിനു മാത്രമുപകരിക്കാവുന്ന ഒരു ടിപ്പണംകൂടി ഈ പതിപ്പിൽ ചേർത്തിട്ടുണ്ടു്. വാച്യാർത്ഥങ്ങളെ അല്ലാതെ വ്യംഗ്യവിശേഷങ്ങളേയും മറ്റും ടിപ്പണം സ്പർശിച്ചിട്ടില്ലെന്നതന്നെ പറയാം.

പ്രഫസർ തിരുമേനിയിൽ ഗാഢസ്നേഹബഹുമാനങ്ങളുള്ള ദേഹവും മഹാരാജാസ് കാളേജിൽ അവിടത്തെ ഒഴിവിൽ ഇപ്പോൾ സംസ്കൃതപണ്ഡിതസ്ഥാനം അലങ്കരിച്ചുപോരുന്ന പണ്ഡിതവര്യനും എന്റെ മാന്യസുഹൃത്തുമായ നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻപിള്ള അവർകൾ (എം. എ., എം. ആർ. എ. എസ്.) ഇതിൽ എഴുതിച്ചേർത്തിട്ടുള്ള സരസമായ അവതാരികയ്ക്കായി ഞാൻ അദ്ദേഹത്തിനു് ഹൃദയപൂർവ്വം നന്ദി പറഞ്ഞുകൊള്ളുന്നു. ഈ കൃതി പകർത്തി എഴുതുന്നതിലും പ്രൂഫ് വായിക്കുന്നതിലും മറ്റും എന്നെ സഹായിച്ചിട്ടുള്ള യുവവിദ്വാന്മാർ പലരാകയാൽ അവരുടെ എല്ലാം പേരുകൾകൊണ്ടു മുഖവുരയെ ദീർഘിപ്പിക്കാൻ മടിക്കുന്നതിനെ അവർ സദയം ക്ഷമിക്കേണ്ടിയിരിക്കുന്നു. പതിവുപോലെയുള്ള അനുഗ്രഹത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഈ കൃതിയേയും ഞാൻ സഹൃദയസമക്ഷം ഇതാ വിനയപൂർവ്വം അയച്ചുകൊള്ളുന്നു.

തിരുവനന്തപുരം
12-4-1919

ഒ.എൻ. കുമാരൻ അയ്യാൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഭൂട്ടും കാർമുകിലാലകാലതിമിരം
വ്യാപിച്ചു മായുന്നിതാ
കാടും കായലുമിക്കടൽത്തിരകളും
സഹ്യാദ്രിക്കൂടങ്ങളും;
ചാടോറുള്ളമെരിഞ്ഞിഴന്ന പുക ചൂഴ്–
ന്നിമ്മട്ടു വർഷർതുവിൽ
പാടേ കേരളഭൂമി കേണ ഭവനം
കണ്ണീരിൽ മുക്കുന്നിതേ. 1

നീരാളം ഘനവേണിവായ്പുരസിജ–
ക്കുന്നോടടിഞ്ഞശ്രുവിൻ–
ധാരാപാതമിടഞ്ഞു നാഭിസരസീ–
സ്ഥലം കവിഞ്ഞോലവേ;
കേരോദ്ഗ്രഥിതപാണിയിദ്ധര, കരി–
ങ്കല്ലും ദ്രവിച്ചീടുമാ–
റോരോന്നിച്ചരമാർത്തവാനിലരവം
കൂട്ടിപ്പുലമ്പുന്നിതേ. 2

സ്പഷ്ടം പാവനഗാത്രിയിജ്ജനനിയാം–
ക്കിന്നോക്കിലേതോ മഹാ–
ദിഷ്ടക്കേടു പിണഞ്ഞിരിക്കണമതേ–
കില്ലേതുമില്ലായതിൽ;
ക്ലിഷ്ടശ്രീയിവൾ മുമ്പിലായ് വെറുനില–
ത്തയ്യോ കിടക്കുന്നിതാ!
കഷ്ടം! ''കൈരളി'' കണ്ണു പൂട്ടി വിളറി–
ക്കാൽനീട്ടി നിശ്ചഷ്ടയായ്. 3

ഹാ! വേഗം സ്ഫുടമാക്കിടുന്ന കഥ, നീ
താങ്ങുന്നതും പുത്രിയെ–
ബ്ഭ്രൂവേ, കയ്യുമുയർത്തി വിണ്ണിലുടനേ
ലക്ഷ്യം കുറിക്കുന്നതും;

Digitized By Kerala Sahitya Akademi

പൂവേലും പല പൊയ്കയും പുഴകളും
തോട്ടങ്ങളും പൂണ്ടെഴും
'മാവേലിക്കര'യെത്തിരിഞ്ഞു നെടുവീ-
പ്പിട്ടിട്ടു നോക്കുന്നതും. 4

വ്യോമത്തിൻ മലിനത്വമേറിയവിടെ-
പ്പൊങ്ങുന്നതെന്തോ മഹാ-
ഭീമത്വം കലരുന്ന കാലഫണിതൻ
ജിഹ്വാഞ്ചലംപോലവേ;
ശ്രീമദ്ഭാസുര''ശാരദാലയ''മഹാ-
ദീപം കലാശിച്ചെഴും
ധൂമത്തിൻ നികുരുംബമല്ലി?—വസുധേ,
കേണീടു കേണീടു നീ! 5

ആഹന്ത! പ്രിയപുത്രയാത്രയിതു ക-
ണ്ടിക്കൈരളിത്തയ്യലാൽ
ദേഹധ്വംസമെഴാത്ത തൻഹൃദയസം-
വേഗം സഹിച്ചില്ലഹോ;
സ്നേഹത്തിൻ ഗരിമാവുകൊണ്ടധികമാ-
മശ്രോകഭാരത്തിനാൽ
മോഹത്തിന്റെയഗാധമാം തലമണ-
ഞ്ഞിട്ടുണ്ടു തച്ചേതന. 6

''വത്സാ! മൽപ്രിയരാജരാജ! വിരവോ-
ടെന്തിന്നു വിണ്ണേറുവാ-
നുത്സാഹിച്ചതു? ചൊല്ല, നീ കനിവൊടെ-
ന്തോക്കാഞ്ഞതീ ഞങ്ങളെ?
സത്സാഹിത്യവിധിജ്ഞയാം പ്രിയസുതേ!
മാക്കാഞ്ഞു,—അല്ലെങ്കിലി-
ക്കുത്സാഹാമരഭാവയാമിവളെയും
മൂർച്ഛേ തുണച്ചീടുക.'' 7

ഈവണ്ണം പലതോതി,യാധിരിഖിയാ-
ലുൾക്കാമ്പു കത്തി,ഗ്ഗള-
വ്യാവല്ഗത്സ്വരയായ് സ്വയം ധര കര-
ഞ്ഞീടുന്ന നിസ്സംശയം;

Digitized By Kerala Sahitya Akademi

ദേവപ്രജ്ഞയണക്ഷയത്തിലുലകിൻ–
വൈകല്യമോങ്ങും, മഹാ–
ഭാവങ്ങൾക്കുളവാം വിപത്തുകളും പരം
പ്രക്ഷോഭഹേതുക്കളുംതാനും. 8

സത്യം, സ്യന്ദനചക്രമിഗ്ഘനപഥം
മറ്റിച്ചു തീപാറുമാ–
റത്യന്തം ജവമോടമർത്യരിവിടെ–
ക്കുട്ടുന്ന ഗാഢാത്തരായ്;
പ്രത്യക്ഷം സ്ഥനിതക്ഷണപ്രഭകളാ–
ലിന്നായതീ വേഴ്ചയാൽ
നിത്യം മണ്ണിനോടു വിണ്ണിനുള്ള ഭഗിനീ–
സൗഹാർദ്ദവും സ്പഷ്ടമായ്. 9

പാരം പങ്കിലമായി വീർത്തു ജഡമാം
ഭ്രുവിന്മുഖം ഖിന്നയായ്
ചാരത്താഞ്ഞു മുകന്നിടുന്ന നിർഭ്രതം
ദ്യോവിദ്ദിഗന്തങ്ങളിൽ;
ദൂരത്തിപ്പൊഴമേറവും മുകളിലാ–
യങ്ങങ്ങു കേഴുക്കുന്നൊരി–
സ്സാരംഗധ്വനിയാലൂടൻ കരകയും
ചെയ്യുന്നിതയ്യോയിവം! 10

നക്തം നിർഭ്ഭരമാം തമസ്സിൽ വിലസും
ഖദ്യോതജാലങ്ങളംപോൽ
വ്യക്തസ്മൃത്തികലർന്നയന്ന പുകയിൽ
പാറും സ്ഫുലിംഗങ്ങളാൽ;
ഉക്തവ്യഗ്രതയോടുമൂർദ്ധ്വമുഖരാ–
മദ്ദേവർ തിങ്ങി ദ്രുതം
രിക്തത്വം വെടിയുന്ന താഴെ നരർ കേ–
ണീടും ശ്മശാനാഭ്രവും. 11

അന്നെറിച്ചരിവിങ്കൽ നാഗഫണധ–
ന്മില്ലങ്ങളം ചിന്നീടുവോർ,
ചെന്നെല്ലിൻകതിരൊത്ത കേരമലരിൻ–
മാല്യങ്ങളം പൂണ്ടുള്ളവർ;

Digitized By Kerala Sahitya Akademi

ഇന്നെണ്ണാം നവതാളപത്രഹരിത-
ച്ഛത്രങ്ങളേന്തി ദ്രുതം
വന്നെത്തുന്നിതു ദേവിമാർ സഹജമാം
സാമ്യംപെടും മുന്നപേർ. 12

വന്നാരാൽ നിജവൈനതേയഹയമാം
തേർവിട്ടിറങ്ങി ദ്രുതം
ചെന്നാഹന്ത! ചിതാന്തികത്തിലുടനേ
ധൈര്യം കലാശിക്കയാൽ;
നിന്നാപാണ്ഡുരപുണ്ഡരീകമുകുളശ്രീ-
ഹസ്സശംഖത്തിനാ-
ലൊന്നാമത്തവളാനതാസ്യകമലം
ചാരദിച്ചു രോദിക്കയായ്. 13

ശിഷ്ടന്മാർ പല പൂവ്;വല്ലഭരെ നീ
സേവിച്ചു വിദ്വൽപ്രിയേ!
പുഷ്ടശ്രീഗുണഭ്രമി 'മൂലനുവരൻ'
വാഴ്ന്നമുണ്ടെങ്കിലും;
നഷ്ടപ്പെട്ടൊരു ബന്ധുരത്ന,മിതുപോൽ
സൂരീന്ദ്രരില്ലഴിയിൽ
കഷ്ടം, ഹാ! പ്രിയവഞ്ചിലക്ഷ്മി, മിഴിനീർ
വാക്കാൻ മടിക്കേണ്ട നീ. 14

പല്ലക്കേറി മനോജ്ഞമംഗളവിള-
ക്കേന്തിശ്ശശാനത്തിൽ വ-
ന്നല്ലൽപ്പാടൊടിറങ്ങി നോക്കി നടുവേ-
നിന്നന്യ കേഴ്ന്നഹോ!
ഫുല്ലശ്രീ ഹരികേതു പാറിയ രഥം-
വിട്ടെത്തി ദൂരത്തുപോയ്
തെല്ലന്തഗ്രുതമാൻനിന്ന വിലപി-
ച്ചീടുന്ന മൂന്നാമവൾ. 15

അത്യാശ്ചര്യവിപത്തിതെ,ങ്ങനെയിവർ-
ക്കുത്താപമാറും? സ്വതേ
വ്യത്യാസം കലരാത്തൊരിബ്ഭഗിനിമാർ
പണ്ടേ പിരിഞ്ഞാകിലും;

Digitized By Kerala Sahitya Akademi

നിത്യാപത്യമിവക്കു ''കൈരളി'' യെന്നാരാ;
കഷ്ടം! തദീയാത്മജൻ
പ്രത്യാശാസ്പദമന്ത്രബന്ധനമിതി–
ന്നിന്നറു തെറെന്നതും! 16

നിന്നാമട്ടവരൊട്ടുടൻ കടലിനെ–
ക്കാർകൊണ്ടലിൻശ്രേണിപോ–
ലിന്നാക്കായലിനെ സ്ഫുടം പുഴകളേപോൽ
കണ്ടാത്തയാം ഭ്രമിയെ;
ചെന്നാലോലദ്ഗംബു വാഴ്ത്തു തുഴകി–
ത്തേങ്ങിക്കരഞ്ഞാർ, കല–
ന്നൊന്നായാരിവർ;—ക്രൂരുകാരെ–
യൊരുമിപ്പിപ്പൂ കുടുംബാധികൾ. 17

ഉത്താളദ്രുമരാജിചൂഴമിരുളി–
ക്കാറിൽ ചലിക്കുന്നതി–
ന്നൊത്തോരോ ഘനപാളി നീങ്ങി–
യിടയ്ക്കുന്നീടും നഭോവീഥിയിൽ;
ഹൃത്താരിൽ ഭയമേകുമാറുള കുരം–
ഭ്രതങ്ങൾ തിങ്ങുന്നതാൻ
ചത്തോരിബ്ബുധവാസരത്തിനടലൊ–
ത്താ പാണ്ഡുവാം രാവിതിൽ. 18

നേരാണ്ടിങ്ങിതു ''പപ്പ''വംശപരദൈ–
വങ്ങൾക്കു മുമ്പേ പരം
ഘോരാഡംബരമോടകമ്പടിനട–
ന്നെത്തുന്ന പട്ടാളമാം;
ധാരാളദ്യുതിയാൻ കാൺമു, വഴിയേ
ഖദ്യോതവൃന്ദങ്ങളിൽ
ധാരാവൃഷ്ടിയിതിൽ കെടാത്തൊരെഴനെ–
ള്ളത്തിൻ വിളക്കെങ്ങുമേ. 19

കുവീടുന്ന കുറുക്കനും നിലവിളി–
ച്ചീടുന്ന ഭേകങ്ങളും
ചീവീടും കരയുന്ന ക്രമനമിതാ
കേഴുന്നിരുഴങ്ങളിൽ;

Digitized By Kerala Sahitya Akademi

ആവിശ്ലോകമൊടിന്നിവററകളിലാ–
വേശിച്ചു തദ്ദേവർതാൻ
വാവിട്ടാർത്തു പുലമ്പുകല്പി? നിശതാൻ
രോദിക്കുമാറുഗ്രമായ്. 20

മൂന്നാളിമ്മഹനീയമാം നൃപകുല–
ത്തിങ്കൽ കലാജാതരായ്
പോന്നാർ ''ബാഹട'' ''കാളിദാസ'' ''പണി–
പുത്ര''ന്മാർ മഹാന്മാരിവർ;
ഇന്നാ ശാഖ വിടിഴ്ന പൂക്കളിവ മൂ–
ന്നും പോയ് മഹാശൂന്യമാ–
യൊന്നായമ്മലർവാടിയും പൃഥിവിയും
നിഷ്ക്രാന്തസദ്ഗന്ധയായ്! 21

എന്നല്ലീയൊടുവിൽ സ്ഫുടിച്ച മലരിൻ–
ലോകോത്തരാമോദമി–
ങ്ങന്നന്നേറുവതോർത്തമ്മുടിയിലേ–
ന്തും തൽകുലശ്രീയുമേ
ഇന്നപ്പൂവു കരിഞ്ഞകണ്ടഹഹ! തൻ–
പുണ്യം പരിക്ഷീണമാ–
യെന്നഞ്ഞുന്നിത; മത്ഭ്യരിൽ പതനഭീ–
യില്ലാതെയില്ലാരുമേ. 22

'ജീവേശ' 'പ്രിയതാത' ഇങ്ങനെയഹോ!
സൗധസ്ഥരാം രാജ്ഞിമാ–
രാവേഗത്തൊടിതാ തുടൻ മുറയി–
ട്ടീടുന്നു; തൽക്രന്ദനം
ജീവൽപ്രേത ''മഹാബലിക്ഷമ''വിധം–
ബിക്കുന്ന ദൂരത്തുനി–
ന്നാവത്തിപ്പൊരതിന്റെ മാറൊലികളാൽ
കേഴുന്ന ദിഗ്ദേവിമാർ! 23

സ്നേഹാർദ്രാശയ! വൈദുഷീജിതജഗ–
ത്തായീടുമങ്ങെഞ്ഞെഴും
മാഹാത്മ്യങ്ങളിൽ വിസ്മയിച്ചു കരയുന്നു
ഹന്ത! മാദൃക്കുകൾ,

Digitized By Kerala Sahitya Akademi

ദേഹാലംബനമാം ഭവത്പ്രണയിലോകം
പിന്നെയെന്താം!—തടി–
ത്താഹാ! ചുട്ട മഹാദ്രുമം; ലത നിലം–
പറ്റീ, പ്രരോഹാകുല. 24

സ്പഷ്ടം ഭ്രമി മറഞ്ഞിലിന്നു തെളിയും
വീണ്ടും മുഹൂർത്തത്തില–
പ്പുഷ്ടശ്രീരവി മൂടിയാലുമയുകും
പക്ഷം കഴിഞ്ഞാൽ മതി;
ദുഷ്ടക്കാലമഹാഗ്രഹത്തിനിരയാ–
യീ 'രാജരാജേ'ന്നു! ഹാ!
കഷ്ടം 'രോഹിണി'യ്ക്കുലേശനെയിനി–
ക്കാണില്ല കേണാലുമേ. 25

ജീവച്ഛേദനമാകുമാധിപിടിപെ-
ട്ടാലും മനസ്വിവ്രജം
വൈവശ്യം കലരാതെ കൃത്യമതിയാൽ
വാഴാം കുറഞ്ഞൊരുനാൾ
പൂവറ്റാലുമുടൻ കരിഞ്ഞിടുവതി–
ല്ലോരില്ല തീക്ഷ്ണക്ഷതം;
ഭാവത്തിൻ പരകോടിയിൽ സ്വയമഭാ–
വത്തിൻ സ്വഭാവം വരാം. 26

ആരാലെന്തു നിവൃത്തി?—ജീവിതരസം
കാംക്ഷിച്ചു മേന്മേലഹോ!
തീരാത്തോരതിതൃഷ്ണയാൽ രസന നീ–
ട്ടാൻ കഷ്ടമിദ്ദേഹികം;
തോരാത്തുള്ളൊരു കണ്ണുനീരിലവരെ–
ച്ചുട്ടിട്ട തല്പ്രാനയ–
സ്സാരാഢ്യൻ പടുപശ്യതോഹരനവാ–
ര്യക്രൗര്യനെന്നും വിധി! 27

അന്തശ്ചന്ദ്രശരദ്ഘനാഭ തടവി–
പ്പൊങ്ങി പ്രദീപാംശുവാൽ
പ്രാന്തസ്ഫൂർത്തി കലർന്ന മാളികയില–
ശ്ശയ്യാതലത്തിൽ ക്ഷണം;

Digitized By Kerala Sahitya Akademi

സ്വന്തം ദീപ്തി നശിച്ചഹോ രജതപാത്രം–
പോൽ തണുത്തേറെയും
ശാന്തം ഹന്ത! ശയിച്ചിരുന്ന ശിവനേ!–
യബ്ഭാനുവിൻമണ്ഡലം. 28

കായും ഹൃത്തൊടടുത്ത കേണുരുളുവോർ
നേരേ ചിരിച്ചും, തിരി–
ഞ്ഞായുർജ്യോതിഷ്മത്സ്വവിദ്യകളെ
നോക്കിക്കൊഞ്ഞണം കാട്ടിയും,
ഭീയും ദീനതയും മഹാവിരതിയും
നോട്ടങ്ങളാൽ ചേർത്തുമാ–
ശ്രീയുക്താവയവങ്ങൾതോറുമൊരുപോൽ
ക്രൂത്താടിയാർത്തു മൃതി! 29

ലോകത്തെജ്ജഡമാക്കി നിർഭരനിശ്ശീ–
ഥത്തിന്റെ സന്താനമാം
മൂകത്വത്തെ മൃതിന്നു തൻ മുലകടി–
പ്പിക്കും മഹത്വത്തൊടും,
ഹാ! കണ്ണുങ്ങളിലുഗ്രശംഖമുരജ–
ധ്വാനങ്ങളേല്പ്പാതെയും
ഭ്രകമ്പിക്കിലനങ്ങിടാതെയുമിതാ!
പൊങ്ങുന്നു നിശ്ശ്വബ്ധത. 30

അമ്പേ! പിന്നതിശ്ശൂന്യമാമൊരു മര–
ത്തോട്ടത്തിലുൽക്രാന്തനാം
വമ്പേരാന്ന സുധാമുഖാഹിപതി നി–
ർമ്മോചിച്ച ചട്ടസ്ഥിതാ!
മുൻപേ പോയ 'മയൂരദൂത' കവിതൻ–
ശേഷിച്ച ഭസ്മങ്ങളി–
ന്നമ്പേലും കുശലങ്ങൾ ചൊൽവു, നിപുണ–
ശ്രോത്രങ്ങൾ കേൾക്കുമ്പടി! 31

''വന്നാലും വിധിയാൽ സ്വയം ത്വരിതമാ–
യെത്തും പ്രിയാകാരമേ–
യിന്നാളല്ലി, പിരിഞ്ഞു ഹന്ത, ചരമാ–
ശ്ലേഷം കഴിഞ്ഞിങ്ങു നാം!

Digitized By Kerala Sahitya Akademi

ഒന്നാണിങ്ങെഴുമുഗ്രനാമനലഭ്ര-
തത്തിൻ കരം തട്ടിയാൽ
വന്നാളം പരിണാമഭിന്നത പറ-
ഞ്ഞാലും ഭയം തോന്നുമേ! 32

മുക്കാലും പുകയായി ഞങ്ങൾ ചെളിയാ-
യൊട്ടൊട്ടുപുറ്റുള്ളുമാ-
യുൽക്കാചഞ്ചലമായ ജീവിതമതി-
ങ്ങോരോന്നു മാറുംവഴി,
ഇക്കാണും നറുതുമ്പയും മൃദുലമാ-
മിപ്പുഷ്പടപ്പുള്ളുമാ
നിഷ്പാപത്തിലൊരവസ്ഥ കണ്ടു ചെറുപൂ-
ങ്കൊത്താൽ ചിരിക്കുന്നതാം. 33

വഞ്ചീശിത്രി പരേത'ലക്ഷ്മി'യുടെ പൂ-
മൈചേന്ന രോമോദ്ഗമം
തഞ്ചീടും തിരുമേനിതന്നവയവ-
ക്ഷോദങ്ങളാം ഞങ്ങളെ,
മിഞ്ചീ പാവകനീവിധം; മനുജർതൻ
ഭാഗ്യങ്ങളെങ്ങോക്കിലു-
ള്ളിഞ്ചീടും ചിതയെങ്ങു? ഞങ്ങടം വിരവിൽ-
ക്കണ്ടിങ്ങു രണ്ടും സ്വയം. 34

കഷ്ടം! സ്ഥാനവലിപ്പമോ പ്രഭുതയോ
സജ്ജാതിയോ വംശമോ
ദുഷ്ടശ്രീ തനുധാടിയോ ചെറുതുമി-
ങ്ങോരില്ല ഘോരാനലൻ
സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെ-
പ്പുക്കസ്തമിക്കുന്നിതി-
ങ്ങിഷ്ടന്മാർ പിരിയുന്നു! ഹാ!—ഇവിടമാ-
ണദ്ധ്യാത്മവിദ്യാലയം! 35

ചോരച്ചെങ്കനൽ ചേന്ന കൊള്ളിനിരപോൽ
പൂക്കും മുരുക്കും പരം
ചാരത്തീയെരിതീയൊടൊത്ത കുസുമം
വാസ്സുന്ന മുംകുള്ളിയും

Digitized By Kerala Sahitya Akademi

ചാരംപൂണ്ട ചവുണ്ട പൂവൊടിവിടം
ചീഴ്ന്നോരെരുക്കും സ്വയം
സാരജ്ഞക്കു നരേതിഹാസചരമ–
സ്ഥിതം പ്രസംഗിക്കയാം. 36

പോകട്ടേയത്ര ഭ്രതപിണ്ഡമനലൻ
ഭജിക്കിലും ഭാവിയാം–
ലോകത്തിൽ ക്ഷതിയില്ല പുണ്യചരിത–
നാക്കെന്നു കേൾക്കുന്നിതേ;
ശോകം വേണ്ടയി, നമ്മളാ മഹിതർതൻ–
ശിഷ്ടാംശമല്ലോ, വരാ–
മാകല്പം പുകളിന്നമുക്കുമിനി നാം
തങ്ങും സ്ഥലങ്ങൾക്കുമേ.'' 37

ഓരോന്നിങ്ങനെയോരുമപ്പൊടികളെ–
ത്തഞ്ജിച്ചു മേൽ കൂട്ടവ–
ച്ചാരോപിച്ചു വപുസ്സുതങ്ങു മിഴിനീ–
രോലുന്ന തജ്ഞാതികൾ,
സാരോദ്ഗ്രനവ''പ്രസാദസര''മൊ–
ന്നപ്പിച്ചു തന്നാൽ സ്ഥതൻ
സ്ഥാരോച്ചപ്രസാദമൊടാശ്രയാഗതനഹോ!
പൊങ്ങീ ബുദ്ധക്ഷാകുലൻ. 38

ദിവ്യസ്തോത്രഗണം രചിച്ചു ദിവിഷദ്–
ശ്രോത്രോത്സവം ചേർത്തു നൽ–
ഭവ്യശ്രീകലരും നവീനമുനിയാ–
മിക്ഷത്രിയശ്രോത്രിയൻ
സുവ്യക്തം തനതംഗമിന്നു ബലിയായ്
നല്കുന്നിതിമ്മട്ടിഴം
ഹവ്യം ഭ്രമിയിലില്ലഹോ! ഹുതവഹ–
സ്വാമിൻ! പ്രസാദിക്ക നീ! 39

വൃത്രദ്വേഷി വിരഞ്ഞു വജ്രകരനാ–
യെത്തീ വിയത്തിൽ സ്വയം
മിത്രസ്നേഹമൊടിങ്ങിതാ വരുണനും
വന്നു മൃത്തുക്കളും,

Digitized By Kerala Sahitya Akademi

അത്രത്യാഗ്നിശിഖാളിപോൽ മുകളിൽ വ–
ന്നെത്തുന്ന രുദ്രാളിയും
ചിത്രം! മേഘഗണം ക്ഷണം മഴയിതാ
നിത്തുന്ന ദൈവാജ്ഞയാൽ. 40

കൃത്യജ്ഞൻ ഹതകൈരളിക്ക നവമാം
ജീവൻ കൊടുത്തെങ്ങുമ–
ന്നിത്യഖ്യാതിയിയന്നൊരിസ്സുകൃതിതൻ
ദിവ്യാംഗസംഗത്തിനാൽ
അത്യത്ഥം പരിതൃഷ്ടമാം ചിതയിലെ–
ഗ്ഗന്ധേന്ധനങ്ങൾക്ക മേൽ
പ്രത്യഗ്രാരുണമായ് മുളച്ച തളിരോ
പൊന്തുന്ന ചെന്തീയതോ? 41

ഹാ! ഗത്തോപരി തീർത്ത പട്ടടയിലെ–
സ്സംസ്കാരപൂതം, മഹാ–
ഭാഗൻതൻ ഗുണധോരണീമധുര,മി–
പ്രേതം സദ്മിച്ചീടുവാൻ
ഭ്രഗർഭസ്ഥിതമായ ഭൂതനിവഹം
പൊക്കുന്ന നാക്കൊക്കെയ–
ന്നാഗശ്രേണികണക്കെ നീളമനല–
ജ്വാലാവലേഹങ്ങളാൽ. 42

രോചിസ്സേറി വപുസ്സു പൊരിത്തകിടുപോൽ
പാളി പ്രധൂമാംശുകം
മോചിച്ചിമ്മഹനീയദാഹവിധിയിൽ
സംതൃപ്തനായ് സത്വരം
വീചിക്ഷോഭമിയന്ന തീക്കടലുപോൽ
വ്യക്തസ്സുലിംഗാകുലൻ
ശോചിഷ്കേശനിതാ സ്ഫുടം ജട വിതു–
ത്താടുന്ന രുദ്രാകൃതി. 43

ഹാ! കാലാഭിഭവം വെടിഞ്ഞനുപദം
പൊങ്ങുന്ന ദാക്ഷിണ്യമേ!
ലോകാരാധിതരീതിയാൻ ലളിത–
ശ്രീ തേടുമൗദാര്യമേ!

Digitized By Kerala Sahitya Akademi

പാകാർദ്രാവിരതാശ്രിതപ്രണയമേ!
നിർഗേഹരായ് നിങ്ങളി–
ന്നേകാലംബനമായൊരാലയമിതാ
കത്തുന്നു കേണീടുവിൻ! 44

ഊഹാഭ്യാസനിശാതചാരുധിഷണരേ!–
യുന്മേഷസമ്മൂഷ്ടസം–
മോഹാന്ധ്യപ്രതിഭേ! മുഹൂർഭൃതകലാ–
പ്രസ്ഫാരയാം ധാരണേ!
ആഹാ വെന്തെരിയുന്നു! നിങ്ങളഭയം
കൈക്കൊണ്ടു ചേക്കാന്നൊരാ
സ്നേഹാർദ്രം, സരളദ്രുമം; നിലവിളി–
ച്ചാരാൽ പറന്നീടുവിൻ! 45

മങ്ങാത്തോരു മനോഹ്രണങ്ങളഖിലം
കാലൂന്നി മെത്തും മണം
പൊങ്ങാറായതിനാൽ സ്വയം പുകയിലും
സൗരഭ്യമേറുംപടി
ഇങ്ങാശിച്ചു വസിച്ചെരിഞ്ഞു പിരിയും
ദേഹാണുപുഞ്ജങ്ങളേ–
യെങ്ങാഹാ! യിനി നിങ്ങൾ പോവതുമയതും
കാററിൽ കരഞ്ഞീവിധം. 46

പൊങ്ങിപ്പൊങ്ങിയകാലധൂമനിരപോൽ
പര്യന്തമെങ്ങും നിറ–
ഞ്ഞിങ്ങിക്കാണുവതെന്തുവാൻ?—സുദ്ധമി–
ന്നോരോരു ഭാവങ്ങളാൽ;
തിങ്ങിക്കൈരളിതന്മനോഗ്രഹ വെടി–
ഞ്ഞാശാഗണം താനഹോ!
മുങ്ങിത്തീയിലുമിത്തദാത്മജഗ്രണം
തപ്പും മഴപ്പാററകം. 47

നാനാവ്യക്തി വഹിച്ചു കൈരളികരം–
ത്തട്ടാന്നൊരാശോൽക്കരം.
താനാണിശ്ശുലഭങ്ങളെന്ന ദുഢമാ–
യുൾച്ചിന്തുമിച്ചിന്തയിൽ,

Digitized By Kerala Sahitya Akademi

സൂനാകാരമടിഞ്ഞിവറ ചിറക-
ററാഞ്ഞും കരിഞ്ഞും പെട്ടം
ദീനാവസ്ഥകണ്ടനിക്ക ഹൃദയം
പൊട്ടുന്ന ഞെട്ടുന്ന ഞാൻ. 48

മോഹത്താൽ ഗ്രനിയുന്ന നിങ്ങളം, മൃഗവാ-
മിമ്മേനിയെങ്ങു?ഗ്രനീ
ദാഹവ്യാപ്തതനെങ്ങു വഹനി?—അഥവാ,
സത്യം പതംഗങ്ങളേ!
ദേഹം നശ്വരമാക്ക, മിങ്ങതൊരുവൻ
കാത്താലിരിക്കാ, സ്ഥിര-
സ്നേഹത്തെക്കരുതി സ്വയം കഴികിൽ ന്യ-
റാവൃത്തി ചത്തീടുവിൻ. 49

ഹാ! വണ്ടിൻനികരങ്ങളം ഝടിതിയി-
ട്ടിവ്യൻ കവീന്ദ്രന്റെമേൽ
ഭാവവ്യക്തികളം കാട്ടിയിന്നനുമരി-
ച്ചാശ്വാസമേലാനിതാ
ദേവന്മാർ ചിലരാവസിച്ചിടുകയാൽ
കാററത്തടിഞ്ഞാഞ്ഞിടം
ഞാവൽകായ് നിരപോലെ പോന്ന ചിതമേൽ
കേഴാതെ വീഴുന്നിതേ. 50

സത്യം ദേവകുംതാൻ സുഖത്തിലനുമോ-
ദിക്കുന്ന സത്തുക്കളോ-
ടത്യന്തം, സ്വയമപ്രകാരമനുശോ-
ചിക്കുന്ന ദുഃഖത്തിലും
നിത്യസ്പഷ്ടിമനുഷ്യവഗ്ഗമിവിടെ-
ക്കഷ്ടം ഗ്രണദ്വേഷിയായ്
പ്രത്യക്ഷത്തിലധഃപതിച്ചു സുരരേ!
ഹാ! നിങ്ങളം താങ്ങീടുവിൻ. 51

പ്രാമാണ്യം സ്വയമാന്ന പാണ്ഡിതി, പരി-
ഷ്കാരത്തിൽ നിത്യാദരം
സാമാന്യാധികമായ ശക്തി കവിതാ-
സാമ്രാജ്യസംരക്ഷയിൽ

Digitized By Kerala Sahitya Akademi

ശ്രീമാഹാത്മ്യമിവണ്ണമാണ്ട വിബുധ–
ജ്യോതിഷ്പതേ! നിൻയശോ–
ഭ്രമാവിൽ ചില കൗശികവ്രജമഹോ!
പുച്ഛം നടിച്ചു ചിരം. 52

പണ്ടേയുണ്ട മനുഷ്യനിഗ്ഗണപുരോ–
ഭാഗിത്വ,മദ്ദ്യർഗ്ഗണം
കണ്ടേറുന്ന വിവേകശക്തിയതിനെ–
ക്കൊന്നില്ലയിന്നേവരെ;
മിണ്ടേണ്ടാ കഥ—ഹന്ത! യിന്നതു വെറും
മൂർഖത്വമോ മോഹമോ?
വണ്ടേ! നീ തുലയുന്നു; വീണയി വിള–
ക്കും നീ കെടുക്കുന്നതേ. 53

ശങ്കാപേതമുദിക്കുമത്ഥരുചിയെ–
ങ്ങെങ്ങാ വെറും ശബ്ദമാ–
മാങ്കോലക്കുരുവിന്റെയെണ്ണയിലെഴു–
ന്നജ്ജാലകൗതൂഹലം?
ഹങ്കാരത്തിലൊതുങ്ങുമോ പരഗ്രണോൽ–
കഷ്ങ്ങൾ? ഉണ്ടെഴിയിൽ
പൂങ്കോഴിപ്രകരത്തിനും സ്ഥലമഹോ!
പുംസ്കോകിലങ്ങൾക്കുമേ. 54

വേണ്ടാ ചിന്തയിനിക്കലൊനിലയ, വി–
ണ്ണേറും ഭവൽജ്യോൽസ്നയെ–
ത്തീണ്ടാ ഭൗമതമസ്സുമിന്നസിതമാം
പക്ഷാന്തരം താനുമേ
ഉണ്ടാകാം പരിഭ്രതിഭീതി സുകൃത–
ശ്ലോകക്കു; വെൺചാമ്പലു–
ള്ളാണ്ടാറുന്ന തദസ്ഥിലേശനിരയും
കത്താമതോത്താധിയാൽ. 55

ശോകംപൂണ്ടെഴറിച്ചിരം വികൃതിഭേ–
ദാകൃഷ്ടമാം സാഹിതീ–
ലോകത്തിന്റെ ദൃഷ്ടിച്ചുപോയ രുചിയെ
പ്രത്യാനയിപ്പാൻ ഭവാൻ,

Digitized By Kerala Sahitya Akademi

പാകത്തിൽ കവിരാജരാജ! ഫലമാം–
വണ്ണം ചികിത്സിച്ചു;—ഭീ–
സ്സോകം വേണ്ടയിനിബ്ഭവാന്റെ ഗ്ലളിക–
ച്ചെപ്പേന്തുമേ ശിഷ്യരും. 56

ക്ഷീണിക്കാത്ത മനീഷയും മഷിയുണ–
ങ്ങീടാത്ത പൊൻപേനയും
വാണിക്കായ് തനിയേയുഴിഞ്ഞു വരമായ്
നേടീ ഭവാൻ സിദ്ധികൾ:
കാണിച്ചു വിവിധാദ്ഭുതങ്ങൾ വിധിദ്വ–
ഷ്ടാന്തങ്ങളായ്, വൈരിമാർ
നാണിച്ചു, സ്വയമംബ കൈരളി തെളി–
ഞ്ഞീക്ഷിച്ചു മോക്ഷത്തെയും. 57

എന്നാലിപ്പണിതീർന്ന ഗോപുരമുണ–
ങ്ങീട്ടില്ലുറപ്പാൻ്തി–
ല്ലെന്നായ്ഗ്ലളനാളമെത്തിയ ഭവൽ–
പ്രാണങ്ങൾ കേണാകിലാം
എന്നായാധിയിവക്കു; ഹാ! വിധി വിനോ–
ദിക്കുന്നു; നട്ടുച്ചയായ്
നിന്നാ ഭാസ്കരനസ്തമിച്ചു; മുഴുകീ
കണ്ണീരിലണ്ണോജിനി. 58

കേണാലും മനമേ, കിളന്നെരിയുവോ–
രിത്തീയിലക്കൈരളീ–
പ്രാണാലംബനമാം കനിഷ്ഠതനയൻ
കത്തുന്നു തത്താദൃശൻ!
വീണാഹാ! കരയുന്നിതാർദ്രമുഖിയാ–
ബ്ഭദ്രദേവി, വാഗ്ദേവിതൻ
വീണാമുക്തകരാർപ്പിതാസ്യകമലം
കണ്ണീർ തുളമ്പാറുമായ്. 59

കാണുംമട്ടിലിടയ്ക്കിടയ്ക്കു തെളിവോ–
രിത്താരചക്രോൽക്കരം
പൂണും തേരുകളേറി മേഘമൊഴിയും
വിണ്ണിന്റെ ഖണ്ഡങ്ങളിൽ

Digitized By Kerala Sahitya Akademi

താണുപൊങ്ങിയുമങ്ങടുത്തുമകല-
ത്തായും തിരക്കായിതേ
ചേണുറ്റീടിന വിദ്യയാൽ സ്ഥിരപദം
പ്രാപിച്ച വൈമാനികർ. 60

വാനത്തബ്ബുദ്ധരെ വന്മഹിമയാൽ
പണ്ടേ മഹാത്ഭുത-
സ്ഥാനം ചേർന്നവരിങ്ങെഴും വ്യസനമോ-
ത്തിന്നാത്തി തേടുന്നിതേ!
നൂനം ഭ്രമിയൊടുണ്ടവർക്കു വലുതാം
സ്നേഹം, തമസ്സുറ്റെഴും
ജ്ഞാനത്താൽ നിജ ദേശകാലകൃതമാം
ദൂരങ്ങളോരില്ലവർ. 61

എന്നല്ലിത്തിരുമേനിതാനുമിവരൊ-
ത്തന്യൂനമാഹാത്മ്യമാ-
ണെന്നേക്കും സ്വയമപ്പദത്തിൽ വിലസും
ജ്യോതിസ്സിലൊന്നാമിനി
എന്നട്ടിവ്യരറിഞ്ഞു ഭ്രമി വെടിയു-
ന്നോരീ മഹാനെ ദൃതം
വന്നേറ്റം ബഹുമാനപൂർവ്വമെതിരേ-
റ്റീടുന്നുവെന്നുംവരാം. 62

ഓജസ്സാർന്ന മുഖങ്ങൾ ചൂഴെയുരുകും
തുവെള്ളിപോൽ ശുഭ്രമാം
തേജസ്സിൻ പരിവേഷമാർന്ന തെളിവിൽ
കാണുന്നിതാ വ്യക്തികൾ;
രാജച്ചന്ദ്രികയൊത്ത രമ്യവസനം
പൂണ്ടോരഹോ! സ്ഫാടിക-
ഭ്രാജന്മൂർത്തികൾ വാണിതന്റെ പരിഷൽ-
സാമാജികന്മാരിവർ. 63

തപ്പിട്ടാളം മിഴി ശബ്ദരാശി തിരവാൻ
വിട്ടും വിരഞ്ഞാദിന്യൽ
കിട്ടാൻ പണ്ടു കടുന്തുടിധ്വനികളിൽ
കണ്ണും കൊടുത്തും സ്വയം

Digitized By Kerala Sahitya Akademi

എട്ടായ് തീർത്ത സരങ്ങൾ ഗ്രച്ഛസഹിതം
കൂട്ടിപ്പഴക്കത്തിലും
പൊട്ടാതാക്കിയ സൂത്രഹാരമെഴുമീ
ശ്രീമാനതിൽ പാണിനി. 64

'ഭാഷാ'വ്യാകരണം നിജാഭിധയിലായ്
തീർത്തന്നിജോപജ്ഞമാം
ഭാഷാശാസ്ത്രമതിൻ ''ലഘൂ''കരണാർ്ഥം
ചെയ്തോരു ദേഹത്തിനായ്
തോഷാശ്രുക്കൾ പൊഴിഞ്ഞു രണ്ടു കരവും
പൊക്കീട്ടു മുല്പെട്ടിതാ
ശേഷാരാധിതപാദനമ്മുനി കനി-
ഞ്ഞാശിസ്സു ചൊവ്വുന്നിതേ. 65

തന്നെത്താൻ നിജചിന്തയിൽ ബലികഴി-
ച്ചാജ്ഞിച്ച നിക്ഷേപമി-
ങ്ങന്യന്മാർ പകരുന്ന കണ്ടു കൃതിയായ്-
ത്തീരുന്ന വിദ്വാൻ സ്വയം,
പിന്നെത്തൻപരിപോഷണശ്രമഫലം
പാർത്താലവൻ പൂണ്ടിടും
ധന്യത്വം പറയേണ്ടതില്ലയി ഭവാൻ
മോദിച്ചു സത്യം മുനേ! 66

കാണാമമ്മഹനീയരിൽ പലരെയും
പിന്നിട്ടു പിന്നെപ്പുരം
ചേണാന്നോരു കവീന്ദ്രപട്ടബിരുദം
പൂണ്ടുജ്ജ്വലന്മൗലിയായ്
വീണാപുസ്തകഹസ്തരാം പരിജന-
ത്തോടൊത്തു ഗൈർവാണിതൻ
പ്രാണാധായകനാം മഹാദ്യുതിയെഴു-
ന്നെള്ളുന്ന മെല്ലെന്നിതാ. 67

അംഗാരത്തിലെരിഞ്ഞു ശുദ്ധിതടവും
പൊന്നൊത്തു സത്വാഗ്നിയിൽ
ശൃംഗാരക്കറ പോയ് തെളിഞ്ഞൊരു മഹാ-
സൗന്ദര്യസാരാകൃതി;

Digitized By Kerala Sahitya Akademi

അംഗാശ്ലേഷവിധിക്കു മിത്രമണിയെ–
ക്കണ്ടാഞ്ഞു നീട്ടുന്നിതാ
തുംഗാഭിഖ്യയെഴും കരാംകുരമഹോ!
ശുക്രൻകണക്കാക്കവി. 68

നൊന്താളുന്നഴലൊത്തു നിർമ്മലമുഖാ–
ദശ്രുത്തിരുൾ മൂർച്ഛിച്ചെഴും
ചിന്താരൂഢകൃതജ്ഞതാബഹുമതി–
സ്നേഹാനുമോദങ്ങളാൽ
സന്താപാശ്രുകണങ്ങളൊത്തു തുടരും
സന്തോഷബാഷ്പം ചൊരി–
ഞ്ഞെന്താമിക്കുശലോക്തിയിൽ കവിവരൻ
ബന്ധിക്കുമന്തഃസ്ഥിതം? 69

''ആമന്ത്രിച്ചഴലാന്ന ഭൂമിയെ വെടി–
ഞ്ഞെത്തും ഭവാന്നാദ്യമായ്
ശ്രീമൻ, ബാഷ്പസമാവിലാക്ഷരമുര–
ച്ചീടുന്നു ഞാൻ സ്വാഗതം
ഹാ! മർത്യൻ സുരഭാവമാന്നിടുകിലും
ഭൂസ്നേഹി; നിർഹേതുക–
പ്രേമംതന്നെ ജയിപ്പു, ലോകമതുതാ–
നാനന്ദദുഃഖാത്മകം. 70

ഏകാന്തം സുഖമിങ്ങു, നിത്യമഴലാം
താഴെത്തമോഭൂമിയിൽ,
പോകാ സക്തി തമഃപ്രകാശശബള–
ശ്രീയൊത്ത മദ്ധ്യോർവ്വിയിൽ,
ഹേകാത്മാ ചലഭോഗഭൂവിൽ നിമിഷ–
ന്തോറും രസോന്മേഷിയാം,
ശ്രീകാളം രസകാമധേനു രസയാ–
മോക്കിൽ കവിക്കെന്നുമേ. 71

ഹേമക്ഷ്മാധരകൂടകല്പകമല–
ക്കാവിന്റെ ഭാഗങ്ങളിൽ
പ്രേമത്തിൽ സുരയൗവതങ്ങളനിശം
പാടുന്ന മദ്വാണികൾ

Digitized By Kerala Sahitya Akademi

സാമഞ്ജസ്യമെഴും ഭവൽഫണിതിയിൽ
സഹ്യാദ്രിസാനുക്കളിൽ
ഭ്രമൻ, ഭൗമ'കുമാര'രോതുവതെനി–
ക്കേകെന്നു രോമോദ°ഗമം. 72

ഭംഗം വിട്ട രസപ്രവാഹമമര–
പ്രാമാണികക്കപ്പുരോ–
രംഗത്തിൽ തിരതല്ലിയെന്നമുളും
മദ്ദ്യപകങ്ങൾക്കു മേൽ
അംഗസ്പന്ത'കലാവിലാസ'വശയാ–
യാട്ടുന്ന വാഗ°ദേവിത–
ന്നംഗക്ഷേപകുതൂഹലങ്ങളുമെനി–
ക്കാനന്ദമേകുന്നതാൻ. 73

രാജ്യശ്രീഗതിയാൽ സ്വയം 'രഘു'വിനെ–
പ്പോ'ലാംഗ്ലസാമ്രാജ്യ'മാം
പ്രാജ്യത്വം കലരുന്ന വാഗ°ലഹരിയാൽ
വിശ്വം ജയിച്ചു ഭവാൻ:
പൂജ്യഖ്യാതിയെഴും സുധാസദൃശിയ–
ശ്ശ്രീർവാണിതാനും തണ–
ത്താജ്യംപോലെയുറച്ചുപോയ നിലവി–
ട്ടിപ്പോഴും ദ്രവിച്ചൂ കവേ! 74

ഖേദവ്യാകുല, കേരളാവനി കര–
ഞ്ഞീടുന്നതും, തീവ്രനി–
ർവ്വേദവ്യാഹതചിത്ത കൈരളി വിര–
ഞ്ഞിമ്മട്ടു മൂർച്ഛിച്ചതും,
ഹാ! ദർശിച്ചു ഭവദ°ഗ്രണങ്ങളുന്നമാ–
നിക്കാം സഖേ! ഭ്രുവിൽ നി–
ർവ്വാദം വിശ്വഭരം രസത്തിൽ നിലനി–
ത്തീടുന്ന വാഗ്വൈദികം. 75

താരിൻ സൗരഭധോടി തെന്നലതുപോൽ
സച്ചന്ദവാഗ്വീചിയാൽ
പാരിൻ പ്രാജ്യഗ്രണം പരത്തിയതിനെ–
ബ്ഭോഗാഹ്മാക്കും മഹാൻ

Digitized By Kerala Sahitya Akademi

നേരിൽ പ്രാണനിളയ്ക്കു; പിന്നെ മറയാൽ
താരാട്ടി ബാല്യംമുതൽ
ഭ്രരിച്ചുദ്ദസർ പോററിയോരു വസുധ–
യ്ക്കോക്കിൽ കഥിക്കേണമോ? 76

അംഗച്ഛേദനതുല്യമാണു ഭവതി–
ക്കേതാദൃശന്മാർ നിജോ–
ത്സംഗം വിട്ടു പിരിഞ്ഞുപോവതു, വിധി–
ക്കിമ്മട്ടു കീഴ്പ്പെട്ടിനി,
തുംഗപ്രാഭവമാർന്നിടും ത്രിപഥഗാ–
സംഗത്തിനാൽ സ്തുത്യമാം
'വംഗ'ദ്യോവിലുദിച്ചുയർന്ന 'രവി'യെ
സ്നേഹിക്ക വിശ്വംഭരേ! 77

ഈവണ്ണം തുടരുന്നതിന്നിടയിലു–
ശ്ശ്രീകണ്ഠലോദ്യദ്യശോ–
ധാവല്യം കലരും കവീന്ദ്രനടനേ
കമ്പിട്ടു മുമ്പാക്കവേ,
ഭാവസച്ഛ്രുതയാർന്ന ചാരുകവിതാ–
മന്ദസ്മിതംപോൽ മന–
സ്സാവജ്ജിപ്പൊരു ധാമമെത്തി നിലകൊ–
ള്ളുന്നു നിരാഡംബരം. 78

''ശ്രീമൻ, ഭ്രപരിവർത്തനങ്ങളിലിട–
യ്ക്കുണ്ടോ മറഞ്ഞേറെനാ–
ളീമട്ടിൽ പടുദന്തലേഖനി നയി–
ച്ചിപ്പോഴം 'ഗണേശോ'ദ്ധൃതം
ആ മന്നാടകചക്രമമ്പിൽ നിജവാ–
ക്കുടേ തിരിക്കും ഭവാ–
നാമജ്ജിച്ചിതു കാലസിന്ധുവിലഹോ
സംസാരപാരിപ്ലവം!'' 79

ഖ്യാതിപ്പെട്ട പുരാണരൂപകകവി–
പ്രൗഢൻ കനിഞ്ഞീ വച–
സ്സോതി സ്വസ്തിപറഞ്ഞുമാറുമുടന–
ങ്ങോരോ കലാവല്ലഭർ

Digitized By Kerala Sahitya Akademi

ഹാ! തിക്കുന്നു, സമാനകമ്പരവരിൽ
പൗരസ്ത്യപാശ്ചാത്യരാം
ജ്യോതിർവിത്തുകം മുഖ്യരാണപചിത–
ജ്യോതിഷ്പ്രസാദോജ്വലർ. 80

നാലഞ്ചാളകം പിന്നെയർച്യപദരാ–
വേദാന്തിമാരപ്പുറ–
ത്താലങ്കാരികരാഗമജ്ഞർ പലര–
ന്നൈരുക്തികന്മാർ ചിലർ
നീലശ്രീലശരന്നഭസ്സിലുയരും–
ഗംഗാതരംഗത്തിലെ–
പ്പാലഞ്ചും പുതു ബുദ്ബുദപ്രഭയൊട്ടും
പൊങ്ങുന്നിതങ്ങങ്ങവർ. 81

താണാ ദിക്കിനു തെല്പുദ്ദരെയുടനേ
കാർകൊണ്ടലിൻ കോടിയിൽ
കാണാമാഭ കടൽക്കരയ്ക്കൊരു കരും–
വാർകൈത പൂക്കുന്നപോൽ,
ഏണാങ്കനേറയപൂണ്ടുബിംബമവിടെ–
പ്പൊങ്ങുന്നതോ? വാണിതൻ
ചേണാന്നീടിന ഹംസമാ വഴി പറ–
ന്നെത്തുന്ന സന്നാഹമോ! 82

അല്പിൽ ദ്യോവിൽ മഹാണ്ഡകോടികം ചലി–
ച്ചങ്ങങ്ങു പൊങ്ങും രവം
തല്പിക്കുടിയ വാദ്യമൊത്തനുരണി–
ച്ചാ വീണ കേണീടവേ,
കില്പില്പിങ്ങു കനിഞ്ഞു ദേവിയെഴുനെ–
ള്ളീടുന്നിതിപ്പുത്രനെ–
ച്ചൊല്പിത്താപമൊട്ടും സുരഷ്നിവഹ–
വ്യാഗീത, വാഗീശ്വരി. 83

അക്കാർവിട്ട തെളിഞ്ഞ ഹംസപതിമേൽ
തങ്ങി ക്ഷണം ഭ്രമിയിൽ
തുക്കാരുണ്യകടാക്ഷദീധിതി നറും–
പാൽപോൽ പരത്തി സ്വയം;

Digitized By Kerala Sahitya Akademi

ചിൽക്കാമ്പാമവൾ കേരളോർവ്വിയെയഹോ!
കാണുന്ന ദുഃഖാബ്ധിയിൽ,
തൽക്കായത്തിലടിഞ്ഞ കൈരളിയെയും
നോക്കുന്നിതമ്പാൻതടൻ. 84

ഉന്നിദ്രാഭ കലർന്ന കാറിലിളകും
കാറൊത്ത കാലോളവും
പിന്നിൽ പാറിയ കുന്തൽമേൽ വിലസിയും
തുമഞ്ജുപൂ'മഞ്ജരി'
ചിന്നിപ്പൂവുടയാട 'സാഹ്യ'മിയലും
പൊൻനാടയാൽ മിന്നിയും
മന്നിൽ പെട്ട കിടക്കുമ്മകളെ നിർ–
വർണ്ണിച്ചു വർണ്ണാത്മിക. 85

സ്ഥൂലദ്രാവിഡമട്ടുവിട്ട നിയമ–
സച്ഛ്യാംഗിയാമോമന–
ക്കോലം 'സംസ്കൃത'മോടിയാൽ വികൃതമാ–
ക്കീടാതെ ചേരുംഹരി.
ഫാലത്തിങ്കലഴിഞ്ഞ സൂക്ഷ്മ'തിലകം'
പൂരിച്ചു സദ്'ഭ്രൂക്ഷണം'
ലോലശ്രീയൊട്ടു പൂണ്ടു മൂർച്ചയിതിലും
ശോഭിച്ചിടുന്നുണ്ടിവൾ. 86

മിണ്ടാതിന്നിലയിൽ ശയിക്കിലുമഹോ
മാധുര്യമേലും മുഖ–
ത്തണ്ടാരിൻ മൃദുസംവിധാനഗതിയാ–
ലോർത്തുന്നിതേതാണ്ടിവൾ
''വേണ്ടാ ജീവിതമിന്നിയെന്നുടലിലും
വൈരൂപ്യമേകീടുവോ–
രുണ്ടാം മേലിലനേക,രസ്മിതനാ–
യെൻ സൂര്യ''നെന്നൊക്കവേ. 87

ആകാശത്തിലുടൻ പ്രഭ്രതരുജപൂ–
ണ്ടെത്തുന്നിതഞ്ചാറു ന–
ക്ഷത്രാകാരപ്രഭ ഹംസപക്ഷരുചിയാം
മേക്കെട്ടിതൻ താഴെയും

Digitized By Kerala Sahitya Akademi

ഹാ! കാരുണ്യമിയന്ന കണ്ടിതഖിലം
കേഴന്ന വാശ്വേവിതാൻ;
ശോകാവസ്ഥ പരസ്പരം പകരുമി–
ങ്ങാർദ്രാശയക്കാക്കുമേ. 88

തേനഞ്ചീടിന 'ഗാഥ'യാലൊരു മഹാൻ
താരാട്ടി മുമ്പമ്പിയ;–
ന്നാനന്ദാശ്രുവിൽ മുക്കി മറെറാരു മഹാ–
ധന്യൻ 'കിളിക്കൊഞ്ചലാൻ';
ദീനത്വം കലരാതെയന്യസരസൻ
'തുള്ളിച്ചു' തൻപാട്ടിനാൽ;
ന്യനം കൈരളിയമ്മയും ശിശുവുമായ്–
നിന്നാളവക്കന്നഹോ. 89

അക്കാണും പ്രഭപൂണ്ടുത്തു വിലസും
സാരസ്വതന്മാരിലീ–
മുല്ലാര്യങ്കം നിനച്ചു കേഴവവരാ–
ണിച്ചൊന്ന മൂന്നാളുകം;
ഉംക്കാമ്പാടിയവക്കു പിമ്പിലെഴുമ–
മ്മറുള്ളപേർ ദേവിതൻ
തുക്കാൽ കുപ്പുകയാം സമാധി വരുവാൻ
തോരാത്ത കണ്ണീരൊടും. 90

പ്രവ്യഗ്രാശയരായ് പകച്ചഴൽ വഹി–
ച്ചിമ്മട്ടു നിന്നീടുമ–
ദ്ദിവ്യസ്ത്രീപുരുഷക്കശേഷമുടനേ
രോമാഞ്ചമേകുംപടി;
ഭവ്യപ്രദ്യുതിപൂണ്ട ഭാരതിയെഴും
സ്ഥാനത്തിൽനിന്നപ്പൊഴീ–
സുവ്യക്താക്ഷരവാണി മാറെറാലിയൊടും
കേൾക്കുന്നു ദിക്കാകവേ: 91

''വത്സേ! കൈരളി,യാശ്വസിക്ക, വിധിസ–
ങ്കല്പത്തെ മാനിക്ക, നിൻ–
ഹൃത്സേതുക്കളം തകർത്ത മോഹനദിവി–
ട്ടേറീടുകെൻ പൈതലേ,

Digitized By Kerala Sahitya Akademi

സത്സേവ്യ! സഖി! കേരളാവനി! കുഴ-
ഞ്ഞീടാറ്റു ദുഃഖങ്ങളിൽ;
ചിത്സൈകച്യുതമോഹനായ ഭഗവൽ-
പാദന്റെ മാതാവു നീ. 92

ലോകം നിത്യചലം, വൃഥാ മൃതിഭയം
തോന്നുന്ന മാറ്റങ്ങളിൽ
പാകത്തിൽ ഒപൊരുളൊന്നുതന്നെ; പലതാ-
മദ്ദേശകാലങ്ങളാൽ;
ഏകവ്യാകുലവിശ്വചക്രപടലം
ധർമ്മാക്ഷമണ്ഡത്തിൽനി-
ന്നാകല്പം ചുഴലുന്നു, തദ്ഗതി തട്ടു-
പ്പാനില്ല കൈയാക്കുമേ!'' 93

വീഴുന്നു സുരബാഷ്പവൃഷ്ടിയുടനേ-
യുൽക്രാന്തനാത്മാഭയാൽ
ചൂഴും തേരിലുയന്നിടുന്ന വഴിമേൽ
ഹംസാരവത്തോടുമേ,
കേഴും വ്യക്തികൾ വാണിമാതൊടുമിതാ
മായുന്നിതങ്ങങ്ങുതാൻ,
താഴുന്നു ദുഃഖഹിമാംശു കടലിൽ
പൊങ്ങും തരംഗത്തിലും. 94

ഹാ! കൺമൂടിയിരുണ്ടു ദിക്കഖിലവും
വ്യാപിച്ചു മേന്മേൽ മഹാ-
കാകശ്രേണികൾപോലെ വന്നുരുതമ-
സ്സാണ്ഡങ്ങൾ തിങ്ങുന്നിതേ
ലോകവ്യക്തചരിത്രകൃത്തു വിധിയീ-
നാളായ താളിൽ സ്വയം
ശോകവ്യഞ്ജകമായടച്ചു മഷിതേ-
ച്ചീടുന്നു കില്ലില്ലതിൽ. 95

വാണീസംഗമവും സുരാഗമനവും
മറും വൃഥാ വാസനാ-
ശ്രേണീനിർമ്മിതമാണു; കാണ്മതു ദിവാ-
സ്വപ്നങ്ങളാണൊക്കെ ഞാൻ

Digitized By Kerala Sahitya Akademi

താണീലിന്ന വിയോഗവേദന,മറി–
ച്ചെന്നന്തരാത്മാ ഭൃശം
കേണീടുന്നിതുണന്നഹോ! ജനനിയെ–
ത്തേടും കിടാവെന്നപോൽ. 96

പോയീ കൈരളിതൻ പ്രശസ്തനയൻ!
പോയീ മഹാപണ്ഡിതൻ!
പോയീ ശിഷ്യസുഹൃത്പ്രിയൻ ഭസിതമാ–
യമ്മേനി! പേരായ് മഹാൻ;
മായീഭ്രതമഹോ ജഗത്സ്ഥിതി!യിതാ–
മാദൃക്ഷരിൽ ശോകമി–
സ്ഥായീഭാവമിയന്നു; ബാഷ്പനിരയും
നില്ക്കാത്ത നീച്ചാട്ടമായ്. 97

ആഹാ! നിഷ്ഠുരരാത്രി!യമ്മഹിതനെ–
ത്തിന്നന്നു സിദ്ധിച്ചൊര–
ദ്ദേഹായാമമൊടൊന്നുരണ്ടു പുരുഷാ–
യുസ്സുള്ള നീളാഞ്ഞു നീ?
സ്നേഹാത്കൃ സുഖം വളർത്തുമതു നീ–
ചെയ്തില്ല; വേണ്ടാ, സ്വയം
മോഹാന്ധത്വമിയന്നു ഞങ്ങൾ, പകലും
രാവാണു ഞങ്ങൾക്കിനി. 98

പറയീ പേരിതു ''കാലയുക്ത്യ''ഭിധമാ–
മാണ്ടേ! അനർത്ഥങ്ങളെ–
പ്പെറീടാനിടചേന്നൊര''മ്മിഥുന''മേ!
യോഗം മഹാകേമമായ്!
തെറ്റീട്ടില്ല നിനക്കു ''പഞ്ചത''യുമ–
ന്നാളേ! യഹോ! നിങ്ങളെ–
പ്പറീട്ടഞ്ചണമിങ്ങു ഞങ്ങൾ മൂതിയെ–
പ്പക്ഷേ ജയിച്ചാലുമേ. 99

ഐരോപ്യാഹവവഹനി ഭ്രമിയെ ദഹി–
പ്പിക്കുന്നു, കച്ചോടമാം
പേരാളും ധനരക്തനാഡി നിലവായ്,
ത്തെറ്റീ ഗ്രഹാനുഗ്രഹം,

Digitized By Kerala Sahitya Akademi

ഓരോ വ്യാധികളായിതാ യമനമാ–
ന്നെത്തുന്നു, ഞങ്ങൾക്കെഴും
ഘോരാന്തർജ്വരപീഡ കാൺകതുകളെ–
ത്തച്ചീകരിച്ചു വിധേ! 100

ഇല്ലേറെപ്പരമാത്മസ്വരികൾ, കവി–
സ്ഥാനാഹരില്ലത്രപേർ;
ചൊല്ലേറും ശ്രുതശീലനിഷ്ഠരവരിൽ–
പ്പിന്നെച്ചുരുക്കം ചിലർ;
ഉല്ലേഖിച്ച ഗുണങ്ങളൊന്നെ തികവോ–
രില്ലാരു മുണ്ടെങ്കില–
ങ്ങല്ലേ? ഹാ! തിരുമേനി,—ആരിവിടെയീ
നഷ്ടത്തെ വീട്ടാനിനി? 101

ചാരുത്വം തികയും സുമങ്ങളെയുടൻ
വീഴ്ത്തുന്ന പൂവല്ലികൾ;
ചോരും മാധുരിയാൻ പകുനിരയെ–
ത്തള്ളുന്ന വൃക്ഷങ്ങളും;
പാരും കൈവെടിയുന്ന പുത്രരെയഹോ!
പാകാപ്തിയിൽ—ദോഷമായ്–
ത്തീരുന്നോ ഗുണമിങ്ങിവറ കഠിന–
ത്യാഗം പഠിപ്പിക്കയോ? 102

കേണീടിൻ പ്രിയരേ! യുഴന്ന ഗതികെ–
ട്ടുള്ളോർ സമസ്തസ്വമായ്–
പ്പേണീടും മുടുകണ്ണുനീരിനു തുലോം
ധന്യത്വമേകീടുവിൻ!
പ്രാണീഭ്രതമഹാനിനി പ്രതിനിവൃ–
ത്തിക്കില്ല, ശോകാപഗാ–
വേണീവാഴ്വിൽ വിവേകവഞ്ചി ശകലം
പോകില്ല മുമ്പോട്ടുമേ. 103

സ്യാനന്ദൂരപുരത്തവാന്തരവഴി–
ക്കോണൊന്നി, ലാഡംബര–
ന്യൂനശ്രീ തടവി, സ്സുധാ പലകലാ–
നിഷ്ണാതർ തേടുന്നതായ്

Digitized By Kerala Sahitya Akademi

ആനന്ദാലയമായ് ലസിച്ച ഗുരുവിൻ–
വെണ്മാടമേ! എന്തിന–
സ്ഥാനത്തിശ്ശവഗോപുരാകൃതിയിൽ നീ
നില്പൂന്നു? നോക്കാൻ പണി! 104

ക്രൂരാളം തിരുമേനി കൃത്യപരനായ്
പിൻ പൂമുഖം പൂകവേ
മാറാതമ്മലർവായു വീശ്ശുവൊരു നൻ–
മല്ലീനികഞ്ജങ്ങളേ!
വേറാഗുഷ്ടിടമില്ല, നിങ്ങടെ ചൊരിയും
വെൺപൂക്കളെത്തദ്ബലി–
ച്ചോറായോത്തു ചുഴന്നു കാക്കകളിനി–
ക്കൊത്തീടുമോത്തീടുവിൻ! 105

ജാലംപോലെ ഭവാന്റെ ലീലകളം വിഭോ!
പോയീ, പ്രിയാനന്ദന–
സ്യാലന്മാക്കു നിജാലയം 'ബലിപുരം'
താനായിനിസ്സുവ്വഥാ;
ആലംബിച്ചവയെക്കുമാരരവിടെ–
ത്തച്ചിത്രവൈദഗ്ധിതൻ–
കാലദ്ധ്വംസനജാഡകൊണ്ടു വെറുതേ–
യുൽക്കണ്ഠ കൂട്ടാം ചിലർ. 106

ഓമൽത്താർമണമാന്നൊരായരമന–
പ്പൂവാപിയിൽ പ്രീതിയാൽ
ശ്രീമൻ! രോഹിതരൂപനങ്ങു നടുവിൽ
പോയ് നീന്തി നീരാടിപോൽ;
ഹാ! മത്തൻ യമധീവരൻ വലയെറി–
ഞ്ഞെല്പിച്ചുപോൽ; ഈശ്വരാ!
ഭീമത്വം കലരുന്ന വൈതരണിയീ–
വാത്സ്സല്യാലാക്കാം കുളം! 107

ഹാ! രോഗം കഫദോഷമല്പി,സുഖമാം
നാലഞ്ചുനാൾക്കുള്ളിലെ–
ന്നോരോന്നാശയൊടോത്തു ഞങ്ങൾ; വിധിയോ
ചിന്തിച്ച വേറേവിധം;

Digitized By Kerala Sahitya Akademi

ഘോരോദന്തമിതാ തറച്ചിതു ചെവി–
ക്കാഹന്ത! നേരായിതും–
ത്താരോക്കാ—ബത, രാഹുതന്നെ രവിയിൽ
കല്പാന്തകാലാഹിയായ°! 108

മങ്ങാതിപ്പൊഴുള്ളിലമ്മുഖവുമ–
സ്സല്ലാപവും മൈത്രിയാൽ
വിങ്ങാറുള്ള വിലോകനങ്ങളുമഹോ!
നൽകുന്നിതമ്മാതിരി;
എങ്ങാവോ തിരുമേനിയിന്നു? വരുമോ
വീണ്ടും? കവീന്ദ്രോക്തിപോ–
ലിങ്ങാഗന്തുകവൈകൃതം സ്ഥിതിയഹോ!
ദേഹിക്കു നിത്യം മൃതി. 109

കാലത്തുണകഴിഞ്ഞു കൗതുകമൊട്ടും
ചെമ്മേ മുറുക്കി സ്വയം
ലോലശ്രീതിലകാഭ തുവി, വിതറി–
പ്പൂങ്കണ്ണ്ഭ്രഷ്ടാരുചി
പാലഞ്ചും സ്മിതമോടൊരംശുകമുട–
ത്തെത്തുന്നൊരമ്പാന്തി–
ക്കോലം പോയിതു ചിത്തമേ,യയവിറ–
ക്കിക്കൊഠംകയക്കാഴ്ച നീ! 110

ചട്ടറ്റീടിന ശോഭചേന്ന പനിനീർ–
പ്പൂച്ചെണ്ടു പൊന്തൂലിനാൽ
കെട്ടപ്പെട്ടതുപോലിണങ്ങിയ തല–
പ്പാവാൻ കാമ്യാകൃതി
ചട്ടസ്ഥാഭകലർത്തി മേൽവിലസുമ–
ച്ചിത്രാംഗവസ്ത്രാഢ്യനായ°
തിട്ടം ഹാ! രഥമേറിയും സ°മൃതിപഥ–
ത്തിൽത്താൻ ചരിക്കാമിനി. 111

ശ്രീതാവുന്നൊരു വഞ്ചിവല്ലഭമഹാ–
ഹൗണീകലാശാലയാം
മാതാവിൻ സ്തനമുണ്ടറിഞ്ഞിതു ഭവാൻ
പാശ്ചാത്യവിദ്യാരസം

Digitized By Kerala Sahitya Akademi

നേതാവും സ്വയമായിതങ്ങൊട്ടുവില-
ന്നാ വീരസ്യ ധന്യയാ-
യോതാമിന്നവൾ കൈരളിക്ക കിടയായ്
വാട്ടന്ന വിദ്വന്മണേ! 112

ലീലാനിർജ്ജിതവിദ്യരായ് പുകഴ്പര-
ത്തീട്ടന്നൊരേതൽ കലാ-
ശാലാപണ്ഡിതലോകവും പ്രിയതയാൽ
വിദ്യാർത്ഥിസന്ദോഹവും
ആലാപങ്ങളിലിന്ന താവകഗുണം
വർണ്ണിച്ച കണ്ണീർക്കണം
ലോലാഭം പുതുമുത്തുപോലരിയ കൈ-
ലേസാൽ തുടയ്ക്കുന്നിതേ! 113

ഗാഢസ്നേഹമൊടങ്ങു കക്ഷ്യയിലണ-
ഞ്ഞാ ശിഷ്യതാരാവലി-
ക്കൂഢശ്രീ ഹിമരശ്മിയായ് സുധ ചൊരി-
ഞ്ഞാരാൽ വിളങ്ങുന്നതും,
പീഠംവിട്ട നിവർന്നെണീറു നൊടിയിൽ
ച്ചാഞ്ഞാഞ്ഞുദാരാഭയിൽ
പാഠവ്യാഖ്യ കുറിക്കുമപ്പുലക ലാ-
ക്കാക്കി ത്വരിക്കുന്നതും. 114

ഒറക്കാൽ, പിറകുന്നിയുമ്മികകളാൽ
മിന്നും വലഞ്ഞെയതിൽ
ചെറുമ്മൃത്തികയേന്തി വാക്യമെഴുതി-
ക്കാണിച്ചു നില്ക്കുന്നതും,
അറം തെല്ല ചുരുട്ടിയായിടതുകൈ
പിൻചേർത്തു വിശ്രാന്തനായ്
കറക്കാർശിഖ പിൻപൊതുക്കി മുകൈ-
ത്താർ വീശി ലാത്തുന്നതും. 115

കോപസ്ഫുർത്തിയറിഞ്ഞിടാതരുണമാ-
മോമൽ കടക്കണ്ണുതൻ-
ക്ഷേപത്താൽ തിരുമേനി ശിഷ്യരെയിട-
യ്ക്കോരോന്ന വീക്ഷിപ്പതും

Digitized By Kerala Sahitya Akademi

സ്വാപഭ്രാന്തികണക്കു മാഞ്ഞിതഖിലം!
ഹാ! രംഗമേ ശൂന്യമായ്
ദീപം പോയ വെറും വിളക്കു തടയാ-
യെപ്പോഴുമിപ്പീഠവും! 116

ഈ വിദ്യാലയവേശ്യയാണധികവും
തദ്ഗ്രന്ഥരത്നങ്ങൾ ത-
ന്നാവിർഭാവനിമിത്തമെന്നതു നിന-
ച്ചുമ്പാൻ കുമ്പിട്ടിടാൻ
ഹേ! വിദ്വൻ! ഭവദീയഭക്തജനത-
സ്സ്വാരാദ്ധ്യമാമോമ്മതൻ
കോവിൽ ഗർഭഗൃഹങ്ങളായി നെടുനാളും
നില്ക്കട്ടെ തൽ കക്ഷ്യകൾ! 117

നീലപ്പുൽത്തറകൾക്കു മേൽ പല നിഴൽ-
ക്കൂടാരമുണ്ടാക്കിയും
കാലത്തിൽക്കനിയേകിയും കിളികൾതൻ-
ഗാനോത്സവം കൂട്ടിയും
ബാലാരാധകമായ് കലാലയമിതിൻ
മുമ്പേറെ വമ്പാർന്നെഴും
സ്ഥൂലാഗ്രാധിപ! കേഴുകീ വിരഹമോ-
ർത്തെന്നും മഴക്കാറിൽ നീ! 118

പ്രാദുർഭാവമിയന്നു തന്നിതു കവേ!
യങ്ങസ്സ്സൈർവാണിയീ
വൈദുഷ്യപ്രഥ ഭാരതാവനിയിലും;
പാശ്ചാത്യലോകത്തിലും;
സ്വാദുറോത്ത്വിടുന്ന സംസ്കൃതകലാ-
ശാലോന്നതിവ്യഗ്രനായ്
ഹാ! ദുർയ്യോഗ,—മിതാ പ്രയത്നതരു പൂ-
ക്കാറായി; പോയീ ഭവാൻ! 119

ഹന്ത! ദ്യോവിലുയർന്നിതങ്ങൊരു മഹാ-
ന്നിന്നീ'യനന്താലയ'-
ത്തന്തർദ്ധാനമിയന്നിത'ക്കവി' 'ബുധൻ'
പോയ്, പോയി 'വാചസ്പതി'

Digitized By Kerala Sahitya Akademi

സ്വന്തക്ഷീണത രാജധാനി! പരിഗ്രോ–
പിച്ചിന്ന പോററാം നിന–
ക്കന്തെ,സ്സ്വീ'ഗ്രഹചാര'ദോഷമധികം
മാലോകരാലോചിയാ. 120

മദ്രാഭിഖ്യമഹാപുരത്തിലുയരും
മാത്താണ്ഡരമ്യാഭയായ്
മുദ്രാതീതമഹത്വമാന്ന വിലസും
ശ്രീ 'വിശ്വവിദ്യാസഭേ!'
തദ്രാജദ്ബിംബദങ്ങളം നേടിയയി! നിൻ–
സേനാഗ്രഭ്രുവാർന്നൊരാ
ഭദ്രാത്മാ നിജകൃത്യയാത്രയിലിതാ
മുങ്ങീ മഹാംഭോധിയിൽ. 121

ഭ്രാജിക്കും ഭവദീയ രാജ്യപരിധി–
ക്കുള്ളിൽ സ്വതേജസ്സിനാൽ
രാജിക്കും പല ശബ്ദലോകമൊട്ടു തൻ–
ഭാഷാപ്രകാണ്ഡത്തെയും
യോജിപ്പിച്ചഭിവൃദ്ധി ചേക്കുവതിനായ്
വാഗസ്സുമേന്തി ശ്രമി–
ച്ചീ ജിഷ്ണുദ്യുതി കൈരളിക്കുമരുളീ
ക്ഷേമം നിനക്കും സഭേ! 122

ഈടേറുന്നൊരു നഷ്ടമിങ്ങനെ പിണ–
ഞ്ഞാഹന്ത! ശോകാന്ധമായ്
പാടേയുദ്ഭഗവാക്ഷദൃഷ്ടികമം മിഴി–
ച്ചിന്നാ സഭാസൗധമേ!
കേടേശാതുരു ശാന്തവാക്കുകമം കടൽ–
ക്കാറേറാതി നിന്നീടിലും
ചൂടേലും നെടുവീർപ്പുകൊണ്ടു നഗരി–
ക്കേകുന്ന താപത്തെ നീ! 123

ഹാ! കഷ്ടം പ്രതിഭാപ്രകാശഭരമാർ–
ന്നക്കോജ്ജ്വലൻ മർത്യനും
ലോകത്തിന്മൃതി തുല്യമിന്നുമൊളി ക–
ണ്ടീടാത്ത കീടത്തിനും;

Digitized By Kerala Sahitya Akademi

ഈ കർമ്മക്ഷമവിദ്യയൊന്നുമിനിയും
നൽകീല സാഹായ്യമീ–
ശോകത്തിന്നു,—വൃഥാ കപാലഫലകം
കായിച്ചു നീണാൾ നരൻ! 124

എന്തായീ ശ്രമ?മെത്രനാളൊഴറി നീ
ശാരീരവിജ്ഞാനമേ!
എന്താശിപ്പതു 'രാസ''ഭൗതിക' മഹാ–
തന്ത്രങ്ങളേ! നിങ്ങളും?
ചിന്താജ്ജ്വരനായ നിങ്ങടെ പിതാ–
വാം മർത്യനെത്തീടുമീ–
യന്താവസ്ഥയഹോ! ദയാഹ്,മിതഹോ!
നിങ്ങൾക്കു ലജ്ജാവഹം. 125

പാരിൽ സൃഷ്ടിദിനംതുടങ്ങി മരണം
പേടിച്ചു ചൂടേറുമാ–
ത്താരിൻ ജ്വാലകളല്ലി, നിങ്ങൾ പറവിൻ
തീവ്രാക്തതാപങ്ങളേ?
പൂരിക്കും നെടുവീർപ്പുതൻ നിചയമ–
ല്ലേ നിങ്ങൾ വായുക്കളേ?
ഭ്രരിപ്രാക്തനബാഷ്പമല്ലി, മുകിലിൻ–
വഷ്ങ്ങളേ! നിങ്ങളും? 126

ചത്താൽ ജീവിതവാഞ്ഛ പോയി, പട്ട–
കാറേറേറാ ഘൃതം വറ്റിയോ
കത്താതായ വിളക്കിനൊത്തതു കഴി–
ഞ്ഞെന്നാലിരുട്ടാണുപോൽ;
ഉത്താപത്തൊടു, ഭോഗവാസനകളാൽ,
നിർദ്ദേഹനാം ദേഹി, കൈ–
യെത്താതായ പഴം കൊതിച്ച ശിശു–
വായ് കേഴുന്നുപോലേറെനാൾ; 127

കർമ്മത്തിൻ വശരായ്കയന്നു സുഖമായ്
സ്വാരാജ്യമോ ദുഃഖമായ്
നിർമ്മഞ്ജിച്ചതിഘോരമാം നരകമോ
പൂകുന്നുപോൽ ദേഹികൾ;

Digitized By Kerala Sahitya Akademi

ശമ്പംപോലെയശമ്പവും മറുതടം
കാണാത്ത നിത്യാബ്ധിപോൽ;
ധമ്പവ്യായതചക്രചാരിപുരുഷൻ
വീണ്ടും വരുന്നുണ്ടുപോൽ; 128

ഓരോന്നിങ്ങനെയൂഹമോ നിഗമമോ
ലാക്കാക്കിയോതാം ചില–
ക്കാരോരുന്നിതു തത്ത്വ?മെങ്ങനെയൊരാ-
കാണുന്നിതങ്ങേപ്പുറം?
നേരോ പ്രേതകഥാപ്രസക്തി? പൊളിയോ?
മസ്തിഷ്കവൈകല്യമോ?
വേരോടിങ്ങു കരിഞ്ഞുപോയ തരുവിൻ
ഛായസ്സു നില്ക്കുമാവതോ? 129

അല്ലെങ്കിൽ പ്രതിഭസ്സു ദൂരഗതമാ–
മക്കാര്യമൂഹത്തിനാ–
ലില്ലെന്നെങ്ങനെ നിർണ്ണയിക്കു?മിരുളിൽ–
ത്തങ്ങുന്നുവല്ലോ പൊരുൾ!
കില്ലെന്തിന്നതുമല്ലനന്തനിയമം
വിശ്വം; വരാമേതുമേ,
തെല്ലെന്നാകിലുമത്ഥമെന്നി നിലനി–
ല്ക്കില്ലോക്കിൽ വിശ്വാസവും. 130

ചൊല്ലാം തീയുടെ തീക്ഷ്ണദന്തമണയാ–
ത്യന്തസൂക്ഷ്മാംഗമായ്
തെല്ലാശാസ്പദത്ത്വമങ്ങു 'തടി'യിൽ
ശേഷിക്കുമെക്കാലവും;
അല്ലാഞ്ഞാൽ നരവാഴ്ചയല്ല; ഭുവനം–
താനും വൃഥാരംഭമാം;
ഇല്ലാതാം വില കണ്ണുനീരിനു;മതി–
ന്നാക്കാനുമോക്കാവതോ? 131

ആ പക്ഷം ശരിയെങ്കിലിന്നയി! ''മൃതേ!''
ഹാ! നിന്റെ ഘോരങ്ങളാ–
മാ പല്ലിൻനിരകൊങ്കു മൂച്ചയിനിയും
പോരെന്നു തോന്നാമുടൻ;

Digitized By Kerala Sahitya Akademi

ആപത്തിൻ പരകാഷ്ഠയായ പുലിയാ–
യീ ഞങ്ങളഞ്ചുന്നൊരാ
നീ പച്ചത്തൃണരാശി തിന്നരിയ പാ–
ലേകുന്ന ഗോവെന്നുമാം. 132

നേരാമായതു ഹാ! ശ്രുഭേ! ഭയദമാം
വൻതോക്കുതൻ വായിലാ–
വീരാഖ്യസ്സു കൊതിക്കുമെത്രതരുണ–
ക്കാശ്വാസമേകുന്ന നീ!
ആരായുന്നിതു രാഗപുഷ്ടസ്മൃതിമേൽ
മുള്ളേററ നോവാറ്റുവാൻ
താരാർമേനികളന്തനെ ശീതതരമാം
നിന്നംഗസംഗം മൃതേ! 133

ത്രാണിക്കൊത്തു പകൽ പരിശ്രമമിയ–
ന്നോക്കുവിയന്നന്തിയിൽ
പേണിക്കണ്ണു തലോടിയെന്നുമണവോ–
രാ ഭദ്രയാം നിദ്രപോൽ
പ്രാണിക്കിന്നെടുജീവിതപ്പെരുവഴി–
ക്ലേശം കഴിച്ചെത്രയും
ക്ഷീണിക്കും ഹൃദയത്തെ മൂടിയൊടുവിൽ–
ച്ചേക്കുന്ന സൗഖ്യം മൃതി. 134

ജ്ഞാനംതാൻ ക്ഷണവൃത്തി; ബുദ്ധിയിമവെ–
ട്ടുപോളിടയ്ക്കാത്തമഃ–
സ്ഥാനം കാണുവതില്ലലാതവലയ–
ത്തോടൊത്ത വേഗത്തിനാൽ
ഋനം ഹാ! ക്ഷണമൃത്യുവിങ്ങനുദിനം
നിദ്രാഖ്യമായ് ദീർഘമാ–
മൂനംവിട്ടതു നീണ്ടനന്തരമിതാം
വിശ്രാന്തി ജന്തുക്കളിൽ. 135

ഈവണ്ണം ശരി! സൃഷ്ടിയും പ്രളയവും
കല്പിച്ചൊടുക്കം മഹാ–
കൈവല്യം വരുമെന്ന കാത്തിടുകയാ–
മോരാ പുരാവിത്തുകം;

Digitized By Kerala Sahitya Akademi

ജീവന്നിങ്ങു ബഹ്വക്രിയാജടിലമാ–
മീ ദീർഘയാത്രാകഥ–
ജ്ഞാവശ്യം മൃതിയാം 'വിരാമ'തിലകം
സ്വാത്മപ്രതീതിക്കുമേ. 136

കില്ലില്ലിമ്മൃതി ജീവിതത്തിനുമഹോ!
സൗഭാഗ്യമേറുന്നതാ–
ണല്ലില്ലെങ്കിലതീവ ഘോരതരമാ–
മോക്കുമ്പൊഴാക്കും പകൽ
അല്ലിത്താർമണമാന്ന്ഹസ്സു നടമാ–
ടീടട്ടെ, രമ്യാഭമായ്
മല്ലിശ്രീപെടുമാമ്പൽ നീണ്ട മുടിയിൽ
ചൂടിശ്ശയിക്കും നിശ. 137

പാരം പ്രാകൃതപക്ഷിവർഗ്ഗമഖിലം
വാഴ്ത്തും ദിനത്തിൻ ഗുണം,
സൈരം, രാത്രി, ഭവൽ പ്രശസ്തി മധുരം
പാടുന്ന രാപ്പാടികം;
ദൂരത്തുള്ള വികല്പമോക്കുകിലടു–
ത്തോക്കില്ല, രണ്ടും സ്വയം
സാരജ്ഞൻ പടു കോകിലോത്തമനുപ–
ശ്ലോകിപ്പു നിർഭേദമായ്. 138

മങ്ങാതോക്കിൽ മൃതേ! പ്രവൃത്തിപരമാ–
ണിജ്ജീവിതം, മാറിനാൽ
പൊങ്ങാനും മതി വിശ്രമപ്രവണമാം
പൗരസ്ത്യചിത്തത്തിൽ നീ
തങ്ങാമൊന്നയി! നിന്നിൽ മെച്ചമിനിയും
നിൻ ക്രൂരിരുട്ടഞ്ചിയാ–
മിങ്ങാദ്ധ്യാത്മികദീപമാദിമുനിമാ–
രാവിഷ്കരിച്ചുള്ളതും. 139

പോരും ഹാ! ധിഷണേ മഹാപുരുഷനെ–
ത്തേടിബ്ഭ്രശോന്മത്തയായ്–
ത്തീരുന്നെന്തിനു? ''ശല്യ''വേദിനി, ശവം
ശോധിപ്പതെന്തിന്നു നീ?

Digitized By Kerala Sahitya Akademi

തീരും നിൻ വ്യഥ കണ്ണുനീർ പൊഴികെ,യി–
ങ്ങിശ്രാന്തപാന്ഥൻ സുഖം–
ചേരുമ്മട്ടിലുറങ്ങിടട്ടെ, സഭയം
കമ്പിട്ട മാറട്ടെ ഞാൻ. 140

ഒന്നോതാം തിരുമേനിയിങ്ങു മുതിയെ–
ത്താൻതന്നെ കണ്ണാന്തികം
വന്നോതാതറികില്ലൊരാൾ അകലെനി–
ന്നുച്ചത്തിലോതില്ലവൾ,
ഇന്നോ ഞങ്ങളെ നോക്കിയമ്പിൽ വിവരം
ചൊല്ലാമുറക്കെബ്ഭവാ–
നെന്നോത്തിങ്ങതിരുട്ടിൽ മൂകകഥയായ്
പോമെന്നു വെമ്പുന്ന ഞാൻ. 141

എല്ലാം പോകുക, കീഴടങ്ങുക വിധി–
ക്കിന്നിച്ചിതപ്പുപ്പുറ–
ത്തില്ലാതാകുക ജീവിതം;—മതി വിഭോ!
തവനാമപുണ്യാക്ഷരം;
ചൊല്ലാമായതു ഞങ്ങൾ നട്ട മിഴിനീർ
തുവിപ്പുലമ്പും, പട–
ന്നെല്ലാവക്കുമതേകിടും മലർമണം
കാലാഗ്നി ചെല്ലില്ലതിൽ. 142

ഹാ! കഷ്ടം ഗതിമുട്ടിനിന്നിവിടെയെ–
ന്തെല്ലാം പുലമ്പുന്ന ഞാൻ,
ശോകവ്യാകുലമായ ബുദ്ധി പതറി–
ച്ചെല്ലാമമാഗ്ഗങ്ങളിൽ;
നീ കണ്ണുഞ്ചിടുമാറു സൂര്യ! വിലസു–
ന്നുണ്ടാകുമെങ്ങാനുമീ–
ലോകത്തിന്നിരുളാണു ദേവ, വിരയാം
മിന്നാമിനുങ്ങിങ്ങതിൽ. 143

നക്ഷത്രങ്ങളെ നോക്കിയിപ്പുഴ പറ–
ന്നീടുന്ന മേല്പോട്ടതിൻ–
പക്ഷം ദുർബ്ബലമാണതോർത്തു ഭയവും
തോന്നുന്ന മേന്മേൽ വിഭോ!

Digitized By Kerala Sahitya Akademi

രക്ഷസ്സ്സ്സായതിനിന്ന നിൻകരുണയ–
ല്ലാതില്ല രാപ്പക്ഷിതൻ–
ഭിക്ഷസ്സ്സാക്കൊല, നിൻപ്രകാശകണിക–
സ്സ്സാപത്തു ചേത്തീടൊലാ. 144

വാനത്തിൽ തടവില്ല, ധർമ്മരഥമി–
ങ്ങോടിച്ചുദാരാഭനായ്
ന്യനം ഭാസ്സ്വരനെത്തുമന്ധതമസം
നിൽക്കില്ലയെക്കാലവും,
ഊനംവിട്ട ഭയങ്ങളെന്തനെറ നിഴലും
പോം ഹന്ത! മിന്നാമിന്ന–
ങ്ങാനന്ദാലയമാം മഹസ്സിൽ മറയും
നക്ഷത്രജാലത്തൊടും. 145

ദേഹാംശങ്ങളിലീയിരുട്ടുമൊളിയും
നാനാപ്രഭേദത്തൊടാ–
ന്നാഹാ! ശാശ്വതധർമ്മശക്തി! ഭുവന–
പ്പന്താട്ടമാടുന്ന നീ
സ്നേഹാരാധകനെത്തലോടിയമൃതം
നല്കുന്ന നീ, പിന്നെ നി–
ർമ്മോഹാസംഗമഖണ്ഡവിശ്രമസുഖം
തേടുന്ന താനേയവൻ. 146

ആകാശങ്ങളെയണ്ഡരാശികളൊടും
ഭക്ഷിക്കുമാകാശമാ,–
യീ കാണുന്ന സഹസ്രരശ്മിയെയിരു–
ട്ടാക്കും പ്രഭാസാരമായ്,
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും
ദുഃഖീകരിക്കുന്നതാ–
മേകാന്താദ്വയശാന്തിഭൂവിനു നമ–
സ്കാരം, നമസ്കാരമേ! 147

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ചിന്താവിഷ്ടയായ
സീത

1919

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

ഈ കൃതി എഴുതാൻ ആരംഭിച്ചതു് 1914 ആഗസ്റ്റു് 10-ാം തീയതിയാണു്. ആദ്യത്തെ 80 പദ്യങ്ങളും അന്നുമുതൽ പല അവസരങ്ങളിലായി എഴുതീട്ടുള്ളതും, ശേഷം മുഴുവൻ ഈയിടെ ഏതാനും ദിവസങ്ങൾകൊണ്ടു് എഴുതീട്ടുള്ളതുമാകുന്നു. സീതാദേവി അന്തർദ്ധാനംചെയ്യുന്നതിന്റെ തലേനാൾ രാത്രി വാല്മീകിയുടെ ആശ്രമത്തിൽ ഒരു ഏകാന്തസ്ഥലത്തിരുന്ന തന്റെ പൂർവ്വാനുഭവങ്ങളേയും ആസന്നമായ ഭാവിയേയും മറ്റും പററി ചെയ്യുന്ന ചിന്തകളാണു് ഈ കൃതിയുടെ പ്രധാന വിഷയം.

ആലുവാ
8-12-1919

ഗ്രന്ഥകർത്താ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സുതർ മാമുനിയോടയോദ്ധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ
അതിചിന്ത വഹിച്ചു സീത പോയ്
സ്ഥിതിചെയ്താളടജാന്തവാടിയിൽ. 1

അരിയോരണിപന്തലായ് സതി–
ക്കൊരു പൂവാക വിതിത്ത ശാഖകൾ,
ഹരിനീലതൃണങ്ങൾ കീഴിരു–
ന്നരുളും പട്ടവിരിപ്പുമായിതു. 2

രവി പോയി മറഞ്ഞതും സ്വയം
ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും
അവനീശ്വരിയോത്തതില്ല, പോ–
ന്നവിടെത്താൻ തനിയേയിരിപ്പതും. 3

പുളകങ്ങൾ കയത്തിലാമ്പലാൽ
തെളിയിക്കും തമസാസമീരനിൽ
ഇളകും വനരാജി, വെണ്ണിലാ–
വൊളിയാൽ വെള്ളിയിൽ വാത്തപോലെയായ്. 4

വനമുല്ലയിൽനിന്ന വായുവിൻ
ഗതിയിൽ പാറിവരുന്ന പൂക്കൾപോൽ
ഘനവേണി വഹിച്ചു കുന്തലിൽ
പതിയും തൈജസകീടപംക്തിയെ. 5

പരിഗോഭകുലന്നിതപ്പൊഴാ–
പ്പുരിവാർകുന്തളരാജി, രാത്രിയിൽ
തരുവാടിയിലൂടെ കണ്ടിടു–
ന്നൊരു താരാപഥഭാഗമെന്നപോൽ. 6

ഉടൽമൂടിയിരുന്ന ദേവി, ത–
ന്നടയാടത്തളിരൊന്നുകൊണ്ടുതാൻ
വിടപങ്ങളൊടൊത്ത കൈകൾ തൻ–
തുടമേൽ വച്ചുമിരുന്ന സുന്ദരി. 7

ഒരുനോട്ടവുമെന്നി നിന്നിതേ
വിരിയാതല്പമടഞ്ഞ കണ്ണുകൾ,
പരുഷാളകപംക്തി കാറിലാ–
ഞ്ഞുരസുന്പോഴമിളക്കമെന്നിയേ. 8

Digitized By Kerala Sahitya Akademi

അലസാംഗി നിവർന്നിരുന്ന, മെ–
യ്യലയാതാനതമേനിയെങ്കിലും
അയവാർന്നിടയിൽ ശ്വസിച്ചു ഹാ!
നിയമം വിട്ടൊരു തെന്നൽമാതിരി. 9

നിലയെന്നിയെ ദേവിയാകുക–
ത്തലതല്ലുന്നൊരു ചിന്തയാം കടൽ
പല ഭാവമണച്ചു മെല്ലെ നിർ–
മലമാം ചാരുകവിൾത്തടങ്ങളിൽ. 10

ഉഴലും മനതാരടക്കുവാൻ
വഴി കാണാതെ വിചാരഭാഷയിൽ
അഴലാന്നരുംചെയ്തിതന്തരാ–
മൊഴിയോരോന്നു മഹാമനസ്വിനി: 11

''ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം;
വിരയുന്നു മനുഷ്യനേതിനോ,
തിരിയാ ലോകരഹസ്യമാക്കുമേ. 12

തിരിയും രസബിന്ദുപോലെയും
പൊരിയും നെഞ്ചണിയെന്നപോലെയും
ഇരിയാതെ മനം ചലിപ്പു, ഹാ!
ഗുരുവായും ലഘുവായുമാർത്തിയാൽ. 13

ഭുവനത്തിനു മോടി കൂട്ടുമ–
സ്സുഖകാലങ്ങളുമോർപ്പതുണ്ടു ഞാൻ
അവ ദുഃഖിതന്റെ ധൂത്തെഴും
മുഖഹാസങ്ങൾകണക്കെ മാഞ്ഞതും 14

അഴലേകിയ വേനൽ പോമുടൻ
മഴയാം ഭ്രമിയിലാണ്ടുതോറുമേ
പൊഴിയും തരുപത്രമാകവേ,
വഴിയേ പല്ലവമാർന്ന പൂത്തിടും. 15

അഴലിന്നു മൃഗാദിജന്തുവിൽ
പഴതേറീടിലു,മെത്തിയാൽ ദ്രുതം
കഴിയാമതു—മാനഹേതുവാ–
ലൊഴിയാത്താർത്തി മനുഷ്യനേ വശ്യ! 16

പുഴപോലെ തുടിക്കയല്ലി, ഹാ!
പഴതേയിപ്പൊഴമെന്നിടത്തുതോൻ;

Digitized By Kerala Sahitya Akademi

നിഴലിൻവഴി പൈതൽപോലെ പോ–
യ്ഴലാ ഭോഗമിരന്നു ഞാനിനി. 17

മുനി ചെയ്ത മനോജ്ഞകാവ്യമ–
മ്മനുവംശാധിപനിന്നു കേട്ടടൻ
അനുതാപമിയന്നിരിക്കണം,
തനയന്മാരെയറിഞ്ഞിരിക്കണം. 18

സ്വയമേ പതിരാഗജ്ഞളാം
പ്രിയഭാവങ്ങൾ തുലഞ്ഞിടാഞ്ഞിലും
അവ ചിന്തയിലൂന്നിടാതെയായ്
ശ്രവണത്തിൽ പ്രതിശബ്ദമെന്നപോൽ. 19

ക്ഷണമാത്രവിയോഗമുത്തടം
പ്രണമാക്കുംപടി വാച്ചതെങ്കിലും
പ്രണയം, തലപൊക്കിടാതെയി–
ന്നണലിപ്പാമ്പുകണക്കെ നിദ്രയായ്. 20

സ്വയമിന്ദ്രിയമോദഹേതുവാം
ചില ഭാവങ്ങളൊഴിഞ്ഞുപോകയാൽ
ദയ തോന്നിടുമാറു മാനസം
നിലയായ് പ്രാക്കഥം വെടിഞ്ഞ കൂട്ടുപോൽ. 21

ഉദയാസ്തമയങ്ങളെന്നി,യെൻ–
ഹൃദയാകാശമതിങ്കലെപ്പൊഴും
കതിർവീശി വിളങ്ങിനിന്ന വെൺ–
മതിതാനും സ്മൃതിദർപ്പണത്തിലായ്. 22

പഴകീ വ്രതചര്യ, ശാന്തമായ്
കഴിവൂ കാലമിതാത്മവിദ്യയാൽ
ആഴൽപോയ്—അവമാനശല്യമേ–
യൊഴിയാതുള്ള വിവേകശക്തിയാൽ. 23

സ്വയമന്നടൽ വിട്ടിടാതെ ഞാൻ
ദയയാൽ ഗർഭഭരം ചുമക്കയാൽ
പ്രിയചേഷ്ടകളാലെനിക്കു നിഷ്–
ക്രിയയായ് കൗതുകമേകിയുണ്ണിമാർ. 24

കരളിന്നിരുൾ നീക്കുമുള്ളലി–
ച്ചൊരു മന്ദസ്മിതരശ്മികൊണ്ടവർ
നരജീവിതമായ വേദന–
യ്ക്കൊരുമട്ടുഭകരൗഷധങ്ങളാൻ. 25

Digitized By Kerala Sahitya Akademi

സ്ഫുടതാരകമ്പ കുരിരുട്ടിലു–
ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർതീർപ്പതിനേകഹേതു വ–
ന്നിടയാമേതു മഹാവിപത്തിലും. 26

പരമിന്നതു പാക്കിലില്ലതാൻ
സ്ഥിരവൈരം നിയതിക്കു ജന്തുവിൽ
ഒരു കൈ പ്രഹരിക്കവേ പിടി–
ച്ചൊരു കൈകൊണ്ടു തലോടുമേയിവൻ. 27

ഒഴിയാതെയതല്പി ജീവി പോം
വഴിയെല്ലാം വിഷമങ്ങളാവതും
അഴലും സുഖവും സ്മരിപ്പതും
നിഴലും ദീപവുമെന്നപോലവേ. 28

അതുമല്ല സുഖാസുഖങ്ങളായ്–
സ്ഥിതി മാറീടുവതൊക്കെയേകമാം
അതുതാനിളകാത്തതാം മഹാ–
മതിമത്തുക്കളിവറ രണ്ടിലും. 29

വിനയാന്ന സുഖം കൊതിക്കയി–
ല്ലിനിമേൽ ഞാൻ—അസുഖം വരിക്കുവൻ;
മനമല്പൽ കൊതിച്ച ചെല്ലുകിൽ
തനിയേ കൈവിടുമീഷ്യ ദുർവ്വിധി. 30

ഒരുവേള പഴക്കമേറിയാ–
ലിരുളും മെല്ലെ വെളിച്ചമായ്വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ. 31

പിരിയാത്ത ശുഭാശുഭങ്ങളാ–
ന്നൊരു വിശ്രാന്തിയെഴാതെ ജീവിതം
തിരിയാം ഭുവനത്തിൽ നിത്യമി–
ങ്ങിരുപക്ഷംപെടുമിന്ദുവെന്നപോൽ. 32

നിലയറ സുഖാസുഖങ്ങളാ–
മലയിൽ താണുമുയർന്നുമാത്തനായ്
പലനാളും കഴിയുമ്പൊഴും, മോഹമാം
ജലധിക്കക്കരെ ജീവിയേറിടാം. 33

അഥവാ സുഖദുർഗ്ഗമേറുവാൻ
സ്ഥിരമായ്നിന്നൊരു കൈ [illegible]

Digitized By Kerala Sahitya Akademi

വ്യഥയാം വഴിയൂടെയമ്പിനാൽ
വിരവോടന്തിവിടുന്നതന്നെയാം. 34

മനമിങ്ങു ഗ്രണം വരുമ്പൊഴം
വിനയെന്നോത്തു വൃഥാ ഭയപ്പെട്ടം
കനിവാൻ പിടിച്ചിണക്കുവാൻ
തുനിയുമ്പോഴം പിടയുന്ന പക്ഷിപോൽ. 35

സ്ഫുടമാക്കിയിതെന്നെ മന്നവൻ
വെടിവാൻ നൽകിയൊരാജ്ഞ ലക്ഷ്മണൻ
ഉടനേയിങ്ങളാണ്ടു ലോകമ–
ങ്ങിടിവാളേറകണക്കു വീണ ഞാൻ. 36

മൃതി വേണ്ടുകിലും സഹത്യയിൽ
പതിയാതായ് മതി ഗർഭചിന്തയാൽ
അതിവിഹ്വലയായി, വീണ്ടുമീ–
ഹതി മുമ്പാൻ തഴമ്പിലേറ ഞാൻ. 37

ഗതിമുട്ടിയുഴന്ന കാഞ്ഞൊരെൻ–
മതിയുന്മാദവുമാന്നതില്ല, ഞാൻ
അതിനാലഴലിന്റെ കെട്ടഴി–
ഞ്ഞതിഭാരം കുറവാൻ കൊതിക്കിലും. 38

ഒരുവേളയിരട്ടിയാത്തിതാൻ
തരുമാ വ്യാധി വരാഞ്ഞതാം ഗ്രണം
കരണക്ഷതിയാന്ന വാഴ്വിലും
മരണം നല്ല മനുഷ്യനോക്കുകിൽ. 39

നിനയാ ഗ്രണപുഷ്പവാടി ഞാ–
നിനിയക്കാട്ടുകുരങ്ങിനേകുവാൻ
വനവായുവിൽ വിണ്ട വേണുപോൽ
തനിയേ നിന്നു പുലമ്പുവാനുമേ. 40

അഥവാ ക്ഷമപോലെ നന്മചെ–
യ്യരുളാൻ നോറൊരു നല്ല ബന്ധുവും
വ്യഥപോലറിവോതിടുന്ന സദ്–
ഗുരുവും മർത്യനു വേറെയില്ലതാൻ. 41

മൃതിതേടിയഘത്തിൽ മാനസം
ചരിയാതായതു ഭാഗ്യമായിതേ
അതിനാൽ ശുഭമായ് കുലത്തിനി–

Digitized By Kerala Sahitya Akademi

അരുതോപ്പതിനിന്ന കാർനിറ–
ഞ്ഞിരുളാമെൻ ഹൃദയാങ്കണങ്ങളിൽ
ഉരുചിന്തകളാം പൊങ്ങിടുന്ന ചൂഴ്–
ന്നൊരുമിച്ചീയൽകണക്കെ മേല്ക്കുമേൽ. 43

സ്ഥിതിധാര,യുപേക്ഷയാം തമോ–
വൃതി നീങ്ങിച്ചിലനാളം സ്ഫുരിക്കയാം
ഋതുവിൽ സ്വയമുല്ലസിച്ചുടൻ
പുതുപുഷ്പം കലരുന്ന വല്ലിപോൽ. 44

പുരികം പുഴുപോൽ പിടഞ്ഞകം
ഞെരിയും തൻതല താങ്ങി കൈകളാൽ
പിരിവാനരുതാഞ്ഞു കണ്ണുനീർ
ചൊരിയും ലക്ഷ്മണനെ സ്മരിപ്പു ഞാൻ. 45

അതിധീരനമേയശക്തിയ–
ന്നതിമാനഗ്രജഭക്തനാവിധം
കദനം കലരുന്ന കണ്ടൊരെൻ–
ഹൃദയംവിട്ടഴൽ പാതി പോയിതേ. 46

വനപത്തനഭേദചിന്തവി–
ട്ടനഘൻ ഞങ്ങളൊടൊത്തു വാണ നീ
വിനയാർദ്രമെനിക്കു കേവലം
നിനയായ്വാൻ പണി തമ്പി! നിൻമുഖം. 47

ഗിരികാനനഭംഗി ഞങ്ങൾ ക–
ണ്ടരിയോരുത്സവമായ് കഴിച്ചു നാം
അരിഭീഷണ! നീ വഹിച്ചൊര–
പ്പരിചര്യാവ്രതനിഷ്ഠയൊന്നിനാൽ. 48

കടുവാക്കുകൾ കേട്ട കാനനം
നടുവേയെന്നെ വെടിഞ്ഞു മുമ്പു നീ
വെടിവാൻ തരമായ് മറിച്ചുമേ;
കുടിലം കർമ്മവിപാകമോർക്കുകിൽ. 49

കനിവാർന്നനുജാ! പൊറുക്ക ഞാൻ
നിനയാതോതിയ കൊള്ളിവാക്കുകൾ
അനിയന്ത്രിതമായ് ചിലപ്പൊഴീ–
മനമോടാത്ത കുമാർഗ്ഗമില്ലെടോ. 50

വിരഹാർത്തിയിൽ വാടിയേകനായ്
കരകാണാത്ത മഹാവനങ്ങളിൽ

Digitized By Kerala Sahitya Akademi

തിരിയും രഘുനാഥനെത്തുണ–
ച്ചരിയോരനുയമുദ്ധരിച്ചു നീ. 51

പരദുഃഖനിവൃത്തിയുണ്ടുമായ്
പൊരുതും നിൻകഥ കേട്ടു വെമ്പലാൽ
കരവും നിന്നിലിയന്ന കൂറുതൻ
പെരുതാമാഴമറിഞ്ഞിതന്നിവാം. 52

മുനി കാട്ടിടുമെൻകിടാങ്ങളെ–
ക്കനിവാൻ നീ സ്വയമാഞ്ഞു പുല്ലിടാം
അനസൂയവിശുദ്ധമിന്നു നിൻ
മനമാനന്ദസരിത്തിൽ നീന്തിടാം. 53

വിടുകെൻകഥ, വത്സ! വാഴ്ക നീ
നെടുനാളഗ്രജനേകബന്ധുവായ്
ഇടരെന്നിയെ യഗ്രണോൽകരം
തടവും ബന്ധുജനങ്ങളോടുമേ. 54

അറിവറു മുറയ്ക്കുഴറാതെയും
മറയായ് മൂടിയുമിന്ദ്രിയങ്ങളെ
മുറിയും കരളിൽ കുഴമ്പുപോ–
ലുറയും ശീതളമൂർച്ചയോർപ്പു ഞാൻ. 55

മൃതിതൻ മകളെന്നു തോന്നുമാ–
സ്ഥിതിയിൽ ദേഹികാം പേടി തേടിലും
മതി കാഞ്ഞു ഞെരുങ്ങുവോക്കതി–
ങ്ങതിമാത്രം സുഖമേകിടുന്നതാൻ. 56

പ്രിയനിൽ പക തോന്നിടാതെയും
ഭയവും നാണവുമോമ്മിയാതെയും
സ്വയമങ്ങനെയത്തമസ്സുതൻ–
കയമാന്നെൻ മതി താണു നിന്നിതേ. 57

മലർമെത്തയിൽ മേനി നോവുമെ–
ന്നലസാംഗം ഘനഗർഭഭാരവഹം
അലയാതെ ശയിച്ചു കണ്ടകാ–
കുലമായ് കീടമിയന്ന ഭ്രവതിൽ. 58

പെരുമാരിയിൽ മുങ്ങി മാഞ്ഞിടു–
ന്നൊരു ഭ്രമിക്കു ശരത്തുപോലവേ
പരമെന്നരികത്തിലെത്തിയ–
പ്പുരുവിദ്യാനിധി നിന്നതോർപ്പു ഞാൻ. 59

Digitized By Kerala Sahitya Akademi

''നികടത്തിൽ മദീയമാശ്രമം
മകളേ! പോരികതോക്ക് നിൻ ഗൃഹം,''
അകളങ്കമിവണ്ണമോതിയെ–
ന്നകമൊട്ടാററി പിതൃപ്രിയൻ മുനി. 60

മതിമേൽ മൃഗതൃഷ്ണപോൽ ജഗൽ–
സ്ഥിതിയെന്നും, സ്ഥിരമായ ശാന്തിയേ
ഗതിയെന്നമലിഞ്ഞു ബുദ്ധിയിൽ–
പതിയുന്മട്ടുരചെയ്ത മാമുനി. 61

എരിയുന്ന മഹാവനങ്ങളെ ത–
ന്നരികിൽ ശീതളനീർത്തടാകമോ?
തിരതല്ലിയെഴുന്ന സിന്ധുവിൻ–
കരയോ? ശാന്തികരം തപോവനം. 62

സകപോലവെളിച്ചമീഷ്യയാം
പുക മൂടാത്ത മുനീന്ദ്രയോഷമാർ
ഇടരെന്നി ലസിക്ക! സൗമ്യമാ–
മുടജത്തിന്റെ കെടാവിളക്കുകൾ. 63

തരുപക്ഷിമൃഗങ്ങളോടുമി–
ന്നരരോടും സുരരോടുമെന്നുമേ
ഒരുമട്ടിവരുള്ളിലേന്തുമ–
സ്സുരളസ്നേഹരസം നിനപ്പു ഞാൻ. 64

അനലാക്വെിധുക്കളാവിധം
വനശൈലാദികൾ വേദമെന്നതിൽ
മനതാരലയാതവക്കെഴും
ഘനമാമാസ്തികബുദ്ധിയോർപ്പു ഞാൻ. 65

മഹിയിൽ ശ്രുതിപോലെ മാന്യമാർ,
പ്രയതാത്മാക്കളൃഷിപ്രസൂതിമാർ,
വിഹിതാവിഹിതങ്ങൾ കാട്ടുവോർ
സ്വയമാചാരനിദർശനങ്ങളാൽ. 66

ഇതിഹാസപുരാണസൂക്തകഥാ–
സ്രുതിയാൽ ജീവിതഭ്രമനച്ചിവർ
ചിതമായുരുന്ന ചേതനാ–
ലതയിൽ പുഷ്പഫലങ്ങളാക്കുമേ. 67

പ്രതിയാം കണവന്റെ സേവ നിർ–
വൃതിയാസ്സുഖമൊരു ദ്ധരാഗമാർ

Digitized By Kerala Sahitya Akademi

പതിദേവതമാർ ജയിക്ക,യു-
ക്കൊതിയോരാത്തവർ ഭോഗമായ്കയിൽ. 68

സ്മൃതി വിസ്മൃതമാകിലും സ്വയം
ശ്രുതി കാലാബ്ധിയിലാണ്ടുപോകിലും
അതിപാവനശീലമേലുമി-
സ്സുതിമാർ വാണിടുമൂഴി ധന്യമാം. 69

കനിവിന്നറവായ് വിളങ്ങുമീ-
വനിതാമൗലികളോടു വേഴ്ചയാൽ
അനിവാര്യവിരക്തിരക്ഷരാം
മുനിമാരാർദ്രതയാന്നിടുന്നതാം. 70

ഗുണചിന്തകളാൽ ജഗത്ത്രയം
തൃണമാക്കും മതിമാൻ മഹാകവി
ഇണചേർന്ന മരിച്ച കൊറ്റിയിൽ
ഘൃണതേടാനിതുതാൻ നിമിത്തമാം. 71

ഇടപെട്ടിവരൊത്തു മേവുവാ-
നിടയാക്കീടിന ദുർവ്വിധിക്കഹോ!
പടുശല്യഭിഷക്കിനെന്നപോ-
ലൊടുവിൽത്താനണബദ്ധയായി ഞാൻ. 72

പരിതൃപ്പിയെഴാത്ത രാഗമാ-
മെരിതീക്കിന്ധനമായി നാരിമാർ
പുരിയിൻ സ്വയമാത്മജീവിതം
കരിയും ചാമ്പലുമാക്കിടുന്നിതേ. 73

പരപുച്ഛവുമഭ്യസൂയയും
ദുരയും ദുർവ്യതിയാനസക്തിയും
കരളിൽ കുടിവച്ചു ഹാ! പര-
സ്പരയായ് പൗരികൾ കെട്ടുപോയിതേ! 74

നിജദോഷനിദർശനാന്ധമാർ
സുജനാചാരമവിശ്വസിക്കുവോർ
രുജതേടി മരിപ്പു കല്മഷ-
പ്രജമാം കാമലബാധയാലിവർ. 75

ചെളിമൂടിയ രത്നമെന്നപോ-
ലൊളി പോയ് ചിത്തഗ്രഹാന്തകീടമായ്
വെളിവറ്റൊരഴുക്കുകുണ്ടിൽ വീ-
ണളിവൂ ദുർജ്ജനപാപചേതന. 76

Digitized By Kerala Sahitya Akademi

വിഷയസ്പൃഹയായ നാഗമു-
ത്തൃഷപൂണ്ടഗ്ഗ്രഹതൻ മുഖംവഴി
വിഷവഹനി വമിക്കവേ പരം
വിഷമിക്കുന്ന സമീപവർത്തികൾ. 77

വിലയാന്ന വിശിഷ്ടവസ്ത്രവും
വിലസും പൊന്മണിഭ്രഷണങ്ങളും
ഖലരാം വനകൂപപംക്തിമേൽ
കലരും പുഷ്പലതാവിതാനമാം. 78

വിധുകാന്തിയെ വെന്ന ഹാസവും
മധു തോല്പ്പും മധുരാക്ഷരങ്ങളും
അതിഭീഷണപൗരഹൃത്തിലെ-
ച്ചതിരക്ഷോവരചാരരെന്നുമേ. 79

കൊടി തേർ പട കോട്ട കൊത്തളം
കൊടിയോരായുധമൊന്നുമെന്നിയേ
നൊടിയിൽ ഖലജിഹ്വ കൊള്ളിപോ-
ലടിയേ വൈരിവനം ദഹിക്കുമേ. 80

നൃപഗാഢവിചിന്തനം കഴി-
ഞ്ഞപരോക്ഷീകൃതമായ കൃത്യവും
അപഥം വഴി സത്വരം കട-
ന്നുപജാപം തലകീഴ്മറിക്കുമേ. 81

സുപരീക്ഷിതമായ രാഗവും
കൃപയുംകൂടി മറന്ന കേവലം
കൃപണോക്തികൾ കേട്ട ബുദ്ധികെ-
ട്ടപകൃത്യത്തിനു ചാടുമേ നൃപർ. 82

മുടിയിൽ കൊതിചേർത്തു പുത്രനെ-
ജ്ജടിയാക്കും ചിലർ; തൽകുമാരരോ
മടിവിട്ട മഹാവനത്തിലും
വെടിയും ദോഹദമാർന്ന പത്നിയെ. 83

അഹഹ! സ്മൃതിവായ ഹൃത്തിലെ-
ദ്ദഹനജ്വാല വളർത്തി വീണ്ടുമേ
സഹസാ പുടപാകരീതിയായ്
നിഹനിപ്പൂ ഹതമെന്റെ ജീവിതം. 84

ശ്രുതി കേട്ട മഹീശർതന്നെയീ-
വ്യതിയാനം സ്വയമേ തുടങ്ങുകിൽ

Digitized By Kerala Sahitya Akademi

ക്ഷതി ധ്രുഗതിക്കു പറ്റിതാൻ
ക്ഷിതി ശിഷ്ടക്കനിവാസ്യമായിതാൻ. 85

തെളിയിച്ചു വിരക്തിയെന്നില-
ന്നൊളിവായ് ലങ്കയിൽവച്ചു, പിന്നെയും
ചെളിയിൽ പദമൂന്നിയെന്തിനോ
വെളിവായിക്കഴുകുന്ന രാഘവൻ! 86

പെരുകും പ്രണയാനുബന്ധമാ-
മൊരു പാശം വശമാക്കിയീശ്വരാ!
കുരുതിക്കുഴിയുന്ന നാരിയെ-
പ്പുരുഷന്മാരുടെ ധീരമാനിത! 87

ഇതരേതരസക്തരാം ഗൃഹ-
വ്രതബന്ധുക്കളെ ജീവനോടുമേ
സതതം പിടിപെട്ടെരിക്കുമ-
ച്ചിരയാം ശങ്ക മനുഷ്യനുള്ളതാം. 88

അതിപാവനമാം വിവാഹമേ!
ശ്രുതിമന്ദാരമനോജ്ഞപുഷ്പമായ്
ക്ഷിതിയിൽ സുഖമേകി നിന്നനിൻ-
ഗതി കാൺകെത്രയധഃപതിച്ചു നീ! 89

ഗ്രണമാണ വിധിക്കു ലാക്കതിൽ
പിണയാം പൂരുഷദോഷമീവിധം
ക്ഷണമാ വിപരീതവൃത്തിയാൽ
ത്രുണയെന്യേ ശ്രുതിയപ്രമാണമാം. 90

നെടുനാൾ വിപിനത്തിൽ വാഴുവാ-
നിടയായ് ഞങ്ങളതെന്റെ കുറ്റമോ!
പടുരാക്ഷസചക്രവർത്തിയെ-
ന്നടൽ മോഹിച്ചതു ഞാൽ പിഴച്ചതോ? 91

ശരി, ഭ്രുപതി സമ്മതിക്കണം
ചരിതവ്യത്തിൽ നിജപ്രജാമതം
പിരിയാം പല കക്ഷിയായ് ജനം
പരിശോധിച്ചറിയേണ്ടയോ നൃപൻ! 92

തനതക്ഷികളോടുതന്നെയും
ഘ്നനമേറും ഖലജിഹ്വ മല്ലിടാം
ജനവാദമപാർത്ഥമെന്നതി-
ന്നനഘാചാരയെനിക്കു സാക്ഷി ഞാൻ. 93

Digitized By Kerala Sahitya Akademi

കരതാരിലണഞ്ഞ ലക്ഷ്മിയെ
ത്വരയിൽ തട്ടിയെറിഞ്ഞു നിഷ്കൃപം
ഭരതന്റെ സവിത്രി, അപ്പൊഴം
നരനാഥൻ ജനചിത്തമോർത്തിതോ? 94

അതു സത്യപരായണത്വമാ–
മിതു ധർമ്മവ്യസനിത്വമെന്നുമാം
പൊതുവിൽ ഗുണമാക്കിടാം ജനം
ചതുരന്മാരുടെ ചാപലങ്ങളും. 95

ജനമെന്നെ വരിച്ചു മുമ്പുതാ–
നനുമോദത്തൊടു സൗഖ്യഭൂമിയായ്
പുനരെങ്ങനെ നിന്ദ്യയായി ഞാൻ
മനുവംശാംഗരാഗമാണ്ടനാൾ? 96

നയമായ് ചിരവന്ധ്യയെന്നതാൻ
പ്രിയമെന്നിൽപ്പെടുമഭ്യസൂയകാ
സ്വയമേയപവാദശസ്ത്രമാ–
ണ്ടയുരാമെന്നതു വന്നുകൂടയോ? 97

ഭരതൻ വനമെത്തിയപ്പൊഴം
പരശങ്കാവിലമായ മാനസം
നരകല്പുഷചിന്ത തീണ്ടുവാൻ
തരമെന്യേ ധവളീഭവിച്ചിതോ. 98

പതിയാം പരദേവതസ്തുഹോ!
മതിയർപ്പിച്ചൊരു ഭക്തയല്ലി ഞാൻ
ചതിയോർക്കിലുമെന്നൊടോതിയാൽ
ക്ഷതിയെന്തങ്ങനെ ചെയ്യുവോ നൃപൻ? 99

ഇടനെഞ്ചിളകിസ്സ്രുതിക്കിതി–
ന്നിടയിൽ കണ്ണുകൾ പെയ്യ നീക്കണം
പുടഭേദകമായ തെന്നലേ–
റ്റിടറും ഗുല്മദലങ്ങളെന്നപോൽ. 100

തരളാക്ഷി തുടർന്ന ചിന്തയെ–
ത്തരസാ ധാര മുറിഞ്ഞിടാതെതാൻ
ഉരപേറുമൊഴുക്കു നില്ലുമോ
തിരയാൽ വായു ചമച്ച സേതുവിൽ? 101

ഗിരിഗഹ്വരമുഗ്രമാം വനം
ഹരിശാർദ്ദൂലഗണങ്ങൾ പാമ്പുകൾ

Digitized By Kerala Sahitya Akademi

പരിഭീകരസിന്ധു രാക്ഷസ–
പ്പരിഷ്വസ്തള്ള നികേതമാദിയായ്, 102

നരലോകമിതിൽപ്പെടാവതാം
നരകം സ്വമറിഞ്ഞ ഞാൻ
പരമാത്മതോരിലഞ്ചുവാൻ
തരമില്ലെന്തിനൊളിച്ചു മന്നവൻ? 103

പതിചിത്തവിരുദ്ധവൃത്തിയാം
മതിയുണ്ടോ കുലസ്ത്രീ ജാനകി?
കുതികൊണ്ടിടുമോ മഹോദധി–
ക്കെതിരായ് ജാഹ്നവിതന്നൊഴുക്കുകം? 104

അപകീർത്തിഭയാന്ധനീവിധം
സ്വപരിക്ഷാളനതല്പരൻ നൃപൻ
കൃപണോചിതവൃത്തിമൂലമെ–
ന്നപവാദം ദൃഢമാക്കിയില്ലയോ? 105

അപരാധിയെ ദണ്ഡിയാതെയാം
കൃപയാൽ സംശയമാന്ന ധാർമ്മികൻ
അപകൽപ്പഷ ശിക്ഷയേറു ഞാൻ
നൃപനിപ്പാപമൊഴിപ്പതെങ്ങനെ 106

അതിവത്സല ഞാനുരച്ചിതെൻ
കൊതി വിശ്വാസമൊടന്നു ഗർഭിണി
അതിലേ പദമൂന്നിയല്ലിയി–
ച്ചതിചെയ്തു! നൃപനോക്കുവയ്യ! താൻ. 107

ജനകാജ്ഞ വഹിച്ചു ചെയ്ത തൻ–
വനയാത്രയ്ക്കു തുണയ്ക്കു പോയി ഞാൻ!
അനയൻ പ്രിയനെന്നെയേകയായ്
തനതാജ്ഞയ്ക്കിരയാക്കി കാടിതിൽ! 108

ഇതരേതരഭേദമറ്റ ഹൃദ്–
ഗതമാം സ്നേഹമതങ്ങു നില്ക്കുക,
ശ്രുതമായ കൃതജ്ഞഭാവവും
ഹതമാക്കീ നൃപനീ ഹതാശയിൽ. 109

രുജയാന്മകം കനിഞ്ഞു തൻ–
പ്രജയെപ്പോറ്റുമുറുമ്പുപോലുമേ
സുജനാഗ്രണി കാട്ടിലെൻപ്രിയൻ
നിജ ഗർഭത്തെ വലിച്ചെറിഞ്ഞിതേ. 110

Digitized By Kerala Sahitya Akademi

ശത്രുരൻ ബഹ്യജ്ഞടീക്ഷയാ–
ലത്രുഭം നീക്കി ലഭിച്ച നന്ദനൻ
പിത്രുനോക്തികൾ കേട്ട പുണ്യമാം
ശിത്രുലാഭോത്സവമുന്നഥിച്ചിതേ! 111

അരുതോക്കിൽ, നൃപൻ വധിച്ചു നി–
ഷ്ക്രുണം ചെന്നൊരു ശ്രുദ്രയോഗിയെ
നിഗ്രഹിക്കിൽ മയക്കി ഭ്രുപനെ
തരുണീപാദജഗർഹിണീ ശ്രുതി! 112

സഹജാർദ്രുത ധർമ്മമാദിയാം
മഹനീയാത്മഗുണങ്ങൾ ഭ്രുപനെ
സഹധർമ്മിണിയാക്കു മുന്നു ഹാ!
സഹസാ വിട്ടുപിരിഞ്ഞുപോയിതാൻ. 113

വനഭ്രുവിൽ നിജാശ്രുമത്തിലെ–
ഗ്ഘനഗർഭാതുരയെൻമൃഗാംഗന
തനതക്ഷിപഥത്തിൽ നില്ലുവേ
നനയും മൽപ്രിയനാശ്രു കൺമുന. 114

അതികോമളമാകുമമ്മനഃ–
സ്ഥിതി കാട്ടിൽ തളിർപോലുദിപ്പതാം
ക്ഷിതിപാലകപട്ടബന്ധമാം
മതിയോ ചർമ്മകഠോരമെന്നുമാം. 115

നിയതം വനവാസവേളയിൽ
പ്രിയനന്യാദൃശഹാർദ്ദമാർന്നതാൻ
സ്വയമിങ്ങു വിഭ്രുത്വമേറിയാൽ
ക്ഷയമേലാം പരമാർത്ഥസൗഹൃദം. 116

നിയമങ്ങൾ കഴിഞ്ഞു നിത്യമാ–
പ്രിയഗോദാവരിതൻ തടങ്ങളിൽ
പ്രിയനൊത്തു വസിപ്പതോർപ്പു ഞാൻ
പ്രിയയായും പ്രിയശിഷ്യയായുമേ. 117

ഒരു ദമ്പതിമാരുമൂഴിയിൽ
കരുതാത്തൊരു വിവിക്തലീലയിൽ
മരുവീ ഗതഗർവർ ഞങ്ങള–
ങ്ങിരുമെയ്യാണ്ടൊരു ജീവിപോലവേ. 118

നളിനങ്ങളുറുഞ്ഞു നീന്തിയും
കുളിരേലും കയമാർന്നു മുങ്ങിയും

Digitized By Kerala Sahitya Akademi

പുളിനങ്ങളിലൊന്നാടോടിയും
കളിയാട്ടം പ്രിയനന്ന കുട്ടിപോൽ. 119

പറയേണ്ടയി! ങ്ങനം, ബുദ്ധിയിൽ
കുറവില്ലാത്ത മൃഗങ്ങൾപോലെയും
നിറവേറി സുഖം വനങ്ങളിൽ
ചിറകില്ലാത്ത ഖഗങ്ങൾപോലെയും. 120

സഹജാമലരാഗമേ! മനോ–
ഗ്രഹയേലും സ്ഫുടരത്നമാണ നീ
മഹനീയമതാണ മാറില്ല–
ന്നഹമാത്മാവണിയുന്ന ഭ്രഷണം. 121

പുരുഷന്ന പുമർത്ഥഹേതു നീ
തരുണീകരതരുണീഗ്രണങ്ങളാം നീ
നിരൂപിക്കുകിൽ നീ ചമയ്പു ഹാ!
മരുഭ്ര മോഹനപുഷ്പവാടിയായയ്. 122

നയമാഗ്ഗചരക്കു ദീപമാ–
യുയരും നിൻപ്രഭ നാകമേറുവാൻ
നിയതം നരകം നയിപ്പു നി–
ന്നയഥായോഗമസജ്ജനങ്ങളെ. 123

മതിയും സ്വയമിങ്ങു രാഗമേ!
ക്ഷതിയേകില്ല നിനക്കു വാഴ്വു നീ,
സ്മൃതിയാം പിതൃലോകസീമയിൽ
പതിവായശ്രുനിവാപമുണ്ടുമേ. 124

ചതിയറൊരമഷ്മല്ല നിൻ
പ്രതിമല്ലൻ പ്രിയതേ, പരസ്പരം
രതിമാഗ്രമടച്ചു ഹൃത്തിൽ നിൻ
ഹതിചെയ്യുന്നതു ഗർവ്വമാണ കേവം. 125

സമദൃഷ്ടി, സമാർത്ഥചിന്തനം
ക്ഷമ,യന്യോന്യഗ്രണാനുരാഗിത,
ക്രമമായിവയെക്കരണ്ടിടാം
ശ്രമമറാന്തരഗർവ്വമൂഷികൻ. 126

വിഭവോന്നതി, കൃത്യവൈഭവം,
ശുഭവിഖ്യാതി, ജയങ്ങളം മേൽക്കുമേൽ,
പ്രഭവിഷ്ണുതയെന്നിവറയാൽ
പ്രഭവിക്കാം ദുരഹന്തയാക്കുമേ. 127

Digitized By Kerala Sahitya Akademi

അതിമാനിതയായ വായുവിൻ
ഹതിയാൽ പ്രേമവിളക്കു പോയ് മനം
സ്ഥിതിതന്നൊലി കേട്ടു ചെന്നഹോ!
പതിയാം സാഹസദുർഗ്ഗമങ്ങളിൽ. 128

സ്ഥിതിയിങ്ങനെയല്ലയെങ്കിലി–
ശ്രുതിദോഷത്തിൽ വിരക്തിയെന്നിയേ
ക്ഷിതിവാണിടുമോ സഗർഭയാം
സതിയെക്കാട്ടിൽ വെടിഞ്ഞു മന്നവൻ? 129

നിഹതാരികുലം ഭരിക്കുവാൻ
സഹജന്മാർ നൃപനില്ലി യോഗ്യരായ്?
സഹധർമ്മിണിയൊത്തു വാഴുവാൻ
ഗഹനത്തിൽ സ്ഥലമില്ലി വേണ്ടപോൽ? 130

പരിശുദ്ധവനാശ്രമം നൃപൻ
പരിശീലിച്ചറിവുള്ളതല്ലയോ?
തിരിയുന്നവയല്ലയോ നൃപ–
ന്നരിയോരാത്മവിചാരശൈലികൾ? 131

പറവാൻ പണി—തൻപ്രിയസ്ത്രീരാമം
കുറ ചൊന്നാൽ സഹിയാ കുശീലനും,
കറയെന്നിലുരപ്പതുത്തമൻ
മറപോലെങ്ങനെ കേട്ടു മന്നവൻ. 132

ഒരു കാക്കയൊട്ടും കയർത്തതും
പെരുതാമാശരവംശകാനനം
മരുവാക്കിയതും നിനസ്സിലു–
ള്ളുരുഷവ്യാഘ്രനിതും വരാവതോ? 133

അഥവാ നിജ നീതിരീതിയിൽ
കഥയോരാം പല തെറ്റിനാൽ നൃപൻ
പ്രഥമാനയശോധനൻ പരം
വ്യഥയട്ടുശ്രുതി കേട്ടിയന്നിടാം. 134

ഉടനുള്ളിലെരിഞ്ഞ തീയിൽനി–
ന്നിടറിപ്പൊങ്ങിയ ധർമ്മശൂരത
സ്ഫുടമോതിയ കർമ്മമഹാൻ
തുടരാം—മാനി വിപത്തു ചിന്തിയാ. 135

വിഷയാധിപധർമ്മമോർത്തഹോ!
വിഷമിച്ചങ്ങനെ ചെയ്തതാം നൃപൻ

Digitized By Kerala Sahitya Akademi

വിഷസംക്രമശങ്കമൂലമായ്
വിഷഹിക്കും ബുധരംഗകൃന്തനം! 136

ബലശാലിയിയന്നിടും പുറ–
ത്തലയാത്തോരു വികാരമുഗ്രമാം
നിലയറൊരു നീക്കയത്തിനു–
ള്ളിലയെക്കാം ചുഴിയാം ഭയങ്കരം! 137

പരകാര്യപരൻ സ്വകൃത്യമായ്
ത്വരയിൽ തോന്നുവതേറുരച്ചിടും
ഉരചെയ്തതു ചെയ്തിടാതെയും
വിരമിക്കാ രഘുസൂനു സത്യവാൻ. 138

അതിദുഷ്കരമാമരക്കർതൻ–
ഹതിയെട്ടണ്ഡകയിങ്കലേറ്റതും
ധൃതിയിൽ പുനൃശ്യമൂകഭ്ര–
വതിലെബ്ബാലിവധപ്രതിജ്ഞയും. 139

പലതുണ്ടിതുപോലെ ഭാനുമൽ–
കുലചൂഡാമണി ചെയ്ത സാഹസം
ചില വീഴ്ച മഹാനു ശോഭയാം
മലയിൽ കന്ദരമെന്നമാതിരി. 140

മുനിപുത്രനെയമ്പുനാനയെ–
ന്നനുമാനിച്ചടനെയ്ത കൊന്നതും
തനിയേ വരമേകി തൻ പ്രിയ–
സ്സുനുതാപാതുരനായ് മരിച്ചതും. 141

മികവേറിയ സാഹസങ്ങളാം
പകവിട്ടിന്നതു പാത്തു കാണുകിൽ
മകനീവക മർഷണീയമാം;
പകരും ഹേതുഗ്രണങ്ങാം വസ്തുവിൽ. 142

അജനായ പിതാമഹൻ മഹാൻ
നിജകാന്താമൃതി കണ്ടു ഖിന്നനായ്
രുജയാനു മരിച്ചു തൽകല–
പ്രജയിൽ തദ്ഗ്രണശൈലിയും വരാം. 143

അതിനില്ല വികല്പമിപ്പൊഴും
ക്ഷിതിപൻ മൽപ്രണയൈകനിഷ്ഠനാം
പതിയാ വിരഹം മഥിക്കിലും
രതിയും രാഘവനോക്കിലന്യയിൽ. 144

Digitized By Kerala Sahitya Akademi

പ്രിയനാഥ്യവിയോഗവേളയിൽ
സ്വയമുന്മാദമിയന്നു രാഘവൻ
ജയമാൻ മടങ്ങി വീണ്ടുമാ–
പ്രിയമെന്നിൽ തെളിയിച്ചു നാമുക്കുനാം. 145

അതു പാക്കുകിലിപ്പൊഴെത്രയി–
പ്പുതുവേർപാടിൽ വലഞ്ഞിടാം നൃപൻ
അതിമാനിനി ഞാൻ സഹിക്കുമി–
സ്ഥിതിയസ്സാനുശയൻ പൊറുക്കുമോ? 146

അഹഹ! സ്വയമിന്നു പാക്കിലുമാ–
സ്പൃഹയാൽ കാഞ്ചനസീതയാണുപോൽ
സഹധർമ്മിണി യജ്ഞശാലയിൽ
ഗഹനം സജ്ജനചര്യയോക്കുകിൽ! 147

അതിസങ്കടമാണു നീതിതൻ–
ഗതി; കഷ്ടം! പരതന്ത്രർ മന്നവർ;
പതി നാടുകടത്തിയെന്നെ, മൽ–
പ്രതിമാരാധകനാവതായ് ഫലം! 148

ഒളിയൊന്നു പരന്നുടൻ കവിൾ–
ത്തളിമത്തിൽ ചെറുകണ്ടകോദ്ഗമം
ലളിതാംഗിയിയന്നു, പൊന്മണൽ–
പുളിനം നെന്മുളപൂണ്ടമാതിരി. 149

ഘനമാമനുകമ്പയിൽ തട–
ഞ്ഞനതിവ്യാകുലമായി നിന്നുടൻ
ജനകാത്മജതന്റെ ചിന്തയാം
വനകല്ലോലിനി പാഞ്ഞു വീണ്ടുമേ. 150

അറിയുന്നിതു ഹന്ത! ഞാൻ വിഭോ!
പുറമേ വമ്പൊട്ട തന്റെ കൈയിനാൽ
മുറിവനുഹമ്മേറ്റു നീതിത–
ന്നറയിൽ പാർപ്പു, തടങ്ങലിൽ ഭവാൻ! 151

ഉരുപേറിയ കീഴ്നടപ്പിലായ്
മറയാം മാനവനാത്മവൈഭവം
ചിരബന്ധനമാന്ന പക്ഷിതൻ–
ചിറകിൻ ശക്തി മറന്നുപോയിടാം. 152

പ്രിയയും ചെറുപൊൻകിടാങ്ങളും
നിയതം കാട്ടിലെഴുന്ന ചേക്കകൾ

Digitized By Kerala Sahitya Akademi

സ്വയമോത്തുടനുദ്ഗളാന്തനായ്
പ്രയതൻ കൂട്ടിലഴന്നിടാം ഭവാൻ. 153

ചിലതിന്നൊലി കേട്ടുമന്തരാ
ചിലതിൻ ഛായകളം കണ്ടുമാത്തനായ്
നിലയിൽ ചിറകാട്ടിയും ഭവാൻ
വലയാം ചഞ്ചുപുടങ്ങളം നീട്ടിയും. 154

തനിയേ നിജ ശയ്യയിൽ ഭവാ–
നനിവാര്യാത്തിക.ലന്തരുണ്ടിടാം
കനിവാൻ പുലമ്പിടാം കിട–
ന്നനിശം ഹന്ത! കിനാവു കണ്ടിടാം. 155

മരുവാം ദയിതാവിരക്തനായ്
മരുവാം ദുർവിധിയാൽ വിയുക്തനായ്
വരുവാൻ പണി കൃത്യനിഷ്ടയാൽ
പെരുതാം ത്യാഗമിവണ്ണമാക്കുമേ. 156

മുടി ദൂരെയെറിഞ്ഞു തെണ്ടിടാം
വെടിയാമന്യനുവേണ്ടി ദേഹവും
മടിവിട്ട ജനേച്ഛുപോലെ, തൻ–
തടി കാത്തുഴി ഭരിക്ക ദുഷ്ക്കരം. 157

എതിരറ്റ യമാദിശിക്ഷയാൽ
പ്രതികാംക്ഷം ബഹുമാന്യനമ്മഹാൻ
ക്ഷിതിപാലകധർമ്മദീക്ഷയാ–
ന്നതിവത്തിപ്പു സമസ്തരാജകം. 158

കൃതികാംക്ഷ നെടുംതപസ്സിനാം
ക്ഷിതിവാസം സ്വസുഖത്തിനല്പതാൻ
എതിരിട്ട വിപത്തൊടെന്നുമു–
ന്നതി, വിശ്വോത്തരനാന്ന രാഘവൻ. 159

കൊതിയേറിടുമിന്ദ്രിയങ്ങളെ–
പ്പ്രതിവായ്പ്പോററി നിരാശനായ് സദാ
മുതിഭീതിയെ നീട്ടി വാഴുമ–
സ്ഥിതി ഞാൻ ജീവിതമെന്ന ചിന്തിയാ. 160

അതിമാനുഷശക്തിയെങ്കിലും
യതിയെക്കാളം യമശാലി രാഘവൻ
ദൃതിയേറിയ ധർമ്മദീപമ–
ന്മതിമാൻ മാന്യനെനിക്കു സർവ്വഥാ. 161

Digitized By Kerala Sahitya Akademi

അതിവിസ്തൃതകാലദേശജ–
സ്ഥിതിയാൽ നീതി വിഭിന്നമാകിലും
ക്ഷിതിനാഥ! പരാത്മജീവികൾ–
ക്കെതിരില്ലാത്ത നിദർശനം ഭവാൻ. 162

ക്ഷുഭിതേന്ദ്രിയ ഞാൻ ഭവാനിലി–
ന്നുപദർശിച്ച കളങ്കരേഖകൾ
അഭിമാനിനിയാം സ്വകാന്തയിൽ
കൃപയാൽ ദേവ! ഭവാൻ ക്ഷമിക്കുക. 163

നിരൂപിക്കുകിൽ നിന്ദ്യമാണ മ–
ച്ചരിതം, ഞാൻ സുചരിത്രയെങ്കിലും
ഉരുദുഃഖനിരസ്സ നൽകിനേ–
നിരയായിപ്പലവാറു കാന്തനെ. 164

അത്തമല്ലിവംമൂലമെത്രപേർ
പതിമാർ ചത്തു വലഞ്ഞു നാരിമാർ
അത്തപോലെ പിതാക്കൾ പോയഹോ!
ഗതികെട്ടെത്ര കിടാങ്ങൾ ഖിന്നരായ്. 165

അറിവാൻ പണി,നീതിസംഗ്രഹം
മറിയാം കാറുകണക്കെയെങ്കിലും
കുറിയിൽ കടുകമ്പുപാകമ–
മ്മുറിയേൽപ്പിച്ചിടുമമ്പുപോലെതാൻ. 166

മതി തീക്ഷ്ണശരങ്ങളേ! ശ്രമം;
ക്ഷതമേലാ മരവിച്ചൊരെന്മനം.
കുതികൊള്ളുക ലോകചക്രമേ!
ഹതയാം സീതയെയിങ്ങു തള്ളുക. 167

ചരിതാർത്ഥതയാർന്ന ദേഹിയിൽ
തിരിയെശ്ശോഭനമല്ല ജീവിതം
പിരിയേണമരങ്ങിൽനിന്നുടൻ
ശരിയായിക്കളിതീർന്ന നട്ടുവൻ. 168

വനഭൂവിൽ നശിപ്പു താൻ പെറും
ധനമന്യാർത്ഥമകന്ന ശാലികൾ
ഘനമറു കിടപ്പു മുത്തുതൻ
ജനനീശ്രുക്തികൾ നീക്കയെങ്ങളിൽ. 169

തെളിയുന്ന മനോനഭസ്സിനി–
ക്കൊളിവീശുന്നിതു ബുദ്ധി മേൽക്കുമേൽ

Digitized By Kerala Sahitya Akademi

വെളിവായ് വിലസുന്ന സിന്ധുവിൽ
കളിയായ് ചെന്നണയുന്നൊരിന്നദി. 170

ഇനി യാത്ര പറഞ്ഞിടട്ടെ ഹാ!
ദിനസാമ്രാജ്യപതേ! ദിവസ്പതേ!
അനിയന്ത്രിതദീപ്തിയാം കതിർ–
ക്കനകാസ്ത്രാവൃതനാം ഭവാനു ഞാൻ. 171

സുസിതാംബരനായി വൃദ്ധനായ്
ബിസിനീതന്തുമരീചികേശനായ്
ലസിതസ്മിതനായ ചന്ദ്രികാ–
ഭസിതസ്നാത! മൃഗാങ്ക! കൈതൊഴാം. 172

അതിഗാഢതമസ്സിനെത്തുര–
ന്നെതിരേ രശ്മികൾ നീട്ടി ദൂരവേ
ദ്യുതികാട്ടമുഡുക്കളേ! പരം
നതി നിങ്ങൾക്കതിമോഹനങ്ങളേ! 173

സ്വയമന്തിയിലും വെളുപ്പിലും
നിയതം ചിത്രവിരിപ്പു നെയ്യടൻ
വിയദാലയവാതിൽ മൂടുമെൻ–
പ്രിയസന്ധ്യേ! ഭവതിക്കു വന്ദനം. 174

രമണീയവനങ്ങളേ! രണൽ–
ഭ്രമരവ്യാകുലമാം സുമങ്ങളേ!
ക്രമമെന്നി രസിച്ചു നിങ്ങളിൽ
പ്രമദംപൂണ്ടവനം യാത്രചൊൽവു ഞാൻ. 175

അതിരമ്യമഹിജ്ജഗത്തൊടി–
ന്നഥവാ വേർപിരിയേണ്ടതില്ല ഞാൻ
ക്ഷിതിയിൽ തനുചേരുമെൻ മനോ–
രഥമിബ്ഭംഗികളോടുമൈക്യമാം. 176

ജനയിത്രി! വസുന്ധരേ! പാരം
തനയസ്നേഹമൊടെന്നെയേന്തി നീ
തനുജ്ജ്വലമഞ്ചഭ്രുവിലേ–
ക്കനഘേ! പോവതു ഹന്ത! കാണ്മു ഞാൻ. 177

ഗിരിനിർത്തരശാന്തിഗാനമ–
ട്ടരിയിൽ കേട്ടു ശയിക്കുമങ്ങു ഞാൻ
അരികിൽ തംഗ്ലുസഞ്ചയം
ചൊരിയും പൂന്തിര നിത്യമെൻറെമേൽ. 178

Digitized By Kerala Sahitya Akademi

മുകളിൽ കളനാദമാന്നിടും
വികിരശ്രേണി പറന്ന പാടിടും
മുകിൽപോലെ നിരന്ന മിന്നമ–
ത്തകടിത്തട്ടിൽ മൃഗങ്ങൾ തുള്ളിടും. 179

അതുമല്ലയി! സാനുഭൂവിലെ–
പ്പുതുരത്നാവലി ധാതുരാശിയും
കുതുകംതരുമെന്നുമല്ലഹോ!
പൊതുവിൽ സ്വീയമതെന്റെയായിടും! 180

സസുഖം ഭവദങ്കശയ്യമേൽ
വസുധേ,യങ്ങനെ ഞാൻ രമിച്ചിടും
സുസുഷുപ്തിയിൽ—അല്ലയല്ലയെൻ
പ്രസുവേ! ക്ഷുപ്തിയയന്ന പൊങ്ങിടും. 181

തടിനീജലബിംബിതാംഗിയായ്
ക്ഷമയെക്കുമ്പിടുവോരു താരപോൽ
സ്ഫുടമായ് ഭവദംഘ്രിലീന ഞാ–
നമലേ! ദ്യോവിലുയന്ന ദീപമാം. 182

പ്രിയരാഘവ! വന്ദനം ഭവാ–
നയരുന്നു ഭുജശാഖ വിട്ട ഞാൻ
ഭയമറ്റു പറന്നുപോയിടാം
സ്വയമിദ്യോവിലൊരാശ്രയംവിനാ. 183

കനമാന്നേഴമണ്ഡമണ്ഡലം
മനയും മണ്ണിവിടില്ല താഴെയാം
ദിനരാത്രികളറ്റു ശാന്തമാ–
മനഘസ്ഥാനമിതാദിധാമമാം. 184

രുജയാൽ പരിപക്വസത്വനായ്
നിജഭാരങ്ങളൊഴിഞ്ഞു ധന്യനായ്
അജപുത്ര! ഭവാനുമെത്തുമേ
ഭജമാനൈകവിഭാവ്യമിപ്പദം!'' 185

ഉടനൊന്നു നടുങ്ങിയാശ്രു പൂ–
വുടലൂർക്കമ്പമിയന്ന ജാനകി
സ്ഫുടമിങ്ങനെയോതി സംഭ്രമം
തടവിഗ്ഗുബ്ബുവിചാരമിശ്രമായ്: 186

''അതെന്തയി! വീണ്ടുമെത്തി ഞാൻ
തിരുമുമ്പിൽ തെളിവേകി ദേവിയായ്

Digitized By Kerala Sahitya Akademi

മരുവീടണമെന്ന മന്നവൻ
കരുതുന്നോ? ശരി! പാവയോയിവൾ! 187

അനഘാശയ! ഹാ! ക്ഷമിക്ക! എൻ–
മനവും ചേതനയും വഴങ്ങിടാ;
നിനയാഞ്ഞു മറിച്ചു, പോന്നിടാം
വിനയത്തിന്ന വിധേയമാമുടൽ.'' 188

സ്ഫുടമിങ്ങനെ ഹന്ത! ബുദ്ധിയിൽ
പടരും ചിന്തകളാൽ തുടിച്ചിതേ
പുടവഞ്ഞു പിടിച്ച തീ ചുഴ–
ന്നുടൽ കത്തുന്നൊരു ബാലപോലവൾ. 189

''അന്തിക്കു പൊങ്ങി വിലസീടിന താരജാലം
പന്തിക്കു പശ്ചിമപയോധിയണഞ്ഞു മുങ്ങി
പൊന്തിത്തുടങ്ങിയിതരോദ്ഗണങ്ങൾ, സീതേ
എന്തിങ്ങിതെ''ന്നൊരു തപസ്വിനിയോടിവന്നാൾ. 190

പലവുരുവവൾ തീർത്ഥപ്രോക്ഷണംചെയ്തു താങ്ങി–
ച്ചലമിഴിയെയകായിൽ കൊണ്ടുപോയിക്കിടത്തി
പുലർസമയമടുത്തു കോസലത്തിങ്കൽനിന്ന–
ക്കുലപതിയുമണഞ്ഞു രാമസന്ദേശമോടും. 191

വേണ്ടാ ഖേദമെടോ, സുതേ! വരികയെ–
ന്നോതും മുനീന്ദ്രന്റെ കാൽ–
ത്തണ്ടാർ നോക്കിനടന്നധോവദനയായ്
ചെന്നസ്സഭാവേദിയിൽ
മിണ്ടാതന്തികമെത്തി,യൊന്നനുശയ–
ക്ലാന്താസ്യനാം കാന്തനെ–
ക്കണ്ടാൾ പൗരസമക്ഷ,മന്നിലയിലീ–
ലോകം വെടിഞ്ഞാൾ സതീ. 192

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

പുഷ്പവാടി

Digitized By Kerala Sahitya Akademi

കവിതകൾ

പ്രഭാതപ്രാർത്ഥന —പേജ് 531
കുട്ടിയും തള്ളയും —532
പുരുക്കോറ കുട്ടി —533
കൊച്ചുകിളി —534
പൂക്കാലം —535
തോട്ടത്തിലെ എട്ടുകാലി —536
അമ്പിളി —537
മിന്നാമിനുങ്ങ് —538
നിശാപ്രാർത്ഥന —540
ഈശ്വരൻ —541
വണ്ടിന്റെ പാട്ട് —542
കപോതപുഷ്പം —543
നിഷ്കപടതയോടു് —544
ഗുണനിഷ —546
സങ്കീർത്തനം —547
ദീപാപ്പണം —549

Digitized By Kerala Sahitya Akademi

മുഖവുര

എന്റെ കൃതിശകലങ്ങളിൽ ചിലതിനെ തിരഞ്ഞെടുത്തു് 'പുഷ്പവാടി' എന്ന പേരിൽ ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിച്ചിട്ടു് ഇപ്പോഴും ഒരു വ്യാഴവട്ടത്തിനുമേലാകും. ഏതാണ്ടു് പത്തുകൊല്ലം മുമ്പു് 'വീണപൂവു്' എന്ന ഖണ്ഡകൃതി പ്രത്യേക പുസ്തകമായി് പ്രസിദ്ധപ്പെടുത്തിയപ്പോഴും അതിന്റെ പുറംകടലാസ്സിൽ ഒരു പരസ്യംവഴിയായി ആ സംഗതി പ്രതിജ്ഞാപിച്ചിരുന്നതായും ഓർക്കുന്നു. അന്നുമുതൽ രേഖാമൂലമായും മുഖദാവിലും 'പുഷ്പവാടി' ആവശ്യപ്പെട്ടുകൊണ്ടു് എന്നെയും എന്റെ പുസ്തകവ്യാപാരികളെയും പല സുഹൃത്തുക്കളും ബുദ്ധിമുട്ടിച്ചുവന്നു എന്നുള്ള വസ്തുതയും വിസ്മരിക്കാവുന്നതല്ല. ഈ കാരണങ്ങളാൽ ഇത്ര താമസിച്ചു പുറപ്പെടുന്നതാണെങ്കിലും ഈ പുസ്തകത്തിനു മറ്റുപ്രകാരമുള്ള ഔചിത്യത്തെപ്പറ്റി അത്രയൊന്നും ചിന്തിക്കാതെതന്നെ 'പുഷ്പവാടി' എന്നു നാമകരണംചെയ്വാൻ ഇടയായിട്ടുള്ളതാണു്. പഴയ പ്രതിജ്ഞയേയും സുഹൃത്തുക്കളുടെ പ്രതീക്ഷയേയും നിറവേറ്റാൻ ഇതു് ഏതെങ്കിലും പ്രകാരത്തിൽ പര്യാപ്തമാകുമെങ്കിൽ ഭാഗ്യമായി.

സാവ്വജനീനമായ ചില ചെറുകൃതികൾ മാത്രമാണു് ഇതിൽ തിരഞ്ഞെടുത്തു ചേർത്തിട്ടുള്ളതു്. അതിൽ ആദ്യമാദ്യം കാണുന്നവ പ്രായേണ ബാഹ്യപ്രകൃതിയിലുള്ള ഏതാനും മനോഹരവസ്തുക്കളേയും സരസസന്ദർഭങ്ങളേയും ഒടുവിലുള്ളവ ഈശ്വരഭക്തി മുതലായ ചില ഉൽകൃഷ്ടമനോഭാവങ്ങളേയും പരാമർശിച്ചു് എഴുതിയിട്ടുള്ളതാകുന്നു. ആദ്യഭാഗം അധികം ബാലന്മാരുടെ അഭിരുചിയെ ലാക്കാക്കിയും ഒടുവിലത്തെ ഭാഗം പ്രായമായവർക്കുകൂടി രസിക്കത്തക്കവണ്ണവും ഉള്ള ഉദ്ധരണങ്ങളുമാണു്. ഓരോ കൃതിയുടേയും അടിയിൽ അതെഴുതിയ കാലത്തേയോ സന്ദർഭത്തേയോ സൂചിപ്പിക്കുന്ന കുറിപ്പുകളും കൊടുത്തിട്ടുണ്ടു്.

ഇതിനെ പിന്തുടർന്നു മറ്റു പ്രമേയങ്ങളിലുള്ള ചില ലഘുകൃതികളും അനുരൂപമായ നാമത്തിൽ പുസ്തകരൂപേണ താമസിയാതെ പുറപ്പെടുന്നതാകുന്നു. ഈ പ്രസിദ്ധീകരണത്തിൽ പ്രൂഫ് പരിശോധിച്ചുംമറ്റും ശ്രീമാന്മാർ കെ. അയ്യപ്പൻ ബി. എ., കെ. സദാശിവൻ ബി.എ. ഈ ഭാഷാപ്രണയികളും ചെയ്തതന്നിട്ടുള്ള സാഹായ്യത്തെ ഞാൻ സസ്നേഹം സ്മരിക്കുന്നു.

തിരുവനന്തപുരം
17_4_1922

കുമാരനാശാൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

പ്രഭാതപ്രാർത്ഥന

സകലാശ്രയമായി രാത്രിയും
പകലും നിന്നെരിയും പ്രദീപമേ,
ജഗദീശ, ജയിക്ക! ശാശ്വതം
നിഗമം തേടിന നിൻപദാംബുജം.

അരുണോദയമായി, പൂക്കൾപോൽ
വിരിയുന്നു കരണോൽക്കരം വിഭോ,
തിരിയെത്തെളിയുന്ന ഹന്ത! നീ
തിര നീക്കുന്നൊരു ലോകരംഗവും.

ഒരു ഭീതിയെഴാതെ കാത്തു, ദു-
ഷ്ടരസാംസാരികപോതയാത്രയിൽ
കര കാട്ടുക നിന്നു നീ കൃപാ-
കര,—ഞാൻ ദിക്കറിയാത്ത നാവികൻ.

ഗ്രണമെന്നിയൊരാൾക്കുമെന്നിൽ നി-
ന്നണയായ്‌വാൻ തരമാകണം വിഭോ,
അണുജീവിയിലും സഹോദര-
പ്രണയം ത്വൽകൃപയാലെ തോന്നണം.

ഉളവാകണമാത്മതുഷ്ടിയീ-
യെളിയോനിങ്ങനെ പോകണം ദിനം,
ഇളകാതെയുമിന്ദ്രിയാർത്തിയാൽ
കളിയായും കളവോതിടാതെയും.

അഖിലോപരിയെന്റെ ബുദ്ധിയിൽ
സുഖദുഃഖങ്ങളിൽ മാറ്റമെന്നിയേ
ജഗദീശ, തെളിഞ്ഞുനില്ക്കണം
നിഗമം തേടിന നിൻപദാംബുജം.

—ഏപ്രിൽ 1931

Digitized By Kerala Sahitya Akademi

കുട്ടിയും തള്ളയും

(ന്നാരാട്ടുപാട്ട്)

ഈ വല്ലിയിൽനിന്ന ചെമ്മേ—പൂക്കൊ
പോവുന്നിതാ പറന്നമ്മേ!

തെറ്റീ! നിനക്കുണ്ണി ചൊല്ലാം—നൽപൂ-
മ്പാറ്റകളല്ലേയിതെല്ലാം.

മേല്ക്കുമേലിങ്ങിവ പൊങ്ങീ—വിണ്ണിൽ
നോക്കമ്മേ,യെന്തൊരു ഭംഗി!

അയ്യോ! പോയ്ക്കളിപ്പാൻ—അമ്മേ!
വയ്യെയെനിക്കു പറപ്പാൻ!

ആകാത്തതിങ്ങനെ എണ്ണീ—ചുമ്മാ
മാഞ്ഞുല്ലായെന്നോമലുണ്ണീ!

പിച്ചനടന്ന കളിപ്പൂ—നീയി-
പ്പിച്ചകമുണ്ടോ നടപ്പൂ?

അമ്മട്ടിലായതെന്തെന്നാൽ—ഞാനൊ-
രുമ്മതരാമമ്മ ചൊന്നാൽ.

നാമിങ്ങറിയുവതല്പം—എല്ലാ-
മോമനേ, ദേവസങ്കല്പം.

—നവംബർ 1915

Digitized By Kerala Sahitya Akademi

പരുക്കേറ്റ കുട്ടി

(സുഭാഷിതയോട് എന്ന മട്ട്)

അരികത്തമ്പോടു വരുന്നുണ്ടമ്മ ഞാൻ
കരയാതോമനേ, കരം വാടി
പുരികവും ചുണ്ടും ചുളിച്ചു നീ വിങ്ങി–
ക്കരയാതോമനേ, വരുന്നു ഞാൻ.

പനിനീർച്ചെമ്പകച്ചെറുമുള്ളേറ്റു നിൻ
കരുന്നുകൈവിരൽ മുറിഞ്ഞിതേ!
തനിയേ തൈമാവിൽക്കയറിവീണോമൽ–
ച്ചെറുകാൽമുട്ടുകം ചതഞ്ഞിതേ!

മറിച്ചിട്ടിപ്പടം മുകളിൽനിന്നയ്യോ
മുറിച്ചിതേ പൊന്നിൻമുറുകയും
മുറിയിൽക്കട്ടിന്മേൽ കയറിച്ചാഞ്ചാടി–
ത്തറയിൽ വീണിപ്പൂങ്കവിളും നീ.

കരുതേണ്ട, തല്ലുമിതിനായ് ഞാനെന്നു,
കരയേണ്ട, നോവുമകന്നുപോം
അറിയാപ്പൈതൽ നീ കളിയാടിയേറെ
മുറിവു ഭ്രഷണം നിനക്കുണ്ടു നീ.

ഉരച്ചിവണ്ണമക്ഷതമോരോന്നുമേ
തിരിച്ചു ചുംബിച്ചാളുടനമ്മ,
സ്ഫുരിച്ച പുഷ്പത്തെയളിപോലെ, കുട്ടി
ചിരിച്ചാൻ കാർ നീങ്ങും ശശിപോലെ.

—ഒക്ടോബർ 1919

Digitized By Kerala Sahitya Akademi

കൊച്ചുകിളി

ചൊല്ലുകെന്തു ചെറുപക്ഷി നീ കളി-
ച്ചുല്ലസിപ്പതിതുപോലെയെപ്പൊഴും
അല്പൽ നീയറികയില്ലയോ? നിന-
ക്കില്ലയോ പറകെഴുത്തുപള്ളിയും?

കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇപ്പൂപോലുയരെ നീ പറപ്പതും
മെച്ചമിന്നിവയെനിക്കു കൂടുമോ?

കാലുയത്തിയയി, കാററിലാടുമൂ-
ഞ്ഞാലിൽ മേവി രസമേലുമെത്ര ഞാൻ!
നീലവിൺവഴി പറന്നെഴും സുഖം
ലോലമെയ്വിതിൽ നിനക്കൊതുങ്ങുമോ?

ചിത്രമിങ്ങു, പുഴ കുന്നിവററ തെ-
ല്ലുത്തലെന്നി കിളി, നീ കടപ്പതും
എത്തി വന്മുതലമേലുമാനതൻ-
മസ്തകത്തിലുമിരുന്നിടുന്നതും!

ചേണിയന്ന ചിറകാന്നൊരോമന-
പ്രാണി, നിൻതടവകന്ന ലീലകാ
കാണുകിൽക്കൊതിവരും—പഠിക്കുവാൻ
പോണു—കൊച്ചുകിളിയായതില്ല ഞാൻ!

—ഏപ്രിൽ 1910

Digitized By Kerala Sahitya Akademi

പൂക്കാലം

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്ന തേന്മാവു, പൂക്കുന്നശോകം,
വാസ്സുന്ന വേലിക്കു വണ്ണങ്ങൾ, പൂവാൽ
ചോക്കുന്ന കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്ന തെക്കുന്ന വീശുന്ന വായു;
ഉല്ലാസമീ നീണ്ട കൂകുരവത്താ–
ലെല്ലാക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവ് തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവണ്ണ–
ന്തോണം വെളുക്കുന്നുഷസ്സായിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ–
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം,
കേടറ്റ നെല്ലിൻ കതിർക്കാമ്പു കൊത്തി–
ക്കൂടാൻ ദിക്കോടുത്തു പോകുന്ന വാനിൽ.

ചന്തം ധരയ്ക്കേറെയായ്, ശീതവും പോ,–
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്ന ദേവാലയത്തിൽ
പൊന്തുന്ന വാദ്യങ്ങൾ—വന്നു വസന്തം!

നാകത്തിൻനിന്നോമനേ, നിന്നെ വിട്ടീ–
ലോകത്തിനാനന്ദമേകുന്നിതീശൻ;
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറുതൻ നിസ്വനത്താ–
ലെന്തോന്നരയ്ക്കുന്ന നീ?—ഞാനറിഞ്ഞു;
''എന്താതനാം ദേവനോതുന്നതേ ഞാ–
നെന്താകിലും ചെയ്യു''വെന്നല്ലയല്ലീ?

—ഏപ്രിൽ 1910

Digitized By Kerala Sahitya Akademi

തോട്ടത്തിലെ എട്ടുകാലി

തളിർത്തലഞ്ഞു നിന്നിടും തരുക്കളാ
തന്റെ ശാഖയിൽ
കൊളുത്തി നീണ്ട ന്യൂ രശ്മിപോലെ
നാലു ഭാഗവും, —
കുളത്തിനുള്ള കാണുമക്കുബിംബ—
മൊത്തു കാറ്റിലീ—
വെളുത്ത കണ്ണിവച്ചെഴും വിചിത്ര—
രൂപനാരിവൻ!

അടുത്തിടുന്നൊരീച്ച പാറ്റയാദി—
യായ ജീവിയെ—
പ്പിടിപ്പതിന്നു കണ്ണിവച്ചൊളിച്ചി—
രുന്നുകൊള്ളുവാൻ
പഠിച്ച കള്ളനാരു നീ പ്രഗല്ഭ—
നായ മുക്കുവ—
ക്കിടാത്തനോ? കടുത്തകാട്ടിലുള്ള
കൊച്ചുവേടനോ?

മിനുത്ത നേത്ര ന്യൂലിതെങ്ങുനിന്നു?
മോടി കൂട്ടുമീ—
യനഘ്നമാം നെയിത്തുതന്നെയഭ്യ—
സിച്ചതെങ്ങു നീ?
നിനയ്ക്കു നിന്റെ തുന്നൽ കാഴ്ചവേല
തന്നിലെത്തിയാൽ
നിനക്കു തങ്കമുദ്രകിട്ടുമെട്ടു—
കാലി നിശ്ചയം!

—നവംബർ 1910

Digitized By Kerala Sahitya Akademi

അമ്പിളി

(പാനമട്ട്)

തുമ്പപ്പൂവിലും തുമയെഴും നിലാ–
വൻപിൽത്തുവികൊണ്ടാകാശവീഥിയിൽ
അമ്പിളി പൊങ്ങി നില്പുന്നിതാ മര–
ക്കൊമ്പിന്മേൽനിന്നു കോലോളം ദൂരത്തിൽ.
വെള്ളമേഘശകലങ്ങളാം നര–
തള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞുപോം
വെള്ളിയോടമിതെന്നു തോന്നീടുന്നു!

വിണ്മേൽനിന്നു മന്ദസ്മിതം തൂവുമെൻ
വെണ്മതിക്കുമ്പേ, നിന്നെയീയാകിയിൽ
അമ്മതന്നങ്കമേറിയെൻ സോദര–
'നമ്മാവാ'യെന്നലിഞ്ഞു വിളിക്കുന്നു!

ദേഹശോഭപോലുള്ളത്തിൽക്കുറുമീ–
മോഹനാകൃതിക്കുണ്ടി.തെൻ പിന്നാലേ
സ്നേഹമോടും വിളിക്കുംവഴി പോയ–
ന്നാഹാ! കൊച്ചുവെള്ളാട്ടിൻ കിടാവുപോൽ.

വട്ടം നന്നല്ലിതീവണ്ണമോടിയാൽ
മുട്ടമേ ചെന്നക്കുന്നിറുകളിൽ നീ;
ഒട്ടനില്ക്കുങ്ങു, വന്നൊന്നു നിന്മേനി
തൊട്ടിടാനും കൊതിയെനിക്കോമനേ.

എന്നു കൈപൊക്കിയോടിനാനുഖൻ
കുന്നേറാനൊരു സാഹസി ബാലകൻ,
ചെന്നു പിന്നിൽ ഗൃഹപാഠകാലമാ–
യെന്ന ജ്യേഷ്ഠൻ തടഞ്ഞു ഞെട്ടംവരെ.

—ജൂലൈ 1914

Digitized By Kerala Sahitya Akademi

മിന്നാമിനുങ്ങ്

ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം;
ഇതാ പറന്നെത്തിയടുത്തു ഹാ! പറ–
ന്നിതാ തൊട്ടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്–
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറു തീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ–
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ--
ന്തുരസ്സു,മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ–
ഞ്ഞുരഞ്ഞു പാറും പൊടിയോ, നിലാവതോ?

പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ–
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്യുയോ?

മിനുങ്ങി നീ ചെന്നിടുമാറണയ്ക്കുവാൻ
കനിഞ്ഞതാ കൈത്തളിരാർന്ന ഭ്രുഹം
അനങ്ങിടാതങ്ങനെ നില്പിതാക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!

അതാ വിളങ്ങുന്ന ഭവദ്ഗണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലച്ചെടി:

Digitized By Kerala Sahitya Akademi

അതിന്നൊടൊക്കില്ലൊരു ചക്രവത്തിത-
ന്നതിപ്രകാശം കലരും കിരീടവും.

പരന്ന വൻശാഖകളുമേലിവറയാ-
ന്നിരുട്ടിൽ മിന്നുന്ന മരങ്ങളാകവേ,
നിരന്ന നക്ഷത്രഗണങ്ങൾ കീഴമാ-
ന്നിരട്ടയായ്ത്തീന്നൊരു വിണ്ണുപോലവേ.

വിളങ്ങിയും മങ്ങിയുമൊന്നിതാ വരു-
ന്നിളങ്കതിർത്തുവൊളിയാന്ന പൊങ്ങിയും
തളർന്നവീണും—ചെറുതാരമൂഴിതാൻ
വളപ്പ്രതാമിങ്ങിതു—തള്ളവാനിലാം.

മുറിക്കകത്തായിതു! ഹാ! പ്രകാശമേ,
കരത്തിൽ വാ, കേറുക പുസ്തകങ്ങളിൽ,
ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ-
ലിരിക്ക വന്നീയണിമേശമേലുമേ.

കനക്കുമുത്സാഹമൊടങ്ങുമിങ്ങും
തനിക്കു തോന്നുംപടി തന്നെയെങ്ങും
മിന്നുങ്ങി മങ്ങും ചൊടിയാന്ന മിന്നാ-
മിന്നുങ്ങുമൊപ്പുവുമുടപ്പിറപ്പോ?

—സെപ്തംബർ 1912

Digitized By Kerala Sahitya Akademi

നിശാപ്രാർത്ഥന

വിളയാടിയ കുട്ടി തള്ളയെ–
ത്തളരുമ്പോഴും തിരയുന്ന ദൈവമേ,
പലവൃത്തികളാൽ വലഞ്ഞു നിൻ
നില നോക്കുന്നിതു രാവിൽ ഞാനുമേ.

ഉടലിൽ ക്രിയനില്ലുമെന്നെയി–
ങ്ങുടനേയിന്ദ്രിയമുള്ളോരും വിഭോ
വെടിയും—പൊഴിയുന്ന പൂ നില–
ത്തടിയുംപോലണയും ഭവാനിൽ ഞാൻ.

ഘ്രുണയോടുമിരുട്ടിൽ നില്ക്കുണേ
തൃണയായങ്ങ,വിടത്തെ വേഴ്ചയാൽ
ഉണരാകണമേ നടേതിലും
ഗ്രുണവാനായ് ജഗദീശ, നാളെ ഞാൻ.

ജഗതിക്കു സമൃദ്ധി കൂടണം
ഭഗവൻ, തൽകൃപയെന്നിൽ വാഴ്ക്കുണം
അഘമൊക്കെയകന്നുദിക്കണം
സുഖമിങ്ങെന്റെ വിരോധികൾക്കുമേ.

ഒരു ദീപവുമിന്നുവും സ്ഥിരി–
പ്പൊരു നക്ഷത്രവുമൊന്നുമെന്നിയേ
ഇരുൾമേലിരുളാം സുഷുപ്തിയിൽ
ശരണം ചിന്മയ ദേവ ദേവ നീ!

—ജൂൺ 1914

Digitized By Kerala Sahitya Akademi

ഈശ്വരൻ

ഓമൽപ്രഭാതരുചിയെങ്ങുമുയർന്ന നീല–
വ്യോമസ്ഥലം സ്വയമെരിഞ്ഞെഴുമക്ബിംബം
ശ്രീമദ്ധരിത്രിയിവയെപ്പണിചെയ്ത കൈയിൻ
കേമത്തമോത്തിവന നീർ കവിയുന്ന കണ്ണിൽ.

അന്തിച്ചുവപ്പുമലയാഴിയുമങ്ങിരുട്ടി–
ലുന്തിസ്ഫുരിക്കുമുഡുരാശിയുമിന്ദുതാനും
പന്തിക്കു തീർത്ത പൊരുളിന്റെ മനോവിലാസം
ചിന്തിച്ചെനിക്കകമലിഞ്ഞുടൻ ചീത്തിടുന്നു!

ചേണാറു പൂത്തവനമേന്തിയ കുന്നു ദൂരെ–
ക്കാണുന്ന പീലികുടയും മയിലിൻഗണംപോൽ
താണങ്ങു വിണ്ണിൽ മഴവില്ലു ലസിപ്പു വണ്ണം–
പൂണുന്ന പൈങ്കിളികൾ ചേന്നു പറന്നിടുംപോൽ.

ഉല്ലോലമാമരുവി ദൂരെ മുഴങ്ങിടുന്നു
ഫുല്ലോല്ലസൽസുമഗണം മണമേകിടുന്നു;
കല്ലോലമാന്നൊരു കയങ്ങളിൽനിന്നു പൊങ്ങി
നല്ലോരു ചാരു കുളിർകാറുമണഞ്ഞിടുന്നു!

ഇക്കാമ്യവസ്തുനിര ചെയ്തതു,മിങ്ങതോരാ–
നാംക്കാമ്പുമെന്നുടലുമേകിയതും, സ്വയം ഞാൻ
ധിക്കാര്യമാഗ്ഗ്രമണയാതകമേ കടന്നു
ചുക്കാൻ തിരിക്കുവതു,മൊക്കെയൊരേ കരംതാൻ.

ഈ ലോകഭോഗമതിനീശ, ജനിച്ചു ഞാൻ നി–
ന്നാലോകഭാഗ്യമണയാതവകാശിയായി;
നുലോതിയും സപദി മൽപ്രിയതാത, നിന്നെ
മാലോകർ ചൊല്ലിയുമറിഞ്ഞു വണങ്ങിടുന്നേൻ.

വമ്പിച്ച നിൻ മഹിമയും കൃപയും നിനച്ചു
കുമ്പിട്ടിടാത്ത തലയും ശിലയും സമംതാൻ
എമ്പിച്ചു തീക്കയറിവായ് മനമാംവിളക്കിൻ–
തുമ്പിൽ ജ്വലിക്കുമഖിലേശ്വര, കൈതൊഴുന്നേൻ.

—മാർച്ച് 1919

Digitized By Kerala Sahitya Akademi

വണ്ടിന്റെ പാട്ട്

(കുലോകാ ങ്കന്റെ എന്ന മട്ട്)

കൊട്ടമുടിയിൽ കഴുകൻ വസിക്കട്ടെ
കൊട്ടതാം സിംഹം ഗ്രഹയിലും വാഴട്ടേ,
വടിവേല്യം തങ്കക്കുന്നേ, നിൻ പൂത്തൊരീ-
നെടിയ കാടാന്ന സാനുവിൽ മേവും ഞാൻ.

പതിച്ചിടാ നോട്ടം നാറും പിണങ്ങളിൽ,
കുതിച്ചു നിട്ടയം കൊന്നിടാ ജീവിയെ,
പതിവായിക്കാട്ടിൽക്കാലത്തുമന്തിക്കും
പുതിയ പൂ കണ്ടു നിൻപുകഴ് വാഴ്ത്തും ഞാൻ.

അഴകേറും പൂവിൽ നീയലിഞ്ഞേകും തേ-
നഴലെന്യേ നുകന്നാനന്ദമാന്നടൻ
ഒഴിയാതോല്യും മണമാന്ന തെന്നലിൻ
വഴിയേ നിൻപുകഴ് പാടിപ്പറക്കും ഞാൻ.

മുകളിൽ സൂര്യനും ചന്ദ്രനും വന്നിരു-
ളകലുമാറു പരത്തും കതിരുടെ
പകലും രാവും പൊന്നോമനക്കുന്നേ, നിൻ
സകലശോഭയും കണ്ടു രസിക്കും ഞാൻ.

—നവംബർ 1915

Digitized By Kerala Sahitya Akademi

കപോതപുഷ്പം

ഇതരസൗരഭവീചിയെ മേന്മയാൽ
വിധുരമാക്കിയിളംകുളിർവായുവിൽ
എതിരകന്നിവിടെ പ്രസരിപ്പൊരീ–
മധുരഗന്ധമഹോ! മതിമോഹനം.

ഭ്രമരനീലദലാവലികൾക്കു മേൽ
വിമലമായ് മലർമഞ്ജരിയൊന്നിതാ
കമഠമുള്ളിലെഴുന്ന കുളത്തിൽ നീർ–
ക്കുമിളതൻ നിരപോരാ വിലസുന്നതേ!

ധവളമാം സ്ഫടികച്ചിമിഴീവിധം
നവനഗന്ധമൊടൊന്നു തുറന്നതോ?
അവികലം മണിയാൻതിനിർമ്മല–
പ്പുവിയൊട്ടും പുതുചിപ്പി വിടർന്നതോ?

അതിവിചിത്രമനോഹരശില്പമി–
പ്പുതിയ പൂ—കരകൗശലശാലയിൽ
ഇതിനൊടൊത്തൊരു ദന്തമയങ്ങളാം
കൃതികളില്ല വിധേ, വിട്ട തന്നെ നീ!

അഹഹ! നിർമ്മലലോലമനോജ്ഞമീ
വിഹഗമെങ്ങനെ വന്നതിനുള്ളിലായ്;
ഗഹനമേ വിധിചേഷ്ട—പിറാവിതിൽ
സഹജമോ, നിഴലോ, മിഴിമായയോ?

ഒരു വികാരവുമെന്നിയഹോ! ഖഗം
മരുവിടുന്നിതു മൗനസമാധിയിൽ;
പറവയിൽ ചിലതുണ്ടവതാരമായ്,
പറയുമങ്ങനെയാഗമവേദികൾ.

ഭുവനതത്ത്വവുമന്തവുമൊന്നുമേ
വിവരമില്ല, പഠിച്ചു വലഞ്ഞിതേ!
ഇവനതെൻ പരിശ്രുദ്ധകപോതികേ,
ഭവതിയോരുകിലൻപിനോടോതണേ!

—ഒക്ടോബർ 1916

Digitized By Kerala Sahitya Akademi

നിഷ്കപടതയോട്

പൂവിനെതിർമെയ്യൊളിയൊത്തുങ്ങിയഴലാലി–
ന്നാവിതടവും മുകരമൊത്തു കവിൾ മങ്ങി,
ആവിലമനസ്സോടൊരു കൈയിൽ മുഖമൂന്നി–
ച്ചീവിധമിരുന്നഴവതെന്തു വിമലേ, നീ?

ഉണ്മയുടെയുജ്ജിതവിഭവമത്ര പോയി,–
ന്നെന്മഹിമയാരുമറിയാത്ത നിലയായി,
ഇമ്മഹിയിലെന്തിനിനി വാഴ്വതു ഞ ഒന–
ന്നുണ്മലർ കരിഞ്ഞയി, ദേവേ, കരവതോ നീ?

പുഞ്ചിരിനിലാവൊളി പുറത്തി ാ ളകത്തായ്
നെഞ്ചിൽ വിഷമായ്, മൊഴിയിൽ നല്ല നറുതേനായ്
വഞ്ചന മുഴുത്തു ഭുവനത്തി ലിനി നല്ലോ–
രഞ്ചണമതോർത്തു സരളേ,യഴവതോ നീ?

സ്നേഹമുതിരേണ്ടവരിൽനിന്നു പകയായി,
ഗേഹമതിനാൽ ഭയദമാമടവിയായി
മോഹതിമിരം പെരുകി മൂഢതയുമാക്കി–
സ്സാഹസികർ നിന്നെ,യതിനാലഴവതോ നീ?

മാഷ്ടരുത്ത മണ്ണുമുഖി സത്യമൊടസത്യം
വ്യാകലിതമായ പൊരുളാണു ഭുവനം കേൾ;
ഏകരസമായ് ഗുണമെഴില്ലുറികയെങ്ങും,
ലോകമിതിൽ നന്മയൊടു തിന്മ പൊരുതുന്നു.

പണ്ടുമുതലിങ്ങനെ വെളിച്ചവുമിരുട്ടും
രണ്ടുമിടയുന്നിതു സുരാസുരർകണക്കെ;
ഇണ്ടലതിനാൽ വരുവതും വിരവിൽ നീങ്ങും
കണ്ടറികയുണ്മ സുകുമാരി, കരയാതെ!

ഇങ്ങനെ തിരിഞ്ഞു വിധിചക്രമുഴറുമ്പോ–
ളിങ്ങമലധർമ്മമതിലൂന്നി വിലസുന്നു,
മങ്ങിയുമിടയ്ക്കിടെ വിളങ്ങിയുമിരുട്ടിൽ–
ത്തങ്ങിയിരുപക്ഷമെഴുമിന്ദുകലപോലെ.
നിന്നെ വെടിയുന്നവനു നീ വെടിയുമോനും
പിന്നെ മനുജന്റെ വടിവെന്തിനു മനോജ്ഞേ?

Digitized By Kerala Sahitya Akademi

നിന്നകമെരിഞ്ഞു മിഴിനീർ പൊഴിവതെന്നാ–
മന്നറിക, തീനരകമെന്നു മഹിതാട്ടേ,

ജീവിതരണത്തിലതിമാനമൊട്ടു ഞാനെന്റെ
ദേവി തുണനില്ക്കിൽ വിജയിപ്പനതിനാലേ,
പൂവിൽ മണവും മണിവിളക്കിലൊളിയുംപോൽ
നീ വിലസുകെന്നെറ മനതാരിൽ മറയാതെ.

നില്ക്കു തുണയായഴലൊഴിക്കയെഴുനേല്ക്കി–
ന്നിക്കലുഷഭാവമയി നിന്നിലഴകാമോ?
''നിഷ്ഫപടതേ'', കരും നിറഞ്ഞൊരിരുൾ നീക്കും
ചിൽക്കതിരവന്നെറ ചെറുരശ്മിയമലേ നീ.

—ഡിസംബർ 1915

Digitized By Kerala Sahitya Akademi

ഗുണനിഷ്ഠ

തെരുതെരെ വിളങ്ങും നവകൃതകരത്നം
തെരുവുകളിലെങ്ങും തിരുതകൃതിയായി,
പുരുമഹിമ താണും പരിഭവമിയന്നും
മരുവി വിലയേറും മണികൾ മറയാറായ്.

നയ,മരിയ സത്യം, ദയ, പരഹിതത്തിൽ
പ്രിയത മുതലാകും ഹൃദയഗുണമെല്ലാം
ഭയമിയലുമാറായതതിനടെ രൂപം
സ്വയമഭിനയിക്കും ഖലദുരകളാലെ.

ഒരുവിജയമോത്തിട്ടൊരു ചതി തുടന്നാൽ
പെരുകുമതുമൂലം പല വിനകൾ നാട്ടിൽ
കരുമനഗുണങ്ങൾക്കണയുവതു ധൂർത്ത,
കരുതുക സഹിക്കാ ഗുണനിലയനീശൻ.

കളികൾ മതിയാക്കു കപടമണി! നീണാ-
ളൊളിചിതറിടാ നിന്മുഖമിതൊരുനാൾ നീ
തെളിവുടയ നീരിൽ പെടുമൊരു മരുന്നാൽ
പൊളിയുമഥവാ പോയ് നികഷശിലയേറും!

ക്ഷണപരിഭവത്താൽ ഗുണമണികൾമേൽ നിൻ
പ്രണയമൊരുലേശം കുറയരുതു നെഞ്ചേ,
ഗുണനിരയൊടൊപ്പം മനുജനൊരുനാളും
തുണയരുളിടാ കേൾ സുരനിരകൾപോലും.

—ഏപ്രിൽ 1920

Digitized By Kerala Sahitya Akademi

സങ്കീർത്തനം

ചന്തമേറിയ പൂവിലും ശബളാഭമാം
ശലഭത്തിലും
സന്തതം കരതാരിയന്നൊരു ചിത്ര–
ചാതുരി കാട്ടിയും
ഹന്ത! ചാരുകടാക്ഷമാലകളക്ഷ–
രശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങു–
മീശനെ വാഴ്ത്തുവിൻ!

സാരമായ് സകലത്തിലും മതസംഗ്രഹം
ഗ്രഹിയാത്തതായ്
കാരണാന്തരമായ് ജഗത്തിലുയന്ന
നിന്നിടുമൊന്നിനെ
സൗരഭോൽകടനാഭികൊണ്ടു മൃഗംകണ–
ക്കന്നമേയമായ്
ദൂരമാകിലുമാത്മഹാർദഗ്രണാസ്പദത്തെ
നിനയ്ക്കുവിൻ!

നിത്യനായക, നീതിചക്രമതിൻ–
തിരിച്ചിലിനക്ഷമാം
സത്യമുൾക്കമലത്തിലും സ്ഥിരമായ്
വിളങ്ങുക നാവിലും
കൃത്യഭ്രഷ്ടവെടിയാതെയും മടിയാതെയും
കരകോടിയിൽ
പ്രത്യഹം പ്രഥയാന്ന പാവനകർമ–
ശക്തി കളിക്കുക!

സാഹസങ്ങൾ തുടന്നുടൻ സുഖഭോണ്ഡ–
മാത്ര കവന്ന പോം
ദേഹമാനസദോഷസന്തതി ദേവ
ദേവ, നശിക്കണേ!

Digitized By Kerala Sahitya Akademi

സ്നേഹമാം കുളിർപൂനിലാവു പരന്നു
സർവ്വവുമേകമായ്
മോഹമാമിരുൾ നീങ്ങി നിന്റെ മഹത്ത്വ–
മുള്ളിൽ വിളങ്ങണേ!

ധർമ്മമാം വഴിതന്നിൽ വന്നണയുന്ന വൈരികളഞ്ചുവേ,
നിർമ്മലദൃതിയാർന്ന നിശ്ചയഖഡ്ഗമേന്തി നടന്നുടൻ
കർമ്മസീമ കടന്നുപോയ്ക്കളിയാടുവാനുള്ളേണമേ
ശർമ്മവാരിധിയിൽക്കൃപാകര, ശാന്തിയാം മണിനൗകയിൽ

—ഒക്ടോബർ 1919

Digitized By Kerala Sahitya Akademi

ദീപാർപ്പണം

ഭാവബന്ധമൊട്ടു സത്യരൂപനാം,
ദേവ, നിന്മഹിമയാർന്ന കോവിലിൽ
പാവനപ്രഭയെഴും വിളക്കിതാ
സാവധാനമടിയൻ കൊളുത്തിനേൻ.

അല്പമെങ്കിലുമതിൻ പ്രഭാങ്കുരം
സൽപതേ,യിരുൾ തുരന്നു മെല്ലവേ
ശില്പരമ്യപദപീഠഭൂവിൽ നി–
ന്നൽപതിച്ചു തിരുമെയ്യിലെത്തണേ!

സ്ഥമയാർന്ന മണിഭ്രഷണത്തിലും
തുമനോജ്ഞമലർമാലതന്നിലും
ഹേമവിഗ്രഹമരീചി തേടുമി–
ക്കോമളപ്രഭ തിളങ്ങണേ വിഭോ!

മാറി നിന്മുഖരസം മറച്ചിതിൽ
പോറി, പുല്കുരുതു ധൂമരേഖകൾ;
മാറിയന്ന മണിവാതിലൂടെഴും
കാറിലാടരുതിതിൻ ശിഖാഞ്ചലം.

ചീത്തിതിന്നൊളി തെളിഞ്ഞു പൊങ്ങി നെയ്
വാർത്തിടാസ്ഥിലുമെരിഞ്ഞു മേല്ക്കുമേൽ
നേർത്തിതീശ, മിഴിയഞ്ചിടുന്ന നിൻ–
മൂർത്തി മുൻപു നിഴൽ നീങ്ങി നില്ക്കണേ!

—സെപ്തംബർ 1919

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ദുരവസ്ഥ

1922

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

തെക്കേ മലയാംജില്ലയിൽ 1097 ചിങ്ങത്തിൽ ആരംഭിച്ച മാപ്പിളലഹള കേരളചരിത്രത്തിൽ രക്തരൂഷിതമായ ഒരു അദ്ധ്യായത്തെ രചിച്ചിരിക്കയാണല്ലൊ. കല്പനാശക്തിയെ തോല്പിക്കുന്ന ഭയങ്കരങ്ങളും പൈശാചികങ്ങളുമായ സംഭവങ്ങളെക്കൊണ്ടു് കേരളത്തെ മാത്രമല്ല, ഇൻഡ്യയെ മുഴുവൻ ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ ഇളക്കിമറിച്ചിരുന്ന ആ കൊടുങ്കാറു് ഭാഗ്യവശാൽ ഇപ്പോഴേ മിക്കവാറും ശമിച്ചുകഴിഞ്ഞിരിക്കുന്നു. ആപത്തിനേക്കാളും വലിയ അദ്ധ്യാപകൻ ഇല്ലെന്നുള്ളതു് ചരിത്രവും മതവും ഒന്നുപോലെ സമ്മതിക്കുന്ന വസ്തുതയാകുന്നു. ലഹളയുടെ വായിൽനിന്നു് അതിന്റെ നാവിന്റെ പരുപരുപ്പും വീരപ്പല്ലിന്റെ മൂർച്ചയും നല്ലവണ്ണം അറിഞ്ഞു് ഇപ്പോൾ വിശകലിതമായി വെളിയിൽ വമിക്കപ്പെട്ടിരിക്കുന്ന ഹിന്തുസമുദായം, പുരാതനമായ ഒരു നാഗരികതയുടെ പ്രാതിനിധ്യം വഹിക്കുന്ന ഒന്നാണെന്നുള്ളതു ശരിതന്നെ. എന്നാൽ നവീനാദർശം അനുസരിച്ചു നോക്കിയാൽ ഈ സമുദായം ഇന്നും ശൈശവാവസ്ഥയിൽ ഇരിക്കയാണെന്നുള്ളതും സമ്മതിച്ചേ തീരു. ശൈശവത്തിൽ പഠിക്കുന്ന പാഠങ്ങൾ വേഗം മറന്നുപോകും എന്നുള്ള ഒരു ദോഷമുണ്ടു്. എന്നാൽ ഉരുക്കഴിച്ചു പഠിച്ചാൽ ആജീവനാന്തം ഓർമ്മ നില്ക്കും എന്നുള്ള ഒരു ഗുണവുമുണ്ടു്. ഈ മഹാവിപത്തിന്റേയും ഇതു പഠിപ്പിച്ച പാഠങ്ങളിൽ ചിലതിന്റേയും ഓർമ്മയെ സമുദായത്തിന്റെ പുനഃസംഘടനയ്ക്കു പ്രേരകമാകത്തക്കവണ്ണം നിലനിറുത്തണമെന്നുള്ളതാണു് 'ദുരവസ്ഥ' എന്ന പേരിൽ അടിയിൽ കാണുന്ന പാട്ടിന്റെ വിനീതമായ ഉദ്ദേശം.

എന്നാൽ ലഹളയുടെ അപൂർണ്ണവും അസ്പഷ്ടവുമായ ഛായയും പാഠങ്ങളിൽ ചിലതിന്റെ മന്ദമായ പ്രതിദ്ധ്വനിയും മാത്രമേ ഇതിൽനിന്നു ഗ്രഹിപ്പാൻ കഴിയൂ. പ്രകൃതത്തിൽ അധികമായ ജിജ്ഞാസ ജനിപ്പിക്കുന്നതിനും ഇത്തരം ഒരു കൃതിയിലെ സാഹിത്യസംബന്ധമായ ആവശ്യകത നിറവേറുന്നതിനും അതു പര്യാപ്തമാകുമെന്നു വിശ്വസിക്കുന്നു.

'ദുരവസ്ഥ' എന്റെ മറു കൃതികളെ അപേക്ഷിച്ചു വിലക്ഷണരീതിയിൽ ഉള്ള ഒരു കാവ്യമാണു്. വർത്തമാനകാലത്തും വായനക്കാരുടെ മുമ്പിലും നടക്കുന്ന സംഭവങ്ങളെ ആധാരമാക്കിയെന്നു മാത്രമല്ല, അവയെ കഴിയുന്നത്ര തന്മയത്വത്തോടു

Digitized By Kerala Sahitya Akademi

കൂടി വണ്ണിപ്പാൻ ആശിച്ചുകൊണ്ടും രചിക്കപ്പെടുന്ന കഥാരൂപ മായ കവിതകളിൽ സാരസ്യം വരുത്താൻ പ്രയാസമാണെന്നു പറയേണ്ടതില്ലല്ലോ. ഭൂതകാലവും പരോക്ഷതയും ആണു് കവിതാചിത്രനിർമ്മാണത്തിനു പറ്റിയതായി പണ്ടുപണ്ടേ അറിയപ്പെടുന്നതും സ്പൃഹണീയവുമായ ഭിത്തികയാം. രേഖയുടേയോ വണ്ണത്തിന്റേയോ പല ന്യൂനതകളും അവ മറച്ചുകളയും; ഗുണങ്ങളെ ഉജ്ജ്വലമാക്കുകയും ചെയ്യും. ആ സൗകര്യങ്ങളെ ഒക്കെ വെടിഞ്ഞുള്ള ഒരു സംരംഭമാണിതു്. കൂടാതെയും സമുദായപരിഷ്കരണവിഷയത്തിൽ പ്രബലമായ അഭിപ്രായ വ്യത്യാസമുള്ള സംഗതികളെ ലാക്കാക്കിയുമാകുന്ന ഈ കൃതി പുറപ്പെടുന്നതു്. ഇതിലെ നായികാനായകന്മാരുടെ ഘടന തന്നെ ഗത്യന്തരമില്ലാത്ത പതനത്തിൽ സംഭവിക്കുന്നതാണെങ്കിലും പൂർവ്വാചാരനിരതമായ മനസ്സിൽ അരുചിയും അനൗചിത്യബുദ്ധിയും ജനിപ്പിക്കാമെന്നുള്ളതാകുന്നു. ഇതിനുംപുറമേ പ്രബന്ധത്തിന്റെ കീർത്തിക്കും പ്രതിഷ്ഠയ്ക്കും നിയാമകനായി വിചാരിക്കപ്പെടുന്ന നായകന്റെ കുലീനത്വാദിഗുണങ്ങളുടെ അഭാവത്തേയും താദൃശനായകന്റെ വിഷയത്തിൽ കുലീനയായ നായികയുടെ രതിക്കുള്ള രസാഭാസത്വശങ്കയേയും മറും ആസ്പദമാക്കി ഈ പുതിയ സംരംഭത്തിൽ ശാസ്ത്രീയമായ ആക്ഷേപങ്ങളും പറവാൻ പുറപ്പെടുന്ന പണ്ഡിതന്മാരും ഉണ്ടായേക്കാം. ശക്തിമത്തായ ഈ പ്രതികൂലാവസ്ഥകളെല്ലാം എതിരായി അക്ഷുണ്ണമായ മാഗ്ഗത്തിലൂടെയുള്ള ഈ ഗതി വിജയപര്യവസായി ആകുമോ എന്നു ഞാൻതന്നെ സംശയിക്കാതിരിക്കുന്നില്ല. എങ്കിലും ഉൽകൃഷ്ടമായ ഒരു ധർമ്മോദ്ദേശത്തെ പുരസ്കരിച്ചുള്ള കൃത്യബോധത്താൽ പ്രേരിതനായി ഈ സാഹസത്തിനു് ഒരുമ്പെട്ടതാകുന്നു. ശക്തിയേറിയ ഒഴുക്കിൽ മുന്നോട്ടു നീന്താനുള്ള ഈ ശ്രമത്തെ സഹൃദയരായ വായനക്കാർ അനുകമ്പാപൂർവ്വം നിരീക്ഷിക്കുമെന്നും ഇതിലെ തോൽവിതന്നെയും ഒരുവക വിജയമായി ഗണിക്കുമെന്നും ആശിച്ചുകൊള്ളുന്നു.

ചെറുശ്ശേരിമട്ടിൽ 1700 ശീലുകളുള്ള ഈ കൃതി ആരംഭിച്ചതു് 1097 ഇടവം 12-ാംതീയതിയാണു്. 98 ചിങ്ങം 14-ാംതീയതിയാണു് എഴുതിത്തീർത്തതു്. സാഹിത്യസംബന്ധമായ വലിയ ഉൽക്കർഷമൊന്നുമില്ലെങ്കിലും, ഇതു് അർഹിക്കുന്ന സ്ഥാനത്തിൽ സഹൃദയലോകം ഇതിനേയും സന്തോഷപൂർവ്വം സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി പുറത്തയച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ
7-9-1922

കുമാരനാശാൻ

Digitized By Kerala Sahitya Akademi

മുമ്പോട്ട കാലം കടന്ന പോയീടാതെ·
മുമ്പേ സ്മൃതികളാൽ കോട്ട കെട്ടി

വമ്പാ [1]ന്നനാചാരമണ്ഡലച്ചക്രരായ്
നമ്പൂരാർ വാണരുളുന്ന നാട്ടിൽ,

കേരളജില്ലയിൽ കേദാരവും കാട്ട–
മുരും മലകളുമാന്ദ്രദിക്കിൽ,

ക്രൂരമഹമ്മദർ ചിന്തുന്ന ഹൈന്ദവ–
ച്ചോരയാൽ ചോന്നെഴും [2]'പുറനാട്ടിൽ'.

വെട്ടുപാതകളിലൊന്നിൽനിന്നുള്ളോട്ട
പൊട്ടിവളഞ്ഞു തിരിഞ്ഞു പോകും
ഊടുവഴിഞരമ്പൊന്നങ്ങൊങ്ങ ചെറു–
പാടത്തിൽ ചെന്ന കലാശിക്കുന്നു.

പൊക്കം കുറഞ്ഞു വടക്കുപടിഞ്ഞാറേ–
പ്പക്കത്തിൽ കുന്നുണ്ടതിൻ ചരിവിൽ,

ശുഷ്കതൃണങ്ങൾക്കിടയിലങ്ങിങ്ങായി
നില്പുണ്ടിതു ചില പാഴ്മരങ്ങൾ.

കുറിച്ചെടിയിലപ്പുൽത്തറയിൽ ചേന്ന
പറിയിടയ്ക്കിടെ മിന്നീടുന്നു

ഇറിറു വീണുള്ള ചോരക്കണങ്ങൾപോൽ
[3]തെറിപ്പഴത്തിൻചെറുകുലകൾ.

അപ്പാഴ്മരങ്ങളും വാച്ച മുളകിന്റെ
നല്പാകമാം കതിർ ഞാന്ന കാണായ്,

കുപ്പായത്തിൽ തെറിച്ചോലും നിണമോടും
മുല്പെട്ട മാപ്പിളക്കയ്യർപോലെ.

ചെറുദൂരത്തച്ചരിവിലൊരു ജലം–
വറിയ തോടാണതിന്റെ വക്കിൽ

ഒട്ടു കിഴക്കായൊരില്ലിക്കുട്ടം തെന്നൽ
തട്ടി വടക്കോട്ടു ചാഞ്ഞു നില്പു!

---

1 അറുപത്തിനാലു് അനാചാരങ്ങൾ
2 മാപ്പിളഹൃദയം നടന്ന താലൂക്കുകളിൽ പ്രധാനമായതു്
3 തെച്ചി, അഗ്നിപുഷ്പങ്ങൾ ചെത്തി

Digitized By Kerala Sahitya Akademi

വേണുപ്രരോഹമോരോന്നങ്ങതിൽപ്പൊങ്ങി–
ക്കാണുന്നതേ നിശിതാഗ്രമോടും

കാർക്ശ്യമേലുന്ന കുന്തം കലർന്നൊരു
'ഗ്രക്പ്പട'തൻ നളികംപോലെ.

അങ്ങടുത്തായ് മേഞ്ഞു നാളേറയായ് നിറം
മങ്ങിപ്പതിഞ്ഞു പാഴ്പുല്ലുമാടം
കാണാം ചെറുതായകലെനിന്നാലൊരു
കുണെന്നപോലെ വയൽവരമ്പിൽ.

അന്തികത്തിൽ ചെല്ലുന്തോറുമൊരു പൊവ്വും
ചന്തവുമില്ലുക്കുടിലു കണ്ടാൽ.

വൃത്തവും കോണും ചതുരവുമല്ലതി–
ലെത്തിനോക്കീട്ടില്ല ശില്പിതന്ത്രം.

വണ്ണംകുറഞ്ഞൊരു രണ്ടു ചാൺ പൊക്കത്തിൽ
മണ്ണുചുവരുണ്ടകത്തു ചുറ്റും.

കോണും മുഴകളും തീർത്തിട്ടില്ലായതിൽ–
ക്കാണുന്ന കൈവിരൽപ്പാടുപോലും.

മുറ്റുംകിഴക്കായി വീതികുറഞ്ഞൊരു
മുറ്റമതിനുണ്ടതിൽ മുഴവൻ

പററിക്കുകയും പപ്പടകപ്പുല്ലും
മറ്റു തൃണങ്ങളും മങ്ങിനില്പൂ.

പൊട്ടക്കലെമൊന്നിൻ നീരുമൊരു കരി–
ച്ചട്ടിയും കാണാം വടക്കരികിൽ

കന്നുകടിച്ചിലപോയിത്തല ചാഞ്ഞു
നിന്നിടും തെവാഴതൻ ചുവട്ടിൽ.

തിട്ടമിപ്പുല്ലുകടിലിന്നുമംബരം
മുട്ടിവളരുമരമനശ്ശം
ചട്ടറവിത്തൊന്നുതന്നെ –യിതാവിത്തു
പൊട്ടിവന്നീടും പൊടിപ്പുതന്നെ.

എന്തുള്ള ഭേദമിതുകളിൽപ്പാർക്കുന്ന
ജന്തുക്കൾതാനും സഹജരല്ലോ.

Digitized By Kerala Sahitya Akademi

അന്തണനെച്ചമച്ചുള്ളൊരു കൈയല്ലോ
ഹന്ത നിമ്മിച്ച ചെറുമനേയും.

ബാഹ്യവീര്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹമൊലിക്കുമുറവകളും

ആഹന്തയെത്ര വിഫലമാക്കിത്തീർത്തു
നീ ഹിന്തുധർമ്മമേ, 'ജാതി'മൂലം!

എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാ-
രെത്ര ഭയാ തുഞ്ചത്തുമാർ കുഞ്ചന്മാരും

ക്രൂരയാം ജാതിയാൽ ന്യൂനമലസിപ്പോയ്
കേരളമാതാവേ, നിൻവയറിൽ.

തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ,

താണ കിടക്കുന്ന നിൻ കുക്ഷിയിൽ ചാണ
കാണാതെയാഴ്ക കോടിയിന്നും.

എന്തിനു കേഴുന്ന ദീനയോ നീ ദേവി,
എന്തു ഖേദിപ്പാൻ ദരിദ്രയോ നീ.

ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ച രത്നഗർഭേ.

തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ

കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!

ഭേദങ്ങളറ പൊരുളിനെക്കാഹള-
മുതിവാഴ്ത്തീടുന്ന വേദം നാലും,

വൈദികമാനികം മർത്ത്യരിൽ ഭേദവും,
ഭേദത്തിൽ ഭേദവും ജല്പിക്കുന്നു!

എന്തൊരു വൈകൃതം *ബ്രഹ്മവിദ്യേ, നിന്നി-
ലെന്താണിക്കാണുന്ന വൈപരീത്യം.

നിർണ്ണയം നിന്നെപ്പോൽ പാരിലധോഗതി
വിണ്ണവർഗംഗയ്ക്കുമുണ്ടായില്ല.

---

* ബ്രഹ്മപ്രതിപാദകമായ ഹിന്ദുമതശാസ്ത്രം

Digitized By Kerala Sahitya Akademi

പോകട്ടെ,യെന്തു പറവൂ—കഥയിതു
പോകട്ടെ—മുൻചൊന്ന ലക്ഷണത്താൽ

കേവലം ശൂന്യമല്ലക്കുടിലുണ്ടതിൽ
പാവങ്ങളായ പുലയരാരോ.

തഞ്ചാറില്ലായതിലാളേറെ മുറ്റത്തു
സഞ്ചരിക്കാറുമില്ലേറെയാളും.

പാടത്തിറങ്ങും വഴിതന്നഹോ കഴൽ-
പ്പാടേറു നന്നേ തെളിഞ്ഞിട്ടില്ല.

അല്ലെങ്കിലിങ്ങീയടിമകൾ പേടിച്ചു
മെല്ലെനടപ്പതു മണ്ണറിയാ.

എല്ലാറ്റിലും തുച്ഛമല്ലോ ചെറുമക്കൾ
പുല്ലുമിവക്കു വഴിവഴങ്ങാ.

മറുള്ളവക്കായുഴാനും നടുവാനും.
കറകൊയ്വാനും മെതിക്കുവാനും

പറുമിക്കുട്ടരിതകാലിമാടുകൾ
മറു കൃഷിപ്പണി ചെയ്വുവാനും.

ഒന്നോത്താൽ മാടും കയക്കുമിതുകളോ-
ടൊന്നായവറയെ നാം ഗണിച്ചാൽ

പാരം പവിത്രങ്ങൾ പഞ്ച.ളിപ്പാവങ്ങൾ
ദൂരത്തും തീണ്ടുള്ള നീചരല്ലോ.

നാഗരികനരലോകത്തിൻ ശ്യാമമാ-
മാകൃതിപൂണ്ട നിഴൽകണക്കേ .

പ്രാകൃതർ താണകിടക്കുന്നതേയിവ-
രേകാന്തദീപ്തമാമിക്കാലത്തും .

എങ്കിലും ഹിന്തുക്കളെന്നുമിവരെ നാം
ശങ്കകൂടാതെ കഥിച്ചിടുന്നു.
മുങ്ങിക്കിടക്കും കളിമണ്ണും നേരോത്താൽ
തുംഗമാം പാറയുമൊന്നാമല്ലോ.

അക്ഷരമെന്നതറിവീല, ചാത്തനും
യക്ഷിയും പേയുമിവക്കു ദൈവം.

Digitized By Kerala Sahitya Akademi

കക്ഷിയിൽക്കൊണ്ട കരിക്കാടിയല്ലാതെ
നിക്ഷേപമായിവക്കൊന്നുമില്ല.

ക്രൂരത്തരമില്ല താഢ്ണ്യത്തിൽ, ചിലർ
കീറക്കരിത്തുണിച്ചീന്തും ചാത്തി
നാണംമറയ്ക്കും, ചിലർ നിജായസ്സോദ്ര-
കോണകംകൊണ്ട കഴിച്ചുകൂട്ടും.

ഇപ്പോലെ കഷ്ടമധിവസിച്ചീടുന്നി-
തിപ്പൊഴും ലക്ഷങ്ങാം കേരളത്തെ.

അപ്പാവങ്ങാക്കുള്ളെടുപ്പിന്റെ കേമത്ത-
മിപ്പുല്ലുമാടം പറയുമല്ലോ.

എന്നാൽ കടിലിലുമെന്തെങ്കിലും നന്മ-
യൊന്നുണ്ടാം, ദൈവം ദയാലുവല്ലേ!

സന്ദേഹമില്ലിങ്ങു സൗധങ്ങളിൽനിന്നു
പോന്നിപ്പൊാം ശാന്തത മേവുന്നുണ്ടാം.

ഹന്ത *ചാളയ്ക്കുള്ളിൽ മുടിമറച്ചൊരു
ചന്തമേറീടും വദനമല്ലേ

കാണുന്ന നോക്കിൽ പുറമ്പോള നീങ്ങാതെ
ചേണാറു മിന്നുന്ന പൂവുപോലെ.

തറുട്ടുത്തുരുമറഞ്ഞ മനോജ്ഞമാ-
മൊറക്കണങ്കാൽ മടക്കിവച്ചും,

മറേക്കഴൽ നിലത്തുന്നിയമ്മൂട്ടിന്മേൽ
പറിയ കൈത്തണ്ടിൻചെന്തളിരിൽ

പൂമണ്ണുവക്ത്രം ചരിച്ചുവച്ചും, മറേറ-
യോമൽക്കൈത്താർ നിലത്തുന്നിക്കൊണ്ടും,

കീറപ്പനമ്പായിലാരോ മുഷിഞ്ഞൊരു
ക്കുറ പുതച്ചു കനിഞ്ഞിരിപ്പൂ.

നീണ്ടുചുരുണ്ടേറെ വാച്ച തലമുടി
വേണ്ടപോൽ കെട്ടാതടിക്കഴുത്തിൽ

താറുമാറായ്ക്കിടക്കുന്നുണ്ടൊട്ടൊട്ടു
പാറുന്നമുണ്ടമ്മുഖാംബുജത്തിൽ

---

* മാടത്തിനു മലബാറിൽ സാധാരണ പറയുന്ന പേര്

Digitized By Kerala Sahitya Akademi

ഓലയിട്ടേറെം വടിഞ്ഞിപ്പോം ശൂന്യമായ്
ലോലമനോജ്ഞമാം കാതിഴകൾ

തോളോളം തൂങ്ങുന്ന നല്ലാർമുഖശ്രീക്കു
[1]ദോളകൾപോലെ പഴയമട്ടിൽ.

ഊനമിവളിക്കുടിലിലിരിക്കിലും
ദീനയെന്നാലും ചെറുമിയല്ല.
കോമളമായിളംമാന്തളിർപോലല്പം
ശ്യാമളമാകിലും പൂവൽമെയ്യും

ആഭയും മട്ടുമുടപ്പുമിവൾക്കുള്ളോ–
രാഭിജാത്യത്തിന്റെ മെച്ചമോതും.

അത്തലാക്കും വാസ്തുമികാലം ചാളയി–
ലിത്തയ്യൽ വന്നുകൂടുങ്ങിയെന്നാം

[2]നത്തക്കുളത്തിൽ നിയതിയാൽ നീതമാം
മുത്തേലുമോമനച്ചിപ്പിപോലെ.

അയ്യോ ശരി, നെറിത്തിങ്കൾക്കലയിലും,
മയ്യൽമിഴിപ്പൂങ്കപോലത്തിലും,

വാടാത്ത ചെന്തളിർപോലെ മിനുത്തിന്നും
പാടലമാമച്ചൊടികൾമേലും,

ഓടാതെനില്പും കടക്കണ്ണിൻകോണിലും
കേടറ്റ ലാവണ്യരാശിക്കുള്ളിൽ

ആടലിൻവിത്തു കുഴിച്ചിട്ടിരിക്കുന്ന
പാടവമുള്ള മിഴിക്കു കാണാം.

വിണ്ടലത്തെങ്ങോ വിളങ്ങിയ താരമേ!
കുണ്ടിൽ പതിച്ചു നീ കഷ്ടമോർത്താൽ!

ഉന്നതഭാഗ്യങ്ങളൊന്നും സ്ഥിരമല്ല,–
യിന്നതിന്നാക്കേ വരുവെന്നില്ല.

ഭള്ളാർന്ന ദുഷ്ടമഹമ്മദന്മാർ കേറി–
ക്കൊള്ളയിട്ടാത്തഹോ തീകൊളുത്തി

വെന്തുപോയോരു വമ്പിച്ച മനസ്സുലെ
സന്താനവല്ലിയാണിക്കുമാരി.

1 ഊഞ്ഞാൽ
2 ഞാഞ്ഞി എന്ന വയൽകക്ക.

Digitized By Kerala Sahitya Akademi

കൊള്ളക്കാരൊട്ടാളെ വെട്ടിക്കൊലചെയ്യും
'അള്ളാ'മതത്തിൽ പിടിച്ചുചേർത്തും
ഉള്ളിൽ നടക്കും തിരക്കിലിരുട്ടിലി–
പ്പുള്ളിമാൻകണ്ണിയാമ ചാടിപ്പോന്നാമ.
നായാട്ടിനായി വളഞ്ഞ വനം വിട്ട
പായുന്നൊരൊറ മാൻകുട്ടിപോലെ,
വേകുന്ന സൗധം വെടിഞ്ഞു പറന്നുപോ–
മേകയാം പ്രാവിൻകിടാവുപോലെ,
ആയാസമാന്നിക്കുലകന്യ ഹാ! വിധി–
ത്തായാട്ടിനാൽ വന്നീ മാടംപുക്കാമ.
പാവമിപ്പെൺകൊടി ശാപംപിണഞ്ഞൊരു
ദേവതപോലെയധഃപതിച്ചാമ.

ഒട്ടുവെളിക്കോട്ടഴന്നുനോക്കിത്തണ്ടും
മുട്ടും മിനുത്തെഴുമില്ലിത്തുണിൽ.
കെട്ടിവളർത്തിക്കുലച്ച പൂവല്ലിപോൽ
മുട്ടിയിരുന്നിപ്പൊളിന്നതാംഗി
മറൊരുലക്ഷ്യത്തിൽ കണ്ണയച്ചീടുന്നു
മുറും തൻമുമ്പിൽ കുടിലിനുള്ളിൽ.
ഉറവരുണ്ടാമടുത്താരോ തനുവിക്കു
ചെറുനങ്ങുന്നുണ്ടു ചുണ്ടുതാനും.
അംഗുലീപല്ലവം ചുണ്ടുന്നഹോ, തല
ഭംഗിയിൽ തയ്യൽ കുലുക്കീടുന്നു.
അല്പലിൻഭാരം കുറയുമാറാരോടോ
സല്പപിക്കുന്നിവൾ തക്കമില്ല.

ഹന്ത! മിനുത്ത മുളമ്പീലിച്ചട്ടങ്ങാ
പന്തിയിൽ നല്പനനാരാൽ കെട്ടി
ചന്തത്തിലീക്കിലാൽ തീർത്ത കിളിക്കൂടൊ–
ന്നന്തികത്തുണ്ടിതാ തുങ്ങിടുന്നു.
ആയതിന്മദ്ധ്യേ വിലങ്ങനെ വച്ചിട്ടു–
ള്ളായതമായൊരു കോലിൽപ്പുററി
ആനതപൂർവ്വാംഗിയായെതിരേയൊരു
'മൈന'യിരിക്കുന്നു കൊഞ്ചിക്കൊഞ്ചി.

Digitized By Kerala Sahitya Akademi

ചുട്ടകിഴങ്ങിൻമുറിയും ചിരട്ടയി–
ലൊട്ട ജലവുമക്കുട്ടിൻകോണിൽ
ഇച്ചുവങ്കപോളെടുത്ത കഴിപ്പാനായ്
വച്ചിരിക്കുന്നുണ്ട വൃത്തിയായി.

തങ്കദ്യുതിയാർന്ന ചുണ്ടുമതേനിറം
തങ്കും നയനപരിസരവും
മാവിൻകുരുന്തളിർമേനിയും തുവെള്ള–
ത്തുവർത്തിളങ്കുമടിച്ചിറകും
താവുന്നൊരിക്കളിക്കോപ്പിനോടാണിവൾ
പാവം സംസാരിപ്പതിന്നഥവാ,—
ആധിപ്രവാഹം കരകവിഞ്ഞോടുന്ന
ചേതസ്സിനേതു പഴുതു പോരാ.

ചൊല്ലുന്ന തേന്മൊഴിയാളച്ചിറകേലും
ചെല്ലസ്സുഖിയോടാ‘‘യോമലാളേ,
വല്ല കഥയും പറകെടോ നീ, കാലം
വല്ലാത്ത ഭാരമായ്; നീങ്ങാതായി.
ഇറ്റിറ്റു വീഴുന്ന തേൻതുള്ളിയെൻ ചെവി–
ക്കിറ്റിച്ചിന്നാത്തി നീയേറ്റീടുന്നു.
ഒറ്റ മൊഴിയും മുറിവാക്യവും മേലിൽ
പറ്റില്ലെനിക്കു മുഷിഞ്ഞു മൈനേ.
എന്തെടോ നോക്കുന്നിതെന്നെ,പ്പുകയുന്നോ
ചിന്തയാൽ നിന്റെ പെരുതലയും?
സ്വന്തകുലവും കുലായവും വിട്ടിന്നു
ബന്ധനമാന്നല്ലോ വാഴ്വു നീയും.
പക്ഷേ,യെനിക്കിന്നതുകൊണ്ടുതാൻ നിന്നിൽ
പക്ഷമേറുന്നതാം പക്ഷിവര്യേ.
തുല്യവിപത്താന്നോർ തമ്മിലേലും വേഴ്ച,
തെല്ലൊരാശ്വാസമേകുന്നതല്ലോ.

‘‘കഷ്ടം! കനകമുഖിയെനിക്കായ് വൃഥാ
കഷ്ടപ്പെടുന്ന നീ, വേണ്ട വേണ്ട,
വിട്ടുകളവൻ പ്രിയേ, നിന്നെ, നിന്മേലു–
ള്ളിഷ്ടമേയെൻ കൈ തടയുന്നുള്ളൂ.’’

Digitized By Kerala Sahitya Akademi

എന്നാഞ്ഞു പഞ്ജരവാതിൽ തുറക്കുവാൻ
സുന്ദരി കൈവല്ലിയൊട്ടു നീട്ടി;

സന്ദേഹിക്കുന്ന നെടുവീർപ്പിടുന്നഹോ
മന്ദാക്ഷമാന്ന വിരമിക്കുന്ന.

''അല്ലല്ല! തെറ്റിയെനിക്കോമനേ, ചെയ്യാ–
വല്ലിതു നിന്നെ വിടാവതല്ല.

തെല്ലതിന്നാകാതെയെൻ കൈ തടയുന്ന
വല്ലാത്ത ചങ്ങല വേറൊന്നയ്യോ!

എന്നിലലിഞ്ഞേകനേകിയേകാന്തത്തിൽ
നിന്നെയെനിക്കു വിനോദമേകാൻ

എങ്ങനെ ഞാൻ തൽപ്രണയം ഗണിയാതെ
ചങ്ങാതിയാളേ, വിടുന്ന നിന്നെ;

എന്നല്ല, നീയിനി മോചിച്ചു കൂട്ടത്തിൽ
ചെന്നാലും പക്ഷികൾ ശുണ്ഠികൂട്ടാം.

ഇല്ലുങ്ങളൊന്നിലീ ഞാൻ ചെന്നാലപ്പോലെ–
യെല്ലാരുമാട്ടിപ്പുറത്തുതള്ളാം

പോകേണ്ട, പോകേണ്ടയോമനേ, നമ്മുംക്കു
ചാകുംവരയ്ക്കിക്കൂടിലിൽ വാഴാം

ഏകട്ടെയാശ്വാസം നമ്മുംക്കിനി നമ്മെ–
പ്പോകുത്തിലാഴ്ത്തിയ ദൈവംതന്നെ.

''പ്രത്യേകിച്ചോമലേ, നിന്നഴലിന്നെന്റെ
ദുഃസ്ഥിതിയോർക്കുമ്പോഴും സാരമില്ല.

സ്വച്ഛന്ദമോടിനടക്കാമെന്നുള്ളൊരു
മെച്ചമേയുള്ള നിനക്കു പോയാൽ.

ഇത്തരം കൂടൊരു കാട്ടുപക്ഷിക്കില്ല–
യിത്രസുഖവുമില്ലോർത്തുകണ്ടാൽ.

''ഞാനോ വലിയൊരു നമ്പൂരിയാഢ്യന്റെ
മാനദയായ പെൺകുട്ടിയല്ലോ

എന്തറിവൂ നീ മനസ്സിലെ പ്രൗഢിയു–
മന്തസ്സും ഞാനതു ചൊല്ലിയാലും.

ഉച്ചമാമില്ലത്തെ വെണ്മാടമൊന്നിന്റെ
മച്ചിന്നകത്തെ മണിയറയിൽ

Digitized By Kerala Sahitya Akademi

ഇപ്പുറമുലസുഖംപൂണ്ടു മേവിനേ–
നപ്പുറമമ്മയും പ്രാണനായ് ഞാൻ.

എന്തുചെയ്തീടാനുമേറെപ്പരിജന–
മോടിവന്നങ്ങു വണങ്ങിനില്പും.

സ്വന്തനീരാട്ടുമുടയാട ചാർത്തലും
കൂടിയവർ നിന്നെ ചെയ്യിപ്പിക്കും.

പന്തിയിൽ ചിക്കിയുണക്കും തലമുടി
ചന്തത്തിൽ കോതി മുടഞ്ഞുകെട്ടും.

തക്ക മിനുക്കിയണിയിക്കും കണ്ണത്തിൽ
സംസ്കരിക്കും മിഴിയഞ്ജനത്താൽ.

*വെൺകലക്കാപ്പുകളെല്ലാം കരങ്ങളിൽ
തങ്കപ്രഭയിൽ വിളക്കിച്ചാർത്തും.

തോഴിമാരിങ്ങനെ ചെയ്യുമെല്ലാമെനി–
ക്കുഴംതെറാതെയും നിത്യമായും.

''കോണിയിറങ്ങീട്ടില്ലോമനേയേറെ ഞാൻ
നാണം വെടിഞ്ഞു നടന്നിട്ടില്ല,

വട്ടക്കുടയും 'വൃഷലി'യും കൂടാതെ–
യൊട്ടെൻകുളക്കടവോളവും ഞാൻ.

ധന്യനാമച്ഛനൊഴിഞ്ഞൻമുഖംതന്നെ–
യന്യപുരുഷന്മാർ കണ്ടിട്ടില്ല.

കൊഞ്ചി ഞാൻ ചൊൽവതു കേട്ടിട്ടില്ലാരുമെൻ–
പഞ്ചവർണ്ണപ്പൂങ്കിളിയല്ലാതെ.

വേണ്ടാ പറയേണ്ടയെന്റെയബ്ഭാഗ്യങ്ങൾ
വീണ്ടും വരാതെ പറന്നുപോയി.

തണ്ടലർസംഭവനങ്ങനെയെൻപിഞ്ചു–
മണ്ടയിൽ താഴ്ത്തിയെഴുതിപ്പോയി.

നിന്നെ മുഷിപ്പിക്കുന്നുണ്ടാവാം, നിൻതി ഞാൻ,
പൊന്നേലും പുണ്ടാളേയെൻ പുലമ്പൽ.

''അല്ല! നീയാസ്യം ചരിച്ചു ചെവികൊട്ട–
ത്തെല്ലാം ശ്രദ്ധിച്ചുതാൻ കേൾക്കുന്നല്ലോ.

---

* അന്തഃപുരം വെങ്കലവള അണിയുന്നതു പ്രസിദ്ധം.

Digitized By Kerala Sahitya Akademi

ചൊല്ലുവാൻ കെഞ്ചുംപോലോമൽചെറുമിഴി
തെല്ലു ചാച്ചെൻമുഖം നോക്കുന്നല്ലോ.

വീണ്ടും പറവൻ, നിനക്കു രസമുണ്ടു;
നീണ്ട പകൽതാണ്ടാനണ്ടെനിക്കും.

ഇണ്ടലിൻഭാരം മൊഴിയാൽ കുറകിലു-
ത്തണ്ടിന താങ്ങാറാം ജീവിതവും.

അല്ലലെനിക്കു പിണഞ്ഞതു ചൊല്ലുവൻ
കല്പം കരഞ്ഞുപോമക്കഥ നീ
ഓമനേ, കേട്ടു നിലവിളിച്ചീടല്ലേ,-
യാമയം നീയെനിക്കേറിടല്ലേ.

''ചിന്നുന്ന വെൺകതിർ തൂവിയോരന്തിയിൽ
കന്നിയിളന്തിങ്കൾ പൊങ്ങിനിന്നു,

പശ്ചിമദിക്കിന്റെ നെറ്റിയിൽ മാലേയ-
ക്കൊച്ചുതിലകത്തിൻകീറുപോലെ.

പിച്ചി വിടർന്നു പുതിയ പരിമളം
മച്ചിന്മേലെൻകിളിവാതിലൂടേ

പിച്ചയായുള്ളിൽ ചരിക്കുമിളങ്കാറ്റിൽ
സ്വച്ഛന്ദമേറിപ്പരന്നിരുന്നു.

തുമണ്ണുചന്ദ്രികയെന്റെ മഞ്ചത്തിലെ-
പ്പൂമെത്തമേൽ വെൺവിരിപ്പിന്മീതേ

ശ്രീമെത്തുമന്യവെൺപട്ടു ഗവാക്ഷത്തിൻ-
സീമയിലൂടെ വിരിച്ചിരുന്നു.

വ്യോമത്തിൽ വണ്ണം തെളിഞ്ഞുവിളങ്ങിയൊ-
ട്ടോമനത്താരങ്ങൾ പൂമുറ്റത്തിൽ

തുമുല്ല തങ്കച്ചെറു ചമ്പകമോമൽ-
ച്ചേമന്തിയെന്നീ പൂവ്വന്ദംപോലെ,

അത്താഴവും വായനയും കഴിഞ്ഞു ഞാൻ
ചിത്താനന്ദം പൂണ്ടു കട്ടിലേറി.
പൊക്കിത്തല പൂന്തലയണമേൽചേത്ത-
ങ്ങക്കാഴ്ചകണ്ടു ശയിച്ചിരുന്നു.

തെറ്റെന്നു പിന്നെ പ്രകാശമിരുട്ടിന്റെ
മറ്റേത്തലയെന്നു ചൊല്ലിച്ചൊല്ലി

Digitized By Kerala Sahitya Akademi

വെണ്മതിക്കുമ്പ തമസ്സിൽ മുങ്ങി മെല്ലേ
മന്മതി മുങ്ങി സുഷുപ്തിയിങ്കൽ.

''അയ്യോ! പൊന്നോമനേ,യപ്പുറം ചൊല്ലുവാൻ
വയ്യേ, നിനയ്ക്കുവാൻപോല്യം വയ്യേ!

ചീർപ്പുണ്ടാകുന്ന ശരീരം വിറയ്ക്കുന്ന,
വീർപ്പുമുട്ടുന്ന കുഴങ്ങുന്ന ഞാൻ.
അത്ര ഭയാനകമിപ്പോഴമോക്കുമ്പോൾ
ചിത്തം ഞടുങ്ങിപ്പോമച്ചരിതം.

''ഒട്ടാകെയങ്ങൊരു ഘോരാരവം കേട്ട
ഞെട്ടിപ്പിണഞ്ഞഹോ ഞാനെണീറ്റു.
ലോകം തകരുംവിധം തോന്നി, ഞാനോർത്തു:
ഭ്രകമ്പമെന്നോ പ്രളയമെന്നോ.

മുറത്തേക്കാഞ്ഞു ജനവാതിലൂടെ ഞാൻ
ചെറൊന്നു നോക്കിപ്പകച്ചുപോയി.
കണ്ണു കബളിപ്പിക്കുന്നെന്നു തോന്നി,യെൻ-
കാതെന്നെ വഞ്ചിക്കുന്നെന്നു തോന്നി.

ദുർന്നരകത്തിൽപ്പതിക്കയോ ഞാൻ ഘോര-
ദുസ്സ്വപ്നം കാൺകയോയെന്നു തോന്നി.

''കാളുന്ന പന്തങ്ങൾ തീവെട്ടികളിവ
മേളിച്ച ദീപ്തി പരന്നുകാണായ്,
ഉഗ്രമായ്ച്ചുഴമിരുട്ടിന്റെ മദ്ധ്യത്തൊ-
രഗ്നിമയമാം തുരുത്തുപോലെ.

ക്രൂരമുഖവും കടുത്ത തടിയുമായ്
പാരം ഭയങ്കരരയ്യോ! കൈയിൽ
വാളും വാക്കത്തിയും തോക്കും വടിയുമു-
ള്ളാളുകളെങ്ങും ഞെരുങ്ങിക്കാണായ്.
താടികൾ നീട്ടിയും വെട്ടിപ്പലവിധം
പേടിയാമ്മാറു തെറുത്തുവച്ചും
തൊപ്പിയിട്ടും ചിലർ കുപ്പായമിട്ടമ-
ങ്ങല്പം ചിലർ നിലയങ്കിയാണ്ണും,
കട്ടി'ക്കയലി'മീതേയരഞ്ഞാൺചേർത്തു
കെട്ടിയുടുത്തും ചിലർ, ചിലപേർ

Digitized By Kerala Sahitya Akademi

വക്കിൽ നിറംകാച്ചിയോരു വെൺമുണ്ടര–
വാറിട്ടിറുക്കിയുടുത്തുമുള്ളോർ.

ഒട്ടാം മരച്ചെരുപ്പുള്ളോ,രില്ലാത്തവ–
രൊട്ടുപേരങ്ങനെയങ്കണത്തിൽ

കഷ്ടം! കാണായിതസംഖ്യംപേരെല്ലാരും
ദുഷ്ടമഹമ്മദരാക്ഷസന്മാർ!

ക്രൂരോരിരുമ്പുകോൽകൊണ്ടകത്തെ മതിൽ
കുത്തിച്ചിലർനിന്നിടിച്ചിടുന്നു

കട്ടിക്കുടീടും കതകുകൾമേലോങ്ങി
വെട്ടുന്നഹോ ചിലർ വെണ്മഴുവാൽ.

താക്കോൽ ലഭിക്കുവാൻ കാര്യസ്ഥനെച്ചിലർ
നോക്കിത്തിരക്കിൽ നടന്നിടുന്നു.

തോക്കൊഴിക്കുന്നിതിടയിൽ മനസ്സിലെ–
യാകാരണഞ്ഞാലവരെ നോക്കി.

ഉദ്ധതന്മാർ പിന്നെക്കോപം സഹിയാഞ്ഞു
ചത്തുവീണോരെച്ചവിട്ടിടുന്നു.

ശുദ്ധിയില്ലാത്ത മലയാളഭാഷയിൽ
ക്രുദ്ധിച്ചസഭ്യങ്ങൾ ചൊല്ലിച്ചൊല്ലി

താനേ ചിലർ കലിയാൻ മദംപെട്ട–
മാനപോൽ കുക്കിവിളിച്ചിടുന്നു.

ഘോരമിശ്ശബ്ദങ്ങൾ മാറെറാലിക്കൊണ്ടഹോ!
ദൂരത്തിങ്ങട്ടുമലറിടുന്നു!

അയ്യോ! കാര്യസ്ഥനെ ദുഷ്ടരിതാ പിന്നിൽ
കൈയുകൾ കെട്ടിക്കുനിച്ചുനിത്തി

ഹാ പാപം! വാളൊന്നു പാളുന്നിതായിടി–
ത്തീപോലെ തദ്ഗളനാളത്തുടെ.

ചുററുമറകളിലുള്ള പരിജനം
മുറത്തു ചാടിനിന്നീടും മുമ്പേ

കഷ്ടം! നിലംപതിക്കുന്നിതാ പാവങ്ങൾ
വെട്ടുകളേറും വെടികൾകൊണ്ടും.

ഘോരം! ശവങ്ങൾ പിടഞ്ഞടിഞ്ഞും ചുറും
ചോരച്ചെഞ്ചോല ചുഴിഞ്ഞുപാഞ്ഞും

Digitized By Kerala Sahitya Akademi

പാവനമാം മുറമിപ്പോൾ ഭരണിനാം
കാവിൽക്കുരുതിക്കളംകണക്കായ്!

എന്നല്ലുപരിയൊഴിഞ്ഞ തോക്കിൻവായിൽ
നിന്നു പോയ് ധൂമപിണ്ഡങ്ങൾ, നീളെ
പാതിരാവായിത്തണുപ്പാൻ വായുവിൽ
ഭ്രതങ്ങൾപോലെയിഴഞ്ഞിടുന്നു!

''ആഹാ! മ്ലേച്ഛന്മാരകായിൽ കടന്നോരോ
സാഹസംചെയ്തായായ് സ്ത്രീജനത്തിൽ.

മച്ചിന്മേൽനിന്നു നിലവിളി കേൾക്കുന്നു,
മച്ചേതന പിടയുന്നിതുള്ളിൽ.

കുട്ടിൽക്കടന്നോമൽപ്രാവിൻപിടകളെ–
*ക്കാട്ടപോക്കാന്മാർപോലെന്റെ ശംഭോ!

ദുഷ്ടമുസൽമാന്മാർ കേറിപ്പിടിക്കയോ
കെട്ടിന്നകത്തുള്ളബലമാരെ.

അയ്യയ്യോ! കാർക്കുന്തൽ ചുറ്റിയിജ്ജാനക–
ക്കയ്യരിഴച്ചിതാ മുറത്തെത്തി.

ശ്രീദേവി, സീത, ചിരുത തുടങ്ങിയ
ഭൂദേവസ്ത്രീകളും ദാസിമാരും
ആരോമൽമേനിമാർ കഷ്ടം! പിടയുന്നീ–
ക്രൂരർതൻ കൈകളിലോരോരോപേർ
ഓരോ കാർകൊണ്ടലിൻകോണിൽ പിടഞ്ഞെഴു–
മോരോ പൊന്മിന്നൽക്കൊടികൾപോലെ.

''അല്ലല്ലയെന്തെല്ലാം ചെയ്യുന്നു കശ്മലർ
നല്ലാർജനങ്ങളെ—കാൺക വയ്യേ!
അമ്മമാരില്ലേ, സഹോദരിമാരില്ലേ,–
യിമ്മ്ലേർഖർക്കീശ്വരചിന്തയില്ലേ!
ഹന്ത! മതമെന്നു ഘോഷിക്കുന്നല്ലോയീ–
ജന്തുക്കൾ,ക്കെന്തതിൽ നീതിയില്ലേ?

''ആയായ്! ഇതായെന്റെയച്ഛൻ മഹാഭാഗൻ,
മായയോ കാണ്മതു ദുർഭഗ ഞാൻ?

---

* കാട്ടുമാക്കൻ (കാട്ടുപൂച്ച)

Digitized By Kerala Sahitya Akademi

ആയായയ്! ഇതായെൻ ജനനി, ഹാ ദുഷ്ടിധേ,
നീയിനിയും ധൃതിയ്ക്കു നിൽക്കുന്നില്ലേ?

ചേണാർന്നൊരച്ഛന്റെ പൂർവ്വശിഖപൂണ്ട
പുണ്യാന്യലാന്ന നിവന്ന പൂമെയ്

കേണഹോ! കഷ്ടം! കനിഞ്ഞുനിന്നീടുന്ന
ഞാണായഞ്ഞൊരു പൊൻവില്ലുപോലെ!

''അല്ലേ! പ്രിയതാത,യെന്തേ പെടാനങ്ങീ
വല്ലാത്തൊരാപത്തി,ലാരിതോർത്തു.

നമ്പൂരാന്മാരും തിരുമുൽപ്പാടന്മാരും
വമ്പേറുമാഢ്യന്മാർ മറുള്ളോരും

കുമ്പിടും വന്ദ്യനങ്ങീപ്പിറജ്ജോനകർ–
മുമ്പിൽത്തലതാഴ്ത്തിനിന്നില്ലായല്ലോ!

എന്നല്ലിവരിൽ പലരും മനസ്സാലെ–
ക്കുന്നുവാരത്തെ കൃഷിക്കാരല്ലോ.

പേർത്തും ചിലരിവർ നമ്മുടെ വസ്തുക്കൾ
ചാർത്തിച്ചുവാങ്ങിക്കഴിവോരല്ലോ.

എന്നല്ലീ മൂസ്സായും കാസ്സീനും കുട്ടരും
സ്വന്തം പടിക്കലെ ഭൃത്യരല്ലോ.

എന്തിവക്കിങ്ങനെ തോന്നുവാൻ? നമ്മളെ–
യെന്തിവരിന്നഹോ വേട്ടയാടാൻ?''

വിട്ടുപോയൊന്ന ഭവതിക്കെന്നാത്തോലേ,–
യൊട്ടധികം പേരിവരിൽ മുമ്പേ

ഹന്ത! നായന്മാർതുടങ്ങിക്കീഴ്പ്പോട്ടുള്ള
ഹിന്തുക്കളായ്,മിതുന്നോരത്രേ.

ആട്ടം, വിലക്കും, വഴിയാട്ടം, മറുമി–
ക്കുട്ടർ സഹിച്ചു പൊറുതിമുട്ടി

വിട്ടതാം ഹിന്തുമതം—ജാതിയാൽ താനേ
കെട്ടുകഴിഞ്ഞ നമ്പൂരിമതം.

കേരളത്തിങ്കൽ മുസൽമാന്മാർ പശ്ചിമ–
പാരങ്ങളിൽനിന്ന വൻകടലിൻ

ചീറും തിരകൾ കടന്നോ ഹിമാലയ–
മേറിയോ വന്നവരേറെയില്ല.

Digitized By Kerala Sahitya Akademi

എത്രയോ ദൂരം വഴി തെറ്റിനില്പ്പേണ്ടോ–
രേഴച്ചെറുമൻ പോയ് തൊപ്പിയിട്ടാൽ

ചിത്രമവനെത്തിച്ചാരത്തിരുന്നിടാം
ചെറും പേടിക്കേണ്ടാ നമ്മുരാരേ.

ഇത്ര സുലഭവുമാശ്ചര്യവുമായി–
സ്സിദ്ധിക്കും സ്വാതന്ത്ര്യസൗഖ്യമെങ്കിൽ
ബുദ്ധിയുള്ളോരിങ്ങാ ശ്രേയസ്സുപേക്ഷിച്ചു
ബദ്ധരായ് മേവുമോ ജാതിജേലിൽ?

ധർമ്മം സനാതനം ലോകത്തിൽ സ്വാർത്ഥികൾ
നിർമ്മിച്ചുവച്ച നയങ്ങളല്ല.

കർമ്മഫലത്തിന്റെ കസ്തൂ കുറകില്ല
ജന്മി,ക്കൊട്ടേറില്ലുഴവന്മാക്കും.

നില്ലുട്ടെയക്കാര്യം, വീണ്ടുമപ്പെൺകിടാ–
വുംക്കൊള്ളുമാധിയാൽ കേണു ചൊന്നാൾ.

പൂട്ടറ കുത്തിപ്പൊളിച്ചെടുത്തദ്ധൂർത്തർ
പൊന്നും പണങ്ങളും പണ്ടങ്ങളും

മൂത്തുതടിച്ച ലഹളത്തലവന്റെ
മുമ്പിൽക്കൊണ്ടന്നുടൻ കൂട്ടുന്നതും

കൊള്ളക്കാരൊക്കെപ്പുകഞ്ഞെടുക്കുന്നതും
കൊള്ളിവച്ചില്ലം ദഹിപ്പിപ്പതും

അമ്പരന്നോടിയിറങ്ങിയവൾ പാഞ്ഞു
പിമ്പുറത്തുള്ളൊരു വാതിലൂടെ

ചാടിയിരുട്ടിൽ മറയുന്നതും, ഭ്രമി–
ച്ചോടിയടുത്തുള്ള സുഹൃക്കാവിൽ

പ്രാണനെക്കാളുമഭിമാനം പേടിച്ചു
ന്നുണവും കേറിയൊളിക്കുന്നതും,

മാളികമേൽ പൊൻചമതകവും പൂത്തപോ–
ലാളിക്കത്തുന്നതുമഗ്നിയപ്പോൾ

തേവാരമന്ദിരം പൂകുന്നതും, ദുഷ്ടർ
ദേവബിംബങ്ങൾ തകർക്കുന്നതും,

മുഷ്ടാൻ ചെന്നു തൊഴുപ്പുരപുക്കുടൻ
പട്ടരെക്കൊണ്ടുവന്നങ്ങുനിർത്തി

Digitized By Kerala Sahitya Akademi

വെട്ടി രുധിരമൊഴിച്ചത്തിരുമുറ-
മൊട്ടുക്കശ്രുദ്ധമാക്കീടുന്നതും,
അച്ഛനുമമ്മയും ഹന്ത മതം മാറാ-
നിച്ഛിയാതാത്തരായ് കേഴുന്നതും,
ചോരയൊലിക്കും വാളോങ്ങിയിരുപാടും
ക്രൂരന്മാർ ഭർത്സിച്ചുകൊണ്ടവരെ
ആട്ടിന്നിണയെക്കശാപ്പിനായെന്നപോ-
ലാട്ടിക്കൊണ്ടെങ്ങോട്ടോ പോകുന്നതും
ചൊല്ലിനാൾ ചിന്തിച്ചു ചിന്തിച്ചു പിന്നെയ-
മ്മല്ലാക്ഷി കണ്ണുനീർ വാർത്തിരുനാൾ.

മൈനയിതിനിടെ മാഴ്കാതെ ഭക്ഷിച്ചു
പാനവും ചെയ്തഹോ സൗഖ്യമായി
താനേ രസിച്ചു മൃദുലമധുരമാം
ഗാനാമൃതം ദ്രുവിക്കൊണ്ടിരുന്നു.

നൂനം നിന്നോമനസ്വാമിനിതന്മനം
മൈനേ, കുളിക്കുമിപ്പാട്ടു കേട്ടാൽ.
പക്ഷമവയ്ക്കതിലേറും നീയോരുന്നോ?
പക്ഷികൾക്കത്ര വിവേകമുണ്ടോ?
എന്നാലവയ്ക്കിന്നിക്കണ്ണാമൃതം കണ്ണ-
സന്നിധിയിൽപ്പോലുമെത്തുന്നില്ല.
പത്രരഥമേ, നീ ചിന്തയറിവീല
ചിത്രം മനോരഥവേഗത്താലേ.
ദുഃഖം കാണുന്ന സുഖകാലത്തും മർത്ത്യൻ
ദുഃഖകാലത്തും സുഖം കാണുന്നു!

'എസ്പ്രാട്ടി' 'എസ്പ്രാട്ടി', 'എസ്പ്രാട്ടി'യെന്നിതാ
സസ്പ്രതി പക്ഷി ചിലച്ചിടുന്നു.
സംഭ്രമമാന്നൊന്നു ഞെട്ടിയപ്പെൺകൊടി-
യമ്പോടതിനെ നോക്കുന്നു വീണ്ടും.
''ചൊല്ലിക്കഴിഞ്ഞല്ലോയെന്നോമനേയെന്റെ-
യുള്ളിൽ നിന്നോട്ട ഞാൻ മിക്കവാറും
തെല്ലുതിനാൽ വിശ്രമിച്ചതാണെന്നെയെൻ-
ചെല്ലമേ,യെന്തിനു നീ വിളിച്ചു?

Digitized By Kerala Sahitya Akademi

മാപ്പുതരികഥവാ ശേഷം മൽക്കഥ
കേൾപ്പാൻ മോഹിപ്പൂ നീയക്ഷമയായ്;
അത്ര മമതയാണല്ലോ നിനക്കെന്നിൽ
ചിത്രാംഗിയാം കൊച്ചുടപ്പിറപ്പേ!

ആട്ടോടമാന്ന മുഹമ്മദർക്കുട്ടമാ–
യാർപ്പുവിളിച്ചു പിറിഞ്ഞുപോയി.
ഇല്ലം വേകുന്നതും കണ്ടഹോ ഞാനൊരു
കല്ലിൻപ്രതിമപോൽ കാവിനുള്ളിൽ
വല്ലാതിരുന്ന വിഷണ്ണയാ,യപ്പൊള–
ങ്ങല്ലിൻ ദൂരെക്കോഴി കൂവികേട്ടു.
നേരം വെളുക്കുന്നതിന്നിയുമീ ലോകം
തീരെ ഞാൻ കാണുന്നതെന്നും നോക്കൂ
പൂരിച്ചമൗനം പിളർന്നവന്നായൊലി
ക്രൂരമ്പുപോലെ തറച്ചു കാതിൽ.

''വല്ല ദുഷ്ടന്മാരും വീണ്ടും വരാമെന്നും
വല്ലേടവും പോയ് പുലരുംമുമ്പിൽ
താനേ ശരണം തേടേണമെന്നും വീണ്ടും
മാനം രക്ഷിക്കേണമെന്നും തോന്നി.
ചാടിപ്പുറത്തു കടപ്പാൻ പടപ്പാലെ
പാടില്ലെന്നായ് പിന്നെ ഞാൻ കുഴങ്ങി.
കാഞ്ഞിരം വേങ്ങ മുതലാം മരങ്ങളി–
ലാഞ്ഞുവളഞ്ഞു പടർന്ന പുററി
മുള്ളാന്ന ദാരുണമാകുമിലകളും
വള്ളികളും പൂണ്ട വാർപുനങ്ങൾ
കേറിയേടത്തുമിറങ്ങാൻ പഴുതില്ലാ–
തേറെ രുജയാന്ന ഞാനഴറി:
ചീനക്കെണിക്കുട്ടിൽപ്പെച്ചന്ന കുടുങ്ങിയും–
ദീനതതേടുമെലികണക്കേ.
വല്ലവാറും ധൈര്യമാന്നു നിനിഞ്ഞുടൻ
മെല്ലവേ നൂണുനുഴഞ്ഞിറങ്ങി,
മുള്ളുകൊണ്ടച്ചു മുറിഞ്ഞു,മുരഞ്ഞും മെയ്യ്
വിള്ളുന്ന വേദന ചിന്തിയാതെ,

Digitized By Kerala Sahitya Akademi

അക്കിഴക്കേട്ടിക്കു ശോണിതശോണനാ–
മക്കനെപ്പെറ്റിടുംമുമ്പുതന്നെ,
അക്കാവിൻഗർഭത്തിനിന്നു പുറത്തായ് ഞാൻ
രക്താർദ്രമായ പൂമേനിയോടും.
രണ്ടാംജന്മംതാനെനിക്കതോത്താലേതു–
കൊണ്ടുമന്നാത്മമുതൻ ജാതി മാറി.
ഇണ്ടൽ തേടുന്ന ഞാനിപ്പുനർജന്മത്തിൽ
പണ്ടത്തെയോമ്മയുണ്ടെന്നേയുള്ള.

''കീറിക്കിഴിഞ്ഞോരു പാവുപുടവയും
വേറലങ്കാരവുമൊക്കെത്തള്ളി
മൂടുപരിക്കൻ പുതച്ചവിടുന്നു ഞാ–
നോടിക്കിഴക്കേ നിരത്തിലെത്തി.
തെക്കോട്ടു വച്ചു നടന്നു ദൂരംചെന്നു,
പൊക്കത്തിലങ്ങൊരെടുപ്പു കാണായ്.
ഉള്ളിൽ വിളക്കെരിയുന്നുണ്ടു മാപ്പിള–
പ്പള്ളിയാണെന്നു ഞാൻ സംശയിച്ചു.
വെട്ടുവഴിക്കരികത്താകയാൽ നട–
ന്നൊട്ടടുത്തപ്പോളകത്തു കേറുകായ്
തിങ്ങിജ്ജനങ്ങൾ സംസാരിപ്പതുമിട–
യ്ക്കിങ്ങനെയങ്ങൊരാരാം കല്പിപ്പതും:

'''വെള്ളക്കാരെച്ചട്ടൊടുക്കുവിൻ ജന്മിമാ–
രില്ലമിടിച്ചു കുളംകുഴിപ്പിൻ,
അള്ളായല്ലാതൊരു ദൈവം മലയാള–
ത്തില്ലാതാക്കീടുവിനേതുചെയ്യും.'
ഞെട്ടിപ്പോയ് ഞാനതു കേട്ടു വിറച്ചുപോയ്
കഷ്ടം! തൊഴുത്തുവിട്ടോടിച്ചെന്നു
പേടിച്ചിരുന്ന പുലിതൻ മടയിൽത്താൻ
ചാടിയ പൈക്കിടാവെന്നപോലെ.
കണ്ടില്ലടുത്തു ഞാനാരെയും ഭാഗ്യത്താൽ,
മണ്ടിനേൻ പിന്നെയുമൊട്ടദൂരം.
അങ്ങങ്ങു നില്ക്കും മരത്തിൻ കടകളിൽ
തിങ്ങുമിരുട്ടിലൊളിച്ചൊതുങ്ങി

Digitized By Kerala Sahitya Akademi

കാല്പെരുമാറ്റമകലെയടിക്കടി
കേൾപ്പതായ് തോന്നിയെനിക്കുടനേ.

അപ്പാതവിട്ടങ്ങൊരുടുവഴി കണ്ടു
കെല്പോടെൻ കാലുകൾ പാഞ്ഞതിലേ.

ആരോ തുടരുന്നുണ്ടെന്നു പേടിച്ചു ഞാൻ,
നേരവുമൊട്ടു വെളുത്തുപോയി.

ചേറു തെളിയും കുളത്തിന്നടിപോലെ
പാരിടം കണ്ടുതുടങ്ങി മെല്ലേ.

പാടംവഴിയോടിവന്ന ഞാൻ പുക്കേനി–
മ്മാടത്തിൽ മറെറാന്നും ചിന്തിയാതേ,

മാഗ്രത്തിലെത്തും പരുന്തിനെപ്പേടിച്ചോ--
രുക്കുരുവിക്കിടാവെന്നപോലെ.

ഇപ്പോഴും നെഞ്ചു കിതയ്ക്കുന്നിതേയോത്താ,–
ലിപ്പോഴും വീർപ്പു തടയുന്നിതേ.

ഇപ്പുല്ലുടിലെയു,മിങ്ങു തുണ നല്ലാ–
നപ്പോഴം കണ്ടാളെയും ഞാനുമറക്കാ.

ഹന്ത! നിരുപിച്ചാലല്പയാമങ്ങൾകൊ–
ണ്ടെന്തൊരുമാറ്റമെനിക്കു വന്നു!

എത്രയോ ജന്മംകൊണ്ടേത്തേണ്ടും ദിക്കു ഞാ–
നെത്രവേഗം വിട്ടിവിടെയെത്തി.

ഇത്രവേഗത്തിൽ വനത്തിലെപ്പുലി–
ച്ചെത്താ കടലിൽ മലവെള്ളത്തിൽ

ഇത്രവേഗത്തിൽ മുകിലിലെ നീർത്തുള്ളി–
യെത്താ നിലത്തിലുമോർത്തുകണ്ടാൽ.

എന്നല്ലയെന്റെ സുഖവിഭവങ്ങളു–
മെന്നിലലിവേറുമവരും

ഇമ്പമേകീടുന്ന സ്നേഹവും പോയിതേ
മുമ്പിൽ നിന്നുമ്പ്രീ ലോകത്തിൽനിന്നും.

എത്ര കനകപ്രഭകോലുമട്ടിന–
മത്രയും മൂടിയിരുട്ടടഞ്ഞു.

എത്ര മനോജ്ഞമച്ചിത്രം ഹതവിധി–
യത്രയും മാച്ചു മഷിയടിച്ചു.

Digitized By Kerala Sahitya Akademi

ഒറ്റയായ് പോകുന്നുവെന്ന മരിപ്പോരെ–
പ്പറ്റിപ്പറയുമാറുണ്ടു പണ്ടേ.
ഉറ്റോരുമില്ലുവുമെല്ലാം പോയേകയായ്
തെറ്റെന്നു പോന്നോ ഞാൻ ജീവിക്കുന്നു!
ഭഗ്നസ്വപ്നസ്വയാം ഞാൻ പിറന്നുള്ളോരു
ലഗ്നമേ, നീയിനിയുണ്ടാകല്ലേ.
ശോകങ്ങളിത്ര വരാവതോ ലോകത്തിൽ,
ലോകമേ, നീതന്നെ സത്യമാണോ?''
'ചാത്തൻ വന്നു' 'ചാത്തൻ' 'എന്പ്രാട്ടിയെന്പ്രാട്ടി'
'ചാത്തൻ' എന്നപ്പോഴും കിളി പുലമ്പി.
ആത്തസംഭ്രാന്തിയായാഞ്ഞു പുറത്തോട്ടൊ–
ന്നാസ്ഥയായ് നോക്കി, മുഖംതിരിച്ചു,
കുണിതഭാവം കലർന്നു, കിളിയോട്ട
ശുണുക്കുടീടിനാഴ ചെറു ചണ്ഡി:

''എന്തേ നീയെന്നെപ്പരിഹസിച്ചീടുന്നോ
ചന്തത്തിനോത്തുന്നോ ഹന്ത! മൈനേ?
വെള്ളയിൽ ഞങ്ങളോടൊന്നിച്ചു മേവും നീ
കള്ളം പറഞ്ഞു പഠിച്ചിടുന്നോ?
അല്ലെങ്കിൽ പാവം നിനക്കില്ല,യേറ്റക്കയ്–
മില്ല തലയ്ക്കീ വെളിച്ചമൊന്നും.

''വന്നില്ല നിൻെറ യജമാനനിപ്പൊഴും
കുന്നിൻ നിഴലിങ്ങണഞ്ഞിട്ടില്ല.
മുറ്റത്തു വീഴും വെയിൽ, കാലം വൈകീട്ടും,
ചെറുമിന്നെന്തോ ചുവന്നിട്ടില്ല.
ചാഞ്ഞു പോയോരക്കൻ പിന്നെയും മേല്പോട്ടേ–
ക്കാഞ്ഞുകയറുകയായിരിക്കാം.
ഓക്കിൽ ശരിയാണൊരു കഴിവുണ്ടെങ്കി–
ലാക്കിഷ്ടമാകുമധഃപതനം?

''കഷ്ട! മെൻ ഭാവിയെനിക്കിന്നു കേവലം
മുട്ടുകടങ്കഥയായിതല്ലോ.
ചിന്തിച്ചുചിന്തിച്ചു ചേതന കാഞ്ഞിട്ടൊ–
രന്തം കാൺമീലിന്നുമെന്തുചെയ്വൂ.

Digitized By Kerala Sahitya Akademi

പ്രാണൻ വെടിഞ്ഞീല ഞാനന്നഹോ മാന-
ത്രാണപരായണയാകയാലോ.

ക്ഷീണഹൃദയതമൂലമോ ജീവനിൽ
പ്രാണിസഹജമാം പ്രീതികൊണ്ടോ,

ഇന്നതു ചെയ്യുവാനത്രതാൻ തോന്നുന്നി-
ല്ലെന്നായ്, ദിനങ്ങളുമേറെയായി.

പുത്തൻവ്രണത്തിന്റെ പീഡ കുറഞ്ഞുംപോ-
യുത്തേജകവുമില്ലിങ്ങു വേറെ.

അല്ലെങ്കിലുമാത്മഹത്യ വൻപാപമെ-
ന്നല്ലോ പറവതു ധർമ്മജ്ഞന്മാർ.

എന്നല്ലെനിക്കു തുണയ്ക്കും ജനത്തോടു
നന്ദിയില്ലെന്നുമാമിന്നു ചെയ്യാൻ.

''ജീവിച്ചിരിപ്പതുമിങ്ങനെയെത്രനാൾ
പാവം കുലം വിട്ട കന്യക ഞാൻ?

പോവാൻ തരമില്ലയന്തണരിന്നെന്നെ-
ബ്ഭാവിക്കില്ലില്ലത്തപ്പെണ്ണ് കിടാവായ്.

വൈദികപ്രീതി വരുത്താൻ പണമില്ല
വേണ്ടവരില്ലതു നല്കുവാനും.

പക്ഷേയതെല്ലാം ലഭിച്ചാലുമിക്കറ
പ്രായശ്ചിത്തം കഴുകാത്തതാവാം.

കേവലമോക്കിലകായിൽത്താനുള്ള ഭ്ര-
ദേവന്മാരാരാനുമായെന്നല്ല,

ദേവരന്മാരുമായ് കണ്ടാലും നാരിമാ-
രാവിഷ്ടരാകുന്ന 'ശങ്ക'യാലെ.

സ്മാർത്തവിധിയാൽ പവിത്രയെന്നാകിലു-
മാർത്തയെന്നാകിലും 'സാധന'ത്തെ

കഷ്ടം! പ്രേതംപോലെയോർത്തു ബന്ധുക്കളും 'കൈ-
കൊട്ടിപ്പുറത്തു' കളഞ്ഞിടുന്നു.

അന്തഃപുരത്തിലെ ഗൃദ്ധിയിൽ നമ്പൂരി-
യന്തണർ ദാക്ഷിണ്യഹീനരല്ലോ.

സച്ഛമാം പാടിലൊട്ടെച്ചിൽവീണാലുമ-
തെച്ചിലിൽ വീണാലും ത്യാജ്യമല്ലോ.

Digitized By Kerala Sahitya Akademi

പിന്നെ ഞാൻ ചാടിപ്പോന്നിപ്പുലച്ചാളയിൽ
വന്നീവിധത്തിൽ വസിക്കയായി.

തിങ്കളും നാലഞ്ചു പോയി പരിഹാര-
ശങ്കയെന്തിന്നു ഞാൻ—ദ്രഷ്ടയായി!

''നാട്ടംപുറത്തോ നഗരത്തിലോ വല്ല
വീട്ടിലുംപോയ് വിടുവേല ചെയ്വാൻ

നാട്ടുമുണ്ടായില്ലയുള്ളിൽ ലഹളയാം
കാട്ടുതീമൂലം കഴിഞ്ഞുമില്ല.

ഇന്നെന്നെ നായന്മാർ തീയർ തുടങ്ങിയ
ഹിന്ദുക്കൾ ചെന്നാലും മാനിക്കില്ല.

ഉന്നതരാമവക്കിപ്പുലച്ചാളയിൽ-
നിന്നു ചെല്ലും ഞാൻ പുലയിതന്നെ.

അന്യമതങ്ങളിൽ ജാതിയില്ലെന്നുള്ള
ധന്യതയുണ്ടതു നേരെന്നാലും,

ഇന്നിളക്കീടാവതല്ലെനിക്കുള്ളിൽ വേ-
രുന്നിയുറച്ച വിശ്വാസവൃക്ഷം.

വിശ്വാസമല്ലോ വിളക്കു മനുഷ്യനു
വിശ്വാസം ജീവസ്വസ്വമല്ലോ.

ഒക്കെയുംപോമതു പോയാൽ കെടുമാറും
ചുക്കാൻ പോയുള്ളൊരു കപ്പൽപോലെ.

''മറു മതക്കാരിൽ മാപ്പിളമാരെന്നി
മറാരുമിങ്ങടുത്തില്ലതാനും.

മാപ്പിളമാരെന്ന ശബ്ദവും കുണ്ഠനു
വേപ്പിലയെക്കാൾ ചെവിക്കുതന്നെ.

എന്തുചെയ്യേണ്ടതെങ്ങോട്ടു പോകേണ്ടതീ-
യന്ധകൂപത്തിലടിഞ്ഞഹോ! ഞാൻ.

അന്തമില്ലാതുള്ളൊരാഴത്തിലേക്കിതാ
ഹന്ത! താഴുന്നു താഴുന്നു കഷ്ടം!

പിന്തുണയും പിടിയും കാണാതുഭയം
ചിന്തി ദുഃസ്വപ്നത്തിലെന്നപോലെ

പൊന്താനുഴറുന്നു കാൽനില്ക്കുന്നില്ലെന്റെ,
ചിന്തേ, ചിറകുകൾ നല്കണേ നീ.''

Digitized By Kerala Sahitya Akademi

പാട്ടൊന്നു പാടിയുടനെ മധുരമായ്
കൂട്ടിലിരുന്ന കിളിയെന്നല്ല,
കോട്ടമകന്നഹോ! മുറ്റത്തുടൻ രണ്ടു
കാട്ടുപിറാക്കൾ പറന്നുവീണു.

പാടുകയോമലേ, പാടുകെന്നായ് മൈന-
യോടൊന്നലിഞ്ഞുടൻ ചൊല്ലിക്കൊണ്ടേ
ഓടിച്ചുകൾ കണ്ണുവട്ടം മുമ്പിൽ നടന്നിര-
തേടുമാ രണ്ടു വിരുന്നുകാരിൽ.

എന്നിട്ടടുത്തു പുറകേയിരുന്നോരു
പുന്നെൽക്കതിർക്കറ്റതന്നിൽനിന്നും
തെറ്റെന്നൊരുപിടി നെന്മണിയുരിയ-
മ്മുറ്റത്തവസ്ഥായവളെറിഞ്ഞാൾ.

തല്ലും തിരകൾതൻ നീർത്തുള്ളി ചിന്നുമ്പോൾ
മെല്ലെക്കടൽക്കാക്കജോടിപോലെ,
നെല്ലിന്റെ മുഷ്ടി ചിതറിപ്പതിക്കവേ
തെല്ലുൽപതിച്ചിട്ടവയിരുന്നു.

കൊത്തിപ്പെറുക്കിയും നെന്മണി,യങ്ങുത്
തിനടന്നുമവ കളിച്ചു.
ഓരോന്നുരച്ചിതാട്ടീനയവയോടു
നേരിട്ടുമാത്മഗതങ്ങളായും:

''ഓമനപ്രാണികളേ, വന്നിതിങ്ങെന്തു
കാമിച്ചിപ്പാഴുമുറ്റത്തു നിങ്ങൾ?

ആമോദമുണ്ടഹോ കാണുവാനെന്നെപ്പോ-
ലാമയമില്ലല്ലോ നിങ്ങൾക്കൊന്നും.

ഗ്രാമങ്ങൾ ചുറ്റിത്തിരികയാമോ യഥാ-
കാമം നിങ്ങൾ യുവദമ്പതിമാർ?

പ്രേമമാന്നാരാനും ചൊല്ലിയിപ്പാവത്തിൻ
ക്ഷേമമന്വേഷിപ്പാൻ പോന്നതാമോ?
അല്ലെങ്കിലെന്റെ മൂതരായ മിത്രങ്ങൾ
വല്ലവരുംതന്നെയാമോ നിങ്ങൾ?

ഇല്ലല്ലോയിന്നെനിക്കുഴിയിൽ നിങ്ങളെ
ചൊല്ലിയയയ്ക്കുവാനുറ്റോരാരും

Digitized By Kerala Sahitya Akademi

മാഴ്കുന്നോരെന്നിലലിഞ്ഞഥവാ പര–
മാകലരാം കലദേവതമാർ

ഏകിയ ദൃത്യം വഹിച്ചുവരുന്നതാ–
മാകാശചാരികളായ നിങ്ങൾ

തുമകലന്നോരീ ഹസ്തപത്രങ്ങളിൽ
കോമളമാം കൃഷ്ണരേഖകോലും

ദിവ്യാക്ഷരങ്ങൾ കാണുന്നുണ്ടെഴുതീട്ട–
മവ്യാജശോഭം വരിവരിയായ്.
വായിക്കാമിന്നതെനിക്കുമെന്നപ്പോലെ
കായുമുള്ളുള്ളോക്കുമിപ്രകാരം:

''നോക്കുക സംതൃപ്തിയാൻ ചിരിക്കുമി–
പ്രാക്കളെ,യെന്തിനു ഖേദിക്കുന്നു?

പുണ്ണാക്കുന്നില്ലിവ ചിന്തയാലുൾക്കാമ്പു
കണ്ണീരാൽ പോള വീർപ്പിക്കുന്നില്ല.
കണ്ടാലറിവാൻ കഴിയാത്ത ഭേദത്താ–
ലിണ്ടലിവയ്ക്കില്ല 'ജാതി'മൂലം.

സ്വച്ഛന്ദവൃത്തികളേവമന്യോന്യ–
മുച്ചനീചത്വങ്ങളൊന്നുമില്ല.
പേടിപ്പാനില്ലിവയ്ക്കൊന്നും വിലപെട്ടം
വീടും പറമ്പും പണവുമില്ല.

നാളത്തേക്കിന്നു സമ്പാദിക്കുന്നില്ലൊരു–
നാളുമിവയ്ക്കില്ലലസതയും.

തന്തടിപോററാൻ പണിയെടുത്തീടുന്ന
സന്തുഷ്ടി കൈക്കൊണ്ട പെണ്ണുമാണും.

പൊൽത്തുവെയിലിൽ പുറത്തു പറക്കുന്ന
നൽത്തെന്നൽ നിത്യം ശ്വസിച്ചീടുന്നു.

ആയത്തുകൊണ്ടിവയേലുന്ന പൂണ്ണമാ–
മായുസ്സും കെല്പുമഴകുമെന്നും.

''അത്രയുമല്ലിവതന്നുടെ ഗാർഹസ്ഥ്യ–
മെത്രമനോഹരമെത്ര ശ്രുദ്ധം!
തന്നുള്ളമാരിലലിഞ്ഞുലയിക്കുമ–
ദ്ധന്യമായോരിണയെത്തനിക്കായ്

Digitized By Kerala Sahitya Akademi

തന്നെത്താൻതന്നെ വരിച്ചു ജീവിക്കുന്നു
പിന്നെ മരിപ്പോളം വേർപെടാതെ
നശ്വരമെങ്കിലും നല്ല ചെറുകൂട്ടു
വിശ്വാസമാണിവ നിർമ്മിക്കുന്നു.
ശാശ്വതമായിരുപേരുമായ് പോറുന്നി-
തീശ്വരൻ നല്കും കിടാങ്ങളേയും.
അന്യരതിയറിവില്ലിവയാത്മാവെ-
യന്യോന്യം വഞ്ചിക്കുന്നില്ലിവണ്ണം
ക്ഷേമമായ് കാലം നയിക്കുന്ന ധർമ്മത്തെ
രോമവണ്ണംപോലും ലംഘിയാതെ.

''സത്യമേ സത്യമിസ്സന്ദേശമെന്തിനു
കൃത്യസന്ദേഹമിനി നിനച്ചാൽ?
ചിത്തലതേ, തെന്നൽ തല്ലും വഴിക്കുതാ-
നത്തൽ തേടാതെ നീ ചാഞ്ഞുകൊൾക.
തന്നാലശക്യമായുള്ളതിൽ ക്ലേശിച്ചു
തന്നെദ്വേഷിച്ചു നശിച്ചിടാതെ,
മിന്നൽക്കൊടികളെക്കെട്ടിനിർത്തീടുവാൻ
സന്നാഹം കൂട്ടാതെ സാധുവാം ഞാൻ
ഇക്കുടുംകോളിൽ കിടച്ചോങ്ങ പൊങ്ങേറി-
യക്കര കാണ്മാൻ ശ്രമിക്ക നല്ല.
ഈശ്വരസങ്കല്പങ്ങൾക്കു വഴിപ്പെടാ-
താശ്വാസമെന്തു മനുഷ്യനുള്ള.
ഉന്നതമായ മരത്തിൻ ശിഖരത്തിൽ
മിന്നും ഫലം ഞെട്ടി പൊട്ടി വീണു,
ആറൊഴുക്കിൽപ്പെട്ടൊലിച്ചോ ലഘുതയാൽ
കാറിലടിഞ്ഞു പറന്നുപോയോ
വല്ലേടവും പുക്കു താണ തടങ്ങളിൽ
വല്ലതിലും ചെന്നു തങ്ങീടുന്നു.
വല്ലാതെ പിന്നെച്ചെളി പുരണ്ടായതു
കില്ലാന്നഹോ രൂപം കെട്ടെന്നാലും,
നല്ലൊരു ബീജചൈതന്യമതിൽനിന്നു
മെല്ലെ മുളയ്ക്കുന്ന മോഹനമായ്

Digitized By Kerala Sahitya Akademi

പല്ലവം പൂണ്ടു വളർന്നതു വൻവൃക്ഷ–
തല്ലജമായിത്തഴച്ചീടുന്നു.

ഛായയും ശാഖയും ചന്തമേറും പൂവും
കായും കലർന്നതു താങ്ങലായി

ആയാസമാറുന്ന ജന്തുക്കൾക്കെന്നല്ല
തായായ്ത്തീരുന്ന തരുക്കൾക്കുമേ.

തേയാതെ വർദ്ധിച്ചു പിന്നെ മഹാടവി–
യായുമതുഴിയിൽ വ്യാപിക്കുന്നു.

ആരറിയുന്നിതഖിലനിയന്താവിൻ–
പ്രേരണതന്റെ രഹസ്യമെല്ലാം!

''എന്തുകൊണ്ടെന്നെ ലഹളത്തിടുക്കത്തിൽ
ഹന്ത! മുസൽമാന്മാരാരാഞ്ഞില്ല?

എന്തുകൊണ്ടൊരറിയാത്തൊരു ബാല ഞാൻ
ചിന്തിച്ചിതോടിയൊളിച്ചുകൊൾവാൻ?

എന്നല്ലയെന്തു പാഞ്ഞിച്ചാളയിൽത്തന്നെ
വന്നുകയറുവാൻ ബ്രാഹ്മണി ഞാൻ?

എന്നുമല്ലെന്തുതാനിങ്ങനെ ക്രൂരലാ–
നൊന്നുമറിയാച്ചെറുമനെന്നിൽ?

ഇച്ചൊന്നതൊക്കെയും സംഭവിക്കാമെന്നു–
വച്ചാലുമെത്ര വിചിത്രമയ്യോ!

സ്വച്ഛന്ദവൃത്തിയറിയാത്തതായതി–
സ്വച്ഛകുലോൽപത്തി ശ്രുദ്ധമായി

ഉച്ചഭാവത്തിൽ പരിചിതമായിടും
മച്ചിത്തമുൽക്കമായെന്തിനതാൻ

കാര്യമൊന്നോരാതെ നോക്കുന്നു സൂര്യനെ
സൂര്യകാന്തിപ്പൂകണക്കവനെ?

''കില്ലില്ല ഞാനെന്റെ കാലം നയിക്കുമി–
പ്പുല്ലുമാടത്തിൽപ്പുലയിയായ്ത്താൻ.

അല്പൽ മറന്നു ചെറുമികളോടു ഞാ–
നെല്ലാപ്പണികളും ശീലിച്ചീടും.

നേരത്തേയേറുടൻ പോകും പണിക്കന്തി–
നേരംവരെ നിത്യം വേലചെയ്യും,

Digitized By Kerala Sahitya Akademi

ഘോരവെയിലും മഴയും ഹിമവും ഞാൻ
സാരമാക്കാതെ സഹിച്ചുകൊള്ളും.

ചേറുനിലത്തിലും ക്ലേശാതിരേകി ഞാൻ
ഞാറു നടുമവക്കൊപ്പമായി.

കോട്ടം വരാതെയും കൈച്ചുറുക്കാൻമമ–
പ്പാട്ടിൻലയത്തിൽ മനമഴിഞ്ഞും

ചിറ്റാമ്പൽ പൂത്തെഴും തോട്ടുവഴി വയൽ
പറ്റി ഞാൻ വാച്ച കളപറിക്കും.

മുച്ചേയേറും നല്ല പച്ചനെല്ലോലകൾ–
ളീച്ചുവാളായെൻ മെയ് കീറിയാലും

പൊൻപ്രഭയാൻ പഴുത്ത നിലങ്ങളിൽ
തുമ്പിൻഘനംകൊണ്ട ചാഞ്ഞടിഞ്ഞു

തങ്കത്തുംകമ്പിയിൽ വൈഡൂര്യമാലപോൽ
തങ്കുന്ന നീണ്ട കതിർനിരകൾ

അമ്പിലൊതുക്കിയൊതുക്കിപ്പിടിച്ചു ഞാൻ
മുമ്പിട്ട മറേറക്കൈതന്നിൽ മിന്നും

അമ്പിളിപോലെ വളഞ്ഞൊരരിവാളാ–
ലിമ്പംകലർന്നതാൻ കൊയ്തുകൂട്ടും.

മുറ്റും വെയിലേറ്റതിനിടെയെൻ മുട്ടു–
നെറ്റിത്തടത്തിൽപ്പൊടിഞ്ഞു പൊങ്ങും

മുത്തിന്മണികളെ മാനിയാതാശ്രു ഞാൻ
കൈത്തളിർത്തുമ്പാൽ വടിച്ചെറിയും.

ക്ഷീണിച്ചെന്നംഗങ്ങൾ തീരെത്തളർന്നാൽ ഞാൻ
കാണിനേരം നിന്നു വിശ്രമിക്കും

ആണത്തമാർന്നടുത്തേലുമെൻ ചാത്തന്റെ
ചേണാർന്ന മേനിതൻ ഛായ പറ്റി.

എത്തിയവൻപിന്നെയങ്ങു വരമ്പത്തു
കുത്തുതുമ്പാളയിലേലും തണ്ണീർ

ഉൾത്താരലിഞ്ഞുടൻ കൊണ്ടുവന്നേകും ഞാൻ
മുത്താന്മോന്തുമമൃതുപോലെ.

പീഡയകന്നുടൻ പിന്നെയും കൊയ്യും ഞാൻ
പൂടേറുമച്ചവെയിൽ സഹിച്ചും,

Digitized By Kerala Sahitya Akademi

പാടത്തിൽപ്പാകമാം നെല്ലിൻപുതുമണം
തേടിയെത്തും കുളിർതെന്നലേറും

കറകളഞ്ഞ കൂട്ടി ഞാൻ കെട്ടുമുടയോർതൻ–
മുറത്തതുപേറിക്കൊണ്ടിറക്കും.

കൊറിന്നെളിയ ചെറുമികൾ ചെയ്തിടും
മറെന്തു വേലയും ഞാനെടുക്കും.

നൈരാശ്യവഹ്നിയിൽ നീറിനശിക്കുവാ–
നോരാതെയിങ്ങനെ നാൾകഴിക്കും.

നീരുജ ഞാനെന്റെ പാഴ്വയറന്യന്റെ
ഭാരമാക്കാതെയും സൗഖ്യമായും.

''തെല്ലില്ല ഭേദമീയന്ത്യമാം നിശ്ചയം
ചൊല്ലുവൻ ചാത്തനോടിന്നതന്നെ.

വല്ലവിധവും ഞാൻ സമ്മതിപ്പിക്കുവ–
നില്ലവനിന്നതിൽ ചായ്വെന്നാലും.

''ആഹാ! പുലയയുവാവേ! നിൻബുദ്ധിയും
സ്നേഹവും താഴ്മയുമൗദാര്യവും

ചാരിത്ര്യവുമറിയുന്നോർ ചണ്ഡാലനെ–
ന്നാരോക്കും നിന്നെ—ഹൃദയമുള്ളോർ.

ആത്തയായ് വന്ന കുടിലിലൊളിച്ചോരെൻ
വാത്തപോലും ദുഷ്ടുമാപ്പിളമാർ

ഓരാതെ കാത്തെന്നെ രക്ഷിച്ച നീ മഹാ–
ഘോരലഹള ചുറ്റും നടക്കേ.

നാണം കെടുത്തിയും സ്ത്രീജനത്തെത്താണ–
കേണാലും ചാരിത്ര്യഭംഗംചെയ്യും

തൃണപോൽ നിത്തിത്തൊലിപൊളിച്ചുറ്റോരാ–
മാണുങ്ങളെ മുമ്പിൽ വെട്ടിക്കൊന്നും

എത്രയോ ദിക്കിൽ മതഭ്രാന്തരായ് ദുഷ്ട–
ചിത്തർ മഹമ്മദർ ഹിന്തുക്കളിൽ

ക്രുദ്ധരായ് നീചനീചങ്ങളാമോരോരോ
കൃത്യങ്ങൾ ചെയ്യുവതിന്നിടയിൽ

ഇത്ര സമാധാനമുൾക്കൊണ്ടൊരു കുല–
പുത്രിയെന്നെപ്പോലെ 'യേറനാട്ടിൽ'

Digitized By Kerala Sahitya Akademi

നിശ്ചയം ജീവിച്ചിരുന്നിരിക്കില്ലത്ര
മെച്ചമായല്ലോ നീയെന്നെക്കാത്തു?

ഒട്ടേറെപ്പേരെയന്നനയിച്ചും ചില
ദുഷ്ടരെജ്ജാടചൊല്ലിക്കഴിച്ചും

ഒട്ടചിലരെ മല്ലിട്ടമകറ്റി നീ
പൊട്ടക്കുടിലിതെൻ കോട്ടയാക്കി.

''അത്യുദാരൻ പിന്നെയെന്നിഷ്ടാനിഷ്ടങ്ങൾ
പ്രത്യഹമോതാതെതാനറിഞ്ഞു

പ്രത്യുപകാരമോരാതെ ചെയ്യുന്നോരോ–
കൃത്യമോർത്താൽക്കണ്ണിൽ നീർ നിറയും,

മറ്റു പുലയർതൻ പ്രാകൃതസമ്പ്രദ്ധം
പറ്റില്ലെനിക്കെന്നുമെന്നോത്തല്ലേ

പെറ്റമ്മതന്നെയും പെങ്ങളേയും കൂടി
മുറ്റുമകറ്റുന്ന കൂറേലും നീ?

നിത്യവും കായ്കിഴങ്ങാദിയാം ഭോജ്യവും
ശുദ്ധജലവുമെനിക്കായി നീ

കൃത്യമായ്ക്കൊണ്ടുവന്നേകുന്ന നാൾതോറും
വർദ്ധിക്കും സ്നേഹാദരങ്ങളോടും.

''ഹന്ത! തരുണൻ സുമുഖൻ ദൃഢകായ–
നന്തികേക്കിങ്ങെത്തി നീ,യേകയാമെൻ

അന്തികത്തെങ്ങാനും തങ്ങിയുറങ്ങുന്ന,
ചിന്തവേറില്ലാത്ത പൈതൽപോലെ.

പ്രായത്തിനുള്ള ചാപല്യത്തെബ്ബന്ധിക്ക–
മായതമാമീ വിനയപാശം

ആയത്തമല്ലിതുപോലോതിക്കോന്മാക്കും
പ്രായേണ തോലിട്ടോരുണ്ണിമാക്കും.

നല്ലോരവസരം വന്നാൽ വിഷയങ്ങ–
ളെല്ലാരെയും ഭ്രമിപ്പിക്കുമെന്നായ്
ചൊല്ലുന്നതു പൊളിയാക്കി നീ,യുണ്ടാവാ–
നില്ല സൗകര്യമീവണ്ണമാക്കും.

ഇങ്ങനെയൊന്നുമില്ലാതെയുമെത്രയോ
പൊങ്ങുമന്തസ്സിലിരിപ്പവർതാൻ–

Digitized By Kerala Sahitya Akademi

ഹാസജനകമാമോരോ ചരിത്രങ്ങൾ
ദാസിമാർ ചൊല്ലി ഞാൻ കേട്ടിരിപ്പൂ.

''എത്ര വിലപെറും വസ്തു നീ, ഹാ! ചാത്താ!
ചിത്രം നീ നിന്നെയറിയുന്നില്ല!

താണകിടക്കുമീ രത്നത്തെ മുങ്ങും ഞാൻ
കാണുമാറായ് വിധിസങ്കല്പത്താൽ.

നക്ഷത്രംപോലെ കൈയെത്താത്ത ദൂരത്തിൽ
നിക്ഷിപ്തമല്ലിതുയരെയല്ല.

ഞാൻ ചെന്നടിയുന്ന ദിക്കിൽ ജ്വലിക്കുന്ന
വാഞ്ഛരിക്കും ഞാനതെടുത്തണിവാൻ.

''ഹാഹാ! ഭഗവൻ ജഗദീശ! നിന്തിരു-
മാഹാത്മ്യമാണ്ട ഗുണങ്ങളാകും

സത്ഭവിശുദ്ധിയും സ്നേഹവും തേജസ്സു-
മുത്തമജാതിയിലെന്നപോലെ

അന്ത്യജന്മാരിലും കാണുകിലങ്ങേക്കി-
ങ്ങെന്തേയിവർതമ്മിൽ ഭേദമുള്ള?

കില്ലില്ല ധാതാവേ! നിന്റെ തുക്കണ്ണിനു
തെല്ലുമിജ്ജാതിഭേദങ്ങളില്ല!

പണ്ടു മഹഷ്മിമാർതന്നെ പതിതരാം
തണ്ടാർനയനമാരിൽ ജനിച്ചു.

കൊണ്ടാടത്തക്കവർ താണകുലങ്ങളി-
ലുണ്ടായിരുന്നിതിടക്കാലത്തും.

'പാക്കനാർ' 'നാരായണഭ്രാന്തർ' തൊട്ടുള്ള
യോഗ്യരാം യോഗീന്ദ്രന്മാരെത്തന്നെ

ഓത്താൽ പറയിതൻ നന്ദനന്മാരെന്നു
കീർത്തനംചെയ്യുന്ന കേരളീയർ.

വിത്തു നന്നായാൽ വിളവു നന്നാം ഗുണ-
മെത്താത്ത പാഴ്കണ്ടത്തിൽപോലും.

ഉത്തമമായ നിലത്തിൽ വീഴും വിത്തു
സത്തല്ലെന്നാലും ഫലം നന്നാവാം.

പിന്നെയീയുള്ളിൽ മികവാൻ ബീജത്തിൽ-
നിന്നും മുളച്ചെഴും സന്താനങ്ങൾ

Digitized By Kerala Sahitya Akademi

ധന്യരായ്ത്താൻ തീരും ലോകത്തവർമൂല-
മന്യാദൃശമാം ഗുണമുണ്ടാവും.

''യോഗ്യനാം ചാത്തനു ജന്മമേകീടുവാൻ
ഭാഗ്യമുണ്ടായൊരിത്താണവംശം
പക്ഷേ,യവന്റെ കിടാങ്ങൾ പരിഷ്കരി-
ച്ചുൽക്ഷേപിച്ചീടുമട്ടത്ത കാലം.
ഉന്നതമാകുമീയുദ്ദേശമൊന്നാൽതാൻ
ഖിന്ന ഞാൻ പ്രേരിതയല്ലെന്നാലും
എന്നെയധഃപതിപ്പിച്ച വിധേ! നിന്റെ-
യുന്നമിതെങ്കിൽ ഞാൻ ധന്യയായി.
ഇണ്ടൽ പിണഞ്ഞു പുറത്തായി നമ്പൂരി-
വണ്ടാർകുഴലിമാരെത്രയോപേർ
പണ്ടുപണ്ടേയവർ പോയവഴിയെല്ലാം
കണ്ടവരാരുമില്ലാകയാലെ
കാണിയും കല്മഷമേശാതെയാപത്തിൽ
വീണൊലിച്ചിങ്ങെത്തി വൻകയത്തിൽ
താണകിടക്കും സഹജരെപ്പൊക്കുവാൻ
താണതാണെങ്കിൽ ഞാൻ ധന്യയായി!

''അത്യാഹിതത്തിലുമിഷ്ടമില്ലാതുള്ള
ഹസ്തമൊന്നെൻ മെയ്യെ സ്പർശിയാതെ
ഇത്രകാലം കാത്തൊരമ്പാന്ന ലോകൈക-
മിത്രമേ, സർവ്വജഗൽപിതാവേ!

കേവലമിന്നീയെളിയ മനോരഥം
കൈവരുവാൻ കേണിരന്നീടുന്നേൻ
പാവമിപ്പെൺകിടാവായതും വിഘ്നത്താ-
ലാവിലമാകായ്വാൻ പ്രാർത്ഥിക്കുന്നേൻ.''

എന്നോമനമുഖമൊന്നയത്തിത്തനു-
യുന്നീതതാരയായ് വിണ്ണിൽ നോക്കി,
മേലേ ഞെരുങ്ങിയിരുണ്ട നിരന്ന കൺ-
പീലിക്കറുകനാമ്പിൻനിരമേൽ

Digitized By Kerala Sahitya Akademi

വെള്ളപ്പനിത്തുള്ളിയായ് കണ്ണുനീക്കണം
തുള്ളിനില്ക്കുന്ന മിഴികളാലേ.

പ്രാർത്ഥിച്ചുകൊൾക മനസ്വിനി! നിന്നിഷ്ടം
പൂർത്തിയാക്കീടട്ടേ സവ്യശക്തൻ!

ആത്മയാം നിന്റെ മനോഗതം ശ്ലാഘ്യമാ-
ണോർത്തുനോക്കുമ്പോൾ പലതുകൊണ്ടും.

സ്വന്തഗുണവും മഹിമയും സ്നേഹത്താൽ
ഹന്ത! നീ വിസ്മരിക്കുന്നെന്നല്ല,

തന്നെത്താൻ താണിന്നു താഴ്ന്ന ലക്ഷ്യങ്ങളെ-
യുന്നമിപ്പിപ്പാനും മോഹിക്കുന്നു.

സാദ്ധ്യമായാലുമതല്ലെങ്കിലും നിന്റെ
ഭേദ്യമല്ലാത്തൊരീ നിശ്ചയത്താൽ,

ഉൽപതിഷ്ണുക്കളാം ജാതിപരിഷ്കാര-
ജല്പകന്മാരെ നീ തോല്പിക്കുന്നു.

എന്നല്ല, സ്വസ്ഥിതിക്കൊത്ത സംതൃപ്തിപൂ-
ണ്ടിന്നു ജീവിപ്പാനൊരുങ്ങുന്ന നീ.

കാലദേശാവസ്ഥകൾക്കടിമപ്പെട്ട
ലോലത തേടാത്തൊരിന്നില താൻ
ശ്രേഷ്ഠതമമാം മനുഷ്യമഹത്ത്വത്തിൻ
കാഷ്ഠയായ് കാണുന്നു പണ്ഡിതന്മാർ,

പിന്നെ നീ പാവനശീലേ! കരണീയ-
മൊന്നുമോരാതെ നിന്നന്തരാത്മാ

ചൊന്ന വഴി പോവാൻ തീച്ചയാക്കുന്നതും
നിന്ദ്യമല്ലോക്കിൽ നിനക്കു ഭദ്രേ!

പാലാഴിതന്റെ തരംഗങ്ങളെക്കാളും
കൈലാസശൃംഗനിരയെക്കാളും

ധാവള്യമേറുന്ന നിന്റെയന്തരിൽത്താൻ
മേവുന്ന ലോകനിയന്താവിന്റെ

കല്പനകേട്ട മറ്റൊന്നും ഗണിയാതെ
നിർഭയമായ് നീ നടന്നുകൊൾക.

പിന്നെയും ചിന്തിച്ചാൾ നിശ്വാസപൂർവ്വമ-
ക്കന്യകയോരോന്നനുഗതമായ്:

Digitized By Kerala Sahitya Akademi

''ഞാനൊന്നും പ്രാർത്ഥിച്ചറിവില്ലൊരുവനെ
ധ്യാനിച്ചുമോർമ്മയില്ലിത്രനാളും
ഉന്മേഷമായിങ്ങെനിക്കു പതിനെട്ടു
ജന്മനക്ഷത്രം കഴിഞ്ഞെന്നാലും
ഒന്നാമതെല്ലാവിഭവവുമാർന്ന ഞാ-
നൊന്നും കാണാഞ്ഞതാം പ്രാർത്ഥ്യമായി:
പിന്നെ, പ്രണയമനുഗ്രഹമാരേലുക-
യെന്നതു ഞങ്ങളോരാത്തതല്ലോ.
സച്ഛ്രീരാം നമ്പൂരിനാരിമാക്കുദ്വാഹം
നിശ്ചിതമായ വിധിയല്ലല്ലോ.
പെൺകൊടയില്ലത്തുണ്ടാകിലും കന്യയ്ക്ക
പങ്കുമില്ലല്ലോ തിരഞ്ഞെടുപ്പിൽ.
എന്നാലുമെന്നുൾക്കുരുന്നിന്നടിത്തട്ടിൽ
മന്ദപ്രഭമായ് ലയിച്ചിരുന്നു;
ഒന്നുരണ്ടാശാശകലങ്ങൾ കേവലം
കന്യാസഹജമാം കൗതുകത്താൽ.
നിർദ്ധനനെന്നാലുമെന്നെ വേൾക്കുന്നയാൾ
വിദ്യാപരനായിരുന്നിടേണം.
രൂപവാനല്ലെങ്കിലുമപ്പുമാനന്യ-
സ്ത്രീപരനാകാതിരുന്നീടേണം.
എന്നൊക്കെയാണതൊടുവിലത്തേതതി-
ലിന്നു സഫലമായെന്നു ചൊല്ലാം.
എന്മനതാരിലിരിപ്പവനന്യയി-
ലുന്മുഖനല്ല, വേട്ടിട്ടുമില്ല.
എന്നുമല്ലിഞ്ഞാണജാതിയിൽ ഞാനോർത്ത
ദുന്നയമുള്ളതായ്ത്തോന്നുന്നില്ല.
നാഗരികത്വമോരാത്തൊരിസ്സാധുക്കൾ
ഭോഗപരായണരല്ല നൂനം.
സത്യമാണായതെന്നാകിലതിന്നഹോ
നിത്യം തൊഴുതു ഞാൻ പ്രാർത്ഥിക്കുന്നേൻ.
തത്താദൃശമായ നാഗരികത്വമേ!
എത്താഞ്ഞു നീയീയെളിയദിക്കിൽ.

Digitized By Kerala Sahitya Akademi

പിന്നെയവന്നഹോ വിദ്യയില്ലെന്നുള്ള–
തൊന്നാണതോക്കുകിൽ സ്വാരമില്ല.

എന്നല്ലതൊട്ടു പരിഹരിക്കാമെനി–
ക്കെന്നാൽ കഴിയുംപ്രകാരമെല്ലാം.

ഏതും ഗ്രഹിക്കുവാനന്വേഷമുണ്ടവ–
ന്നേതും ധരിക്കുവാനുണ്ടു ശക്തി,

ഏതുമൂഹിച്ചറിയുന്നുണ്ടു സൂക്ഷ്മമായ്,
മേധാവിയാണവനാകയാലെ.

സംസ്കൃതമല്പെങ്കിലും സദ്ഗുണമാന്–
മസ്തിഷ്കവെള്ളിത്തളികയിന്മേൽ

ശിക്ഷയിൽ സ്നേഹാക്തമായെഴും വത്തിയി–
ലക്ഷരപ്പൊൻദീപം ഞാൻ കൊളുത്തും.

ഏറുമവന്റെ ഗുണഗണം, വിദ്യയാവൂ
മാറിപ്പോം ബാഹ്യമലിനതകളും.

വേലയിൽ സാമർത്ഥ്യം വർദ്ധിക്കും സമ്പത്തും
ചാലേയവനുണ്ടാം മാന്യതയും

ഉൽപത്തിനീചനുമക്ഷരയോഗത്താൽ
ക്ഷിപ്രം മഹിമ തടവീടുന്നു.

സിദ്ധരാസപ്രയോഗത്തിനാൽ ചെമ്പുതാ–
നുത്തമകാഞ്ചനമാകുമ്പോലെ.

''ചാത്തന്റെ മേന്മ കണ്ടുണ്ടാകുമുന്നതി–
ക്കാസ്ഥ മറ്റുള്ള ചെറുമക്കൾക്കും.

രാവിലവരിൽ ചിലരെയെഴുതിക്ക–
മാവുംവിധം ഞങ്ങൾ രണ്ടുപേരും

അങ്ങനെയുദ്യമിച്ചീവഗ്ഗം മെല്ലവേ
പൊങ്ങുമാറാക്കും പലവിധവും

ഇശ്രമത്തിങ്കൽ സഹായിക്കാം ഞങ്ങളെ
വിശ്രുതരാം പല യോഗ്യർതാനും.

പിന്നെയധികാരകേന്ദ്രങ്ങൾമൂലമായ്
മന്നവൻ ഞങ്ങളെയാംഗലേശൻ,

ഉത്സാഹിപ്പിച്ചെന്നുമാം പതിതപ്രജാ–
വത്സലൻ ഭാരതസാവ്ഭൗമൻ.

Digitized By Kerala Sahitya Akademi

അക്കൃപാമൂർത്തിതൻ ധർമ്മത്തിലൊന്നുപോൽ
ചൊൽക്കൊള്ളുമിപ്പതിതോദ്ധാരണം.

''നിശ്ചയം, ചാത്തനെ ഞാൻ പഠിപ്പിച്ചീടും.
വിശ്വാസമേറുന്നിക്കാര്യത്തിങ്കൽ.
ഈശ്വരവാക്യങ്ങൾപോലീ വിചാരങ്ങ-
ളാശ്വാസമേകുന്നിതുൾക്കാമ്പിങ്കൽ.

''ആരംഭത്തിങ്കൽ വരമൊഴിവാസന
തീരെയില്ലെങ്കിലും മന്ദംമന്ദം
പാരം സമുത്സുകനാക്കുമവനെ ഞാൻ
പാരുപുരാണകഥകൾ ചൊല്ലി;
പാട്ടുവാക്കോതിയുത്സാഹിപ്പിക്കും; പിന്നെ-
പ്പാടിക്കേൾപ്പിക്കും ഞാൻ ഭംഗിയായി
ഗാധേതരമതിയാമവനു കൃഷ്ണ-
ഗാഥയിലുള്ളൊരു സന്ദർഭങ്ങൾ;
കാലികൾമേച്ചു നടന്ന കാർവർണ്ണന്റെ
ശീലങ്ങളോരോന്നുമെന്നുവേണ്ട
ഓലുംരസത്തിൽ മനമലിക്കും 'രാസ-
ലീല'യും പാട്ടും ഞാൻ നാണിയാതെ.
നീരസഭാവമിയന്നടൻ നിശ്ചയം
പാരം ചൊടിച്ചു ചോദിക്കും ചാത്തൻ
പാരിൽ നിരക്കാത്തതായാരഗ്ഗോപികാ-
ജാരന്റെ ധൂർത്തിനെപ്പററി മുറും.
വന്ദ്യനാമീശന്റെ വാർകലാജാതനാം
നന്ദാത്മജനിൽ നരനുപോലും
നിന്ദ്യമായുള്ള നടപടി കാൺകയാൽ
സന്ദേഹിക്കും ചാത്തൻ സച്ചരിതൻ.
വാർമെത്തുമൊററപ്പുരികം ചുളിച്ചു പൽ-
പ്പൂമൊട്ടാൽ കീഴ്ചുണ്ടിൻകോണമത്തി
ഹാ! മിഴിമങ്ങിയുടൻ നില്ക്കും ചാത്തനെ—
കാർമുകിൽവർണ്ണനെ—വീക്ഷിക്കും ഞാൻ;
ഉന്മവസ്സും ഞാനുടനെയെഴുനേറെറാ-
ന്നുണ്മവിളങ്ങുന്നത്തുമുഖത്തിൽ,

Digitized By Kerala Sahitya Akademi

സമ്മോഹനമാം വികാരങ്ങളേല്പുന്ന
ചിന്തിയ കണ്ണിലും, ചില്ലിമേലും.

''പിന്നെ വഴിയേതാൻ വ്യാഖ്യാനിച്ചീടും ഞാൻ
കന്നൽനേവ്വണ്ണന്റെ ലീലയ്ക്കേലും
ആദ്ധ്യാത്മികാർത്ഥങ്ങൾ ഞാനോരുമ്പോലെയും
ബോദ്ധ്യമാമ്മാറുമവനോരോന്നായ്.
ഇങ്ങിനെ സംസ്മരിക്കും ഞാനവനുള്ളിൽ
മങ്ങിയെഴുന്ന മതബോധങ്ങൾ.
ഞങ്ങൾ പുലയക്കുള്ളാരാധനകളെ
ഭംഗിയായ് പിന്നെപ്പരിഷ്കരിക്കും.''

ഇങ്ങിനെയൊക്കെ വിചാരിച്ചുത്സാഹവും
തിങ്ങുമൗൽസുക്യവുമാൻ തനിച്ചി
അങ്ങൊട്ടിരുന്നാൾ സമയമറിയാതെ
പൊങ്ങും മനോരാജ്യഭ്രതി നോക്കി.
മുറ്റത്തു കണ്ടൊരാ പ്രാക്കൾ പറന്നുപോയ്,
ചെറുല്പധികമായ് നേരമിപ്പോൾ.
എന്നല്ല, താണനിലത്തുനിന്നും വെയി-
ലൊന്നായ്ത്തിരശ്ശീലപോലുയർന്നു.
അക്കുന്നും താണകലത്തു പടിഞ്ഞാറേ
ദിക്കിന്റെ കോണിൽ പുരോമുഖമായ്,
ചെങ്കതിക്കുറെയൊതുക്കിയടുത്തങ്ങു
തങ്കുന്ന കുന്നിന്മുകളിലൂടെ
തീക്കളിയിൽ കട തെറിപ്പതിച്ച വൻ-
പൂക്കുറ്റിപോലെയെരിഞ്ഞുനിന്നു.
നേത്തു നിബിഡമല്ലാതെഴും മഞ്ഞിന്റെ
നീർത്തുള്ളിയാൽ മങ്ങിയന്തരിക്ഷം
നീരാവി തട്ടും നിലക്കണ്ണാടിക്കെഴും
വാതുറ ഭംഗി വഹിച്ചുനിന്നു.
ദൂരെക്കിഴക്കു കരിമ്പനതന്മേലും
പേരാൽത്തലമേലും കുന്നിന്മേലും
പാരം മനോജ്ഞമാം മഞ്ഞവെയിലൊട്ട-
നേരം തങ്ങിക്കണ്ടിതാവഴിയായ്

Digitized By Kerala Sahitya Akademi

കഷ്ടതരമാം ലഹളയിൽ സർവ്വവും
നഷ്ടമായ്പോയോരദ്ദേശലക്ഷ്മി
പുഷ്ടിതേടാനമ്പർ ക്രൂരാൻ മേൽനിന്നു
കെട്ടിയയയ്ക്കും പൊൻഭാണ്ഡംപോലെ.
പിന്നെയബ്ഭാനുമാൻ മുങ്ങീട്ടമട്ടിക്കിൽ
ചിന്നി മനോഹരകാന്തിപൂരം.
ഓമനത്തുമുകിൽത്തുണ്ടുകളങ്ങുള്ളം
വ്യാമോഹിപ്പിച്ചു തിളങ്ങിനിന്നു.
പൂമരംപോലെയും പൊൻവല്ലിപോലെയും
താമരപൂത്ത കുളംപോലെയും
നേരിയ മഞ്ഞിൻതിരയ്ക്കുള്ളിലക്കാഴ്ച
പാരം മനോജ്ഞവുമായിരുന്നു.
അല്ലെങ്കിലന്നഭോഭാഗമടുത്തുതാൻ
മെല്ലെയരങ്ങേറാനോങ്ങിനില്ക്കും
ഫുല്ലസുമാലംകൃതയാം വസന്തശ്രീ
ചൊല്ലിയാട്ടം പൂങ്കുളരിതന്നെ.
സന്ദേഹമില്ലിതാ 'സാധകം' ചെയ്യുന്നു
മന്ദം മുരളിയൊരാൺകുയിലും
പാടത്തിൻ തെക്കേക്കരയിൽ തൊടിയിൽ കൊ-
മ്പാടാതെനില്ക്കും തൈമാവിലൊന്നിൽ.

സങ്കോചിച്ചഗ്രം പരം പിന്നെ നീണ്ടുള്ളം
സങ്കഷ്ടിക്കുന്ന കുയിലിൻനാദം
അങ്കുശംതാനായ് ചെവിക്കെന്നതോന്നുമ-
പ്പെൺകൊടിയാളത്തു കേട്ടു ഞെട്ടി.

അല്ലല്ലയന്തിയായ് നേരം വരാൻവൈകു-
കില്ലിനിച്ചാത്തനെന്നുമുഖിയായ്
പിന്നെയിരിപ്പുവെടിഞ്ഞെഴുനേറ്റവൾ
ചിന്നിയ കുന്തൽ പിന്നോട്ടൊതുക്കി.
മെല്ലെയിരുന്ന കഴച്ചപൂവംഗങ്ങ-
ളെല്ലാം തിരുമ്മിയങ്ങൊട്ടുനിന്നു.
എന്നിട്ടു മൂടുപുടവ വലിച്ചിട്ടു
സന്നതഗാത്രി മുഖം മറച്ചു.

Digitized By Kerala Sahitya Akademi

മന്ദം വെളിയിൽ കടന്നു വടക്കോട്ടു
ചെന്നവൾ വേഗം ജലമെടുത്തു.

തുമുഖവും കഴൽത്താരും കഴുകിയ-
ക്കോമളഗാത്രി തുടച്ചു ചെമ്മേ.

ചെറു തിരിഞ്ഞു പടിഞ്ഞാട്ടടൻ നോക്കി-
ത്തെറെന്നു പിന്നെ മുഖംതിരിച്ചു.

ഉറൊരുൽക്കണ്ണു കലർന്നു കൺകോണകൾ
മുറും കിഴക്കോട്ടവൾ നയിച്ചാൾ.

നില്ലാതുഴറിപ്പോയ് വീണ്ടുമച്ചാളയിൽ
പുക്കാൾ, സങ്കോചംപൂണ്ടായകുത്തോൾ
അഞ്ചി മാതാവിൻ ചിറകടിപൂകുന്ന
പിഞ്ചുപക്ഷിക്കിടാവെന്നപോലെ.

പാട്ടും കളികളുമൊക്കെ വെടിഞ്ഞു തൻ
കൂട്ടിൽ കോലിന്മേൽ പതിഞ്ഞിരുന്ന
ആ മഞ്ജുകണ്ണും വളച്ചു പൊൻവക്ത്രമൊ-
രോമൽച്ചിറകിന്നടിക്കൊളിച്ചു.

മൗനമായ് കണ്ടാൾ മനോഹരമാമ്മാറു
മൈനയുറങ്ങുന്ന ശാന്തമായി.

താനിരുന്നോരു പനമ്പായതിൻ പൊടി
തട്ടിത്തുടച്ചു വിരിച്ചു വീണ്ടും,

പീനനിതംബയാൾ പിന്നെയുമങ്ങതിൽ
പശ്ചിമദിക്കു നോക്കീട്ടിരുന്നു.

താരൊളിച്ചെങ്കഴലൊന്നുമറേപ്പീവ-
രോരുകാണ്ഡത്തിന്മേലേററിവച്ചു,

ചാരുകരവല്ലികൾ വിലങ്ങെത്തിരു-
മാറണിക്കച്ചിന്നു താഴെച്ചേർത്തു,

പ്രേമമിയന്നു ജഗൽപിതാവിൻകഴൽ-
ത്താമരയുഃത്താരിൽ താങ്ങിനിത്തി,

ഓമന്മിഴികളുമൊട്ടുപൂട്ടിസ്സന്ധ്യാ-
നാമജപമായി നീരജാക്ഷി.

പക്ഷികളൊക്കെപ്പറന്നുപോയങ്ങങ്ങു
വൃക്ഷങ്ങളോരോന്നിൽ ചേക്കണഞ്ഞു.

Digitized By Kerala Sahitya Akademi

മുററി നിശ്ശ്വസിത മങ്ങും വെറുംവയ്യോൽ–
ക്കുററിയാന്നുള്ളോരപ്പാടമെങ്ങും,
അപ്രദേശത്തിന്റെ ശൂന്യത കാലവും
കെല്പിൽപ്പകത്തിയെടുത്തപോലെ,
അല്പം പകലുമിരുട്ടും വെളിച്ചവു–
മില്ലാത്ത ശാന്തമാം വേളയായി.
അല്ലല്ല തോട്ടവരമ്പേയൊരാൾ.കൈയിൽ
ചില്ലറയെന്തോ പൊതികളുമായ്
ഇല്ലിപ്പടപ്പോളമെത്തിത്തെക്കോട്ടിതാ
മെല്ലെത്തിരിഞ്ഞു പാടത്തിറങ്ങി.
ഇങ്ങോട്ടുതന്നെ വരികയാണാ വ്യക്തി
പൊങ്ങുമുത്സാഹത്തോടെന്നല്ലോത്താൽ
ആരും കാണാതെ മറന്ന കിടക്കുമൊ–
രുരിൽപ്പൊളിഞ്ഞ പാഴമ്പലത്തിൽ
കൊറിനായങ്ങന്തിശ്ശാന്തിക്കു പോമൊരു
പോററിയെക്കാൾ വാസ്സം ഭക്തിയോടും.

സത്യമാരാധ്കാ ചെല്ലുക നീ ദീപം
കത്തിക്കയമ്പിലീയമ്പലത്തിൽ.
ഉൽസുകയായതിൽക്കാത്തിരിക്കുന്ന നിൻ
വത്സലദേവത, വൈകൊലാ നീ.
പൊട്ടപ്രതിമകളൊന്നുമല്ലായത–
മ്പൊട്ടുമേലാത്ത ശിലയുമല്ല.
സൃഷ്ടികർത്താവിന്റെ തൃക്കരപല്ലവം
വിഷ്ടപത്തിങ്കൽ ചമച്ചിട്ടുള്ള
ശിഷ്ടരൂപങ്ങളിലൊന്നാണു, നിൻ കണ്ണി–
നിഷ്ടമായുള്ളതുമാണെന്നല്ല,
സ്നേഹത്താൽ നിത്യമലിഞ്ഞും, വിജ്ഞാനത്തിൻ–
ഗേഹമാം ജ്ഞാനത്താൽ ദീപ്തമായും,
മോഹമെന്യേ ക്രിയാശക്തിപൂരങ്ങളെ–
ട്ടോഹനം ചെയ്യുമെഴും മഹത്താം
ചൈതന്യമേലും പൊരുളാണതു, പിന്നെ–
ക്കൈതവപൂജകനല്ല നീയും.

Digitized By Kerala Sahitya Akademi

പൂജിക്ക പോകയത്രൈവം ഗണിക്കില്ല
പൂജകനെജ്ജന്മദാസനായും.

അന്യോന്യമാശ്രയിച്ചീ ലോകം നിത്തുന്ന
ധന്യമാം സേവനതൻ രഹസ്യം
തന്നെത്താൻ കണ്ടു തെളിഞ്ഞ ചിച്ഛക്തിത-
ന്നന്യനമായെഴുമക്കലയെ
ചെന്നു സേവിക്കുക ദൈവേച്ഛയാൽ നിന്നെ
വന്നു വരിക്കുമിട്ടേവതയെ.

കൊണ്ടുചെന്നപ്പിക്കതിന്റെ പാദത്തിലും-
ത്തണ്ടലർത്തേനഭിഷേകംചെയ്ക.
ഇണ്ടലകന്നിന്നിഹപരസൗഖ്യങ്ങ-
രണ്ടും നിനക്കതുമൂലമുണ്ടാം.

മാടത്തിൻമുറ്റത്തു വന്നിതാ കേറിയ-
ക്കോടക്കാർവണ്ണ്മേലുന്ന കായം.
നെഞ്ചുവിരിഞ്ഞു ദൃഢാവയവങ്ങളാ-
ന്നഞ്ചടിയോളമെകരമായി,
അഞ്ചിതമായ മിഴികളിയന്നോമൽ-
കുഞ്ചിതവാർചികുരം കലന്നു,
സ്വച്ഛമല്ലെങ്കിലും ക്ഷാളിതമാം ചെറു
കച്ചമുണ്ടൊന്നാലരമറച്ചു,

ചൊന്ന പൊതികളിലൊന്നു കൈയിൽത്താങ്ങി-
യൊന്നു കൈചേർത്തു തൻമാറിൽത്താങ്ങി
കന്നിന്റെ കൊമ്പിൽ കടഞ്ഞുതീർത്തംഗങ്ങ-
ളൊന്നായിണക്കി മിനുങ്ങിനില്ക്കും,

ഓമനപ്പാവകണക്കു നല്ലോരു
കോമളവിഗ്രഹമായിരുന്നു.

തന്മെപ്പകിട്ടിനാൽ തെല്ലു വാനിൽക്കണ്ട
വെണ്മതിക്കാമ്പിനു മാറുകൂട്ടി
അമ്മുറ്റംതാണ്ടിത്തലതാഴ്ത്തിത്തൽക്ഷണം
പുന്മാടം പുകിയശ്ശ്യാമളാംഗം.

താനങ്ങു പിന്നൊരു കോണിലൊതുങ്ങിപ്പോയ്
സ്ഥാനങ്ങളിൽത്തൻ പൊതികളും വച്ചു.

Digitized By Kerala Sahitya Akademi

വേഗം തറ വെടിപ്പാക്കിയൊരു ദിക്കിൽ–
ത്തീക്കൂട്ടി തുണ്ടുവിറകുകളാൽ.

ചട്ടറെഴും ജ്വാല പൊങ്ങി വിളക്കായ–
ങ്ങൊട്ടൊട്ടിരുട്ടകലം നീക്കിനിന്നു.

ചുട്ടുതുടങ്ങിപ്പൊതിയഴിച്ചക്കനൽ–
ക്കട്ടയിൽ കായും കിഴങ്ങുമായാശ.

ഒന്നുതിരിഞ്ഞുടനുൽകമാം നോട്ടത്താൽ
നന്ദിയവനു പറഞ്ഞു പിന്നെ

''ഇന്നിത്ര വൈകുവാനെന്തെ''ന്നു ചോദിച്ചു
മന്ദസ്വരത്തിലമ്മാനിനിയാശ.

''ഇല്ല വൈകീട്ടില്ലയിന്നേറെയെന്നാലും
തെല്ലിടിയൻ താമസിച്ചുപോയി.

കാരണം സാരമുള്ളോന്നല്ല വേണ്ടുകിൽ
നേരം കഴിപ്പാനുണർത്താമല്ലോ.

ഇങ്ങോട്ടു പോരുംവഴി വടക്കേക്കുന്നി–
ന്നങ്ങേച്ചരിവിൽ വയലരികിൽ

ഓമനയായോരിലവുണ്ടു പൂത്തിട്ടു
താമരപ്പൊയ്കയതിൻ കരയിൽ,

അന്തികത്തെങ്ങൊരു ചെമ്മുകിൽപോലവേ
ചന്തംകലർന്നു വിളങ്ങിടുന്നു.

അന്തികത്തായതിൻ ഛായയിൽ പൊയ്കയിൽ
ചെന്താമരകളം വിടർന്നിടുന്നു.

അക്കാഴ്ച കണ്ടു പകച്ചൊട്ടു നിന്നുടൻ
പുക്കേൻ ചെറുമനപ്പൊയ്കതന്നിൽ,

മുറാത്ത തണ്ടാരിലയുമതിൽക്കണ്ടോ–
രൊറപ്പുമൊട്ടും പറിച്ചു പോന്നേൻ.''

എന്നു പറഞ്ഞവൻ കയ്യിലെടുത്തിത–
ച്ചെന്നളിനത്തിൻ ചെറുമുകുളം

അന്നേരം തീ കാളിക്കത്തീ ചെറുമനെ
സുന്ദരി സൂക്ഷിച്ചൊന്നാകെ നോക്കി.

കൊണ്ടുചെന്നപ്പൂവവൾക്കർപ്പിപ്പാനവൻ
മണ്ടിയെഴുനേല്പാനുദ്യമിച്ചാൻ.

Digitized By Kerala Sahitya Akademi

''വേണ്ട,യിരിക്ക നീയല്പം'' എന്നോമലാ–
ളിണ്ടലിയന്നുടൻ ചൊല്ലിക്കൊണ്ടാൾ.

ചാരുചികരവും ചാഞ്ഞ വാർചില്ലിയും
ചഞ്ചൊത്തു നീണ്ടഴകാന്ന കണ്ണും
ആരോമൽക്കാർമുട്ടുരോമം മുളച്ചേറെ–
യഞ്ചിതമായ കവിൾത്തടവും
ഇന്ദീവരാഭയുമാന്നോരവങ്കലാ–
സന്ദർഭത്തിങ്കൽ സരസതയാൽ
സുന്ദരി പൂങ്കണ കൈക്കൊണ്ടുനില്ക്കുന്ന
കന്ദപ്പദേവനെക്കാൺകയാവാം.
വണ്ണാഭിമാനികളാകുമാര്യക്കു തൻ
വർണ്യനാം സൗന്ദര്യമൂർത്തിയാകും
അണ്ണോജസായകനെന്തുവാനഞ്ജന–
വണ്ണനായ്—നാമറിഞ്ഞീല—പോട്ടേ.
വെപ്പാൻതുടങ്ങിനാൻ മുമ്പിലപ്പൂവവ–
നപ്പോഴം കൈക്കൊണ്ടവം വാങ്ങിക്കൊണ്ടാം.
സന്തുഷ്ടിയോത്തുവാൻ വാക്കുകിട്ടാഞ്ഞവം
ചിന്തിച്ചു മൗനംഭജിച്ചിരുന്നാം.
പോയവൻ വീണ്ടുമബ്ഭോജ്യം ചൂടുന്നോരു
തീയിൽത്താൻ ശ്രദ്ധിച്ചാൻ മുന്നേപ്പോലെ.
ആയതമായൊരു വീർപ്പിട്ടു പിന്നെയ–
ത്തോയജനേത്ര തിരിഞ്ഞിരുന്നു.
അത്തരുണൻതന്നെ നോക്കിനാം ചിന്തയാ–
ന്നിത്തരം മെല്ലെമെല്ലെപ്പറഞ്ഞാം:
''കാലമൊട്ടേറെയായല്ലോയെനിക്കായി
വേലചെയ്യുന്ന നീ ഹന്ത! ചാത്താ!
ഹേമന്തകാലം കഴിഞ്ഞു കുളങ്ങളിൽ
താമര പൂത്തുതുടങ്ങിയല്ലോ.
മാപ്പിളമാരുടെ മുഷ്ടുമിപ്പോളത്ര
കോപ്പാനില്ലല്ലോ,യെനിക്കു നാളെ
അങ്ങു നീ കണ്ടൊരു പൊയ്കയിൽപ്പോയൊന്നു
മുങ്ങിക്കുളിപ്പാൻ വിരോധമുണ്ടോ?''

Digitized By Kerala Sahitya Akademi

''കൊള്ളക്കാർ മിക്കതും ചത്തു, ശേഷം ചില–
രെല്ലാ [1]മിരുമ്പുകൾ താഴെ വെച്ചു.

പട്ടാളവും തോക്കുമൊക്കെ [2]മലപ്പുറം
വിട്ടുതുടങ്ങിപ്പോയെമ്പിരാട്ടി.

അങ്ങനെയൊക്കെയായാലും തിരുമേനി–
യങ്ങു പോയിപ്പോരാ കുളിച്ചുകൂടാ.

തേക്കൊട്ടയൊന്നു നിറച്ചു തണ്ണീർ ചാത്തൻ
തുക്കിവരാം നാളെയന്തിയായാൽ.

വേലയടിയൻ തിരുമേനിക്കായെത്ര
കാലവും ചെയ്‌വാനൊരുക്കമല്ലോ.

ഒട്ടുനാൾകൂടിക്കഴിഞ്ഞാൽ മടങ്ങിയ–
ങ്ങിഷ്ടമുള്ളേടത്തും പോകാമല്ലോ.''

''എന്നെയറിയാതെ ചൊല്ലുകയാം ചാത്ത!
പിന്നെയും പിന്നെയുമിമ്മൊഴി നീ.

ഞാനിറിയിട്ടിക്കു വിട്ടുപോകുന്നില്ല
മാനസം മറെറാന്നിൽച്ചെല്ലുന്നില്ല.

നീളെനടക്കാനും കോഴിക്കോട്ട് [3]ഡ്രാ–
പ്പാളയം പൂകാനുമിഷ്ടമില്ല.

കുലിപ്പണികൾ പഠിപ്പിക്ക നീയെന്നെ,
ചാലേ കഴിവനിച്ചാളയിൽ ഞാൻ.

കേഴുവൻ, നീയതു കേളാഞ്ഞിലിന്നു ഞാൻ,
പാഴായ് പറയുകയല്ല ചാത്താ.

വീഴുന്ന പണ്ടം ഘനമുള്ളതാമതു
താഴെയടിഞ്ഞാലേ സ്വസ്ഥിതേട്ടു.''

''ഇങ്ങനെ ചൊല്ലിയാൽ ചാത്തൻ കുഴങ്ങിപ്പോം,
മങ്ങിപ്പോം ബുദ്ധിയും സങ്കടത്താൽ.
എങ്ങനെ കല്പിച്ചാൽ കേൾക്കാതിരിക്കു,മി–
തെങ്ങനെതാൻ കേൾക്കും കാര്യമോത്താൽ?

---

1 ആയുധങ്ങൾക്കു താഴ്ന്ന ഭാഷയിൽ അങ്ങനെ പറയും
2 പ്രധാനമായി ലഹള നടന്ന സ്ഥലം.
3 റിലീഫ് ക്യാമ്പ്

Digitized By Kerala Sahitya Akademi

കപ്പയിൽ പൊന്നിൻപൊടിപോലെയെന്പ്രാട്ടി–
യിപ്പുലച്ചാളയിൽ മേവിയാലും,

കണ്ടാലറിയും കുറുമ്പുള്ള മേലാള–
രിണ്ടലതുമുലം വന്നുചേരും.''

''വേഷം പകൻ നടന്നുകൊള്ളാം ഞാനെൻ–
ഭാഷ സൂക്ഷിച്ചു പറഞ്ഞുകൊള്ളാം.

ചെറു കറുത്തമെയ്യേറെക്കറുക്കുവാൻ
മുറും വെയിലിൽ പണിയെടുക്കാം.

പച്ചിലപ്പാമ്പിനെപ്പച്ചച്ചെടിമേലും
പുൽച്ചാട്ടാനെപ്പുൽത്തകടിമേലും

മെച്ചമായ് നിമ്മിച്ച കൈ,യെന്റെ സൃഷ്ടിയും
നിശ്ചയിച്ചിങ്ങനെ ചെയ്തതാവാം.

സമ്മതിച്ചീടുകയെന്നെച്ചെറുമിയാ–
യിമ്മാടത്തിൽതാൻ കഴിഞ്ഞുകൂടാൻ.

നമ്മെയിമ്മട്ടിലിണക്കിയൊരീശ്വരൻ
നന്മവരുത്തും നമുക്കു ചാത്താ.''

ചുട്ടുവെടിപ്പാക്കിയങ്ങുടൻ ശംഖൊത്ത
ചട്ടറ നന്മധുരക്കിഴങ്ങും

ഒട്ട പഴുപ്പായ നേന്ത്രക്കായും ചാത്തൻ
ചിട്ടയായ് തോലുകളഞ്ഞൊരുക്കി

തണ്ടാർദളത്തുമരതകത്താലത്തിൽ
കൊണ്ടുചെന്നമ്പോടു മുമ്പിൽ വെച്ചാൻ—

കുത്തിലയൊന്നിൽ കുളിർത്ത പളുങ്കുപോൽ
ശുദ്ധിതേടുന്ന ജലവുമായി.

എത്തിയവൻ വീണ്ടുമഞ്ജരികൊള്ളികാം
കത്തിജ്ജ്വലിപ്പിച്ചുകൊണ്ടിരുന്നു.

ഹസ്തതാർ പിന്നെക്കഴുകി,യാദ്യമാ-
മത്താഴമമ്പിലവാം കഴിച്ചു.

ഉപ്പേരിയും പായസവും പ്രഥമന്നം
ചൊല്പൊങ്ങും മറു വിഭവങ്ങളും

Digitized By Kerala Sahitya Akademi

ഉൾപ്പൊട്ടും സദ്യയെക്കാളുമാസ്വാദ്യമാ-
യുൾപ്പൂവിൽ തോന്നിയവൾക്കതെല്ലാം.

തന്നുടെ ഭോജനവും കഴിഞ്ഞക്ഷണം
പിന്നെയവൻ വന്നിലയെടുത്തു,

എച്ചിൽതളിച്ചകന്നാൻ; ക്ഷാളനംചെയ്തു
സച്ഛമായ് വീണ്ടുമവളിരുന്നാൾ.

സ്വന്തമൊഴിക്കു മുപടി ചാത്തന്റെ-
യന്തരംഗത്തിൽത്താൻ തേടുമ്പോലെ,

ചെന്താമരമൊട്ടെടുത്തിതളോരോന്നു
ചന്തത്തിൽ നുള്ളി വികസിപ്പിച്ചാൾ.

മൗനമവൻ വിട്ടിടാഞ്ഞയാൽ പിന്നെയ-
മ്മാനിനിമാർമണി കൂട്ടിൽ നോക്കി

''മൈനയുറങ്ങുന്നു പാവം,'' എന്നോതിനാൾ
താനേയവനോടു വീണ്ടും ചൊന്നാൾ:

''ഒറ്റയായിങ്ങു തടവിലിരിക്കുമെ-
ന്നുറ്റതോഴിക്കു തുണയിരിപ്പാൻ

മറ്റൊന്നിനെ—യൊരാൺമൈനയെക്കൂടി നീ
തെറ്റാതെ കൊണ്ടുവരുമോ ചാത്താ!
അല്ലെങ്കിൽ വിട്ടുകളയുവൻ പാവത്തെ-
യല്പൽതോന്നാറുണ്ടു കാൺകിൽ,'' എന്നാൾ.

''ചൊല്ലുതിമ്മട്ടടിയനെസ്സ്രാട്ടിതൻ-
ചൊല്ലുതാൻ ചട്ടമാണെ''ന്നാൻ ചാത്തൻ.

''എന്നാൽ ക്ഷമിക്ക പറഞ്ഞതല്ലെങ്കിൽ ഞാ-
നൊന്നുകൂടിപ്പറയുന്നു കേൾക്ക.

എസ്സ്രാട്ടിയെന്നുമടിയനെന്നും മറു-
മെസ്സ്രിയനാം നീ മൊഴിവതെല്ലാം

ഇമ്പമേകാതായ് ചെവിക്കതു ഞാനൊട്ട-
മുമ്പേ പറയാറുണ്ടല്ലോ ചാത്താ.''

''അല്ലാ കുഴങ്ങിയ വിടത്തെയെന്തിനി-
ച്ചൊല്ലിവിളിക്കുമെളിയോനിവൻ?

ചൊല്ലിത്തരി''കെന്നുടൻ ചിരിച്ചും നെഞ്ചിൽ
വല്ലായ്മയാന്നുമവൻ പറഞ്ഞാൻ.

Digitized By Kerala Sahitya Akademi

''സാവിത്രി'യെന്നെന്നെ നിശ്ശങ്കമെൻ ചാത്ത,
നീ വിളിക്കായതാണെന്റെ നാമം.

ആവിധമെന്നെ വിളിച്ചോരിരുവരും
ദ്യോവിലായ് നീയക്കുറവു തീക്ക.''

എന്നോതി നീർചാട്ടം കണ്ണാന്ന തുമുഖം
തനുവി തുകിൽകൊണ്ടുടൻ മറച്ചാഹം.

തന്നുള്ളിൽ സ്നേഹാനുകമ്പകളം തിങ്ങിയൊ-
ട്ടൊന്നുമേ മിണ്ടാതവനിരുന്നാൻ.

പിന്നെ മൊഴിക്കു പഴുതേകുവാനവ-
ന്നന്നിയലിഞ്ഞവളോടു ചൊന്നാൻ:

''പാരം സുഖമാണു കേഹപ്പാനവിടത്തെ-
പ്പേരിവനോതാൻ പണിയെന്നാലും

തീരെയറിവറേറാരിമ്മാട്ടിനപ്പേരിൻ-
സാരമെന്തെന്നുമറിഞ്ഞുകൂടാ.

വല്ലതും കാരണമുണ്ടായിരിക്കുമോ
നല്ലൊരാ വാക്കു തിരഞ്ഞെടുപ്പാൻ?

ചൊല്ലണേ വേറു വിരോധമില്ലെങ്കിലു-
മല്ലലില്ലെങ്കിലുമങ്ങലിവാൽ.''

സന്മോദമാന്നിതു കേട്ടു തിരിഞ്ഞവഹം
സാസൂയിയായവനോടു ചൊന്നാഹം:

''ഉണ്മ നീയുള്ളിലറിഞ്ഞുകൊണ്ടിങ്ങനെ
ചുമ്മാ ചോദിക്കുകയാണോ ചാത്താ!

അമ്മാതിരിയല്ലോ നിൻ ചോദ്യമജ്ഞനാം
നിന്മതിചാതുര്യം ചിത്രമത്രേ!

ഭാരതത്തിങ്കൽ പതിവ്രതമാരായ
നാരീമണികളെ വണ്ണിച്ചോതും

ചാരുതരമാം കഥകളിലൊന്നിന്റെ
സാരം ചുരുക്കി നിന്നോടു ചൊല്ലാം:

പണ്ടു വടക്കൊരുദിക്കിലൊരു നൃപ-
നുണ്ടായിരുന്ന മകളൊരുത്തി.

കണ്ടു പരിചയമായവളേകനെ
മണ്ടിനടന്ന വനത്തിലൊന്നിൽ.

Digitized By Kerala Sahitya Akademi

നിശ്ചയിച്ചു പിന്നവനെ വേൾപ്പാനവ–
ളിച്ഛിന്നഭിമതമായില്ലേതും.

കൊല്ലുമൊന്നുള്ളിൽ മരിക്കുമവനെന്നു
ചൊല്ലിയിരുന്നിതു ദിവ്യനേകൻ.

തക്കം പിതാവു പറയുവാനെത്രയും
മുഖ്യമാം ഹേതുവതായിരുന്നു.

ഉള്ളാൽ വരിച്ചുകഴിഞ്ഞ പുരുഷനെ–
ത്തള്ളാൻ പണിയെന്നവളുമോതി.

പിന്നെ—മകളുടെ നിർബ്ബന്ധം കാൺകയാൽ
മന്നവൻ സമ്മതിക്കേണ്ടിവന്നു.

കാട്ടിൽ മുനിസുതനാമവനെത്തന്നെ
വേട്ടവും താപസിയായ് വസിച്ചു.

പോയിതൊരുനാൾ വിറകുവെട്ടാനവ–
നായതമായൊരട്ടത്ത കാട്ടിൽ.

അന്നു മുൻ ചൊല്ലോൽക്കമേ ഭയമാൻ
ചെന്നിതു കൂടിത്തുണയുവളും.

തെറ്റെന്നവൻ മഴുവേന്തിയൊരു മര–
ക്കുറ്റി മുറിച്ചു പിളർന്നു നിന്നു.

ചെറുട്ടത്തെങ്ങൊരു പൂമരത്തിൻനിഴൽ
പറ്റിയൊരേടത്തവളിരുന്നു.

കാണികഴിഞ്ഞു തല ചുഴന്നങ്ങഹോ
വീണിതു പാവമവൻ നിലത്തിൽ!

കേണുകൊണ്ടോടിയവളങ്ങണഞ്ഞു തൻ–
പ്രാണപ്രിയനെച്ചുമലിലേന്തി,

ചെന്നു തണലത്തിരുന്നു കണവനെ–
ത്തനുഭംഗിതൻമടിയിൽക്കിടത്തി.

ആലസ്യമാറാൻ തലോടി മുഖമവൾ
ചേലത്തലകൊണ്ടു മെല്ലെ വീശി.

നീട്ടുന്നതെന്തിനു വീർപ്പുനിന്നു കണ്ണു–
പൂട്ടിയസ്സാധു മരിച്ചുപോയി.

വിണ്ണിൽ തുറിച്ചവളം നോക്കി നിരാശയായ്
കണ്ണീർതടയും മിഴികളാലെ:

Digitized By Kerala Sahitya Akademi

''കാണായിതപ്പോളവ:ക്കു ഭർത്താവുതൻ–
പ്രാണനെക്കെട്ടുവാൻ പോത്തിലേറി

മുന്നിൽ കയറാന്ദ്യടുക്കുന്ന മൃത്യുവെ
മിന്നൽപിണരാന്ന കൊണ്ടൽപോലെ.

'എമ്പ്രിയൻതന്നെ ഹരിക്കുന്ന ദേവ, നീ–
യമ്പിലെന്നെക്കൂടിക്കൊണ്ടുപോണേ.'

വെമ്പിയിവണ്ണമിരന്ദ്യവം മൃത്യുവിൻ–
പിമ്പേ തുടന്നിതു വിണ്ണിലേറി.

ശേഷിച്ചിരുന്നിതവ:ക്കായുസ്സാകയാൽ
ശേഷിയില്ലാതെയായ് കൊണ്ടുപോവാൻ,

മാറിനിൽത്താനും പണിയായിവന്നവ:
നോറെ വ്രതങ്ങ:തൻ പ്രാഭവത്താൽ.

ദൂരദ്ദൂരംപോയ് ഭഗവാൻ യമ,നവ:
തീരേയകന്നില്ല, പിന്നെദ്ദേവ:ൻ

ചാരിത്ര്യവും ദൈവഭക്തിയും കണ്ടവ:–
ക്കോരോ വരങ്ങ: കനിഞ്ഞു നല്കി:

'പുത്രരുണ്ടാം നിനക്കെ'ന്നുമൊരുവരം
ചിത്രമലിഞ്ഞവ:ക്കേകി കാള:ൻ

സാദ്ധ്വിയായീടും വിധവയ്ക്കു സന്തതി
സാദ്ധ്യമല്ലെന്നുള്ളതോർത്തിടാതെ.

എന്തുരപ്പു പിന്നവനെത്തിരിച്ചവ:–
ക്കന്തകൻ നല്കി മടങ്ങിപ്പോയി,

ഹന്ത! മരിച്ചവൻ ജീവിച്ചെഴുനേറ്റു,
സന്തോഷവുമായി രണ്ടുപേർക്കും.

ഖിന്നതയപ്പുന്ന തീന്ദ്ര ശത്രുഭനും
സന്നമാം രാജ്യം തിരിച്ചുകിട്ടി.

പിന്നെസ്സുഖിച്ചവർ വാണു ചിര,മവൻ
മന്നവനായവ:ം റാണിയായി.

നീ വിസ്മയാനന്ദമന്ദനായ് കേ:ംക്കുമി–
പ്പാവനവൃത്തത്താൽ ഖ്യാതിതേടും
ആ വന്ദ്യയാളുടേതത്രേ നീ ചോദിച്ച
സാവിത്രിയെന്ന മധുരനാമം.''

Digitized By Kerala Sahitya Akademi

സ്തംഭിച്ചപോലൊട്ട നിന്നുപോയ് ചാത്തനോ-
ടമ്പാന്തടനവൾ വീണ്ടും ചൊന്നാൾ:

''എന്തിനു കേട്ട പകച്ചു നില്ക്കുന്നു നീ-
യന്തിക്കെഴുതിത്തുടങ്ങിക്കൊള്ളൂ.

എന്തെല്ലാം നാമറിയേണ്ടതായിങ്ങനെ
ഗ്രന്ഥങ്ങളിലുണ്ടെഴുത്തറിഞ്ഞാൽ.

സ്വന്തമായ് വായിച്ചറിയാം; പഠിക്കാഞ്ഞാൽ
പന്തിയാവില്ലിനി,ക്കേട്ടോ ചാത്താ?''

മിണ്ടാതിരുന്ന പിന്നാട്ടവൻ ചിന്തിച്ചു-
കൊണ്ടു ചോദിച്ചിതു മന്ദമായി:

''കൊണ്ടാട്ടമപ്പെണ്ണുപോലിപ്പോൾ പെണ്ണുങ്ങ-
ളുണ്ടായിരിക്കുമോയെങ്ങെന്നാലും?''

ചൊല്ലിനാൾ പുഞ്ചിരിപൂണ്ടവൾ: ''ഇന്നെങ്ങു-
മില്ലതുപോലാണ്,കിലും കേൾ,

നല്ലാർജനങ്ങൾതന്നാണ്ടാരിലിപ്പൊഴു-
മില്ലാതായിട്ടില്ലാ വാസനകൾ.''

നേരമധികമായ് മഞ്ഞുപൊഴിഞ്ഞുടൻ
മാരുതൻ വീശി കുളിർമയോടും.

നാരീമണി പോയി നോക്കിനിന്ന ചന്ദ്ര-
കോരകമസ്തമിച്ചോരു വിണ്ണിൽ.

''മാനത്തിൽ നോക്കുന്നതെന്തെ''ന്നുടൻ ചാത്തൻ
മാനിച്ചു ചോദിച്ചു കൗതുകത്താൽ.

സ്ഥാനത്തു വീണ്ടുമവൾ വന്നിരുന്നുടൻ
സാനുരാഗം മൃദുവായ് പറഞ്ഞു:

''ചോലയിൽ ചിറകാമ്പൽ പൂനിരപോലെയീ
നീലവിണ്ണിൽ കാണും നക്ഷത്രങ്ങൾ

ചാലേ പഠിച്ചോക്കു താളിലുള്ളക്ഷര-
ജാലങ്ങൾപോലെ വായിക്കാമല്ലോ.

എന്തൻ പ്രിയമേലും ചാത്താ, പഠിക്കില്ലേ?
ചിന്തിച്ചു ചൊൽക,യെഴുതിക്കാം ഞാൻ.''

എന്നു കനിഞ്ഞവൾ പിന്നെയും ചോദിച്ചാ-
ളൊന്നവൻ താണുതൊഴുതു ചൊന്നാൻ:

Digitized By Kerala Sahitya Akademi

''എന്തുമവിടന്നു കല്പിക്കുമ്പോലെയൊ–
രന്തരമില്ലിവൻ ചെയ്യുമല്ലോ;
എന്നിൽ കനിവിതുയേലുമവിടന്നെൻ–
മുന്നിൽ വന്നെത്തിയ ദൈവമല്ലോ!''

''ഹന്ത! നീയങ്ങനെ ചൊല്ലുതോക്ക ഞാൻ
ചിന്തിച്ചിടുന്നു മറിച്ചു ചാത്താ.
എന്നെ രക്ഷിക്കുവാനെത്തിയിച്ചാളയിൽ
സന്നിധാനംചെയ്യുമെൻ ദൈവം നീ!''

എന്നവൾ ചൊല്ലവേ, ക്രൂരാലകം തിങ്ങി–
യൊന്നവൻ തേങ്ങിക്കരഞ്ഞുപോയാൻ.
പെട്ടെന്നു പിന്നെത്തിരിഞ്ഞു മുഖം കഴൽ–
മുട്ടാൽ മറച്ചു കനിഞ്ഞിരുന്നാൻ.
''എന്തു നീ ചെയ്യുന്നു? ചൊൽകെ''ന്നവൾതാനും
പിന്തിരി''ഞ്ഞൊന്നുമില്ലെ''ന്നവനും
തങ്ങളിൽ കാണാതലിഞ്ഞോതി പിന്നെത്തീ–
മങ്ങിയിരുട്ടു പരക്കയാലേ
ചാരത്തു പിന്നൊരു കോണ തുടച്ചങ്ങു
ചാരിയിരുന്നിട്ടു മെല്ലെച്ചാത്തൻ,
''നേരമധികമായിന്നെന്തവിടന്നു
തീരെയുറങ്ങുന്നില്ലല്ലോ''യെന്നാൻ.

''ഇല്ല വരുന്നില്ലുറക്കെനിക്കെന്നല്ല
തെല്ലേറെയുണ്ടിന്നു ശീതംതാനും.
ചൊല്ലുക നീയിത്തണുത്ത വെറുംനില–
ത്തല്ലേ ശയിക്കുന്നതിന്നും ചാത്താ?
ഇല്ല നിനക്കു പുതപ്പാൻ തുണി, വിറ–
കില്ലാതെ തീയും കെടുന്നവല്ലോ.
വല്ലായ്മയുള്ളിലതോർത്തിടുന്നതു
ചൊല്ലാവതല്ലെ''ന്നവളരച്ചാം.
''സാരമില്ലുൾപുടയാളേ,യിവനത്ര
സാരമില്ലിത്തണുപ്പങ്ങുറങ്ങാം,
നേരാണിവൻചൊൽവതല്ലൽ തേടീടേണ്ടാ
നേരമധികമായങ്ങുറങ്ങാം.''

Digitized By Kerala Sahitya Akademi

''പോരായതെന്റെ പ്രിയ ചാത്താ''യെന്നവൾ
ചാരത്തെഴുന്നേറ്റു ചെന്നു ചൊന്നാൾ.

''പാരമിന്നുണ്ടുതാൻ ധൈര്യ,മല്ലെങ്കിലു-
ത്താരിലെനിക്കുള്ളപേക്ഷ കേൾ നീ.

തന്നെനിക്കായൊരു തുണ്ടുപായിങ്ങു ഞാൻ
വന്നാൾ നീയെന്നെസ്സൽക്കരിച്ചു.

ഇന്നതിൻ പാതിയിൽ നിന്നെ ക്ഷണിക്കുന്നേൻ
വന്നേല്ക്കണേയെന്നെളിയ ദാനം,''

എന്നു പറഞ്ഞവൾ തൻ കരപ്പൂവല്ലി-
തന്നാലവന്റെ കരംപിടിച്ചാൾ.

ഒന്നുരണ്ടശ്രുകണങ്ങളവൻകണ്ണിൽ-
നിന്നതിലേറ്റു രോമാഞ്ചമാന്നാൾ.

ഈയക്കോൽപോലെ തണുത്ത വിരലേലും
പ്രേയാന്റെ കൈയേന്തിപ്പേലവാംഗി

തീയ്യെ വലംവച്ചവനെ നയിച്ചു തൻ-
പായിൽ ശയിപ്പിച്ചു താൻ ശയിച്ചാൾ.

ഊതി കുളിർകാറ്റു, മങ്ങിക്കനൽമിന്നും
'ജാതവേദസ്സ്' മിഴിയടച്ചു.

ജാതീഷ്യയാലോ ഗ്രണമോത്തിവരിലു-
ള്ളൗദാര്യത്താലോ പണി പറവാൻ.

സഞ്ജാതസന്തോഷം വഷ്ടിച്ചു വാനവർ
മഞ്ഞുതുകണ്ണുനീർ മാടത്തിന്മേൽ.

വിണ്ണിലുള്ളോരുടെ വാർമിഴി മൂടുമോ
മണ്ണിലെജ്ജാതി പൊടിയെറിഞ്ഞാൽ.

തുംഗതയേറുമാകാശത്തിനായ് ഗിരി-
ശൃംഗങ്ങളിൽ ഭ്രമി കൈനീട്ടുന്നു.

കുന്നിൻചരിവുകളിൽ വനവൃക്ഷത്തെ-
ച്ചെന്നു മുകിൽമാല ചുംബിക്കുന്നു.

എന്നല്ലയുപ്പേലുമബ്ധിയെപ്പുല്കുന്നു
നന്നദി മേളിച്ചഴിമുഖത്തിൽ.

മന്ദമത്ത്യാ, നീ തടുക്കായ്കയീശ്ലോ-
സുന്ദരമാമിസ്സമാഗമങ്ങൾ.

Digitized By Kerala Sahitya Akademi

ഉദ്യാനപാലകരേ! ഭവാന്മാരുണ-
ന്നുദ്യമിപ്പിൻ പുഷ്പകാലമായി.

ഉച്ചാവചങ്ങളാമോമൽസുമങ്ങളാൽ
മെച്ചമേറീടുമീയാരാമത്തിൽ

ദേവൻ വനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ.

എല്ലാ സുമവുമവന്നേറയിച്ചയ്യോത്ത
മെല്ലെ വളർന്ന തൻ പൂർണ്ണതയിൽ
ചെല്ലാനുഴറുകയാണഗ്രതിയാരും
തല്ലിനിത്താതെ സൂക്ഷിച്ചുകൊൾവിൻ.

ഭവ്യമാം തെന്നലും ഭാനുമരീചിയും
ദിവ്യമാം തുമഴനീരും നിത്യം

നവ്യരസമാൻ നല്കുന്നല്ലോയിവ-
ണ്ണവ്യത്യയം ദേവനൊന്നുപോലെ.

എല്ലാം വിടർന്ന പരിമളം തുവട്ടേ-
യെല്ലാം ചിതറട്ടേ വണ്ണശോഭ.

എല്ലാമിതളുകൾ നീട്ടി വലിപ്പമാ-
ർന്നില്ലാഘഭാവമിയന്നിടട്ടേ.

തമ്മിൽ കലർന്നാൽ ഗുണമേറും പൂക്കളെ
സമ്മേളിപ്പിപ്പിൻ സരസമായി.

സമ്മോദമാമതദ്ദേവനായാശ്ചര്യ-
നിർമ്മാപകന്റെ നയമതല്ലോ.

സമ്മത്സരം നശിക്കാതെ രക്ഷിപ്പിൻ
ദുർമ്മത്സരം ദ്വേഷമാദിയായ

മർമ്മം കരളും ഹൃദയകീടങ്ങളെ
നിർമ്മൂലനംചെയ്‌വാൻ നിഷ്ഠരിപ്പിൻ

സ്നേഹത്താൽ നിത്യം തടം നനപ്പിൻ ദയാ-
ദോഹളം നല്കുവിൻ പൂവിനെല്ലാം.

സാഹസമറ്റ കാലോചിതധർമ്മമാം
മോഹനപ്പൊൻന്തുലാൽ വേലികെട്ടിൻ.

ഇങ്ങനെ നിങ്ങൾ വളർത്തുമിപ്പൂവനം
തിങ്ങും ഗുണങ്ങൾതൻ ധാടിയാലെ

Digitized By Kerala Sahitya Akademi

നന്ദനത്തിൻമെച്ചം നേടും പരമഭി–
നന്ദികളും കണ്ടതു ദേവദേവൻ.

പൂജ്യരാം വൈദികന്മാരേ, തുനിഞ്ഞിവൻ
യോജ്യമല്ലെങ്കിലുമൊന്നോതുന്നേൻ;

രാജ്യത്തെയോർത്തും മതത്തെയോർത്തും പിന്നെ
പ്രാജ്യരാം നിങ്ങളെത്തന്നെയോർത്തും!

കാലം വൈകിപ്പോയി, കേവലമാചാര–
ന്യൂനകളെല്ലാം പഴകിപ്പോയി,

കെട്ടിനിറുത്താൻ കഴിയാതെ ദുർബ്ബല–
പ്പെട്ട ചരടിൽ ജനത നില്ക്കാ.

മാറുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ
മാറുമതുകളീ നിങ്ങളെത്താൻ.

മാറൊലികൊണ്ടീ മൊഴിതന്നെ സർവ്വദാ
കാറിരമ്പുന്നിന്നു കേരളത്തിൽ.

നാലുപാടുംനിന്നതുതന്നെ ചൊല്ലുന്നു
കാലവും, നിങ്ങളിന്നുന്നിനില്ക്കും

കാലിന്നടിയിലുമസ്വസ്ഥതയുടെ
കോലാഹലങ്ങൾ മുഴങ്ങിടുന്നു.

ജോലിത്തിരക്കുകൾമൂലവും സേവക–
ജാലങ്ങൾതൻ സ്തുതിഘോഷംകൊണ്ടും

ആലോചിയാ ഭവാന്മാരൊന്നു,മീവക
യാലാപംതന്നെ ചെവിയിലെത്താ.

ഈ 'ദുരവസ്ഥ'യിലുള്ളിൽ വികാരങ്ങ–
ളുദ്വേലഭാവമിയന്നുരയ്ക്കും

മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കി–
ലുദ്ദേശശുദ്ധിയാൽ മാപ്പുനല്കുവിൻ.

അല്പം കനിഞ്ഞു ചിന്തിക്കുവിൻ പൂജ്യരേ–
യിപ്പാവം ചൊന്നതിരന്നീടുന്നേൻ.

ഇപ്പാഴപാട്ടാമെളിയ വിജ്ഞാപനം
മുല്പാടുവച്ചു വണങ്ങീടുന്നേൻ.

Digitized By Kerala Sahitya Akademi

ചണ്ഡാലഭിക്ഷുകി

1922

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

ഈയാണ്ടു ചിങ്ങത്തിൽ പ്രസിദ്ധീകരിച്ച 'ദുരവസ്ഥ'യുടെ സഹോദരിയായി അടിയിൽ കാണുന്ന മറെറാരു ഗാനകൃതിയെ ഇത്ര വേഗത്തിൽ വായനക്കാരുടെ മുമ്പാകെ സമർപ്പിപ്പാൻ സാധിക്കുമാറായതിൽ സന്തോഷമുണ്ടു്. ബുദ്ധമതസംബന്ധമായ ഒരു പ്രാസംഗികവൃത്താന്തശകലമാകുന്നു ഇതിലെ കഥാവസ്തു. അതിനെ കാവ്യാനുകൂലമായ വിധത്തിൽ വിസ്തരിക്കുമ്പോഴും ചരിത്രസംബന്ധമായോ മതതത്ത്വവിഷയമായോ ഉള്ള പ്രമാദങ്ങളും വരാതിരിപ്പാൻ പ്രത്യേകം ദൃഷ്ടിവച്ചിട്ടുണ്ടു്. കാവ്യത്തെ മൂലകഥാംശത്തോടു താരതമ്യപ്പെടുത്തിനോക്കാൻ കൗതുകമുള്ള വായനക്കാർ ഉണ്ടായിരിക്കാം. അതുകൊണ്ടു് പ്രഫസർ ലക്ഷ്മീനരസുവിന്റെ 'The Essence of Buddhism' എന്ന പുസ്തകത്തിൽനിന്നു് ആ ഭാഗം മുഴുവൻ ഉദ്ധരിച്ചു് ഇതോടു ചേർത്തിരിക്കുന്നു. (മറുവശം)

തോന്നയ്ക്കൽ
18-4-1098
(3-12-1922)

കുമാരനാശാൻ

Digitized By Kerala Sahitya Akademi

"On one occasion, Ananda, one of the oldest disciples of Buddha, passing by a well where a girl of the Matanga caste was drawing water, asked her for some water to drink. She answered, "How dost thou ask water of me, an out—caste who may not touch thee without contamination?" Ananda replied, "My sister, I ask not of thy caste, I ask thee water to drink." The Chandala girl was overjoyed and gave Ananda water to drink. Ananda thanked her and went his way. But the girl learning that he was a disciple of the blessed One repaired to the place where the Buddha was. The blessed One understanding her sentiments towards Ananda made use of them to open her eyes to the truth, and took her among his disciples.

On the admission of this Chandala woman into the order of Bhikshunis, King Prasenajit and the Brahmanas and Kshatriyas of Sravasti feeling greatly scandalised came to remonstrate with the Lord on his conduct. The blessed One demonstrated to them the futility of caste distinctions by the following simple reasoning.

Between ashes and gold there is a marked difference, but between Brahmana and a Chandala there is nothing of the kind. A Brahmana is not produced like fire by the friction of dry wood he does not descend from the sky nor from the wind; nor does he arise piercing the earth. The Brahmana is brought forth from the womb of a woman in exactly the same way as a Chandala. All human beings have organs exactly alike; there is not the slightest difference in any respect. How can they be regarded as belonging to different species? Nature contradicts the assumptions of any specific inequality among mankind."

Vide P. 126 Chapter on Buddhism and Caste.

Digitized By Kerala Sahitya Akademi

ഒന്നു്

പണ്ടത്തരഹിന്ദുസ്ഥാനത്തിൽ വൻപുകഴ്—
കൊണ്ട ശ്രാവസ്തിക്കടുത്തോത്രുരിൽ

രണ്ടായിരത്തഞ്ഞൂറാണ്ടോളമായ്—വെയിൽ—
കൊണ്ടെങ്ങും വാകകൾ പൂക്കുന്നാളിൽ

ഉച്ചയ്ക്കൊരുദിനം വന്മരുവൊത്തൊരു
വിച്ഛായമായ വെളിസ്ഥലത്തിൽ

കത്തുന്നൊരാതപജ്വാലയാലക്കനെ
സ്തബ്ധിക്കുംമട്ടിൽ ജ്വലിച്ച ഭൂമി

അട്ടിക്കിലൂടെ കിഴക്കുനിന്നേറെ നീ—
ണ്ടെത്തുമൊരുവഴി ശൂന്യമായി

സച്ഛ്വതരമായ കാനൽപ്രവാഹത്തിൻ—
നീച്ചാലുപോലെ തെളിഞ്ഞുമിന്നി.

ദൂരെപ്പടിഞ്ഞാറു ചാഞ്ഞ വിൺഭിത്തിയിൽ
നേരേയത്തചെന്ന മുട്ടം ദിക്കിൽ

ഉച്ചമായങ്ങൊരു വന്മരം കാണുന്ന
നിശ്ചലമായ കാർകൊണ്ടൽപോലെ.

നീലക്കല്ലൊത്ത മിനത്തോരിലകാന്തൻ—
മേലേ തുവൈരത്തിൻ കാന്തി വീശും

ചണ്ഡാംശുരശ്മികളാലൊരു വാർവെള്ളി—
മണ്ഡലം പൂഴ്ന്നണ്ഡമുകിൽമേൽ.

പച്ചിലച്ചില്ലയിൽ ചെപ്പടിപ്പന്തുപോൽ
മെച്ചമായ് പറ്റും ഫലം നിറഞ്ഞും

ഭൂരിശാഖാഗ്രത്താൽ വിണ്ണും, വേടിൻ ചാരത്താൽ
പാരും വ്യാപിച്ചു പടർന്നുനില്പൂം

പേരാൽമരമാണതായതിൻപത്രത്തിൻ
ചാരുതണലാ-ൻ കൊമ്പുതോറും

ഘോരാതപം ഭയപ്പെട്ടേറെപ്പക്ഷികൾ
സൈരം ശരണമണഞ്ഞിരിപ്പൂ.

Digitized By Kerala Sahitya Akademi

ചൂടാൻ തൊണ്ട വരണ്ടിട്ടിവയൊന്നും
പാടാനൊരുങ്ങുന്നില്ലെന്നല്ലഹോ

വാടിവലഞ്ഞു ഞരമ്പുതളർന്നിര–
തേടാനുമോക്കുന്നില്ലിക്കുഖഗങ്ങൾ.

വട്ടം ചുഴന്നു പറന്നു പുതുതൊന്നു
ചുട്ടുപോം ധ്രുവലെന്നാത്തിയോടും
ചെറിടവേകം നടുവിണ്ണു വിട്ടിതാ
പറുന്നുണ്ടാലിതിൻ താഞ്ഞിലാമ്പിൻമേൽ

വേട്ടയതും തുടങ്ങുന്നില്ലതിനെയും
കൂട്ടാക്കുന്നില്ല കുരുവിപോലും,
ഹന്ത! തടിതളർന്നാത്തി കലരുന്ന
ജന്തു നിസ്സ്വവികാരമേലാ.

വ്യാസമിയന്നോരീയൊറ്റമരക്കാട്ടിൻ
വാസാഹ്വമായ മുരട്ടിൽ ചുറ്റും
ഭാസിക്കുന്നുണ്ടു തൊലിതേഞ്ഞ വൻവേരാ–
മാസനം പാന്ഥോചിതമായതെ.
ഓരോരിടത്തിൽ പൊതിയഴിച്ചുള്ള പാഴ്–
നാരുമിലകളുമങ്ങങ്ങായി

പാറിക്കിടപ്പുണ്ടു, കാലടിപ്പാതക–
ളോരോന്നും വന്നണയുന്നദിക്കിൽ.

മുട്ടുംവഴികൾതൻ വക്കിലങ്ങുണ്ടൊരു
കട്ടിക്കരിങ്കൽച്ചുമടുതാങ്ങി;

ഒട്ടടുത്തായ്ക്കാണുന്നുണ്ടൊരു വാഴ്ത്തുല്ല
പൊട്ടിവീണുള്ള പഴംകിണറും.

നേരേകിഴക്കേപ്പെരുവഴിവിട്ടുള്ളോ–
രുരുപാതയുടെയിങ്ങുതന്നെ

ആരോ നടന്നു കുഴഞ്ഞുവരുന്നുണ്ടു
ചാരത്തായാളൊരു ഭിക്ഷുവത്രേ.

മഞ്ഞപിഴിഞ്ഞു ഞൊറിഞ്ഞുടുത്തുള്ളൊരു
മഞ്ഞപ്പൂവാടയാൽ മേനി മൂടി,

Digitized By Kerala Sahitya Akademi

മുണ്ഡനംചെയ്ത ശിരസ്സും മുഖചന്ദ്ര-
മണ്ഡലംതാനും മസൃണമാക്കി,

ദീർഘവൃത്താകൃതിയാം മരയോടൊന്നു
ദീർഘമാം വാമഹസ്തത്തിലേന്തി

ദക്ഷിണഹസ്തത്തിലേലും വിശറിപ്പൊൻ-
പക്ഷമിളക്കിയൊട്ടൊട്ട വീശി,

ഉറുമരത്തണലെത്തുന്ന ഭിക്ഷുവൊ-
രൊറ്റച്ചിറകേലും ദേവതപോൽ.

ഓടും വിശറിയും വൃക്ഷമൂലത്തിൽ വ-
ച്ചാടൽകലന്നൊന്നു ഫുൽക്കരിച്ചു,

ആടത്തുമ്പാലെ വിയർപ്പു തുടച്ചു ക-
ണ്ണോടിച്ചു യോഗി കിണറിൻനേരേ.

അപ്പൊഴതങ്ങൊരു പെൺകൊടിയാം ചെറു-
ചെപ്പുകുടമൊന്നരയ്ക്കു മേലിൽ

അഞ്ചിതമായ് വളമിന്നുമിടങ്കര-
പ്പിഞ്ചുലതകൊണ്ടു ചുറ്റിച്ചേർത്തും

വീശ്രും വലങ്കരവല്ലിയിൽ പാളയും
പാശവും ലീലയായ് തൂക്കിക്കൊണ്ടും,

ചെറു കുനിഞ്ഞു വലംചാഞ്ഞ പൂമേനി
ചുറ്റിമറച്ചു ചെങ്കാന്തിത്തേട്ടം

പൂഞ്ചേലതൻ തല പാശ്ചത്തിൽപ്പാറിച്ചും,
ചാഞ്ചാടിവസ്ത്രമടിത്തളിരിൽ

ലോലപ്പൂന്വാദസരത്തിലെക്കിങ്കിണീ-
ജാലം കിലുങ്ങി മുഴങ്ങുമാറും,

മന്ദമടുത്തുള്ളോരുരിൽനിന്നോമലാൾ
വന്നണയുന്നു വഴിക്കിണറിൽ.

കാക്കയും വന്നു പനന്വഴവും വീണെ-
ന്നാക്കമാർന്നു ഭിക്ഷു ശ്രുഷ്കണൻ.

സത്തക്കഴലിലഥവാ തൃണസ്പൃവാ-
നെത്തും നിയതിയോരോ വടിവിൽ.

Digitized By Kerala Sahitya Akademi

തുമതേട്ടം തൻ പാള കിണറിലി-
ട്ടോമൽകൈയാൽ കയറു വലിച്ചൂടൻ

കോമളാംഗി നീർ കോരിനിന്നീടിനാ-
ശ്രീമാനബ്ഭിക്ഷുവങ്ങു ചെന്നത്ഥിച്ചാൻ:

''ദാഹിക്കുന്നു ഭഗിനീ കൃപാരസ-
മോഹനം കുളിർതണ്ണീരിതാശ്വ നീ
ഓമലേ, താ തെല്ലെ''ന്നതു കേട്ടോ-
രാ മനോഹരിയമ്പരന്നോതിനാൾ:

''അല്ലല്ലെന്തുകഥയിതു കഷ്ടമേ!
അല്ലലാണ്ടു ജാതി മറന്നിതോ?

നീചനാരിതൻ കൈയാൽ ജലം വാങ്ങി-
യാചമിക്കുമോ ചൊല്ലിഴമാര്യന്മാർ?

കോപമേലാതേ ജലം തന്നാലും
പാപമുണ്ടാമിവളൊരു ചണ്ഡാലി

ഗ്രാമത്തിൻപുറത്താണു വസിക്കുന്ന
'ചാമർ'നായകൻ തന്റെ കിടാത്തി ഞാൻ.''

ഓതിനാൻ ഭിക്ഷുവേറെറം വിലക്ഷനായ്:
''ജാതി ചോദിക്കുന്നില്ല ഞാൻ സോദരി,

ചോദിക്കുന്നു നീർ നാവു വറണ്ടഹോ
ഭീതിവേണ്ടാ തരികതെനിക്കു നീ.''

എന്നുടനേ കരപുടം നീട്ടിനാൻ
ചെന്നളിനമനോഹരം സുന്ദരൻ.

പിന്നെത്തക്കം പറഞ്ഞില്ലയോമലാൾ
തന്വിയാണവൾ കല്ലല്ലിരുമ്പല്ല.

കറുക്കാർകുന്തൽ മൂടിത്തലവഴി
മുറുമാസ്യം മറഞ്ഞു കിടക്കുന്ന
ചാരുസാരിയൊതുക്കിച്ചെറുചിരി
ചോരും ചോരിവാ ചെറു വിടത്തവൾ

പാരം വിസ്മയമാൻ വിസ്ഫാരിത-
താരയായ്ത്തെല്ല നിന്നു മണ്ണാട്ടിയാൾ.

Digitized By Kerala Sahitya Akademi

ചോരച്ചന്തളിരഞ്ഞുമണാം ത്ര–
പൂരത്താൽ മേനിമുടിപ്പുലച്ച്യിരി

വണ്ടിണ ചെന്നു മുട്ടി വിടന്ന ചെ–
ന്തണ്ടലരല്ലി കാട്ടി നില്ക്കുംപോലെ.

പിന്നെക്കെത്താർ വിശ്ലയാൽ പാളയിൽ
ചിന്നിനിന്ന തുളമ്പി മനോജ്ഞമായ്

മദ്ധ്യം പൊട്ടി നുറുങ്ങി വിലസുന്ന
ശ്രുദ്ധക്കണ്ണോടിക്കാന്തി ചിതറും നീർ,

ആത്തിയാൽ ഭിക്ഷു നീട്ടിയ കൈപ്പൂവിൽ
വാത്തുനിന്നിതേ മെല്ലെക്കനിഞ്ഞവം.

പുണ്യശാലിനീ, നീ പകന്നീടുമി–
ത്തണ്ണീർതന്നുടെയോരോരോ തുള്ളിയും

അന്തമറ്റ സുകൃതഹാരങ്ങം നി–
ന്നന്തരാത്മാവിലപ്പിക്കുന്നുണ്ടാവാം.

ശിക്ഷിതാത്മനിർവാണരിലഗ്ര്യ നീ
ഭിക്ഷുവാരെന്നറിവീല ബാലേ നീ.

രക്ഷാക്ഷമാം തൽപ്രസാദം, നിന്നെ–
പ്പക്ഷേ വേറാളായ് മാറുന്നുമുണ്ടാവാം.

അഞ്ജലിതന്നിലപ്പിച്ച തന്മുഖ–
കഞ്ജം ഭിക്ഷു കുനിഞ്ഞുനിന്നാത്തിയാൽ,

വെള്ളിക്കമ്പികണക്കേ തെളിഞ്ഞതി–
നുള്ളിൽ വീഴും കുളിർവാരിതൻപൂരം

പാവനം നുകരുന്ന തൻ ശ്രുദ്ധമാം
ഭാവി *വിജ്ഞാനധാരയെന്നോത്തപോൽ.

ആ മഹാനാന്ന സംതൃപ്തി കണ്ടഹോ
കോമയിർക്കൊണ്ട നില്ക്കുന്ന പെൺകൊടി.

ആമയം തീന്നു; പോരും നീരെന്നവൻ
വാമഹസ്തമുയർത്തി വിലക്കുന്നു.

സാദം തീന്നു സിരകളണന്നുടൻ
മോദമാനമുഖാംബുജശ്രീയൊടും

---

* ക്ഷണികവിജ്ഞാനധാരയെ ബുദ്ധമതക്കാർ ആത്മാവായി വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

ഭിക്ഷുവര്യൻ നിവന്ന കട ചോന്ന
പക്ഷ്മളങ്ങളാം നീണ്ട മിഴികളാൽ

നന്ദിയോലവേ തന്നുപകർത്രിയാം
സുന്ദരാംഗിയെ നോക്കിയരുംചെയ്തു:

''നിർവാണനിധി കണ്ട മഹാസിദ്ധൻ
സർവലോകൈകവന്ദ്യൻ ദയാകലൻ

ഗ്രർവധീശനനുഗ്രഹിക്കും നിന്നെ–
പ്പൂർവചന്ദ്രവദനേ, ഞാൻ പോകുന്നു.''

എന്നു വീണ്ടുമായാൽക്കട ലാക്കാക്കി–
യുന്നതൻ ശാന്തഗംഭീരദർശനൻ

ചെന്നവിടെയച്ഛായാതലത്തിൽ മുൻ–
പൊന്ന ദിക്കിലിരിപ്പായി സൗഗതൻ,

മന്ദം കാട്ടറവെത്തിട്ടാഹംതീർത്തു
കന്ദരംപൂകും കേസരിപോലവൻ.

പിന്നെച്ചെമ്മേയങ്ങാസനം ബന്ധിച്ചു
ധന്യൻ ധ്യാനമിയന്നു വിളങ്ങിനാൻ,

*ഫല്ഗുതീരത്തരയാൽത്തണലിൽ ത്തൻ–
സദ്ഗുരുവായ മാരജിത്തെന്നപോൽ.

തൻ കുടവും നിറച്ചു തുടച്ചുതു
മങ്കമാർമണി മാറിവച്ചങ്ങവൾ

നീളമേലും കയറു ചുരുട്ടിയ–
പ്പാളയിൽ ചേർത്തു സജ്ജമാക്കീടിനാൾ.

പോകുവാനോങ്ങിയെങ്കിലും പെൺകിടാ–
വാകാഞ്ഞങ്ങൊട്ടലസയായ് ചുറ്റിനാൾ.

അന്തികത്തിങ്കൽ പൂത്തു മനോജ്ഞമായ്
അന്തിവാനിന്നകന്നോരു കോണപോൽ

ചന്തമാർന്നു നില്പും ചെറുവാക–
തൻ തണലിലണഞ്ഞാൾ മനോഹരി.

ചാരത്തെത്തിയൊരോമനപ്പൂങ്കുല
പാരാതാഞ്ഞൊടിച്ചായതു നോക്കിയും

---

* ബുദ്ധഗയയ്ക്കു സമീപം ഒഴുകുന്ന 'നിരഞ്ജന' എന്നുകൂടി പേരുള്ള നദി.

Digitized By Kerala Sahitya Akademi

ചാഗനേത്ര മരത്തിലിടത്തുതോ-
ചാരിച്ചാഞ്ഞു ചരിഞ്ഞ മിഴികളാൽ
ദൂരെ മേവുന്ന ഭിക്ഷുവിനായ് കരം-
താരിണമാല മോഘമായ് നിശ്ചിച്ചും
പാരിലൊറക്കാലൂന്നി നിലകൊണ്ടാ
മാരദൂതിപോൽ തെല്ലിട സുന്ദരി.

മൂന്നു

വെയിൽ മങ്ങിച്ചുട്ടമൊട്ടൊട്ടൊതുങ്ങി
സ്വയമെഴുന്നേറുടൻ ഭിക്ഷു പോയി.

വിലയേറുമെന്തോ കളഞ്ഞു കേഴും
നിലയാന്പ്പാലയും വീടു പൂകി.

അവൾ പിന്നെയത്യന്തഖിന്നയായി
അവശയായ് പ്രത്യക്ഷഹേതുവെന്യേ.

അഴതവൾ കോണിലൊതുങ്ങിയെങ്ങും
പൊഴുതു പോകാതായി ബുദ്ധിമുട്ടി.

ചിറകറ്റ മിന്നാമിനുങ്ങുപോലെ-
യുപകൽ നീങ്ങിയിഴഞ്ഞിഴഞ്ഞു

പൊറുതിയുണ്ടായില്ല രാവിലുമ-
ച്ചെറുമിയന്നുണ്ടില്ലുറങ്ങിയില്ല.

അഴകേറും ഭിക്ഷുവുമപ്പേരാലും
വഴിയും കിണറും പരിസരവും

ഒഴിയാതവളഹോ മുമ്പിൽക്കണ്ടു
മിഴിയടച്ചെന്നാലുമല്ലെന്നാലും.

തനിയെ തുടന്നെഴും ചിന്ത നിൽത്താൻ
തനുഗാത്രിയാളായില്ലെന്നല്ലയ്യോ,

നിനവും കിനാവുമഭിന്നമായി
മനതാർ കുഴങ്ങി വലഞ്ഞു ബാല.

നെടുരാത്രി നീങ്ങാഞ്ഞു നിർവേദത്താൽ
പിടയും തൻ ശയ്യയിൽ പേലവാംഗി.

ഝടിതിയെഴുനേറവളിരിക്കും,
ഉടനേ പോയ് വാതിൽ തുറന്നു നോക്കും.

Digitized By Kerala Sahitya Akademi

ഇരവിനെ നിന്ദ ശപിക്കും തമ്പി
തിരിയെക്കിടക്കയിൽ പോയി വീഴും.

വിരഞ്ഞിതവൻ ഭ്രതപീഡയാലോ
ജ്വരസംഭ്രമത്താലോയെന്നവണ്ണം,

അറയിൽത്താനേകയായിപ്രകാരം
പറവാനാകാത്തൊരീയാമയത്താൽ.

ശബളിതഭാവയിവളകമേ
വിപുലമാം പുണ്യവികാസത്താലേ

ശബരാലയത്തിന്നിരുട്ടറയിൽ
സപദിയൊതുങ്ങാതുഴൽകയാവാം.

കുനരിയും പിന്നെക്ഷമൻതാന-
മറിയിക്കും യാമങ്ങളെണ്ണിയെണ്ണി,

പറയവനിത പൂങ്കോഴിക്കൂവും
തിറമെഴും കാഹളം കേൾക്കയായി.

ശയനംവെടിഞ്ഞു നനഞ്ഞുവീർത്ത
നയനാംബുജങ്ങൾ തുടച്ചു തമ്പി.

ഉടനെ മുറി തുറന്നമ്മരത്തൊ-
രടിവച്ചൊട്ടാഞ്ഞു വെളിക്കു നോക്കി

പടിമേലവൻ തെല്ലിരുന്ന, പിന്നെ
നെടുവീർപ്പിട്ടൊട്ടു മുറത്തിറങ്ങി,

ഉടയോരുണർന്നുകാണുമ്മുമ്പെങ്ങോ
വിടകൊള്ളാനോങ്ങുന്നപോലെതന്നെ.

പരിചിലവൻ നടവിട്ടുപോന-
പ്പുരയുടെ പിന്നിലൊതുങ്ങിനിന്ന.

പുറവേലിതൻ പടപ്പിന്മേലപ്പോൾ
ചെറുവണ്ണാത്തിപ്പുള്ളണഞ്ഞ പാടി.

തളിർവിടർന്നുള്ള മരം തലോടി-
ക്കുളിർവായുവുതീ കിഴക്കുനിന്നും.

പ്രവിരളതാരയാം പൂർവ്വദിക്കിൻ-
കവിളും വിളറിത്തുടങ്ങി മെല്ലെ.

നടകൊണ്ടുടനേയവിടെനിന്ന-
ങ്ങിടവഴിയെത്തുന്ന കാതരാക്ഷി,

Digitized By Kerala Sahitya Akademi

ഇടരാന്ന വീണ്ടും തിരിഞ്ഞു നിന്ന
ഝടിതി വീക്ഷിക്കുന്ന സ്നേഹശീല,

ഒടുവിൽ ജനിച്ചഹോ താൻ വളന്ന
കുടിലോട്ട യാത്രചോദിക്കുംപോലെ.

ഉഴറിത്തിരിഞ്ഞുടനോമലാളാ–
വഴിയേ വരുന്ന കിണററരികിൽ.

സ്ഫുടമിവം നീരിനല്ലിപ്പോം പോന്ന
കുടമില്ലസ്സുന്നാഹമൊന്നുമില്ല.

അത്തുമല്ലവളങ്ങു ചുററും തെണ്ടി
വിധുരയായ് ഭിക്ഷുവിൻ പാദമുദ്ര

ക്ഷിതിയിൽ കണ്ടാശ്രു സൂക്ഷിച്ചുനോക്കി
നിധിചോരപോലെ കുനിഞ്ഞിരുന്ന.

യതിവര്യൻ തണ്ണീരിനായ്ത്തലേനാ–
ളെതിരേ നീട്ടിക്കണ്ട കൈത്താർതന്നെറ

മൃദുപാടലാഭതന്നോമ്മ നല്ലം
പ്രതിനവാക്കാംശ്രക്കം തട്ടിച്ചോന്ന

പുതുരക്തമോടി വിളങ്ങും സാക്ഷാൽ
പദമലർതാനതെന്നാത്തിയാലെ

പുളകിതഗണ്ഡയായ് താണ ഭ്രുവി–
ലളകാഞ്ചലം വീണടിയുമാറും

അധരം തുടുത്തു തുളുമ്പുമാറും
അതിനെയിതാ തനവി ചുംബികുന്ന.

വിരവിലെഴുന്നേറുടൻ നടന്ന– .
പ്പെരുവഴിയെത്തുന്ന പേശലാംഗി

പദമുദ്ര വേർതിരിയാതെയങ്ങു
പതറുന്ന പെൺകൊടി ദൂരെയെത്തി.

യതിപുംഗവന്റെ വഴി തുടന്നീ
മതിമുഖി പോകയാം തക്കമില്ല.

അഴലാന്നിവളഹോ സ്വാമിതന്റെ
വഴിയോരും ശ്വാവിന്റെ നാസസ്പ്പേല്പും

അനഘമാം ശക്തിയില്ലാഞ്ഞിദാനീം
തനതിന്ദ്രിയത്തെശ്ശുപികുന്നുണ്ടാം.

Digitized By Kerala Sahitya Akademi

അഴകിൽപ്പൂർവ്വാഹ്നശ്രീ തങ്കച്ചാറാൽ
മെഴുകുന്നോരപ്പാതയ്യുടെ പിന്നെ

വഴിപോക്കർ ചൊല്ലിയറിഞ്ഞു വേഗം
പിഴയാതെ ശ്രാവസ്തിപട്ടണത്തിൽ

പരിശുദ്ധ*ജേതൃവനവിഹാര–
പരിസരരഥ്യയിലെത്തി ബാല:

ഇടയിടെപ്പൂമരവൃന്ദമില്ലി–
പ്പടരിവ തിങ്ങും വൻവേലി ചൂഴ്ന്ന

കരിവാർശിലയാൽ തീർത്തുള്ള രണ്ടു
കരിവരർ കാക്കും പൂങ്കാവിൻദ്വാരം

അരികിലവൻ കണ്ടിതുള്ളിലോരോ
വരമന്ദിരാരാമവൃന്ദത്തോട്ടം

ഇരുപുറവുമത്തി മാവു ഞാവൽ
അരയാൽ മുതലാം തരുനിരകൾ

സുരുചിരച്ഛായം വളർന്ന ശാന്ത–
പരിമോഹനമാം നടയ്ക്കാവുടെ

അവളുള്ളിൽപ്പോയന്തർമന്ദിരത്തിൽ
നിവസിക്കും ഭിക്ഷുക്കൾതന്നെക്കണ്ടാൾ.

വിവരങ്ങൾ ചോദിച്ചാളങ്ങെത്തി–
യവഗതസങ്കോചം ഗ്രാമകന്യ.

വിദിതസമസ്നേഹരാജ്യലക്ഷ്മീ–
സദനമതാക്കും തറവാടല്ലോ.

അകലെനിന്നെത്തുമിവളുടുള്ളോ–
രകളങ്കക്കൻപേലും പെങ്ങളല്ലോ.

മുകിൽവേണിക്കസ്ഥലമാഹാത്മ്യംതാൻ
പകുതി മോഹം തീർത്തിരിക്കുമിപ്പോൾ.

പരിസരശക്തിഗ്രണത്താൽ മർത്ത്യർ
പരിശുദ്ധരാകും പാപിഷ്ഠർപോലും.

ജഗദേകധർമ്മപിതാവു സാക്ഷാൽ
ഭഗവാൻ തഥാഗതൻ സാന്നിദ്ധ്യത്താൽ

---

* ജേതവനം എന്നാണു പ്രാകൃതരൂപം.

Digitized By Kerala Sahitya Akademi

അരിയ വിഹാരമതന്ന പാരം
പരിപാവനമാക്കിച്ചെയ്തിരുന്ന.

ഗുരുദേവരെക്കാണ്മാൻ [1]പൂവ്വാരാമ–
വരവിഹാരത്തിൽനിന്നിങ്ങു പോരും

സുവിദിതൻ [2]'ആനന്ദ'ഭിക്ഷുവത്രേ–
യവൻ തണ്ണീർനല്കിയ യാത്രക്കാരൻ.
വിവരമറിഞ്ഞവനന്നെട്ടേവൻ
സവിധത്തിലൻപിയന്നാനയിച്ചാൻ.

അവളജ്ഞ ചണ്ഡാലബാലയെങ്ങാ–
ണ്ബുദ്ധഭവനഗുരുപാദരെങ്ങു? പാത്താൽ.

ഗുരുലഘുഭേദമതിഥികളിരു
പരമോദാരന്മാർ കാണ്മീല ന്യനം.

മണിമണ്ഡപത്തിന്റെ പൂമുഖത്തിൽ
ക്ഷണമെഴുന്നെള്ളിനിന്നീടും രൂപം

പരമവന്ം കണ്ടിതു ഭിക്ഷുവേഷം,
പുരുഷസൗന്ദര്യത്തിൻ പൂർണ്ണാഭോഗം.

സുഭഗനാനന്ദൻ മിന്നാമിനുങ്ങായ്
പ്രഭമങ്ങുമദ്ഭുതതേജഃപുഞ്ജം.

പതറി ഹൃദയം വിറച്ചു പൂമെ–
യ്യെതിരേ മഹാത്മാവെക്കണ്ടു ഞെട്ടി.

അവിദിതാചാര മാതംഗകന്യ
അവശയായ്. സംഭ്രമമാന്ന നിന്നു;

പുതുദീപംമുമ്പിൽ പതംഗിപോലെ,
കതിരവൻമുമ്പിൽ ധരിത്രിപോലെ,

നിഗമരത്നത്തിന്റെ മുമ്പിൽ യുക്തി–
വികലമാം പാമരവാണിപോലെ,

അചലമാം ബോധം മുമ്പപ്രഗല്ഭ–
വിചികിത്സപോലെയും വിഹ്വലാംഗി.

അതുകണ്ടകമലിഞ്ഞോരു ദേവ–
നതിവിശ്വാസം ബാലയ്ക്കേകുംവണ്ണം,

---

1 ശ്രാവസ്ഥിക്കടുത്ത ഒരു ഗ്രാമത്തിലുള്ള മറെറാരു സംഘാരാമം.
2 ബുദ്ധദേവന്റെ വംശജനായ ഏറെറവും പഴയ ഒരു അന്തവാസി.

Digitized By Kerala Sahitya Akademi

സദയം തൻതൃക്കണ്ണുവളിൽച്ചാഞ്ഞു
മൃദുലസ്മിതാർദ്രമായ് മംഗളമാം

അധരമലർവഴി വാക്സുധകൾ
മധുരഗംഭീരമായുണ്ണോഴുകി:

''മകളേ, നീ പോന്നതു ഭംഗിയായി!
സകലമറിഞ്ഞു നാം കാര്യം ഭദ്രേ;
അനഘനാനന്ദനു തണ്ണീർ നല്കി–
ക്കനിവാൻ വത്സേ! നീ ദാഹം തീർത്തു.

ജനിമരണാത്തിദമാകും തൃഷ്ണ–
യിനി നിനക്കുണ്ടാകാതാകയാവൂ!''

അവളുടെ ഭാവമറിഞ്ഞു പിന്നെ–
സ്സുവിമലധർമ്മോപദേശംചെയ്തു,

അവളെത്തൻ ഭിക്ഷുകീമന്ദിരത്തിൽ
നിവസിച്ചുകൊൾവാനുമാജ്ഞാപിച്ചു.

തിരിയേയകത്തെഴുന്നെള്ളിനാന–
ന്നിരുപധികകൃപാവാരിരാശി.

അരിയ നീർത്താർമൊട്ടേ, നിൻതലയിൽ
സ്സുരിതമാം തുമഞ്ഞിൻതുള്ളിതന്നിൽ.

അരുണൻ നിർമ്മിച്ചൊരപ്പദ്മരാഗം
പൊരുളാകില്ലീയക്കദീപ്തിതന്നിൽ.

അതുമല്ല മുത്തേലും ബിന്ദു മാഞ്ഞു
സുധയൂറും നിൻ കരാംക്കാമ്പിൽ മെല്ലെ

ദിവസം പുലർന്നു വിടർന്നിനി നീ–
യവികലശോഭ വഹിക്കും പൂവേ.

നാലു്

'ഭിക്ഷുണീ'മന്ദിരം തന്നിൽ—ബുദ്ധ–
ശിക്ഷിത വാണു മാതംഗി.

ഭ്രഷ്ണമൊക്കെ വെടിഞ്ഞു—ബാല
തോഷിച്ചു കുന്തലരിഞ്ഞു.

Digitized By Kerala Sahitya Akademi

ശേഷം 'ശ്രമണി'മാരേലും—ശ്രദ്ധ-
വേഷം ശരിയായണിഞ്ഞു.

[1]അഷ്ടാംഗമാം ധമ്മമാഗ്ഗം—ബാല
കഷ്ടതയെന്നി ധരിച്ചു.

പാവനമൈത്രിമുതലാം—ചിത്ത
[2]ഭാവന മുന്നും ശീലിച്ചു.

ആനന്ദനിവ്വാണം പെയ്യും—കാമ-
ധേനുവാം ധ്യാനം ഗ്രഹിച്ചു.

നിമ്മലശീലമാരാകും—അന്യ-
ധമ്മഭഗിനിമാരൊപ്പം

സമ്മോദം സ്നാനാശനാദി—കളിൽ
ചെമ്മേയിണങ്ങി രമിച്ചു.

കൃത്യങ്ങൾ കാലംതെറ്റാതെ—അവ
പ്രത്യഹം ചെയ്യും മാച്ചാതെ.

നേരത്തെയേറ്റു നിയമം—കഴി
ഞ്ഞാരാമംപൂകും കുമാരിമാർ.

സ്നിഗ്ധശിലകൾ പടുത്തു—പരി-
മുഗ്ധമാം കല്പടയാൻ,

താമരപൂത്തു മണം വീ—ശുന്ന-
ല്ലോമൽനീരേലും കുളത്തിൽ

കൈയിൽച്ചെറുകുടം താങ്ങി—മറ്റു
തയ്യൽമാരോടൊത്തിറങ്ങി,

കോരും ജലമവർ പോയി—ച്ചെന്ന
ചാരുമഹിളാലയത്തിൻ,

മുറ്റത്തെഴുന്ന പൂവല്ലി—നിര
മുറ്റും രസത്തിൽ നനയ്ക്കും.

പാവനശീലയാം പിന്നെ—ട്ടന്ത-
ധാവനംചെയ്തു നീരാട്ടം.

---

1 സമ്യഗ്ദൃഷ്ടി, സാമ്യക്സ്മൃതി മുതലാംഗ്ല എട്ട് അംഗങ്ങൾ.
2 മൈത്രി, കരുണ, മുദിത ഈ മൂന്ന്.

Digitized By Kerala Sahitya Akademi

ചായം പിഴിഞ്ഞ വസനം—തല്പി-
ക്കായാനിട്ടന്യമണിയും.

വാസ്തും കുതൂഹലമാൻ—നല്ല
പൂക്കളിറുത്തവൾ ചെന്നു,

ശ്രാഘ്യരാം ധർമ്മമാതാക്കൾ—തന്റെ
കാല്കൽ വച്ചൻപിറ്റ് വണങ്ങും.

ശ്രദ്ധയാനന്ദിതനോരോ—ധർമ്മ-
തത്ത്വങ്ങൾ ബാല ശ്രവിക്കും.

മദ്ധ്യാഹ്നമായാൽ വിളമ്പീ—ടുന്നാൾ
ശുദ്ധമാം 'ഭിക്ഷ'യശിക്കും.

ഇങ്ങനെ കാലം നയിച്ചു—സ്നേഹം
തിങ്ങുമാ ധർമ്മാലയത്തിൽ

ഏകാന്തസൗഖ്യമായ് ബാല—ഏതോ
ലോകാന്തരമാന്പോലെ.

അമ്മന്ദിരത്തിൽ വസിക്കും—പല
മേന്മയെഴും രാജ്ഞിമാക്കും

ബ്രാഹ്മണ'ഭിക്ഷുണി'മാക്കും—വൈശ്യ-
മാന്മിഴിമാക്കുമല്ലാക്കും

കൂറും ബഹുമതിതാനും—ദിനം
തോറുമിവളിൽ വളർന്നു.

ഏറും ഗുണം കണ്ടവർക്കേൽ—പ്രീതി-
യേറി ഭഗവാനും മേന്മേൽ.

ഹാ! കാമ്യമാമീ നടസ്സിൽ— ;രു
കാർകൊണ്ടൽ വന്നുകേറുന്നു!

ലോകമേ, നിൻജഠരത്തിൽ—ഇല്ല
ഏകാന്തതയൊരിടത്തിൽ.

അന്തികത്തന്നഗരത്തിൽ—ഈ ന-
ല്ലന്തരത്തിൽ തരം നോക്കി

അന്തണരിൽ ചിലപേരേ—ഈർഷ്യ
ഹന്ത! തൻകോമരമാക്കി

''നിണ്ണയം കാലം മറിഞ്ഞു—വര-
വണ്ണിനീ ധർമ്മമഠത്തിൽ,

Digitized By Kerala Sahitya Akademi

മുണ്ഡനംചെയ്തയാലിന്നു—ശ്രുദ്ധ
ചണ്ഡാലി കേറി സമത്തിൽ.

താണ ചെറുമിയൊന്നിച്ചായ്—അവർ–
ക്കുണ്ടുമിരിപ്പും കിടപ്പും,

കാണി ക്രൂസാതായി വെപ്പും—ശാസ്ത്ര–
വാണിയും നാട്ടിൽ നടപ്പും.

പാരിൽ യജ്ഞങ്ങളില്ലാതായ്—ദേവ–
ക്കാരാധനകളില്ലാതായ്.

ആരും പഠിക്കാതെയായി—വേദം
പോരെങ്കിൽ ജാതിയും പോയി.''

ഇങ്ങനെയൊക്കെയുരച്ചും—അതിൽ
തങ്ങും വിപത്തു വണ്ണിച്ചും

അഗ്രഹാരംതോറുമെത്തി—അവർ
വ്യഗ്രരായ് വാത്ത പരത്തി.

ക്ഷത്രിയഗേഹത്തിൽ ചെന്നു—കാര്യ–
മത്രയും കേഴ്പ്പിച്ചു നിന്നു.

ചെട്ടിമാരെച്ചെന്നിളക്കി—വാത്ത
പട്ടണമെങ്ങും മുഴക്കി.

എന്തിനു വിസ്മരിക്കുന്നു—ജന–
മെന്തെന്നില്ലാതെയുഴന്നു.

പെട്ടെന്നമാത്യരറിഞ്ഞു—കഥ
കൊട്ടാരമെത്തിക്കഴിഞ്ഞു.

വാദമായ് മന്ത്രിസഭയിൽ—കാര്യം
ഖേദമായ് മന്നവനുള്ളിൽ.

ധന്യൻ പ്രസേനജിത്തെന്നു—പുകഴ്
മന്നിലെഴും ബുദ്ധഭക്തൻ

കല്പിച്ചിതോത്തന്നൃപാലൻ— പിന്നെ
സപ്രജാരഞ്ജനലോലൻ:

''സംഘാരാമത്തിൽ ഭഗവൽ—പദ–
പങ്കജത്തിൽതന്നെയെത്തി

ശങ്കയുണത്താമതല്ലാ—തുണ്ടോ
സങ്കടത്തിനു നിവൃത്തി?

Digitized By Kerala Sahitya Akademi

സർവ്വജ്ഞനല്ലോ ഭഗവാൻ—ധർമ്മം
നിർവ്വചിക്കേണ്ടതങ്ങല്ലോ.''

പിന്നെത്തിരുവിഹാരത്തിൽ—ദൃത-
രന്നിശ്ചയം ചെന്നുണർത്തി
വേഴ്ചയിൽ സമ്മതം വാങ്ങി—ക്ഷുദ്ര-
ക്കാഴ്ചയെല്ലാമൊരുങ്ങി.

പിറ്റേന്നപരാഹ്നമായി—വിണ്ണു
പറ്റിപ്പടിഞ്ഞാറു നിന്നു,
മന്നിൻ മലിനമുഖത്തിൽ—നിത്യം
പൊന്നിൻപൊടി പൂശും ദേവൻ.

ദൂരെക്കിഴക്കേ നിരത്തിൽ—ഉടൻ
തേരൊലി കേട്ടുതുടങ്ങി.

മങ്ങും ദിനജ്വാലമേലേ—പൊടി
പൊങ്ങി വാനിൽ പുകപോലെ.

ഓരോവഴിയായ് ഞെരുങ്ങി—ജന-
മാരാമദ്വാരത്തിൽത്തിങ്ങി.

ഉൽക്ഷിപ്തബാഹുഖഡ്ഗം തിളങ്ങും—അംഗ-
രക്ഷകർ സാദിഭടന്മാർ

തൽക്ഷണം വാതുക്കലെത്തി—മാഗ്ധ-
വിക്ഷോഭം മെല്ലെയൊതുക്കി.

സംഘാരാമത്തിൽ വളർന്ന—വൃക്ഷ-
സംഘത്തിൻ ഛായാഗണങ്ങൾ

എത്തുമത്തിഥിജനത്തെ—സ്വയം
പ്രത്യുദ്ഗമിക്കുന്നപോലെ

ദൂർവാഭിരാമച്ചുവരിയിൽ—നീണ്ട
പൂർവമുഖങ്ങളായ് നിന്നു.

ഉള്ളിലത്തേ നടയ്ക്കാവിൽ—കാറിൽ
തുള്ളും മരങ്ങൾ നടുവിൽ

കോമളമായ് മേൽ കുറുകേ—ചേർത്ത
ചേമന്തിപ്പൂത്തോരണത്തെ

ചാലവേ ചാഞ്ഞെഴുമക്ക—രശ്മി-
മാല ബഹുലീകരിച്ചു.

Digitized By Kerala Sahitya Akademi

ഒപ്പമായ്ത്തല്ലിമിനുക്കി—യെങ്ങും
നല്പനിനീരാൽ നനച്ചു,

പുഷ്പദലകൃതമാം മം—ഗല-
ശില്പമാന്നോരാ വഴിയേ

ആനന്ദഭിക്ഷുവുദാരൻ—ശിഷ്യ-
സാനുഗനായെതിരേല്പാൻ

ചെന്നുടൻ വാതുക്കൽ നിന്നു—നൃപ-
സ്യന്ദനവും വന്നണഞ്ഞു.

അന്യോന്യമാചാരംചെയ്തു—പിന്നെ
മന്നവൻ തേർവിട്ടിറങ്ങി,

പുക്കിതു പുണ്യാരാമത്തിൽ—പുര-
മുഖ്യസചിവസമേതൻ.

ജോഷംനടന്നു നരേന്ദ്രൻ—മിത-
ഭ്രഷ്ടൻ മിതപരിവാരൻ.

പാടിനടന്നിതൊളിവിൽ—മാവിൻ-
വാടിയിൽ പൂങ്കുയിൽവൃന്ദം.

മഞ്ഞക്കിളി മിന്നൽപോലെ—ഞാവൽ-
ക്കുഞ്ഞങ്ങളുള്ളിൽ പറന്നു.

പാലമേൽ പാതി കരേറി—അണ്ണാൻ
വാലുയത്തിത്തെല്ലിരുന്നു.

കൂടെക്കൂടെത്തിരുമേനി—തിരി-
ഞ്ഞോടിച്ചു കണ്ണിതിലെല്ലാം.

ഉള്ളിൽത്തെമാതളത്തോപ്പിൽ—തൊണ്ടു
വിള്ളും ഫലങ്ങളിൽനിന്നും

മാണിക്യഖണ്ഡങ്ങൾ കൊത്തി—ത്തിന്നൊ-
ട്ടീണംകലന്ന ശുകങ്ങൾ,

''ബുദ്ധം ശരണം ഗച്ഛാമി—ബുദ്ധ-
ധമ്മം ശരണം ഗച്ഛാമി
സംഘം ശരണം ഗച്ഛാമി''—എന്ന
സങ്കേതം പാടിപ്പറന്നു.

ഇമ്പംകലന്നതു കേട്ടു—ഭിക്ഷൻ
തമ്പുരാൻ രോമാഞ്ചമാന്നു.

Digitized By Kerala Sahitya Akademi

തൽക്ഷണമെല്ലാരുമെത്തി—യങ്ങാ-
സാക്ഷാൽ സുഗതനികേതം.

ഉള്ളുറതൻ മറ മാറ്റി—യെഴു-
ന്നെള്ളി ഭഗവാൻ വെളിയിൽ,

പൊന്മുകിൽച്ചാർത്തുകൾ നീക്കി—യുദി-
ച്ചുൻമുഖനാം രവിപോലെ.

വീണു വണങ്ങി നൃപാലൻ—മൗലി-
മാണിക്യദീപിതശാലൻ.

ഒട്ടു ഭഗവാനുയർത്തി—മഞ്ഞ-
പ്പട്ടാടതുങ്ങും പൊൻകൈകൾ

മിന്നി ക്ഷണം ക്ഷുര പാറി—നില്ക്കും
പൊന്നിൻകൊടിമരംപോലെ.

പിന്നെ വിചിത്രാസ്തരത്തിൽ—ദേവൻ
മന്നവൻതന്നെയിരുത്തി.

താനും വിരിപ്പിലിരുന്നാൻ—ശുദ്ധ-
മേനിയേറും പൂന്തളത്തിൽ.

മറ്റു ജനങ്ങളും വന്നു—വന്ദി-
ച്ചുറ്റതാം സ്ഥാനത്തിരുന്നു.

കോലായിലുമാസ്തൃതമായ്—വ്യാസ-
മേലും തിരുമുറ്റമെങ്ങും.

ശാലതൻ വാമപാർശ്വത്തിൽ—ഖ്യാതി
കോലും ശ്രമണിമാർ തങ്ങി,

ദക്ഷിണപാർശ്വത്തതുപോൽ—പോന്ന
ഭിക്ഷുവര്യന്മാരിരുന്നു

അന്തിപ്പൊൻമേഘാംബരമാ—ന്നൊളി
ചിന്തുന്ന താരങ്ങൾപോലെ.

മദ്ധ്യത്തിൽ വീരാസനസ്ഥൻ—പരി-
ബദ്ധാസ്യതേജോവലയൻ
ബുദ്ധൻതിരുവടിതന്നെ—നൃപ-
നുത്തരളാശയൻ നോക്കി.

സംഗതിതന്റെ ലഘുത്വം—കൊണ്ടു
ഭംഗുരകണ്ഠനായ് മൗനം

Digitized By Kerala Sahitya Akademi

കൈക്കൊള്ളും ഭൂപനെ നോക്കി—സ്വയ-
മക്കൃപാത്മാവരുൾചെയ്തു:

''വത്സമാതംഗിയെച്ചൊല്ലി—വിചി-
കിത്സയല്ലല്ലി വിഷയം?

എന്ത പറവൂ? എന്തോർപ്പൂ—ജാതി
ഹന്ത വിഡംബനം രാജൻ!

ക്രോധിച്ചു ജന്തു പോരാട്ടം—സ്വന്ത-
നാദത്തിൻ മാറൊലിയോട്ടം.

വല്മീതന്നഗ്രത്തിൽനിന്നോ—ദ്വിജൻ
ചൊല്ലുക മേഘത്തിൽനിന്നോ

യാഗാഗ്നിപോലെ ശമിതൻ—ഖണ്ഡ-
യോഗത്തിൽനിന്നോ ജനിപ്പൂ?

അജ്ജാതിരക്തത്തിലുണ്ടോ?—അസ്ഥി
മജ്ജ ഇതുകളിലുണ്ടോ?

ചണ്ഡാലിതൻമെയ് ദ്വിജന്റെ—ബീജ-
പിണ്ഡത്തിനൃഷ്ടരമാണോ?

പുണ്ഡ്രമോ പൂണൂൽതാനോ—ശിഖാ-
ഷണ്ഡമോ ജന്മജമാണോ?

അക്ഷരബ്രഹ്മം ദ്വിജന്മാർ—സ്വയം
ശിക്ഷക്കുടാതറിയുന്നോ!

എല്ലാ കൃമികളുംപോലെ—ജനി-
പ്പിലാതാം മർത്യരെയെല്ലാം

കല്യമാം കർമ്മനിയതി—കര-
പല്ലവംതാൻ ചെയ്തയല്ലേ?

മുട്ടയായും പുഴുവായും—നിറം
പെട്ട ചിറകുകളാൻ

ചട്ടറ വിണ്ണിൽ പറന്നു—മലർ-
മട്ടണ്ണും പൂമ്പാറനയായും

പോകുന്നിതു മാറിമാറി—പ്പല
പാകത്തിലേകബീജംതാൻ

നാമ്പും കരുമൊട്ടും വണ്ണും—പൂങ്ക
ക്കുമ്പും മലരും സുമംതാൻ.

Digitized By Kerala Sahitya Akademi

നെല്ലിൻചുവട്ടിൽ മുളയ്ക്കും—കാട്ട-
പുല്ലല്ല സാധു പുലയൻ.

ശങ്ക വേണ്ടൊന്നായ് പുലർന്നാൽ—അത്രം
പൊങ്കതിർപൂണും ചെടിതാൻ.

സിദ്ധമതിനു ദൃഷ്ടാന്തം—അസ്ഥാ-
പൃത്രിയീ മാതംഗിതന്നെ.

സത്യധർമ്മങ്ങൾക്കെതിരാം—ശാസ്ത്രം
ശ്രദ്ധിയായ്ക്കുങ്ങു നൃപതേ!

അർത്ഥപ്രവചനം ചെയ്വാ—മതിൽ
വ്യർത്ഥമുദരംഭരികൾ.

ഇന്നലെച്ചെയ്തോരബദ്ധം—മൂഢ-
ർക്കിന്നത്തെയാചാരമാവാം

നാളത്തെശ്ശാസ്ത്രമതാവാം—അതിൽ
മൂളായ്ക സമ്മതം രാജൻ!

എന്തിനെന്നുമെങ്ങോട്ടെന്നും—സ്വയം
ഹന്ത! വിവരമില്ലാതെ

അന്ധകാരപ്രാന്തരത്തിൽ—കഷ്ടം!
അന്ധരെയന്ധർ നയിപ്പൂ.

വൃക്ഷമായും ചെടിയായും—പരം
പക്ഷിയായും മൃഗമായും

ലക്ഷം ജന്മങ്ങൾ കഴിഞ്ഞാൽ—ജന്തു
പക്ഷേ, മനുഷ്യനായെന്നാം.

എന്നെത്തുടർന്നെഴും നീണ്ട—ജന്മ-
പ്പൊന്നോമൽച്ചങ്ങലതന്റെ

പിന്നിലെക്കണ്ണിയോരോന്നിൽ—പൊങ്ങി
മിന്നിയെന്നെത്തന്നെ കാൺമൂ

ഓടും മുയൽക്കുറുനായും—മരം-
ചാടിയായും പാഞ്ഞിരകൾ

തേടും കരിമ്പുലിയായും—വേട്ട-
യാടുന്ന വേടനായും ഞാൻ.

ജന്തുക്കളൊക്കെയീവണ്ണം—ശ്രീമൻ!
ഹന്ത! സഹജരെന്നല്ല,

Digitized By Kerala Sahitya Akademi

ചിന്തിക്കിലൊന്നായ് വരുന്നു—പിന്നെ-
ന്തന്തരം മത്സ്യക്കു തമ്മിൽ?

വ്യാമോഹമാന്നും സുഖത്തിൽ—പര-
ക്ഷേമത്തിൽ വിപ്രിയമാന്നും

പാമരചിത്തം പുകഞ്ഞു—പൊങ്ങും
ധൂമമാമീഷ്യതാൻ 'ജാതി'.

ഗർവ്വമായും ദ്വേഷമായും—പിന്നെ
സർവ്വമനോദോഷമായും

ആയതു മാറുന്ന വണ്ണം—സ്വയം
സായന്തനാംബുദംപോലെ.

സ്വന്തകുടുംബം പിരിക്കും—അതു
ബന്ധുക്കളെ വിഭജിക്കും

ഹന്ത! വഗ്ഗുങ്ങം തിരിക്കും—പക-
ച്ഛന്ന്യമായ് ലോകം മുടിക്കും.

തന്നാശ്രിതരെയും ലോക—ത്തെയും
തിന്നും കറുത്തോരിത്തീയേ

ആരാധിക്കായ്വിൻ അസൂയാ—മഹാ-
മാരിയെ—ജ്ജാതിയെ—ആരും!

ചൊല്ലുവൻ ജന്തുവെത്താഴ്ത്തും—ദോഷ-
മെല്ലാമിതിലടങ്ങുന്നു.

ഈ രാക്ഷസിയെജ്ജയിച്ചാൽ—ഘോര-
നാരകദ്വാരമടഞ്ഞു.

ഭോഗപരയായിജ്ജന്തു—രക്ത-
രാഗയാമാ ഹിംസതന്നെ

പൂജ്യൻ നൃപൻ ബിംബിസാരൻ—തന്റെ
രാജ്യത്തിൽനിന്നകലിച്ചു.

താണസമസ്യഷ്ടൂർതന്നെ—നിജ-
ഭ്രൂണത്തിൻ കൊല്ലാതെകൊന്നു
ജന്മം വിഫലമാക്കീടും—മഹാ
കല്മഷകാരിണിയായി

Digitized By Kerala Sahitya Akademi

ചാതുര്യമായ് പല വർണ്ണം—തേടും
ജാതിയാമീ ഹിംസതന്നെ

ഭ്രതദയയെ നിനച്ചും—സ്വന്ത
നീതിയെയോർത്തും നൃപേന്ദ്ര!

നിഷ്ക്രിഷ്ടമാമാജ്ഞയാലേ—യങ്ങും
നിശ്വാസിക്കിൽ ശ്രുഭമായി.

ചെന്നത്ര ലോകക്ഷേമാർത്ഥം—ചെയ്ക
എന്നല്പിദ്ധർമ്മാശ്രമത്തിൽ

എന്നുമീ ബാധ കടക്കാ—താക്കു-
കെന്നർത്ഥിക്കുന്നു, യൂപത്തിൽ

ആട്ടിൻകിടാവിനെ മീളാൻ—ആഞ്ഞു
നീട്ടിയ കണ്ടും നൃപതേ!

മോഹം കളഞ്ഞു ജനത്തെ—ത്തമ്മിൽ
സ്നേഹിപ്പാൻ ചൊൽക നരേന്ദ്ര!

സ്നേഹത്തിൽനിന്നുദിക്കുന്നു—ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു.

സ്നേഹംതാൻ ശക്തി ജഗത്തിൽ—സ്വയം
സ്നേഹംതാനാനന്ദമാക്കും,

സ്നേഹംതാൻ ജീവിതം ശ്രീമൻ—സ്നേഹ-
വ്യാഹതിതന്നെ മരണം.

സ്നേഹം നരകത്തിൻദ്വീപിൽ—സ്വർഗ്ഗ-
ഗേഹം പണിയും പടുത്വം,

അമ്മതൻ നെഞ്ഞുഞരമ്പിൽ—തങ്ങി-
ച്ചെമ്മേ ചെഞ്ചോരയെത്തന്നെ

അമ്മിഞ്ഞത്തുള്ളുവമൃതാക്കും മൈത്രി—
നമ്മോടതോതുന്നു രാജൻ!

ചൊല്ലിനേനീഷ്യയല്ലാതെ—മർത്ത്യ-
ക്കില്ലതാനില്ലതാൻ ജാതി.''

മുൽപാടു വീണ്ടു വണങ്ങി—നൃപ-
നദ്ഭുതഭക്തിവിവശൻ

''കല്പനപോലെ''യെന്നോതി—സ്തുടം
കൂപ്പിയ പാണിദ്വയത്താൽ.

Digitized By Kerala Sahitya Akademi

ആനന്ദബാഷ്പം ചൊരിഞ്ഞു—സഭ-
യാനതമൗലിയായപ്പോൾ,

ലോലാശ്രു വീണ പൂവ്വാംഗം—ആർദ്ര-
പേലമായ് ഭിക്ഷുകീവൃന്ദം

ഓലും മഞ്ഞിൽ പൂനനഞ്ഞ—കൃത-
മാലവനംപോൽ വിളങ്ങി.

ചെമ്പൊൽക്കരാബ്ജങ്ങൾ പൊക്കി—ആശി—
സ്സൻപിലരുളിയെല്ലാർക്കും

ഉള്ളിലേക്കട്ടിവ്യരൂപം—എഴ-
ന്നള്ളി ഭുവനൈകദീപം.

ഉന്നതശാഖിമേൽനിന്നും—വെയിൽ-
പ്പൊന്നൊളി,യാഗതദേവർ

വിൺമേൽ മടങ്ങും കണക്കേ—പൊങ്ങീ;
അമ്മഹായോഗം പിരിഞ്ഞു.

വാസന്തി കുന്ദ കുമുദ—മലർ
വാസനാചച്ചിതമായി.

എങ്ങുമൊരു ശാന്തി വീശി—ലോകം-
മുങ്ങി നിർവ്വാണത്തിൽ താനേ.

എത്തിനിന്നൂ ഭാരതത്തി—ലൊരു-
പത്തുശതാബ്ദമശ്ശാന്തി.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

കരുണ

1923

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

കഴിഞ്ഞ കൊല്ലം ഏതാണ്ടു് ഈ സമയത്തുതന്നെ പ്രസിദ്ധപ്പെടുത്തിയ 'ചണ്ഡാലഭിക്ഷുകി'യെപ്പോലെ 'കരുണ' എന്ന ഈ കൃതിയും ഒരു ബുദ്ധമതകഥയെ അടിസ്ഥാനമാക്കിയാണു് എഴുതീട്ടുള്ളതു്. Dr. Paul Carus എന്ന അമേരിക്കൻ പണ്ഡിതന്റെ 'The Gospel of Buddha' എന്ന പുസ്തകത്തിൽ കാണുന്നപ്രകാരം ആ കഥയെ താഴെ ഉദ്ധരിച്ചിരിക്കുന്നു.* കഴിഞ്ഞ കക്കടകത്തിലാണു് ഇതു് എഴുതാൻ ആരംഭിച്ചതു്. പല അസൗകര്യങ്ങളാൽ ഇപ്പോഴും മാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളൂ.

തോന്നയ്ക്കൽ
14-4-1099
(29-11-1923)

കുമാരനാശാൻ

---

* തർജ്ജമയാണു് ഇവിടെ ചേർത്തിട്ടുള്ളതു്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മൂലകഥ

ഉത്തരമഥുരയിൽ 'വാസവദത്ത' എന്ന ശ്രുതിപ്പെട്ട ഒരു വേശ്യയുണ്ടായിരുന്നു. അവർക്കു ബുദ്ധശിഷ്യനായ ഉപഗുപ്തനെ കണ്ടിട്ടു കലശലായ അനുരാഗം ജനിച്ചു. അദ്ദേഹം ദീർഘകായനും സുന്ദരനുമായ ഒരു യുവാവായിരുന്നു. വാസവദത്ത അയാളെ ഗൃഹത്തിലേക്കു ക്ഷണിച്ചു. തനിക്കു വാസവദത്തയുടെ അടുക്കലേക്കു പോകാൻ ഇനിയും കാലമായിട്ടില്ലെന്നു് അയാൾ മറുപടി പറഞ്ഞയച്ചു. ഈ മറുപടി കേട്ടു് അവൾ ആശ്ചര്യപ്പെട്ടു. ഉപഗുപ്തനിൽനിന്നു് അനുരാഗത്തെ മാത്രമാണു് ധനത്തെ അല്ല താൻ ആഗ്രഹിക്കുന്നതെന്നു പറഞ്ഞു വീണ്ടും അവനെ കൂട്ടിക്കൊണ്ടുവരാൻ അവൾ ആളയച്ചു. എന്നിട്ടും ഉപഗുപ്തന്റെ മറുപടി മുമ്പിലത്തേതുതന്നെ ആയിരുന്നു. അയാൾ പോയതുമില്ല.

ഏതാനും മാസങ്ങൾ കഴിഞ്ഞു്, അവിടത്തെ തൊഴിലാളികളുടെ പ്രമാണി അവളെ സ്വാധീനത്തിൽ ആക്കി. അതിനിടയിൽ വിദേശീയനായ ഒരു വർത്തകൻ മഥുരയിൽ വന്നു. അയാൾക്കു് അവളിൽ വലിയ ഭ്രമമായി. അയാളുടെ ധനസമൃദ്ധി കണ്ടിട്ടും മറ്റേ കാമുകന്റെ അനിഷ്ടത്തെ ഭയന്നിട്ടും വാസവദത്ത ആദ്യത്തെ കാമുകനെ സൂത്രത്തിൽ കൊന്നു് അയാളുടെ ശരീരം ചാണകക്കുണ്ടിൽ കുഴിച്ചുമൂടി. തൊഴിലാളികളുടെ പ്രമാണിയെ കാണാതായപ്പോൾ അയാളുടെ ബന്ധുക്കളും സ്നേഹിതന്മാരും അന്വേഷണം തുടങ്ങി; പ്രേതം കണ്ടുകിട്ടുകയും ചെയ്തു. വാസവദത്തയെ ന്യായാധിപതി വിസ്തരിച്ചു; അവളെ ചെവിയും മൂക്കും കരചരണങ്ങളും മുറിച്ചു് ചുടുകാട്ടിൽ തള്ളാൻ വിധി കല്പിച്ചു.

വാസവദത്ത ഭോഗലോലുപയായ ഒരു ചെറുപ്പക്കാരിയായിരുന്നു. എന്നാൽ അവൾ തന്റെ കീഴിലുള്ളവരെയെല്ലാം വളരെ സ്നേഹിക്കയും ചെയ്തിരുന്നു. അവളുടെ പരിചാരികകളിൽ ഒരുത്തി അവളോടുള്ള സ്നേഹംനിമിത്തം ചുടുകാട്ടിൽ ചെന്നു് അവളെ ശുശ്രൂഷിക്കയും കാക്കആട്ടുകയും ചെയ്തുകൊണ്ടിരുന്നു.

ഈ അവസരത്തിൽ ഉപഗുപ്തൻ വാസവദത്തയെ ചെന്നു കാണാൻ തീച്ചയാക്കി.

അദ്ദേഹം ചെന്നതു കണ്ടു് സാധു വാസവദത്ത തന്റെ ചെവ്വെട്ടിയിട്ടിരിക്കുന്ന അംഗങ്ങളെ ഒരു തുണികൊണ്ടു മൂടിക്കള

Digitized By Kerala Sahitya Akademi

യാൻ പരിചാരികയോടു് ആജ്ഞാപിച്ചു. ഉപഗുപ്തൻ സ്നേഹപൂവ്വം ഉപചാരവാക്കുകൾ പറഞ്ഞുകൊണ്ടു് അവളുടെ അടുത്തു ചെന്നു. അവൾ ചാപല്യത്തോടെ പറഞ്ഞു: ''മുമ്പു് ഈ ശരീരം താമരപ്പൂപോലെ സുരഭിലമായിരുന്നു; അന്നു് എന്റെ അനുരാഗത്തെ ഞാൻ അങ്ങയെ അറിയിക്കയും ചെയ്തിരുന്നു. അക്കാലത്തു് ഞാൻ മനോഹരങ്ങളായ ഹാരലതകളാലും മൃദുലങ്ങളായ ദുകൂലങ്ങളാലും അലംകൃതശരീരയും ആയിരുന്നു. ഇപ്പോഴാകട്ടെ, എന്നെ 'ആരാച്ചാർ' വെട്ടിമുറിച്ചു് അഴുക്കിലും ചോരയിലും പൂഴ്ത്തിയിട്ടിരിക്കയാകുന്നു.''

ആ യുവാവു് പറയുന്നു: ''സഹോദരീ, ഞാൻ വന്നതു് എന്റെ സുഖത്തെ ഇച്ഛിച്ചല്ല. നിനക്കു് ഇപ്പോൾ നഷ്ടപ്പെട്ടുപോയിരിക്കുന്നതിനേക്കാളും ഉൽകൃഷ്ടതരമായ സൗഭാഗ്യത്തെ ഉണ്ടാക്കിത്തരാൻ ഉദ്ദേശിച്ചിട്ടാകുന്നു. തഥാഗതൻ ഭൂമിയിൽ സഞ്ചരിച്ചു്, മനുഷ്യക്കു് അദ്വേഹത്തിന്റെ അദ്ഭുതകരമായ ധർമ്മത്തെ ഉപദേശിക്കുന്നതു് ഞാൻ എന്റെ ഈ കണ്ണുകൊണ്ടു കണ്ടിരിക്കുന്നു. എന്നാൽ പ്രലോഭനങ്ങളാൽ ആവൃതയായി ലൗകികസുഖങ്ങളിലെ ആസക്തിയാൽ വ്യാമോഹിതയായ നീ ധർമ്മോപദേശത്തിനു യോഗ്യയായിരുന്നില്ല; തഥാഗതന്റെ ഉപദേശങ്ങളും നീ ശ്രദ്ധിക്കുമായിരുന്നില്ല. നിന്റെ ഹൃദയം ലൗകികവിഷയങ്ങളുടെ പിന്നാലെ ഓടിനടന്നു; നിന്റെ വിശ്വാസം നീ ക്ഷണഭംഗുരമായ ശരീരസൗന്ദര്യമാകുന്ന കൺകെട്ടുവിദ്യയിൽ ഉറപ്പിച്ചിരുന്നു.

''ശരീരസൗന്ദര്യം വിശ്വസനീയമല്ല; അതു വിട്ടുപിരിയുവാൻ നിവൃത്തിയില്ലാത്തവിധത്തിലുള്ള പല പ്രലോഭനങ്ങളിലേക്കും വേഗത്തിൽ വഴികാണിക്കയും ചെയ്യുന്നു. എന്നാൽ അനശ്വരമായ വേറൊരു സൗന്ദര്യമുണ്ടു്. നമ്മുടെ ഭഗവാൻ ബുദ്ധന്റെ ധർമ്മശാസനത്തെ നീ ശ്രവിക്കുമെങ്കിൽ അവിശ്രാന്തമായ ഈ ലോകത്തിലെ പാപഭൂയിഷ്ഠമായ സുഖങ്ങളിൽ ഒന്നിലും കാണാത്ത അന്യാദൃശമായ ഒരു ആശ്വാസം നിനക്കു് അനുഭവമാകും.''

വാസവദത്തയുടെ ഹൃദയം ശാന്തമായി. ആദ്ധ്യാത്മികമായ ഒരു സുഖം അവളുടെ ശാരീരമായ വേദനകളുടെ ദുസ്സഹതയെ ശമിപ്പിച്ചു. എവിടെ അധികം ദുഃഖാനുഭവമുണ്ടോ അവിടെ മഹത്തായ ആനന്ദവും ഉണ്ടാകുന്നു.

ബുദ്ധൻ, ധർമ്മം, സംഘം ഈ മൂന്നിൽ ശരണം പ്രാപിച്ചുകൊണ്ടു് തന്റെ പാപത്തിന്റെ ശിക്ഷയ്ക്കു ഭക്തിപൂവ്വം കീഴടങ്ങി അവൾ മരിച്ചു.

Digitized By Kerala Sahitya Akademi

ഒന്നു

അനുപമകൃപാനിധിയഖിലബാന്ധവൻ ശാക്യ–
ജിനദേവൻ, ധർമ്മരശ്മി ചൊരിയുംനാളിൽ,

ഉത്തരമഥുരാപുരിക്കുത്തരോപാന്തത്തിലുള്ള
വിസ്തൃതരാജവീഥിതൻ കിഴക്കരികിൽ,

കാളിമകാളും നഭസ്സെയുമ്മവസ്സും വെണ്മനോജ്ഞ–
മാളികയൊന്നിന്റെ തെക്കേ മലർമുറ്റത്തിൽ,

വ്യാളിമുഖം വച്ചുതീർത്ത വളഞ്ഞവാതിലാന്നക–
ത്താളിരുന്നാൽ കാണും ചെറുമതിലിനുള്ളിൽ,

ചിന്നിയ പൂങ്കുലകളാം പട്ടുതൊങ്ങൽ ചൂഴ്ന്നമൊരു
പൊന്നശോകം വിടുത്തിയ കുടതൻകീഴിൽ,

മസ്യണശിലാസനത്തിൻ ചരിഞ്ഞ പാർശ്വത്തിൽ പുഷ്പ–
വിസ്മരസുരഭിയാമുപധാനത്തിൽ,

മെല്ലെയൊട്ടു ചാഞ്ഞും വക്കിൽ കസവുമിന്നും പൂവാട
തെല്ലുകോപരിയൊരു വശത്താക്കിയും,

കല്ലോളിവീശുന്ന കണ്ണപൂരമാന്നും, വിടരാത്ത
മുല്ലമാല മിന്നും കുന്തൽക്കരിവാർമുകിൽ

ഒട്ടുകാണുമാറുമതിന്നടിയിൽ നൻമൃഗമദ–
പ്പൊട്ടിയന്ന മുഖചന്ദ്രൻ സ്ഫുരിക്കുമാറും,

ലോലമോഹനമായ്ത്തങ്കപ്പങ്കജത്തെ വെല്ലും വലം–
കാലിടത്തു തുടക്കാമ്പിൽ കയറ്റിവച്ചും,

രാമച്ചവിശറി പനിനീരിൽമുക്കിത്തോഴിയെക്കൊ–
ണ്ടോമൽക്കൈവള കിലുങ്ങെയൊട്ടുവീശിച്ചും,

കഞ്ജബാണൻതന്റെ പട്ടംകെട്ടിയ രാജ്ഞിപോലൊരു
മഞ്ജുളാംഗിയിരിക്കുന്ന മതിമോഹിനി.

പടിഞ്ഞാറു ചാഞ്ഞു സൂര്യൻ പരിരംഭ്യമായ് മഞ്ഞയും
കടുംചുവപ്പും കലർന്ന തരുക്കളുടെ

രാജൽകരകേസരങ്ങൾ വീശിടുന്ന ദൂരത്തൊരു
'രാജമല്ലി' മരം പുഷ്പവിലസുംപോലെ.

Digitized By Kerala Sahitya Akademi

കൊണ്ടൽവേണീമണിയവൾ കുതുകമാന്നൊരു മലർ-
ച്ചെണ്ടൊരു കരവല്ലിയാൽ ചൂഴററിടുന്നു.

ഇളംതെന്നൽ തട്ടി മെല്ലെയിളകിച്ചെറുതരംഗ-
ച്ചുളിചേരും മൃദുചേലച്ചോലയിൽനിന്നും

വെളിയിൽ വരുമച്ചാരുവാമേതരപദാബ്ജം പൊൻ-
തള കിലുങ്ങുമാറവൾ ചലിപ്പിക്കുന്നു.

മറയും മലർവല്ലിയിൽ കുണിതമാന്നിടയ്ക്കിടെ
മറിമാൻമിഴി നോക്കുന്നു വെളിക്കെന്നല്ല,

ഇടയ്ക്കിമകുത്തുമിനുത്തുള്ളിൽ മദജലം
പൊടിയും മോഹനനേത്രം, പ്രകൃതിലോലം,

പിടഞ്ഞു മണ്ടിനില്ക്കുന്ന പിടിച്ച തുനീർ തിളങ്ങും
സ്ഫടികക്കൂപ്പിയിലിട്ട പരൽമീൻപോലെ.

തുടുതുടെ സ്ഫുരിച്ചെഴുമധരപല്ലവങ്ങളന്തൻ
നടുവോളമെത്തും ഞാത്തിൻ ധവളരത്നം,

വിളങ്ങുന്ന മാണിക്യമായവൾ ശ്വസിക്കും രാഗംതാൻ
വെളിയിലിങ്ങനെ ഘനീഭവിക്കുംപോലെ.

നിതംബഗുരുതയാൽത്താൻ നിലംവിടാൻകഴിയാതി-
സ്ഥിതിയിൽത്തങ്ങുമിക്ഷോണീരംഭതാനത്രേ

'വാസവദത്താ'ഖ്യയായ വാരസുന്ദരി—മഥുരാ-
വാസികളിലറിയാതില്ലിവളെയാരും.

വെളിയിലെന്തിനോ പോയി മടങ്ങിവരും വേറൊരു
നളിനാക്ഷി നടന്നിതാ നടയിലായി.

കനിഞ്ഞൊന്നു പുഞ്ചിരിപൂണ്ടവളെയക്കാമിനി കാർ-
കുന്ന ചില്ലിക്കൊടികാട്ടി വിളിച്ചിടുന്നു.

''ഫലിച്ചിതോ സഖി, നിന്റെ പ്രയത്നവല്ലരി, രസം
കലർന്നിതോ ഫലം, ചൊൽക കനിയായിതോ?

എനിക്കു സന്ദേഹമില്ലയിക്കുറി,യോക്കിലപ്പുമാൻ
മനുഷ്യനാണല്ലോ! നീയും ചതുരയല്ലോ.''

ത്വരയാന്നിങ്ങനെയവൾ തുടർന്നു ചോദിച്ചാളുട-
നരികത്തണഞ്ഞു തോഴി തൊഴുകൈയോടെ

'''സമയമായില്ലെ'ന്നതാനിപ്പോഴും സ്വാമിനി,യവൻ
വിമനസ്സായുരയ്ക്കുന്നു, വിഷമ''മെന്നാൾ.

Digitized By Kerala Sahitya Akademi

കണ്ണുനീരയായിത്ര കേട്ട പുരികം കോട്ടിയും കളി-
ച്ചെണ്ടു ചെറു ചൊടിച്ചുടൻ വലിച്ചെറിഞ്ഞും

മട്ടൊഴുകും വാണിയവൾ ചൊല്ലിനാൾ മനമുഴറി-
യൊട്ടു തോഴിയോടായൊട്ടു സ്വഗതമായും:

''സമയമായില്ല' പോലും 'സമയമായില്ല' പോലും,
ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴി,

കാടുചൊല്ലുന്നതാമെന്നെക്കബളിപ്പിക്കുവാൻ കൈയി-
ലോടുമേന്തി നടക്കുമീയുൽപലബാണൻ.

പണമില്ലാഞ്ഞുതാൻ വരാൻ മടിക്കയാവാമസ്സാധു
ഗണികയായ്ത്തന്നെയെന്നെഗ്ഗുണിക്കയാവാം.

ഗുണബുദ്ധിയാൽ ഞാൻ തോഴി, കൊതിപ്പതക്കോമളന്റെ
പ്രണയംമാത്രമാണെന്നു പറഞ്ഞില്ലേ നീ?

വശംവദസുഖ ഞാനീവശക്കേടെനിക്കുവരാൻ
വശമില്ലെന്നാലും വന്നതയുക്തമല്ല.

വിശപ്പിന്നു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാക്കും.

അനുരക്തരഹോ! ധനപതികൾ നിത്യമെൻകാലിൽ
കനകാഭിഷേകംചെയ്യു തൊഴുതാൽപ്പോലും

കനിഞ്ഞൊന്നു കടാക്ഷിപ്പാൻ മടിക്കും കണ്ണുകൾ കൊച്ചു-
മുനിയെക്കാണുവാൻ മുട്ടിയുഴറുന്നല്ലോ!

കമനീയകായകാന്തി കലരും ജനമിങ്ങനെ
കമനീവിമുഖമായാൽ കഠിനമല്ലേ.

ഭാസുരനക്ഷത്രംപോലെ ഭംഗിയിൽ വിടർന്നിടുന്ന
കേസരമുകുളമുണ്ടോ ഗന്ധമേലാതെ.

അഥവാ കഷ്ടം! മീ യുവാവ*ശ്രമണഹതകന്റെ
കഥയില്ലായ്മകൾ കേട്ടു കുഴങ്ങുന്നുണ്ടാം.

അവസരം നോക്കുന്നുണ്ടാം; യമരാജ്യത്തിലാശാക്യ-
സ്ഥവിരന്നു പോയൊത്തുങ്ങാൻ സ്ഥലമില്ലില്ലീ!

അനുനയം ചൊൽവാൻ ചെവി തരുന്നുണ്ടോ? സഖീ,യവ-
ന്നനുരാഗാങ്കുരം വാക്കിൽ സ്ഫുരിക്കുന്നുണ്ടോ?

---

* ഭാഗ്യ·കെട്ട സന്ന്യാസിയായ ബുദ്ധന്റെ എന്നു താൽപര്യം.

Digitized By Kerala Sahitya Akademi

വിവിക്തദേശത്തിൽതന്നെ വച്ചിച്ചിതോ, ദൂത്യ,മെന്റെ
വിവക്ഷിതമറിഞ്ഞെല്ലാം പറഞ്ഞിതോ നീ?

യതിമര്യാദയിൽത്തന്നെയവനോക്കിൽ ക്ഷണിക്കുമെൻ
സദനത്തിൽ വന്നു ഭിക്ഷ ഗ്രഹിക്കാമല്ലോ!

അതു ചെയ്യുമായിരുന്നാലത്രമാത്രമായ് മിഴിക്കാ
മധുരാകൃതിയെ നോക്കി ലയിക്കാമല്ലോ!

അത്ഭുതഭാണ്ഡങ്ങളാൻതൻ കനം കുറഞ്ഞുപോകുന്നു, തോഴീ–
യിത്തനുകാന്തിതൻ വിലയിടിഞ്ഞിടുന്നു,

വ്യർത്ഥമായ്ത്തോന്നുന്നു കഷ്ട!മവൻ കാണാതെനിക്കുള്ള
നൃത്തഗീതാദികളിലെ നൈപുണിപോലും.''

കുലനയവിരുദ്ധമായ് കൊഴുക്കുമിപ്രണയത്തിൻ
നില നായികയിൽ കണ്ടു ഹസിച്ചു ദൂതി,

ചലദലകാഞ്ചലയായ് 'ചാപലമിതരുതെ'ന്നു
തലവിലങ്ങനെയാട്ടിത്തിരസ്കരിച്ചു.

അപഥത്തിൽ നായികയെ നയിക്കും കുട്ടിനീ, മതി–
യുപദേശസംരംഭം നീയുരിയാടേണ്ടാ,

മടയരില്ല ലോകത്തിൽ മുറയുരയ്ക്കാത്തതായി
പടുപാട്ടൊന്നു പാടാത്ത കഴുതയില്ല.

വിളയും സുഖദുഃഖങ്ങൾ വിതയ്ക്കും നന്മതിന്മതൻ
ഫലമായിട്ടെന്ന ബോധം പൊരുളാണെങ്കിൽ,

കൊലയും കൊള്ളയും ക്രൂടിക്കുലപരമ്പരയായാൽ
നലമെന്നു ചൊല്ലും നീതി നുണതാൻ നൂനം.

ധനദുർദ്ദേവതയ്ക്കെന്നും ത്രുപവിട്ടഹോ! മോഹത്താൽ
തനതംഗം ഹോമിക്കുമിത്തയ്യലാംക്കുള്ളിൽ

അനവദ്യസുഖമാമനുരാഗാംകുരം വരാ
തനിയേ പിന്നതു വന്നാൽ വരമല്ലല്ലീ?
കതിരവനുടെ ചെറു കിരണവും കാമ്യമല്ലീ–
യതിമാത്രമിരുൾതങ്ങുമന്ധകൂപത്തിൽ?

ഉടനേ ചക്രങ്ങൾ നിലത്തുരുളുമൊച്ചകൾ കൂട്ടി–
പ്പൊടിപൊങ്ങിച്ചു വീഥിയിൽ വടക്കുനിന്നും

Digitized By Kerala Sahitya Akademi

ആനതാഗ്രമായ കൊമ്പിൽ പൂവണിഞ്ഞും തിരയിന്മേൽ
ഫേനപിണ്ഡംപോലെ പൊങ്ങും പോഞ്ഞു തുള്ളിച്ചും

കിലുകിലെക്കിലുങ്ങുന്ന മണിമാലയാന്ന കണ്ഠം
കലുക്കിയും കുതിച്ചാഞ്ഞു താടയാട്ടിയും

കാള രണ്ടു വലിച്ചൊരു കാഞ്ചനക്കളിത്തേരോടി
മാളികതൻ മുമ്പിലിതാ വന്നണയുന്നു.

വാതുക്കലായുട,നഗ്രം വളഞ്ഞു കിന്നരി വച്ച
പാദുകകം പൂണ്ടും, പട്ടു തലപ്പാവാന്നും,

കാതിൽ വജ്രകുണ്ഡലങ്ങം മിനുക്കിയണിഞ്ഞും, കൈകം
മോതിരങ്ങംതൻ കാന്തിയിൽ കഴകികൊണ്ടും,

തങ്കനൂൽക്കുടുക്കിയന്ന തനിമഞ്ഞനിറമാന്നാ-
രങ്കിയാൽ തടിച്ചിരുണ്ട തടി മറച്ചും,

കരയാന്ന ചെങ്കൗശേയം ഞൊറിഞ്ഞു കുത്തിയുടുത്തു
പുറങ്കാൽവരെ പൂങ്കച്ചും ഞാത്തിപ്പാറിച്ചും,

പൊന്നരഞ്ഞാൺതുടൽ പുറത്തടിയിച്ചുമിരുപാട്ടം
മിന്നുമുത്തരീയം നീട്ടി മോടിയിലിട്ടും

മണിത്തേരതിൽ നിന്നതിസുഭഗംമന്യനാമൊരു
വണിഗ്വരൻ വൈദേശികനിറങ്ങിനിന്നു.

അതു കണ്ടുടനേ ദ്രുതിയത്തരുണീമണിയെ സ-
സ്മിതം നോക്കിക്കടക്കണ്ണാലാജ്ഞയും വാങ്ങി,

പതിവുപോലുപചാരപരയായ് പോയകത്തേക്കാ-
യതിഥിയെയെതിരേറു സൽക്കരിക്കുവാൻ.

ആസനംവിട്ടുടൻ മെല്ലെയെഴുനേറു വഴിയേതാൻ
വാസവദത്തയും മണിയറയിലേക്കായ്,

പരിപ്ലുതമൊക്കെയേന്തിപ്പുറകേ നടന്നുചെല്ലും
പരിചാരികയാകുമന്നിഴലുമായി,

കരപറ്റിനിന്നു വീണ്ടും കുണുങ്ങിത്തൻ കുളത്തിലേ-
ക്കരയന്നപ്പിടപോലെ നടന്നുപോയി.

Digitized By Kerala Sahitya Akademi

രണ്ട്

കാലം പിന്നെയും കഴിഞ്ഞു, കഥകൾനിറഞ്ഞ മാസം
നാല്പ പോയി നഭസ്സിൽ കാറൊഴിയാറായി,

പാല പൂത്തു, പരിമളം ചുമന്ന ശ്രദ്ധമാം പുലർ–
കാലവായു കളിത്തെങ്ങും ചരിക്കയായി.

അഴകോടന്നഗരത്തിൻ തെക്കുകിഴക്കുവഴി–
യൊഴുകും യമുനതന്റെ പുളിനം കാൺമൂ.

ഇളമഞ്ഞവെയിൽ തട്ടി നിറംമാറി നീലവിണ്ണിൽ
വിളങ്ങുന്ന വെൺമുകിലിൻനിരകണക്കേ

ജനരഹിതമാം മേലേക്കരയിലങ്ങങ്ങു കാണും–
പനയും പാറയും പുറ്റും പാഴ്ച്ചെടികളും

വെളിയിടങ്ങളും വാസ്തു സ്ഥലം കാണാം ശൂന്യതയ്ക്കു
കളിപ്പാനൊരുക്കിയിട്ട കളംകണക്കേ.

നെടിയ ശാഖകൾ വിണ്ണിൽ നിവന്നു മുട്ടിയിലയും
വിടപങ്ങളും ചുരുങ്ങി വികൃതമായി,

നടുവിലങ്ങു നില്പുന്ന വലിയോരശ്വത്ഥം, മൂത്തു
തടികൾ തേഞ്ഞും തൊലികൾ പൊതിഞ്ഞു വീർത്തും.

ചടുലദലങ്ങളിലും ശൃംഗഭാഗത്തിലും വെയിൽ
തടവിച്ചുവന്നു കാറ്റിലിളകി മെല്ലെ,

തടിയനരയാലതു തലയിൽത്തീകാളും നെടും–
ചുടലബ്ഭ്രതം കണക്കേ ചലിച്ചുനില്പൂ.

അടിയിലതിൻ ചുവട്ടിലധികം പഴക്കമായ്തു–
ല്പുടഞ്ഞും പൊളിഞ്ഞുമുണ്ടൊരാൽത്തറ ചുറ്റും,

ഇടുങ്ങിയ മാളങ്ങളിലിഴഞ്ഞേറും പാമ്പുകൾപോൽ
വിടവുതോറും പിണഞ്ഞ വേരുകളോടും.

പറന്നടിഞ്ഞരയാലിൻ പഴുത്ത പത്രങ്ങളൊട്ട
നിറംമങ്ങി നിലംപറ്റിക്കിടപ്പു നീളെ;

ഉറുമ്പിഴയുമരിയുമുണങ്ങിയ പൂവും ദ്രു–
മുറിത്തുമ്പും മറ്റും ചേർന്നു ചിതറിച്ചിന്നി.

അകലത്തൊരു മൂലയിൽ കെട്ടുന്ന കനലിൽനിന്നു
പുകവല്ലി പൊങ്ങിക്കാറ്റിൽ പടർന്നേറുന്നു.

Digitized By Kerala Sahitya Akademi

ചികഞ്ഞെടുത്തെന്തോ ചില ദിക്കിൽനിന്ന ശാപ്പിടുന്ന
പകലെന്നോക്കാതെ ക്രൂരൻ കുനരികം.

കുറിയോരംകുശംപോലെ കുത്തു വളഞ്ഞുള്ള കൊക്ക
നിറയെക്കൊത്തിവലിച്ചം നഖമുന്നിയും,

ഇരയെടുക്കുന്ന പെരുംകഴുകുകം ചില ദിക്കിൽ
പരിഭ്രമിയാതിരുന്ന ഭയങ്കരങ്ങം.

ഉടഞ്ഞ ശംഖുപോലെയുമുരിച്ച മുറിച്ച വാഴ–
ത്തടപോലെയും തിളങ്ങുമസ്ഥിഖണ്ഡങ്ങം,

അവയവശിഷ്ടങ്ങളായടിഞ്ഞു കിടക്കുന്നുണ്ടൊ–
ട്ടവിടവിടെ മറഞ്ഞും മറയാതെയും.

അരയാൽത്തറവരെയും വടക്കുനിന്നെത്തുന്ന കാൽ–
പ്പെരുമാറ്റം കുറഞ്ഞ പാഴ്നടക്കാവിന്റെ,

പരിസരങ്ങളിൽ ഭസ്മപ്പാത്തികം കാണുന്ന ചുറ്റും
കരിക്കൊള്ളിയും കരിഞ്ഞ കട്ടയുമായി.

ഉടലെടുത്ത നരന്മാക്കൊന്നുപോലേവക്കും ഭോജ്യ–
മിടരറ്റു പിതൃപൈതാമഹസമ്പ്രാപ്തം,

ഇടമിതിഹ ലോകത്തിൻ പരമാവധിയാണൊരു
ചുടുകാടാണതു ചൊല്ലാതറിയാമല്ലോ.

മരത്തിൻപിന്നിൽ കൊക്കുകംപിളർത്തിപ്പുറന്നുവീണം
വിരവിൽ വാങ്ങിയും വീണ്ടുമോങ്ങിയുമിതാ,

കാട്ടിടുന്നെന്തോ ശല്യങ്ങം കണ്ണുകോലാഹലത്തോടും
കാട്ടെലിവേട്ടയിൽപ്പോലെ മലങ്കാക്കകം.

അഹഹ! കഷ്ടമിങ്ങിതാ കുനിഞ്ഞിരുന്നൊരു നാരി
സഹിയാത താപമാൻ കരഞ്ഞീടുന്നു,

കരവല്ലിയൊന്നിൽക്കാകതജ്ജനത്തിനേന്തിയുള്ളോ–
രരയാൽച്ചില്ലയാട്ടിയുമശ്രു വഷ്ടിച്ചും.

കരിയും ചാമ്പലുംപോലെ കറുത്തോരപ്പക്ഷികംതൻ
ചരിഞ്ഞ നോട്ടങ്ങംക്കേകശരവ്യമായി,

അരികിൽക്കാണുന്ന ചേലച്ചീന്തിനാൽ മറഞ്ഞു, നാല്പാ–
മരമരിഞ്ഞുകൂട്ടിയമാതിരിയേതോ.

അതുമല്പവംതൻ മുമ്പിലാൽത്തറമേൽ നീണ്ട ത്രുപ–
വിധുരമാമൊരു പിണ്ഡം വസ്രുവിദ്ധമായ്,

Digitized By Kerala Sahitya Akademi

രുധിരാക്തമായി വില്ലാനിറക്കിയിട്ട കുങ്കുമ–
പ്പൊതിപോലെ കിടക്കുന്ന പുതച്ചുമൂടി.

ത്ഡടിതിയങ്ങിതാ പാരം ചാരുവായ് പ്രാംശുവായ് നിഴൽ
പടിഞ്ഞാറു വീശുമൊരു ഭാസുരാകൃതി

നടക്കാവൂടെ വരുന്നു, ഭാനുമാനിൽനിന്നു കാറിൽ
കട പൊട്ടിപ്പുറന്നെത്തും കതിരുപോലെ.

പാവനമാം മുഖപരിവേഷമാന്ന മുദ്ധ്യുവ–
ഭാവമോടും ക്രുദ്ധനും വാർമിഴികളോടും

ആ വരും വ്യക്തി നൂനമൊരാർഹതനാം, മെയ്യിൽ മഞ്ഞ–
ച്ചീവരം കാണുന്നു, കൈയിൽച്ചട്ടി കാണുന്നു.

ഭിക്ഷതേടിവരികയില്ലിവിടെയിവനെന്നല്ലി–
ബ്ഭിക്ഷു പാശ്രുപതനല്ല ചുടല പൂകാൻ.

ഇക്ഷണം മുങ്ങുമാക്കോ കൈയേകുവാൻപോന്നെന്നും തോന്നും
ദക്ഷതയും ത്വരയും ദാക്ഷിണ്യവും കണ്ടാൽ.

ശരിശരി! പരദുഃഖശമനമോത്തല്ലോ മുറ്റും
*ശരണത്രയീധനന്മാർ ഭിക്ഷതെണ്ടുന്നു.

തിരഞ്ഞു രക്ഷനല്കുന്ന ദേവതകളല്ലോ സാക്ഷാൽ
ധരണിയിൽ നടക്കുമിദ്ധന്മദ്ഭൂതന്മാർ.

അടുക്കുന്നിതവൻ, പറന്നകലുന്നുടൻ കാക്കകൾ,
ഞടുങ്ങിയാ രംഗം കണ്ടു പകച്ചു ധന്യൻ;

മടുത്തുനില്ക്കുന്നു, പിന്നമ്മഹിള മാഴ്കിവാണീടു–
മിടത്തെത്തുന്നു, കണ്ടവൾ സംഭ്രമിക്കുന്നു.

‘‘‘വാസവദത്ത’താനോയീ വിപന്നമാം പ്രിയജനം?
നീ സദയം ചൊല്ല ഭദ്രേ, ‘ഉപഗുപ്തൻ’ ഞാൻ.’’

എന്നലിഞ്ഞുഴറിയവനരയ്ക്കുന്ന പുതച്ചവൾ
തന്നരികിൽ കിടക്കുമത്തടിയെച്ചുണ്ടി.

ഉടനപ്പിണ്ഡമനങ്ങാനൊരുങ്ങുന്നിതഹോ! പുറ–
പ്പെടുന്ന ഞരങ്ങി ശബ്ദം ദീനദീനമായ്.

---

* ബൗദ്ധഭിക്ഷുക്കൾ (ബുദ്ധൻ, ധമ്മം, സംഘം ഈ മൂന്നിനേയും ശരണംപ്രാപിച്ചവർ.)

Digitized By Kerala Sahitya Akademi

മൃതസഞ്ജീവിനിയോയീ വാക്സുധ,യിവന്റെ നാമ–
ചതുരക്ഷരിതാനിത്ര ശക്തിയാന്നതോ!

അഹഹ! മൃത്യുവിന്നിരുട്ടാഴിയിൽ മുങ്ങിയ സത്വം
മുഹുരിന്ദ്രിയവാതിലിൽ മുട്ടുകല്പല്പി!

തല നൂണവരികല്പീ, കൃമികോശംതന്നിൽനിന്നു
ശലഭംകണക്കേ, ചേലച്ചുരുളിൽനിന്നും?

അതുമല്പഹോ! മുക്കാലും പാഴ്മുകിൽ മൂടി, വിഭാത–
മതി വീണ കിടക്കുന്നിങ്ങതിരുക്കാണുന്നു

ജടിലമാം കുറുനിര ചിന്നിടും ശ്വേതമാം വളർ–
നിടിലവും മയ്യഴിഞ്ഞ നേത്രയുഗ്മവും

അസംശയമൊരു നാരീമുഖംതാനിതാ നയനം
സുസംവൃതമാമിത്തനു വികലാംഗംതാൻ

സസംഭ്രമം പഴക്കത്താൽ ഭ്രുലതതാനുണന്നെന്തോ
പ്രസംഗിപ്പാനൊരുങ്ങുന്ന ഫലിക്കായ്ത്തിലും.

ശരി,യ്സ്സചനകണ്ടു ചീവരഖണ്ഡത്താൽ തോഴി–
യരികിൽ കാക്ക തെണ്ടീടുമപ്പദാർത്ഥത്തെ

അധികം മൂടുന്ന വിരഞ്ഞപ്പുമാൻ കാണാതെ, ഹന്ത!
മൃതിയില്പം മഹിളമാർ മറക്കാ മാനം!

പഴുതേയാണഥവായിപ്പരിഭ്രമമെടോ തോഴി,
കഴിയാ നിനക്കിവന്റെ കണ്ണു മൂടുവാൻ.

മറവിൽ കിടക്കും ജന്മമൃതികാരണങ്ങൾപോലു–
മറിയും സൂക്ഷ്മദൃക്കാകുമാർഹതനിവൻ.

കമ്പമെന്തിനതുമല്പീയവയവഖണ്ഡങ്ങൾ നിൻ–
മുമ്പണയുംമുമ്പുതന്നെ കണ്ടുപോയിവൻ,

അനുനിനോടുമിവയുടെയുടമസ്ഥയിക്കിടക്കും
ചമ്പകമേനിയാളെന്നും ഗ്രഹിച്ചുപോയി.

തുണിത്തുണ്ടിൽ മറയാതെ കാണുന്ന വെളിക്കൊടുവി–
ലണിഞ്ഞ കോലരക്കിൻ ചാറുണങ്ങിപ്പററി
പാടലകോമളമായ പാദതാരും പരം സുന്ദ–
മാടിയയവാന്ന ചാരു നരിയാണിയും,

കാഞ്ചനകിങ്കിണിയണിത്തളകണ്ഠൻ മുദ്ദകിണ–
ലാഞ്ഛനരമ്യമാം പുറവടിയും പൂണ്ട,

Digitized By Kerala Sahitya Akademi

താഴമ്പൂമൊട്ടൊത്ത കണങ്കാൽമുറികളിതാ മുട്ടിൻ
താഴെച്ചോരയൊലിച്ചാന്ന വേട്ടകളോട്ടം.

അടുത്തുതാനതാ ഹന്ത! മയിലാഞ്ചിയണിഞ്ഞല്പം
തുടുത്തും തന്ത്രികൾ മീട്ടും തഴമ്പുപൂണ്ടും,

മൃദുമിനുസമാം നഖം മിന്നി നന്മണിമോതിര–
മതിചിരമണിഞ്ഞെഴും പാട്ടകൾ തങ്ങി,

കോമളമായ്ത്തുടുക്കുത്ത വിരലേലും കരം കാണ്മൂ
ഹേമപുഷ്പംപോലെ രക്തകുങ്കുമാക്തമായ്

കോൽമയിർക്കൊള്ളമോക്കുമ്പോൾ കഠിനമന്യോ! മുറിച്ചു
ഭൂമിയിലെറിഞ്ഞതാരിപ്പൂവലംഗങ്ങൾ!

ഹാ! മിന്നുന്നിപ്പോഴുമിവ—വില പരിച്ഛേദിച്ചില്ല
കാമരാജ്യത്തിങ്കൽ മുമ്പിക്കല്ലുകൾക്കാരും.

'വാസവദത്ത'താനിവൾ, ഇവൾതാൻ മലർമുറ്റത്താ
വാസരാന്തത്തിൽ നാം കണ്ട വിശ്വമോഹിനി.

ഹാ! സുഖങ്ങൾ വെറുംജാലം, ആരറിവൂ നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേ താണുപോവതും.

മലിനകന്ഥയാലംഗം മുറിച്ചോങ്ങൽ മൂടിയ–
ന്നിലയിലിരുന്നോളിവൾ കീടപ്പായയ്യോ,

ഇലയും കുലയുമരിഞ്ഞിടവെട്ടിമുറിച്ചിട്ട
മലവാഴത്തടിപോലെ മലന്നടിഞ്ഞു!

ചോരരാരുമിവളുടെ ചുവരു തുരന്നിടഞ്ഞി–
ഗ്ഘോരകൃത്യം ചെയ്തതല്ല, ധനമോഹത്താൽ;

വാരുണീമത്തരാം വല്ല വിടരും കലഹത്തിലീ
വാരനാരിയാളെ വെട്ടിമുറിച്ചതല്ല;

സാരമാം മന്ത്രഭേദത്തിൽ സംശയിതയായിവൾക്കി–
ഗ്ഘോരശിക്ഷതൻ കോയിമ വിധിച്ചതല്ല;

എന്തിനന്യവിപത്തുകളഥവാ തേടുന്നു കഷ്ടം!
സ്വന്തവാളാൽ സ്വയംവെട്ടി നശിപ്പൂ മർത്ത്യർ!

ഒട്ടനാളുമുമ്പിവളൊരു തൊഴിലാളിത്തലവന്റെ–
യിഷ്ടകാമുകിയായ് വാണു രമിച്ചിരുന്നു.

Digitized By Kerala Sahitya Akademi

കഷ്ടകാലത്തിനപ്പോളക്കാളവണ്ടിയിൽ നാം കണ്ട
ചെട്ടിയാരതിഥിയായ്ച്ചെന്നടുത്തുകൂടി.

പരിചയംകൊണ്ടു വിട്ടുപിരിയാതായവൻ, പിന്നെ-
പ്പരിചാരികമാർ കാര്യം മറച്ചുവച്ചു.

അഭ്യസൂയയിരുവക്കുമുളവാകാതൊഴിക്കുവാ-
നഭ്യസിച്ച തന്ത്രമെല്ലാമവർ കാണിച്ചു.

ഒരുകാര്യം നിരൂപിച്ചാലൊരുവൻ കാമ്യൻ, പിന്നെ മ-
റെറാരു കാര്യം നിനയ്ക്കുമ്പോൾ മറവൻ മാന്യൻ.

ഒരുവനെപ്പിരിവാനുമൊരുകാലത്തു രണ്ടാളെ
വരിപ്പാനും പണിയായി വലഞ്ഞു തന്വി.

ദിനങ്ങൾ ചിലതു പോയി, നടപടികളാൽ സ്നേഹം
തനിപ്പൊന്നല്ലെന്നുമാദ്യൻ സംശയിക്കയായ്

പരമസാധ്വിയിൽപ്പോലും പുരുഷനു ശങ്കതോന്നാം
പുരഗണികയിൽപ്പിന്നെപ്പറയേണമോ?

കുപിതനാക്കിയാലവൻ കലക്കമുണ്ടാക്കും ഭാവി
വിപൽക്കരമായും തീരുമവരുക്കാ,കയാൽ,

മുഖം തെല്ലു കറുക്കുമാ മുഖ്യജാരനെ ക്രമേണ
പുകയുമഗ്നിബാണംപോലവരും പേടിച്ചു.
പരിജനങ്ങളുമായി പരിഭ്രമിച്ചഹോ! തന്വി
തിരഞ്ഞു രക്ഷായുധങ്ങളം ബുദ്ധിശാലയിൽ.

പരിനാശകരമാമ'ത്തീക്കുടുക്ക' പൊട്ടും മുമ്പേ
തിരിമുറിച്ചെറിയാതെ തരമില്ലെന്നായ്.

ശേഷമെന്തിനരസ്സുന്നിതവനിപ്പോളില്ല,സർവ്വം
ജോഷമായ്, രണ്ടുമൂന്നുനാൾ കഴിഞ്ഞു കഷ്ടം!

തോഷവുമൊട്ടവളാന്ന, ഹന്ത!യിദ്ധൃത്തയെച്ചൊല്ലി
യോഷമാരേ, നിങ്ങളെല്ലാം ലജ്ജിക്കാറുമായ്!

അഹഹ! സങ്കടമോർത്താൽ മനുഷ്യജീവിതത്തേക്കാളം
മഹിയിൽ ദയനീയമായ് മറെറന്തോന്നുള്ള!

പുഷ്പശക്തിവഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
മുട്ടിയാൽ മതി, തവിട്ടുപൊടിയാമല്ലോ!

അതുമല്ല വിപത്തുകളറിയുന്നില്ലഹോ മർത്ത്യൻ
പ്രതിബോധവാനെന്നാലും പരിമോഹത്താൽ.

Digitized By Kerala Sahitya Akademi

ഊറ്റമായോരുരഗത്തിൻ ചൂരുളിനെയുറക്കത്താൽ
കാറ്റുതലയണയായേ കരുതൂ ഭോഷൻ!

അതുപോകട്ടെ പാപത്തിൻപരിണാമം കാണ്മിൻ, നാട്ട
പ്രതിക്കൂലമായ്, അവൻതൻ തൊഴുത്തിൽനിന്നും
ഒറ്റുകാർ കഴിച്ചവന്റെ വികൃതപ്രേതമെടുത്തു,
കുറവാളിയായവളെബ്ബന്ധനംചെയ്തു.
ഫലിച്ചില്ല കടക്കണ്ണിൻപണിയും ധനത്തിൻമുഷ്ക–
മുലച്ചിലറ്റന്നിരുന്ന ധർമ്മപീഠത്തിൽ!

നിലപെറ്റ നേരിൻകാന്തി നീതിവാദപടുക്കൾതൻ
വലിയ വാചാലതയിൽ മറഞ്ഞുമില്ല.

ഹാ! മഹാപാപമിതിവൻ ചെയ്തുവല്ലോ! കടുപ്പമി–
ക്കോമളിമയെങ്ങു നെഞ്ചിൻ ക്രൗര്യമെങ്ങഹോ!

പ്രേമമേ, നിൻ പേരു കേട്ടാൽ പേടിയാം, വഴിപിഴച്ച
കാമകിങ്കരർ ചെയ്യുന്ന കടുംകൈകളാൽ.

വധദണ്ഡാർഹയവളെ വിധിജ്ഞനാം പ്രാഡ്വിവാകൻ
വിധിച്ചപോലഹോ! പിന്നെ നൃപകിങ്കരർ,

കരചരണശ്രവണനാസികകൾ മുറിച്ചു ഭ്ര–
നരകമാം ചുടുകാട്ടിൻനടുവിൽ തള്ളി.

ഹാ! മതിമോഹത്താൽ ചെയ്ത സാഹസമൊ,ന്നതിനിന്നി–
പ്പൂമുഗ്ദമേനിയാൽ പെടും പാട് കണ്ടില്ലേ!
നാമവും രൂപവുമറ്റ നിർദ്ദയമാം *നിയമമേ,
ഭീമമയ്യോ! നിന്റെ ദണ്ഡപരിപാടികൾ!

മൂന്ന്

രക്തമെല്ലാം ഒഴുകിപ്പോയ്, ക്ഷയിച്ചു ശക്തി, സിരകൾ
രിക്തമായി; പ്രാണപാശമറുമാറായി;
അക്കിടപ്പിലുമവളാ യുവമുനിയെ വീക്ഷിപ്പാൻ
പൊക്കിടുന്ന തല, രാഗവൈഭവം കണ്ടോ!
അഥവായിവൻക്കെഴുമിബ്ഭാവബന്ധബലത്താൽതാൻ
ശിഥിലമായ തൽപ്രാണൻ തങ്ങിനില്പതാം;

* ധർമ്മവ്യവസ്ഥ

Digitized By Kerala Sahitya Akademi

അന്തിമമാം മണമപ്പിച്ചടിവാൻ മലർ കാക്കില്ലേ
ഗന്ധവാഹനെ?—രഹസ്യമാക്കിയാവൂ?

പുടം വരണ്ടു പറിയ പോള പണിപ്പെട്ടു ചെറു
വിടത്തും കണ്ണിലവന്റെ കാന്തി വീഴവേ
അവന്തൻ പാണ്ഡുമുഖത്തിലന്തിവിണ്ണിലെന്നപോലെ–
യെവിടുന്നോ ചാടിയെത്തി രക്തരേഖകം!
മരവിച്ചു മജ്ജസന്ധിനിരയരക്ഷണമന്തഃ–
കരണം വേദന വിട്ടു നില്ക്കുവേ തനുവി

സ്മരിക്കുന്ന പൂർവ്വരാഗമവനെ നോക്കിക്കണ്ണാൽത്താൻ
ചിരിക്കയും കരകയും ചെയ്യുന്ന പാവം
വിരഞ്ഞന്തഗ്ഗദഗദമായ്, വിടങ്കത്തിലെഴും പ്രാവിൻ
വിരുതംപോലെ മൂഢവായ് വ്യക്തിഹീനമായ്;
ഉരയ്ക്കുന്നമുണ്ടവം താന്നടൻ കൈകം പിന്നിൽ ചേത്താ–
ഞ്ഞരികിൽക്കുനിഞ്ഞു നില്ക്കുമവനോടേതോ.
അനനാസികവികലമന്തരോഷ്ഠലീനദീന–
സ്വനമമ്മൊഴിയിതരശ്രാവ്യമല്ലഹോ!
അനുകമ്പകലന്തിശ്രാവകൻ ശ്രുവിപ്പൂ, നമു–
ക്കനുമിക്കാമവനോതുമുത്തരങ്ങളാൽ:

''ഇല്ല, ഞാൻ താമസിച്ചുപോയില്ലെടോ സരളശീലേ–
യല്ലൽ നീയിന്നെന്നെച്ചൊല്ലിയാന്നിടായ്ക്കടോ,
ശോഭനകാലങ്ങളിൽ നീ ഗമ്യമായില്ലെനിക്കു, നിൻ
സൗഭഗത്തിൽ മോഹമാന്ന സുഹൃത്തല്ല ഞാൻ.
അറിയുന്നുണ്ടെങ്കിലും ഞാനകൃത്രിമപ്രണയത്തി–
ന്നുറവൊന്നു നിന്നുംക്കാമ്പിലൂറിനിന്നതും,
മുറയോക്കുമ്പോളതു നിൻ മഹിതഗ്രഹണമെന്നോർത്തു
നിറയുന്നുണ്ടെനിക്കുള്ളിൽ നന്ദിതാനുമേ;
പരമവിപത്തിങ്കലും പരിജനം നിന്നെ വിട്ടു–
പിരിയാതിങ്ങണഞ്ഞഹോ! പരിചരിച്ചു,
ചൊരിയുമിക്കണ്ണുനീർ നിൻ സ്ഥിരദാക്ഷിണ്യശീലത്തെ–
യുരചെയ്യുന്നുണ്ടതും ഞാനോക്കുന്നുണ്ടെടോ.

Digitized By Kerala Sahitya Akademi

നിയതം സ്നേഹയോഗ്യ നീ നിജവൃത്തിവശയായ് ദു-
ന്നിയതിയാൽ ഘോരകൃത്യം ചെയ്തുപോയല്ലോ!

ദയനീയം, നീയിയന്ന ധനദാഹവും സൗന്ദര്യ-
സ്ഥയവും ഹാ! മുഗ്ധേ, നിന്നെ വഞ്ചിച്ചായല്ലോ!

അതിചപലമീയന്തഃകരണം ലോകഭോഗങ്ങൾ
പ്രതിനവരസങ്ങളാൽ ഭ്രരിശക്തികൾ,

ഗതിയെന്തു ജന്തുക്കൾക്കു[1]? —രതിരോഷമോഹങ്ങളാൽ
ജിതലോകമാ[2]'മവിദ്യ' ജയിച്ചീടുന്നു.

അതു നില്ക്കു, വിപത്തിതൊരുതുലാനഗ്രഹമായ് നീ
മതിയിലോക്കണം സഖീ,—എന്തുകൊണ്ടെന്നോ?

ഇതിനാലിന്നു കണ്ടില്ലേ വിഭവത്തിൻ ചലത്വവും
രതിസമാനരൂപത്തിൻ രിക്തതയും നീ?

സാരമില്ലെടോ, നിൻ നഷ്ടം, സഹജേ നൊടിയിൽ ഗുരു-
കാരുണിയാൽ നിനക്കിന്നു കൈക്കലാമല്ലോ.

ചോരനപഹരിക്കാത്ത ശാശ്വതശാന്തിധനവും
മാരനെയ്താൽ മുറിയാത്ത മനശ്ശോഭയും.

കരയാസ്സ ഭഗിനീ, നീ കളക ഭീരുത, ശാന്തി
വരും, നിന്റെ വാർനെറുക ഞാൻ തലോടുവൻ.

ചിരകാലമഷ്ടമാശ്ചാരിയാമബ്ജഭഗവാന്റെ
പരിശുദ്ധപാദപദ്മം തുടച്ച കൈയാൽ.''

എന്നലിഞ്ഞവൻ കരതാരവംതൻപൂവൽനെറിമേ-
ലൊന്നുചേക്കുന്നങ്ങവംകു ചീക്കുന്ന രോമം,

ഖിന്നമുഖിയാമവംതൻ കെടുന്ന സംജ്ഞ വിരലാ-
ലുന്നയിച്ച ദീപംപോലൊന്നുജ്ജ്വലിക്കുന്നു.

തുടരുന്ന മൊഴിയവൻ, ''ശരി, സോദരി, ഞാൻ സ്വയം
മടിച്ചുതാൻ മുമ്പുവന്ന നിന്നെ മീളുവാൻ;

കുശലമാശ്ലങ്ങളുന്നു കേംക്കുമായിരുന്നില്ല നീ,
വിശസനം സുഖികളെ വിജ്ഞരാക്കുന്നു,

---

1 രതി = തൃഷ്ണ

2 അവിദ്യ = സംസാരമുച്ചകാരണമായ അജ്ഞാനം

3 അഷ്ടമാശ്ലങ്ങളം, (1) സമ്യഗ്ദൃഷ്ടി (2) സമ്യക്സങ്കല്പം (3) സമ്യഗ്വാക്ക് (4) സമ്യക്കർമ്മം (5) സമ്യഗാജീവം (6) സമ്യഗ്വ്യായാമം (7) സമ്യക്സ്മൃതി (8) സമ്യക്സമാധി ഇത്രയും.

Digitized By Kerala Sahitya Akademi

അഖിലജന്തുദുഃഖവുമപാകരിക്കുന്ന ബോധം
വികിരണംചെയ്തിടുന്ന വിശ്വവന്ദ്യന്റെ

വാസപവിത്രങ്ങളാണീ വാസരങ്ങൾ ഭ്രുവിൽ, നമ്മൾ
വാസവദത്തേ, കരഞ്ഞാൽ വെടിപ്പല്ലെടോ,

മംഗലേതരകർമ്മത്താൽ മലിന നീ ശുഭം വരാൻ
സംഗതിയില്ലെന്നെൻ സഖി, സംശയിക്കല്ലേ.

[1]അംഗുലീമാലനുപോലുമാർഹതപദമേകിയ
തുംഗമാം കരുണയെ നീ വിശ്വസിച്ചാലും.

സത്യമോർക്കുകിൽ സംസാരയാത്രയിൽ പാപത്തിൻ കഴൽ
കുത്തിടാതെ കടന്നവർ കാണുകില്ലെടോ,

ബദ്ധപങ്കമായോട്ടുന്നിതൊരുകാലം നദി പിന്നെ
ശുദ്ധികലർന്നൊരുകാലം ശോഭതേടുന്നു.

കാലമില്ല നിനക്കെന്നും കരുകാഞ്ഞു വൃഥാ മതി-
ശാലിനി, മാഴ്കൊല്ല, ചിരഞ്ജീവികരുക്കുമേ,

ലോലമാം ക്ഷണമേ വേണ്ടൂ ബോധമുള്ളിൽ ജ്വലിപ്പാനും
മാലണയ്ക്കും തമസ്സാകെ മാഞ്ഞുപോവാനും.

ഭുക്തഭോഗയായ് സഹിച്ച പരിവേദനയാൽ പാപ-
മുക്തയായി, സഹജേ, നീ മുക്തിപാത്രമായ്.
ശ്രദ്ധയാൻ [2]വിദ്യയിനി ശ്രവിക്കുക പവിത്രയായ്
ബുദ്ധമാതാവെഴും [3]പുണ്യലോകം പൂകുക!''

താണുനില്ക്കുന്നങ്ങനെയഭിക്ഷു വിവക്ഷുവായുടൻ,
ക്ഷീണതയാൽ മങ്ങിയ വാർമിഴികളും വീണ്ടും

---

1 'അംഗുലീമാലൻ' മഹാദുഷ്ടനും കൊലപാതകിയുമായ ഒരു കൊള്ളക്കാരനായിരുന്നു. ആയിരം ആളുകളെ കൊന്നു കൈവിരലുകളും മുറിച്ചെടുത്തു് അവയുടെ അസ്ഥികളെക്കൊണ്ടു് മാലയുണ്ടാക്കി തന്റെ ഇഷ്ടദേവതയ്ക്കു ചാർത്താമെന്നു് അവൻ നോറ്റിരുന്നു. 999 ആളുകളുടെ അസ്ഥികളും സമ്പാദിച്ചു് ഒടുവിൽ ബുദ്ധദേവനെ വധിച്ചു് അദ്ദേഹത്തിന്റെ കരാസ്ഥികളും കൂടി ചേർത്തു് നേച്ചു പൂർത്തിയാക്കുവാനായി അവൻ ദേവന്റെ അടുക്കൽച്ചെന്നു. അവിടുന്നു് അവനെ ധർമ്മോപദേശംചെയ്തു ശിഷ്യനാക്കി. അവന്റെ പ്രകൃതം മുഴുവൻ മാറിപ്പോയി, എന്നുതന്നെയല്ല ഒടുവിൽ ഭഗവാൻ അവനെ അത്യുത്തമന്മാരായ അർഹന്മാരുടെ സംഘത്തിൽ ഒരംഗമാക്കുകയും ചെയ്തു എന്നു പുരാവൃത്തം.

2 തത്ത്വോപദേശം.

3 'തുഷിത'സ്വർഗ്ഗം.

Digitized By Kerala Sahitya Akademi

കോണടിയോളവും തുറന്നവഹിതയായപ്പോട്ട-
മേണനേത്രയാളവനെയൊന്നു നോക്കുന്നു.

കരതലമുയർത്തിക്കാർച്ചികരതൻ ശിരസ്സിൽ വെ-
ച്ചുരചെയ്യുന്ന വാക്കലിഞ്ഞമ്മുനീശ്വരൻ,

*ശരണരത്നങ്ങൾ മൂന്നും ചെവിയിലേറ്റുടനന്തഃ-
കരണത്തിലണിഞ്ഞവൾ കാന്തി തേടുന്നു.

നിറഞ്ഞു തൽക്ഷണമൊരു നവതേജസ്സു മുഖത്തിൽ
മറഞ്ഞുപോയ് മുമ്പു കണ്ട ശോകരേഖകൾ

പറയാവതല്ലാത്തൊരു പരമശാന്തിരസത്തി-
ന്നുറവായവൾക്കു തോന്നിയവളെത്തന്നെ.

ക്ഷണമുടൽ കുളുത്തഹോ! ചലിച്ചു സിരകൾ, രക്തം
വ്രണമുഖങ്ങളിൽ വാർന്നു വീതവേദനം.

സ്ഫുരിച്ചു ബാഷ്പബിന്ദുക്കളവൾക്കു വെൺകടക്കണ്ണി-
ലുരച്ചു ചെറുശംഖിൽത്തുളുമ്പുമുത്തുകൾപോലെ.

തിരിയേയുമവളുപഗ്രഹ്വനെയൊന്നുപകാര-
സ്മരണസൂക്തങ്ങൾ പാടും മിഴിയാൽ നോക്കി.

ചരിതാർത്ഥനവനവൾ ചൊരിഞ്ഞോരശ്രുബിന്ദു കൈ-
വിരലാൽ തുടച്ചു വാങ്ങി നിവർന്നുനിന്നു.

പരം പിന്നെയുഴന്നെങ്ങും മിഴികളൊന്നുഴിഞ്ഞങ്ങ-
ത്വരയിലവൾ ജീവിച്ചശ്രുദ്ധിതേടീടും

ക്ഷണത്തിൽ ചെന്നു ഞെരുങ്ങി പ്രപഞ്ചം നിന്നഹോ! ഹിമ-
കണത്തിൽ ബിംബിച്ചുകാണും കാനനംപോലെ.

പരിസരമതിലവൾ പിന്നെയും കണ്ടാൾ തന്നിഷ്ട-
പരിചാരികയാൽ വീണ്ടും പരിഗ്രഹ്വങ്ങൾ,

അപാകൃതങ്ങളാകുമായംഗകങ്ങൾ, സ്വയം കർമ്മ-
വിപാകവിജ്ഞാനപാഠപരിച്ഛേദങ്ങൾ,

കൃതകോപനൊരു ശിശു കളിയിൽ ഭഞ്ജിച്ചെറിഞ്ഞ
പതംഗികാംഗങ്ങൾപോലെ ദയനീയങ്ങൾ.
തിരിയെ നോക്കുന്നിതവളതുകൾ സാക്ഷതമായും
നിരുദ്വേഗമായും ഹാ! നിർമ്മമതമായും

---

* ബുദ്ധം ശരണം• ഗച്ഛാമി, ധർമ്മം ശരണം• ഗച്ഛാമി, സംഘം• ശരണം ഗച്ഛാമി എന്ന വാക്യങ്ങൾ (ഇതുകളുടെ പ്രാധാന്യത്തെ ഓർത്തു് ബുദ്ധമത ഗ്രന്ഥങ്ങളിൽ ഇവയെ 'രത്നങ്ങൾ' എന്നു പറയുന്നു.)

Digitized By Kerala Sahitya Akademi

യമുനയിലിളംകാറു തിരതല്ലി ശാഖ ചലി-
ച്ചമരസല്ലാപം കേഴ്ക്കായരയാലിന്മേൽ;

താണുടനേ രണ്ടു നീണ്ട ഭോനകിരണങ്ങളങ്ങു
ചേണിയന്ന കനകനിഃശ്രേണിയുണ്ടാക്കി;

അതു നോക്കിക്കുതുകമാന്നമലവിസ്മയസ്മേര-
വദനയാമവൾക്കഹോ; ശാന്തശാന്തമായ്,

അർദ്ധനിമീലിതങ്ങളായുപരി പൊങ്ങീ മിഴികൾ-
ഊർദ്ധ്വലോകദിദൃക്ഷയാലെന്നപോലെതാൻ.

* * *

പാവക, നീ ജയിക്കുന്നു പാകവിജ്ഞാനത്താൽ നശ്യ-
ജീവലോകം തേടുമിന്നോ നാളെയോ നിന്നെ;

മൂലകണത്തെത്തൊടില്ല നനഞ്ഞാൽ; ചൂടാൽ വരണ്ട
ബാലരംഭയെക്കർപ്പൂരഖണ്ഡമാക്കും നീ!

* * *

പരിനിർവ്വാണയായ തൻ പ്രിയസ്വാമിനിയെ നോക്കി-
പ്പരിചാരിക വാവിട്ടു വിളിച്ചുകേണു.

പരിചിലന്തസ്സമാധി ശിഥിലമാക്കിത്തിരിഞ്ഞ-
പ്പരമോദാരനവളെസ്സാന്ത്വനംചെയ്തു.

ഉപചയിച്ചംഗമെല്ലാമുടനവർ കൊണ്ടുപോയ-
ങ്ങുപനീതടമൊരു ചിതമേൽ വെച്ചു.

ഉപരിയെന്തുരപ്പൂ! കേണുഴലുമത്തോഴിതന്നെ
ഉപഹ്വനൊരുവിധം പറഞ്ഞയച്ചു.

ഹാ! മിഴിച്ചുനിന്നവനങ്ങമ്മഥുരയിലെ മുഖ്യ-
കാമനീയകത്തിൻ ഭസ്മകദംബം കണ്ടു!

ആ മഹാന്റെ കണ്ണിൽനിന്നാച്ചാമ്പലിലൊരശ്രുകണ-
മാമലകീഫലംപോലെയടർന്നുവീണു.

ഉൽകടശോകതിക്തമല്ലോക്കുകിലന്നയനാംബു,
*'ദുഃഖസത്യ'ജ്ഞനദ്ധീരൻ കരകയില്ല.

തൽകൃതാർത്ഥതാസുഖത്തേൻതുള്ളിയല്ലുതു—ജന്തുവി-
ന്നൽക്രമണത്തിൽ മോദിക്കാ ഹൃദയാലുക്കൾ.

---

* നാലു് ആര്യസത്യങ്ങളിൽ ഒന്നാമത്തതു്

Digitized By Kerala Sahitya Akademi

ക്ഷിപ്രസിദ്ധി കണ്ടു തുന്ന വിസ്മയരസവുമല്ല–
തദ്ഭൂതചാപലം ഹേതുദർശിയാന്നിടാ.

കരുതാം മറെറാന്നല്ലതു 'കരുണ'തൻ കയത്തിലെ–
പ്പുരിണതോജ്ജ്വലമുക്താഫലമല്ലാതെ.

ഉടനെയന്നു താൻ ചെയ്ത ദ്രുഭകർമ്മത്തിൻ മഹത്ത്വം
കടുകോളം മതിയാതെ ഗളിതഗർവ്വൻ

ചുടുകാടുവിട്ടു പിന്നശ്ശുചിവ്രതൻ വന്നവഴി
മടങ്ങിപ്പോകുന്നു ചിന്താമന്ദവേഗനായ്.

നമസ്കാരമുപഗ്രഹ്യ, വരിക ഭവാൻ നിർവ്വാണ–
നിമഗ്നനാകാതെ വീണ്ടും ലോകസേവസ്ഥായ്;

പതിതകാരുണികരാം ഭവാദൃശസുതന്മാരെ
ക്ഷിതിദേവിക്കിന്നു വേണമധികം പേരെ.

Digitized By Kerala Sahitya Akademi

മണിമാല

Digitized By Kerala Sahitya Akademi

കവിതകൾ

ആത്മാപ്പണം—ഒരു പ്രാർത്ഥന —പേജ് 665
സാവിത്രിയുടെ പ്രാർത്ഥന —665
പ്രഭാതനക്ഷത്രം —667
പരിവർത്തനം —668
പണം —668
കഷ്കന്റെ കരച്ചിൽ —669
ഒരു ദൂഷിതമായ ന്യായാസനം —671
ഒരു അനുതാപം —674
ഒരു മംഗളാശംസ —677
ദിവ്യകോകിലം അല്ലെങ്കിൽ ടാഗ്ഗർമംഗളം —678
സി. വി. സ്മാരകം അഥവാ നിന്നുപോയ നാദം —679
ഒരു ഉദ്ബോധനം —682
സിംഹനാദം —684
സ്വാതന്ത്ര്യഗാഥ —685
വിവാഹമംഗളം —686
സന്ധിഗീതം —687
അദ്ധ്യാപകവൃത്തി —690
കാവ്യകല അഥവാ ഏഴാം ഇന്ദ്രിയം —692
ഭാരതമയൂരം അഥവാ നമ്മുടെ മയിൽ —693

Digitized By Kerala Sahitya Akademi

പ്രസ്താവന

'പുഷ്പവാടി' പ്രസിദ്ധപ്പെടുത്തിയപ്പോൾത്തന്നെ അതിൽ ചേർത്തമാതിരിയുള്ള ഇതരകൃതികളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണമെന്നു് കവിക്കു് ഉദ്ദേശമുണ്ടായിരുന്നു. 'മണിമാല', 'വനമാല' എന്നിങ്ങനെ ഒരോ പേരും ഈ പുതിയ പുസ്തകത്തിനു് അദ്ദേഹംതന്നെ നിർദ്ദേശിച്ചിരുന്നു. ഇതിൽ ആദ്യത്തെ പുസ്തകത്തിൽ ഇന്നിന്ന കൃതികൾ എല്ലാം ഉൾപ്പെടുത്തണമെന്നും അദ്ദേഹം ഒരിക്കൽ എന്നോടു പറഞ്ഞിട്ടുണ്ടു്. ഈ പ്രകാരം അനുസരിച്ചു് 'മണിമാല' ഞാൻ പ്രസിദ്ധംചെയ്യുന്നു. ഇതിൽ ആകപ്പാടെ 19 കൃതികളാണു് ഉള്ളതു്. ഇവയെ വിഷയസാമ്യം മാത്രം നോക്കി മൂന്നുനാലായി തിരിച്ചു് ഇവിടെ ചേർത്തിരിക്കുന്നു. ഈ ചെറുകൃതികളിൽ മിക്കവയും കവിയുടെ നോട്ടുബുക്കുകളിൽനിന്നുതന്നെ പകർത്തി എടുത്തിട്ടുള്ളതാണു്. ഓരോ കൃതിയും എഴുതിയ കാലവും അവസരവും മറ്റും കാണിക്കുന്ന ചെറിയ കുറിപ്പുകൾ അതാതിന്റെ ചുവട്ടിൽ ചേർത്തിട്ടുണ്ടു്. ഇനി ബാക്കിയുള്ള ഇത്തരം കൃതികൾ എല്ലാംകൂടി 'വനമാല' എന്ന പേരിൽ അടുത്തുതന്നെ പ്രസിദ്ധംചെയ്യാമെന്നു കരുതുന്നു.

തോന്നയ്ക്കൽ
15-5-1924

മിസ്സിസ് കുമാരനാശാൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ആത്മാപ്പണം—ഒരു പ്രാർത്ഥന

സചേതനാചേതനമിപ്രപഞ്ചം
സ്വം വിളക്കുന്ന കെടാവിളക്കേ,
സമസ്തഭവ്യങ്ങളുമുള്ളിലാഴ്ത്തും
സ്നേഹപ്പരപ്പിൻ കടലേ, തൊഴുന്നേൻ.

തെളിക്കയെൻകണ്ണുകൾ ക്രൂരിരുട്ടും
തിക്കുന്ന മഞ്ഞും ഭഗവൻ തുടയ്ക്കൂ
വിളിക്കയെൻപാന്ഥവിടത്തെ മുൻപിൽ
വിരഞ്ഞു തപ്പിത്തടയുന്നൊരെന്നെ.

അല്ലെങ്കിലിക്കാടുകൾ വെട്ടിനീക്കി-
യകത്തെഴുന്നെള്ളുകയെൻകുടിഞ്ഞിൽ
അരക്ഷണം വിശ്രമമഞ്ചമാക്കി-
യങ്ങെന്റെ 'ആത്മാപ്പണ'മേറുകൊൾക.

മഹാവനം നിൻ മലർവാടിയാക,
മുള്ളൊക്കെയും നൻ മുകുളങ്ങളാക,
മഹേശ, നിൻ സന്നിധികൊണ്ടു ദുഷ്ട-
മൃഗങ്ങളും ഗായകദേവരാക.

സ്വം മറന്നിന്നൊരു പാറ്റപോൽ നിൻ
സംസ്പൃനിർവ്വാണരസത്തിൽ മുങ്ങാൻ
കാമിപ്പു ഞാനീശ്വര, കാൽക്ഷണം നീ
കാണിക്കയൻപാന്ന മുഖാരവിന്ദം.

—ജനുവരി 1923

സാവിത്രിയുടെ പ്രാർത്ഥന

വരദേ, വരനെണ്ണുവറ്റിടും
തിരിപോൽ നിന്നു തിളങ്ങിടുന്നതേ
തിരികില്ലതു ഭാഗ്യവാനവ-
ന്നെരിയുന്നെന്തനമീശവല്ലഭേ.

തരുണത്വമതിൽക്കിടന്നുമെൻ
പുരുസൗഹാർദ്ദരസം നുകർന്നുമേ

Digitized By Kerala Sahitya Akademi

മരുവുന്ന മനോജ്ഞനോക്കുമോ
മരണോദന്തമിതുണ്ണിപോലവൻ.

രഭസത്തൊടു ശ്രദ്ധസൗഹൃദ–
പ്രഭവം കൂട്ടിയിണക്കിയേകമായ്
ശ്രുഭദായിനി, ഞങ്ങൾ ദീപവും
പ്രഭയും പോലിനി വേർപെടാ ശിവേ.

വിരഹശ്രുതിയും സഹിക്കുമോ
സ്ഥിരരാഗപ്രതിപന്നയാം സതി?
തിരുമേനി പകുത്ത കാന്തനൊ–
ത്തരുളും നീയറിയുന്നതംബികേ.

അകലും ക്ഷണമേറമേറമെ–
ന്നകതാരിൽ ഭയമേകും, എൻപ്രിയൻ
സുകുമാരനുമേ മറഞ്ഞുപോം
മുകുളംപോലിനി മൂന്നുനാൾക്കകം.

മനതാരിലെഴും പ്രിയത്തിനാൽ
നിനയാ മൽപതിതൻ വിപത്തു ഞാൻ:
ദിനമെങ്കിലുമെത്തി സത്യമാം
മുനിവാക്കെന്നു മഹാഭയം ശിവേ.

ഹൃദയം കവരുന്ന നോക്കുമാ–
മുദ്ഗംഭീരമനോജ്ഞശ്രുപവും
വിദയം കവരാ,മവന്റെയാ
സുദ്ധസ്നേഹമഹോ! തൊടാ യമൻ.

ബഹുനമ്മമുരച്ചു ബുദ്ധിമാൻ
മുഹുരിപ്പോഴും വരുമെന്റെ വല്ലഭൻ
അഹഹ! വ്രതഹേതു കേൾക്കുവാൻ
സഹസാ ദുർഭഗയെന്തു ചൊൽവു ഞാൻ.

വരനോടിവളോതുകില്ല ഭീ–
കരമാ വസ്തുത ജീവിതാവധി
പരമെൻ പ്രിയനന്തമേലുകിൽ
പിരിയാ പോമവനൊത്തുതന്നെ ഞാൻ.

സ്ഥിതിയിങ്ങതി ദുഃഖമെങ്കിലും
ക്ഷിതിവാസപ്രിയരാം ശരീരികൾ;
പതിയെത്തി വിപത്തിലേകമാം
ഗതി നീതാൻ ഗരളാശനപ്രിയേ.

Digitized By Kerala Sahitya Akademi

പരമേശ്വരി, സൃഷ്ടി രക്ഷ സം-
ഹരണം സർവമിതോക്കിൽ നിന്നേറയാം;
വരമേകണമംബ, മംഗളം
വരുവാനാശ്രിതവത്സവത്സലേ.

പ്രിയനേതുമനത്ഥമെന്നി നി-
ർഭയനാവാനയി സുപ്രശക്ത, നീ
ദയചെയ്യുക ആന്തരാത്മിക-
പ്രിയയാം ദേവി ദയാപരാജിതേ.

—ഡിസംബർ 1910

പ്രഭാതനക്ഷത്രം

(രാഗമാലിക)

ഉണരുവിൻ വേഗമുണരുവിൻ സ്വര-
ഗ്രാമമേളം ചെറു കിളികിടാങ്ങളേ.
ഉണർന്നുനോക്കുവിനുലകിതുഷാക്കാമ്പിൽ
മണമേലുമോമൽമലർമൊട്ടുകളേ.

അണയ്ക്കുമമ്മമാരുടെ ചിറകു വി-
ട്ടുണർന്നു വണ്ണാത്തിക്കിളികൾ, പാടുവിൻ.
തണുത്ത നീർശയ്യാഞ്ചലം വിട്ട തല
ക്ഷണംപൊക്കിത്തണ്ടാർനിരകളാടുവിൻ.

അകലുന്നു തമസ്സുടിവാനിൽ വണ്ണ-
ത്തികവേലും പട്ടുകൊടികൾ പൊങ്ങുന്നു.
സകലലോകബാന്ധവൻ കൃപാകരൻ
പകലിൻനായകനെഴുന്നെള്ളീടുന്നു.

ഒരുരാജ്യം നിങ്ങൾക്കൊരുഭാഷ നിങ്ങൾ-
ക്കൊരു ദേവൻ നിങ്ങൾക്കൊരു സമുദായം.

ഒരുമതേടുവിനെഴുന്നെള്ളത്തിതു
വിരഞ്ഞെതിരേല്പിൻ വരിൻ കിടാങ്ങളേ.
ഉരയ്ക്കുയല്ലിയിങ്ങനെയുദാരമായ്
സ്മരിച്ചു പൊങ്ങുമിപ്രഭാതനക്ഷത്രം?
കരത്തിൽ വെള്ളിനൂൽക്കതിരിളംചൂരൽ
ധരിച്ചണഞ്ഞിതു വിളിച്ചോതുകല്ലി?

—ഫെബ്രുവരി 1921

Digitized By Kerala Sahitya Akademi

പരിവർത്തനം

കരഞ്ഞുകൊണ്ടു ക്ഷമനും കുറുക്കനും ഗമിക്കവേ
വിരഞ്ഞു കക്കടങ്ങാം മോദകാഹാരം വിളിക്കവേ
എരിഞ്ഞുയന്നെഴും ദിനേശ, ക്ഷസിടാതെയെങ്ങുമേ
തിരിഞ്ഞുനിന്നിടാതെ നിൻവഴിക്കു പോക പോക നീ.

അറിഞ്ഞുകത്തെഴുന്നൊരന്ധകാരവും വിഭോ ഭവാൻ
പറത്തുകിന്നഭസ്സിൽനിന്നു മൂടൽമഞ്ഞുപോലുമേ
വിറച്ചണഞ്ഞു വെയ്ലുകൊണ്ടിടട്ടെ വൃദ്ധഭൃ തണ–
ത്തുറച്ച തൻ ഞരമ്പിലെങ്ങുമുഷ്ണരക്തമോടുവാൻ.

പൊഴിഞ്ഞു പത്രമറുയന്നു കൊമ്പു പല്ലവങ്ങാംപോ–
യൊഴിഞ്ഞിടട്ടെ പൂവണിഞ്ഞിടട്ടെ ശൂന്യശാഖകാം
കൊഴിഞ്ഞിടട്ടെ പൂക്കാം മിന്നിടട്ടെ കായ്കരങ്ങാം തേൻ
വഴിഞ്ഞെഴും ഫലങ്ങളാൽ വിനമ്രമാം ശിരസ്സൊടും.

അകന്നു മിന്നുവോരുഡുക്കളന്തികത്തിലായ് ദൃതം
പകച്ചു മങ്ങിനിന്നിടട്ടെ ദേവ പാഞ്ഞുപോക നീ
പുകഞ്ഞെരിഞ്ഞുടൻ പൊടിഞ്ഞു താണിടട്ടെ പർവതം
നികന്നിടട്ടെ വാരിരാശി നിൻെറ തേത്തടങ്ങളിൽ.

തിമിത്തൊരീർഷ്യയാൽ തടഞ്ഞിടട്ടെ വൻഗജങ്ങളോ
തിമിംഗലങ്ങളോ ഭവൽപഥത്തെ, അല്പദൃഷ്ടികാം
അമർത്തലേറു മസ്തകം ഞെരിഞ്ഞവറ ചോരയാൽ
സമഗ്രമന്തിവണ്ണമാക്കിടട്ടെ കന്നമാഴിയും.

സമത്വമേകലക്ഷ്യമേവരും സ്വതന്ത്രരെന്നുമേ
സമക്ഷമിത്തമസ്സുകറിയോതി ലോകമാകവേ
ക്രമപ്പെടുത്തിടും ഭവാൻെറ ഘോരമാം കൃപസ്സു ഞാൻ
നമസ്കരിപ്പു, ദേവ, പോക പോക നിൻവഴിക്കു നീ.

—ഡിസംബർ 1920

പണം

വരഗ്രണനര, വായുവീഥിമേൽ നീ
വിരവൊട്ടു തീത്തൊരു കോട്ട വീണപോയോ!
കരയുഗമയി കെട്ടി, നോക്കി വിണ്ണിൽ–
ത്തിരയുവതീ നെടുവീപ്പൊടെന്തെടോ നീ?

Digitized By Kerala Sahitya Akademi

വിരയുവതിഹ നിൻമതത്തിനായോ
പുരുമമതം സമുദായഭ്രതിയോത്തോ
പരഹിതകരമാം പ്രവൃത്തിതന്നിൽ
പരമഭിവൃദ്ധിയതിന്ന വേണ്ടിയോ നീ.

സ്ഥിരമിഹ സുഖമോ മഹത്പദമോ നീ,
വരഗ്രണമാന്നൊരു വിദ്യയോ യശസ്സോ
പരമസുകൃതമോ കടന്ന സാക്ഷാൽ
പരഗതിയോ—പറകെന്തെടോ കൊതിപ്പൂ.

കുറവു കരുതിയിങ്ങു കേണിരുന്നാൽ
കുറയുകയാം വിലയാന്ന നിന്റെ കാലം
മറവുകലെ രഹസ്യമോരുവൻ, നീ
പറയുക പോയിരു നിന്നെറയിഷ്ടരോടും

കരുതുക, കൃതി യത്നലഭ്യനേരം
തരുവതിനീശനിയുക്തനേകനീ ഞാൻ
വിരവിൽ വിഹിതവൃത്തിയേരുകൊണ്ടും
പരമിഹ നേടുക,യെന്നെ, നീ—പണത്തെ!

—ജൂൺ 1910

കർഷകന്റെ കുരച്ചിൽ

എണ്ണമില്ലാരുള്ള ലോകത്തെപ്പെറെറാരു
വിണ്ണേ, ഞാൻ കേഴുന്ന കേംക്ക തായേ.
ഉണ്ണികം കേണാലുരുകാത്ത നെഞ്ചുണ്ടോ?
കണ്ണീർ ഞാൻ വക്കുന്ന കാൺക തായേ.

ആലോലശോഭയാൽ കണ്ണിനാനന്ദമാം
നീലപ്പൂഞ്ചേലയണിഞ്ഞു നിത്യം
കോലംമറച്ചെഴുമമ്മേ, നീയല്ലാതാ–
രാലംബം ഞങ്ങൾക്കുമീയുഴിക്കും.

മേടം കഴിഞ്ഞു മണിരഥം ഭാനുമാ–
നോടിച്ചിടവവും താണ്ടുമാറായ്;
വാടിക്കരിയുന്ന ഭ്രൂമുഖം പുൽക്കൊടി
കൂടി മുളയ്ക്കുന്നില്ലാതപത്താൽ.

Digitized By Kerala Sahitya Akademi

വെട്ടിയൊരുക്കി ഞാനെങ്ങെങ്ങു വിത്തുക-
ളിട്ടിതങ്ങങ്ങു കാനൽജലത്താൽ
തട്ടിപ്പായ് തൻധനമാം തീക്ഷ്ണരശ്മികൾ
കഷ്ടം! കതിരോൻ കൃഷിചെയ്യുന്നു.

എല്ലു നൊന്തുഴിയുഴുത വിയർപ്പുതൻ
കല്ലോലധാരയാൽ ഞാൻ നനച്ചു;
ഇല്ലം കഴിയേണ്ടേ—വഞ്ചിതനായിവ-
നില്ലറയിലിനി വിത്തുപോലും.

പാരാകെ വേകുന്നു, വേഴാമ്പൽ ദാഹത്താൽ
പാരം കരയുന്നു, നീ കൃപയാൽ
ഹാരാവലിപോൽ വിശദമാം ശീതള-
ധാരയിന്നെന്തമ്മേ, പെയ്തിടാത്തു.

മുറിപ്പോയ് കുട്ടികളെന്നു രസം മാറിൽ
വറിസ്സിരകൾ വരണ്ടുപോയോ?
കുറങ്ങൾ വല്ലതും ഞങ്ങളിൽ കണ്ടിട്ട
പെറതായേ, നീ ചുരുത്താസ്സയോ?

ഉറവ നിന്നൻപിൻപ്രവാഹം തടകയോ
മറേറതോ പാപമണൽപ്പരപ്പിൽ?
തെറേറതെന്നാലും നീ തീക്ക,യിന്നും നിന്റെ
കുറക്കിടാങ്ങളീ ഞങ്ങൾ തായേ.

സാശങ്കം നിന്നെത്താൻ കൈക്കുപ്പിനില്ലുമി-
പ്പേശലമാം കൊച്ചിളമുളകൾ
വൈരാഗ്യമേറും വയലിതിലിന്നെന്റെ-
യാശാങ്കുരങ്ങൾപോൽ വാടിടുന്നു.

ചിട്ടയായ് ചിക്കിനിരത്തി വളമിട്ടു
നട്ടുള്ള നല്ല ചെളിനിലങ്ങൾ
കട്ടപിടിച്ചു വെടിച്ചയ്യോ! എന്റെയും-
ത്തട്ടുപോൽ വിള്ളുന്നു താറുമാറായ്.

വറാത്ത നിന്റെ വിഭവസമൃദ്ധിയും
മുറും കരുണയും നമ്പിയല്ലേ
പറിക്കിടക്കുന്നു ഭൂമിയിലീ ഞങ്ങൾ,
മറില്ല രക്ഷ, നീ കൈവിടല്ലേ.

പെയ്യുക, നീ സുധാപൂരം പ്രിയദ്യോവേ,
പെയ്യുക തുമഴ വൈകിടാതെ

Digitized By Kerala Sahitya Akademi

മെയ്യിലണിയും മരതകപ്പൂന്തുകിൽ
നെയ്യുവാൻ ഭ്രമിക്ക നീ തുണയ്ക്ക.

പേത്തും മുകിൽനിര, പൊയ്കയിൽ പോത്തുതൻ
ചാത്തുപോലെത്തിനിന്നങ്കണത്തിൽ
ആത്തുതുടങ്ങട്ടേ, ഭക്തിബാഷ്പംപെയ്യ
പൂത്തിയാക്കട്ടമ്മേ, നിഷ്കൃതി ഞാൻ.

—ജൂൺ 1922

ഒരു ദൂഷിതമായ ന്യായാസനം

പാരിൽ സൂര്യ, പരത്തിടായ്ക കിരണം
നിഷ്പക്ഷപാതം ഭവാൻ
പോരും ചന്ദ്ര, പൊഴിഞ്ഞതാക്കുമൊരുപോൽ
നീ പൂന്നിലാവെന്നുമേ
നേരായ് നിങ്ങൾ സമത്വധർമ്മമുപദേ-
ശിച്ചാലുമിപ്പ്രാശൻ
പാരം പണ്ഡിതമാനിയാണു നരനീ
പാഠങ്ങൾ തേടില്ലവൻ.

കത്തും വഹ്നി ദ്വഡം കിളർന്നു, കഴിനോ-
ക്കിപ്പായുമെന്നും ജലം
നിത്യം ക്രൂരമുദുക്കൾ കാക്കുമതുപോൽ
മര്യാദ തിര്യക്കുകൾ
മർത്ത്യൻതൻ വികടസ്വഭാവമറിയു-
ന്നാരിന്നഹോ! ധീരനായ്
സത്യത്തെത്തടയും—സ്വയംപ്രകൃതിയെ
വഞ്ചിക്കുമജ്ഞാതവൻ.

കായാതക്കരെനിന്നൊരാൾ തണലതിൽ
കാറ്റേറു ശ്രുളംവിട്ട-
ന്നായാസം പരമാർന്നു കഷ്ക, വിയ-
പ്പേന്തുന്നതെന്തിന്നു നീ?
സ്വായത്തം, സ്ഥിരമിന്നിതെന്നേറനിലമെ-
ന്നോർത്തീടൊലാ ധൂർത്തരാം
ന്യായാധീശ്വരരുണ്ടവക്കു മനമെ-
ങ്ങോട്ടൊക്കെയങ്ങോട്ടുപോം.

Digitized By Kerala Sahitya Akademi

ഭൂവിൽ ഭൂമിപതേ, ഭവാന്റെ ഭുജമാ-
കും ഭൂരുഹച്ഛായയെ-
സ്സേവിച്ചസ്സുഭയം വഹിച്ചു ധനമാ-
നാദ്യങ്ങളും ജീവനും
ഹാ! വർദ്ധിപ്പവരെച്ചുഴന്ന വിളതി-
ന്നും വേലിയേവം വിഭോ
മേവുന്നെങ്ങിനി രക്ഷയെന്തു നയവി-
ശ്വാസം സമാശ്വാസവും?

സൈന്യത്തിന്റെ വലിപ്പമോ പരമതിൻ
സംഗ്രാമശൂരത്വമോ-
ടൗന്നത്യം കലരുന്ന കോട്ടയരിഭീ-
മം ശസ്ത്രസംഭാരമോ
ധന്യത്വംകലരാ സ്വയം നരപതേ,
ധർമ്മം സദാ രക്ഷ്യമൊ-
ന്നന്യാഡംബരമൊക്കെയിങ്ങതിനെഴും
രക്ഷസ്സു ദീക്ഷിക്കയാം.

ആഹാ! നിർമ്മലനീതിപീഠവരമേ,
നിന്മേൽ ദുരാത്മാവൊരാൾ
സാഹങ്കാരമിരിപ്പതെങ്ങനെ സഹി-
ച്ചീടേണ്ടു കണ്ടീ ജനം?
ഊഹിച്ചാലിനിയജ്ഞപീഠമതിലേ-
റാം ഹീനനാം ശൗനികൻ
മോഹിക്കാം പതിദേവതൻ വിമലമാം
പൂമെത്ത ധൂർത്തൻ വിടാൻ.

വർദ്ധിക്കട്ടെ നിജപ്രയത്നമതിനാൽ
വർഗ്ഗത്തൊടൊത്തുൽസുകൻ
സ്തബ്ധിക്കട്ടഥവാ പരോന്നതി പൊറു-
ത്തീടാതെ നേർത്തായവൻ
നിർദ്ദോഷങ്ങളതൊക്കെ ഹന്ത! ഭയമാം
നീത്യാസനസ്ഥായിയായ്
ദുർമ്മന്യത്വമിയന്നിടുന്ന നരകീ-
ടത്തിൻവിഷത്തിൽ തൃലോം.

Digitized By Kerala Sahitya Akademi

ഉദ്യോഗത്തിനുവേണ്ടതിന്നു ഗുണമ-
ല്ലഭ്യാസമാണാകയാൽ
വിദ്യേ, നിന്നെറ വിശിഷ്ടമായ ബഹുമാനം
കഷ്ടമേ! നഷ്ടമായ്
അദ്യാശേഷകലാസഭേ, കപടവേ-
ഷത്തിന്നെറ നേപഥ്യമെ-
ന്നദ്യത്താം കറയാൻ കണ്ണുകടുവായ്
ത്തോന്നുന്നു നിൻനാമവും.

കഷ്ടം! കാരുണികൻ പ്രജാധിപതി നിൻ
കൈയിൽ സമർപ്പിച്ചതാം
ചട്ടറവീടിന നീതിതന്നെറ ഗളനാ-
ളത്തേയറുത്തഞ്ജസാ
ദുഷ്ടാത്മൻ, പരവഞ്ചവിപ്രിയതയെ-
പ്പാലിച്ച നീ, നിൻപിതാ
കെട്ടിത്തന്ന വരാംഗിയെ,ക്കുലടയെ-
ക്കാമിച്ചു കൊല്ലില്ലയോ?

പൊയ്യല്ലിങ്ങു ഭയപ്പെടില്ല നരകം
ലോകാന്തരസ്ഥം, കടും-
കൈയേല്പുന്ന ഖലൻ, സ്വയം നയപഥം
തെറ്റെന്നു തെറ്റീടവേ
മെയ്യപ്പോഴ തകരാനവന്നെറ മരവി-
ച്ചീടും മനസ്സാക്ഷിതൻ
കൈയിൽ ദേവ, കഠോരമാമശനിതാ-
നെന്തേകമേകാഞ്ഞു നീ?

കുറ്റം മേലധികാരിയാം കടിലനാർന്നു
ഹന്ത! ദുഷ്ടാന്തമായ്
മറ്റുള്ളോരെത്തെടുത്തു ഹാ! തലമറിഞ്ഞു
ന്യായമന്യായമായ്
പറ്റുന്നു പരിഹാരമറ്റപകടം
പാർത്തീടിലീസൃഷ്ടിതാൻ
തെറ്റീ ദേവ, തുടച്ചുചെയ്കുക പരം
നിർമ്മായനിർമ്മാപണം.

Digitized By Kerala Sahitya Akademi

പക്ഷേ, സത്യമറിഞ്ഞിടാതെ പഴി ഞാ–
നോതാം മറിച്ചുള്ളതാം
പക്ഷാലംബനബുദ്ധിയറ പല യോ–
ഗ്യന്മാരുമാരായുകിൽ
അക്ഷാന്തിക്കടിമപ്പെടാഞ്ഞു മനമേ,
പോട്ടീശനിൽ പ്രത്യയം
നിക്ഷേപിക്കയവന്റെ നീതിപദമീ
മാലിന്യമേലാ ദ്ധ്രുവം.

—ഫെബ്രുവരി 1909

ഒരു അനുതാപം

പോരും ധീരത ചിത്തമേ, പ്രിയമെഴു–
ന്നെന്നമ്മപോയാൽ വിര–
ഞ്ഞാരാൽ നോക്കുക ഭൃത്യപത്രമിതിലി–
ക്കാണുന്ന ത്രുക്ഷാക്ഷരം
നേരാമായതു നേരുതന്നെയറിവി–
ക്കു സാധുവെന്മാതുലൻ
പാരിൽ പ്രാണിഗളസ്ഥയാം മൃതി മരി–
ക്കാമമ്മ രോഗാതുര.

വല്ലാതിങ്ങനെ മൂഢഭാവമൊടവി–
ശ്വാസം വഹിക്കുന്നതേ
കല്പാമെന്മനമമ്മ പോയി മനമേ,
ഹാ പോയി, കേണീടു നീ
അല്ലെങ്കിൽ കനിവേതെനിക്കു വിരഹ–
ക്ലേശാർത്തയാം തായെ ഞാൻ
തെല്ലും ഹാ! ഗണിയാതെയിന്നിരുപതാ–
ണ്ടോളം കഴിച്ചു ജഡൻ.

ഓക്കുമ്പോഴും ഫണിപോലെയെന്റെ കരളും ദം–
ശിക്കുന്നതേയുള്ളതു്
നേക്കേതും കനിവെന്നി ഹന്ത! നെടുനാളും
ഞാൻ ചെയ്ത ദുസ്സാഹസം

Digitized By Kerala Sahitya Akademi

ആക്കും ദേയമതായ ദർശനസുഖം
താനും തദാശാഭരം
തീക്കുംമട്ടതകീല ഞാൻ—ഇനി നിന—
ച്ചാലും ഫലിച്ചീടുമോ?

തീരട്ടേ വ്യഥ തുള്ളിയശ്രുപൊഴിവിൻ
നേത്രങ്ങളേ, കണ്ണുനീർ
തോരാതെന്നെ നിനച്ചൊരമ്മ മൃതയായ്
ഹാ! ചിന്തതാനന്തരാ
പാരം ചൂടെഴുമാറു പെയ്തുഴൽ കെട്ട—
ത്തീടാത്ത ഘമ്മാബുമായ്
പൂരിക്കുന്നിതുമെന്റെ നീരസവിവേ—
കത്തിൻഫലം കേവലം.

രണ്ടാണ്ടുള്ളിലൊരിക്കലാം, ജനനി, മൂ—
ന്നാണ്ടുള്ളൊരന്നാളിലാം
കണ്ടീടുന്നതു നാം, അതും ചിലനിമേ—
ഷംകൊണ്ടു വേർപാടിനാം
ഉണ്ടാമെന്റെ കിനാവുമുത്സവമതാ—
യമ്മയ്ക്കു ഞാനോ സമൂൽ—
കണ്ണാസംഭ്രമമേകി ഹന്ത! സുഖമേ—
കീട്ടില്ലിന്നാഃവരെ.

എന്മേൽ പ്രീതിയൊട്ടും ക്ഷമിക്കയപരാധം
''ഞാൻ ക്ഷമിച്ചുണ്ണി'' യെ—
ന്നമ്മേ ചൊല്ലുക—കഷ്ടമമ്മ മൃതയായ്—
പ്പൊങ്ങില്ല നാവിങ്ങിനി!
ശമ്മം ചേർപ്പതിനെന്റെ സാന്ത്വവചനം
ചെല്ലില്ല കണ്ണങ്ങളിൽ
ധർമ്മാതിക്രമഭീരു ഞാൻ—അനുശയം
ശേഷിച്ചെനിക്കെന്നുമേ.

നൂനം ദേഹികൾ ദുർന്നിവാരഗതിയാം
യന്ത്രത്തിലൊന്നിൽത്തിരി—
ഞ്ഞുനമ്രന്ദമുഴന്നിടുന്ന ബത! നാം
കാണുന്നതില്ലെങ്കിലും

Digitized By Kerala Sahitya Akademi

ഞാനാർദ്രാശയ,നമ്മയാത്തിമതി, ഞ–
ങ്ങൾക്കെന്തിനന്യാദൃശം
താനേവന്ന വിയോഗം ഓക്കിലഴലേ–
റുന്ന ജയിച്ച വിധി.

അച്ഛൻ നന്ദനവത്സലൻ സുചരിതൻ
ദ്യോവേറിയസ്സംഭവം
തച്ചീലീവിധമെന്നെയന്നിളയകാ–
ലത്തും പ്രവാസത്തിലും
അച്ഛിന്നം വളരും പ്രിയങ്ങൾ പരിബാ–
ധിക്കാം—അതല്പമ്മയിൽ
സച്ഛന്ദം തനയക്കെഴും സഹജമാം
കുറൊന്ന വേറെന്നുമാം.

ഈഷൽ സൗഖ്യവുമെന്നിയേ വിധവയാ–
മെന്നമ്മ ഖേദിച്ച, ഞാൻ
തോഷംപൂണ്ട സുഹൃജ്ജനങ്ങളൊടുമായ്
വാണേൻ കൃതാർത്ഥൻ ചിരം
ദോഷാശങ്കി നകന്നതങ്ങൊടുവിലോ–
ക്കാനിക്കുമാറിന്നതിൽ
ദോഷം തോന്നിയെനിക്കു ഭ്രതസുഖവും
ദുഃഖീഭവിക്കുന്നുതേ.

പ്രത്യക്ഷക്ഷണമാത്മഭോഗസദൃശം
ഭാവിച്ചിടും ഭാവിയെ
സ്വത്യാരൂഢസുഖാസുഖങ്ങളിൽ നിറം
തേയ്ക്കും തനിക്കൊത്തപോൽ
മർത്ത്യൻ നീണ്ടൊരുകാലതന്തുനടുവേ
നില്ക്കുന്ന, ചൂടൊന്നുപോൽ
മദ്ധ്യം കത്തിയെഴും ശലാകയുടെ ര–
ണ്ടറ്റത്തുമെത്തുന്നതാൻ.

കൈവിട്ടെൻ സമുദായകൃത്യഭരമെ–
ല്ലാം വേഗമമ്മയ്ക്കു ഞാൻ
കൈവല്യാവഹമായ വൃത്തിയൊടണ–
ഞ്ഞുൾത്താരി കെടുത്തീടുവാൻ

Digitized By Kerala Sahitya Akademi

ഹാ! വാഞ്ഛരിച്ചു, ഹതാശനായി!—നിമിഷം—
നീട്ടായ്ക കൃത്യം ബുധൻ;
ദൈവത്തിൻഗതി നാഗയാനകുടിലം,
നീർപ്പോളയിജ്ജീവിതം.

ശോകത്താലിഹ 'യോഗ'സംഗതി സമാ-
ധാനം തരുന്നില്ലെനി-
ക്കേകന്നീല ചിരാനുഭ്രതരസമി-
ന്നാദ്ധ്യാത്മബോധം സുഖം
ഹാ കഷ്ടം! സുഖമല്പതാൻസുഖവും ഇ-
ല്ലൈകാന്തികം സൗഖ്യം—ഈ
ലോകപ്രീതിദശാനിബന്ധനി, ഉപാ-
സിക്കുന്ന ദുഃഖത്തെ ഞാൻ.

—ഏപ്രിൽ 1913

ഒരു മംഗളാശംസ

പടിഞ്ഞാറു പൊങ്ങുന്ന പൂന്തിങ്കൾമേൽ നി-
ന്നടിഞ്ഞിങ്ങു പാരും നിലാവിൻ കുരുന്നോ
ചൊടിച്ചഭ്രകാരാഗൃഹം വിട്ട ചാടി-
ത്തടില്ലേഖയോ സഞ്ചരിക്കുന്നിതെങ്ങും!

തുലാഹീനമാം ധാടിതേടും സ്വനത്തിൻ-
വിലാസത്തിൽ വിശ്വം ലയിപ്പിച്ചു നിത്യം
സുലാവണ്യമേലും പ്രഭേ! വാണിമാതിൻ-
കലാജാതയായ്പ്പോന്ന പൊൻവീണയോ നീ.

അതോ പൗരുഷത്തോടെതിർക്കുന്ന ദീർഘ-
പ്രതോന്മീലിതസ്നിഗ്ധവൈദഗ്ധ്യിതാനോ
അതേ തോന്നുമിമ്മട്ടഹോ ത്വത്സ്വരൂപം
സ്വതേ ജ്ഞാനശക്തിപ്രഭാവോഗ്രമമ്മേ!

ഭയം വിട്ട പൗരസ്ത്യവഗ്ഗത്തിനായി-
ജ്ജയം നേടിയിന്നമ്മ പോരാടിടുന്ന
സ്വയംസിദ്ധമായുള്ള തേജസ്സിനോത്താൽ
വയസ്സേതയേ! വംശമേ തേതു ലിംഗം!

Digitized By Kerala Sahitya Akademi

സ്വരാജ്യപ്രകാശത്തെ മന്നിൽ പ്പരത്തി
സ്ഥിരാനന്ദമാം ദ്യോവു നോക്കിത്തിളങ്ങി
സ്സുരൽകാന്തികൈക്കൊണ്ടു നീ നില്ക്ക നീണാൾ
പര 'ബ്രഹ്മവിദ്യാ' ലയപ്പൊൻവിളക്കേ.

—ഒക്ടോബർ 1918

ദിവ്യകോകിലം
അല്ലെങ്കിൽ ടാഗ്ഗർമംഗളം

അവ്യയനാമീശന്റെയാരാമരതനംതന്നി–
ലവ്യാജകുതൂഹലം പാടിസ്സഞ്ചരിക്കുന്ന

ദിവ്യകോകിലമേ, നിൻ പൊൻകണ്ഠനാളം തുകം
ഭവ്യകാകളീപരിപാടികൾ ജയിക്കുന്നു.

ജളകണ്ഠത്തിൽപ്പോലുമസ്സുധാലഹരികൾ
കുളിർമയാൻ പൂകിസ്സിരകളിൽ ചലിപ്പിച്ചു

പുളകമുണ്ടാക്കുന്ന ദ്രവിപ്പിക്കുന്ന ചിത്തം
ദളിതനിദ്രമാത്മതപ്പണം ചെയ്തീടുന്നു.

അതിശാന്തമെന്നാലും ശക്തമാമതിൻധ്വനി
സതതം ചൂഴ്ന്ന കാറ്റിൽ തിരകൾ തല്ലിത്തല്ലി

ക്ഷിതിഗോളത്തെജ്ജഗദീശരാജ്യത്തിലേക്കു
കുതികൊള്ളിക്കും നവ്യചലനമുണ്ടാക്കുന്നു.

പൊന്നൊളിവീശിച്ചലിക്കുന്ന നക്ഷത്രങ്ങളാ–
മുന്നിദ്രപുഷ്പങ്ങൾതന്നിടയിൽ പറന്നെങ്ങും

ചിന്നും പുൽപ്പൊടിപററിത്തിളങ്ങും നിൻ ദിവ്യാങ്ഗ–
സന്നിധാനംതാൻ കണ്ണിനാനന്ദം ചൊരിക്കുന്നു.

അല്ലെങ്കിൽ ഖഗവര 'രവി' താനല്ലോ ഭവാൻ
നല്ലചെങ്കതിർകളാം പൊൽത്തുവൽചിറകുകൾ

മെല്ലവേ വീശി വിണ്ണിൽപ്പറന്നു ഭൂമുഖത്തി–
ലല്ലുപൂരിയ മഷി തുടയ്ക്കും തേജസ്സല്ലോ.

അതുമല്ലോത്താൽ രവിഹൃദയത്തിൽനിന്നല്ലോ
ശ്രുതിഗീതങ്ങൾ പുറപ്പെടുന്ന കാലങ്ങളിൽ

Digitized By Kerala Sahitya Akademi

വ്യതിയാനത്താൽ വരും വിപ്ലവം നീക്കി ലോക–
സ്ഥിതി പാലിക്കേണ്ടതാ സ്നേഹഗാനങ്ങളല്ലോ.

ഏതുദിക്കെന്നാകിലുമേതുബീജമാകിലു–
മേതുവണ്ണമായാലും മൈത്രിയാൽ പുഷ്പങ്ങളെ
ഭേദമെന്നിയേ തലോടുന്ന പൊൻകരമേലും
ജ്യോതിസ്സേ, ജയിക്ക നീ, ജയിക്ക നിന്റെ ഗാനം!

പാടുക, പാടുക, പൊൻകുയിലേ, ഭഗവാന്റെ
വാടിയിൽ പക്ഷാഗ്രത്താൽ തട്ടിവ്യഥാബാഷ്പജന്തുക്കൾ
തടവിത്തടവി നീ പറന്ന സുഖമായി
നെടുനാൾ 'വിശ്വ'ത്തിന്റെ ഭ്രതിക്കായ് ജീവിക്കുക.

അതിഥിയങ്ങെന്നാലും ഞങ്ങൾതന്നിന്ദ്രിയങ്ങൾ–
ക്കതിസൽക്കാരംചെയ്യു തേനൊഴുക്കിനാൽ ഭവാൻ.

സദയ'മൃഷിജന്യ'തേജസ്സേ,യങ്ങെത്തിയ
സുദിനമസ്മരിക്കാ ഞങ്ങൾക്കു തമസ്സിങ്കൽ
അഞ്ചിതാത്മാവേ, ഭവദ്ദർശനത്താൽതാൻ രോമ–
കഞ്ചുകമാന്നോർ സ്നേഹക്രീതരങ്ങേക്കീ ഞങ്ങൾ
തുഞ്ചലാളിതയായ കൈരളിതൻപേരിലും
വഞ്ചിഭ്രുവിൻപേരിലും മംഗളമുരയ്ക്കുട്ടെ!

—നവ:ബർ 1922

സി. വി. സ്മാരകം
അഥവാ നിന്നുപോയ നാദം

(കാകളി)

അത്ഭുതാനന്ദപീയൂഷം പൊഴിഞ്ഞുനി–
ന്ന പ്രൗഢമാം ധ്വനി മൂകമായ്പോയിതേ!
ഇപ്പോൾ നാമാസ്വദിക്കുന്നതതോത്തെഴും
കൈപ്പിന്റെ മാധുര്യമാകുന്ന മാന്യരെ.

ഹന്ത! നിസർഗ്ഗമധുരമാം വസ്തുക്ക–
ളെന്തൊരവസ്ഥയിലും മധുരങ്ങൾതാൻ.

Digitized By Kerala Sahitya Akademi

വെന്തെരിഞ്ഞാലും മണക്കുന്ന ചന്ദനം
വെൺതിങ്കൾ കാറടിഞ്ഞാലും വിലസുന്ന

നിർണ്ണയമന്നാദവും മങ്ങി നമ്മുടെ
കണ്ണപടങ്ങളിൽതാൻ വിശ്രമിക്കിലും

ദണ്ഡമകന്നിപ്പൊഴത്ര മൂളുന്ന
വണ്ണവിഹീനസൂക്ഷ്മാദാരരാഗങ്ങൾ.

മുഖ്യമായ് ജീവിതശൈലിയത്രചൊല്ലി-
യിക്കരെ,ക്കല്ലോലകോലാഹലങ്ങളാൽ,

അക്കാറ്റു ശാന്തമായ്—ആമുഷ്ടികകഥ
ഉൾക്കടൽപോലിന്നു മൗനമായ് പാടുന്നു.

ആരാമപുഷ്പപരിമളധോരണി
പാരദേശങ്ങളിൽനിന്നു വന്നെത്തുന്നു.

സൈരമവിടെച്ചരിക്കും ഖഗങ്ങൾതൻ
ചാരുഗാനാമൃതചാതുരി കേൾക്കുന്നു.

എന്നല്ലമരാഗനമാകമസ്സുധാ-
സ്യന്ദങ്ങൾ നമ്മൾതൻ ചിന്താരസനയിൽ

വന്നുവീഴുന്നിതാ സൂക്ഷ്മനാദംവഴി-
യെന്നുവേണ്ടാ പിന്നെയക്കരെ നിൽപ്പിലും

അന്തിട്ടിവാകരൻതൻ പൊൽക്കതിരുപോ-
ലന്തരാ നീളും ധ്വനിനികരങ്ങളാൽ

പാലംപണിയുന്നമുണ്ടത്ര ധന്യരേ,
ലോലമനോജ്ഞമായ് നമ്മൾക്കു പോകുവാൻ.

ചിന്തിക്കുവിൻ! ആ വിരഹഖേദം, സുഖ-
ബന്ധമാന്നിപ്പോൾ സുഭഗമായ്ത്തീന്നിതെ.

സഞ്ചിതകൗതുകമെന്നും വിരുന്നിനായ്
സഞ്ചരിച്ചീടുന്ന ഹന്ത! ലോകങ്ങളിൽ.

അഞ്ചിതമായ് കൈകൾ കോർത്തുപിടിച്ച പൂം-
പുഞ്ചിരിയും ചുടുകണ്ണീരുമൊത്തുതാൻ
ഉൾക്കാമ്പിലാശകലന്തനാകയാൽ
സൽക്കരിപ്പൂ ഞങ്ങൾ നിന്നെ നിനാദമേ.

ഉത്ക്രാന്തരായ് സുഹൃത്തുക്കൾ പോയ്വാഴുമ-
സ്വർഗ്ഗമിബ്ഭൂമിക്കു ദൂരമല്ലെത്രമേ.

Digitized By Kerala Sahitya Akademi

'മാത്താണ്ഡ'ദേവോദയം തുടങ്ങി 'പ്രേമ'-
മുത്തി 'മൂലാ'വധി താന്യൂപന്മാരെയും

ചീത്തൊരമ്പാൽ തൻജനനിയാകും പുണ്യ-
കീർത്തിയീ വഞ്ചിവസുന്ധരതന്നെയും

ശ്രീമത്പമേറിയ തന്നന്ദനരെയും
തുമയിൽ സേവിച്ച വെണ്മയേറിച്ചിരം

കൈരളിതൻ തുക്കഴുത്തിലഭിനവ-
ഹാരാവലികളർപ്പിച്ച വിജയിയായ്

ജീവലോകം കൈവെടിഞ്ഞുപോയ് നിത്യമാം
പാവനധാമമണഞ്ഞ പൂജാർഹനാം

വാഗ്ദേവതയുടെ വീരഭടൻ ഭവാൻ
ഭാഗ്യനിധേ, മടങ്ങീടുകിപ്പായയിൽ.

ധീരമനോജ്ഞമാമാകാരധാടിയും
വീരകരുണാദിനാനാരസോൽകരം

പാരം തിരതല്ലിയാസ്യഭ്രുവിൽ രണ്ടു
വാരിധിപോലെ വിലസും മിഴികളും

സ്ഥിരമധുരമധരവും മറുമി-
ല്ലാതുപ്രതിമ വിഡംബിക്കുമെങ്കിലും

ഹന്ത! നിൻചൈതന്യമില്ലിതിനായതും
നിന്തിരുസാന്നിദ്ധ്യമൂലമുണ്ടാകുക.

സാഹിതിതന്നെയും രാജ്യത്തെയും ക്രുദ്ധ-
സൗഹൃദമാൻ സംസേവിച്ചുവാഴുവാൻ

ദിവ്യകലാരൂപ, നീയിങ്ങു ഞങ്ങളെ-
യവ്യാജരാഗമനുഗ്രഹിച്ചീടുക.

സുവ്യക്തമായ് ലിപിയിൽ പ്രണവംപോലെ
ഭവ്യനിനാദമേ, നീയിതിൽത്തങ്ങുക!

—ജനുവരി 1923

Digitized By Kerala Sahitya Akademi

ഒരു ഉദ്ബോധനം

സൂര്യൻ കിഴക്കുദിക്കാറായ്
സരഘാനിവഹങ്ങളേ,
സ്വാതന്ത്ര്യമധു തേടീടാൻ
സോത്സാഹമെഴുനേല്ക്കുവിൻ.

പറന്നു പോവിൻ, പുഷ്പങ്ങ–
ളെങ്ങെന്നാലങ്ങു ചെല്ലുവിൻ,
പുലർകാലത്തു തേനീച്ച–
യുറങ്ങാ സുദിനങ്ങളിൽ.

ഭിന്നവർണ്ണങ്ങളാം പൂക്കൊക്കു
ഭഗവാൻ ചിത്രഭാനുതാൻ
ഔദാര്യമാൻ നല്കുന്ന
നിങ്ങൾക്കുത്സാഹമേറുവാൻ.

തുല്യമായ് സ്വപ്നസുമവൃം
തലോടി മണമാന്നിതാ
പ്രഭാതവായു പോകുന്നു
പോവിൻ നിങ്ങളതേവഴി.

വീട്ടിലോ നാട്ടിലോ വല്ല
കാട്ടിലോ മേട്ടിലോ സ്വയം
പൂവു സൃഷ്ടിച്ച കൈയങ്ങു
വിളിക്കുന്നുണ്ടു നിങ്ങളെ.

ചെന്നമ്മലരിനെല്ലാവൃം
ദളം ദ്വിഗുണമാന്നപോൽ
ചിറകുപ്പിച്ചു ലോകർക്കു
ചേപ്പിൻ കണ്ണിനു കൗതുകം.

സ്വയം മുകുളജാലത്തി–
നുള്ളത്തിലമൃതാക്ഷരം
ഉപദേശിച്ചു സദ്ബോധ–
മുണ്ടാക്കി മധുവുണ്ണുവിൻ.

മന്ത്രിക്കുവിൻ കൂടി നാനാ–
മാഗ്രത്തുടെ ചരിക്കുവിൻ
വെവ്വേറായ് മോക്ഷമാഞ്ജിപ്പി–
നൊന്നായ്ചേന്നതു കാക്കുവിൻ.

Digitized By Kerala Sahitya Akademi

തരുശാഖയിലോ താഴെ-
പ്പൊത്തിലോ കന്ദരത്തിലോ
ഗൃഹകോടിയിലോ സംഘം
കൂടി ക്ഷേമം നിനയ്ക്കുവിൻ.

ഉപദ്രവിക്കായുവിൻ പോ-
യൊരു ജന്തുവിനേയുമേ
അപായം തടയാൻ ഘോര-
ഹുംകാരംകൂട്ടി നില്ക്കുവിൻ.

തേനോളം സ്വാദ്യമായ് ലോക-
ത്തെങ്ങുമില്ലാക്കുമൊന്നുമേ
അതിനേറയപഹത്താക്ക-
ളത്രേയസുരരോക്കുവിൻ.

മുഖത്തുണ്ടിന്നു നിങ്ങൾക്കു
ദൈവദത്തമൊരായുധം
മൃദുവെന്നാകിലും തീക്ഷ്ണം
പേടിക്കുമതു വൈരികം.

വഞ്ചിശ്രീയെക്കവർവാൻ
പണ്ടു വന്നൊരു മുഷ്കരൻ
മുകിലൻപടയോടൊത്തു
മുടിഞ്ഞൂ മക്ഷികാളിയാൽ.

അതോക്കും ധൂർത്തരീയുഗ്ര-
സംഘം കണ്ടു ഭയപ്പെടും
ന്യായസ്ഥരുടെ ശൗര്യത്തെ
വിശേഷിച്ചുമാരുമേ.

മുറിവേൽപ്പിക്കിലും ധൂർത്തർ
പത്രം ചുട്ടുകരിക്കിലും
മുഷ്കിന്നു കീഴടങ്ങാതെ
മരിപ്പോളം തടുക്കുവിൻ.

മലക്കുണ്ടിൽ മറിഞ്ഞെത്തു
കീടം ചാകുന്നു നാംക്കുനാം
മധുകാത്തുറവ തേൻകൂട്ടിൽ
മരിപ്പിൻ നിങ്ങൾ വേണ്ടുകിൽ.

സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം

Digitized By Kerala Sahitya Akademi

ചട്ടറ നിൻ കരവാളിൻ ചലൽപ്രഭ
തട്ടമാറാക ഞങ്ങൾക്കു കണ്ണിഭ
വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ!
പൊട്ടിച്ചെറികയിക്കൈവിലങ്ങും,

ഞങ്ങളെപ്പൊക്കുക, ക്രൂരിരുട്ടിൻകോട്ട–
യെങ്ങും ചവിട്ടിനിരത്തുവാനും
തങ്ങളിൽ കൈകോർത്തു മോക്ഷസുഖാബ്ധിയിൽ
മുങ്ങിക്കളിച്ചു പുളയ്ക്കുവാനും.

സത്യം ശ്വസിച്ചും സമത്വം കണ്ടും സ്നേഹ–
സത്തു നുകർന്നും കൃതാർത്ഥരായി
സദ്ധർമ്മത്തുടെ നടക്കട്ടെ മാനവ–
രിദ്ധര സ്വർഗ്ഗമായ്ത്തീർന്നിടട്ടെ!

—ഏപ്രിൽ 1922

വിവാഹമംഗളം

അവ്യയൻ ശിവനുമാദിദേവിയും
ദിവ്യനാം ഗുരു മനുക്കൾ ദേവരും
ഭവ്യമേകുകയലിഞ്ഞു നിത്യമീ
നവ്യദമ്പതികൾമേലനാകുലം.

രമ്യമാം മിഥുനമേ! വിവാഹമാം
ധർമ്മപാശമിതു നിത്യമോർക്കുവിൻ
തമ്മിലുണ്മയൊടു നിങ്ങളൊപ്പമായ്
ശർമ്മപീഡകൾ പകുത്തു വാഴുവിൻ!

കാണി കല്മഷവുമെന്നി സൗഹൃദം
പേണുവിൻ, ധരയിൽ നൂറുവത്സരം
പ്രാണനും തനുവുമെന്നപോലവേ
വാണു നിങ്ങൾ പുരുഷാർത്ഥമേലുവിൻ!

—മാർച്ച് 1913

Digitized By Kerala Sahitya Akademi

സന്ധിഗീതം

(കിളിപ്പാട്ട്)

പാടുന്ന ദേവതകൾ, അസുരമുഖാവലി
വാടി മങ്ങുന്ന പുലർകാലതാരങ്ങൾപോലെ.

ഹന്ത! ഭൂമിയുമദ്രിനിരയുമടവിയു–
മന്തരിക്ഷവുമംബുരാശിയും കീഴ്മേലാക്കി,

അക്ഷദണ്ഡത്തിൽനിന്ന ദേഭിനീചക്രംതന്നെ
തൽക്ഷണം തെറിത്തകറ്റീടുമാറത്യുഗ്രമായ്

അടിച്ച കൊടുങ്കാറു ശമിച്ചു മന്ദാനിലൻ
സ്സുഭമായ്പ്പൂവാടിയിൽ ശ്രുളമിട്ടെത്തീടുന്നു.

ദ്യോവിന്റെ ചെകിടടഞ്ഞീടുമത്യുച്ചഘോരാ–
രാവമാമിടികളാലട്ടഹാസങ്ങളിട്ടും,

ആവിജ്വാലയാലക്നേത്രവുമഞ്ചീടുന്ന
തീ വിങ്ങും മിന്നൽക്കണ്ണു തുറിച്ചുനോക്കിക്കൊണ്ടും

ചണ്ഡനായണഞ്ഞ ദുഷ്ടാലരാക്ഷസൻ പോയി;
ഗണ്ഡബിംബത്തിൽ ഭയകാളിമയെല്ലാം നീങ്ങി

പ്രകൃതിദേവി പാടലോഷ്ഠത്തിൽ വീണ്ടും മല്ലീ–
മുകുളധവളമാം പുഞ്ചിരി പൂണ്ടീടുന്നു.

രക്തരക്തമാം വസ്ത്രം വായുവിലൊട്ടു പാറി–
സ്സുക്തമായൊട്ടു നിലത്തടിഞ്ഞു നീക്കയത്തിൽ

മുക്തബന്ധനമായൊട്ടിഴയുമാറും ഭേസി
രക്തമേഘാളിപൂണ്ട ഘോരസന്ധ്യപോലെത്തി

പീരങ്കിയുടെ കഠോരാരവങ്ങളാം വാദ്യം
പൂരിച്ച പോക്കളത്തിലഗ്നിഗോളങ്ങൾകൊണ്ടു

പന്താടിത്തുള്ളിയാത്തുനിന്നൊരു രണകൃത്യ–
മന്ത്രശക്തിയാലെന്നമാതിരി ഭ്രുവിൽ വീണു;

നഷ്ടചേഷ്ടയുമായി ഹാ! ദേവകൃപാമൃത–
വൃഷ്ടിപാതത്താൽ കെട്ട കാട്ടുതീയെന്നപോലെ,

എന്നല്ലക്കൃത്യയുടെ ചരമരംഗമായി
നിന്നൊരാ നിശാചരപ്രിയയായാം ഘോരരാത്രി

പാരം കാണാതെ കരകവിഞ്ഞ ക്രൂരിതുട്ടിൻ–
പൂരങ്ങൾ വാന്നൊഴിഞ്ഞു വിളറി വൃദ്ധയായി

Digitized By Kerala Sahitya Akademi

അതുമല്പോററം ക്ഷതഗാത്രിയായ് വിഷവായു-
വ്രതയായായിരുട്ടിൽ കിടന്ന വീർപ്പുമുട്ടി

നൈരാശ്യനിബിഡമാം വിപത്തുനിറഞ്ഞുള്ള
ദാരുണമഹാദീഘ്ദുഃസ്വപ്നം കണ്ടുകണ്ട

കാഞ്ഞ ഭ്രുവിൽ നെറ്റിത്തടത്തിൽ ദേവിയുഷ-
സ്സാഞ്ഞെത്തി മുഖവായുവൃത്തുന്ന തണുക്കുവാൻ.

ഭംഗിയിൽ സംസ്കരിച്ചു വെണ്മതേടുന്ന ശുദ്ധ-
മംഗലാംബരം ധരിച്ചതിമോഹനാംഗിയായ്

ഉടനെ വിടർന്നുള്ള പനിനീർപ്പൂമഞ്ജരി
മുടിയിലണിഞ്ഞെന്ദ്രി ദൂരത്തു വിലസുന്നു.

അളിയും തേനീച്ചയും ശ്രുതികൂടും മുഴക്കുന്നു,
കിളികൂടും കൂടുകളിൽ ഗാനങ്ങൾ തുടങ്ങുന്നു,

കളമാം കാൽച്ചിലമ്പിന്നൊലിയാന്നെത്തീടുന്നു
നളിനീവനങ്ങളിൽ നൃത്തനംചെയ്വാൻ ലക്ഷ്യി,

കോംകുന്ന സ്നുടമായും മധുരമായും രോമം
ചീക്കുമാറിതാ വീണ്ടും സൗമ്യസൗമ്യയാം ഗാന്ധി

തൻകരപല്ലവാഗ്രം തടവി ലയമാന്ന
തങ്കവീണക്കമ്പികൾ തുവും കാകളിതാനം

(പാടുന്നു...)

മുദ്ദുവെന്നാകിലുമി 'ബ്' ഭ്രപാല' ശാന്തിരാഗ-
മുദിതപ്രസരമായ് മുഴങ്ങി മൂകമായ

പോക്കളംതോറും പ്രതിധ്വനിച്ചും തിരതല്ലി-
യാക്കുന്ന കടൽപ്പാട്ടിൽ കലർന്നും, നിർമ്മാംസമായ്

കാക്കശ്യമാർന്നങ്ങു കിടക്കുമസ്ഥികൂടങ്ങൾ
കേൾക്കുന്ന പുനർജ്ജീവിതാശകളെന്ന തോന്നും.

പാവനമനോജ്ഞമാമന്നാദം കേട്ട മെല്ലെ-
ജ്ജീവികളുള്ളിൽ സമാശ്വാസമാർന്നണയുന്നു.

ഭ്രവലാരികൾ വാഴും മേടകൾമേലും ശുദ്ധ-
പാവങ്ങൾ കിടക്കുന്ന പുല്ലുടിൽക്കുണ്ടിൽപോലും

ദിനശ്രീയഭിനവകാന്തി തേടുന്നു, സന്ധി
പുനർജ്ജീവിപ്പിച്ച ഭ്ര കോംമയിർക്കൊണ്ടീടുന്നു.

ഘനഘോഷംപോൽ കോംകുമുത്സവവെടികളീ-
ജനതയുടെയുൾക്കാമ്പിളക്കിമറിക്കുന്നു.

Digitized By Kerala Sahitya Akademi

അന്തിമേഘങ്ങൾപോലെയംബരം നിറഞ്ഞെങ്ങും
പൊന്തുന്ന പലവണ്ണമാന്നെഴും പതാകകൾ.

ഹന്ത! നാകത്തോളവുമുയർന്നു ശോഭിക്കുന്ന
ബന്ധുശക്തികളുടെ നിശ്ചയജയസ്തംഭം.

ആസുരകിരീടങ്ങൾ തച്ചുടച്ചെടുത്തൊരു
ഭാസുരരത്നങ്ങളാമാധാരശിലകൾമേൽ

നിർമ്മലമാമമ്മഹാസ്തൂപിക പണിചെയ്ത
ധർമ്മജ്ഞരുടെ ശില്പവൈഭവം ജയിക്കുന്നു.

എത്രയോ ലക്ഷം ബന്ധുഭടന്മാർ വികടമാം
മൃത്യുവിൻ തുറന്ന വക്ത്രത്തിൽ നിർഭയം ചാടി

ഇത്ര കേമമാം ദിവ്യഗോപുരം തീർപ്പാൻ സ്വന്ത-
മസ്ഥികളായ വെള്ളക്കല്ലുകൾ നല്കീടിനാർ.

നിജഗേഹത്തെ, നിജധനത്തെ, ബന്ധുക്കളെ,
നിജപ്രേമത്തെ, നിജപ്രാണനെത്തന്നെയുമെ

തൃണമായോർത്തു വലിച്ചെറിഞ്ഞു പോയ രാജ-
പ്രണയികളെ, നിങ്ങൾ ജയിച്ചു ധീരന്മാരെ!

(പാട്ടുന്നു...)

ഹന്ത! രാത്രിയുമിന്നു വേഗത്തിൽ വന്നെത്തുന്നു
ചന്തമാർന്നിക്കൗതുകം കാണുവാനെന്നപോലെ

അഞ്ചിതരാഗമേലും കവിളിൽ വഴിയുന്ന
പുഞ്ചിരിപ്പൊലിമയാം പൂനിലാവോട്ടുമിതാ

അംബരസമുദ്രത്തിലമരരോടിച്ചെത്തും
ഡംബരമാന്നു വെള്ളിത്തുടുകളികപ്പലായ

വെണ്മതികലയെപ്പോയ് മനുഷ്യവിമാനങ്ങൾ
നന്മയിലെതിരേറു കളിച്ചുരസിക്കുന്നു.

തിങ്ങുന്ന നിരനിരയായ് പലനിറമാന്നി-
ന്നെങ്ങുമേ ദീപാവലിയസംഖ്യമായിതോർത്താൽ,

പൊങ്ങിയുത്സവം നോക്കി നില്പ്പയാം തേജസ്വിക-
ളുങ്ങുമുതരായ മിത്രസൈനികാത്മാക്കൾ.

ജയിക്ക മാനികൾക്കു ജീവനാം സൽസ്വാതന്ത്ര്യം,
ജയിക്ക സമസ്ഥാനുഗതമാം ഭ്രാതൃസ്നേഹം.

ജയിക്കയക്ഷതയായ് ശ്രുഭയാം രാജനീതി,
ജയിക്ക ശാശ്വതമാം ധർമ്മവുമെന്നല്ലഹോ

Digitized By Kerala Sahitya Akademi

ജയിക്ക 'ബുദ്ധാനിയേ', ജഗദീശന്റെ നിത്യ–
ദയസ്ഥം പ്രസാദസമ്പത്തിനും പാത്രമായ് നീ.

ജയിഷ്ണുക്കളാം ബന്ധുശക്തികളോടുമാര്യ–
നയജ്ഞേ, ലോകക്ഷേമങ്കരി, നീ ജയിക്കുന്നു!

പാടുന്നു ദേവതകളസുരമുഖാവലി
വാടുന്നു—ഭവിക്കുക ശാന്തിയും ശ്രീയും നിത്യം!

— മാർച്ച് 1919

അദ്ധ്യാപകവൃത്തി

(കിളിപ്പാട്ട്)

മഴമേഘത്തിൻ മുകൾഭാഗത്തു വെള്ളിച്ചിറ–
കഴകിൽപ്പറത്തുന്ന ഹംസത്തിൻ തുമിന്നലായ്

വഴിയും കൃപയോടും കാണുവിൻ ശ്രീകേരള–
മൊഴിമാതാവിൻ ദിവ്യസാന്നിധ്യം മാന്യന്മാരേ.

സച്ഛമാം സുരലോകസീമയിൽ ശ്രീമെത്തും ത–
ന്നുച്ചമാം സ്ഥാനം വെടിഞ്ഞൂഴറിപ്പോന്നാൾ ദേവി

നിശ്ചയം നിജഭക്തർ കേണീടും ദിക്കിലെത്തും
സച്ഛന്ദം സ്നേഹപരാധീനകൾ ദേവതകൾ.

ശങ്ക വേണ്ടതുമല്ല നിങ്ങൾക്കായ് ദേവി മുഖ–
പങ്കജം വിടർന്നാലും മാധ്വിയാമനുഗ്രഹം

മാങ്കൊമ്പിൽ മറഞ്ഞിരുന്നിമ്പമായ് പാടീടുമീ
പൂങ്കയിലിന്റെ നീണ്ട രാഗത്തിൽ കലർത്തുന്നു.

കേൾക്കുവിൻ കൗതുകലം കൈക്കൊണ്ടു മൃദുവാമാ
വാക്കുകൾ ഹിതമിതാക്ഷരങ്ങൾ വരിഷ്ണങ്ങൾ.

ഉൾക്കാമ്പുല്ലസിപ്പിക്കുമതുകളാധിച്ചൂടാൽ
ശ്രേഷ്ഠമാം ശ്രോത്രസിരതന്നെയും തണുപ്പിക്കും:
''മംഗലം വത്സന്മാരേ, വഞ്ചിലക്ഷ്മിയാൾ വാഴും
തുംഗമാം മണിസൗധം താങ്ങീടും സ്തംഭങ്ങളേ,

ഗുരുനാഥന്മാർ നിങ്ങളെന്നിഷ്ടകുമാരന്മാ–
രുരുതു ഖേദിക്കുവതീവിധമൊന്നുകൊണ്ടും.

Digitized By Kerala Sahitya Akademi

വാടിയും വിളറിയും കാണുന്ന കഷ്ടം! കാന്തി–
ധാടിയിൽ നീന്തിടേണ്ടും നിങ്ങടെ മുഖാബ്ജങ്ങം.

പേടി വേണ്ടാ, നിങ്ങളെദ്ഭിക്ഷരക്ഷസ്സിന്റെ
ചൂടേറും കുക്ഷിപോല്യം ദഹിയാ ഗുരുത്വത്താൽ.

കേടണച്ചീടാ നിങ്ങൾക്കാപത്തു, ഗുണമേലും
ഹാടകം കത്തിപ്പോകില്ലഗ്നിയിലറിഞ്ഞാലും.

മറിച്ചു മദ്ഭക്തർക്കു മാറ്റേറാൻ ചിലകാലം
കുറച്ചൊന്നുമല്ലല്ലൽ ഞാൻതന്നെ നല്കുന്നുണ്ടാം.

തേഞ്ഞ വജ്രാങ്ങം കാന്തിചിന്തുന്നു, വെയിലേറു
കാഞ്ഞ ചൂതാങ്ങം കനിയുതിരാൻ പൂത്തീടുന്നു.

ആകയാൽ നിങ്ങളുടെ പവിത്രവൃത്തിതന്നി–
ലാകുലഭാവം വിട്ടു സോത്സാഹം വർത്തിക്കുവിൻ!

ജീവനം കാവ്യൻതാനുമെന്നല്ല ധരണിയിൽ
പാവനാത്മാക്കളം വസിഷ്ഠാദ്യരാമൃഷിമാരും

കേവലം കുലപരമ്പരയായ് കൈക്കൊണ്ടുള്ള
ജീവന മദ്ധ്യാപന മുത്തമോത്തമമല്ലോ.

ചിരകാലമായ് ധർമ്മം മാറീടും കാലചക്ര–
പരിവർത്തനത്തിലാവൃത്തിതൻ വ്യവസ്ഥയിൽ
പെരുതാം ഭേദം വന്നുപോകിലും പററീട്ടില്ല
പരമാർത്ഥത്തിലതിൽക്കളങ്കമറിഞ്ഞാലും.

ബാലചിത്തത്തിൽ ഗുണാങ്കുരങ്ങം പാകാനുള്ള–
മേലായഭാഗ്യമിന്നും നിങ്ങടെ കൈക്കാകുന്നു.

ശീലചേഷ്ടകം പകർത്തീടുന്നതിന്നും വിദ്യാ–
മൂലതത്ത്വങ്ങം ചൊല്ലും ഗുരുവിൽനിന്നു ബാലൻ.

പാവനാശയന്മാരേ! യതിനാൽച്ചുരുക്കത്തിൽ
സാവധാനമായ് കോംപ്പിൻ ജനങ്ങം വിശ്വാസത്താൽ

ഭാവിയാം വഞ്ചിരാജ്യം സൃഷ്ടിചെയ്യുവാനുള്ള
കേവലമായ മണ്ണു നിങ്ങളെയേല്പിക്കുന്നു.

ഭംഗിതാൻ വൈരൂപ്യംതാനാശില്പത്തിന്നു ഭവ–
ദംഗുലിവ്യാപാരത്തെയാശ്രയിച്ചിരിക്കും മേൽ.

ഭംഗമെന്നിയേ പരമോത്തരവാദമാർന്നു
തുംഗമാമസ്ഥാനത്തിൽ വർത്തിപ്പിൻ സദ്ഗുരായ്.

Digitized By Kerala Sahitya Akademi

ശരി, ലേഖനിയേന്തും നിങ്ങൾക്കു മൺവെട്ടിയോ
കരിയോ വഹിച്ചീടുമക്ഷരവിഹീനന്റെ

കൂലിയേക്കാളും കുറവായ വേതനം നല്കി
മാലേകും ലജ്ജാകരകഥ ഞാനറിയുന്നു.

സങ്കടം ഭദ്രന്മാരേ താമസിയാതെ തീരും
ശങ്കിയായ്‌വിൻ കുചേലശ്രീകൊണ്ടു ജാലം കാട്ടും

മലർമാതിൻകാന്തന്റെ മന്ദിരദ്വാസൻ മൂല-
കുലശേഖരപ്പെരുമാൾ ചേക്കും കൂപാട്ടഷ്ടി.''

—ഏപ്രിൽ 1920

കാവ്യകല അഥവാ ഏഴാം ഇന്ദ്രിയം

ഏകാന്തം വിഷമമൃതാക്കിയും വെറും പാ-
ഴാകാശങ്ങളിലലർവാടിയാരചിച്ചും
ലോകാനുഗ്രഹപരയായെഴും കലേ, നിൻ
ശ്രീകാൽത്താരിണയടിയങ്ങും കുമ്പിടുന്നു.

ആക്കും നിൻ വടിവറിവില്ല,യഘ്യമാല്യം
കോക്കും നിൻ പ്രതിമകളും നോക്കിയച്ചുകന്മാർ
ഓക്കും നിൻ മഹിമകളാരവക്കു രോമം
ചീക്കുന്നുണ്ടതുമതിയംബ, വിശ്വസിപ്പാൻ.

തുംഗശ്രീഗിരിശിഖരങ്ങൾ, ഭ്രൂവീചീ-
ഭംഗവ്യാകുലജലമാന്ന സാഗരങ്ങൾ,
എങ്ങും പുഷ്ടിതവനഭ്രകുകളെന്നിവറ്റിൽ
തങ്ങും നിൻ ചുവടുകൾ ദേവി, മാഞ്ഞുപോകാ.

താരാമണ്ഡലമുരുസൗരയൂഥമെന്ന-
ല്പോരോ രേണുവുമതുപോലെ ചക്രമാക്കി
പാരാകെബ്ഭഗവതി, ഭിന്നവേഗമായ് നിൻ
തേരോടുന്നിതു ബുധരെങ്കു നോക്കിയാലും.

ഓമൽപ്പൂവിശദനിലാവിലും തമാല-
ശ്രീമങ്ങും കൊടിയൊരു കുരിരുട്ടിലും നീ
തുമന്ദസ്മിതരുചിയൊന്നുപോലെ തുവ്വും
സാമർത്ഥ്യം സുകൃതികൾ കാണ്മു തമ്പുരാട്ടി.

Digitized By Kerala Sahitya Akademi

ചാരത്തജ്ജനനി മരിച്ചു ചിത്തതാപം
തീരാത്തുണ്ടികളുടെ കണ്ണുനീക്കളത്തിൽ
നീരാട്ടം ചിലപൊഴുതംബ, നീ ചിലപ്പോഴും
പോരാളിപ്പരിഷ ചൊരിഞ്ഞ ചോരയാറിൽ.

മാനഞ്ചും മിഴിയുടെ ചാഞ്ഞ ചില്ലിമേലും
ധ്യാനസ്ഥൻ മുനിയുടെ ഹസ്തമുദ്രമേലും
ന്യൂനം ചെറൊരു ഭിദയെന്നി ദേവി, ഭക്തൻ
പാനംചെയ്‌വിതു ഭവദീയവാക്‌പ്രവാഹം.

നെഞ്ചാളും വിനയമൊടെന്നി പൗരുഷത്താൽ
നിഞ്ചാരുദ്യുതി കണികാണ്മതില്ലൊരാളും
കൊഞ്ചിത്തത്തൻമൊഴിമണി, നിത്യകന്യകേ, നിൻ
മഞ്ചത്തിൻ മണമറികില്ല മുത്തിമാരും.

പാഴാകും മരുവിലലഞ്ഞു സർവഗേ, നീ
വാഴാറുള്ളരമനതേടി വാടി ഞങ്ങൾ
കേഴാതാ രസമയരാജ്യസീമ കാണ്മാൻ
'ഏഴാമിന്ദ്രിയ'മിനിയപൊടേകുകമ്മേ!—

—ഫെബ്രുവരി 1922

ഭാരതമയൂരം അഥവാ നമ്മുടെ മയിൽ

('ഗോപകുമാര' എന്ന മട്ട്)

ഇങ്ങനെ ഭംഗിയിണങ്ങിവിളങ്ങുമൊ–
രീശ്വരസൃഷ്ടിയുണ്ടോ–
യിങ്ങെങ്ങുപാത്താലുമേഴാഴിച്ചുഴ്ന്നെഴു–
മൂഴിയിൽത്തേടിയാലും?
പൊങ്ങിയ പാറമേൽ പൂമ്പീലിച്ചാത്തു വി–
ത്തുത്തിമ്മയിലാടുന്നു
നിങ്ങളം മിഴിത്തുറന്നൊന്നഹോ! നോക്കുവിൻ
നോക്കുവിൻ സോദരരേ!

കൊണ്ടൽ പോയ് താരങ്ങൾ മിന്നും കുവലയ–
നീലമാം വിൺപരപ്പോ
വണ്ടൊളിവാർവനം പൂത്തുവിലസും വ–
സുമതീമണ്ഡലമോ

Digitized By Kerala Sahitya Akademi

തിണ്ടാടി വട്ടത്തിൽത്തുവണ്ണുധോരണി
തുവുന്ന നീയിതുകൾ,
രണ്ടിനുമുള്ളിൽ മഴവില്ലോ രണ്ടുമോ
മുന്നുമോ പൂമ്മയിലേ.

പച്ചപ്പുൽക്കാന്തി ചിതറും മരതകം
നീലം ചെമ്പദ്മരാഗം
സ്വച്ഛമാം തുവൈരം സാഗരമൗക്തികം
സൗവർണ്ണഗോമേദകം
ഇച്ചൊന്ന രത്നങ്ങൾ പെറെഴുമിന്ദ്യയെ–
ന്നമ്മയെന്നോ മയിലേ–
യുച്ചത്തിൽപ്പാടിയുദഞ്ചിതകൗതുകം
താണ്ഡവംചെയ്യുന്ന നീ.

പാവനയോഗികൾ കാട്ടിൽ നിൻപാദത്തി–
ലാസനം ശീലിക്കുന്നു,
ദേവസേനാപതി വൻപടമുമ്പിൽ സ–
വാരിചെയ്യുന്ന നിന്നിൽ
ഹാ! വന്മുഗളന്യുപാസനമായി നീ–
യാംഗലാധീനമായി,
കേവലം ചാരുമയൂരമേ, കാണ്മവ–
ക്കാക്കു നീ കാമ്യമല്ല?

ഉന്നമ്രചൂഡാമകുടവുമുദ്ഗള–
നാളമണിച്ചെങ്കോലും
മിന്നും ചിറകിൻതഴകളും മോഹന–
പിഞ്ഛരാതപത്രംതാനും
ധന്യമയൂരമേ, നിന്നിൽ ത്തെളിയിച്ചു
നിത്യസ്വരാജ്യമാളും
അന്യനശ്രീയമ്മ ഭാരതഭ്രമിതാ–
നാനന്ദവാസഭ്രമി.

—ഫെബ്രുവരി 1923

Digitized By Kerala Sahitya Akademi

വനമാല

Digitized By Kerala Sahitya Akademi

കവിതകൾ

ഗരിസപ്പാ അരുവി അല്ലെങ്കിൽ ഒരു വനയാത്ര —പേജ് 699
കളകണ്ഠഗീതം —705
ഒരു പാട്ട് —708
ഒരു തീയക്കുട്ടിയുടെ വിചാരം —709
അച്ഛൻ —711
ഒരു സന്ധ്യ —711
എന്റെ പ്രമാണം —713
ലോകം —713
ഉൾനാട്ടിലെ ഓണം —715
പ്രാണിദയ —717
പൂവാംപൊഞ്ചഷകത്തിങ്കൽ —718
ഗുണഗണങ്ങൾ —718
എന്റെ സ്നേഹിതന്റെ ദേഹവിയോഗം —718
പറന്നുപോയ ഹംസം —721
അനുശോചനം —722
ഒരു ചരമം —723
ചരമശ്ലോകങ്ങൾ —723
ചെറിയവ —724
ജീവിതവും മരണവും —725
നമ്മുടെ മൂടുപടം —727
അഹിംസ —728
നെയ്ത്തുകാരുടെ ഒരു പാട്ട് —728
ഭാഷാമനീഷാപഞ്ചകം —729
ഒരു തജ്ജമ —731
ഡൽഹി കിരീടധാരണം —732
പള്ളിക്കെട്ടു മംഗളാശംസ —733
ഷഷ്ടിപൂർത്തിമംഗളം —735
മംഗളാശംസകൾ —738
കേരളവർമ്മതിരുനാൾ മംഗളം —740
ഒരു യാത്രാമംഗളം
(ദിവാൻ പി. രാജഗോപാലാചാരിക്കു) —741

Digitized By Kerala Sahitya Akademi

ഒരു യാത്രാമംഗളം (സർ എം. കൃഷ്ണൻനായക്കു്) —742
ഒരു യാത്രവഴങ്ങുന്നു —743
രണ്ടു മംഗളാശംസകൾ —745
മൂലൂരിനയച്ച കത്തു് —745
ഒരു മുപടി —748
അഭിപ്രായപദ്യങ്ങൾ —749
ഒരു എഴുത്തു് —749
വിവേകാനന്ദസ്വാമികളുടെ ഒരു കവിത —755
ഒരു അനുമോദനം —758
ഉദിക്കുന്ന നക്ഷത്രം —761
സ്വാമിതിരുനാൾമംഗളം —762
ഗുരു —764
സ്വാമിതിരുനാൾ വഞ്ചിപ്പാട്ടു് —765
ഗുരുപാദദശകം —767
എഡ്വർഡ്ചക്രവർത്തിയുടെ പ്രിയപ്പെട്ട പ്രാർത്ഥന —770
ഒരു വിവാഹമംഗളപ്രാർത്ഥന —771
സരസ്വതീപഞ്ചകം —772
ശിവമാഹാത്മ്യസ്തോത്രം —774
ശിവഭക്തിപഞ്ചകം —778
കരുണാനിധിസ്തോത്രം —778
ഭാഷാമേഘസന്ദേശം —780
ശിഖിവാഹനധ്യാനദശകം —788
മയൂരസന്ദേശം തർജ്ജമ —790
ഓം —790
ശാരദാസ്തവം —791
രാജയോഗസമർപ്പണം —793
ഷഷ്ടിപൂർത്തിമംഗളം —795
ഒരു സമർപ്പണം —795
കിമപി പ്രതിനിവേദനം —795
പുന്നാമംഗളം —796
ഒരു കത്തു് —796
സ്നേഹോക്തി —796
സ്വാഗതപഞ്ചകം —797
സ്വാഗതപത്രിക —797

Digitized By Kerala Sahitya Akademi

അവതാരിക

'മണിമാല'യുടെ മുഖവുരയിൽ പറഞ്ഞിരുന്നതനുസരിച്ച് "വനമാല' ഇപ്പോൾ പ്രസിദ്ധംചെയ്യുകൊള്ളുന്നു. ഇതിൽ ചേർത്തിട്ടുള്ള കൃതികളിൽ 'ഒരു വനയാത്ര' മുതലായി ഏതാനും ചിലതൊഴിച്ചു ശേഷമെല്ലാം മാസികകളിലോ പത്രഗ്രന്ഥങ്ങളിലോ മുമ്പു പ്രസിദ്ധംചെയ്തിട്ടുള്ളവയാണു്. എന്നാൽ ഇവ ഒന്നുംതന്നെ പുസ്തകരൂപത്തിൽ ഇതിനുമുമ്പു പുറത്തുവന്നിട്ടില്ല. ഇവയെ സാഹിത്യലോകത്തിൽ പ്രചരിപ്പിക്കുന്നതിനാകട്ടെ ആരും ഉദ്യമിച്ചിട്ടുമില്ല. ഈ കൃതികളും എല്ലാം ദീർഘമായ ഒരു കാലാവധിക്കുള്ളിലും ഓരോ പ്രത്യേകസംഭവത്തേയോ അവസരത്തേയോ ലാക്കാക്കിയും കവി രചിച്ചിട്ടുള്ളതാകുന്നു. ഇവയിൽ അപൂർണ്ണമായുള്ളവയെ പൂർത്തിയാക്കണമെന്നും പുസ്തകരൂപത്തിൽ പ്രസിദ്ധംചെയ്യുന്നതിനുമുമ്പു് എല്ലാംതന്നെ ഒന്നുതേച്ചുമിനുക്കണമെന്നും കവിക്കു് ഉദ്ദേശമുണ്ടായിരുന്നു. പൊതുവേ ഒരു വിഷയസാമ്യം മാത്രംനോക്കി ആത്മഗീതങ്ങളും (Lyrics), തർജ്ജമകളും, മംഗളഗാനങ്ങളും ഇങ്ങനെ പ്രസ്തുത കൃതികളെ തരംതിരിച്ചു ക്രമപ്രകാരം ഇവിടെ ചേർത്തിരിക്കയാണു്. ഓരോ കൃതിയും എഴുതിയ കാലം, അതാതിന്റെ ചുവട്ടിൽ കൊടുത്തിട്ടുണ്ടു്. ഈ കൃതികളുടെ പാഠങ്ങളും ഇവിടെ സ്വീകരിച്ചിട്ടുള്ളതു് അധികവും കവിയുടെ നോട്ടപുസ്തകങ്ങളേയും ചിലതെല്ലാം അച്ചടിപ്പകർപ്പുകളേയും ആധാരമാക്കിയാകുന്നു.

കവിയുടെ പ്രതിഭാവിലാസം, കാവ്യനിർമ്മാണചാതുരി ഇവയുടെ ക്രമപ്രവൃദ്ധമായ വളർച്ചയെ സൂക്ഷിച്ചു മനസ്സിലാക്കുന്നതിനു് ഈ പ്രസിദ്ധീകരണം അത്യധികം ഉപകരിക്കുമെന്നും ഇതിനു ഭാഷാപ്രണയികളുടെ ഇടയിൽ വേണ്ടപോലുള്ള സ്വീകരണം ലഭിക്കുമെന്നും ഉള്ള പ്രത്യാശയോടുകൂടി 'വനമാല'യെ ഞാൻ പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തോന്നയ്ക്കൽ
15–2–1925

മിസ്സിസ് കുമാരനാശാൻ

Digitized By Kerala Sahitya Akademi

ഗരിസപ്പാ അരുവി അല്ലെങ്കിൽ ഒരു വനയാത്ര

ആറായികൊല്ലമതുമല്ലഥ സംഭവങ്ങൾ
ആറായതിന്നുപരിയെങ്കിലുമോർത്തുതന്നിൽ
മാറാതെ,മേൽ മണൽപെട്ടം നിഴൽപോലെ പൊങ്ങു-
മാറായി കൗതുകമൊടാ വനയാത്രയിന്നും.

എന്നല്ലയന്ന സുഖജാഡ്യമിയന്ന ചിത്ത-
മിന്നാന്നിതുൽകലികയക്കഥ പാടുവാനും
സ്പന്ദിച്ചിടാതരിയ പൂമധുവുണ്ട തെല്ല
മന്ദിച്ചിരുന്ന മുരളന്നൊരു വണ്ടുപോലെ.

കാണന്ന ഞാനരുവി വീഴവതിപ്പൊഴും, മൽ-
പ്രാണങ്ങളം നിർവൃതികലന്നതിൽ നിന്നിടുന്ന
വാണികതിൽത്തുനിയുവാൻ വിരുതററപോലെ
പോണായതാദ്യമതിദൂരവനത്തെ വാഴ്ത്താൻ.

തുംഗാതടംമുതൽ വടക്കു തുടന്ന കാണും
ശൃംഗങ്ങളംമേൽ മിഴിയെയിന്നുമിഴച്ചിടുന്ന
തുംഗാനുബന്ധികളാം നഭഃസ്ഥലി തന്നെ വേട്ട
ഭംഗാസിതച്ഛവികളാം പശ്ചിമപർവ്വതങ്ങളം.

ചൊല്ലോണ്ടിടുന്ന 'ശിമഗാ'നഗരത്തിൽനിന്നു-
മക്കാളവണ്ടി വഴിയേ നെടു രഥ്യയൂടെ
ഉൾക്കൊണ്ട കൗതുകമുരപ്പതിനിഷ്ടരെന്യേ-
യുൽകണുപൂണ്ട വനഭ്രവണയുന്നിതാ ഞാൻ.

സാലങ്ങളം വിട്ടുപരി പൂങ്കൊടി സഞ്ചരിക്കു-
മ്പോലംബരത്തിൽ മയിൽ വട്ടമിടും വനങ്ങളം
ഹാ! ലക്ഷ്യമായി, നടകൊൾവൊരു ഗണ്ഡശൈല-
ജാലം കണക്കുലയുമാനയെഴും സ്ഥലങ്ങളം.

തൽസീമതന്നില'യന്തരി'ലൊരേടമെത്തി
മൽസൗഹൃദൈകനിധി വാഴ്വത നോക്കി നോക്കി
ഉത്സാഹമുത്തമിവററയൊടെന്നെറയുള്ളി-
ലുത്സുക്യവും ത്വരയുമായ് വഴി നീങ്ങിടുന്നു.

Digitized By Kerala Sahitya Akademi

ആരണ്യപുഷ്പനിരയല്ലയ ബംഗളങ്ങ–
ളാരാമരമ്യകുസുമോൽകരമാണ്മല്ല
ദൂരത്തിലാ പ്രിയതയാണ്ട മുഖങ്ങളൊട്ടു
താങ്ങാം താണവിടെ നിൽപ്പതുപോൽ സ്ഫുരിപ്പൂ.

ചിന്തിക്കിലിന്നമതഹോ! നവഹർഷബാഷ്പം
ചിന്തുന്ന കണ്ണി,നതിരറ്റെഴുമെ പ്രമോദം
സ്വന്തം ഗൃഹങ്ങളിലുമിഷ്ടരണഞ്ഞിടുമ്പോ–
ളെന്താകണം കഥ വിദേശവനാന്തരത്തിൽ!

സ്നേഹം ജഗത്തിതിനെ ജീവിതമാം നിനയ്ക്കിൽ
മോഹാന്ധജീവിതമതിന്നമഹോ വിളക്കാം
ആഹന്ത! കോശമിഹ ഞാനെഴുതീടിലേകം
സ്നേഹത്തിനാത്മസുഖമെന്നൊരു സംജ്ഞകൂടി.

ലോകാന്തരാഗമിയലാത്തവരേ, നരന്റെ–
യാകാരമാന്നിവിടെ നിങ്ങളം ജനിച്ചിടായ്വിൻ
ഏകാന്തനിർമ്മമതരേ, വെറുതേ വനത്തി–
ന്നേകാന്തമാം ഗ്രഹ വെടിഞ്ഞു വെളിപ്പെടായ്വിൻ.

എത്തുന്നതേ മിഴിയിലെന്നിലുദിക്കുമൻപാൽ
വിസ്താരിതേക്ഷണമെഴും സുമുഖൻ സഖാതാൻ
പ്രത്യക്ഷമായ് വിടുഷിയാം പ്രിയയോടുമെന്നേ–
ലത്യന്തമുൾപ്രിയമിയന്ന കിടാങ്ങളോട്ടം.

ഓക്കുന്നിതങ്ങവർ മുസാവരിതന്നിലെന്നെ–
പ്പാക്കുന്നതും കുളികഴിഞ്ഞു കുതൂഹലത്താൽ
നോക്കിന്നുനോക്കു,മകമേ പ്രിയമേലുമോരോ
വാക്കിന്നുവാക്കുമരുളുന്നതുമുണ്മതും ഞാൻ,

ചിന്തിപ്പു,പോയൊടുവിലച്ചെറുകാനനത്തിൻ
ചന്തങ്ങളം കണ്ടിടയിൽ നില്പതിരിപ്പതും ഹാ!
സന്തുഷ്ടിപൂണ്ടഴറി ഞങ്ങളം നികേതനത്തി–
ലന്തിക്കുമമ്പണവതും പതഗങ്ങൾപോലെ.

പാരം തെളിഞ്ഞ ഹൃദയങ്ങളിലങ്ങു കണ്ട–
തോരോന്നുമാശ്രു നിഴലിച്ചു കിനാവു കണ്ടും
തീരാത്ത കൗതുകഭരത്തൊടടുത്ത നാൾ ഹാ!
നേരം വെളുപ്പതിനുമുമ്പുണരുന്ന ഞങ്ങൾ.

ആലോലമൂതുമൊരു കാറിലഹോ ജനത്തി–
ന്നാലാപമേതുമിയലാത്ത വനാന്തഭൂവിൽ

Digitized By Kerala Sahitya Akademi

കാലത്തുണർന്നു കളനാദമെഴുന്ന പക്ഷി–
ജാലങ്ങൾ പാടിടുവതാത്മസുഖം തരുന്നു.

പോകാതെയും ശിശിരമുദ്ഭടപുഷ്പകാല–
മാകാതെയും സ്വയമുഷസ്സിൽ ഹിമാർദ്രമായും
ഏകുന്ന കൗതുക,മിളംതളിരാൻ, കന്യാ–
പാകത്തിൽനിന്ന, പരിശുദ്ധവനാന്തഭംഗി.

കാണുന്നു ഞങ്ങളണപൊട്ടിയപോൽക്കിഴക്കു
ചേണാൻ ചിന്തുമരുണാരുണകാന്തിപൂരം
ക്ഷോണീതലം നിറവതും ഹിമശീകരങ്ങൾ
മാണിക്യശോഭ തടവുന്നതുമൊട്ടുനേരം.

അന്നന്തിയാവതിനകം 'ബനവല്ലി'യെത്താ–
നൊന്നിച്ചു കൗതുകമൊടൊത്തു തിരിച്ചു ഞങ്ങൾ
ചെന്നീടവേ ധരയുമംബരവും മറച്ചു
നിന്നീടുമായടവിയുള്ളമുലച്ചു പാരം.

മെല്ലെന്നു ശാഖികളിലൂതിയ കാറിലുഷ്മി–
തല്ലുന്നപോലിളകിനിന്ന മഹാവനത്തിൽ
ഉല്ലാസമാൻ നടുവേ മുഴുകുന്ന ഞങ്ങ–
ളെല്ലാവരും കടലിൽ മത്സ്യഗണം കണക്കെ.

സൂര്യൻ പുറത്തെഴുമിരുട്ടകറ്റുന്ന കാറിൻ–
കാര്യം വെടിഞ്ഞ നിലയും സുഖമാം തണുപ്പും
പര്യാകുലം കിളികൾതൻ സ്വനവും മരത്തിൻ–
നിര്യാസഗന്ധവുമഹോ! കവരുന്ന ചിത്തം.

നോക്കുന്ന ദിക്കുകളിലൊക്കെ മഹാതരുക്കൾ,
പൂക്കും മഹാലതകളും, ഭ്രരി മുളന്തടങ്ങൾ,
നില്ക്കാതെ വെള്ളിലകളും വീണവ മെത്തയായു–
ള്ളക്കാട്ടിലെത്തറകളാരിഹ വാഴ്ത്തുമെല്ലാം!

ഓടിപ്പു ബാഹ്യകരണങ്ങളെ ഞങ്ങൾ, കാട്ടിൻ
മോടിപ്രഭാവമതിലങ്ങവ മങ്ങി നില്പൂ
ക്രീഡിച്ചു വാടിയ കിടാങ്ങൾകണക്കെ വൃഷ്ടി
താഡിച്ച പിച്ചിമലരിൻ നികരം കണക്കെ.

കണ്ടാമനോജ്ഞതകളും കുട്ടികളും വിസ്മയിച്ചു–
കൊണ്ടാശു ഞങ്ങടെ മുഖങ്ങളിൽ നോക്കിയും ഹാ!
കൊണ്ടാടി ഞങ്ങളിതരേതരവും മിഴിച്ചു
മിണ്ടാതിരിപ്പു ശിവനേ! മൊഴി തോന്നിടാതെ.

Digitized By Kerala Sahitya Akademi

പെട്ടെന്നു ഞങ്ങളൊരലൗകികമാം സുഖത്തിൽ-
പ്പെട്ടെന്തിവണ്ണ?—മഥവാ സ്വയമാദിശക്തി
വെട്ടിത്തെളിച്ചു, വികൃതാകൃതിയാക്കിടാതെ
വിട്ടുള്ള പ്രകൃതിഭംഗിയിൽ വാഴ്വു ദേഹി.

ഓടാതെ, കണ്ണുമണിനാദമെഴാതെ, ഭക്തി-
തേടുന്നവാറിവിടെ മന്ദമഹോ നടപ്പൂ
ഈടാന്ന വണ്ടിയെയിഴച്ചിണയൊത്ത മൈസൂർ-
മാടും മലഞ്ചരിവിൽ വെണ്കുകിലിൻദ്വയംപോൽ.

ഒട്ടപ്പുറത്തുടനെ ഞങ്ങൾ ദിനേശരശ്മി
പെട്ടെങ്ങുമിങ്ങുമിടവിട്ട മരങ്ങൾ കണ്ടു
പെട്ടെന്നു വീർപ്പുതടവൂ, മനവും കിനാവു-
വിട്ടങ്ങുഷസ്സിലുണരും ശിശുപോൽക്കളിപ്പൂ.

നൂനം മനോഹരവനങ്ങളിലിപ്പുപോലെ-
യാനന്ദമാന്നു മരുവും ചരജീവിവൃന്ദം
ജ്ഞാനം വഹിക്കുകിലവറയിലേകമാവാൻ
ഞാനെപ്പൊഴും മതിയിൽ മോഹമിയന്നിടുന്നു.

നില്പാമടുത്തിവിടെയാന മുളന്തടത്തിൽ
ഇക്കണ്ട വള്ളിമറയിൽക്കടുവാ കിടക്കാം
അക്കാര്യമോർത്തടവിയിൽ പ്രണയം വിടുന്നി-
ല്ലെങ്കാമ്പു പേടിയറിയാ സുഖമേറിടുമ്പോൾ.

വിണ്ണിറമാഞ്ഞു വളരും മുളതന്റെ മൈലിൻ-
കണ്ണിറ പീലിസമമാം തഴ കാറിലാടി
തിണ്ണെന്നഴക്കുകൾ തുടച്ചു നഭസ്സിൽ നീല-
വണ്ണം പുതുക്കിടുകയല്ലി വസന്തമെത്താൻ?

കെട്ടിശ്ശിശുക്കളെയിഴച്ചു മരത്തിലൊന്നു
വിട്ടൊന്നിലൂക്കൊടു കുരങ്ങുകൾ ചാടിടുമ്പോൾ
പൊട്ടിച്ചിരിച്ചു വഴിമേലരുളുന്ന ഞങ്ങൾ-
ക്കൊട്ടേറെ മോദമതിവിസ്മിതരാം കിടാങ്ങൾ.

പോയാശു ഞങ്ങളഥ വണ്ടിയിൽനിന്നിറങ്ങി-
സ്സായാഹ്നശോഭയതു കണ്ടു നടന്നു മന്ദം
ആയാസമെന്നിയണയുന്ന ഖഗങ്ങൾ കൂവും
തോയാശയത്തിനരികിൽച്ചെറു ബങ്കിളാവിൽ.

നില്ലാതെ പോയ് ശിശിരമേറെ വിടർന്ന പൂക്ക-
ളില്ലാസ്സിലും നെടിയ പൊയ്ക തരുന്ന മോദം

Digitized By Kerala Sahitya Akademi

വല്ലാത്ത രോഗവിഷമസ്ഥിതി വിട്ട മെല്ലെ-
യുല്ലാഘഭാവമെഴുമിഷ്ടജനംകണക്കെ.

ആത്തും വിളിച്ചുമിടയിൽച്ചിറകാഞ്ഞടിച്ചു
നീത്തുള്ളിപാറി നിരയായ് നിരയായ്പ്പറന്നും
പേത്തും ജലോപരി പതിച്ചുമുഴന്ന പക്ഷി-
ച്ചാത്തുൾപതിച്ചുമിത ചേക്കു തിരഞ്ഞിടുന്നു.

മേയുന്ന കാലികളുമൊത്തിടയക്കിടാങ്ങൾ
പോയുള്ള പുല്ലുകൾ നിറഞ്ഞ നിലത്തിലൂടെ
തേയാത്തൊരോമ്മ തരുപ്പകൽ പൊയ്ക്കുവക്കിൽ
മായുന്നതോത്തവിടെ ഞങ്ങൾ നടന്നിടുന്നു.

ദൂരത്തു പശ്ചിമതടത്തിലെരിഞ്ഞടങ്ങും
സൂര്യന്റെ കാന്തിയുമിരുട്ടുമിടഞ്ഞിടുന്നു
ഊരിൽക്കൊളുത്തിയ വിളക്കുകൾ പൊങ്ങിടാത്ത
താരങ്ങൾപോലകലെ മങ്ങി വിളങ്ങിടുന്നു.

മേടാകുമസ്ഥലമതിൽച്ചെറുബങ്കിളാവിൽ-
ക്കൂടാരമപ്പരിജനങ്ങളൊരുക്കി മുമ്പേ
വീടാക്കിയൂണിനുമുറക്കിനുമേതുമല്പൽ-
കൂടാതെ രാത്രിയിലതിൽക്കഴിയുന്ന ഞങ്ങൾ.

മിണ്ടാതെ കട്ടികൾ കിടക്കയണഞ്ഞു, കുമ്പും
തണ്ടാറുപോലെ മിഴിപൂട്ടിയുറങ്ങിടുമ്പോൾ
കണ്ടാളെഴാത്ത മലനാട്ടിലെ രാവു ഞങ്ങൾ
രണ്ടാമതും വെളിയിലെത്തിയിരുന്നിടുന്നു.

അന്തിക്കു മൊട്ടുകൾ വിടന്നൊരു കാട്ടുമുല്ല
ചിന്തും മണത്തൊടു തണുത്ത കൊഴുത്ത തെന്നൽ
പന്തിക്കു ചെറു പനിനീരു പൊടിഞ്ഞു വീശി-
യെന്തുള്ളലിഞ്ഞു കളഭം കടയുന്നതല്പീ?

ചാരത്തു കായ്നിര പഴുത്തു മണം കലർന്ന
പേരാലിൽ വന്നു കടവാതിൽ നിറഞ്ഞുപോയി
നേരേ നിലാവതിൽ മുതിർന്നു പറന്നു മുങ്ങ-
യോരോരു മൂലകളിൽ മൂളിയിരുപ്പുമായി.

എങ്ങും പരക്കുമൊരുമൂടലിയന്നു മങ്ങു-
മിങ്ങും ചടച്ചു വിളറും ചെറുകൊണ്ടലാന്നും
മങ്ങും നിലാവിൽ മരവും നിഴലും നിലത്തി-
ലങ്ങങ്ങു രാവിരുളു കൂട്ടുവതോ നിരത്താൻ?

Digitized By Kerala Sahitya Akademi

ഏറുന്നൊരിമ്പമതിനാൽ മൊഴിവിട്ട ഞങ്ങൾ
ക്കുറാന്നിടുന്ന തനിയേ വെറുതേയിരിപ്പിൽ
പാരിപ്പിലേ സുഖമനുഭഗണത്തിനൊന്നി-
ലേരായടിക്കു വിലസും രവി മൗനമത്രേ.

വിട്ടങ്ങിരിക്കയെടുത്ത് മലർപോയൊഴിഞ്ഞ
ഞെട്ടാകിയുള്ളിലണയും ദിനതോമലാളി
ഒട്ടോത്തിരുന്നിനിയ തോഴർ തുടന്നുപോയ
മട്ടും മറന്നവിടെ ഞാൻ തനിയേയിരിപ്പു.

വാഴ്ത്തുന്നതില്ല മതിയാണ്ട വെളിച്ചമെങ്ങും
നോക്കുന്ന താരകകൾ നിന്ന മയങ്ങിടുന്നു
കേൾക്കുന്നതുണ്ടു ചെറുകാറ്റിനിരമ്പൽ മെല്ലെ-
ക്കുക്കംവലിച്ചുലകുതന്നെയുറങ്ങുകല്ലീ?

(അപൂർണ്ണം)

അനുബന്ധം

രണ്ടായി കൊല്ലമതുമല്ലിതിനുള്ളിലേറെ-
യുണ്ടായി സംഭവമിതൊക്കെ മറന്നുകില്ലും താൻ
തിണ്ടാടിയോമ്മയിലഹോ നിഴൽപോലെ പൊങ്ങു-
ന്നുണ്ടാകുമുഹലവുമാ വനയാത്രതാനും.

എന്നല്ലയന്നു സുഖമൂകതയാണ്ട ചിത്ത-
മിന്നേറമുൽക്കലികയാണ്നിത്ര പാടുവാനും
സ്പന്ദിച്ചിടാതെ പുതുപൂമധുവുണ്ട പാരം
മന്ദിച്ചിരുന്ന മുരളിന്നൊരു വണ്ടുപോലെ.

കാണുന്നു മുമ്പരുവി ഞാൻ, അതിൽനിന്നിടുന്നെൻ-
പ്രാണങ്ങൾ നിർവൃതി കലർന്നടനെങ്കിലും താൻ
വാണീ മദീയയതിൽ വൈഭവമറവപോലെ
പോണിന്നു പിൻവഴിയിലുള്ള വനാന്തരത്തിൽ.

തുംഗാതടംമുതൽ വടക്കു തുടർന്നുകാണും
ശൃംഗങ്ങൾമേൽ മിഴിയെയിന്നുമിഴച്ചിടുന്നു
തുംഗാനുബന്ധികൾ നഭഃസ്ഥലിതന്നെ വേട്ട
ഭൃംഗാസിതമ്ലവികൾ പശ്ചിമപർവ്വതങ്ങൾ.

ഹാ! ലക്ഷ്യമായ് ലളിതജംഗമഗണ്ഡശൈല-
ജാലത്തൊടൊത്ത ഗജയൂഥസമാകുലങ്ങൾ

Digitized By Kerala Sahitya Akademi

സാലങ്ങൾവിട്ടിത ലതാവലയം പറക്കും–
പോലംബരത്തിൽ മയിൽ വട്ടമിടും വനങ്ങൾ.

വാസ്യം സുഖം വിജനനഷ്ടവികാസമാകാ–
താക്കീയിനിക്ക വിധി, കണ്ടയി(?)സൗഹൃദത്താൽ
ആക്കാട്ട കാണ്മതിനണഞ്ഞ 'യന്യരി'ലെന്നെ–
ക്കാക്കുന്നൊരാ പ്രിയമുഖങ്ങളെയിന്നിതാ ഞാൻ.

ആഹാ സുഹൃത്തമസമാഗമസൗഖ്യമെത്ര
മോഹാസ്പദം സ്വയമത്രം പുനരന്യനാട്ടിൽ
സ്നേഹാകുലത്വമൊട്ട പിന്നൊരുകാട്ടിൽ—ഏതു
സൗഹാർദ്ദഹാർദ്ദതയൊഴിഞ്ഞഥവാ സുഖംതാൻ.

ലോകാന്തരാഗവിമുഖാത്മഗണങ്ങളേ, മ–
ത്പ്യാകാരമാന്നിവിടെ നിങ്ങൾ ജനിച്ചിടായ്വിൻ
ഏകാന്തവാർമ്മമതരേ ബത! നിങ്ങൾ നാട്ടി–
ലേകാന്തമാം ഗ്രഹയിൽനിന്ന പുറപ്പെടായ്വിൻ.

നെഞ്ചൊത്തുകൂടിയുരുനിർവൃതിയാന്ന നീളെ–
ച്ചഞ്ചൊത്തെഴുന്ന വനശോഭകളാസ്വദിപ്പാൻ
ചാഞ്ചാടുമിന്ദ്രിയപശുക്കളെ മേച്ചുപോന്ന
വാഞ്ഛാനുകൂലമിത ഗോപർകണക്കെ ഞങ്ങൾ.

പോകാതെയും ശിശിരമുദ്ഭടപുഷ്പകാല–
മാകാതെയും ദിനമുഖങ്ങളിലാർദ്രമായും
ഏകുന്ന കൗതുകമിളന്തളിരാന്ന കന്യാ–
പാകത്തിൽനിന്ന പരിശുദ്ധവനാന്തഭംഗി.

അഗ്രാഹകണ്ഠണയുമാററിയാതെയക്ഷ–
പ്രഗ്രാഹി ഞങ്ങളെയിതാ കബളീകരിച്ച
അഗ്രാഹ്യസീമമതിദുർഗമമാളെഴാത്തൊ–
രുഗ്രാടവീതടമുദാരമനോഭിരാമം.

(അപൂർണ്ണം)

കളകണ്ഠഗീതം

ഇമ്പം തരുമീ മധുയൗവനവും
സമ്പത്തുമനിത്യമെടോ സകലം.
ശംഭോസ്മൃതി ചെയ്യുക ചൂതമര–
ക്കൊമ്പിൽക്കുടിയാന്ന കരുങ്കുയിലേ..

Digitized By Kerala Sahitya Akademi

വാടുന്നിത, വീണഴിയുന്നു, മണം
തേടുമ്മലരിമ്മലർവാടികളിൽ,
വാടാതവയില്ല ശിവൻകഴലാ–
മേടാർമലരെന്നിയിളംകയിലേ.

കണ്ടോ കമനീയതയാൻ മദം
പണ്ടേറെയിയന്നൊരു പൂങ്കുഴലി
തെണ്ടുന്നിത നിന്ദിതയായ് ജരയാ–
ലുണ്ടോ നിലയൊന്നിനുമെൻകയിലേ.

രംഭോരു രതിക്കു സമാനയെടൊ
കുംഭസ്തനി കോമളമേനിയിവൾ,
ശംഭോ, ശിവ, ജജ്ജരയായഴിയും
പൈമ്പാൽമൊഴി പാടിവരുകയിലേ.

അയ്യോ!യിതു കാലമതാം കനൽകൈ
ചെയ്യും ചിതയും ചുടുകാടുമെടൊ
നിയ്യാഴരുതിന്നിതിലുണ്ടു ശിവൻ
കയ്യാളുമവൻ കരുമാംകയിലേ.

കാണ്മാനുമുമാരമണൻ കഴൽ നീ
പൂണ്മാനുമിയറ്റുക മോഹമെടൊ
താമ്രാധരിയിൽ കൊതി കുത്സിതമാ–
മാമ്രാടവിയാന്നെഴുമാൺകയിലേ.

ആരാലുമമേയനഖണ്ഡസുഖാ–
കാരൻ, കരുണാമൃതമേനി ശിവൻ
ആരായുകിലാശ്രയമാമവനിൽ–
ച്ചേരാത നരൻ നരനോ കയിലേ?

പാരാദി പുരന്ദരജാലമിതിൽ
നേരായതു നിർമ്മലബോധമെടൊ
ഓരാതിദമൂഴിയിലുള്ളവനി–
ന്നാരാകിലുമല്പനവൻ കയിലേ.

ആഹാരവിഹാരമിവറ്റിലെഴും
മോഹാദി മൃഗത്തിനുമൊപ്പമെടൊ
ദേഹാദികളും ഭൂതികമാണതിലെ–
ന്താഹാ! പറകന്തരമെൻ കയിലേ.

തെല്ലേറെ വിവേകികളും മാനവരാം
നല്ലോരതിൽ നല്ല വിവേകികളാം

Digitized By Kerala Sahitya Akademi

എല്ലായറിവും ശിവനേകനെടോ
മല്ലീലത ചൂടിയ മാംകയിലേ.

ഏതിൽത്തടയും നിജബോധമതാ–
ണോതീടുകിൽ ജീവിതമായതെടോ
ചേതസ്സു ശിവങ്കലമർത്തുകിലീ
നീതാനവനാം നറുമാങ്കയിലേ.

ഓരോന്നിലുമിന്ദ്രിയഗോചരമാ–
യോരുന്നവയല്ല യഥാർത്ഥമെടൊ
നേരല്ല നഭസ്സിനു നീലിമ നൽ–
ത്താരേറിയ തൈമധുമാങ്കയിലേ.

കാണുന്നവ തത്ത്വവിവേചനയിൽ
കാണാതണുവായണുവായഴിയും
ഏണാങ്കധരൻ കഴൽ നില്പ്പുമെടൊ
വാണീജിതവൈണികമാം കയിലേ.

ബോധത്തിലഴിഞ്ഞവബോധമതാം
ബോധിപ്പവനാമവനേ ശിവനാം
ഏതും ചലിയാതെയിരിക്കയിളം
വാതാവിലവാർവനമാം കയിലേ

ഭേദങ്ങളം പറഞ്ഞു പടന്നവരും
വാദങ്ങളം വരുത്തുമനർത്ഥമെടോ
വേദങ്ങളം തിരഞ്ഞറി യാവടിവിൻ
പാദം പ്രതി പാടുക നീ കയിലേ.

ബോധം വിഷയം പ്രതി നില്പ്പുകയാ–
ലേതിന്നുമെഴും പ്രതിപക്ഷമെടോ
വാദങ്ങളൊഴിഞ്ഞതു വാസ്തവമാ–
മാധുതവനാളിയിളംകയിലേ.

ശേഷിപ്പതു ബോധമയൻ ശിവനാം
ശേഷങ്ങളവന്റെ വിഭ്രതികളാം
ശേഷിക്കയുമില്ലവ ചിന്മയനിൽ
ഭോഷാജിതപൂമധുവാം കയിലേ.

ദോഷാകരനും നിജദീധിതിയും
ദോഷേതരമോർക്കുകിലേകമെടോ
ശേഷിപ്പൊരു ചിദ്ദ്യുതിയും ശിവനാം
യോഷാവചനാരവമാം കയിലേ.

Digitized By Kerala Sahitya Akademi

ഇല്ലതവിശേഷമൊഴിഞ്ഞിടുമാ–
റെല്ലാം സ്വയമസ്ഥിതമാകുമെടോ
കല്ലോലമടങ്ങിയ വൻകടൽപോ–
ലെല്ലാം സുഖമാകുമെടോ കുയിലേ.

ഈ തത്ത്വമറിഞ്ഞിഹ പാടുകിൽ നിൻ
ഗീതത്തിനു മാധുരി കൂടുമെടൊ
ആതങ്കമകന്നനപായരസം
ചേതസ്സെ ഹരിക്കുമെടോ കുയിലേ!

ഒരു പാട്ട്

('മംഗളമാകട്ടെ വാഴണെ' എന്ന മട്ട്)

സോദരരേ! നിങ്ങടെ സുഖ–
മേദുരമെന്നും ജയിക്ക!
സാദരമുന്നതി വരാൻ
ഖേദരഹിതം ശ്രമിക്ക!—സോദരരേ!...

സിംഹളർ, തീയർ, സേവകർ,
സംഹതിയൊന്നപരോക്ഷം
നന്മയൊടു കേരളത്തിൽ
നമ്മുടെ പതിന്നാലുലക്ഷം—സോദരരേ!...

ന്യൂനമൊരു ഗുണം ബല–
ഹീനമതിന്റെ സംഹതി
പീനപാശമാകിൽ, മദ–
യാനയെ പൂട്ടുവാൻ മതി—സോദരരേ!...

അംബുധി ഭയങ്കരമി–
തംബുബിന്ദുരാശിയല്ലൊ
ഇമ്മലകുംതന്നെ ചെറു–
മൺമണിത്തരികളല്ലൊ—സോദരരേ!...

ചേരുവിനൊന്നായി യത്നം
പാരമാന്ന നേടിൻ പുകൾ
വാരിധികീടങ്ങൾ മണ്ണു
കോരിയുണ്ടാക്കി ദ്വീപുകൾ—സോദരരേ!...

Digitized By Kerala Sahitya Akademi

ശുഭയിൽ ശോഭിപ്പിച്ചുതേ
പണ്ടു നാം പടനിലങ്ങൾ
കണ്ടതയെന്നിയെ കൃഷി-
കൊണ്ടുമാവെറുനിലങ്ങൾ—സോദരരേ!...

മന്നിലേവനും വരുന്നി-
ട്ടുന്നതി പരിശ്രമത്താൽ
മന്നവനും മടിയാലെ
മാന്യത കെട്ടും ക്രമത്താൽ—സോദരരേ!...

വിദ്യയും ധനവും വരാൻ
ഉദ്യതരായ് പൊരുതുവിൻ
സത്യവും നീതിയും കല-
കൃത്യമെന്നു കരുതുവിൻ—സോദരരേ!...

ഒത്തുമോരാന്നായും പൊരു-
വുദ്ധിയോക്കുവിനകമേ
നിത്യവും രക്ഷിച്ചുമൈക-
മ്മത്യമാം കോട്ട പുറമേ—സോദരരേ!...

തങ്ങൾതങ്ങളെത്തുണപ്പോർ
തങ്ങളെ ദൈവം തുണയ്ക്കും
നിങ്ങളതു നിനയ്ക്കുവിൻ
മംഗളം, മംഗളം! പ്രിയ—സോദരരേ!...

—നവംബർ 1906

ഒരു തീയക്കുട്ടിയുടെ വിചാരം

മായാതസൂയകലം വളർന്ന മനുഷ്യരീശ-
ദായാദരെന്ന കഥയൊക്കെയഹോ! മറന്നു
പോയുഴിയിൽ പഴയ ശ്രുദ്ധഗതിസ്വഭാവം
മായങ്ങളായ് ജനത മത്സരമായി തമ്മിൽ.

ചിന്തിച്ചിടുന്നെളിമ കണ്ടു ചവിട്ടിയാഞ്ഞാൻ,
ചന്തത്തിനായ് സഭകളിൽ പറയുന്ന ഞായം;
എന്തോക്കിലും കപടവൈഭവമാർന്ന ലോകം
പൊന്തുന്നു, സാധുനിര താണു വശംകെടുന്നു.

Digitized By Kerala Sahitya Akademi

വിദ്വാനു പണ്ടിഹ ദരിദ്രതയിന്നു പാരിൽ
വിദ്യാവിഹീനനതുവന്നു വിരോധമില്ല,
വിദ്യയ്ക്കു പണ്ടു വിലവാങ്ങുകയില്ലയിപ്പോ-
ളുദ്യുക്തനും ധനമൊഴിഞ്ഞതു കിട്ടുകില്ല.

എന്നല്ലയാംഗലകലാലയകുക്ഷിവിദ്യ-
യൊന്നെന്നിയുന്നതി വരാനിഹ മാർഗ്ഗമില്ല;
എന്നാൽ പഠിക്കുവതിനോ ധനമേറെ വേണ-
മിന്നോക്കിൽ നിസ്വരിഹ നമ്മുടെ കൂട്ടരെല്ലാം.

ചൊല്ലാനുറച്ച തറവാടുകളേറെയില്ല,-
യില്ലിന്നുയർന്ന പണിയുള്ളവരേറെ നമ്മിൽ
മെല്ലെന്നു താഴുമുയരായിനിയൊന്നുരണ്ടാം
വല്ലോരുമാക്കിൽ—വലുതാം സമുദായമല്ലേ?

കഷ്ടം! കുഴങ്ങിയിഹ നമ്മുടെ ഭാവി, കണ്ടു
തുഷ്ടിപ്പെടാം ചിലരിതോക്കുകിൽ, നാമതോരാ,
ദിഷ്ടം നമുക്കു കുറവായ്, സമുദായകാര്യ-
മിഷ്ടപ്പെടുന്നവരുമില്ലിഹ ഭൂരി നമ്മിൽ.

വിദ്യാവിഹീനത വരട്ടെയിവക്കു മേലി-
ലുദ്യോഗവും ബലവുമങ്ങനെ പോട്ടെയെന്നാം,
വിദ്യാലയം ചിലതഹോ! തടയുന്ന നാട്ടിൽ
വിദ്യാർത്ഥിമന്ദിരമതും ചില നിഷ്പ്രപന്നർ.

എന്തിന്നു ഭാരതധരേ! കരയുന്നു? പാര-
തന്ത്ര്യം നിനക്കു വിധികൽപ്പിതമാണു തായേ,
ചിന്തിക്ക, ജാതിമദിരാന്ധ,രടിച്ചു തമ്മി-
ലന്തപ്പെടും തനയ,രെന്തിനയേ 'സ്വരാജ്യം'?

ഈ നമ്മെ നമ്മളുടെ നന്മ നിനയ്ക്കു നല്ല
ശ്രീ നൂനമാക്കുമുളവാമിഹ യത്നമാൽ,
ഹാ! നമ്മിലീശകൃപയുൽഭവിയുന്ന ഭാഗ്യം!
'ശ്രീ-നാ-ധ-പാ'ഖ്യകലരുന്ന മഹാഹ്'യോഗം'.

സ്വാന്തത്തിൽ നാം സഹജരേ, സ്വയമൈകമത്യ-
മേന്തി ശ്രമിക്കിലതു സുദ്ദമാമുറപ്പിൻ
കാന്താംഗസങ്കലിതമേനി കൃപാലു ദേവൻ
താന്താൻ തുണപ്പവരെയാണു തുണപ്പതോർപ്പിൻ.

—1908

Digitized By Kerala Sahitya Akademi

അച്ഛൻ

പള്ളിക്കൂടം വിട്ടു സായം പടിക്കൽ
തുള്ളിച്ചാടിച്ചെന്ന ഞാനെത്തിടുമ്പോഴം
തള്ളിക്കാര്യം സുഖമൊന്നച്ഛനെന്നിൽ–
ക്കൊള്ളിക്കുന്ന നോട്ടമെന്നും കൃപാർദ്രൻ.

തോടും മുണ്ടും പുസ്തകം പന്തുമെല്ലാം
മേടിച്ചേകനെന്നെന്റെ പാഠം കഴിഞ്ഞാൽ
കൂടിക്കേളിക്കില്ലിനിക്കാരുമെങ്കിൽ
കൂടുന്നച്ഛൻ—ബാലനല്ലെങ്കിലും താൻ.

രണ്ടാളും ഹാ! ഞങ്ങളം കണ്ണാടിതന്നിൽ–
ക്കണ്ടാൽ തോന്നും കൗതുകം സ്വല്പമല്ല
ഉണ്ടാച്ഛായയ്ക്കുപുനേറും വലിപ്പം–
കൊണ്ടോ ഭേദം തെല്ലുതാൻ ശുശ്രൂകൊണ്ടോ?

ഖേദിച്ചുള്ളിൽച്ചിന്തപൂണ്ടാലുമച്ഛൻ
മോദിച്ചീടുന്നെൻമുഖം കാൺകിലപ്പോഴം
വാദിച്ചോതാമമ്മയോടും—സ്വയം ഞാൻ
ചോദിച്ചാലേകാത്തതില്ലത്യുദാരൻ.

ഗേഹത്തെക്കാളം സ്വത്തിനെക്കാളുമച്ഛൻ
സ്നേഹിച്ചീടുന്നമ്മയെക്കാളുമെന്നെ
ആഹാ! വാച്ചേറുന്ന കുറിന്നെനിക്കും
ദേഹം രണ്ടീ ഞങ്ങളൊന്നാണു നൂനം.

എന്നീവണ്ണം തോഴരോടാശ്ശിനാവിൽ–
ച്ചൊന്നോരുണ്ണിക്കുള്ളുറങ്ങും ശിരസ്സിൽ
ചിന്നും ഹഷ്ത്തോടണഞ്ഞച്ഛനാമാ–
ശ്ചര്യൻ ചുംബിച്ചാ നറിഞ്ഞീല ബാലൻ!

—നവംബർ 1912

ഒരു സന്ധ്യ

ഉള്ളവായിടുന്ന സുഖമേറുമുള്ളിലെൻ
കുളിർപശ്ചിമാംബുനിധിവായുപോതമേ,
പൊളിയാക്കിയുഷ്ണകഥ നീ തലോടവേ
പുളകം വരുന്നു, പെരുകുന്ന കണ്ണുനീർ.

Digitized By Kerala Sahitya Akademi

ഇടവത്തിലും വലിയ ചൂടുമൂലമാ–
യിടരാൻ നിന്നെ നിരൂപിച്ചണഞ്ഞു ഞാൻ
വിടപിവ്രജത്തിൽ വിടരുന്ന പൂമണം
തടവീടുമീയുപവനത്തിലന്തിയിൽ.

ഇടവിട്ടിടാതെ ജനമെത്തിയാത്തി തീ–
ത്തുടൽ ചീക്കുമാറിഹ സദാ രമിക്കയാൽ
സ്ഫുടധന്യഭാവമിയലുന്ന വഞ്ചിഭൂ–
മുടിരത്നമീ നഗരപുഷ്പവാടിക.

ഗണമായ് നടപ്പു ചില,രിങ്ങിരിക്കമേ–
ലിണയായിരിപ്പു ചില,രൊറ്റയായുമേ
അണയത്തു വാഴ്വു ചെറുപൈതൽ പൂവുപോൽ
ക്ഷണമന്തി നോക്കിയൊരു കോണിൽ ഞാനുമേ..

അതിരമ്യവൃക്ഷനിരകൾക്കുമാ ലതാ–
തതികൾക്കുമങ്ങു സരസീതടത്തിനും
മതിലിന്നുമപ്പുറമഹോ! നഭസ്സിലി–
സ്ഥിതിഭേദമെങ്ങനെ വരുന്ന മോഹനം?

പകരുന്ന ഹന്ത! ചിലടത്തു പിച്ചള–
പ്പുതുപാളിപോൽ ഗഗനഭിത്തിതൻനിറം
അകലത്തു വന്മരമെരിഞ്ഞുനിന്നിട്ടു–
ന്നതുപോലെയും പുക പടർന്നപോലെയും.

ചിലടത്തു വിൺവഴി ചുവന്ന പട്ടിനാൽ
നലമായടച്ചു മറ തുങ്ങിടുന്നപോൽ
പലവണ്ണമാം കൊടികൾ പൊങ്ങിടുന്നപോൽ
ചിലടം വെറും ചമതപൂത്ത കാടുപോൽ.

അലയാതെ വായുവിൽ വടക്കുകോണിലാ–
യിലതിങ്ങിയും ചെറിയ കൊമ്പൊതുങ്ങിയും
നിലവിട്ടു വീണ തരുപോൽ വിലങ്ങനേ
വിലസുന്ന ചാരനിറമാമൊരേ മുകിൽ.

അതിനിപ്പുറം ശിശിരവായുവംബുജ–
ക്ഷതിചേർത്തു ചണ്ഡി പടരും സരസ്സുപോൽ
അതിലോലമായൊളി കുറഞ്ഞ മേഘമാ–
ന്നതിരുന്ന ഭംഗി തെളിയാതെയംബരം.

(അപൂർണ്ണം)

Digitized By Kerala Sahitya Akademi

എന്റെ പ്രമാണം

നിത്യം ജ്വലിപ്പൊരു പരാക്കിനെ നേർത്തുനോക്കി–
ക്കുത്തിപ്പൊടിഞ്ഞ മിഴിയിൽ പ്രഭതന്നെ കാണാ,
അത്യന്തകോമളതയാണ്ന 'മത'പ്രസൂനം
കുത്തിച്ചതയ്ക്കിൽ മണമോ മധുവോ ലഭിക്കാ.

ഊഹത്തിനുണ്ടവധി ജീവിതകാലമല്പം,
ദേഹിക്കു ശാന്തി സുഖമേകുക കേണിടാതെ
മോഹം കുറയ്ക്കു സുഖദുഃങ്ങളിലേവരേയും
സ്നേഹിക്കയാനവൽനിരയെക്കുളിർതിങ്കൾപോലെ.

(അപൂർണ്ണം)

ലോകം

മതിതെളിയുമുഷസ്സോ മുഗ്ധമാമന്തിതാനോ
മതമധുരിമപൂവോ മഞ്ജുവാം പൂനിലാവോ
വിതതമിവയെയൊന്നും വിശ്വമേ, കണ്ടു നിന്നെ–
പ്പുതുമയൊട്ടു പുകഴ്ത്താനല്ല പോകുന്നഹോ ഞാൻ.

വികസിതമലർവാടീവായുപോതങ്ങൾപൊങ്ങി–
സ്സുകലിത സുമഗന്ധാരമ്യമാമംബരത്തിൽ
സുഖമൊടിഹ പറന്നീടട്ടെ നിൻ കീർത്തി പാടി–
ക്കുഖഗനിര—യറിവേലാത്തുള്ളവക്കാകുമേതും.

മദവിവശനജസ്രം മദ്യഭേദത്തെ വാഴ്ത്തും,
മദനഹതവിവേകർ മൂർഖയാം വേശ്യയേയും,
കിതവനിഹ പുകഴ്ത്തും കേവലം ചൂതിനേയും,
ഹൃദയരഹിതനാം നായാടി നായാട്ടിനേയും.

അതിസുഭഗമരണ്യം ദൃഷ്ടസത്ത്വങ്ങൾ വാഴു–
ന്നതി,ലഴകെഴുമംഭോദത്തിലാഴുന്നിടിത്തീ
ഹ്രദമമലമനോജ്ഞം നക്രമുണ്ടുള്ളിലേവം
വിദിതഭുവനമേ നിൻവൃത്തി—ഹാ! പേടിയാകും!

പുതിയതളിരുദിക്കുന്നിന്നു നാളൊന്നുപോയാ–
ലതു ഹരിതപലാശം പാണ്ഡുപത്രം ക്രമത്താൽ
ഇതി ചപലമവസ്ഥാജാലമെന്നല്ല കാക്കു–
ന്നതിനെ ബഹുവിപത്തും ക്രുദ്ധമാം മൃത്യുതാനും.

Digitized By Kerala Sahitya Akademi

മുരളുവതിൽ മയങ്ങീട്ടുള്ളതന്നുള്ള പൂ നിൻ
പരസുമരതി കണ്ടാൽ വാടി വീഴുന്ന വണ്ടേ,
വിരവിലുഴറി നീയും നാളെ ഞാവൽപ്പഴംപോൽ
വിരസമിഹ ലയിക്കും വീണ ഹാ! മിഥ്യയെല്ലാം

മധുമൃദുപവനന്മാർ വന്നു മന്നിൽ സുഖം ചേർ-
ത്തുതുവിരതിയിൽ നില്ക്കാതെത്രയോ യാത്രയായി
അധികമുപതപിപ്പിക്കും കൊടുങ്കാറുമാർന്നു
ഹതിയൊടുമിഹ കാസക്ലേശിപോലേങ്ങിയേങ്ങി.

മൃദുലതൃണദലത്തെ ഹന്ത മാൻ തിന്നിടുന്നി-
ങ്ങുദയമതിനെ ദുഷ്ടൻ കൊന്നിടുന്നു മൃഗേന്ദ്രൻ
അഥ ഹരിയെ നരേശൻ വേട്ടയാടുന്നവന്നും
മൃതിയടരിൽ വരുന്നു—മൃത്യുവിൻ നൃത്തമെങ്ങും.

ജയമതിനു പകുക്കുന്നിങ്ങു ജന്യത്തെ ജന്യം
സ്വയമനിലജാദ്യം കാരണം കാരണത്തെ
*ക്ഷയപദവിയുമോരുന്നാഗമത്തിങ്കലിത്ഥം
നിയതമഴിയുമെന്നപ്പോലെ മാലാന്നു നീയും.

രവിശശികളും, വിളങ്ങും രമ്യതാരങ്ങളിക്ക-
ണ്ടവയുമിഹ വെടിക്കെട്ടെന്നപോലുൾ നിന്നുപോകാം
അവികലമിരുൾമൂടാം നാളെയയ്യോയുറങ്ങു-
ന്നിവിടെയയി കിനാവുംകണ്ടു കൊണ്ടാടി മർത്ത്യൻ.

പ്രഥിതമിഹ ചുഴന്നീടുന്നഹോ വിണ്ണിൽനിന്നി-
പ്പൃഥിവിയുമിഹ രശ്മിഭ്രാന്തമാം രേണുപോലെ
സ്ഥിതി മനുജനിതിങ്കൽ ഹന്ത! നീർത്തുള്ളിയോർത്താ-
ലതിലെഴുമണുജീവിക്കുതു വാരാശിയത്രെ.

അഹഹ! ദുരഭിമാനഗ്രസ്തബുദ്ധേ, നരാ, നിൻ
സഹജലഘുതയോർക്കുന്നില്ല നീ തെല്ലുപോലും
ഗഹനഭുവനതത്ത്വം പാർക്കിലെ ങ്ങെങ്ങഹോ നി-
ന്നഹമഹമിക നിസ്സാരാഭ്യസൂയാഗ്രഹത്തിൽ!

(അപൂർണ്ണം)

---

* ക്ഷയപദവിയുമേവം ചൊല്ലിടുന്നാഗമം ഹാ (എന്ന പാഠാന്തരം)

Digitized By Kerala Sahitya Akademi

ഉൾനാട്ടിലെ ഓണം

എത്തുല്ലാസഭരം നിനയ്ക്കിലുളവാ–
കുന്നെന്തൊരാനന്ദമി–
ന്നെന്തോ കേരളമാകെയാകൃതി പകർന്ന്യ
ദ്യോവിലും ഭൂവിലും
അന്തശ്ശോഭകലർന്ന രണ്ടു മഴതൻ–
മദ്ധ്യസ്ഥമാം കാലവും
ചന്തം ചിന്തിയെഴുന്ന രണ്ടിലകള–
ളൊളനൃം നറുമുവുപോൽ.

കുറം വിട്ടിഹ കാലശക്തി പുതുതായ്
കൊല്ലാബുമാമുണ്ണിയെ–
പ്പെറെന്നോത്തു പിതാമഹീപ്രകൃതിയി–
ന്നേറം പ്രസാദിക്കയോ,
തെറെന്നാശിശ്രുതന്നെ സസ്മിതവിലാ–
സത്താൽ സമസ്താശയം
മുറും പോന്ന ഹരിക്കയോ!—രസദമല്ലോ
ബാല്യമെല്ലാക്കുമേ.

ത്തിങ്ങും കാറുകും നീങ്ങി കാട്ടിലവുതൻ–
കാർപ്പാസമെല്ലാം പറ–
ന്നെങ്ങോ പോകവതോ സിതാഭ്രമെവിടനോ
വന്നുചേരുന്നതോ!
എങ്ങാണ്ടേറി വിരിച്ച വസ്രനിരയാ–
വണ്ണാറെ വഞ്ചിച്ചഹോ–
യിങ്ങിക്കാറു ഹരിച്ചുപോയ് ഗഗനമാ–
ഗ്രത്തിൽ പരത്തുന്നതോ?

ആവാമായതുതന്നെയിന്നഖിലദേ–
വന്മാക്കുത്സാഹമാ–
മീവണ്ണം 'നടമാറ'വക്കു പവനൻ
ലാക്കായ് വിരിക്കുന്നതാം

Digitized By Kerala Sahitya Akademi

ഭൂവിൽ കൗതുകമീവിധം ഭവനരമ്യം
കണ്ടുകൊണ്ടാടുവാ–
നേവം പോന്നഥവാ രചിച്ചിടുകയാം
കൂടാരമോരോന്നവർ.

*സ്ഥൂലച്ഛായ മരം വെടിഞ്ഞിഹ ഗമി–
ക്കുമ്പോലെ പോം പൂമുകിൽ–
ജ്ജാലത്തിൻനിഴലാൽ ജനങ്ങൾ വെയിലിൽ–
പ്പോകുന്ന ശോകംവിനാ
ലീലശ്ശായ് വെളിയിൽക്കടന്നിതു പിടി–
പ്പാനങ്ങുമിങ്ങും ദ്രുതം
ബാലന്മാർ ധൃതമത്സരം രസമിയ–
ന്നോടുന്ന വാടങ്ങളിൽ.

ദൂരത്താണിനിയും പ്രഭാതമെഴുനേ–
റെന്നാലുമിന്നേറവും
നേരത്തേ വിളിക്കൂട്ടിടുന്ന ഖഗവൃന്ദം
ഹന്ത! സന്തുഷ്ടിയാൽ
നേരായ് കാക്ക കരഞ്ഞു 'താത! ജനനീ
കേൾക്കുകയെഴീക്കെ'ന്നെഴു–
ന്നോരോ കേളികളോത്തുറക്കമിയലാതേ
വത്സരുത്സാഹികൾ.

സ്വാപം വിട്ടെഴുമംഗനാജനമകത്തുദ്ഗേ–
യപുണ്യാത്മമാം
ഭൂപാളം തുടരുന്നഹോ! മനമലി–
ഞ്ഞാക്കും ലയിക്കുന്നതിൽ
ദീപത്തിന്നരികത്തു വൃദ്ധകളെയാ–
ശങ്കിച്ചു പൈതങ്ങൾ പോയ്
ശ്രീപൊങ്ങും ശുഭരാമനാമജപമാ–
യെങ്ങും മുഴങ്ങുന്നതും.

---

* വേറൊരു പാഠം:
സാലച്ഛായ മഹാതരുക്കളെ വെടിഞ്ഞേടുന്ന പോൽ പോം മുകിൽ.

Digitized By Kerala Sahitya Akademi

മന്ദം മന്ദരഭാഷി പൂവ്വുപവനൻ
മന്ത്രിച്ചണഞ്ഞു,ഗളം
നന്ദിച്ചാട്ടി വിടാൻ പൂക്കൾ,ചിറകൽ–
ക്ഷേപിച്ചു തേനീച്ചകൾ
വന്നെല്ലാം വഴിയോളമാത്ര പരിമാ–
ജ്ജിച്ചു തളിച്ചു ഗൃഹം
നന്നാക്കീ യുവദാസിമാർ, നടനമാ–
യീ ലക്ഷ്മിയിക്ഷോണിയിൽ.

(അപൂർണ്ണം)

പ്രാണിദയ

കഠിനഹൃദയ നീ കടന്നിവണ്ണും
തുടരുവതെങ്ങനെ തൻ ഹിതത്തിനായി
വടിവെഴുമൊരു ജന്തുവെത്തുടിപ്പി–
ച്ചിടുവതിതെന്തിനതെന്തുചെയ്യ നിന്നെ?

കരുണയുടയൊരീശസൃഷ്ടിയാണീ–
യുരുവുകളൊക്കെയതോത്തതില്ലയോ നീ
അറിയുമവനിതൊക്കെയോക്ക മേൽനി–
ന്നറിയുക കേഴുമിവറ കേണിടുമ്പോൾ.

കരവതവനറിഞ്ഞു നോക്കുമേ നിൻ
കരമിതു ചോരയണിഞ്ഞ കത്തിയോട്ടം
കരുതുകയതു സാധു ചേതനത്തിൽ–
പ്പരമലിവേകുക പോക കൊന്നിടാതു.

ഇതിനെയുമിഹ നിന്നെയും ചമച്ചാ–
വിധിയൊരുപോലവനോക്ക വിശ്വകർത്താ
മതിയിലിയലുകൻപു നിൻ വിധാതാ–
വധികദയാപരനെന്നതോർത്തു നീയും.

—1906

Digitized By Kerala Sahitya Akademi

പൂവാംപൊഞ്ചഷകത്തിങ്കൽ

പൂവാം പൊഞ്ചഷകത്തിങ്കൽ
പൂരിച്ച മധു കാൺകയാൽ
പരമാനന്ദമായ് ഹന്ത
പാടുന്ന ചില വണ്ടുകം
പകയുംക്കാമ്പിൽ മുത്തിട്ടോ
പരപ്രേരണമൂലമോ
പത്രമാകും പോക്കളത്തിൽ
പാഞ്ഞെത്തുന്ന കവേ ഭവാൻ?

ഗ്രഹഗണങ്ങൾ

കെട്ടിവയ്ക്കുവിനവൃത്ത നൽ ഗ്രഹഗണങ്ങ-
ളാം കൃഷിഫലങ്ങളെ,-
ക്കട്ടിടില്ലതുകം തസ്കരൻ, നൃപതി കണ്ട-
കെട്ടുകയുമില്ലതാൻ;
ഒട്ടിനിന്ന മുതലും സുഖങ്ങളുമയന്ന
മേന്മയുമകന്നുപോം,
വിട്ടിടില്ലതുകം പോകിലും വിമലകാന്തി-
യാന്ന ഗ്രഹമാരെയും.

എന്റെ സ്നേഹിതന്റെ ദേഹവിയോഗം

ശിവ! ശിവ! മറവിങ്കൽനിന്നുടൻ
ചെവികളിൽ വന്ന ശരങ്ങളേല്ക്കയോ
അവനിയടിതകന്നുപോകവേ-
യവഗതമായ രവങ്ങം കേൾക്കയോ!

അഖിലവിലയകാലമായിതെ-
ന്നകമലിവോ ചതിവോ കലർന്നടൻ
പ്രകൃതദയമദൃശ്യനേകനെ-
ന്നകലെയണഞ്ഞു വിളിച്ചു ചൊല്ലയോ!

Digitized By Kerala Sahitya Akademi

പാരിലഹരവമഹോ! നകന്നിടും
ഗരളസമം ഭയമേകിടുന്നതേ!
പരിസരമതിലന്തകൻ വിടും
പരിജനമാത്തുവിളിച്ചിടുന്നിതോ.

ഒരുവകയുമിടഞ്ഞു ദൃഷ്ടിയിൽ
തിരിയുവതില്ല തുറന്നിരിക്കിലും
ഇരുളിലുലകവും മറഞ്ഞിടു–
ന്നൊരുതരമക്കനയന്നനില്ലിലും.

അഴുക മനമേ! യിതെന്തു നീ–
യെരികനലായകമാകെ വേകുവാൻ
പറക ജഗതി! നീയുമെന്തയേ
പരിചിലചേതനഭാണ്ഡമാകുവാൻ.

ഉരുതരഭയമാത്തി ശോകവും
ത്വരിതമെഴുന്ന മറന്ന ധൈര്യവും
ഒരുനൊടിയതിനുള്ളിലെന്തുവാൻ
പരവശനാവതു പൈതൽപോലെ ഞാൻ.

നിയതമൊരു മഹാവിപത്തു ദു–
ന്നിയതി വലിച്ചു തലയ്ക്കിടുന്ന മേ
സ്വയമതു തടയാവതല്ലെഴും
ഭയമരുളുന്നതവാര്യമെന്നുമേ.

ഒരുവനരികിൽ വന്നുനിന്ന തെ–
ല്ലൊരുമൊഴിയോതി നടന്നിടുന്നിതാ
പെരുവഴിനടുവിൽക്കടിച്ചുടൻ
പരിപൊട്ട പോം ഫണിയെന്നപോലവേ.

കളയുകയഥവാ കഥിച്ചതാം
കളവു വൃഥാ കരളേ തപിക്കൊലാ
പൊളികൾ പറയുമാത്തസാഹസം
ജളജനമാത്തിപരീക്ഷചെയ്യുവാൻ.

അരിയമധുര 'മച്യുതാ'ത്തിഹ–
ദ്വരനുടെ നാമമുരച്ചു നിട്ടയൻ,
ഒരുപദമതിനോടു ചേർത്തുതേ
നറുമധുതന്നൊട്ട നഞ്ചുപോലവൻ.

Digitized By Kerala Sahitya Akademi

അരുതതിനെ നിനയ്ക്കുവാൻ തരം
തരികയുമില്ല സുഹൃത്വമെങ്കിലും
നരരുടെ ചലമായ ജീവിതം
കരുതുകിലെങ്ങനെ ധീരനാവു ഞാൻ!

കരിവരകം വരച്ചു കഷ്ട! മെ–
ന്നരികിലിതായെറിയുന്ന ലേഖനം
വിരവിലതു വിടുത്തുമാറു കൈ–
വിരലുതളർന്ന വശംകെടുന്ന ഞാൻ.

ശിവ! ശിവ! ശിവ! ചാരു ചര്യനെ–
ന്നരിയസുഹൃത്തമ'നച്യുതാ'ഭിധൻ
ഉരുരുജയെയുമൂഴിതന്നെയും
പരമഥവാ മതി—ശാന്തി! ദൈവമേ!

കരയുവതിനുമില്ല കെല്പു, മേ
കരളെഴുമാധിയിലന്ധമാകയാൽ
ചൊരിയുവതിനുമില്ല കണ്ണുനീർ
സിരകളം തപിച്ചു വരണ്ടുപോകയാൽ.

മനമുഴറിയെരിഞ്ഞുതാണു; മെയ്
തനിയെ കുഴഞ്ഞു തടഞ്ഞു വീഴ്പ്പതും:
അനുപദമണകല്പി മിത്രമോ–
ടനുമതി? ജീവ! യഥാർത്ഥബന്ധു നീ!

വെറുതെയതുമല്ലയിന്നിതാ
ചെറുതുവികാരവുമെന്നിയേ മനം
ഉറുതിതടവിയെങ്ങു സൗഹൃദം
പൊറുതിയിതെങ്ങു കഠോരനാണു ഞാൻ.

ഇടരൊടിരുളിൽനിന്ന ചിന്തയാ–
ന്നുടനിത ചേതന പൊങ്ങിടുന്ന മേ
കടലിനടിയിൽ മുങ്ങി മോഹമാ–
ന്നിടയിലുയന്നെഴുമാത്തനെന്നപോൽ.

മൊഴികളം പരവശങ്ങളായ് തട–
ഞ്ഞുഴലുകയായിവന്നുമപോലെയും.
അഴലു ധൃതിതടം കവിഞ്ഞിടു–
ന്നഴിമുറിയാതെഴുമാറുപോലെയും.

Digitized By Kerala Sahitya Akademi

നിറയുമിടരിൽനിന്നു നീങ്ങുവാ–
നറിവിൽ നിവാരണമൊന്നുമെന്നിയേ
മുറയുമൊരഭിമാനവും വിനാ
മുറയിട്ടുവാൻ മുതിരുന്നുതേ മനം!

(അപൂർണ്ണം)

–ആഗസ്റ്റ് 1904

പറന്നുപോയ ഹംസം

(ശ്ലോകങ്ങൾ)

പൊട്ടുന്നതേ ഭ്രമി വെടിഞ്ഞിവണ്ണം നീ
പറന്നു പോയല്ലോ പ്രിയമരാളമേ,

പെരുവഴിതന്നിലഹോ കരസ്ഥമാം
വിലയേറും ധനം കളഞ്ഞുപോകയാൽ

കുഴങ്ങിനില്ക്കുന്ന പഥികനെപ്പോലെ
മദീയമാനസമുഴന്നിടുന്നല്ലോ.

അതിസ്വാധീനമാം പ്രിയവസ്തുക്കൾ വി–
ട്ടകന്നു വിശ്വാസമിയന്നു ദൂരത്തിൽ

അതിചിരം കാര്യവശരായ് വാണിടാ–
മഴലില്ലായതിൽ അതുകൊണ്ടാൻ സ്വന്തം

പിടി വെടിഞ്ഞുപോവതു വിചാരിച്ചാൽ
പൊറുക്കാറില്ലൊരുനിമിഷം ദേഹികൾ.

അനർഘരത്നങ്ങൾ സ്വയമണിയാതെ
നിജമഞ്ജൂഷയിലിരുന്നാലും മതി

അരിയ പൂക്കൾതാൻ പറിക്കാതെ തന്നെ
മലക്കാവിന്റെകോണിൽ സ്ഫുരിച്ചാലും മതി

സുഖമന്യാദൃശമതിലുണ്ടോക്കുകി–
ലഹോ മമതതൻ വിലാസമദ്ഭുതം!

ഇവറതാനപഹൃതമായ് പോകിലു–
ണ്ടനുഭവവേദ്യമതിലുണ്ടാം ദുഃഖം.

അരിയോരന്നമേ,യതിചിരമെന്റെ
ഹൃദയപങ്കജസഖനായ് വാണ നീ

Digitized By Kerala Sahitya Akademi

പറന്നു പോകുന്നൊരളവപ്പുവിന്റെ–
യടിനാളംകൂടി ഹരിച്ചുവെന്നതോ

അകമലർ കരിഞ്ഞെനിക്കു സംപ്രതി–
യഹഹ! ലോകങ്ങളിരുളാകുന്നല്ലോ.

അതിനിടയ്ക്കയ്യോ തമസ്സിൽ കൊണ്ടലിൻ
ചടുലമാം മിന്നൽക്കൊടി പായുംപോലെ
കഴിഞ്ഞകാലമാമിരുട്ടിലോ മ്മതൻ
സ്മരിച്ച ദൃഷ്ടിയും ചുഴിഞ്ഞെത്തുന്നല്ലോ.

വിചാരവായുവാൽ പടർന്നുകേറിയീ
വിയോഗമിന്ദ്രിയഗണങ്ങളെയെല്ലാം

ചുട്ടുന്നല്ലോ ധൈര്യശിലാതലം കാഞ്ഞു
ഞെരിഞ്ഞും പേശികൾ പുകഞ്ഞും കഷ്ടം! മി–
ന്നടവേ തീ വീണ ഗിരിപോൽ സത്വര–
മകമേയെന്നാത്മാവെരിഞ്ഞിടുന്നല്ലോ.

(അപൂർണ്ണം)

—ഫെബ്രുവരി 1919

അനുശോചനം

മാന്യമിത്രമേ, മാനസസാരളീ
സാന്നിദ്ധ്യം ചെയ്ത സാക്ഷാൽ നികേതമേ,

ഉന്നിദ്രയുവഹൃത്തിൻപ്രവാഹത്തിൽ
ധന്യവാദ്ധ്യക്യം സന്ധിച്ച 'തീർത്ഥ'മേ,

മന്നിൽനിന്നു മറഞ്ഞിതോ വൃദ്ധത്തെ–
യുന്നയിപ്പാനെരിഞ്ഞ വിളക്കേ നീ.

അറുത്തയ്യോ പരിമളശേഷമാ–
യൊറയാമാ വിടർന്ന പൂവെന്നിയെ

അറഞ്ഞെട്ടാൻ നില്ക്കുന്ന കഷ്ടമീ–
യുറുതീയസമുദായവല്ലരി.

വേറെ മൊട്ടീ ലതയിൽ വിടർന്നിടാ–
മേറെയേറിയ ഭംഗിയിലെങ്കിലും

Digitized By Kerala Sahitya Akademi

ക്കുറെഴുന്ന കുസുമപ്രകാശമേ
വേറുപൂവൊന്നീ ഞെട്ടിൽ വിളങ്ങുമോ?

ചത്തവക്കു കണക്കില്ലയെന്നാലും
എത്ര പാത്രം പഴകിയതാകിലും
ചിത്തത്തിൽക്കുറിയന്നവർ പോകുമ്പോഴ
പുത്തനായ്ത്തന്നെ തോന്നുന്നഹോ മുതി.

എന്തിനല്ലെങ്കിലോക്കുന്ന ഞാനിതി–
ങ്ങന്തകഭയം കൃത്യജ്ഞരാന്നിടാ.

അന്ത്യശയ്യയിലുമമ്മഹാൻതന്നെ–
ച്ചിന്തിച്ചീലതു വ്യർത്ഥകാര്യോൽസുകൻ.

സത്യമോക്കിൽ മരണംമുതല്ലൂതാ–
നുത്തമക്കു തുടങ്ങുന്ന ജീവിതം.

ഈത്തലില്ലവക്കുന്നുതൊട്ടഴിയിൽ
എത്തുകില്ല കളങ്കം യശസ്സിലും.

—ജൂലൈ 1921

ഒരു ചരമം

സഹനീയമല്ല കരിതേച്ച കത്തതിൽ
സഹസാ കുറിച്ച കഥ സത്യമോ സഖേ?
മഹനീയ, നിങ്ങളുടെയമ്മ മാന്യയാ–
ഗ്രഹലക്ഷ്മി നമ്മളെ വെടിഞ്ഞുതന്നെയോ!

സ്നേഹത്തിനില്ല മൃതിയിന്നതുമല്ലതിന്റെ
മാഹാത്മ്യമദ്ഭുതവുമാണു സഖേയതല്ലീ?
ദേഹം വെടിഞ്ഞ കഥതാനറിയാതെ ഹൃത്താം
ഗേഹത്തിലിന്നുമവർ പുഞ്ചിരിതൂകി നില്പൂ!

ചരമശ്ലോകങ്ങൾ

''പോയീ, ഭാഗ്യമതസ്ഥമിച്ചു സമുദാ–
യത്തിൻ യശസ്സംഭമേ!
നീയേ! വീണിനിയെന്തുതാൻ നിയതി ചെ–
യ്യുന്നോ വരുന്നോരു നാം!''

Digitized By Kerala Sahitya Akademi

ഹാ! ഏവം കരയുന്ന തീയർ 'തിരുവാം-
കൂറിൽ' തദീയാദ്യനാം
ബി. ഏ., വിശ്രുതനാഞ്ഞു റാവുബഹദ്ദർ
പി. വേലു നാകാലയം.

കൂടുന്ന കുതുകംകലർന്നിവിടെ നാം
ചിന്തിച്ചിടുന്നില്ലയാ
തേടുന്ന ബത! യത്നമാത്ര മറയു-
ന്നോരാതെയോരോ ജനം
ക്രീഡിക്കും കൃപയറൊരാ നിയതിതൻ
കൈയിൽക്കളിപ്പാവ നാ-
മാടീടുന്ന യദൃച്ഛയാ സ്വയമഹൊ!
സംസാരനിസ്സാരത!

എന്നാലും സഹജാതരെ! വിരതി കൈ-
യേന്താതെ വിദ്വജ്ജനം
നന്നായ് ജീവിതമാം രണത്തിലിയലു-
ന്നുദ്യോഗമുദ്യത്ക്രമം
ഒന്നായാലുമുലഞ്ഞിടാതൊടുവിലെ-
പ്പോരാളി ശേഷിച്ചൊരാ-
ളെന്നാലാ വിധിയോർത്തു കൃത്യരതരായ്
നില്പിൻ ശ്വസിപ്പോളവും.

—1909

ചെറിയവ

ചെറുതുള്ളികൾ ചേർന്നതന്നെയീ
കരകാണാതെഴുമാഴിയായതും
തരിമണ്ണുകൾതന്നെ ചേർന്നു നാം
മരുവും നല്പ്പെഴുമൂഴിയായതും.

ചെറുതാം നിമിഷങ്ങളും തഥാ
പറവാൻ തക്കവയല്ലയെങ്കിലും
ഒരുമിച്ചവതന്നെയൂക്കെഴും
പുരുഷായുസ്സുകളൊക്കെയാവതും.

Digitized By Kerala Sahitya Akademi

ചെറുതെറുകയ തന്നെയീവിധം
പെരുകിപ്പുണ്യമകറിയേറവും
തിരിവെന്നി നടത്തി ജീവനെ–
ട്ടുരിതത്തിങ്കൽ നയിച്ചിടുന്നതും.

ചെറുതെങ്കിലുമപ്പെഴുന്ന വാ–
ക്കൊരുവന്നത്സവമുള്ളിലേകിടും
ചെറുപുഞ്ചിരിതന്നെ ഭ്രമിയെ–
പ്പരമാനന്ദനിവാസമാക്കിടും.
ചെറുതന്യനു നന്മചെയ്കൊ–
ണ്ടൊരുചേതം വരികില്ലയെങ്കിലും
പരനില്ലുപകാരമെങ്കിലീ
നരജന്മത്തിനു മാറുമറുപോം.

ചെറുതമ്പുകലൻ ചെയ്വതും
ചെറുതുള്ളത്തിലലിഞ്ഞു ചൊൽവതും
പെരുകിബ്ഭുവി പുഷ്പവാടിയായ്
നരലോകം സുരലോകതുല്യമാം.

—ഏപ്രിൽ 1917

ജീവിതവും മരണവും

ഇന്നേവം മൃതനായി തന്റെ മതവി–
ശ്വാസത്തിനായിട്ടിവൻ
നന്നോത്താലതു ഹന്ത നാമൊരുവരും
ചെയ്യാത്ത കൈയല്ലയോ
എന്നാലോതുകയിപ്പുമാനിതിനുവേ–
ണ്ടിത്തന്നെ ജീവിച്ചിരു–
ന്നെന്നാ വാക്യമൊടാശ്രുചേത്തു ബലമാ–
യാക്കും കഥിക്കാവതോ.

അന്ത്യത്തിങ്കലിവൻ മരിച്ചു തെളിയിച്ചു
താൻ സ്വയം കൃത്യനി–
ബ്ബന്ധത്താൽ മതഭക്തി ശ്രുരഭടനാ–
ണെന്നുള്ളതിന്നഞ്ജസാ

Digitized By Kerala Sahitya Akademi

എന്തോ നാമറിയുന്നതില്ല—യിതുപോൽ
തൻ ബാല്യകാലത്തിലേ
സ്വന്തം ജീവിതമീവിധം ചിരമിവൻ
ജീവിച്ചു ശീലിച്ചിതോ.

ചത്തീടുന്നതെളുപ്പമാളുകൾ മരി-
ച്ചിട്ടില്ലയോ വല്ലതും
ചിത്തേ മോഹനിമിത്തമോ ചില വെറും
മിഥ്യാഗ്രഹംമൂലമോ
ഉത്തുംഗത്വമുയർന്നകോപമഥവാ
ശൗര്യം വഹിച്ചെത്രയോ
മർത്ത്യന്മാർ മൃതരായി വന്നതുവരാൻ
പാടില്ലയോ തെല്ലുമേ.

ജീവിക്കുന്നതുതന്നെ കഷ്ടമിഹ തൽ-
കൃത്യങ്ങൾ ചെയ്യും സ്വയം
ഭാവിച്ചീടിന സത്യമായ വഴിയിൽ-
ത്തെറ്റെന്നു പറയാതെയും
ഭ്രുവിൽ കേവലമിഷ്ടരും നിജ നട-
പ്പിൽ സംശയിക്കാതെയും
താവും നിന്ദകളർന്ന ലോകരഖിലം
നോക്കിപ്പഴിക്കാതെയും.

ഒന്നും തെറ്റണയാതെതന്നെയൊരുവൻ
തന്റെ ജീവയാത്രാന്തരേ
പിന്നോക്കം തിരിയാതെ പാഞ്ഞിഹ പണി-
പ്പെട്ടെങ്കിലും പോയിതെ
എന്നാൽ നാം പുകഴ്ന്നതാവിധമെഴു-
ന്നാ ജീവിതത്തെക്കുറി-
ച്ചെന്നല്ലാതൊരുവൻ മരിച്ചവിധമെ-
ന്താകട്ടെയെന്താണതിൽ.

—ആഗസ്റ്റ് 1903

Digitized By Kerala Sahitya Akademi

നമ്മുടെ മൂടുപടം

ഹാ! വന്ദിക്കുക നാം മഹേശനെ മനോ–
ജ്ഞാകാരമാം മുടൻമ–
ഞ്ഞീവച്ചും വിരചിച്ചു ദൃഷ്ടികളെ മറ–
ച്ചീടുന്നവല്ലോ ശിവൻ
ഭൂവിൽ തൻകൃപയായ മൂടുപടമാ–
ണല്ലോ പരം ലോലമാ–
യേവം നമ്മുടെ ഭാവിമേലവിരതം
മൂടിക്കിടക്കുന്നതു്.

ഓരോന്നായ് ദിവസങ്ങളെതോറുമുളവാ–
കും കൃത്യഭാരങ്ങളി–
ന്നോരാതൊത്തൊരു ദൃശ്യത്തിലിഹ നാം
കാണുന്നുവെന്നാകിലോ
പാരം ബുദ്ധി മടുത്തു ഭാരമഖിലം
ചിന്തിച്ചു ചിത്താശയം
തീരെദ്ധീരതയും വെടിഞ്ഞിവിടെ നാ–
മെങ്ങും കുഴങ്ങില്ലയോ?

നേരേയാ വ്യസനം നിറഞ്ഞ ദിനവും
നക്ഷത്രമില്ലാതെത്താരാ
ഘോരാകാരതയാൻ രാവുമഥ ക–
ണ്ടംഗം ഞടുങ്ങില്ലയോ?
പാരം മാഗ്രമതിൽത്തളർന്ന പരലോ–
കത്തിന്റെ പൊക്കത്തെയോ–
ർത്തേറും കാൽകരവും കുഴഞ്ഞുമിഹ നാം
പേടിച്ചുപോവില്ലയോ?

എന്നാലിപ്പൊഴതെത്ര ദുഷ്ടവഴി–
ക്കാകട്ടെ പോകേണ്ടതി–
ങ്ങെന്നാലും പുതുയാത്രപോലെ വിരവിൽ–
പ്പോകുന്നു നാം നാംക്കുനാം
ഇന്നീ നമ്മുടെ മുമ്പെഴും പെരുവഴി–
ക്കുള്ളോരു ദൂരത്തെയും
നന്നായ് കാണുകയില്ല നാം നലമൊടെ–
ന്നും തെല്ലുതെല്ലെന്നിയേ.

—ഏപ്രിൽ 1904

Digitized By Kerala Sahitya Akademi

അഹിംസ

(രണ്ടാം)

കഴൽ വിരവിലെടുക്കെടുക്കയി-
പ്പുഴ തുണയറിയാതെ കൊന്നിടാഞ്ഞു നീ;
ചെറിയൊരുടലിതെന്നു നിന്ദതോ-
ന്നുമതത്രയീശ്വരനാണു ചെയ്തുവൻ.

അവനവികലജീവനാഥനീ-
യവനിയിൽ വന്നതവങ്കൽനിന്നു നീ
അളവകലുമവന്റെയൻപിനീ-
യെളിയ പുഴുക്കളുമംശഭാജികൾ.

ദിവി രവിശശിതാരശോഭയു-
ണ്ടവനതടെ സൃഷ്ടിയിലാക്കുമൊന്നുപോൽ
നവതൃണനിരകൊണ്ടു മൂടിടു-
ന്നവനി നിനക്കുമിവയ്ക്കുമായവൻ.

കളയുക പുനരല്പകാലമു-
ള്ളെളിയ സുഖത്തൊടിരുന്നിടട്ടിവ;
കളയുമൊരുയിരേകിടാവതോ?
കളിയിലുമിന്നയി കൊന്നിടായ്ക നീ.

—ഏപ്രിൽ 1905

നെയ്ത്തുകാരുടെ ഒരു പാട്ട്

ഓടം മുട്ടുപാവിൽ ജവമോടും ഗുണമേറാ-
നോട്ടംപടിയും, സമ്പ്രതി നീ ചെയ്വൊരു പൂവിൽ
തേട്ടം മണമേലായുകിലും ശോഭ നിറഞ്ഞാൽ
കൂട്ടംപടിയും സോദര! നെയ്യു! തുണി നെയ്യു!

അന്തിക്കെഴുമക്കന്നെഴുമോരോ കിരണംപോൽ
ചന്തം ചിതറുന്നാ നിറമെല്ലാം വിലസട്ടെ
അന്തർഗ്ഗതമായ് നിന്നഴകോടുന്നിഴതോറും
ചിന്തട്ടെയതിൻശോഭകളാം നിന്നെച്ചുഴലട്ടെ.

നീക്കംകയറട്ടാടയിൽ നന്മേനിവരട്ടേ-
യാക്കെയണയട്ടേ വിരവായും ശരിയായും

Digitized By Kerala Sahitya Akademi

എക്കാലവുമേ നിൻ തുണിന്യാലൊന്നൊഴിയാതെ
നില്പൂട്ടിഹ നീണാളൊരു നേരെന്നതുപോലെ.

കായേകനെടുക്കാമിഹ പൂവേകനിറുക്കാം
മായാതെ വിതയ്ക്കാമഥ വിത്തന്യനൊരുത്തൻ
ആയാസമതെന്നാൽ വിധിസങ്കല്പിതമാക്കും
നീയോത്തതു ഹേ! സോദര! നെയ്യേ! തുണിനെയ്യേ!

ധന്യത്വമെഴും മനുവനും മണ്ണു കിളയ്ക്കും
ഖിന്നസ്ഥിതിയാം കഷ്കനും കേവലമാരും
സന്നദ്ധമതായ് വന്നുതുവെല്ലാം തരുമിമ്പം
തന്നദ്ധ്വമേതും ശ്രമമേലായ്കിലോരാ.

—മെയ് 1905

ഭാഷാമനീഷാപഞ്ചകം

അവതാരിക

ശങ്കരാചാര്യരൊരുനാൾ
ശാശ്വദാനന്ദമേകിടും
വാരാണസീക്ഷേത്രമതിൽ
വരും വഴിയിൽ വേടനായ്,

പോന്നാൻ ശ്രീപാർവ്വതീജാനി
''പോ! പോ!''യെന്നാൻ ദ്വിജോത്തമൻ
ഉടനാചാര്യരോടേവം
സ്ഫുടമാ വേടനോതിനാൻ.

ദേഹം ദേഹത്തെ വേർപെട്ടോ,
ദേഹി വേർപെട്ട ദേഹിയോ
ആഹാ പോകേണ്ടു? ഹാ വിപ്രാ!
മോഹിക്കുന്നെന്തുരയ്ക്കു നീ?

വ്യത്യാസം ഗംഗയാട്ടേ, പറയുന്നതെ പഴ–
ഞ്ചോലയാട്ടേ വരുന്നോ
മിത്രച്ഛായയ്ക്കു, മൺപൊൻകുടമിവയിലെഴും
വിണ്ണിനുണ്ടോ വികല്പം

Digitized By Kerala Sahitya Akademi

പ്രത്യക്കാം നിസ്സരംഗോദയനിഭൃതനിജാ–
നന്ദബോധാർണ്ണവത്തിൽ
പ്രത്യേകം വിപ്രനാരാരിഹ പറയനഹോ–
യെന്ന വൻഭ്രാന്തിയെല്ലാം!

പഞ്ചകം

ജാഗ്രന്നിദ്രാസുഷുപ്തിത്രയമതിലൊരുപോൽ
ജാഗരിക്കും വിളക്കായ്
വാഴ്ന്നുന്നല്ലോ വിധാതാവുടെയുടലിലുറു–
മുള്ളിലും വിശ്വസാക്ഷി;
ആക്കുണ്ടാബോധമേ ഞാൻ സുദ്ധമപരമ–
ല്ലെന്ന ധീ വിപ്രനാവാ–
മോക്കിൽച്ചണ്ഡാളനാവാമവനിഹ ഗുരുവാ–
മമ്മതം സമ്മതം മേ.

ബ്രഹ്മം ഞാനിപ്രപഞ്ചം സകലവുമിഹ ചിൻ–
മാത്രമത്രേ നിനച്ചാൽ
നിർമ്മിച്ചീടുന്നതും ഞാൻ ത്രിഗുണബളയാം
മായയാലായതെല്ലാം
ഇമ്മട്ടാക്കാണുറപ്പാസ്ഥിരപരമപദ–
ത്തിൽ—സ്വയം വിപ്രനാവാം
ചെമ്മേ ചണ്ഡാളനാവാ—മവനിഹ ഗുരുവാ–
മമ്മതം സമ്മതം മേ.

നേരേയീവിശ്വമെല്ലാം ഗുരുവചനബലാൽ
നിത്യമല്ലെന്നുറച്ചും
പാരം ബ്രഹ്മത്തെയോർത്തും സ്ഥിരതയതിൽ മുതി–
ന്നന്തരാ ശാന്തനായും
പാരാതാഗാമിഭ്രതക്രിയകളെ നിജബോ–
ധാഗ്നിയിൽ ചുട്ടമംഗം
പ്രാരബ്ധത്തിന്നു വിട്ടും മരുവുമിഹ മഹാ–
നിർമ്മതം സമ്മതം മേ.

ഓർക്കുന്നേരുള്ളിലെന്നും പശുനരസുരവ്യ–
ന്തങ്ങളാം ഞാൻ ഞാനതെന്നായ്
പാർക്കുന്നീ യക്ഷദേവാദികളാം ജഡത വെടി–
ഞ്ഞേതിനാൽ ചേതനംപോൽ,

Digitized By Kerala Sahitya Akademi

ഉംക്കാമ്പിൽ ഭേതിയാ ന്നാനിജവിഷയഘനാ–
ച്ഛന്നബോധാക്കനേകാ–
ണ്ടുൽക്കുലാനന്ദമേലും യതിഗുരുവരനാ–
ണമ്മതം സമ്മതം മേ.

ഏതാവന്മാംശലേശം തടവിയിഹ സുഖി–
ക്കുന്ന വൃന്ദാരകന്മാ–
രേതാശാന്താന്തരാത്മാവതിലിയലുകയാൽ
യോഗിമാർ നിർവൃതന്മാർ
ഏതാനന്ദാണ്ഡവത്തിൽ ഗളിതമതി പര–
ബ്രഹ്മമാം ബ്രഹ്മവിത്ത–
ശ്ലേതാളായാലുമിന്ദ്രാച്ചിതപദനവനാ–
രിമ്മതം സമ്മതം മേ.

— 1906

ഒരു തജ്ജമ

നഖാനി വിധുശങ്കയാ കരതലേന തന്വ്യാവ്വണോൽ
തതഃ കിസലയഭ്രമാൽ കരമഥാക്ഷിപദ് ദൂരതഃ
തതോ വലയശിഞ്ജിതം ഭ്രമരഗുഞ്ജിതാകാങ്ക്ഷയാ
ഉഹ്ഹരിതി കുഹ്ഹരവധൂനിധിയാ ച മുർച്ഛ്യാമഗാൽ.

നൽധാവല്യം കലർന്നുള്ളൊരു നഖനിരയെ–
ത്തിങ്കളെന്നോത്തമത്തി–
ക്കൈത്തോരിന്നുള്ളിലാളിച്ചാളവളരു തളിരെ–
ന്നോത്തുടൻ കൈ കുടഞ്ഞാം
അത്തവ്വിൽ തൻ വളയുള്ളൊലിയളിരവമെ–
ന്നോത്തു ഹൃവെന്നുകേണാ–
ളത്തേൻനേർവാണി കൂവുംകയിലിനെയുടനു–
ഹിച്ചു മോഹിച്ചു വീണാം.

മദ്ഗേഹേ മുസലീവ മൂഷികവധൂഃ
മൂഷീവ മാർജ്ജാലികാ
മാർജ്ജാലീവ ശുനീ ശുനീവ ഗൃഹിണീ
കഥ്യാഃ കിമന്യേ ജനാഃ

Digitized By Kerala Sahitya Akademi

മൂർച്ഛാപന്നശിശ്രുനസ്തൻ വിജഹതഃ
സമ്പ്രേക്ഷ്യ ഡില്ലീരവാൽ
ലൂതാതന്തുവിതാനസംവൃതമുഖീ
ചുല്ലീ ചിരം രോദിതി.

പല്ലിക്കൊത്തെലിയാത്തെലിക്കു സമമാ-
യീ പൂച്ചയും പൂച്ചതൻ-
തുല്യം പട്ടിയുമായി പട്ടിയതുപോ-
ലായ് പതിയും പത്തനേ
ചൊല്ലുന്നെന്തിനി ഞാൻ ചിലന്തിവലയാം
മുണ്ടാൽ മുഖം മൂടിയാ-
ഡില്ലീശബ്ദമിയന്നടുപ്പഴതിടു-
ന്നെന്നുണ്ണിമാർ ചാകവേ.

—1909

ഡൽഹി കിരീടധാരണം

ചിരമഴലിലുറങ്ങീ ശീഘ്രമെന്തിപ്പൊളിന്ത്യാ-
ധരണി കൊടികളംപാറിക്കോടിമയിർക്കൊണ്ടതെന്തേ,
ഹരിയപരനിതാ 'ജാർജ്ജെ'ത്തി—ഹാ! നീയറിഞ്ഞൂ
ശരി, പതിയുടെ സാക്ഷാൽ സ്പർശനം ദർശനീയെ.

യവനമുഗളയുദ്ധോദഗ്രകോലാഹലത്തിൽ
ഭവതിയുണരുമാറായില്ല ഹേ! പുണ്യഭ്രമി,
അവസരമിതിലാമോദാത്ഥപീരങ്കിഭീമാ-
രവഭയപുളകം നീ വീരപത്നീ! വഹിക്ക!

ചരമകമലമേറും ശോഭതേടുന്നു, മിന്നു-
ന്നരമിത ഹിമകാലക്ലിഷ്ടനെന്നാലുമക്കൻ
പരമഭിനവമേന്തീ ഹന്ത! ചൈതന്യമേത്രം
ഭരതധരണി കില്ലില്ലിപ്പൊഴദ്ധ്യായ് നീ.
ഉദിതകുതുകമിപ്പോൾ നിന്നരസ്സോമലത്തേ,
ഉദധികളണിയുന്നു ലോലനീലോത്തിചേലം
അതിമിനുസവുമാകുന്നദ്രിരാജൻ ഹിമത്താൽ
സിതമണിസരളശ്രീസ്നിഗ്ധകൂടം കിരീടം.

ഡടിതി ജനനിയെങ്ങും ചാരുകിമ്മീരവർണ്ണ-
ക്കൊടിനിരകം പറന്നും ചോപ്പുകപ്പായമേലും

Digitized By Kerala Sahitya Akademi

ടനിരകാ നിരന്നാം പാക്കിൽ വാഴ്ചാവതോ നിൻ
വടിവഹഹ! പകർന്ന പൂത്ത വൻകാടുപോലെ.

നഗഗതഹരിധീരൻ നമ്രസാമന്തരുള്ളിൽ
ഖഗപരിവൃതവാപീകാന്തകാദംബകല്പൻ
അഗണിതഗുണ 'നഞ്ചാംജാർജെ'ഴന്നെള്ളി ദില്ലീ–
നഗരിയിൽ വിലസീടുന്നിന്ന രാജാധിരാജൻ.

അതിവിഭവമതിശ്രീ ശക്തിയെല്ലാം ത്രിലോകീ–
പതിയുടെയവതാരത്തിന്റെ കോപ്പെന്നരുപ്പ്
അതുകരുതുകിലിന്നീയാംഗലാധീശനിന്ന്യേ,
അതുലനതു ധരിക്കാമാക നീയാഗമാദ്യേ.

സമനയഗുണനാക്കും സപ്രജാസഞ്ചയത്തിൽ
ഭ്രമണമതിലിരുട്ടേലാത്ത ഭൂമിക്കധീശൻ
അമലമനുജധർമ്മം കാക്കുവാൻ വ്യഗ്രനീ നിൻ–
രമണനിത കിരീടം ചൂടി നന്ദിക്കയിന്ന്യേ.

''തുലയിൽ നിയതധർമ്മം താണധർമ്മങ്ങൾ പൊങ്ങും–
നിലയിലവതരിക്കുന്നുണ്ട് ഞാനെ'' ന്ന ദേവൻ
സ്ഥലമിതിലടരിൽമദ്ധ്യത്തന്ന ചൊന്നാനറക്കെ,
ഫലമിത ഭഗവാൻതൻ വാക്കിൽ നീക്കം ഭവിക്കാ.

ധൃതനയകരുണാബ്ധേ! ചക്രവർത്തിൻ! ഭവാനിൽ
ശ്രുതവിനയധനന്മാർ വിശ്വസിക്കുന്ന ഞങ്ങൾ
മതി പറവതു ഭാഗ്യം മാന്യയാമിന്ത്യമാതാ,
പതിഭുജമതു താങ്ങിപ്പിന്നെയും ധന്യയായി.

ക്ഷമയെ ഹരിപതാകൻ കാപ്പു ഭൂപൻ ശതാബ്ദം
പ്രമദമൊട്ട പുരന്ധ്രീരത്നമാം പത്നിയോടും
സമധികതരമാവൂ സൗഖ്യവും ശ്രീയുമിന്ത്യ–
സ്സുമിതഗുണ ജയിപ്പൂ ഭൂവിലാംഗ്ലേയലക്ഷ്മി.

—1911

പള്ളിക്കെട്ടു മംഗളാശംസ

ഉന്നിദ്രം കാലചക്രം തിരിയുമളവു പൊ–
ങ്ങി സ്ഫുലിംഗങ്ങൾപോലി–
ങ്ങന്യൂനം മായുമോരോ ദിനമതിലമിതാ–
നന്ദമിന്നുള്ളഹസ്സേ!

Digitized By Kerala Sahitya Akademi

ധന്യം നീ, നിന്നിലല്ലോ സുമുഖിയിളയരാ-
ജ്ഞിക്കു തൃത്താലിചാർത്താൻ
മിന്നുന്നോത്താൽ മുഹൂർത്തം മഹിതമരിയപൊൻ-
നൂലിലത്താലിപോലെ.

ഹാ! രമ്യം ബാല്യമിപ്പോൾ ചിരസഖിഭവതി-
ക്കൊത്തുമേ യാത്ര കേഴാ-
സ്ഥിരോമർത്തനൃരാട്ടീ ദഗ്കളറിക മ-
ർത്ത്യക്കു നിത്യങ്ങളല്ലാ
ധീരത്വം പൂണ്ടു കൃത്യങ്ങളിൽ മരുവുക,
ധന്യൻ വിധാതാവു കാലേ
വീരുത്തേ ശാഖിമേലും വനിതയെ വര-
ഹസ്തത്തിലും ചേർത്തിടട്ടെ!

ഓരാതുല്ലാസവും ഭീതിയുമുരുസുഖവും
ദുഃഖവും നിന്നു നിത്യം
പോരാട്ടം ജീവിതത്തിൻ വലിയ പടനിലം
യൗവനം ഭവ്യശീലേ,
ചേരും ധർമ്മത്തിൽ നിന്നാൽ ജയ,മപജയമാം
തെറ്റിയാലോക്ക ദീർഘം
പാരിൽ പ്രാപിക്ക രാജ്ഞീ, തിരുവടി സുഖദാ-
ന്ത്യമാദ്യന്തഹൃദ്യം-

പ്രാപിച്ചു ഭാഗ്യമാര്യേ ഭവതിയെ രവിവ-
ർമ്മാഖ്യനാം ചിത്രകൃത്താം
ഭൂപാലൻ തന്റെ ബീ. ഏ. പദവിജയി മഹാ-
ഭാഗനാം ഭാഗിനേയൻ
ശോഭിച്ചു ദമ്പതിമേറ്റം പ്രജകൾ കൃതികളായ്
നിങ്ങളിൽ സംപ്രതം നി-
ക്ഷേപിക്കുന്നാശ വഞ്ചിക്ഷിതിപകുലമതിൻ
വമ്പെഴും പൊൻപതാകെ;
പൃഥ്വീശാലംബരല്ലോ പ്രജകൾ, ഭവതി
ദൃഷ്ടാന്തമായ് കാന്തമാക്കും
വർത്തിക്കും രാജ്ഞിമാക്കും ചിരമിവിടെ വധൂ-
ജാതി വിഖ്യാതിയേലും

Digitized By Kerala Sahitya Akademi

പ്രത്യേകിച്ചിന്നിവസ്സും വരമരുളുമജൻ
പാർവ്വതീഭായിരാജ്ഞീ–
പുത്രന്മാരെന്ന പേരാന്നിനിയവനിപർ
ഭവണാടു വാണീടുവാനും.

—1907

ഷഷ്ടിപൂർത്തിമംഗളം

(വഞ്ചിപ്പാട്ട്)

അടവിച്ചുഴം സഹ്യന്റെ കൊടുമുടികളും മുന്നു
കടലുകളും കാക്കുന്ന കേരളത്തിന്റെ

മുടിമണിപോലെ തെക്കു വിളങ്ങും വഞ്ചിരാജ്യത്തിൽ
കുടിപാർക്കുന്നവർതന്നെ ധന്യശ്രുഴിയിൽ.

അവരന്യപ്രജകൾപോലരിഭീതിയറിവീല
അവർക്കീതിഭയവുമില്ലൊരുകാലത്തും,

അവനംചെയ്യുന്ന നിത്യമനുഭാവഗരിഷ്ഠന്മാർ
അവരെക്കുലശേഖരപ്പെരുമാക്കന്മാർ.

കരവഴി മുകിലനും കടും മൈസൂർക്കുട്ടവായും
ഉരപ്പെടും കടലൂടെ പറങ്കികളും

വിരയെവന്നു പിടിപ്പാൻ, വഞ്ചിശ്രീ തട്ടിക്കളഞ്ഞു
കരങ്ങളെ—യവർ വീരകളത്രമല്ലീ!

മംഗലചരിതംകൊണ്ടും മതിവൈഭവങ്ങൾകൊണ്ടും
തുംഗമാം തേജസ്സുകൊണ്ടും തിളങ്ങിനില്ക്കും

ആംഗലമഹാലക്ഷ്മിയെ വഞ്ചിലക്ഷ്മി സഖിയായി–
സ്സംഗമിച്ചു—സത്തു ചേരും സത്തിനോടുതാൻ.

അതിപുരാതനം വഞ്ചിരാജവംശം ചെന്നെത്തുകി–
ല്ലതിനുടെയടിക്കെങ്ങും ചരിത്രദൃഷ്ടി

അതിനാലക്ഷതനിയുടെ മുകളിലെച്ചില ചാരു–
ദ്യുതിപെടും രത്നങ്ങളെയറിവൂ നമ്മൾ

ക്ഷതികൾ നീക്കിയും രാജ്യപരിധികൾ പരത്തിയും
സ്ഥിതിയുറപ്പിച്ചും കാത്തും പരിഷ്കരിച്ചും

Digitized By Kerala Sahitya Akademi

അതിമാനുഷഗുണന്മാരടുത്തകാലത്തു വഞ്ചി-
ക്ഷിതിവാണിരുന്ന പല തമ്പുരാക്കന്മാർ

അഹിതതമസ്സുകറിയനവത്ഥസംജ്ഞതേടിയ
മഹിതചരിത്രൻ സാക്ഷാൽ മാത്താണ്ഡവമ്മ,

മഹിയിൽ പ്രസിദ്ധിയാർന്ന ബാലരാമവമ്മ പിന്നെ
മഹിളമാരുമയമ്മ പാർവ്വതീരാജ്ഞി,

ഖ്യാതിയേറീടും സകലകലാവല്ലഭരായോര-
സ്സ്വാതി,യായില്യം, വിശാഖം തിരുമേനിമാർ

നീതിയോടിവരെല്ലാരും ഭരിച്ചിന്നാടിന്നു നിത്യ-
ഭ്രതിചേത്തതിന്നും നമ്മൾ സ്മരിപ്പതല്ലോ.

ധവളയശസ്സുകൊണ്ടു ധരണിയിൽ വെണ്മതേടു-
മവരുടെയനുഗ്രഹശേവധിയായി,

ഭുവനവിളക്കായ്, ഭാഗ്യപരമാവധിയായ്, ഭക്ത-
കുവലയങ്ങൾക്കു പുത്തൻകുളിർമതിയായ്,

അവരും നമ്മളും ഭാവിപ്രജകളുമന്വിൽചെയ്തോ-
രവധിയറ പുണ്യത്തിൻ പരിപാകമായ്

അവനിയിൽ മൂലതാരമതിപ്രഖ്യാതമാംവണ്ണം
അവതരിച്ചരുളിയ പൊന്നുതമ്പുരാൻ,

കരുണാവാരിധി ചിത്തകമലത്തെ കമലാക്ഷ-
ചരണപീഠീകരിച്ച ചരിതവ്രതൻ,

നിരുപമഗുണനിധി നിഗമാത്ഥജ്ഞൻ നിശാത-
നിരവദ്യമതി നാനാനീതികോവിദൻ,

നരദേവനിന്നു നമ്മെബ്ഭരിച്ചുവാണരുളുന്നു
ധരയിൽ നമ്മെപ്പോലുണ്ടോ ഭാഗ്യശാലികൾ!

പരം പല ഭിന്നജാതിമതസ്ഥരാം നമ്മെയെല്ലാം
തിരുമേനി സ്നേഹികുന്നു തനയരെപ്പോൽ.

പിറയും കുരിശ്ശും നീളെ പക്ഷീന്ദ്രനും വൃഷഭവും
കുറവെന്യേ കൊടികളിൽ പൊങ്ങിനില്ക്കുന്നു!

പറയക്കിടാങ്ങളോടൊത്തെഴുത്തിനിരുന്നീടുന്നു
മറയോരുടെയുണ്ണിമാർ മറെറന്തുചൊൽവൂ!

ഇന്നാളല്ലോ പൊന്നുതിരുമേനി തിരുമൂപ്പേററതി-
ന്നെന്നാൽ മുപ്പത്തിരണ്ടബ്ദം പറന്നുപോയി.

Digitized By Kerala Sahitya Akademi

എന്നല്ല നാം ചിരംകാത്ത ഷഷ്ടിപൂത്തിമഹാമഹ–
മിന്നാണല്ലോ ഹന്ത ഭാഗ്യം ഹരി! ഓ! ഹരി!

* * *

അഞ്ചിതഗ്രുണഗണരായബ്ജനാഭപാദപത്മ–
ചഞ്ചരീകചിത്തരായ തമ്പുരാന്മാരിൽ

സഞ്ചിതസമൃദ്ധിയോടും സകലഹിതമാമ്മാറീ–
വഞ്ചിനാടുവാണിരുന്നില്ലിത്രപോലാരും

നെഞ്ചലിഞ്ഞു ജനഹിതമൊന്നിനെ മുൻനിത്തിയേത്ര
വഞ്ചിലവും ചെയ്തിടുന്ന വസുന്ധരേശൻ

മുഞ്ചരിതംവിടാതേയും മുറുകെപ്പിടിക്കാതേയും
തഞ്ചമായ് നീതിമാർഗ്ഗങ്ങം തെളിയിക്കുന്നു.

നാഞ്ചിനാട്ടമരുഭ്രുവിൽ നദിയെത്തടഞ്ഞുകേററി
കാഞ്ചനം വിളയിക്കുന്ന കരുണാനിധി

വാഞ്ഛരിതം നമുക്കുണത്താൻ വഴിനല്ലും പ്രജാസഭ
പാഞ്ചജന്യപാണിഭക്തൻ നടത്തിക്കുന്നു.

പീവരമാം മലയടി തുരന്നും പാതകഞ്ഞവെട്ടി–
യാവിവണ്ടി നടത്തുന്നിതൊട്ടദൂരത്തിൽ,

കേവലം കീഴ്നടപ്പുകഞ്ഞ ഗണിയാതെ വർഗ്ഗങ്ങംക്ക
പാവനനിയമം നൃപൻ നിഷ്കർഷിപ്പിക്കുന്നു.

അടവിയിൽ വഴിവെട്ടിത്തെളിക്കുന്ന മുകിൽമൂട്ടം
കൊടിയ മലയും കൃഷിത്തോട്ടമാക്കുന്നു,

വടിവിൽ തുറമുഖങ്ങം തുറക്കുന്ന തിരതല്ലും
കടലിലും പാലം പണിതുറപ്പിക്കുന്നു.

ധനം വർദ്ധിച്ചിതു നാട്ടിൽ ധാരാളം വിദ്യ വർദ്ധിച്ചു
ജനവും വർദ്ധിച്ചു—ഹന്ത! ജയിപ്പൂ ഭ്രുപൻ!

അനന്തഗ്രുണമിയലുമനന്തരവരുമൊന്നി–
ച്ചനന്തശായി കാരുണ്യാമൃതസേവയാൽ

അനന്തരായം ശതാബ്ദമഹവും കഴിഞ്ഞു നൃപ–
നനന്താതലം വാഴട്ടെയനന്തകാലം!

ആസുരഭാവം ഭ്രുവിൽനിന്നകലട്ടെ നിത്യം ശ്രുഭ–
വാസരങ്ങഞ്ഞകൊണ്ടു വിശ്വം തെളിഞ്ഞീടട്ടെ!

'കൈസറു'ടെ കരബലമസ്തമിച്ചെങ്ങു'മാംഗല്യ'–
കേസരിപതാക കാററിൽ കളിയാടട്ടെ!

Digitized By Kerala Sahitya Akademi

മംഗളാശംസകൾ

താനേ പോയ് വഷ്മിപ്പോം ധരണി സുഭഗ–
സസ്യാഢ്യയായ്, വിണ്ണിലെങ്ങും
വാനോർയാനത്തിൽ വെള്ളക്കൊടിനിരകളം
കണക്കായ് പറക്കുന്ന മേഘം,
ആനം ശ്രീവഞ്ചിഭൂവാസവന തിരു–
വയസ്സമ്പത്തും നാലുമായെ–
ന്നാനന്ദം ദ്യോവിലും ഭൂവിലുമിയലു–
കയാം ചേതനാചേതനങ്ങൾ.

—സെപ്റ്റംബർ 1911

പുരുകൃപയൊട്ടു നമ്മെപ്പോററുമിപ്പൊന്നുമൂലം
തിരുവടിയവതാരംചെയ്തോരന്നാൾ തുടങ്ങി
ഉരുസുകൃതമുയർന്നോരുഴിയിൽ ചെയ്ത ചുററീ–
ട്ടരുണനുഴറിയൻപത്തെട്ട തീർത്ഥാടനങ്ങൾ.

നാലക്ഷരം തിരിയുവോർ നലമോടുപാടു–
മാലക്ഷമാര്യഗ്രണമഞ്ജരിയാൻ നിത്യം
കാലക്ഷയം തടവിടാതിഹ കല്പകംപോൽ
മൂലക്ഷമാരമണ, നിന്തിരുമേനി വാഴ്ക!

സമ്പത്തും സുഖവും സമസ്തഗ്രണവും
സൽകീർത്തിയും സാന്ദ്രമാ–
യമ്പത്തെട്ട ശരത്തു ധന്യതരമാ–
യസ്തീർണ്ണ ഭവത്സേവയാൽ
മുമ്പത്തേയവവെല്ലുമാറണിനിര–
ന്നെത്തും ശുഭാബ്ദങ്ങൾ മേ–
ലൻപത്യന്തമെഴുന്ന വഞ്ചിനൃപതേ,
തൃക്കാൽമെതിക്കാമിനി.

—ഏപ്രിൽ 1916

ക്ഷിദ്രംവിട്ട ഗ്രണങ്ങൾ തിങ്ങി വിലസും
ശ്രീമൂലഭൂപാലകോ–
ന്നിദ്രശ്രീയുതഭാഗ്യവാൻ കടലിനെ–
പ്പൊക്കാൻ ചൊരിക്കും സദാ
സദ്രക്ഷാനിപുണങ്ങളാം മൃദുകടാ–
ക്ഷത്തിൻ തരംഗങ്ങളാൽ
ഭദ്രം പാൽക്കടൽമേൽ ശയിച്ചു പരിശോ–
ഭിക്കും കൃപത്തേൻകടൽ.

Digitized By Kerala Sahitya Akademi

ഇന്നല്ലോ സുദിനം ചിരം ധരയിൽ നാ–
മാശിച്ച ലോകോത്സവം
വന്നല്ലോ കരുണാപയോധി മഹിത–
ശ്രീവഞ്ചിഭ്രവാസവൻ
ചെന്നക്കാമലകാന്തി പൂണ്ട കയറു–
ന്നല്ലോ ത്രഭാവാസമായ്
നിന്നമ്പും പുരുഷായുഷാംബരലസ–
ന്മദ്ധ്യത്തിൽ നിത്യോജ്ജ്വലൻ.

ശ്രീയുക്തം നിജഷഷ്ടിപൂർത്തിമഹമീ–
ശ്രീമൂലഭ്രപൻ നയി–
ച്ചായുസ്സിന്നപരാദ്ധ്യമായനിതര–
ക്ഷേമത്തൊടെത്തീടുവാൻ
വായുപ്രേരിതപത്മമൊത്ത രമത–
ന്മേലും ഭജിപ്പോരിലും
പായും കൺമുന നീട്ടിടട്ടെ ഭഗവാൻ
ശ്രീപത്മനാഭൻ സദാ.

ശ്ലഥരസത വിടാതെ സൽപ്രബന്ധ–
ഗ്രഥനമനോജ്ഞ ചരിത്രഭ്രതിയാന്നും
വ്യഥശകലമെഴാതെയും ശതാബ്ദം
പ്രഥയൊട്ട വാഴുക വഞ്ചിമൂലഭ്രപൻ!

വടിവിൽ വലിയ വഞ്ചിവംശകീർത്തി–
ക്കൊടിമരമായ കൃപാലു മൂലഭ്രപൻ
നെടിയ ഹരികടാക്ഷമാം കയറിൻ–
പിടിയൊട്ട നില്ക്കു നിവന്ന നീണ്ടകാലം.

—സെപ്തംബർ 1918

വിലതടവിയ വഞ്ചിമന്ദിരത്തിൻ–
വിലയമെഴാത്ത വിളക്കു മൂലഭ്രപൻ
വിലസുക ഫണിശായിതുക്കടക്കൺ
വിലസിതമാം നവതൈലവീചിയാലെ.

—ഒക്തോബർ 1918

നല്പതേകക കനിഞ്ഞു നിത്യമീ–
യല്പൽതീർത്ത നൃപജന്മതാരകം
കൊല്പവഷ്ശിശ്രുവിൻ കഴുത്തിൽ ഞാ–
ന്നല്പസിക്കുമൊരു ദിവ്യഭ്രഷണം

Digitized By Kerala Sahitya Akademi

ജാതിക്കൊക്കെയുമതുപോലെയിമ്മതങ്ങൾ-
ക്കേതിന്നും സമനിലതേടിയെന്നുമാക്കും
ഭ്രതിക്കായ് വിലസണമുന്നതപ്രഭാവൻ
ജ്യോതിസ്സുഞ്ചയപതിപോലെ മൂലഭ്രപൻ.

—1922

ഹാ! മൂലദിവാകരനാവിർഭ്രതനായോര-
ശ്രീമെത്തും ശുഭകാലം പിന്നെയും വരുന്നല്ലോ
താമരകൾക്കുമാത്രം താങ്ങലാം താനെന്നായി
സ്വാമിയെച്ചൊല്ലുന്നതു സത്യമല്ലഹോ പാർത്താൽ.

ഇക്കുപ്പച്ചെടിയേയുമവനംചെയ്യുന്നല്ലോ
പൊല്ലരം നീട്ടിട്ടേവനാകയാൽ കൃതജ്ഞമായ്

ഉൽകടഭക്തിയോടുമംക്കാമ്പു തുറന്നിനി
പുല്ലോടിപ്പൂവേ, നീയും പാടുക മംഗളങ്ങൾ.

—1923

കേരളവർമ്മതിരുനാൾമംഗളം

സ്വയമുൽസുകം സ്വജനമൊക്കെയെങ്കിലും
ദയനീയമിന്നു തിരുനാൾമഹാമഹം
അയി മംഗളം തടവിയഗ്രജവ്യഥാ-
വ്യയിതാത്മ ധൈര്യനിധി വാഴ്ക തമ്പുരാൻ!

പറയാം മഹാമഹിമയാൻവക്കെഴാ
കുറവൊട്ടു ദേവ, ഭുവനാന്തരത്തിലും
നിറയും തമസ്സുഥ നമുക്കു കാട്ടുവാൻ
മറയട്ടെ നീതദിവസൻ ദിവാകരൻ.

ജനമാർത്തിപൂണ്ടിതു, ഭവാദൃശക്കെഴാ
നിനവോക്കിലീയുടലിൽ, നിത്യമോഹിനി
അനുഗീയമാന അമരീജനങ്ങളാൽ
തനു, ദേവ! നിങ്ങടെ വശം യശോമയി.

തിരുമേനിയെങ്കിലുമതീവ സൗഖ്യമായ്
തിരുനാളസംഖ്യമിനിയും നയിച്ചുടൻ
മരുവീടുമായതിനു കേരളക്ഷമാ-
പുരുഹൂത, നിത്യമരുളും ശിവം ശിവൻ.

Digitized By Kerala Sahitya Akademi

ഉപഹാരമിന്നഥിതവാങ്മയം സ്വയം
പ്രപദത്തിൽവച്ചു തൊഴുതേൻ യഥാപുരം
അപഭേദമങ്ങു കവിമൗലിരത്നമേ!
കൃപയാൽ വളർത്തിയ കിടാവു 'വർധിനി.'

—1912

ഒരു യാത്രാമംഗളം

പോകുന്ന നീ ദിനമണേ,യിവിടം വെടിഞ്ഞു
മാഴ്കുന്ന താമരകളം ദിക്കുകളം മങ്ങിടുന്നു,
ഹാ! കഷ്ടമായിഹ ജനങ്ങളം കുഴങ്ങു,മന്യ–
ലോകത്തിലും പ്രഭകലർന്ന ഭവാൻ വിളങ്ങും.

ഏതാകിലും വരണമിങ്ങു വരേണ്ടതെല്ലാം
ജ്ഞാതാക്കളായതിലെഴില്ല വൃഥാ വിഷാദം
വീതാമയം ക്രമികമാമുദയങ്ങളം കാല–
നേതാക്കളം കാക്കുകയുമാണു ഭവാദൃശന്മാർ.

പാട്ടായി ചേർന്നഹഹ! പക്ഷികളം ചേക്കതോറും,
തേട്ടിച്ചുവച്ചുഴലൊടാലയമെത്തി ഗോക്കളം,
ആട്ടം വെടിഞ്ഞിതു തരുക്കളം ഭവാനിലേവം
കാട്ടുന്ന നന്ദി പലമട്ടു ചരാചരങ്ങളം.

നാടൊക്കെയും സ്തുതി മുഴങ്ങുകിലും ഭവാനു
കേടറ്റതല്ലുലകമെന്നതു കാട്ടുവാനോ
ക്രുദ്ധപ്രകോപമൊടിതാ വിളിക്കൂട്ടിടുന്ന
മൂഢത്വമാർന്ന ചില മൂങ്ങകളം മുക്കുതോറും.

അത്യന്തതീക്ഷ്ണകരനെന്നുമുപാഗതർക്കും
പ്രത്യർത്ഥികൾക്കുമൊരുപോലെയഗമ്യനെന്നും
പ്രത്യക്ഷമായ് പഴി ദിവാന്ധരഹോ! കഥിപ്പൂ
പ്രത്യഗ്രപദ്മിനികളംതൻ പ്രിയനെന്നുപോലും.

ദോഷാന്ധകാരമതകറ്റിടുമെന്നുമാർക്കും
ഭോഷത്തമാർന്ന സമഭാവന കാട്ടുമെന്നും
ശേഷം ഗുണങ്ങളെയുമങ്ങനെ താൻ മറച്ചീ–
ദോഷൈകദൃക്കുകളം പുലമ്പു—മിതാരു കേൾപ്പൂ.

Digitized By Kerala Sahitya Akademi

ആരിങ്ങു പൂർണ്ണഗുണവാനഥവാ ഖലന്മാ-
ക്കാരാണു മൂവുലകിലുള്ളതൊരാളുവാച്യൻ
ആരൊക്കെയേതുമുലിയാലുമഹോ തുടർന്ന
നേരായ തന്റെ വഴിവിട്ട മഹാൻ നടക്കാ.

വാചാലഭ്രരിഗുണമാണ്നൊടു 'രാജഗോപാ-
ലാചാരി' ഞങ്ങളെ വിടുന്നൊരമാത്യവര്യൻ
ഈ ചാരു സൽപ്രകൃതിയാണ്ന മഹാനുഭാവൻ
നീചാന്യഭാഗ്യയുതനായ് നെടുനാൾ ജയിപ്പൂ.

—1912

ഒരു യാത്രാമംഗളം

വഞ്ചിവല്ലഭന്റെ ഘനമേലും ശാസനയും മുപ്പ-
ത്തഞ്ചുലക്ഷം പ്രജയുടെ രക്ഷാഭാരവും

തഞ്ചമോടൊരാറുകൊല്ലം ചുമന്ന തലയുമഹോ!
തഞ്ചുമലും തളർന്നൊരീ മന്ത്രിസത്തമൻ

സ്ഥടം വിശ്രമംകൊതിച്ചു പൂരവേലതീർന്ന തിരു-
നടയിലെത്തും നല്യാനത്തലവൻപോലെ

വടിവിൻ ശ്രീവഞ്ചിലക്ഷ്മീഭഗവതിയെത്തൊഴുത്
വിടവാങ്ങും ഭംഗി കാണ്മിൻ സഹജന്മാരെ!

ഇമയ്ക്കാതെ നോക്കിടുവിനിതാ നമ്മെ വെടിയുവാൻ
ശ്രമിക്കുന്ന ഗുണഗണനിധിയീശ്രീമാൻ

നമുക്കൻപേലുമിട്ടിവാൻ നമ്മെയിതാ വെടിയുന്ന
നമസ്കരിക്കുവിൻ, നിങ്ങൾ നമസ്കരിപ്പിൻ!

സമസ്നേഹമാണ്ന സർവ്വപ്രജകളിൽ വർത്തിച്ചതും
സമർത്ഥതയോടു പാരം വിദ്യയുള്ള നാട്ടിൽ

സമൃദ്ധിചേർത്തതുമെല്ലാം—അയ്യോ! മഹാൻ പോയിടുന്ന
സമയമില്ലോതാൻ ഉള്ളം സംഭ്രമിക്കുന്ന.

ക്ഷണവിശ്രമാനന്തരം ചിതശക്തിയായിജ്ജന-
പ്രണയിമഹാനയ്ന്ന പദവിനേടാൻ

ഗുണചെയ്ത ദൈവം, പക്ഷേ തനിയേ വരും ഗുണങ്ങൾ
ഗുണവാന്മാക്കെന്തിന്ന വേറനുഗ്രഹങ്ങൾ!

Digitized By Kerala Sahitya Akademi

ഉഴറിയന്യദേശങ്ങളണയും ഭവാൻ ഞങ്ങടെ
പഴയ സ്നേഹം മഹാത്മൻ മറന്നീടല്ലേ.

കഴങ്ങുന്ന മനം കണ്ണീരൊഴുകി മൊഴിയിടറി
വഴങ്ങുന്ന യാത്ര ഞങ്ങൾ വല്ലവാറുമേ!

ജയിക്ക മുടിചൂടാപാലസചിവോത്തമനായ് നാട്ടിൽ
ജയശ്രീ പരത്തിപ്പോമിജ്ജനവത്സലൻ

ജയിക്ക സദ്ഗുണനിധി! ജയിക്ക കുശാഗ്രബുദ്ധി!
ജയിക്ക 'ശ്രീ കൃഷ്ണൻനായർ ദിവാൻ ബഹദൂർ!'

—ജൂലൈ 1920

ഒരു യാത്രവഴങ്ങൽ

(ഇംഗ്ലീഷിൽനിന്ന)

അല്ലേ! ഭാരതസൂര്യ! ദുർവ്വിധിബല-
ത്താൽ നിന്നെയും ഹന്ത നിൻ
ചൊല്പ്പേറും പ്രജയേയുമുന്നതതര-
ക്കൂട്ടത്തെയും നിത്യവും
ഫുല്ലേന്ദീവരകാന്തി പൂണ്ട ഗഗന-
ത്തിൽപ്പുത്തിണങ്ങുന്നതാം
നല്ലോരാക്കുറുമോർക്കരത്തെയുമിതാ
കൈവിട്ടു പോകുന്ന ഞാൻ.

എന്നല്ലെൻ പ്രിയഭാരതീയസഹജ-
ന്മാരേ! ഭവാന്മാരെയും,
നന്നായ് നിങ്ങടെ സൗഹൃദത്തെയുമനു-
ക്രോശാർദ്രഭാവത്തെയും,
ഒന്നായ്ത്തന്നെ ലഭിച്ചു ഞാനിഹ 'സിലോൺ'
തോടുണ്ടു 'ഡാജ്ജീലിങ്ങി'ൽ-
ച്ചെന്നെത്തും വരെ നിന്നതൊക്കെയുടനേ-
യൊന്നായ് നശിക്കുന്നുവോ?

നന്നായ് വാഴുവിനിന്ന നമ്മുടെ ജഡ-
ത്തെദ്ദേശവും, കാലവും
മന്ദം വേർപെടുവിച്ചിടുന്ന മതിലും
കെട്ടും മറഞ്ഞീടുവാൻ,

Digitized By Kerala Sahitya Akademi

വന്നാ വിസ്മൃതിയാമിരുട്ട മഥ മു-
ടീടും ഹിമാദ്രിക്കു കീ-
ഴെന്നും നിങ്ങളെയാകവേയിഹ മറ-
ച്ചീടുന്ന മഞ്ഞെന്നപോൽ.

കണ്ടു നിദ്രയിലോ ഭവൽ കപിശര-
മ്യാസ്യങ്ങളും, കാന്തിയാൽ
വണ്ടൊക്കും നയനങ്ങളും പരിമൃദു-
സ്നിഗ്ദ്ധളാം കൈകളും
കുണ്ഠത്വം കലരാതെയന്യദിശി ഞാൻ
പോകുമ്പൊഴും കൂടവേ
തെണ്ടും സ്നേഹമിയന്നതോർമ്മയിൽ വരു-
ന്നുണ്ടായതും നിദ്രയോ?

സത്യം സ്വപ്നമതാണു സർവ്വ മിഹ നാം
ജീവിപ്പതിന്നിൻഡ്യയാം
പൃഥ്വീമണ്ഡലവും പരം വലിയൊരാ
സ്വപ്നത്തിലൊന്നായ് വരാം.
അത്യത്ഭം വിളറുന്ന വിണ്ണിലധികം
മണ്ടുന്ന രശ്മിക്കു കീഴ്
ചിത്താശ്വാസവുമാത്മഹർഷവുമുദി-
പ്പിക്കും കിനാവാമത്.

എന്നാലേറെയടുത്തവറെയുമക-
റ്റീടാൻ ബലാലന്തരം
വന്നായുന്നൊരു കാലദിക്കുകളം വിചാ-
രിക്കുമ്പൊഴൊന്നായ് വരാം
ഒന്നും കേവലമില്ല മിഥ്യയവയെ-
ന്നും നാം പഠിച്ചില്ലയോ?
നന്നായിങ്ങവയെത്തടുത്തു പുറമേ
നാം കോട്ട കെട്ടേണ്ടയോ?

സത്യം സംപ്രതിയീവിചാരമിതുതാ-
നൊന്നേ സമാധാനമു-
ള്ളത്യന്തം ബത സിന്ധുവും കരയുമായ്
നാം വേർപെടുമ്പോളിനി.

Digitized By Kerala Sahitya Akademi

നിത്യം 'സുര്യ'നെന്നിക്കുമോക്കുകിലയ്യേ!
നിങ്ങടുക്കുമൊന്നാണിതി–
ന്നെത്താ ഭിന്നത വസ്തുവിൻ പ്രണയമെ–
ന്നേക്കും ഭവിക്കട്ടെ!

—ജൂൺ 1904

രണ്ടു മംഗളാശംസകൾ

പ്രേമം മുഴുത്ത കവിയാൽ കവിസാമ്രാട്ടെമ–
നാമത്തിൽ നിർമ്മിതമനോഹരസൗധമേ, നീ
ക്രമഞ്ജുവാം കവിതപോൽ സുധയാന്ന ചിന്താ–
രോമന്ഥമേകിയനുഭൂനായി രോമഹർഷം!

—ഏപ്രിൽ 1922

ഗേയം ഹർമ്മ്യഗതം ചമപ്പതിനെ ചൊ–
ല്ലീടുന്നവല്ലോ ബലാൽ
ഭ്രയോ മോദമൊടെൻ സുഹൃത്തിളയ–
ചാന്നാർ, ദേവി കാവ്യാത്മികേ!
മായാപേത മമത്വമാരെയുമിള–
ക്കീടുന്നതെന്നല്ലയേ,
നീയും ലക്ഷ്മിയുമേതിലേറുമതി–
ലേറീടുന്ന സൗന്ദര്യവും!

—1907

മൂല്യരിനയച്ച കത്ത്

സ്വാമിനി, സർവ്വജ്ഞപ്രിയ–
ഭോമിനി, പരചിത്രഭവനവിന്യാസാ
പ്രേമംചെയ്യ ഭവാനവാം
കാമിതമരുളട്ടെ കമലപത്രാക്ഷി.

അത്യാനന്ദമഹോ തരുന്നയി ഭവാ–
നൻപോടയച്ചുള്ളൊര–
ക്കത്താകും കവിതാരസോമ്മി കരളിൽ–
ച്ചേക്കും സുധാമാധുരി

Digitized By Kerala Sahitya Akademi

വ്യത്യാസം പറയുന്നതല്ലേ വരാൽ
വേഗാലയസ്സുന്നിതി
പ്രത്യാവേദനപത്രവും പ്രകൃതിയാം
മാന്ദ്യം മറന്നിന്ന ഞാൻ.

ചിത്താമൃതാദമെന്നിക്കു തോഴരൊരഭി-
ജ്ഞാനോക്തി ചൊല്ലുന്നതിൽ
പ്രത്യേകം കലരുന്ന പോയ സുദിനം
പ്രത്യുദ്ഗമിക്കുന്നപോൽ
പ്രത്യക്ഷത്തിലുടൻ ഭവാനെയിഹ ഞാൻ
കാണുന്നു, വൻപ്രേമവും
എത്തീടുന്നഥവാ മനോമയമതാ-
ണോർത്താൽ ജഗത്തും സഖേ.

ഓർക്കുന്നുണ്ടയി ഞാനനുദ്ധകുതുകം
സല്ലാപമോരോന്നര-
ച്ചാക്കും നാമിരുപേരി,ലന്നത്ര സഖേ.
പോരാഞ്ഞുമാ രാത്രിയിൽ
വാഴ്ത്തും കാര്യവശാൽ വിഷാദമൊട്ടടൻ
വേർപെട്ടൊരേ പ്രാണനീ
മൂക്കിൻമുലമണഞ്ഞു രണ്ടുവഴിപോം-
പോലന്നു പാലംവഴി

തുഷ്ട്യാ നിങ്ങളെയും പിരിഞ്ഞു തുണയി-
ല്ലാതെയിരുട്ടത്തു ഞാൻ
പുഷ്ട്യാ പിച്ചിലമാം വഴിക്കു ബത കു-
ല്ലാലത്തിലെത്തുംവരെ
കഷ്ടം! പോയിതു മുങ്ങിയും മുഴുകിയും
മിന്നാമിനുങ്ങങ്ങനെ
പുഷ്ടംതന്നെയിടയ്ക്കു തെല്ലൊരു വെളി-
ച്ചത്തിന്നു പാത്തുള്ള ഞാൻ.

പോട്ടിന്നായതു പിന്നെയും പ്രിയസഖേ
പിറേറദ്ദിനം രാത്രിയിൽ
പേട്ടയ്ക്കായുമടുത്തനാളവിടവും
വിട്ടും പുറപ്പെട്ട ഞാൻ

Digitized By Kerala Sahitya Akademi

ഡാക്ടർ ശ്രീയുതനാകമപ്പുരുഷര-
ത്തത്തോടുമിട്ടിക്കിൽവ-
ന്നിട്ടഞ്ചാറുദിനം കഴിഞ്ഞുടനെയ-
ക്കാർഡും ഭവാനിട്ട ഞാൻ.

പിന്നീടത്രയൊരാഴ്ച പോകുവതിനും-
മുൻപേയെൻപേരുമെൻ
ധന്യോത്തമസമതാ'മരീപ്പുറ'മെഴും
സ്വാമിപ്രസാദത്തിനാൽ
വന്നെത്തീ വലുതായിടും കിമപി കാ-
യ്യാത്ഥം മനത്തിന്ന ഞാൻ
ചെന്നേതീരുവതെന്ന ശീഘ്രമിഹ വി-
ജ്ഞാപിക്കുകാജ്ഞാപനം.

കണ്ടിട്ടായത്ര കേവലം ത്വരകലർക്കു-
ട്ടമ്പോഴിടമ്പെട്ടവ-
ന്നുണ്ടായീ ജ്വരദോഷവും ജ്വരവുമൊ-
ന്നല്പം മുഷിപ്പിച്ചു മാം;
ഉണ്ടിപ്പോഴും സുഖമായതിന്ന,മതിനാൽ
നാട്ടിന്ന പെട്ടെന്ന നി-
ഷ്ക്രുണം മൽ ഗുരുപാദഗൗരവവശാൽ
വേഗേന പോകുന്ന ഞാൻ.

പത്രങ്ങൾക്കെഴുതാൻ പ്രയാസമിനിമേൽ
പക്ഷേ, ഭവിക്കാം സഖേ
തത്രാനേകമെനിക്കു സമ്പ്രതി വരാം
കൃത്യം സ്വകർത്തവ്യമായ്;
ചിത്താശംസ തഥാപിയുണ്ടതിനുമേ-
യെന്നാൽ തദ്രത്ഥം പുനർ-
വൃത്താന്തം സുകവേ, നമുക്കെഴുതിടാം
പിന്നീടുമന്യോന്യമായ്.

മറെറാന്നും പറയുന്നതിന്നവസരം
തൽക്കാലമില്ലോക്ക മേ,
മറേറന്നാളിവിടം വിടുന്നതിനു ഞാ-
നോക്കുന്ന നീക്കംവിനാ;

Digitized By Kerala Sahitya Akademi

മറെല്ലാർക്കുമെനിക്കുമത്ര കുശലം
തന്നാണ ദൈവേച്ഛയാ,
പുറും നാടു നിറഞ്ഞുമിപ്പൊഴിവിടെ
പ്പേഴ്വണ്ട വേണ്ടുന്നപോൽ.

വിവേകാനന്ദാഭിധസ്വാമിതൻ വാക്-
പ്രവാഹത്തിൽപ്പെട്ടതാം കവ്യയോഗം
കവേയിപ്പോഴം ഭാഷയാക്കുന്നതും ഞാൻ
തവേഷ്ടംപോൽ 'ചന്ദ്രിക'സ്സ്വായയസ്സാം.

—1900

ഒരു മറുപടി

അയി പത്രികേ, മമ കൃതിക്കു നിന്നിലാ-
നയശാലി പന്തളനരാധിപൻ പ്രിയേ
സ്വയമേവ ചെയ്തൊരു നിരൂപണത്തിനും--
പ്രിയമോടു നന്ദി പറയുന്നിതേറെ ഞാൻ.

വല്ലേടവും വ്യവഹിതാനവയവക്കൃതിക്കു
ചൊല്ലാമിതാരുടെ കൃതിക്കുമിരിക്കുമാര്യേ,
വല്ലാതെ രണ്ടു പൊരുംവച്ചതിലത്ഥപൂർത്തി-
യില്ലെന്നരസ്സിലത്ര സാഹസമാണതാനും.

എന്നാലേറെദിനങ്ങളുമുമ്പിളയകാ-
ലത്തന്നുമെത്തും രസാൽ
നന്നാകാസ്സിലുമീവിധത്തിലതിനെ-
ബ്ഭാഷാന്തരം ചെയ്ക ഞാൻ;
വന്നു വീഴ്കുകളച്ചിലും വിവിധമാ-
യെന്നോക്കണം പത്രികേ
മന്ദിക്കാതെ മഹേശിതൻ കരുണയാൽ
നന്നാക്കണം മേല്ക്കുമേൽ.

ഇതു നീതാനധുനാ പോ-
യതിസരസേ തമ്പുരാനൊടറിവിക്ക.
അതുമല്ലുദ്ദേഹത്തിനു
നതിചെയ്തീടുന്നു ഞാനതുമുരസ്സാ.

Digitized By Kerala Sahitya Akademi

അഭിപ്രായപദ്യങ്ങൾ

നഷ്ടപ്രായരതിശ്ചിരായ വിടുഷാം
നാട്യപ്രബന്ധാദ്ഭുതിർ–
ഭ്രംഫോയം ഗ്രണമോഹനശ്ച സുഹൃദാ–
രബ്ബസ്യ കിം ബ്രൂമഹേ?
കാലശ്ചംക്രമതേ വിവൃദ്ധിമയതേ
പ്രജ്ഞാ രുചിർഭിദ്യതേ
·യത്നഃ സ്ഥാനകൃതോ നവായമഥവാ
സർവ്വസ്യ സർവ്വോ രസഃ

മുന്നിട്ടാൻ ഹന്ത മൂല്പർക്കവി കഥകളിയിൽ
ഗാഥചെയ്യാനുമിപ്പോൾ
തന്നേ പ്രേരിക്കയാലോ പരനഥ തനിയേ
കൗതുകം വാസ്തുയാലോ
അന്യന്മാരേ സകാലാതിഗകവനകലാ–
ധാടിയാലോ ജയിച്ചാ–
നന്നത്തിൽക്കേളിയാടുന്നവളുടെ കരുണാ–
പാംഗസംഗത്തിനാലോ?

ഒരു എഴുത്ത്

കല്പിക്കുന്ന വെളിച്ചമായിരുളുമെ–
ങ്ങാ സൗഖ്യമായ് ദുഃഖവും
നിഷ്പക്ഷാന്തരമായ് നടപ്പെവിടെയി–
ന്നാരോഗ്യമായ് രോഗവും
അപ്പോഴപ്പെറ ശിശ്രൂക്കരച്ചിലെവിടെ–
ജ്ജീവോദയം ചൊൽവതാ,–
യിപ്പാരിൽ സുമതേ! സുഖാനുഭവമു–
ണ്ടെന്നോ നിനയ്ക്കുന്ന നീ!

കാളും കാന്തിയിൽ നാകവും നരകവും
കൂടിക്കുഴമ്പായതാ–
ണീ ലോകം പുനരോക്കിലീയതിരുവി–
ട്ടാക്കം ഗമിക്കാവതോ?

Digitized By Kerala Sahitya Akademi

കാലേ തങ്ങടെ കർമ്മമാം കയറിനാൽ
കണ്ണും കൂടക്കീട്ടുന്നാൽ
മാലേന്തുന്നടിമപ്രവൃത്തിയൊഴിയും
നാമെങ്ങുചെന്നാലിനി? 2

യോഗം ഭോഗവുമാലയസ്ഥിതിയുമാ-
സ്സത്തായ സന്യാസവും,
ലോകേശൻപദഭക്തി, പൂജ, ധനമാ-
ർജ്ജിക്കുന്ന മാർഗ്ഗങ്ങളും,
ത്യാഗം, നേർച്ചകളെന്നുവേണ്ട വലുതാം
തീവ്രവ്രതാദ്യങ്ങളും
ഹാ, കണ്ടേനിവയൊക്കെയേറമവത-
ന്നുള്ളൂടുമൂടാടി ഞാൻ. 3

കാണുന്നില്ലൊരു ചെറുസൗഖ്യമിവിടെ-
ക്കാനൽജലത്തെക്കൊതി-
ച്ചേണംപോലുഴലുന്നതാണു രസമോ-
ഹംതേടുമിജ്ജീവിതം
ഊനംവിട്ട ഗുണങ്ങളെത്രയൊരുവ-
നുംത്താരിൽ വർദ്ധിക്കുമോ
ഏനം ജീവിതമത്ര ദുസ്സഹവുമായ്-
ത്തീരുന്ന പാരിൽ സഖേ! 4

സ്വാർത്ഥപ്രീതി വെടിഞ്ഞു വിസ്തൃതമന-
സ്സാം ഭക്തനല്ലോ ഭവാ-
നോർത്താലങ്ങനെയുള്ളവക്കിവിടെ വാ-
ഴാവല്ല തെല്ലും സഖേ!
അത്യന്തോഗ്രമിരുമ്പുകൂടമെതിരി-
ട്ടേറുന്ന തല്ലാകവേ
പുത്തൻ ചാരുപളുങ്കുപാവയുടെമേ-
ലേല്പിൽ സഹിക്കാവതോ 8

ഉള്ളത്തിൽക്കനിവൊട്ടുമെന്നിയതിനീ-
ചതച്ചതൊട്ടും നല്ല തേൻ-
തുള്ളിക്കൊത്തു മതുത്തെഴും മൊഴിയൊട്ടും
നഞ്ചോത്ത നെഞ്ചത്തൊട്ടും

Digitized By Kerala Sahitya Akademi

കള്ളംതന്നെ നിറഞ്ഞു നേരകലെയായ്
തന്നെബ്ഭരിപ്പാൻ സ്വയം
തള്ളിക്കേറുമൊത്തനാകിലിവിടെ-
സ്സുഖ്യം നിനക്കും സഖേ! 6

ന്യായാഞ്ഛഥ ജീവിതം പണയമായ്
വച്ചും പഠിച്ചീടുവാ-
നിന്നേവംവിധമായതെന്റെ സമയം
ഹാ! പാതിയും പോയിതേ
എന്നല്ല്യാപ്രിയസ്സലാഭായിഹ സഖേ!-
യുന്മത്തനെപ്പോലെ ഞാൻ
ചെന്നോരോന്ന പിടിച്ചതൊക്കെ നിഴൽപോൽ
നിസ്സാരമായ് പോയിതോ. 7

ക്രൂരള്ളോരുടെ കൂട്ടുവിട്ടഹഹ! ഞാൻ
ക്രൂരസ്സരക്കെട്ടതിൽ
കീറക്കച്ചയുടുത്തു കണ്ട പടിതോ-
റും പോയിരന്നു സഖേ!
തീരെ ക്ലേശമിയന്ന തീവ്രതരമാ-
യീടും വ്രതംനോറുതാൻ
പാരം മേനിയലഞ്ഞു ഹാ! ഫലമെനി-
ക്കുണ്ടായതെന്തായതിൽ? 8.

നന്നായിട്ടയി! കേട്ടുകയെന്റെ ഹൃദയം
നിന്നോടുരയ്ക്കാം സഖേ!-
യിന്നെൻ സ്വാനുഭവത്തിൽനിന്നറിവതാ-
മീ സത്യമത്യുത്തമം
ഒന്നായോളമെടുത്തടിച്ചു ചുഴലി-
ക്കും ജീവിതൗഘത്തിലീ-
യൊന്നത്രേ കടവുള്ളൊരുത്തനു കട-
ന്നങ്ങേക്കരപ്പോകുവാൻ. 9.

ഊഹിക്കിൽ പരിചര്യതൻ വിധികളും,
പ്രാണൻ നിരോധിപ്പതും,
മോഹംതാൻ പരവിദ്യയും, പ്രകൃതിവി-
ജ്ഞാനാദി ശാസ്ത്രങ്ങളും

Digitized By Kerala Sahitya Akademi

ആഹാ! മാനസവിഭ്രമങ്ങളിഹ സ-
വ്വത്യാഗമത്യാഗവും,
'സ്നേഹം' 'സ്നേഹ'മിതൊന്നുതന്നെ സകലം
പാർത്താൽ പദാർത്ഥം സഖേ! 10

ജീവൻ, ബ്രഹ്മവു,മീ ജഗത്തിലഖിലേ-
ശൻ മർത്ത്യനും പിന്നെയി-
ന്നേവം പ്രേതപിശാചവൃക്ഷവു,മഹോ!
വേതാളഭ്രതങ്ങളും,
ദേവന്മാർ, പക്ഷിപക്ഷിജാതി, കൃമികീ-
ടംതൊട്ട സൃഷ്ടങ്ങളും
താവുന്നുണ്ടു വെടിഞ്ഞിടാതെ ദൃഢമാ-
യിസ്നേഹമുൾത്താരതിൽ. 11

വേറാരോതുകയിന്നു ദേവനിരകൾ-
ക്കും ദേവനാകുന്നതോ?
നേരായോർക്കുകിലാരു സ്വർഗ്ഗമിള-
ക്കിക്കൊണ്ടുനില്ക്കുന്നതോ?
ഓരുമ്പോൾ, ശിശുവിന്നുവേണ്ടിയൊരു മാ-
താവോ മരിക്കുന്നതും
ചോരൻ കൊള്ളയിടുന്നതും സകലവും
സ്നേഹംനിമിത്തം സഖേ! 12

വാക്കിന്നും ഹൃദയത്തിനും വിഷയമാ-
കാതപ്പുറത്തായ് സദാ
വാക്കുന്നായതു ഹന്ത! ഭ്രരിസുഖമാ-
യോ ദുഃഖമായോ സഖേ!
ഓർക്കുമ്പോളതുതാൻ ഭയങ്കരി ജഗ-
ത്സംഹർത്രിയാം ദുർഗ്ഗയും
വാഴ്ത്തും മോഹനരൂപമാർന്നു വരുമാ
ലോകൈകമാതാവതും. 13

രോഗം, ബന്ധുജനം മരിച്ച വിരഹം,
ദാരിദ്ര്യഭാരം, ഗ്രണോ-
ദ്രേകം ദോഷവുമിന്നു കർമ്മഫലമാ-
കും നല്ലതും തീയതും.

Digitized By Kerala Sahitya Akademi

ആകെക്കാൺകിലിതൊക്കവേയതിനെഴു-
ന്നാരാധനംതാൻ സഖേ!
ലോകത്തിൽപ്പുനരിന്ന ജീവകൃതിയാ-
യെന്തുള്ള ചിന്തിക്കുകിൽ. 14

മായാമോഹമതാണു കേണു സുഖമ-
ന്വേഷിച്ചു പോകുന്നതും
പേയാണോക്കുകിലിന്ന കേവലമതാം
ദുഃഖം കൊതിക്കുന്നതും
ആയാസാൽ മതിയാഗ്രഹിക്കിൽ വലുതാ-
മുന്മാദമാണായതും
മായാത്തുള്ളൊരു നിത്യജീവിതമനോ-
മിഥ്യാഭിലാഷം സഖേ! 15

പാരം വേഗമെഴും മനോരഥമതിൽ-
പ്പാരാതെയേറിബ്ഭവാൻ
ദൂരം ദൂരമതായ് നടന്നിഹ കട-
ന്നെങ്ങെങ്ങു പോയീടിലും
പാരത്തുള്ളതുപോലെതന്നയി സഖേ!-
യീ ലോകമാകും മഹാ
പാരാവാരവുമീ സുഖാസുഖമതായ്
ത്തല്ലുന്ന കല്ലോലവും! 16

കേട്ടോ ഹേ! ചിറകറ്റു വീണ ഖഗമേ!
ചൊല്ലുന്ന ഞാൻ സംഭ്രമം
കാട്ടീടായ്കയിതൊക്കെയോക്കിലിഹ ര-
ക്ഷയ്ക്കുള്ള പോക്കല്ലെടോ.
പെട്ടെന്നേവമടിക്കടിക്കടിപെടു-
ന്നയ്യോ! പരുങ്ങുന്നതേ!
കഷ്ടം! പിന്നെയുമെന്തിനിങ്ങനെയസാ-
ദ്ധ്യത്തിൽ ശ്രമിക്കുന്ന നീ? 17

പാട്ടിൽ ജ്ഞാനവു,മച്ചനാസ്മൃതികളും
ഹാ! ശക്തിയും സർവ്വവും
പോട്ടേ, തന്നെ മറന്നനിന്ന വിലസു-
ന്നാ സ്നേഹമൊന്നില്ലയോ

Digitized By Kerala Sahitya Akademi

വാട്ടംവിട്ടതുതന്നെയേകശരണം—
നമ്മൾക്കു പാഠത്തിനായ്
കാട്ടുന്നുണ്ടതിതാ പ്രദീപശിഖയെ-
പ്പുല്കും പതംഗം സഖേ! 18

നീചപ്രാണിയിതിന്നതിനഴകു കു-
ണ്ഠാശിച്ചഹോ കണ്ണുതിർ
ക്കാചംപററി,യകം കവിഞ്ഞു വഴിയും
സ്നേഹത്തിലുന്മത്തമായ്
ഹാ! ചാരായമെടുത്തപോലതുഴറീ!
ഹേ ഭിക്ഷുരേ, നിങ്ങടെ സ-
ങ്കോചിക്കേണ്ടയഹന്തയാം ഹൃദയപ-
ങ്കം ചുട്ടുപൊട്ടിക്കുവിൻ! 19

ചൊല്ല സൗഖ്യമാരിക്കലെങ്കിലുമിര-
പ്പാളിക്കുടിക്കുന്നുവോ-
യില്ലല്ലോ പുനരെന്തിനന്യരൊടു നാം
യാചിച്ചിടുന്നു വൃഥാ
എല്ലാം നല്കുക,യെന്നുമല്ല, ഫലമി-
ച്ഛിക്കാതതിന്നും സഖേ!
ചൊല്പേറും ധനമെങ്കിലൊന്നു ഹൃദയേ
വേണ്ടോളമുണ്ടായ്വരും. 20

അല്പേ! നൃന,മഖണ്ഡനായ വിഭവിൻ
ദായാദനല്പേ ഭവാ-
നില്പേ സ്നേഹമതായ വൻകടലുമി-
ന്നൽക്കാമ്പിലുൾക്കുളമായ്
എല്ലാം 'നല്കുക! നല്കുകാ'രു ഫലമി-
ച്ഛിക്കുന്നവന്നുള്ളിലാ
നല്പോരാഴി നശിച്ചു തുള്ളി ജലമായ്
ശേഷിച്ചുപോകും സഖേ! 21

ബ്രഹ്മംതൊട്ടണുജീവിയല്ല പരമാ-
ണുക്കൾക്കുമുൾക്കാമ്പതിൽ
ചെമ്മേ നില്പുതഖണ്ഡമായ് വിലസിടു-
ന്നാ സ്നേഹമല്പോ സഖേ!

Digitized By Kerala Sahitya Akademi

അമ്മാഹാത്മ്യമതോർത്തു നീയതുകൊതൻ
പാദാരവിന്ദങ്ങളിൽ
സമ്മോദേന സമർപ്പിച്ചു മനതാ-
രും ദേഹിയും ദേഹവും. 22

പാരിൽക്കാണ്മതശേഷമോക്ഷ പരമേ-
ശൻതന്നെയാകാരമാ-
ണോരുമ്പോളവനെത്തിരിഞ്ഞെവിടെയ-
ന്വേഷിച്ചു പോകുന്ന നീ
ആരിക്കണ്ട ചരാചരത്തെയഖിലം
സ്നേഹിച്ചിടുന്ന സഖേ!-
യാരായാലുമവൻ മഹേശനെയുപാ-
സിക്കുന്ന തക്കംവിനാ! 23

—1903

വിവേകാനന്ദസ്വാമികളുടെ ഒരു കവിത

ആരോമൽക്കുസുമങ്ങളുള്ളകവരു-
ന്നാളം സുഗന്ധത്തിനാൽ
സാരാവം മദമാർന്ന ഭൃംഗനിരയും
പൂഴന്നു ചെന്നാകവേ,
പാരം വെണ്മതി തുവിടുന്നവനിയിൽ
സൗധങ്ങൾമേൽ പൂന്നിലാ-
വാരാൽ സ്വർഗ്ഗികം പുഞ്ചിരിക്കുവതുപോ-
ലെങ്ങും വിളങ്ങുന്നതും.

തെക്കുന്നെത്തിയ മന്ദവായുവിനെഴും,
സമ്മോഹനസ്പർശമാ-
ർന്നക്കാനപ്പികൽ വരുന്നിതോമ്മകൾ പൂടം
ഭേദിച്ചെഴുപോലവേ
ദിക്കെങ്ങും ചെറുതോട്ടു,മാറു,മലപൊ-
ങ്ങും പൊയ്കയും തിങ്ങിടു-
ന്നൗക്കമ്പം കലരുന്ന വട്ടമിടുമീ
വണ്ടാന്റ തണ്ടാരുകൾ.

Digitized By Kerala Sahitya Akademi

തല്പിപ്പ്ഫേനമിയന്നൊഴുകുകും വരു–
ന്നൂ വാദ്യഘോഷംകണ–
ക്കെല്പോം മാറെറാലികൊണ്ടു കന്ദരതലം
നീളേ മുഴങ്ങുന്നിതേ
പൊല്പേറുന്ന ലയം കലർന്നചിതമായ്
സ്നേഹത്തെ വാഴ്ത്തുന്നപോൽ
മെല്പെക്കൊമ്പുമറഞ്ഞിരുന്ന കുയിലും
മാവീന്നു കൂവുന്നുതേ!

പൊന്നിൻതുലികയാൽ പ്രഭാതരവിയാ–
മാലേഖകൻ ദിവ്യനീ–
മന്നിൽത്തൊട്ടിതമന്ദമായ് നിറമിട്ടു–
ന്നൂ ചിത്രവർണ്ണങ്ങളാൽ
മിന്നുന്നൂ നിറമൊക്കവേ നിലമതിൽ–
ക്കാണ്മാൻ പരത്തുന്നപോ–
ലെന്നുള്ളത്തിൽ വരുന്നിതോത്തു കടൽപോ–
ലോരോ വികാരങ്ങളും.

മാറാതാഞ്ഞു മഹാകഠോരമിടിവെ–
ട്ടീടുന്ന പാടേ കടും–
കാറാൽ മൂടിമറഞ്ഞു വിണ്ണുകലരു–
ന്നൂ ഘോരയുദ്ധാരവം
പാരും ദ്യോവുമടക്കിയാത്തു സമരം
ഭ്രതങ്ങാം ചെയ്യുന്നുവോ,
പാരം ക്രൂരിതാം ക്രൂരിതട്ടതിനെയീ–
നിട്ടിൽ കവിട്ടുന്നുവോ?

ക്രൂരത്വംപരമാൻ പാഞ്ഞീടറിയെ–
ത്തീടുന്ന കല്പാനിലൻ
ചോരത്തൊത്തു ചുവന്ന ഘോരതരമായ്–
ക്കത്തുന്നിടിത്തീ സദാ
പാരം ചീറിയണഞ്ഞു പവ്വതനിര–
ത്തുങ്ങേപ്പുറം ചാടുവാ–
നോരുന്നൂ. കടൽ ഘോരഘോരമിളകും
കല്ലോലജാലങ്ങളാൽ.

Digitized By Kerala Sahitya Akademi

മുളിക്കൊണ്ടിളകുന്ന ഭ്രമി, മുറ്റരാ–
ത്തേറ്റം വിറയ്ക്കുന്നഹോ!
കോളിറ്റ് സ്വസ്ഥിതിവിട്ട ഞെട്ടിയിടറി–
ത്താഴുന്നിതാഴത്തിലും;
കാളുന്നുള്ളനിറഞ്ഞ തീയതിനെഴും
ഘോരോജ്ജ്വലജ്ജ്വാലയിൽ–
ച്ചീളെന്നദ്രികൾ ധൂളിധൂളിസമമാ–
യെത്തുന്നണുത്വംവരേ!

താരംപോലെ വിടന്നൊരാമ്പൽ നിരപൂ–
ണ്ടാകാശമേധ്യാദകം
ചേരുംകേണിയതിൻ കരസ്ഥഴകെഴും
വീടൊന്നു കാണുന്നതിൽ,
പാരം വെൺനരയാന്ന പാത്രമതിലാ–
മാദ്ധ്വീകഹൃദ്യാസവം
പൂരിച്ചുച്ഛ്വസിതങ്ങളാൽ ചെറുതുര-
ച്ചീടുന്ന ഗ്രന്ഥോക്തികൾ.

കണ്ണടച്ചുപിടം കവിഞ്ഞൊഴുകിടു-
ന്നു കാമ്യവീണാരവം;
തിണ്ണെന്നുദ്ഗതരാഗവും ലയവുമേ-
റുന്നേറുമുൽക്കണ്ഠയേ;
എണ്ണംവിട്ട വികാരമാന്നു, നെടുവീ–
പ്പിട്ടിദ്ധരാഗോഷ്മമാം-
വണ്ണം, ഹാ! പൊഴിയുന്നിതുന്നൊരിളമാൻ-
കണ്ണാള കണ്ണീരുമേ!

ആരക്തോധരയാർദ്രമാം രസഭ്രരം
തിങ്ങുന്നൊരാ രണ്ടു വൻ–
പാരാവാരമൊടൊത്ത കണ്ണിണയയ–
ച്ചീടുന്നു, തേടുന്നുടൻ,
പാരം കൈകളയത്തിടുന്നു, കൊതിയാൽ
പ്രേമം കിടക്കുന്നൊരാ–
ക്കാരാഗാരമതായ ഹൃത്തടമതും
വൈകാതെ പുല്കുവാനവും.

(അപൂർണ്ണം)

—1904

Digitized By Kerala Sahitya Akademi

ഒരു അനുമോദനം

പൂവേ, സൗരഭമുള്ളനാം ഭുവനമാ-
ന്യം നീ, പുരാരാമമ-
ല്ലാവാസം, സ്വയമിന്നദിഷ്ടകൃതമാ-
യീടുന്ന കാടെങ്കിലും,
ഭുവിൽത്താണറിയാത്ത ഗന്ധമതിലുണ്ടാം
ഹീരമേ, സൈ്വരമായ്
മേവാമത്ര കരേറി നീ മഹിതമാം
കോടീരകോടീതടം.

എന്നല്ലുജ്ജ്വലമായ് നഭസ്സിൽ വിലസും
നക്ഷത്രമേയത്രനി-
ന്നെന്നും മഞ്ഞു മറച്ചിടാ, മുകിലുമെന്നും
നിന്നെ മൂടാ ദുഢം
മന്നിൽ തദ്ഗ്രഹണമെന്നുമോരുവതി-
നാളില്ലെന്നതും വന്നിടാ
മിന്നും കാന്തി നിനക്കു നല്കിയ വിധാതാ
മൂർഖനല്ലോക്ക് നീ.

ഉദ്യത്താം പുഴയെങ്ങുദിച്ചുദധിയെ-
ങ്ങിന്നെത്ര സുസ്ഥൈര്യമാ-
ന്നുദ്യോഗിച്ചിഹ ഗണ്ഡശൈലനിരയാ
സ്രോതസ്സെ രോധിപ്പതും
എത്തീടേണ്ടവയെത്തിടേണ്ട ദിശി പെ-
ന്നെത്തും തടുത്തിന്നൊരാൾ
നിത്തീടാൻ കരുതേണ്ടഹോ! നിയതിത-
ന്നുദ്ദേശ്യമുട്ടാമമാം.

അന്യോൽക്കൃഷ്ടവിരക്തരാത്മസുഖമ-
റൈശ്വര്യമറന്ധരായ്-
ത്തന്നെത്താനെരിയുന്ന കത്തിയൊരസൂയാ-
വഹിതന്നിൽ സദാ
അന്യൂനം പറയാം മനുഷ്യരിൽ ദുരീഷ്യാ
മുക്തരാരാകിലും
ധന്യന്മാരവർ; സത്യമോതി ഭഗവാൻ
ബുദ്ധൻ വിവുദ്ധാശയൻ.

Digitized By Kerala Sahitya Akademi

ഉൽക്കഷ്ത്തിനു ജാതിജാതിയൊടിട-
ഞ്ഞോരാതെ പോരാടിയോ
നിഷ്ഫാര്യം സമുദായമാഞ്ഞു സമുദാ-
യത്തോടെതിർത്തോ സ്വയം
ഒക്കെപ്പോടെ വരും ജയാപജയമെല്ലാം
കണ്ടുകൊണ്ടത്രമേൽ
നില്പ്പുണ്ടൊരുകൈ! സമീകരണസ-
ന്നാഹത്തൊടുഹിക്കുകിൽ.

പൊങ്ങും താണതു, പൊങ്ങിനിന്നതതുപോൽ
താഴും; വിളങ്ങുന്ന പൂ-
മങ്ങിപ്പോമിഹ നാളെ ന്യൂനമഥവാ-
യിന്നല്ലയെന്നാകിലും,
എങ്ങും ഭംഗമെഴാതെയീ നിയമമാം
ചക്രം ചലിക്കുന്ന തിൽ-
ത്തങ്ങീടുന്നഖിലം, തദാശ്രയഫലം
നല്കുന്ന യത്നങ്ങളും.

കിട്ടാഞ്ഞൂ ഗ്രണതുല്യവൃത്തി നിജരാജ്യം
വിട്ടു നഷ്ടാശനായ്
ബ്രിട്ടീഷാശ്രയമെന്നുപോയ് വിദിതനാം
പി. വേലു, ബി. എ. ഭവാൻ
സ്പഷ്ടം ഭാരതചക്രവർത്തി പരിതോ-
ഷിച്ചു, ലഭിച്ചീപ്സിതം
ദിഷ്ടത്താലതുമല്ല 'റാവുബഹദ്ദൂ'രെ-
ന്നായ് ഭവന്നാമവും.

ആരോർത്തീ ഗതമായ കൊള്ളിയതിവ-
ർത്തിക്കും വിളക്കാകുമെ-
ന്നാരീ വിസ്മൃതമായ വിത്തു മരമായ്
വാഴ്ത്തുന്നുവെന്നോർത്തതും?
പാരം വിസ്മയവും കുതൂഹലവുമു-
ണ്ടാകുന്നിതാനന്ദവും
ധീരാത്മൻ, സ്വയമോർത്തു ലോകഗതിയിൽ
ത്തോന്നുന്ന വിശ്വാസവും.

Digitized By Kerala Sahitya Akademi

യോഗ്യൻ യുക്തപദം ഭവാനിതഥവാ
പ്രാപിച്ചതാശ്ചര്യമ–
ല്ലോക്കുന്നുണ്ടധികോന്നതിക്കുമധികം–
പേർ പാത്രമാവാമതും
ഭാഗ്യത്തെപ്പുകഴ്ന്നതിൽ പ്രഥയുമ–
ല്ലുണ്ടന്യധന്യത്വമീ
വാഗ്ബന്ധത്തിനു പിന്നെ—ലോകമറിയു–
ന്നുണ്ടായതോതാതെയും.

പോകട്ടായതു ഭ്രരിമോദമിയലൂ–
നൊന്നല്ല രണ്ടല്ലതാൻ
ഈ കാണും ഭവദീയർതൻ ഹൃദയമി–
ന്നീരേഴുറായിരം
ആകക്കണ്ടു കൃതാർത്ഥനാകുക, ഭവാൻ
മാഹാത്മ്യമാത്മീയമാം
ലോകത്തിന്നെഴുമേവനാൽ, ഗുണനിധേ!–
യിന്നാപ്തമാനേ പുമാൻ.

പ്രീതിക്കായ് സുമതേ, ഭവാനെ വെറുതേ
വർണ്ണിക്കയോയല്ല ഞാൻ
ജാതിസ്നേഹനിമിത്തമാം ജളതയാൽ
കെല്പാൻ ജല്പിക്കയോ
ചേതസ്സിങ്കൽ യുവാക്കളീ ചരിതമൊ–
ന്നകൃഷ്ടദൃഷ്ടാന്തമായ്
വേദിക്കും സ്ഥിരയത്നനിഷ്ഠയതിനും
വിദ്യോദ്യമത്തിന്നുമേ.

ഹാ! വാഴേണ്ടിയിരുന്നയേ വിദിതവൃ–
ത്താന്തൻ ഭവത്താതനി–
ന്നാ വിദ്യാപ്രണയിക്കെഴും രസവുമാ–
ക്കെത്തും കൃതാർത്ഥത്വവും
ഭൂവിൽ ധീഗതിപോലെയോ പിണയുമാ–
ശാതന്ത്രുവെപ്പോലെയോ
ജീവൻ നീളുവതില്ല മർത്ത്യനയി, കഷ്ടം!
പോട്ടെ ദൈവേഷ്ടമാം.

Digitized By Kerala Sahitya Akademi

ഈ മന്നിരാ പ്പരിപൂത്തിയില്ല വിഭവ–
ങ്ങഠംക്കൊന്നുമെന്നാകിലും
ഹേ മാന്യാശയ, നിങ്ങഠം ഭാഗ്യനിധിയാ–
ണീവൃത്തമോത്തിപ്പൊഴം,
സാമോദം കലരുന്ന തേ സ്ഥവിരയാം
മാതാ സമുദ്ബുദ്ധമാം
ഹേമന്താംബുജമൊത്ത വക്ത്രമതിലാ–
യാനന്ദമന്ദസ്മിതം.

പൊല്ലൊള്ളന്ന പദങ്ങളും മഹിമയും
മേന്മേലുമേലും ഭവാ–
ന്നൽക്കഷ്ത്തിന ദേഹികാംക്ഷവധിയി–
ല്ലത്രേ തന്നത്യാഗവും
ഉംക്കാമ്പിൽ ജഗദീശഭക്തിയൊടുമ–
ങ്ങാരോഗ്യമോടും ചിരം
വിഖ്യാതത്വമിയന്ന വാഴ്ക സമുദാ–
യത്തേയുമോത്തീടുക.

—1906

ഉദിക്കുന്ന നക്ഷത്രം

പൂമൊട്ടിൻപുടഭേദമൊത്തു വിരവിൽ
പൂർവ്വാന്തരിക്ഷത്തിലി–
ന്നോമൽത്തുകിരണങ്ങഠം നീട്ടിയുദയം
ചെയ്യുന്ന നക്ഷത്രമേ,
ക്ഷേമം വാഴ്ക നിനക്കിരുട്ടിലുഴറി
ക്ഷീണിച്ച ഞങ്ങഠക്കഹോ
ശ്രീമത്തായ വെളിച്ചമാണ വഴികാ–
ട്ടീടുന്ന കൈയാണു നീ.

ഭംഗംവിട്ടയി നീ നിയാമകമണേ,
പൊങ്ങി ദൃതം വിണ്ണുതൻ
ശൃംഗം പുക്കവിടെച്ചിരം ദ്യുതി ചൊരി–
ഞ്ഞീടുന്ന കോടീരമായു

Digitized By Kerala Sahitya Akademi

മംഗല്യാവലിയാൻ വാഴ്ക തലമേൽ
നീ നിന്നു തുവുന്നൊര–
ത്തുംഗാഭിഖ്യകളാരചിക്ക കനകോ–
ഷ്ണീഷങ്ങൾ ഞങ്ങൾക്കുമേ.

—ഫെബ്രുവരി 1923

സ്വാമിതിരുനാൾ മംഗളം

ശ്രീനമ്മൾക്കനിശം ശിവൻ വിതരണം
ചെയ്യട്ടെ ചിന്തിപ്പവ–
ക്കാനന്ദാകരനാത്മകമ്മസഖനായ്
നില്ക്കും ജഗൽക്കാരണൻ
ഊനംവിട്ടിതുമല്ലനഗ്രഹമലി–
ഞ്ഞേകട്ടെ യോഗീന്ദ്രനാം
'ശ്രീനാരായണധർമ്മപാലന' സഭാ
ദ്ധ്യക്ഷൻ ജനക്ഷേമദൻ.

—നവംബർ 1906

പാരം പ്രമോദകരജന്മദിനോത്സവത്തിൻ
പാരത്തിലെത്തിയിഹ ഞങ്ങളഹോ മഹേശ!
ഈരാറുവർഷദശകം സസുഖം ജയിക്ക
നാരായണാഖ്യഗുവിന്മഹിമേൽ മഹാത്മാ!

മന്നും ചരാചരവുമംബരവും ചമച്ചു
മിന്നും കരാംബുജമെഴുന്ന മഹാകൃപാബ്ധേ!
നിന്നെജ്ജഗന്മയ, തിരഞ്ഞറിയാ ബുധന്മാർ
പിന്നെബ്ഭജിച്ചിടുവതെങ്ങനെ പാമരന്മാർ!

എന്നാകിലും മലരിൽ മക്ഷികപോൽ ഭവാനിൽ
വന്നാശ്വസിപ്പതിനെഴും തൃഷ മത്ത്യനോർത്താൽ
എന്നാൽ ജഗദ്ഭ്രമമകന്നിഹ ദേവ നിൻകാ–
ലൊന്നാശ്രയിപ്പവരെയാരു നമസ്കരിക്കാ!

സ്വാമിൻ, സ്വയം സ്വമതസംസ്മരണത്തിനായു–
മീമന്ദഭാഗ്യരുടെയുദ്ധരണത്തിനായും
ഭീമം മഹാവ്രതമെടുത്ത ഭവാന്റെ യോഗ–
ക്ഷേമം നടത്തുമിഹ ശാശ്വതനീശ്വരൻതാൻ.

Digitized By Kerala Sahitya Akademi

ആരന്ധകാരനിരനീക്കി നമുക്കു ബോധ-
മാരബ്ധമാവതിനു പൊങ്ങിയഹസ്കരൻപോൽ
ആരാൽ പവിത്രയിഹ ഭൂമി മഹാമഹാനാ
നാരായണാഖ്യഗുരു വാഴുക വാഴുകെന്നും.

—സെപ്തംബർ 1913

വ്യാജം വിട്ടു നടക്കുമീഴവനഭോ-
ജ്യോതിസ്സുകൾക്കൊക്കെ ന-
ല്ലോജസ്സേകിയുദീർണ്ണകാന്തിയൊടെഴും
മത്സ്വാമി ചിത്സാരഥി
ഈ ജന്മർക്ഷമഹം കഴിഞ്ഞു സുഖമാ-
യിന്നും ചിരം വാഴുവാൻ
തേജസ്സേറിയെഴും ത്രയീനിലയമാം
ധാമത്തെ നിത്യം തൊഴാം!

—ജൂൺ 1917

കാറാകെപ്പോയ് മറഞ്ഞു കളധവളപട-
ശ്രീമുകിൽപ്പവിതാനം
കേറാറായീ നഭസ്സിൽ, ധരയിൽ നവകലാ-
മന്ദിരഖ്യാതി തിങ്ങി
കൂറാൻതൈതരമ്യാശ്രമഗഗനലസ-
ച്ചന്ദ്രനെൻ സ്വാമി മേലും
നൂറാവത്തിച്ചു രാജിക്കുക നതികൗപെടും
ജന്മനാൾ വെണ്മയോടും!

—ആഗസ്ത് 1916

ഇണ്ടൽപ്പെട്ടീടുമാറായുഴറിയസിതപ-
ക്ഷം ഗമിക്കാതെ ചീത്ത-
ക്കൊണ്ടൽക്കൂട്ടങ്ങൾ പൊങ്ങിക്കയറിയൊളിമറ-
യ്ക്കാതെ വിഖ്യാതിയോടെ
കണ്ടാനന്ദോന്മി കണ്ണിന്നനിശമുതിരുമാ-
റായ് വിളങ്ങട്ടെ ലോകം
കൊണ്ടാടും സ്വാമിയസ്മല്ലുലജലനിധിയെ-
പ്പൊക്കി നില്ക്കും സുധാംശു!
പ്രതിമാർ കരയിൽ ജപിക്കവേ
സതിമാർ നിർമ്മലനീരിൽ നീന്തവേ
അതിദുർല്ലഭഹംസമേ! ചിരം
ക്ഷിതിപത്മാകരമാന്നിരിക്ക നീ.

—സെപ്തംബർ 1922

Digitized By Kerala Sahitya Akademi

ലോകാനന്ദദനായ് ജഡപ്രകൃതിയെ-
ജ്ജാത്യന്ധമാക്കിത്തമ-
സ്സാകാശത്തു പരത്തിടും ചിറകിനെ-
ച്ഛേദിച്ചു ഖേദം വിനാ
ശ്രീകാളം ഭവി തുവിയങ്ങു ചതയ-
ത്തോടൊത്തു ചിങ്ങം പെറും
രാകാചന്ദ്ര, ജയിക്ക രാവു പകലായ്
മാറുന്ന കാലംവരെ!

—1923

ഗുരു

ആരായുകിലന്ധത്വമൊഴിച്ചാദിമഹസ്സിൻ
നേരാംവഴി കാട്ടും ഗുരുവല്ലോ പരദൈവം;
ആരാദ്ധ്യനതോത്തീടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂർത്തേ! ഗുരു നാരായണമൂർത്തേ!

അൻപാന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വൻപാകെ വെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുൻപായി നിനച്ചൊക്കെയിലും ഞങ്ങൾ ഭജിപ്പൂ
നിൻപാവനപാദം ഗുരു നാരായണമൂർത്തേ!

അന്യക്കു ഗുണം ചെയ്വതിന്നായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്വൂ;
സന്യാസികളില്ലിങ്ങനെയില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീഗുരുമൂർത്തേ!

വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻതാൻ
ഭേദോദികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ!

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽക്കെട്ടിയിഴപ്പൂ;
ആഹാ ബഹുലക്ഷം ജനമങ്ങേത്തിരുനാമ-
വ്യാഹാരബലത്താൽ വിജയിപ്പൂ ഗുരുമൂർത്തേ!

അങ്ങേത്തിരുവള്ളറിയൊരൻപിൻ വിനിയോഗം
ഞങ്ങൾക്കു ശുഭം ചേർത്തിടുമീ ഞങ്ങടെ 'യോഗം'

Digitized By Kerala Sahitya Akademi

എങ്ങും ജനചിത്തങ്ങളിണക്കി പ്രസരിപ്പു
മങ്ങാതെ ചിരം നിൻപുകഴ്പോൽ ശ്രീഗുരുമുത്തേ!

തൻപോലെയുറുമ്പാദിയെയും പാത്തിടുമങ്ങേ–
ക്കൻപോടുലകുത്ഥിപ്പു ചിരായുസ്സു ദയാബ്ധേ!
മുൻപോൽ സുഖമായ് മേന്മ തൊട്ടുനോക്കുളം കാൽ–
ത്തമ്പോടിനിയും വാഴ്ക ശതാബ്ദം ഗുരുമുത്തേ!

—1916

സ്വാമിതിരുനാൾ വഞ്ചിപ്പാട്ട്

വരുവിൻ സഹോദരരെ! വരുവിനിന്നു നാമെല്ലാം
ഒരുകൊല്ലം കാത്ത സ്വാമിതിരുനാളല്ലൊ!

പരം നമ്മെയുയർത്തുവാൻ പരമപുരുഷൻ സ്വാമി
തിരുവവതാരം ചെയ്ത സുദിനമല്ലൊ!

കാർമുകിലിൻ കാലമിതാ കഴിഞ്ഞംബരം തെളിഞ്ഞു
താർമകൾതൻ നൃത്തമായി ധരയിലെങ്ങും

തുമയോടു വിളങ്ങുന്ന തരുക്കൾ തൃണങ്ങൾപോലും
കോമളദലങ്ങളാൽനും കുസുമമാൽനും

പറക്കുന്ന പൂമ്പാറ്റകൾ പരമാനന്ദമായെങ്ങും
നിറയുന്നിളംകാറ്റു പൂമ്പരിമളങ്ങൾ

കഴിഞ്ഞു കൊയിത്തു വയലൊഴിഞ്ഞു ധാന്യങ്ങൾ തിങ്ങി
വഴിഞ്ഞു ഗൃഹങ്ങൾ വെറും സുഭിക്ഷമായി

പെരുത്ത ഘോഷമെന്നാരും പറയാതറിയാം രാഗം
പരത്തുന്നൂഞ്ഞാലിലാടി പികവാണിമാർ

തരത്തിലോണക്കോടികൾ ധരിച്ചു കളിയുമായി
ദരിദ്രരും ധനികരും ദളിതഖേദം

തിരുവോണ,മവിട്ടവും തരസാ കഴിഞ്ഞുവല്ലോ
സരസമിന്നു സ്വാമിതൻ തിരുനാളല്ലൊ.

വരുമാറില്ലഹോ! കാൺക! വിഗതോത്സവമാംനാളി–
ലൊരുകാലത്തും സ്വാമിതൻ തിരുനക്ഷത്രം

ശരി; ജനക്ഷേമാത്മകമായ് ധരയിലവതരിക്കും
പുരുഷന്റെ പുണ്യദിനമിതുപോൽ വേണം

Digitized By Kerala Sahitya Akademi

സമസ്തസദ്ഗുണങ്ങൾക്കും സമഗ്രനിലയൻ ധീമാ–
നമത്ത്യഗ്രഗണ്യനതിതേജസ്വി

നമുക്കഭ്യുദയം നല്കും ഗുരുവായ് ദൈവമയച്ച
നമസ്കരണീയൻ സ്വാമി ജയിച്ചീടുന്നു

മതബോധവും വിദ്യയും പരത്തുന്ന നമ്മൾക്കഭി–
മതമാമാചാരം സ്വാമിയരുളീടുന്നു

സതതം നമ്മുടെ ഭാവിഗതമാം ഗുണത്തെയോർത്തു
വിതതോദ്യമനായ് സ്വാമി വസിച്ചീടുന്നു

പാരം നിഗമങ്ങളുടെ പാരഗത്വംകൊണ്ടും നിത്യ–
ചാരുചര്യകൊണ്ടും ഗൃദ്ധതപസ്സുകൊണ്ടും

കേരളത്തിലെന്നുമല്ല പുറത്തും പവിത്രമായ
പേരെടുത്തിന്നിതുപോലെ പുരുഷനുണ്ടോ?

അരിയബാല്യംമുതല്ക്കേ പരമഭാഗവതനായ്
ചിരതരം മുൻപാർജ്ജിച്ച പുരുപുണ്യത്താൽ

ചരിതക്രിയായോഗങ്ങൾ ചതുരശ്രുധീമാൻ സ്വാമി
പരിചിൽക്കടന്നു ജ്ഞാനിപദവി നേടി

പരമഹംസനീവണ്ണം മരുവുന്ന ലൗകികൻപോൽ
പരമഭാഗ്യമിതെന്നേ പറയേണ്ടു നാം.

സ്തുതിയും പഴിയു,മുപകൃതിയും ദ്രോഹവും സ്വണ്ണ–
തതിയും ലോഷ്ടവും സ്വാമിക്കൊരുപോലെതാൻ.

മതിയിലെന്നാലും ലോകഗതിയോർത്തു സ്വാമി കാട്ടു–
മതിശയനയം കണ്ടാൽ മതിയാകുമോ.

പരമാത്മവിദ്യയുടെ പരമാവധികണ്ടോരീ–
ധരണിയിൽ സ്വാമിയെപ്പോലൊരുവരില്ല.

പരഹിതബുദ്ധിയെന്നി പരകാര്യം സ്വാമിക്കില്ല
തിരകിലും സ്വാർത്ഥമില്ല തരിമ്പുപോലും.

ഒരുപോലെ തന്നെയുമൊരുമ്പെയും കനിഞ്ഞുള്ളിൽ
കരുതുന്നു സ്വാമി ജന്തുകരുണാനിധി

സാരമോക്കിലഹിംസരിൽ സുഗതനോ, ബ്രഹ്മചര്യ–
പാരഗരാം യതികളിൽ ശുകബ്രഹ്മനോ

നാരായണഗുരുസ്വാമി വ്രതനിഷ്ഠരിൽ പുരാണ–
നാരായണമുനിതാനോ? ഞാനറിഞ്ഞില്ല.

Digitized By Kerala Sahitya Akademi

സമസ്തസാത്ത്വികഗ്രണനിവണ്ണം വാഴ്ന്നിതസ്തു–
സമക്ഷം നമ്മുടെ സ്വാമി! സുകൃതിമണി!

നമിക്കുവിൻ സഹജരേ, നിയതമീ ഗുരുപാദം
നമുക്കിതിൽപരം ദൈവം നിനയ്ക്കിലുണ്ടോ!

ഗുരുവര്യനിതുപോലെ ലഭിക്കുമോ? കുലത്തിന്നു
ഗുരുഭക്തിയില്ലാതാക്കും കുശലമാമോ?

''ഗുരുർ ബ്രഹ്മാ ഗുരുർവിഷ്ണുഃ ഗുരുദേവൻ മഹേശ്വരൻ
ഗുരുസ്സാക്ഷാൽപരബ്രഹ്മം'' ശ്രുതി സമ്മതം

അൻപൊത്തഖിലേശകൃപാസമ്പത്തുകൊണ്ടിന്നു സ്വാമി–
ക്കൻപത്തിനാലായി തിരുവയസ്സീവിധം

ഇൻപത്തോടവിടന്നിന്നുമമ്പത്തുനാലാണ്ടു ഭാഗ്യ–
ക്കൊമ്പത്തു നാം കരേറുമാറിരുന്നീടട്ടെ.

നയിക്ക നലമിയന്ന ദിവസങ്ങൾ സുഖം സ്വാമി
ദയയ്ക്കധീനനായ് വാഴ്ക നമുക്കീശ്വരൻ!

ജയിക്ക! ജയിക്ക! സ്വാമി! ജയിക്ക നമ്മുടെ ഭാഗ്യ–
ജയക്കൊടിയായ സ്വാമി ജയിക്ക നിത്യം!

—ജൂലൈ 1910

ഗുരുപാദദശകം

പ്രീതിക്കാളാകിലോരാതഖിലമഹിമയും
ഭൂതിയും നല്കുമേതോ
ചൈതന്യം പൂണ്ടമപ്രീതിയിലപജയമു–
ണ്ടാക്കിയും നില്ക്കുയാലോ
ഏതിന്നും മൂലമല്ലോ ഗുരുകൃപയതിനാൽ
ഭക്തിയും മുക്തിയും മേൽ
സാധിപ്പാനോത്തു നാരായണഗുരുചരണം
സന്തതം ഞാൻ തൊഴുന്നേൻ!

ലോകേശൻ സൃഷ്ടിചെയ്യുന്നിഹ മുഹുരപി മാം
രക്ഷചെയ്യുന്നു വിഷ്ണു
ശ്രീകണ്ഠൻ സംഹരിക്കുന്നിവർ മമ ചിരസം–
സാരഹേതുക്കളല്ലോ;

Digitized By Kerala Sahitya Akademi

ശോകംചേർക്കുന്ന ജന്മക്ഷയരുജകളശേഷം
കെടുക്കും കടാക്ഷം
തുകും തുല്യംവെടിഞ്ഞുള്ളോരു ഗുരുചരണം
സന്തതം ഞാൻ തൊഴുന്നേൻ!

മാതാവെപ്പോൽ മനസ്സിരുത്തുണ, ജനകനെ–
പ്പോലവേ ക്ഷേമചിന്താ,
ഭ്രാതാവെപ്പോലെയേന്തുന്നിതു ഹൃദിസഹജ–
സ്നേഹവും മോഹമെന്യേ,
വേദത്തെപ്പോലെയോതുന്നറിവു, നൃപതിയെ–
പ്പോലെ പാലിച്ചിടുന്നി–
ന്നേതല്ലോത്താലെനിക്കെൻ ഗുരുപദമതിനെ–
സ്സന്തതം ഞാൻ തൊഴുന്നേൻ.

തിണ്ണെന്നത്ഥിക്കുമത്ഥം ത്രിദശഗണമതി–
നേകുവാൻ തക്കവണ്ണം
വിണ്ണോർനാട്ടിൻ തരുക്കൾക്കൊരു വിരുതെഴുമെ–
ന്നീവിധം കേൾവിയല്ലേ.
മണ്ണിൽത്താൻ ഭുക്തിയും മുക്തിയുമരുളിടുമ–
ബ്ഭൂരിമാഹാത്മ്യമേലും
കണ്ണിൻകോണാൽ കാണും ഗുരുപദകമലം
സന്തതം ഞാൻ തൊഴുന്നേൻ.

ധീമാന്നാചാരലോപം സുഭഗദൃഢശരീ–
രന്നു കാമാപവാദം
ശ്രീമാനിൽ ശ്രീമദം ശിക്ഷിതനിലതന്നുർവ–
വാരവൈദുഷ്യഗർവ്വം
ഈമട്ടോതുന്ന ദോഷം ചെറുതുമിഹ നിരാ–
ലംബമാക്കുന്ന പാക്കിൽ
ഭ്രമാനെൻ ദേശികേന്ദ്രൻ പുനരിവയെ നിന–
ച്ചൻപിൽ ഞാൻ കുമ്പിടുന്നേൻ.

ആചാരംകാട്ടിയന്തഗ്രുതമപരമതാം
ധൂർത്തരുണ്ടാമസംഖ്യം
വാചാ ജ്ഞാനങ്ങളം ഘോഷിച്ചിടുവൊരു വികടാ–
ത്മാക്കളും വേണ്ടതുണ്ടാം

Digitized By Kerala Sahitya Akademi

വൈചക്ഷണ്യം വിശ്രുദ്ധാചരണവിശദ'ധീ–
വൃത്തിയിത്യാദിയേല്പു–
ന്നാചാര്യൻ ദുർല്ലഭം മദ്'ഗുരുസമനിദമോ–
ത്തൻപൊട്ടം കമ്പിടുന്നേൻ.

വേറല്പോ വക്ത്രശോഭാ മമ ഗുരുവിനവേ–
റിന്ന മന്ദസ്മിതാഭാ
വേറാകാരങ്ങ്ം വേറാസ്ഥിതിഗതിധൃതിഗാം–
ഭീര്യമൗദാര്യമെല്ലാം
വേറത്രേ ശിഷ്യവാത്സല്യവുമിവയെ വിശേ–
ഷിച്ചു ചിന്തിച്ചു മോദാൽ
കൂറാൻനുള്ളത്തിലേന്തിശ്ശുഭപദയുഗളം
സന്തതം ഞാൻ തൊഴുന്നേൻ.

വിദ്വാൻ വിദ്വജ്ജനങ്ങ്ംക്കലസനലസരാ–
യോക്കുമജ്ഞക്കുമജ്ഞൻ
വൃദ്ധന്മാക്കൊക്കെ വൃദ്ധൻ ബഹുവിലസിതമായ'
ഹന്ത ബാലക്കു ബാലൻ
സദ്യോഗീന്ദ്രക്കു യോഗീശ്വരനഥ സകല–
ജ്ഞാനിനാം ജ്ഞാനിവര്യൻ
സിദ്ധിച്ചല്പോയെനിക്കിങ്ങനെ ഗുരുവരനെ–
ന്നൻപിൽ ഞാൻ കമ്പിടുന്നേൻ.

ചെന്താർ മങ്ങും മുഖം ചേതന നയനയുഗം
ചാരുനെറ്റിത്തടം നൽ–
പ്പൊൻതാരിൻകാന്തി പൊങ്ങും പ്രഭയൊടു പുരുരോ–
മാളിയാളുന്ന പൂമെയ്'
ചന്തത്തിൽ ജാനുവോളം വരുമരിയ കരാ–
ബ്'ജങ്ങളും തുംഗഭക്ഷ്യാ
ചിന്തിച്ചുള്ളത്തിലേന്തിശ്ശുഭചരണയുഗം
സന്തതം ഞാൻ തൊഴുന്നേൻ.

വിക്ഷേപം വൃത്തിയെല്ലാം വിഷയവഴിയിളം–
സ്സുപ്പോഴ്ം വല്പാതെ വാട്ടം
മോക്ഷാർത്ഥിക്കാശ്വസിപ്പാൻ ഹൃദി സ്ഫുടഗവത'–
പാദരിത്യാദി തോന്നും

Digitized By Kerala Sahitya Akademi

പക്ഷേ, സന്ദേഹവും തോന്നിടുമപരിചയം–
കൊണ്ടു പര്യാപ്തമായ് മേ
സാക്ഷാലുണ്ടിന്നു നാരായണഗുരുപദമെ–
ന്നൻപിൽ ഞാൻ കുമ്പിടുന്നേൻ.

എഡ്വർഡ് ചക്രവർത്തിയുടെ പ്രിയപ്പെട്ട പ്രാർത്ഥന

അൻപീടെന്നരികത്തിലന്തി ജവമായ്
വന്നെത്തിടുന്ന വിഭോ!
വമ്പിച്ചോരിരുൾ മുത്തിടു,ന്നരികിൽ
വന്നൻപോടുമൻപീട നീ;
കമ്പം ബാന്ധവർ തേടവേ, സുഖമശേഷം
കൈവെടിഞ്ഞീടവേ–
യെൻപോറ്റീ! ഗതിയറ്റവക്കു ഗതിയേ!–
യെൻമുമ്പിലൻപീട നീ.

ജീവൻതൻ ചെറുതാം ദിനം ഝടിതി
പാഞ്ഞന്തം ഗമിക്കുന്നിതാ
ഭ്രുവിൽ ഭ്രുതികൾ മങ്ങിടുന്നതിലെഴും
പ്രഖ്യാതി മായുന്നിതേ,
ഭാവങ്ങൾക്കു വികാരവും വിലയവും
താൻ കാണ്മതെല്ലാടവും;
ദേവാധീശ്വര! നിർവികാര! തൃണയാ–
യെൻമുമ്പിലൻപീട നീ!

വന്നീടൊല്ല ഭയങ്കരാകൃതിയെഴും
രാജാധിരാജത്വമാ–
ന്നെ,ന്നാൽ നന്മയുമൻപുമായ്, കരയുഗത്തിൽ
ശാന്തി കയ്വെന്തിയും,
എന്നല്ലുശ്രുവൊടും വിപത്തി,ലലി–
വർത്തിച്ചാലെഴും ഹൃത്തൊടും
വന്നാമട്ടയി! ദീനബാന്ധവമണേ!–
യെൻമുമ്പിലൻപീട നീ.

Digitized By Kerala Sahitya Akademi

പോകും നാഴികതോറുമെന്നരികിൽ നീ–
യെത്താൻ കൊതിക്കുന്ന ഞാ-
നാകുന്നേതിനു മോഹഭംഗിയെയകറ്റാൻ
നിൻകൃപയ്ക്കെന്നിയേ?
ഏകൻ നിന്നൊട്ടു തുല്യനാരിവനു
നേതാ?വാവിടോ! താങ്ങുമാ–
റാകാം ദുർഭിനമോയിനിസ്സുദിനമോ–
യെൻമുമ്പിലൻപീടു നീ.

പേടിക്കാ രിപുതന്നെ ഞാനരികി–
ലാശിസ്സിനു നീ വാഴവേ
തേടാ കഷ്ടത ഭാരവും, കദന–
മേകാ തെല്ല കണ്ണീരുമേ!
കേടേകും യമദംഷ്ട്രയെങ്ങു? മൃതിയെങ്ങോ
നിൻ തദീയം ജയം?
മൂടുന്നെൻ മിഴി മുമ്പു നിന്നഭയഹസ്തം
പോക്കി നില്ക്കുകീശ! നീ.

നിന്നീടെൻ തിരുമേനിതാൻ മറയുമെൻ
കൺമുമ്പു കണ്ടീടുമാ–
റെ,ന്നല്ലായിരുള്ളടെ മിന്നുകയെനി–
ക്കായ് ദ്യോവു കാട്ടീടുക
വന്നു സ്വർഗ്ഗമതിന്നുഷസ്സു,വനി മായാ–
ഛായ മായുന്നതേ–
യെന്നായ്വാഴുകിലും, മരിക്കിലുമട്ടു–
ത്തൻപീടുകെൻ പോററി നീ.

—1909

ഒരു വിവാഹമംഗളപ്രാർത്ഥന

എപ്പോഴും വേർപെടാത്തുള്ള വരവിവെടുപ–
ണ്ടാദി ദാമ്പത്യമാന്നോ–
രിപ്പോഴും ശോഭയേപ്പോരഭിനവമിഥുന–
ത്തിനു സാന്നിദ്ധ്യമൂലം,

Digitized By Kerala Sahitya Akademi

കല്പിച്ചീ രണ്ടുപേർക്കും പൊഴികെ ചിരശ്രുഭാ–
ധാനദക്ഷം, കടാക്ഷം
മുപ്പാരാകും കുടുംബത്തിനു മുഴുവനുമു–
ള്ളേകമാതാപിതാക്കൾ.

ശ്രീവാണീപദ്മജന്മാർ, പരമരിയ രമാ–
മാധവന്മാർ, ശിവന്മാർ,
ദേവേന്മാരാശചീന്ദ്രാദികളൃഷികുലം സപത്നീ–
കർ, വല്ലീഗ്രഹന്മാർ,
സാവിത്രീസത്യവാന്മാർ തുടരുമതിമഹത്തു–
ക്കൾ ജായാവരന്മാ–
രാവിർമ്മോദം കനിഞ്ഞേകുക മിഥുനമിതി–
ന്നവ്യയം ഭവ്യമെന്നും

നിർന്നായമീശ്വരപദത്തെയും, ചേർത്തു നിത്യം
ധർമ്മത്തെയും നവവധൂവരരേ! ഭവാന്മാർ
കർത്തവ്യം ചെയ്തു കുലപാവനരാക! യുഷ്മ–
ച്ഛ്രദ്ധിനായ്വരിക! ശാശ്വതഗൃഹ്യധർമ്മം.
കാണി കല്മഷമെഴാതെ സൗഹൃദം
പേണുവിൻ മിഥുനമേയഭിന്നമായ്
പ്രാണനും തന്നവ്യമെന്നപോൽ ചിരം
വാണു നിങ്ങൾ പുരുഷാർത്ഥമേലുവിൻ.

—1908

സരസ്വതീപഞ്ചകം

സാമോദം സത്യലോകപ്രമദവനസരോ–
മണ്ഡപത്തിങ്കൽ വിശ്വം
വ്യാമോഹിപ്പിച്ചു വെള്ളക്കമലമലരതിൽ–
ക്കാലുമേൽക്കാലുമേറി
സീമാതീതം രസിക്കും സഖികൾതൻനടുവു
സംഗീതരംഗത്തിൽ മേവും
വാമാംഗീ വീണവായിപ്പവൾ വരമരുളീ–
ടേണമെൻ വാണിമാതാ.

Digitized By Kerala Sahitya Akademi

ദേവീ! നിൻ തൃക്കടക്കൺമുന സുഭഗതമേ
രാഗവിസ്താരലോലം
ഹാ! വീക്ഷിച്ചന്തരംഗാകുലത തടവിയേ–
കാന്തഗാനാന്തരത്തിൽ
ഭാവം മാറീടവേ നിൻ കരതലഗതമാം
പൊൻവിപഞ്ചീവിലാസം
ലാവണ്യത്തിൽ ഭ്രമിക്കും വിധിയെ ലയസമാ–
ധിക്കു ലാക്കാക്കുമമ്മേ.

ഓമൽസംഗീതവും സാഹിതിയുമുടലതായ്–
ത്തിങ്ങിവിങ്ങുന്നയേ നീ–
യീ മന്നിൻപ്പൂവിലോലും മധുവുമുദിതനി–
ഹ്താരി സൗരഭ്യവുംപോൽ
ആമോദം ലോകമേലുന്നതു പുനരതിനാ–
ലാണു കല്യാണരൂപേ
നാമോതാം നീ വെടിഞ്ഞാൽ ഭുവനമഖിലവും
ശാരദേ സാരഹീനം.

എന്താകും ധന്യ മെന്താം നൃപതിനയമഹോ
സ്വർഗ്ഗമോക്ഷങ്ങളെന്താ–
മെന്താം വാഗ്ദേവതേ നിൻപതിയുടെ കര–
സാമർത്ഥ്യചിത്രം ജഗത്തും
ചിന്താരംഭങ്ങളീമന്നകമതിലയിതാ–
വും കിനാവെന്നിയെന്താ–
മെൻതായേ നീ വേടിഞ്ഞാലുലകിടമുടനേ
മൂകമാം ലോകവന്ദ്യേ.

തെല്ലായാലും സ്വയം നീ ജനനി കനിയുകിൽ–
ത്തേനൊഴുക്കാന്ന വാക്കാൽ
വെല്ലാനും വിശ്വമെല്ലാം വിധിയെ വശഗനാ–
ക്കാനുമാക്കാണശക്യം
വല്ലാതാത്തിപ്പെടുന്നേനടിയനു വരദേ–
യാശ്രയം പാക്ക തൃക്കാ–
ലല്ലാതില്ലംബ വാഗീശ്വരി കരുണ ലവം
പെയ്ക വൈകാതെ തായേ.

—1908

Digitized By Kerala Sahitya Akademi

ശിവമാഹാത്മ്യസ്തോത്രം

നിന്മാഹാത്മ്യാംബുധിക്കുള്ളൊരു മുകരക-
ണ്ഡോതണം സ്തോത്രമെങ്കിൽ
ബ്രഹ്മാദ്യന്മാക്കുമാകില്ലവരുമതറിയാ-
തല്ലയോ ചൊല്ലിടുന്നു
ചെമ്മേ താൻതാനറിഞ്ഞുള്ളളവഥ കഥനം
ചെയ്യുമെല്ലാരുമെന്നാ-
ലെന്മേലും കുറമില്ലി സ്തുതിയതിനു തുനി-
ഞ്ഞൻപൊട്ടും ഞാൻ പുരാരേ!

ദൂരം! ദൂരം! നിനച്ചാൽ തവ മഹിമ വരി-
ല്ലുണ്ടു വാക്കും മനസ്സും
നേരേ വ്യാവൃത്തിയെന്യേ നിഗമനിചയവും
ഭീതിയാന്നോതുകല്പ്പേ?
ആരോരുന്നാരു വാഴ്ത്തുന്നതിനെയതിനെഴും
ധർമ്മമേ നോക്കിലെന്നാൽ
മാരാരേ! നിന്നെറ ഗുണാകൃതിയെ മതിയിലാ-
രേന്തുകില്ലാരുരയ്ക്കാ?

തേനോളംതല്പ്പിയോലുന്നമൃതമധുരശ-
ബ്ദുങ്ങൾ നിർമ്മിച്ചവൻ നീ
വാനോർതൻ ദേശികൻ വാഴ്ത്തിയ മൊഴികളിലും
വിസ്മയിക്കില്ലയല്ലോ
ഞാനോ പിന്നെ സ്മരാരേ! തവ മഹിമയെ വ-
ണ്ണിച്ചു പുണ്യം ലഭിച്ചെൻ
ഹീനോക്തികളും മഹത്ത്വംവരുവതിനധുനാ
ബുദ്ധിവച്ചുരുതന്നേ.

വേദം വാഴ്ത്തുന്നതാം നിൻവിഭുത വിവിധമാം
വിശ്വമുണ്ടാക്കിനിത്തി
ക്ഷോദിക്കുന്നായതല്ലോ ത്രിഗുണവിവൃതിയാൽ
മൂർത്തിമാർ മൂന്നുപേരും
ആ തത്ത്വം ധിക്കരിക്കുന്നതിനധമമനോ-
രമ്യമാമ്മാറു കഷ്ടം
വാദിച്ചീടുന്ന ദുർബുദ്ധികളം വരദ! വെറും
ശുഷ്കവാദോൽക്കരങ്ങൾ.

Digitized By Kerala Sahitya Akademi

എന്തിച്ചിച്ചെയ്തുകൊണ്ടിത്രിഭുവനമഖിലം
സൃഷ്ടിചെയ്തീശനെന്ന–
ല്പെന്താണാധാരമെന്താണവനു വടിവിതി–
ന്നെന്തുപാദാനമെന്നും
അന്ധത്വത്താൽ കുതർക്കം ചിലരെയിഹ ചതി–
ക്കുന്നഹോ നിന്ദ്യഹത്വം
ചിന്തിക്കാതീശ വായാടികളവർ വഷളാ–
ക്കുന്ന വിശ്വത്തെയെല്ലാം.

ഉണ്ടാകാത്തുള്ളതാമോ സ്വയമവയവവ–
ത്താകുമീ ലോകമെല്ലാ–
മുണ്ടായെന്നാലധിഷ്ഠാപകനൊരുവനൊഴി–
ഞ്ഞെത്തുമുണ്ടാവതുണ്ടോ?
ഉണ്ടോയിന്നീശനല്ലാതൊരുവനഖിലസൃ–
ഷ്ടിക്കു സന്നദ്ധനാവാൻ?
കണ്ടാലും ദേവ, നിന്നിൽ ഖലജനമിഹ സ–
ന്ദേഹമേന്തുന്നുവല്ലോ!

വേദാന്തം, സാംഖ്യതത്ത്വം, വരദ, ഫണിമതം
വൈഷ്ണവം, ശൈവമേവം
ഭേദംതേടുന്ന പന്ഥാക്കളിലിഹ രുചിഭേ–
ദങ്ങളാൽത്തങ്ങിയൊന്നിൽ
മോദാൽപ്പോകും ജനം നിൻകഴലിണയിൽവരും
നേരെയാഞ്ഞോ വളഞ്ഞോ,
നീതാനല്ലോ സ്മരാരേ, ശരണമിഹ നര–
ക്കൂപ്പുകൗക്കണ്ഡിപോലെ.

എല്ലും തോലും കപാലം മഴു ഗദയെരുത്തും
ചാമ്പലും പാമ്പുമല്ലാ–
തില്ലല്ലോ കേവലം നിൻകരമതിലൊരു വൻ–
പൊത്ത സമ്പത്തു ശംഭോ,
ചില്ലീയുഗ്മം പുളിച്ചെങ്കിലുമിഹ സുരരി–
ച്ചിച്ചതേകുന്നഹോ! നീ
തെല്ലും സ്വാത്മാഭിരാമൻ വിഷയമരുജല–
ത്തിൽ ഭ്രമിക്കില്ലയല്ലോ!

Digitized By Kerala Sahitya Akademi

നിത്യംതാനെന്നൊരുത്തൻ ഭുവനമഖിലവും
നിന്ദ്യമല്ലെന്നൊരുത്തൻ
നിത്യാനിത്യങ്ങളെന്നായ് നിയതമിഹ പദാ-
ർത്ഥങ്ങൾ രണ്ടെന്നൊരുത്തൻ
ഇത്ഥം ചൊല്ലിക്കുഴങ്ങുന്നു, തവ പദപ-
ത്മത്തെയീ നിസ്തുപൻ ഞാൻ
വാഴ്ത്തീടുന്നെന്റെ വാചാടതയുടെ വലുതാം
ധൈര്യമാശ്ചര്യമല്ലേ?

ബ്രഹ്മാവും വിഷ്ണുവും നിന്നടിമുടികളള-
ന്നീടുവാൻ പാടുപെട്ടു-
ണ്ടമ്മേലും കീഴുമോടീട്ടവശതയിലഹോ
മഗ്നരായഗ്നിരൂപിൻ!
നിന്മാഹാത്മ്യത്തെ വാഴ്ത്തിപ്പുനരവർ നിതരാം
ഭക്തിയാൽ പിന്നെ നീതാൻ
നിൻമൂർത്ത്യാ നിന്നുപോൽ—നിൻപരിചരണ ഫലി-
ക്കാതെപോകില്ലയല്ലോ.

മുപ്പാരും കീഴടക്കീ,യരികം മുതിരുവാ-
നാരുമില്ലാതെയായീ,
കെല്പേറും കൈകളെല്ലാമടരിനഥ തരി-
പ്പെട്ട, മുട്ടീ ദശാസ്യൻ;
തൽപാദാബ്ജങ്ങളിൽതാൻ വരദ, തലകളാം
താമരപ്പൂക്കൾ മേന്മേ-
ലർപ്പിച്ചാബ്ജാഢഭക്തികുടയ ഫലമതിൻ-
പ്രൗഢിയല്ലേയിതെല്ലാം.

നിന്നെസ്സേവിച്ചു സിദ്ധിച്ചൊരു ബലഗരിമാ-
വാൻ ബാഹുവ്രജത്താ-
ലന്യനം മുഷ്ടവൻ നിൻ തിരുവസതിയിലും
ധ്വംസനായ് കാട്ടിയല്ലോ
ഒന്നംഘ്രിം ചലിപ്പിച്ചവിടെയരുളിയെ-
ങ്കിൽക്കഴിഞ്ഞില്ലയോ പോയ്
നിന്നോ പാതാളമോളം ശിവ മഹിമവരിൽ-
ക്കെട്ട മൂഢ്ഠാളരെല്ലാം.

Digitized By Kerala Sahitya Akademi

ജൃംഭിക്കും ദൃത്യദൈത്യാവലിയുടെ വിളയാ–
ട്ടായി വിശ്വം ജയിച്ച–
ജ്ജംഭാരിക്കുള്ള ചൊല്ലുള്ളൊരു വലിയ വല്യ–
പ്പത്തെയും താഴ്ത്തി ബാണൻ
ശംഭോ! ചിന്തിക്കിലെന്തദ്ഭുതമവയിലവൻ
നിന്റെ സേവാർത്ഥിയല്ലോ
നിൻപാദാംഭോരുഹത്തിൽ സ്വയമവനതിയാ–
ക്കുന്നതിക്കായ് ഭവിക്കാ?

പെട്ടെന്നെല്ലാ പ്രപഞ്ചങ്ങളുമടനെ പരി–
ദ്ധ്വസ്തമാമെന്ന പേടി–
പ്പെട്ടീടും ദേവ, ദൈതേയരിലലിവൊട്ട നീ
കാളകൂടം കുടിച്ചു
കെട്ടിക്കണ്ണത്തിലിപ്പോളതു വരദ! കറു–
ത്തെങ്കിലും കാന്തിയേന്തു–
ന്നൊട്ടല്ലോത്താൽ ജഗത്തിൻഭയഹരന വരും
ഭംഗവും ഭംഗിയല്ലോ.

ദേവൻ ദൈത്യൻ മനുഷ്യനുതലഖിലജഗ–
ത്തിങ്കലും കോപകർത്താ
തേവന്നിന്നെയ്തബാണം ശിവ! തിരിയെവരു–
ന്നില്ലയാ മുല്ലബാണൻ
ഭാവിച്ചൂ നിന്നെയന്യാമരനിരയിലൊരാ–
ളെന്നു, തീർന്നു ചരിത്രം
ഭൂവിൽ സ്ഥിത്വവ്യനായീ;യമികളൊട്ടു പിണ–
ങ്ങീടുകിൽ കേടുതന്നെ.

പാദം തട്ടിപ്പുരുങ്ങിപ്പൃഥിവി പൊടിയുമാ–
റായിടുന്നംബരത്തിൽ
ഖേദം തേടുന്ന വീര്യം ഭുജപരിഘമടി–
ച്ചക്കചന്ദ്രാദിയെല്ലാം
മീതേ കേടററ കററജ്ജടയുടെയടിയാൽ
വെമ്പിടുന്നമ്പർനാടും
നീതാൻ രക്ഷിയ്ക്കുമാടുന്നനഘ! ബത! മിടു–
ക്കിന്റെ മട്ടേ മറിച്ചാം.

(അപൂർണ്ണം)

Digitized By Kerala Sahitya Akademi

ശിവഭക്തിപഞ്ചകം

തവൽപാദചിന്തനകൗ ദേവയെനിക്കു യോഗ–
ശില്പങ്ങളായ് വരിക, നിൻ ചരിതാമൃതങ്ങൗ
കല്പങ്ങളായ്വരിക,യെൻ കരണേന്ദ്രിയങ്ങൗ
പുഷ്പങ്ങളായ് വരിക നിൻ പദപൂജചെയ്വാൻ.

അത്യന്തമദ്ഭുതമതായറിവുള്ള ലോകം
നിത്യം പുകഴ്ത്തുമൊരു നിന്റെ കഥാമൃതങ്ങൗ
ബദ്ധാദരം ബഹു നകുന്നിനിയെന്നു ശംഭോ
ചിത്തം കുളിത്തു ചൊരിയുന്നതു കണ്ണുനീർ ഞാൻ!

രുദ്രാക്ഷവും രജതകാന്തി കലർന്ന നീറും
ഭദ്രം ധരിച്ചു ഭവദാലയപാശ്വമാന്നു
ചിദ്രൂപ നിൻചരണസേവയിലെന്നു നിന്നു
നിദ്രാദിയും നിശി മറന്നു നയിക്കുമീ ഞാൻ.

ചിന്തിച്ച നിന്റെ പദമേറെയലിഞ്ഞു, ചിത്തം
വെന്തേറിടും വിരഹവേദന ഞാൻ പൊറാതെ
അന്തസ്സിടിഞ്ഞു കരയ്പൊഴ്തശ്രുധാര
ചിന്തി സ്വയം ശിശിരമാവതുമെന്നു ശംഭോ!

ഇദ്ദേഹമിന്ദ്രിയവൃമത്ഥവുമേകമാക്കു–
മുദ്ദാമമാമറിവെഴുന്നറിവു, വെടിഞ്ഞു
അദ്വൈതമായൊഴുകുമനുഭൂതിലാഴ്ന്നഴിഞ്ഞെൻ
ചിദ്ദേവതേ, ചിരമിരിപ്പതുമെന്നഹോ ഞാൻ.

—1912

കരുണാനിധിസ്തോത്രം

കാറകന്ന തെളിഞ്ഞൊരംബര–
വീഥിയിൽക്കുളിർതെന്നൽപോൽ
ചേറകന്ന വിളങ്ങിടും നെടു–
ചോലയിൽത്തെളിനീരുപോൽ
മാറിയിമ്മലമൊക്കെയെൻമന–
താരിലാരിലുമൊന്നുപോൽ
ഊറിയൻപു പരക്കുമാറു തു–
ണയ്ക്കു നീ കരുണാനിധേ.

(അപൂർണ്ണം)

Digitized By Kerala Sahitya Akademi

കാണപ്പെടുന്ന വിഷയങ്ങാം കലർന്നനിന്ന
കാണുന്ന കാഴ്ചയതിലാസ്സണവും മറഞ്ഞു
ചേണാറ ചിദ്ധൃതിയൊട്ടും ശിവചന്ദ്രബിംബ
കാണുന്ന കൗമുദി പരന്നിനിയെന്നഹോ ഞാൻ.

(അപൂർണ്ണം)

സുഖയതി ഹൃദയം മേ ചന്ദ്രികാ വിശ്വമാതഃ
കിമിഹ സുഖനിദാനം ദേവി ചന്ദ്രോ ജഡാത്മാ
ന വിധുരയമിയം വാ കൗമുദീ നേദമഭ്രം
വദനമമലഹാസശ്ചാപി തേ കേശപാശഃ

—ഏപ്രിൽ 1917

വിവിധകുസുമരത്നൈർവീരുധാം ഭ്രഷിതാംഗഃ
കളരവകളകണ്ഠൈർഗായകൈഃ സ്തുയമാനഃ
പരിലസതി വസന്തേ പവ്വതസ്സുവ്വകാന്തേ
ക്ഷിതിഭൃദിവ ഹി സാക്ഷാന്നിർമ്മധരോദ്ധാരഹാരഃ

—1902

ദധദമലകലാമിവൈവദ്ധവീം
ദളിതതമാഃ സവിഷാണലേഖയാ
വിശദയതു ഗതിം വിശ്രംഖലാം
മമ ഭഗവാൻ സുമുഖോ, മതംഗജഃ

വ്യാപ്യ വാങ്മയമിദം ജഗത് സ്ഥിതാ
വ്യാതനോതു മമ ദേവതാ ശ്രിയം
കാപി ഹസ്തപരിവാദിനീഗളത്
കാകളീലയകലാകളാഹലാ.

ഉംക്കൊണ്ട തീയതിലുമാപതി തന്റെ കണ്ണിൽ
ചൊല്ലോണ്ടെഴുന്ന മമ ശാക്കരയാന്ന ദേവി
ഉൽക്കണ്ഠ പൂണ്ടിവനിലെപ്പൊഴുമുള്ളിലൻപു
കൈക്കൊണ്ട നില്ലുണമൊഴിക്കണമാത്തിയെല്ലാം.

കൈവേലുമായ് മരതകാചലകാന്തിപൂണ്ട
മെയ്വണ്ണമാന്ന മയിലേറിയ മോഹനാംഗൻ
ദൈവജ്ഞമൗലി മമ ദീനദയാപയോധി
കൈവല്യമൂത്തി കൃപചെയ്യുക കാത്തികേയൻ.

—മേയ് 1904

Digitized By Kerala Sahitya Akademi

ഭാഷാമേഘസന്ദേശം

കാണപ്പെട്ടുള്ള കൃത്യസ്ഖലനമതിനൊരാ-
ണ്ടാന്ന കാന്താവിയോഗം
ക്ഷീണശ്രീയാകുമാറദ്ധനദനുടെ കടും
ശിക്ഷയാൽ യക്ഷനേകൻ
വാണാൻ വൈദേഹി നീരാടിയ മഹിമയെഴും
വാരിയും ഭ്രരിവൃക്ഷ-
ശ്രേണീച്ഛായാഭിരാമാങ്കണനിരയുമെഴും
രാമഗിര്യാശ്രമത്തിൽ.

യോഷാരത്നത്തെ വേർപെട്ടതിലഥ ചിലമാ-
സം കഴിച്ചാമുഴങ്കെ
ശോഷിച്ചൂരിത്തെറിച്ചുങ്ങനെ വളകവും വെടി-
ഞ്ഞീടുമാക്കാമി കണ്ടാൻ
ആഷാഢത്തിൻെറയൊന്നാംദിനമതിലൊരു മേ-
ഘം തടംപുക്കു മന്ദ്രാ-
ഘോഷം കുത്തിക്കളിക്കും കരിയൊടുകിടയാം
കാന്തിപൂണ്ടന്തികത്തിൽ.

ഒട്ടേറെക്ഖേദമുണ്ടെങ്കിലുമതികുതുകം
ചേർക്കയാൽ യക്ഷനുള്ളിൽ-
കെട്ടിസ്തംഭിച്ച കണ്ണീരൊടുമതിനെ നെടും
ചിന്തയാൽ നോക്കിനിന്നാൻ
തിട്ടം സംഭോഗികാംക്ഷം തരളത കരളി-
ന്നേകുമാമേഘ മാക്കെ
കെട്ടിപ്പുല്ലാൻകൊതിക്കും കമനിയകലെയാം
കാന്തനെന്തായിരിക്കും.

വന്നെത്തീടും നഭസ്സിൽ പ്രണയിനിയവാം വാ-
ണീടണം പ്രാണനാന്നി-
ട്ടെന്നിച്ഛിച്ചംബുദത്തിൻവഴി നിജസുഖവൃ-
ത്താന്തമെത്തിക്കുവാനായ്
ഉന്നിച്ചെന്നാശ്രു പുത്തൻ കുടജമലരതും
തുകിയാവന്ന മേഘം-
തന്നെപ്പൂജിച്ചു തുഷ്ട്യാ കുശലവുമനുമോ-
ദിച്ചു ചോദിച്ചു യക്ഷൻ.

Digitized By Kerala Sahitya Akademi

തീ വെള്ളം കാറു മുറ്റും പുകയിവ തിരളു-
തുച്ചമാം മേഘമിന്നെ-
ങ്ങാ വൈദഗ്ധ്യം കലർന്നുള്ളൊരുവനിഹ വഹി-
ക്കേണ്ട ദൂതെങ്ങു പാത്താൽ
ഏവം തെല്ലും നിനയ്ക്കാതവനതിനൊട്ടമു-
ല്ലുണ്ണായാലന്നിരന്നാൻ
പോവില്ലേ ചേതനാചേതനമിവയൊട്ടമ-
ത്ഥിച്ചു കാമാതുരന്മാർ?

പേരാളും പുഷ്കലാവർത്തകനിരയുടെ വം-
ശത്തിലുദ്ഭൂതനിച്ചാ-
ചാരൻ വിണ്ണോർവരൻ തന്നുടെയനുചരനാ-
ണങ്ങു ഞാനിങ്ങറിഞ്ഞേൻ
ദൂരസ്ഥൻ ദൈവയോഗാലിവനിവിടെയി-
രക്കുന്ന വേണ്ടീലയിഷ്ടം
പൂരിച്ചില്ലെങ്കിലും പ്രാർത്ഥന വലിയവരോ-
ടല്പരേകുന്നതേക്കാൾ.

സന്താപംപൂണ്ടവക്കംബുദ! തണുവ ഭവാ-
നാകയാൽ സ്വാമികോപ-
ച്ചെന്തീയിൽപ്പെട്ടൊരീയെൻപ്രണയിനിയൊട്ടചെ-
ന്നോതണം ദൂതിതും നീ
പ്രാന്താരാമത്തിൽമേവും പുരരിപുമുടിയിൽ-
പ്പൊങ്ങുമപ്പൂനിലാവിൻ
കാന്ത്യാ കാളുന്ന വെണ്മാളികയെഴുമളക-
സ്സ്വായുടൻ പോയിടേണം.

നീയ്യാകാശത്തുയർന്നാലതു വിരഹിണിമാ-
രൊക്കെ വിശ്വാസമാർന്ന-
ക്കയ്യാൽ മേല്പോട്ടു കുന്തൽക്കുറുനിരകളം വഹി-
ച്ചാശ്വസിച്ചാശ്രു നോക്കും
തയ്യാറായങ്ങണഞ്ഞാൽ തരുണിയെ വിരഹ-
ത്തീയിലായിട്ടു വാട്ട-
ന്നയ്യോ ഞാനെന്നപോൽ മറൊരുവനടിമയായ്
മന്നിലിന്നന്യനുണ്ടോ?

Digitized By Kerala Sahitya Akademi

നിന്നെത്തള്ളുന്നു മെല്ലെന്നിത മൃദുപവനൻ
നിന്നു നിൻനേർവഴിക്കാ–
യെന്നല്ലോത്താലിടയ്ക്കായ് മടികളമിത കു–
വുന്നു വേഴാമ്പലിപ്പോൾ
പിന്നെഗ്ഗർഭംധരിപ്പാൻ പ്രണയമൊടുമുടൻ
പ്രേക്ഷണീയൻ ഭവാൻതൻ
പിന്നിൽക്കൂടും നഭസ്സിൻവഴി വരിവരിയായ്
ഭ്രരിയാനാരതാനം.

മുട്ടാതേവം ഗമിച്ചാൽ മുഹുരപി ദിവസം
പോവതെങ്ങെണ്ണിയെണ്ണി–
ത്തിട്ടം ജീവിക്കുമാ നിൻസഹജരമണിയാം
സാദ്ധ്വിയെച്ചെന്നു കാണാം
പെട്ടെന്നമ്മോ പതിക്കും പ്രണയഭരിതമായ്
വിപ്രയോഗത്തിലുൾപ്പൂ
ഞെട്ടായാശാവലംബം തടയുമവ വധു–
ക്കുൾക്കഹോ മിക്കവാറും.

കേദാരംതോറുമേറും കുമിഞ്ഞനിരകളം കുറു–
പ്പിച്ചു സസ്യാഢ്യമാക്കി–
ച്ചെയ്തീടാൻ പാടവംപൂണ്ടൊരു മധുരമതാം
നിന്റെ നിർഘോഷമിപ്പോൾ
കാതിൽപ്പെട്ടാശു കൊക്കിൽക്കമലവലയമാം
ഖാദ്യമേന്തിപ്പറന്നാ-
ക്കാദംബശ്രേണി പോം മാനസമതിലവ കു–
ട്ടുണ്ടു കൈലാസമോളം.

ചൊല്ലുംതോണ്ടീടുന്ന സീതാപതിയുടെ ചരണാ–
ങ്കങ്ങളങ്കേ ധരിക്കു–
ന്നിക്കണ്ടീടും സുഹൃത്താകിയ ഗിരിവരനെ–
പ്പുല്കി നീ യാത്രചൊല്ലു
ഉൾക്കാളും സ്നേഹമിമ്മാമല വലിയവിയോ–
ഗാൽ പരം സംഗമുണ്ടാ–
മക്കാലത്തുഷ്ണബാഷ്പം വെളിയിൽ ബഹളമാ–
യിട്ടു കാട്ടുന്നുവല്ലോ.

Digitized By Kerala Sahitya Akademi

മുന്നം പോകേണ്ട മാഗ്ഗം പറവതു മുകിലേ!
കേൾക്ക നീ മുഖ്യമായും
പിന്നെക്കേൾക്കാം ഭവാനാശ്രവണമധുരമാ-
മെന്റെ സന്ദേശവാക്യം
കുന്നിൻക്കൂടങ്ങൾതോറും കഴലുകഴയുകിൽ
തങ്ങിടാമങ്ഗസാദം
വന്നാൽ വാരിപ്രവാഹങ്ങടെ സലിലവുമൊ-
ട്ടാവഴിക്കാഹരിക്കാം.

തുംഗത്വംപൂണ്ട കുന്നിൻകൊടുമുടി തരസാ
കാററിഴുന്നുവോയെ-
ന്നെങ്ങും പേടിച്ചു സിദ്ധാംഗനകളഴറിനോ-
ക്കീടുമദ്ധാടിയോടും
ഇങ്ങിക്കാണുന്നതാകും രുചിര 'നിചുള'ദേ-
ശത്തിരുനിന്നേറി മദ്ധ്യേ
പൊങ്ങി'ട്ടിങ്ങ'നാഗ'ഗ്വ്പ്രഹിതകരമതും
താഴെയാക്കിഴുമിക്ക.

അപ്പോൾ മേലാതപംപെട്ടവിടെ ഹരിധന-
സ്സിന്റെ തെല്ലുണ്ട കാണ-
ന്നാഫുല്ലശ്രീയെഴും നല്ലുപലനിരകുതൻ
ചാരുശോഭാങ്കുരംപോൽ
ഇപ്പോളേറെം വിളങ്ങുന്നസിതരുചി ഭവദ്-
ഗാത്രവും നല്ല പിഞ്ഛാ-
കല്പംപൂണ്ടുള്ള ഗോപാർഭകനുടെ വടിവിൽ
കണ്ട വൈകുണ്ഠനെപ്പോൽ.

നാരീവൃന്ദങ്ങം നാട്ടിൻപുറമതിൽ വിളവി-
മൂലമെന്നോത്തു നിന്നെ-
ക്കുറുംകൊണ്ടോക്കെ നോക്കും ഭ്രുകുടിരചനയോ-
രാത്ത നേത്രങ്ങളാലെ
ഏറിപ്പോണ്ടല്പമപ്പോതുഴുതുപൊടിമണ-
ക്കും കരക്കാററിലൂടേ
മാറിപ്പോകാം പടിഞ്ഞാട്ടൊരു ചെറുതുടനേ
നേർവഴിക്കായ് ഗമിക്കാം.

Digitized By Kerala Sahitya Akademi

കത്തും വൻകാട്ടുതീയിൽ കഠിനമഴപൊഴി-
ക്കുന്ന നീ ചെന്നണഞ്ഞാ-
ലധ്വക്ലേശം കെടുക്കും നിജശിരസി വഹി-
ച്ചാമ്രകൂടാദ്രിയപ്പോൾ
അത്യല്പൻപോലുമേതെങ്കിലുമുപകൃതിചെ-
യ്താൽ മിത്രം വരുമ്പോൾ
പ്രത്യേകം പൂജചെയ്യുന്നതിലഭിമുഖനാം
പിന്നെയെന്താം മഹാത്മാ.

പ്രാന്തത്തിൽ കാട്ടുമാവിൻഫലനിരകൾ പഴ-
ത്തൊക്കെ മൂടിക്കിടക്കും
കുന്തൽക്കെട്ടെന്നപോലഗ്ഗിരിയുടെ മുകളിൽ
ചെന്ന നീയും കരേറും
കാന്താവഗ്രത്തിനൊത്തിട്ടമരരതുടനേ
കാണമക്കുന്നഭ്രവാം
കാന്തസ്യഗ്രം കറുത്തും തടമുരുവെ വെളു-
ത്തും വിളങ്ങും കുചംപോൽ.

കാട്ടാളസ്ത്രീകൾ കേളിക്കണയുമുരുലതാ-
ഗാരമുള്ളോരതിങ്കൽ-
ക്കാട്ടാമല്പം വിളംബം ദ്രുതമഥ മഴപെ-
യ്തുദ്ധശേഷം കടന്നാൽ-
കോട്ടംവിട്ടാനവെണ്ണീക്കുറി മുതുകിലിടും-
പോലെ കല്പാന്ത വിസ്ഫുർ-
ചോട്ടിൽ ക്ലേശിച്ചു 'രേവാനദി' ചിതറിയിടും
വേണി നീ കാണമപ്പോൾ.

കാട്ടാനസ്തുള്ള ഗണ്ഡോല്പുടമദജലമാ-
ന്നാശ്രു ഞാവൽപ്പടപ്പിൻ
കൂട്ടത്തിൽത്തട്ടിയോടും ജലമതു മഴപെ-
യ്തുത്ര സേവിച്ചുപോണം
ആട്ടീടാ വായു നിന്മെയ്യകമതിൽ മുകിലേ
സാരമുണ്ടെങ്കിലില്ലാ-
തോട്ടുണ്ടായിടും ലാഘവമുപചയമു-
ണ്ടാക്കിടും ഗൗരവത്തെ.

Digitized By Kerala Sahitya Akademi

പൊട്ടിപ്പൂന്തൊങ്ങലെല്ലാം പകുതിവരെ വിട-
ന്നുള്ള നീലക്കടമ്പും
മൊട്ടിട്ടപ്പോഴ വിടന്നുള്ളിളയ കദളിയും
മേഞ്ഞു കച്ചുങ്ങഴംതോറും
ചുട്ടിട്ടള്ളോരു കാട്ടിൽ ച്ചുഴലെ മണമെഴും
ഭ്രമുകന്നും വരുന്നാ-
ക്കുട്ടിസ്സാരംഗയൂഥം തവ ജലകണമേ-
റുള്ള മാഗ്ഗം കുറിക്കും.

വെള്ളം വേഴാമ്പലെങ്ങും വിരവൊട്ടു നകരും
വിഭ്രമംനോക്കി നിന്നും
വെള്ളിൽക്കുട്ടങ്ങളെച്ചുണ്ടിയുമത്ത വരിയാ-
യെണ്ണിയും വിണ്ണിലെങ്ങും
വള്ളിക്കൈകോത്തുനില്ലും പ്രിയകഠം ഇടി ഭവാൻ
വെട്ടവെ കേട്ടു ഞെട്ടി-
ത്തുള്ളിപ്പേടിച്ചു കെട്ടിത്തഴുകമതിനുടൻ
വാഴ്ത്തുമസ്സിദ്ധർ നിന്നെ.

വൻപ്രേമംപൂണ്ടെനിക്കായ് വിരവിലവിടെ നീ
പോകിലും ഞാൻ വിളംബം
സംഭാവിക്കുന്നിദാനീം കടജപരിമളം
തുന്നോരക്കുന്നതോറും
അൻപിൽ ക്കണ്ണീരുവാത്തും മയിലുകഠം കുശല-
പ്രശ്നമായ്ക്കുവിയാത്തും
മുൻപിൽ സേവിച്ചണഞ്ഞാകിലുമയി മുകിലേ
വൈകൊലാ പോകുവാൻ നീ.

വ്യാകോചിക്കുന്ന വാർകൈതകളുടെ മലരാൽ
വേലിയെല്ലാം വെളുക്കും
കാകന്മാർ കൂടുകെട്ടും തകൃതി തരുഗണം
തിങ്ങുമെങ്ങും മുഴങ്ങും
പാകംകോലും ഫലംപൂണ്ടരുവെയുഴലുമാ
ഞാവൽ നല്ലാവുമെല്ലാം
പോകാറായീടുമന്നങ്ങളുമറിക ദശാ-
ണ്ണത്തിൽ നീയെത്തിടുമ്പോഴം.

Digitized By Kerala Sahitya Akademi

ആ ദിക്കിൽ ഖ്യാതിപൊങ്ങുന്നരിയവിദിശയാ
രാജധാനിക്കണഞ്ഞാൽ
സാധിക്കാം തൽക്ഷണം തേ സുഭഗതയതുതൻ
സത്ഫലം സ്വല്പമെന്യേ
ആതീരം വേത്രവത്യാപഗയുടയതരം–
ഗാകുലാംഭസ്സു, ഗഞ്ജി,–
ച്ചാധുതഭ്രൂവിലാസാഞ്ചിതമുഖമതുപോ–
ലാസ്വദിക്കാം നിനക്കും.

നീ ചെന്നീടുന്നനേരത്തവിടെ നിബിഡമായ്
പൂത്ത നീലക്കടമ്പാൽ
നീചൈസ്സാമദ്രിനില്പും പുളകമൊടതിലോ
വിശ്രമിക്കാം നിനയ്ക്കിൽ
ആ ശൈലം പൗരവൃന്ദത്തിനു തരുണതകൊ–
ണ്ടുള്ളൊരാബദ്ധശ്രേഷ്ഠം
സൂചിപ്പിക്കുന്ന വേശ്യാസുരതസുരഭിയാം
ചൊല്ലെഴും കല്പിടക്കാൻ.

ക്ഷീണംതീർത്തു കാട്ടാറുകളം കരയുരുവേ–
യാൻ പൂങ്കാവുതോറും
കാണും നല്ലാട്ടമല്ലിക്കുടയകരുമരു–
മ്പൊക്കെയൊട്ടാർദ്രമാക്കി
പോണം നീ പൂവിറുക്കും കമനികവിതംവിയ–
പ്പാററിയക്കാതിലേപ്പൂ
ക്ഷീണിപ്പിക്കും മുഖത്തിൻ ക്ഷണികപരിചയം
നേടണം ഛായനല്കി.

നിന്മാഗ്രം നേർവടക്കുജ്ജയിനിയതിനുചു–
റെങ്കിലും തത്ര ചൂഴം
വെൺമാടങ്ങൾക്കുമേലുള്ളൊരു മമത വെറു–
ത്തീടൊലാ തെല്ലുപോലും
ഉന്മീലിക്കുന്ന മിന്നൽക്കൊടികളിലഥ പേ–
ടിച്ചു ചിന്മും പുരസ്ത്രീ
കണ്മൃലത്തിൻകടാക്ഷാവലിയതു ചിതറി–
ക്കായ്ക്കിൽ നീ ഭാഗ്യഹീനൻ.

Digitized By Kerala Sahitya Akademi

ക്ഷവികൊണ്ടോളമെററിക്ഖഗനിരകം പറ–
ക്കുന്നരഞ്ഞാണമാട്ടി–
ബ്ഭ്രവിൽച്ചാഞ്ചാടിനിന്നങ്ങനെ പഥിചുഴിയാം
നാഭിയും വിട്ടുകാട്ടി
പോവും നിവ്വിന്ധ്യതന്നിൽപ്പരിചൊട്ട രസമേ–
റിബ്ഭവാനാസ്വദിക്കാം,
ഭാവിക്കും ചേഷ്ടയല്ലോ പ്രിയരിൽ വനിതകം–
ക്കാദ്യമാം പ്രേമവാക്യം.

പാരം വററിപ്പയസ്സിൻ നിറപുരികുഴലായ്
പാദപശ്രോണിതുവു–
ന്നോരാ വെള്ളച്ചുദംവീണഥ വിളറിവെളു–
ത്തിപ്പൊഴീ വിപ്രയോഗാൽ
ചാരുത്വം നിൻെറതേറെസ്സുരസ പറയുമാ–
യാപഗസ്സുള്ള കാശ്യം
തീരാനേതാണുപായം തരമൊടതിനെ നീ–
തന്നെ ചെയ്യേണ്ടതല്ലോ.

ചൊല്ലേറും വത്സരാജന്നുടയചരിതവി–
ത്തുക്കളാം വൃദ്ധരുള്ളോ–
രുല്ലാസംപൂണ്ടവന്തീജനപദമതിൽ നീ–
യെത്തിയാൽ തത്ര കാണാം
നല്ലോരശ്രീവിശാലാനഗരമതു മഹാ–
ന്മാരു പുണ്യംക്ഷയിച്ചാ
സ്വർല്ലോകത്തീന്നു പോരുംപൊഴതു നൂതമതാം
സ്വല്പമാമപ്പുരംപോൽ.

കാലത്തേ മത്തഹംസാവലിയുടെ കളമാം
കൂജിതം ദീഘ്രമാക്കി–
ച്ചേലൊത്തെത്തുന്ന പുത്തൻ ജലജപരിമളം
ചേന്ന ശിപ്രാനഭസ്വാൻ
ബാലസ്ത്രീകാംക്ഷ വാസ്സ്യം വലിയ സുരതഖേ–
ദത്തെ നീക്കുന്നതിൽക്കോം
ലോലത്വംപൂണ്ടു ചാട്ടുക്തികം ലലിതമുര–
സ്സുന്ന കാന്തൻകണക്കെ.

Digitized By Kerala Sahitya Akademi

ഗന്ധിപ്പിക്കും പുരസ്ത്രീകചനിചയമതിൻ–
ധൂമമാഘ്രാനലൂടെ
സന്ധിച്ചംഗം തഴച്ചും പ്രിയഭവനമയിൽ–
ത്താണ്ഡവം സ്വീകരിച്ചും
പന്ഥാവിൻക്ലേശമാറാമവിടെ വനിതമാർ
പാദലാക്ഷാരസത്തിൻ
ചിന്തീടും ശോഭകണ്ടും ചിതറി മലർമണം
തേടുമാ മേടതോറും.

ഭക്ത്യാ ഭ്രതങ്ങൾ നിന്നിപ്പതിയുടെ ഗളനാ–
ളാഭ നോക്കീടവേ നീ–
യെത്തേണം ലോകമീരേഴിനുമധിപതിയാ–
മംബികേശാലയത്തിൽ
നൽസ്രീരത്നങ്ങൾ നീരാടിയ മണമെഴുമി–
ന്ദീവരത്തിൻപരാഗം
മെത്തീടും ഗന്ധവത്യാശ്രുഗനവിടെയുല–
ഞ്ഞുന്ന പൂങ്കാവു രമ്യൻ.

മുമ്പേ ചെന്നെത്തിയെന്നാകിലുമരിയ മഹാ-
കാളമാം കോവിൽ കണ്ടാ–
ലമ്പോടും താമസിച്ചീടണമതിൽ രവിപോ-
യസ്തമിക്കുംവരെയ്ക്കും
ഗംഭീരത്വംപെറും നിന്നുടയൊരിടിമുഴ–
ക്കത്തെയന്തിക്കു കൊട്ടും
തമ്പേരായ്ചെയ്ത ദേവന്നതിനു വരുമുടൻ
ഭ്രരിയാം ചാരിതാർത്ഥ്യം.

(അപൂർണ്ണം)

ശിഖിവാഹനധ്യാനദശകം

ധാമസ്ഥിതം കിമപി ധൃതമനോജ്ഞബഹേ
പുഷ്പേ ഭുജംഗമഭുജഃ ശരണം ശ്രിതാനാം
ധ്യായാമി താരകിതനീലനഭോഗതേന
ബിംബേന ബിഭ്രദുപമാം സ്ഫടമൈന്ദവേന.

Digitized By Kerala Sahitya Akademi

യസ്മിൻ ഗതേ ഹരിചമൂം ത്രിദിവസ്യ രക്ഷാ:
വിദ്യാം യതോധിഗതവാൻ ഭഗവാനഗസ്ത്യഃ
കിം വാപരൈസ്സമഹമദ്യ പുമർത്ഥകാമീ
ത്വാമേവ ദേവ കലയാമി ശിഖിപ്രതിഷ്ഠം. 2

സിന്ദൂരിതാശമരുണാരുണകാന്തിജാലൈഃ
കോടീരലംബിശശികോടിമുഖം സ്മരാമി
ശക്രേരുപാന്തലസിതാഗ്രരുചൈകതാരം
രേഖാം വിധോർവ്വിദധദഹ ഇവ ത്വദീയം. 3

ഏതൗ ഭ്രുവൗ സ്വയമിമേ സരളാഃ കടാക്ഷാ-
ശ്ചെതേ കൃപാസ്ഥിതവികാസികപോലപുഷ്പേ
ഇത്ഥം ദിദൃക്ഷുരപി ദേവ ഭിദാം ന വിക്ഷേ
തേജോമയേ തവ മുഖേ പരമാത്മനീവ. 4

മുദ്രാധരസ്യവ ച നൈഷകരോ ന ഹാരീ
നാസ്യപുഷ്പശുകതിരപരോപ്യ ഭയം ദധാനഃ
ഏകൈകസംഗി മമ തു സ്മനപസ്യ ലീലാം
പര്യായപാനരസികസ്യ മനോ വിധത്തേ. 5

സൗവർണ്ണതന്തുഘടിതാം സ്മരദംഗരാഗാ-
മേതാം വഹൽ ഗ്രഹ ശുഭാമുപവീതവല്ലീം.
പശ്ചാദ്ധലംബിസുരചാപവതഃ പ്രകാമം
പൂർവ്വാചലസ്യ സുഷമാമയതേ തവോരഃ. 6

ആരോപിതം കിമപി തത്ര പലാശരമ്യേ
പുഷ്പേ ഖഗസ്യ പദമന്യദുപാന്തലംബി
പത്മസ്യ പൂർവ്വമുപരിസ്ഥിതസ്യ ശോഭാം
ധത്തേ പരം സരസി ച പ്രതിബിംബിതസ്യ. 7

വിശ്വോത്തരോസി ഭഗവൻ ഖലു ദർശനീയ-
സ്ത്വഞ്ചാപ്യയഞ്ച ഗ്രഹ, വാഹപരിഗ്രഹസ്തേ
ചിത്രം തനോതി ഘടനാ യുവയോർമമേയം
ബാലാർക്കപൂർവ്വധരയോരിവ ലോകരമ്യം. 8

പശ്യാമി രൂപമഭിതോ വിതതസ്ഥലിംഗ-
ധൂമോൽഗതസ്യ ശിഖിനോ വിദധദ്വിലാസം
കേകിസ്ഥ! പുഷ്പിതലതാവലയോച്ഛ്രിതസ്യ
ചാപാദപല്ലവിതശോണതരോഃ ശ്രിയം തേ. 9

Digitized By Kerala Sahitya Akademi

സേവേ ഭവന്തമനിശം ഹൃദയസ്ഥ, കിഞ്ചി-
ന്നാഭ്യർത്ഥയേ സ്വയമവിജ്ഞതയാ ഹി തസ്യ
യത് ശ്രേയസേ മമ കുരുഷ്വ യതഃ പ്രപദ്യേ
ത്വാം ദേവ, താരകജിതം ജിതസർവ്വലോകം. 10

മയൂരസന്ദേശം തർജ്ജമ

ശ്രീമാൻ വഞ്ചിക്ഷിതിഭൃദുരഗർ-
ക്ഷോഭവോ ഭാഗിനേയീം
ലക്ഷ്മീം വിശ്വോത്തരഗുണഗണൈ-
സ്ത്വാം സ തൈസ്തൈർഗരിഷ്ഠാം
ആത്മാം കുർവ്വൻ പ്രണയവസതേഃ
പ്രേയസോ വിപ്രയോഗാൽ
ചിക്ഷേപേ തം ബത നിരവധൗ
കേരളം ദുഃഖസിന്ധൗ

(അപൂർണ്ണം)

ഓം

വിരളരസലവാഭിസ്സ്യന്തതം ഹന്ത ദൂരം
വിഷയമരുമരീചീവീചിഭിർവ്വഞ്ചിതോസ്മി
പദമഥ മൃഗയേ തച്ഛാശ്വതം വിശ്വനേതുർ-
നിരതിശയസുഖാനാം യൗഗികാനാം നിദാനം! 1

ജനക ഹി ജഗതസ്തേ സേവനസ്യാത്മനോഹം
ന ഖലു ഗുണനിമിത്താം പാത്രതാം തർക്കയാമി
തവ നിരവധികായാ ജന്തുമാത്രത്വയോഗാ-
ദയമപി കരുണായാ ദേവ ദായാദ ഏവ. 2

ന ഫലതി പരിചര്യാ നാപി ബുദ്ധിർ ന യോഗ-
സ്ത്വയി വരദ തിതീർഷുര്യാവദശ്രദ്ദധാനഃ
വിരഹമസഹമാനാ സാ കദാ സർവ്വദാ മേ
ഭവതി ഭവതി ഭക്തിർഭ്രമനി പ്രേമരൂപാ. 3

അഖിലവിതതഭാവേഷ്വസ്തി ഭാത്യാദിചിഹ്നൈ
സ്ഥിതമനുകലയംസ്ത്വാം ഹർഷബാഷ്പായമാണഃ

Digitized By Kerala Sahitya Akademi

പുളകിതവപുരാ ചൂഡം കദോത്പലഭക്തി–
സ്തവ വിലസിതമാത്രം ലോകമാലോകയാമി. 4

അപി ച തവ മഹിമ്നസ്തംസ്വരൽ ഗാനലോലം
പികവദ്വജ! മനോഭക്ത്യാ വസന്തശ്രിയേവ
മമ ഭവതി കദാ വാ യാതി ചാനന്ദമൗന•
ഹുതഹൃദയരസാസ്വാദസ്യ പുഷ്ടംധയസ്യ. 5

ശാരദാസ്തവം

വ്യാപ്യ വാങ്മയമിദം ജഗൽസ്ഥിതാ
വ്യാതനോതു മമ ദേവതാ ശ്രിയം
കാപി ഹസ്തപരിവാദിനീ ഗളത്
കാകളീലയകലാകുതൂഹലാ. 1

സാത്വികീ ഗുണവിലാസചിത്രിതാ
യാത്മനഃ പരമപാവനീ കലാ
സാ ശിവാനി വിദധാതു ശാരദാ
ശാരദേന്ദുകിരണോജ്ജ്വലാകൃതിഃ. 2

ദേവി, നൈവ മതഭേദനിഗ്രഹാൻ
ഗൃഹ്ണമാൻ ജിഗമിഷാമ്യഹം പഥഃ
ത്വാം പരാംഗതിമുപൈമി കാതരഃ
ശാരദേ ശ്രുതിവിശാരദാച്ചിതേ. 3

അംബ, യോഗിഭൂഗിതാം പരാഭിധാം
ത്വാം വിഭിന്നപരിണാമസുന്ദരീ•
പുഷ്കലാത്മവിഭവാമുപാസ്മഹേ
സ്തോടദർശിതവിചിത്രവിഭ്രമാം. 4

ലുപ്തരാഗസരണിസ്തുനിശ്ചിതാ
ലോകസംഗ്രഹവിധൗ പടീയസീ
കാചനാംബ ധിഷണാ ഭവന്മയീ
കർമ്മകൗശലജുഷാ നിഷേവ്യതേ. 5

അവ്യപേക്ഷസുഭഗാ പ്രഗീയസേ
ത്വം മയാംബ! ധൃതഭേദവേദനാ
സാ സ്വയം രസമയീ രതിഃ പരാ
പ്രത്യഗാത്മപരമാത്മഗോചരാ. 6

Digitized By Kerala Sahitya Akademi

രുദ്ധ ചിത്തമരുതാം സദാംബ മേ
രോചസേ സ്ഥിതിരഹോ മഹോദയാ
പൂർണ്ണബോധപരിബാധിതഭ്രമാ
പൗരുഷീ പൃഥഗലിംഗസാക്ഷിണീ. 7

അസ്തിഭാതിസുഖമാത്രലക്ഷണേ
യന്മരൗ ജഗദിദം മരീചികാ
സാ സദാ ഹൃദി മയാംബ നിശ്ചലാ
സംവിദുപനിഷദ്വീ നിധീയസേ. 8

ജയ നാരായണഗുരു-
പ്രിയേ ശിവഗിരീശ്വരീ
ശാരദേ പത്മരാസ്യാക്ഷി-
ശരച്ചന്ദ്രമരീചികേ. 9

II

ശ്രയേ 'ശിവഗിരി'പ്രസ്ഥ-
ഭ്രഷ്ണം സ്മ്രൈണമാത്മനാ
വാങ്മയസ്യാസ്പദം ധാമ
വന്ദാരു ജയസാധനം. 10

വിശ്വസ്യ കാരണം കിഞ്ചി-
ദ്വനിതാവേഷപേശലം
ശിവാചലതടഭ്രാജി
ശാമ്പ്രം ബ്രഹ്മാനുസന്ദധേ. 11

അഷ്ടകോണാലയേ രമ്യേ
ബാലാമ്രവണവേഷ്ടിതേ
ധൃതാസനാം പരാം വിദ്യാം
ധ്യായേ ലോചനഗോചരാം. 12

പശ്യന്തീം പശ്ചിമാംഭോധി-
വീചീനൃത്തം ശിവാചലാൽ
ഹിമശ്രുഭ്രാംബുജാസീനാം
ഹംസീം ഗച്ഛാമി ശാരദാം. 13

വാടീകേദാരകുല്യാഢ്യം
നികഷാ വല്ലുലാചലം
സേവ്യമാനാം ബുധൈർന്നിത്യം
സ്തൗമി ബ്രാഹ്മീം സുമദ്ധ്യമാം. 14

Digitized By Kerala Sahitya Akademi

തിഷ്ഠന്തീം വ്യാപ്യകലയാ
സംഗീതമപി സാഹിതീം
ശ്രുദ്ധേ വൈഖരീം വിദ്യാം
ശ്രീശംഭുശിഖരിസ്ഥിതാം. 15

വിസ്ഫാപയന്തീം ഭുവനം
വിലാസൈരക്ഷരാത്മികാം
ബ്രഹ്മസ്ഥാമേകമുഖീം
ബധ്നാമി ഹൃദി ദേവതാം. 16

അന്ധാ ഹി ചക്ഷുഷ്മന്തോപി
പതന്തി ത്വൽപരാങ്മുഖാഃ
ത്വാമംബ കരുണാം യാചേ
നൗകാമേകാം ഭവാംബുധൗ. 17

രാജയോഗ സമർപ്പണം

നമഃ പരസ്മൈ തമസഃ സവിത്രേ
തസ്മൈ ശരവ്യായ ച ദൃശ്നാനാം
പുമാംസമേകം ലുഠതാം ഭവാബ്ധൗ
യമാമനന്തി ശ്രുതയഃ ശരണ്യം. 1

വിദ്യാജയത്യാത്മവിഭ്രതിസൂതിഃ
ശിവേന സംവർദ്ധിതസമ്പ്രദായാ
യാമേവ സൂത്രാണ്യധികൃത്യചക്രേ
പതഞ്ജലിഃ പ്രാഗ്രസരോ മുനീനാം. 2

വ്യാസേന ഭാഷ്യേണ യദദ്ധ്യകാരി
ഭോജേന രാജ്ഞാ സ്ഫുടയാ ച വൃത്ത്യാ
കാലേന തസ്യാ ഭവദാവിലത്വം
പാതഞ്ജലസ്യാദ്ധൃതദൃശ്നസ്യ. 3

ആസീന്മഹാൻ കോപി ചിരായ വംഗേ–
ഷ്വദ്ധഷ്ടപൂർവ്വപ്രതിഭാപ്രഭാവഃ
ശ്രീരാമകൃഷ്ണാഖ്യയതീശ്വരസ്യ
പൂജ്യസ്യ യോഽന്തേ വസതാം ധുരീണഃ. 4

വിസ്മായയൻ വിശ്വജനം സ്വവാഗ്ഭിഃ
തതാര ധർമ്മോദ്ധരണപ്രവൃത്തഃ

Digitized By Kerala Sahitya Akademi

ന കേവലം ഗോഷ്പദവത്സമുദ്രം
സാരസ്വതം തം ച പയോമയം യഃ 5

പദം ഗതോപി പ്രകൃതേഃ പരം യോ-
ഗ്രണൈസ്സമജ്ഞാനുരഭിശ്ചകാസ്തി
യസ്യാത്മഗർവ്വീപ്രഥതേ ജഗത്യാ-
മാനന്ദസംജ്ഞാദ്യ വിവേകപൂർവ്വാ. 6

സോയം സ ധർമ്മാ മുനിപുംഗവസ്യ
തസ്യൈവ വാഗ്യോഗവിദാം വരസ്യ
വ്യാഖ്യാംവശീതൽ ഫണിതേഃ പ്രസന്നാ-
മത്യദ്ഭുതാമാങ്ഗ്ലഗിരാ ചകാര. 7

ജാഗർത്തിയോഗീ നനു കേരളേഷു
നാരായണാഖ്യോ നിഗമാന്തചാരീ
നദംസ്മമോ വിഷ്ണഗ്രപാത്തജന്മാ
യദ്യപ്യുപാനന്തപുരം യഥേന്ദുഃ. 8

ജ്ഞാനേന പൂതഃ സ്വതപസ്യയാ ച
വിമത്സരൈഃ സാധുവിഭാവ്യതേ യഃ
ഭഗ്ഗഃ സ്വയം വാ നരലക്ഷണോയം,
നാരായണോ വേതി നവാവതാരഃ. 9

മൂർദ്ധ്നാ ധൃതം പാദരജോപി യസ്യ
ഹൃത്പ്പണം മേ മലിനം പ്രമാർഷ്ടി
തതഃ കിമന്യോസ്തി വിഭാവനീയോ
ഗുരുർഗരീയാൻ സ ച മേ ശരിഷ്ടഃ. 10

ഉക്ഷേത ച യതഃ സ്വയമാങ്ഗ്ലഗ്രംഭേ-
ഹ്യധീമതാ സമ്പ്രതി ഫദ്ഗ്രവാ ചാ
മയാ കൃതഃ കേരളവൈഖരീഭിഃ
കിം ദുഷ്കരം കമ്രഗ്രരോഃ കൃപായാഃ. 11

തസ്യൈവ ചാനേന മയാ പദാബ്ജേ
സ്വീയൈഃ കടാക്ഷൈഃ പരിവർദ്ധിതേന
സമർപ്യതേ ഭക്തിഭരേണ സോയം
സമാധിശാസ്ത്രസ്യ സുഖോ വിവർത്തഃ. 12

Digitized By Kerala Sahitya Akademi

ഷഷ്ടിപൂർത്തിമംഗളം

അതിക്രാന്തോ വ്യാസപ്രഭവമൃഷിമാത്മേന്ദ്രിയജയൈർ–
ധിയാ ചാതീതോ യഃ കപിലമതിബുദ്ധഃ കരുണയാ
സ്വയം ഹംസോ നാരായണഗുരുരയം വ്യാപ്യ വിഹരം–
ശ്ചിതിസ്വാത്മാദ്വൈതേയതിനിവഹസമ്രാഡ്–
വിജയതേ.

—1916

ഒരു സമർപ്പണം

സമയൈർവിഭിന്നഗതിഭിന്നിഷേവിതം
ക്ഷമയാ നമൽസു കൃപയാ ച നിർഭരം
ഗുരുപാദലക്ഷണമുപാസ്മഹേ സതാ–
മുപലഭ്യമാനവപുഷം മഹേശ്വരം. 1

അനഘ്നമിച്ഛാമി ശുചിത്വമാത്മനഃ
സദാ മനസ്സീദതി വാച്യകാതരം
ഖലോ ഹി ലോകോപ്യപവാദകൗതുകീ
കഥം നു ജീവാമ്യഥവാ കൃതം ഭിയാ. 2

ഋഷേശ്ചലത്വാദിതരൈശ്ച ഹേതുഭിർ–
ഗുരോ ചരിഷ്യാമി ശിവം ഗൃഹവ്രതം
ഭവച്ഛ്രീരിതസ്യാശ്രയതേ നിരാശ്രയം
ന കേവലം ബ്രഹ്മ തുരീയമാശ്രമം. 3

നിശ്ചയോയമപി മേ സ്വയം കൃതഃ
ശിഷ്യവത്സലതയാനുമന്യതാം
യദ്ഗുരോ മമ നവേയമർത്ഥനാ
പ്രശ്രയാനതശിരഃകൃതാഞ്ജലേ. 4

കിമപി പ്രതിനിവേദനം

പിതരം പ്രതി തേ ദിവംഗതം
നനു ശോചാമി സഖേ തതോ നു കിം!
നഹി തദ്വിഷയാ സരസ്വതീ
തടിനീത്യേവ ബഹിഃ പ്രവർത്തതേ. 1

Digitized By Kerala Sahitya Akademi

ബഹ്വദുഃഖതരംഗപീഡിതാൻ
ജഡസംസാരമഹോദധേർജനാൻ
പ്രതിയോജയിതും ച നോത്സഹേ
സുഖകാമാൻ പഠി ബാഷ്പപങ്കിലേ. 2

പുറന്നാൾമംഗളം

സ ജയതു കൃതവിദ്യഃ ക്ഷേമസൂനാം സമാനാം
ശതമുപചിതകീർത്തിർനീലകണ്ഠോ ദ്വിജേന്ദ്രഃ
വിശദമധുരമന്ത്രാം സമ്പിബൻ യസ്യ കേകാം
പുളകിത ഇവ സഹ്യഃ പാദപൈഃ ശ്യാമശാഖൈഃ 1

പഠിതുമുപനിവിഷ്ടാഃ യദ്ഗിരാമേവ ധാടീം
ചടുലപടുതരംഗാസ്തോപി നൂനം നിളായാഃ
അധിതടമപി ശാലാ യസ്യ ഗീർവ്വാണവാണ്യാ
നിജവിജയപതാകാ ഭാതി ഹംസീവ ദേവ്യാഃ 2

ഒരു കത്തു്

ലേഖസ്തേ 'പിക'സംവാദീ
ധുനോതി ഹൃദയം കവേ
അഭിയുക്താനുമോദൈക–
ചാരിതാർത്ഥ്യശ്രമോ ഹി നഃ 1

സ്നേഹോക്തി

ശ്രീധരീയവചസാമനർഘ്യാ
മാധുരീമഹിത ചാതുരീ ച മാം
വ്യാതനോതി വിദിതാത്മവിസ്മൃതിം
വ്യാധിനോദനവിധിം തനോതി ച
സങ്ഗഹീനജനതാനതോഭവാൻ
സങ്ഗമായമമഹാസമീഹതേ
ഇങ്ഗിതം ഹി കുരുതേ വിധിസ്തുതാ–
മങ്ഗ, തസ്യസമയേപ്യുപസ്ഥിതേ.

Digitized By Kerala Sahitya Akademi

സ്വാഗതപഞ്ചകം

ദദാതി യഃ കുംഭഭവേ ഗൃഹം ശിവം
രഥം സുഖസ്പൃശമപീക്ഷുധന്വനേ
നദദ്വിജാ തസ്യ ഗിരേവ്വനാവലീ
കവീന്ദ്ര, താവൽ കുശലം ബ്രവീതി തേ. 1

ഇയഞ്ച യദ്രോധസി ശങ്കരഃ ശ്രുചൗ
കൃതാവതാരഃ പരഹംസപുംഗവഃ
സ്രോതോരവ സ്വാഗതസൂക്തമംഗ തേ
തരംഗതാളൈസ്സടിനീ പ്രഗായതി. 2

ഉപത്യകാസദ്യ ഭവന്തമാഗതം
സഹ്യസ്യ ചൈലാമരിചൈകവാസസഃ
ഫലൈശ്ച പുഷ്പൈർഭൃശമർഘ്യപാണയോ
നമന്തി ഭ്രമംസ്തരുഗുല്മസമ്പദഃ. 3

ആധൂതകേരോ മരുദപ്യുപാഗതേ
മാട്ടംഗികത്വം ചരമേ മഹോദധൗ
തരംഗതന്ത്രീം സരിതം വിലോഡയൻ
ഭവന്തമുച്ചൈരുപവീണയത്യസൗ. 4

രോമാഞ്ചയൻ ഗോഭിരഹോ സചേതസഃ
പുരശ്ച പശ്ചാച്ച സമന്തതോ ജനാൻ
ഗീതാഞ്ജലേർഗായക ഏഷ ദൃശ്യതേ
സചക്ഷുഷഃ സ്ഥഃ സശരൽസഖോ 'രവിഃ' 5

—1922

സ്വാഗതപത്രിക

സ്വാഗതം യതിശാർദ്ദൂല 'നിർമ്മലാനന്ദ' ഭോ ജയ
ജേജീയതാം 'രാമകൃഷ്ണസമിതി'വ്വ്രഃ സനാതനീ! 1

പ്രിയോസി സേവനൈവ പ്രകൃതശ്രുഭചര്യസ്യ മഹതോ
വിവേകാനന്ദസ്യ പ്രിയസഹചരോസി പ്രിയതരഃ
തതോപ്യന്തേവാസി വിദിതപരഹംസസ്യ തനയേ
ചിരായാനന്ദം നഃ സുകൃതകൃതസംഗസ്യ മതിഥിഃ 2

Digitized By Kerala Sahitya Akademi

ക്ഷിതിഹിതകരഃ സഞ്ചാരോ വഃ ശ്രുതാദ്ഭുതകർമ്മണാം
സദയമുദിതോത്സാഹം ക്ഷാത്രൈഃ കൃതാഞ്ജലികോരകഃ
ഭവദുപനതോ ഹംസസ്പൃഷ്ടോ യഥാ കമലാകര-
ശ്ശിവഗിരിമംശ്ശശ്വദ്ഗീർവ്വീമുപൈതി കൃതാർത്ഥതാം. 3

ഗൃഹാണ നോ നമസ്കാരാൻ ദേഹ്യനുഗ്രഹസമ്പദഃ
സ്വാമിൻ ജീവ ചിരം വാത്സ്യോ വിശ്വസ്യ ഹിതകാമ്യയാ. 4

ഉത്പന്നഃ പ്രീതിയോഗോയമേധതാമിതരേതരഃ
ബ്രഹ്മാദ്വൈതം ഗതാ ചാസ്മൽ ഭ്രത്യൈ ഭവതു ശാരദാ. 5

Digitized By Kerala Sahitya Akademi

സദാചാരശതകം

മറ്റു രണ്ടു കൃതികളും

Digitized By Kerala Sahitya Akademi

ഈ മൂന്നു കൃതികളും പുസ്തകരൂപത്തിൽ മുമ്പു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയല്ല.

(1) **സദാചാരശതകം:** 96 ശ്ലോകങ്ങളുണ്ടു്. ക്ഷേമേന്ദ്രമഹാകവിയുടെ 'ചാരുചര്യ' എന്ന സംസ്കൃതകൃതിയിൽനിന്നു തർജ്ജമചെയ്തതു്. 1086 മകരം വിവേകോദയത്തിലും തുടർന്നുള്ള ലക്കങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നതാണു്.

(2) **ശരിയായ പരിഷ്കരണം:** ഇംഗ്ലീഷിൽനിന്നു്. വിവേകോദയം 11–ാം പുസ്തകം 4, 5 ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതു്.

(3) **ഭാഷാപോഷിണിസഭയോടു്:** 1081 ധനു 29–ാംതീയതി ഭാഷാപോഷിണിസഭയുടെ ഒരു സുപ്രധാനയോഗം തിരുവനന്തപുരത്തു കൂടി. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആ യോഗത്തിനു് ആശാൻ അയച്ച ആശംസകളാണിതു്. 1081 ധനുമകരം ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

Digitized By Kerala Sahitya Akademi

ശ്രീയോഗസുന്ദരൻ, സത്യാസക്തൻ, സഗ്രാപവഗ്രദൻ
ജയിക്കുക ജഗൽപൂജ്യൻ സദാചാരസമൻ, ഹരി. 1

ഉണരേണം ബ്രാഹ്മകാലത്തുത്സാഹം പൂണ്ട മാനവൻ;
രാവിലെ വിടരും പത്മമെത്രയും രമ, ഗ്രണോന്മുഖി. 2

കുളിച്ചു ശ്രദ്ധനായ് നിത്യം വാഴ്ക പാവനദേഹനായ്;
വൃത്രാരി, വൃത്രനെക്കൊന്ന പാപം പോക്കികുളിച്ചുപോൽ. 3

ഈശനെപ്പൂജ ചെയ്യാതെ ചെയ്യൊല്ലാ കർമ്മമേതുമേ;
ശിവപൂജാരതൻ ശ്വേതൻതന്നെത്തൊട്ടീലഹോ യമൻ. 4

ശ്രാദ്ധം ചെയ്യുക ശാസ്ത്രോക്തംപോലെതാൻ ശ്രദ്ധയോടുമേ;
ഭീഷ്മർ പിണ്ഡം മണ്ണിലിട്ട പിതാവിൻ കയ്യിലല്ലതാൻ. 5

വടക്കോട്ടും പടിഞ്ഞാട്ടും തല വച്ചു ശയിക്കൊലാ
തെറ്റിശ്രയിച്ച ദിതിതൻ ഗർഭമിന്ദ്രൻ കലക്കിനാൻ. 6

ഭിക്ഷയിട്ടവശിഷ്ടം താനുണ്ടീടേണം പ്രശസ്തിമാൻ;
അത്ഥിക്കേകൊതുണ്ട തന്റെ മാംസം 'ശ്വേതൻ' ഭുജിച്ചുപോൽ. 7

ശ്രദ്ധൻ കാൽ കഴുകിച്ചെയ്വൂ, ജപ,ഹോമാ,ച്ചനാദികം;
നളനിൽ കലി വേശിച്ചു കാൽ നനയ്ക്കായ്കകൊണ്ടുപോൽ. 8

സഞ്ചരിക്കാസ്സൊരുവനായ് ശങ്ക കൈവിട്ട രാത്രിയിൽ;
കള്ളനായ് സംശയപ്പെട്ട മാണ്ഡവ്യൻ കഴുവേറിനാൻ. 9

വിശ്വസിക്കൊല്ലബലയെ പരദാരേച്ഛയേലൊലാ;
സ്ത്രീ 'വിഡൂരഥ'നെക്കൊന്നു, സീതയാൽ കെട്ട രാവണൻ. 10

മദ്യം മോഹിച്ചു വെറിപൂണ്ടാരും പേക്കൂത്തു തുള്ളൊലാ;
മദോന്മത്തന്മാർ നശിച്ചു പുല്ലിനാൽ തല്ലി വൃഷ്ണികൻ. 11

ക്ഷയത്തിനീർഷ്യയാം മൂലം, ക്ഷമ വൃദ്ധിക്കു കാരണം;
ഈർഷ്യയാൽ വിപ്രശാപത്തിനിരയായ് ജനമേജയൻ. 12

കൈവിട്ടീടൊല്ല സന്മാർഗ്ഗം കഷ്ടമേതുവരുമ്പൊഴും;
പറയന്നടിമപ്പെട്ടും പോറ്റി ധർമ്മം ത്രിശങ്കുജൻ. 13

നേടൊലാ ബുദ്ധിയാൽ കാര്യം നേരിന്നു വിപരീതമായ്;
നരകം കണ്ടുപോൽ സത്യനില തെറ്റിയ ധർമ്മജൻ. 14

സംഗമം സജ്ജനത്തോടു ചെയ്കു ദുഷ്ടരൊടല്ലതാൻ;
രാമനെസ്സംഗമിച്ചിട്ട രാജ്യം നേടി വിഭീഷണൻ 15

Digitized By Kerala Sahitya Akademi

സന്തോഷിപ്പിക്ക, കോപിപ്പിക്കൊല്ല മാതാപിതാക്കളെ;
സർപ്പസത്രത്തിൽ നാഗങ്ങൾ നശിച്ചമ്മ ശപിക്കയാൽ. 16

താരുണ്യം നൽകി വാർദ്ധക്യം വാങ്ങിക്കുമ്പിട്ട പുത്രനായ്
യയാതി നൽകിനാൻ രാജ്യമിളയോനവനാകിലും. 17

(യുഗ്മകം)

ദാനംചെയ്ത യഥാശക്തിയൊടുക്കും ദുഃഖമെന്നിയേ;
ബലി താൻ താൻ കടപ്പെട്ട ദാനശേഷത്തെ വീട്ടുവാൻ. 18

ദാനം ചെയ്യായ്ക ബലവാൻ സ്വയം പ്രതിഫലേച്ഛയാൽ
കടുക്കൻ നൽകി വേൽ ചോദിച്ചോരു കർണ്ണൻ ദുഷിച്ചതേ. 19

നിന്ദിക്കൊലാ ബ്രാഹ്മണരെ ബ്രഹ്മശാപമസഹ്യമാം;
പരീക്ഷിത്താ ശാപമൂലം ഭസ്മമായ് തക്ഷകാഗ്നിയിൽ. 20

കപടാരംഭശൂരത്വം കാട്ടാഞ്ഞൊടുവിൽ നിഷ്ഫലം;
കള്ളബ്രാഹ്മണനായ് കർണ്ണൻ കുറോരസ്യം മറന്നതേ. 21

ഭാഗ്യാധീനശ്രീയെ മോഹിക്കൊല്ല ദുർജ്ജനസേവയാൽ;
സേവിച്ച ദുര്യോധനനെ ഹതരായ് ഭീഷ്മമുഖ്യരും. 22

അന്യജീവനെ രക്ഷിക്കയലിവാൻതിസക്തനായ്;
പ്രാവിൻ രക്ഷയ്ക്ക തൻ മാംസം പരുന്തിന്നേകിനാൻ ശിബി. 23

ദ്വേഷം നീക്കിസ്സരളമായ് വയ്ക്ക പുമ്മുഖമായ് മനം;
ദ്വേഷമാമൊറ്റ ദോഷത്താൽ വന്ന ദേവാസുരക്ഷയം. 24

മറക്കല്ലുപകാരത്തെ കൃതഘ്നത്വം വഹിക്കൊലാ;
ഉപകാരി ബകംതന്നെക്കൊന്ന, പതിതനായ് ദ്വിജൻ. 25

അതിരാഗാസക്തിമൂലം സ്ത്രീപരാധീനനാകൊലാ;
പുത്രാർത്തിയാൾ ദശരഥൻ ചത്തു ഭാര്യാവശംവദൻ. 26

ആത്മപ്രശംസയാൽ സ്വന്തഗുണം മലിനമാക്കൊലാ;
യയാതി തന്നെത്താൻ വാഴ്ത്തി വീണാൻ വിണ്ണിങ്കൽനിന്നുമേ.

വെടിഞ്ഞീടുക നായാട്ട വധംകൊണ്ടതിനിന്ദിതം;
നായാടി, രസികൻ പാണ്ഡു ശാപമേറ്റു മരിച്ചതേ. 28

ക്രൂരമ്പുപോലുമുറിക്കും ക്രൂരവാക്കുകളോതൊലാ;
ക്രൂരവാക്കാൽ കുരുകുലം ക്രുദ്ധൻ ഭീമൻ മുടിച്ചതേ. 29

സ്വാമിക്കിഷ്ടത്തിനായ് ചൊല്ലായ്ക്ക ന്യായപൽകരമേഷണി;
രാഹുവിന്നിരയായ് സൂര്യേന്ദുക്കളേഷണികൊണ്ടതാൻ. 30

നീചക്കു ചേർന്നതായ് നാണംകെട്ടും യാചന ചെയ്യൊലാ;
യാചിച്ചു ബലിയേയാടാൻ ലഘുത്വം പുരുഷോത്തമൻ. 31

Digitized By Kerala Sahitya Akademi

മര്യാദ ലംഘിച്ചിടായ്ക; മഹാന്മാക്കതസഹ്യമാം
വേദമോതുന്ന വേധസ്സിൻ തല വെട്ടി മഹേശ്വരൻ. 32

ബന്ധുസംബന്ധിവർഗ്ഗത്തെ വഞ്ജിക്കൊല്ല, ദുഷിക്കൊലാ;
ത്രിലോചനതിരസ്കാരം ദക്ഷയാഗം മുടിച്ചുതേ. 33

വിവാദമത്തനായ് ചീത്തവാക്കോതൊല്ല കുശ്രുമ്പിനാൽ;
കൊള്ളിവാക്കു സഹിക്കാഞ്ഞു കൊന്നാൻ ശൈദ്യനെ മാധവൻ.

ഗുണങ്ങളെയെടുത്തോതിയുത്സാഹിപ്പിക്ക യോഗ്യരെ;
സാധിച്ചാൻ സ്തുതികേട്ടിട്ട രാമകാര്യങ്ങൾ മാരുതി. 35

ഗുണത്തെത്തന്നെ മാനിക്ക, മാനിച്ചീടായ്ക ജാതിയെ;
അശ്വത്ഥാമാ ശ്രുദ്രനായി, ശ്രുദ്രൻ വിദുരരോ യമീ. 36

അധികം ധനമർത്ഥിച്ചിട്ടാക്കും പീഡയെ നല്ലൊലാ;
വമിച്ചാഴി വിഷം ശ്രീയെത്താൻ നല്കീട്ടും മഥിക്കയാൽ. 37

കടിലൻ, ക്രൂരനും, ലുബ്ധൻ ഇവരായ് കൂട്ടു കൂടൊലാ;
ക്ഷണിച്ച കൗശികൻ തട്ടി വസിഷ്ഠൻതന്റെ ധേനുവെ. 38

വൻതപസ്സിലുറച്ചാലും വിശ്വസിക്കായ്ക മാനസം;
കൗശികനുതാൻ മേനകയെക്കടന്നു പിടികൂടിനാൻ. 39

ദൈന്യം കൈവിട്ട ധൈര്യത്തെ വഹിക്ക വിരഹങ്ങളിൽ
ദ്രോണർ പുത്രവധം കേട്ട ധൈര്യംപോയ് ഹതനായിതേ. 40

കോപമാകും രാക്ഷസനു കീഴ്പ്പെട്ടീടായ്ക ബുദ്ധിമാൻ;
രക്ഷസ്സുപോൽ ശത്രുവക്ഷോരക്തം ഭീമൻ കുടിച്ചുതേ. 41

സ്വനാശഹേതുവായ്ത്തീരും സ്വാമിപ്രീതി കൊതിക്കൊലാ;
യുദ്ധം ഹരനോടർത്ഥിച്ചു ബാണൻ കെട്ട ബലോദ്ധതൻ. 42

സ്ഥിരധീയായ് വിദ്യ നേടാൻ സേവിക്കുക ഗുരുക്കളെ;
കായക്ലേശം സഹിച്ചേറെ ഗുരുസേവാപരൻ കചൻ. 43

വെടിയൊല്ലാ സ്നേഹമേറും ഭക്തരെദ്ദോഷഹീനരെ;
സതിയാം സീതയെത്തള്ളിത്തേടി ശോകം രഘൂത്തമൻ. 44

ഓർത്തോർത്തു ചേരാം ദേഹത്തിൻ ജീവനാം ഖ്യാതി നേടുവിൻ;
വീണുമിന്ദ്രദ്യുമ്നനേറി വിണ്ണിൽ വീണ്ടും ജനസ്മൃതൻ 45

ചലയാം ലക്ഷ്മിയെപ്പോറ്റീടായ്ക ദുഷ്കൃതിയാൽ നരൻ;
തട്ടീ വ്യാഡീന്ദ്രദത്തന്മാർ നന്ദലക്ഷ്മിയെ യുക്തിയാൽ. 46

ക്ഷമിക്ക, ബലമില്ലാത്തോനാക്ഷേപിക്കായ്ക ശക്തരെ;
കാർത്തവീര്യൻ ജേലിലാക്കി ഗർവിയാം ദശകണ്ഠനെ. 47

Digitized By Kerala Sahitya Akademi

വേശ്യതൻ നിത്യകാപട്യമയമാം വാക്കു കേൾക്കൊലാ;
വിരക്തൻ വേശ്യയാലൃശ്യശൃംഗൻ ശൃംഗാരമഗ്നനായ്. 48

ബലഗർവ്വിതനായ് തെല്ലും ഭർത്സിച്ചീടാഞ്ഞ വൈരിയെ;
ബ്രാഹ്മണ്യദയയാൽ വിട്ടാൻ രാമൻ രാമനെ ബാലകൻ. 49

ബലഗർവ്വിതനായ് തെല്ലും ഭർത്സിച്ചീടാഞ്ഞ വൈരിയെ;
ലോകദ്വേഷി ജരാസന്ധൻ രണ്ടു കീറായി ഭീമനാൽ. 50

മര്യാദ തെറ്റിസ്സ്വാർത്ഥത്തെ മാന്യൻ നേടാഞ്ഞ യുക്തിയാൽ;
വ്യാജബാലിവധം പേർത്തു കളങ്കം രാമകീർത്തിയിൽ. 51

വൻതപസ്വികാന്തൻ നിഷ്ഫ തെറ്റിപ്പാഞ്ഞദ്യമിക്കൊലാ;
കനൽക്കണ്ണാൽ ചുട്ടെരിച്ച കാമനെപ്പാറ്റപോൽ ശിവൻ. 52

കലഹാസ്പദമാം ചൂതുകളിയിൽ സക്തിവഞ്ഞൊലാ;
ചൂതിൻപലകയാൽ തല്പിക്കൊന്നാൻ മുസലി രുക്മിയെ. 53

സ്വാമിപ്രിയം സ്വയം സ്വപ്നചപലം വിശ്വസിക്കൊലാ;
നന്ദഭ്രപൻ ജേലിലിട്ട മന്ത്രിയാം ശകടാലനെ. 54

നാസ്തികന്മാർ ചൊല്ല കേട്ടു നീ മറക്കൊല്ലയീശനെ;
കൊന്നാൻ ഹിരണ്യകശിപുതനെ സ്തംഭസ്ഥിതൻ ഹരി. 55

നേടിയുന്നതമാം സ്ഥാനം നിന്ദിച്ചീടൊല്ല മാന്യരെ;
അധഃപതിച്ചിന്ദ്രനായ നഹുഷൻ മുനിനിന്ദയാൽ. 56

വൈരിയെസ്സന്ധിയായാലും വിശ്വസിച്ചു വസിക്കൊലാ;
പുത്രനെസ്സന്ധിചെയ്തിട്ടും വധിച്ചിന്ദ്രൻ വിശങ്കമായ്. 57

ഹിതോപദേശം കൈക്കൊണ്ടു നടക്കുക യഥോചിതം;
വിദുരോക്തികൾ കേൾക്കാതെ ശോച്യനായി സുയോധനൻ.

ഏറെത്തിന്നും കൊതിയനുണ്ടാകുന്നരുചി രോഗവും;
അഗ്നിക്കുമഗ്നിമാന്ദ്യം വന്നമിതം നെയ് ഭുജിക്കയാൽ. 59

ദോഷം നീക്കുക യത്നത്താൽ തപസ്സാൽ മേനി വാട്ടൊലാ;
ഉറക്കംതുങ്ങിയായ് കുംഭകർണ്ണനോക്ക തപസ്സിനാൽ. 60

സ്ഥിരമായോക്കൊലാ ലോകത്തുണ്ടാം വസ്തുക്കളൊന്നുമേ;
രാമനും, രഘുവും, പാണ്ഡു, ശിബിയും പോയ് നരാധിപർ.

നടിച്ചനുകരിക്കായ്ക നല്ലോർതൻ ചേഷ്ടിതങ്ങളെ;
മുനിരൂപം വിഡംബിച്ചു ലക്ഷ്മീപുത്രൻ വിരൂപനായ്. 6

മിഥ്യാപ്രവാദം ചെയ്യായ്ക മന്ത്രിച്ചാലുമസജ്ജനം;
ശുക്രനീതികൾ താങ്ങീട്ടും ശ്രുഷ്മമായ് ദൈത്യസന്തതി. 6

Digitized By Kerala Sahitya Akademi

കോപിപ്പിക്കായ്ക കൊടിയ ദീഘ്രദ്വേഷികൾതന്മനം;
നന്ദനെക്കോപി ചാണക്യൻ നശിപ്പിച്ചേഴുനാൾക്കകം. 64

ജ്വലിപ്പിക്കായ്ക സതിതൻ കോപവഹ്നിപ്രതോജ്ജ്വലം;
ദേഹം തള്ളീ വേദവതി ദശകണ്ഠൻ നശിക്കുവാൻ. 65

കൊടുപ്പിക്ക, കൊടുക്കേണ്ട പൊരുളന്യൻ കൊടായ്കിൽ;
ധൃഷ്ടദ്യുമ്നനെക്കൊണ്ടു വയ്പ്പിച്ചാൻ ദ്രോണശ്രുഴിയെ. 66

പൂജിക്ക ഗുരുവെബ്ഭക്ത്യാ വിദ്യാവിനയകാംക്ഷികൾ;
കനിഞ്ഞരുളിനാൻ രാമന്നസ്ത്രങ്ങൾ കുശികാത്മജൻ. 67

കൊൾക ധർമ്മാർത്ഥകാമങ്ങൾ തങ്ങളിൽ ബാധയെന്നിയെ;
ത്രിവർഗ്ഗത്താൽ സിദ്ധിനേടി സഗരാദികൾ മന്നവർ. 68

തൻകുലത്തിൽ താണിടായ്ക, സമനാകാമുയർന്നിടാം;
രഘുവിൻകുലമുൽകൃഷ്ടം, രാമനുൽകൃഷ്ടനങ്ങതിൽ. 69

തീർത്ഥോദകങ്ങളാലുജ്ജ്വലാത്മാവെശ്ശുദ്ധമാക്കുവിൻ;
ലോമേശൻ ചൊന്ന തീർത്ഥങ്ങൾ പാർത്തന്നാക്കേകി ധന്യത. 70

അഭ്യസിപ്പിൻ കലകളെയാപത്തിലുതകാമവ;
വിരാടഭവനേ വാണ വിജയൻ നൃത്തവൃത്തിയിൽ. 71

ഭുജിക്ക സംഗം കൂടാതെ ഭോഗം നീരാഗസുന്ദരം;
ജനകൻ വാണ രാജ്യത്തിൽ ജലത്തിൽ പദ്മമെന്നപോൽ. 72

ലഘുവാം ലാഭമോഹത്താലശിഷ്ടാശ്രയിയായാം ഗുരു;
സംവർത്തയജ്ഞം യാചിച്ചു ലജ്ജിച്ചേറ്റം ബൃഹസ്പതി. 73

നടത്ത തെറ്ററി വന്മോഹംനല്ലും സ്ത്രീയെ ത്യജിക്കണം;
രുചിച്ചു നിന്ദ്യഗുരുവിന്നിന്ദുഷ്ടശിഷ്ട പരം, പ്രിയ. 74

ഗീതവാദ്യാഭിരതനായ് കേളിയിൽ സക്തനാകൊലാ;
വൈരി വഞ്ചിച്ചു വത്സേശൻതന്നെ വീണാവിനോദിയെ. 75

പാരുഷ്യഭീതരാക്കായ്ക നല്ലാരെ, പ്പുമുഖക്കളെ;
ഭാസ്വാൻ കുറച്ചാൻ തേജസ്സു ഭാര്യതൻ പേടി നീക്കുവാൻ. 76

കോശത്തെക്കള്ളവണ്ടിന്നു കൊടുക്കായ്കബ്ജമെന്നപോൽ;
അർത്ഥം സുരർ കവർന്നബ്ധിയശ്രീയായ് മെല്ലവേ പുരാ. 77

പദേശാമൃതം തള്ളായ്കുടഞ്ഞ കുടമെന്നപോൽ;
പ്രാർത്ഥൻ മറന്നു വീതാർത്ഥം പോരിലക്ഷാന്തി തേടിനാൻ. 78

ധൃതരാഷ്ട്രനധീനമാക്കായ്ക പ്രഭുത്വം ബുദ്ധിമാൻ സ്വയം;
ധൃതരാഷ്ട്രൻ രാജ്യമേകി മകനു തൃണതുല്യനായ്. 79

Digitized By Kerala Sahitya Akademi

ശത്രുഭാഗികളാൽ ദൃഷ്യർതൻ കയ്യിൽ കാര്യമേകൊലാ;
കണ്ണൻ തേജോഹീനനായാൻ ശല്യദൃഷ്ടണകശ്ശിതൻ. 80

പ്രഭുസമ്മാനമാജ്ജിച്ചാൽ പ്രയത്നക്ലേശമോക്കൊലാ;
ക്ഷീണനാം ചന്ദ്രനെങ്ങനെ ചൂടും ചൃഡയിലീശ്വരൻ. 81

വെടിയൊല്ലാ സജ്ജനങ്ങൾ പോകും വേദോക്തമാംവഴി;
സത്യധർമ്മങ്ങൾ കൈവിട്ട ദൈത്യരേ വിട്ട ലക്ഷ്മിയും. 82

ഓടും ലക്ഷ്മിയെ ബന്ധിപ്പാനൊരുങ്ങുക ഗുണങ്ങളാൽ;
ശ്രീദേവരെച്ചേർന്നു; തള്ളീ ദൈത്യരെ,ഗുണഹീനരെ. 83

പ്രതിലോമവിവാഹത്താൽ പൊങ്ങുവാൻ ബുദ്ധിവശ്ശോലാ;
മോഹിച്ചു ശുക്രസുതയെ മ്ലേച്ഛനായാൻ യയാതിതാൻ. 84

നിന്ദിക്കൊലാരുപ,ധന,കുല,വിദ്യാദിഹീനരെ;
ഹസിച്ചു രാവണൻ, നന്ദി ശപിച്ചു വാനരാനനൻ. 85

തട്ടുപ്പു ബന്ധുവൈരങ്ങൾ, താങ്ങൊലാ പക്ഷമൊന്നുമേ;
കുരുപാണ്ഡവയുദ്ധത്തിൽ കൂടിയില്ല ഹലായുധൻ. 86

ജനോപകാരം യോഗ്യന്നു ജീവിതത്തിന്റെ സാരമാം;
ബുദ്ധൻ യതിച്ചു ഭഗവാൻ ആക്കം നിർവ്വാണമേകുവാൻ. 87

നിസ്സ്വനാം ബന്ധുവും രക്ഷ്യൻ, ദാരിദ്ര്യംപൂണ്ട മിത്രവും;
താങ്ങായാൽ ബന്ധുമിത്രങ്ങൾക്കത്ഥികല്പകമാം ബലി. 88

അഭിചാരോഗ്രവധ്യാദി കൂടക്രിയകൾ ചെയ്യൊലാ;
കൊന്നാഭിചാരപരനാമിന്ദ്രജിത്തിനെ ലക്ഷ്മണൻ 89

ആവൃ ക്രമാൽ ബ്രഹ്മചാരി, ഗൃഹി,വൈഖാനസൻ,യതി;
ഏവമാന്നാരാശ്രമങ്ങൾ യയാതിമുതലാം നൃപർ. 90

ഒട്ടവിൽ ഖേദമരുളും കർമ്മം ചെയ്യാഞ്ഞോരിക്കലും;
ഓർത്താനൊരുശിരസ്സാന്നും സീതാക്ലേശം ദശാനനൻ. 91

തലമേൽ നരബാധിച്ചോൻ തേടണംതാൻ തപോവനം;
ധീരന്മാർ കുരുമുഖ്യന്മാർ കാടാന്നൊട്ടവിൽ മന്നവർ. 92

യൗവനം പോയവൻ ജന്മമരും മാർഗ്ഗം ഗ്രഹിക്കണം;
വിദുരൻ ഭവബീജത്തെ വേവിച്ചു ജ്ഞാനവഹ്നിയിൽ. 93

അന്തത്തിലന്തർജ്യോതിസ്സായ്, കാൺമൂ ബ്രഹ്മം സനാതനം;
ശുകശന്തനുജാദ്യന്മാരതു സാധിച്ച യോഗികൾ. 94

മരിച്ചൊക്കെ മറന്നാലും മറയാ സുകൃതോൽക്കരം;
മാന്ധാതൃമുഖ്യർ ജീവിക്കുന്നിന്നും മങ്ങാത്ത പേരിനാൽ. 95

അന്തത്തിൽ ഹരിയേ, ലോകസന്താപഘ്നനെയോർക്കുവിൻ;
ശരശയ്യയിലും ഭീഷ്മൻ സ്മരിച്ചു മധുവൈരിയെ. 96

Digitized By Kerala Sahitya Akademi

ശരിയായ പരിഷ്കരണം

ലോകത്തുള്ള സമസ്തദോഷവുമക-
ററിജ്ജീവിതത്തിൽപ്പെട്ടം
ശോകം സവ്മൊഴിച്ചു കാടഖിലവും
തോട്ടങ്ങളായ് തീർത്തുടൻ
ആകെശ്ശൂന്യമരുസ്ഥലങ്ങളെ മല-
ക്കാവാക്കി നന്നാക്കുവാൻ
നീ കാംക്ഷിപ്പതു സാദ്ധ്യമാം സഹജ നി-
ന്നെത്തന്നെ നന്നാക്കുകിൽ. 1

പാപത്തിൻ വലയിൽക്കുടുങ്ങി നെടുനാ-
ളായിസ്സഹായം വെടി-
ഞ്ഞാപത്തിന്നിരയായ്ക്കിടക്കുവൊരു ലോക-
ത്തെത്തിരുത്തിസ്സ്വയം,
താപം സവ്മൊഴിച്ചു നാട്ടിനു സമാ-
ശ്വാസം വരുത്തീടുവാൻ
നീ ഭാവിപ്പതു സാദ്ധ്യമാം സഹജ, നിന്നെത്താൻ
തിരുത്തീടുകിൽ. 2

ലോകത്തിന്റെ പുരാണദോഷഗ്രണമാം
രോഗം ചികിത്സിച്ചൊഴി-
ച്ചേകം വേദനയൊത്തു ദുഃഖമകലി-
ച്ചാശ്വാസമേറും സുഖം,
മാക്കുന്നോക്കു വരുത്തി വിശ്രമമണ-
പ്പാൻ സൗമ്യ, മോഹിക്കിൽ നീ
രാഗദ്വേഷജമായ നിന്മനമതിൻ
ശീലായ്മ തീർത്താൽ മതി. 3

ദേഹത്യാഗവു,മന്ധകാരമരുളും
ക്ലേശങ്ങളും, നീണ്ടെഴും
മോഹസ്വപ്നമിയന്നിടും ജനതയെ-
പ്പാടേയുണർത്തീടുടൻ
സ്നേഹാശ്വാസരസം കലർന്ന നിയത-
ജ്യോതിസ്സിലെത്തിക്കുവാൻ
മോഹിക്കിൽഗ്രഥമോഹനായയി! സഖേ,
നീതാനുണർന്നാൽ മതി. 4

Digitized By Kerala Sahitya Akademi

ഭാഷാപോഷിണിസഭയോട്

വണ്ടാന്നും, പൂ വിടന്നും വികചകിസലയം
പൂണ്ടുമെല്ലാമഴിഞ്ഞും
കുണുതവം വിട്ടുദിച്ചും കതിപയ കവിന–
ക്ഷത്രുമങ്ങസ്സുദിച്ചും
തിണ്ടാടിത്തുല്യമായ് പോഷിണി! പൊരുതിവരും
ഖേദമോദങ്ങളം രണ്ടും
കണ്ടീടുന്നെങ്കിലും വൃദ്ധിയുമവനിതലം–
തന്നിലും നിന്നിലും ഞാൻ. 1

നീയത്രേയമ്മ സാരസ്വതലളിത മഹാ
ശാരദാദേവി! സദേ! നിൻ
പ്രേയാൻ സാക്ഷാൽ പ്രജാനായകനഴകെഴുമി–
ത്തമ്പുരാൻ താതനത്രേ
സ്വായത്താ കൈരളീകന്യക സഹജരവം–
ക്കത്രയീ പുത്രരെല്ലാം
ശ്രീയും സൗഭാഗ്യവും പൂണ്ടൊരു വലിയ കുടും–
ബം; തദാലംബമാര്യേ! 2.

പഥ്യാപഥ്യങ്ങളം ഭാഷാപദവിയിലരുളി–
ബ്ധേമെന്യേ പുലത്തും
പുത്രന്മാർതൻ ഗുണത്താൽ ഭവതിയുടെ ഗുണം
ലോകമെങ്ങും മുഴങ്ങും,
അത്യന്താസ്വാദ്യമോരോ കൃതികളമരിമാർ
പോലെ സഹ്യാചലത്തിൻ
പ്രസ്ഥത്തിൽ സഞ്ചരിച്ചങ്ങനെ സുഖമൊടുമ–
സ്മൽഗൃഹം സ്വർഗ്ഗമാക്കും. 3.

നിൻനാഥൻതന്റെ തേജോമയ മുഖപരിവേ–
ഷം നഭസ്സിൽപ്പരക്കു–
ന്നെന്നോ പാത്താലൊരുനാളതു ബത മഴവി–
ല്ലെന്നപോൽ മാഞ്ഞുപോകും
എന്നാൽ വീചീതരംഗക്രമമൊടനിലമാ–
ർഗ്ഗത്തെ മാറാതിളക്കി–
ത്തന്നാമം ചക്രവാളാവധി വിലസുമതോ–
ടൊത്തുടൻ നിത്യയാം നീ. 4

സൽക്കാവ്യോൽഫുല്ലപുഷ്പം സരസലതകണ–
ക്കെപ്പൊഴിഞ്ഞും പ്രിയന്നി–
ന്നക്കാന്താവിപ്രയോഗപ്രണമതിലമൃതാ–
സാരമാരാൽ ചൊരിഞ്ഞും

Digitized By Kerala Sahitya Akademi

നിൽക്കേണം നീണ്ടുനീയിദ്ധരയിൽ നവനവോ-
ല്ലാസമാൻ വളൻ
തക്കം തെല്ലില്ലയേ! പോഷിണി! യതിനരുളും
ഭാവുകം ദേവദേവൻ. 5

സാമാന്യധർമ്മങ്ങൾ

സത്യം

സത്യം ചൊൽക ഹിതം ചൊൽക ചൊൽകാസ്സഹിതമുള്ളതും
ഹിതമാം പൊളിയും ചൊല്ലാസ്സിതേ ശാശ്വതധർമ്മമാം.

തന്റെ നേരു മറച്ചാരുതന്നെ മാററിയുരയ്ക്കുമോ
വൻപാപി ലോകത്തിലവൻ തന്നെ വഞ്ചിച്ച കള്ളനാം.

വാക്കിലാകുന്ന കാര്യങ്ങൾ വാക്കിനാൽ വാക്കിൽനിന്നുമാം
ഈ വാക്കിനെ മറക്കുന്നോനെല്ലാം കക്കുന്ന കള്ളനാം.

പിതൃഭക്തി

പുത്രോദയത്തിനാലമ്മനമ്മമാർ ചെയ്ത പാടിനു്
പററാ പ്രത്യുപകാരങ്ങൾ പല നൂറാണ്ടു ചെയ്താലും.

ഇവർക്കു ചെയ്ത രണ്ടാത്മക്കും ഹിത,മാചാര്യനും തദാ
ഇവർ മൂന്നും പ്രസാദിച്ചാലെല്ലാമായി തപസ്സുകൾ.

മൂന്നാളിവക്കെഴും സേവ മുഖ്യമായ തപസ്സുതാൻ
അനുജ്ഞയിവരേകാസ്സിലന്യധർമ്മങ്ങൾ ചെയ്താലാ.

മൂന്നാളിവർക്കു തെറാസ്സിൽ മുപ്പാരും ഗേഹി നേടിടും
വിളങ്ങിയുല്ലസിച്ചീടും വിണ്ണിൽ വാനോർകണക്കവൻ.

മാന്യമായിവർ മൂന്നാളെ മാനിപ്പോൻ ചെയ്തതാകവേ
അവമാനിപ്പവൻചെയ്തതത്രയും ഫലശൂന്യമാം.

ഇവർ മൂന്നാളും ജീവിക്കുംവരെ മറൊന്നു ചെയ്യാലാ
ഇവർതൻ സേവതാൻ ചെയ്വൂ നിത്യം സഹിതകാംക്ഷികൾ.

അവർക്കൊത്തിരിക്കുന്നപുണ്യകർമ്മങ്ങൾ ചെയ്യുക
അവരോടറിയിച്ചീടുകുത്തും ത്രികരണങ്ങളാൽ.

ഇവർ മൂവരിലീവണ്ണംചെയ്താൽ ചെയ്തൊക്കെയും നരൻ
ഇതു സാക്ഷാൽ പരംധർമ്മം മറൊക്കെയുപധർമ്മമാം.

Digitized By Kerala Sahitya Akademi

ഗുരുഭക്തി

അല്പമോ ഭൂരിയോ ശാസ്ത്രമഭ്യസിപ്പിച്ചിടാമൊരാൾ
അയാളും ഗുരുവെന്നോക്കു വിദ്യയ്ക്കുപകരിക്കയാൽ.

ഇരിക്കു ഗുരുമുമ്പാകെ താഴെ,ത്താഴെക്കിടക്കുക
ഗുരുവിൻദൃഷ്ടിമുമ്പെങ്ങുമേകനായ് പെന്നിരിക്കൊലാ.

തദീയഗതിചേഷ്ടാദി, താൻ തെല്ലുമനുകരിക്കൊലാ
ഗുരുവിന്നപവാദംതാൻ നിന്ദതാൻ കേട്ട ദിക്കതിൽ

എത്തിയാൽ പൊവിപൊത്തീടു,കല്പെന്നാൽ വിട്ടൊഴിക്കുക.
ഗുരുശയ്യാ,സനാരോഹം, ചെയ്യാസ്സു ഗുണമായിടാ
ആസനംവിട്ടേറുചെന്നും വന്ദിക്കു ഗുരുവെത്തിയാൽ.

പ്രായശ്ചിത്തം

വിധിച്ച കർമ്മം ചെയ്യാഞ്ഞാൽ, നിഷേധിച്ചതു ചെയ്താലും
വിഷയാസക്തനായാലും പ്രായശ്ചിത്താഹ്നനാം നരൻ.

പാപംചെയ്തുള്ളതും, പശ്ചാത്താപത്താൽ പോയിടുന്നുപോൽ
ഇനിച്ചെയ്യില്ലെന്നൊഴിക്കുന്നെന്നാൽ താൻ ശ്രദ്ധനായവൻ.
അറിഞ്ഞുമറിയാതേയുമകൃത്യം ചെയ്തുപോയവൻ
അതിൽനിന്നൊഴിവാൻ മോഹ,മെന്നാൽ ചെയ്യാസ്സു വീണ്ടുമേ.

ക്ഷമ

ദുഃഖമേകൊല്ല താനാത്തനെന്നാലും ദ്രോഹമാക്കൊലാ
കേട്ടാൽ കോപമുദിക്കുന്ന കടുവാക്കുമുരയ്ക്കൊലാ.

ഉറങ്ങിടുന്ന സുഖമായുണരുന്നവമാനിതൻ
സുഖമായ് ഭൂവിൽ വാഴുന്നിതവമാനം കെടുന്നവൻ.

സുഖാസുഖങ്ങൾ

അടങ്ങിവാഴ്ക സംതൃപ്തിയാൻ സൗഖ്യം കൊതിപ്പവൻ
സുഖത്തിൻ ഹേതു സംതൃപ്തി,യസുഖത്തിനതൃപ്തിയും.

പണിപ്പെട്ടം പരാധീനകർമ്മമെല്ലാമൊഴിക്കുക
തനിക്കു വശമായുള്ളതേതതിൽത്തന്നെ താങ്ങുക.

എല്ലാ പരവശം ദുഃഖമെല്ലാമാത്മവശം സുഖം
സുഖദുഃഖങ്ങളം രണ്ടിന്നും സംക്ഷേപിച്ചിതു ലക്ഷണം.

Digitized By Kerala Sahitya Akademi

സദാചാരം

നാരിയോ നീചനോതന്നെ നല്ലതായെന്നു ചെയ്താലും
അതൊക്കെ ചെയ്ത പുണ്യം പോൽ തന്മനസ്സിന്നിണങ്ങുകിൽ.

സുധകൊണ്ടു വിഷത്തിന്നും സുഖദി പൈതലിൽനിന്നുമേ
മലത്തിൽനിന്നു കനകം കാര്യം വൈരിയിരിന്നുമേ.

....

സൽസംഗം

നല്ലാർ നല്ലാരൊടൊന്നിച്ചു നിത്യം വാഴുകയും നേടുക
തള്ളീടുകില്ല നല്ലോരെ തൻകുലക്ഷേമമാപ്പവൻ.

വെട്ടു നോക്കി പദം, വെള്ളം വസ്ത്രത്തിൽ വാർത്തു മോന്തുക.
സത്യമോർത്താർത്തുകേൾക്കുന്നതാൻ ചിത്തത്താൽ പാർത്തു ചെയ്കുക.

ആക്ഷേപിച്ചാൽ സഹിച്ചീടു,കാക്ഷേപിക്കൊല്ലൊരാളെയും
വെക്കാട്ടു വൈരമാരോടുമിദ്ദേഹം പൂണ വാഴവേ!

നിന്ദിക്കും നാരർ കാര്യത്തിൽ ബാല,രാതുരർ, വൃദ്ധരും
ആത്മക്ഷേമത്തെയാശിക്കും പ്രഭുവെല്ലാം ക്ഷമിക്കണം.

ആത്മന്മാർ ചെയ്യുമാക്ഷേപം ക്ഷമിപ്പാർ സാഗ്രമാന്നിടും
ഐശ്വര്യത്തിൽ ക്ഷമിക്കാത്തോനടിയും നരകത്തിലും.

സ്ത്രീകൾ

പിതാക്കന്മാർ, സോദരന്മാർ, പതിമാർ, ഭാര്യ സോദരർ
മാനിച്ചലങ്കരിക്കേണം, സ്ത്രീകളാ മംഗളാത്മികൾ.

കുലസ്ത്രീ കേണുവാഴുന്ന കുലം ശീഘ്രം മുടിഞ്ഞിടും
അവർ കേഴാതെ വാഴുന്ന തറവാടഭിവൃദ്ധമാം.

സ്ത്രീ രുചിച്ചാൽ ഗൃഹസ്ഥന്നു, വീട്ടിൽ സർവ്വം രുചിച്ചതാം
അവളേകു, രുചിക്കാഞ്ഞാ,ലരോചകമശേഷവും.

കാന്തനിൽ കാന്തയും തൃപ്ത, കാന്തനും തൃപ്ത കാന്തയിൽ
ഏതില്ലുത്കണ്ഠകലാ,യില്ലുത്തെന്നാം, മംഗളമാം ദ്വയം.

പാകാദിപടുവായ് ഗേഹഭരണത്തിൽ വിശുദ്ധയായ്,
സന്തുഷ്ടയായ് വസിക്കേണം, സ്ത്രീ മിതവ്യയശീലയായ്.

കൈപിടിച്ചോനിരുന്നാലും മരിച്ചാലും പതിവ്രത
അവന്റെ ലോകമിച്ഛിക്കിൽ ചെയ്യാസ്ത്രീ വേറൊരാരാധ്യനീയം.

Digitized By Kerala Sahitya Akademi

ഭർത്താ മരിച്ചാൽ പിൻ ബ്രഹ്മചര്യമേലും പതിവ്രത
ബ്രഹ്മചാരികൾപോൽ പുകൾ, വൃകം സ്വർഗ്ഗമൊഴിക്കിലും

മനോവാക്കായബന്ധത്തിൻ പതിക്കനെഭിചാരിണി
ഭർത്തൃസാലോക്യമേലുന്നു, സാധ്വിയെന്നുള്ള പേരൊട്ടും.

സന്താനത്തെ, ചരിത്രത്തെ, കുലത്തെ, തന്നെയും സ്വയം
ധർമ്മത്തെയും, കാത്തിടുന്നു, ഭാര്യയെ കാത്തിടുന്നവൻ.

എവർണ്ണമുള്ള ഭർത്താവോടേലുന്ന വേശ്യയംഗനാ
ആഴിയിൽ ചേർന്ന പുഴപോലവളേലുന്നു തൽഗ്രഹണം.

ധന്യമാർ, പുത്രഹേതുക്കൾ, മാന്യമാർ ഗൃഹദീപ്തികൾ
സ്ത്രീകളും ശ്രീകളും വീട്ടിലൊന്നാണില്ലൊരു ഭേദവും.

സ്ത്രീധനം വാങ്ങൊലാ കന്യാതൻപിതാ, തെല്ലുപോലുമേ
ലോഭത്താൽ വാങ്ങിയാൽ, തന്റെ സന്താനം വിറ്റ പാപിയാം.

സ്ത്രീകൾതൻ വാഹനം വസ്ത്രം ധനമെന്നിവകൊണ്ടതാൻ
പുലരുന്നോരു ബന്ധുക്കൾ പൂകുന്നു നരകം ദൃഢം.

സൂക്ഷിപ്പാനും ധനം സ്ത്രീയേ നിയോഗിക്ക വ്യയത്തിനും
ശൗച,ധർമ്മാന്നപാകാദി,ഗൃഹകാര്യങ്ങളേതിനും.

മരണംവരെയന്യോന്യമേലുകവ്യഭിചാരിത
ഇതു സംക്ഷിപ്തമാം ധർമ്മസാരം സ്ത്രീക്കും പുമാനുമേ.

മോക്ഷം

മോക്ഷം വിഷയഭോഗത്താൽ മങ്ങാ, കേവലമേതുമേ
ഹോമിക്കും നെയ്യിനാൽ തീപോലുജ്ജ്വലിക്കുന്നതാൻ പരം.

ത്യജിക്ക ഭോഗമെല്ലാമേ ത്യജിക്കാമൊക്കെയെന്നൊരാൾ
സർവ്വഭോഗപ്രാപ്തിയക്കാൾ സർവ്വനാശം വിശിഷ്ടമാം.

വിഷയത്തീന്നിന്ദ്രിയങ്ങൾ വിരമിക്കില്ല യാത്രയിൽ
വ്രതത്തിൽ നിത്യവും തത്വബോധത്താലെന്നപോലവേ.

തത്വം കാണുന്നവൻ ധർമ്മപാശത്താൽ ബദ്ധനായിടാ
കാണാത്ത മൂഢൻ സംസാരക്കടലാഴുന്നു കേവലം.

ഇന്ദ്രിയങ്ങളടക്കീട്ടു രാഗദ്വേഷങ്ങൾ തള്ളിയും
പ്രാണിഹിംസ വെടിഞ്ഞിട്ടും പ്രാപിപ്പൂ മോക്ഷമാം പദം.

അവയെക്കായിലും,പാര,മജ്ഞാനംതാൻ വിശിഷ്ടമാം
അതത്രേ സർവ്വസിദ്ധാന്തമതത്രേ മോക്ഷസാധനം.

(അപൂർണ്ണം)

Digitized By Kerala Sahitya Akademi

സുബ്രഹ്മണ്യപഞ്ചകം

കോലാഹലക്കഴലിണക്കനകച്ചിലമ്പി—
ലാലോലമങ്ങു മയിച്ചിൻ മുകളേറി മെല്ലെ
കൈലാസമാമലയിൽനിന്നു കളിച്ചിറങ്ങി
വേലായുധാ! വരിക വേദന വേരറുപ്പാൻ. 1

പാലാഴിമാതു ഫലിതപ്പുതുവാക്കുയോതി
വേലാഞ്ചലേറ്റു ചെറുചെങ്കഴലും തുടച്ചു്
നാലോലമെന്നു തടവിത്തടവിപ്പുണർന്നു
വേലായുധാ! വരിക വേദന വേരറുപ്പാൻ. 2

കാലം ബലത്തിൽ കലിയണഞ്ഞു കാലം കലുക്കും
ശീലം മറന്നു ശിവനേ ശവമായിടുമ്പോഴും
ഈലോകവായുവിലുഴന്നതു കണ്ടലിഞ്ഞെൻ
വേലായുധാ! വരിക വേദന വേരറുപ്പാൻ. 3

മാലുംപിടിച്ചു പദപങ്കജമൊന്നു കാണ്മാൻ
കാലുംപിടിച്ചടിമവീണു വണങ്ങിടുന്നേൻ
കാലാരിതൻ മടിയിൽനിന്നു കളിച്ചിറങ്ങി
വേലായുധാ! വരിക വേദന വേരറുപ്പാൻ. 4

കാലേ നടുംകടൽ കടിച്ചു മുനിക്കലിഞ്ഞു
കാലൊന്നു കാണ്മതിനു കൗതുകമേറിടുന്നു
ആലം നകർന്ന ഭഗവാനരുമക്കഴമ്പേ!
വേലായുധാ! വരിക വേദന വേരറുപ്പാൻ. 5

—1063

മൃത്യുഞ്ജയം

പാടുന്നൊന്നൽപതത്രം പരിചിനൊടു പറ—
ക്കുന്നു മറ്റൊന്നു പൊങ്ങി—
ച്ചാടുന്നൊന്നാഞ്ഞു, ശാഖാന്തരലതകളിലാ—
ടുന്നു വേറൊന്നിവണ്ണം
ക്രീഡാകീർണ്ണങ്ങളാകും കിളികുലം ഗുരുവു വേ—
റിട്ട പൈതങ്ങൾ പള്ളി—
ക്കൂടം പോലാത്തു ക്രൂരവകളകളമാ—
ക്കുന്നു നോക്കീമരത്തെ.

Digitized By Kerala Sahitya Akademi

ഉത്തുംഗാനോകഹത്തിൽ ഘനപടലമരു-
ത്തത്രു കണ്ടാത്ത വണ്ടിൻ
പ്രത്യുദ്ഘോഷങ്ങാംകൊണ്ടും പവനചലിതപു-
ഷ്പേ തടിസ്ഫുത്തികൊണ്ടും
മെത്തും ഘോഷ്ടമംപൂണ്ടിടയിലിളമയു-
രങ്ങളുദ്ധൂതപിഞ്ഛം
നൃത്തംചെയ്യുന്നിതേ നിന്നുപരി ചിറകടി-
ക്കുന്നു കൂകുന്നു മേന്മേൽ.

ഘോരം ഗർജ്ജിച്ചു കോപോൽക്കടമുപരി പതി-
ച്ചിട്ടിതാ കുട്ടിമാനെ-
ച്ചോരയ്ക്കായ് കണ്ണനാദം പിടിപെടുമിടയിൽ
ശീഘ്രമീവ്യാഘ്രിയെന്നേ
ദൂരാൽ കണ്ടിട്ട കൈവിട്ടതിനെയതിദയം
ചുംബനംചെയ്ത ചുമ്മാ
പോരുന്ന തെറ്റുപറ്റീടിന ഗൃഹശുനിപോ-
ലിട്ട വാലാട്ടിടുന്നു.

ഓളം പോൽനിന്നുദാരഭ്രുകുടികളിളകു-
ന്നൽക്രുധാ ചുട്ട നേത്രം
കാളശ്രീമേനിമേൽ നീക്കയമതിൽ വിടരും
രണ്ടു ചെമ്പങ്കജംപോൽ
മേളിപ്പാൻ തത്ര നീന്തും നിജമഹിഷവിഷാ-
ണങ്ങൾപോൽ ശുഭ്രരണ്ടും
കാളുന്ന കാഴ്ചയിൽതാനിഹ സഹജത കാ-
ലന്നു കാളിന്ദിയോടും.

പീലിത്തുമ്പെന്നു തോന്നുന്നഹഹ കരപുടം
ഭ്രമിയും വ്യോമതുല്യം
നീലിച്ചീടുന്ന ദൃശ്യങ്ങളുമിരുളിരുളാ-
യിന്നു മാറുന്ന ലോകം
കാലിനേറുന്ന ജാഡ്യം കരണഗണമക-
ന്നന്തരാത്മാനുബന്ധം
മൂലം മൂടറ്റു വാടും ലതയുടെ മുകളാ-
ഗ്രങ്ങൾപോൽ മങ്ങിടുന്നു.

പൂമാലപോലെ ട്ടജമെൻഗളമോട്ടു ചേർത്തീ-
രോമാഞ്ചിതാഞ്ചിതവപുർലതമേലണഞ്ഞാൽ,
പ്രേമദ്രവയാമൃതരസോർമ്മിയിലാത്മയോഗ-
സീമാവിഹീനസുഖവും സുഖമല്ല ദേവീ!

Digitized By Kerala Sahitya Akademi

കറക്കാർകാന്തികോലും കടിലജടിലമാം
കാകപക്ഷം പറപ്പി–
ച്ചൊറക്കൈതെന്നിലിപ്പുസ്തകവുമൊരു കര–
ത്തിൽസ്സമ്മദമുമേന്തി
മുറത്തെത്തുന്ന നിൻമോഹനമുഖകമലം
നോക്കിയുൽക്കണ്ഠതീരാൻ
ചെറും പര്യാപ്തമല്ലെൻമിഴിയിണയിത്രമുഖം–
ത്താരുമായോമലല്ലി.

കയ്യിറെട്ടുരുനീട്ടിക്കനിവെടുചിബുകം
പൊക്കിയുൽക്കണ്ഠ കൈക്കൊ–
ണ്ടയ്യോ ചുംബിക്കുമിന്നെൻ ശിരസി പൊരിയുമെ–
ന്നത്ര ദുഷ്പാശ്രുവർഷം
പയ്യെ സ്മേരാനനംപൂണ്ടുടനെ ജനകനും
നോക്കിയുൽക്കാമ്പഴിക്കും
പൊയ്വല്ലിപ്പോഴമോത്താലയു മമ പുളകം
പൊങ്ങിടുന്നംഗമെല്ലാം.

(അപൂർണ്ണം)

—1900—1902

പ്രവാസകാലത്തു നാട്ടിലെ ഓർമ്മകൾ

തിണ്ണന്നത്തെക്കു ഗോപ്പുത്തിനുമുപരി മണൽ–
ക്കുന്നിൽനിന്നാരപോഷ്ണം
നിണ്ണോടിക്കുന്ന സപ്തമ്മുദവിടപി വഹി–
ക്കുന്നുവോ പുഷ്പജാലം
തിണ്ണമ്മുപ്പം കിഴക്കായ് ചെറിയ വളവിനു–
ള്ളെട്ടുനാളായ് വളർത്തു–
ന്നുണ്ണിജ്ജാതിദ്രുമത്തയ്യൊരുപടുതി തഴ–
ച്ചില്ലയോ വല്ലവാറും.

കയ്യോളം വാച്ചു നീളം കതിരുടെ കുടമാ–
കുന്ന ഗർഭം ധരിച്ച–
ത്തയ്യോലച്ഛായതന്നാൽ ധരയെ ഹരിത–
രത്നോവ്വിയാക്കി കിഴക്കോ
പയ്യെച്ചായുന്ന കാററിൽ പഴയപടിയല–
ഞ്ഞീടുവാൻ പീഡമൂലം
വയ്യാത്ത വ്രീഹാനിശ്രേണികളുടയ കിട–
പ്പോത്തിടുന്നെത്രയും ഞാൻ.

Digitized By Kerala Sahitya Akademi

പശ്ചാദ്ഭാഗത്തു പാലാംബുധി തിരമറിയും–
പോലെ ലോലപ്പളുങ്കിൻ
സച്ഛായസ്നിഗ്ധമാമാസ്സികതനിലവിഭാ–
ഗങ്ങളച്ചാവകങ്ങം
സച്ഛാംഭസ്സാന്ന സോമാകൃതി ചെറിയ വട–
ക്കേക്കുളംതൊട്ടു സവ്വം
വിച്ഛായത്വം വരാതങ്ങനെ വിലസുകയാ–
ണല്ലയോ കല്യബുദ്ധേ!

മായായന്ത്രത്തിനേപ്പോൽ ചപലതയെഴുമെൻ
ചിത്തവൃത്തിപ്രവൃത്തിം
ഭ്രഷ്ടസ്സായ് നിങ്ങളെല്ലാം പുനരപി നിഴലി–
ക്കുന്നുവെന്നല്ല, സൗമ്യ
രേയോന്വേകാവസേകത്തൊഴിലിൽ നടവര–
മ്പത്തു ദൂരത്തിലാത്തു–
മ്പാനും കൈക്കൊണ്ടു നില്പും പുലയരുവരെ
നേരുന്നു വേറെന്തുചൊൽവൂ.

—1895–'98

സൗന്ദര്യലഹരി തർജ്ജമ മൂലൂരിന് അയച്ചു കൊടുത്തതിൽ

അതിദുർഭഗമുദ്രണക്രമാ–
ന്യദിദം പുസ്തകമാവിലം സഖേ
വിദുഷാം നതതോപ്പണീയതാ–
മയതേഹാപരസംശ്രയം കവേഃ.

മൂലൂരിന്റെ ആസന്നമരണചിന്താശതകത്തെപ്പറ്റി

ജനാവാസം ഭ്രുവിൽ ഝടിതിവിടുമേകൻ കരുണമായ്
മനോരാജ്യംചെയ്യും കവിതയിതു നന്നായി സുകവേ!
അനായസംചെയ്തേനഥ വിരവിലാ പ്രൗഢസമയേ
വിനോദിപ്പാൻ ചെയ്തീഹ വളരെ നന്നാക്കിയിതിനെ.

മംഗളശ്ലോകങ്ങൾ

കായം കാഷ്ഠപ്രമാണം കരണമളവിടു–
ന്നെങ്കിലും നിങ്കലെല്ലാം
മായം മായാന്ധകാരത്തിനു ദിനമണി നീ–
യല്ലയോ തെല്ലയേ ഞാൻ
ന്യായംചൊല്ലിക്കരഞ്ഞാലതു തവ പരിഹാ–
സത്തിനോ മുത്തിനോ മൽ
പ്രായം കണ്ടെങ്കിലും നീ കരള കനിയുകെൻ
കണ്മണീ, കാർത്തികേയാ! 1

Digitized By Kerala Sahitya Akademi

കാമൻ കണ്ണിന്നകത്തിക്കലരുമൊരു കനൽ–
ജ്ജ്വാലയിൽ തുലമായി
ഭീമൻ പ്രേതാധിപനിതാൻ പദഹതിയിൽ
വെറും പുഷ്പമായ് നിശ്വയാസം
കാമം പിന്നെ കൃതാർത്ഥൻ കണവനു കുതുകം
ചേർത്തു കൈവീണയേന്തി
സാമം പാടുന്ന സാംബേശ്വരി സുമുഖി സദാ
നോക്കണം കാക്കണം മാം. 2

—വിദ്യാവിലാസിനി 1073 മുതൽ

ഈറാതോർത്തുനടന്നുടൻ ജനഹിതം
മദ്ധ്യത്തു ദുഷ്ടാലമോ
മാറാഞ്ഞോ ബത നീന്തി വൻചുഴികളം പി–
ന്നാക്കി കരസ്ഥഞ്ജസാ
ഏറാനായ് തുനിയുന്ന നൽകുക കൃപാ–
ഹസ്താവലംബം ശിവേ–
യാറാമത്തെ വയസ്സിലിന്ന പദമൂ–
ന്നുന്ന വിവേകോദയം.

ആശംസകൾ

വന്നു മംഗല്യവാദ്യധ്വനി തടവി–
യിളങ്കാറുഷസ്സിങ്കലാറി–
ങ്ങെന്നല്ലുദ്വേലഹഷ്ത്തൊട്ടു ജനവ–
ദനാബ്ജങ്ങളെങ്ങും വിളങ്ങി
എന്നത്തേക്കാളുമേറും പ്രഭയൊടുമുയരു–
ന്നക്കനം പാക്കിൽ നേരാ–
ണ്ടിന്നല്ലോ മൂലഭൂപാലകനു തിരു–
വയസ്സെത്തിയമ്പത്തിമൂന്നിൽ.

കേഴുന്നേനോക്കിലുള്ളം കരുണ ജനതയിൽ
കാളുമിത്തമ്പുരാനൊ–
ത്തുഴിക്കുള്ളേകനുണ്ടോ? ധ്രുവതമുള–
നുണ്ടാകുമോ പോട്ടതെല്ലാം
.....
താഴാതം ഭോജനാഭൻ സതതമിഹ പൊ–
ഴിക്കട്ടെ സാക്ഷാൽ കടാക്ഷം.

—1909 ഒക്ടോബർ, വിവേകോദയം

Digitized By Kerala Sahitya Akademi

അഞ്ചാതെ വാഴ്കവനികത്തിഹ നീണ്ടനാൾ ജോർ-
ജ്ജഞ്ചാമനാമരിയ ഭാരതചക്രവർത്തി
വാഞ്ഛരിച്ചിടും വിഭവമേകുക മേരിസിന്ധു
കാഞ്ചീസപത്നി കമലാസനസാവ്വഭൗമി.

—1911 ആഗസ്റ്റ്, വിദ്വാൻകോട്ടയ്യ

ശ്രീനാനാരസന്നുത്തമാന്ന ഗുരുവിൻ
സാക്ഷാൽ കടാക്ഷങ്ങളാൽ
ശ്രീനാരായണധർമ്മപാലനമഹാ—
യോഗം ജയിക്കുന്നതേ
ഈ നാവായതിനുള്ള സുകൃതിനികരം
തുകം വിവേകോദയം
ഹാ നാട്ടുന്ന പദം വയസ്സിൽ വിഭവം
താഴാതെയേഴാമതിൽ.

—1088

പ്രഭാകന്ദളം പൂണ്ട പൊങ്ങട്ടെ പൂജ്യൻ
പ്രഭാതാക്നിനേവമെട്ടാംവയസ്സിൽ
പ്രവേശിച്ചു പാരം വിളങ്ങട്ടെ വീണ്ടും
വിവേകോദയം വീതവിഘ്നാനുബന്ധം.

—1911 മെയ്—ജൂൺ

കർമ്മശുദ്ധികൊണ്ടുദിക്കുമന്തരാത്മതൃപ്തിതാൻ
ശർമ്മമെന്നുരച്ചു ചാരുകോരകം വിടർത്തിയും
നിർമ്മലത്വമാർന്ന ചന്ദനാദ്രിവായുപോലെ നീ
'ധർമ്മദൂത' സഞ്ചരിക്ക സൗരഭം പരത്തിയും.

ബാല്യകാലചരിത്രമങ്ങൾ

ഗുരുവരഗുണരാശേ, ക്രൂരിരുട്ടൊക്കെ നീക്കി—
പ്പിരിതരമിഹ ഞങ്ങൾക്കുള്ളു തേജസ്സുമേകി
സ്വരുചിസുദൃശമിന്നീ വിശ്രമസ്ഥാനമാർന്ന
പരമജലധിപാരം പാരുതാരംകണക്കെ.

വീണ്ടും വിദ്യയിലുജ്ജ്വലിച്ചയരുമീരാഗത്തിൽ മെത്തും ശ്രമം—
പൂണ്ടുദ്വേലസുഖാഢ്യമായ പരമായുസ്സും ജയിക്കും ഭവാൻ
ആണ്ടും മാസവുമെണ്ണിടുന്ന കൃപണൻ, ചെയ്യുന്ന മറേറാർ സദാ—
വേണ്ടുംവണ്ണം പരോപകാരിയറിയാ വിശ്രാന്തിയന്തംവരെ.

മംഗലം പരമിയന്ന മല്ലികമലരൊത്തു മഞ്ജുഗുണകീർത്തിയാ—
ലങ്ങിരട്ടിനരയുന്ന വന്ദ്യതരനായ് ചിരം ധരയിൽ വാഴുക

Digitized By Kerala Sahitya Akademi

തുംഗമോദമൊട്ട കൈയുയർത്തിയയി ശിഷ്യവത്സലകൃപാരസം
തിങ്ങി ഞങ്ങളെയനുഗ്രഹിക്കുക, വിശിഷ്യയീയെളിയശിഷ്യനെ.

—1884—'87

ഒരു സമസ്യാപൂരണം

കാലൻതൻ കാലനാകും ത്രിപുരദഹനനാ—
യാനവേഷം ചമഞ്ഞ—
ക്കാലം നീലാരവിന്ദത്തളിരൊളിമിഴിയാൾ
തൻ രസപ്രൗഢയായി
മാലില്ലാതേ വസിച്ചഗ്ഗിരിസുത പ്രസവി—
ച്ചാനയെ കണ്ടു ദേവൻ
താലോലിച്ചഗ്ഗജത്തെപ്പരിചൊട്ട പരി—
ലാളിച്ചു പാലിച്ചു മുന്നം.

—1067

കൂട്ടുകവിത

(ആദ്യപാദങ്ങൾ രണ്ടും നാരായണഗുരുവും അവസാനപാദങ്ങൾ രണ്ടും കുമാരനാശാനും ചേർന്നു രചിച്ചതു്.)

കോലോത്തുകരേക്കടി കൊണ്ടരുളും
ബാലപ്പിറ ചൂടിയ വാരിധിയേ
കാലൻ കനിവറു കുറിച്ചുവിട്ടു—
ന്നോലപ്പടിയെന്നെയയയ്ക്കുരുതേ.

—1068

സ്രവന്തീ പാഷാണേ പഥി പഥി ഘൃണിങ്കാരസുരഭൈഃ
സ്ഖലന്തീ കാന്താരേ സ്വപതിമരമബ്ധിം നിപതിതും
ഭ്രമന്തീ പശ്യന്തം വിരഹവിവശാ സാതികലുഷാ
തദന്തീ ധാനന്തീ വ്യഥിതദമയന്തീതി സുമുഖി.

—1075

യാത്രാമംഗളം

(വഞ്ചിപ്പാട്ടു്)

കാണുവിൻ മഹാലോകരേ, കാണുവിനിതാ വരുന്നു
കാണിദോഷമിയലാത്ത കേമനിദ്ദേഹം

വാണു രണ്ടുവഷ്മുള്ളിൽ വഞ്ചിനാട്ടിൽ പ്രജകൾക്കു
പ്രാണനോളം പ്രിയനായ പൂജ്യനിദ്ദേഹം.

Digitized By Kerala Sahitya Akademi

കേട്ടപോലെ കാഴ്ചയിലും ക്രിയയിലും ഗംഭീരശ്രീ
വാട്ടമെന്യേയാണ്ട വീ. പി. മാധവരായർ.

നാട്ടിനു നന്മകൾ ചെയ്തു നലമെഴും ഗുണമെങ്ങും
നാട്ടിയോരു മഹാൻ രാജനീതികോവിദൻ.

അക്കുന്നേദിച്ചപോലല്ലോ അകലെയായിരുളകന്നു
ദുഷ്കൃതികളൊട്ടൊട്ടു ദൂരവേയായി

കൈക്കൊണവും കപടവും കല്മഷവും സേവകർതൻ
മുഷ്കുകളാം മൂങ്ങകളും മൂലയിലായി.

അധർമ്മബാധയാലേറെയലഞ്ഞോരീ ധർമ്മരാജ്യം
സുധർമ്മയെപ്പോലെ പ്രജാസഭയുണ്ടാക്കി,

അധികദുർഘടമർത്ഥ പതിയുടെ കണക്കിന്റെ
വിധികളെ മാറ്റിയേവം വെടിപ്പുമാക്കി.

കണ്ട ജനങ്ങടെ ധനം കൊള്ളയിട്ടതൊരുകാര്യം
കണ്ടിടാതെയും കിടന്ന ഹനനമായ

കണ്ടെഴുത്താമൊരു ഘോരകണ്ടകാരണ്യം കടപ്പാ-
നിണ്ടലെന്യേയെളുപ്പമായ് വഴിയുണ്ടാക്കി,

കുറവില്ലാതഴിമതി കുടികൊണ്ടൊരു നെല്ലൂരം
കുറവാക്കി കുടികൾതൻ പുമടിറക്കി.

ഇറയിലീ വിലയർത്ഥമിളവുചെയ്തിതുപോലെ
പറയുവിൻ ഗുണമേതു സചിവൻ ചെയ്തു?

മന്നവനും പ്രജകൾക്കും മന്നിലെഴും ഗുണംതന്നെ
തന്നുടെ സ്വത്വസ്വമാക്കി ധന്യനിദ്ദേഹം

ഭിന്നജാതിമതസ്ഥരിൽ ഭിന്നനാകാതെയിരുന്നു
പിന്നെയെന്തെല്ലാമോ ചെയ്തു പറയാവതോ?

അല്പകാലംകൊണ്ടു ചെയ്തോരദ്ഭുതകർമ്മങ്ങളാലേ
ഇപ്പുരുഷൻ ജനങ്ങടെ മനം കവർന്നു.

കെല്പോടിതാ പോയീടുന്ന കേട്ടവർ കേഴുമാറേവം
അപ്രതീക്ഷിതമായിതാ, പൊട്ടണയുന്നു.

മാധുരിയിയന്ന വഞ്ചിമഹിയായ മലക്കാവിൽ
മാധവകാലം വന്നാശ്രു മടങ്ങുമാറെ,

മാധവൻ മധുരവിട്ടു മടങ്ങിയെഴുന്നള്ളുന്ന
മാതിരിയോ പോകുന്നിതാ മാധവരായർ!

കരയായ്വിൻ സഹജരേ, കരയായ്വിനിതാ തോണി
കരയായി കരംകൂപ്പി തൊഴുവു വേഗം,

Digitized By Kerala Sahitya Akademi

പരിചോടു പാടി വഞ്ചി വലിക്കുവാൻ സ്വാമിക്കിനി
വരുമുൽക്കഷ്ടത്തെ നിങ്ങളനുമോദിപ്പിൻ;

ഇരുകരയ്ക്കും തെങ്ങുകളിരുണ്ടു നീണ്ടുവളർന്നു
തെരുതെരെയിളകുമാ നിഴൽകളാലേ

വിരവിലനുഗ്രഹങ്ങൾ വിതറുകയോ, തിരിയെ
വിരഹം പാറാഞ്ഞു മാടിവിളിക്കുകയോ?

വാഴയും കമുകും തെങ്ങും വലിയ മാവും പിലാവും
ആഴിയുമപ്പുഴകളുമദ്രിയുമടവികളും

പൂഴമീ വഞ്ചിമണ്ഡലശോഭയോ, സ്വാമിയോയിതിൽ
വാഴവോർതൻ ഗുണങ്ങളോ തട്ടിത്തീലല്ലോ,

മേന്മയെഴും തമ്പുരാനും നമുക്കും മേലിലിദ്ദേഹം
പെരുമ നന്മവരുമാറു തുണച്ചീടട്ടേ.

നമ്മളുടെ ദിവാനിതാ നമ്മെ വിട്ടുപിരിയുന്നു
നമ്മളിനിയെന്തുചെയ്യും? നന്മ വരട്ടേ!

—മാർച്ച് 1907

വള്ളീവിവാഹം

കേരപ്പിൻ ഗീർവ്വാണഭാഷാസുരതരുസമനാ—
കുന്ന ഗോവിന്ദനാമാ
ചൊൽപൊങ്ങും ദിവ്യധീമാനടിയനൊടൊരുനാൾ
പൊല്പി ''വള്ളീവിവാഹം.
നല്പായ് പാട്ടാക്കണം നീ'' അടിയനമതുകേ—
ട്ടാത്തി വിട്ടാജ്ഞയാകും
നൽപൂന്തേൻകുംഭമേന്തീട്ടടി വടിവൊട്ടുക്കു—
പ്പീട്ട പൊല്പുന്നിതേവം.

സൂനോ, സൂനോപമശ്രീ തടവി വിലസുമെൻ
പൊൻകുഴന്തേ വദിക്കീ—
ഞാനോ നിന്മേനി താങ്ങുന്നതിനൊരു കുറവും
കൂടിടാതാടലെന്യേ
വാനോർ വന്ദിക്കുമുണ്ണീ തവ ജനകനുമീ
ഞാനുമങ്ങോട്ടെഴുന്നാൽ
താനേ കൈയും പിടിച്ചീ തടിയിലിനിയിരു—
ന്നാടിടാമോ വിടാമോ?

★

Digitized By Kerala Sahitya Akademi

Digitized by Google